കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

2022 ഡിസംബർ 8, വ്യാഴം

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 190 – നമ്പർ 4

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

2022 ഡിസംബർ 8, വ്യാഴം

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	:	ശ്രീ. പിണറായി വിജയൻ
മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	:	ശ്രീ. വി. അബ്ദുറഹിമാൻ
തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി	:	ശ്രീ. അഹമ്മദ് ദേവർകോവിൽ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	:	ശ്രീ. ജി. ആർ. അനിൽ
ഗതാഗത വകുപ്പുമന്ത്രി	:	ശ്രീ. ആന്റണി രാജു
ധനകാര്യ വകുപ്പുമന്ത്രി	:	ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	:	ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	:	ശ്രീമതി ജെ. ചിഞ്ചുറാണി
വൈദ്യുതി വകുപ്പുമന്ത്രി	:	ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി	:	ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	:	ശ്രീ. പി. പ്രസാദ്
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	:	ശ്രീ. കെ. രാധാകൃഷ്ണൻ
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	:	ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	:	ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി	:	ശ്രീ. എം. ബി. രാജേഷ്
ജലവിഭവ വകുപ്പുമന്ത്രി	:	ശ്രീ. റോഷി അഗസ്റ്റിൻ
വനം-വന്യജീവി വകുപ്പുമന്ത്രി	:	ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി	:	ശ്രീ. വി. ശിവൻകുട്ടി
സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി	:	ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	:	ശ്രീമതി വീണാ ജോർജ്

ഉള്ളടക്കം

I. **ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

II. **അടിയന്തരപ്രമേയം**

സിൽവർലൈൻ പദ്ധതി

- ശ്രീ. റോജി എം. ജോൺ

(അവതരണാനുമതി നിഷേധിച്ചു)

III. **ശ്രദ്ധ ക്ഷണിക്കൽ**

(1) റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി

- ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

(2) പി.എസ്.സി.-യുടെ പുതിയ രീതിയിലുള്ള പരീക്ഷാ നടത്തിപ്പ്

- ശ്രീ. ഷാഫി പറമ്പിൽ

IV. **സബ്മിഷൻ**

(1) മുതുകുളം ഉപതെരഞ്ഞെടുപ്പ് വിജയിക്കുനേരെ ആക്രമണം

- ശ്രീ. രമേശ് ചെന്നിത്തല

(2) സർക്കാർ സ്ഥാപനങ്ങളുടെ മതിലുകളുടെ പുനർനിർമ്മാണം

- ശ്രീ. എച്ച്. സലാം

(3) മേപ്പാടി ഗവ. പോളിടെക്നിക് വിദ്യാർത്ഥിനിക്കുനേരെയുണ്ടായ ആക്രമണം

- ശ്രീ. ഒ. ആർ. കേളു

(4) ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം നിർമ്മാണം

- ശ്രീ. വി. ജോയി

(5) മരങ്ങൾ മുറിക്കുന്നതിന് അനുമതി

- ശ്രീ. പ്രമോദ് നാരായൺ

(6) വഴിക്കടവ്-പരപ്പനങ്ങാടി റോഡ്

- ശ്രീ. പി. കെ. ബഷീർ

(7) വണ്ടിപ്പെരിയാർ-പശുമല-മ്ലാമല-തേങ്ങാക്കൽ റോഡ്

- ശ്രീ. വാഴൂർ സോമൻ

(8) ബ്രഹ്മപുരം ജൈവ മാലിന്യ പ്ലാന്റ്

- ശ്രീ. ടി. ജെ. വിനോദ്

(9) തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം

- ശ്രീ. അൻവർ സാദത്ത്

(10) ആധാരമെഴുത്ത് മേഖലയിലെ പ്രശ്നങ്ങൾ

- ശ്രീ. കടകംപള്ളി സുരേന്ദ്രൻ

V. അറിയിപ്പ്

ഫിൻലാൻഡ് അംബാസഡറുടെ സഭാസന്ദർശനം

VI. റിപ്പോർട്ടുകളുടെ സമർപ്പണം

(1) i. 2022-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്

ii. 2022-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്

(2) 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി(ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്

(3) 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ റിപ്പോർട്ട്

(4) 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മിഷൻ ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട്.

(5) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിരണ്ട് മുതൽ ഇരുപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ

(6) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്

VII. നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

(i) 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

(ii) 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ

(iii) 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ

(iv) 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ

(2) 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബില്ലിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും (ചർച്ചയില്ല)

(i) 2022-ലെ കേരള ഡെക്കാൻ അഗ്രിക്കൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ

(ii) 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ

(iii) 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ

VIII **പ്രമേയം**

ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

(ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ)

അനുബന്ധം

രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

2022 ഡിസംബർ 8, വ്യാഴം

വാല്യം 190} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 4

നിയമസഭ 2022 ഡിസംബർ മാസം 8-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യം നമ്പർ *91

സ്ത്രീസൗഹൃദ വിനോദസഞ്ചാരം

1 (*91) ശ്രീ. എം. എം. മണി:
ശ്രീമതി യു പ്രതിഭ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് - വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെയാകെ സമ്പൂർണ്ണ സ്ത്രീസൗഹൃദ വിനോദസഞ്ചാര ലക്ഷ്യസ്ഥാനമായി വികസിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏകാന്ത സഞ്ചാരികൾ ഉൾപ്പെടെയുള്ള സ്ത്രീകളുടെ സുരക്ഷ പൂർണ്ണമായും ഉറപ്പുവരുത്തുന്നതിനും വൃത്തിയുള്ളതും മികച്ചതുമായ അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഒന്നര ലക്ഷത്തോളം സ്ത്രീകളെ ഉൾപ്പെടുത്തി സ്ത്രീസൗഹൃദ വിനോദസഞ്ചാര ശൃംഖല രൂപീകരിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പൊതുമരാമത്ത് - വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) സംസ്ഥാനത്തെ സമ്പൂർണ്ണ സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിനുവേണ്ടിയുള്ള പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസം വകുപ്പ് ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഉദ്ഘാടനം പൊതുമരാമത്ത്- വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി നിർവ്വഹിച്ചു. പദ്ധതിയുടെ ഭാഗമായി ഓൺലൈൻ പരിശീലനങ്ങൾ നടന്നുവരുന്നു.

(ബി) വുമൺ സോളോ ട്രാവലർ (ഏകാന്ത സ്ത്രീ വിനോദ സഞ്ചാരികൾ) ഉൾപ്പെടെയുള്ള സ്ത്രീ സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനുവേണ്ടി ആവശ്യമായ ക്രമീകരണങ്ങൾ സജ്ജമാക്കുന്നുണ്ട്. ടൂറിസം ഡെസ്റ്റിനേഷനുകളിൽ സ്ത്രീകൾക്കാവശ്യമായ വൃത്തിയുള്ളതും മികച്ചതുമായ എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങളും സുരക്ഷാ മാർഗ്ഗങ്ങളുമാണ് നടപ്പിലാക്കേണ്ടതെന്നുള്ള പഠനം സമ്പൂർണ്ണ സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതിയുടെ ഭാഗമായി നടത്താൻ തീരുമാനിക്കുന്നുണ്ട്. ഇതിനെ അടിസ്ഥാനപ്പെടുത്തി വിപുലമായ സംവിധാനങ്ങൾ ഒരുക്കും.

പൊതുവേ സ്ത്രീ സഞ്ചാരികൾക്ക് സുരക്ഷിതമായ ഒരു ലക്ഷ്യസ്ഥാനമാണ് കേരളം. പുതിയ പദ്ധതിയിലൂടെ വനിതാ യൂണിറ്റുകളുടെ

ഒരു ശൃംഖല സൃഷ്ടിക്കാനും സ്ത്രീകളെ അടിസ്ഥാനമാക്കിയുള്ള ടൂറിസം കേന്ദ്രങ്ങൾ സൃഷ്ടിക്കാനും ആർ.ടി. മിഷൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിയിലൂടെ കൂടുതൽ സ്ത്രീ സഞ്ചാരികളെ പ്രോത്സാഹിപ്പിക്കുന്നതിന് സുരക്ഷിതവും ശുചിത്വവുമുള്ള സ്ഥലങ്ങൾ ആർ.ടി. മിഷൻ ഉറപ്പാക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിയിലൂടെ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ സ്ത്രീ സഞ്ചാരികളുടെ ആവശ്യങ്ങൾ നിറവേറ്റാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ഒരു സ്ത്രീ സൗഹൃദ ടൂറിസം നെറ്റ്‌വർക്ക് രൂപീകരിക്കുകയും അതുവഴി സുരക്ഷിത ടൂറിസം ഉറപ്പാക്കാനും ആലോചിക്കുന്നു.

വിനോദസഞ്ചാര മേഖലയിൽ സഞ്ചാരികൾ ഉൾപ്പെടെയുള്ള സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ടൂറിസം വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽവരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശവും നൽകിയിട്ടുണ്ട്. മാത്രമല്ല, പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസുകാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം പോലീസിന്റെ എണ്ണം കൂട്ടുന്നതിനായുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നു. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം, വേളി, കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്.

വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണം വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം 5 കേന്ദ്രങ്ങളിൽ ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്.

(സി) സ്ത്രീ യാത്രികരും സ്ത്രീ സംരംഭകരുമായ ഒന്നര ലക്ഷം സ്ത്രീകളെ ഉൾപ്പെടുത്തി ഒരു വിപുലമായ സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര ശൃംഖല രൂപപ്പെടുത്തുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ പദ്ധതി ഉത്തരവാദിത്ത ടൂറിസം മിഷനാണ് നടപ്പിലാക്കുന്നത്. ആയിരത്തോളം സ്ത്രീകൾ ഇതിനോടകംതന്നെ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. 400 പേർക്കുള്ള ഓൺലൈൻ പരിശീലനം പൂർത്തിയായി. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും ഈ പ്രവർത്തനങ്ങൾ

വ്യാപിപ്പിക്കാനും പടിപടിയായി കേരളത്തെ മുഴുവനായും ഒരു സ്ത്രീ സൗഹാർദ്ദ വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റാനുമാണ് ഇതുവഴി ലക്ഷ്യമാക്കുന്നത്.

ശ്രീ. എം. എം. മണി: സർ, ടൂറിസം രംഗത്തിന്റെ വികസനത്തിനും ഈ രംഗത്ത് സ്ത്രീസൗഹൃദ ടൂറിസം വികസിപ്പിക്കുന്നതിന് ഗവണ്മെന്റ് സ്വീകരിക്കുന്ന നടപടികളെയും സ്വാഗതം ചെയ്യുകയാണ്. ടൂറിസം മേഖലയിൽ കൂടുതൽ മുന്നേറ്റമുണ്ടാക്കാൻ തുടർനടപടികൾ സ്വീകരിക്കുമോ; ഇതിനായി ഗവണ്മെന്റ് ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കേരളത്തിലെ ടൂറിസം മേഖല സംസ്ഥാനത്തെ സമ്പദ്‌വ്യവസ്ഥയിൽ പ്രധാന പങ്കാണ് വഹിക്കുന്നത്. 2021-22-ലെ ജി.ഡി.പി. സംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സിന്റെ റിപ്പോർട്ട് പുറത്തുവന്നുകഴിഞ്ഞു, അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അതനുസരിച്ച് കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് പ്രധാനപ്പെട്ട സംഭാവന നൽകിയത് ടൂറിസവുമായി ബന്ധപ്പെട്ട കാര്യങ്ങളാണെന്ന് വളരെ വ്യക്തമായിരിക്കുകയാണ്. ഹോട്ടൽ വ്യവസായം അതിൽ വളരെ പ്രധാനപ്പെട്ടതാണ്. ടൂറിസവുമായി ബന്ധപ്പെട്ട മറ്റു വിവിധ മേഖലകളുമുണ്ട്.

120% വളർച്ച ടൂറിസം രംഗത്ത് ഉണ്ടായിട്ടുണ്ടെന്ന് വളരെ വ്യക്തമായി ഈ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്. ജനജീവിതത്തെ സ്പർശിക്കുന്ന തരത്തിൽ ടൂറിസം സാദ്ധ്യതകളെ മാറ്റിത്തീർക്കാനുള്ള പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷൻ കൊണ്ടുദ്ദേശിക്കുന്നത് അതാണ്. ടൂറിസം ജനങ്ങളുടേതാണ്, അതായത് ജനകീയ ടൂറിസമാണ് ലക്ഷ്യം വയ്ക്കുന്നത്. കേരളത്തിലെ ഓരോ പൗരനും കേരള ടൂറിസത്തിന്റെ ബ്രാൻഡ് അംബാസഡർമാരായി മാറാൻ സാദ്ധ്യമാകുന്ന തരത്തിലേയ്ക്ക് ടൂറിസത്തെ മാറ്റുകയാണ്. ഇതിനായി വിവിധ പദ്ധതികൾ നടക്കുന്നുണ്ട്. സ്ത്രീസൗഹൃദ വിനോദസഞ്ചാര പദ്ധതി തയ്യാറാക്കിയിട്ടുള്ളത് ഇതിന്റെ ഭാഗമായാണ്. ഇതിലെ ഒരു ഘടകം സ്ത്രീകളുടെ നേതൃത്വത്തിലുള്ള സംരംഭങ്ങളാണ്. ആഗോളതലത്തിൽ സഞ്ചാരത്തിന്റെ ട്രെൻഡുകൾ മാറിക്കൊണ്ടിരിക്കുകയാണ്. കോവിഡിന് മുമ്പുള്ള ട്രെൻഡല്ല അതിന് ശേഷമുള്ളത്. അതിലൊന്നാണ് സ്ത്രീകളുടെ മാത്രം സഞ്ചാര സംഘങ്ങളുടെ (women exclusively travel group) രൂപീകരണവും അവയോട് ബന്ധപ്പെട്ട വിനോദസഞ്ചാര സംരംഭങ്ങളുടെ തുടക്കവും. ടൂവീലർ സഞ്ചാര സംഘങ്ങൾ ഇപ്പോൾ വലിയൊരു ട്രെൻഡാണ്. ടൂവീലറിലൂടെ സ്ത്രീകൾ കൂട്ടമായി സഞ്ചരിക്കുകയാണ്. സ്ത്രീകളുടെ സാഹസിക സഞ്ചാര

സംരംഭങ്ങൾ, ഹോംസ്റ്റേ നെറ്റ്‌വർക്കുകൾ തുടങ്ങി വിപുലമായ ടൂറിസം ഹാബിറ്റാറ്റാണ് ഈ പദ്ധതിയുടെ കാതൽ. ഇത്തരം സംരംഭങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്. ഇതെല്ലാം പ്രാദേശിക സമ്പദ്‌വ്യവസ്ഥയിൽ വലിയ മാറ്റങ്ങൾക്ക് കാരണമായിത്തീരും. ആഗോള ടൂറിസത്തിന്റെ ദിശ എങ്ങനെയെന്ന് കണ്ടുകൊണ്ട് നേരത്തേതന്നെ ഇക്കാര്യങ്ങളെല്ലാം നടപ്പിലാക്കാനുള്ള ഇടപെടലാണ് നടത്തുന്നത്. ഇത് രാജ്യത്തെ പുതുമനിറഞ്ഞ ഇടപെടലാണ്.

ശ്രീ. എം. എം. മണി: സർ, കോവിഡിനുശേഷം കേരളത്തിലേയ്ക്കുള്ള സഞ്ചാരികളുടെ വരവ് എത്രത്തോളം കുറഞ്ഞുവെന്ന് വ്യക്തമാക്കാമോ; ടൂറിസം രംഗത്ത് പുതിയ മുന്നേറ്റത്തിനുവേണ്ടി എന്തെല്ലാം നടപടികളാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ് :സർ, ഈ ഗവണ്മെന്റ് വന്നയുടൻ സർക്കാരിന്റെ കാഴ്ചപ്പാടിനെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. കോവിഡിനുശേഷം വിദേശസഞ്ചാരികൾ വരുന്നതിന് പരിമിതിയുണ്ട്; അതിന് കുറച്ച് സമയമെടുക്കും. ഡൊമസ്റ്റിക് ടൂറിസ്റ്റുകളെ (ആഭ്യന്തര സഞ്ചാരികളെ) എങ്ങനെ മാർക്കറ്റ് ചെയ്യാൻ പറ്റുമെന്നുള്ളതിനാണ് ഊന്നൽ നൽകുന്നതെന്ന് ഗവണ്മെന്റിന്റെ ഒരു കാഴ്ചപ്പാട് എന്ന നിലയിൽ

പറഞ്ഞിരുന്നു. ആഭ്യന്തര സഞ്ചാരികളെ മൂന്നായി തിരിക്കാം. ഒന്ന്, ഒരു ജില്ലയിലുള്ളവർ തന്നെ ആ ജില്ലയിലെ ഡെസ്റ്റിനേഷനുകൾ കാണാത്തവരുണ്ട്, ഉദാഹരണത്തിന് പൊന്മുടി കാണാത്ത നിരവധി പേർ തിരുവനന്തപുരത്തുണ്ട്. ഒരു ജില്ലയിലുള്ളവർ തന്നെ മറ്റ് ജില്ലകളിലെ ഡെസ്റ്റിനേഷൻ കാണേണ്ടതുണ്ട്. വയനാട് കാണാത്ത തിരുവനന്തപുരത്തുള്ളവരുണ്ട്, ഇവരെ രണ്ടാമത്തെ വിഭാഗമായി കാണാം. കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിലുള്ളവരെ കേരളത്തിലേയ്ക്ക് ആകർഷിക്കുകയെന്ന മൂന്നാമത്തെ വിഭാഗത്തിനാണ് പ്രധാനമായി നാം ഊന്നൽ നൽകേണ്ടത്. ഓരോ ക്വാർട്ടറായിട്ടാണ് നമ്മൾ സഞ്ചാരികളുടെ കണക്ക് പരിശോധിക്കുന്നത്. ഓരോ മൂന്ന് മാസത്തെയും ഒരു ക്വാർട്ടറായാണ് കണക്കാക്കുന്നത്. ജനുവരി മുതൽ സെപ്റ്റംബർ വരെയുള്ള മൂന്ന് ക്വാർട്ടറുകൾ എടുത്തുപരിശോധിക്കുമ്പോൾ കേരളം രൂപംകൊണ്ടതിനുശേഷം സംസ്ഥാനത്തേയ്ക്കുവന്ന ആഭ്യന്തര സഞ്ചാരികളുടെ എണ്ണം സർവ്വകാല റെക്കോർഡായിത്തീർന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ 9 മാസംകൊണ്ട് 1,33,80,000 പേർ കേരളത്തിലേയ്ക്ക് വന്നു. 2022 പൂർത്തീകരിക്കുമ്പോൾ ഈ വർഷമായിരിക്കും ആഭ്യന്തര സഞ്ചാരികളുടെ സർവ്വകാല റെക്കോർഡ് വർഷം എന്നുള്ളത്

ഞാൻ ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഇതിൽ ഏറ്റവുമധികം വിനോദ സഞ്ചാരികൾ വന്നത് തമിഴ്നാട്, ഡൽഹി, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽനിന്നാണ്. നമുക്ക് ഈ മേഖലയിൽ ധാരാളം സാധ്യതകൾ ഇനിയുമുണ്ട്. നാല് വിമാനത്താവളങ്ങളുണ്ടെന്നത് സംസ്ഥാനത്തിന്റെ പ്രത്യേകതയാണ്. ഈ വിമാനത്താവളങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് സമീപ ജില്ലകളിലേയ്ക്കുകൂടിയുള്ള ടൂറിസത്തെ വികസിപ്പിക്കാൻ സാധ്യമാകുന്ന അവസ്ഥയുണ്ട്. പൊതുവേ പരിശോധന നടത്തിയ സമയത്ത് മനസ്സിലാകുന്നത്, ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ കോവിഡിനുമുൻപുള്ളതിനേക്കാൾ വർദ്ധനയുണ്ടായെന്നും ഈ രംഗത്തെ അനന്തസാധ്യതകളിലേയ്ക്ക് നാം പോകുന്നുവെന്നുമാണ്. ഇതിൽ ബഹുമാനപ്പെട്ട അംഗം സന്തോഷത്തോടെ കേൾക്കേണ്ട ഒരു കാര്യം ഇടുക്കി ജില്ലയ്ക്ക് ഇതിൽ വലിയൊരു സ്ഥാനം വഹിക്കാൻ സാധിച്ചിട്ടുണ്ട് എന്നുള്ളതാണ്. ഇടുക്കിയും വയനാടും പത്തനംതിട്ടയും ടൂറിസം രംഗത്ത് വലിയ സ്ഥാനം വഹിക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. കേരളത്തിലേയ്ക്ക് വിദേശ സഞ്ചാരികൾ വീണ്ടും വരുന്നതിനായി എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് ആലോചിക്കേണ്ടതുണ്ട്. കേരളത്തിലേയ്ക്ക് ഏറ്റവുമധികം വിദേശ

സഞ്ചാരികൾ വരുന്നത് യു. കെ.-യിൽനിന്നാണ്. ഈ വിഷയത്തിൽ ഇപ്പോൾ യു. കെ.-യിലുള്ളവർക്ക് ഒരു തടസ്സം നേരിടുന്നുണ്ട്, അത് ഇ-വിസയുമായി ബന്ധപ്പെട്ടതാണ്. ഈ തടസ്സം നീക്കി ഓൺലൈനിലൂടെ വിസ ലഭ്യമാക്കാനായി തുടർച്ചയായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായി. തത്ഫലമായി ബ്രിട്ടീഷ് സഞ്ചാരികൾക്ക് ഇ-വിസ അനുവദിക്കുന്നതിനുള്ള തീരുമാനം വന്നിട്ടുണ്ടെന്നതും സഭയെ അറിയ്ക്കുകയാണ്. യു. കെ., യൂറോപ്യൻ രാജ്യങ്ങൾ, മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ എന്നിവിടങ്ങളിലൊക്കെ സ്പെഷ്യൽ മാർക്കറ്റിംഗ് ക്യാമ്പയിൻ സംഘടിപ്പിച്ച് ഭാവിയിൽ വിദേശ സഞ്ചാരികളെക്കൂടി ഇവിടേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമമാണ് ഇപ്പോൾ നടത്തുന്നത്. ടൂറിസം ക്ലബ്ബുകൾ മറ്റ് രാജ്യങ്ങളിൽക്കൂടി രൂപീകരിക്കുകയാണ്. ലണ്ടനിൽ മലയാളികളെ, പ്രത്യേകിച്ച് യുവതലമുറയെ അണിനിരത്തിക്കൊണ്ട് ടൂറിസം ക്ലബ്ബിന്റെ യൂണിറ്റ് രൂപീകരിച്ചുകഴിഞ്ഞു. 88 പേർ ആ യൂണിറ്റിലുണ്ട്. ആ യൂണിറ്റുമായി ബന്ധപ്പെട്ട് എല്ലാ ആഴ്ചയും മീറ്റിംഗ് നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ ഡെസ്റ്റിനേഷനുകൾ, കേരളത്തിന്റെ ആഘോഷങ്ങൾ, പ്രത്യേകിച്ച് ഓണം പോലുള്ള ആഘോഷങ്ങൾ യു. കെ.-യിൽ

പ്രചരിപ്പിക്കാൻ ആ ക്ലബ്ബിന് സാധിക്കുന്നുണ്ട്. മറ്റ് രാജ്യങ്ങളിലും ടൂറിസം ക്ലബ്ബുകൾ രൂപീകരിച്ച് മുന്നോട്ടുപോകാനാണ് സർക്കാർ ആലോചിക്കുന്നത്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, കോവിഡാനന്തരം വിനോദ സഞ്ചാര മേഖലയിൽ വലിയ ഉണർവാണ് ഉണ്ടായിട്ടുള്ളത്. വനിതകൾ ഒറ്റയ്ക്കും കൂട്ടായും നടത്തുന്ന യാത്രകളൊക്കെയും ഈ ആധുനിക കാലത്തിൽ ട്രെൻഡ് ആകുന്നുണ്ട്. പ്രസ്തുത പശ്ചാത്തലത്തിൽ തന്നെയാണ് സ്ത്രീ വിനോദ സഞ്ചാര പദ്ധതികൾക്ക് വലിയ പ്രാധാന്യം നമ്മുടെ ഗവണ്മെന്റ് നൽകുന്നത്. സ്ത്രീകൾ ഒറ്റയ്ക്ക് യാത്ര ചെയ്യുമ്പോൾ ഏറ്റവും പ്രധാനം അവരുടെ സുരക്ഷിതത്വം തന്നെയാണ്. അതുകൊണ്ട് വിനോദ സഞ്ചാരികളുടെ, പ്രത്യേകിച്ച് സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുമായി അടിയന്തര നടപടികൾ സ്വീകരിക്കുമോ; അതിന്റെ വിശദാംശങ്ങൾ നൽകാമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ബഹുമാനപ്പെട്ട അംഗത്തിന്റേത് ഒരു പ്രധാനപ്പെട്ട ചോദ്യമാണ്. ഇന്ത്യയിൽ ഇത്തരത്തിലുള്ള പ്രതിസന്ധികൾ സ്ത്രീ യാത്രികർ നേരിടുന്നതിൽ ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. അതിന് പല കാരണങ്ങളുണ്ട്. എത്രതന്നെയായാലും ഒരു യാത്രികപോലും ഇതിന്റെ പ്രയാസമനുഭവിക്കാൻ

പാടില്ല. 100% സ്ത്രീ സഞ്ചാരികൾക്കും സധൈര്യം കേരളത്തിൽ യാത്രചെയ്യാൻ സാധിക്കുന്ന സ്ഥിതിയുണ്ടാകണം. അതിനായി സുരക്ഷാ സംവിധാനങ്ങൾ, ടൂറിസ്റ്റ് പോലീസിംഗ്, ഇതോടനുബന്ധിച്ച മറ്റ് കാര്യങ്ങൾ തുടങ്ങിയവയൊക്കെ നല്ല നിലയിൽ മുന്നോട്ട് കൊണ്ടുപോകാനുള്ള ശ്രമം നടത്തുന്നുണ്ട്. അതുപോലെ ഒരു ശൃംഖല സ്ത്രീ സൗഹാർദ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തുന്നുണ്ട്. വനിതാ ഗ്രൂപ്പുകൾ മാത്രമുള്ള യാത്രകൾ ഇപ്പോൾ ഒരു ട്രെൻഡായി മാറിയതുകൊണ്ടുതന്നെ വനിതാ യാത്രികർ, വനിതാ ടൂർ ഓപ്പറേറ്റർമാർ, വനിതാ ടൂർ ഗൈഡുമാർ, വനിതാ ഡ്രൈവർമാർ, വനിതാ സംരംഭകരുടെ മാത്രമായ ഹോംസ്റ്റേകൾ, അവരുടേത് മാത്രമായിട്ടുള്ള റെസ്റ്റോറന്റുകൾ തുടങ്ങിയവ ഉൾപ്പെടുന്നൊരു വലിയ ശൃംഖലയാണ് ലക്ഷ്യമിടുന്നത്. ലോകത്തിന് മാതൃകയാകുന്ന തരത്തിലാണ് ഈ പദ്ധതി ആവിഷ്കരിച്ച് മുന്നോട്ടുപോകുന്നത്. മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. 2023 -ൽ പ്രസ്തുത ശൃംഖല തീർക്കുന്നതോടുകൂടി വലിയ മാറ്റം സാധ്യമാകുമെന്നുള്ളത് സഭയെ അറിയിക്കുകയാണ്.

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, ടൂറിസം ഡെസ്റ്റിനേഷനുകളിൽ വനിതാ സഞ്ചാരികൾ നേരിടുന്ന പ്രധാന പ്രശ്നമായ വൃത്തിയുള്ള

ശുചിമുറികളുടെ അഭാവം പരിഹരിക്കാനുള്ള നടപടി സ്ത്രീ സൗഹൃദ വിനോദ സഞ്ചാര പദ്ധതിയിൽ ലക്ഷ്യമിടുന്നുണ്ടോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, വൃത്തിയുള്ള ശുചിമുറികളുടെ അഭാവം പ്രധാന പ്രശ്നമാണ്. സ്ത്രീകൾക്ക് മാത്രമല്ല പൊതുവേ നമ്മുടെ ഡെസ്റ്റിനേഷനുകളിൽ വാഷ് റൂമുകളുടെ അപര്യാപ്തത, ഇപ്പോഴുള്ള ശുചിമുറികൾ പരിപാലിച്ചുകൊണ്ടുപോകാത്തത് എന്നിവയൊക്കെ പ്രധാന വിഷയങ്ങളാണ്. കോവളത്തും ഈ പ്രശ്നമുണ്ട്. അത് സർക്കാർ കാണുകയും ഇടപെടുകയും ചെയ്തിരുന്നു. കോവളത്ത് ഒരു പ്രത്യേക പദ്ധതി ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നുണ്ട്. യാത്ര നടത്തുന്ന വേളയിൽ അത്യന്താപേക്ഷിതമായ കംഫർട്ട് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സർക്കാർ നടത്തുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ റെസ്റ്റ്ഹൗസുകൾ ഇപ്പോൾ അതിന് സജ്ജമായിക്കഴിഞ്ഞു. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ ആ നിലയിലേയ്ക്ക് മാറ്റാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അന്താരാഷ്ട്ര നിലവാരമുള്ള ടോയ്ലെറ്റുകൾ നിർമ്മിക്കുന്നതിനുള്ള തീരുമാനമെടുത്തതും പ്രവൃത്തി നടത്തുന്നതും ഈ സാഹചര്യത്തിലാണ്. ഇങ്ങനെ വനിതാ സഞ്ചാരികൾ

നേരിടുന്ന പ്രധാന വിഷയങ്ങളെ പരമാവധി അഭിമുഖീകരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കും.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, ടൂറിസത്തിൽ ഏറ്റവും സാധ്യതയുള്ള ഒന്നാണ് ബീച്ച് ടൂറിസം. ലോകത്തിലെ പല ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളും പരിശോധിച്ചാൽ നമുക്കത് ബോധ്യപ്പെടും. 700 കി. മീ. കടലോരമുള്ള നമുക്ക് വളരെ ചുരുങ്ങിയ സ്ഥലങ്ങളിൽ മാത്രമെ ടൂറിസം ഡെവലപ് ചെയ്യാൻ സാധിച്ചിട്ടുള്ളൂ. കോഴിക്കോട് ബീച്ച് സന്ദർശിക്കാൻ ഒരു ദിവസം ആയിരക്കണക്കിന് ടൂറിസ്റ്റുകളാണ് എത്തിച്ചേരുന്നത്. ആയതിനാൽ ബീച്ച് ടൂറിസത്തിന് പ്രത്യേകത പരിഗണന നൽകി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ബീച്ച് ടൂറിസം എന്നത് ഒരു പ്രധാന വിഷയമാണ്. അംഗങ്ങൾ കൂടുതൽ ഉപചോദ്യങ്ങൾ ഉന്നയിക്കുകയും മറുപടി നൽകുകയും ചെയ്തുപോയാൽ വകുപ്പിനുതന്നെ കൂടുതൽ കാര്യങ്ങൾ നടപ്പിലാക്കാനുള്ള കരുത്തായി അത് മാറും. ബീച്ച് ടൂറിസത്തിന് ഏറ്റവും സാധ്യതയുള്ള സംസ്ഥാനമാണ് കേരളം. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള കേരളത്തിലെ 9 ജില്ലകളിലെ ബീച്ച് ടൂറിസത്തിന്റെ സാധ്യതകൾ മനസ്സിലാക്കിക്കൊണ്ട് കോഴിക്കോട് ജില്ലയിൽ

പരീക്ഷിച്ച് നടപ്പിലാക്കിയ കടലിലൂടെയുള്ള പാലത്തിലൂടെ ജനങ്ങൾ ഒരു എക്സ്പീരിയൻസായി നടക്കുകയാണ്. തിരയടിക്കുമ്പോൾ ആളുകൾ അതിലൂടെ നടന്നുപോകുന്നത് ടെൻഡായി മാറിയിരിക്കുകയാണ്. ബാക്കി ജില്ലകളിലും ഒരു കേന്ദ്രത്തിൽ കടൽപ്പാലം എന്നുള്ള കാഴ്ചപ്പാടിന്റെ ഭാഗമായി ടൂറിസം വകുപ്പ് ഡി.റ്റി.പി.സി.-യുടെ നേതൃത്വത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ച വിവരം പ്രത്യേകമായി സഭയെ അറിയിക്കുകയാണ്. രണ്ടാമത്തെ പ്രശ്നം, മാൽഡീവ്സായാലും ഗോവയിലായാലും അവിടെ മറ്റ് പല സാധ്യതകളുമുണ്ട്. കേരളത്തിന്റെ ബീച്ച് ടൂറിസത്തിന് അത്തരം സാധ്യതകളിലേയ്ക്ക് എത്താൻ കഴിയില്ല. എന്നിരുന്നാലും Adventure sports-ന്റെ അനന്തസാധ്യതകളെ എങ്ങനെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കും; കൊല്ലത്തെ ഹോട്ട് എയർ ബലൂൺ പോലെയുള്ള പല സംവിധാനങ്ങളും നമ്മുടെ മുന്നിലുണ്ട്. കടലിലെ പ്രത്യേക സ്പോർട്സ് സംവിധാനം നടപ്പിലാക്കാനുള്ള തീരുമാനം സർക്കാർ എടുത്തിട്ടുണ്ടെന്നുള്ള വിവരംകൂടി അറിയിക്കുകയാണ്. ലോകത്തിലുള്ള ഒരു ടെൻഡാണ് സർഫിംഗ്. സർഫിംഗിനുള്ള പ്രത്യേകത, ഒരു മാസമെങ്കിലും താമസിച്ച് സർഫിംഗ് പഠിക്കേണ്ടതായി വരും. ഇത്തരത്തിൽ ഒരുമാസം മറ്റൊരു സ്ഥലത്ത് വസിക്കുമ്പോൾ ഹോം സ്റ്റേ, ഭക്ഷണം എന്നിവ

ഉൾപ്പെടെ അവിടത്തെ ജനങ്ങൾക്ക് വരുമാനം ലഭിക്കുകയാണ്. ഇത്തരം സാധ്യതകൾ കണ്ടുകൊണ്ട് നിലവിൽ തിരുവനന്തപുരത്ത് സർക്കാർ സംവിധാനത്തിലല്ലെങ്കിലും സർഫിംഗ് സ്കൂളുണ്ട്. കേരള ചരിത്രത്തിലാദ്യമായി സർക്കാർ നിയന്ത്രണത്തിൽ ഒരു സർഫിംഗ് സ്കൂൾ കോഴിക്കോട് ആരംഭിച്ച വിവരം സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്, ഇത് വ്യാപകമാക്കണം. ഇത്തരത്തിൽ Adventure sports-ന്റെ സാധ്യതകൾകൂടി കണക്കിലെടുത്തുകൊണ്ട് കേരളത്തിലെ ബീച്ച് ടൂറിസത്തെ വികസിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. ജോയി: സർ, വിനോദസഞ്ചാര മേഖലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതിനായി ടൂറിസം പോലീസിനെയാണ് പരമാവധി ഉപയോഗപ്പെടുത്തുന്നത്. അതിൽ പുരുഷ പോലീസുകാരാണ് കൂടുതലായിട്ടുള്ളത്. വനിതാ പോലീസുകാരെക്കൂടി ഇതിൽ നിയോഗിച്ചാൽ വലിയ കാര്യമായിരിക്കും. കാരണം വർക്കലയെ സംബന്ധിച്ചിടത്തോളം തീരത്തിന് ഉൾക്കൊള്ളാൻ സാധിക്കാത്ത വിധത്തിലാണ് ആഭ്യന്തര ടൂറിസ്റ്റുകൾ വന്നുകൊണ്ടിരിക്കുന്നത്. ഈ പ്രത്യേക സാഹചര്യത്തിൽ

അടിയന്തരമായി ഇത്തരമൊരു കാര്യം നടപ്പിലാക്കാൻ ശ്രദ്ധ പതിപ്പിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതൊരു പ്രസക്തമായ ചോദ്യമാണ്. പൊതുവെ ടൂറിസ്റ്റുകളുടെ ലിംഗാടിസ്ഥാനത്തിലുള്ള ഡാറ്റ പരിശോധിച്ചാൽ, സ്ത്രീ വിനോദസഞ്ചാരികളുടെ ശതമാനത്തിൽ ക്രമാനുഗതമായ വർദ്ധനവാണ് കാണുന്നത്. ഇത് കേരളത്തിൽ മാത്രം കാണുന്ന സവിശേഷതയല്ല. ഇതൊരു വേൾഡ് ട്രെൻഡാണ്. വർക്കല നിയോജകമണ്ഡലത്തിലെ അംഗം സൂചിപ്പിച്ച വിഷയം പരിശോധിക്കാവുന്നതാണ്.

ശ്രീമതി ദലീമ: സർ, പൊതു വിനോദസഞ്ചാര കേന്ദ്രങ്ങൾ കൂടുതൽ ആകർഷകവും മാലിന്യരഹിതവുമാക്കുന്നതിനും സഞ്ചാരസൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ശുചിത്വം ഒരു പ്രധാന വിഷയമാണ്. ഒരു ഡെസ്റ്റിനേഷനിലെത്തുന്ന സഞ്ചാരിക്ക് അവിടെ ഇഷ്ടപ്പെട്ടാൽ ആ സഞ്ചാരി സ്വാഭാവികമായും ആ ഡെസ്റ്റിനേഷന്റെ ബ്രാന്റ് അംബാസിഡറായിരിക്കും. ആ സഞ്ചാരി പ്രസ്തുത ഡെസ്റ്റിനേഷനെക്കുറിച്ച് നാട്ടിൽപോയി വിശദീകരിക്കുന്നതിന്റെ ഭാഗമായി അത് ട്രെൻഡാകും.

ഇന്നത്തെ കാലത്ത് നേരിട്ട് മാത്രമല്ല സോഷ്യൽ മീഡിയയിലൂടെയും ഇത്തരം കാര്യങ്ങൾ വിശദീകരിക്കാവുന്നതാണ്. ഏതെങ്കിലുമൊരു സെലിബ്രിറ്റി ഒരുസ്ഥലത്ത് വന്നുകഴിഞ്ഞാൽ പ്രസ്തുത സ്ഥലത്തെക്കുറിച്ചുള്ള അവരുടെ വ്ളോഗും ഇൻസ്റ്റാഗ്രാമിലെ പോസ്റ്റിംഗും ആ ഡെസ്റ്റിനേഷന്റെ മഹിമ ഉയർത്തും. വയനാട്ടിലെ ഊര് നമ്മുടെ മുന്നിലുള്ള ഒരു ഉദാഹരണമാണ്. എന്നാൽ അതുപോലൊരു ഡെസ്റ്റിനേഷനിൽ എത്തിയാൽ അവിടത്തെ ശുചിത്വമില്ലായ്മ കയ്പേറിയ അനുഭവം സൃഷ്ടിക്കും. ശുചിത്വമില്ലാത്തൊരു ഡെസ്റ്റിനേഷനിലേയ്ക്ക് ദയവുചെയ്ത് നിങ്ങളാരും വരരുതെന്ന് പറയുന്ന ബ്രാൻഡ് അംബാസഡർമാരായി ഈ സഞ്ചാരികൾ മാറും. പലരും സോഷ്യൽ മീഡിയയിലും വ്ളോഗിലും അത് പോസ്റ്റ് ചെയ്യും. അതോടുകൂടി അങ്ങോട്ട് വരണമെന്ന് ആഗ്രഹിച്ചവർപോലും ആ വഴിക്ക് വരില്ല. ഇതൊരു ഗൗരവമേറിയ പ്രശ്നവും കൂട്ടായി ചർച്ച ചെയ്യേണ്ടതുമാണ്. ഓരോ കേന്ദ്രവും ആര് പരിപാലിക്കണം എന്നതാണ് പ്രശ്നം. തലശ്ശേരി മണ്ഡലത്തിലും ഇതിന് സമാനമായ പ്രശ്നമുണ്ട്. ചില സ്ഥലങ്ങളിൽ ഡി.റ്റി.പി.സി., ചില സ്ഥലങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പ്, ചിലയിടങ്ങളിൽ മറ്റ് സംവിധാനങ്ങൾ ഇങ്ങനെ നിരവധി പ്രശ്നങ്ങൾ നിലവിലുണ്ട്. ആയതിനാൽ ഇതിനൊരു ഏകോപനം അനിവാര്യമാണ്.

മി. സ്പീക്കർ: ഡി.എം.സി.-കൾ (Destination Management Committee) വേണം.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇക്കാര്യത്തിൽ എല്ലാവരുമായും ചർച്ച ചെയ്തുകൊണ്ടുതന്നെ കൃത്യതയോടുകൂടിയുള്ള ഒരു തീരുമാനം വകുപ്പുകളുടെ ഏകോപനത്തോടുകൂടി 2023-ൽ സൃഷ്ടിക്കാനാകണം. ഇതൊരു പ്രധാന വിഷയമായതിനാൽ ആ നിലയിൽത്തന്നെ പരിഹരിക്കേണ്ടതാണ്.

ശ്രീമതി കെ. കെ. രമ: സർ, സ്ത്രീകളുടെ സുരക്ഷിതമായ ലക്ഷ്യസ്ഥാനമാണ് കേരളമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിലൂടെ മനസ്സിലാക്കാൻ സാധിച്ചു. സഞ്ചാരവുമായി ബന്ധപ്പെട്ട് കേരളത്തിൽ സ്ത്രീകൾക്ക് എന്ത് സുരക്ഷിതത്വമാണുള്ളതെന്ന് പരിശോധിക്കണം. ഒരു വിദേശ വനിത കൊല്ലപ്പെട്ടതിന്റെ വിധി കഴിഞ്ഞ ദിവസമാണ് വന്നിരിക്കുന്നത്. എറണാകുളം ജില്ലയിൽ ഒരു പെൺകുട്ടിയെ ഓടുന്ന വണ്ടിയിൽ പീഡിപ്പിച്ച് ഉപേക്ഷിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടു. നൈറ്റ് ക്ലബ് കഴിഞ്ഞുപോയ പെൺകുട്ടിക്കാണ് ഇത്തരമൊരു അനുഭവമുണ്ടായത്. ഇങ്ങനെ നിരന്തരം സംഭവമുണ്ടാകുന്ന ഒരു സംസ്ഥാനത്ത് സ്ത്രീകൾക്ക് എന്ത്

സുരക്ഷയാണുള്ളത്? സ്ത്രീ സുരക്ഷിതത്വത്തിനുവേണ്ടി എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, എല്ലാ സംസ്ഥാനത്തും സ്ത്രീകൾ സുരക്ഷിതരാകണം. ഹരിയാനയിലെ തെരുവുകളിലോ ഡൽഹിയിലോ മറ്റ് സംസ്ഥാനങ്ങളിലോ സഞ്ചരിക്കുമ്പോൾ സ്ത്രീകൾക്കുണ്ടാകുന്ന പ്രയാസകരമായ സാഹചര്യം കേരളത്തിലുണ്ടോ? ഒറ്റപ്പെട്ട സംഭവങ്ങൾ ചൂണ്ടിക്കാട്ടി അത് പർവ്വതീകരിക്കുമ്പോൾ ആർക്കാണ് ഗുണം ലഭിക്കുന്നത്? ഇവിടെ സ്ത്രീകൾ തെരുവിലിറങ്ങുമ്പോൾ കൂട്ടമായി ബലാത്സംഗം ചെയ്യുന്ന സ്ഥിതിയുണ്ടോ; ആക്രമിക്കുന്ന സ്ഥിതിയുണ്ടോ; സ്ത്രീ സഞ്ചാരികൾക്ക് കേരളത്തിലേയ്ക്ക് കടന്നുവരുന്നതിന് ഭയമുണ്ടാകുന്ന സ്ഥിതിയുണ്ടോ? കേരളത്തിലെ ആഭ്യന്തര സഞ്ചാരികളുടെ വർദ്ധനവ് പരിശോധിച്ചാൽ അതിന്റെ കാരണക്കാർ ആരെന്ന് മനസ്സിലാകും. മതനിരപേക്ഷതയുടെയും സാഹോദര്യത്തിന്റെയും പ്രതീകമായ കേരളത്തിലെ ജനങ്ങളാണ് അതിന് കാരണക്കാർ. അതുപോലെ കേരളത്തിലേയ്ക്ക് വരുന്ന സ്ത്രീ സഞ്ചാരികളെ സഹോദരിയെപ്പോലെ സംരക്ഷിക്കാനുള്ള മനസ്സാണ് മലയാളികൾക്കുള്ളത്, അതുതന്നെയാണ് സ്ത്രീ സഞ്ചാരികൾ ഏറ്റവും കൂടുതൽ ഇന്ത്യയിൽ കടന്നുവരുന്ന സംസ്ഥാനമായി കേരളം മാറാൻ കാരണം. എന്നാൽ ഒറ്റപ്പെട്ട

സംഭവം ഉണ്ടാകരുത്, ഒരു സംഭവംപോലും കേരളത്തിൽ സ്ത്രീ സൗഹാർദ്ദത്തിന് വിരുദ്ധമായി ഉണ്ടാകാൻ പാടില്ല. അത് നമ്മൾ കൂട്ടായി ആലോചിക്കണം. പോലീസും മറ്റ് സംവിധാനങ്ങളും ടൂറിസം ക്ലബ്ബുകളുമുണ്ട്. ഇനി പുതിയതായി എന്തെങ്കിലും വേണമെങ്കിൽ അംഗങ്ങൾക്ക് നിർദ്ദേശിക്കാം. രണ്ട് കയ്യുംനീട്ടി സർക്കാർ അത്തരം നിർദ്ദേശങ്ങളെ സ്വീകരിക്കും. പക്ഷെ കേരളം സുരക്ഷിതമല്ലെന്ന് പറഞ്ഞുപോകുന്നത് ശരിയല്ല.

ശ്രീമതി കാനത്തിൽ ജമീല: സർ, കേരളം ഒരു സ്ത്രീപക്ഷ സമൂഹമാണെന്ന കാഴ്ച്ചപ്പാടുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ എല്ലാ രീതിയിലും അഭിനന്ദിക്കുകയാണ്. ഒറ്റയ്ക്ക് യാത്ര ചെയ്യാൻ ആഗ്രഹമുണ്ടെങ്കിലും സുരക്ഷയുടെ കാര്യം ഓർത്തിട്ടാണ് സ്ത്രീകൾ യാത്ര ചെയ്യാത്തത്. പല ജില്ലകളിലും ഇപ്പോൾ ഷീ ലോഡ്ജുകളുണ്ടെങ്കിലും അവയെല്ലാം ഒറ്റപ്പെട്ട സ്ഥലങ്ങളിലോ അല്ലെങ്കിൽ സമൂഹ്യവിരുദ്ധരുടെ കൂട്ടായ്മയുള്ള സ്ഥലങ്ങളിലോ ആയിരിക്കും. ഇതിന് പകരമായി PWD റെസ്റ്റ്ഹൗസിലോ അതുപോലെ ഗവണ്മെന്റ് ഗസ്റ്റ് ഹൗസിലോ ചില നിശ്ചിത റൂമുകൾ സ്ത്രീകൾക്ക് നൽകാൻ സാധിക്കുമോ; അതല്ലെങ്കിൽ

അതിനോട് ചേർന്നുകൊണ്ടുള്ള ഒരു ഷെൽട്ടർ പോലെയുള്ള കാര്യങ്ങൾ സ്ത്രീകൾക്ക് ഒരുക്കാൻ സാധിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, നല്ലൊരു ചോദ്യമാണ് ബഹുമാനപ്പെട്ട കൊയിലാണ്ടി അംഗം ഉന്നയിച്ചിട്ടുള്ളത്. ഈയൊരു കാഴ്ചപ്പാട് പരിശോധിച്ചുവരുന്നുണ്ട്. പി.ഡബ്ല്യു.ഡി. റെസ്റ്റ്ഹൗസുകളിൽ ആയിരത്തിലധികം മുറികളുണ്ട്. പ്രസ്തുത വിഷയം എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്നുള്ളത് പരിശോധിക്കാം.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, വനമേഖലകളെ ടൂറിസം പ്രോജക്ടിൽ ഉൾപ്പെടുത്താനുള്ള പ്രത്യേക പദ്ധതികളുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കേരളത്തിൽ വന - മലയോര മേഖലകൾക്ക് അനന്ത സാധ്യതകളാണുള്ളത്. തീരദേശവും മലയോര - വനമേഖലകളും ഇടനാടും അടങ്ങിയിട്ടുണ്ടെന്നതാണ് കേരളത്തിന്റെ പ്രത്യേകത. ചെറിയൊരു സ്ഥലത്ത് വളരെയധികം ടൂറിസം സാധ്യതകളുള്ള സംസ്ഥാനമെന്നനിലയിൽ മറ്റ് വകുപ്പുകളുമായി, പ്രത്യേകിച്ച് വനം വകുപ്പുമായി ചർച്ച നടത്തേണ്ടതുണ്ട്. വേഗത്തിൽ നടപടി സ്വീകരിക്കേണ്ട ചില കാര്യങ്ങൾ വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതിലൊരു ഏകോപനം അനിവാര്യമാണ്. യൂറോപ്യൻ രാജ്യങ്ങളിലെല്ലാം ഇപ്പോൾ

കാണാൻ കഴിയുന്നത് ട്രക്കിംഗും നടന്ന് മല കയറുന്ന രീതികളുമാണ്. ഇതിനൊരു പ്രത്യേക ഗ്രഗിൾ ലിങ്കാണ് അവിടെയുള്ളത്. നടന്ന് മല കയറാൻ ആഗ്രഹിക്കുന്നവർ ലിങ്ക് പരിശോധിച്ചാൽ ഏതൊക്കെ വഴികളിലൂടെ പോകണമെന്ന് അറിയാൻ സാധിക്കും. നമ്മുടെ രാജ്യത്ത് അങ്ങനെയൊരു സംവിധാനമില്ല. 2023-ൽ ടെക്നോളജിയുടെ സാധ്യതകൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമോയെന്നുള്ളത് പരിശോധിക്കാം. ഗ്ലൈഡിംഗ്, ട്രക്കിംഗ് തുടങ്ങി നടന്നുകയറുന്ന സംവിധാനങ്ങളെക്കൂടി ഉപയോഗപ്പെടുത്താം. ഇതുമായി ബന്ധപ്പെട്ട് വനം വകുപ്പുമായി ചർച്ചകൾ നടത്താവുന്നതുമാണ്.

ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള റോഡ് നിർമ്മാണം

2(*92) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഏത് കാലാവസ്ഥയെയും അതിജീവിക്കുന്ന റോഡ്

നിർമ്മാണ രീതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിരന്തരമായി തകരുന്ന റോഡുകൾ കണ്ടെത്തി അവ തകരുന്നതിനുള്ള കാരണം പരിശോധിച്ച് ആയതിന് ശാശ്വത പരിഹാരമാകുംവിധത്തിലുള്ള നിർമ്മാണ രീതികൾ നടപ്പിലാക്കുമോ; വിശദമാക്കുമോ;

(സി) തകർന്ന റോഡുകളിൽ വെള്ളക്കെട്ട് ഉണ്ടാകുന്ന സാഹചര്യത്തിൽ എല്ലാ റോഡുകളിലും ജലനിർഗ്ഗമന സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ;

(ഡി) കാലാവസ്ഥാ വ്യതിയാനം, കൊടുംചൂട്, അതിശൈത്യം, വാഹനപ്പെരുപ്പം എന്നിവ മൂലമുണ്ടാകുന്ന അമിത സമ്മർദ്ദം പുതിയ റോഡ് നിർമ്മാണ രീതികൾക്ക് അതിജീവിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് - വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) കാലാവസ്ഥാ വ്യതിയാനം പൊതുമരാമത്ത് പ്രവൃത്തികളിൽ സൃഷ്ടിക്കുന്ന പ്രതിസന്ധി മറികടക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ചർച്ചചെയ്യാൻ പാലക്കാട് ഐ.ഐ.ടി.

യുമായി ചേർന്ന് വിദഗ്ധർ പങ്കെടുത്ത നാഷണൽ കോൺഫറൻസ് 2022 സെപ്തംബർ 17 മുതൽ 19 വരെ തിരുവനന്തപുരത്ത് സംഘടിപ്പിച്ചിരുന്നു. അത് നല്ല അനുഭവമായിരുന്നു. കോൺഫറൻസിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. കേരളത്തിന്റെ ഭൂപ്രകൃതി, മഴയുടെ പാറ്റേൺ തുടങ്ങിയവ പരിശോധിച്ച് അനുയോജ്യമായ നിർമ്മാണ രീതികൾ കണ്ടെത്താൻ ശ്രമിക്കുകയാണ്. റോഡുകൾ ഡിസൈൻഡ് റോഡുകളാക്കി മാറ്റി ദീർഘകാലം നിലനിൽക്കുന്ന നിർമ്മാണ രീതിയിലേയ്ക്ക് മാറ്റാൻ പദ്ധതികൾ തയ്യാറാവുന്നുണ്ട്. ഉന്നതനിലവാരത്തിൽ ദീർഘകാലം ഈട് നിൽക്കുന്ന റോഡ് നിർമ്മാണരീതികൾ നടപ്പിലാക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വൈറ്റ് ടോപ്പിംഗ്, ഫുൾ ഡെപ്ത് റിക്ലമേഷൻ, സോയിൽ നെയിലിംഗ്, ജിയോ സെൽസ്, കോൾഡ് മിക്സ്, വാം മിക്സ് അസ്ഫാൾട്ട് ടെക്നിക് എന്നിവയുൾപ്പെടെയുള്ള ആധുനിക നിർമ്മാണ സാങ്കേതിക വിദ്യകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. കൂടാതെ റോഡുകളുടെ അടിത്തറ ബലപ്പെടുത്തുന്നതിനും ചരിവുകൾ സംരക്ഷിക്കുന്നതിനും കയർ, സിന്തറ്റിക് ഭൂവസ്ത്രങ്ങൾ, ഗാബിയോൺ റീട്ടെയിനിംഗ് വാൾ എന്നിവ ഉപയോഗിച്ചുവരുന്നു.

ദീർഘകാലം കേടുപാടുകൾ കൂടാതെ നിലനിൽക്കുന്ന ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് റോഡുകൾ ഉയർത്തുന്നതിന് മുൻഗണന നൽകി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്തുന്നുണ്ട്. കൂടാതെ അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ഉപരിതലം പുതുക്കി നിർമ്മിക്കുന്നുണ്ട്.

(ബി) നിരന്തരമായി തകരുന്ന റോഡുകൾ കണ്ടെത്തി അവ തകരുന്നതിനുള്ള കാരണങ്ങൾ പരിശോധിച്ച് ആയതിന് ശാശ്വത പരിഹാരമാകും വിധത്തിലുള്ള നിർമ്മാണ രീതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആവശ്യമായ പഠനങ്ങൾ നടത്തിയ ശേഷമാണ് നിലവിൽ ഏതുതരം നിർമ്മാണരീതിയാണ് അവലംബിക്കേണ്ടതെന്ന് നിശ്ചയിക്കുന്നത്. മതിയായ ഡ്രെയിനേജുകളുടെ നിർമ്മാണവും ഉറവകളുടെ സാന്നിദ്ധ്യമുള്ള സ്ഥലങ്ങളിൽ ഇന്റർലോക്കിംഗ്, കോൺക്രീറ്റ് പേവർ ബ്ലോക്കുകൾ പോലുള്ള അനുയോജ്യമായ നിർമ്മാണ രീതികൾ നടപ്പിലാക്കിവരുന്നതും റോഡുകൾ തകരുന്നത് ഒഴിവാക്കാൻ ഉപകരിക്കുന്നുണ്ട്.

(സി) മതിയായ drainage-കളുടെ അഭാവംമൂലമുണ്ടാകുന്ന വെള്ളക്കെട്ട് റോഡുകൾ നിരന്തരമായി തകരുന്നതിന് പ്രധാന കാരണമായിത്തീരുന്നു. ആയതിനാൽ വെള്ളക്കെട്ട് രൂപപ്പെടുന്ന സ്ഥലങ്ങളിൽ ആവശ്യമായ drainage-കൾ നിർമ്മിച്ച് വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ drainage-കളുടെ സ്വാഭാവിക ഔട്ട്ലെറ്റുകൾ തടസ്സപ്പെടുന്നത് ഫലപ്രദമായ ജലനിർഗ്ഗമന സംവിധാനത്തെ ബാധിക്കുന്നുണ്ട്.

(ഡി) കാലാവസ്ഥാ വ്യതിയാനംമൂലമുള്ള കൊടുംചൂട്, അതിശൈത്യം അതുപോലെതന്നെ വാഹനപ്പെരുപ്പം എന്നിവ കണക്കിലെടുത്ത് റോഡ് ഡിസൈൻ ചെയ്ത് ആവശ്യമായ പ്രൊവിഷൻസ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചതിനുശേഷമാണ് നിലവിൽ പ്രധാന നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നത്. ഇത്തരത്തിൽ ആവശ്യമായ ഡിസൈൻ നടത്തി റോഡ് നിർമ്മിക്കുന്നതിലൂടെ കാലാവസ്ഥ, വാഹനപ്പെരുപ്പം എന്നിവമൂലമുള്ള സമ്മർദ്ദങ്ങൾ അതിജീവിക്കുന്നതിന് പുതിയ നിർമ്മാണ രീതികൾക്ക് സാധിക്കുന്നു.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, റോഡ് നിർമ്മാണം സംബന്ധിച്ച് ഉദ്യോഗസ്ഥരും കരാറുകാരുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങൾ,

നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരമില്ലായ്മ, നിർമ്മാണത്തിലുള്ള അപകാതകൾ എന്നിവ ശാസ്ത്രീയമായി കണ്ടെത്തേണ്ടതും റോഡിന്റെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമുണ്ട്. ഇതിന് സഹായകരമാകുന്ന ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി ടെസ്റ്റിംഗ് ലാബിന്റെ പ്രവർത്തനങ്ങൾ ഏതൊക്കെ രീതിയിലാണ് ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നത്; അതിൽ എന്തൊക്കെ പരിശോധനകൾ പ്രധാനമായും നടത്താൻ കഴിയും; ഇപ്പോൾ എത്ര മൊബൈൽ ലാബുകൾ സജ്ജമാണ്, വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കേരളത്തിൽ വ്യപകമാക്കേണ്ട ടെക്നോളജിയുടെ സാധ്യതകൂടിയാണിത്. പൊതുമരാമത്ത് പ്രവൃത്തികൾ നടക്കുന്ന സ്ഥലങ്ങളിലെത്തി പരിശോധിക്കുന്ന വാഹനം കേരളത്തിൽ വളരെ കുറവാണ്. ഒരു പ്രവൃത്തി നടക്കുമ്പോൾ അവിടെത്തന്നെ ലാബിൽ പരിശോധിച്ച് അതിലെ പോരായ്മകൾ ചൂണ്ടിക്കാണിക്കാൻ സാധിച്ചാൽ രണ്ടുതരത്തിൽ ഗുണമുണ്ട്. ഒന്ന്, തെറ്റായ പ്രവണതകളെ വലിയനിലയിൽ കുറച്ചുകൊണ്ടുവരാൻ കഴിയും. രണ്ട്, അത്തരത്തിലുള്ള പ്രവൃത്തികൾക്ക് തയ്യാറാകുന്നവർ ഭയപ്പെടുന്ന സ്ഥിതിയുണ്ടാകും. ഓട്ടോമേറ്റഡ് ലാബും തത്സമയ പരിശോധനയും ശക്തിപ്പെടുത്തണം. ഗുണനിലവാരത്തിൽ പ്രശ്നങ്ങളുണ്ടെങ്കിൽ അത് കണ്ടെത്തി നടപടി സ്വീകരിക്കാൻ

അപ്പോൾത്തന്നെ സാധിക്കുകയും ചെയ്യും. റോഡ്, കെട്ടിടം, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് ഗുണനിലവാര പരിശോധനകളും കോൺക്രീറ്റ്, ബ്രിക്സ്, ടൈൽസ് തുടങ്ങിയവയും പരിശോധിക്കണം. ഇപ്പോൾ റോഡ് നിർമ്മാണത്തിലെ ടാർ പരിശോധന, മെറ്റീരിയൽ ടെസ്റ്റിംഗ്, കെമിക്കൽ അനാലിസിസ് ഓഫ് വാട്ടർ തുടങ്ങിയവയും പരിശോധിക്കാൻ സാധിക്കും. സംസ്ഥാനത്ത് ഗുണനിലവാര പരിശോധനാ സംവിധാനം മെച്ചപ്പെടുത്തുന്ന നിലയിൽ ഒരു ഹൈടെക് ലാബ് സ്ഥാപിക്കുന്നത് പരിഗണനയിലാണെന്ന വിവരം സഭയെ പ്രത്യേകം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. നൂതന ഉപകരണങ്ങളും എല്ലാവിധ പരിശോധനകളും സാധ്യമാകുന്ന ലാബുകളാണിവ. ഇതിനുപുറമേ എല്ലാ ജില്ലകളിലും മിനി മൊബൈൽ യൂണിറ്റുകൾ സജ്ജമാക്കുന്നതിനും സർക്കാർ മുന്നോട്ടുവരികയാണ്. ഇതിനായി 2 കോടി 66 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾക്ക് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കാൻ ഈ സംവിധാനത്തിലൂടെ സാധിക്കും.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പ്രധാനപ്പെട്ട എല്ലാ റോഡുകളും സംസ്ഥാനത്തെ കാലാവസ്ഥയുടെയും ഭൂപ്രകൃതിയുടെയും പ്രത്യേകതകൾ കണക്കിലെടുത്ത്

ഡിസൈൻ ചെയ്ത് ലോകോത്തര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള എന്ത് നടപടികളാണ് പി.ഡബ്ല്യു.ഡി. സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇവിടെ നേരത്തെ പറഞ്ഞ ചോദ്യത്തിന്റെ ഉത്തരംകൂടി മിക്സ് ചെയ്തുപറയേണ്ടതാണ്. അത് ഞാൻ ആവർത്തിക്കുന്നില്ല. ടെക്നോളജിയുടെ സാധ്യതകളെ ഉപയോഗപ്പെടുത്തി ഇനിയും മുന്നോട്ടുപോകണം. നേരത്തെ പറഞ്ഞതുപോലെ ലാബുകളും മൊബൈൽ സംവിധാനങ്ങളും നമ്മുടെ സംസ്ഥാനത്ത് വളർത്തിക്കൊണ്ടുവരാനാണ് ശ്രമിക്കുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, റോഡുകളിലെ പ്രവൃത്തി പരിശോധനാ സംവിധാനം എത്രത്തോളം കാര്യക്ഷമമാണ്; പുതുതായി എന്തെങ്കിലും പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; അതുസംബന്ധിച്ചൊരു വിശദീകരണം നൽകാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, മാന്വൽ പരിശോധനയെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതെന്ന് ഞാൻ കരുതുന്നു. ഉദ്യോഗസ്ഥർ ഓഫീസിൽമാത്രം ഇരിക്കുന്നവരായി മാറുകയാണെന്ന നമ്മളെല്ലാവരും ചർച്ചചെയ്തുകൊണ്ടിരിക്കുന്ന വിഷയം

പരിഹരിക്കാൻ തുടർച്ചയായി ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ഓഫീസിലിരുന്ന് റോഡുകളെക്കുറിച്ച് വിലയിരുത്തുകയാണ്. ഒരു റോഡിന്റെ അവസ്ഥയെന്താണ്, റോഡിൽ ഗട്ടറുണ്ടോ, കുഴിയെങ്ങനെയാണ്, എന്താണ് അതിന്റെ പ്രശ്നം, അതിന്റെ ഡിഫക്ട് ലയബിലിറ്റി പീരിയഡ് കഴിഞ്ഞോ, റണ്ണിംഗ് കോൺട്രാക്ട് എന്നാണ് തുടങ്ങിയ കാര്യങ്ങൾ ഓഫീസിലിരുന്ന് സിനിമയ്ക്ക് തിരക്കഥ എഴുതുന്നതുപോലെ എഴുതുന്ന സ്ഥിതിയുണ്ട്. ഉദ്യോഗസ്ഥർ ഓഫീസിലിരിക്കുന്നതുപോലെതന്നെ റോഡിലൂടെ സഞ്ചരിക്കുകയും വേണം. അക്കാര്യം പി.ഡബ്ല്യു.ഡി. മാന്വലിൽ പരാമർശിച്ചിട്ടുണ്ട്. ഓരോ തലത്തിലുള്ള ഉദ്യോഗസ്ഥർക്കും ഇത്ര കിലോമീറ്റർ റോഡ് സഞ്ചരിച്ച് ആ റോഡിന്റെ കാര്യങ്ങൾ പരിശോധിക്കണമെന്ന് മാന്വലിൽ നിഷ്കർഷിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിൽ ഒരു പുതിയ സംവിധാനം കൊണ്ടുവരികയാണ്. ആദ്യം കുറച്ച് എതിർപ്പുണ്ടായിരുന്നുവെങ്കിലും അത് പരിഹരിച്ചുപോകുകയാണ്. റണ്ണിംഗ് കോൺട്രാക്ട് സംവിധാനം യാഥാർത്ഥ്യമാണ്. അത് എത്രത്തോളം നടപ്പിലാകുന്നുണ്ടെന്ന് പരിശോധിക്കാൻ ഒരു സ്പെഷ്യൽ ചെക്കിംഗ് ടീമിനെ തീരുമാനിച്ചു. 30000 കിലോമീറ്ററിൽ 12332 കിലോമീറ്റർ റണ്ണിംഗ് കോൺട്രാക്ടാണ്. അതിൽ 8472 കിലോമീറ്റർ ബിറ്റുമിനസ് പാച്ച് വർക്ക്

പ്രവൃത്തികൾ ഇതിന്റെ ഭാഗമായി പൂർത്തീകരിച്ചു. 45 ദിവസത്തിലൊരിക്കൽ സ്പെഷ്യൽ ചെക്കിംഗ് ടീം 14 ജില്ലകളിലൂടെയും പരിശോധിച്ചുപോകുന്ന സ്ഥിതിയാണ്. സ്പെഷ്യൽ ചെക്കിംഗ് ടീം എന്നാൽ പി.ഡബ്ല്യു.ഡി.-യുമായി ബന്ധപ്പെട്ട ഐ.എ.എസ്. ഉദ്യോഗസ്ഥർ, ചീഫ് എഞ്ചിനീയർമാർ, എന്നിവരുടെ നേതൃത്വത്തിലുള്ള ടീമാണ്. 14 ജില്ലകളിലും പരിശോധന നടത്തുന്നതിന് 45 ദിവസമെടുക്കുന്നു. സെപ്റ്റംബർ 1-നാണ് ഇത് ആരംഭിച്ചത്. ഒക്ടോബർ 15-നായിരുന്നു അടുത്ത ചെക്കിംഗ്. ഈ ടീമിന്റെ ഒരു റൗണ്ട് ചെക്കിംഗ് കഴിഞ്ഞു. സ്പെഷ്യൽ ചെക്കിംഗ് ടീമിന്റെ ചെക്കിംഗ് കഴിഞ്ഞാൽ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ മാസത്തിലൊരിക്കലുള്ള ചെക്കിംഗാണുള്ളത്. മേയ് മാസം വരെ നാല് റൗണ്ട് സ്പെഷ്യൽ ചെക്കിംഗ് ടീമും ഏഴ് റൗണ്ട് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ ടീമും പരിശോധന നടത്തുകയാണ്. ഇപ്പോൾ രണ്ടാം റൗണ്ട് ആരംഭിച്ചിരിക്കുകയാണ്. വളരെ ഫലപ്രദമാണ്. ചില നിലപാടുകൾ അപ്പോൾത്തന്നെ സ്വീകരിക്കുകയും ചില തിരുത്തലുകൾ അതിൽത്തന്നെ പരിശോധിച്ചുപോകുന്നുമുണ്ട്. അതിൽനിന്നും മനസ്സിലായ കാര്യം, ഉദ്യോഗസ്ഥർ കുറേക്കൂടി റോഡിലേയ്ക്കിറങ്ങേണ്ടതുണ്ടെന്നും പ്രവൃത്തി നടക്കുന്ന സ്ഥലങ്ങളിൽ പോകേണ്ടതുണ്ടെന്നുമാണ്. ഇങ്ങനെ ചീഫ്

എഞ്ചിനീയറും സൂപ്രണ്ടിംഗ് എഞ്ചിനീയറും റോഡിലിറങ്ങി പരിശോധന നടത്തിയാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും ചെക്കിംഗിന് ഇറങ്ങാതിരിക്കാൻ കഴിയില്ല. ഓവർസിയർ സ്ഥലത്ത് വേണ്ടിവരും. ഇത് ഉറപ്പുവരുത്താനുള്ള ശക്തമായ നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ശ്രീ. ജി. എസ്. ജയലാൽ: സർ, റോഡുകളുടെ ഗുണനിലവാരം വളരെ പ്രധാനപ്പെട്ടതാണ്. ഡിസൈൻ തയ്യാറാക്കുന്നതുമുതൽ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും വേണം. റോഡിലിറങ്ങാതെ ഡിസൈൻ തയ്യാറാക്കുന്ന വിഷയമാണ് പ്രധാനമായി ഉന്നയിക്കാനുദ്ദേശിച്ചത്. ഇങ്ങനെ ചെയ്യുന്നതിലൂടെ പല സ്ഥലങ്ങളിലും സ്ഥലത്തിനനുയോജ്യമായ ഡിസൈനിനുവേണ്ടിയായിരിക്കില്ല ഉന്നതങ്ങളിൽനിന്നും നിർദ്ദേശമുണ്ടാകുന്നത്. ഞങ്ങൾ ഇത്തരം പോരായ്മകൾ ചൂണ്ടിക്കാണിക്കുമ്പോൾ മുകളിൽനിന്നുള്ള നിർദ്ദേശമനുസരിച്ച് ഈ രീതിയിൽ മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂവെന്നാണ് പറയുന്നത്. അവസാനം ജനപ്രതിനിധികളെന്ന നിലയിൽ സ്ഥലത്ത് നേരിട്ടുപോയി കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുമ്പോഴാണ് ഡിസൈൻ മാറ്റി പ്രായോഗിക തലത്തിലേയ്ക്ക് കൊണ്ടുവരുന്നത്. ഇതിലൂടെ വകുപ്പിന്

അനാവശ്യച്ചെലവുണ്ടാകുന്നുണ്ട്. റോഡിനനുയോജ്യമായ ഡിസൈൻ തയ്യാറാക്കാത്തതിനാൽ പ്രവൃത്തി കൃത്യമായി നടപ്പിലാക്കാൻ സാധിക്കുന്നില്ല. ഡിസൈൻ തയ്യാറാക്കുന്ന എഞ്ചിനീയർമാരും കോൺട്രാക്ടർമാരും തമ്മിൽ മാന്യമായൊരു ബന്ധമുണ്ടാകണം. നിർമ്മാണവുമായി ബന്ധപ്പെട്ട ഓരോ ഫയലും മുന്നോട്ടുനീക്കുന്നതിൽപോലും അത്തരത്തിലൊരു സംസ്കാരം രൂപപ്പെട്ടുവരണം. ഒറ്റപ്പെട്ടതാണെങ്കിലും ഫയലുകൾ തടഞ്ഞുവയ്ക്കുന്നത് ഐച്ഛിക വിഷയമായെടുക്കുന്ന ഉദ്യോഗസ്ഥർ ഇപ്പോഴും ഉണ്ടെന്നുള്ളതാണ് വസ്തുത. ഇതെല്ലാം നിർമ്മാണ പ്രവൃത്തിയെ ബാധിക്കുന്നുണ്ട്. ഡിസൈൻ തയ്യാറാക്കുന്നതുമുതൽ പ്രവൃത്തി നടപ്പിലാക്കുന്നതുവരെ അത്തരമൊരു സംസ്കാരമുണ്ടാകേണ്ടതാവശ്യമാണ്. മികച്ച കരാറുകാർക്ക് ബോണസ് ഉൾപ്പെടെ നൽകുന്നതിനും കരാർ പണി കഴിഞ്ഞാൽ നിശ്ചിത ദിവസത്തിനുള്ളിൽ ബില്ലുകൾ നൽകുന്നതിനുമുള്ള മാന്യമായ ഒരു പുതിയ സംസ്കാരം പി.ഡബ്ല്യു.ഡി.-യുടെ പ്രവൃത്തികളിൽ കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. സംസ്ഥാനത്ത് പ്രൊപ്പർ ഡിസൈനിംഗ് സംവിധാനം കുറവാണെന്നത്

വസ്തുതയാണ്. കേരള സംസ്ഥാനം രൂപപ്പെട്ടതുമുതൽ ഉണ്ടായിരുന്നതാണിത്. ഇത്തരത്തിൽ കാലാവസ്ഥാ വ്യതിയാനമുള്ളൊരു സംസ്ഥാനത്ത് പ്രോപ്പർ ഡിസൈനിംഗ് സംവിധാനമില്ലാതെ റോഡുകൾ നല്ല രീതിയിൽ മെയിന്റയിൻ ചെയ്യാൻ വലിയ ബുദ്ധിമുട്ടാണ്. പുതിയ റോഡ് നിർമ്മാണത്തിൽ റോഡിന്റെ ഡിസൈനും ഡ്രെയിനേജ് ഉൾപ്പെടെയുള്ള മറ്റുസംവിധാനങ്ങളെക്കുറിച്ചും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. കേരളം രൂപപ്പെട്ടതുമുതലുള്ള റോഡുകളാണ് ഡെവലപ് ചെയ്യുന്നത്. റോഡ് നവീകരണത്തിനായി വേറെ സ്ഥലമൊന്നുമില്ല. ഒരു സ്ക്വയർ കിലോമീറ്ററിൽ 886 മനുഷ്യർ ജീവിക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. ദേശീയ ശരാശരിയെക്കാൾ മൂന്നിരട്ടിയാണിത്. മുൻകാലങ്ങളിൽ കാളവണ്ടി സഞ്ചരിച്ചിരുന്ന ഇടവഴികളാണ് ക്രമേണ വീതിക്കൂട്ടി റോഡുകളാക്കുന്നത്. അങ്ങനെ മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. പുതിയ സംവിധാനങ്ങൾ ഇവിടെ ഫലപ്രദമല്ല. ലാൻഡ് അക്വിസിഷനുൾപ്പെടെയുള്ള പല പ്രശ്നങ്ങളും പ്രയാസങ്ങളും നിലനിൽക്കുന്നുണ്ട്. തമിഴ്നാട്ടിലെയും ഉത്തർപ്രദേശിലും റോഡുകൾ കണ്ടിട്ടില്ലേ; അവയ്ക്കൊക്കെ എന്തൊരു വീതിയാണെന്ന് ചിലയാളുകൾ ചോദിക്കാറുണ്ട്. അങ്ങനെ നോക്കുകയാണെങ്കിൽ ഉത്തർപ്രദേശിലെയും തമിഴ്നാട്ടിലെയും ജനസാന്ദ്രത കേരളത്തെക്കാൾ വളരെ

കുറവാണ്. സഖാവ് ഇ. കെ. നായനാരുടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ 1996-ൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ജനകീയാസൂത്രണ പദ്ധതി കൊണ്ടുവന്നതിനുശേഷം ഗ്രാമഗ്രാമാന്തരങ്ങളിൽ ടാർ ചെയ്ത റോഡുകളുള്ള ഇന്ത്യയിലെ ഏകസംസ്ഥാനം കേരളമാണെന്ന് അഭിമാനത്തോടെ പറയാൻ സാധിക്കും. 3 ലക്ഷം കിലോമീറ്റർ റോഡാണുള്ളത്. എന്നാൽ അതിന്റെ ഡിസൈൻ പ്രൊപ്പറാക്കുന്നതിനുള്ള സംവിധാനങ്ങളൊരുക്കാൻ സാധിക്കുന്ന നിലയിലേയ്ക്ക് മാറണം. വിവിധ രാഷ്ട്രീയപാർട്ടികളുടെ ദേശീയ നേതാക്കന്മാരുൾപ്പെടെ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അപ്പോഴും പോസിറ്റീവായ സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കരാറുകാർക്ക് ബോണസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നല്ല രീതിയിൽ ജോലിചെയ്യുന്ന കരാറുകാരെ എല്ലാനിലയിലും സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കും. കരാറുകാരുമായി ചർച്ച നടത്തി അവർ പറഞ്ഞതും പറയാത്തതുമായ നിരവധി കാര്യങ്ങൾ സർക്കാർ ഇടപെട്ട് ചെയ്തിട്ടുണ്ട്. ബിൽ പേമെന്റ് വേഗത്തിലാക്കാൻ ധനകാര്യ വകുപ്പുമായി ചർച്ചചെയ്ത് നടപടി സ്വീകരിച്ചതിനുപുറമെ മറ്റുപല സംവിധാനങ്ങളും നടപ്പിലാക്കി

മുന്നോട്ടുപോവുകയാണ്. തെറ്റായ പ്രവണതകളോട് സന്ധിയില്ലാത്ത നിലപാട് സ്വീകരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, തൃശ്ശൂർ - കുന്നംകുളം കോൺക്രീറ്റ് റോഡിന്റെ നിർമ്മാണം നടന്നുവരികയാണ്. ചില സ്ഥലങ്ങളിൽ ഉദ്ദേശം ഒരു മീറ്ററോളം റോഡ് ഉയർന്നുവരുന്ന സ്ഥിതിയാണുള്ളത്. ഇങ്ങനെ വരുമ്പോൾ റോഡിന്റെ ഷോൾഡറിൽ നിർമ്മിക്കുന്ന ഡ്രെയിനേജ് റോഡിനെക്കാൾ ഉയർന്നുനിൽക്കുന്നു. അതിനാൽ റോഡിന്റെ വശങ്ങളിലെ കടകമ്പോളങ്ങളിലേയ്ക്കുള്ള ആക്സസബിലിറ്റി ഇല്ലാതാകുന്നതുകൊണ്ട് റോഡിന്റെ വശങ്ങളിൽ കടകമ്പോളങ്ങളുള്ള എല്ലാവരും റോഡ് നിർമ്മാണരീതിക്കെതിരായി സംഘടിക്കുന്ന സമീപനം ഉണ്ടാകുന്നുണ്ട്. മാത്രമല്ല, ഡിസൈനിംഗ് ആ മേഖലയ്ക്ക് ഉപയുക്തമായതാണോ? പ്രത്യേകിച്ച്, പുഴയ്ക്കൽപ്പാടത്ത് ഇത്രയും ഉയരത്തിൽ റോഡ് നിർമ്മിച്ചാൽ വെള്ളത്തിന്റെ ഒഴുക്ക് എങ്ങനെയാകുമെന്നതിനെ സംബന്ധിച്ചൊക്കെ ആശങ്കയുണ്ട്. അതിനാൽ റോഡിലേയ്ക്കുള്ള ആക്സസബിലിറ്റി അതിന്റെ വശങ്ങളിലുള്ള കടകമ്പോളങ്ങൾക്കുകൂടി ലഭിക്കുന്ന രീതിയിൽ നിർമ്മിക്കാൻ സാധിക്കുമോ; ഡിസൈനിംഗുമായി ബന്ധപ്പെട്ട പ്രശ്നമാണെങ്കിൽ എങ്ങനെ പരിഹരിക്കും;

ജനങ്ങളുടെ ഉൽകണ്ഠ എങ്ങനെ പരിഹരിക്കുമെന്നത് സംബന്ധിച്ച് വ്യക്തമാക്കാമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇത് റോഡിന്റെ ഡിസൈനുമായി ബന്ധപ്പെട്ടുള്ള പ്രശ്നം തന്നെയാണ്. യഥാർത്ഥത്തിൽ റോഡിന്റെ നടുവിൽനിന്നും രണ്ട് വശത്തേയ്ക്കും ചെറിയ ചരിവുവേണമെന്ന് എല്ലാവർക്കുമറിയാം. പ്രത്യേകിച്ച് കേരളത്തിൽ മഴവെള്ളം ഒലിച്ചുപോകാൻ ഡ്രെയിനേജ് വേണമെന്ന് മാത്രമല്ല, റോഡ് ഉയരത്തിലായിരിക്കുകയും വേണം. എന്നാൽ കെ.എസ്.ടി.പി.-യുമായി ബന്ധപ്പെട്ട റോഡ് നിർമ്മാണത്തിൽ പ്രത്യേകമായ ഡിസൈനിൽ ഉയർത്തിക്കൊണ്ടാണ് റോഡ് നിർമ്മിക്കുന്നത്. ചില സ്ഥലങ്ങളിലുള്ള ഡ്രെയിനേജ് സംവിധാനത്തിന്റെ പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കാൻ സർക്കാർ ആത്മാർത്ഥമായി ഇടപെടുന്നതാണ്. ബഹുമാനപ്പെട്ട അംഗം തൃശ്ശൂർ-കുറ്റിപ്പുറം റോഡ് നിർമ്മാണത്തെക്കുറിച്ചാണ് ഇവിടെ ഉന്നയിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കെ.എസ്.ടി.പി.-യുമായി ബന്ധപ്പെട്ട പദ്ധതിയാണത്. ഈ വിഷയം ചർച്ചചെയ്തിട്ടുണ്ട്. അക്കാര്യം പരിഹരിക്കുന്നതുമാണ്. കാലങ്ങളായി നടത്തിവരുന്ന ടി നിർമ്മാണപ്രവൃത്തി മന്ദഗതിയിലാണ് നടക്കുന്നതെന്നതാണ് അതിന്റെ പ്രധാനപ്പെട്ടൊരു വിഷയം. പ്രവൃത്തികൾ

വേഗത്തിലാക്കാൻ സാധിക്കണം. കേരളത്തിലെ ദേശീയ പാതയുൾപ്പെടെയുള്ള പ്രധാന റോഡുകളിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണാൻ 2016-ലെ സർക്കാർ വലിയ ശ്രമം നടത്തിയതിന്റെ ഭാഗമായി തൃശ്ശൂർ വരെ ഏറെക്കുറെ പരിഹരിച്ചു. എന്നാൽ തൃശ്ശൂരിൽനിന്നും തിരിച്ച് കാസർഗോഡ് എത്തുന്നതിന് വലിയ രീതിയിലുള്ള ഗതാഗത പ്രശ്നങ്ങളുണ്ട്. ഗതാഗതക്കുരുക്ക് അടിയന്തരമായി പരിഹരിക്കുന്നതിന് തൃശ്ശൂർ-കുറ്റിപ്പുറം റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കേണ്ടതുണ്ട്. ഇത് കെ.എസ്.ടി.പി. പദ്ധതിയിലുൾപ്പെട്ടതാണ്. റോഡ് ഉയർത്തിയതിന്റെ ഭാഗമായിട്ടുള്ള ചില പ്രശ്നങ്ങൾ അവിടത്തെ ജനങ്ങൾ പറയുന്നുണ്ട്. അതൊക്കെ പരിഹരിച്ച് മുന്നോട്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്. ഏതായാലും സംസ്ഥാനത്തെ റോഡുകൾക്ക് നല്ല ഡിസൈൻ എന്നത് അനിവാര്യമായ ഒന്നാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, റോഡ് നിർമ്മാണത്തിൽ പ്രധാനപ്പെട്ട മൂന്ന് പ്രശ്നങ്ങളാണ് കേരളം നേരിടുന്നത്. നിലവിൽ റോഡുകളുടെ പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാർ വരുന്നില്ല. ഒന്ന്, ജി.എസ്.ടി. നിരക്ക് 12 ശതമാനമെന്നത് 18 ശതമാനമാക്കി. രണ്ട്, ഡിസൈൻ തയ്യാറാക്കുന്നതിലുണ്ടാകുന്ന കാലതാമസം. മൂന്ന്, കരാറുകാരുടെ ബിൽ

സമയബന്ധിതമായി മാറിക്കിട്ടുന്നില്ല. ഇത്തരം പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നതുകൊണ്ടാണ് റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ വരാത്തതെന്ന് പ്രായോഗികമായി പറയുകയാണ്. എം.എൽ.എ.-മാരെന്ന നിലയിൽ റോഡ് നിർമ്മാണത്തിനായി പല കരാറുകാരേയും സമീപിക്കുന്നുണ്ടെങ്കിലും അവർ അതിന് വിമുഖത പ്രകടിപ്പിക്കുകയാണ്. നിർമ്മാണ പ്രവർത്തനങ്ങളിൽ ഉണ്ടായിരിക്കുന്ന കാലതാമസത്തിന്റെ പ്രധാന കാരണം ഇതൊക്കെയാണ്. ബിൽ നേരത്തെ നൽകാനും ഡിസൈൻ സമയബന്ധിതമായി ലഭ്യമാക്കാനും എന്ത് നടപടി സ്വീകരിക്കും; ജി.എസ്.ടി.-യിൽ വന്നിരിക്കുന്ന മാറ്റം എങ്ങനെ കോംപൻസേറ്റ് ചെയ്യാൻ സാധിക്കുമെന്നറിയില്ല. റീബിൽഡ് കേരള ഇനിഷ്യേറ്റീവുമായി ബന്ധപ്പെട്ട സമിതിയിൽ അന്ന് വിവിധ രാജ്യങ്ങളിലെ റോഡ് നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു പ്രസന്റേഷൻ നടത്തിയിരുന്നു. അന്ന് ആ സമിതിയിൽ ഞാനുമുണ്ടായിരുന്നു. കേരളത്തിലെ റോഡുകളെ അന്താരാഷ്ട്ര നിലവാരത്തിലാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്നത്തെ യോഗത്തിൽ പറയുകയുണ്ടായി. അക്കാര്യത്തിൽ എന്തെങ്കിലും പുരോഗതി കൈവരിച്ചിട്ടുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചത് പ്രസക്തമായ മൂന്ന് കാര്യങ്ങളാണ്. അതിൽ നിരവധി പുരോഗതിയുണ്ടായിട്ടുണ്ട്. അദ്ദേഹം തന്നെ അക്കാര്യങ്ങൾ പരിശോധിക്കുന്നതായിരിക്കും ഉചിതം. ഡിസൈനിലുള്ള കാലതാമസം പ്രധാനപ്പെട്ട പ്രശ്നമാണ്. ഡിസൈൻ കാലതാമസം വലിയ വിഷയമായി മാറുന്നു. റോഡിന്റെ മാത്രമല്ല കെട്ടിടത്തിന്റെയും കാര്യത്തിൽ മറ്റു ചില വിഷയങ്ങളും പ്രധാനപ്പെട്ടതാണ്. അതൊക്കെ വേഗത്തിലാക്കി നിരവധി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വേണമെങ്കിൽ അങ്ങേയ്ക്ക് അതിന്റെ എല്ലാ വിശദാംശങ്ങളും തരാൻ തയ്യാറാണ്. സമീപകാലത്ത് ഇതൊക്കെ വേഗത്തിലാക്കാൻ നടത്തിയ ശ്രമവും അതിന്റെ ഭാഗമായുണ്ടായ ഫലങ്ങളും അങ്ങേയ്ക്ക് രേഖാമൂലം എഴുതി നൽകാം. അദ്ദേഹം ചൂണ്ടിക്കാണിച്ച രണ്ടാമത്തെ പ്രശ്നം കരാറുകാരുടെ ബിൽ പേമെന്റുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്. ചിലത് ധനകാര്യ വകുപ്പുമായി ചർച്ച ചെയ്ത് പരിഹരിച്ച് പോകേണ്ട വിഷയമാണ്. മൂന്നാമതായി അദ്ദേഹം ഇവിടെ സൂചിപ്പിച്ചിട്ടുള്ള വിഷയത്തിന്മേൽ കുറച്ച് കാര്യങ്ങൾ കൂട്ടിച്ചേർത്ത് പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ ഡി.എസ്.ആർ. നടപ്പാക്കിയത് അങ്ങനെ ഞാൻ

ഓർമ്മിപ്പിക്കുകയാണ്. അതുപോലെ, കരാറുകാരുമായി ചർച്ച ചെയ്യുന്നതിനായി സർക്കാരും കരാറുകാരുമടങ്ങിയ ഒരു സമിതി രൂപീകരിക്കാൻ ആലോചിച്ച കാര്യം അറിയിക്കുകയാണ്. ഇതിലൂടെ യഥാസമയം കാരാറുകാരുമായി കാര്യങ്ങൾ ചർച്ചചെയ്യാൻ സാധിക്കുമെന്ന് മാത്രമല്ല, ചർച്ചയിലൂടെ അവരുടെ കാര്യങ്ങൾ നേരിട്ട് സർക്കാരിനെ അറിയിക്കാനും സാധിക്കുന്ന രീതിയിലേയ്ക്ക് സമിതി മാറും. അതിലൂടെ അദ്ദേഹം സൂചിപ്പിച്ച വിഷയങ്ങൾ പരിഹരിച്ചുപോകാവുന്നതാണ്.

ശ്രീ. ഡി. കെ. മുരളി: സർ, ഈ രംഗത്ത് ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പരിഷ്കാരങ്ങൾ നടത്തുന്നതിൽ അങ്ങയുടെ ഇടപെടലും പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്. എന്നാൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഇപ്പോഴും അനുഭവിക്കുന്നുണ്ട്. ചില കരാറുകാരെങ്കിലും കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കുന്നില്ല. സ്വാഭാവികമായും റീഎസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതായും കൂടുതൽ തുക അതിനായി ചെലവഴിക്കേണ്ടിവരികയും ചെയ്യുന്നു. ഇക്കാര്യത്തിലൊരു ശാശ്വത പരിഹാരമെന്ന നിലയിൽ വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കിയില്ലെങ്കിൽ അവരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുമെന്നോ അവരുടെ റിസ്ക് ആൻഡ് കോസ്റ്റിൽത്തന്നെ പുതിയ കരാർ

സമയബന്ധിതമായി ടെണ്ടർ ചെയ്യേണ്ടതായി വരുമെന്നോ എന്നുള്ള വ്യവസ്ഥ കരാറിൽത്തന്നെ ഉൾപ്പെടുത്താൻ കഴിയുന്ന കാര്യം ആലോചിക്കാമോ; അങ്ങനെ ഒരു ഇടപെടൽ നടത്താൻ കഴിയുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്:</u> സർ, ഇതുമായി ബന്ധപ്പെട്ടൊരു റിപ്പോർട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പ്രസ്തുത വിഷയം അഡ്രസ്സ് ചെയ്തതാണ്. ടെർമിനേഷനെ പലരും ഭയക്കുകയാണ്. കാരണം, ടെർമിനേറ്റ് ചെയ്ത് അടുത്ത പ്രവൃത്തി കൊടുക്കാൻ സമയമാകുന്നതിനുമുമ്പ് കോടതിയിൽനിന്ന് സ്റ്റേ വാങ്ങുന്നതിന്റെ ഭാഗമായി പ്രവൃത്തികൾ അനന്തമായി നിന്നുപോകുന്ന പ്രശ്നം വരുന്നുണ്ട്. കോവിഡ് കാലഘട്ടത്തിൽ ഈ പ്രശ്നം അധികം അഭിമുഖീകരിക്കേണ്ടിവന്നില്ല. റോഡുകളിൽക്കൂടി ഭാരമുള്ള വാഹനങ്ങൾ സഞ്ചരിക്കാതിരുന്നതിനാൽ റോഡുകൾ സന്തോഷത്തോടെ തുള്ളിച്ചാടിയ കാലമായിരുന്നു അത്. പൊതുവിൽ പരിശോധിക്കുമ്പോൾ ടെർമിനേഷൻ ഫലപ്രദമായി നടപ്പിലാക്കുമ്പോൾ, പ്രവൃത്തി പൂർത്തീകരിക്കാത്ത സമയങ്ങളിൽ കരാറുകാരെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കുകയെന്ന സമീപനമാണ് വകുപ്പിന്റെ ആദ്യനടപടി. പി.ഡബ്ല്യു.ഡി. മാനുവൽ 2.1.1.1.6-ൽ റിസ്ക് ആൻഡ് കോസ്റ്റ് ടെർമിനേഷനെപ്പറ്റി വളരെ കൃത്യമായി പറയുന്നുണ്ട്. സർക്കാർ അത്

നടപ്പിലാക്കി മുന്നോട്ടുപോകും. അതനുസരിച്ച് സ്റ്റാൻഡേർഡ് ബിഡ് ഡോകൃമെന്റിലുൾപ്പെടുത്തി കർക്കശമായ ചില മാറ്റങ്ങൾ വരുത്താനുള്ള നിർദ്ദേശം വകുപ്പിന്റെ പരിഗണനയിലാണ്, അത് നടപ്പാക്കും, എല്ലാവരും സഹകരിക്കണം. എല്ലാവരും യോജിച്ച് മുന്നോട്ടുപോയാൽ എല്ലാ മണ്ഡലങ്ങളിലെയും ജോലികളിൽ അത്തരത്തിലുള്ള തീരുമാനം കൈക്കൊള്ളാനാകും.

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, റോഡുകളുടെ ഗുണനിലവാരം കുറയുന്നതുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങളുണ്ട്. ഇ-ടെണ്ടർ മുഖാന്തരമാണ് റോഡ് ടെണ്ടർ ചെയ്യുന്നതെന്നതാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം. 20-25 ശതമാനം മുതൽ, ചിലയിടങ്ങളിൽ 30 ശതമാനം വരെ താഴ്ന്ന റേറ്റിലാണ് ടെണ്ടർ നൽകുന്നത്. ജി.എസ്.ടി. കൂടി ബാധകമാകുന്നതിനാൽ അഞ്ച് കോടി രൂപയുടെ പ്രവൃത്തി മൂന്ന് കോടി രൂപയ്ക്ക് പൂർത്തീകരിക്കേണ്ട സ്ഥിതിയാണ്. അതുകൊണ്ടുതന്നെ റോഡുകളുടെ ഗുണമേന്മ നിലനിർത്താൻ കഴിയുന്നില്ല. 30 ശതമാനം താഴ്ന്ന റേറ്റിൽ ടെണ്ടർ നൽകുന്നതിനാൽ ഉദ്യോഗസ്ഥർ കരാറുകാരുടെ പുറകെ നടക്കേണ്ട സാഹചര്യവുമാണ്. ടെണ്ടർ ഏറ്റെടുക്കുമ്പോഴുള്ള ആവേശം പ്രവൃത്തി പൂർത്തിയാക്കുന്നതിലില്ല. ഇത്തരം കാര്യങ്ങൾക്ക് നിയമങ്ങളുണ്ടെങ്കിലും

അവ അപര്യാപ്തമാണ്. നിയമങ്ങൾ കുറെക്കൂടി കർക്കശമാക്കി, വർക്ക് ഏറ്റെടുത്തശേഷം അത് പൂർത്തീകരിക്കാതെ പോകുന്ന കരാറുകാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്:</u> സർ, വളരെ പ്രസക്തമായ കാര്യമാണ് മുൻമന്ത്രികൂടിയായ ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. വളരെ താഴ്ന്ന റേറ്റിൽ ക്വാട്ട് ചെയ്തെടുക്കുന്ന ടെണ്ടറുകളിൽ പ്രവൃത്തി മുന്നോട്ടുപോകുന്നില്ല. ചിലർ പേരിനുമാത്രമാണ് കരാറുകാർ. മറ്റുപല ബിസിനസ്സിന്റെയും ഭാഗമായി കരാർ പ്രവൃത്തി ഏറ്റെടുക്കുന്നുവെന്നുള്ള നിലയിലാണ് ചിലർ പ്രവർത്തിക്കുന്നത്. ഇത് പരിഹരിക്കാൻ നിയമം കർശനമാക്കണം. വളരെ പോസിറ്റീവായ നിർദ്ദേശമാണ് അദ്ദേഹം കൊണ്ടുവന്നിട്ടുള്ളത്. ഭാവിയിൽ അത് നടപ്പിലാക്കുന്നതിനുള്ള ഇടപെടൽ സർക്കാർ നടത്തുമെന്ന് അറിയിക്കുകയാണ്.

<u>സിൽവർലൈൻ പദ്ധതി</u>

3 (*93) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u>
<u>ശ്രീ. സജീവ് ജോസഫ്:</u>
<u>ശ്രീ എം വിൻസെന്റ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതിക്കുവേണ്ടി സാമൂഹികാഘാത പഠനത്തിനും സർവേയ്ക്കുമായി നിയോഗിച്ചിരുന്ന റവന്യൂ ഉദ്യോഗസ്ഥരെ തിരികെ വിളിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച എതിർപ്പിനെത്തുടർന്ന് സാമൂഹികാഘാതപഠനവും കല്ലിടലും മുടങ്ങിയ സാഹചര്യത്തിലാണ് ഉദ്യോഗസ്ഥരെ തിരിച്ച് വിളിക്കാനുള്ള തീരുമാനം കൈക്കൊണ്ടതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

റവന്യൂ, ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, (എ) സിൽവർലൈൻ പദ്ധതിക്കുവേണ്ടിയുള്ള സാമൂഹികാഘാത പഠനം 2013-ലെ LARR ആക്ട് പ്രകാരം ആറ് മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടിയിരുന്നെങ്കിലും ആയത് നീണ്ടുപോയതുമൂലം സാമൂഹികാഘാത പഠനം നടത്തുന്നതിന് ഏജൻസികളെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള 4(1) വിജ്ഞാപനം re-notify ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് KRDCL മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ സിൽവർലൈൻ പദ്ധതിക്ക് റെയിൽവേ

ബോർഡിൽ അന്തിമ അനുമതി ലഭ്യമാകാത്ത സാഹചര്യത്തിൽ 18.08.2021-ലെ സ.ഉ.(എം.എസ്)നമ്പർ 163/2021/റവ. പ്രകാരം രൂപീകരിച്ചിട്ടുള്ള 205 തസ്തികകൾ അടങ്ങിയ 12 സ്പെഷ്യൽ യൂണിറ്റുകളിലെ (ഒരു സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ ഓഫീസും 11 സ്പെഷ്യൽ തഹസിൽദാർ ഓഫീസുകളും) ജീവനക്കാരെ ഔട്ടർ റിംഗ് റോഡ് ഉൾപ്പെടെയുള്ള മറ്റ് പ്രധാനപ്പെട്ട പദ്ധതിക്കുവേണ്ടി താൽക്കാലികമായി വിനിയോഗിക്കുന്നതിന് തീരുമാനിക്കുകയും റെയിൽവേ ബോർഡിൽനിന്ന് പദ്ധതിക്ക് അന്തിമ അനുമതി ലഭിച്ചതിനുശേഷം മാത്രം 4(1) വിജ്ഞാപനം re-notify ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ മതിയെന്ന് തീരുമാനമെടുത്തുകൊണ്ട് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റെയിൽവേ ബോർഡിൽ അന്തിമ അനുമതി ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അന്തിമ അനുമതി ലഭിച്ചതിനുശേഷം മാത്രം 4(1) വിജ്ഞാപനം പുനർവിജ്ഞാപനം ചെയ്താൽ മതിയെന്ന് തീരുമാനമെടുത്ത് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സാമൂഹികാഘാത പഠനം പൂർത്തീകരിച്ചിട്ടില്ലെന്നും റെയിൽവേ ബോർഡിൽനിന്നും പദ്ധതിക്ക് അന്തിമാനുമതി ലഭിച്ചതിനുശേഷം മാത്രം 4(1) വിജ്ഞാപനം പുറപ്പെടുവിച്ചാൽ മതിയെന്നുമുള്ള നിർദ്ദേശമാണ് സർക്കാർ ഇപ്പോൾ കൊടുത്തിട്ടുള്ളതെന്നാണ് അങ്ങ് നൽകിയ മറുപടിയിൽ പറയുന്നത്. ഈ സാഹചര്യത്തിൽ ഇതെല്ലാം മുൻകൂട്ടി മനസ്സിലാക്കി ഗവണ്മെന്റിന് മുന്നോട്ടുപോകാൻ കഴിയാത്തത് എന്തുകൊണ്ടാണ്? ഇത്രയുംനാളത്തെ പ്രതിസന്ധിയിൽ എന്ത് തുകയാണ് റവന്യൂ വകുപ്പിന് ലഭ്യമായിട്ടുള്ളത്; ടി തുക എന്താവശ്യത്തിന് വിനിയോഗിച്ചുവെന്നുകൂടി വ്യക്തമാക്കുമോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തെറ്റിദ്ധാരണയുണ്ട്. സർക്കാരിന് അതേക്കുറിച്ച് ബോദ്ധ്യപ്പെടാത്തതുകൊണ്ടല്ല. 13/2021 നമ്പറിലുള്ള ആദ്യത്തെ സർക്കാർ ഉത്തരവ് പ്രഖ്യാപിച്ചപ്പോഴും അതിനുശേഷം ഭൂമി ഏറ്റെടുക്കാനുള്ള പന്ത്രണ്ട് ഓഫീസുകൾ പ്രഖ്യാപിക്കുമ്പോഴും അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം പറഞ്ഞിട്ടുള്ള കാര്യം, എസ്.ഐ.എ. (സോഷ്യൽ ഇംപാക്ട് അസെസ്സ്മെന്റ്) സ്റ്റഡിയും വിദഗ്ധ സമിതി റിപ്പോർട്ടും റെയിൽവേ ബോർഡിന്റെ അന്തിമ അനുമതിയും കിട്ടിയതിനുശേഷംമാത്രമേ Right to Fair Compensation and

Transparency in Land Acquisition, Rehabilitation and Resettlement Act, 2013-ലെ സെക്ഷൻ 8(2) പ്രകാരമുള്ള നടപടികൾ ആരംഭിക്കുകയുള്ളുവെന്നാണ്. എന്റെ കൈയിൽ അങ്ങ് ഇവിടെ ചോദിച്ച ചോദ്യമനുസരിച്ചുള്ള 18.08.2021-ലെ 163/2021 നമ്പർ ഉത്തരവുണ്ട്. " The decision of the Govt. to proceed with the Land Acquisition as per sub-section File No.REV-B1/322/2020-REV (2) of section (8) of LARR Act, 2013 on receipt of the SIA report, Expert Committee recommendation and the recommendation of the District Collector concerned will be issued only after getting final approval for the project from the Railway board" .- ഇത് 163/2021/റവ. ഉത്തരവിന്റെ സെക്ഷൻ B-യിൽ കൃത്യമായി സൂചിപ്പിച്ചിട്ടുള്ളതാണ്. പിന്നെന്തുകൊണ്ടാണ് സാമൂഹികാഘാത പഠനം നേരത്തെ ആരംഭിക്കാൻ തീരുമാനിച്ചത്? 11(1)(8)(2) പ്രഖ്യാപനത്തിനും 11(1) നോട്ടിഫിക്കേഷനും ശേഷം മാത്രമേ ഭൂമി ഏറ്റെടുക്കാൻ കഴിയുകയുള്ളൂ. ഭൂമിയേറ്റെടുക്കൽ നടപടികളിൽ കാലതാമസമുണ്ടാകാതിരിക്കുന്നതിനായി 4(1) വിജ്ഞാപനം പ്രകാരമുള്ള സാമൂഹികാഘാത പഠനം മാത്രമാണ് ഈ ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് നടന്നിട്ടുള്ളത്. അതിൽ ഭൂമിയേറ്റെടുക്കലില്ല. എത്ര തുകയാണ് റവന്യൂ

വകുപ്പിന് കിട്ടിയിട്ടുള്ളതെന്നാണ് അങ്ങിവിടെ ചോദ്യമായി ഉന്നയിച്ചിരിക്കുന്നത്. റവന്യൂ വകുപ്പിന്റെ കണ്ടിജൻസി ചാർജ്ജായി 20 കോടി 50 ലക്ഷം രൂപ കെ-റെയിൽ കമ്പനി അടച്ചിട്ടുണ്ട്. ഇതുവരെയുള്ള സാമൂഹികാഘാത പഠനം നടത്തുന്നതിനുവേണ്ടിയുള്ള റവന്യൂ വകുപ്പിന്റെ പന്ത്രണ്ട് ഓഫീസുകളുടെ അനുബന്ധ പ്രവർത്തനങ്ങൾക്കായി അതിൽനിന്ന് 8,52,91,882/- രൂപ ഈ മാസം തുടക്കംവരെ ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, നിലവിൽ 28 കോടി രൂപയോളം ചെലവഴിച്ചിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. ഇത്രയധികം സാമ്പത്തിക പ്രതിസന്ധിയിലൂടെ സംസ്ഥാനം മുന്നോട്ടുപോകുമ്പോൾ, ഇപ്രകാരം കേന്ദ്ര സർക്കാരിന്റെ അംഗീകാരംപോലുമില്ലാത്ത ഒരു പദ്ധതിക്കായി എന്തിനാണ് തിടുക്കപ്പെട്ട് ജനങ്ങളുടെ ഈ പണം വെറുതെ ചെലവഴിച്ചത്?

ശ്രീ. കെ. രാജൻ: സർ, അങ്ങ് പറഞ്ഞതിൽ ഒരു തെറ്റുണ്ട്. 20 കോടി 50 ലക്ഷം രൂപ കണ്ടിജൻസി ചാർജ്ജായി അടച്ചതാണ്. അതിൽനിന്ന് 8,52,91,882/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. എന്തിനാണിത് അഡ്വാൻസായി ചെയ്തത്? കേരളത്തിന് പാലക്കാട് കോച്ച് ഫാക്ടറി ലഭ്യമാകുമെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചപ്പോൾ സംസ്ഥാനം

ഭൂമിയേറ്റെടുക്കൽ നടപടികളാരംഭിച്ചു. കേന്ദ്ര ഗവണ്മെന്റ് കേരളത്തിന് എയിംസ് അനുവദിക്കുമെന്ന് പ്രതീക്ഷിച്ച് ഇപ്പോൾ അതിനായി കോഴിക്കോട് ഭൂമിയേറ്റെടുക്കൽ നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. സിൽവർലൈൻ പ്രോജക്ടിനായി കേന്ദ്ര ഗവണ്മെന്റ് തത്വത്തിൽ അംഗീകാരം നൽകിയ സാഹചര്യത്തിൽ സാമൂഹികാഘാത പഠനത്തിന് താമസമുണ്ടാകേണ്ടതില്ലെന്ന് കരുതിയാണ് ഭൂമിയേറ്റെടുക്കൽ നടപടികൾക്ക് തുടക്കംകുറിച്ചത്. ദേശീയപാത ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് കേരളം നടപ്പാക്കിയ ഒരു മാതൃകയുണ്ട്. അത് വൈകുമെന്ന് കണ്ടപ്പോൾ, ഇന്ത്യയിലൊരു സംസ്ഥാനത്തുമില്ലാത്ത തരത്തിൽ കേരള സർക്കാർ 25 ശതമാനം തുക അഡ്വാൻസ് ചെയ്ത് നടപടികൾക്ക് നേതൃത്വം നൽകിയതിന്റെ പേരിൽ 12 ഹെക്ടർ ഭൂമിയൊഴികെ ബാക്കി സ്ഥലം ദേശീയപാതയിൽ ഏറ്റെടുക്കാൻ സാധിച്ചു. സാമൂഹികാഘാത പഠനം നടത്തിയത് ആ സ്ഥലത്ത് പദ്ധതി നടപ്പാക്കുമ്പോഴുണ്ടാകുന്ന അപകടങ്ങൾ അറിയുന്നതിനുവേണ്ടിയാണ്. ഭൂമിയേറ്റെടുക്കൽ നടപടികളിലേയ്ക്ക് ഇപ്പോൾ കടന്നിട്ടില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സിൽവർലൈൻ പദ്ധതിയിൽ ഏറ്റെടുക്കുന്ന സ്വകാര്യ ഭൂമിയോടൊപ്പം റെയിൽവേയുടെ ഭൂമിയും

ഉൾപ്പെടുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഇന്നലെ പാർലമെന്റിൽ കേരളത്തിലെ എം.പി.-മാരായ ശ്രീ. ഹൈബി ഈഡൻ, ശ്രീ. അടൂർ പ്രകാശ് എന്നിവരുടെ ഒരു ചോദ്യത്തിന് ഉത്തരമായി, "സിൽവർലൈൻ പദ്ധതിക്ക് അനുമതി നൽകുന്നത് സാമ്പത്തിക, സാങ്കേതിക സാദ്ധ്യതകൾ പരിഗണിച്ച് മാത്രമാണ്" എന്ന് കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി ശ്രീ. അശ്വിനി വൈഷ്ണവ് ആവർത്തിച്ചു. ഇരുന്നൂറ് കിലോമീറ്ററോളം റെയിൽവേപാതയ്ക്ക് സമാന്തരമായി സിൽവർലൈൻ കടന്നുപോകുമെന്നത് ഭാവിയിൽ റെയിൽവേയുടെ വികസനത്തെ ബാധിക്കുമെന്നും ഈ സാഹചര്യംകൂടി പരിശോധിച്ചുമാത്രമേ അനുമതി നൽകൂവെന്നുമാണ് അദ്ദേഹം പറഞ്ഞത്. റെയിൽവേയുടെ സ്ഥലം സംബന്ധിച്ച് ഇതുവരെ ഒരു തീരുമാനമെടുക്കുകയോ അനുമതി നൽകുകയോ ചെയ്തിട്ടില്ല. പിന്നെ എന്തടിസ്ഥാനത്തിലാണ് മഞ്ഞക്കുറ്റികൾ സ്ഥാപിക്കുകയും അതിനെതിരെ പ്രതിഷേധിക്കുന്നവരുടെ പേരിൽ കേസെടുത്ത് ഇത്രയും ഭീകരാവസ്ഥ സൃഷ്ടിക്കുകയും ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, അങ്ങ് ചോദിച്ചത് വ്യത്യസ്തമായൊരു ചോദ്യമാണ്. ഇന്നലെ ബഹുമാനപ്പെട്ട ഹൈബി ഈഡൻ, എം.പി.-ക്ക് ഉൾപ്പെടെ ലഭ്യമായ മറുപടിയുടെ ആദ്യഭാഗം അങ്ങ് വായിച്ചില്ല. കേരളത്തിന്

പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്, അതുമാത്രമേ കൊടുത്തിട്ടുള്ളുവെന്ന് അതിന്റെ ആദ്യഭാഗത്ത് പറഞ്ഞിട്ടുണ്ട്. ഏത് ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും ആ ഭൂമി ഏറ്റെടുത്താൽ ഏതെങ്കിലും വിധത്തിലുള്ള സാമൂഹികാഘാതം ഉണ്ടാകുമോയെന്നും പരിശോധിക്കുന്നതിനായി കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയപ്പോൾ സാമൂഹികാഘാത പഠനം നടത്തിയെന്നേയുള്ളൂ. LARR Act, 2013-ലെ 4(1) വകുപ്പ് പ്രകാരമുള്ള സാമൂഹികാഘാത പഠനം, വകുപ്പ് 5 പ്രകാരമുള്ള പബ്ലിക് ഹിയറിംഗ് (ഇതിൽ എല്ലാ അഫക്ടഡ് പാർട്ടീസിനെയും വിളിപ്പിക്കും), വകുപ്പ് 6 പ്രകാരമുള്ള പബ്ലിക്കേഷൻ എന്നിവയ്ക്കശേഷം വകുപ്പ് 7 പ്രകാരം, ഈ അലൈൻമെന്റ് നടപ്പിലാക്കാൻ കഴിയുന്നതാണോയെന്ന് എക്സ്പെർട്ട് കമ്മിറ്റിക്ക് തീരുമാനിക്കാം. എക്സ്പെർട്ട് കമ്മിറ്റി വേണ്ടെന്ന് തീരുമാനിച്ചാൽ സംസ്ഥാനത്തിന് അത് പുനഃപരിശോധിക്കേണ്ടിവരും. ഇവിടെ മാവേലിക്കര നിയോജകമണ്ഡലത്തിലെ ബഹുമാനപ്പെട്ട അംഗമുണ്ട്. Mitchel ജംഗ്ഷൻ വികസനത്തിന്റെ കാര്യത്തിൽ എക്സ്പെർട്ട് കമ്മിറ്റി നിഷേധിച്ചതിന്റെ പേരിൽ ആ പ്രദേശത്ത് വീണ്ടും SIA സ്റ്റഡി നടന്നുകൊണ്ടിരിക്കുയാണ്. അതിൽ ഇപ്പോൾ തീരുമാനമായിട്ടേയുള്ളൂ. കേന്ദ്ര ഗവണ്മെന്റിന്റെയും റെയിൽവേ ബോർഡിന്റെയും അനുവാദം

കിട്ടിയതിനുശേഷം മാത്രമേ 8(2) സെക്ഷനിലേയ്ക്ക് കടക്കുകയുള്ളുവെന്നത് 13/2021, 163/2021 ഉത്തരവുകളിൽ കൃത്യതയോടുകൂടി സൂചിപ്പിച്ചിട്ടുണ്ട്. അതിനുമുമ്പുള്ള പഠനം മാത്രമാണ് നടത്തിയത്. പലവിധത്തിലുള്ള കാരണങ്ങളാൽ തെറ്റിദ്ധരിപ്പിക്കപ്പെട്ട പ്രശ്നമാണ് അങ്ങിവിടെ ഉന്നയിക്കുന്നത്.

ശ്രീ. സജീവ് ജോസഫ്: സർ, ആയിരക്കണക്കിന് ആളുകളുടെ തുച്ഛമായ ഭൂവിനിയോഗംപോലും അസാദ്ധ്യമാക്കുന്ന വിധത്തിലുള്ള ദൂരന്ത നടപടിയാണ് സിൽവർലൈനിനുവേണ്ടി മഞ്ഞക്കല്ല് സ്ഥാപിച്ചതിലൂടെ സംജാതമായിരിക്കുന്നത്. ഏത് നിയമത്തിന്റെ ഭാഗമായാണ് സിൽവർലൈനിനുവേണ്ടി മഞ്ഞക്കല്ലുകൾ സ്ഥാപിച്ചത്; ഇത് നിയമപരമാണോ; എങ്കിൽ ആ നിയമത്തിന്റെ വ്യവസ്ഥകൾ നൽകാമോ; സിൽവർലൈൻ പദ്ധതി പ്രതിസന്ധിയിലായ ഈ സാഹചര്യത്തിൽ ആ കല്ലുകൾ മാറ്റാൻ ജനങ്ങൾക്ക് അധികാരമുണ്ടോ?

ശ്രീ. കെ രാജൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ 4(1) സാമൂഹികാഘാത പഠനമനുസരിച്ച് ഭൂമി ഏതെന്ന് അളക്കാൻവേണ്ടിയുള്ള അളവ് നിശ്ചയിക്കലാണ് ഇതിന്റെയെല്ലാം പ്രധാനപ്പെട്ട കാര്യം. ഒരു ഘട്ടത്തിൽ, 16-05-2022-ൽ KRDCL കുറ്റികൾ

സ്ഥാപിക്കുന്നതിന്റെ പ്രയാസം ചൂണ്ടിക്കാട്ടി ജിയോ ടാഗിംഗ് നടത്താൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട ഉടൻതന്നെ അക്കാര്യം പരിശോധിച്ച് 153-ാം നമ്പർ കത്തുപ്രകാരം ജിയോ ടാഗിംഗ് നടത്താനുള്ള അനുവാദം കൊടുത്തിട്ടുണ്ട്. ഇപ്പോൾ മഞ്ഞക്കുറ്റികൾ സ്ഥാപിച്ചതിലൂടെ സാമൂഹികാഘാത പഠനത്തിന്റെ ഭൂമിയെത്ര, വലിപ്പമെത്ര, അതിൽ എന്തെല്ലാം നഷ്ടപ്പെടും എങ്ങനെയെല്ലാം ആനുകൂല്യങ്ങൾ കൊടുക്കണം, ടി പ്രദേശത്തുകൂടി സിൽവർലൈൻ പോകേണ്ടതുണ്ടോ എന്നിങ്ങനെയുള്ള കാര്യങ്ങൾക്കായുള്ള ഭൂമി നിശ്ചയിക്കപ്പെടലാണ് നടക്കുന്നത്, മാർക്കിംഗാണ്. ഇപ്പോഴുള്ള മഞ്ഞക്കുറ്റികൾ സർക്കാർ തന്നെയാണ് സ്ഥാപിച്ചിട്ടുള്ളത്. ഇങ്ങനെ മഞ്ഞക്കുറ്റികൾ സ്ഥാപിച്ചിട്ടുള്ളത് ഭൂമി അളക്കാനുള്ള അളവുകോലാണ്, ഭൂമി ഏറ്റെടുക്കാനുള്ള കുറ്റിയടിക്കലല്ല.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, മഞ്ഞക്കുറ്റികൾ സ്ഥാപിച്ചതോടുകൂടി ആയിരക്കണക്കിന് കുടുംബങ്ങളുടെ ഭൂമി വിനിയോഗിക്കാൻ സാധിക്കാത്ത അവസ്ഥയിലാണുള്ളത്. മകളുടെ വിവാഹത്തിന് ടി ഭൂമി നൽകാനോ മറ്റെന്തെങ്കിലും ആവശ്യത്തിനുവേണ്ടി ഭൂമി പണയം വയ്ക്കാനോ വിൽക്കാനോ സാധിക്കുന്നില്ല. വീടുപണി ആരംഭിച്ചവർ പൂർത്തീകരിക്കാൻ സാധിക്കാതെ പകുതിവഴിയിൽ നിർത്തിവച്ചിരിക്കുകയാണ്. ഭൂമി കയ്യിലുണ്ടെങ്കിലും

ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്. സിൽവർലൈൻ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കാത്ത പശ്ചാത്തലത്തിൽ 12 സ്പെഷ്യൽ യൂണിറ്റിലെ ഉദ്യോഗസ്ഥരെ മറ്റ് പദ്ധതികളിലേയ്ക്ക് മാറ്റി വിന്യസിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയുകയുണ്ടായി. കേന്ദ്രത്തിന്റെ അനുമതി ലഭിക്കാത്ത പശ്ചാത്തലത്തിൽ സർവ്വേ നമ്പരുൾപ്പെടെ പ്രഖ്യാപിച്ചിട്ടുള്ള പ്രസ്തുത നോട്ടിഫിക്കേഷൻ പിൻവലിക്കാനും ഇല്ലാത്തൊരു പദ്ധതിയുടെ ഭാഗമായി കല്ലിടൽ നടത്തിയതിൽ പ്രതിഷേധിച്ചവർക്കെതിരെ എടുത്തിട്ടുള്ള കേസുകൾ പിൻവലിക്കാനും തയ്യാറാകുമോയെന്നതാണ് എന്റെ ചോദ്യം?

ശ്രീ. കെ രാജൻ: സർ, അങ്ങയെപ്പോലൊരാൾ ഇങ്ങനെയൊരു ചോദ്യം ചോദിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. കാരണം, സർവ്വേ നമ്പർ പ്രസിദ്ധീകരിച്ചതിന്റെ പേരിൽ ഒരു ഭൂമിയും അറ്റാച്ച് ചെയ്യപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട അംഗം ചോദ്യം ചോദിച്ചല്ലോ; മറുപടി ഞാൻ ബഹുമാനപ്പെട്ട ചെയറിനോട് പറയുകയാണ്. ചെയർ മുഖാന്തരം ഇന്നലെ പറഞ്ഞതുപോലെ അങ്ങയെ അറിയിക്കുകയാണ്. അതിലെ പ്രധാനപ്പെട്ട കാര്യം 8(2) സെക്ഷൻ പ്രകാരം ഭൂമി ഏറ്റെടുക്കാൻ സർക്കാർ നിശ്ചയിക്കുകയും 11(1) പ്രകാരം നോട്ടിഫിക്കേഷൻ നടത്തുകയും ചെയ്താൽ മാത്രമെ, ബന്ധപ്പെട്ട സർവ്വേ

നമ്പർ പ്രകാരമുള്ള ഭൂമി സർക്കാർ അറ്റാച്ച് ചെയ്യുവെന്ന് ബോദ്ധ്യപ്പെടുകയുള്ളൂ. ആ ഭൂമി അറ്റാച്ച് ചെയ്യാമോ, ആ ഭൂമി ഏറ്റെടുക്കാമോ, റിക്വിസിഷൻ അതോറിറ്റി പറഞ്ഞതുപ്രകാരമുള്ള സർവ്വേ നമ്പരുകളിലൂടെ ഈ പദ്ധതി നടപ്പിലാക്കാമോ; ഇത് പരിശോധിക്കാനാണ് 4(1) പ്രകാരമുള്ള എസ്.ഐ.എ. (സോഷ്യൽ ഇംപാക്ട് അസസ്മെന്റ്) സ്റ്റഡി നടത്തുന്നത്. പബ്ലിക് ഹിയറിംഗ് നടത്തി സെക്ഷൻ 7 പ്രകാരം എക്സ്പെർട്ട് കമ്മിറ്റിക്കോ സെക്ഷൻ 8-ലെ അധികാരം ഉപയോഗിച്ച് ഗവണ്മെന്റിനോ ഇത് തള്ളാവുന്നതാണ്. ടി ഭൂമി സർക്കാർ ഏറ്റെടുത്തതായി ആരും പ്രഖ്യാപിച്ചിട്ടില്ല. രണ്ടാമത്തെ കാര്യം 11(1)നോട്ടിഫിക്കേഷൻ പ്രഖ്യാപിച്ചതിനുശേഷം മാത്രമെ ഏതെങ്കിലും വിധത്തിലുള്ള ഭൂമിയുടെ ക്രയവിക്രയങ്ങൾക്ക് തടസ്സം നിൽക്കാൻ പാടുള്ളൂ. LARR 11-ാമത് സെക്ഷന്റെ 4-ാം ഉപവകുപ്പ് അങ്ങയുടെ അറിവിലേയ്ക്ക് ഞാൻ വായിക്കാം. " .... 11(1) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ ഈ അധ്യായപ്രകാരമുള്ള നടപടിക്രമങ്ങൾ അവസാനിക്കുന്ന സമയംവരെ യാതൊരു വ്യക്തിയും പ്രാഥമിക വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള ഭൂമിയെ സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള ഇടപാടുകളിൽ ഏർപ്പെടുകയോ ഇടപാടുകൾക്ക് ഇടയാക്കുകയോ അങ്ങനെയുള്ള ഭൂമിയിൽ

ഏതെങ്കിലും വിധത്തിലുള്ള ബാദ്ധ്യതകളുണ്ടാക്കുകയോ ചെയ്യാൻ പാടില്ല" . സെക്ഷൻ 11 പ്രഖ്യാപിച്ചതിനുശേഷം, 11-ലേയ്ക്കൊന്നും എത്തിയിട്ടില്ല. ഇവിടെ 4(1) മാത്രമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. എന്നുമാത്രമല്ല, നിരവധി രാഷ്ട്രീയ പ്രവർത്തകർ ഉന്നയിച്ചതനുസരിച്ച്, ഇതിലൊരു ക്ലാരിഫിക്കേഷൻ കൊടുത്തിട്ടുണ്ട്. ഞാനത് ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്താം. ഈ ക്ലാരിഫിക്കേഷനെക്കുറിച്ച് എല്ലാവരും അറിയേണ്ടതാണ്. ടി ഭൂമിയിന്മേലുള്ള കരമടയ്ക്കാനാകുന്നില്ല എന്നൊരു തെറ്റായ പ്രചരണം നടക്കുകയാണ്. ഈ പ്രശ്നമനുസരിച്ച് 21-04-2022-ലെ റവന്യൂ ബി(1) 414/2021 എന്ന കത്തുപ്രകാരം റവന്യൂ വകുപ്പിന്റെ അഡീഷണൽ സെക്രട്ടറി ജില്ലാ കളക്ടർമാർക്ക് ഐ.ജി.എഫ്. രജിസ്ട്രേഷന് അതുപോലെ കോ-ഓപ്പറേറ്റീവ് രജിസ്ട്രാർമാർക്ക് പ്രത്യേകമായി കത്തയച്ചു. കത്തിൽ എന്താണ്; " It is only after sanction issued as per the sub-section (2) of section 8 of LARR Act 2013 the 11(1) notification (preliminary notification) will be issued. As such it is hereby informed that there is no restriction to give loan on the security of the properties surveyed for SIA study of the proposed Silver Line Project" .ഞാൻ അത് വിശദീകരിക്കുന്നില്ല. ഈ ഭൂമി വിൽക്കാനോ,

മോർട്ട്ഗേജിംഗിനോ, ഈ ഭൂമിയുമായി ബന്ധപ്പെട്ട് ഒരു ക്രയവിക്രയത്തിനും 4(1) പ്രഖ്യാപിച്ചതുകൊണ്ട് തടസ്സമില്ല. ഇക്കാര്യം ബോദ്ധ്യപ്പെടുത്തിക്കൊണ്ട് അഡീഷണൽ സെക്രട്ടറി അയച്ച കത്താണിത്. ഏതെങ്കിലും സാഹചര്യത്തിൽ 4(1) നടപടി സ്വീകരിച്ചതിന്റെ പേരിൽ റവന്യൂ വകുപ്പിൽ കരം അടയ്ക്കുന്നതുൾപ്പെടെയുള്ള ഏതെങ്കിലും നടപടികൾക്ക് ഏതെങ്കിലും ഉദ്യോഗസ്ഥർ തടസ്സം നിൽക്കുകയാണെങ്കിൽ കർശനമായ നടപടിയെടുക്കുമെന്ന് സഭ മുമ്പാകെ ഉറപ്പുനൽകുകയാണ്. ഈ വിജ്ഞാപനം നടത്തിയതിലൂടെ കരമടയ്ക്കുന്നതിന് യാതൊരു തടസ്സവും നിലവിലില്ല. മാത്രമല്ല, ഇപ്പോൾ പുറത്തിറക്കിയെന്ന് സൂചിപ്പിച്ച, 163/2001 പ്രകാരമുള്ള 4(1) നോട്ടിഫിക്കേഷനിലുൾപ്പെട്ട ആളുകളെ മാറ്റിക്കൊണ്ടും റീ നോട്ടിഫൈ ചെയ്യുന്നില്ലെന്ന് പറഞ്ഞതുകൊണ്ടുമാണ് ബി14/421/2021 റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കത്ത് പുറത്തിറങ്ങിയിട്ടുള്ളത്. അങ്ങ് അത് മനസ്സിലാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം</u>

4(*94) <u>ശ്രീ. സി. ആർ. മഹേഷ്</u>:
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയല്ലാതെ വ്യാപകമായി നിയനമങ്ങൾ നടത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള ഏതെല്ലാം സേവനങ്ങളാണ് ഓൺലൈനിലൂടെ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് എവിടെനിന്നും ഏത് സമയവും വകുപ്പിന്റെ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ പോർട്ടൽ, ഇ-ഓഫീസ്, മൊബൈൽ ആപ്ലിക്കേഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന

ഉദ്യോഗാർത്ഥികൾക്ക് സ്മാർട്ട് കാർഡ്, ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ റെക്കാർഡുകളുടെ ഡിജിറ്റൈസേഷൻ എന്നിവ നടപ്പിലാക്കിവരികയാണ്. ഇതിനുപുറമേ കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് സ്വകാര്യമേഖലയിലെ അനവധിയായ തൊഴിലവസരങ്ങൾകൂടി പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി 'പ്രൈവറ്റ് ജോബ് പോർട്ടൽ' എന്ന ഓൺലൈൻ പോർട്ടൽ, പ്രവാസിക്ഷേമം മുൻനിർത്തി പ്രവാസികൾക്കായി ഒരു പ്രത്യേക വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാകുന്ന രജിസ്ട്രേഷൻ പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗതവിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എല്ലാ സേവനങ്ങളും നിലവിൽ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ പോർട്ടൽ വഴി എല്ലായ്പ്പോഴും എവിടെനിന്നും ലഭ്യമാണ്.

(ഡി) ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നത്. ആയതിന്റെ

ഭാഗമായി സംസ്ഥാനത്തുള്ള 11 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. നിലവിൽ ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, സാധാരണക്കാരായ തൊഴിൽരഹിതരെ സംബന്ധിച്ച് വലിയ ആശ്രയവും പ്രതീക്ഷയുമായിരുന്ന സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ നടപടിക്രമങ്ങൾ സുതാര്യമല്ല. വെബ്സൈറ്റിൽപ്പോലും എത്രപേർക്ക് എവിടെ ജോലി ലഭിച്ചുവെന്നോ ഏതൊക്കെ മേഖലകളിൽ ജോലി ലഭിച്ചുവെന്നോ ഉള്ള കാര്യങ്ങളില്ല. ഇതിന്റെ വിശദവിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, 2016 മേയ് മുതൽ 2021 മേയ് വരെ 11192 പേർക്ക് സ്ഥിരനിയമനവും 44160 പേർക്ക് താൽക്കാലിക നിയമനങ്ങളും ഉൾപ്പെടെ ആകെ 55352 പേർക്ക് നാളിതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ നിയമനം ലഭിച്ചിട്ടുണ്ട്. ഭാവിയിൽ

ഇത്തരം കാര്യങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് യാതൊരു തടസ്സവുമില്ല.

ശ്രീ. സി. ആർ. മഹേഷ്: സർ, കോവിഡ് മഹാമാരിക്കുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും ഉദ്യോഗാർത്ഥികൾക്ക് കാർഡുകൾ അയയ്ക്കാൻ തുടങ്ങിയെങ്കിലും ഇതിനായി കാലതാമസമുണ്ടാകുന്നുണ്ട്. കാലതാമസമൊഴിവാക്കി വേഗത്തിൽ കാർഡുകൾ അയയ്ക്കാനും തൊഴിൽ ലഭ്യത വേഗത്തിലാക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സാധാരണഗതിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിൽ മുൻകാലങ്ങളിൽ കാലതാമസം നേരിട്ടിരുന്നു. എന്നാൽ, നിലവിൽ വിവിധ സർക്കാർ വകുപ്പുകളിൽനിന്നോ പ്രൈവറ്റ് ഏജൻസികളിൽനിന്നോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അപേക്ഷ ലഭിച്ചാൽ ഒരാഴ്ചക്കുള്ളിൽ അതിനാവശ്യമായ ലിസ്റ്റ് കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി പേര് രജിസ്റ്റർ ചെയ്ത് ജോലിക്കുവേണ്ടി കാത്തിരിക്കുന്ന നിരവധി

ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. വി. ശിവൻകുട്ടി: സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരിൽനിന്നും അവരുടെ യോഗ്യതയനുസരിച്ചും സീനിയോറിറ്റിയുമനുസരിച്ച് ജോലി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരീക്ഷയെഴുതി റാങ്ക് ലിസ്റ്റിൽ സ്ഥാനംപിടിച്ച് ജോലിക്കുവേണ്ടി കാത്തിരിക്കുന്നവർക്ക് വേക്കൻസി റിപ്പോർട്ട് ചെയ്യുന്നതിൽ മന:പൂർവ്വം വീഴ്ച വരുത്തുന്നതിന്റെ പേരിൽ ജോലി നഷ്ടപ്പെടുന്ന കേസുകളിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ; അത്തരം ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് പ്രത്യേക തീരുമാനമെടുക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, വേക്കൻസി ഉണ്ടായാലുടൻതന്നെ പി.എസ്.സി.-യിലോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ റിപ്പോർട്ട് ചെയ്ത് അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ വലിയമാറ്റം

ഈ രംഗത്ത് വന്നിട്ടുണ്ട്. ബോധപൂർവ്വം ഏതെങ്കിലും ഉദ്യോഗസ്ഥർ വേക്കൻസി റിപ്പോർട്ട് ചെയ്യാതെ തൊഴിലന്വേഷകന് തൊഴിൽ നഷ്ടപ്പെട്ടാൽ ഗവണ്മെന്റ് തീർച്ചയായും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

10.00 AM]

II. അടിയന്തരപ്രമേയം

സിൽവർ ലൈൻ പദ്ധതി

മി. സ്പീക്കർ: സിൽവർ ലൈൻ പദ്ധതി അനിശ്ചിതത്വത്തിലായിട്ടും പാതയ്ക്കായി ഏറ്റെടുക്കേണ്ടി വരുന്ന വസ്തുവിന്റെ സർവ്വേ നമ്പർ ഉൾക്കൊള്ളുന്ന ഉത്തരവ് റദ്ദാക്കാത്തതിനാൽ ഭൂവുടമകൾക്ക് അവരുടെ ഭൂമിയുടെ ക്രയവിക്രയം നടത്താനോ വായ്പയെടുക്കാനോ സാധിക്കാത്തതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, പി. കെ. ബഷീർ, മോൻസ് ജോസഫ്,

അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സിൽവർ ലൈൻ പദ്ധതി കേരളത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിൽ വൻകുതിപ്പുണ്ടാക്കുന്ന ഒന്നായാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇത് നമ്മുടെ സമ്പദ്ഘടനയ്ക്കും വ്യവസായ അന്തരീക്ഷത്തിനും സാമൂഹിക വളർച്ചയ്ക്കും നൽകുന്ന സംഭാവന ഒട്ടുംതന്നെ ചെറുതല്ല. ഈ പദ്ധതി മരവിപ്പിച്ചിട്ടുണ്ടെന്നാണ് പ്രമേയാവതാരകൻ പറയുന്നത്. ആദ്യംതന്നെ അത് വസ്തുതാവിരുദ്ധമാണെന്ന് പറഞ്ഞുകൊള്ളട്ടെ. പദ്ധതിയുടെ ഡി.പി.ആർ. അനുമതിക്കായി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും റെയിൽവേ മന്ത്രാലയം ആരാഞ്ഞ വിവരങ്ങൾക്ക് സ്പഷ്ടീകരണം നൽകുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ. റെയിൽവേ മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. റെയിൽവേ-ധന മന്ത്രാലയങ്ങളുടെ അറിയിപ്പുകളും സർക്കുലറുകളും പ്രകാരം നിക്ഷേപപൂർവ്വ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. ഇതുമായി ബന്ധപ്പെട്ട ജിയോടെക്നിക്കൽ, ഹൈഡ്രോളജിക്കൽ, സമഗ്ര പരിസ്ഥിതിയാഘാത പഠനം തുടങ്ങിയവ

നടന്നുവരികയാണ്. മേൽപ്പറഞ്ഞ നിക്ഷേപപൂർവ്വ പ്രവർത്തനങ്ങളുടെ ഭാഗമായ സാമൂഹികാഘാത പഠനത്തിന്റെ ഭാഗമായാണ് ഭൂഅതിർത്തി നിർണ്ണയ പ്രവർത്തനങ്ങൾ നടത്തിയത്. ഇത് ഭൂമി ഏറ്റെടുക്കൽ പ്രവർത്തനമല്ല. ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പുതന്നെ ഭൂവുടമകൾക്ക് അർഹമായ നഷ്ടപരിഹാരം കാലവിളംബം കൂടാതെ വിതരണം ചെയ്യുമെന്ന് സർക്കാർ ഉറപ്പുനൽകിയിട്ടുണ്ട്. അതിനാൽ ഇക്കാര്യത്തിൽ ആശങ്ക വേണ്ടെന്ന് പല ആവർത്തി വ്യക്തമാക്കിയിട്ടുള്ളതാണ്. സാമൂഹികാഘാത പഠനത്തിന്റെ ഭാഗമായി അതിർത്തി തിരിച്ചിട്ടുള്ള ഭൂമി ക്രയവിക്രയം ചെയ്യുന്നതിന് നിലവിൽ നിയമപരമായി ഒരു തടസ്സവുമില്ല. ഭൂമി ഏറ്റെടുക്കലിന് ആധാരമായ 2013-ലെ Land Acquisition, Rehabilitation and Resettlement (LARR) നിയമത്തിന്റെ വകുപ്പ് 11(1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചാൽ മാത്രമേ ഭൂമിയുടെ ക്രയവിക്രയങ്ങൾക്കുള്ള നിയന്ത്രണങ്ങൾ പ്രാബല്യത്തിൽ വരികയുള്ളൂ. ഇന്നത്തെ ചോദ്യോത്തരവേളയിൽ ബഹുമാന്യനായ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ഇക്കാര്യം വ്യക്തമാക്കിയതാണ്. ഈ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ നിലവിൽ ക്രയവിക്രയം സാധ്യമാണ്. ഭൂമി പണയംവച്ച് വായ്പയെടുക്കുന്നതിനും തടസ്സമുണ്ടാകില്ല. ഭയാശങ്കകളുടെ അന്തരീക്ഷം

സൃഷ്ടിച്ച് പദ്ധതി ആരംഭത്തിനുമുമ്പുതന്നെ തുരങ്കം വയ്ക്കാനുള്ള ശ്രമമാണ് ചില വാർത്താനിർമ്മിതികളിലൂടെ നടന്നുവരുന്നത്. സിൽവർ ലൈൻ പദ്ധതിക്ക് അനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ മറ്റ് പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ റവന്യൂ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും തൽക്കാലം പുനർവിന്യസിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി നിർത്തിവച്ചിട്ടുണ്ടെന്ന് പ്രചരണത്തിനായി ഉപയോഗിക്കുന്നത് തെറ്റിദ്ധാരണാജനകമാണ്. പദ്ധതി പ്രദേശങ്ങളിലെ ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ പരത്തുകയും സാമൂഹികാഘാത പഠനങ്ങളുമായി ബന്ധപ്പെട്ട് ഏർപ്പെട്ട ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്തുയും ചെയ്തത് സംബന്ധിച്ചാണ് കേസ്സുകളെടുത്തിട്ടുള്ളത്. ഇത് പിൻവലിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ശ്രീ. റോജി എം. ജോൺ: സർ, സിൽവർലൈൻ പദ്ധതി മരവിപ്പിച്ചിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. പക്ഷെ സർക്കാർ കൊട്ടിഘോഷിച്ച സിൽവർലൈൻ പദ്ധതി കോൾഡ് സ്റ്റോറേജിലായെന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. പദ്ധതി മരവിപ്പിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രി ഇപ്പോൾ മറുപടിയിൽ പറഞ്ഞപ്പോൾ

അവിടെനിന്ന് ഒന്നരണ്ട് ആളുകൾ വേണോ വേണ്ടയോ എന്ന് ശങ്കിച്ച് ചെറുതായി കയ്യടിക്കുന്നത് മാത്രമേ കേൾക്കാൻ സാധിച്ചുള്ളൂ. ആദ്യത്തെ ആവേശമൊന്നും ഇപ്പോൾ ആരുടെയും കയ്യടിയിലില്ല. അതുകൊണ്ടുതന്നെ ഈ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; ഇതിന്റെ ഭാവിയെന്താണ് എന്നുള്ളതുസംബന്ധിച്ച് കേരളത്തിൽ അരി ആഹാരം കഴിക്കുന്ന എല്ലാവർക്കും വ്യക്തമായ ബോധ്യമുണ്ട്. ഇവിടെ സംഭവിച്ചിരിക്കുന്നത്, 205-ഓളം റവന്യൂ ഉദ്യോഗസ്ഥരെ തിരിച്ചുവിളിച്ചു. പക്ഷെ ഇപ്പോഴും ഭൂവുടമകൾ അനിശ്ചിതത്വത്തിലും ആശങ്കയിലുമാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അല്പംമുമ്പ് സംസാരിച്ചപ്പോൾ ക്രയവിക്രയങ്ങൾ നടത്തുന്നതിനോ ലോൺ എടുക്കുന്നതിനോ തടസ്സമില്ലെന്ന് പറഞ്ഞിട്ടും ജനങ്ങൾ ഇപ്പോഴും ആശങ്കയിലായിരിക്കുന്നത് എന്തുകൊണ്ടാണ്? പോലീസിനെ ഉപയോഗിച്ച് ജനങ്ങളുടെ അടിവയറ്റിൽ ചവിട്ടിയും സ്ത്രീകളെയും കുട്ടികളെയും വലിച്ചിഴച്ചും ജലപീരങ്കിയും കണ്ണീർവാതകവും ഉപയോഗിച്ചും അറസ്റ്റും കേസും തീവ്രവാദ മുദ്രയുമൊക്കെ കുത്തി കേരളത്തിൽ അങ്ങോളമിങ്ങോളം സ്ഥാപിച്ച 6744 മഞ്ഞക്കുറ്റികൾ ഇപ്പോഴും ഈ ഭൂവുടമകൾക്ക് വലിയ ആശങ്കയായി അവരുടെ വസ്തുവിൽ നിൽക്കുകയാണ്. ഇപ്പോൾ ഫുട്ബോൾ നടക്കുന്ന സമയമാണ്. മഞ്ഞക്കുറ്റികൾ ബ്രസീലിനെ

സ്മരിക്കാൻവേണ്ടിയൊന്നും വച്ചതല്ല. ഇത് എൽ.ഡി.എഫ്. സർക്കാരിന്റെ പിടിപ്പുകേടിന്റെയും ധാർഷ്ട്യത്തിന്റെയും നിത്യസ്മാരകങ്ങളായി കേരളത്തിൽ നിൽക്കുകയാണ്. അതിൽ സ്വാഭാവികമായും ഭ്രവുടമകൾക്ക് വലിയ ആശങ്കയാണുള്ളത്. കാരണം ഈ പദ്ധതി എന്ന് വരുമെന്നോ നടപ്പിലാകുമെന്നോ അവർക്ക് അതിന് പണം കിട്ടുമോയെന്നൊന്നും യാതൊരു നിശ്ചയവുമില്ല. ഇതിന് കേന്ദ്ര ഗവണ്മെന്റിന്റെയും റെയിൽവേ ബോർഡിന്റെയും അനുമതി എന്ന് കിട്ടുമെന്ന് നിശ്ചയമില്ലാതെ അനന്തമായി നീണ്ടുപോകുന്ന, അല്ലെങ്കിൽ നടക്കുമെന്ന് യാതൊരു തരത്തിലുമുള്ള വിശ്വാസ്യതയും സാധാരണ ജനങ്ങൾക്കില്ലാത്ത സാഹചര്യത്തിൽ പദ്ധതിയുടെ പേരിൽ മഞ്ഞക്കുറ്റികൾ കേരളത്തിൽ അങ്ങോളമിങ്ങോളം ഇവരുടെ വസ്തുവിൽ നിൽക്കുമ്പോൾ ജനങ്ങളെല്ലാം വലിയ ആശങ്കയിലാണ്. സാമൂഹികാഘാത പഠനം നടത്തുന്നതിനുവേണ്ടി എൽ.എ.ആർ.ആർ. ആക്ടിന്റെ അടിസ്ഥാനത്തിൽ 4(1) നോട്ടിഫിക്കേഷനാണ് ഇറക്കിയതെന്ന് ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതിനുമുമ്പ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും പറയുകയുണ്ടായി. 1221 ഹെക്ടർ പ്രദേശത്താണ് ഇപ്പോൾ ഈ വിജ്ഞാപനം വന്നിരിക്കുന്നത്. ആദ്യത്തെ ഉത്തരവിൽ അത് 955 ഹെക്ടറായിരുന്നു. 1221 ഹെക്ടർ ഭ്രമിയോടൊപ്പം ഇവിടെ

നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ച് 10 മീറ്റർ അപ്പുറത്തേയ്ക്കും ഇപ്പുറത്തേയ്ക്കും ബഫർ സോൺ. അങ്ങനെ ഈ പദ്ധതി കടന്നുപോകുന്നതായി പറയപ്പെടുന്ന പ്രദേശങ്ങളിലുള്ള മുഴുവൻ ജനങ്ങളും ഭൂമിയുമായി ബന്ധപ്പെട്ട് യാതൊരു തുടർനടപടികളും സ്വീകരിക്കാൻ സാധിക്കാതെ ആശങ്കയിൽ നിൽക്കുകയാണ്. ക്രയവിക്രയം നടത്തുന്നതിനും ലോണെടുക്കുന്നതിനും തടസ്സമില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. സർക്കാർ അത്തരത്തിൽ ഒരു നിർദ്ദേശം കൊടുത്തുവെന്നും പറയുന്നു. പക്ഷെ എന്താണ് യാഥാർത്ഥ്യം; അനിശ്ചിതത്വം നിലനിൽക്കുന്ന ഭൂമി കാശുകൊടുത്ത് വാങ്ങാൻ ആരെങ്കിലും തയ്യാറാകുമോ; ഇവിടെയിരിക്കുന്ന നിങ്ങൾ ആരെങ്കിലും വാങ്ങുമോ; കാശുകൊടുത്ത് കടിക്കുന്ന പട്ടിയെ വാങ്ങാൻ ആരെങ്കിലും തയ്യാറാകുമോ? ഒരാൾക്ക് ഈ വസ്തു വിൽപ്പന നടത്തി എന്തെങ്കിലും കാര്യം നടത്താൻ ആഗ്രഹിക്കുകയാണെങ്കിൽ അതായത് ചികിത്സ, വിദ്യാഭ്യാസം, വിവാഹം എന്നീ ആവശ്യങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള ക്രയവിക്രയം നടത്താൻ ഈ വസ്തു ഉപയോഗിക്കാൻ ആഗ്രഹിച്ചാൽ ആരെങ്കിലും വാങ്ങാൻ തയ്യാറാകുമോ? ബാങ്കുകൾ ലോൺ കൊടുക്കുന്നില്ല. ഇവിടെ മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ലോൺ കൊടുക്കുന്നതിന് തടസ്സമില്ലെന്ന് പറയുകയുണ്ടായി, ശരിയായിരിക്കാം.

സംസ്ഥാന സഹകരണ രജിസ്ട്രാറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ ബാങ്കുകൾ ചിലപ്പോൾ ലോൺ കൊടുക്കാൻ തയ്യാറായേക്കാം. പക്ഷെ എല്ലാവരും സഹകരണ ബാങ്കുകളെയാണോ ആശ്രയിക്കുന്നത്? പൊതുമേഖല, ന്യൂ ജനറേഷൻ ബാങ്കുകളിലേയ്ക്ക് പോകുമ്പോൾ അവരുടെ മാനേജർമാരോട് പറയുന്നത് ഈ വസ്തുവിന്റെ നിയമസാധുതകൾ പരിശോധിച്ചതിനുശേഷം മാത്രമേ ലോൺ കൊടുക്കാവൂ എന്നാണ്. പല ബാങ്കുകളെയും സമീപിക്കുമ്പോൾ അവർ ലോൺ കൊടുക്കാൻ തയ്യാറാകുന്നില്ല. ഇന്നലത്തെ മാതൃഭൂമി പത്രത്തിൽ വളരെ വിശദമായ, അന്വേഷണാത്മകമായ ഒരു റിപ്പോർട്ട് വന്നിരുന്നു. നിങ്ങൾക്ക് മാതൃഭൂമി പത്രത്തെ വിശ്വാസമില്ലേ? ഈ പദ്ധതി കടന്നുപോകുന്ന പ്രദേശത്ത് കല്ലിട്ടിട്ടുള്ള ഭൂമിയുമായി ബന്ധപ്പെട്ട് നിരവധി ആളുകളെ നേരിൽ കണ്ട് പഠിച്ച് അവരുടെ അനുഭവ കഥകളാണ് ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. ഞാൻ ഒന്നുരണ്ടെണ്ണം പറയാം. കോഴിക്കോട് കാട്ടിൽപീടികയിലെ തൊട്ടോളിയിൽ ശ്രീജയും കുടുംബവും മകന്റെ വിവാഹത്തോടനുബന്ധിച്ച് വീട് നവീകരിക്കാനായി വീടും സ്ഥലവും ഈടുവച്ച് വായ്പയെടുക്കാൻ മാസങ്ങൾക്കുമുമ്പ് നഗരത്തിലെ കാനറാ ബാങ്കിനെ സമീപിച്ചിരുന്നു. എന്നാൽ വീടും സ്ഥലവുമുണ്ടായിട്ടും സമീപത്ത് സിൽവർലൈൻ

പദ്ധതിക്കായി അതിരടയാളക്കല്ലുകൾ രേഖപ്പെടുത്തിയിരിക്കുന്നുവെന്നതിന്റെ പേരിൽ ബാങ്ക് വായ്പ നൽകാൻ തയ്യാറായില്ല. ആലുവയിലും സമാന സംഭവമാണുണ്ടായത്; ആൽബിൻ ജെയിംസ് എന്ന ബിരുദവിദ്യാർത്ഥി വിദേശത്തുപോയി ഉന്നതപഠനം നടത്തുന്നതിന് വിദ്യാഭ്യാസ വായ്പയ്ക്കായി സ്റ്റേറ്റ് ബാങ്ക്, കാനറ ബാങ്ക് ഉൾപ്പെടെയുള്ള ബാങ്കുകളിൽ കയറിയിറങ്ങി. വിദ്യാഭ്യാസ വായ്പ അനുവദിക്കാമെന്ന് ബാങ്കുകൾ ആദ്യം പറഞ്ഞെങ്കിലും അവർ വന്ന് സ്ഥലപരിശോധന നടത്തിയപ്പോൾ സമീപത്ത് കെ-റെയിലിന്റെ അതിരടയാളക്കല്ല് സ്ഥാപിച്ചിരിക്കുന്നുവെന്ന കാരണത്താൽ വായ്പ നിഷേധിക്കുകയും ആ വിദ്യാർത്ഥിക്ക് വിദേശത്തുപോയി പഠിക്കാനുള്ള അവസരം നഷ്ടപ്പെടുകയുമാണുണ്ടായത്. കോഴിക്കോട് മീൻചന്തയിലെ സാഹിറ മൻസിലിൽ മുഹമ്മദ് മദ്നി കോവിഡ് കാലത്ത് ബാങ്കിൽനിന്നും ലോണെടുത്ത് വീട് നിർമ്മിച്ചു. ആകെ മൂന്നര സെന്റ് സ്ഥലമേയുള്ളൂ. വീട് നിർമ്മിച്ചുകഴിഞ്ഞപ്പോൾ വലിയ ബാധ്യതയിലാകുകയും ലോൺ തിരിച്ചടയ്ക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ടാകുകയും ചെയ്തു. അദ്ദേഹം വസ്തു വിറ്റ് ബാധ്യത തീർത്തേയ്ക്കാമെന്ന് കരുതി വീട് വിൽക്കാൻ പരസ്യം കൊടുത്തു. തുടർന്ന് നിരവധിയാളുകൾ വീടും വസ്തുവും കാണാനായി വന്നു. അദ്ദേഹത്തിന്റെ വസ്തുവിന്റെ തൊട്ടടുത്തുള്ള മറ്റൊരാളുടെ പറമ്പിൽ സിൽവർ

ലൈനിന്റെ കല്ലിട്ടിരിക്കുന്നതിനാൽ ഒരാളും ഈ വസ്തു വാങ്ങാൻ തയ്യാറായില്ല. അതാണ് ഞാൻ തുടക്കത്തിൽ സൂചിപ്പിച്ചത്, സർക്കാർ കേവലമായ ഒരു പ്രഖ്യാപനം ഇവിടെ പറഞ്ഞതുകൊണ്ട് പ്രായോഗികതലത്തിൽ നടപ്പിലാക്കാൻ സാധിക്കുമോ? ഇതുസംബന്ധിച്ച് സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം കൊടുക്കാൻ സർക്കാരിന് സാധിക്കും. എന്നാൽ പൊതുമേഖലാ ബാങ്കുകൾക്ക് എസ്.എൽ.ബി.സി. (സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കോൺഫറൻസ്)-ൽ സംസാരിച്ച് ഇതിൽ തടസ്സമൊന്നുമില്ലെന്ന് അവരെക്കൊണ്ട് ഒരു ഉറപ്പ് ജനങ്ങൾക്ക് കൊടുപ്പിക്കാൻ സാധിക്കുമോ; അല്ലെങ്കിൽ ആർ.ബി.ഐ.-യോ ബാങ്കേഴ്സ് സമിതിയോ ഇതുമായി ബന്ധപ്പെട്ട് ലോൺ കൊടുക്കാൻ തടസ്സമില്ലെന്ന എന്തെങ്കിലും ഒരു നിർദ്ദേശം ബാങ്കുകൾക്ക് നൽകാൻ തയ്യാറാകുമോ; അതിനൊന്നും തയ്യാറാകാത്ത സാഹചര്യത്തിൽ കേരളത്തിലെ വലിയൊരു വിഭാഗം ജനങ്ങൾ ഇന്ന് ആശങ്കയിലാണ്.

പത്രങ്ങളിലും ഇവിടെ റിപ്പോർട്ട് ചെയ്തിരിക്കുന്നതുമായ നിരവധി കേസുകൾ ഞാൻ വായിച്ചു. അതിലേയ്ക്കൊന്നും കടന്നുപോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടത്തെ ഒരു പ്രധാനപ്പെട്ട പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും പറയുകയുണ്ടായി. അതനുസരിച്ച്

ഇതിനായി എത്ര രൂപ ചെലവ് ചെയ്തു? അതായത് ഒരിക്കലും നടക്കാത്തതും നടക്കുമെന്ന് ഉറപ്പില്ലാത്തതുമായ ഒരു പദ്ധതിക്കുവേണ്ടി, ബഹുമാന്യനായ മഞ്ഞളാംകുഴി അലി ഇവിടെ ചോദിച്ചിരിക്കുന്ന ചോദ്യത്തിന് നൽകിയിരിക്കുന്ന മറുപടി പ്രകാരം, ഏകദേശം 57.84 കോടി രൂപ ചെലവാക്കിയെന്നുള്ളതാണ്. സംസ്ഥാനം ഇത്രയും വലിയ ധനപ്രതിസന്ധിയിൽ നിൽക്കുമ്പോൾ, നിത്യനിദാന ചെലവുകൾക്കുപോലും പണമില്ലാതെ മുന്നോട്ടുപോകുമ്പോൾ ഈയൊരു പദ്ധതിക്കുവേണ്ടി സർക്കാർ ചെലവഴിച്ചിരിക്കുന്നത് 57 കോടി രൂപയാണ്. 18-08-2021-ലെ ഉത്തരവിൽ ഒരു കാര്യം പറഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് സർക്കാർ പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 6-ൽ 13 കോടി രൂപ അനുവദിച്ചതായി പറയുന്നു. അതിലെ ഖണ്ഡിക 3-ൽ പറയുന്ന മറ്റൊരു കാര്യമുണ്ട്. " Minimum Special LA units will be created by Government, exclusively for the Land Acquisition of Semi High Speed Railway line. The establishment charges (Salary and other expenses) for running the Special Units shall be met by KRDCL from the funds provided by the State Government for the purpose, only after getting the project approved by the Government of India and Railway Board."

റെയിൽവേ ബോർഡിന്റെയും കേന്ദ്രസർക്കാരിന്റെയും അനുമതി ലഭ്യമായതിനുശേഷം മാത്രമേ ഈ തുക ചെലവ് ചെയ്യൂ എന്ന് ഈ ഉത്തരവിൽത്തന്നെ പറഞ്ഞതിനുശേഷം രാവിലെ റവന്യൂ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നത് എട്ടരക്കോടി രൂപ ഇതിലേയ്ക്കായി ചെലവ് ചെയ്തുവെന്നാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, അങ്ങനെയല്ല, അത് തെറ്റാണ്. കിഫ്ബിയിൽനിന്ന് ലോൺ കൊടുത്ത 2,100 കോടി രൂപ കെ.ആർ.ഡി.സി.എൽ.-ന് നേരിട്ട് ചെലവഴിക്കാൻ പാടില്ലെന്നേ ഉത്തരവിൽ പറയുന്നുള്ളൂ. അതുകൊണ്ടാണ് മറ്റൊരു വഴിയിൽ കെ.ആർ.ഡി.സി.എൽ.-ന് ആ പണം ലഭ്യമാക്കിയിട്ടുള്ളത്. അത് ആ ഉത്തരവിൽത്തന്നെ തുടർന്നുപറയുന്നുണ്ട്.

ശ്രീ. റോജി എം. ജോൺ: സർ, അങ്ങ് തെറ്റിദ്ധരിപ്പിക്കുകയാണ്. റെയിൽവേ ബോർഡിന്റെയും കേന്ദ്രസർക്കാരിന്റെയും അനുമതി ലഭിച്ചശേഷം മാത്രം ഈ തുക വിനിയോഗിക്കുമെന്ന് പറഞ്ഞെങ്കിലും ഇപ്പോൾ എന്ത് അനുമതിയുടെ അടിസ്ഥാനത്തിലാണ് ഈ എട്ടരക്കോടി രൂപ ചെലവ് ചെയ്തതെന്ന് പറയാൻ തയ്യാറാകണം. ഇതിന്റെ പേരിൽ നിരവധി കേസുകൾ ജനങ്ങളുടെമേൽ ചുമത്തിയിരിക്കുകയാണ്. പൊതുമുതൽ

നശിപ്പിച്ചതുമായി ബന്ധപ്പെട്ട കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തിരിക്കുന്നത് എന്നതിനാൽ ഇവ പിൻവലിക്കേണ്ട കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ലെന്നാണ് ആ കേസുകൾക്ക് മുഖ്യമന്ത്രി നൽകിയിരിക്കുന്ന മറുപടി. അങ്കമാലിയിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ കാര്യം ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എനിക്ക് നൽകിയിരിക്കുന്ന മറുപടിയിൽ പറഞ്ഞിരിക്കുന്നത്, 'കെ-റെയിലിന്റെ സർവ്വേയ്ക്കെതിരെ പ്രതിഷേധവുമായി പ്രതികൾ മനുഷ്യജീവന് അപകടകരമായ കോവിഡ്-19 പ്രോട്ടോക്കോൾ ലംഘിച്ച് പാറക്കടവ് വില്ലേജിൽ പുളിയനംകരയിൽ ത്രിവേണി ജംഗ്ഷൻ ഭാഗത്ത് 20-01-2022-ന് രാവിലെ 10.00 മണിക്ക് സംഘംചേർന്ന് കെ-റെയിലിനെതിരെ മുദ്രാവാക്യം വിളിച്ച് സമരം നടത്തുന്നതായി ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ' എന്നുപറഞ്ഞാണ് കേസെടുത്തിരിക്കുന്നത്. കേരളത്തിലാകമാനം ഇതുപോലെ കെ-റെയിലിനെതിരെ മുദ്രാവാക്യം വിളിച്ചതിന് ആയിരക്കണക്കിന് ആളുകൾക്കെതിരെ കേസ്സെടുത്തിരിക്കുകയാണ്. ഈ പദ്ധതിയെ സംബന്ധിച്ച് അനിശ്ചിതത്വം നിൽക്കുന്നതിനാലും ആളുകൾ മുഴുവൻ ആശങ്കയിലായ സാഹചര്യമായതിനാലും ഈ കേസുകൾ പിൻവലിക്കാൻ സർക്കാർ തയ്യാറാകണം.

ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, കെ-റെയിൽ വരുമെന്ന കാര്യത്തിൽ ഒരു ആശങ്കയും വേണ്ടെന്നു പറഞ്ഞു. ഒരു നിലയിൽ മെട്രോ, അടുത്ത നിലയിൽ സിൽവർലൈൻ, അടുത്ത നിലയിൽ വാട്ടർ മെട്രോ - മൂന്ന് നിലയിലായി ഇതെല്ലാം അങ്ങോട്ടുമിങ്ങോട്ടും ഓടുമെന്നാണ് അദ്ദേഹം പറഞ്ഞത്. ഇപ്പോൾ സംഭവിച്ചിരിക്കുന്നതെന്താണ്? 205 റവന്യൂ ഉദ്യോഗസ്ഥരിൽ കുറച്ചുപേർവീതം മെട്രോയിലും സിൽവർ ലൈനിലും വാട്ടർ മെട്രോയിലും കയറി അങ്ങോട്ടുമിങ്ങോട്ടും പോയി. ഈ പദ്ധതിതന്നെ അനിശ്ചിതത്വത്തിലായിരിക്കുന്ന സമയത്ത് ജനങ്ങളെ കഷ്ടപ്പെടുത്താതെ ആ നോട്ടിഫിക്കേഷൻ മരവിപ്പിച്ചുകൊണ്ട് അവരുടെ ആശങ്ക പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതുമായി ബന്ധപ്പെട്ട് എന്തോ ഗൗരവമായ കാര്യങ്ങൾ ബഹുമാന്യനായ അംഗം അവതരിപ്പിക്കാൻ പോകുന്നുവെന്നായിരുന്നു പ്രതീക്ഷിച്ചിരുന്നത്. പറഞ്ഞുകഴിഞ്ഞപ്പോൾ എന്താണ് പൊതുവിലുള്ള അവസ്ഥയെന്ന് എല്ലാവർക്കും മനസ്സിലായല്ലോ.

ഇക്കാര്യത്തെ സമീപിക്കേണ്ടത് എങ്ങനെയാണെന്നുള്ളതാണ് ഗൗരവമായ പ്രശ്നം. രണ്ട് തരത്തിലുള്ള സമീപനം ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ സംസ്ഥാനത്തിന്റെ വികസനത്തിന് വലിയ കുതിപ്പുണ്ടാക്കുന്ന പദ്ധതിയുടെ കാര്യത്തിൽ നേരത്തെ എതിർപ്പുണ്ടായിരുന്നില്ല. പൂർണ്ണമായും പദ്ധതിക്ക് അനുകൂലമായ നിലപാടാണ് കേന്ദ്രസർക്കാരിൽനിന്നും ഉണ്ടായിരുന്നത്. ഇന്നലെ പാർലമെന്റിൽ പറഞ്ഞ മറുപടി പരാമർശിക്കുകയുണ്ടായി. 2021 ജനുവരി 15-ന് കേന്ദ്ര ധനകാര്യമന്ത്രി സംസ്ഥാന മുഖ്യമന്ത്രിക്ക് എഴുതിയ കത്തിലെ രണ്ടാമത്തെ ഖണ്ഡികയിൽ, Further in a meeting on 09-10-2020 to discuss the Silver-line Project with Japan International Co-operation Agency (JICA) MoR and the State Government, 'It was decided that, the Project Implementation Agency (PIA)/Kerala Government may engage with JICA to move forward to finalize the designing of packages which would facilitate co-financing and in the meanwhile land acquisition and other clearances may be expedited by the PIA എന്ന് പറഞ്ഞിട്ടുണ്ട്. പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസിയെയാണല്ലോ പി.ഐ.എ. എന്നുപറയുന്നത്. 'meanwhile land acquisition and other

clearances may be expedited by the PIA' എന്നാണ് പറഞ്ഞത്. ഇതായിരുന്നു നേരത്തെയുണ്ടായ സമീപനം. ഒരു കാര്യത്തിൽ നിങ്ങൾക്ക് ആശ്വാസം കൊള്ളാം. വിജയിച്ചുവെന്ന് ഞാൻ പറയുന്നില്ല, ആ വിജയം നാടിന്റെ പരാജയമായിട്ടാണ് വരുന്നതെന്നുള്ളതുകൊണ്ടാണ് പറയാത്തത്. നിങ്ങൾ ഇതിനെതിരെ പ്രക്ഷോഭം നടത്തി. നിങ്ങളോടൊപ്പം ചേർന്നുകൊണ്ട് ബി.ജെ.പി.-യും സമാന്തരമായി പ്രക്ഷോഭം നടത്തി. കേന്ദ്രസർക്കാരിനെ നയിക്കുന്ന രാഷ്ട്രീയകക്ഷിയാണെന്നുള്ളതുകൊണ്ട് ബി.ജെ.പി.-യുംകൂടി വന്നപ്പോൾ ശക്തികൂടുന്ന സ്ഥിതിവന്നു. സ്വാഭാവികമായും അതുവരെയുള്ള മനോഭാവത്തിൽ പിന്നീട് മാറ്റംവന്നതിന്റെ നേർ അനുഭവമുള്ള ആളാണ് ഞാൻ. ആദ്യം സംസാരിച്ചപ്പോൾ നല്ല സഹകരണവും പിന്തുണയുമായിരുന്നു. പിന്നീട് ചെല്ലുമ്പോൾ ഒരുപാട് തടസ്സങ്ങൾ, പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രയാസങ്ങൾ എന്നിവയെല്ലാം കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായി. ഇത് നിങ്ങൾ രണ്ടുകൂട്ടരും നടത്തിയ ഇടപെടലുകളുടെ ഭാഗമായി വന്നതാണ്. നിങ്ങൾക്ക് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽനിന്നും പാർലമെന്റിലേയ്ക്ക് ധാരാളം എം.പി.-മാരെ അയയ്ക്കാൻ കഴിഞ്ഞു. ആ എം.പി.-മാർ പാർലമെന്റിൽ ഇത്തരം പദ്ധതികൾക്കെതിരായ നിലപാടും കേരളത്തിന്റെ

വികസനത്തിനെതിരായ സമീപനവുമാണ് സ്വീകരിച്ചത്. ലോക്സഭ പോലുള്ള വേദിയിൽ കേരളത്തിൽനിന്നുള്ള എം.പി.-മാരിൽ ഒന്നോ രണ്ടോപേർ ഒഴികെ ബാക്കിയെല്ലാവരും ഒന്നിച്ചുനിന്ന് 'ഇത് നാടിനുവേണ്ട' എന്നുപറയുന്ന അവസ്ഥയും അതിനേക്കാൾ വാശിയോടെ നിങ്ങൾക്ക് പിന്തുണ നൽകിക്കൊണ്ട് ബി.ജെ.പി. രാഷ്ട്രീയമായി ഇടപെടുന്ന സ്ഥിതിയുമുണ്ടായി. അങ്ങനെ വന്നപ്പോൾ ഈ പദ്ധതിയുടെ കാര്യത്തിൽ രണ്ട് ഗവണ്മെന്റുകൾ എന്ന നിലയിൽ ഉണ്ടാകേണ്ട സമീപനമല്ല കേന്ദ്രസർക്കാരിൽനിന്നും ഉണ്ടായത്. തീർത്തും വ്യത്യസ്തമായൊരു സമീപനം. ആ സന്ദർഭത്തിലാണ് പ്രധാനമന്ത്രിയെ കണ്ട് ഈ പദ്ധതി അംഗീകരിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നത്. അന്നേരം ആ പദ്ധതിക്കെതിരെ ഒരക്ഷരവും സംസാരിച്ചില്ല. പക്ഷെ, നമ്മൾ രാഷ്ട്രീയക്കാരായതുകൊണ്ട് കാര്യങ്ങൾ മനസ്സിലാകും. രാഷ്ട്രീയ ഇടപെടലുകൾ വരുമ്പോൾ സ്വാഭാവികമായും ഈ പദ്ധതിക്കെതിരെയുള്ള നിലപാട് മൊത്തമായി എടുക്കുന്ന സ്ഥിതിയുണ്ടായി. ഒരു വാചകം എപ്പോഴും നാം ശ്രദ്ധിക്കണം, എല്ലാ ഘട്ടത്തിലും കേന്ദ്രസർക്കാരിന്റെ ഉത്തരവാദപ്പെട്ടവർ പറഞ്ഞുകൊണ്ടിരിക്കുന്നത് ഇത് പൂർണ്ണമായും നടപ്പാക്കാൻ പറ്റാത്ത പദ്ധതിയാണെന്നല്ല. 'പരിശോധനയിലാണ്,

പരിശോധിച്ച് വ്യക്തത വരുത്തട്ടെ, അതിനുശേഷമേ തീരുമാനമെടുക്കൂ' എന്നാണ്. അതായത് രാഷ്ട്രീയമായി അങ്ങേയറ്റത്തുപോയി എതിർക്കുന്ന നിലയുണ്ടായാലും ഈ പദ്ധതി അത്തരത്തിൽ കണ്ണടച്ച് എതിർക്കാൻ പറ്റുന്നതോ ഇത് കേരളത്തിനുവേണ്ടി മാത്രമുള്ള പദ്ധതിയോ അല്ല. അതായത് പദ്ധതി എന്ന നിലയ്ക്ക് ഇത് കേരളത്തിൽ മാത്രമായി ഒതുങ്ങി നിൽക്കുന്നതല്ല. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പാക്കപ്പെട്ടിട്ടുണ്ട്, ഇനി നടപ്പിലാക്കേണ്ടതായും വരും. അത്തരമൊരു സാഹചര്യത്തിൽ കേരളം എന്ന ചെറിയ സംസ്ഥാനത്ത് ഇന്നത്തെ ഒരു പ്രത്യേക സാഹചര്യത്തിൽ, ആ സാഹചര്യം എപ്പോൾ മാറുമെന്ന് നിശ്ചയമില്ലാത്ത അവസ്ഥയിൽ പൂർണ്ണമായി ഇതിനെ തള്ളിപ്പറയാൻ കേന്ദ്രസർക്കാരിനുപോലും കഴിയുന്നില്ല. ഇതാണ് നാം കാണേണ്ടത്. യഥാർത്ഥത്തിൽ അത്തരമൊരു സ്ഥിതിവിശേഷം വന്നപ്പോൾ എന്തുചെയ്യണം? ഇവിടെ നേരത്തേ ഞാൻ വായിച്ച കേന്ദ്ര ധനമന്ത്രിയുടെ കത്തിൽ കേന്ദ്രസർക്കാരിന്റെ സമീപനമാണ് വ്യക്തമാക്കുന്നത്. അതിന്റെ ഭാഗമായി പദ്ധതിക്ക് അനുമതി ഏതായാലും കിട്ടും. അനുമതി കിട്ടിയാൽ വേഗം പദ്ധതി പൂർത്തിയാക്കണം. അതിനായി പദ്ധതി കിട്ടിയതിനുശേഷം നടത്തേണ്ട പ്രവർത്തനങ്ങളിൽ ചിലതൊക്കെ അനുമതി

ലഭിക്കുന്നതിനുമുൻപുതന്നെ നടത്താൻ കഴിയും. ആ പഠനങ്ങളാണ് നടത്താൻ പുറപ്പെട്ടത്. പക്ഷെ, ഓരോ വാക്കിലും ഓരോ ഘട്ടത്തിലും ഇതിനെതിരെ കേന്ദ്രസർക്കാരിന്റ ഉത്തരവാദപ്പെട്ടവർതന്നെ പ്രതികരിക്കുമ്പോൾ, അനുമതി കിട്ടിയതിനുശേഷം കാര്യങ്ങൾ നീക്കുന്നതാണല്ലോ നല്ലത്. അനുമതി കിട്ടാതിരിക്കില്ല. ഇന്നല്ലെങ്കിൽ നാളെ അനുമതി നൽകേണ്ടതായി വരും. അതിന്റെ ഭാഗമായി ഇവിടെ കുറച്ച് ആളുകൾ ഇതിന്റെ ചുമതലയിൽ നിൽക്കുന്നു. അവർക്ക് ചുമതല നിർവ്വഹിക്കാനുള്ള ഒട്ടേറെ അടിയന്തര പ്രാധാന്യമുള്ള പദ്ധതികളുടെ രംഗങ്ങളുണ്ട്. അവരെ അവിടേയ്ക്ക് മാറ്റിക്കൊടുക്കാനാണ് തയ്യാറായത്. ഇതാണ് നാം കാണേണ്ട വസ്തുത. ഇത് പദ്ധതി ഉപേക്ഷിച്ചതിന്റെ ഭാഗമായല്ല, നിലവിലെ സാഹചര്യത്തിൽ പദ്ധതിക്ക് അനുമതി ലഭിച്ചതിനുശേഷം കാര്യങ്ങൾ നടത്തുന്നതായിരിക്കും നല്ലത്. പദ്ധതിക്ക് അനുമതി ലഭിച്ചയുടനെ ഇവരെയെല്ലാം വീണ്ടും പദ്ധതിയുടെ ഭാഗമാക്കി കൂടുതൽ വേഗതയിൽ കാര്യങ്ങൾ നീക്കാൻ സാധിക്കും. ഇതാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്. പദ്ധതി ഉപേക്ഷിച്ചിട്ടില്ല, ഉപേക്ഷിക്കുകയുമില്ല. (...ബഹളം...) ഞാൻ ഒരു കാര്യം ഓർമ്മിക്കുകയാണ്. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് സംസാരിക്കുമ്പോൾ ഭൂമി ഏറ്റെടുക്കലിന്റെ കാര്യത്തെക്കുറിച്ച് സംസാരമദ്ധ്യേ

ഒരുഭാഗം വരികയുണ്ടായി. 'ഞങ്ങളായിരുന്നു ഏറ്റവും കൂടുതൽ സമരം നടത്തിയത് എന്നാണ് ദേശീയപാത വികസനത്തിന്റെ കാര്യത്തിൽ അദ്ദേഹം പറഞ്ഞത്. ഞങ്ങളെന്നുപറഞ്ഞത് ലീഗാണോ യു.ഡി.എഫ്. ആണോ എന്ന് വ്യക്തമല്ല. ഏതായാലും യു.ഡി.എഫ്. എന്നുപറയാം. വലിയ പ്രക്ഷോഭമായിരുന്നു. ഇപ്പോൾ ഭൂമി ഏറ്റെടുക്കൽ നടന്നു, അവർക്കെല്ലാവർക്കും നല്ല തൃപ്തിയാണെന്നാണ് അദ്ദേഹം അതിനുശേഷം പറഞ്ഞത്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇപ്പോൾ അത് ക്ലിയർ ചെയ്താൽ അതിനുവേണ്ടി പിന്നീട് സമയം കണ്ടെത്തേണ്ടതില്ല. നാഷണൽ ഹൈവേയുടെ കാര്യത്തിൽ നല്ല രീതിയിൽ നഷ്ടപരിഹാരം നൽകിയപ്പോൾ ലാൻഡ് അക്വിസിഷന്റെ കാര്യത്തിൽ ആദ്യം ഉണ്ടായിരുന്ന എതിർപ്പ് കുറഞ്ഞു. അത് കേന്ദ്ര ഗവൺമെന്റുകൂടി അസിസ്റ്റ് ചെയ്ത ഒരു പദ്ധതിയാണ്. അതുപോലെ വിഴിഞ്ഞത്തെ മത്സ്യത്തൊഴിലാളികളുടെ കാര്യവും നേരത്തെ ശ്രദ്ധിച്ചിരുന്നെങ്കിൽ ഇപ്പോൾ സംഭവിച്ച അബദ്ധം അവിടെ പറ്റുകയില്ലായിരുന്നുവെന്നാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതിന്റെ സാരാംശം അദ്ദേഹം പറഞ്ഞതുതന്നെയാണ്. അതിൽ സംശയമില്ല. ആ പറഞ്ഞതിന്റെ

മറ്റൊരുവശം നമ്മൾ നോക്കേണ്ടത്, 1162 ഹെക്ടർ ഭൂമിയാണ് NH-66-ന് വേണ്ടി ഏറ്റെടുക്കേണ്ടിയിരുന്നത്. 24 പാക്കേജുകളാണ് ഇതിൽ ഉണ്ടായിരുന്നത്. 89.3 ഹെക്ടറാണ് 2016 വരെ ഏറ്റെടുത്തത്. 493.81 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തു. പിന്നീടുള്ള കാലത്തെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. 2016-ന് ശേഷം 170 ഹെക്ടർ ഭൂമി ഏറ്റെടുത്തു. ഇനി ഏറ്റെടുക്കാനുള്ളത് 12 ഹെക്ടർ ഭൂമി മാത്രമാണ്. ഒരു പദ്ധതി നടപ്പാക്കുന്നതിലെ വ്യത്യാസമാണ് ഇതിൽ നാം കാണേണ്ടത്. ഇതിന്റെ ഭാഗമായി നഷ്ടപരിഹാരത്തുക സംസ്ഥാനത്താകെ വിതരണം ചെയ്തത് 21,219 കോടി രൂപയാണ്. ഇനി വിതരണം ചെയ്യാനുള്ളത് 989 കോടി രൂപയാണ്. അവകാശത്തർക്കങ്ങളും കേസും പോലുള്ള കാര്യങ്ങൾ കൊണ്ടാണ് അത് ബാക്കിനിൽക്കുന്നത്. സംസ്ഥാന സർക്കാർ എടുത്ത നിലപാട് ഇതാണ്. നിങ്ങൾ നടത്തിയ പ്രക്ഷോഭത്തിന്റെ ഭാഗമായി പദ്ധതിയുടെ കാര്യത്തിൽനിന്നും സംസ്ഥാന സർക്കാർ പിന്നോട്ടുപോയിയെന്ന് ഒരു തരത്തിലും നിങ്ങൾ ആശ്വസിക്കരുത്. പദ്ധതിക്കെതിരെ ഏത് പ്രക്ഷോഭം വന്നാലും അത് നാടിന്റെ താൽപര്യത്തിന് എതിരാണെങ്കിൽ അതിന് വഴങ്ങിക്കൊടുക്കുന്ന അവസ്ഥ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകില്ല. ദേശീയ പാത

വികസനത്തിലും ഗെയിൽ പൈപ്പ്ലൈനിലും കൂടംകുളത്തുനിന്നും കൊണ്ടുവരുന്ന വൈദ്യുതിയുടെയും ഇടമൺ-കൊച്ചി പവർ ഹൈവേയുടെ കാര്യങ്ങളിലായാലും നാം ഇത് കണ്ടതാണ്. ഇതെല്ലാം നമ്മുടെ അനുഭവത്തിലുള്ള കാര്യങ്ങളാണ്. സർക്കാർ പിന്തുടരാൻ ആഗ്രഹിക്കുന്നതും ഇതേ നിലപാടാണ്. പക്ഷേ ഇക്കാര്യത്തിൽ താൽക്കാലിക ആശ്വാസം നിങ്ങൾക്ക് ലഭിച്ചു. ബി.ജെ.പി.-യുമായി ഒത്തുചേർന്ന് ഒരു സമരം വന്നപ്പോൾ അതിന്റെ അനുഭവങ്ങൾ നമ്മൾ കണ്ടതാണല്ലോ; അതിലേയ്ക്ക് ഞാൻ ഇപ്പോൾ പോകുന്നില്ല. നാടിന്റെ നന്മയ്ക്കുവേണ്ടിയാണ് രാഷ്ട്രീയകക്ഷികൾ എന്ന നിലയിൽ ഇത്തരം കാര്യങ്ങളിൽ നിലപാടെടുക്കേണ്ടത്. എല്ലാ വികസന പദ്ധതികളും പൂർണ്ണതയിലേയ്ക്ക് എത്തിക്കുകയെന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ എല്ലാ കക്ഷികളും എല്ലാ സംഘടനകളും നമ്മുടെ പ്രമേയാവതാരകന്റെ ഭാഷയിൽ പറഞ്ഞാൽ അരി ആഹാരം കഴിക്കുന്നവരൊക്കെ ഇതിനൊടൊപ്പം നിൽക്കുകയാണ് വേണ്ടത്. ഈ ഘട്ടത്തിൽ നാടിന്റെ താൽപര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഇത്തരം പദ്ധതികൾ പ്രാവർത്തികമാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകേണ്ടതുണ്ട്. ഏത് വികസന പദ്ധതിയും നാടിന്റെ

വികസനത്തെയാണ് സഹായിക്കുന്നത്, അത് വരും തലമുറയ്ക്കുവേണ്ടിയാണ്. നാടിന്റെ ഭാവിയെന്നുപറഞ്ഞാൽ നമുക്കല്ല, നമ്മൾ കുറച്ചുനാൾ മാത്രമെ അതിന്റെ ഫലങ്ങൾ അനുഭവിക്കാനുണ്ടാകുയുള്ളൂ. പക്ഷേ വരുംതലമുറയ്ക്കാണ് അതിന്റെ ഫലം പൂർണ്ണമായി അനുഭവിക്കാൻ സാധിക്കുന്നത്. അതിനാണ് നാം എപ്പോഴും തയ്യാറാകേണ്ടത്. അത്തരം മനോഭാവം നിങ്ങളിൽനിന്ന് ഉണ്ടാകാത്തത് നാടിന് വിരുദ്ധമായ നിലപാടാണെന്ന് നിങ്ങൾതന്നെ മനസ്സിലാക്കേണ്ടതാണ്. സർവ്വേക്കല്ലുകൾ ഉള്ളതുകൊണ്ട് ഒരു ദോഷവും സംഭവിക്കില്ല. ആ സ്ഥലം പണയപ്പെടുത്താനോ ക്രയവിക്രയം ചെയ്യാനോ ഒരു സാങ്കേതിക തടസ്സവുമില്ല. ബഹുമാനപ്പെട്ട പ്രമേയാവതാരകൻ ഏതോ ഒരു പത്രത്തിന്റെ ഉദ്ധരണിയിൽനിന്ന് എടുത്ത കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. അതിൽ പറഞ്ഞത്, സിൽവർലൈനുമായി ബന്ധപ്പെട്ട് കല്ലിട്ടതിന്റെ അടുത്ത പ്രദേശങ്ങളിൽ ആളുകൾ ഭൂമി വാങ്ങാൻ തയ്യാറാകുന്നില്ലെന്നാണ്. അങ്ങനെയാണെങ്കിൽ കേരളത്തിലെ റെയിൽവേ ലൈനിന്റെ സമീപത്ത് ആരെങ്കിലും താമസിക്കുമോ; കേരളത്തിൽ റെയിൽ ഇല്ലാത്തത് ചില ഭാഗങ്ങളിൽ മാത്രമാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ റെയിൽവേ ലൈനുണ്ട്.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ പറഞ്ഞത് തെറ്റിദ്ധരിക്കുന്ന രീതിയിൽ ഉദ്ധരിക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്. ഏതോ പത്രത്തിലുള്ള കാര്യമല്ല ഞാൻ പറഞ്ഞത്. മാതൃഭൂമി പത്രത്തിലാണ് ഈ വാർത്ത വന്നത്. ഇതുമായി ബന്ധപ്പെട്ട് ഓരോ വ്യക്തികൾക്കുമുണ്ടായ അനുഭവങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നതാണ്. കുറെ അനുഭവങ്ങൾ ഇതിലുണ്ട്. രണ്ടുമൂന്നെണ്ണം മാത്രമെ ഞാൻ വായിച്ചുള്ളൂ. റെയിൽവേയുമായി ബന്ധപ്പെട്ട് ഒരു അനുഭവം വടകരയിലും ഉണ്ടായിട്ടുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, നിങ്ങളുടെയും ഞങ്ങളുടെയും ഭരണകാലത്ത് കേരളത്തിൽ ഏതുപദ്ധതിവന്നാലും എതിർക്കുന്ന ചിലരുണ്ടെന്നാണ് നാം കാണേണ്ടത്. അതിൽ പലതും രാഷ്ട്രീയ പ്രസ്ഥാനങ്ങളല്ല. പ്രത്യേകമായ ചില വിഭാഗങ്ങളുണ്ട്. ഏത് പദ്ധതിക്കും ഇവർ എതിരാണ്. അക്കൂട്ടത്തിലുള്ള ഒരു പത്രമാണിത്. കേരളത്തിലെ ഏത് പദ്ധതിയെയാണ് ഈ പത്രം അനുകൂലിച്ചിട്ടുള്ളത്? കേരളത്തിന്റെ പഴയ ചരിത്രത്തിൽ ഏതെങ്കിലും ഒരു ഘട്ടത്തിൽ നാടിനാവശ്യമായ ഒരു പുതിയ പദ്ധതി മുന്നോട്ടുവന്നപ്പോൾ അനുകൂലിക്കാൻ തയ്യാറായിട്ടുണ്ടോ? അതിനെയൊക്കെ സാക്ഷ്യപ്പെടുത്തി കാര്യങ്ങൾ അവതരിപ്പിക്കാൻ നമ്മൾ നിൽക്കേണ്ട. അവരുടെ താൽപര്യങ്ങൾക്കനുസരിച്ച് ഉള്ളതും

ഇല്ലാത്തതുമായ കാര്യങ്ങൾ എഴുതിവച്ചിട്ടുണ്ടാകും. അതുശരിയാണെന്ന മട്ടിൽ ഇറങ്ങി പുറപ്പെടുന്നത് നല്ലതല്ല. ഇക്കാര്യത്തിൽ എനിക്ക് ഇതേ പറയാനുള്ളൂ. പദ്ധതി ആരംഭിക്കുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സിൽവർലൈൻ നമുക്ക് വേണം. എന്നാൽ സിൽവർലൈൻ മാത്രം പോരാ; വന്ദേ ഭാരതിന്റെ കാര്യത്തിൽ എന്തുകൊണ്ടാണ് നമുക്ക് ഒരുമിച്ച് നിൽക്കാൻ സാധിക്കാത്തത്; കന്യാകുമാരി ഒരു ഭാഗത്തും മംഗലാപുരം വേറൊരു ഭഗത്തും നിൽക്കുന്നു. ഇന്ത്യാ ഗവണ്മെന്റിന് മംഗലാപുരത്തുനിന്നും കന്യാകുമാരിയിലേയ്ക്ക് വന്ദേ ഭാരത് ട്രെയിൻ സർവ്വീസ് നടത്തിക്കൂടെ, എന്തുകൊണ്ട് നമുക്കത് ആവശ്യപ്പെട്ടുകൂടാ, ഇതെല്ലാം നാടിന്റെ വികസനത്തിനാവശ്യമുള്ള കാര്യങ്ങളാണ്. ആളുകൾക്ക് നല്ല രീതിയിൽ സഞ്ചരിക്കാൻ സാധിക്കണം. ആ സഞ്ചാരം നാടിന്റെ വികസനത്തിന് വലിയ തോതിലുള്ള കുതിപ്പുനൽകും. ഒരു നിക്ഷേപകൻ ഇവിടെ വന്നിറങ്ങി വളരെ വേഗം അദ്ദേഹത്തിന്റെ നിക്ഷേപ സ്ഥലത്ത് എത്തിച്ചേരണമെന്ന് ആഗ്രഹിക്കുന്നു. തടസ്സങ്ങൾ ഒന്നും ഉണ്ടാകരുതെന്നാണ് നിക്ഷേപകൻ ആഗ്രഹിക്കുന്നത്. പശ്ചാത്തല സൗകര്യ വികസനത്തിൽ ഓരോ വർഷം കഴിയുമ്പോഴും നാം മുന്നോട്ടാണ് പോയിട്ടുള്ളത്. പക്ഷേ, ഇതുകൊണ്ട് തൃപ്തിപ്പെട്ടുകൂടാ, ഇനിയും മുന്നോട്ട് പോകാനാകണം. പദ്ധതി നടപ്പിലാക്കുന്ന

കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ആശങ്കയ്ക്ക് അടിസ്ഥാനമില്ല. ആശങ്കകളുണ്ടെങ്കിൽ അത് ദൂരീകരിക്കാൻ സംസ്ഥാന സർക്കാർ എപ്പോഴും സന്നദ്ധമായിട്ടുണ്ട്, ഇനിയും സന്നദ്ധമാകുകയും ചെയ്യും. പദ്ധതി ഉപേക്ഷിക്കുക എന്നുപറയുന്നത് സർക്കാരിനെ സംബന്ധിച്ചിടത്തോളം ചിന്തിക്കാൻ കഴിയാത്തതാണ്. പക്ഷേ, യാഥാർത്ഥ്യത്തെ അംഗീകരിക്കണമല്ലോ. പദ്ധതി അംഗീകരിച്ചാലേ നടപ്പിലാക്കാൻ കഴിയൂ. ആ അംഗീകാരം ലഭിക്കുക എന്നതാണ് പ്രധാനം. അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ പെട്ടെന്നുതന്നെ ഇത് പൂർത്തിയാക്കാൻ കഴിയുമെന്ന് തന്നെയാണ് കാണുന്നത്. അത്തരമൊരു സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യവും ഉയരുന്നില്ലെന്നാണ് എനിക്ക് വ്യക്തമാക്കാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി.ഡി. സതീശൻ): സർ, ഒരിക്കലും മടങ്ങിവരാതെ അവൻ പോയി. പക്ഷേ, അവൻ വരുമെന്ന് നമ്മൾ സ്വയം

ആശ്വസിക്കുകയാണ്. വരും വരാതിരിക്കില്ലെന്ന് സ്വയം ആശ്വസിക്കുകയാണ്. ഒരിക്കലും വരില്ലെന്ന് തീർച്ചയായും അറിയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗം കേട്ടപ്പോൾ ഒന്നുകൂടെ അടിവരയിട്ട് വ്യക്തമായി ഒരുകാരണവശാലും വരില്ലെന്ന്. കാരണം, പദ്ധതി പൂർണ്ണമായും അനിശ്ചിതത്വത്തിലാണ്, Indefinite ആണെന്നാണ് ഞങ്ങൾ പറഞ്ഞത്. മുഖ്യമന്ത്രിയുടെ മറുപടി ലഭിച്ചപ്പോൾ കാര്യം മനസ്സിലായി. ഒരു കാരണവശാലും വരില്ലെന്നുതന്നെയാണ് അദ്ദേഹം വരികൾക്കിടയിലൂടെ കൃത്യമായി പറഞ്ഞത്. ഇതിന്റെ പ്രശ്നം എന്താണ്? ഒരനുമതിയും ലഭിക്കാതെ ജനങ്ങളെ വെല്ലുവിളിച്ചുകൊണ്ട് മുന്നോട്ടുപോകുന്നു. നിങ്ങൾക്ക് തുടർഭരണം ലഭിച്ചതിന്റെ ധാർഷ്ട്യമുണ്ടായിരുന്നു. അതിനാലാണ് എന്തുവന്നാലും നടപ്പാക്കുമെന്ന് പറഞ്ഞത്. ഞങ്ങൾ വളരെ വിനയത്തിലാണ് മറുപടി പറഞ്ഞത് എന്തുവന്നാലും ഇവിടെ നടപ്പാക്കാൻ സമ്മതിക്കില്ല. അവസാനം വിനയമാണ് ജയിച്ചത് ധാർഷ്ട്യമല്ല. മുഖ്യമന്ത്രിയും ആദ്യം സമ്മതിച്ചല്ലോ; നിങ്ങൾ വിജയിച്ചു പക്ഷേ, നാടിന്റെ പരാജയമാണ് എന്ന് പറഞ്ഞു. അങ്ങനെയല്ല, ഇത് നാടിന്റെ വിജയമാണ്. പദ്ധതിയുടെ എസ്റ്റിമേറ്റ്പോലുമില്ലാത്ത അവ്യക്തമായ ഡി.പി.ആർ. ആണ് തയ്യാറാക്കപ്പെട്ടിരിക്കുന്നത്. കേരളത്തിൽ വലിയൊരു പാരിസ്ഥിതിക

ദുരന്തമുണ്ടാക്കാൻ പോകുന്നൊരു പദ്ധതിയാണെന്ന് വളരെ വ്യക്തമായി മനസ്സിലാക്കാം. ഐ.പി.സി.സി. റിപ്പോർട്ട് സംബന്ധിച്ച് കഴിഞ്ഞ ദിവസം ഇവിടെ ശ്രീ. പി.സി. വിഷ്ണുനാഥ് സംസാരിച്ചതാണ്. ഐ.പി.സി.സി. റിപ്പോർട്ടിൽ കേരളം ഏറ്റവും അപകടകരമായ സ്ഥലമാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഏറ്റവും വലിയ ഇരയായി മാറാൻപോകുന്ന സംസ്ഥാനത്ത് പാരിസ്ഥിതിക ദുരന്തമുണ്ടാക്കാൻ വേണ്ടിയുള്ള പാലമായിരുന്നു യഥാർത്ഥത്തിൽ ഈ സിൽവർലൈൻ എന്നുപറയുന്നത്. മാത്രമല്ല, അടിസ്ഥാനപരമായി ധനപ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഇന്ത്യയിൽ ഏറ്റവും സ്ലോ ഗ്രോത്തുള്ള 4 സംസ്ഥാനങ്ങളിലൊന്നാണ് കേരളം എന്നതുസംബന്ധിച്ച് റിസർവ് ബാങ്കിന്റെ റിപ്പോർട്ട് പുറത്തുവന്നിരിക്കുകയാണ്. ഇന്ത്യയിൽ ഏറ്റവും fastest growth ഉള്ള പത്ത് സംസ്ഥാനങ്ങളിൽ ദക്ഷിണേന്ത്യയിലെ തമിഴ്നാട്, കർണ്ണാടക, തെലുങ്കാന, ആന്ധ്രാപ്രദേശ് എന്നീ 4 അയൽ സംസ്ഥാനങ്ങളുണ്ട്. അങ്ങനെയൊരു പ്രതിസന്ധിയിലൂടെ ക്ഷേമ പ്രവർത്തനങ്ങൾപോലും നടത്താൻ പറ്റാതെ മുന്നോട്ട് പോകുന്നൊരു സംസ്ഥാനത്തെ ശ്രീലങ്കയാക്കി മാറ്റാൻകഴിയുന്ന ഈ പദ്ധതി വേണ്ടെന്നാണ് ഞങ്ങൾ പറയുന്നത്. ഞങ്ങൾക്ക് കൃത്യമായ നറേറ്റീവുണ്ടായിരുന്നു. ഇത് പാരിസ്ഥിതിക ദുരന്തം വിതയ്ക്കുമെന്നും

കേരളത്തെ ശ്രീലങ്കയായി മാറ്റുമെന്നും നിരന്തരമായ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് പറഞ്ഞത്. സിൽവർലൈനുമായി ബന്ധപ്പെട്ട് നിയോഗിച്ചിരിക്കുന്ന റവന്യൂ ഉദ്യോഗസ്ഥരെ പിൻവലിക്കുമെന്ന വാർത്ത വന്നപ്പോൾ റവന്യൂ മന്ത്രിയുൾപ്പെടെ എല്ലാവരും പൊട്ടിത്തെറിച്ചു. പക്ഷേ, അടുത്ത ആഴ്ച റവന്യൂ ഉദ്യോഗസ്ഥരെയെല്ലാം പിൻവലിച്ചു. ഇവിടെയുള്ള പ്രശ്നമെന്താണ്; ഇവിടെ ഈ വിഷയം അവതരിപ്പിച്ച ശ്രീ. റോജി എം. ജോൺ പറഞ്ഞു - 1221 ഹെക്ടർ കല്ലിട്ട് തിരിച്ചിരിക്കുകയാണെന്ന്. Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act-ന്റെ 4 (1) എന്താണ്? 4(1) Whenever the appropriate Government intends to acquire land for a public purpose എന്നാണ് തുടങ്ങുന്നത്. അതായത് land acquire ചെയ്യാൻ വേണ്ടിയിട്ടുള്ള Section 4 ആണ്, അവിടെനിന്നാണ് procedure തുടങ്ങുന്നത്. Section 10 വരെയുണ്ട്. പിന്നീടാണ് 11 നോട്ടിഫിക്കേഷൻ വരുന്നത്. ആ പ്രോസസ്സ് ആരംഭിക്കാൻ മഞ്ഞക്കുറ്റികൾ പാകി. 1221 ഹെക്ടറിൽ ഒരു തരത്തിലുള്ള ക്രയവിക്രയവും നടക്കുന്നില്ല. ഞാൻ കേസ്സുകൾ പറഞ്ഞാൽ അങ്ങ് മാതൃഭൂമി, മലയാള മനോരമ പത്രങ്ങളെപ്പറ്റി പറയും. 1221 ഹെക്ടറിലും ഒരു തരത്തിലുമുള്ള ക്രയവിക്രയങ്ങൾ നടക്കുന്നില്ല. മക്കളുടെ

വിവാഹം നിശ്ചയിച്ചിട്ട് സ്ഥലം പണയപ്പെടുത്താൻ പോയപ്പോൾ ബാങ്കുകൾ സമ്മതിക്കാത്തത്, പകുതിയാക്കിയ വീടുനിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തത് തുടങ്ങി പ്രശ്നങ്ങൾ നിരവധിയാണ്. അഡീഷണൽ ചീഫ് സെക്രട്ടി കത്തെഴുതിയെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. കേരളത്തിലെ അഡീഷണൽ ചീഫ് സെക്രട്ടറി കത്തെഴുതിയാൽ ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്ക് ലോൺ നൽകുമോ, നമ്മൾ പറഞ്ഞാലോ മന്ത്രി പറഞ്ഞാലോ ലോൺ നൽകുമോ? കല്ലിട്ടിരിക്കുന്ന ഈ ഭൂമിയിൽ അവർ ലോൺ നൽകില്ല. നാഷണലൈസ്ഡ് ബാങ്ക് ലോൺ നൽകാത്തിടത്ത് വേറെയേതെങ്കിലും ന്യൂ ജനറേഷൻ ബാങ്കുകൾ നൽകുമോ; ആളുകൾ വല്ലാത്ത ദുരിതത്തിലാണ്. 1221 ഹെക്ടർ എന്നുപറഞ്ഞാൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള സ്ഥലങ്ങൾ ഉൾപ്പെട്ടിട്ടുള്ള ആളുകളുടെ പ്രയാസങ്ങളാണ്. അവർക്ക് ഒരുതരത്തിലും ബാങ്കിൽ ഭൂമി ഈടട് വച്ച് ലോൺ എടുക്കാനോ ക്രയവിക്രയം ചെയ്യാനോ കഴിയുന്നില്ല. ഇതിന്റെ കൂടെ എടുക്കാതിരിക്കുന്ന, രണ്ട് സൈഡിലും 10 മീറ്റർ ബഫർ സോൺ ആയിട്ടുള്ള ഭൂമിയുണ്ട്. ബഫർ സോൺ acquire ചെയ്യില്ല. പക്ഷേ, അവിടെ ഒരു നിരോധനമുണ്ട് ആദ്യത്തെ അഞ്ച് മീറ്ററിൽ കൺസ്ട്രക്ഷൻ പാടില്ല. അടുത്ത 5 മീറ്ററിൽ with prior permission-ഓടുകൂടി മാത്രമേ construction

നടത്താൻ പാടുള്ളൂ. അപ്പോൾ ആ 10 മീറ്റർ ബഫർ സോണിന്റെ കാര്യത്തിൽ തീരുമാനമായി. അവർക്ക് കോമ്പൻസേഷനും ലഭിക്കില്ല, രാവിലെ എഴുന്നേറ്റ് ആ ഭൂമിയിലേയ്ക്ക് നോക്കിയിട്ട് ഇതെന്റെ ഭൂമിയാണെന്ന് പറയാം, അല്ലാതെ ഒരുകാര്യവും അവിടെ ചെയ്യാൻ കഴിയില്ല. സിൽവർ ലൈനിന്റെ 530 കിലോമീറ്റർ ദൂരത്തും ഇരുവശത്തും 10 മീറ്റർ വീതം വരുന്ന ബഫർ സോണുകളാണ്. അപ്പോൾ ഒന്നുംചെയ്യാൻ കഴിയാത്ത ആയിരക്കണക്കിന് ഏക്കർ ഭൂമി ആയി. അതാരെങ്കിലും വാങ്ങിക്കുമോ? അത് ഏതെങ്കിലും ബാങ്കിൽ പ്ലഡ്ജ് ചെയ്യാൻ കഴിയുമോ? ഒന്നും ചെയ്യാൻ പറ്റില്ല, അവരുടേയും കാര്യത്തിൽ തീരുമാനമായി. അപ്പോൾ ഈ 1221 ഹെക്ടർ മാത്രമല്ല, പതിനായിരക്കണക്കിന് ഏക്കർ ഭൂമിയുടെ കാര്യത്തിൽ ഗുരുതരമായ പ്രശ്നമുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. അത് ഞങ്ങൾ നിയമസഭയിൽ കൊണ്ടുവന്ന് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി, ഗവണ്മെന്റ് 2021-ലെ നോട്ടിഫിക്കേഷൻ പിൻവലിക്കണം. ഇപ്പോൾ എന്താണ് ഗവണ്മെന്റ് തീരുമാനിച്ചിരിക്കുന്നത്? കേന്ദ്രത്തിൽനിന്ന് അനുമതി ലഭിച്ചാൽ നിങ്ങൾ വീണ്ടും 4(1) നോട്ടിഫിക്കേഷൻ ഇറക്കുമെന്ന് പറയുകയാണ്. ഇപ്പോൾ ഇറക്കിയ 4(1) നോട്ടിഫിക്കേഷന്റെ കാലാവധി ആറ് മാസമാണ്, റദ്ദായിട്ടില്ല. അപ്പോൾ നിങ്ങൾ ഇനിയും ഒരു 4(1) നോട്ടിഫിക്കേഷൻ

ഇറക്കണം. കേന്ദ്ര അനുമതി ലഭിക്കുമ്പോൾ ഇനിയും 4(1) നോട്ടിഫിക്കേഷൻ ഇറക്കണം. അങ്ങനെയാണെങ്കിൽ അനുമതി ലഭിക്കാതെ എന്തിനാണ് 4(1) നോട്ടിഫിക്കേഷൻ ഇറക്കിയത്? പതിനായിരക്കണക്കിന് ഏക്കർ ഭൂമിയിലെ ആൾക്കാർ പ്രയാസപ്പെടുകയാണ്. കേരളത്തിൽ എത്രമാത്രം ഭൂമിയുണ്ട്? കിഴക്ക് റിസർവ് ഫോറസ്റ്റ് ആക്ട്, നടുക്ക് നെൽവയൽ നീർത്തട നിയമം, പടിഞ്ഞാറ് CRZ. കേരളംപോലെ ഇത്രയും density of population ഉള്ളൊരു സംസ്ഥാനത്ത് വളരെക്കുറച്ച് ഭൂമി മാത്രമേ തടസ്സങ്ങളില്ലാതെ ഉപയോഗിക്കാൻ കഴിയുകയുള്ളൂ. ലക്ഷക്കണക്കിന് ഭവന-ഭൂരഹിതരുള്ള സംസ്ഥാനത്ത് ആയിരക്കണക്കിന് ഏക്കർ ഭൂമി ഒന്നും ചെയ്യാൻ കഴിയാതെ അക്ഷരാർത്ഥത്തിൽ മരവിപ്പിക്കപ്പെട്ടിരിക്കുകയാണ്. അതിന്റെ ഉടമകളെന്നുപറയുന്നത് ആരാണ്; അതിൽ 10 ശതമാനമെങ്കിലും ധനികരായിട്ടുള്ള ആളുകളുണ്ടോ? 90 ശതമാനവും പാവപ്പെട്ടവരാണ്. അവരുടെ കാര്യത്തിൽ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും നല്ലൊരു സമീപനമുണ്ടാകണമെന്നാണ് ഞങ്ങൾ പറയുന്നത്. ഇവിടെ നേരത്തെ ശ്രീ. റോജി എം ജോൺ വായിച്ചപ്പോൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഒരു കാര്യം പറഞ്ഞു; നിങ്ങളിറക്കിയ 2021-ലെ ഓർഡറിൽ 7(3)

എന്താണ്? Minimum Special LA units will be created by Govt. exclusively for the Land Acquisition of Semi High Speed Railway Line. എന്നിട്ട് special unit നിർമ്മിക്കുന്നതിനെപ്പറ്റി പറയുന്നു; The establishment charges for running the Special Units shall be met by KRDCL from the funds provided by the State Govt. for the purpose, ഇതിനകത്തൊരു condition പറയുകയാണ് only after getting the project approved by Govt. of India and Railway Board എന്ന്. അതല്ലേ ശ്രീ.റോജി എം ജോൺ വായിച്ചത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 18-08-2021-ൽ ഒരു ഗവണ്മെന്റ് ഓർഡറിന്റെ ഭാഗമായി റവന്യൂ വകുപ്പിനോട് ഉത്തരവിറക്കാൻ പറഞ്ഞ ഭാഗം മാത്രമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ വായിച്ചത്. അതിനുമുമ്പ് കാബിനറ്റെടുത്ത തീരുമാനത്തിന്റെ ഭാഗമായി 11-06-2021-ൽ 13/2021 നമ്പരായി ഗവണ്മെന്റ് ഉത്തരവ് ഇറങ്ങിയിട്ടുണ്ട്. അതിൽ അങ്ങ് പറഞ്ഞ ഭാഗം ഉൾപ്പെടുത്തി detailed orders 1, 2, 3 above will be issued by Revenue Department എന്നുപറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് ഞങ്ങളത് ഇഷ്യൂ ചെയ്തത്. തുടർന്ന് പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പിന്റെ ഉത്തരവിൽ 'Administrative Sanction is also accorded for

availing a loan Rs. 2100 crore from KIIFB for meeting the cost of Land Acquisition of Silver Line Project being the part of State share in the project എന്നാണ് സൂചിപ്പിക്കുന്നത്. ഇത് 11-06-2021-ലെ ഉത്തരവിൽ പരാമർശിക്കുന്നുണ്ട്.

ശ്രീ. വി. ഡി. സതീശൻ: ഇത് ഗവണ്മെന്റ് ഓഫ് ഇന്ത്യയിൽനിന്നും റെയിൽവേയിൽനിന്നും അനുമതി കിട്ടാതെ പണം ചെലവാക്കരുതെന്ന് റവന്യൂ വകുപ്പിന്റെ ഉത്തരവിൽ കൃത്യമായി സൂചിപ്പിക്കുന്നുണ്ട്. ഓഡിറ്റിന്റെ അവസരത്തിൽ അവർ പരിശോധിക്കും. 20 കോടി രൂപ ലഭിച്ചതിൽ എട്ട് കോടി രൂപ ചെലവാക്കി. തുടർന്ന് 50 കോടി രൂപയോളം ചെലവാക്കി, Systra-യ്ക്ക് കൊടുത്തു, അതായത് ഏകദേശം 50-56 കോടിയോളം രൂപ ചെലവാക്കിയിട്ടുണ്ട്. ഇതൊരു പ്രോസസ്സാണല്ലോ; അതിൽ സർക്കാർ ഉത്തരവിന് എതിരായിട്ടാണ് എക്സ്പെന്റിച്ചർ നടത്തിയിരിക്കുന്നത്. ഗവണ്മെന്റ് ഓഫ് ഇന്ത്യയുടേയും റെയിൽവേയുടേയും അനുമതി കിട്ടാതെ പണം ചെലവഴിക്കാൻ പാടില്ലെന്ന് ഗവണ്മെന്റ് ഉത്തരവിൽ എഴുതിവയ്ക്കുകയും പണം ചെലവഴിക്കുകയും ചെയ്തിരിക്കുകയാണ്. 30 ഇനങ്ങളിലായിട്ടാണ് 56 കോടിയോളം രൂപ ചെലവഴിച്ചിരിക്കുന്നത്. 'വന്ദേ ഭാരത് എക്സ്പ്രസ്സ് കേരളത്തിൽ വരണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇക്കാര്യം ഞങ്ങളുടെ

എം.പി.-മാരും പാർലമെന്റിൽ ആവശ്യപ്പെട്ടിട്ടുണ്ട്. വന്ദേ ഭാരത് എക്സ്പ്രസ് കേരളത്തിൽ വരികയാണെങ്കിൽ സിൽവർ ലൈനിന് ഒരു ഓൾട്ടർനേറ്റീവ് ആകില്ലേ? 160 - 165 കിലോമീറ്റർ വേഗതയിൽ പോകുന്ന ട്രെയിനാണ് വന്ദേ ഭാരത്. വന്ദേ ഭാരത് എക്സ്പ്രസ് സർവ്വീസ് നടത്തണമെങ്കിൽ റെയിൽവേ ലൈനിലെ കുറച്ചധികം വളവുകൾ നികത്തണം. വളവുകൾ റെയിൽവേ നികത്തും. റെയിൽവേ ഇൻവെസ്റ്റ് ചെയ്യും. റെയിൽവേയ്ക്ക് നേരിട്ട് ഇൻവെസ്റ്റ് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ലൈനുകൾ നേരെയാക്കാൻ സംസ്ഥാന സർക്കാർ സഹായിക്കണം. രണ്ട് ലക്ഷം കോടിയോളം രൂപ ചെലവാക്കി സിൽവർ ലൈൻ പദ്ധതി വരുന്നതിനുപകരം വന്ദേ ഭാരത് എക്സ്പ്രസ് കേരളത്തിൽ സർവ്വീസ് നടത്തിയാൽ മതിയാകില്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ എൻ.എച്ച്.-നെക്കുറിച്ച് സൂചിപ്പിച്ചു. 2001-ൽ ഞാൻ എം.എൽ.എ.-ആയ കാലഘട്ടം മുതൽ ഒന്നരപ്പതിറ്റാണ്ട് വരെ എൻ.എച്ച്.-ന്റെ സ്ഥലം ഏറ്റെടുക്കുന്നതിനെതിരെയുള്ള സമരത്തിലായിരുന്നു. പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിൽ ഏറ്റവും കൂടുതൽ സ്ഥലമെടുക്കുന്നത് എന്റെ നിയോജകമണ്ഡലത്തിൽനിന്നാണ്. ഞാൻ ഒറ്റയ്ക്കല്ല, എം.എൽ.എ. എന്ന നിലയിൽ ഞാനും എന്റെ പാർട്ടിയും സി.പി.ഐ.(എം)-ഉം എൽ.ഡി.എഫ്.-ലെ എല്ലാ കക്ഷികളും ഞങ്ങൾ ഒരുമിച്ചാണ് സമരം ചെയ്തിരുന്നത്. അന്ന് ആദ്യത്തെ

land acquisition നടന്നു. സെന്റിന് 23,000 രൂപയാണ് അന്ന് ലഭിച്ചത്. സെന്റിന് 3 ലക്ഷം രൂപ വിലയുള്ള സ്ഥാനത്താണ് 2006 -ൽ 23,000 രൂപ ലഭിക്കുന്നത്. 10 സെന്റ് ഭൂമി ഒരാളുടെ കയ്യിൽനിന്ന് നഷ്ടപ്പെട്ടാൽ അയാൾക്ക് കിട്ടുന്നത് 2,30,000 രൂപയാണ്. ഒരുസെന്റ് ഭൂമി പോലും വാങ്ങാൻ കഴിയില്ല. അതിന്മേൽ ഇൻകം ടാക്സും നല്കണമായിരുന്നു. അവരുടെ തന്നെ ഭൂമി തുടർന്നും ഏറ്റെടുക്കാൻ വന്ന സാഹചര്യത്തിൽ ഞങ്ങൾ തീർത്തും പറ്റില്ലെന്ന് പറഞ്ഞു. ഞാനന്ന് സംസാരിച്ചത് ചേരികളുണ്ടാകുന്നത് എങ്ങനെയെന്നാണ്. മേൽ സൂചിപ്പിക്കപ്പെട്ട സാഹചര്യങ്ങളിൽനിന്നാണ് ചേരികളുണ്ടാകുന്നത്. രണ്ടാമതും മനുഷ്യനെ ഇറക്കിവിടുകയാണ്. അവർ വികസനത്തിന്റെ ഇരകളാണ്, ഒരു കാരണവശാലും അത് നടക്കില്ലെന്ന് പറഞ്ഞു. എല്ലാ രാഷ്ട്രീയ കക്ഷികളും സമരത്തിന്റെ മുൻനിരയിലുണ്ടായിരുന്നു. 2013-ൽ Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act യു.പി.എ. സർക്കാർ കൊണ്ടുവന്നു. ശ്രീമതി സോണിയാ ഗാന്ധി മുൻകൈ എടുത്ത് കൊണ്ടുവന്ന ആക്ടാണ്. ഗവൺമെന്റ് - ബ്യൂറോക്രാറ്റ് ഭാഗങ്ങളിൽനിന്നും ഇതിനെതിരെ വലിയ എതിർപ്പുണ്ടായിരുന്നു. 2013-ലെ പ്രസ്തുത ആക്ടാണ് സാധാരണക്കാരനെ സംരക്ഷിച്ചുനിർത്തിയ വലിയ നിയമം. 2015 -ലാണ് അതിന്റെ റൂൾസ് നിലവിൽ വന്നത്. റൂൾസ് വായിച്ചശേഷം, 'ഇനി

ഞാൻ സമരത്തിനില്ല, നാട്ടിൽ വികസനം വേണം, നിങ്ങളുടെ സ്ഥലമെടുത്താൽ മാന്യമായ കോംപൻസേഷൻ ലഭിക്കും' എന്നാണ് ഞാൻ സമരസമിതിയോട് പറഞ്ഞത്. ആക്ട് നിലവിൽ വന്നതിന്റെ ഫലമായി അന്ന് 23,000 രൂപയ്ക്കെടുത്ത സ്ഥലം ഇന്ന് സെന്റിന് 8 ലക്ഷം രൂപ എന്ന നിരക്കിലാണ് നല്കിയത്. തുടർന്ന് 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നു, പ്രവൃത്തി ത്വരിതഗതിയിലാക്കി. കേന്ദ്രഗവണ്മെന്റും അതിനോട് സഹകരിച്ചു, ധനസംബന്ധമായ സഹായങ്ങൾ ചെയ്തു. നിങ്ങളുടെ സർക്കാർ മുമ്പ് ഭരിച്ചപ്പോൾ നിങ്ങൾക്കാർക്കും ഇത്തരത്തിലൊരു കാര്യം ചെയ്യാൻ കഴിഞ്ഞില്ലല്ലോ. അക്വിസിഷൻ നടപടികൾ തുടങ്ങിയിട്ട് 30 വർഷമായി. ഈ കാലഘട്ടത്തിനിടയിൽ ഉമ്മൻചാണ്ടി സർക്കാർ മാത്രമാണോ കേരളത്തിൽ അധികാരത്തിൽ വന്നത്. ഒരുപാട് എൽ.ഡി.എഫ്. സർക്കാരുകളും വന്നു. ആർക്കും പറ്റിയില്ല, ആർക്കും പറ്റില്ല. ഇപ്പോൾ നിങ്ങൾക്കിത് ചെയ്യാൻ കഴിയുന്നത് കോൺഗ്രസ് കാരണമാണെന്ന് മറക്കേണ്ട. ഗെയിൽ പദ്ധതിയുടെ വിഷയം മുഖ്യമന്ത്രി എപ്പോഴും സൂചിപ്പിക്കും. ഗെയിൽ-ന് എതിരായി ആളുകൾ സമരം ചെയ്തു. ഞങ്ങളൊക്കെ ആദ്യം സമരത്തിലുണ്ടായിരുന്നു. തുടർന്ന് സർക്കാരിൽ വന്നതിനുശേഷമാണ് ഗെയിൽ-ന് കൊടുക്കാൻ തുടങ്ങിയ കോംപൻസേഷൻ മാറ്റിയത്. ഗെയിൽ പൈപ്പ്ലൈൻ പദ്ധതിക്കെതിരായ

സമരത്തിലും സി.പി.ഐ.(എം) ഉണ്ടായിരുന്നു. ഭൂമിക്കടിയിൽ ഒളിപ്പിച്ചുവച്ചിരിക്കുന്ന ബോംബാണ് ഗെയിൽ എന്ന് പ്രസംഗിച്ച ഒരു നേതാവ് അങ്ങയുടെ മന്ത്രിസഭയിലുണ്ട്. അദ്ദേഹമിപ്പോൾ സ്ഥലത്തില്ല. ഓരോ കാലഘട്ടത്തിൽ സാധാരണക്കാരുടെ പ്രശ്നങ്ങൾക്കുവേണ്ടി സമരം ചെയ്യും. ആ സമരത്തിന്റെ ഫലമായി ഗെയിൽ പൈപ്പ്ലൈനിന് ആദ്യം കൊടുത്ത കോംപൻസേഷനല്ല പിന്നീട് കൊടുത്തത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അങ്ങ് പറഞ്ഞ ദേശീയപാത വികസനത്തിന്റെ പദ്ധതി അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിൽ തർക്കങ്ങളുണ്ടായിട്ടുണ്ട്. 45 മീറ്റർ അംഗീകരിക്കുന്നത് ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്താണ്. 'എന്തിനാണ് ഇത്രയധികം വീതി, 30 മീറ്റർ പോരേ' തുടങ്ങി ഒട്ടനവധി അഭിപ്രായങ്ങളുണ്ടായിരുന്നു. 30 മീറ്റർ മതി എന്ന അഭിപ്രായമാണ് അന്നുണ്ടായിരുന്നത്. അത് ഏറെക്കുറേ അംഗീകാരിച്ച മട്ടിൽ പോയതുമാണ്. തുടർന്ന് എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും സംയുക്ത യോഗത്തിലാണ് 45 മീറ്റർ എന്നാക്കിയത്. അതോടുകൂടിയാണ് കേരളത്തിൽ ഈ പദ്ധതിക്ക് 45 മീറ്റർ എന്ന രീതിയിൽ അംഗീകാരം ലഭിക്കുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അത് ശരിയാണ്. അതിലൊന്നും തർക്കമില്ല. 60 മീറ്റർ വേണമെന്നായിരുന്നു ദേശീയ പാത അതോറിറ്റി

അഭിപ്രായപ്പെട്ടത്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ജനസാന്ദ്രതയും മറ്റ് ഘടകങ്ങളും കണക്കാക്കി 30 മീറ്റർ വേണമെന്ന വാദമുണ്ടായിരുന്നു. 45 മീറ്റർ വേണമെന്ന വാദത്തോടൊപ്പം അന്ന് സി.പി.ഐ.(എം)-ന്റെ പാർട്ടി സെക്രട്ടറിയായിരുന്ന അങ്ങും സർവ്വകക്ഷിയോഗത്തിൽ അഭിപ്രായം പറഞ്ഞു. 45 മീറ്ററാക്കാനുള്ള തീരുമാനമെടുത്തത് ആ സർവ്വകക്ഷിയോഗത്തിലാണ്. ഒരു തർക്കവും അക്കാര്യത്തിലില്ല. 2016 വരെ ഞങ്ങളെല്ലാവരും അതിനെതിരായി സമരം ചെയ്തു; 2016-ൽ നിങ്ങൾ വന്നതിനുശേഷം ഇത് നടപ്പാക്കി എന്ന് പറയുന്നതിനെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. നിങ്ങൾ എല്ലാവരും സമരം ചെയ്തതാണ്. പ്രസംഗിച്ച ആളുകളുടെ വാക്കുകളും സമരത്തിന്റെ ചിത്രങ്ങളുമുള്ള പേപ്പർ കട്ടിംഗ്സും ധാരാളമുണ്ട്. മാതൃഭൂമിയുമൊക്കെ കൂട്ടത്തിലുണ്ടാകും; ഞാൻ കൊണ്ടുവന്നുതരാം. ഗെയിൽ-ന്റെ കോംപൻസേഷൻ പാക്കേജിൽ മാറ്റം വരുത്തിയത് സമരത്തിന്റെ ഭാഗമായിട്ടാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഈ സമരസമിതി എന്റെ നിയോജകമണ്ഡലത്തിൽ സത്യാഗ്രഹമായിരുന്നു. അവർ തെരഞ്ഞെടുപ്പുവേളയിൽ എനിക്കെതിരെ എന്നെ പരാജയപ്പെടുത്തണമെന്ന രീതിയിലാണ് പ്രവർത്തിച്ചത്. കാരണം, സമരസമിതിയുടെ തീരുമാനങ്ങൾക്കെതിരായി ഞാൻ ഉറച്ചുനിന്നു. നിങ്ങൾക്ക് നല്ല കോംപൻസേഷൻ ലഭിക്കുമെന്ന് ഞാൻ പറഞ്ഞു. ഈ

നാട്ടിൽ വികസനം ആവശ്യമാണ്, നിങ്ങൾ എനിക്ക് വോട്ട് ചെയ്തില്ലെങ്കിൽ ഒരു കുഴപ്പവുമില്ല; അത് നിങ്ങളുടെ ഇഷ്ടമാണെന്ന് ഞാൻ പറഞ്ഞു. തെരഞ്ഞെടുപ്പിൽ എനിക്കെതിരെയാണ് അവർ പ്രവർത്തിച്ചത്. ഞങ്ങളൊക്കെ വികസനത്തിന്റെ കൂടെ നിൽക്കുന്ന ആളുകളാണ്. എന്നാൽ സിൽവർ ലൈൻ പദ്ധതിയോട് ഞങ്ങൾക്ക് ഒരുതരത്തിലും യോജിക്കാൻ കഴിയില്ല. കേരളത്തിൽ സിൽവർ ലൈൻ പദ്ധതി ഒരുകാരണവശാലും നടപ്പിലാക്കാൻ ഞങ്ങൾ സമ്മതിക്കില്ല. കേന്ദ്ര ഗവണ്മെന്റ് അനുമതി നൽകിയാലും അതിനെതിരെ ജനങ്ങളെ അണിനിരത്തി സമരം ചെയ്യും. അതിൽ ഒരു സംശയവും വേണ്ട. ബി.ജെ.പി./കോൺഗ്രസ് എന്നൊക്കെ ഇവിടെ പറഞ്ഞെങ്കിലും അങ്ങയുടെ പ്രതീക്ഷയെന്താണ്? ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെയും ബി.ജെ.പി. നേതാക്കളെയും നേരിൽകണ്ട് സംസാരിച്ച് കേരളത്തിനുവേണ്ടി അനുമതി വാങ്ങാമെന്നാണ്. ആ അനുമതിയുമായി അങ്ങ് ഇവിടെ വന്നാലും കേരളത്തിൽ ഞങ്ങൾ സിൽവർ ലൈൻ പദ്ധതി നടപ്പാക്കാൻ സമ്മതിക്കുന്ന പ്രശ്നമില്ല. ഇത് നടപ്പാകില്ലെന്ന് ഉറപ്പാണ്. നിങ്ങളെക്കാൾ ഈ പദ്ധതി നടപ്പാകില്ലെന്ന് ഏറ്റവും നന്നായി അറിയാവുന്നയാൾ കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. അദ്ദേഹത്തിന് ഈ പദ്ധതി പെട്ടന്ന് പിൻവലിക്കാനുള്ളൊരു മടിയുണ്ട്. അതുകൊണ്ട് 2021-ലെ

നോട്ടിഫിക്കേഷൻ പിൻവലിച്ച് പതിനായിരക്കണക്കിന് പാവപ്പെട്ട മനുഷ്യരുടെ പരിതാപകരമായ ഈ അവസ്ഥയ്ക്ക് മാറ്റംവരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതിനെതിരെ മുദ്രാവാക്യം വിളിച്ചവരുടെ പേരിൽപ്പോലും ആയിരക്കണക്കിന് ജാമ്യമില്ലാകേസ്സുകൾ എടുത്തിരിക്കുകയാണ്. ഇവർക്ക് പാസ്പോർട്ടോ ജോലിയുടെ ആവശ്യത്തിനായി പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റോ ലഭിക്കുന്നില്ല. സമരം ചെയ്തവരെ ജാമ്യമില്ലാകേസെടുത്ത് P.C.C. (Police Clearance Certificate) കൊടുക്കാതെ ഇങ്ങനെ വിഷമിപ്പിക്കുകയാണ്. ഏറ്റവും കൂടുതൽ സമരം ചെയ്തത് നിങ്ങളുടെ പാർട്ടിയല്ലേ? ഇത് അവരുടെ കിടപ്പാടമാണ്. എന്ത് അക്രമമാണ് അവർ ചെയ്തിട്ടുള്ളത്? അവരുടെ ഭൂമിയിൽ കല്ലിടാൻ വന്നപ്പോൾ പറ്റില്ലെന്ന് പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് ഒരു സ്ത്രീയെ ചങ്ങനാശ്ശേരിയിൽ വലിച്ചുകൊണ്ടുപോകുന്ന ചിത്രം വന്നു. റോഡ് തടയാൻ പോയതിനാണ് വലിച്ചുകൊണ്ടുപോയെന്നാണ് ആളുകൾ വിചാരിച്ചത്. അവിടെനിന്നല്ല അവരെ വലിച്ചുകൊണ്ടുപോയത്. അവരുടെ സ്വന്തം വീട്ടിന്റെ വരാന്തയിൽനിന്നാണ് അവരെ വലിച്ചുകൊണ്ടുപോയത്. മഞ്ഞ കുറ്റിയുമായി വന്നവർക്കെതിരെ മുദ്രാവാക്യം വിളിച്ച ആയിരക്കണക്കിന് ആളുകളുടെ പേരിൽ ജാമ്യമില്ലാകേസ് എടുത്തിരിക്കുകയാണ്. അങ്ങ്

അവരോട് സഹാനുഭൂതി കാണിച്ച് ആ കേസുകൾ പിൻവലിക്കാനുള്ള തീരുമാനമെടുക്കണം. അത് പറ്റില്ലെന്ന് അങ്ങ് പറഞ്ഞത് വാശിയാണെന്ന് എനിക്കറിയാം. എന്നാലും ഞങ്ങൾ അത് ചെയ്യാനായി അഭ്യർത്ഥിക്കുകയാണ്. ഇത്രയും പ്രതിസന്ധിയും ഭൂദൗർലഭ്യവുമുള്ള സംസ്ഥാനത്ത് സാധാരണക്കാരായ പാവപ്പെട്ട ജനങ്ങൾ കഷ്ടപ്പെടുകയും പ്രയാസപ്പെടുകയും ചെയ്യുമ്പോൾ ആ വിഷയം നിയമസഭയിൽ അവതരിപ്പിച്ചിട്ടും അതിന് അനുകൂലമായ പ്രതികരണം നടത്താത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, പ്രതിപക്ഷം പറഞ്ഞാലും സമരം ചെയ്താലും സർക്കാർ ഉറച്ച നിലപാടെടുത്ത് നടപ്പിലാക്കേണ്ട പ്രോജക്ടുകളുണ്ട്. സർക്കാർ പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ കേരളംപോലുള്ള സംസ്ഥാനത്ത് ജനകീയ പ്രശ്നങ്ങൾ ഉയർന്നാൽ ഒരുപക്ഷേ പ്രോജക്ടിന്റെ വിശാല താല്പര്യത്തിനപ്പുറം ജനകീയ സമ്മർദ്ദംകൊണ്ട് പ്രതിപക്ഷം പറയാൻ ബാധ്യസ്ഥരാണ്. ഞങ്ങൾ പറയുമെന്ന് കരുതി ഗവണ്മെന്റ് പ്രോജക്ടുകൾ ഉപേക്ഷിക്കണമെന്നില്ല. ഞാൻ ബാക്കിഭാഗംകൂടി

പറഞ്ഞശേഷം കയ്യടിക്കുന്നതായിരിക്കും നല്ലത്. അതായത്, ആ ഗണത്തിൽ സിൽവർ ലൈൻ പദ്ധതി വരില്ലെന്നാണ് ഞാൻ വാദിച്ചുകൊണ്ടിരുന്നത്. നാഷണൽ ഹൈവേ സംബന്ധിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അതിൽ 30 മീറ്റർ മതിയെന്ന് പറഞ്ഞവരുണ്ടായിരുന്നു. ഞങ്ങൾ അതിനെ അനുകൂലിച്ചിട്ടില്ല. 30 മീറ്റർ മതിയെന്നും മുഴുവൻ ഏറ്റെടുത്ത് നശിപ്പിക്കാൻ പോകുകയാണെന്നും പറഞ്ഞ് ഇല്ലാത്ത ഭീതിയുമുണ്ടാക്കി ഞങ്ങളുടെ ലീഗ് ഓഫീസിൽ വന്ന് സമരക്കാർ ഘരാവോ ചെയ്തു. ഞങ്ങൾക്കെതിരായി പുതിയ പാർട്ടിയുണ്ടാക്കി. പാർലമെന്റിൽ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനെതിരായി തെരഞ്ഞെടുപ്പിൽ മത്സരിച്ചു. അങ്ങനെ പലതുമുണ്ടായിട്ടുണ്ട്. നാഷണൽ ഹൈവേ വികസനത്തിൽ ഞങ്ങളെക്കാൾ ഉറച്ച നിലപാട് നിങ്ങളെടുത്തു. അങ്ങനെ നാഷണൽ ഹൈവേ യാഥാർത്ഥ്യമാക്കി. ആർക്കും നാഷണൽ ഹൈവേ വേണ്ടെന്നുള്ള അഭിപ്രായമുണ്ടായിട്ടില്ല. ഗെയിൽ പദ്ധതിയുടെ കാര്യത്തിൽ കോമ്പൻസേഷനുമില്ല, ഭൂമിക്കടിയിൽ കൂഴിച്ചിട്ട ബോംബാണെന്നൊക്കെ പറഞ്ഞുണ്ടാക്കിയ പ്രശ്നങ്ങളാണ് സമരത്തിലേയ്ക്ക് നയിച്ചത്. ആ സാഹചര്യം മാറി. അന്ന് വ്യവസായ വകുപ്പാണ് നേതൃത്വം നൽകിയത്, അതുകൊണ്ട് അതുസംബന്ധിച്ച് എനിക്കറിയാം. ഗെയിൽ പദ്ധതി

പ്രാവർത്തികമായാലുണ്ടാകുന്ന ഗുണങ്ങളും മറ്റ് കാര്യങ്ങളും പരിഗണിച്ച് ടി പദ്ധതി വേണ്ടെന്ന് ഒരിക്കലും പറഞ്ഞിട്ടില്ല. ഞങ്ങൾ ഉറച്ച നിലപാടെടുത്തതിന് ഉത്തമ ഉദാഹരണമാണത്. വിഴിഞ്ഞം പദ്ധതിയുടെ കാര്യത്തിലും അങ്ങനെതന്നെയാണ്. പോർട്ട് വേണ്ടെന്ന് ആരെങ്കിലും പറഞ്ഞോ; ഇല്ല. പക്ഷേ ആ ഗണത്തിൽ സിൽവർ ലൈൻ വരില്ല. അതിൽ നിങ്ങൾ പ്രസ്റ്റീജ് കാണിക്കുന്നതിൽ അർത്ഥമില്ലെന്നാണ് ഞങ്ങളുടെ വാദം. കാരണം, സിൽവർ ലൈനിന്റെ പ്രവർത്തനങ്ങൾക്ക് ഒരു പ്രത്യേക ഓഫീസുണ്ടാക്കി, ശ്രീ. ടി. ബാലകൃഷ്ണന് അതിന്റെ ചുമതലയും നൽകി. അതിന് വ്യവസായ വകുപ്പാണ് നേതൃത്വം കൊടുത്തത്. പ്രോജക്ടിനും ഫീസിബിലിറ്റിക്കുമായി അന്ന് ഞങ്ങളും കുറച്ച് പണം ചെലവഴിച്ചിരുന്നു. സിൽവർ ലൈൻ പദ്ധതിക്ക് ഫീസിബിലിറ്റിയില്ലെന്നും ധാരാളം പ്രായോഗിക പ്രശ്നങ്ങളുണ്ടെന്നും മനസ്സിലാക്കി ഞങ്ങൾ അതിൽനിന്നും പിന്മാറി. പക്ഷേ ഇപ്പോഴത്തെ ഗവണ്മെന്റ് ആ പ്രോജക്ടുമായി ഒരുപാട് മുന്നോട്ടുപോയി. ബാക്കിയുള്ള പ്രോജക്ടുകളുടെ കാര്യം നമുക്ക് മനസ്സിലാക്കാം. വിഴിഞ്ഞം പോർട്ട്, നാഷണൽ ഹൈവേ, ഗെയിൽ പദ്ധതി എന്നിവ വലിയ പ്രസ്റ്റീജായി കൊണ്ടുവന്നത് പോലെയല്ല സിൽവർ ലൈൻ പദ്ധതിയെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി

പറഞ്ഞ വന്ദേഭാരത് പദ്ധതിയിൽ കേന്ദ്രഗവണ്മെന്റിനാണ് ചെലവ് വരുന്നത്. അപ്പോൾ ഇതിന്റെ ഫീസിബിലിറ്റിയിൽ വലിയ വ്യത്യാസം വരുമെന്നാണ്. ഇതൊക്കെ പൊളിറ്റിക്കലായിട്ടല്ലാതെ നോക്കിക്കഴിഞ്ഞാൽ ചില പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി ഇല്ലെന്ന് കാണാൻ സാധിക്കും. അത്തരം പ്രോജക്ടുകളിൽ നിങ്ങൾ ഉറച്ച നിലപാടുകളെടുക്കേണ്ട ആവശ്യമില്ല. ഉറച്ച നിലപാടുകൾ ഞങ്ങളും എടുത്തിട്ടുണ്ടല്ലോ. ഉദാഹരണമായി, കരുണാകരൻ ഗവണ്മെന്റിന്റെ കാലത്ത് യു.ഡി.എഫ്. അടിയുറച്ച് നിന്നതുകൊണ്ടാണ് കൊച്ചി എയർപ്പോർട്ട് നിലവിൽവന്നത്. അന്നത്തെ പ്രതിപക്ഷം വലിയ സമരമാണ് നടത്തിയത്. അതുപോലെ പ്രൊഫഷണൽ വിദ്യാഭ്യാസം ഓപ്പൺ ചെയ്യുന്നതിൽ എന്തുമാത്രം സമരമാണ് നിങ്ങൾ നടത്തിയത്; അപ്പോൾ ഞങ്ങൾ വഴങ്ങിയോ? ആന്റണി ഗവണ്മെന്റിന്റെ കാലത്ത് എമർജിംഗ് കേരളയെന്ന ടൈറ്റിൽ കിട്ടിയ നല്ലൊരു അഡ്വൈസിന്റെ അടിസ്ഥാനത്തിലാണ് പ്രൊഫഷണൽ - മെഡിക്കൽ/എഞ്ചിനീയറിംഗ് വിദ്യാഭ്യാസം ഓപ്പൺ ചെയ്യണമെന്ന് ഞങ്ങൾ തീരുമാനിച്ചത്. അതിനെതിരെ വലിയ പ്രക്ഷോഭവും എതിർപ്പും കല്ലേറുമായിരുന്നു. അന്ന് വെടിവയ്പ്പല്ലാത്തവയെല്ലാം നടന്നു. പക്ഷേ ഞങ്ങൾ ഉറച്ചുനിന്നു. പ്രൊഫഷണൽ വിദ്യാഭ്യാസം ഓപ്പൺ ചെയ്തിട്ടില്ലെങ്കിൽ ഇന്ന്

കേരളത്തിന്റെ സ്ഥിതിയെന്താകുമായിരുന്നു? രണ്ട് ഗവണ്മെന്റ് കോളേജുകൊണ്ട് കളിച്ചിരുന്നെങ്കിൽ ഇന്ന് എവിടെയെത്തുമായിരുന്നു? മെഡിക്കൽ/എഞ്ചിനീയറിംഗ് വിദ്യാഭ്യാസം വന്നതോടുകൂടി തലമുറതന്നെ മാറിയില്ലേ? ഉറച്ച നിലപാട് എടുക്കേണ്ട വിഷയമുണ്ട്. ആ ഗണത്തിൽ നിർഭാഗ്യവശാൽ സിൽവർ ലൈൻ ഉൾപ്പെടില്ല. കുറച്ച് പ്രോജക്ട് പഠനം നടത്തിയത് തെറ്റായി കാണേണ്ട കാര്യമില്ല; നിങ്ങളും നടത്തിയിട്ടുണ്ട്, ഞങ്ങളും നടത്തിയിട്ടുണ്ട്. ഫീസിബിളല്ലെങ്കിൽ അത് അങ്ങനെയങ്ങ് പോയാലും തരക്കേടില്ല. ഇനി അത് കേന്ദ്രഗവണ്മെന്റിന്റെ തലയിലാണ്. അത് നടപ്പിലാക്കുന്നത് വലിയ ബുദ്ധിമുട്ടുണ്ടാക്കുമെന്നുള്ളതാണ് വസ്തുത. അക്കാര്യം ഇവിടെ പറയാതിരിക്കാൻ കഴിയില്ല. ഇന്നത്തെ അടിയന്തര പ്രമേയത്തിന് കാരണമായ വിഷയമെന്താണ്? ഈ ഭൂമി ഫ്രീസ് ചെയ്തു വച്ചിട്ടുള്ളത് ആളുകൾക്ക് വലിയ വിഷമവും പ്രശ്നങ്ങളുമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇനിയിപ്പോൾ കേന്ദ്ര ഗവണ്മെന്റാണ് ഈ വിഷയത്തിൽ തീരുമാനിക്കേണ്ടത്. അവർ അത് പറയട്ടെ. വന്ദേഭാരത് പദ്ധതിക്കുവേണ്ടി ഒരുമിച്ച് ശ്രമിക്കാം. അതും ഹൈ സ്പീഡാണ്. എന്നാൽ ഇക്കാര്യത്തിൽ അത്ര വലിയ സ്പീഡൊന്നുമില്ല. ഞാൻ മുമ്പ് വ്യവസായ വകുപ്പുമന്ത്രിയായിരുന്നതുകൊണ്ടാണ് അക്കാര്യത്തിൽ ആഴത്തിൽ

പറഞ്ഞത്. വലിയ സ്പീഡും ഫീസിബിലിറ്റിയും ഇതിനില്ല. സഞ്ചരിക്കാൻ ആളുകൾ തയ്യാറാകണ്ടേ? ഇപ്പോൾ മെട്രോ റെയിൽ നഷ്ടത്തിലാണ് ഓടുന്നത്. ഇതിൽ സഞ്ചരിക്കാൻ ആളുകളെ കിട്ടിയില്ലെങ്കിൽ അതിലും വിനയായി മാറും. ഈ പ്രോജക്ടിനുപകരം വന്ദേഭാരത് പദ്ധതി എല്ലാവരുംകൂടി യോജിച്ച് നടപ്പാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിന് കേന്ദ്രഗവണ്മെന്റാണ് കൂടുതൽ തുക ചെലവാക്കേണ്ടത്. ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയം വളരെ ന്യായമാണ്. അതിനാധാരമായ വിഷയം ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നമാണ്. അതിൽ ആളുകൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഗവണ്മെന്റ് ഈ സ്റ്റേജിലെങ്കിലും ചർച്ച ചെയ്ത് അതിനുള്ള പരിഹാരം കാണണം. അവിടെ ബാങ്കുകൾ ലോൺ കൊടുത്തോളും അവിടെ എല്ലാം നടക്കുമെന്ന് പറഞ്ഞാൽ ഈ നാട്ടിൽ നടക്കില്ല. ബഹു. റവന്യൂ വകുപ്പുമന്ത്രി ഇക്കാര്യങ്ങൾ വളരെ എളുപ്പത്തിലാണ് പറഞ്ഞത്. പക്ഷേ ആഹ്വാനംകൊണ്ടോ, ഉത്തരവുകൊണ്ടോ ബാങ്ക് ലോൺ കൊടുക്കില്ല. ഇതൊന്നും ചർച്ച ചെയ്യാത്ത സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, സിൽവർ ലൈൻ പദ്ധതിക്കെതിരെ സംസ്ഥാനത്തൊട്ടാകെ ജനങ്ങളുടെ അതിശക്തമായ പ്രതിഷേധം ഉയർന്നിരിക്കുകയാണ്. യു.ഡി.എഫ്. ആ സമരത്തിന്റെകൂടെ നിൽക്കുന്നുവെന്നത് വസ്തുതയാണ്. അതിന്റെ കാരണം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവും ഇവിടെ പറയുകയുണ്ടായി. ഞങ്ങളുടെ പ്രദേശങ്ങളിലൂടെയെല്ലാം കെ-റെയിലിന്റെ മഞ്ഞക്കുറ്റികൾ സ്ഥാപിച്ച് ജനങ്ങളുടെ വലിയ പ്രതിഷേധം ഏറ്റുവാങ്ങേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ ജനവികാരത്തെ മാനിച്ച് സിൽവർ ലൈൻ പദ്ധതി ഉപേക്ഷിക്കുകയെന്നതാണ് ഗവണ്മെന്റ് ചെയ്യേണ്ടത്. അതിനുപകരം ഇത് നിർബന്ധമായി നടപ്പാക്കുമെന്ന നിലപാടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും നിയമസഭയിൽ ഇന്ന് വ്യക്തമാക്കിയത്. അത് നൂറ് ശതമാനം പ്രതിഷേധാർഹമാണ്. കാരണം നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്കുൾക്കൊള്ളാൻ സാധിക്കാത്ത, ജനങ്ങൾ വേണ്ടെന്ന് പറയുന്ന,

ജനങ്ങൾക്ക് വലിയ ദ്രോഹമുണ്ടാക്കുന്ന ഒരു പദ്ധതിയെന്ന നിലയിൽ സിൽവർ ലൈൻ പദ്ധതി ഉപേക്ഷിക്കാൻ ഗവണ്മെന്റ് ഇനിയെങ്കിലും തയ്യാറാകണം. സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ സാധിക്കുന്ന വിധത്തിലുള്ള 'വന്ദേ ഭാരത്' പോലുള്ള പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒറ്റക്കെട്ടായി നിൽക്കാൻ സാധിക്കുമെന്ന് ഈ നിയമസഭയിൽത്തന്നെ വ്യക്തമായിരിക്കുന്ന സാഹചര്യത്തിൽ അത്തരത്തിൽ ജനങ്ങൾക്ക് ഉപകരിക്കുന്ന പദ്ധതിയിലേയ്ക്ക് ഗവണ്മെന്റ് മടങ്ങിവരണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട്, ഈ അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാത്ത നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഞങ്ങൾ വികസനത്തിനെതിരാണെന്ന വ്യാഖ്യാനത്തിന് അർത്ഥമില്ല. ഈ പദ്ധതിയെ ഞങ്ങൾ എതിർക്കുന്നത് ഇതിലെ പാരിസ്ഥിതിക, സാമ്പത്തിക, സാമൂഹിക ആഘാതങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ ഒരു സ്ക്വയർ കിലോമീറ്ററിൽ 800-ഓളം ജനങ്ങൾ

തിങ്ങിപ്പാർക്കുന്ന ഭൂപ്രദേശമാണ് കേരളമെന്ന് ചോദ്യോത്തരവേളയിൽ പറഞ്ഞു. അത്രമാത്രം ജനസാന്ദ്രത കേരളത്തിലുണ്ട്. അങ്ങനെയുള്ള സാഹചര്യത്തിൽ ഈ പദ്ധതിയുമായി മുന്നോട്ടുപോയാൽ ഇത് ലാഭകരമാവില്ല. ധാരാളം ജനങ്ങൾ കുടിയൊഴിപ്പിക്കപ്പെടുന്ന സാമൂഹ്യവും പാരിസ്ഥിതികവുമായ പ്രശ്നങ്ങളുണ്ടാകും. 'വന്ദേ ഭാരത്' പോലുള്ള പദ്ധതികൾ കൊണ്ടുവരാൻ ഗവണ്മെന്റ് തയ്യാറാകേണ്ടതുണ്ട്. അതിന് രാഷ്ട്രീയ വ്യത്യാസമില്ലാതെയുള്ള പിന്തുണ എല്ലാവരുടെയും ഭാഗത്തുനിന്ന് ഉണ്ടാകുന്നുവെന്നുള്ളതും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതായത് ഗവണ്മെന്റ് മുൻകൈയെടുത്താൽ റെയിൽവേയുടെ വലിയ വികസനം കേരളത്തിൽ കൊണ്ടുവരാൻ സാധിക്കും. ഇപ്പോൾത്തന്നെ വിവിധ റെയിൽവേ സ്റ്റേഷനുകൾ എയർപോർട്ട് മാതൃകയിൽ വികസിപ്പിക്കുന്നുവെന്നാണ് മാധ്യമങ്ങളിലൂടെ അറിയാൻ സാധിച്ചത്. റെയിൽവേയുടെ അനന്തസാദ്ധ്യതകൾ വിനിയോഗിക്കാൻ സാധിക്കണം. ഇടുക്കിയിൽ എയർസ്ട്രിപ് നിർമ്മിച്ചു. അങ്ങനെ എയർസ്ട്രിപ്പുകൾ വ്യാപകമാക്കാൻ സാധിക്കണം. അങ്ങനെ ഇതിന്റെ ആൾട്ടർനേറ്റീവ് പദ്ധതികളിലേയ്ക്ക് പോകണമെന്നാണ് ഗവണ്മെന്റിനോട് അപേക്ഷിക്കാനുള്ളത്. ഞങ്ങൾ ഒരിക്കലും വികസനത്തിനെതിരല്ല.

പാരിസ്ഥിതിക, സാമ്പത്തിക, സാമൂഹ്യ ആഘാതങ്ങളാണ് ഈ പദ്ധതിയെ എതിർക്കാനിടവരുത്തുന്നത്. ഇവിടെ ഗവണ്മെന്റ് ഇറക്കിയിരിക്കുന്ന വിജ്ഞാപനം പിൻവലിക്കണം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി രേഖകളുടെ അടിസ്ഥാനത്തിലാണ് നിയമസഭയിൽ സംസാരിക്കുന്നത്. പക്ഷെ ഗ്രൗണ്ട് റിയാലിറ്റി മറ്റൊന്നാണ്. ഇവിടെ ഭൂമി കൈമാറ്റം നടക്കാത്തതുകൊണ്ട് വലിയ ബുദ്ധിമുട്ടുകൾ പൊതുജനങ്ങൾക്കുണ്ടാകുന്നു. അതോടൊപ്പം ഇതിനെതിരെ 11 ജില്ലകളിലായി 1000-ത്തോളം കേസുകൾ എടുത്തിട്ടുണ്ട്. എനിക്കെതിരെ ആറ് കേസുകളുണ്ട്. എനിക്കെതിരെയോ, എം.എൽ.എ.-മാർക്കെതിരെയോ, ജനപ്രതിനിധികൾക്കെതിരെയോ എടുത്തിട്ടുള്ള കേസുകളൊന്നും നിങ്ങൾ പിൻവലിക്കേണ്ട. പക്ഷെ സാധാരണക്കാരായ ജനങ്ങൾക്കെതിരെ എടുത്തിരിക്കുന്ന കേസുകൾ പിൻവലിക്കണം. സ്വന്തം കിടപ്പാടവും ജീവിതമാർഗ്ഗവും നഷ്ടപ്പെടുമെന്നുകണ്ട് സമരത്തിലേയ്ക്കിറങ്ങിയ സാധാരണക്കാർക്ക് കേസുകളുടെ പേരിൽ കോടതികൾ കയറിയിറങ്ങേണ്ട സാഹചര്യമുണ്ടാകരുത്. അവരുടെ കേസുകൾ നിർബന്ധമായും പിൻവലിക്കണമെന്നുകൂടി ആവശ്യപ്പെടുന്നു. ഈ അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാത്ത നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് വാക്കൗട്ട് ചെയ്യുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, അവ്യക്തമായ, അനിശ്ചിതത്വത്തിലായ ഒരു പദ്ധതിക്ക് മുമ്പിൽ ജനങ്ങൾ നിസ്സഹായരാണ്. പദ്ധതിപ്രദേശത്തെ ഭൂമിയിൽ ക്രയവിക്രയം നടത്താനോ ലോണെടുക്കാനോ സാധിക്കാതെ ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. നേരത്തെ ബഫർ സോണിൽ റെയിൽവേയുടെ എൻ.ഒ.സി. ആയിരുന്നു വേണ്ടിയിരുന്നത്. ഇപ്പോൾ റെയിൽവേയുടെ എൻ.ഒ.സി. പോര, കെ-റെയിലിന്റെ കൂടി എൻ.ഒ.സി. ഉണ്ടെങ്കിൽമാത്രമെ ലോൺ ലഭിക്കുകയുള്ളൂവെന്ന അവസ്ഥയാണ്. വടകരയിലും ഇരിങ്ങലിലുമൊക്കെ ധാരാളം അനുഭവങ്ങളുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് വലിയ ബുദ്ധിമുട്ടാണ് ജനങ്ങൾക്കുണ്ടാകുന്നത്. ഇതിനൊരു പരിഹാരമാണുണ്ടാകേണ്ടത്. അതിനാവശ്യമായ നടപടികൾ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

11.10 AM

III. ശ്രദ്ധ ക്ഷണിക്കൽ

(1) റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കേരളത്തിലെ റബ്ബർ കർഷകർ നിലനിൽപ്പിനായുള്ള പോരാട്ടത്തിലാണ്. കേരളത്തിൽ പതിനൊന്നര ലക്ഷത്തോളം റബ്ബർ കർഷകർ അഞ്ചര ലക്ഷത്തോളം ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്യുന്നുണ്ടെന്നാണ് കണക്ക്. ആ കർഷകരും അവരുടെ ആശ്രിതരും ആ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുമുൾപ്പെടെ ഏതാണ്ട് 50,00,000 പേരുടെ ഉപജീവന മാർഗ്ഗമായ കേരളത്തിലെ റബ്ബർ കൃഷി വലിയ പ്രതിസന്ധിയിലാണ്. വിലനിലവാര സൂചികപ്രകാരം സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയുൾപ്പെടെ കഴിഞ്ഞ പത്ത് വർഷംകൊണ്ട് വർദ്ധനവ് ഇരട്ടിയായപ്പോൾ റബ്ബറിന്റെ കാര്യത്തിൽ 2011-ൽ 238 രൂപ വരെ വിലയുണ്ടായിരുന്നത് 140 രൂപയിലേയ്ക്ക് താഴ്ന്നിരിക്കുകയാണ്. ഇത് കഴിഞ്ഞ പത്ത് വർഷംകൊണ്ട് സംഭവിച്ച വലിയ പ്രതിസന്ധിയാണ്. ഒരു കിലോഗ്രാം ഷീറ്റ് ഉല്പാദിപ്പിക്കുമ്പോൾ പരിപാലനച്ചെലവുൾപ്പെടെ 172 രൂപ ഉണ്ടാകുന്നുവെന്നാണ് റബ്ബർ ബോർഡിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. കൃഷിയായാലും

ബിസിനസ്സായാലും ഉല്പാദനച്ചെലവ് കൂടാതെ 50 ശതമാനത്തിലധികം മൂല്യവർദ്ധനവ് ലഭിച്ചാൽ മാത്രമെ ആദായകരമായി ആ മേഖല നിലനിൽക്കുകയുള്ളൂവെന്നാണ് കണക്ക്. അപ്രകാരമാണെങ്കിൽ റബ്ബറിന് 258 രൂപ വില ലഭിക്കേണ്ടതാണ്. ദൗർഭാഗ്യവശാൽ വില 140 രൂപയിൽ എത്തിനിൽക്കുന്ന സ്ഥിതിയാണ്. കേന്ദ്ര ഗവണ്മെന്റിന്റെ നയങ്ങളാണ് ഈ സ്ഥിതിയിലേയ്ക്ക് കർഷകരെയെത്തിച്ചതെന്നുള്ളത് വ്യക്തമാണ്. യു.പി.എ. സർക്കാരിന്റെ കാലത്താരംഭിച്ച കർഷകദ്രോഹ നടപടികൾ ഇന്ന് അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തിയിരിക്കുകയാണ്. റബ്ബറിന്റെ ഇറക്കുമതി ചുങ്കം പിൻവലിച്ചതും തുറമുഖ നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞതും ആസിയാൻ കരാറിൽ കർഷകവിരുദ്ധ വ്യവസ്ഥകൾ എഴുതിച്ചേർത്തതുമൊക്കെ ഉദാഹരണമാണ്. കേന്ദ്ര ഗവണ്മെന്റ് കർഷകരോട് നിഷേധാത്മക നിലപാടാണ് വച്ചുപുലർത്തുന്നത്. ടയർ വ്യവസായികളെ സഹായിക്കാൻ ടയറിന്റെ ഇറക്കുമതിയിൽ സേഫ്ഗാർഡ് ഡ്യൂട്ടി കേന്ദ്ര ഗവണ്മെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷെ കർഷകർക്ക് ഒരു സഹായവും ചെയ്യാൻ തയ്യാറാകുന്നില്ല. അതിലുപരി കേരളത്തിലെ കർഷകർക്ക് ഏറ്റവും ദ്രോഹകരമാകുന്ന സമീപനം സ്വീകരിച്ചുകൊണ്ട് നോർത്ത്-ഈസ്റ്റ് സംസ്ഥാനങ്ങളിലേയ്ക്ക് റബ്ബർ കൃഷിയാകെ പറിച്ചുനടാനുള്ള ശ്രമത്തിലാണ്.

അവിടെ അഞ്ച് ലക്ഷം ഹെക്ടറിൽ റബ്ബർ കൃഷി വ്യാപിപ്പിക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. പക്ഷെ, അതിനുവേണ്ടി കേന്ദ്രസർക്കാർ വ്യവസായികളുമായി ചേർന്ന് 1,100 കോടി രൂപ അവിടത്തെ കർഷകർക്ക് പലിശരഹിത വായ്പ നൽകാൻവേണ്ടി നീക്കിവച്ചിരിക്കുകയാണ്. പക്ഷെ, കേരളത്തിലേയ്ക്ക് ആ സംരക്ഷണത്തിന്റെ കരങ്ങൾ എത്തുന്നില്ല എന്നതാണ് ഈ ഇരട്ടത്താപ്പിന്റെ പ്രതിഫലനം. കേന്ദ്രം നിഷേധാത്മക നയങ്ങളുമായി മുന്നോട്ടുപോകുമ്പോഴും സംസ്ഥാന ഗവണ്മെന്റ് ആശ്വാസകരമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നത് പറയാതിരിക്കാൻ സാധിക്കില്ല. യശ:ശ്ശരീരനായ മാണിസാറിന്റെ കാലത്താരംഭിച്ച റബ്ബർ വിലസ്ഥിരതാ ഫണ്ട് 150 രൂപയായിരുന്നത് 170 രൂപയായി വർദ്ധിപ്പിച്ചത് ഈ ഗവണ്മെന്റാണ്. അതുപോലെ കോട്ടയം ജില്ലയിലെ വെള്ളൂരിൽ എച്ച്.എൻ.എൽ.-ന്റെ സ്ഥലത്ത് കേരള റബ്ബർ ലിമിറ്റഡ് ആരംഭിക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടികളും കർഷകർക്ക് ആശ്വാസകരമാണ്. പക്ഷെ, പ്രതിസന്ധി ഒഴിയുന്നില്ലെന്ന വലിയ സാഹചര്യത്തിലാണ് ഇപ്പോഴും മുമ്പോട്ടുപോകുന്നത്. അക്കാര്യത്തിൽ കൂടുതൽ ആശ്വാസകരമായ നടപടികൾ സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. വില സ്ഥിരതാ ഫണ്ട് 170 രൂപയെന്നുള്ളത് ചുരുങ്ങിയത് 200 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കാനുള്ള

നടപടി സ്വീകരിക്കണം. അതിൽ കേന്ദ്ര ഗവണ്മെന്റിന്റെ സഹായം അഭ്യർത്ഥിക്കേണ്ടതുണ്ട്. അതുപോലെ ക്രമ്പ് റബ്ബറിന്റെ ഇറക്കുമതി നിരോധിക്കാനും റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കാനും വെട്ടിക്കുറച്ച സബ്സിഡി പുനഃസ്ഥാപിക്കാനും കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. ഇക്കാര്യങ്ങളിലൊക്കെ കേന്ദ്ര ഗവണ്മെന്റിൽനിന്നുവേണം കർഷകർക്ക് അനുകൂലമായ നടപടിയുണ്ടാകേണ്ടത്. വിലസ്ഥിരതാ ഫണ്ടിലെ ചെറിയൊരു അപാകതകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ലാറ്റക്സും ഷീറ്റ് റബ്ബറും രണ്ടായി കണക്കാക്കപ്പെടുന്ന ഒരു സ്ഥിതിയുണ്ട്. അതായത് ഷീറ്റ് റബ്ബറിന് റബ്ബർ ബോർഡ് നിശ്ചയിക്കുന്ന വിലയ്ക്കനുസൃതമായാണ് വില സ്ഥിരതാ ഫണ്ടിലെ ആനുകൂല്യം ലഭിക്കുന്നത്. പക്ഷെ ലാറ്റക്സിന് ആ വില ലഭിക്കുന്നില്ല. ഉദാഹരണത്തിന് ഷീറ്റ് റബ്ബറിന് ഇന്ന് റബ്ബർ ബോർഡ് നിശ്ചയിച്ചിരിക്കുന്നത് 143 രൂപയാണ്. പക്ഷെ, ലഭിക്കുന്ന വിപണി വില 138 രൂപയാണ്. അപ്പോൾ 143 രൂപയും 170 രൂപയുമായുള്ള വിലവ്യത്യാസം ഷീറ്റ് വിൽക്കുന്നവർക്ക് ലഭിക്കുമ്പോൾ ലാറ്റക്സ് വിൽക്കുന്നവർക്ക് ഇന്നത്തെ വില 120 രൂപയും കർഷകർക്ക് ലഭിക്കുന്നത് 110 രൂപയുമാണ്. യഥാർത്ഥത്തിൽ ലാറ്റക്സ് വിൽക്കുന്നവർക്ക് ഇന്ന് 41 രൂപ

ഇൻസെന്റീവ് സ്കീമിൽനിന്ന് ലഭിക്കാൻ അർഹതയുണ്ട്. പക്ഷെ ലഭിക്കുന്നത് 141 രൂപയും കൈകാര്യച്ചെലവായ 9 രൂപയും കഴിച്ചുള്ള തുക മാത്രമാണ്. ലാറ്റക്സ് വിൽക്കുമ്പോൾ ഒരുമാസത്തെ സീലിംഗുണ്ട്, ഏത് മാസമാണോ വിൽക്കുന്നത് ആ മാസം ഒരു ഹെക്ടറിന് 150 രൂപയാണ്. പക്ഷെ ലാറ്റക്സ് അതത് മാസം വിൽക്കാൻ സാധിക്കില്ല. മാസ സീലിംഗ് മാറ്റിക്കൊണ്ട്, ലാറ്റക്സിലും ഷീറ്റ് വിൽക്കുമ്പോഴുമുള്ള വില വ്യത്യാസത്തിന്റെ അപാകതകൂടി പരിഹരിക്കണമെന്നും വില സ്ഥിരതാ ഫണ്ട് വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ റബ്ബറിന് താങ്ങുവില പ്രഖ്യാപിച്ച് 2015 മുതൽ സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന പദ്ധതിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. ഈ പദ്ധതി നടപ്പിലാക്കിയതുവഴി കർഷകർക്ക് റബ്ബറിന് താങ്ങുവില ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം കിലോയ്ക്ക് 150 രൂപയായിരുന്ന താങ്ങുവില, റബ്ബറിന്റെ ഉൽപ്പാദനച്ചെലവ് പരിഗണിച്ച് 2021 ഏപ്രിൽ 1 മുതൽ കിലോയ്ക്ക് 170

രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവില 170 രൂപയിൽനിന്ന് 200 രൂപയായി ഉയർത്തുന്നതിന് കേന്ദ്രസഹായം ആവശ്യമാണ്. താങ്ങുവില വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പരിഗണിച്ചിട്ടില്ല. റബ്ബറിന്റെ വിലയിടിവ് കാരണം ബുദ്ധിമുട്ടുന്ന കർഷകർക്ക് ഗുണപ്രദമാകുന്ന രീതിയിൽ താങ്ങുവില വർദ്ധിപ്പിച്ചും ധനസഹായം മുടക്കമില്ലാതെയും കുടിശ്ശികയില്ലാതെയും ലഭ്യമാക്കുക എന്നതിനാണ് സർക്കാർ മുൻഗണന നൽകിവരുന്നത്. 27-11-2022 വരെ റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച എല്ലാ ബില്ലുകളിന്മേലും സബ്സിഡി അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ കീഴിൽ നാളിതുവരെ 1,777.22 കോടി രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 2022 ഒക്ടോബർ മാസം വരെയുള്ള കർഷകരുടെ ബില്ലുകളുമുൾപ്പെടും. കേന്ദ്രസർക്കാരിന്റെ കരട് റബ്ബർ നിയമ ഭേദഗതി നിർദ്ദേശങ്ങളിന്മേൽ കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളിൽ കേരളത്തിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ അറിയിക്കുകയും റബ്ബർ മേഖലയിലെ കർഷകർക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്ന വ്യവസ്ഥകളായിരിക്കണം നിയമത്തിലുൾപ്പെടുത്തേണ്ടതെന്നും പുതിയ ബില്ലിൽ പറഞ്ഞിരിക്കുന്ന റബ്ബർ

പ്രൊമോഷൻ ആൻഡ് ഡെവലപ്മെന്റ് ഫണ്ടിന്റെ 30 ശതമാനം റബ്ബർ കർഷകർക്ക് സബ്സിഡിക്കും ഇൻസെന്റീവുകൾക്കുമായി ഉപയോഗിക്കണമെന്നും ഇറക്കുമതി ചെയ്യുന്ന റബ്ബറിന്റെ വില നിയന്ത്രിക്കാനായി നിയമത്തിൽ ഒരു ക്ലോസ് ഉൾപ്പെടുത്തണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതാണ് ശ്രദ്ധക്ഷണിക്കലിൽ ഉന്നയിച്ച പ്രധാനപ്പെട്ട കാര്യങ്ങളിൽ സർക്കാർ ചെയ്തിട്ടുള്ളത്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കേരള സർക്കാർ കർഷകർക്കനുകൂലമായി സ്വീകരിക്കുന്ന നടപടികൾ ആശ്വാസകരമാണ്. എങ്കിലും രണ്ട് കാര്യങ്ങൾക്കുകൂടി നടപടിയുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വിലസ്ഥിരതാ ഫണ്ട് കുറച്ചുകൂടി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ; ഇറക്കുമതി നിയന്ത്രിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ? ഈ രണ്ട് കാര്യങ്ങളിലും ശക്തമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അടുത്തകാലത്താണ് റബ്ബറിന്റെ വിലയുടെ കാര്യത്തിൽ വീണ്ടും മാന്ദ്യമുണ്ടായത്. കഴിഞ്ഞ കുറേ നാളുകളായി 170 രൂപയുടെ അടുത്തേയ്ക്കെത്തിയിരുന്നു. എന്നാൽ ഇപ്പോൾ റബ്ബറിന്റെ വില വളരെ താഴ്ന്നിട്ടുണ്ട്. പല കൃഷി ഉൽപ്പന്നങ്ങളുടെയും കാര്യത്തിൽ

ഇന്നലെയും മിനിഞ്ഞാന്നുമുള്ള രണ്ട് സബ്മിഷനുകൾക്ക് കൃഷി വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ റബ്ബറിന്റെ കാര്യവും പറഞ്ഞിട്ടുണ്ട്. കൃഷിക്കാർക്ക് കുറച്ചുകൂടി വില ലഭിക്കാനുള്ള സ്റ്റെപ്പുകളെടുക്കുന്നുണ്ട്. കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ ചലിക്കുന്നില്ലെന്ന് മാത്രമല്ല, കേരളത്തിനകത്ത് റീപ്ലാന്റ് ചെയ്യുന്നതിനുള്ള റേറ്റും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പ്രത്യേകിച്ച് നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിലുള്ള റേറ്റും തമ്മിൽ വ്യത്യാസമുണ്ട്. അതോടൊപ്പം ഇന്ത്യയ്ക്കകത്തുൽപ്പാദിപ്പിക്കുന്ന റബ്ബറിന് ഒരു പർട്ടിക്കുലർ ക്വാളിറ്റി നിശ്ചയിക്കുമ്പോഴും അതുവേണമെന്ന ചില നിബന്ധനകൾ പറയുമ്പോഴും ഇന്ത്യയ്ക്ക് പുറത്തുനിന്നും ചിരട്ടപ്പാൽ ഉൾപ്പെടെ ബ്ലോക്ക് റബ്ബറായി, യാതൊരു നിയന്ത്രണവുമില്ലാതെ കൊണ്ടുവരുന്നുണ്ട്. എന്തായാലും സംസ്ഥാനം അതിശക്തമായി അക്കാര്യങ്ങൾ നിയന്ത്രിക്കാനുള്ള ആവശ്യങ്ങളുന്നയിക്കുന്നതാണ്. കഴിഞ്ഞ തവണ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ കണ്ടപ്പോഴും സബ്സിഡിയുടെ കാര്യത്തിൽ പ്രത്യേക ആനുകൂല്യങ്ങൾ വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. റബ്ബറിന്റെ ഉൽപ്പാദനത്തോടൊപ്പം ഉപഭോഗം വർദ്ധിപ്പിക്കാനും കുറേയേറെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. റബ്ബറിന്റെ ആവശ്യം കൂടുതലായി വരുന്ന തരത്തിലേയ്ക്ക് റബ്ബറൈസ്ഡ് റോഡുപോലുള്ള കാര്യങ്ങൾക്ക് റബ്ബർ ഉപയോഗിക്കണം.

അതിന് സംസ്ഥാന ബഡ്ജറ്റിൽ 50 കോടി രൂപ പരീക്ഷണാടിസ്ഥാനത്തിൽ മാറ്റിവച്ചിട്ടുണ്ട്. റിസർച്ചിനുവേണ്ടി എം.ജി. യൂണിവേഴ്സിറ്റിയുമായി ചർച്ച ചെയ്തിട്ടുണ്ട്. റബ്ബർ ഇന്ത്യയിലാകെ ഉപയോഗിക്കുകയാണെങ്കിൽ കുറച്ചുകൂടി ഡിമാന്റ് വരും. വെള്ളൂർ ന്യൂസ്പ്രിന്റ് ഫാക്ടറിയുടെ സ്ഥലം ഏറ്റെടുത്തിടത്ത് കേരള റബ്ബർ പ്രൊഡ്യൂസിംഗ് കമ്പനി എന്നൊരു പുതിയ കമ്പനി രൂപീകരിച്ചിട്ടുണ്ട്. അതിനാവശ്യമായ പണവും അനുവദിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളൊക്കെ ചെയ്യുന്നുണ്ടെങ്കിലും കേന്ദ്രസർക്കാരിന്റെ നിലപാടാണ് പ്രധാന പ്രശ്നം. ഉൽപ്പാദനത്തിന്റെ കാര്യത്തിൽ 90-95 ശതമാനവും കേരളത്തിലുണ്ടാകുന്ന ഉൽപ്പന്നമെന്ന നിലവരുന്നതോടെ റബ്ബർ മേഖലയ്ക്ക് കുറച്ചുകൂടി ബുദ്ധിമുട്ടുകൾ വരുന്ന സ്ഥിതിയാണ് ഇപ്പോൾ കാണുന്നത്. റബ്ബറിന് വ്യവസായത്തിന്റെ പരിഗണന വരുമ്പോൾ കൃഷിയുടെ പല പരിഗണനയും അതിന് ലഭിക്കില്ല. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ ലാറ്റക്സിന്റെയും റബ്ബറിന്റെയും പ്രശ്നങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും അതിശക്തമായി അക്കാര്യങ്ങളിലിടപെടാനും ശ്രമിക്കാം. റബ്ബറിന്റെ താങ്ങുവില 170 രൂപയെന്ന് പറയുന്നത് വളരെ കുറഞ്ഞ വിലയല്ല. പക്ഷേ, കുറച്ചുകൂടി വില ലഭിക്കേണ്ടതാണ്. 250 രൂപ വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും 200

രൂപയെങ്കിലും ആക്കാനുള്ള ഗ്യാപ് തരണമെന്ന നിലയിലേയ്ക്കുള്ള കേരളത്തിന്റെ ആവശ്യം വീണ്ടും അതിശക്തമായി കേന്ദ്രസർക്കാരിനോട് ഉന്നയിക്കാം. നവംബർ മാസം 27 വരെ അപ്‌ലോഡ് ചെയ്ത എല്ലാ ബില്ലുകളും സർക്കാർ കൊടുത്തിട്ടുണ്ട്. കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ എം.പി.-മാരുൾപ്പെടെ അക്കാര്യത്തിൽ സജീവമായി ഇടപെടാനുള്ള ശ്രമങ്ങളുണ്ടാകണം. അതിശക്തമായി ഇക്കാര്യങ്ങൾ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാം.

(2) പി.എസ്.സി.-യുടെ പുതിയരീതിയിലുള്ള പരീക്ഷാ നടത്തിപ്പ്

ശ്രീ. ഷാഫി പറമ്പിൽ: സർ, സംസ്ഥാനത്തെ ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് സ്ഥിരം ജോലിയിലേയ്ക്ക് വഴിയൊരുക്കേണ്ട പി.എസ്.സി.-യും താല്കാലിക നിയമനം നടത്താനൊരുങ്ങുന്നു എന്നുള്ളതാണ് കഴിഞ്ഞ ദിവസം പത്രത്തിൽവന്ന വാർത്ത. അസിസ്റ്റന്റ് തസ്തികയിലെ പത്ത് ഒഴിവുകളിലേയ്ക്ക് താല്കാലിക നിയമനം നടത്താൻ പി.എസ്.സി. ഇന്റർവ്യൂ നടത്തി. പി.എസ്.സി.-യിലേയ്ക്ക് അസിസ്റ്റന്റ് നിയമനം നടത്തേണ്ട തസ്തികയുടെ റാങ്ക് ലിസ്റ്റ് ഏപ്രിൽ 8-ന് അവസാനിച്ച സാഹചര്യത്തിലാണ് ഇതുണ്ടാകുന്നത്. പി.എസ്.സി.-യിൽപ്പോലും താല്കാലിക ജീവനക്കാരെ നിയമിക്കേണ്ട അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ

പോകുന്നുവെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. പി.എസ്.സി.-യിൽ ആദ്യം പ്രാഥമിക പരീക്ഷ നടത്തിയതിനുശേഷം മെയിൻ പരീക്ഷ നടത്താൻ തീരുമാനിച്ചു. അതിന്റെ എല്ലാ ന്യായീകരണങ്ങളും നിലനിൽക്കുമ്പോഴും ഉദ്യോഗാർത്ഥികൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാവുകയാണ്. ഒരു ലിസ്റ്റിൽനിന്ന് പുറത്തായാൽ സമാനയോഗ്യതയുള്ള തസ്തികകളിലേയ്ക്ക് പരീക്ഷ എഴുതാൻ അവർക്ക് അവസരം ലഭിക്കുന്നില്ല. അഞ്ചും ആറും ഘട്ടങ്ങളിലായി പരീക്ഷ നടത്തുമ്പോൾ ചില ഘട്ടങ്ങളിലെ പരീക്ഷ വളരെ പ്രയാസമായി വരും. ചില ഘട്ടങ്ങളിലെ പരീക്ഷ എളുപ്പമുള്ളതാകുമ്പോൾ പ്രയാസമുള്ള ഘട്ടങ്ങളിലെ പരീക്ഷ എഴുതുന്ന ആളുകൾ കൂട്ടത്തോടെ അതിൽനിന്ന് പുറത്താവുകയാണ്. അങ്ങനെ കൂട്ടത്തോടെ പുറത്തായാൽ മൂന്നോ നാലോ വർഷത്തേയ്ക്ക് പിന്നീട് വരുന്ന ന്യൂകണക്കിന് പോസ്റ്റുകളിലേയ്ക്ക് അപേക്ഷിക്കാനോ, പരീക്ഷ എഴുതാനോ കഴിയാത്ത തരത്തിൽ അവർ ആ സിസ്റ്റത്തിൽനിന്ന് പുറത്തുപോകുന്ന സാഹചര്യമാണുണ്ടാകുന്നത്. ഇത് ഗൗരവമായി പരിഗണിക്കേണ്ട കാര്യമാണ്. ഇപ്പോൾ മൂന്നും അഞ്ചും ഘട്ടത്തിൽ നടന്ന പരീക്ഷയെ സംബന്ധിച്ച് വ്യാപക പരാതിയാണ്. ഒന്നും രണ്ടും നാലും ഘട്ടങ്ങളിലെ പരീക്ഷ എഴുതിയ ആളുകൾക്ക് കയറാനും മൂന്നും അഞ്ചും

ഘട്ടങ്ങളിലെ പരീക്ഷ എഴുതിയവർ കൂട്ടത്തോടെ പുറത്തുനിൽക്കേണ്ട അവസ്ഥയുണ്ടാകുമെന്ന ആശങ്ക അവരിലുണ്ടാവുകയുമാണ്. ഇത് ഉദ്യോഗിക്കുന്ന ഗുണമുണ്ടാക്കുന്നില്ലെന്നുമാത്രമല്ല പല റാങ്ക് ലിസ്റ്റുകളും ഇല്ലാതാകുന്ന അവസ്ഥയുണ്ടാകുന്നു. വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, കമ്പനി/ബോർഡ്/കോർപ്പറേഷൻ ലാസ്റ്റ് ഗ്രേഡ്, ബിവറേജസ് കോർപ്പറേഷൻ അസിസ്റ്റന്റ്, ബിവറേജസ് കോർപ്പറേഷൻ എൽ.ഡി.സി. എന്നിവയുടെ റാങ്ക് ലിസ്റ്റ് നിലവിലില്ല. കമ്പനി/കോർപ്പറേഷൻ/ബോർഡ് അസിസ്റ്റന്റിന്റെ രണ്ട് റാങ്ക് ലിസ്റ്റുകളും ഡിസംബർ 30-ന് റദ്ദാവുകയാണ്. പുതിയ ലിസ്റ്റ് നിലവിലില്ല. സിവിൽ പോലീസ് ഓഫീസറുടെ മുൻ റാങ്ക് ലിസ്റ്റ് റദ്ദായിട്ട് രണ്ടുവർഷം കഴിഞ്ഞു. എസ്.ഐ., ഫയർമാൻ, അസിസ്റ്റന്റ് ജയിലർ, എക്സൈസ് ഇൻസ്പെക്ടർ എന്നിവയുടെ റാങ്ക് ലിസ്റ്റുമില്ല. എൽ.ഡി.സി., എൽ.ജി.എസ്. എന്നിവയുടെ റാങ്ക് ലിസ്റ്റ് കൃത്യമായ ഇടവേളകളിൽ വന്നിരുന്നത് ഇപ്പോൾ വരാതായി. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ താല്കാലിക നിയമനം കൊടുക്കാൻ പാടില്ലെന്നാണ് പറയുന്നത്. പക്ഷേ ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യമാണ്. ലിസ്റ്റ് നിലവിലുള്ള അവസ്ഥ നോക്കാം. 2022-ലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റിന്റെ കാര്യത്തിൽ പല വകുപ്പുകളും പത്തും ഇരുപത്തിയഞ്ചും ശതമാനം

വേക്കൻസി റിപ്പോർട്ട് ചെയ്യണ്ടെന്ന് ഓറലായി നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ഉദ്യോഗാർത്ഥികൾ പിന്നാലെ നടന്ന് വിവരാവകാശം കൊടുത്ത് ഓരോ ഉദ്യോഗസ്ഥരെ കാണുമ്പോഴും അവരോട് വളരെ നെഗറ്റീവ് അപ്രോച്ചാണുള്ളത്. ജി.എസ്.ടി.-യിൽ റീ-സ്ട്രക്ചറിംഗ് നടക്കുന്നുവെന്ന പേരിൽ അവിടത്തെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ല. കമ്പനി/ബോർഡ്/കോർപ്പറേഷനിലെ 399/2017, 400/2017 എന്നീ രണ്ട് ലിസ്റ്റുകളിലും ഒരേ ആളുകൾ വന്നിട്ടുണ്ട്. 400/2017-ലെ ലിസ്റ്റിൽനിന്നും നിയമനവും നടക്കുന്നില്ല. എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ കാലതാമസം വരുമ്പോൾ പ്രായപരിധിക്കകത്ത് അവസരം ലഭിക്കേണ്ട ആളുകൾ ഇതിൽനിന്ന് പുറന്തള്ളപ്പെടുന്ന പ്രയാസമാണ് അവർ പങ്കുവയ്ക്കുന്നത്. കെ.എസ്.ഇ.ബി.എൽ.-ൽ നൂറുദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തി 436 ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചതാണ്. 218 പേർക്ക് തൊഴിൽ കൊടുത്തതോടെ അത് നിർത്തിവച്ചു. സ്മാർട്ട് മീറ്ററിന്റെയും മറ്റും പേരുപറഞ്ഞ് നിയമനം നിർത്തിവച്ചതിന്റെ പേരിൽ റാങ്ക് ലിസ്റ്റിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾ പുറകെ നടക്കാൻ തുടങ്ങിയിട്ട് എത്രയോ വർഷങ്ങളായി. അവർക്ക് സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ തൊഴിൽ

കൊടുക്കുമെന്ന് ഉറപ്പുപറഞ്ഞിരിക്കുന്ന സാഹചര്യമാണ് റദ്ദ് ചെയ്യപ്പെടുന്നത്. ലാബ് ടെക്നീഷ്യന്റെ എൻ‌ടി കേഡർ പോസ്റ്റുകൾ വെട്ടിക്കുറച്ചു. റാങ്ക് ലിസ്റ്റിലുള്ള ആളുകൾക്ക് നിയമനം ലഭിക്കുന്നില്ല. ഫാർമസിസ്റ്റ് ഗ്രേഡ് II-ന് 1961-ലെ പാറ്റേൺ ആണ്. ഇപ്പോഴത്തെ ഒഴിവുകൾ ലഭിക്കുന്നില്ല. പലയിടത്തും ഈ പോസ്റ്റില്ലെന്നുള്ള അവസ്ഥയാണ്. ലിസ്റ്റ് നിലവിൽ വന്ന് ഒരു വർഷമായിട്ടും നഴ്സുമാരുടെ നിയമനം കാര്യമായി നടക്കുന്നില്ല. പക്ഷേ, താല്കാലിക നിയമനം ചാകരപോലെ നടന്നുകൊണ്ടിരിക്കുകയാണ്. ലിസ്റ്റിലുള്ള ആളുകൾ കാത്തുനിൽക്കുന്നു എന്നുള്ളത് ഗൗരവത്തോടെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-ന്റെ കാര്യം ഇവിടെ പറഞ്ഞു. മാർച്ച് 23-ന് ആ ലിസ്റ്റിന്റെ കാലാവധി അവസാനിക്കുകയാണ്. 2019-ൽ നോട്ടിഫിക്കേഷൻ വന്ന എൽ.ഡി. ക്ലാർക്ക് (വിവിധം) തസ്തികയിലേയ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേയ്ക്കുപോലും അഡ്വൈസ് അയയ്ക്കാത്ത സാഹചര്യം പല സ്ഥലങ്ങളിലുമുണ്ടാകുന്നു. സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ്മാനായി എത്ര ആളുകളെയാണ് താല്കാലികമായി നിയമിക്കുന്നത്. എന്നാൽ ലിസ്റ്റിൽനിന്ന് ജോലി കൊടുക്കാൻ തയ്യാറാകുന്നില്ല. പി.എസ്.സി.-യുടെ ഫീൽഡ് വർക്കേഴ്സിന്റെ കാര്യത്തിൽ അപേക്ഷ കൊടുത്ത് പരീക്ഷയെല്ലാം

കഴിഞ്ഞതിനുശേഷം വിജ്ഞാപനത്തിൽ മാറ്റംവരികയാണ്. നാല് ശതമാനം ഭിന്നശേഷിക്കാരായ ആളുകൾക്ക് പ്രൊമോഷൻ പോസ്റ്റ് കൊടുക്കണമെന്നുള്ള സുപ്രീംകോടതി വിധി കേരളം ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ഹോമിയോ, ആയുർവ്വേദ മെഡിക്കൽ ഓഫീസർ തസ്തികകളിലൊക്കെ ഇത്തരം ഗുരുതരമായ പ്രശ്നങ്ങൾ നേരിടുകയാണ്. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, പോലീസ് കോൺസ്റ്റബിൾ, വിമൻ പോലീസ് കോൺസ്റ്റബിൾ, ഡ്രൈവർ (വിവിധം), കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ട്രേഡ്സ്മാൻ, ലക്ചറർ ഇൻ പോളിടെക്നിക്സ് തുടങ്ങിയവയുടെ ലിസ്റ്റ് നിലവില്ലാത്ത അവസ്ഥയാണ്. ജോലിയുടെ യോഗ്യത നിശ്ചയിക്കുന്നത് പി.എസ്.സി.-യാണെന്നിരിക്കെ അതിലെ നിയമനം അട്ടിമറിക്കപ്പെടുന്ന സാഹചര്യമുണ്ടാകാതിരിക്കാനും ഗുരുതരമായ ഈ സാഹചര്യം ഒഴിവാക്കാനും അടിയന്തരമായി പരിഷ്കരണത്തിന്റെ ഫലപ്രാപ്തി പഠിച്ച് ഉചിതമായ തീരുമാനമെടുക്കാനും സർക്കാർ രംഗത്ത് വരണമെന്ന് പാവപ്പെട്ട ഉദ്യോഗാർത്ഥികൾക്കുവേണ്ടി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വിവിധ തസ്തികകളിലേയ്ക്ക് നിയമനത്തിനുള്ള തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി കാലവിളംബം കൂടാതെ റാങ്ക് പട്ടികകൾ

പ്രസിദ്ധീകരിക്കുന്നതിന് ഫലപ്രദമായ നടപടികളാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചിട്ടുള്ളത്. കൂടുതൽ അപേക്ഷകരുള്ള തസ്തികകൾക്ക് 2021 മുതൽ പ്രാഥമിക പരീക്ഷയും മുഖ്യ പരീക്ഷയും നടത്തിവരുന്നു. പ്രധാനമായും 7-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ്, പ്ലസ് ടു, ഡിഗ്രി തലംവരെ തിരിച്ചാണ് പ്രാഥമിക പരീക്ഷകൾ നടത്തുന്നത്. ചോദ്യങ്ങളും ഉത്തരങ്ങളും സംബന്ധിച്ച് ഉദ്യോഗാർത്ഥികൾ ഉന്നയിക്കുന്ന പരാതികൾ പരിശോധിച്ച് പരിഹരിക്കാൻ വിദഗ്ധ സമിതി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രാഥമിക പരീക്ഷകൾക്കും ബാധകമാണ്. കൂടുതൽ അപേക്ഷകരുള്ള തസ്തികകളിലേയ്ക്ക് ഒരു ഘട്ടമായി പരീക്ഷ നടത്തുന്നത് അസാധ്യമാകുന്ന സന്ദർഭങ്ങളിൽ ജില്ലതിരിച്ച് വിവിധ തീയതികളിലാണ് പരീക്ഷ നടത്തുന്നത്. ഉദ്യോഗാർത്ഥികൾക്ക് സ്വന്തം ജില്ലയിൽത്തന്നെ പരീക്ഷ എഴുതാനുള്ള അവസരവും ഇതിലൂടെ ലഭിക്കുന്നുണ്ട്. പരീക്ഷാ കമ്മീഷൻ രൂപീകരിച്ചിട്ടുള്ള വിദഗ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാർക്ക് ക്രമീകരണം നടത്തിയാണ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നത്. ഇതുസംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കാറുണ്ട്. ഷോർട്ട് ലിസ്റ്റ്, റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുമ്പോൾ സംവരണ വിഭാഗങ്ങളുടെ ചട്ടപ്രകാരമുള്ള പ്രാതിനിധ്യം പി.എസ്.സി. ഉറപ്പുവരുത്തുന്നുണ്ട്. റാങ്ക്

ലിസ്റ്റുകൾ കാലതാമസം വരുത്താതെ പ്രസിദ്ധീകരിക്കുന്നതിനും ഈ പരീക്ഷാ സമ്പ്രദായം സഹായകരമാണ്. പൊതു പ്രാഥമിക പരീക്ഷകളിൽ ഏർപ്പെടുത്തിയിട്ടുള്ള തസ്തികകളുടെ എണ്ണം, പരീക്ഷയിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ എണ്ണം, മുൻ റാങ്ക് പട്ടികയിലെ നിയമന ശിപാർശകളുടെ എണ്ണം, തെരഞ്ഞെടുപ്പ് നിർദ്ദേശം സമർപ്പിക്കുന്നതുവരെ റിപ്പോർട്ടുചെയ്ത ഒഴിവുകളുടെ എണ്ണം, എൻ.ജെ.ഡി., എൻ.സി.എ. ഒഴിവുകൾ, മുൻ റാങ്ക് പട്ടികയിലെ റെലിൻക്വിഷ്മെന്റ് അപേക്ഷകളുടെ എണ്ണം, എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള എൻ.സി.എ. കോംപൻസേഷൻ, മുൻ റാങ്ക് പട്ടികയിൽനിന്നും നികത്താൻ കഴിയാത്ത ഭിന്നശേഷി വിഭാഗത്തിലെ ടേണുകളുടെ എണ്ണം മുതലായവ പരിഗണിച്ചാണ് സാധ്യതാ പട്ടികയിലെയും ചുരുക്ക പട്ടികയിലെയും ഉദ്യോഗാർത്ഥികളുടെ എണ്ണം നിശ്ചയിക്കുന്നത്. ഒരേ യോഗ്യതയെ അടിസ്ഥാനമാക്കി വിവിധ തസ്തികകളിൽ നിയമനം നടത്തേണ്ട സാഹചര്യമുണ്ട്. അത്തരം പരീക്ഷകളിൽ ഓരോന്നിലും ഉദ്യോഗാർത്ഥികൾ പ്രത്യേകം പ്രത്യേകം അപേക്ഷ നൽകുന്നുമുണ്ട്. ഇതുമൂലം ഓരോ തസ്തികകളിലെ നിയമനത്തിനും വലിയ എണ്ണം ഉദ്യോഗാർത്ഥികൾക്കായി ആവർത്തിച്ച് പരീക്ഷ നടത്തേണ്ടിവരുന്ന സാഹചര്യമുണ്ടായിരുന്നു. ഇത് സമയനഷ്ടത്തിനും റാങ്ക്

ലിസ്റ്റുകൾ തയ്യാറാക്കുന്നതിനും വലിയ കാലതാമസത്തിന് കാരണമാകുന്നു. പരീക്ഷ നടത്തുമ്പോൾ അപേക്ഷകരിൽ ഗണ്യമായ എണ്ണംപേർ പരീക്ഷയ്ക്ക് ഹാജരാകാത്ത സ്ഥിതിയുമുണ്ട്. ഇതെല്ലാം കണക്കിലെടുത്താണ് പൊതുവായ യോഗ്യതയുള്ള തസ്തികകൾക്കായി പ്രാഥമിക പരീക്ഷകൾ നടത്തുന്നത്. പ്രാഥമിക പരീക്ഷകൾക്കുശേഷം ഓരോ തസ്തികയ്ക്കും മുഖ്യ പരീക്ഷകളും നടത്തുന്നുണ്ട്. ആയതിനാൽ ഉദ്യോഗാർത്ഥികൾക്ക് എന്തെങ്കിലും തരത്തിലുള്ള അവസരനഷ്ടം ഉണ്ടാകുന്നില്ലെന്നുമാത്രമല്ല, റാങ്ക് ലിസ്റ്റ് സമയബന്ധിതമായി തയ്യാറാക്കുന്നതിനും കഴിയും. ഇത്തരത്തിലുള്ള പരീക്ഷാ നടത്തിപ്പ് രണ്ടുതവണ പി.എസ്.സി. വിജയകരമായി പരാതികൾക്കിടയില്ലാത്തവിധം നടത്തിക്കഴിഞ്ഞു. ഇതുസംബന്ധിച്ച് ഉദ്യോഗാർത്ഥികളിൽനിന്നും പരാതികളൊന്നും പി.എസ്.സി.-ക്ക് ലഭിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. സുതാര്യമായി നടത്തുന്ന തെരഞ്ഞെടുപ്പ് നടപടികളിൽ ഉദ്യോഗാർത്ഥികൾക്ക് യാതൊരുവിധ ആശങ്കയ്ക്കും അടിസ്ഥാനമില്ല.

ശ്രീ. ഷാഫി പറമ്പിൽ: സർ, അങ്ങേയ്ക്ക് എഴുതിത്തരുന്ന കാര്യങ്ങൾ തന്നെയാണോ നടക്കുന്നതെന്ന് പരിശോധന നടത്താൻ തയ്യാറാകണം. അനന്തമായ കാലതാമസം ഉണ്ടാകുന്നുണ്ട്. വേക്കൻസി റിപ്പോർട്ടിംഗാണ്

ഏറ്റവും പ്രധാനപ്പെട്ട തലവേദനകളിൽ ഒന്നായി മാറുന്നത്. ശ്രീമതി നിഷ ബാലകൃഷ്ണൻ എന്ന യുവതിയുടെ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. നാല് സെക്കന്റിന്റെ പേരിലാണ് കാത്തിരുന്ന തൊഴിൽ ആ ഉദ്യോഗാർത്ഥിക്ക് നിഷേധിക്കപ്പെട്ടത്. അതിന് ഒരു ന്യായീകരണവും ചമയ്ക്കാൻ കഴിയില്ല. വേക്കൻസി റിപ്പോർട്ടിംഗ് നടത്താൻ ഒരു Automatic Integrated Software System നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗൗരവമായ ആലോചനകൾ സർക്കാർ നടത്തുമോ; അത് automated ആയി റിപ്പോർട്ടഡ് ആകുമ്പോൾ ഇതിനുവേണ്ടി ഓടിനടന്ന് ഈ പറയുന്നയാളുകളുടെ കാല് പിടിക്കേണ്ട അവസ്ഥ ഉദ്യോഗാർത്ഥികൾക്കുണ്ടാകുന്ന സാഹചര്യം ഒഴിവാകും. ഇതിനൊരു ഓട്ടോമാറ്റിക് സംവിധാനം നടത്താൻ കഴിയുന്നതേയുള്ളൂ. അത് നടത്താനുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ ആധുനിക കാലത്ത് വേക്കൻസി റിപ്പോർട്ടിംഗിനെ സംബന്ധിച്ച് പരിഭ്രാന്തി ആവശ്യമില്ലാത്തതാണ്. ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന സംവിധാനത്തിൽ മാറ്റം വരേണ്ടതായിട്ടുണ്ട്. ഇപ്പോൾ സ്വീകരിക്കുന്ന സമ്പ്രദായം വേക്കൻസികൾ റിപ്പോർട്ട് ചെയ്യലാണ്. യഥാർത്ഥത്തിൽ ഒരാൾ സർവ്വീസിൽ പ്രവേശിക്കുമ്പോൾ ഏത് തീയതിയിൽ

വിരമിക്കണമെന്നത് നിശ്ചയിച്ചിട്ടുണ്ടാകും. മറ്റെന്തെങ്കിലും അടിയന്തര സാഹചര്യം വന്നാൽമാത്രമേ അതിൽ മാറ്റം ഉണ്ടാകുകയുള്ളൂ. ഇന്ന തീയതിയിൽ വിരമിക്കണമെന്ന് നേരത്തെതന്നെ തീരുമാനിക്കപ്പെട്ട സാഹചര്യത്തിൽ അതിനനുസരിച്ച് സോഫ്റ്റ്വെയർ തയ്യാറാക്കിയാൽ ഒരു ഘട്ടത്തിൽ എത്ര ഒഴിവുകൾ വരുമെന്ന് പി.എസ്.സി.-ക്ക് കൃത്യമായി മനസ്സിലാക്കാനും പ്രത്യേക റിപ്പോർട്ടിംഗിന്റെ ആവശ്യമില്ലാതെതന്നെ നടപടികൾ സ്വീകരിക്കാനും സാധിക്കും. പക്ഷെ അതുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശം ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്.

11.30 AM]

IV. സബ്മിഷൻ

(1) <u>മുതുകുളം ഉപതെരഞ്ഞെടുപ്പ് വിജയിക്കുനേരെ ആക്രമണം</u>

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ മുതുകുളം പഞ്ചായത്തിൽ ഇക്കഴിഞ്ഞ പഞ്ചായത്ത് ഉപതെരഞ്ഞെടുപ്പിൽ നാലാം വാർഡിൽനിന്നും മത്സരിച്ച് വിജയിച്ച ശ്രീ. ജി. എസ്. ബൈജുവിനെ വോട്ടെണ്ണൽ ദിനമായ നവംബർ 10-ാം തീയതി രാത്രി 8.30-ന് മുതുകുളത്തുവച്ച് ബി.ജെ.പി.-ആർ.എസ്.എസ്. സംഘം വധിക്കാൻ

ശ്രമിക്കുകയുണ്ടായി. അതിഭീകരമായ മർദ്ദനമാണ് ശ്രീ. ബൈജുവിന് നേരിടേണ്ടിവന്നത്. മാരകായുധങ്ങൾ ഉപയോഗിച്ച് നടത്തിയ ആക്രമണത്തെത്തുടർന്ന് ബൈജുവിന്റെ കൈ ഒടിയുകയും കാലിന് ആഴത്തിൽ മുറിവേൽക്കുകയും ചെയ്തു. അതിഭീകരമായ മർദ്ദനത്തിൽ പരിക്കേറ്റ അദ്ദേഹത്തിന് ആഴ്ചകളോളം ആശുപത്രിയിൽ കഴിയേണ്ടിവരികയും കാലിന് പ്ലാസ്റ്റർ ഇടേണ്ടിവരികയും ചെയ്തു. അക്രമികൾ ഇരുമ്പുവടികൊണ്ട് തലയ്ക്കടിക്കാനാണ് ശ്രമിച്ചത്. എന്നാൽ അത് കൈകൊണ്ട് തടഞ്ഞതുകൊണ്ടുമാത്രമാണ് മരണത്തിൽനിന്നും രക്ഷപ്പെട്ടതെന്നാണ് ശ്രീ. ബൈജുവിന്റെ മൊഴിയിൽനിന്നും വ്യക്തമായത്. ഇടതുകൈ അടിയന്തരമായി ശസ്ത്രക്രിയയ്ക്ക് വിധേയമാക്കേണ്ടിവന്നു. 3 ബൈക്കുകളിലായി വന്ന 6 പേരാണ് അക്രമം നടത്തിയത്. പരിക്കേറ്റയാൾ പോലീസിന് നൽകിയ മൊഴിയിൽ യഥാർത്ഥ പ്രതികളെ സംബന്ധിച്ച ശരിയായ വിവരങ്ങൾ നൽകുകയുണ്ടായി. എന്നാൽ പോലീസിന്റെ ഭാഗത്തുനിന്നും ഗുരുതരമായ അലംഭാവമാണുണ്ടായത്. ശാസ്ത്രീയമായി തെളിവുകൾ ശേഖരിക്കാനോ ഗൂഢാലോചനകളിൽ ഉൾപ്പെട്ടവരെ കണ്ടെത്താനോ യാതൊരു ശ്രമവും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. കൃത്യത്തിൽ പങ്കെടുത്ത ഒരാളെ മാത്രമാണ് അറസ്റ്റ് ചെയ്തത്.

ദുർബ്ബലമായ വകുപ്പുകൾ ചേർത്താണ് എഫ്.ഐ.ആർ. തയ്യാറാക്കിയിരിക്കുന്നത്. ശക്തമായ പ്രതിഷേധം ഉയർന്ന സാഹചര്യത്തിലാണ് കൂടുതൽ വകുപ്പുകൾ ഉൾപ്പെടുത്താൻ തയ്യാറായത്. ബൈജുവിനെ കരുതിക്കൂട്ടി ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചയാളുകളുടെ പേരിൽ ഐ.പി.സി. 307 ചുമത്തിയിട്ടില്ല. സംഭവം നടന്ന് 24 ദിവസം കഴിഞ്ഞിട്ടും ഗൂഢാലോചനയുൾപ്പെടെയുള്ള കാര്യങ്ങളെപ്പറ്റി അന്വേഷിച്ചിട്ടില്ല. പ്രതികൾ ഇപ്പോഴും സൈ്വരവിഹാരം നടത്തുന്നു. ബി.ജെ.പി.-യുടെ അറിയപ്പെടുന്ന പ്രവർത്തകരും സംഘം ചേർന്ന് നടത്തിയ ഈ ഗുരുതരമായ വധോദ്യമത്തിന് നേതൃത്വം കൊടുത്തവരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആലപ്പുഴ നിയോജകമണ്ഡലത്തിലെ മുതുകുളം പഞ്ചായത്ത് ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച ശ്രീ. ബൈജുവിനെ ഫലപ്രഖ്യാപന ദിവസമായ 10-11-2022-ന് രാത്രി നാലുപേർ ചേർന്ന് ആക്രമിച്ച് പരിക്കേൽപ്പിക്കുകയുണ്ടായി. സംഭവത്തിൽ കനകക്കുന്ന് പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 294 (B), 506, 326 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 387/2022 നമ്പറായി കേസ്

രജിസ്റ്റർ ചെയ്തിരുന്നു. തുടർന്നുള്ള അന്വേഷണത്തിൽ ഐ.പി.സി. 308, 34 എന്നീ വകുപ്പുകൾകൂടി കേസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നാംപ്രതി പ്രവീണിനെ 15-11-2022-ന് അറസ്റ്റ് ചെയ്യുകയും പ്രതികൾ സഞ്ചരിച്ചിരുന്ന ബൈക്കും അക്രമത്തിനുപയോഗിച്ച ഇരുമ്പ് പൈപ്പും കണ്ടെടുക്കുകയും ചെയ്തു. ഇയാളെ കോടതി റിമാൻഡ് ചെയ്തിട്ടുണ്ട്. കേസിലെ ഒന്നും രണ്ടും പ്രതികൾ സജീവ ബി.ജെ.പി. പ്രവർത്തകരാണെന്ന് അറിവായിട്ടുണ്ട്. മറ്റ് പ്രതികളെ പിടികൂടുന്നതിന് പോലീസ് ഊർജ്ജിത ശ്രമം നടത്തിവരുന്നു. പരിക്കേറ്റ ബൈജു ആലപ്പുഴ ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതിയെത്തുടർന്ന് കേസിന്റെ അന്വേഷണം നടത്തുന്നതിനായി കായംകുളം ഡിവൈ.എസ്.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റ് പ്രതികളെ പിടികൂടാനുള്ള ശ്രമവും നടത്തുണ്ട്.

(2)സർക്കാർ സ്ഥാപനങ്ങളുടെ മതിലുകളുടെ പുനർനിർമ്മാണം

ശ്രീ. എച്ച്. സലാം : സർ, ദേശീയപാത വികസനത്തിന്റെ ഭാഗമായ പ്രവർത്തനങ്ങൾ അതിവേഗതയിൽ നടന്നുകൊണ്ടിരിക്കുകയാണ്. സ്ഥലമെടുപ്പ് ഏറെക്കുറെ പൂർത്തിയാകുകയും കെട്ടിടങ്ങളും മറ്റും പൊളിച്ചുമാറ്റി നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. റോഡ് വികസനത്തിനായി ആയിരക്കണക്കിനാളുകളുടെ സ്വകാര്യ ഭൂമിയോടൊപ്പം നിരവധി

പൊതുസ്ഥലങ്ങൾ ഏറ്റെടുക്കുകയും നൂറുകണക്കിന് പൊതുസ്ഥാപനങ്ങൾ പൊളിച്ചുമാറ്റേണ്ടതായുംവന്നു. ഇതിന്റെ നഷ്ടപരിഹാരത്തുക ഒരു പൊതുഹെഡ്ഡിലേയ്ക്കാണ് ലഭിക്കുന്നത്. സ്കൂളുകൾ, ആശുപത്രികൾ, പഞ്ചായത്ത് ഓഫീസ് കെട്ടിടങ്ങൾ, മെഡിക്കൽ കോളേജ് തുടങ്ങിയ സ്ഥാപനങ്ങളുടെ മതിലുകളും കെട്ടിടങ്ങളും പൊളിച്ചുമാറ്റിയിട്ടുണ്ട്. എൽ.പി., യു.പി., ഉൾപ്പെടെയുള്ള സ്കൂളുകൾക്കും ആശുപത്രികൾക്കും മതിലുകളില്ലാതിരിക്കുന്നത് ഗുരുതരമായ സുരക്ഷിതത്വ പ്രശ്നമാണുണ്ടാക്കുന്നത്. ഈ സാഹചര്യത്തിൽ സ്കൂളുകളുൾപ്പെടെയുള്ള പൊതുസ്ഥാപനങ്ങളുടെ മതിലുകളും കെട്ടിടങ്ങളും പുനർനിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ദേശീയപാത വികസനം സമയബന്ധിതമായി പൂർത്തിയാക്കുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. സർക്കാർ വകുപ്പുകളുടെ കൈവശമുള്ള ഭൂമിയിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾ, മതിലുകൾ മുതലായവയ്ക്ക് കേടുപാടുകൾ സംഭവിച്ചാൽ ദേശീയപാതാ അതോറിറ്റി അത് പുനർനിർമ്മിച്ചുനൽകുകയോ നഷ്ടപരിഹാരം നൽകുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഭൂമി കൈമാറി നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരവും

നൽകിയിട്ടുണ്ട്. ഏറ്റെടുക്കുന്ന സർക്കാർ ഭൂമിക്ക് സ്ഥലവില അനുവദിക്കാൻ കഴിയില്ലെന്നും എന്നാൽ അതിലെ കെട്ടിടങ്ങൾക്കും ചമയങ്ങൾക്കും മൂല്യനിർണ്ണയം നടത്തി അതിന്റെ 6 ശതമാനം നഷ്ടത്തുക കിഴിച്ച് നഷ്ടപരിഹാരം അനുവദിക്കുന്നതിന് കഴിയുമെന്നും ദേശീയപാതാ വികസന അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്കൂളുകൾ, മെഡിക്കൽ കോളേജുകൾ തുടങ്ങി സമാനസ്വഭാവമുള്ള സർക്കാർ സ്ഥാപനങ്ങളിലെ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുംവിധമുള്ള നിർമ്മാണങ്ങൾ ആവശ്യമുള്ളപക്ഷം അവ സമയബന്ധിതമായി ഏറ്റെടുത്ത് നടത്താൻ കഴിയുമോയെന്ന കാര്യം തദ്ദേശസ്വയംഭരണമുൾപ്പെടെയുള്ള ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

(3) മേപ്പാടി പോളിടെക്നിക് വിദ്യാർത്ഥിനിക്കുനേരെയുണ്ടായ ആക്രമണം

ശ്രീ. ഒ. ആർ. കേളു: സർ, വയനാട് ജില്ലയിലെ മേപ്പാടി ഗവണ്മെന്റ് പോളിടെക്നിക് കോളേജിൽ വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രസ്തുത കോളേജിലെത്തിയ എസ്.എഫ്.ഐ.-യുടെ വയനാട് ജില്ലാ ജോയിന്റ് സെക്രട്ടറികൂടിയായ കുമാരി അപർണ്ണ ഗൗരിയെ യു.ഡി.എസ്.എഫ്. എന്ന പേരിലുള്ള വിദ്യാർത്ഥിസംഘടന യാതൊരു പ്രകോപനവുമില്ലാതെ അതിക്രൂരമായി മർദ്ദിക്കുകയും കൊലപ്പെടുത്താൻ

ശ്രമിക്കുകയും ചെയ്തതായാണ് മനസ്സിലാക്കാൻ സാധിച്ചത്. മാരകമായി പരിക്കേറ്റ കുമാരി അപർണ്ണ ഗൗരി ഗുരുതരമായ പ്രശ്നങ്ങൾമൂലം വയനാട് നിംസ് ഹോസ്പിറ്റലിൽ അഡ്മിറ്റാകുകയും ചികിത്സ നടത്തിവരികയുമാണ്. മയക്കുമരുന്നും ലഹരിയും ഉപയോഗിക്കുന്ന വിദ്യാർത്ഥികളാണ് അവിടെ ആക്രമണം നടത്തിയിട്ടുള്ളത്. യാതൊരു പ്രകോപനവും അവിടെയുണ്ടായിട്ടില്ല. കേരളത്തിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്നിനും ലഹരിക്കുമെതിരെ സർക്കാർ ഒക്ടോബർ 2-ന് വലിയ ക്യാമ്പയിൻ പ്രഖ്യാപിക്കുകയും അത് കുമാരി അപർണ്ണ ഗൗരി ഏറ്റെടുക്കുകയും അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും ചെയ്ത അവസരത്തിലാണ് അതിക്രൂരമായ ആക്രമണം ഇവിടെയുണ്ടായത്. ഈ വിദ്യാർത്ഥിനിയെ മാരകമായി ആക്രമിച്ച വിദ്യാർത്ഥികൾ ലഹരിയും മയക്കുമരുന്നും ഉപയോഗിക്കുന്നത് വീഡിയോയിൽ പകർത്തി സമൂഹത്തിൽ പ്രചരിപ്പിച്ച് ഗവണ്മെന്റിനെയും പൊതുസമൂഹത്തെയും വെല്ലുവിളിക്കുന്ന രീതിയിലുള്ള പ്രവർത്തനമാണ് തുടർന്നുകൊണ്ടിരിക്കുന്നത്. പൊതുസമൂഹത്തെ വെല്ലുവിളിക്കുന്ന നടപടിയായാണ് ഇതിനെ കാണാൻ സാധിക്കുന്നത്. ഇത്തരം സംഭവങ്ങൾ കേരളത്തിൽ ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ഉന്നയിച്ചത് അങ്ങേയറ്റം അപലപനീയവും പ്രതിഷേധാർഹവുമായൊരു സംഭവത്തെക്കുറിച്ചാണ്. സാധാരണക്കാരോടൊപ്പം ആദിവാസികളുൾപ്പെടെയുള്ള ദുർബല ജനവിഭാഗക്കാരുടെയും കുട്ടികൾ പഠിക്കുന്ന സ്ഥാപനമാണ് മേപ്പാടി സർക്കാർ പോളിടെക്നിക് കോളേജ്. കുടുംബങ്ങൾക്ക് പ്രതീക്ഷയായി തീരേണ്ട വിദ്യാർത്ഥികളാണ് കോളേജിൽ ലഹരിസംഘങ്ങളുടെ ചൂഷണത്തിനിരയാകുന്നത്. ലഹരി ഉപയോഗത്തിനുള്ള പണം കണ്ടെത്താൻ പലപ്പോഴും മയക്കുമരുന്നിന് അടിമകളായവർ ക്രിമിനൽ സ്വഭാവമുള്ള പ്രവൃത്തികളിലേർപ്പെടുന്നു. ഈ സാഹചര്യത്തിലാണ് വിദ്യാർത്ഥിസംഘടനാ പ്രവർത്തകർ മേപ്പാടി കോളേജിൽ ലഹരിക്കെതിരായ 'No to Drugs' ക്യാമ്പയിൻ ഏറ്റെടുത്തത്. സംസ്ഥാനമെമ്പാടും നടത്തിയ ബോധവൽക്കരണത്തിന്റെ ഭാഗമായി നടന്ന ശക്തമായ ക്യാമ്പയിനാണിത്. ഇതിനിടെയാണ് 02-12-2022-ന് നടന്ന കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സംഘർഷമുണ്ടായത്. എസ്.എഫ്.ഐ.-യും പ്രതിപക്ഷ വിദ്യാർത്ഥി സംഘടനകളുടെ കൂട്ടുകെട്ടായ യു.ഡി.എസ്.എഫ്. -ഉം ആണ് പ്രധാനമായും മത്സരരംഗത്തുണ്ടായിരുന്നത്. ടാബിയോക്ക് എന്ന കൂട്ടായ്മ യു.ഡി.എസ്.എഫ്.-ന് പിന്തുണ

പ്രഖ്യാപിച്ചിരുന്നു. തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ചെറിയതോതിൽ വിദ്യാർത്ഥി സംഘടനകൾക്കിടയിൽ പ്രശ്നങ്ങളുണ്ടായി. അവർക്കിടയിലേയ്ക്ക് ലഹരി ഉപയോഗിക്കുന്ന ചിലരുൾപ്പെട്ട സംഘം നുഴഞ്ഞുകയറി പ്രശ്നങ്ങൾ ഗുരുതരമാക്കുകയാണുണ്ടായത്. സംഘർഷങ്ങളിലുൾപ്പെട്ട പ്രതികൾ മയക്കുമരുന്ന് ഇടപാടുകളിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വയനാട് നാർക്കോട്ടിക് സെൽ ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരുന്നു. എസ്.എഫ്.ഐ.-യുടെ ജില്ലാ ജോയിന്റ് സെക്രട്ടറിയായ കുമാരി അപർണ്ണ ഗൗരി കോളേജിലെ ഇത്തരം സംഘങ്ങൾക്കെതിരെ മുമ്പ് ശക്തമായ നിലപാട് സ്വീകരിച്ചിരുന്നു. തെരഞ്ഞെടുപ്പ് ദിവസം കുറുതിക്കുട്ടിയുള്ള ചില പ്രശ്നങ്ങൾ നടന്നപ്പോൾ അതിനെതിരെ നിലപാടെടുത്ത കുമാരി അപർണ്ണ ഗൗരിയെ മുപ്പതോളം വരുന്ന യു.ഡി.എസ്.എഫ്. പ്രവർത്തകരായ വിദ്യാർത്ഥിസംഘം അസഭ്യം പറയുകയും ഹീനമായി മർദ്ദിക്കുകയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും വസ്ത്രം വലിച്ചുകീറുകയും കഴുത്ത് ഞെരിക്കുകയും തല ചുമരിലിടിച്ച് ഗുരുതരമായി പരിക്കേൽപ്പിക്കുകയും ചെയ്തു. ആ പെൺകുട്ടിക്കെതിരെ സംഘം ചേർന്ന് നടത്തിയ അക്രമത്തിന്റെ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിലൂടെ ലോകത്താകെ പ്രചരിപ്പിച്ചു. കുമാരി അപർണ്ണ ഗൗരി ഇപ്പോഴും ആശുപത്രിയിൽ ചികിത്സയിലാണ്. ലഹരി

സംഘങ്ങൾക്കെതിരെയുള്ള കുമാരി അപർണ്ണ ഗൗരിയുടെ നിലപാടാണ് ഈ ആക്രമണത്തിന് കാരണമായത്. ഈ സംഭവത്തിൽ മേപ്പാടി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 717/2022 ആയി ഐ.പി.സി. 143, 147, 149, 294(B), 506(1), 323, 354, 308 എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രതികളിൽ ആറ് പേരെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിട്ടുണ്ട്. വിദ്യാർത്ഥി സംഘർഷങ്ങൾക്കിടെ കോളേജിനുസമീപം നിർത്തിയിട്ടിരുന്ന കാർ തകർത്തതിനും ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഇൻസ്പെക്ടറെ മർദ്ദിച്ചതിനും എസ്.എഫ്.ഐ. നേതാക്കളെ ആക്രമിച്ച സംഭവത്തിനും കോളേജ് ബസ്സിന്റെ ചില്ലുകൾ കല്ലെറിഞ്ഞ് തകർത്തതിനും മറ്റ് അനുബന്ധ പ്രശ്നങ്ങളിലും മേപ്പാടി പോലീസ് സ്റ്റേഷനിൽ പത്ത് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോളേജിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിന് സർവ്വകക്ഷിയോഗം ചേർന്നിരുന്നു. വിദ്യാർത്ഥി സംഘടനകളുടെയും മുഖ്യധാരാ രാഷ്ട്രീയപ്പാർട്ടികളുടെയും പ്രതിനിധികൾ പങ്കെടുത്ത യോഗത്തിൽ ഈ മാസം 12-ാം തീയതി മുതൽ കോളേജ് തുറന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നാം ഒരുമിച്ച് ഏറ്റെടുത്ത 'No to Drugs' ക്യാമ്പയിനിന്റെ തുടർപ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കേണ്ടതിന്റെ

ആവശ്യകതയിലേയ്ക്കാണ് ഇത്തരം സംഭവങ്ങൾ വിരൽചൂണ്ടുന്നത്. ലഹരിക്കെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും പങ്കാളിത്തം ഈ സന്ദർഭത്തിൽ ആവർത്തിച്ച് അഭ്യർത്ഥിക്കുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിയമവിരുദ്ധമായി മയക്കുമരുന്ന് എത്തിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മയക്കുമരുന്നിന്റെ സ്രോതസ്സ് കണ്ടെത്തി ഉത്തരവാദികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിൽ ഒരു വിട്ടുവീഴ്ചയുമുണ്ടാകില്ല.

(4) <u>ഇടവ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം നിർമ്മാണം</u>

<u>ശ്രീ. വി. ജോയി</u>: സർ, കഴിഞ്ഞ സർക്കാരിന്റെ ആദ്യത്തെ ബഡ്ജറ്റിൽ 14 ജില്ലകളിൽ 14 ജില്ലാ സ്റ്റേഡിയങ്ങൾ അനുവദിച്ചിരുന്നു. അതിൽ തിരുവനന്തപുരം ജില്ലയിൽ അനുവദിക്കപ്പെട്ടത് ഇടവയിലെ തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയമാണ്. ഇടവയിലെ ജനങ്ങൾ പിരിച്ച തുക ഉപയോഗിച്ച് അഞ്ചര ഏക്കർ സ്ഥലം വാങ്ങി ആദ്യം ഗ്രാമപഞ്ചായത്തിനും പിന്നെ കേരള സ്പോർട്സ് കൗൺസിലിനും കൈമാറുകയായിരുന്നു. 09-06-2017-ൽ 58.47 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. നിർവ്വഹണ ഏജൻസിയായി കിറ്റ്കോയെയാണ് ചുമതലപ്പെടുത്തിയത്. 2018 നവംബർ മാസത്തിൽ നിർമ്മാണം ആരംഭിച്ചു. നിർമ്മാണത്തിന്റെ 35 ശതമാനം

പൂർത്തീകരിക്കുന്ന അവസരത്തിൽ കിഫ്ബിയുടെ ടെക്നിക്കൽ വിംഗ് 01-10-2019-ൽ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്പ്പിച്ചു. പരിശോധന ആവശ്യമുണ്ടെന്നാണ് കിഫ്ബിയുടെ ടെക്നിക്കൽ വിംഗ് പറഞ്ഞത്. അതിനായി ഐ.ഐ.ടി. മദ്രാസിനെ ചുമതലപ്പെടുത്തി. രണ്ട് വർഷത്തിനുശേഷം മദ്രാസ് ഐ.ഐ.ടി. ഒരു change-ഉം വേണ്ട, പണിനടത്താമെന്ന റിപ്പോർട്ട് 2021-ൽ കൊടുത്തു. 2021 ആഗസ്റ്റ് മാസം പണിതുടരാൻ തീരുമാനിച്ചു. ആ അവസരത്തിൽ കോൺട്രാക്ടർ റേറ്റ് റിവൈസ് ചെയ്യണമെന്ന വാദം ഉന്നയിച്ചു. കിഫ്ബി അത് അംഗീകരിച്ചില്ല. ഇപ്പോൾ കോൺട്രാക്ടർ foreclosure ചെയ്യണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ നാലഞ്ച് വർഷമായി നിരന്തരം കയറിയിറങ്ങുകയാണ്. പുതിയ മന്ത്രി വന്നതിനുശേഷം നിരവധി പ്രാവശ്യം ഇക്കാര്യത്തിൽ അദ്ദേഹം ഇടപെട്ടിട്ടുണ്ട്. ചില ഏജൻസികൾ കാണിക്കുന്ന നിരുത്തരവാദപരമായ സമീപനം വളരെ പ്രധാനപ്പെട്ടതാണ്. ഇപ്പോൾ പത്രങ്ങളിൽ ദിവസേന വാർത്തയാണ്. ഏതെങ്കിലും രീതിയിൽ ആ പണി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, വർക്കല മണ്ഡലത്തിലെ ഇടവ തോമസ് സെബാസ്റ്റ്യൻ കായിക സമുച്ചയ നിർമ്മാണത്തിന് 2018 നവംബർ 9-ന് കരാറിൽ ഏർപ്പെട്ടിരുന്നു. 28.72 കോടി രൂപയായിരുന്ന കരാർ തുക. നിർമ്മാണ പ്രവൃത്തി 30 ശതമാനം പൂർത്തിയായ സമയത്ത് കിഫ്ബിയുടെ പരിശോധനയിൽ ഫൗണ്ടേഷൻ ഡിസൈനിൽ ചില പോരായ്മകൾ കണ്ടെത്തുകയും ഇത് പരിശോധിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. ഫൗണ്ടേഷൻ ഏറെക്കുറെ പൂർത്തിയായതിനാൽ സ്റ്റെബിലിറ്റി പരിശോധിക്കുന്നതിനും ബലപ്പെടുത്തുന്നതിനും നിർദ്ദേശംതേടി ആദ്യം തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെയും പിന്നീട് പാലക്കാട് ഐ.ഐ.ടി.-യെയും തുടർന്ന് ചെന്നൈ ഐ.ഐ.ടി.-യെയും സമീപിച്ചു. ഈ കാലയളവിൽ പ്രവൃത്തി നിർത്തിവയ്ക്കേണ്ടിവരികയും നിർമ്മാണ വസ്തുക്കൾക്ക് വില വർദ്ധിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ കരാറുകാരൻ പ്രവൃത്തി തുടരാൻ താൽപ്പര്യമില്ലെന്നും കരാറിൽനിന്നും ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചു. തുടർന്ന് 18-04-2022-ൽ നടന്ന ടെക്നിക്കൽ കമ്മിറ്റിയോഗം കരാറുകാരനെ നിരുപാധികം ഒഴിവാക്കാൻ ശിപാർശ ചെയ്യുകയും 07-06-2022-ന് അത് അംഗീകരിച്ചുകൊണ്ട് കിഫ്ബി

തീരുമാനം ലഭ്യമാക്കുകയും ചെയ്തു. കരാറുകാരനെ ഒഴിവാക്കുന്നതിന് മുന്നോടിയായി പൂർത്തീകരിച്ച പ്രവൃത്തികളുടെ ഫൈനൽ മെഷർമെന്റ് എസ്.പി.വി.-യായ കിറ്റ്കോ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കരാറുകാരനുമായി ക്ലോഷർ എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഫൈനൽ മെഷർമെന്റ് സംബന്ധിച്ച് കരാറുകാരന്റെ ചില വിയോജിപ്പുകൾ നിലനിർത്തിക്കൊണ്ടുതന്നെ വിടുതൽ ചെയ്യാനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് കിറ്റ്കോ സമർപ്പിച്ചു. 2022 ഡിസംബർ 1-ന് ചേർന്ന ടെക്നിക്കൽ കമ്മിറ്റി ഈ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചു. ഇത് അടിസ്ഥാനമാക്കി ബാക്കി പ്രവൃത്തികളുടെ അളവുകൾ കണക്കാക്കുകയും 2018-ലെ ഡി.എസ്.ആർ. പ്രകാരം സാങ്കേതികാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് കിറ്റ്കോയിൽനിന്നും സാങ്കേതികാനുമതിയുടെ പരിഗണനയ്ക്കായി ലഭിച്ചു. ഇതുപ്രകാരം ബാക്കി പ്രവൃത്തികളുടെ തുക 27.13 കോടി രൂപയാണ്. ഇത് നിലവിൽ അനുവദിച്ച കിഫ്ബി തുകയിൽനിന്നും 49.10 ലക്ഷം രൂപ അധികമാണ്. ബാലൻസ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സാങ്കേതികാനുമതി കിഫ്ബിക്ക് നൽകുകയും എസ്റ്റിമേറ്റ് തുകയിൽനിന്നുള്ള വ്യതിയാനത്തിന്

കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്നമുറയ്ക്ക് പ്രസ്തുത പ്രവൃത്തി ഒരു വർഷത്തിനകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(5) മരങ്ങൾ മുറിക്കുന്നതിന് അനുമതി

ശ്രീ. പ്രമോദ് നാരായൺ: സർ, റാന്നി ഉൾപ്പെടെയുള്ള കേരളത്തിന്റെ മലയോര മേഖലയിലെ നൂറിലധികം വില്ലേജുകളിൽ സ്വന്തം പട്ടയഭൂമിയിൽനിന്നും ഒരുമരംപോലും മുറിക്കാൻ അനുമതി ലഭിക്കാത്തതിനാൽ കർഷകർ അനുഭവിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ വനം, റവന്യൂ വകുപ്പുമന്ത്രിമാർ സംയുക്ത യോഗം ചേർന്ന് വ്യക്തതയുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കണമെന്നതാണ് എന്റെ സബ്മിഷൻ. 1964-ലെ ചട്ടംപ്രകാരം കൈമാറിയ ഭൂമിയിൽ കർഷകർ വച്ചുപിടിപ്പിച്ചതും കിളിർത്തുവന്നതും കൈമാറുന്ന സമയത്ത് അവിടെ വൃക്ഷവില അടച്ച് റിസർവ് ചെയ്തതുമായിട്ടുള്ള ചന്ദനം ഒഴികെയുള്ള മുഴുവൻ മരങ്ങളുടെയും ഉടമസ്ഥാവകാശം കർഷകർക്കാണെന്നും അതുമുറിക്കാൻ പ്രത്യേക അനുമതി ആവശ്യമില്ലെന്നും 2020 ഒക്ടോബറിൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവിറക്കിയിട്ടുള്ളതാണ്. എന്നാൽ ഇക്കാര്യത്തിൽ വ്യക്തതയുള്ള ഉത്തരവില്ലെന്ന് പറഞ്ഞ് വനം-റവന്യൂ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ പാസ് വേണമെന്നും എന്നാൽ തങ്ങൾക്ക് ഇക്കാര്യത്തിൽ ഒരു

നിർദ്ദേശവുമില്ലെന്നുംപറഞ്ഞ് ഒരേ സമയം റവന്യു, വനം വകുപ്പുകളിലെ ഉദ്യോഗസ്ഥർ പരസ്പരം പഴിചാരുമ്പോൾ പ്രതിസന്ധിയിലാകുന്നത് കർഷകരാണ്. റാന്നിയിലെ വെച്ചൂച്ചിറ, പെരുനാട്, നാറാണംമൂഴി, പഴവങ്ങാടി ഉൾപ്പെടെയുള്ള പഞ്ചായത്തുകളിൽ എൺപതിലേറെ വർഷങ്ങൾക്കുമുമ്പ് കുടിയേറിയ കർഷകർ അനുഭവിക്കുന്നത് മഹാസങ്കടമാണ്. അവരാരും ലാഭത്തിനുവേണ്ടി മരംമുറിച്ച് കടത്തുന്നവരല്ല. സ്വന്തം മക്കളുടെ പഠനത്തിനോ, ചികിത്സയ്ക്കോ, വിവാഹ ആവശ്യത്തിനോ, കടം വീട്ടാനായി മരം മുറിക്കാനോ സ്വന്തം വീടിന്റെ മുകളിലേയ്ക്ക് ചാഞ്ഞുനിൽക്കുന്ന അപകടാവസ്ഥയിലുള്ള മരത്തിന്റെ ചില്ല മുറിക്കാൻപോലും കർഷകർക്ക് അനുവാദം ലഭിക്കുന്നില്ല. അവരുടെ പേരിൽ കേസെടുക്കുകയാണ്. 750-ഓളം കേസുകളാണ് പല കർഷകരുടെയും പേരിൽ കേരളത്തിലാകെ മരംമുറിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ളത്. വനം കൊള്ളയ്ക്കെതിരായി സർക്കാർ സ്വീകരിക്കുന്ന ഉശിരാർന്ന നിലപാടുകളെ പിന്തുണയ്ക്കുന്നു. ഉത്തരവുകൾ ദുരുപയോഗപ്പെടുത്തിയ ആളുകൾക്കെതിരെ കർശന നടപടിയുണ്ടാകണം. പക്ഷേ കർഷകർ ശിക്ഷിക്കപ്പെടാൻ പാടില്ല. ഒരേസമയം വന്യമൃഗ ആക്രമണവും മറുവശത്ത് റബ്ബർ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളുടെ വിലത്തകർച്ചയുംമൂലം പ്രതിസന്ധി

നേരിടുന്ന കർഷകരെ സംരക്ഷിക്കാനുള്ള നടപടികളുണ്ടാകണം. അവർക്ക് സ്വന്തം ആവശ്യങ്ങൾക്കായി മരംമുറിക്കാനുള്ള അനുമതി നൽകാൻ വ്യക്തതയുള്ള ഉത്തരവ് റവന്യൂ-വനം വകുപ്പുമന്ത്രിമാർ യോഗം ചേർന്ന് പുറപ്പെടുവിക്കണം. കർഷകരെ സംരക്ഷിക്കുന്ന എൽ.ഡി.എഫ്. സർക്കാർ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട റാന്നി എം.എൽ.എ. ഉന്നയിച്ചിട്ടുള്ള വിഷയം മലയോര മേഖലയിലെ കർഷക സമൂഹത്തിന്റെ പൊതുവിഷയമായിട്ടാണ് സർക്കാർ കാണുന്നത്. ഇതിലുള്ള പ്രശ്നം മെമ്പർ സൂചിപ്പിച്ചതുപോലെ റവന്യൂ, വനം വകുപ്പുകൾ മരംമുറിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചുപോന്നിട്ടുള്ള നിലപാടുകളാണ്. 1964-ലെ കേരള ലാൻഡ് അസൈൻമെന്റ് റൂൾ പ്രകാരം നൽകപ്പെടുന്ന പട്ടയങ്ങളിൽ ആ റൂളിന്റെ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന തേക്ക്, ഈട്ടി, എബണി, ചന്ദനം എന്നീ നാല് ഇനത്തിൽപ്പെട്ട മരങ്ങളുടേയും പട്ടയത്തിൽ പ്രത്യേകമായി റിസർവ് ചെയ്തിരിക്കുന്ന ഇതര ഇനത്തിൽപ്പെട്ട മരങ്ങളുടേയും ഉടമസ്ഥാവകാശം സർക്കാരിനാണെന്നും പ്രസ്തുത മരങ്ങളും അവയുടെ പുതുതായി കിളിർത്തുവരുന്ന തൈകളും അതത് പാട്ടാദാർമാർ

സംരക്ഷിക്കേണ്ടതുണ്ടെന്നും നിഷ്കർഷിച്ചിട്ടുണ്ട്. അതേസമയം 1960-ലെ കേരള ലാൻഡ് അസൈൻമെന്റ് ആക്ടിൻ കീഴിൽ വന്നിട്ടുള്ള റൂളുകൾപ്രകാരം നൽകിയ പട്ടയങ്ങളിലും പട്ടയസ്ഥലങ്ങളിൽ നട്ടുപിടിപ്പിച്ചവയും സ്വമേധയാ കിളിർത്തുവന്നതുമായ എല്ലാ മരങ്ങളുടെയും അവകാശം പാട്ടാദാർമാർക്ക് ലഭിക്കുന്നില്ല. മേൽചട്ടങ്ങളും നിയമങ്ങളും ആദ്യം സൂചിപ്പിച്ചതുപോലെ റവന്യൂ വകുപ്പുമായിക്കൂടി ബന്ധപ്പെട്ടതാണ്. 2005-ലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ സെക്ഷൻ 6 പ്രകാരം, വിജ്ഞാപനം ചെയ്യപ്പെടാത്ത വനേതര ഭൂമി പതിച്ചുകൊടുക്കൽ സമയത്ത് റിസർവ് ചെയ്ത മരങ്ങൾ മുറിക്കാനും നീക്കംചെയ്യാനും ഉടമകൾക്ക് നൽകുന്ന അവകാശം സർക്കാർ പതിച്ചുകൊടുത്ത സമയത്ത് റിസർവ് ചെയ്ത മരങ്ങൾക്ക് ബാധകമല്ലെന്നാണ് പറഞ്ഞിട്ടുള്ളത്. റാന്നി ഡിവിഷന്റെ പരിധിയിൽവരുന്ന വനാതിർത്തിയോട് ചേർന്നുള്ള പട്ടയഭൂമികളിൽ ജീവനും സ്വത്തിനും അപകടഭീഷണിയുള്ളതായ മരങ്ങൾ മുറിക്കുന്നതിനുള്ള അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ള മരങ്ങൾ മുറിച്ചുമാറ്റി അപകട ഭീഷണി ഒഴിവാക്കുന്നതിനും പ്രസ്തുത തടികൾ സർക്കാരിൽ നിക്ഷിപ്തമായവയാണെങ്കിൽ ആയവ ബന്തവസ്സിലെടുത്ത് ഡിപ്പോയിലിറക്കാനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ

ഭവനനിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ അന്വേഷണ വിധേയമായി ബന്ധവസ്സിലെടുത്ത് മുറിച്ച് സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്ന നടപടിയും നടന്നുകൊണ്ടിരിക്കുന്നു. അതുപോലെ ആദിവാസി സെറ്റിൽമെന്റിലെ കൈവശരേഖയുള്ള ഭൂമിയിൽ കൈവശക്കാർ സ്വയം നട്ടുപിടിപ്പിച്ചിട്ടുള്ള പ്ലാവ്, ആഞ്ഞിലി മുതലായ മരങ്ങൾ മുറിക്കുന്നതിനുള്ള അപേക്ഷയിന്മേൽ അന്വേഷണം നടത്തി ഭവനനിർമ്മാണം, ചികിത്സ, വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ അടിയന്തരാവശ്യങ്ങൾക്കായി വനാവകാശ കമ്മിറ്റിയുടെ ശിപാർശയിന്മേൽ ബോധ്യപ്പെട്ട മരങ്ങൾ മുറിക്കുന്നതിന് അനുവാദം നൽകുന്നതാണ്. കൂടാതെ അടിയന്തര സാഹചര്യങ്ങളിൽ മരം മുറിക്കുന്നതിന് ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ഡിസാസ്റ്റർ മാനേജ്മെന്റ്, നിയമം അനുശാസിക്കുന്ന അധികാരവും ലഭ്യമാക്കിയിട്ടുണ്ട്. മെമ്പർ ഇവിടെ ആവശ്യപ്പെട്ടതുപോലെ ഈ പ്രശ്നങ്ങൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതായതുകൊണ്ട് രണ്ടുവകുപ്പുകളും തമ്മിൽ ചർച്ച നടത്തി ഇതിലുള്ള ആശയക്കുഴപ്പം നീക്കി വ്യക്തത വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(6) വഴിക്കടവ്-പരപ്പനങ്ങാടി റോഡ്

ശ്രീ. പി. കെ. ബഷീർ: സർ, മലപ്പുറം ജില്ലയിലെ നാടുകാണി മുതൽ പരപ്പനങ്ങാടി വരെയുള്ള റോഡ് 2015-ൽ 452 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിച്ച് ഏഴുകൊല്ലമായിട്ടും പ്രവൃത്തി പൂർത്തിയാക്കാതെ വർക്ക് അവസാനിപ്പിച്ചു. ആ റോഡ് കടന്നുപോകുന്ന നിയോജകമണ്ഡലങ്ങളിലെ ആറ് എം.എൽ.എ.-മാർ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി മീറ്റിംഗ് നടത്തുകയും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കാമെന്ന് പറയുകയും ചെയ്തിരുന്നു. അന്ന് ആ വർക്കിൽ ഇരുന്നൂറോളം കോടി രൂപയുടെ പ്രവൃത്തിയും തുകയും ബാക്കിയുണ്ടായിരുന്നു. കഴിഞ്ഞ സഭാസമ്മേളനത്തിൽ ഇതുമായി ബന്ധപ്പെട്ട് ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പ് നൽകിയതാണ്. പക്ഷെ ഇന്നും ആ റോഡിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഗ്രഡല്ലൂർ, നാടുകാണി, നിലമ്പൂർ, മമ്പാടി, എടവണ്ണ, മഞ്ചേരി, മലപ്പുറം, വേങ്ങര, പരപ്പനങ്ങാടി ഇങ്ങനെ പ്രധാനപ്പെട്ട സ്ഥലങ്ങളിലൂടെ പോകുന്ന റോഡാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് ആ റോഡിന്റെ പ്രത്യേകത പറയേണ്ട ആവശ്യമില്ല. ഈ മെയിൻ റോഡിൽ റിപ്പയർ/പാച്ച് വർക്ക് നടക്കുന്നില്ല. ഏറെ വർഷങ്ങളായുള്ള മെയിൻ റോഡാണിത്, ഊട്ടിയിലേയ്ക്ക്

പോകാനുള്ള ഒരു റോഡാണ്. അവിടെനിന്നും മൈസൂരിലേയ്ക്കും ബാംഗ്ലൂരിലേയ്ക്കും പോകാവുന്ന അന്തർ സംസ്ഥാന പാതയാണ്. 2011 മുതൽ റോഡ് ഈ അവസ്ഥയിലായിരുന്നിട്ടും 2015-ലാണ് ഭരണാനുമതി കൊടുത്ത് റോഡിന്റെ പ്രവൃത്തി ആരംഭിച്ചത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് പ്രവൃത്തി ഏറ്റെടുത്തിരുന്നത്. അതിന്റെ ടെക്നിക്കൽ വിഭാഗം ഒരു ഒബ്ജക്ഷൻ പറഞ്ഞുവെന്നതിന്റെ പേരിലാണ് ശേഷിക്കുന്ന വർക്കുകൾ കട്ട് ചെയ്തത്. അതിൽ വളരെ അടിയന്തരമായി ചെയ്യേണ്ട ചില പ്രവൃത്തികളുണ്ടായിരുന്നു. ഇപ്പോൾ മഞ്ചേരി ടൗൺ, നിലമ്പൂർ അങ്ങാടി, എടവണ്ണ എന്നിവിടങ്ങളിൽ ചെന്നാലുള്ള ബുദ്ധിമുട്ടും പ്രയാസവും മനസ്സിലാക്കണം. അതുപോലെ അങ്ങാടിപ്പുറംവരെയുള്ള റോഡ് റീടാറിംഗ് ചെയ്യാനുള്ള ഫണ്ടുകൂടി നൽകണം. അങ്ങ് അക്കാര്യത്തിലൊരു പ്രത്യേക താൽപ്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നാടുകാണി-പരപ്പനങ്ങാടി വരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട പി. കെ. ബഷീർ സാഹിബ് സബ്മിഷനിൽ ചൂണ്ടിക്കാണിച്ച വിഷയത്തിൽ നേരത്തേ ഇടപെട്ടതാണ്. നാടുകാണി-പരപ്പനങ്ങാടി റോഡ് ഉൾപ്പെടുന്ന നിയോജകമണ്ഡലത്തിലെ മുൻമന്ത്രിമാരുൾപ്പെട്ട എം.എൽ.എ.-മാരുടെ യോഗം വിളിച്ചുചേർക്കുകയും പരിഹാരമാർഗ്ഗങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും അതിന്റെ ഭാഗമായി ചില നടപടികളുമായി മുന്നോട്ടുനീങ്ങിയതുമാണ്. 400 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിക്കപ്പെട്ട ഒരു ഭാഗമാണിത്. എന്നാൽ ധനകാര്യ വകുപ്പിന്റെ ചീഫ് ടെക്നിക്കൽ എക്സാമിനർ ഒരു പരാമർശം നടത്തുകയുണ്ടായി. ഡി.എൽ.പി. ഉള്ള മേഖലകളിൽ പ്രവൃത്തി നടത്തരുതെന്നായിരുന്നു ആ നിർദ്ദേശം. കാരണം ഡി.എൽ.പി. (ഡിഫക്ട് ലയബിലിറ്റി പിരീഡ്) പരിപാലന കാലാവധിയിൽ ബന്ധപ്പെട്ടവർക്കുതന്നെ അതിന്റെ ഉത്തരവാദിത്വമുണ്ട് എന്നുള്ള കാഴ്ചപ്പാടിന്റെ ഭാഗമായിട്ടാണ് ചീഫ് ടെക്നിക്കൽ എക്സാമിനർ അങ്ങനെയൊരു നിർദ്ദേശം വച്ചത്. അങ്ങനെ ടി റോഡിന്റെ 66 കിലോമീറ്റർ ഒഴിവാക്കി എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി നടത്തേണ്ട സ്ഥിതിയിലേയ്ക്കെത്തി. ഒഴിവാക്കിയ ഭാഗങ്ങളിൽ പുനരുദ്ധാരണ പ്രവൃത്തി നടത്തുന്നതിനുവേണ്ടി

എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശിച്ചിരുന്നതിന്റെയടിസ്ഥാനത്തിൽ 260 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിരുന്നു. ഇതിന് ധനകാര്യ വകുപ്പിന്റെ അനുമതികൂടി ആവശ്യമുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ഇക്കാര്യം ചർച്ച നടത്തി ഏത് തരത്തിൽ നടപ്പിലാക്കാമെന്നത് സംബന്ധിച്ച് പരിശോധിക്കാം. എം.എൽ.എ.-മാരുൾപ്പെടെ ചർച്ചയിൽ പങ്കുകൊള്ളുന്നത് നല്ലതാണ്. ഇക്കാര്യം ചർച്ച ചെയ്ത് പരിശോധിക്കാവുന്നതാണ്.

12.00 noon]

(7) വണ്ടിപ്പെരിയാർ-പശുമല-മ്ലാമല-തേങ്ങാക്കൽ റോഡ്

ശ്രീ. വാഴൂർ സോമൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വണ്ടിപ്പെരിയാർ-പശുമല-മ്ലാമല-തേങ്ങാക്കൽ റോഡ് കഴിഞ്ഞ 12 വർഷമായി അറ്റകുറ്റപ്പണികൾ നടത്താതെ തകർന്ന് ഗതാഗതയോഗ്യമല്ലാത്ത സ്ഥിതിവിശേഷമാണ്. വണ്ടിപ്പെരിയാർ ടൗണിലെ ദേശീയപാത 183 കെ.കെ. റോഡിൽനിന്നും തിരിഞ്ഞ് ശബരിമല ഇടത്താവളമായ ശ്രീധർമ്മശാസ്താ ക്ഷേത്രം വഴി തോട്ടംമേഖലയായ ചുരക്കുളം, പശുമല, ചന്ദ്രവനം, മ്ലാമല, തേങ്ങാക്കൽ എന്നീ എസ്റ്റേറ്റുകളിലെ പതിനായിരത്തോളം ജനങ്ങൾ സഞ്ചാരത്തിനുപയോഗിക്കുന്ന 17 കിലോമീറ്റർ വരുന്ന

പ്രധാനപ്പെട്ട റോഡാണ്. വണ്ടിപ്പെരിയാറിൽനിന്ന് തേങ്ങാക്കൽ വഴി ഏലപ്പാറ മലയോര ഹൈവേയിൽ എത്തി വാഗമൺ-തൊടുപുഴ വഴി നെടുമ്പാശ്ശേരി വിമാനത്താവളത്തിലേയ്ക്ക് എളുപ്പത്തിൽ എത്താവുന്ന റോഡും അതുപോലെ വണ്ടിപ്പെരിയാർ-മ്ലാമല-പുണ്ടിക്കുളം-ചപ്പാത്ത്-കട്ടപ്പന വഴി ഇടുക്കി കളക്ടറേറ്റിലേയ്ക്കും മൂന്നാറിലേയ്ക്കും ഏറ്റവും എളുപ്പത്തിൽ എത്തിച്ചേരാവുന്ന റോഡുമാണിത്. നിലവിൽ 8 മീറ്റർ വീതിയുള്ള റോഡ് 10 വർഷങ്ങൾക്കുമുമ്പ് പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി കുറെഭാഗം പണി നടത്തിയിട്ടുള്ളതാണ്. 2016-ൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുള്ളതാണ്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയതിനാൽ 2016 മുതൽ 2021 വരെ ത്രിതലപഞ്ചായത്ത് പ്രതിനിധികളും എം.എൽ.എ.-യും റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഫണ്ട് അനുവദിച്ചില്ല. 2022-ൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്ന് 65 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് മെമ്പർ 45 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഈ തുക കൊണ്ട് 3 കിലോമീറ്റർ റോഡ് മാത്രമേ ഗതാഗതയോഗ്യമാക്കാൻ സാധിക്കുകയുള്ളൂ. 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഈ റോഡിന്റെ പുനരുദ്ധാരണത്തിനുവേണ്ടി 10 കോടി രൂപ ആവശ്യപ്പെടുകയും

ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി 100 രൂപ വകയിരുത്തിയിട്ടുള്ളതുമാകുന്നു. ആയിരക്കണക്കിന് പൊതുജനങ്ങളും വിദ്യാർത്ഥികളും ഉപയോഗിക്കുന്ന ഈ റോഡ് സഞ്ചാരയോഗ്യമാക്കണമെന്നാവശ്യപ്പെട്ട് വലിയ ജനകീയ പ്രക്ഷോഭം നടന്നുവരികയാണ്. ആയതിനാൽ ഈ റോഡ് ഗതാഗതയോഗ്യമാക്കാൻ കിഫ്ബിയിൽനിന്നോ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തിയോT N Seema ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2016-17-ലെ റിവൈസ്ഡ് ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 136 ക്രമനമ്പർ 10 പ്രകാരം പ്രഖ്യാപിക്കുകയും 20-08-2016-ലെ സർക്കാർ ഉത്തരവുപ്രകാരം ഭരണാനുമതി ലഭിക്കുകയും ചെയ്ത ചോറ്റുപാറ-ഉളുപ്പുണി-വണ്ടിപ്പെരിയാർ-സത്രം റോഡിന്റെ വിശദമായ പദ്ധതി രേഖ കിഫ്ബിയിൽ സമർപ്പിച്ചതിന്റെയടിസ്ഥാനത്തിൽ സൈറ്റ് വിസിറ്റ് നടത്തുകയും പദ്ധതി നടപ്പിലാക്കുന്നതുമൂലമുള്ള ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതം കണക്കിലെടുത്തും കിഫ്ബി മാനദണ്ഡപ്രകാരമുള്ള ട്രാഫിക് ഇല്ലാത്തതും നിർദ്ദിഷ്ട വീതി ലഭ്യമല്ലാത്തതും ഈ പ്രദേശത്തെ ഗതാഗതവും

ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ ഒറ്റവരി ഗ്രാമീണ റോഡ് മതിയെന്നതുൾപ്പെടെയുള്ള കാരണങ്ങൾകൊണ്ട് പ്രസ്തുത പദ്ധതി പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്നാണ് പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകാൻ കഴിയാത്ത സാഹചര്യമുണ്ടായത്. 2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത റോഡിന്റെ പുനരുദ്ധാരണത്തിന് ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിരുന്നതിന്റെയടിസ്ഥാനത്തിൽ ശ്രീമതി T N Seema വകയിരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട പീരുമേട് എം.എൽ.എ. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകിയ കത്തിന്റെ പകർപ്പ് തുടർ നടപടികൾക്കായി പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ നടപടിക്രമങ്ങൾ അനുസരിച്ച് ബാക്കി തീരുമാനങ്ങളിലേയ്ക്ക് കടക്കാം.

(8) ബ്രഹ്മപുരം ജൈവമാലിന്യ പ്ലാന്റ്

ശ്രീ. ടി. ജെ. വിനോദ്: സർ, കൊച്ചി നഗരം നേരിടുന്ന ഗുരുതരമായ വിഷയമാണ് മാലിന്യപ്രശ്നം. 2007-08 കാലഘട്ടത്തിലാണ് അതീവ ഗുരുതരമായ പ്രശ്നം നേരിട്ടത്. അന്ന് ബ്രഹ്മപുരത്ത് സംസ്ഥാന ഗവണ്മെന്റിന്റെ സഹായത്തോടുകൂടി ഏകദേശം 80 ഏക്കറും നഗരസഭ ഏകദേശം 27 ഏക്കറുമുൾപ്പെടെ 107 ഏക്കർ സ്ഥലം സ്വന്തമാക്കുകയുണ്ടായി.

2007-08 കാലഘട്ടത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഉരുതര വിഷയമുണ്ടായ സന്ദർഭത്തിൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ നേരിട്ട് ഇടപെട്ട് കളക്ടറെ ചുമതലപ്പെടുത്തി FEDO (FACT Engineering and Design Organisation)-യുടെ സൂപ്പർവിഷനിൽ എ.ഡി.ബി. സഹായത്തോടെ 19 കോടി രൂപ മുടക്കി എ.പി.ടി.ഡി.സി. (Andhra Pradesh Tourism Development Corporation) എന്ന സ്ഥാപനത്തിന്റെ പ്രോജക്ട് മുഖേന ജൈവമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുകയുണ്ടായി. പക്ഷേ നിർഭാഗ്യവശാൽ നാലുവർഷം പ്രവർത്തിച്ചുകഴിഞ്ഞപ്പോൾ പ്ലാന്റ് തകർന്നുവീഴുന്ന സാഹചര്യമാണുണ്ടായത്. തുടർന്ന് കോർപ്പറേഷൻ കൗൺസിൽ കേന്ദ്രീകൃത പ്ലാന്റ് നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അന്നത്തെ യു.ഡി.എഫ്. ഗവണ്മെന്റിന്റെ മുന്നിലൊരു ആവശ്യമുന്നയിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി സാഹിബായിരുന്നു അന്നത്തെ വകുപ്പുമന്ത്രി. അന്ന് ഗവണ്മെന്റ് ടെണ്ടർ നടത്തി ജി.ജെ. ഇക്കോ പവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിയെ തെരഞ്ഞെടുക്കുകയും അവർ അതിന്റെ നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്തു. പക്ഷേ സമയബന്ധിതമായി അത് പൂർത്തീകരിക്കാൻ കഴിയാതെവരികയും കഴിഞ്ഞ കോവിഡ് സമയത്ത്

ഫണ്ടിന്റെ മൊബിലൈസേഷൻ ഉണ്ടാക്കാൻ കഴിയാത്ത സാഹചര്യത്തിൽ അവരെ ടെർമിനേറ്റ് ചെയ്യുകയും ചെയ്തു. അതിനുശേഷം അവിടെയൊരു മാലിന്യ സംസ്കരണ പ്ലാന്റിന്റെ ആവശ്യകത നിലനിൽക്കുകയാണ്. കോർപ്പറേഷൻ അവിടെയൊരു ജൈവ മാലിന്യ പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗവണ്മെന്റിൽ കൊടുത്തതായി പറയപ്പെടുന്നു. അതോടൊപ്പം 30-04-2020-ലെ 805/2020/എൽ.എസ്.ജി.ഡി. ഉത്തരവുപ്രകാരം ഒരു കേന്ദ്രീകൃത മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നുവെന്ന് പറയുകയുണ്ടായി. ഏത് പ്ലാന്റാണ് അവിടെ നിർമ്മിക്കാനുദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ച് വ്യക്തതയുണ്ടാക്കണം. കാരണം കൊച്ചി നഗരസഭയിലെ മാത്രമല്ല, സമീപ പ്രദേശങ്ങളിലെ ആറോളം മുനിസിപ്പിലിറ്റികളിലെയും 3 പഞ്ചായത്തുകളിലെയും മാലിന്യം സംസ്കരിക്കുന്നത് ഈ പ്രദേശത്താണ്. അതുകൊണ്ട് ഒരു കേന്ദ്രീകൃത പ്ലാന്റുണ്ടാകണം. അതോടൊപ്പം ഈ വിഷയത്തിൽ ഗവണ്മെന്റിന്റെ നേരിട്ടുള്ള ഇടപെടലുണ്ടാകണം. അവിടെ ഇപ്പോൾ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടക്കുന്ന പല പദ്ധതികളും പരാജയപ്പെട്ടുനിൽക്കുകയാണ്. ടൂറിസം രംഗത്ത് ഏറ്റവും അട്രാക്റ്റീവായ

കൊച്ചി പ്രദേശത്തെ മാലിന്യ സംസ്കരണത്തിന് അടിയന്തരമായി ശാശ്വത പരിഹാരമുണ്ടാക്കാൻ ഗവണ്മെന്റിന്റെ ശക്തമായ ഇടപടലുണ്ടാകണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, എറണാകുളം ജില്ലയിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേസ്റ്റ് ടു എനർജി പ്ലാന്റ്, ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉത്പാദിപ്പിക്കുന്ന തരത്തിലുള്ള ഒരു പ്ലാന്റ് സ്ഥാപിക്കാൻ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 30-04-2020-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പങ്കാളികളാകുന്ന തരത്തിൽ ക്ലസ്റ്റർ മാതൃകയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്. ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്ന സ്വകാര്യ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും (പി.പി.പി. മോഡിൽ) പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിയിൽ കൊച്ചി കോർപ്പറേഷന് പുറമെ തൃക്കാക്കര, തൃപ്പൂണിത്തുറ, കളമശ്ശേരി, ഏലൂർ, മരട്, ആലുവ, പെരുമ്പാവൂർ, അങ്കമാലി, നോർത്ത് പറവൂർ, മൂവാറ്റുപുഴ, കോതമംഗലം, പിറവം, കൂത്താട്ടുകുളം എന്നീ മുനിസിപ്പാലിറ്റികളും പങ്കാളികളാണ്. വീടുകളിൽനിന്നും തരംതിരിച്ച മാലിന്യങ്ങൾ ശേഖരിച്ച്, നിശ്ചിത കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള

സെക്കന്ററി കളക്ഷൻ പോയിന്റുകളിൽ എത്തിക്കേണ്ടത് പങ്കാളികളായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. സെക്കന്ററി കളക്ഷൻ പോയിന്റുകളിൽനിന്ന് ഖരമാലിന്യങ്ങൾ ശേഖരിച്ച്, സംസ്കരണശാലകളിൽ എത്തിച്ച്, സംസ്കരിച്ച് ഊർജ്ജമാക്കി മാറ്റേണ്ടത് സ്വകാര്യ ഏജൻസിയുടെ ചുമതലയുമാണ്. ഇതിനായി പ്രത്യേകം രൂപകൽപ്പന ചെയ്ത അടച്ചുറപ്പുള്ള വാഹനങ്ങളായിരിക്കും ഉപയോഗിക്കുക. ഈ പ്ലാന്റുകളിൽ ജൈവ മാലിന്യങ്ങൾ ബയോ മെത്തനേഷൻ പ്രക്രിയയിലൂടെ കംപ്രസ്ഡ് ബയോ ഗ്യാസും വളവുമാക്കി മാറ്റുകയും അജൈവ മാലിന്യങ്ങൾ ഇൻസിനറേഷൻ പ്രക്രിയയിലൂടെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനോ ആർ.ഡി.എഫ്. ആക്കി മാറ്റുന്നതിനോ ആണ് ഉദ്ദേശിക്കുന്നത്. ഈ പ്ലാന്റുകളിലൂടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഇലക്ട്രിസിറ്റി ബോർഡിന് കൈമാറുകയും ചെയ്യും. ആ പദ്ധതിയുടെ നോഡൽ ഏജൻസിയായി സർക്കാർ കെ.എസ്.ഐ.ഡി.സി.-യെ നിയമിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റിന്റെ സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ കെ.എസ്.ഐ.ഡി.സി. പൂർത്തിയാക്കിയിട്ടുണ്ട്. സമർപ്പിക്കപ്പെട്ട ടെണ്ടറുകളിൽനിന്നും സർക്കാർ

നിയോഗിച്ച സാങ്കേതിക സമിതി നടത്തിയിട്ടുള്ള സാങ്കേതികവും സാമ്പത്തികവുമായ പരിശോധനയുടെ അടിസ്ഥാനത്തിൽ M/s Zonta Infratech Private Limited നേതൃത്വം നൽകുന്ന കൺസോർഷ്യത്തിനെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കുകയും കൊച്ചി വേസ്റ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ, പദ്ധതി നടത്തിപ്പിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിനുള്ള കൺസെഷൻ എഗ്രിമെന്റ് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഒഴികെ പദ്ധതികളിൽ പങ്കാളികളായ പതിമൂന്ന് മുനിസിപ്പാലിറ്റികളും ഒപ്പുവച്ചിട്ടുണ്ട്. കൺസെഷൻ എഗ്രിമെന്റിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻകൂടി ഒപ്പുവച്ചശേഷം പദ്ധതിക്കാവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതും പവർ താരിഫ് ഫിക്സേഷൻ, പവർ പർച്ചേസ് എഗ്രിമെന്റ് എന്നിവയ്ക്കാവശ്യമായ തുടർനടപടികൾ കൺസെഷണയർ കമ്പനി കൈക്കൊള്ളുന്നതുമാണ്. അതിനുശേഷം പദ്ധതിക്കാവശ്യമായ സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ്, അപ്രൂവൽ എന്നിവ ലഭ്യമാകേണ്ടതുണ്ട്. അതിനെത്തുടർന്ന് ധനസമാഹരണ നടപടികൾ പൂർത്തിയാക്കുന്നമുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. കൺസെഷൻ എഗ്രിമെന്റ് പദ്ധതിയിൽ പങ്കാളികളായിട്ടുള്ള എല്ലാ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഒപ്പുവച്ചശേഷം ഒൻപത് മാസങ്ങൾക്കുള്ളിൽ പദ്ധതിക്കാവശ്യമായ എല്ലാ ക്ലിയറൻസും ലഭ്യമാക്കുന്നതിനും തുടർന്ന് രണ്ട് വർഷംകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജൈവ മാലിന്യ പ്ലാന്റ് പ്രവർത്തനക്ഷമമാണ്. മഴക്കാലം മാറിയതിനാൽ പ്ലാന്റിലെത്തുന്ന ജൈവ മാലിന്യത്തെ ഇനോക്കുലം തളിച്ച്, വെയിലത്ത് ഉണക്കിയശേഷം ടാർപ്പോളിനിട്ട് മൂടി തരംതിരിച്ച്, സംസ്കരിച്ച് വളമാക്കി മാറ്റുകയാണ് ചെയ്യുന്നത്. ഈ പ്രക്രിയ വളരെ കാര്യക്ഷമമായി നടക്കുന്നുണ്ട്. ഇതിനുപുറമെ വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റിനുവേണ്ടിയുള്ള ഡി.പി.ആർ., സോയിൽ ടെസ്റ്റ്, സ്ട്രക്ചറൽ ഡിസൈൻ, സ്ട്രക്ചറൽ വെറ്റിംഗ് എന്നിവയുൾപ്പെടെ തയ്യാറാക്കി സമർപ്പിച്ചത് സർക്കാരിന്റെ പരിഗണനയിലിരിക്കുകയുമാണ്. വേസ്റ്റു ടു എനർജി പ്ലാന്റ് വരുന്ന സാഹചര്യത്തിൽ പുതിയ വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റിന്റെ ഫീസിബിലിറ്റി സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(9) <u>തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം</u>

ശ്രീ. അൻവർ സാദത്ത്: സർ, കേരളത്തിലെ പാവപ്പെട്ട സാധാരണക്കാരായ തൊഴിലുറപ്പ് തൊഴിലാളികളെ ബാധിക്കുന്ന പ്രധാനപ്പെട്ട വിഷയമാണ് സബ്മിഷനായി ഉന്നയിക്കുന്നത്. ഡോ. മൻമോഹൻ സിംഗ് പ്രധാനമന്ത്രി ആയിരുന്ന കാലഘട്ടത്തിലാണ് തൊഴിലുറപ്പ് പദ്ധതിയെന്ന ബൃഹത് പദ്ധതി രാജ്യത്ത് നടപ്പാക്കിയതും അതിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം ഒരു പരിധിവരെ ഇല്ലാതാക്കാനും സാധാരണക്കാരായ ആളുകൾക്ക് തൊഴിലവസരം ലഭിക്കുന്ന ഒരു സാഹചര്യത്തിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞതും. ആ പദ്ധതി ഇന്ന് വലിയ ദയനീയാവസ്ഥയിലാണ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുന്ന തൊഴിലാളികൾക്ക് 2022 ഒക്ടോബർ മാസം മുതൽ ചെയ്ത ജോലിക്ക് കൂലി ലഭിക്കാത്ത അവസ്ഥയാണുള്ളത്. ഈ മേഖലയിൽ ഏർപ്പെട്ടിരിക്കുന്നതിൽ അധികവും വളരെ പാവപ്പെട്ടവരും സാധാരണക്കാരുമായ സഹോദരിമാരാണ്. അവർക്ക് നിത്യേനയുള്ള കൂലി അതത് ദിവസം കിട്ടിയാൽ അത്രയും ഉപകാരമായിരിക്കും, കാരണം അവരുടെ വീടുകളിൽ ആ പണമുപയോഗിച്ച് നിത്യജീവിതം മുന്നോട്ടുകൊണ്ടുപോകാൻ ഏറ്റവും സഹായകരമാകും. എന്നാൽ കുറച്ച് നാളുകളായി ഇവർക്ക് ലഭിക്കേണ്ട കൂലി പല കാരണങ്ങളാൽ

പെന്റിംഗാകുകയാണ്. കേന്ദ്ര ഗവണ്മെന്റ് യഥാസമയം ഫണ്ടനുവദിക്കാത്തതുകൊണ്ടാണ് കുടിശ്ശിക വരുന്നതെങ്കിൽ ആ വിവരം കേന്ദ്ര ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ള ശക്തമായ സമ്മർദ്ദം ചെലുത്തുകയും പാവപ്പെട്ടവർക്കുള്ള കൂലി എത്രയുംവേഗം അനുവദിക്കുന്നതിനുള്ള നടപടിയുണ്ടാകുകയും വേണം. ഇത് കേരളത്തിലെ സാധാരണക്കാരുടെ ഒരാവശ്യമാണ്. അതുപോലെ ഈ പദ്ധതിയിൽ കുറച്ച് മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഇപ്പോൾ നൂറ് തൊഴിൽദിനങ്ങളാണ് ഒരു വർഷം അനുവദിച്ചിട്ടുള്ളത്. അത് നൂറ്റിയമ്പതായി വർദ്ധിപ്പിച്ചെങ്കിൽ മാത്രമെ എല്ലാ മാസവും അവർക്ക് സ്ഥിര വരുമാനമുണ്ടാകുകയുള്ളൂ. ഒരു ദിവസത്തെ വേതനം 311 രൂപയാണ്. കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തി പ്രസ്തുത തുക വർദ്ധിപ്പിക്കാനുള്ള നടപടിയുണ്ടാകണം. വളരെ നിസ്സാരമായ തുകയാണിത്. ദിവസവേതനം വർദ്ധിപ്പിക്കാനുള്ള നടപടിയുണ്ടാകണം. അതുപോലെ ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള സാഹചര്യമുണ്ടാകണം. മുനിസിപ്പാലിറ്റികളിലൂടെ നടപ്പാക്കുന്ന അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതേ മാതൃകയിൽ പഞ്ചായത്തുകൾ നടത്തുന്ന തൊഴിലുറപ്പ് പദ്ധതിയിലും ക്ഷീര കർഷകരെ ഉൾപ്പെടുത്തുന്നതിന്

ശ്രമം നടത്തണം. ആലുവ ഉൾപ്പെടെയുള്ള പല മുനിസിപ്പാലിറ്റികളിലും ഈ പദ്ധതി ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. അതിനുള്ള പണമനുവദിക്കേണ്ടത് സംസ്ഥാന സർക്കാരാണ്. യഥാസമയം പണം അനുവദിക്കാത്തതിനാൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നിർത്തിവച്ചിരിക്കുന്ന സാഹചര്യമുണ്ട്. അതിനാവശ്യമായ ഫണ്ട് അനുവദിച്ച് പദ്ധതി സുഗമമായി മുന്നോട്ടുപോകുന്നതിനുള്ള നടപടിയുണ്ടാകണം. പഞ്ചായത്തുകളിൽ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിലും മുനിസിപ്പാലിറ്റികൾ വഴി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലും ഉൾപ്പെടുന്ന തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ധ തൊഴിലാളികളുടെ കൂലി പൂർണ്ണമായും കേന്ദ്ര സർക്കാരാണ് നൽകേണ്ടത്. തൊഴിൽ പൂർത്തിയാക്കി പതിനഞ്ച് ദിവസത്തിനുള്ളിൽ തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് വേതനം നൽകണമെന്നാണ് നിയമം. പ്രവൃത്തി പൂർത്തിയാക്കി ആദ്യത്തെ

ഏഴ് ദിവസത്തിനുള്ളിൽ കൂലി ലഭിക്കുന്നതിനാവശ്യമായ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ ലഭ്യമാക്കേണ്ടതാണ്. തുടർന്നുള്ള എട്ട് ദിവത്തിനകം കൂലി ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കേണ്ടത് തൊഴിലുറപ്പ് പദ്ധതിയുടെ കേന്ദ്ര മിഷനാണ്. സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം നടത്തുന്ന ഗ്രാമപഞ്ചായത്ത് തലത്തിൽ കൃത്യമായും സമയബന്ധിതമായും നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തിയാക്കുന്നമുറയ്ക്ക് അവയുടെ 96.75 ശതമാനവും ഗ്രാമപഞ്ചായത്ത് തലത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കിവരുന്നുണ്ട്. കൃത്യ സമയത്ത് കൂലി കൊടുക്കുന്നതിൽ ഇന്ത്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളമെന്ന കാര്യംകൂടി ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്. പക്ഷെ ഗ്രാമപഞ്ചായത്തുതലത്തിൽ നടപടി സ്വീകരിച്ചാലും പണം കേന്ദ്ര ഗവണ്മെന്റ് അനുവദിക്കേണ്ടതുണ്ട്. പണം കേന്ദ്ര ഗവണ്മെന്റ് സമയബന്ധിതമായി അനുവദിച്ചാൽമാത്രമെ യഥാസമയം കൂലി കൊടുക്കാൻ കഴിയുകയുള്ളൂ. ഈ സാമ്പത്തിക വർഷം കേരളം 10.31 കോടി തൊഴിൽ ദിനങ്ങൾക്കാവശ്യമായ തുക ആവശ്യപ്പെട്ടിരുന്നു. പക്ഷെ കേന്ദ്ര സർക്കാർ വെറും ആറ് കോടി തൊഴിൽ ദിനങ്ങൾ മാത്രമാണ് അനുവദിച്ചത്. പത്ത് കോടി തൊഴിൽ ദിനങ്ങൾക്കാനുപാതികമായി 1,401.72 കോടി

രൂപയാണ് ഒന്നാം ഗഡുവായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചത്. എന്നാൽ ഈ കാലയളവിൽ 1,823.86 കോടി രൂപയുടെ തൊഴിൽ ദിനങ്ങൾ കേരളം സൃഷ്ടിക്കുകയുണ്ടായി. കേന്ദ്രത്തിൽനിന്നും 422.14 കോടി രൂപയുടെ കൂലി വിതരണം ചെയ്തിട്ടില്ല. ഇതിന്റെ ഫലമായി ഒക്ടോബർ മാസത്തോടെ തൊഴിലാളികൾക്കുള്ള വേതനം കുടിശ്ശികയായി മാറിയ സാഹചര്യമുണ്ടായിട്ടുണ്ട്. കോവിഡ് പ്രതിസന്ധിയുണ്ടായ 2020-21-ൽ 10.23 കോടിയും 2021-22-ൽ 10.59 കോടിയും തൊഴിൽദിനങ്ങൾ തൊഴിലുറപ്പ് പദ്ധതിക്കുകീഴിൽ കേരളം സൃഷ്ടിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായിട്ടാണ് ഈ സാമ്പത്തിക വർഷം 10.31 കോടി തൊഴിൽദിനങ്ങൾ ലേബർ ബഡ്ജറ്റിലൂടെ കേരളം ആവശ്യപ്പെട്ടത്. പക്ഷെ, ഞാൻ നേരത്തെ പറഞ്ഞതുപോലെ, 6 കോടി മാത്രമേ അനുവദിച്ചിട്ടുള്ളൂ. പ്രസ്തുത 6 കോടിയിൽത്തന്നെ ഇതിനകം കേരളം 5.84 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിച്ചുകഴിഞ്ഞു. ഇനിയും നാലഞ്ച് മാസങ്ങൾ ശേഷിക്കുകയാണ്. അതുകൊണ്ട് കേന്ദ്ര സർക്കാർ കൂടുതൽ തൊഴിൽ ദിനങ്ങൾ അനുവദിക്കണം. കേന്ദ്ര സർക്കാർ തൊഴിൽ ദിനങ്ങൾ അനുവദിച്ചില്ലെങ്കിൽ അഡ്വാൻസ് കൊടുത്താൽ പിന്നെ അവിടെനിന്ന് കിട്ടുമെന്ന് ഉറപ്പില്ല. കേന്ദ്ര സർക്കാർ തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നില്ല

എന്നതാണൊരു പ്രശ്നം. സംസ്ഥാന സർക്കാർ അതിനുവേണ്ടി സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. അനുവദിച്ച 6 കോടി തൊഴിൽ ദിനങ്ങളുടെ കൂലിയിനത്തിൽ ഒന്നാം ഗഡു മാത്രമേ ലഭിച്ചിട്ടുള്ളൂ. രണ്ടാം ഗഡു ലഭിക്കുന്നതിന് അൺ-ഓഡിറ്റഡ് അക്കൗണ്ട് സെപ്റ്റംബർ 27-ന് നൽകേണ്ടതിന്റെ മൂന്ന് ദിവസം മുൻപുതന്നെ നമ്മൾ നൽകിയിട്ടുണ്ട്. അതുപോലെ ഓഡിറ്റഡ് ഫണ്ട് റിക്വസ്റ്റ് നവംബർ 28-നും നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്തിട്ടുണ്ട്. നമ്മുടെ ഭാഗത്തുനിന്നും യാതൊരു കാലതാമസമോ വീഴ്ചയോ ഉണ്ടായിട്ടില്ല. ഇതോടൊപ്പം, മെറ്റീരിയൽ വർക്കുകളുടെ ഭാഗമായി നൽകേണ്ട 143.48 കോടി രൂപയും കുടിശ്ശികയാണ്. ഇതിന്റെ 75% ആയ 107.61 കോടി രൂപ കേന്ദ്രത്തിൽനിന്ന് ലഭിക്കേണ്ടതാണ്. അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റായി 111 കോടി രൂപയും ലഭിക്കാനുണ്ട്.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയോടുള്ള കേന്ദ്ര സർക്കാരിന്റെ സമീപനത്തിന്റെ പ്രശ്നം ഇതിലടങ്ങിയിട്ടുണ്ട്. അടുത്തകാലത്ത് കൊണ്ടുവന്നൊരു നിബന്ധന ബഹുമാനപ്പെട്ട അംഗത്തിനും അറിയാമായിരിക്കുമെന്നാണ് ഞാൻ കരുതുന്നത്. ഒരു പഞ്ചായത്തിൽ 20 വർക്ക് മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവൂ എന്നുള്ള നിബന്ധന

കൊണ്ടുവന്നു. അതിശക്തമായിട്ടാണ് കേരള സർക്കാർ ഇക്കാര്യത്തിൽ ഇടപെട്ടത്. നിരന്തരമായ ഇടപെടലിന്റെയും സമ്മർദ്ദത്തിന്റെയും ഫലമായി ആ വ്യവസ്ഥ കേരളത്തിന് മാത്രമായി ഒഴിവായിക്കിട്ടി. നാം നടത്തിയ ഇടപെടലിന്റെ ഫലമായാണത്. ഇതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് വേഗത്തിൽ ലഭിക്കുന്നതിന് കേരള സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഫണ്ട് കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് കൂലി കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിയും.

ഒരുകാര്യംകൂടി ഇവിടെ ചൂണ്ടിക്കാണിക്കുന്നു. തൊഴിൽദിനങ്ങൾ 100 എന്നത് 150 ആക്കണമെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. 100 തൊഴിൽദിനത്തിനുള്ള പണംതന്നെ നമ്മളാവശ്യപ്പെട്ടത് ലഭിക്കുന്നില്ല. കേന്ദ്ര നിയമത്തിലെ പ്രൊവിഷൻ അനുസരിച്ച് തൊഴിൽദിനങ്ങൾ 100 ആണ്. കേരളത്തിൽ പ്രത്യേകമായ പദ്ധതി ആദിവാസി മേഖലകളിൽ നടപ്പാക്കുന്നുണ്ട്. അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലകളിൽ ടൈബൽ പ്ലസ് എന്നപേരിൽ 200 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ക്ഷീരകർഷകരെ ഉൾപ്പെടുത്തുന്ന കാര്യത്തിലും കേന്ദ്രാനുമതി ഒരു പ്രശ്നമാണ്.

നഗര തൊഴിലുറപ്പ് പദ്ധതിയുടെ കാര്യത്തിൽ ഒരുകാര്യം വളരെ അഭിമാനത്തോടുകൂടി ചൂണ്ടിക്കാണിക്കാൻ കഴിയും. ഇന്ത്യയിൽ നഗര

തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കണമെന്ന കാര്യം ഇടതുപക്ഷം എത്രയോ കാലമായി കേന്ദ്രത്തിനോട് ആവശ്യപ്പെടുന്നതാണ്. അത് ആദ്യമായി നടപ്പാക്കിയത് ഈ ഗവണ്മെന്റാണ്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റാണ് നഗര തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചത്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുമില്ല. 36,000 കോടി രൂപയുടെ വരുമാന നഷ്ടമുണ്ടായ സാഹചര്യത്തിൽപ്പോലും കേരളത്തിലെ സർക്കാർ നഗര തൊഴിലുറപ്പ് പദ്ധതിക്ക് തുക നീക്കിവച്ചിട്ടുണ്ട് എന്നതാണ് കാണേണ്ടത്.

(10) ആധാരമെഴുത്ത് മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാനത്തെ ആധാരമെഴുത്ത് തൊഴിലാളികളും അവരുടെ കുടുംബങ്ങളും നേരിടുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് ഞാൻ സഭയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നത്. സംസ്ഥാനത്തെ ഏറ്റവും പുരാതനമായ വകുപ്പുകളിലൊന്നായ രജിസ്ട്രേഷൻ വകുപ്പിന്റെ ഉത്ഭവം മുതൽ ആധാരമെഴുത്ത് ഒരു തൊഴിൽ എന്ന നിലയിൽ ഉത്ഭവിച്ചിട്ടുള്ളതും ആധാരമെഴുത്ത് തൊഴിലാളി വിഭാഗം നിലവിൽ വന്നിട്ടുള്ളതുമാണ്. പ്രമാണങ്ങളുടെ അനന്യത തെളിയിക്കൽ, കൃത്രിമം തടയൽ, അവകാശാധാരങ്ങൾക്ക് സുരക്ഷിതത്വം നൽകൽ എന്നിവ സുപ്രധാന

ലക്ഷ്യങ്ങളായി സ്വീകരിച്ചിട്ടുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ആധാരമെഴുത്ത് തൊഴിലാളികൾ തന്നെയാണ് പ്രധാന പങ്കുവഹിക്കുന്നത്. ഇടപാടുകൾ കുറവായിരുന്ന പ്രാരംഭ കാലങ്ങളിൽ ഒരു ചെറിയ വിഭാഗം ആളുകൾ മാത്രമാണ് ഈ തൊഴിൽ മേഖലയിലുണ്ടായിരുന്നത്. തുടർന്ന് ഒരു പരമ്പരാഗത തൊഴിലെന്ന നിലയിലും സ്വയംതൊഴിൽ കണ്ടെത്തുന്ന തരത്തിലും ഈ തൊഴിൽ വളർന്നുവന്നു. ഇന്ന് രജിസ്ട്രേഷൻ മേഖലയിൽ ഇടപാടുകൾ വലിയതോതിൽ വർദ്ധിച്ചപ്പോൾ ആധാരമെഴുത്ത് തൊഴിലാളികളുടെ വർദ്ധനവ് അനിവാര്യമായിത്തീരുകയും സ്വയംതൊഴിൽ കണ്ടെത്തുകയെന്ന രീതിയിൽ ആധാരമെഴുത്ത് തൊഴിൽ മേഖലയിൽ പതിനായിരക്കണക്കിന് അഭ്യസ്തവിദ്യർ കടന്നുവരികയുമുണ്ടായി. സ്റ്റാമ്പ് ആക്ട്, രജിസ്ട്രേഷൻ ആക്ട്, രജിസ്ട്രേഷൻ മാന്വൽ എന്നിവ അടിസ്ഥാനമാക്കി രജിസ്ട്രേഷൻ വകുപ്പ് നടത്തുന്ന പരീക്ഷകൾ പാസ്സായി ആധാരം തയ്യാറാക്കൽ ലൈസൻസും കൈപ്പട ലൈസൻസും സമ്പാദിച്ച്, വർഷാവർഷം സർക്കാരിലേയ്ക്ക് ഫീസൊടുക്കി ലൈസൻസുകൾ പുതുക്കി ആധാരമെഴുത്ത് തൊഴിൽ മേഖലയിൽ പണിയെടുത്ത് കുടുംബം പോറ്റിവരുന്ന പതിനായിരക്കണക്കിന് ആധാരമെഴുത്ത് തൊഴിലാളികൾ ഇപ്പോൾ സംസ്ഥാനത്തുണ്ട്. അവരുടെ

ഉത്കണ്ഠയാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. ഈ തൊഴിൽ മേഖലയിലും കമ്പ്യൂട്ടർവൽക്കരണം കടന്നുവരികയാണ്. അതിനെ പൊതുവെ ഈ മേഖല സ്വാഗതം ചെയ്യുന്നുണ്ട്. പൊതുജനക്ഷേമപരവും തൊഴിലാളി സൗഹാർദ്ദപരവും അഴിമതി നിർമ്മാർജ്ജനശ്രമവുമായി നടപ്പിലാക്കുന്ന ആധുനികവൽക്കരണത്തെ സ്വാഗതം ചെയ്യുകയാണ്. എന്നാൽ, ആധുനികവൽക്കരണം എന്നപേരിൽ ആധാരങ്ങളും ഫയലിംഗ് ഷീറ്റും ഒഴിവാക്കി 'ടെംപ്ലേറ്റ് മോഡൽ' എന്നപേരിലുള്ള പുതിയ പരിഷ്കാരം ആധാരങ്ങളുടെ സുരക്ഷിതത്വവും ഇടപാടുകളുടെ സുതാര്യതയും വ്യക്തതയും പൊതുജനങ്ങളുടെ ഭ്രരേഖ സുരക്ഷിതത്വവും ഇല്ലാതാക്കുമെന്ന് കരുതേണ്ടതുണ്ട്. അതുമാത്രമല്ല, ആധാരമെഴുത്ത് മേഖലയിൽ പണിയെടുക്കുന്ന ആയിരക്കണക്കിന് തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും നിലനിൽപ്പുതന്നെ ഇല്ലാതാക്കും. കേന്ദ്ര ഗവണ്മെന്റ് രാജ്യമാകെ ഒരു രാജ്യം, ഒരു രജിസ്ട്രേഷൻ എന്ന നയം നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. ഒരു രാജ്യം ഒരു ഭാഷ, ഒരു രാജ്യം ഒരു നികുതി, ഒരു രാജ്യം ഒരു വേഷം, ഒരു രാജ്യം ഒരു പോലീസ്, ഒരു രാജ്യം ഒരു സംസ്കാരം തുടങ്ങിയ നയങ്ങളുടെ തുടർച്ചയാണ് രജിസ്ട്രേഷൻ രംഗത്തും കേന്ദ്ര ഗവണ്മെന്റ് നടപ്പിലാക്കുന്നത്.

തൊഴിലെടുക്കാനുള്ള അവകാശം നിഷേധിക്കരുതെന്നും അശാസ്ത്രീയമായ 'ടെംപ്ലേറ്റ് മോഡൽ' പരിഷ്കരണം നടപ്പിലാക്കുന്നതിൽനിന്നും പിന്മാറണമെന്നും തികച്ചും അശാസ്ത്രീയവും അപ്രായോഗികവുമായ, പൊതുജനങ്ങൾ തള്ളിക്കളഞ്ഞ സ്വയം ആധാരമെഴുതാമെന്ന കരിനിയമം പിൻവലിക്കണമെന്നും പരിചയസമ്പന്നരായ കൈപ്പട ലൈസൻസികൾക്ക് ആധാരം തയ്യാറാക്കൽ ലൈസൻസ് അനുവദിക്കണമെന്നും ആധാരം തയ്യാറാക്കൽ പരീക്ഷ നിയമാനുസൃതം നടത്തണമെന്നും ആധാരം എഴുത്തുഫീസ് പട്ടിക പുതുക്കിനിശ്ചയിക്കണമെന്നും ആധാരമെഴുത്ത് തൊഴിൽ സംരക്ഷിക്കണമെന്നും കേരളത്തിലെ ആധാരമെഴുത്ത് തൊഴിലാളികൾക്കുവേണ്ടി ഞാൻ ബഹുമാനപ്പെട്ട ഗവണ്മെന്റിനോടും പ്രിയപ്പെട്ട മന്ത്രിയോടും അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, രജിസ്ട്രേഷൻ വകുപ്പിനെ കൂടുതൽ ജനകീയമാക്കുന്നതിനും ആധാര-രജിസ്ട്രേഷൻ നടപടിക്രമങ്ങളും ആധാര ഭാഷയും സാധാരണക്കാർക്കുകൂടി മനസ്സിലാകുന്ന വിധത്തിൽ

ലളിതവൽക്കരിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് വകുപ്പിന്റെ വെബ്സൈറ്റിൽ 16.07.2013-ലെ സ.ഉ. (സാധാ.) നം.545/2013/നി.വ. നമ്പർ ഉത്തരവുപ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള 19 തരം ആധാര മാതൃകകൾ ലളിതവൽക്കരിച്ചുകൊണ്ട് ഫോം രൂപീകരിക്കുന്നതിന് നികുതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന 06.03.2021-ലെ യോഗനടപടിക്കുറിപ്പ് പ്രകാരം തീരുമാനിച്ചിരുന്നു.

ആധാരങ്ങൾ തയ്യാറാക്കുന്നതിന് നിലവിലുള്ള ചട്ടങ്ങൾപ്രകാരം ലൈസൻസുള്ള ആധാരമെഴുത്തുകാർ, അഡ്വക്കേറ്റുമാർ, ആധാരത്തിലെ കക്ഷികൾ എന്നിവർക്ക് നിയമപരമായി അധികാരമുണ്ട്. ആധാരം തയ്യാറാക്കിയശേഷം അത് മുദ്രപ്പത്രത്തിൽ എഴുതുകയോ പ്രിന്റെടുക്കുകയോ ചെയ്യുന്നു. അതിന്റെ ശരിപ്പകർപ്പുകൂടി തയ്യാറാക്കിയശേഷം രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ ഡാറ്റാ എൻട്രി ചെയ്ത് രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടച്ച് ടോക്കൺ എടുത്തശേഷം നിശ്ചിത സമയത്ത് സബ് രജിസ്ട്രാർ ഓഫീസിൽ ആധാരകക്ഷി ആധാരം ഹാജരാക്കുന്നു. ഇ-സ്റ്റാമ്പ് ആവശ്യമായ ആധാരങ്ങളിൽ ഡാറ്റാ എൻട്രി ചെയ്തശേഷം ഓൺലൈനായി സ്റ്റാമ്പ് ഡ്യൂട്ടി അടച്ചശേഷമാണ് ഇ-സ്റ്റാമ്പ് ലഭ്യമാക്കുന്നത്. ഇപ്രകാരം ഹാജരാക്കുന്ന ആധാരങ്ങൾ നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ

പ്രകാരമാണോ എന്ന് പരിശോധിച്ചശേഷം രജിസ്ട്രേഷനായി സബ് രജിസ്ട്രാർ സ്വീകരിക്കുന്നു. ആധാര കക്ഷികളുടെ അനന്യതയും സമ്മതവും രേഖപ്പെടുത്തിയശേഷം ആധാരം രജിസ്റ്റർ ചെയ്യുന്നു. ഈ സമയം രജിസ്റ്ററിംഗ് ഓഫീസർ ആധാരം ഹാജരാക്കിയതുസംബന്ധിച്ചും കക്ഷികളുടെ സമ്മതവും ആളെ തിരിച്ചറിയുന്നതും രജിസ്റ്റർ ചെയ്യുന്നതുമായ വിവരങ്ങൾ പുറത്തെഴുത്തായി രേഖപ്പെടുത്തുകയും ആധാരകക്ഷികളുടെ വിരൽപ്പതിപ്പ് എടുക്കുകയും ചെയ്യുന്നു. രജിസ്ട്രേഷനുശേഷം ആധാരത്തിന്റെ പുറത്തെഴുത്തുകൾ ഫയലിംഗ് ഷീറ്റിൽ പകർത്തിയെഴുതിയശേഷം അസ്സൽ ആധാരം സ്കാൻ ചെയ്തശേഷമാണ് കക്ഷികൾക്ക് തിരികെ നൽകുന്നത്. പ്രായോഗിക തലത്തിൽ ഇതിന് മൂന്ന് മുതൽ അഞ്ച് ദിവസംവരെ വേണ്ടിവരുന്നു.

ടെംപ്ലേറ്റ് സംവിധാനത്തിലൂടെ ആധാരങ്ങൾ തയ്യാറാക്കുകയെന്നാൽ രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് പോർട്ടലിലുള്ള വെബ് ആപ്ലിക്കേഷന്റെ സഹായത്തോടെ ആധാരം തയ്യാറാക്കുക എന്നതാണ്. ഇതിനായി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന മാതൃകാ ഫോം മാർഗ്ഗനിർദ്ദേശം മാത്രമാണ്. ആധാര കക്ഷികൾക്ക് അതിലെ വ്യവസ്ഥകൾ, കരാറുകൾ എന്നിവയെല്ലാം അവരുടെ ഇച്ഛാനുസരണം മാറ്റംവരുത്താൻ കഴിയുന്നതുമാണ്. ഇപ്രകാരം

തയ്യാറാക്കുന്ന ആധാരങ്ങൾ ഇ-സ്റ്റാമ്പ് ഉൾപ്പെടെ പി.ഡി.എഫ്. ആയി ഡൗൺലോഡ് ചെയ്യാൻ കഴിയുന്നതുമാണ്. അതിനുശേഷം അതിന്റെ ശരിപ്പകർപ്പുൾപ്പെടെ രജിസ്ട്രേഷനായി സബ് രജിസ്ട്രാർ ഓഫീസിൽ ഹാജരാക്കുന്നു. നടപടിക്രമങ്ങളുടെ ഭാഗമായി ആധാര കക്ഷികളുടെ വിരൽപ്പതിപ്പും ഫോട്ടോയും ഡിജിറ്റൽ രൂപത്തിൽ സേവ് ചെയ്തതിനുശേഷം രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ ആധാരത്തിന്റെ പുറത്തെഴുത്തുകൾ എഴുതുന്നതിനുപകരം വിരൽപ്പതിപ്പും ഫോട്ടോയും ഉൾപ്പെടെയുള്ള വിവരങ്ങൾ ആധാരത്തിൽ പ്രിന്റ് ചെയ്യുകയും രജിസ്ട്രേഷനുശേഷം പുറത്തെഴുത്തിന്റെ പ്രിന്റ് ചെയ്ത പകർപ്പ് ആധാരത്തിന്റെ ശരിപ്പകർപ്പിനൊപ്പം ചേർത്തുകൊണ്ട് ഫയൽ ചെയ്യുകയും നടപടികൾ പൂർത്തിയാക്കി അസ്സൽ ആധാരം സ്കാൻ ചെയ്തശേഷം തിരികെ നൽകുകയും ചെയ്യുന്നു. ഈ നടപടിക്രമങ്ങൾ പാലിക്കുകയാണെങ്കിൽ രജിസ്റ്റർ ചെയ്യുന്ന ദിവസംതന്നെ ആധാരം തിരികെ നൽകാൻ കഴിയുന്നതാണ്. എന്നുവച്ചാൽ അഞ്ച് ദിവസംകൊണ്ട് നടക്കുന്ന കാര്യം ആ ദിവസംതന്നെ നൽകാൻ കഴിയുമെന്നുള്ളതാണ് ഇതിലെ പ്രത്യേകത. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ സംസ്ഥാനത്തിന്റെ സൂചിക മെച്ചപ്പെടുത്തുന്നതിന് ചെയ്യേണ്ട കാര്യങ്ങളിലൊന്ന് നിക്ഷേപം നടത്തുന്നവർ ഉൾപ്പെടെയുള്ളവർ ആധാരം

രജിസ്റ്റർ ചെയ്യുന്ന ദിവസംതന്നെ തിരികെ നൽകുക എന്നതാണ്. ഇപ്പോഴുള്ള സംവിധാനം ഇതിന് പര്യാപ്തമല്ല. കേരളത്തിൽ ഡിജിറ്റൽ സർവ്വേ നടപടികൾ പുരോഗമിക്കുകയാണ്. ഭൂരേഖകൾ കൃത്യമാക്കുക, അവകാശ രേഖകൾ ലഭ്യമാക്കുക, ഭൂതർക്കങ്ങൾ പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുകയും സർവേ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളിലെ ഡാറ്റാ സമന്വയിപ്പിക്കുകയും ചെയ്യുക എന്നത് ഇതിന്റെ മുൻ ഉപാധിയാണ്. പ്രീ മ്യൂട്ടേഷൻ സ്കെച്ചിൽ തുടങ്ങി രജിസ്ട്രേഷനിലൂടെ ഭൂമി പോക്കുവരവ് ചെയ്യുന്ന പ്രക്രിയയിൽ മധ്യത്തിലുള്ള രജിസ്ട്രേഷൻ നടപടികൾ മാത്രം ഡിജിറ്റൽ ചങ്ങലയിൽനിന്നും മാറിനിന്നാൽ ഈ പദ്ധതിയുടെ ഉദ്ദേശിച്ച ഫലമുണ്ടാകുകയില്ല. കൂടാതെ കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുവിന്റെ വിവരങ്ങളുടെ പവിത്രത സൂക്ഷിക്കുന്നതിനും ഈ സംവിധാനം അനിവാര്യമാണ്. ഈ സംവിധാനത്തിലൂടെ തയ്യാറാക്കുന്ന ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന ദിവസംതന്നെ തിരികെ നൽകാൻ കഴിയുന്നതും ഡിജിറ്റൽ കോപ്പി ഡിജിലോക്കറിൽ ലഭ്യമാക്കാൻ കഴിയുന്നതുമാണ്. ഇതിലൂടെ ബാങ്കിംഗ് ഇടപാടുപോലെ വസ്തുവിന്റെ ടൈറ്റിൽ പരിശോധന ആവശ്യമായ സംഗതികളിൽ ഡിജിലോക്കർ മുഖേന പരിശോധന നടത്താൻ കഴിയുന്നതും കൂടാതെ വിവരസാങ്കേതികവിദ്യയുടെ

ഗുണഫലങ്ങൾ സാധാരണ ജനങ്ങൾക്കും ലഭ്യമാക്കുന്നതുമാണ്. നിലവിലുള്ള ചട്ടങ്ങൾപ്രകാരം ആധാരം തയ്യാറാക്കുന്നതിന് ലൈസൻസുള്ള ആധാരമെഴുത്തുകാർ, അഡ്വക്കേറ്റുമാർ, ആധാരത്തിലെ കക്ഷികൾ എന്നിവർക്ക് അധികാരമുണ്ട്. സർക്കാർ നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന ഫോം രൂപത്തിലുള്ള ആധാരങ്ങളിൽ ആധാരമെഴുത്ത് ലൈസൻസി അഡ്വക്കേറ്റ്, ആധാര കക്ഷികൾ എന്നിവർ ആധാരം തയ്യാറാക്കുന്ന രീതിയിലാണുള്ളത്. ആയതിനാൽ ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ല എന്നറിയിക്കുന്നു.

12.20 PM]

V. അറിയിപ്പ്

ഫിൻലാൻഡ് അംബാസഡറുടെ സഭാസന്ദർശനം

മി. സ്പീക്കർ: സഭാംഗങ്ങളുടെ ശ്രദ്ധയ്ക്ക്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് നാല് മന്ത്രിമാരും 2022 ഒക്ടോബറിൽ ഫിൻലാൻഡിൽ നടത്തിയ ഔദ്യോഗിക സന്ദർശനത്തിന്റെ തുടർച്ചയായി ആ രാജ്യവുമായി വിവിധ രംഗങ്ങളിൽ സഹകരണത്തിനും ഒരുമിച്ചുള്ള പ്രവർത്തനങ്ങൾക്കും വേദി ഒരുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യുന്നതിനായി ഇന്ത്യയിലെ ഫിൻലാൻഡ് അംബാസഡറും മറ്റ് ഉദ്യോഗസ്ഥരും ഇപ്പോൾ സംസ്ഥാനം

സന്ദർശിച്ചുവരികയാണ്. സഭാനടപടികൾ വീക്ഷിക്കുന്നതിനായി സഭയിലെ ഡി. വി. ഗ്യാലറിയിൽ എത്തിയിട്ടുള്ള ഇന്ത്യയിലെ ഫിൻലാൻഡ് അംബാസഡർ മിസ്സിസ് റിത്വ കോക്കു-റോണ്ടെയ്ക്കും മറ്റ് വിശിഷ്ട വ്യക്തികൾക്കും നമ്മുടെ സഭയിലേയ്ക്ക് സ്വാഗതം ആശംസിക്കുകയാണ്.

Let us welcome Mrs. Ritva Koukku-Ronde, Hon'ble Ambassador of Finland to India and other dignitaries to Legislative Assembly of Kerala. Welcome dignitaries. Welcome, on behalf of all members of Kerala Legislative Assembly, I extend a warm welcome to all of you Sir. Thank you for your visit.

12.30 PM]

VI. റിപ്പോർട്ടുകളുടെ സമർപ്പണം

(1) i. 2022-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്

ii. 2022-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ.

വാസവൻ): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനുവേണ്ടി ഞാൻ 2022-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ, 2022-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(2) 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി(ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി(ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ റിപ്പോർട്ട്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ശ്രീമതി യു. പ്രതിഭ: സർ, ആരോഗ്യവും കുടുംബക്ഷേമവും

സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷയ്ക്കുവേണ്ടി സമിതി അംഗമായ ഞാൻ 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(4) 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മിഷൻ ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അദ്ധ്യക്ഷനുവേണ്ടി സമിതി അംഗമായ ഞാൻ 2022-ലെ കേരള പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(5) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിരണ്ട് മുതൽ ഇരുപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സണ്ണി ജോസഫ്: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിരണ്ട് മുതൽ ഇരുപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(6) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

12.35 PM]

VII. നിയമനിർമ്മാണകാര്യം:

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

(i) 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ സംബന്ധിച്ച എന്റെ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീമതി യു. പ്രതിഭ]

വെറ്ററിനറി സർവ്വകലാശാലയിൽ സംവരണതത്വം ഉറപ്പാക്കാനാണ് ഈ ഭേദഗതി ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. സബ്ജക്ട് കമ്മിറ്റിയിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയപ്പോഴും സംവരണതത്വം പാലിക്കാൻ വേണ്ടിയുള്ള ഭാഗത്തെ ഞങ്ങൾ പൂർണ്ണമായും സ്വാഗതം ചെയ്തതാണ്. സർവ്വകലാശാലകളിൽ വരാൻപോകുന്ന ആശാസ്യമല്ലാത്ത പ്രവണതകളെയും ഇന്ന് വെറ്ററിനറി സർവ്വകലാശാല നേരിടുന്ന പൊതുവായ മറ്റുവിഷയങ്ങളെയും ചൂണ്ടിക്കാട്ടിയാണ് ഞങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്തെ സംബന്ധിച്ച് സാമൂഹ്യനീതിയും അവസരസമത്വവും എല്ലാ അർത്ഥത്തിലും ഉറപ്പാക്കാൻ ഇത്തരത്തിലുള്ള സംവരണമുൾപ്പെടെയുള്ള കാര്യങ്ങൾ അനിവാര്യമായിരിക്കുകയാണ്. പ്രസ്തുത വിഷയം മുന്നിൽ നിൽക്കുമ്പോൾത്തന്നെ സർവ്വകലാശാലകൾ ലക്ഷ്യംവയ്ക്കുന്നത്, അവയിലൂടെ നല്ല വിദ്യാഭ്യാസം നൽകുകയെന്നതാണ്. ബൗദ്ധിക നിലവാരം മെച്ചപ്പെടുത്താനും സാമൂഹ്യഘടനയെ നവീകരിക്കാനും

കഴിയുന്ന നിലയിലുള്ള ഒരു വിദ്യാഭ്യാസ സംവിധാനത്തിലേയ്ക്ക് വരേണ്ടതുണ്ട്. നിർഭാഗ്യവശാൽ നമ്മുടെ സർവ്വകലാശാലകളിലെ വിദ്യാഭ്യാസ സംവിധാനത്തിലുണ്ടാകുന്ന ന്യൂനതകൾ പലപ്പോഴും ചർച്ച ചെയ്യപ്പെടുന്ന സന്ദർഭങ്ങളാണുണ്ടാകുന്നത്. സംസ്ഥാനം ഇന്ന് നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളികളിലൊന്നായി എനിക്കുതോന്നുന്നത് വലിയരീതിയിലുള്ള മതാന്ധതയും വർഗ്ഗീയ ധ്രുവീകരണവും ഉണ്ടാവുന്നു എന്നതാണ്. അടുത്തകാലത്ത് വന്ന പല വിവാദ വിഷയങ്ങളിലേയ്ക്കും തിരിഞ്ഞുനോക്കിയാൽ ഇത്തരത്തിലുള്ള ധ്രുവീകരണം നമ്മളിൽ അടിച്ചേൽപ്പിക്കുകയാണെന്ന് മനസ്സിലാകും. അതുണ്ടാക്കുന്ന പ്രത്യാഘാതം വളരെ മോശമായിരിക്കുമെന്ന് ഞാൻ പറയാതെതന്നെ അറിയാവുന്നതുമാണ്. വിദ്യാഭ്യാസംവഴി നാം ലക്ഷ്യംവയ്ക്കുന്നത് എന്താണ്? സാമൂഹ്യതുല്യത, സാമൂഹ്യനീതി എന്നിവയുടെ അർത്ഥം ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുവരുമ്പോൾ മനുഷ്യനെ മനുഷ്യനായി കാണാനുള്ള നല്ലൊരു സാമൂഹ്യ അന്തരീക്ഷം സൃഷ്ടിച്ചെടുക്കാൻ സാധിക്കുമെന്നതുകൊണ്ടുതന്നെ വിദ്യാഭ്യാസത്തിന് കൂടുതൽ അർത്ഥം വരുമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർവ്വകലാശാലകളിൽനിന്നും ശാസ്ത്രീയമുന്നേറ്റങ്ങൾ എത്രമാത്രമുണ്ടാകുന്നുവെന്ന് നാം ആലോചിക്കേണ്ടതാണ്. വെറ്ററിനറി

സർവ്വകലാശാലയെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യുമ്പോഴും നിയമത്തിൽ ഒരു ഭേദഗതി ഗവണ്മെന്റ് സഭയിൽ കൊണ്ടുവരുമ്പോഴും പ്രസ്തുത സർവ്വകലാശാലയിൽ വരുന്ന മാറ്റങ്ങൾ എത്രമാത്രമാണെന്ന് ആലോചിക്കണം. ഗവേഷണ മേഖലയിൽ എത്രമാത്രം മുന്നേറാൻ കഴിഞ്ഞുവെന്ന അവലോകനംകൂടി ഈ സന്ദർഭത്തിൽ നടത്തേണ്ടതായിട്ടുണ്ട്. വെറ്ററിനറി സർവ്വകലാശാലയുൾപ്പെടെ മറ്റേത് സർവ്വകലാശാലകളിലായാലുംശരി വിദ്യാർത്ഥികളെ കരിയർ ഓറിയന്റഡായി വാർത്തെടുക്കാൻ സാധിക്കണം, അവരെ പ്രൊഡക്ടീവാക്കാൻ കഴിയണം. ആ പ്രൊഡക്ടിവിറ്റി നാടിന്റെ മുന്നേറ്റത്തിനും പുരോഗതിക്കും വിനിയോഗിക്കാൻ കഴിയണം. എന്നാൽ അതുണ്ടാകുന്നില്ലെന്നത് ഞാൻ പറയാതെതന്നെ നിങ്ങൾക്കെല്ലാമറിയാം. വർത്തമാനകാലത്ത് നാം ഏറ്റവും കൂടുതൽ ചർച്ച ചെയ്യുന്നത് നമുക്ക് നഷ്ടപ്പെട്ടുപോകുന്ന പുതുതലമുറയെക്കുറിച്ചാണ്. ഇന്ന് നല്ല വിദ്യാഭ്യാസം തേടി പുറത്ത് പൊയ്ക്കൊണ്ടിരിക്കുന്ന സാഹചര്യം കേരളത്തിൽ സംജാതമായിക്കൊണ്ടിരിക്കുന്നത് വലിയരീതിയിൽ ആശങ്കയുളവാക്കുന്നതാണ്. അറുപത് ശതമാനത്തിനുമുകളിൽ എഞ്ചിനീയറിംഗ് ബിരുദധാരികൾ ഇന്ന് തൊഴിലെടുക്കുന്നത് പ്രസ്തുത

ബിരുദം ആവശ്യമില്ലാത്ത മേഖലകളിലാണെന്നത് വാസ്തവമാണ്. പല ഡിഗ്രി കോഴ്സുകളിലും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നത് മറ്റൊരു വാസ്തവമാണ്. സർവ്വകലാശാലകളെക്കുറിച്ച് ചർച്ചചെയ്യുമ്പോൾ ഇത്തരത്തിലുള്ള അനവധി വിഷയങ്ങൾ മുന്നിൽ വരുന്നുണ്ട്. വെറ്ററിനറി മേഖല ധാരാളം സാദ്ധ്യതകളുള്ളതാണ്. നേരത്തെപറഞ്ഞതുപോലെ കരിയർ ഓറിയന്റഡായി മുന്നോട്ടുപോകാൻ ഇവിടെയും നമുക്ക് അതിന് സാധിക്കണം. 2015-നുശേഷം പുതിയ ഒരു കോഴ്സും വെറ്ററിനറി സർവ്വകലാശാലയിൽ ആരംഭിച്ചിട്ടില്ലെന്നാണ് പ്രസ്തുത സർവ്വകലാശാലയെ സംബന്ധിച്ച് പരിശോധിച്ചപ്പോൾ മനസ്സിലായത്. 2022-ൽ എത്തിനിൽക്കുമ്പോഴും ആദ്യം മുതൽ നൽകിക്കൊണ്ടിരുന്ന കൺവെൻഷണൽ കോഴ്സുകൾ ഇപ്പോഴുമുണ്ട് എന്നതൊഴിച്ചാൽ പുതിയ കോഴ്സുകൾക്കൊന്നും ആരംഭം കുറിക്കാൻ കഴിഞ്ഞിട്ടില്ല. ഗവേഷണമേഖലയിൽ ഇന്നും നമ്മൾ വളരെ പിന്നിലാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കള്ളിംഗിനെക്കുറിച്ചും പന്നികളെ ഇറാഡിക്കേറ്റ് ചെയ്യുന്നതിനെക്കുറിച്ചും സംസാരിക്കുകയുണ്ടായി. ഒരു രോഗം വന്നുകഴിയുമ്പോൾ രോഗാവസ്ഥയിൽവരുന്ന മൃഗങ്ങളെ ഇറാഡിക്കേറ്റ് ചെയ്യുകയെന്ന ഏറ്റവും എളുപ്പമാർഗ്ഗമാണ് അവലംബിച്ചുവരുന്നത്, മറിച്ച് അത് എങ്ങനെ മറികടക്കാൻ

കഴിയുമെന്നതിനെ സംബന്ധിച്ചല്ല ചിന്തിക്കുന്നത്. കോഴികളെയും താറാവിനെയും മറ്റ് പക്ഷിമൃഗാദികളെയും എത്രയും പെട്ടെന്ന് ഇറാഡിക്കേറ്റ് ചെയ്യുകയെന്ന നിലയിലേയ്ക്കാണ് നമ്മൾ വരുന്നത്. അതിനുശേഷം അതിന്റെ ഇൻഷ്വറൻസ് പരിരക്ഷയെക്കുറിച്ച് നമ്മൾ സംസാരിക്കും. നമ്മൾ ഇപ്പോഴും ഇൻഷ്വറൻസിനെക്കുറിച്ചും ആ രീതിയിലുള്ള മറ്റ് കാര്യങ്ങളെക്കുറിച്ചുമാണ് പറയുന്നത്. ശാസ്ത്രീയമായി എങ്ങനെ ഇത്തരത്തിലുള്ള രോഗാവസ്ഥകളെ തടയാൻ കഴിയുമെന്നാണ് ചിന്തിക്കേണ്ടത്. നമുക്കറിയാം, കേരളത്തിൽ ക്ഷീരമേഖലയിൽ ധാരാളം കർഷകരുണ്ട്, കോഴി കർഷകരുണ്ട്. പാലിനും ഇറച്ചിക്കുമായി മൃഗങ്ങളെ വളർത്തുന്ന ധാരാളം കർഷകർ കേരളത്തിലുള്ളപ്പോൾ തീർച്ചയായും ഈ മേഖലയിൽ നമ്മൾ ഇപ്പോഴും വളരെ പിന്നിൽ നിൽക്കുന്നുവെന്നത് യാഥാർത്ഥ്യമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ക്ഷീരവികസന വകുപ്പിൽ 561 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ പലപ്പോഴും മൃഗാശുപത്രികളിൽ ആവശ്യമായ ജീവനക്കാരുടെ അഭാവമുണ്ടാകുന്നു. മൃഗാശുപത്രികൾ ആധുനികവൽക്കരിക്കപ്പെടണ്ടേ? കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി എന്റെ നിയോജകമണ്ഡലത്തിൽ ഒരു പുതിയ മോഡേൺ ക്ലിനിക് ഉദ്ഘാടനം ചെയ്തു. പക്ഷേ ഒരിടത്ത് മാത്രമായതുകൊണ്ട് മതിയാകുന്നില്ല.

എല്ലാം ഒരുമിച്ച് ചെയ്യാൻ കഴിയുമെന്നുള്ള ധാരണയുമില്ല. പക്ഷെ ഘട്ടംഘട്ടമായെങ്കിലും നമ്മൾ മുന്നോട്ടുവരണം. പൊതുജനാരോഗ്യത്തെക്കുറിച്ച് സംസാരിക്കുമ്പോൾ മൃഗങ്ങളുടെ പരിരക്ഷയിലും ആ മേഖലയിൽ എത്തിപ്പെടേണ്ടതായ കാര്യങ്ങളിലും നമ്മൾ ഇപ്പോഴും ബഹുദൂരം പിന്നിൽ നിൽക്കുന്നുവെന്നാണ് ഞാൻ സൂചിപ്പിച്ചത്. വെറ്ററിനറി ഹോസ്പിറ്റലുകളിൽ ആവശ്യമായ സർജറി സൗകര്യങ്ങളുണ്ടാകണം, അതിനനുസൃതമായ എക്വിപ്മെന്റ്സും ലഭ്യമാക്കണം. അങ്ങനെയുള്ള ചിന്തകൾ തീർച്ചയായിട്ടും ഈ സന്ദർഭത്തിലുണ്ടാകണമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. വെറ്ററിനറി മെഡിസിൻസിന്റെ വില വർദ്ധിച്ചത് സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. വലിയരീതിയിൽ വില വർദ്ധിച്ചിട്ടുണ്ട്. ഒപ്പംതന്നെ അവയിലബിലിറ്റി കുറഞ്ഞുവെന്നത് മറ്റൊരു വിഷയമാണ്. സാധാരണ കർഷകരെ സംബന്ധിച്ച് അത് വലിയ രീതിയിൽ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ മേഖലയെ ആശ്രയിച്ച് നിൽക്കുന്ന ധാരാളം കർഷകരും സാധ്യതകളുമുള്ളപ്പോൾ കൂടുതൽ ഗവേഷണങ്ങളും പഠനങ്ങളും കൊണ്ടുവരണമെന്നുള്ളതാണ് ഞാൻ ഇവിടെ പറഞ്ഞുവന്നത്. തിരുവനന്തപുരത്തെ ഡയറി സയൻസ് കോളേജ് ഇപ്പോഴും

വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മൂന്ന് ഡയറി സയൻസ് കോളേജുകൾക്ക് ഇപ്പോഴും ഗവേഷണ കൗൺസിലിന്റെ അംഗീകാരം നേടാൻ കഴിഞ്ഞിട്ടില്ല, അതിനാൽ ഇവിടെനിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനുള്ള സാധ്യതകളില്ലാതാകുകയാണ്. അങ്ങയുടെ ശ്രദ്ധയിലുള്ള പ്രധാന വിഷയവും ഞാൻ പറഞ്ഞില്ലെങ്കിലും അറിയാവുന്നതുമാണ് വെറ്ററിനറി സർവ്വകലാശാലയുടെ സ്ഥലപരിമിതി. വളരെ വർഷങ്ങളായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽവരെ ഈ വിഷയം സംബന്ധിച്ച് ഇടപെടലുകളും ചർച്ചകളും നടത്തി. പക്ഷെ ഇപ്പോഴും സ്ഥിതിവിശേഷങ്ങൾക്ക് മാറ്റമുണ്ടായിട്ടില്ല. ഗവേഷണത്തിനും പുതിയ മേഖലകളിലെ കോഴ്സുകൾ ആരംഭിക്കുന്നതിനും ഏറ്റവും പ്രധാനപ്പെട്ടതായ ഭൗതിക സാഹചര്യങ്ങളിലേയ്ക്ക് ഇപ്പോഴും കടന്നുവന്നിട്ടില്ല. രണ്ട് വകുപ്പുകൾ തമ്മിലുള്ള ശീതയുദ്ധമാണോ അല്ലാതെയാണോ എന്നറിയില്ല, സർവ്വകലാശാലയ്ക്ക് അർഹമായ സ്ഥലങ്ങൾപോലും ലഭ്യമാക്കാൻ കഴിയുന്നില്ല. കാർഷിക സർവ്വകലാശാലയാണ് ഭൂമി വിട്ടുതരേണ്ടതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ടുതന്നെ അവിടെ ഡെവലപ്മെന്റിനുള്ള യാതൊരു സാധ്യതയും ഉണ്ടാകുന്നില്ല.

രണ്ടായിരത്തോളം വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. പക്ഷെ, പല വിദ്യാർത്ഥികളും ഇന്ന് കോഴ്സുകൾക്കുവേണ്ടി മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുകയാണ്. ഏറ്റവും കൂടുതൽ പോകുന്നത് കർണ്ണാടക, രാജസ്ഥാൻ, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിലേയ്ക്കാണ്. നമ്മളിൽനിന്ന് വ്യത്യസ്തമായ 21-ഓളം പുതിയ കോഴ്സുകൾ ഈ സംസ്ഥാനങ്ങളിലുണ്ട്. അപ്പോൾ വെറ്ററിനറി സയൻസിൽ താൽപ്പര്യമുള്ള വിദ്യാർത്ഥികൾ പലപ്പോഴും തെരെഞ്ഞടുക്കുന്നത് മറ്റ് സംസ്ഥാനങ്ങളിലെ കോഴ്സുകളും യൂണിവേഴ്സിറ്റികളും ആണെന്നത് ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിലൊന്നാണ്. ഇവിടെ സ്ഥലപരിമിതിയും മറ്റ് വിഷയങ്ങളും അതുമായി ബന്ധപ്പെട്ടുണ്ട്. വെറ്ററിനറി സർവ്വകലാശാലയ്ക്ക് ആതൈസ് ചെയ്ത സ്ഥലത്താണ് കാർഷിക സർവ്വകലാശാലയുടെ വൈസ് ചാൻസലറുടെ ക്വാർട്ടേഴ്സുള്ളത്. ഞാൻ ചെറിയൊരു ഉദാഹരണം ചൂണ്ടിക്കാട്ടി എന്നേയുള്ളൂ. എത്ര പരിമിതമാണ് സാഹചര്യങ്ങളെന്ന് ചിന്തിക്കേണ്ടതുണ്ട്. സ്ഥല പരിമിതി വളരെ പ്രധാനപ്പെട്ട വിഷയമായി നിലകൊള്ളുകയാണ്. ഇത് ഏത് രീതിയിൽ മാറ്റിക്കൊണ്ടുവരാൻ കഴിയുമെന്നും അതിനെക്കുറിച്ചുള്ള ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്ന് അടിയന്തരമായി നടത്തണമെന്നുമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അദ്ധ്യാപക-

അനദ്ധ്യാപക തസ്തികകളുടെ കുറവുണ്ട്. സംവരണ തത്വങ്ങൾ പാലിക്കാൻ ഭേദഗതി കൊണ്ടുവരുമ്പോൾ അവിടെ നിലവിലുള്ള തസ്തികകളിൽ പലപ്പോഴും ആവശ്യത്തിനുള്ള അദ്ധ്യാപകരുടെ അഭാവം കടന്നുവരുന്നുവെന്നത് കണ്ടില്ലെന്ന് നടിക്കാൻ കഴിയുമോ? അദ്ധ്യാപക നിയമനങ്ങൾ എത്രയും പെട്ടെന്ന് നടത്തണ്ടേ; അദ്ധ്യാപക നിയമനം നടത്തുമ്പോഴാണ് പ്രധാനപ്പെട്ട പ്രശ്നങ്ങൾ വരുന്നത്. അദ്ധ്യാപക നിയമനങ്ങൾ സുതാര്യമാക്കണം. ഇവിടെ പലപ്പോഴും സർവ്വകലാശാലകളിലെ ഇന്റർവ്യൂ സംബന്ധിച്ചാണ് ആക്ഷേപങ്ങൾ ഉയരുന്നത്. കാലടി, കാലിക്കറ്റ് സർവ്വകലാശാലകളിൽ ആക്ഷേപങ്ങൾ ഉയരുന്നത് എന്തുകൊണ്ടാണ്? ഇന്റർവ്യൂവിനൊന്നും യാതൊരു ട്രാൻസ്പരൻസിയും ഇല്ലാത്തതുകൊണ്ടാണ്. ഏതെങ്കിലും സ്വാധീനത്തിന്റെ പുറത്ത് ആർക്കെങ്കിലും എവിടെയെങ്കിലും പോസ്റ്റിംഗ് ലഭിക്കുന്ന നിലയിലേയ്ക്ക് വരുമ്പോൾ പഠിച്ചിറങ്ങി ക്വാളിഫൈഡായി വരുന്ന ഉദ്യോഗാർത്ഥിക്ക് അയാളുടെ കഴിവുകൾ വിനിയോഗിക്കപ്പെടുന്നില്ല എന്നൊരു ചിന്ത കടന്നുവരികയാണ്. താൻ പഠിച്ച അറിവുകളും തന്റെ കഴിവുകളും പരിഗണിക്കപ്പെടുന്നില്ലെന്ന ചിന്ത പല ഉദ്യോഗാർത്ഥികളുടെയും മനസ്സിലേയ്ക്ക് കടന്നുവരികയാണ്. ഒരാളെ ഇന്റർവ്യൂവിൽനിന്ന് മാറ്റിയാൽ

എന്തുകൊണ്ട് മാറ്റിയെന്ന് അറിയാനുള്ള അവകാശം ഉദ്യോഗാർത്ഥികൾക്കില്ല? അത് പലപ്പോഴും ഉണ്ടാകുന്നില്ല. എന്തുകൊണ്ടാണ് താൻ മാറ്റപ്പെട്ടതെന്നും ഏത് ഭാഗത്താണ് തനിക്ക് മാർക്ക് സ്കോർ ചെയ്യാൻ കഴിയാത്തതെന്നും പലപ്പോഴും പറയുന്നില്ല. ട്രാൻസ്പരൻസിയുടെ അഭാവമുണ്ടെന്നാണ് ഞാൻ പറഞ്ഞത്. ഈ വിവാദങ്ങളെല്ലാം ഉയരാനുള്ള പ്രധാനപ്പെട്ട കാരണം സുതാര്യത ഇല്ലായ്മയാണ്. വിവരാവകാശമെന്നൊരു സംവിധാനമുണ്ടല്ലോ; പക്ഷെ വിവരാവകാശ നിയമംവച്ച് ഒരു യൂണിവേഴ്സിറ്റിയിലേയ്ക്ക് ഒരു ചോദ്യം ചോദിച്ചുകഴിഞ്ഞാൽ പരിഹാസ്യമായ മറുപടികളാണ് പലപ്പോഴും ലഭിക്കുന്നത്. ഇത്തരത്തിലുള്ള പല പ്രശ്നങ്ങൾ നമ്മുടെ മുന്നിൽ വന്നുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ പറഞ്ഞുവന്നത് ട്രാൻസ്പരന്റായി ഈ സിസ്റ്റത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം. വിദ്യാഭ്യാസ സംവിധാനത്തെ ശാക്തീകരിക്കണം. എല്ലാ സർവ്വകലാശാലകളെയും അതിനനുസൃതമായി എകീപ് ചെയ്ത് മുന്നോട്ടുകൊണ്ടുവരണം. ഇത്തരത്തിലുള്ള വിഷയങ്ങൾ നമ്മുടെ മുന്നിൽ നിൽക്കുമ്പോൾ വിദ്യാർത്ഥികളെ സംരക്ഷിച്ചുകൊണ്ട് പുതിയ തലമുറയ്ക്ക് അവരുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ കഴിഞ്ഞില്ലെങ്കിൽ വലിയ വില തീർച്ചയായും നമ്മൾ കൊടുക്കേണ്ടിവരും. അത് സമീപഭാവിയിൽ

സാമൂഹികമായും സാമ്പത്തികമായുള്ള വലിയ തിരിച്ചടികളിലേയ്ക്ക് കേരളത്തെ കൊണ്ടുവന്ന് എത്തിക്കുമെന്ന നിലയിലേയ്ക്ക് വരും. ഈ നിയമസഭാ സമ്മേളനം യഥാർത്ഥത്തിൽ വിളിച്ചുചേർത്തത് എന്തിനാണ്; സർവ്വകലാശാലകളിലെ അധികാരത്തെ കവർന്നെടുക്കാനോ അല്ലെങ്കിൽ സർവ്വകലാശാലകളെ മറ്റൊരു രീതിയിലേയ്ക്ക് കൊണ്ടുവരാനോ? ഇന്നലെ പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ മാർക്സിസ്റ്റ്വൽക്കരണത്തിന്റെ മറ്റൊരു ഭാഗമായി ഈ നിയമസഭയെ ഉപയോഗിക്കുകയാണ്. ഈ സമ്മേളനത്തിന്റെ ഏറ്റവും വലിയ യാഥാർത്ഥ്യം അതുതന്നെയാണ്. ഇത് സംഭവിക്കുമ്പോൾ നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗം കീഴ്പ്പോട്ട് പോകുന്നു. ഇപ്പോഴത്തെ ഒഴുക്ക് കൂടുതൽ വർദ്ധിതമാകാൻ പോകുന്നുവെന്നുള്ള മുന്നറിയിപ്പ് നൽകുകയാണ്. ചെറുപ്പക്കാരുടെ ആഗ്രഹങ്ങളും അവരുടെ താൽപര്യങ്ങളും പുതുതലമുറ ചിന്തിക്കുന്നത് എന്താണെന്നും മനസ്സിലാക്കി അവസരോചിതമായി ഉന്നത വിദ്യാഭ്യാസം സംരക്ഷിച്ചുകൊണ്ട് ഉയരാൻ ഈ ഗവണ്മെന്റിന് കഴിയുന്നില്ലെങ്കിൽ തീർച്ചയായും ഈ മേഖലയിൽ വലിയ വില കൊടുക്കേണ്ടിവരുമെന്ന മുന്നറിയിപ്പോടെ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. സർവ്വകലാശാല നിയമനങ്ങളിൽ സംവരണ വ്യവസ്ഥകൾ ഏകീകരിക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിനോട് യോജിക്കുകയാണ്. എന്നാൽ കേരളത്തിലെ സർവ്വകലാശാലകളിൽ യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നടപടികൾ സ്വീകരിക്കുന്നതിലൂടെയും ബന്ധുനിയമനങ്ങളിലൂടെയും ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്ന നയങ്ങൾതന്നെ തുടരുന്നതായാണ് കാണാൻ കഴിയുന്നത്. ഇവിടെ സർവ്വകലാശാലാ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടെങ്കിലും വെറ്ററിനറി സർവ്വകലാശാലയിൽ അസിസ്റ്റന്റും കമ്പ്യൂട്ടർ അസിസ്റ്റന്റും ഒഴികെ ഏതെങ്കിലും നിയമനം പി.എസ്.സി.വഴി നടത്താൻ നാളിതുവരെ കഴിഞ്ഞിട്ടുണ്ടോ? മറ്റ് ഒഴിവുകളിലേയ്ക്ക് പിൻവാതിൽ നിയമനങ്ങൾ നടത്തുകയാണ്. പിൻവാതിൽ നിയമനങ്ങൾ ഈ സർക്കാരിന്റെ ഏറ്റവും വലിയ പ്രത്യേകതയായി മാറിയിരിക്കുകയാണ്. പിൻവാതിൽ നിയമനങ്ങളിലാണ് ഏറ്റവും ശക്തമായ പ്രതിഷേധം ഉയർത്തുന്നത്. ഈ ഭേദഗതിക്കായി വന്ന പ്രൊപ്പോസൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ നടത്തുന്നതിൽ സർവ്വകലാശാല 1958-ലെ കേരള സ്റ്റേറ്റ് ആന്റ്

സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിന്റെ (a), (b), (c) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17 (എ) ചട്ടങ്ങളിലെ വ്യവസ്ഥകളും അതത് സമയങ്ങളിൽ ഭേദഗതി ചെയ്തത് പ്രകാരം അനുയോജ്യമായ മാറ്റങ്ങളിലൂടെ പാലിക്കേണ്ടതുണ്ട്. എല്ലാ വകുപ്പുകളും ഒരു യൂണിറ്റായി പരിഗണിച്ച് കാറ്റഗറി തിരിച്ച് സമുദായക്രമം തുടരേണ്ടതാണ്. നിങ്ങൾ വരുത്തുന്ന ചില തെറ്റുകളും പ്രായോഗികമായി നടപ്പിലാക്കുമ്പോൾ വരുന്ന ചില ബുദ്ധിമുട്ടുകളും പരിശോധിച്ചുകൊണ്ട് വളരെ ട്രാൻസ്പരന്റായി സംവരണതത്വം പാലിക്കണമെന്നുള്ളതാണ് ഞങ്ങൾക്ക് ആവശ്യപ്പെടാനുള്ളത്. റാങ്ക് ലിസ്റ്റും ഡിപ്പാർട്ടുമെന്റ് ഒഴിവുകളും സംബന്ധിച്ച് സങ്കീർണ്ണതകളുണ്ടാകാൻ സാധ്യതയുള്ളതിനാൽ സുതാര്യമായ നടപടിക്രമങ്ങൾ ഇക്കാര്യത്തിൽ ഉറപ്പുവരുത്തണം. ഏത് ഡിപ്പാർട്ടുമെന്റിലാണ് അടുത്ത ഒഴിവുണ്ടാകുന്നത് എന്നത് സംബന്ധിച്ച് കണക്കാക്കുന്നതിനുവേണ്ടി കൃത്യമായ ചട്ടങ്ങളുണ്ടോയെന്ന കാര്യത്തിൽ സംശയമുണ്ട്. ഇല്ലെങ്കിൽ ധാരാളം ക്രമക്കേടുകൾ ഈ കാര്യത്തിലുണ്ടാകാനുള്ള സാധ്യതയുണ്ട്. താൽപ്പര്യമുള്ള ആളുകൾക്കായി ഒഴിവുകൾ പൂഴ്ത്തിവയ്ക്കാനുള്ള സാധ്യതയും കാണുകയാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലൊന്നും ഇക്കാര്യത്തിലൊരു സുതാര്യതയുമില്ലെന്നാണ്

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ കാര്യങ്ങളിലൂടെ നമുക്ക് ബോധ്യമാകുന്നത്. മറ്റ് യൂണിവേഴ്സിറ്റികളുടെ കാര്യത്തിലും ഒരുപാട് ദുരൂഹതകളുണ്ട്. ഇതിന്റെ നടപടിക്രമം സംബന്ധിച്ച് യൂണിവേഴ്സിറ്റികളിൽ കൃത്യമായ സംവിധാനമുണ്ടാക്കാൻ തയ്യാറാകണം. കേരളത്തിലെ എല്ലാ സർവ്വകലാശാലകളെയും പരിഗണിച്ചുകൊണ്ട് ഏകീകൃത നടപടിക്രമങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. 2010-ൽ രൂപീകരിച്ച ഈ സർവ്വകലാശാലയിൽ ഇന്നും നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ഒന്ന്, പദ്ധതിയേതര വിഹിതം സർവ്വകലാശാലയ്ക്ക് യഥാസമയം വർദ്ധിപ്പിച്ച് നൽകാത്തത് വലിയ പ്രതിസന്ധികളുണ്ടാക്കുന്നു. 2019-20 വർഷത്തിൽ 89.78 കോടി രൂപയായിരുന്ന ബഡ്ജറ്റ് വിഹിതം. 2021-ൽ പത്ത് ശതമാനം വർദ്ധനവ് നൽകാതെ ആ തുകതന്നെ നിലനിർത്തി. തുടർന്നുള്ള വർഷങ്ങളിലും ഈ കുറവുകളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതുമൂലം 62.19 കോടി രൂപയുടെ കുടിശ്ശിക സർവ്വകലാശാല നേരിട്ടുകൊണ്ടിരിക്കുകയാണ്. ജീവനക്കാർക്ക് നൽകേണ്ട പി.എഫ്. പോലുള്ള ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ളതിൽ വലിയ കുടിശ്ശികയാണ് വന്നിരിക്കുന്നത്. ഇപ്പോൾ സർവ്വകലാശാലയ്ക്ക് കിട്ടിയ പദ്ധതിയേതര വിഹിതം 94.35 കോടി രൂപയാണ്. എന്നാൽ യൂണിവേഴ്സിറ്റിക്ക് ഈ സാമ്പത്തികവർഷം 183 കോടി

രൂപ പദ്ധതിയേതര വിഹിതമായി ലഭിച്ചാൽ മാത്രമെ സാമ്പത്തിക പ്രതിസന്ധിയില്ലാതെ മുന്നോട്ടുപോകാൻ കഴിയൂവെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാവുന്നതാണ്. ജീവനക്കാരുടെ ശമ്പളം കഴിഞ്ഞ ദിവസങ്ങളിലാണ് കൊടുക്കാൻ സാധിച്ചിട്ടുള്ളത്. അങ്ങനെയൊരു പ്രതിസന്ധിയാണുള്ളത്. മറ്റൊരു കെ.എസ്.ആർ.ടി.സി.-ആയി ഈ സർവ്വകലാശാല മാറാതിരിക്കാനുള്ള നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകേണ്ടത്. ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനും കടങ്ങൾ തീർക്കാനും 59.16 കോടി രൂപയുടെ അധിക സഹായം ആവശ്യമുണ്ടെന്നാണ് ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്.

തൊഴിലാളികളുടെ ശമ്പളവും പെൻഷൻ പരിഷ്കരണവും നടപ്പിലാക്കിയിട്ടില്ല. സർക്കാർ ഡി. എ. വർദ്ധിപ്പിക്കാത്തതുകൊണ്ടാണ് ഈ സാമ്പത്തിക പ്രതിസന്ധിയിലും സർവ്വകലാശാലയ്ക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുള്ളത്. എനിക്കുമുമ്പ് സംസാരിച്ച ബഹുമാന്യനായ അനൂപ് ജേക്കബ് ചൂണ്ടിക്കാണിച്ചതുപോലെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന തിരുവനന്തപുരത്തെ ഡയറി സയൻസ് ടെക്നോളജി കോളേജ് വാടകക്കെട്ടിടത്തിലാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്. ഈ സർവ്വകലാശാല

കേരളമാകെ പ്രവർത്തന പരിധിയുള്ള ഒരു സർവ്വകലാശാലയാണെങ്കിലും തെക്കൻ കേരളത്തിൽ ഈ സർവ്വകലാശാലയുടെ സ്ഥാപനങ്ങളോ ഗവേഷണ സ്ഥാപനങ്ങളോ ഉണ്ടായിട്ടില്ലെന്നതാണ് കാണാൻ കഴിയുന്നത്. മണ്ണുത്തിയിലെ ഭൂമിയെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. യു.ഡി.എഫ്. സർക്കാർ മുൻകയ്യെടുത്ത് ആരംഭിച്ച College of Dairy Science and Technology (CDST) -യിൽ ഈ സർക്കാർ വന്നതിനുശേഷം ഒരു വികസനപരിപാടിയും ആരംഭിച്ചിട്ടില്ലെന്ന് മാത്രമല്ല, വേണ്ടതായ ഗ്രാന്റ് നൽകാതെ സാമ്പത്തികമായി തകർക്കുകയാണ് ചെയ്യുന്നത്. വയനാട്ടിലെ പൂക്കോട് സർവ്വകലാശാലയ്ക്ക് അനുവദിച്ചിരുന്ന നൂറ് ഏക്കർ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് അവകാശവാദമുന്നയിച്ചതിനാലും പരിസ്ഥിതി സംബന്ധമായ കേസ് നിലനിൽക്കുന്നതിനാലും നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്ന സാഹചര്യമാണുള്ളത്. 2014-ലെ യു.ഡി.എഫ്. സർക്കാർ ഇതിന് പരിഹാരമായി സ്ഥലം വാങ്ങുന്നതിന് 4 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ അന്നത്തെ നിരക്കിൽ സ്ഥലം കിട്ടാത്തതുകൊണ്ട് ആ ഫണ്ടും ലാപ്സായിപ്പോകുന്ന സ്ഥിതിവിശേഷമാണ് അന്നുണ്ടായിട്ടുള്ളത്. അതുപോലെ പുതിയ സർവ്വകലാശാല ആരംഭിച്ചപ്പോൾ 486 പോസ്റ്റുകൾ അഗ്രിക്കൾച്ചർ

യൂണിവേഴ്സിറ്റിയിൽനിന്നും വെറ്ററിനറിയിലേയ്ക്ക് കൈമാറിയിരുന്നു. അതല്ലാതെ പുതിയ സർവ്വകലാശാലയിലേയ്ക്കായി സർക്കാർ നാളിതുവരെയായി നിയമനങ്ങൾ നടത്തുകയോ തസ്തികകൾ അനുവദിക്കുകയോ ചെയ്തിട്ടില്ല. അന്ന് അനുവദിച്ച തസ്തികകളിൽപ്പെട്ട ചില ആളുകളെ രജിസ്ട്രാർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരുമായും നിയമിച്ചത് അടുത്ത ദിവസമാണ് സർക്കാർ റാറ്റിഫൈ ചെയ്ത് കൊടുത്തത്. യൂണിവേഴ്സിറ്റി എന്ന നിലയ്ക്ക് പ്രത്യേക തസ്തിക സൃഷ്ടിക്കാൻ നാളിതുവരെയായിട്ടും സർവ്വകലാശാലയ്ക്ക് സാധിച്ചിട്ടില്ല. ഒരുപാട് പ്രതീക്ഷകളോടുകൂടി 2010-ൽ ആരംഭിച്ച സർവ്വകലാശാലയ്ക്ക് അതിനനുസരിച്ച് മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. കഴിഞ്ഞദിവസമാണ് പാൽവില 6 രൂപ വർദ്ധിപ്പിച്ചത്. ക്ഷീരകർഷകർ ഉൾപ്പെടെയുള്ളവർക്കുവേണ്ടിയാണ് എന്നാണ് വിശദീകരണം നൽകിയിട്ടുള്ളത്. ഒരു വെറ്ററിനറി സർവ്വകലാശാല നിലനിൽക്കുന്നുണ്ട്. എങ്ങനെയാണ് ലാഭകരമായി കാലികളെ വളർത്താൻ സാധിക്കുന്നത്, എങ്ങനെയാണ് ഉൽപ്പാദനക്ഷമത കൂടിയ പശുക്കളെ നൽകാൻ കഴിയുന്നതെന്ന് ആലോചിക്കണം. ഇപ്പോൾ ഉൽപ്പാദനക്ഷമത കൂടിയ പശുക്കളുണ്ടെങ്കിലും പാലിന്റെ ഗുണനിലവാരം കുറയുന്നതായിട്ടാണ് കാണാൻ കഴിയുന്നത്. സ്വാഭാവികമായും ഉൽപ്പാദനം കൂടിയ

പശുക്കളിൽനിന്ന് ലഭിക്കുന്ന പാലിന് വില കുറയുന്നതായിട്ടാണ് കാണാൻ സാധിക്കുന്നത്. ഉൽപ്പാദനക്ഷമതയും ഗുണനിലവാരവും വർദ്ധിക്കുന്ന തരത്തിലുള്ള പുതിയ ഇനം പശുക്കൾക്കുവേണ്ടിയുള്ള ഗവേഷണപ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. കാലിത്തീറ്റയ്ക്കുണ്ടാകുന്ന വിലവർദ്ധനവിനെക്കുറിച്ച് എങ്ങനെയാണ് കാണാൻ കഴിയുന്നത്? ഗവേഷണ മാർഗ്ഗങ്ങളിലൂടെ എന്തെല്ലാം പുതിയ ഇനങ്ങളാണ് കന്നുകാലികൾക്ക് നൽകാൻ കഴിയുന്നതെന്ന് കണ്ടെത്താൻ കഴിയണം. ഗവേഷണങ്ങൾ നടത്തുന്ന കാര്യത്തിൽ ക്ഷീരകർഷകർ ഉൾപ്പെടെയുള്ള കർഷകരെ സഹായിക്കാനുള്ള നടപടികൾ വരുന്നില്ല. കാലാവസ്ഥാ വ്യതിയാനങ്ങൾ അതിജീവിക്കാൻ കഴിയുന്ന പുതിയ ബ്രീഡുകൾ കണ്ടെത്തുന്നതിനുവേണ്ടി സാധാരണ കൃഷിക്കാർ കാർഷിക സർവ്വകലാശാലയിലാണ് പ്രതീക്ഷയർപ്പിക്കുന്നത്. കാർഷിക സർവ്വകലാശാലയിലും ഇപ്പോഴത്തെ സ്ഥിതികളെല്ലാം പരിതാപകരമാണെന്ന് നമുക്കെല്ലാവർക്കുമറിയാം. പക്ഷേ ഈ ജനവിഭാഗങ്ങൾക്കുവേണ്ടിയൊരു സർവ്വകലാശാലയുണ്ട്, ആ സർവ്വകലാശാലയിൽ നടക്കേണ്ടത് ഇത്തരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങളാണ്. ആ ഗവേഷണങ്ങളുടെ ആത്യന്തികമായ ഫലത്തിന്റെ

അടിസ്ഥാനത്തിൽ തൊഴിൽമേഖല മെച്ചപ്പെടുത്താനും ലാഭകരമാക്കാനും കഴിയണം. ഓഡിറ്റും അന്വേഷണവും നടത്തണമെന്നാണ് എനിക്ക് ഗവണ്മെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. കർഷകർക്ക് ഗുണകരമായ എന്തെല്ലാം ഗവേഷണങ്ങളാണ് നാളിതുവരെ നടന്നിട്ടുള്ളത്; അതിൽ എന്തെല്ലാം റിസൾട്ടാണ് ഉണ്ടായിട്ടുള്ളത് എന്നതിനെക്കുറിച്ച് പരിശോധിക്കാനും പഠിക്കാനും തയ്യാറാകണം. ഒരു സർവ്വകലാശാലയുണ്ടായാൽ പോരാ ആ സർവ്വകലാശാലയിൽനിന്ന് ജനവിഭാഗങ്ങൾ പ്രതീക്ഷിക്കുന്നതനുസരിച്ചുള്ള റിസൾട്ടുണ്ടാക്കാൻ കഴിയണം. സർവ്വകലാശാലയ്ക്ക് ഗ്രാന്റ്, പ്ലാൻ ഫണ്ട്, നോൺ പ്ലാൻ ഫണ്ട് എന്നിവ കൊടുക്കുന്നു, പക്ഷേ അതിനനുസരിച്ചുള്ള പ്രയോജനം ലഭിക്കുന്നുണ്ടോ; വൈദഗ്ധ്യമുള്ള ആളുകൾ സർവ്വകലാശാലയിലെ വിവിധ തലങ്ങളിൽ ഗവേഷണരംഗത്തുണ്ടോ എന്നതിനെക്കുറിച്ച് കൃത്യമായി മനസ്സിലാക്കാൻ കഴിയണം. ഇന്ന് ക്ഷീര-കർഷക മേഖലയിലുൾപ്പെടെ ഇറച്ചിക്കുവേണ്ടി മൃഗങ്ങളെ വളർത്തുന്ന കർഷകരുണ്ട്. അതെല്ലാം ലാഭകരമാക്കുന്നതിന് എന്തെല്ലാം സപ്ലിമെന്റ് ചെയ്യാം, മാറ്റങ്ങൾ വരുത്താം, ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ വളർത്തുന്നതിന് എന്തെല്ലാം സഹായങ്ങൾ ചെയ്തുനൽകാം തുടങ്ങിയവ ലഭിച്ചിട്ടുള്ളതായി ആരും

പറയുന്നില്ല. ഇന്ന് അത്തരത്തിലുള്ള സഹായങ്ങളൊന്നും സർവ്വകലാശാലയിൽനിന്നും ലഭിക്കുന്നില്ലെന്നുള്ളത് ഗവണ്മെന്റ് വളരെ കാര്യമായി പരിശോധിക്കേണ്ടതാണ്. കേരളത്തിലെ സർവ്വകലാശാലകളിൽ ചാൻസലറും സർക്കാരും തമ്മിലുള്ള ഏറ്റുമുട്ടലുകൾ കുറേ നാളുകളായി നടന്നുകൊണ്ടിരിക്കുന്നു. യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിട്ടുള്ള എല്ലാ കാര്യങ്ങളും ഗവർണർ ചെയ്തുകൊടുക്കുകയാണ്. ഒരു വൈസ് ചാൻസലറെ നിയമിക്കണമെങ്കിൽ പാനൽ കൊടുക്കണമെന്ന വ്യവസ്ഥ നിലനിൽക്കെ യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഒറ്റപ്പേര് കൊടുത്താലും ആ പേര് ഗവർണർ ഒപ്പിട്ടുകൊടുക്കുകയാണ്. സെർച്ച് കമ്മിറ്റിയിൽ യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അംഗങ്ങൾ വന്നാൽ ആ സെർച്ച് കമ്മിറ്റിയെ ചാൻസലർ അംഗീകരിക്കുകയാണ്. കാലാകാലങ്ങളായി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന അല്ലെങ്കിൽ യൂണിവേഴ്സിറ്റിയിൽ നടക്കുന്ന നിയമവിരുദ്ധ നിയമനങ്ങളും കാലാകാലങ്ങളായി ഗവർണർ അംഗീകരിച്ചുകൊടുക്കുകയാണ്. അതിൽ പല നിയമനങ്ങളും അടുത്തകാലത്ത് ബഹുമാനപ്പെട്ട സുപ്രീംകോടതി ഉൾപ്പെടെ റദ്ദാക്കുന്ന അവസ്ഥയാണുണ്ടായിട്ടുള്ളത്. ഇവർ അങ്ങോട്ടും ഇങ്ങോട്ടും

പരസ്പരം തെറ്റ് ചെയ്ത് കുറ്റവാളികളായി നിന്നുകൊണ്ട് ഒരു സുപ്രഭാതത്തിൽ പിണങ്ങി അകലുന്നത് വളരെ ദുരൂഹമാണ്.

1.00 PM]

സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് ഈ സെഷനിൽ നടക്കുന്ന നിയമനിർമ്മാണങ്ങളെല്ലാം ഉണ്ടായിട്ടുള്ളത് ഇപ്പോൾ അവർ തമ്മിലുണ്ടായ തർക്കങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ സർക്കാരിനെതിരെ ക്രമസമാധാനത്തകർച്ച, വിലക്കയറ്റം, സ്വർണ്ണക്കള്ളക്കടത്ത് തുടങ്ങി എന്തെല്ലാം ജനകീയ പ്രശ്നങ്ങൾ ജനമധ്യത്തിൽ ഉയർന്നുവരുന്നോ അതിൽനിന്നെല്ലാം സർക്കാരിന്റെ ശ്രദ്ധ തിരിച്ചുവിടാൻ ആപൽബാന്ധവനെപ്പോലെ പ്രത്യക്ഷപ്പെടുന്ന ഒരാളായി കേരളത്തിലെ ഗവർണർ മാറിയിരിക്കുന്നുയെന്നുള്ളതാണ് കാണാൻ സാധിക്കുന്നത്. ഇത്തരത്തിലുള്ള തെറ്റായ നടപടികൾ സർവ്വകലാശാലകളിൽ നിന്നുണ്ടാകാതിരിക്കാനുള്ള ജാഗ്രത ഉൾപ്പെടെയുള്ള കാര്യങ്ങൾകൂടി ഈ ബിൽ അവതരിപ്പിക്കുന്ന വേളയിൽ ഗവണ്മെന്റ് ശ്രദ്ധിക്കേണ്ടതുണ്ട്. തത്വത്തിൽ ഇതിനെ നമ്മൾ അംഗീകരിക്കുമ്പോൾ അനഭിലഷണീയമായി ഈ സർക്കാർ തുടർന്നുവരുന്ന പിൻവാതിൽ നിയമനങ്ങൾ, ഇഷ്ടക്കാരെ നിയമിക്കുക തുടങ്ങിയ കാര്യങ്ങൾക്ക് അവസാനമിടാനും കേരളത്തിലെ

മുഴുവൻ സർവ്വകലാശാലകളിലെയും താൽക്കാലികവും അല്ലാത്തതുമായ എല്ലാ നിയമനങ്ങൾക്കും പൊതുവായ ഒരു മാനദണ്ഡമുണ്ടാക്കാനും സുതാര്യമായ നിയമന രീതിയും സംവിധാനവുമുണ്ടാക്കാനും തയ്യാറെടുക്കണമെന്ന് മാത്രം ആവശ്യപ്പെട്ടുകൊണ്ട് ഞാനിവിടെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വെറ്ററിനറി സർവ്വകലാശാലയിലെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കാൻവേണ്ട നിബന്ധനകൾ നിഷ്കർഷിക്കുന്ന ഈ ഭേദഗതിയിൽ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ചില കാര്യങ്ങൾ പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 'ഇല്ലത്തുനിന്ന് പുറപ്പെടുകയും ചെയ്ത അമ്മാത്തൊട്ട് എത്തിയതുമില്ല' എന്ന് പറഞ്ഞതുപോലെയാണ് വെറ്ററിനറി സർവ്വകലാശാലയുടെ ഇന്നത്തെ അവസ്ഥ. 1955-ൽ കേരളത്തിലാദ്യമായി മണ്ണുത്തിയിലാണ് (400 ഏക്കർ സ്ഥലത്ത്) കേരള വെറ്ററിനറി കോളേജ് ആരംഭിക്കുന്നത്. 1972-ൽ കേരള കാർഷിക സർവ്വകലാശാല രൂപംകൊണ്ടപ്പോൾ ഈ കോളേജിന്റെ സ്ഥലവും സ്ഥാവരജംഗമ സ്വത്തുക്കളും ഗവേഷണശാലകളുമെല്ലാം ആ സർവ്വകലാശാലയ്ക്ക് സമർപ്പിക്കുകയാണുണ്ടായത്. അതിനുശേഷം 2010-ൽ അതിനെ കാർഷിക സർവ്വകലാശാല, വെറ്ററിനറി സർവ്വകലാശാല, ഫിഷറീസ് സർവ്വകലാശാല എന്നിങ്ങനെ മൂന്നായി വിഭജിക്കുകയുണ്ടായി.

അർഹമായി ലഭിക്കേണ്ട 80 ഏക്കർ സ്ഥലം പൂർണ്ണമായി വിട്ടുകിട്ടാത്തതിനാൽ സ്ഥലപരിമിതിയും പ്രയാസവും അനുഭവിക്കുകയാണ്. വനം വകുപ്പിൽനിന്ന് ലഭിച്ച സ്ഥലത്താണ് സർവ്വകലാശാല ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ആ സ്ഥലം കുന്നും മലയും കല്ലുമെല്ലാം നിറഞ്ഞതായതിനാൽ സർവ്വകലാശാലയുടെ ശരിയായ പ്രവർത്തനത്തിന് ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്. ഒരു സർവ്വകലാശാല എന്ന നിലയ്ക്ക് 11 വർഷത്തിനുള്ളിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ആരോഗ്യകരമായ ഇടപെടലുകളൊന്നും ഇന്നുവരെ ഉണ്ടായിട്ടില്ല. ഒരു ഡിപ്പാർട്ടുമെന്റും പുതിയ കോഴ്സുകളാരംഭിച്ചിട്ടില്ലെന്നുമാത്രമല്ല പുതിയ ഡിപ്പാർട്ടുമെന്റുകളും ആരംഭിച്ചിട്ടില്ല. 11 വർഷത്തിനിടയിൽ പഴയ സർവ്വകലാശാലയിലെ ജീവനക്കാരല്ലാതെ ഈ സർവ്വകലാശാലയ്ക്കുവേണ്ടി പുതിയ നിയമനങ്ങളൊന്നും നടത്തിയിട്ടില്ല. എസ്.സി./എസ്.റ്റി., ഒ.ബി.സി. വിഭാഗങ്ങൾക്ക് ലഭിക്കേണ്ട തൊഴിലവസരങ്ങളും ജോലിയിലെ സംവരണ അവസരങ്ങളും ഇത്രയുംകാലം പാലിക്കപ്പെടാതെ കിടക്കുകയാണുണ്ടായത്. അവിടെയുള്ള 330-ഓളം അദ്ധ്യാപകരെയും 450-ഓളം അനദ്ധ്യാപകരെയും തീറ്റിപ്പോറ്റി സർവ്വകലാശാല എന്ന നിലയിൽ മുന്നോട്ടുപോകുമ്പോൾ, ഒരു

സർവ്വകലാശാലകൊണ്ട് എന്താണ് നമ്മൾ ലക്ഷ്യമിടുന്നത്? സ്വന്തം പാർട്ടിക്കാർക്കും മറ്റുള്ളവർക്കും വിഹരിക്കാൻ, അവർക്ക് ജോലി ചെയ്യാൻ, അവരെ കൂത്തിക്കയറ്റാനുള്ളൊരു വേദി മാത്രമാണോ സർവ്വകലാശാല? അത്തരത്തിൽ നമ്മുടെ സർവ്വകലാശാലകൾ അധഃപതിക്കുമ്പോൾ സർവ്വകലാശാലയുടെ മഹാലക്ഷ്യം പൂവണിയാതെ പോകുമ്പോൾ നാടിനുണ്ടാകുന്ന നഷ്ടം എത്രയാണെന്ന് വിലയിരുത്താൻ നാം തയ്യാറാകേണ്ടതുണ്ട്. വെറ്ററിനറി സർവ്വകലാശാല 11 വർഷം പിന്നിടുന്ന ഈ സന്ദർഭത്തിൽ ഇതുകൊണ്ട് നമുക്കുണ്ടായ നേട്ടങ്ങളെ വിലയിരുത്താൻ കഴിയേണ്ടതുണ്ട്. കാർഷിക മേഖലയിൽ ക്ഷീര കർഷകരുടെയും മൃഗങ്ങളെ വളർത്തുന്ന ആളുകളുടെയും പ്രയാസങ്ങൾ ദൂരീകരിക്കാനും നമ്മുടെ സംസ്ഥാനത്തിന് മുമ്പിൽ വരുന്ന പുതിയ വെല്ലുവിളികളെ നേരിടാനുമായി വെറ്ററിനറി സർവ്വകലാശാലയെ ഉയർത്തിക്കൊണ്ടുവരാനുള്ള പരിശ്രമം നടത്തിയിട്ടുണ്ടോ എന്ന് ചോദിക്കാൻ ഞാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുകയാണ്. നമ്മുടെ നാട്ടിൽ പക്ഷിപ്പനി, പന്നിപ്പനി തുടങ്ങി പക്ഷിമൃഗാദികൾക്ക് ഓരോന്നിനും വ്യത്യസ്ത രോഗങ്ങൾ പലപ്പോഴായി പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. വിദ്യാസമ്പന്നത്തും പരിഷ്കാരവും അന്തസ്സും വലിയ രാഷ്ട്രീയബോധവുമുള്ള കേരളത്തിൽ ഈ രോഗങ്ങളെ തടയാനും

ഇത്തരം പ്രതിസന്ധിയെ അതിജീവിക്കാനും സർവ്വകലാശാലകളും ഗവേഷണകേന്ദ്രങ്ങളും ശാസ്ത്രജ്ഞന്മാരുമൊക്കെയുണ്ടായിട്ട് എന്ത് നേട്ടമാണുണ്ടായത്? തീർത്തും അപരിഷ്കൃതമായ നടപടികൾ മാത്രമല്ലേ നമ്മളിവിടെ നേരിടുന്നത്? പക്ഷിപ്പനി വരുമ്പോൾ കൂട്ടത്തോടെ പതിനായിരക്കണക്കിന് താറാവുകളെയും മറ്റു പക്ഷികളെയും ചുട്ടുകരിച്ചു കൊല്ലുന്നു, പന്നിയെ കൊല്ലുന്നു, മൃഗങ്ങളെ ആ രീതിയിലേയ്ക്ക് കൊണ്ടുപോകുന്നു. എന്നാൽ ഇതുവരാതെയിരിക്കാൻ അല്ലെങ്കിൽ അതിനെ തടയാനും ശാസ്ത്രീയമായി സംരക്ഷിക്കാനും ചികിത്സിച്ച് ഭേദമാക്കാനും കഴിയുന്നുണ്ടോ; അതിനുള്ള സംവിധാനങ്ങൾ നാം ഒരുക്കുന്നുണ്ടോ? നമ്മുടെ ഗവേഷണങ്ങൾ ഏത് തലത്തിലേയ്ക്കാണ് പോകുന്നത്; ഗവേഷണങ്ങളെ ഭരണകൂടം വിലയിരുത്താറുണ്ടോ? ഇങ്ങനെയൊരു സർവ്വകലാശാല വന്നതിനുശേഷം ആരോഗ്യകരമായ എന്ത് ഇടപെടലാണ് ഗവൺമെന്റ് നടത്തിയിട്ടുള്ളത്? നിയമങ്ങളുണ്ടായിരിക്കാം; സർവ്വകലാശാലയിൽ സ്വന്തക്കാരെ തിരുകിക്കയറ്റിയിട്ടുണ്ടായിരിക്കാം. അതിനപ്പുറം കേരളത്തിലെ മൊത്തം സർവ്വകലാശാലകളും എടുത്തുനോക്കിയാൽ എന്ത് നേട്ടമാണ് കൈരളിക്കും പൊതുസമൂഹത്തിനും നൽകിയതെന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ

ശാസ്ത്രരംഗത്തെ ഗവേഷണ മേഖലയെ ഉപയോഗപ്പെടുത്താൻ കഴിയണം. അതിനുള്ള ഇടപെടലുകളാണ് സർക്കാർ നടത്തേണ്ടത്. മൃഗങ്ങളിൽ വരുന്ന രോഗങ്ങളെ തടയാനുള്ള സംവിധാനങ്ങളും മുൻകരുതൽ നടപടികളും ഇനിയെങ്കിലും ഉണ്ടാകേണ്ടതുണ്ട്. ഈ വർഷവും സമീപ ദിവസങ്ങളിലും പക്ഷിപ്പനിയെയും പന്നിപ്പനിയെയുംപറ്റി ഇവിടെ ചർച്ചചെയ്തു. ഇത് നമ്മുടെ രാജ്യത്ത് വലിയ ചർച്ചയും പത്രങ്ങളിൽ വാർത്തവന്നതുമാണ്. കർഷകർ ഏറെ കഷ്ടപ്പാട് അനുഭവിക്കുകയാണ്, അവർ ദുരിതത്തിലാണ്. ഇനിയെങ്കിലും അങ്ങനെ സംഭവിക്കാതിരിക്കാൻ മുൻകരുതൽ നടപടികളെന്ന നിലയ്ക്ക് ഏത് രീതിയിലാണ് മുന്നോട്ട് പോകുന്നത്; എങ്ങനെയാണ് ഈ വിഷയങ്ങളെ കൈകാര്യം ചെയ്യുന്നത് എന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഇത്തരം കാര്യങ്ങളിന്മേൽ സർക്കാരിന് ഒരു ആഡിറ്റിംഗ് സംവിധാനമുണ്ടാകണം. ഇങ്ങനെ സർവ്വകലാശാല രൂപീകരിച്ച് കുറേ ജോലിക്കാരെ നിയമിക്കുകയോ അല്ലെങ്കിൽ ഫണ്ട് നൽകുകയോ ചെയ്തതുകൊണ്ട് സർവ്വകലാശാലയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നതല്ല. പെർഫോമൻസ് ആഡിറ്റ് നടത്താൻ ഭരണകൂടം തയ്യാറാകണം. അതനുസരിച്ച് നമ്മുടെ ലക്ഷ്യത്തിലേയ്ക്ക് ഇവയെ നയിക്കാനും കൊണ്ടുവരാനും സാധിക്കുന്ന സാഹചര്യങ്ങളുണ്ടാകണം.

കേരളത്തിൽ കൂറേ സർവ്വകലാശാലകൾ പുതുതായി വരുന്നു. ആദ്യകാലത്ത് സർവ്വകലാശാലകൾ വരുമ്പോഴുണ്ടായിരുന്ന മഹത്തായ ലക്ഷ്യവും അതിനുവേണ്ടിയെടുത്ത മുൻകരുതലുകളും നാം അത് മുന്നോട്ടുകൊണ്ടുപോയ രീതികളും അതിനെ കേരളവും ഭരണകൂടവും കണ്ടതും എത്രമാത്രം പ്രാധാന്യത്തോടുകൂടിയായിരുന്നു. ഇന്ന് അതൊക്കെ മാറിയെന്നുള്ളത് നാം തിരിച്ചറിയാതെ പോകരുത്. ഈ ഗവണ്മെന്റ് വന്നതിനുശേഷം സർവ്വകലാശാലയിൽ പുതിയ വികസനപ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. അടിയന്തരമായി ഈ മേഖലയിൽ ആവശ്യമുള്ള വിഷയങ്ങളിൽ ഇടപെടാൻ സർവ്വകലാശാലയെ സഹായിക്കാൻ സന്നദ്ധമാകേണ്ടതുണ്ട്. തുടക്കത്തിൽ 2019-20-ൽ ഗ്രാന്റ് കൊടുത്തു. എന്നാൽ കാലോചിതമായി വർഷംതോറും 10% വർദ്ധനവ് നൽകാറുള്ളതുപോലും വെറ്ററിനറി സർവ്വകലാശാലയ്ക്ക് നൽകാൻ സന്നദ്ധമാകാത്തതുകൊണ്ട് 60 കോടിയോളം രൂപയുടെ സാമ്പത്തിക പ്രതിസന്ധിയിലാണ് ഇപ്പോൾ സർവ്വകലാശാല പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതിൽ ഇടപെടാനും ആസ്തിയുടെയും ഭൂമിയുടെയും കാര്യത്തിൽ മുഖ്യമന്ത്രി മുതൽ ചീഫ് സെക്രട്ടറി വരെയുള്ളവരുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടന്നിട്ടും പൂർത്തിയാകാതെ കിടക്കുന്ന പ്രതിസന്ധികൂടി തരണം ചെയ്ത് അതിനൊരു

പൂർത്തീകരണമുണ്ടാക്കാനും തയ്യാറാകണമെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

കേരളത്തിൽ വെറ്ററിനറി ഡിസ്പെൻസറികളും ആശുപത്രികളും അനുവദിക്കണം. ചിലയിടങ്ങളിൽ വേണ്ടത്ര സൗകര്യങ്ങളോ ലാബുകളോ ഡോക്ടർമാരോ ഇല്ല. ഡിസ്പെൻസറികളുണ്ടെന്നതൊഴിച്ചാൽ അവിടത്തെ ഉള്ളൊരുക്കങ്ങളൊന്നും ചെയ്യകൊടുക്കാത്ത സാഹചര്യമാണുള്ളത്. അവിടെയൊക്കെ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കാനും ആവശ്യമായ സൗകര്യങ്ങളൊരുക്കാനും സർക്കാർ തയ്യാറാകേണ്ടതുണ്ട്. എന്റെ മണ്ഡലമായ തിരുർ താലൂക്ക് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന വെറ്ററിനറി ആശുപത്രിയിൽ ആവശ്യത്തിന് കെട്ടിടങ്ങളില്ല, നായയെ പരിശോധിക്കാൻ വേണ്ടി ഉണ്ടായിരുന്ന കെട്ടിടത്തിലെ റൂമിലാണ് ഇപ്പോൾ ആശുപത്രി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അവിടെ ഡോക്ടർമാരെ നിയമിക്കുകയും ലാബും കെട്ടിടങ്ങളും ഉൾപ്പെടെയുള്ള മറ്റു സംവിധാനങ്ങൾ ഒരുക്കുന്നതിന് സന്നദ്ധമാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് നിർത്തുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും

സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. മറ്റുള്ള യൂണിവേഴ്സിറ്റികളിൽ പിൻതുടരുന്ന റിസർവേഷൻ പാറ്റേൺ ഈ യൂണിവേഴ്സിറ്റികളിൽക്കൂടി എക്സ്റ്റന്റ് ചെയ്യുന്നതിനുള്ള ഒരു ഭേദഗതി ആയാണ് യഥാർത്ഥത്തിൽ കാണുന്നത്. തത്വത്തിൽ എതിർക്കേണ്ട സാഹചര്യമുണ്ടെന്ന് തോന്നുന്നില്ല. എന്നാൽ ഒരു കാര്യം സഭയിൽ ക്ലാരിഫൈ ചെയ്യുന്നത് നല്ലതാണ്. ഇതുവരെ നടന്നിരുന്ന നിയമനങ്ങളും മറ്റു കാര്യങ്ങളും അവിടെ ഓപ്പറേറ്റ് ചെയ്തിരുന്ന രീതി എങ്ങനെയായിരുന്നുവെന്നും റിസർവേഷൻ ഏതുരീതിയിലാണ് പാലിക്കപ്പെടുകയോ/പാലിക്കപ്പെടാതിരിക്കുകയോ ചെയ്തിരുന്നതെന്നും അതിൽ ബാക്ക്ലോഗോ മറ്റുള്ള കാര്യങ്ങളോ വരുന്നുണ്ടോയെന്നും ഭിന്നശേഷിക്കാർക്കുള്ള റിസർവ്വേഷന്റെ കാര്യത്തിൽ സുപ്രീംകോടതി ജഡ്ജ്മെന്റിന്റെ compliance യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ടോയെന്നും ബില്ലുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നവേളയിൽ സൂചിപ്പിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

കേരളത്തിലെ അഗ്രികൾച്ചറൽ, വെറ്ററിനറി യൂണിവേഴ്സിറ്റികളെ സംബന്ധിച്ച് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള നേട്ടങ്ങൾ അല്ലെങ്കിൽ നമ്മൾ പ്രതീക്ഷിക്കുന്നത് എന്താണെന്ന് പരിശോധിക്കുന്നത് നല്ലതാണെന്നാണ് എന്റെ അഭിപ്രായം. ഒരു ഡിബേറ്റ് ഓപ്പൺ ചെയ്യുന്നതിനുവേണ്ടി പറയുകയാണെങ്കിൽ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം അല്ലെങ്കിൽ സംസ്ഥാനത്തിനുള്ള അവരുടെ സംഭാവന എങ്ങനെയാണെന്ന് ചോദിച്ചാൽ ഒരു ശരാശരി പൗരൻ എന്ന നിലയിൽ വിലയിരുത്തുകയാണെങ്കിൽ വളരെ നിരാശാജനകമാണ്. അല്ലെങ്കിൽ far below the desired levels ആണെന്ന് പറയേണ്ടതായിവരും. ഞാൻ വെറുതെ ആരോപണമുന്നയിക്കാൻ പറയുന്നതല്ല. കാർഷിക മേഖലയിൽ ലോകത്തുണ്ടായ മാറ്റങ്ങളെ അതേപടി replicate ചെയ്യാൻ പറ്റണമെന്നില്ല, അല്ലെങ്കിൽ അതുപോലെ വേണമെന്ന് ആഗ്രഹിക്കുന്നതിൽ കാര്യമില്ല. എന്നാൽ രാജ്യത്തുണ്ടായിട്ടുള്ള മാറ്റങ്ങളോടൊപ്പം സഞ്ചരിക്കാനോ അതിന്റെ വേഗത കൈവരിക്കാനോ നമുക്ക് സാധിച്ചിട്ടില്ലെന്നത് യാഥാർത്ഥ്യമാണ്. കേരളത്തിന്റെ ഏറ്റവും അടുത്ത അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ ഒരു കർഷകന് സർക്കാർ നൽകുന്ന പിന്തുണയെന്ന് പറയുന്നത്, സ്വാഭാവികമായും കാർഷിക മേഖലയിലെ സബ്സിഡിയും മറ്റുകാര്യങ്ങളും

സപ്പോർട്ടുമൊക്കെയുള്ളതിന് അപ്പുറത്ത് ഞാൻ വിലമതിക്കുന്ന വലിയൊരു കാര്യം കർഷകർക്ക് നൽകുന്ന knowledge imparting ആണ്. അതായത്, കാർഷിക മേഖലയിലെ പുതിയ ടെൻഡൻസരിച്ചും ആഗോള മാർക്കറ്റിലുണ്ടാകുന്ന മാറ്റങ്ങളും ഡിമാൻഡുമനുസരിച്ച് നിലവിൽ ഏത് കൃഷിക്കാണ് സാധ്യത, കൃഷി ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടത് എന്തെല്ലാമാണ്, ഇറിഗേഷനുമായി ബന്ധപ്പെട്ട പുതിയ ടെക്നോളജികൾ എന്തെല്ലാമാണ് വന്നിരിക്കുന്നത്, അതിൽ കർഷകർക്ക് ഉപയോഗിക്കാൻ കഴിയുന്നത് ഏതെല്ലാമാണ് എന്നിങ്ങനെയുള്ള വിവരങ്ങൾ കർഷകർക്ക് നൽകുന്നു. ഇതുപോലെയുള്ള knowledge imparting-ന്റെ സോഴ്സ് അല്ലെങ്കിൽ അത് evolve ചെയ്യുന്നത് യൂണിവേഴ്സിറ്റികളിൽനിന്നാണ്. ഞാൻ ചോദിക്കുന്നത്, നമ്മുടെ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, to what extent it is connected to the common people? സാധാരണക്കാരുമായി എന്ത് ബന്ധമാണ് നമ്മുടെ അഗ്രികൾച്ചറൽ/വെറ്ററിനറി യൂണിവേഴ്സിറ്റികൾക്കുള്ളത്? കേവലം കുറച്ചുപേർ അവിടെ റിസർച്ച് ചെയ്യുന്നു/പഠിപ്പിക്കുന്നു. കുറച്ചുപേർക്ക് ടീച്ചിംഗ്, നോൺ ടീച്ചിംഗ് സ്റ്റാഫായി ജോലി ലഭിക്കുന്നു, കുറെ വിദ്യാർത്ഥികൾ അവിടെ പഠിക്കുന്നുവെന്നതിനപ്പുറത്തേയ്ക്ക് യഥാർത്ഥ ജീവിതവുമായി ബന്ധമുണ്ടോ? ആധികാരികമായി ഒരുകാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ

കൃഷി വകുപ്പുമന്ത്രി ഇവിടെ ഇല്ലാത്തിനാൽ അക്കാര്യം സൂചിപ്പിച്ചിട്ട് കാര്യമില്ല. ഇവിടെ ബഹുമാന്യരായ പി. ജെ. ജോസഫും മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുമൊക്കെ സ്വയം കൃഷി ചെയ്യുന്നവരാണ്. എന്റെ അപ്പച്ചൻ കൃഷി ചെയ്യുമെന്നല്ലാതെ, I have lack of experience on the same. എനിക്ക് അതിന്റെ പെരിഫെറലായിട്ടുള്ള അറിവേയുള്ളൂ. ഞാൻ കാർഷികവൃത്തിയിലേയ്ക്ക് ഇറങ്ങുന്നതിന്റെ ഭാഗമായി ഞങ്ങളുടെ പത്ത് ഏക്കർ സ്ഥലത്ത് നേരിട്ട് കൃഷി ചെയ്യുന്നതിനുവേണ്ടി ആലോചിച്ചു. സാധാരണ പൗരൻ എന്ന നിലയിൽ എന്ത് അഡ്വൈസാണ് ഒരു കർഷകന് യൂണിവേഴ്സിറ്റികൾക്കോ കൃഷി വകുപ്പിനോ നൽകാനുള്ളതെന്ന് ചോദിച്ചുകൊണ്ട് അവിടത്തെ കൃഷി ഓഫീസർക്കും അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിക്കും ഒരു കത്ത് നൽകണമെന്നാണ് വിചാരിച്ചിരിക്കുന്നത്. തമിഴ്നാട്ടിലൊക്കെ കർഷകർക്ക് ലഭിക്കുന്ന സഹായം വളരെ വലുതാണ്. ഒരുപക്ഷെ വെറ്ററിനറി/അഗ്രികൾച്ചറൽ മേഖലയിൽ ഏറ്റവും ഉയർന്ന ടെക്നോളജി വികസിപ്പിച്ചിരിക്കുന്നത് ഇസ്രായേലിലാണ്. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി അല്ലെങ്കിൽ ആ മേഖലയിൽനിന്ന് വരുന്ന റിസർച്ചിന്റെ പുരോഗതിയാണ് അവരുടെ ഏറ്റവും വലിയ സ്ട്രെംഗ്തും ഡോമിനൻസും. അതുപോലെയുള്ള ഒരു കേരള സ്പെസിഫിക്, ഒരു നാടിന്റെ

ഭൂമിശാസ്ത്രപരമായ പ്രത്യേകതയും കാലാവസ്ഥയും അനുസരിച്ചുള്ള വിളകൾ ഡെവലപ് ചെയ്യണം. അങ്ങനെയുള്ള ഇനിഷ്യേറ്റീവ്സ് യൂണിവേഴ്സിറ്റികളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടോ, ഇല്ലയോ എന്നുള്ളത് പരിശോധിക്കണം. എന്റെ അറിവിൽ നാളിതുവരെ ആ നിലയ്ക്ക് നമ്മളെ സന്തോഷിപ്പിക്കുന്ന രീതിയിലുള്ള റിസൾട്ടുണ്ടായിട്ടില്ല.

രാജ്യത്തിലെ വിവിധ വെറ്ററിനറി/അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റികളുടെ റാങ്കിംഗിനെ സംബന്ധിച്ചുകൂടി ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ICAR (Indian Council of Agricultural Research)-ന്റെ 2020-ലെയും 2019-ലെയും റാങ്ക് ലിസ്റ്റാണ് എന്റെ കയ്യിലുള്ളത്. അതുസംബന്ധിച്ച് വളരെ വേദനയോടുകൂടി പറയാൻ ആഗ്രഹിക്കുന്നു. ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ നേട്ടങ്ങളാണ് കൈവരിക്കുന്നതെന്ന് ആവർത്തിച്ചാവർത്തിച്ച് പറയുമ്പോഴും നമ്മുടെ യൂണിവേഴ്സിറ്റിയുടെ റാങ്കിംഗ് സ്ഥാനത്ത് ഏറ്റവും ആദ്യം വരുന്ന യൂണിവേഴ്സിറ്റി കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, തൃശ്ശൂർ ആണ്; റാങ്കിംഗ് 28-ാം സ്ഥാനത്താണ്. അതായത്, രാജ്യത്ത് 28-ാം സ്ഥാനത്താണ് നിൽക്കുന്നത്. ഒരുപക്ഷെ ആദ്യകാലങ്ങളിൽ റാങ്കിംഗിൽ നമ്മുടെ യൂണിവേഴ്സിറ്റികൾ വളരെ മുമ്പിലായിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്, തെറ്റാണെങ്കിൽ തിരുത്താം. ഇപ്പോൾ 28-ാം

സ്ഥാനത്തേയ്ക്ക് എത്തിയിരിക്കുന്നു. എന്നാൽ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, തൃശ്ശൂരിന് 2019-ൽ 19-ാം സ്ഥാനമായിരുന്നത് ഒരു വർഷം കഴിഞ്ഞപ്പോൾ 28-ാം സ്ഥാനത്തേയ്ക്ക് കൂപ്പുകുത്തിയതിന്റെ കാരണമെന്താണെന്ന് പഠിക്കുന്നതും പരിശോധിക്കുന്നതും നല്ലതാണ്. മറ്റു യൂണിവേഴ്സിറ്റികളൊന്നും റാങ്കിംഗിൽ ഇടംപിടിച്ചിട്ടില്ല. മറ്റൊന്ന്, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, വയനാടിന് 2020-ൽ റാങ്ക് ലഭിച്ചിട്ടില്ലെന്നാണ് മനസ്സിലാവുന്നത്. അത് ഏതെങ്കിലും വിധത്തിലുള്ള ടെക്നിക്കൽ മിസ്റ്റേക്കാണോയെന്നറിയില്ല, അതിനാൽ ഞാൻ പറയുന്നില്ല. വയനാട് യൂണിവേഴ്സിറ്റി 2019-ൽ റാങ്കിംഗിൽ 39-ാം സ്ഥാനത്തായിരുന്നു. എന്നാൽ 2020-ൽ റാങ്ക് ലിസ്റ്റിൽപോലും ആ യൂണിവേഴ്സിറ്റിയെ കാണുന്നില്ല. അതിനർത്ഥം റാങ്ക് ലഭിക്കാത്തതിനാലാണോ അതോ മറ്റെന്തെങ്കിലും കാരണങ്ങളാണോയെന്ന് അറിയില്ല. ഞാൻ പൊതുവെ യൂണിവേഴ്സിറ്റികളുടെ പെർഫോമൻസിന്റെ അവസ്ഥയെ സംബന്ധിച്ചാണ് പറഞ്ഞത്. ഇതിൽ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയേയും വെറ്ററിനറി യൂണിവേഴ്സിറ്റിയേയും മാത്രം ലിമിറ്റ് ചെയ്യേണ്ടതാണെന്ന് തോന്നുന്നില്ല. ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് എന്തെല്ലാം അവകാശവാദങ്ങൾ ഉന്നയിച്ചാലും ആ മേഖലയിൽ

ഉണ്ടായിക്കൊണ്ടിരിക്കുന്ന വീഴ്ച/പരാജയത്തെ സംബന്ധിച്ച് ചർച്ച ചെയ്യാതിരുന്നിട്ട് കാര്യമില്ല. നിങ്ങൾ ബിൽ കൊണ്ടുവന്നു. കഴിഞ്ഞ ദിവസങ്ങളിൽ ബില്ലിനെ സംബന്ധിച്ച് വീറോടുകൂടി സംസാരിച്ചു. ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി ഉള്ളതുകൊണ്ട് പറയുകയാണ്, അദ്ദേഹവുമായി തർക്കത്തിലേർപ്പെടാൻ ആഗ്രഹിക്കുന്നില്ല. കാരണം താർക്കികർ തമ്മിലുള്ള മിനിമം കൺസെപ്റ്റ് എന്നുപറയുന്നത് we should be willing to hear the other side. 'Audi alteram partem' (listen to the other side) എന്ന തത്വമുണ്ട്. ഇവിടെ വാദിച്ച് ജയിച്ചാൽ ആർക്കും ട്രോഫിയൊന്നും ലഭിക്കില്ല. എന്നാൽ നമ്മൾ ഒരുവാദത്തിന് മറുവാദം പറയുന്നത് അതിന്റെ വസ്തുതകൾ കൂടുതലായി വെളിപ്പെടുത്താനും ചർച്ച ചെയ്യാനുംവേണ്ടിയാണ്. അതല്ലാതെ വാദിച്ച് ജയിക്കുന്നതിനായി ഒച്ചയും ബഹളവും ഉണ്ടാക്കേണ്ടതില്ല. എന്നാൽ നമ്മൾ ഒരു വാദത്തിന് വന്നാൽ അത് കേൾക്കാൻ തയ്യാറല്ലെന്ന് പറഞ്ഞാൽ വാദിക്കുന്നതിൽ അർത്ഥമില്ല. അതുമായി ബന്ധപ്പെട്ട് ഞാൻ ഏറ്റവും കൂടുതൽ ബഹുമാനിക്കുന്നത് മുൻമന്ത്രിയായിരുന്ന ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററെയാണ്. അദ്ദേഹം എപ്പോൾ പ്രസംഗിക്കാൻ എഴുന്നേറ്റാലും നമ്മളൊരവസരം ചോദിച്ചാൽ മാഷ് നൽകാതിരിക്കില്ല. കാരണം അതിനെല്ലാം ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

മറുപടി പറയും. അദ്ദേഹത്തിന് കേൾക്കാൻ താല്പര്യമാണ്. അങ്ങനെയൊരു ഡിബേറ്റിന്റെ സ്വഭാവംകൊണ്ട്, അല്ലാതെ ആരെയും മോശക്കാരനാക്കാനോ ഇകഴ്ത്തി കാണിക്കാനോ അല്ല. ആ രീതിയിൽ ഒരു മന്ത്രിമാരോടും പെരുമാറില്ല. കഴിഞ്ഞ ദിവസം പൈലറ്റ് ചെയ്ത ബിൽ ഗവർണറെ ചാൻസലർ സ്ഥാനത്തുനിന്ന് നീക്കംചെയ്യുന്നതിനുവേണ്ടിയുള്ളതാണ്. അതിന്റെ ചർച്ചയാണ് ഇവിടെ നടന്നത്. അതുകൊണ്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല മെച്ചപ്പെടുമെന്നോ ഗുണപ്പെടുമെന്നോ ചിന്തിക്കുന്നുണ്ടോ; നിങ്ങളുടെ പ്രയോറിറ്റി എവിടെ നിൽക്കുന്നുവെന്നതാണ് കാണിക്കുന്നത്. രാഷ്ട്രീയത്തിൽ ഗവർണറുമായുണ്ടായ തർക്കം പരിഹരിക്കാൻ ഞൊടിയിടകൊണ്ട്, within no time, ദോശ ചുട്ടെടുക്കുന്നതുപോലെ ബിൽ നിയമസഭയിൽ വരികയാണ്. യൂണിവേഴ്സിറ്റികളിലെ നിലവിലുള്ള സാഹചര്യം മെച്ചപ്പെടുത്താനോ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്ക് പോസിറ്റീവായ ഇൻപുട്ട് നൽകാനോ കഴിയുന്ന എന്ത് നിയമനിർമ്മാണമാണ് ഏറ്റവും ഒടുവിലായി നടത്തിയിട്ടുള്ളത്? ഗവർണറുമായി തർക്കം വന്നപ്പോൾ, within no time, ബിൽ കൊണ്ടുവന്നത് നിങ്ങൾക്ക് രാഷ്ട്രീയപരമായി ജയിക്കാൻവേണ്ടിയാണ്. കേരളത്തിലെ സാമാന്യ ജനസമൂഹം മാത്രമല്ല, വിദ്യാർത്ഥികളും ഇവിടത്തെ യൂണിവേഴ്സിറ്റികളെ സംബന്ധിച്ച് അങ്ങേയറ്റം

നിരാശരാണ്. കഴിഞ്ഞ നാലഞ്ച് വർഷമായി കുട്ടികളുടെ പുറത്തേയ്ക്കുള്ള ഒഴുക്ക് ചിന്തിക്കാൻ കഴിയുന്നതല്ല. അതിന്റെ ഫാക്ടും ഡേറ്റയും പരിശോധിച്ചോ? ഇവിടെ പൊതുവിദ്യാഭ്യാസ മേഖല വളരെ മെച്ചമാണെന്ന് പറയുമ്പോഴും കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ ഓരോ വർഷം കഴിയുംതോറും വിദ്യാർത്ഥികളുടെ എണ്ണം താഴേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ആധികാരികമായ കണക്ക് എന്റെ കൈവശമില്ലാത്തതിനാലാണ് ഞാൻ അതിനെക്കുറിച്ച് പറയാതിരിക്കുന്നത്. കുട്ടികളില്ലാത്തതിനാലല്ല ഇങ്ങനെ സംഭവിക്കുന്നത്, വിദ്യാഭ്യാസ ഗുണനിലവാരം തേടി അവർ കേരളത്തെ കൈയൊഴിഞ്ഞ് പുറത്ത് പോകുകയാണ്. ഇവിടെ പഠിച്ചിറങ്ങിയാൽ അവർ ആഗ്രഹിക്കുന്ന തൊഴിൽ മേഖലയിൽ എത്തിച്ചേരുന്നതിനോ അതിൽ വിജയം കൈവരിക്കുന്നതിനോ കഴിയില്ല. ഉന്നതവിദ്യാഭ്യാസ മേഖലയിലെ യഥാർത്ഥ പ്രതിസന്ധി എന്നുപറയുന്നത് അവിടെയാണ്. ഗവർണർ ചാൻസലറായാൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖല മോശമാകുമെന്ന അഭിപ്രായമൊന്നുമെനിക്കില്ല.

ശ്രീ. റോജി എം. ജോൺ: സർ, കേരളത്തിൽനിന്ന് വിദ്യാർത്ഥികളുടെ പുറത്തേയ്ക്കുള്ള ഒഴുക്കിനെ സംബന്ധിച്ചും കേരളത്തിലെ സർവ്വകലാശാലകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നതിനെ

സംബന്ധിച്ചുമാണ് അങ്ങ് പറയുന്നത്. ഏറ്റവുമൊടുവിൽ വന്ന കണക്കനുസരിച്ച് (കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിലാണ് പറയുന്നത്) വിവിധ ഡിഗ്രി കോഴ്സുകളുടെ അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ (സപ്ലിമെന്ററി അലോട്ട്മെന്റ്/സ്പോട്ട് അഡ്മിഷൻ കഴിഞ്ഞതിനുശേഷവും) കേരള യൂണിവേഴ്സിറ്റിക്കുകീഴിൽ മാത്രം വിവിധ കോളേജുകളിൽ മൂവായിരത്തിലധികം സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. കേരളത്തിൽനിന്ന് വിദേശത്തു പോകുന്ന വിദ്യാർത്ഥികളുടെ കാര്യം ഇവിടെ പറയുകയുണ്ടായി. വിദേശത്തുപോകുന്ന വിദ്യാർത്ഥികൾക്കിടയിൽ കഴിഞ്ഞ ദിവസം ഏഷ്യാനെറ്റ് നടത്തിയ സർവ്വേയിൽ പറയുന്നത്, കേരളത്തിലെ വിദ്യാഭ്യാസത്തിന് അവർ ആഗ്രഹിക്കുന്ന തരത്തിലുള്ള നിലവാരമില്ലെന്നുള്ള ഒരു തോന്നലിന്റെ അടിസ്ഥാനത്തിലാണ് ഏകദേശം 35 ശതമാനം വിദ്യാർത്ഥികളും മറ്റ് രാജ്യങ്ങളിലേയ്ക്ക് പോകുന്നത് എന്നാണ്. ഇവിടത്തെ സർവ്വകലാശാലയിൽ പഠിച്ച് ഒരു കോഴ്സ് പൂർത്തീകരിച്ചാൽ അതിന്റെ അടിസ്ഥാനത്തിൽ ഒരു തൊഴിൽ ലഭിക്കുമെന്നത് (employability) സംബന്ധിച്ച് അവർക്ക് യാതൊരു തരത്തിലുള്ള ഉറപ്പുമില്ലാത്തതിനാലാണ് ഏകദേശം 40 ശതമാനത്തോളം വിദ്യാർത്ഥികൾ പുറത്തേയ്ക്ക് പോകാൻ താൽപ്പര്യപ്പെടുന്നത്. വിദ്യാഭ്യാസ രംഗത്ത് കാലഘട്ടത്തിനനുസരിച്ച്

കാതലായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുള്ള ക്രിയാത്മകമായ ഇടപെടലുകളാണ് ആവശ്യം. കേവലം രാഷ്ട്രീയമായ നീക്കുപോക്കുകൾക്കുവേണ്ടി പ്രവർത്തനം നടത്തുമ്പോൾ, രാഷ്ട്രീയ പോരാട്ടങ്ങളുടെ വേദിയായി സർവ്വകലാശാലകൾ മാറുമ്പോൾ അവ വീണ്ടും അധഃപതനത്തിലേയ്ക്ക് പോകുകയും വിദ്യാർത്ഥികളുടെയിടയിൽ ക്രെഡിബിലിറ്റി നഷ്ടപ്പെടുകയുമല്ലേ ചെയ്യുന്നതെന്ന് അങ്ങേയ്ക്ക് അഭിപ്രായമില്ലേ?

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം, ഇന്നലെ വിശദമായി സംസാരിച്ച വിഷയമാണിത്, ആവർത്തനമാണ്. ബഹുമാനപ്പെട്ട മന്ത്രി വളരെ വിശദമായി മറുപടി പറയും. കുറെയെയധികം ബില്ലുകളുള്ളതിനാൽ അങ്ങ് കൺക്ലൂഡ് ചെയ്യണം.

ഡോ. മാത്യു കുഴൽനാടൻ: സർ, ആ വിഷയങ്ങളൊന്നും വിശദമായി സംസാരിച്ചില്ല. I am just concluding. കഴിഞ്ഞ ദിവസം ഇവിടെ അതിഘോരമായ രീതിയിലുള്ള രാഷ്ട്രീയ വാഗ്വാദവും ബില്ലിന്റെ introduction-നുമൊക്കെ നടന്നു. വിദ്യാർത്ഥികളുടെ ഭാഗത്തുനിന്ന് ചിന്തിച്ചാൽ അവർക്ക് എന്ത് ഗുണമാണുള്ളത്? ചാൻസലർ സ്ഥാനത്ത് ഗവർണറായിരുന്നാലും അല്ലെങ്കിലും അവർക്ക് ഒരു കുഴപ്പവുമില്ല.

കേരളത്തിൽ ഇന്ന് നടത്തുന്ന കോഴ്സുകളുടെ കണ്ടന്റ് കാലഹരണപ്പെട്ടതാണ്. ലോകം മാറിയതനുസരിച്ച് ഇവിടത്തെ കോഴ്സുകളും യൂണിവേഴ്സിറ്റികളും നവീകരിക്കുന്നതിനുള്ള ശ്രമം നിങ്ങൾ നടത്തിയോ; യൂണിവേഴ്സിറ്റികളിൽ നിന്നുള്ള ഔട്ട്കം ഇംപ്രൂവ് ചെയ്യാൻ ശ്രമിച്ചോ? None of you are concerned about it. നിങ്ങൾക്കാർക്കും അതിനൊന്നും താൽപ്പര്യമില്ല. You are concerned about politics. അഗ്രിക്കൾച്ചറൽ, വെറ്ററിനറി, കേരള തുടങ്ങി മിക്കവാറും യൂണിവേഴ്സിറ്റികളിലെ നിരവധി കോഴ്സുകൾ കാലഹരണപ്പെട്ടതാണ്. പഠിച്ചതുകൊണ്ട് യാതൊരു പ്രയോജനവുമില്ലാത്ത കോഴ്സുകളാണവ. ഇന്ന് ഡാറ്റാ സയൻസ് പോലുള്ള നിരവധി ടെക്നോളജി അഡ്വാൻസ്മെന്റ് വന്നുകഴിഞ്ഞു. ഇവിടെ ലക്ഷക്കണക്കിന് എഞ്ചിനീയറിംഗ് കോളേജുകളിലെ പതിനായിരക്കണക്കിന് സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. Why pupil are not coming?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, അദ്ദേഹം വിഷയവുമായി ബന്ധമില്ലാത്ത കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അങ്ങ് കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ പ്രോസ്പെക്ടസ് പരിശോധിക്കണം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ ടെക്നോളജി, ബിഗ് ഡാറ്റാ അനാലിസിസ്, റോബോട്ടിക്സ് തുടങ്ങി

നിരവധി കോഴ്സുകൾ ഡിജിറ്റൽ യൂണിവേഴ്സിറ്റി, കുസാറ്റ്, കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലുണ്ട്. അങ്ങ് സർവ്വകലാശാലാ ക്യാമ്പസുകളിൽ പോകണം. അങ്ങയുടെ മണ്ഡലത്തിനോട് ചേർന്നുകിടക്കുന്ന എം.ജി. യൂണിവേഴ്സിറ്റിയിലെ സ്റ്റാർട്ടപ് ഇൻക്യുബേഷൻ സെന്റർ സിസ്റ്റം പരിശോധിക്കണം. അങ്ങയുടെ ജില്ലയിലെ കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ ഇത്തരം സംവിധാനങ്ങൾ എത്രമാത്രം വികസിക്കുന്നുണ്ടെന്ന് പരിശോധിക്കണം. കുറേക്കൂടി നമ്മൾ മുന്നോട്ടുപോകേണ്ടതുണ്ട് എന്നുള്ളത് ശരിയാണ്. ഇന്നലത്തെ ചർച്ചയിൽ സെറ്റിൽ ചെയ്ത വിഷയങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. യൂണിവേഴ്സിറ്റികളുടെ മുന്നേറ്റത്തിനുവേണ്ടിയുള്ള മൂന്ന് കമ്മീഷൻ റിപ്പോർട്ടുകളുണ്ട്. നമ്മുടെ അക്കാഡമിക് സ്ട്രക്ചർ എങ്ങനെയായിരിക്കണം മാറ്റേണ്ടത്, ഏത് രൂപത്തിലേയ്ക്ക് മാറണം തുടങ്ങിയ കാര്യങ്ങളെല്ലാം വളരെ ശാസ്ത്രീയമായി പബ്ലിക് ഡൊമൈനികത്തുണ്ട്. അത്തരം കാര്യങ്ങൾ ചർച്ച ചെയ്യാം. വിദ്യാർത്ഥികളുടെ ഒഴുക്കിൽ നാഷണൽ ടെൻഡും അതുസംബന്ധിച്ചുള്ള ഗവേഷണ പ്രബന്ധങ്ങളും പരിശോധിക്കണം. എന്തുകൊണ്ട് ഇന്ത്യയിൽനിന്ന് വിദ്യാർത്ഥികൾ പുറത്തേയ്ക്കൊഴുകുന്നു, അവരുടെ സോഷ്യൽ കാറ്റഗറൈസേഷൻ എങ്ങനെയാണ്, പുറത്തേയ്ക്ക് പോകുന്നതിന്റെ

മറ്റ് ഘടകങ്ങൾ എന്തൊക്കെയാണ്, ഇന്ത്യയിലെ മറ്റ് കോളേജുകളിലെ നിലവിലെ അവസ്ഥയെന്താണ് തുടങ്ങിയ കാര്യങ്ങൾകൂടി പരിശോധിക്കുന്നത് നല്ലതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, അങ്ങ് പറഞ്ഞ രണ്ട് പോയിന്റുകളും അഡ്രസ് ചെയ്യാം. ഡാറ്റാ സയൻസ്, റോബോട്ടിക്സ് പോലുള്ള കോഴ്സുകൾ കേരളത്തിലില്ല എന്നുള്ളതല്ല ഞാൻ പറഞ്ഞത്. അങ്ങ് ഇത്രയും കോൺഫിഡന്റായി പറഞ്ഞ സ്ഥിതിക്ക് ഒരു കാര്യം ചോദിക്കട്ടെ. കേരളത്തിലുള്ള മൊത്തം എഞ്ചിനീയറിംഗ് കോളേജുകൾ പരിഗണിച്ചാൽ 80-90 ശതമാനം കോളേജുകളിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നില്ലെന്ന് പറയാൻ കഴിയുമോ? There may be very few colleges where all the seats are filled. ഏറ്റവും ഡിമാൻഡുള്ള ബ്രാഞ്ചുകളാണ് കമ്പ്യൂട്ടർ സയൻസ്, ഡാറ്റാ സയൻസ് പോലുള്ളവ. കമ്പ്യൂട്ടർ സയൻസിന്റെ നാല് ബ്രാഞ്ചുകളിൽ ഒരു ബ്രാഞ്ചൊഴികെ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിഭാഗത്തിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് ഞാൻ കാണിച്ചുതരേണ്ടതുണ്ടോ? ഡാറ്റാ സയൻസ് വിഭാഗത്തിലും ഇതുതന്നെയാണവസ്ഥ. ഇവയുടെ കരിക്കുലം വെറുതെ 'ഡാറ്റാ സയൻസ്' എന്നും 'ആർട്ടിഫിഷ്യൽ ഇന്റലിജൻസ്' എന്നും എഴുതിയാൽപ്പോരാ. We need to have the backup. വെറുതെ

വാദത്തിനുവേണ്ടി പറയരുത്. അല്ലെങ്കിൽ അങ്ങ് കോൺഫിഡന്റായി പറയണം. കേരളത്തിലെ കമ്പ്യൂട്ടർ സയൻസ് ബ്രാഞ്ചിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിഭാഗത്തിൽ ഒറ്റ സീറ്റുപോലും ഒഴിഞ്ഞുകിടക്കുന്നില്ലെന്ന് പറയാൻ കഴിയുമോ?

ശ്രീ. പി. രാജീവ്: സർ, അതെനിക്ക് പറയാൻ കഴിയുന്ന കാര്യമല്ല. പക്ഷേ അങ്ങ് ആന്ധ്രാപ്രദേശിലെ കോളേജുകളുടെ കാര്യം നോക്കണം. തമിഴ്നാട്ടിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ പൂട്ടിപ്പോയിയെന്നും എത്ര എഞ്ചിനീയറിംഗ് കോളേജുകൾ പോളിടെക്നിക്കുകളായി കൺവെർട്ട് ചെയ്തിട്ടുണ്ടെന്നും പരിശോധിക്കണം. നമ്മുടെ സിസ്റ്റം ഉദാത്തമാണെന്നല്ല ഞാൻ പറഞ്ഞത്, അതും മാറേണ്ടതുണ്ട്. കേരളത്തിലെ വിദ്യാഭ്യാസ രംഗം ആകെ കുഴപ്പത്തിലാണെന്നുള്ള വാദം ശരിയല്ല. സമയം പോകുന്നുവെന്നുള്ളതുകൊണ്ട് ഞാൻ മറ്റ് ചർച്ചകളിലേയ്ക്ക് പോകുന്നില്ല.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം, അങ്ങ് വിഷയത്തിൽ നിന്നുകൊണ്ട് സംസാരിക്കാൻ ശ്രമിക്കണം. അങ്ങേയ്ക്ക് സംസാരിക്കാൻ സമയം നൽകാം. ഇന്ന് ഒരുപാട് ബില്ലുകൾ പരിഗണനയ്ക്കെടുക്കേണ്ടത് കൊണ്ടാണ് പറയുന്നത്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയും അംഗവും ഇവിടെ സൂചിപ്പിച്ച ഒരു കാര്യം, എഞ്ചിനീയറിംഗ് കോളേജുകളിൽ കമ്പ്യൂട്ടർ സയൻസ് ബ്രാഞ്ചിൽ സീറ്റ് ലഭിക്കാനാണ് ഭൂരിഭാഗം വിദ്യാർത്ഥികളും ആഗ്രഹിക്കുന്നത്. എല്ലാ കോളേജുകളിലും കമ്പ്യൂട്ടർ സയൻസ് സീറ്റിനായി വിദ്യാർത്ഥികൾ നെട്ടോട്ടമോടുകയാണ്. അവിടെയെല്ലാം മെക്കാനിക്കൽ, കെമിക്കൽ തുടങ്ങി മറ്റ് വിഭാഗങ്ങളിൽ സീറ്റുകൾ പൂർണ്ണമായും ഒഴിഞ്ഞുകിടക്കുകയാണ്. ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ എല്ലാവരും ബി.കോമിന് സീറ്റന്വേഷിച്ച് നടക്കുകയാണ്. മറ്റ് കോഴ്സുകൾക്കൊന്നും കുട്ടികൾക്ക് സീറ്റ് വേണ്ടാത്ത സാഹചര്യമാണുള്ളത്. ഓരോ കാലഘട്ടത്തിനനുസരിച്ച് കോഴ്സുകൾക്ക് വിദ്യാർത്ഥികളുടെ ഡിമാൻഡിൽ മാറ്റങ്ങൾ വരുമ്പോൾ അതിനനുസരിച്ച് റെസ്പോണ്ട് ചെയ്യാൻ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിനോ സർവ്വകലാശാലകൾക്കോ സാധിക്കുന്നില്ലെന്നതാണ് അടിസ്ഥാന പ്രശ്നം. ഒരുവശത്ത് പല കോഴ്സുകൾക്കും സീറ്റുകൾ വ്യാപകമായി ഒഴിഞ്ഞുകിടക്കുകയും മറുവശത്ത് വലിയ ഡിമാൻഡുണ്ടാകുകയും ചെയ്യുന്നു. അതിനനുസരിച്ച് അഡ്രസ് ചെയ്യാൻ നിലവിലെ നമ്മുടെ സർവ്വകലാശാലാ സംവിധാനങ്ങൾക്ക്

സാധിക്കാത്തതുകൊണ്ടാണ് ഈ പ്രശ്നം നിലനിൽക്കുന്നതെന്ന് അങ്ങേയ്ക്ക് തോന്നുന്നില്ലേ?

ചെയർപേഴ്സൺ: മറ്റ് അംഗങ്ങൾ സംസാരിക്കുമ്പോൾ അങ്ങയുടെ സമയം നഷ്ടമാകും. അങ്ങ് കൺക്ലൂഡ് ചെയ്യണം.

ഡോ. മാത്യു കുഴൽനാടൻ: സർ, ഒരു കാര്യം ഞാനിവിടെ വളരെ സ്പെസിഫിക്കായി പറയാം.

ശ്രീ. നജീബ് കാന്തപുരം: സർ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സിലബസിലെ ഏറ്റവും രസകരമായ കാര്യമുണ്ട്. കൊമേഴ്സ് വിഷയത്തിന്റെ സാധ്യതകളെക്കുറിച്ച് ശ്രീ. റോജി എം. ജോൺ പറയുകയുണ്ടായി. കൊമേഴ്സ് വിഭാഗത്തിൽ ഇപ്പോഴും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സിലബസിൽ VAT ആണ് പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്നത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഇത് ഏറ്റവും നല്ലൊരുദാഹരണമാണ്. ഗവൺമെന്റ് വേണ്ടെന്ന് തീരുമാനിച്ച VAT ഇപ്പോഴും പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു കോഴ്സ് കണ്ടന്റാണ്. ഇതുപോലെ സിലബസും കരിക്കുലവും കാലത്തിനനുസരിച്ച് മാറ്റാൻ കഴിയാതെ കാലഹരണപ്പെട്ട കോഴ്സുകൾ നടത്തി കുട്ടികൾക്ക് ഒരു പ്രയോജനവുമില്ലാതെ മുന്നോട്ടുപോകുന്ന

സ്ഥിതിയാണ് സംസ്ഥാനത്തുള്ളത് എന്നുപറയുമ്പോൾ അതൊരു രാഷ്ട്രീയ ആരോപണമായി കണ്ടിട്ട് കാര്യമില്ല, ഇതൊരു യാഥാർത്ഥ്യമാണ്. അതിന്റെ പച്ചയായ പ്രതിഫലനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. കുട്ടികളെല്ലാം കേരളം വിട്ടൊഴിഞ്ഞ് മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും പോകുന്നു. മറ്റ് സംസ്ഥാനങ്ങളിലും സമാനമായ പ്രശ്നങ്ങളുണ്ടെന്ന് അങ്ങുപറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. പക്ഷേ അതല്ലല്ലോ ഇവിടെ ഉത്തരമായി വരേണ്ടത്. നിലവിൽ കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ കരിക്കുലം റിവൈസ് ചെയ്യാനും പുതിയ കോഴ്സുകൾ കൊണ്ടുവരാനും ഒഴിഞ്ഞുകിടക്കുന്ന കോഴ്സുകൾ കൺവെർട്ട് ചെയ്ത് വേറെ രീതിയിലേയ്ക്ക് ഡൈവെർട്ട് ചെയ്യുന്നതിനുമാണ് ക്രിയാത്മകമായ ഇടപെടലുകൾ നടത്തേണ്ടത്. അതല്ലാതെ ഇവിടെയുള്ളതെല്ലാം തൃപ്തികരമാണ്, എല്ലാം ഭംഗിയായാണ് പോകുന്നത് എന്നുപറഞ്ഞ് മുന്നോട്ടുപോയിട്ട് കാര്യമില്ല. അഗ്രിക്കൾച്ചറൽ, വെറ്ററിനറി തുടങ്ങി ഏത് യൂണിവേഴ്സിറ്റിയാണെങ്കിലും നവീകരണത്തിന് ഒരുപാട് സാദ്ധ്യതകളുണ്ടെന്നതാണ് എന്റെ വ്യക്തമായ അഭിപ്രായം. റിയൽ ലൈഫുമായി കണക്ട് ചെയ്യപ്പെട്ട രീതിയിലാണ് മുന്നോട്ടുപോകേണ്ടത്. അതല്ലാതെ കേവലം ഭംഗിവാക്കുകൾ പറഞ്ഞ് കാര്യങ്ങൾ

മറച്ചുപിടിച്ചതുകൊണ്ട് നമുക്ക് പ്രയോജനം ലഭിക്കില്ല. അതുകൊണ്ട് കുറച്ചുകൂടി അവധാനതയോടുകൂടി കാര്യങ്ങൾ ചെയ്യുന്നതിലേയ്ക്ക് പ്രസ്തുത ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി അയയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. വി. ജോയി ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ഒ. ആർ. കേളു): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. വെറ്ററിനറി യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് സംവരണതത്വം പാലിക്കണമെന്നത് സംബന്ധിച്ച് ബില്ലിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെ ഞാൻ അനുകൂലിക്കുന്നു. എല്ലാവരും സൂചിപ്പിച്ചതുപോലെ, 2010-11 കാലഘട്ടം മുതലാണ് ഈ യൂണിവേഴ്സിറ്റി വെറ്ററിനറി യൂണിവേഴ്സിറ്റിയെന്ന നിലയ്ക്ക് പ്രത്യേകമായി പ്രവർത്തനം ആരംഭിച്ചത്. ഏകദേശം 12 വർഷം പിന്നിടുന്ന ഈ യൂണിവേഴ്സിറ്റിയെക്കുറിച്ച് പൊതുവായി ഒരു തെറ്റും പറയാൻ സാധിക്കില്ല. 12 വർഷംകൊണ്ട് അതിന്റേതായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ 12

വർഷത്തിനുള്ളിൽ മൂന്ന് പ്രാവശ്യം ചാൻസലേഴ്സ് ട്രോഫി ഉൾപ്പെടെയുള്ള അവാർഡുകൾ ഈ യൂണിവേഴ്സിറ്റി കരസ്ഥമാക്കിയിട്ടുണ്ട്. അതുപോലെ ഏഴോളം സബ് സ്റ്റേഷനുകളും ഇതിന്റെ പരിധിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. മൃഗസംരക്ഷണ-ജന്തുമേഖലയിൽ കാലാനുസൃതമായി വരുന്ന വിവിധ വിഷയങ്ങളിലൊക്കെ ക്രിയാത്മകമായി ഇടപെടാൻ വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് സാധിച്ചിട്ടുണ്ട്. കോവിഡ് മഹാമാരി ലോകത്തെ ഗ്രസിച്ചപ്പോൾ അത്തരം രോഗങ്ങളുടെ പരിശോധനപോലും വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ നടത്തുന്നതിനുള്ള സാഹചര്യമുണ്ടാക്കിയെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അതുപോലെ മൃഗസംരക്ഷണത്തിനും കൃഷി ചെയ്യുന്നതിനും അനുകൂലമായ ഒരു സംസ്ഥാനമാണ് കേരളം. പശുക്കൾക്കും ആടുകൾക്കും താറാവുകൾക്കുമൊക്കെയുണ്ടാകുന്ന രോഗങ്ങൾ ദൈനംദിനം റിപ്പോർട്ട് ചെയ്യുമ്പോൾ തക്കസമയത്ത് അതിൽ ഇടപെട്ടുകൊണ്ട് ആവശ്യമായ പ്രതിവിധികൾ കണ്ടെത്തുന്നതിന് യൂണിവേഴ്സിറ്റിക്ക് സാധിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഏറ്റവും കൂടുതൽ വന്യമൃഗശല്യം നിരന്തരമായി നേരിട്ടുകൊണ്ടിരിക്കുന്ന സംസ്ഥാനമാണ്

കേരളം. ഈ അധുനിക കാലഘട്ടത്തിൽ വന്യമൃഗങ്ങളെ എങ്ങനെ പ്രതിരോധിക്കാം എങ്ങനെ മാനേജ് ചെയ്യാം എന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ നിരവധി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വന്യമൃഗങ്ങളെ പരിശീലിപ്പിക്കാനും അവയോട് ഇടപെടാനും സാധിക്കുന്നരീതിയിലുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ നൽകാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞുവെന്നുള്ളത് മറ്റൊരു നേട്ടമാണ്. അങ്ങനെ പൊതുവേ പരിശോധിക്കുമ്പോൾ 12 വർഷത്തിനുള്ളിൽ നല്ല പുരോഗതി കൈവരിക്കാൻ ഈ യൂണിവേഴ്സിറ്റിക്ക് സാധിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. ബില്ലിൽ പ്രതിപാദിക്കുന്നത് സംവരണവുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ട് അതുസംബന്ധിച്ച കാര്യങ്ങൾ പറയാനാണ് ഉദ്ദേശിക്കുന്നത്. അനാട്ടമി, ഫിസിയോളജി, മൈക്രോബയോളജി, പത്തോളജി, വെറ്ററിനറി മെഡിസിൻ, ഗൈനക്കോളജി തുടങ്ങി ഇരുപതോളം ഡിപ്പാർട്ട്മെന്റുകളായാണ് ഈ യൂണിവേഴ്സിറ്റി പ്രവർത്തിക്കുന്നത്. ഈ ഡിപ്പാർട്ടുമെന്റുകളിലൊക്ക പ്രത്യേകം നിയമനങ്ങൾ നടക്കുമ്പോൾ അതിന് ആനുപാതികമായ സംവരണം ലഭിക്കുന്നില്ല എന്ന് ബില്ലിൽ പ്രതിപാദിച്ചിരിക്കുന്നത് ശരിയാണ്. അതുകൊണ്ട് ഈ

ഡിപ്പാർട്ടുമെന്റുകളെയെല്ലാം ഏകീകരിച്ച്, പൂൾ ചെയ്ത് സംവരണതത്വം കൊണ്ടുവരുന്നത് ഏറ്റവും നല്ലതും അനുയോജ്യവുമാണ്. ഈ ബിൽ പാസ്സാകുന്നതോടുകൂടി പി.എസ്.സി. റൊട്ടേഷൻ അനുസരിച്ച് എല്ലാവർക്കും ആനുകൂല്യം ലഭിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതുപോലെ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ, ഡീൻ, രജിസ്ട്രാർ മുതലായ തസ്തികകളിലേയ്ക്കും ഇത്തരത്തിൽ നിയമനങ്ങൾ നടക്കുന്നതിനാൽ അവിടെയും സംവരണം ലഭിക്കാത്ത സ്ഥിതിവിശേഷമാണ് പൊതുവേ കാണുന്നത്. ഈ നിയമം പാസ്സാകുന്നമുറയ്ക്ക് അവിടെയും റൊട്ടേഷൻ അടിസ്ഥാനത്തിൽ സംവരണതത്വം പാലിക്കാൻ സാധിക്കുമെന്നുള്ളത് നല്ലൊരു കാര്യമാണ്. ഇവിടെ യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് പൊതുവായി കുറച്ച് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. നമുക്കറിയാം, മുൻകാലങ്ങളിൽ കാർഷിക സർവ്വകലാശാലയുടെ കീഴിലായിരുന്ന ഈ സർവ്വകലാശാല പ്രവർത്തിച്ചിരുന്നത്. പിന്നീട് വെറ്ററിനറി യൂണിവേഴ്സിറ്റിയെന്നും ഫീഷറിസ് യൂണിവേഴ്സിറ്റിയെന്നും രണ്ടായി വിഭജിച്ചപ്പോൾ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വൈകല്യങ്ങളും പോരായ്മകളും ഉണ്ടായിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ ഹെഡ്ക്വാർട്ടേഴ്സ് ഇപ്പോൾ വയനാട് ജില്ലയിലാണ്

പ്രവർത്തിക്കുന്നത്. ആദ്യം തൃശ്ശൂർ ജില്ലയിലെ മണ്ണുത്തിയിലായിരുന്നു. മണ്ണുത്തിയിൽ പ്രവർത്തിച്ചതിന്റെ ബാലാരിഷ്ടതകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്നുള്ളത് വസ്തുതയാണ്. ഭൂമിയുടെ വിഷയമുണ്ട്, അതുപോലെ കാർഷിക സർവ്വകലാശാലയുടെ പല ഓഫീസുകളും ഇപ്പോഴും ആ യൂണിവേഴ്സിറ്റിയിൽ പ്രവർത്തിക്കുന്നുണ്ട്. അത്തരം വിഷയങ്ങൾ ഭാവിയിൽ പരിഹരിക്കപ്പെടേണ്ടതും കാലാനുസൃതമായി മാറ്റിയെടുക്കേണ്ടതുമാണ്.

ക്ഷീരമേഖലയുടെ കാര്യത്തിൽ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഈ മേഖലയിൽ വെറ്ററിനറി യൂണിവേഴ്സിറ്റിയും മൃഗസംരക്ഷണ വകുപ്പും വളരെ ക്രിയാത്മകമായി ഇടപെടുന്നത് കാണാൻ സാധിക്കും. ഏറ്റവും നല്ല ക്ഷീരസംഘത്തിനുള്ള ദേശീയ അവാർഡ് ലഭിച്ചത് കേരളത്തിനാണ്, വയനാട് ജില്ലയിലെ മാനന്തവാടിയിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘത്തിനാണ് ലഭിച്ചത്. രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം കർണ്ണാടകയ്ക്കും തമിഴ്നാട്ടിനുമാണ് ലഭിച്ചത്. ഏറ്റവും നല്ല രീതിയിൽ ക്ഷീരമേഖലയെ പ്രോത്സാഹിപ്പിക്കാനും ടി മേഖലയിലെ പശു-ജന്തുജാലങ്ങൾക്കുണ്ടാകുന്ന വിവിധ രോഗങ്ങളിലുംമറ്റും ക്രിയാത്മകമായി ഇടപെടാനും സാധിച്ചതിന്റെ ഫലമായാണ്

ദേശീയതലത്തിൽ ഒന്നാം സ്ഥാനം നേടിയെടുക്കാൻ സാധിച്ചത്. കഴിഞ്ഞ ദിവസം സഭയിൽ നായ്ക്കളുടെ കാര്യം പ്രതിപാദിച്ചിരുന്നു. ഇപ്പോൾ നായ്ക്കളെ കൊല്ലാൻ സാധിക്കില്ല, വന്ധ്യംകരണം നടത്തണം. ആ മേഖലയിൽ കുറച്ച് വർഷങ്ങളായി വെറ്ററിനറി യൂണിവേഴ്സിറ്റി ക്രിയാത്മകമായി ഇടപെട്ടുകൊണ്ടിരിക്കുകയാണെന്ന് കാണാൻ സാധിക്കുന്നതാണ്. നിരവധി നേട്ടങ്ങൾ വെറ്ററിനറി യൂണിവേഴ്സിറ്റി സംസ്ഥാനത്തിന് നേടിക്കൊടുത്തുകൊണ്ടിരിക്കുകയാണ്. ബാലാരിഷ്ടതകളും പരിമിതികളുമുണ്ടെങ്കിലും ഒഴിച്ചുകൂടാൻ കഴിയാത്തൊരു യൂണിവേഴ്സിറ്റിയാണിത്. കലാനുസൃതമായി ഈ യൂണിവേഴ്സിറ്റിയെ മാറ്റിയെടുത്തുകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കണമെന്നാണ് ഈ അവസരത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ ബില്ലിൽ പ്രതിപാദിച്ചിട്ടുള്ള സംവരണതത്വം പാലിക്കണമെന്ന കാര്യത്തെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സർ, മറ്റ് സർവ്വകലാശാലകളിലേതുപോലെ വെറ്ററിനറി സർവ്വകലാശാലയിലും സംവരണം കൊണ്ടുവരണമെന്ന്

ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു ബില്ലാണിത്. അതുമായി ബന്ധപ്പെട്ട് ഒട്ടനവധി ചർച്ചകളാണ് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ നടത്തിയത്. വെറ്ററിനറി സർവ്വകലാശാല രൂപംകൊണ്ടിട്ട് ഒരുപാട് നാളുകളൊന്നുമായിട്ടില്ല. ശ്രീ. കുറുക്കോളി മൊയ്തീൻ സൂചിപ്പിച്ചതുപോലെ സർവ്വകലാശാല നിലവിൽ വന്നിട്ട് 10-12 വർഷമേ ആയിട്ടുള്ളൂ. ഈ സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെട്ട നിലയിലാണ് മുന്നോട്ടുപോകുന്നതെന്ന് അഭിമാനപൂരസ്സരം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർവ്വശ്രീ ടി. സിദ്ദിഖ്, വാഴൂർ സോമൻ, ഒ. ആർ. കേളു ഉൾപ്പെടെയുള്ള നിരവധി എം.എൽ.എ.-മാർ അതിന്റെ കമ്മിറ്റികളിൽ പങ്കെടുത്ത് അവിടത്തെ വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്തുകൊണ്ട് മുന്നോട്ടുപോകുകയാണെന്നുള്ളത് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. വെറ്ററിനറി സർവ്വകലാശാലയിൽ എന്ത് മാറ്റമാണുണ്ടായിട്ടുള്ളത്; പണ്ട് തുടങ്ങിയതുപോലെതന്നെ നിൽക്കുകയല്ലേ? എന്നൊക്കെ ഇവിടെ ചിലർ ചോദിച്ചിരുന്നു. ഞാൻ ആ നിലയ്ക്ക് അതിനെ കാണുന്നില്ല. ടി മേഖലയിൽ ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ഓരോന്നായി ഞാൻ പറയാം. അഖിലേന്ത്യാതലത്തിൽ കേന്ദ്ര കാർഷിക കൗൺസിലിന്റെ സർവ്വകലാശാലാ റാങ്കിംഗിൽ ഇന്ത്യയിലെ ഏറ്റവും നല്ല മൂന്നാമത്തെ സർവ്വകലാശാലയായി വെറ്ററിനറി സർവ്വകലാശാലയ്ക്ക് ഉയരാൻ

സാധിച്ചിട്ടുണ്ട്. അതോടൊപ്പം ഇന്ത്യയിലെ വെറ്ററിനറി സർവ്വകലാശാലകളിൽ മൂന്നാമത്തെ റാങ്കും ഈ സർവ്വകലാശാലയ്ക്ക് നേടിയെടുക്കാനായിട്ടുണ്ട്. കൂടാതെ തുടർച്ചയായി മൂന്നാംവർഷവും ബഹുമാനപ്പെട്ട ചാൻസലർ ഏർപ്പെടുത്തിയ മികച്ച സർവ്വകലാശാലയ്ക്കുള്ള ചാൻസലേഴ്സ് ട്രോഫിയും നേടാനായിട്ടുണ്ട്. വെറ്ററിനറി മൃഗ-ശാസ്ത്ര രംഗത്തെ അക്കാദമിക് ഗവേഷണ വിജ്ഞാനവും ഈ രംഗത്ത് മികച്ച മുന്നേറ്റവും നടത്തിയ സർവ്വകലാശാലകൾക്കും മേഖലയിലെ സംരംഭകർക്കുമായി പുത്തൻ ആശയങ്ങളും ഗവേഷണങ്ങളുമായി അവർതന്നെ മുന്നിൽ എത്തിയിട്ടുണ്ട്. താറാവുകളിലെ മാരക വൈറസ് രോഗത്തിനെതിരെ വികസിപ്പിച്ച Riemerella anatipestifer വാക്സിനും ആടുകളിലെ രോഗനിർണ്ണയത്തിനായി Anaemia Eye Card-ഉം വിവിധ അന്താരാഷ്ട്ര പേറ്റന്റുകളും സർവ്വകലാശാലാ ഗവേഷണ ഫലങ്ങളായി പുറത്തുവന്നിട്ടുണ്ട്. കോഴികളിലെ മികച്ച ഇനങ്ങളായ ത്രിവേണി, തലശ്ശേരി എന്നിവയെ കർഷകർക്കായി ഫലപ്രദമായും ഉപകാരപ്രദമായും പുറത്തിറക്കാൻ സർവ്വകലാശാലയ്ക്ക് സാധിച്ചിട്ടുണ്ട്. കൂടാതെ ചൈത്ര, മണ്ണുത്തി എന്നീ പന്നി ഇനങ്ങളും പുറത്തിറക്കിയിട്ടുണ്ട്.

സർവ്വകലാശാല നടത്തിയിട്ടുള്ള മികവിനെക്കുറിച്ചാണ് ഇനി ഞാൻ പറയുന്നത്. അക്കാദമിക് രംഗത്ത് മികച്ച വെറ്ററിനറി ഡയറി പ്രൊവിഷനുകളെ പുറത്തിറക്കി, ഏറ്റവും മികച്ച റാങ്ക് നേടിയ വിദ്യാർത്ഥികളെ പുറത്തിറക്കിയ സർവ്വകലാശാലയ്ക്കുള്ള കേന്ദ്ര കാർഷിക ഗവേഷണ കൗൺസിൽ (ICAR) അവാർഡ് ഉൾപ്പെടെ നേടിയെടുക്കാൻ വെറ്ററിനറി സർവ്വകലാശാലയ്ക്ക് സാധിച്ചിട്ടുണ്ട്. എല്ലാ സർവ്വകലാശാലകൾക്കും ഉന്നത പദവികളിലെത്താനും സുതാര്യമായ സെലക്ഷൻ നടത്തി സ്ഥിരം മേധാവികളെ നിയമിക്കാനും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ നിയമനം നടത്താനും സാധിച്ച ഏക സർവ്വകലാശാലയായി വെറ്ററിനറി സർവ്വകലാശാല മാറിയിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യമായി പെൻഷൻകാർക്കായി സ്മാർട്ട് കാർഡ് ഇറക്കിയത് ഈ സർവ്വകലാശാലയാണ്. മികച്ച പ്രവർത്തനങ്ങൾകൊണ്ട് നല്ല വരുമാനമുണ്ടാക്കാനും സംസ്ഥാനത്തിന്റെ മൃഗസംരക്ഷണ മേഖലയ്ക്ക് മികച്ച സംഭാവനകൾ നൽകാനും ഈ സർവ്വകലാശാലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ മാസം പകുതിയോടെ ഞാൻ ആ സർവ്വകലാശാല സന്ദർശിച്ചിരുന്നു. അവിടത്തെ വിദ്യാർത്ഥികളും അദ്ധ്യാപകരുമുൾപ്പെടെയുള്ളവർ ചേർന്ന് എട്ടോളം പുതിയ സംരംഭങ്ങൾ

ആരംഭിച്ചു. പാലിൽനിന്നും നിർമ്മിക്കാവുന്ന സംരംഭങ്ങൾ, പശുക്കൾക്കും കോഴികൾക്കും മറ്റ് അരുമ മൃഗങ്ങൾക്കും കൊടുക്കാവുന്ന തീറ്റ ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറികൾ ഉൾപ്പെടെ അവിടെ സ്ഥാപിക്കാനും അതിലൂടെ നല്ലൊരു വരുമാനം സ്വന്തമായി നേടിയെടുക്കാനും സർവ്വകലാശാലയ്ക്ക് കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ഈ അവസരത്തിൽ സഭയെ അറിയിക്കുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഒന്നുവഴങ്ങുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ധാരാളം ബില്ലുകളിന്മേൽ ചർച്ച നടത്താനുള്ളതാണ്. ബഹുമാനപ്പെട്ട അംഗത്തിന് ഒരു മിനിറ്റ് സംസാരിക്കാം.

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് ഞാൻ നേരത്തെ സൂചിപ്പിച്ച കാര്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുന്നതിനുവേണ്ടിയാണ്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത് മൂന്നാം സ്ഥാനവും രണ്ടാം സ്ഥാനവുമൊക്കെ ഉണ്ടെന്നാണ്. പക്ഷേ എന്റെ കൈവശമുള്ള ICAR റാങ്കിംഗ് അനുസരിച്ച് കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിക്ക് 2020-ലെ റാങ്കിംഗ് 28 ആണ്.

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, വെറ്ററിനറി സർവ്വകലാശാലയെക്കുറിച്ച് മാത്രമാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. വേറൊരു സർവ്വകലാശാലയെക്കുറിച്ചും പറഞ്ഞിട്ടില്ല. അതുപോലെ, വെറ്ററിനറി ഡോക്ടർമാരുടെ അഭാവത്തെക്കുറിച്ച് പല അംഗങ്ങളും ഇവിടെ ചൂണ്ടിക്കാണിച്ചു. ശരിയാണ്, വെറ്ററിനറി ഡോക്ടർമാരുടെ അഭാവമുണ്ടായിരുന്നു. ആ തസ്തികയുടെ റാങ്ക് ലിസ്റ്റ് പി.എസ്.സി. ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുവഴി കേരളത്തിലെ മുഴുവൻ ഒഴിവുകളും നികത്താൻ പോകുകയാണ്. ശ്രീ. അനൂപ് ജേക്കബ് ഉൾപ്പെടെയുള്ളവർ ഡയറി സയൻസ് കോളേജിനെക്കുറിച്ച് പറഞ്ഞു. മുട്ടത്തറയിലുള്ള എട്ട് ഏക്കർ സ്ഥലം ഫിഷറീസ് വകുപ്പിന് ഫ്ലാറ്റ് നിർമ്മാണത്തിനുവേണ്ടി കൊടുത്തിട്ടുണ്ട്. അതിനുപകരം ഒരു സ്ഥലം ഇപ്പോൾ കണ്ടെത്തി, അതിന്റെ മണ്ണുപരിശോധനയെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ഏകദേശം 32 ഏക്കർ സ്ഥലം നമുക്ക് അനുവദിച്ചുകിട്ടാൻ പോകുകയാണ്. അതിന്റെ അവസാനഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. ഡയറി കോളേജിന് അംഗീകാരമില്ലാതെ കുട്ടികൾ അങ്ങോട്ടുമിങ്ങോട്ടും പോകുന്ന അവസ്ഥയാണ് ഇന്നുള്ളത്. കേരളത്തിൽ ഡയറി കോളേജിനെ അംഗീകാരത്തോടുകൂടി നിലനിർത്തണം. മാത്രമല്ല, മാസം 50,000/- രൂപ കൊടുത്ത്

വാടകക്കെട്ടിടത്തിലാണ് ഡയറി കോളേജ് പ്രവർത്തിക്കുന്നത്. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് ഏതാനും നാളുകൾക്കകം അവിടെ സ്വന്തമായി ഡയറി കോളേജ് സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകും. മറ്റൊന്ന്, സർക്കാരിന്റെ ഒരു ഗവേഷണ സ്ഥാപനമാണ് IAH&VB (Institute of Animal Health & Veterinary Biologicals). വിവിധതരത്തിലുള്ള വാക്സിൻ ഗവേഷണങ്ങൾ അവിടെ നടക്കുന്നുണ്ട്. താറാവ് വസന്തയ്ക്കുള്ള വാക്സിൻ അവിടെ വികസിപ്പിച്ചെടുത്തതാണ്. പേവിഷ-പ്രതിരോധ വാക്സിൻ ഗവേഷണം നടത്തുന്നതിന് ഫാക്ടറി സ്ഥാപിക്കാനുള്ള ഡി.പി.ആർ. ഈ സ്ഥാപനം തയ്യാറാക്കിക്കഴിഞ്ഞു. പന്നിപ്പനി, പക്ഷിപ്പനി, ആന്ത്രാക്സ് തുടങ്ങിയ രോഗങ്ങൾ പകരാതിരിക്കാനുള്ള രോഗപ്രതിരോധ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ഗവേഷണം നടത്തുന്നതിനായി സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട് എന്നുപറയുന്ന പാലോടിൽ സ്ഥിതി ചെയ്യുന്ന SIAD (State Institute for Animal Diseases)-ൽ എല്ലാ ഒരുക്കങ്ങളും ചെയ്തുകഴിഞ്ഞിട്ടുണ്ട്. മറ്റൊന്ന് പറയാനുള്ളത്, പാലുൽപ്പാദനത്തിന്റെ പ്രശ്നമാണ്. ഉൽപ്പാദനക്ഷമതയുണ്ടെന്ന് പറയുന്നുണ്ടെങ്കിലും ഇന്ത്യയാകമാനം പരിശോധിച്ചാൽ പഞ്ചാബാണ് നമ്പർ വണ്ണായി പൊയ്ക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ മിനിമം 10.21 ലിറ്റർ പാലാണ് ഒരു പശുവിന്റെ

ഉൽപ്പാദനക്ഷമത എന്നുപറയുന്നത്. എങ്ങനെ കേരളത്തിൽ ഇത്രയധികം ഉൽപ്പാദനക്ഷമത വന്നു; നമ്മൾ പരിശോധിക്കണ്ടേ? അതിനുകാരണം സങ്കരയിനം പശുക്കൾ കേരളത്തിൽ കൂടിയതാണ്. ഇന്ന് കേരളത്തിൽ 90 ശതമാനവും സങ്കരയിനം പശുക്കളാണുള്ളത്. ആ പശുക്കൾക്ക് ശരാശരി 10.21 ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് പറഞ്ഞെങ്കിലും ഏകദേശം 35 ലിറ്റർ പാലുവരെ തരുന്ന പശുക്കൾ കേരളത്തിലുണ്ടെന്നുള്ളത് ഞാൻ നേരിട്ട് പല ഫാമുകളിലും പോയി കണ്ടതാണ്. മൂന്ന് പ്രാവശ്യമായി ആ പശുവിനെ കറന്നെടുത്ത് പാൽ ഉൽപ്പാദിപ്പിക്കുന്നത് കേരളത്തിൽ തന്നെയാണ്. ആ ഉൽപ്പാദനക്ഷമത കൂട്ടിക്കൊണ്ടുവരാനുള്ള പ്രവർത്തനത്തിലേയ്ക്കാണ് സർക്കാർ പോകുന്നത്. ഇന്ത്യയാകെ പരിശോധിച്ചാൽ, ഇന്ത്യ ഇന്ന് കാർഷിക രാജ്യത്തിൽനിന്ന് വ്യതിചലിച്ച് പോകുകയാണ്. ഇന്ത്യയിലെ പാവപ്പെട്ട ക്ഷീരകർഷകർ പാലുൽപ്പാദനം നടത്തി സംഘങ്ങളിലൂടെ മിൽമയ്ക്ക് കൊടുക്കുന്ന അവസ്ഥ നമ്മൾ കാണുന്നില്ലേ? കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാലിലൂടെയാണ് ഇന്ന് ഇന്ത്യ അറിയപ്പെടുന്നത്. 8.75 ലക്ഷം കോടി രൂപ അതിലൂടെ രാജ്യത്തിന് വരുമാനമുണ്ടെന്ന് പറഞ്ഞത് ഞാനല്ല, കേന്ദ്ര ഗവൺമെന്റാണ്. കേരളത്തിൽ കുറച്ച് പ്രശ്നമുണ്ടായിരുന്നു. കാരണം കർഷകർക്ക് ഉൽപ്പാദനച്ചെലവ്

പലപ്പോഴും വളരെയധികം കൂടുതലായിരുന്നു. ആ അവസരത്തിൽ വിവിധതരം സബ്സിഡികൾ, വ്യത്യസ്തതരത്തിലുള്ള ആനുകൂല്യങ്ങൾ എന്നിവയൊക്കെ കൊടുത്തുകൊണ്ടിരുന്നതാണ്. പക്ഷേ ഞങ്ങൾക്ക് പിടിച്ചുനിൽക്കാൻ പറ്റുന്നില്ല. കേരളത്തെക്കുറിച്ച് അറിയാമല്ലോ, കൂടുതൽ കൃഷി ചെയ്യാനും ഉൽപ്പാദനം നടത്താനും സാധിക്കുന്നില്ല, കേരളത്തിന് പുറത്തുനിന്ന് ഇൻഗ്രീഡിയൻസ് കേരളത്തിലേയ്ക്ക് കൊണ്ടുവന്നെങ്കിൽ മാത്രമേ നമുക്ക് ഫീഡ് ഉൽപ്പാദിപ്പിക്കാൻ സാധിക്കുകയുള്ളൂ. അത് ഇവിടെ എത്തുമ്പോഴുണ്ടാകുന്ന ചെലവ് നല്ലതുപോലെ അറിയാം. പെട്രോളിന്റെയും ഡീസലിന്റെയുമൊക്കെ ചെലവുവച്ച് നോക്കിക്കഴിഞ്ഞാൽ അതൊന്നും താങ്ങാൻ സാധിക്കില്ല. അതുകൊണ്ടാണ് തീറ്റയ്ക്ക് വില വർദ്ധിപ്പിച്ചത്. തീറ്റയ്ക്ക് വില വർദ്ധിപ്പിച്ചെന്ന് പറയുമ്പോഴും 2019-നുശേഷം കേരളാ ഫീഡ്സിന്റെയോ മിൽമയുടെയോ വിലയൊന്നും വർദ്ധിപ്പിച്ചിട്ടില്ലായിരുന്നു. ഇപ്പോഴാണ് 150 രൂപ വർദ്ധിപ്പിച്ചത്. കാരണം കേരളാ ഫീഡ്സിൽ പത്തായിരത്തോളം തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. ഗവണ്മെന്റിന് കീഴിലുള്ള സ്ഥാപനത്തെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനില്ലേ; അതുകൊണ്ടുമാത്രമാണ് തുക വർദ്ധിപ്പിച്ചത്. അങ്ങനെ വർദ്ധിപ്പിക്കുമ്പോഴും ഒരുകാര്യം തീരുമാനിച്ചത് കേരളത്തിലെ പശുക്കൾ

ഏറ്റവും കൂടുതൽ കഴിക്കേണ്ടത് പുല്ലാണ്. നമുക്കറിയാം ഒരു പശു കഴിക്കേണ്ടത് 60 ശതമാനം പുല്ലും 40 ശതമാനം തീറ്റയുമാണ്. കർഷകർ അതാണോ ചെയ്യുന്നത്; കേരളത്തിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിലെല്ലാം വ്യാപകനിലയിൽ പുൽകൃഷി ചെയ്യാൻ തീരുമാനിച്ചു. അതിനുവേണ്ടി കോടികൾ മാറ്റിവച്ചിട്ടുണ്ട്. ഒരു ഹെക്ടറിന് 16,000/- രൂപ ഉൾപ്പെടെ സബ്സിഡി കൊടുത്തുകൊണ്ടാണ് പുൽകൃഷി ചെയ്യുന്നത്. 16,000/- രൂപയ്ക്ക് മേലെ വരും. കാരണം പുൽക്കട ഉൾപ്പെടെ വച്ചുപിടിപ്പിക്കാനായി സൗജന്യമായിട്ടാണ് അവർക്ക് കൊടുക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, തീറ്റപ്പുൽകൃഷി കേരളത്തിൽ ഏതൊക്കെ ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളത്?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, തൃശ്ശൂർ, എറണാകുളം, വയനാട് തുടങ്ങി കേരളത്തിലെ എല്ലാ ജില്ലകളിലും തീറ്റപ്പുൽകൃഷി ചെയ്യുന്നുണ്ട്. കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ 50 ഏക്കർ സ്ഥലത്താണ് ടി കൃഷി ചെയ്യുന്നത്. എറണാകുളത്തും തൃശ്ശൂരും നേരിട്ടുപോയി കണ്ടതാണ്. ബഹുമാനപ്പെട്ട അംഗം എന്റെ കൂടെവന്ന് ഏത് ജില്ലയിലെ തീറ്റപ്പുൽകൃഷി കാണണമെന്ന് പറഞ്ഞാൽ മതി, കാണിച്ചുതരാം. ഞാൻ വെല്ലുവിളിക്കുകയാണ്. മലപ്പുറം ജില്ലയിൽ കുറവായതുകൊണ്ട് അവിടെ നല്ലരീതിയിൽ തുടങ്ങാനുള്ള

സംവിധാനമെടുത്തിട്ടുണ്ട്. അവിടെ ഉൾപ്പെടെ ഒഴിഞ്ഞുകിടക്കുന്ന മറ്റ് സ്ഥലങ്ങളുണ്ടെങ്കിൽ അവിടെയെല്ലാം പുൽകൃഷി തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഇന്നലെ അഞ്ചാറ് ക്ഷീരകർഷകർക്ക് അവാർഡ് കൊടുക്കുകയുണ്ടായി; ഏറ്റവും മികച്ച ക്ഷീരകർഷകൻ, ഏറ്റവും കൂടുതൽ പാൽ അളക്കുന്ന കർഷകൻ, ഏറ്റവും നല്ല യുവകർഷകൻ, ഏറ്റവും നല്ല വനിതാ യുവകർഷക തുടങ്ങിയ വിഭാഗങ്ങൾക്കാണ് അവാർഡ് നൽകിയത്. 50,000/- രൂപയും ഒരു ലക്ഷം രൂപയുമൊക്കെയാണ് സമ്മാന തുക. ഏറ്റവും നല്ല ക്ഷീരകർഷകനുള്ള അവാർഡിന് അർഹനായത് ഇടുക്കി ജില്ലയിലെ കർഷകനാണ്. ഗവണ്മെന്റ് കൊടുത്ത നാല് രൂപ സബ്സിഡി, ആദ്യമായി ഒരു മാസത്തിൽ ഏറ്റവും കൂടുതൽ തുകയായ ഒന്നര ലക്ഷം രൂപ വാങ്ങിയ കർഷകനും ഇന്നലെ അവാർഡ് വാങ്ങാൻ വന്നിരുന്നു. അതൊക്കെ അഭിമാനപൂർവ്വം പറയുകയാണ്. ഇപ്പോൾ ചോളം കൃഷി ചെയ്യാൻ പോകുകയാണ്. കേരളത്തിലെ പശുക്കൾക്ക് ഏറ്റവും കൂടുതൽ കൊടുക്കേണ്ടത് ചോളം സൈലേജാണ്. അതുകൊടുത്താൽ പശുക്കൾക്ക് നല്ല ഉൽപ്പാദനശേഷിയും വളർച്ചയുമുണ്ടാകും. അത്തരത്തിലുള്ള സൈലേജ് കേരളത്തിൽ കൂടുതലായി കൊണ്ടുവരാനുള്ള പ്രവർത്തനത്തിലേയ്ക്കാണ് പോകുന്നത്. പഞ്ചാബിലും ആന്ധ്രാപ്രദേശിലും പോയപ്പോൾ കണ്ടതാണ്.

ആന്ധ്രാപ്രദേശിൽ ഒരു സംഘം 83 ഏക്കറിൽ ചോളം കൃഷി ചെയ്യുകയാണ്. അവർ കൃഷിക്കാരെക്കൊണ്ട് എത്രവേണമെങ്കിലും ഉൽപ്പാദിപ്പിച്ച് ഞങ്ങൾക്ക് തരാമെന്ന് പറഞ്ഞിട്ടുണ്ട്. അത് കുറഞ്ഞ ചെലവിൽ എടുക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. ടി. സിദ്ദിഖ്: സർ, പച്ചപ്പുൽകൃഷി നന്നായി നടന്നുവരുന്നുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ കീഴിൽ വയനാട് ജില്ലയിൽ പലയിടത്തും നടത്തുന്നുമുണ്ട്. അതിൽ confrontation-ന്റെ കാര്യമില്ല. ഞാൻ പറഞ്ഞ പ്രധാനപ്പെട്ട കാര്യം, മൃഗസംരക്ഷണ-കൃഷി വകുപ്പുകളുടെ സ്ഥലങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് 1972-ൽ കാർഷിക സർവ്വകലാശാലയുണ്ടായത്. എന്നാൽ വെറ്ററിനറി യൂണിവേഴ്സിറ്റി ഉണ്ടായതിനുശേഷം ഒരു തീരുമാനമെടുത്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ പങ്കെടുത്ത് മീറ്റിംഗും നടത്തി. വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് അവകാശപ്പെട്ട 80 ഏക്കർ സ്ഥലം ഇപ്പോഴും കാർഷിക സർവ്വകലാശാല കൈവശംവച്ചിരിക്കുകയാണ്, വിട്ടുകൊടുത്തിട്ടില്ല. മാത്രമല്ല, നിലവിൽ വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ കൈവശമുള്ളത് വനവും പാറകൾ നിറഞ്ഞതുമായ പ്രദേശമാണ്. വനം വകുപ്പിന്റെ അവകാശവാദം കാരണം വികസന പ്രവർത്തനങ്ങളൊന്നും നടത്താൻ സാധിക്കുന്നില്ല. കേന്ദ്ര

ഗവണ്മെന്റ് അനുവദിച്ചിരിക്കുന്ന പണംപോലും വിനിയോഗിക്കാൻ സാധിക്കാത്തതിനാൽ അവിടെനിന്ന് മാറ്റുന്ന കാര്യംപോലും ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ഇടപെട്ട് സംസാരിച്ചിട്ടും ഉത്തരവിറക്കിയിട്ടും കാർഷിക സർവ്വകലാശാല പ്രസ്തുത സ്ഥലം ഇതുവരെ തിരികെ നൽകിയിട്ടില്ല. സർക്കാർ തലത്തിൽ ചെയ്യേണ്ട ഒരു കാര്യംകൂടി പറയാനുണ്ട്, 2019-20-ൽ പദ്ധതിയേതര വിഹിതം 89.078 കോടി രൂപയാണ്. 2020-21-ലും അതേ തുക തന്നെയാണ്. സാധാരണ എല്ലാ വർഷവും 10 ശതമാനം വീതം വർദ്ധനവുണ്ടാകാറുണ്ട്. അതുണ്ടായില്ലെന്ന് മാത്രമല്ല സാമ്പത്തിക വിഹിതത്തിൽ 62.19 കോടി രൂപയുടെ ക്ഷാമവും നേരിടുന്നുണ്ട്. ഒരിഞ്ച് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അവിടെ ഗവേഷണങ്ങൾ നന്നായി നടക്കുന്നുണ്ട്, പുതിയ പ്രോഡക്ടുകളും എക്വിപ്മെന്റുകളും വരുന്നുണ്ട്. വലിയ സമ്പത്താണ് വെറ്ററിനറി യൂണിവേഴ്സിറ്റി എന്നതിൽ തർക്കമില്ല. 183 കോടി രൂപയെങ്കിലും സർക്കാർ തലത്തിലുണ്ടായാൽ മാത്രമേ ഒരിഞ്ചെങ്കിലും മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. അതിനുള്ള നടപടികൂടി സർക്കാർതലത്തിൽ ഉണ്ടാകണം.

ചെയർപേഴ്സൺ: വിയോജനക്കുറിപ്പിൽ ബഹുമാനപ്പെട്ട മന്ത്രിയും മറ്റ് അംഗങ്ങളും നന്നായി സംസാരിച്ചിരുന്നു. വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്കുകൂടി സമയം ആവശ്യമാണ്. അതുകൊണ്ട് അംഗങ്ങൾ സഹകരിക്കണം.

ശ്രീ. ലിന്റോ ജോസഫ്: സർ, തീറ്റപ്പുൽകൃഷി പ്രാദേശികമായി ചെയ്യുന്നതിന് ഒരു ഹെക്ടറിന് 16,000 രൂപ സബ്സിഡി കൊടുക്കുന്നുണ്ടെന്ന് പറയുകയുണ്ടായി. അതിലേയ്ക്ക് തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനംകൂടി ഉപയോഗപ്പെടുത്താൻ കഴിയുമോയെന്നതാണ് എന്റെ ചോദ്യം.

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, തൊഴിലുറപ്പ് തൊഴിലാളികളെ ഏർപ്പെടുത്താം. പുൽക്കാട കിട്ടുമ്പോൾ അത് തൊഴിലുറപ്പ് തൊഴിലാളികളെക്കൊണ്ട് വച്ചുപിടിപ്പിക്കും. അതിന് അധികം പണം കൊടുക്കേണ്ടിവരില്ല. പുല്ല് നനപ്പിക്കണമെങ്കിൽ അതിനുള്ള സംവിധാനവും ചെയ്യുതരാം. അത്തരത്തിൽ വ്യാപകമായ നിലയിൽ തീറ്റപ്പുൽ വളർത്തിക്കൊണ്ടുവന്നാൽ കാർഷിക മേഖലയിൽ നല്ലൊരു മാറ്റം കൊണ്ടുവരാൻ സാധിക്കും. പൂക്കോട് വെറ്ററിനറി സർവ്വകലാശാലയുടെ സ്ഥലവുമായി ബന്ധപ്പെട്ടുള്ള കേസ് കോടതിയുടെ പരിഗണനയിലാണെന്നാണ് തോന്നുന്നത്. അവിടെയുള്ള കുറച്ച് സ്ഥലം പഞ്ചായത്തുമായി ആലോചിച്ച് എടുക്കണമെന്ന് തീരുമാനിച്ചെങ്കിലും

നടപടിയൊന്നുമായിട്ടില്ല. തുശ്ശൂരും കുറച്ച് പ്രശ്നമുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച നടത്തി ഒരു രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ കൃഷി വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് പരിഹരിക്കാനുള്ള ശ്രമം പെട്ടെന്നുതന്നെ നടത്തുന്നതാണ്. ഞാൻ പറഞ്ഞുവന്നത്, കർഷകരെ സഹായിക്കാനുള്ള എല്ലാ സമ്പത്തും സ്വരൂപിച്ചുകഴിഞ്ഞു. പാലിന്റെ വില കൂട്ടിക്കൊടുത്തു. അതിൽ ഭൂരിപക്ഷവും (5.75-ഉം) നമ്മുടെ കർഷകർക്ക് വരുന്ന നിലയിലാണ് ചെയ്തിരിക്കുന്നത്. മറ്റൊരു കാര്യം, ഇന്നലെ ഇവിടെ ഇൻസെന്റീവിനെക്കുറിച്ച് സംശയം ചോദിച്ചിരുന്നു, അത് കൃത്യമായി കൊടുക്കുന്നുണ്ട്. പഞ്ചായത്തിന്റെ പദ്ധതി രേഖ വരുന്നതനുസരിച്ച് പണം മുഴുവൻ അതത് സ്ഥലത്ത് കൊടുക്കുന്നുണ്ട്. കണക്ക് എന്റെ കയ്യിലുണ്ട്. ഇനിയൊരു അവസരത്തിൽ നിങ്ങൾ ചോദിക്കുകയാണെങ്കിൽ ഓരോ മാസവും ഏതൊക്കെ പഞ്ചായത്തുകൾക്ക് എത്രയൊക്കെ പണം കൊടുത്തിട്ടുണ്ടെന്നുള്ളത് കൃത്യമായി പറയാം. സാമ്പത്തിക പ്രയാസങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കും. വകുപ്പുതിരിച്ചുള്ള പരിഗണനയുള്ളതിനാൽ എല്ലാ കാര്യങ്ങൾക്കും മറുപടി പറയാൻ സാധിക്കുന്നില്ല. ഒരുപാട് കാര്യങ്ങൾ പറയണമെന്നുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ അതിൽനിന്ന് വിട്ടുനിൽക്കുകയാണ്.

ചെയർപേഴ്സൺ: ചെറിയ ഭേദഗതികൾപോലും ഒരു മണിക്കൂറിന് മുകളിൽ ചർച്ചചെയ്യ.

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, 2014-ൽ നമ്മുടെ യൂണിവേഴ്സിറ്റി നിയമം രണ്ടാം ഭേദഗതി പ്രകാരം റിസർവ്വേഷൻ സംബന്ധിച്ച കെ.എസ്.& എസ്.എസ്.ആർ. ചട്ടം 14(1) വരെയുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ കേരള, കാലിക്കറ്റ്, മഹാത്മാഗാന്ധി, ശ്രീശങ്കരാചാര്യ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് എന്നീ യൂണിവേഴ്സിറ്റികളിൽ ബാധകമായിട്ടുണ്ട്. പ്രസ്തുത സർവ്വകലാശാല നിയമ ഭേദഗതി പ്രകാരം എല്ലാ സർവ്വകലാശാലകളിലും സംവരണ വ്യവസ്ഥ ഏകീകരിക്കുക എന്ന ഉദ്ദേശ്യം നടപ്പാക്കിയിട്ടുണ്ട്. ആയതുപ്രകാരം എല്ലാ വകുപ്പുകളെയും ഒരു യൂണിറ്റായി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായിക ക്രമം പാലിക്കണമെന്ന വ്യവസ്ഥ പ്രസ്തുത സർവ്വകലാശാലകളിൽ നടപ്പിലായി. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല ആക്ടിൽ 58-ാം വകുപ്പിൽ ഭേദഗതി കൊണ്ടുവരാത്തതുമൂലം സംവരണത്തിന്റെ ഗുണഫലം ലഭിച്ചിരുന്നില്ല. എന്നാൽ ആ പോരായ്മ പരിഹരിക്കാനാണ് 58-ാം വകുപ്പിൽ അപ്രകാരമുള്ള ഒരു ഭേദഗതി കൊണ്ടുവരാൻ സർക്കാർ ആഗ്രഹിക്കുന്നത്. 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്ടിലെ 58-ാം വകുപ്പ്

പ്രകാരം സർവ്വകലാശാലയിലെ അദ്ധ്യാപക-അനദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും നിയമനത്തിൽ പട്ടികജാതി- പട്ടികഗോത്ര വർഗ്ഗക്കാർക്കും മറ്റ് പിന്നാക്ക വിഭാഗക്കാർക്കും സർക്കാരിന്റെ കീഴിലുള്ള തസ്തികകളിലെ നിയമനങ്ങൾക്കുള്ള സംവരണചട്ടങ്ങൾ ബാധകമാണ്. എല്ലാ വകുപ്പുകളെയും ഒരു യൂണിറ്റായി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായികക്രമം തുടരുന്നതിലേയ്ക്കായി സംസ്ഥാനത്തെ സർവ്വകലാശാലയിലെ അദ്ധ്യാപക-അദ്ധ്യാപകേതര തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ സംവരണവും സാമുദായികക്രമവും സംബന്ധിച്ച് ഏകീകൃത വ്യവസ്ഥ കൊണ്ടുവരേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു. ഈ ആവശ്യത്തിലേയ്ക്ക് അദ്ധ്യാപക-അദ്ധ്യാപകേതര തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിലെ സംവരണ രീതിയും സാമുദായികക്രമവും സംബന്ധിച്ച് മറ്റ് സർവ്വകലാശാല ആക്ടുകളിലെ വ്യവസ്ഥകളുമായി ഐക്യരൂപം കൈവരിക്കുന്നതിനായി 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്ടിലെ പ്രസ്തുത വ്യവസ്ഥ 2014-ലെ സർവ്വകലാശാല നിയമങ്ങൾ രണ്ടാം ഭേദഗതി ആക്ടിന് അനുസൃതമായി ഭേദഗതി ചെയ്യുക എന്ന ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ. അതുകൊണ്ട് 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും

സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: ഡോ. മാത്യു കുഴൽനാടൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

ചെയർപേഴ്സൺ: അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ചെയർപേഴ്സൺ: ശ്രീ. ഒ. ആർ. കേളു, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതിക്ഷേലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2.00 PM]

രണ്ടാം വകുപ്പ്

Shri Sebastian Kulathunkal as assigned by Dr. N. Jayaraj: Sir, I move the following amendments.

106. In section 58 proposed to be substituted in the principal Act by clause 2 for the word " of" occuring before the word " clauses" the word " in" shall be substituted.

107. In section 58 proposed to be substituted in the principal Act by clause 2 for the words " and the provisions of " the words " and the provisions in" shall be substituted.

108. In section 58 proposed to be substituted in the principal Act by clause 2 for the words " as one unit" the words " as a single unit" shall be substituted.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 106, 107, 108 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri Sebastian Kulathunkal as assigned by Dr. N. Jayaraj: Sir, I move the following amendment.

105. In the enacting formula the symbol " -" occuring after the word " Seventy" shall be deleted.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ചെയർപേഴ്സൺ: 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സാക്കിയിരിക്കുന്നു.

(ii) 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ്: സർ, ഇത് വളരെ ചെറിയ ബില്ലാണ്. സംസ്ഥാന ജീവനക്കാരുടെ പെൻഷൻ പ്രായം 56 ആക്കി ഉയർത്തിയിരുന്നത് ഹൈക്കോടതി ജീവനക്കാർക്കുകൂടി ബാധകമാകുന്നതിനാണ് ഈ ബിൽ. സബ്ജക്ട് കമ്മിറ്റിയിൽ മറ്റ്

വിയോജിപ്പുകളൊന്നും വരാത്ത ബില്ലാണിത്. ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ ചൂമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞതുപോലെ പ്രത്യേകിച്ചൊന്നും പറയാനില്ല. കേരള ഗവണ്മെന്റ് പെൻഷൻ പ്രായം 56 ആക്കി ഉയർത്തിയതിനനുസൃതമായി ഹൈക്കോടതിയിലും 56 വയസ്സെന്നുള്ളത് അംഗീകരിക്കണമെന്നതാണ് പ്രസ്തുത ഭേദഗതിയുടെ ഭാഗമായി വന്നിരിക്കുന്നത്. കോടതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ധാരാളം പറയാനുണ്ട്. ഹൈക്കോടതിയിലെ പെൻഷൻ പ്രായം ഇനിയും ഉയർത്തണമെന്ന അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. ഒരുവശത്ത് വിരമിക്കൽ പ്രായം ഉയർത്തണമെന്ന് സർവ്വീസിലുള്ളവരും പുറത്തുള്ള വിദ്യാസമ്പന്നരായ ചെറുപ്പക്കാർ പ്രായം ഉയർത്തുന്നതിൽ വിയോജിപ്പും പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം കേട്ടാൽ അത്ഭുതം

തോന്നും. കേരളമുൾപ്പെടെ ഇന്ത്യയിലെ 24 ഹൈക്കോടതികളിലായി 43 ലക്ഷം കേസുകൾ കെട്ടിക്കിടക്കുന്നുവെന്നാണ് പരമോന്നത നീതിപീഠത്തിലെ ചീഫ് ജസ്റ്റിസ് പറഞ്ഞിരിക്കുന്നത്. അതുപോലെ ജഡ്ജിമാരുടെ പെൻഷൻ പ്രായം ഉയർത്തണമെന്ന വാദം ഹൈക്കോടതിയിലും സുപ്രീംകോടതിയിലുമൊക്കെ കേൾക്കാൻ കഴിയും. നിലവിലെ സാഹചര്യത്തിൽ കേരള ഗവണ്മെന്റിന്റെ നയം എന്നനിലയിൽ നടപ്പാക്കിയിട്ടുള്ള കാര്യങ്ങൾക്കനുസരിച്ചാണ് ഹൈക്കോടതി ജീവനക്കാരുടെ വിരമിക്കൽ പ്രായത്തെ സംബന്ധിച്ച കാര്യങ്ങളും പറഞ്ഞിരിക്കുന്നത്. കൂടുതൽ കാര്യങ്ങളൊന്നും പറയുന്നില്ല. ഈ ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി അവതരിപ്പിച്ചില്ല.)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. ഇ. ചന്ദ്രശേഖരൻ മാത്രമാണ് സംസാരിച്ചിട്ടുള്ളത്. അദ്ദേഹം ബില്ലിനെ പിന്തുണച്ചിരിക്കുകയാണ്. പൊതുവെ അത് സഭയുടെ വികാരമാണ്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: ശ്രീ. ഇ. ചന്ദ്രശേഖരൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

" he" എന്ന വാക്ക് വരുന്നിടത്തെല്ലാം " she or he" എന്നീ വാക്കുകൾ ചേർക്കാവുന്നതാണ്.

നിയമനിർമ്മാണത്തിൽ സെൻട്രൽ ആക്ടായ The General Clauses Act, 1897- നെ അടിസ്ഥാനപ്പെടുത്തിയാണ് എല്ലാ നിയമങ്ങളും നിർമ്മിക്കുന്നത്. പ്രസ്തുത ആക്ട് 1897 മുതൽ പിന്തുടർന്ന് വരുന്നതാണ്. ഒരു വനിതാ അംഗം ചെയറിലിരിക്കുന്നതുകൊണ്ട് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നത്, ആ ക്ലോസിൽ നിലനിൽക്കുന്ന വ്യവസ്ഥ " Words importing the masculine gender shall be taken to include female" എന്നുള്ളതാണ്. പുരുഷലിംഗം പറഞ്ഞുകഴിഞ്ഞാൽ സ്ത്രീകളെല്ലാം അതിനകത്താണെന്നാണ്. 'he' എന്നുപറഞ്ഞാൽ 'she' അതിനകത്തുണ്ടെന്ന് മനസ്സിലാക്കണം എന്നാണ്. ഇതാണ് രാജ്യത്തിപ്പോൾ പിന്തുടർന്നുവരുന്ന നിയമം. മറ്റുള്ള ബില്ലുകളുടെ ഭേദഗതികൾ അവതരിപ്പിക്കുന്ന ഘട്ടങ്ങളിലും ഇത്തരം അഭിപ്രായങ്ങൾ സഭയിൽ വന്നിട്ടുണ്ട്. ഭേദഗതികളിൽ ഒന്നിൽ മാത്രം മാറ്റംവരുത്തുന്നതിന് പരിമിതികളുണ്ട്. ഈ ബില്ലിലെ സൗകര്യമെന്ന് പറയുന്നത്, ഒരു ഭാഗത്തുമാത്രമാണ് he എന്ന പ്രയോഗം വരുന്നത്. ഇവിടെത്തന്നെ 'he or she' എന്നുള്ള ഭേദഗതിയുണ്ടെങ്കിലും ഔദ്യോഗിക ഭേദഗതി 'she or he' എന്ന രൂപത്തിൽ ഈ നിയമത്തിൽ മാറ്റംവരുത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. ഭാവിയിലുള്ള എല്ലാ നിയമനിർമ്മാണങ്ങളിലും he

എന്നുള്ളത് 'she'-യെക്കൂടി ഉൾക്കൊള്ളും എന്നതുമാറ്റി 'she or he, her or his'എന്ന രൂപത്തിൽ ഭേദഗതി വരുത്തും.

ശ്രീ. എൻ. കെ. അക്ബർ: സർ, മൂന്നാം ലിംഗക്കാർ എന്നൊരു വിഭാഗമില്ലേ?

ഡോ. മാത്യു കുഴൽനാടൻ: സർ, ജനറൽ ക്ലോസസ് ആക്ടിൽ 'he' എന്ന പ്രയോഗം എല്ലാത്തിനെയും ഉൾക്കൊള്ളുമെന്നുണ്ടെങ്കിൽ 'he' is safe, if you put 'he or she' then the third order should also be considered.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, അതിന് നിയമപരമായി പ്രശ്നമില്ല. കാരണം, 'he' ഇതിനകത്ത് നിൽക്കുന്നിടത്തോളം അത് ഉൾക്കൊള്ളും. ആ ഭാഗം ഇപ്പോൾ ഇതിൽ കൊണ്ടുവരാത്തത് എൽ.ജി.ബി.ടി. കമ്മ്യൂണിറ്റി (Lesbian, Gay, Bisexualand Transgender Community)-യുമായി ബന്ധപ്പെട്ട് ഒരു ആക്ടിൽ പരസ്യമായി പറയുന്നതുസംബന്ധിച്ച വ്യവസ്ഥകളുണ്ട്. അതുകൊണ്ട് അതുമായി ചേർത്തുവച്ചുവേണം പരിശോധിക്കേണ്ടത്. ഈ ഘട്ടത്തിൽ അമെന്റ്മെന്റിന്റെ ഭാഗമായി കൊണ്ടുവരാനുള്ള പരിമിതി മാത്രമേയുള്ളൂ. അതുകൂടി ഇതിന്റെ ഭാഗമായി വരണമെന്നുള്ള പൊതുവികാരമാണ് ഗവണ്മെന്റിനുള്ളത്. അടുത്ത നിയമനിർമ്മാണത്തിൽ എൽ.ജി.ബി.ടി.

നിയമവുമായി ചേർത്തുവച്ചുകൊണ്ട് ആ സാധ്യതകൂടി പരിശോധിക്കുന്നതാണ്.

Shri Sebastian Kulathunkal as assigned by Dr. N. Jayaraj: Sir, I move the following amendment.

107. In section 2, proposed to be amended in the Principal Act by Clause 2 before the words " National Pension System" the word " the" shall be inserted.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ഞാൻ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 107-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

Shri Sebastian Kulathunkal as assigned by Dr. N. Jayaraj: Sir, I move the following amendment.

105. In the preamble after the figures " 2008, the symbol, figures and word " (34 of 2008)" shall be added.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 105-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ചെയർപേഴ്സൺ: 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കിയിരിക്കുന്നു.

(iii) 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ

(iv) 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ, 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബിൽ അവതരിപ്പിച്ച ഘട്ടത്തിൽ അതിന്റെ ഉള്ളടക്കം പറഞ്ഞിട്ടുള്ളതാണ്. വളരെ ചെറിയ രണ്ട് ബില്ലുകളാണിത്. 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലിൽ, ഏറ്റെടുക്കുന്നതിൽ വിട്ടുപോയ ഒരു സ്ഥലം ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബില്ലിൽ കേന്ദ്ര ഉപദേശത്തിന്റെ ഭാഗമായി കുഷ്ഠരോഗികൾ എന്നുള്ള പ്രയോഗം ഒഴിവാക്കണമെന്നുമുള്ള ഭേദഗതികളാണുള്ളത്. കഴിഞ്ഞ ബില്ലിന്റെ മാതൃക പിന്തുടർന്നുകൊണ്ട് ഈ ബില്ലുകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ, 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ എന്നിവയിൽ നിലവിൽ കൊണ്ടുവന്നിട്ടുള്ള വ്യവസ്ഥകളോട്

വിയോജിപ്പൊന്നുമില്ലെങ്കിലും ഈ രണ്ട് വ്യവസായ മേഖലകളും പ്രത്യേകിച്ച് വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് കാരണമായ സർക്കാരിന്റെ നയത്തിലുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്. ആർ.ബി.ഐ. പുറത്തുവിട്ട കണക്കുകൾപ്രകാരം സംസ്ഥാന ആഭ്യന്തര സ്ഥിതിവിവരക്കണക്കുകൾ നോക്കുമ്പോൾ മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനം വളരെ പിന്നിലാണ്. മറ്റു സംസ്ഥാനങ്ങളുടെ വളർച്ച ഏഴും എട്ടും ശതമാനത്തിന് മുകളിൽ രേഖപ്പെടുത്തിയപ്പോൾ കേരളത്തിന്റെ വളർച്ചാനിരക്ക് വെറും മൂന്ന് ശതമാനം മാത്രമാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി കെ. കെ. രമ]

കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, കാലാവസ്ഥ, അന്തർദേശീയ സമുദ്രപാത, അന്തർദേശീയ വിമാനത്താവളങ്ങൾ, പ്രവാസി സമ്പത്തുക്കൾ ഇതൊക്കെയുണ്ടായിട്ടും ആയത് സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഉപയോഗിക്കുന്നതിൽ നമ്മൾ പരാജയപ്പെട്ടുവെന്നാണ് ഇതിനർത്ഥം. റിസർവ് ബാങ്ക് പുറത്തിറക്കിയ പുതിയ റിപ്പോർട്ട് പ്രകാരം ദക്ഷിണേന്ത്യയിൽ ഏറ്റവും കുറവ് വ്യവസായ യൂണിറ്റുകളുള്ള സംസ്ഥാനമാണ് കേരളം. ഇന്ത്യയിൽ ഏകദേശം 2.5 ലക്ഷം വ്യവസായ

യൂണിറ്റുകളുള്ളതിൽ 8000-ൽ താഴെ മാത്രമാണ് കേരളത്തിലുള്ളത്. സംസ്ഥാനത്തിന്റെ മൂലധന നിക്ഷേപം വെറും 0.76 ലക്ഷം കോടി രൂപ മാത്രമാണ്. വ്യവസായ യൂണിറ്റുകളുടെ തൊഴിൽ കണക്കുപ്രകാരം തമിഴ്നാട് 26 ലക്ഷം പേർക്ക് ജോലി കൊടുക്കുമ്പോൾ കേരളം ജോലി കൊടുക്കുന്നത് വെറും 3.34 ലക്ഷം പേർക്കാണ്. എവിടേയ്ക്കാണ് നമ്മുടെ പോക്ക്? നമ്മുടെ വ്യവസായങ്ങളൊക്കെ അതിർത്തി കടന്നുപോകുന്നതിനെപ്പറ്റി പലവട്ടം ഇവിടെ സംസാരിച്ചതാണ്. എന്തുകൊണ്ട് അയൽനാട്ടിലേയ്ക്ക് പോകുന്നുവെന്ന് അന്വേഷിച്ചാൽ, കേൾക്കാനുള്ള മനസ്സും പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സന്നദ്ധതയും അവിടത്തെ അധികാരികൾക്കുണ്ടെന്നാണ് പലരുടെയും മറുപടി. നമുക്കില്ലാത്തതും അതുതന്നെയാണ്. വ്യവസായ പ്രോത്സാഹന പാക്കേജുകളുൾപ്പെടെയുള്ളവ പ്രഖ്യാപിക്കുന്നതിൽ അവർ വളരെ വേഗത്തിലും കേരളം വൈകിയുമാണ് തീരുമാനമെടുക്കുന്നത്.

മൊബൈൽ ഫോൺ അസംബ്ലി, അതിന്റെ ഘടകങ്ങൾ, ചിപ്പുകളുടെ നിർമ്മാണം, ഇലക്ട്രിക് വാഹനങ്ങൾ തുടങ്ങി ഭാവിയിൽ സാധ്യതയുള്ള വ്യവസായങ്ങൾ നമ്മുടെ കൺമുന്നിലൂടെയാണ് മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നത്. തീപ്പെട്ടി വ്യവസായം പ്രതിസന്ധി നേരിടുന്നുവെന്ന് മനസ്സിലാക്കിയപ്പോൾ യൂസ് ആൻഡ് ത്രോ ലൈറ്ററിന്റെ ഇറക്കുമതി

തടയണമെന്ന് കേന്ദ്ര വ്യവസായ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ് തമിഴ്നാട് മുഖ്യമന്ത്രി ചെയ്തത്. അത് വേണമോ വേണ്ടയോ എന്നത് ഡിബേറ്റ് ചെയ്യേണ്ട കാര്യമാണ്. പക്ഷെ അവിടത്തെ വ്യവസായികളെ സംരക്ഷിക്കണമെന്ന നിലയിൽ അദ്ദേഹം ഇത് മുഴുവനായി നിരോധിക്കണമെന്ന് പറഞ്ഞു. ഏത് വ്യവസായമാണെങ്കിലും അത് നിലനിൽക്കണമെന്നും പുതിയവ വരണമെന്നുമാണ് അവരുടെ കാഴ്ചപ്പാട്.

സ്റ്റാർട്ടപ്പുകൾ തുടങ്ങാനുള്ള ചെലവ് കുറഞ്ഞ സംസ്ഥാനങ്ങളിലൊന്നാണ് കേരളമെങ്കിലും ഇത് സംരംഭകർക്ക് പ്രിയപ്പെട്ട സ്ഥലമല്ലെന്ന സ്ഥിതിവിശേഷം മാറണം. വിദേശത്തുപോയി സമ്പാദിച്ച് കഷ്ടപ്പെട്ട് ഇവിടെ റിസോർട്ട് തുടങ്ങാൻ വന്ന അനസിന്റെ കഥ അറിയാമോ? ആ യുവസംരംഭകന് എൻ.ഒ.സി. കിട്ടാത്തതിനാൽ നാല് കോടി രൂപയോളം നഷ്ടപ്പെട്ട് ആത്മഹത്യ ചെയ്യാനേ നിവൃത്തിയുള്ളൂവെന്ന് പറഞ്ഞ് മുഖ്യമന്ത്രിക്ക് കത്തയച്ച വാർത്ത ഇനിയും നമ്മുടെ മാറാത്ത വ്യവസ്ഥിതിയുടെ തെളിവാണ്. ഈ വാർത്ത മുഴുവനും പത്രങ്ങളിൽ വന്നതാണ്. വർഷങ്ങളായി വിദേശരാജ്യങ്ങളിൽ ജോലിചെയ്ത് മടങ്ങിവന്ന് ലോണെടുത്ത് നാല് കോടി രൂപകൊണ്ട് റിസോർട്ടുണ്ടാക്കിയെങ്കിലും അതിന് ലൈസൻസ് കിട്ടിയില്ല. എൻ.ഒ.സി. കിട്ടാത്തതിന് പഞ്ചായത്തും

മുനിസിപ്പാലിറ്റിയുമാണ് വലിയ തടസ്സം. കേരളത്തിൽ കോവിഡ് അതിവ്യാപനത്തെ തുടർന്നുള്ള പ്രതിസന്ധി കാരണം ആവശ്യമായ സഹായങ്ങൾ വ്യവസായികൾക്ക് കൊടുക്കാൻ കഴിയുന്നില്ല. കഴിഞ്ഞ ആറ് വർഷത്തിനിടയിൽ ഏകദേശം ഒരു ലക്ഷം എം.എസ്.എം.ഇ.-കൾ ആരംഭിച്ചതായി കണക്കുകൾ പറയുന്നുണ്ടെങ്കിലും ഇതിന്റെ ഒരു അനാലിസിസ് ഇതുവരെയുമുണ്ടായിട്ടുണ്ടോ? എത്ര മാനുഫാക്ചറിംഗ് യൂണിറ്റുകളുണ്ട്; എത്ര ട്രേഡിംഗ് കൺസേൺസുണ്ട്; എത്ര സർവീസ് മേഖലയുണ്ട്; ഇവ ധാരാളം പൂട്ടിപ്പോയിട്ടുണ്ട്. അതിനുള്ള പ്രധാന കാരണം ഗവണ്മെന്റിന്റെ സഹായങ്ങളില്ലാത്തതും അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനും ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പുവരുത്താനും സർക്കാരിന് കഴിയാത്തതുമാണ്. കൂടാതെ വേണ്ടത്ര വിപണന സൗകര്യം നൽകുന്നതിൽ സർക്കാർ പരാജയപ്പെടുന്നു. പ്രളയവും കോവിഡുമൊക്കെ ഉണ്ടാക്കിയ പ്രതിസന്ധിയിലും വ്യവസായങ്ങളെ പിടിച്ചുനിർത്താൻ കഴിയുന്ന സഹായം സർക്കാർ ഉറപ്പുവരുത്തിയിരുന്നെങ്കിൽ വളരെ പ്രതീക്ഷയോടെ തുടങ്ങിയ ഇത്തരം സംരംഭങ്ങൾ ഇവിടെ നിലനിൽക്കുമായിരുന്നു.

2020-ലെ 'അസന്റ് കേരള' എന്ന ഒരു ആഗോള നിക്ഷേപക സംഗമം കൊച്ചിയിൽ സംഘടിപ്പിച്ചപ്പോൾ 165 പദ്ധതികൾക്കാണ് ധാരണാപത്രം

ഒപ്പിട്ടത്. തുടർന്ന് 30 എണ്ണം കണ്ടം ചെയ്തു. 37 എണ്ണം വിവിധ കാരണങ്ങളാൽ നിർത്തിവയ്ക്കുകയും 6 എണ്ണം നടപ്പാക്കുകയും ചെയ്തു. നമ്മുടെ വ്യവസായ പാർക്കുകളുടെ സ്ഥിതി പരിശോധിച്ചാൽ, എന്ത് സഹായമാണ് സർക്കാർ ചെയ്തുകൊടുക്കുന്നത്? സർക്കാർ തരിശ് ഭൂമി കൊടുക്കുമ്പോൾ റോഡ് സൗകര്യം മാത്രം നൽകും; വ്യവസായികൾ മറ്റുള്ള എല്ലാ കാര്യങ്ങളും അവിടെയുണ്ടാക്കണം. തുടക്കത്തിലുണ്ടായിട്ടുള്ള സൗകര്യങ്ങളിൽ കൂടുതലൊന്നും പിന്നെയുണ്ടാകില്ല. പല വ്യവസായങ്ങളും ഇതുപോലെയുള്ള അവഗണനകൊണ്ട് അതിർത്തി കടന്നതാണ്.

വ്യവസായം തുടങ്ങുന്നതിന് താല്പര്യത്തോടെ വരുന്നവർക്ക് പലപ്പോഴും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലംപോലും ലഭിക്കില്ല. സ്ഥലങ്ങളെല്ലാം മറ്റുള്ള ആളുകളുടെ കയ്യിലാണ്. ഇതുവരെയും അവിടെ വ്യവസായ സംരംഭങ്ങളൊന്നും ആരംഭിച്ചിട്ടില്ലെങ്കിലും പേര് അവരുടേതാണ്. ഇപ്രകാരം വ്യവസായം തുടങ്ങാത്ത ആളുകളിൽനിന്ന് സ്ഥലം തിരികെയെടുത്ത് താല്പര്യമുള്ള സംരംഭകർക്ക് നൽകണം.

അടച്ചുപൂട്ടുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ കൂട്ടത്തിൽ ട്രാക്കോ കേബിൾ കമ്പനിയുണ്ട്. അഞ്ഞൂറിലധികം തൊഴിലാളികളുള്ള ട്രാക്കോ കേബിൾ കമ്പനി പ്രവർത്തന മൂലധനമില്ലാത്തതിനാലാണ് ഈ

ഗതിയിലായത്. കെ.എസ്.ഇ.ബി.എൽ.-ന് ആവശ്യത്തിനുള്ള കേബിളുകൾ നൽകാൻ കഴിയാതെ, അവിടെനിന്നുള്ള ഓർഡർപോലും ലഭിക്കാതെയാണ് കമ്പനി ഉല്പാദനം നിർത്തിയത്. കെ.എസ്.ഇ.ബി.എൽ. പോലെയുള്ള ഒരു സ്ഥാപനത്തിന് ട്രാക്കോ കേബിളിന്റെ ഉല്പന്നങ്ങൾ ആവശ്യമുണ്ട്. എന്നാൽ പ്രവർത്തന മൂലധനം ഉറപ്പുവരുത്തി ഈ കമ്പനി നിലനിർത്താൻ കഴിയാത്തത് ആരുടെ കുറ്റമാണ്? അതുപോലെ നിർമ്മാണമേഖലയിൽ സിമന്റിന്റെ വിലക്കയറ്റം വലിയൊരു പ്രശ്നമായി മാറിയിട്ടുണ്ട്. കൊച്ചി തുറമുഖത്ത് സ്വന്തമായി പ്ലാന്റ് ആരംഭിക്കുന്നതിന് മലബാർ സിമന്റ്സ് ലിമിറ്റഡ് ആറ് വർഷത്തിനുമുമ്പ് പാട്ടത്തിന് സ്ഥലമെടുത്തെങ്കിലും ആ പദ്ധതി ഇതുവരെയും ആരംഭിച്ചിട്ടില്ല. വിപണിയെ നിയന്ത്രിക്കുന്ന വൻകിട കമ്പനികളോട് മത്സരിച്ച് വിലനിയന്ത്രണത്തിന് സഹായിക്കുന്ന ഈ പ്ലാന്റിനുവേണ്ടി കാര്യമായ ശ്രമമുണ്ടാകുന്നില്ലെന്നാണ് പരാതി. നിർമ്മാണമേഖല standstill ആണ്. സിമന്റ്, കമ്പി തുടങ്ങി നിർമ്മാണമേഖലയ്ക്കുവേണ്ട എല്ലാ സാധനങ്ങളുടെയും വില വലിയ രീതിയിൽ ഉയർന്നിരിക്കുകയാണ്. ഇത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേൾക്കണം. നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ജി.എസ്.ടി. വരുമാനം നഷ്ടപ്പെട്ടു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇതേ രീതിയിൽ

കൺസ്ട്രക്ഷൻ മെറ്റീരിയൽസിന് വമ്പിച്ച രീതിയിൽ വില വർദ്ധിപ്പിച്ചപ്പോൾ അന്നത്തെ മുഖ്യമന്ത്രി മുൻകയ്യെടുത്ത് എല്ലാ സപ്ലയേഴ്സിനേയും വിളിച്ച് ചർച്ചചെയ്ത് വില കുറപ്പിച്ചു. അതിനാൽ ബഹുമാനപ്പെട്ട മന്ത്രി ഇതിന് മുൻകയ്യെടുക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ഐ.ടി. വ്യവസായത്തിൽ നമുക്ക് മേൽകൈ ഉണ്ടായിരുന്നു. അടുത്ത അഞ്ചുവർഷത്തിൽ കേരളത്തിലെ ഐ.ടി. വ്യവസായത്തിൽ രണ്ടുകോടി ചതുരശ്ര അടി ഐ.ടി. പാർക്കുകളും രണ്ടുലക്ഷം അഭ്യസ്തവിദ്യർക്ക് ഐ.ടി. മേഖലയിൽമാത്രം തൊഴിലും നൽകുമെന്നുമാണ് എൽ.ഡി.എഫ്. പ്രകടനപത്രികയിൽ പറഞ്ഞിരുന്നത്. 90000 തൊഴിലവസരങ്ങൾ ഉറപ്പുവരുത്താൻ കഴിയുമായിരുന്ന സ്മാർട്ട് സിറ്റിയിൽപ്പോലും വെറും 4500-ൽ താഴെ തൊഴിലവസരങ്ങളാണ് ഇതുവരെ ഉണ്ടായിട്ടുള്ളത്. നിലവിൽ കുറച്ച് കെട്ടിടങ്ങളുടെ പണി നടക്കുന്നുണ്ടെങ്കിലും അവയൊന്നും വൻകിട ഐ.ടി. കമ്പനികളുടേതല്ല. അന്താരാഷ്ട്ര ഐ.ടി. കമ്പനികൾ ഇവിടെ എത്തുമോയെന്നതിൽ ഒരു ഉറപ്പുമില്ല. സ്ഥലം മുറിച്ച് കമ്പനികൾക്ക് വിൽക്കുന്ന റിയൽ എസ്റ്റേറ്റ് കമ്പനി മാത്രമായി സ്മാർട്ട് സിറ്റി ചുരുങ്ങരുത്.

സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്താൻ സഹായിക്കുമെന്ന പ്രഖ്യാപനം ഇപ്പോഴും ആരംഭിച്ച സ്ഥലത്തുതന്നെ

നിൽക്കുകയാണ്. സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്താൻ ആരംഭിച്ച കേരള ഇ-മാർക്കറ്റ് പോർട്ടലിന്റെ സ്ഥിതി എന്താണ്? ആദ്യഘട്ടത്തിൽ 1500 സംരംഭങ്ങൾ രജിസ്റ്റർ ചെയ്തെങ്കിലും പിന്നീട് കാര്യമായ പുരോഗതി കൈവരിച്ചില്ല. പോർട്ടലിനും സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും കൂടുതൽ പ്രചാരണം നൽകിയാൽ മാത്രമേ അതുകൊണ്ട് പ്രയോജനമുണ്ടാകയുള്ളൂ. സംരംഭകർക്ക് അനുകൂലമായ വായ്പാനയം ഒരു പ്രധാനഘടകമാണ്. കേരളത്തിലെ എം.എസ്.എം.ഇ.-കളിൽ 92.3 ശതമാനവും സർക്കാർ സ്ഥാപനങ്ങളിൽനിന്നും കടമെടുക്കുന്നില്ല എന്നതാണ് സത്യം. Institute of Entrepreneurship Development തയ്യാറാക്കിയ സംരംഭക റിപ്പോർട്ടിൽ പറയുന്നത്, 74 ശതമാനം ബാങ്കുകളെയും 11 ശതമാനം സഹകരണ സ്ഥാപനങ്ങളെയും 6 ശതമാനം സ്വകാര്യ പണമിടപാടുകാരെയും 10 ശതമാനം മറ്റ് സ്രോതസ്സുകളെയും ആശ്രയിക്കുന്നു എന്നാണ്. ഒരു ശതമാനത്തിൽ താഴെ മാത്രമാണ് KFC-യെയും KSIDC-യെയും വായ്പയ്ക്കായി ആശ്രയിക്കുന്നത്, അവിടേയ്ക്ക് പോകാൻ സാധിക്കില്ല കാരണം ബ്ലേഡ് കമ്പനിക്ക് സമാന പലിശയാണ്. സംരംഭക സഹായി എന്നനിലയിൽ സർക്കാർ സ്ഥാപനങ്ങൾ പരാജയപ്പെടുകയാണ്. KFC-യുടെ പലിശ നിരക്ക് മറ്റ് സംസ്ഥാനങ്ങളിലെ ധനകാര്യ സ്ഥാപനങ്ങളേക്കാൾ

ഉയർന്നതാണ്. അങ്ങനെവരുമ്പോൾ സംരംഭകർ എങ്ങനെയാണ് സമീപിക്കുക? ഇവയേക്കാൾ സ്വകാര്യ പണമിടപാടുകാരാണ് കൂടുതൽ സഹായകരമെന്ന സ്ഥിതി മാറണം. MSME-കൾക്ക് വായ്പാ സഹായം നൽകുന്ന തരത്തിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷനും മാറണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, നമുക്ക് ധനകാര്യസ്ഥാപനങ്ങളുണ്ട്. പ്രധാനമായും അങ്ങ് KFC-യുടെ പേരാണ് സൂചിപ്പിച്ചത്. പഴയ പലിശ തന്നെയാണോ അവിടെ ഇപ്പോഴുള്ളതെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ? 5 ശതമാനം പലിശനിരക്കിന് സ്പെഷ്യൽ പ്രൊമോഷൻ സ്കീമുകളുണ്ട്. അത് ഗവണ്മെന്റ് സബ്സിഡി കൊടുത്തിട്ടാണ്. 10 കോടി രൂപവരെയും ചീഫ് മിനിസ്റ്ററുടെ എന്റർപ്രണർ ഡെവലപ്മെന്റ് പദ്ധതിയിൽ 2 കോടി രൂപയുമുണ്ട്. അതൊരു പ്രത്യേക സ്കീമാണ്. അതല്ലാതെ ശരാശരി പലിശനിരക്ക് നല്ലതോതിൽ കുറഞ്ഞിട്ടുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കുറഞ്ഞിട്ടുണ്ടാകും. പക്ഷെ, കൊമേഴ്സ്യൽ ബാങ്കുകളിൽ അതിനേക്കാളും കുറവാണ്. അതാണ് വ്യത്യാസം. എന്തുകൊണ്ട് കൊമേഴ്സ്യൽ ബാങ്കുകളുമായി കോംപീറ്റ് ചെയ്യാൻ സാധിക്കുന്നില്ല? ഇവിടെ വ്യവസായങ്ങൾ വരേണ്ടത് നമ്മുടെ ആവശ്യമല്ലേ; KFC-യും KSIDC-യും മറ്റുള്ള കൊമേഴ്സ്യൽ ബാങ്കുകളേക്കാളും പലിശ

കുറച്ചാൽ മാത്രമേ അവിടേയ്ക്ക് ആളുകൾ പോകുകയുള്ളൂ. എന്നാൽ മാത്രമേ ഇവിടെ വ്യവസായങ്ങൾ വരികയുള്ളൂ. ഒന്നും രണ്ടും ശതമാനം പലിശ കുറച്ചുതരുന്ന മറ്റ് കൊമേഴ്സ്യൽ ബാങ്കുകളുണ്ട്. മാത്രമല്ല, ഇത്രയധികം പ്രൊസീജ്വറുമില്ല. KFC-യിൽനിന്ന് ഒരു ലോൺ പാസ്സാക്കിയെടുക്കണമെങ്കിൽ മൂന്നുനാല് ചെരുപ്പ് വാങ്ങണം, കാരണം നടന്നുനടന്ന് ചെരിപ്പ് തേഞ്ഞുപോകും. അതാണ് ഇവിടത്തെ പ്രയാസങ്ങൾ.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ലേറ്റസ്റ്റ് പൊസിഷൻ പരിശോധിച്ചാകണം സഭയിൽ പറയേണ്ടത്. പലിശയുടെ കാര്യത്തിൽ മാറ്റം വന്നിട്ടുണ്ട്. ഇവിടെ പറയുന്ന കാര്യങ്ങൾ ഗൗരവത്തിലെടുത്ത് ബന്ധപ്പെട്ടവരോട് പറയാം. കൊമേഴ്സ്യൽ ബാങ്കുകളേക്കാളും പലിശ കുറവുള്ള ധാരാളം ഇൻഡസ്ട്രിയൽ ലോണുകളുണ്ട്. KFC-യുടെയും KSIDC-യുടെയും ഏറ്റവും ലേറ്റസ്റ്റായ ലോണുകളുടെ പലിശനിരക്ക് സംബന്ധിച്ച വിവരങ്ങൾ ഞാൻ അടുത്തദിവസം അങ്ങേയ്ക്ക് നൽകാം. അങ്ങ് പ്രധാനപ്പെട്ടൊരു വ്യവസായി കൂടിയാണ്. അങ്ങ് പറയുമ്പോൾ പ്രതിപക്ഷത്തിന്റെ ശബ്ദമെന്ന നിലയിലല്ല, വ്യവസായിയുടെ ശബ്ദമായിട്ടാണ് കണക്കാക്കുന്നത്. ആ ഗൗരവത്തോടുകൂടി അങ്ങ് പറയണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, KFC-യിൽനിന്നുള്ള ലോൺ മറ്റുള്ള കൊമേഴ്സ്യൽ ബാങ്കുകളേക്കാൾ ഇപ്പോഴും കൂടുതലാണ്. അതിന്റെ പ്രൊസീജ്യറും വളരെ നീണ്ടതാണ്. അതാണ് വേറൊരു തകരാർ. ഇപ്പോഴത്തെ പുതിയ ബാങ്കുകളോട് സംസാരിച്ചാൽ മൂന്നുനാലുദിവസത്തിനകംതന്നെ ലോൺ പാസ്സായിക്കിട്ടും. അതാണ് വ്യത്യാസം. കൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. വളരെ താല്പര്യത്തോടുകൂടി KFC-യെയും KSIDC-യെയും നല്ലരീതിയിൽ ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമങ്ങൾ ധനകാര്യ വകുപ്പുമന്ത്രി നടത്തുന്നുണ്ട്. ആ ശ്രമങ്ങൾ വിജയിക്കട്ടെ എന്ന് ആശംസിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. രണ്ട് ബില്ലുകൾ ഒരുമിച്ചെടുത്തതുകൊണ്ട്, സമയക്കുറവ് കാരണം 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം ശ്രീ. മഞ്ഞളാംകുഴി എം.എൽ.എ. സൂചിപ്പിക്കുകയുണ്ടായില്ല. അതുകൊണ്ട് ഞാൻ ആ ബില്ലിനെക്കുറിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. ബില്ലിന്റെ ഉള്ളടക്കം വളരെ ചെറുതാണ്. ഏറ്റെടുത്ത ഫാക്ടറികളിലെ അവശേഷിക്കുന്ന കുറച്ചുഭൂമിയുംകൂടി ചേർക്കുന്നു എന്നതേയുള്ളൂ. പക്ഷെ, ഈ ബിൽ ചർച്ചചെയ്യുമ്പോൾ കശുവണ്ടി

വ്യവസായം വലിയ തകർച്ചയിൽക്കൂടി കടന്നുപോകുകയാണ്. ഒരുകാലത്ത് ലോകത്തെ കാഷ്യൂ മാർക്കറ്റിൽ 90 ശതമാനം കോൺട്രിബ്യൂഷനുണ്ടായിരുന്ന ഒരു ജില്ലയായിരുന്നു കൊല്ലം. എന്റെ നിയോജകമണ്ഡലമായ കുണ്ടറയിൽ 61 കശുവണ്ടി ഫാക്ടറികളുണ്ട്. 6 ഫാക്ടറികൾ പൊതുമേഖലയിലാണ്. ഈ മേഖലയിൽ പണിയെടുത്തിരുന്ന ഏകദേശം ഒരുലക്ഷത്തോളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായിരിക്കുന്നു. സമൂഹത്തിലെ ഏറ്റവും സാധാരണക്കാരായ ആളുകളാണ് കശുവണ്ടി ഫാക്ടറികളിൽ ജോലി ചെയ്തുകൊണ്ടിരുന്നത്. ഈ നിയമസഭാ സമ്മേളനത്തിൽ എല്ലായിടത്തുനിന്നും അംഗീകാരം കിട്ടിയ ബഹുമാനപ്പെട്ട സ്പീക്കറെടുത്ത ഒരു തീരുമാനം, ഈ സഭാ സമ്മേളനത്തെ നിയന്ത്രിക്കാൻ പാനലിലേയ്ക്ക് മൂന്ന് വനിതാ സാമാജികരെ നിയോഗിച്ചതാണ്. കശുവണ്ടി വ്യവസായത്തിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ 95 ശതമാനവും സ്ത്രീകളാണ്. 95 ശതമാനം സ്ത്രീകൾ പണിയെടുക്കുന്ന ഈ വ്യവസായം അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധികളിൽക്കൂടി കടന്നുപോകുകയാണ്. ഗവണ്മെന്റ് ഇക്കാര്യത്തിൽ ഇപ്പോഴും ഉണർന്ന് പ്രവർത്തിക്കുന്നുണ്ടെന്ന അഭിപ്രായം എനിക്കില്ല. ചില ഇടപെടലുകൾ നടത്താൻ ശ്രമിച്ചെങ്കിൽപ്പോലും അതൊന്നും ഫലപ്രാപ്തിയിലേയ്ക്ക്

എത്തിയില്ല. ഇപ്പോൾ കൊല്ലം ജില്ലയിലെ പല കശുവണ്ടി ഫാക്ടറികളിലെയും തൊഴിലാളികൾ സ്വാമേധയാ സമരരംഗത്തേയ്ക്ക് വരികയാണ്. ട്രേഡ് യൂണിയന്റെ പിന്തുണപോലുമില്ലാതെ തൊഴിലാളികൾ സമരത്തിലേയ്ക്ക് വരുന്നത് ആദ്യമായി കാണുകയാണ്. ട്രേഡ് യൂണിയനുകൾ പോലും ആവശ്യപ്പെടാതെ, നേതൃത്വമില്ലാതെ സ്വമേധയാ തൊഴിലാളികൾ അവകാശങ്ങൾക്കുവേണ്ടി സമരരംഗത്തേയ്ക്ക് കടന്നുവരുന്ന ചിത്രമാണ് കൊല്ലം ജില്ലയിലെ കശുവണ്ടി വ്യവസായ മേഖലയിൽ കാണാൻ കഴിയുന്നത്. ഏകദേശം 850-ഓളം ഫാക്ടറികൾ ഉണ്ടായിരുന്നതിൽ എഴുനൂറിലധികവും പൂട്ടിക്കിടക്കുമ്പോൾ ഈ വ്യവസായത്തിന്റെ പ്രതിസന്ധി എത്രയാണെന്ന് സഭയ്ക്ക് ബോധ്യമാകുമെന്ന് വിശ്വസിക്കുകയാണ്. അതുമാത്രമല്ല തൊഴിലാളികൾക്ക് അവരുടെ തൊഴിലവകാശങ്ങളുടെ നിഷേധവുമുണ്ടാകുന്നു. ഇ.എസ്.ഐ.-യുടെ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ കിട്ടണമെങ്കിൽ ആറുമാസത്തിനിടയിൽ ഇടവേളയില്ലാത്ത 78 ദിവസത്തെ ഹാജർ വേണം. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി കഴിഞ്ഞദിവസം, അതായത് 06-12-2022-ലെ സഭാസമ്മേളനത്തിൽ 704-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടി '2022-23 സാമ്പത്തിക വർഷം നാളിതുവരെ പൊതുമേഖലാ ഫാക്ടറികളിൽ പരമാവധി 61

തൊഴിൽദിനങ്ങളുണ്ടായിരുന്നു' എന്നാണ്. സഭയ്ക്ക് ഇതിൽനിന്നും എന്താണ് മനസ്സിലാകുന്നത്. 78 തൊഴിൽദിനങ്ങൾ 6 മാസത്തിനിടയിലുണ്ടെങ്കിൽ മാത്രമേ ഇ.എസ്.ഐ. ചികിത്സാ ആനുകൂല്യങ്ങൾ ഒരു തൊഴിലാളിക്ക് കിട്ടുകയുള്ളൂ. ഈ ഡിസംബർ മാസം ഇതുവരെ 61 തൊഴിൽദിനങ്ങൾ മാത്രമാണ് പൊതുമേഖലയ്ക്ക് കൊടുക്കാൻ കഴിഞ്ഞതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ ഈ പൊതുമേഖലാ ഫാക്ടറിയിലെ ഏതെങ്കിലും തൊഴിലാളിക്ക് ഇ.എസ്.ഐ.-യുടെ സൂപ്പർ സ്പെഷ്യാലിറ്റി ആനുകൂല്യം ലഭ്യമാകുമോ? സൂപ്പർ സ്പെഷ്യാലിറ്റി എന്ന് കേൾക്കുമ്പോൾ അത്ഭുതപ്പെടണ്ട. നെഞ്ചുവേദന വന്ന് കശുവണ്ടിത്തൊഴിലാളി സ്ത്രീ ഇ.എസ്.ഐ. ആനുകൂല്യമുള്ള ആശുപത്രിയിൽ പോയാൽ, ഹൃദയശസ്ത്രക്രിയ നടത്തണമെന്നുപറഞ്ഞാൽ ചികിത്സ ചെയ്യാൻ കഴിയില്ല. കാരണം, അഞ്ച് ലക്ഷത്തോളം രൂപ കയ്യിൽനിന്നും കൊടുക്കാൻ ഒരു കശുവണ്ടിത്തൊഴിലാളിക്ക് കഴിയില്ലല്ലോ; അവർക്ക് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യമാണ്. പൊതുമേഖലയിലെ ഫാക്ടറിയിൽപോലും 61 ദിവസം മാത്രമേ തൊഴിൽ കൊടുക്കാൻ കഴിഞ്ഞിട്ടുള്ളൂവെന്ന് രേഖാമൂലം ഗവണ്മെന്റ് മറുപടി നൽകുമ്പോൾ, തൊഴിലവകാശ നിഷേധമാണ് ഉണ്ടായിരിക്കുന്നതെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ബഹുഭ്രൂരിപക്ഷം സ്വകാര്യ

ഫാക്ടറികളും അടഞ്ഞുകിടക്കുകയാണ്. ശ്രീ. മഞ്ഞളാംകുഴി അലി എം.എൽ.എ. നേരത്തെ വ്യവസായത്തെക്കുറിച്ച് പറയുകയുണ്ടായി. കൊല്ലം ജില്ലയിൽ ആറ് കശുവണ്ടി വ്യവസായികളാണ് ആത്മഹത്യ ചെയ്തത്; തൊഴിലാളികളല്ല. എന്റെ നിയോജകമണ്ഡലത്തിലും സാമ്പത്തിക പ്രതിസന്ധിമൂലം കശുവണ്ടി വ്യവസായികൾ ആത്മഹത്യ ചെയ്തിട്ടുണ്ട്. വ്യവസായം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്തവിധം അവർക്ക് ജീവിത പ്രതിസന്ധിയുണ്ടായി. ഗവണ്മെന്റ് പലഘട്ടങ്ങളിലായി 65 കോടിരൂപയുടെ സഹായം പ്രഖ്യാപിച്ചു. ആകെ മൂന്നോ നാലോ കോടിരൂപ മാത്രമാണ് അതിൽനിന്നും എക്സ്പെന്റിച്ചറിലേയ്ക്ക് പോയിട്ടുള്ളത്. സ്പെഷ്യൽ ഒ.റ്റി.എസ്. സ്കീം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും State Level Bankers Committee (SLBC)-യും വ്യവസായ പ്രതിനിധികളുമായി നിരവധിതവണ യോഗങ്ങൾ ചേർന്നു. ഒടുവിൽ 31-12-2021-ൽ ചേർന്ന അവസാന യോഗത്തിൽ വ്യവസായത്തെ പ്രതിനിധീകരിച്ച് വന്നവർ ആവശ്യപ്പെട്ടത് 40 മുതൽ 45% വരെ വേണമെന്നായിരുന്നു എന്നാണ്. എന്നാൽ സർക്കാർ അത് അംഗീകരിച്ചില്ല. രണ്ട് കോടി രൂപവരെ 50 ശതമാനവും രണ്ട് കോടി രൂപയ്ക്ക് മുകളിൽ 60 ശതമാനവുമായി ഫൈനൽ സ്പെഷ്യൽ ഒ.റ്റി.എസ്.

മീറ്റിംഗിൽ തീരുമാനമെടുക്കുകയും അത് സർക്കാർ ഉത്തരവായി പുറപ്പെടുവിക്കുകയും ചെയ്തു. ബഹുമാന്യരായ ഈ മന്ത്രിമാരോട് ഞാൻ വിനീതമായി ചോദിക്കുകയാണ്, ഗവണ്മെന്റ് ഒരുപാട് ചർച്ചകളും നല്ല ഇടപെടലുകളും നടത്തി ഇറക്കുന്ന ഉത്തരവുകൾ ബാങ്കുകൾ പാലിക്കുന്നില്ലെങ്കിൽ ഗവണ്മെന്റിന് എന്തുവിലയാണുള്ളത്? ഗവണ്മെന്റും ബാങ്കിന്റെ പ്രതിനിധികളും വ്യവസായ പ്രതിനിധികളും മാസങ്ങളോളം കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിന് സഹായകരമാകുന്ന രൂപത്തിലുള്ള ഒരു സ്പെഷ്യൽ ഒ.റ്റി.എസ്. സ്കീം ഫൈനലൈസ് ചെയ്ത്, മൂന്നുപാർട്ടിയും ഒപ്പിട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇരുതരമായ ഒരുകാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിങ്ങൾ യോഗം ചേർന്ന് അന്തിമ തീരുമാനമെടുത്തതിന്റെ പിറ്റേ ദിവസം ബാങ്കുകൾ യോഗം ചേരുകയുണ്ടായി. സർക്കാർ ഇങ്ങനെ തീരുമാനമെടുത്തിട്ടുണ്ടെന്നും പക്ഷേ അത് നിങ്ങൾ പാലിക്കേണ്ടതില്ലെന്നുമാണ് ബാങ്കുകൾക്ക് അവർ നിർദ്ദേശം നൽകിയത്. അതിനുശേഷമാണ് ഗവണ്മെന്റ് ഉത്തരവിറങ്ങുന്നത്. ഈ നടപടികൾക്കും ഗവണ്മെന്റ് ഉത്തരവിനും യാതൊരു വിലയും നൽകാതെ അവർ നടപടികളുമായി മുന്നോട്ടുപോകുകയും പ്രോപ്പർട്ടികൾ അറ്റാച്ച്

ചെയ്തുകൊണ്ടിരിക്കുകയുമാണ്. പിന്നെ എങ്ങനെയാണ് സ്വകാര്യ ഫാക്ടറികൾ ഇനി തുറക്കാൻ പോകുന്നത്? ഇതിൽ പല കമ്പനികളും ലേലം ചെയ്യുമ്പോൾ വാങ്ങുന്നത് റിയൽ എസ്റ്റേറ്റുകാരാണ്. അവർക്ക് കശുവണ്ടി ഫാക്ടറി നടത്തുന്നതിന് താൽപര്യമുണ്ടാകുമോ? അവർ ഇത് പിന്നീട് കശുവണ്ടി ഫാക്ടറിയാക്കില്ല. ബാങ്കിൽനിന്ന് ലേലം ചെയ്ത് റിയൽ എസ്റ്റേറ്റുകാർ ഇത് വാങ്ങിക്കൊണ്ടുപോയാൽ അവിടെ കശുവണ്ടി ഫാക്ടറിയുണ്ടാവില്ല. കൊല്ലത്ത് ഒരു പൊളിറ്റിക്കൽ പാർട്ടിയുടെ നേതൃത്വത്തിലുള്ള സൊസൈറ്റി ഇത്തരത്തിലുള്ള ഒരു കമ്പനി ലേലത്തിലെടുത്തു. ഞാൻ പാർട്ടിയുടെ പേരൊന്നും പറയുന്നില്ല. അവർ അവിടെ ഷോപ്പിംഗ് കോംപ്ലക്സ് പണിയുകയാണ്. റിയൽ എസ്റ്റേറ്റുകാരുടെ കാര്യം പറയേണ്ടതില്ലല്ലോ. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടലില്ലെങ്കിൽ ഒരിക്കലും തിരിച്ചുവരാൻ കഴിയാത്ത വിധത്തിലേയ്ക്ക്, ഒരു കാലത്ത് രണ്ടര ലക്ഷം പേർക്കുവരെ തൊഴിൽ നൽകിയിരുന്ന ഈ വ്യവസായമേഖല എന്നന്നേയ്ക്കുമായി ഇല്ലാതാകുന്ന അവസ്ഥയുണ്ടാം. കശുവണ്ടി തൊഴിലാളി മേഖലയിൽ പട്ടിണി മരണങ്ങൾ ഉണ്ടാകാത്തതിന്റെ ഏകകാരണം ഡോ. മൻമോഹൻ സിംഗിന്റെ കാലത്ത് ഈ രാജ്യത്ത് ആരംഭിച്ച മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുണ്ടായതുകൊണ്ടാണ്. ആ

പദ്ധതിയാണ് ഈ മേഖലയിൽ പട്ടിണിമരണങ്ങളുണ്ടാകുന്നത് തടയുന്നത്. തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടിയൊക്കെ വാതോരാതെ സംസാരിക്കുന്നവരുണ്ട്. കശുവണ്ടി മേഖലയിൽ കൂലി പുതുക്കി നിശ്ചയിച്ചിട്ട് ആറേഴ് വർഷമായി.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, അങ്ങ് പറയുന്ന എല്ലാ നല്ലകാര്യങ്ങളും ഞാൻ അംഗീകരിക്കുന്നു. എന്നാൽ ചില ഭേദഗതികൾ അതിനകത്തുണ്ട്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോഴാണ് കേരളത്തിലെ പാവപ്പെട്ട കശുവണ്ടി തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിച്ച് നൽകിയത്. ഒരു മത്സരത്തിനുവേണ്ടി ഞാൻ പറയുകയല്ല. ഇ. കെ. നായനാർ മുഖ്യമന്ത്രി ആയിരുന്നപ്പോൾ അടച്ചിട്ടിരുന്ന പല കശുവണ്ടി ഫാക്ടറികളും മുതലാളിമാരുടെ കയ്യിൽനിന്നും പിടിച്ചെടുത്ത് പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷനെ ഏൽപ്പിച്ചു. ഒരു വർഷത്തിൽ 225 ദിവസം അന്നത്തെ ഗവണ്മെന്റ് അവർക്ക് ജോലി നൽകി. അതിനുശേഷം പല മുതലാളിമാരും ഏറ്റെടുത്ത ഫാക്ടറികൾ അവർക്കുതന്നെ തിരിച്ച് ലഭിക്കണമെന്നുപറഞ്ഞ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോയി. അങ്ങനെ കുറച്ച് ഫാക്ടറികൾ അവർ തിരിച്ചെടുത്തു. അങ്ങനെ കോടതിയിൽ

പോയ മുതലാളിമാർ ഇപ്പോഴും ഫാക്ടറികൾ അടച്ചിട്ടിരിക്കുകയാണ്. അങ്ങ് പറഞ്ഞത് ശരിയാണ്. ഒരുവർഷം 78 ഹാജരുണ്ടെങ്കിൽ മാത്രമെ അവർക്ക് ESI ആനുകൂല്യം ലഭിക്കുകയുള്ളൂ. അതിപ്പോൾ കിട്ടുന്നില്ലെന്നുള്ളത് പൊതുവേയുള്ള സ്ഥിതിവിശേഷമാണ്. കശുവണ്ടി വികസന കോർപ്പറേഷൻ നടത്തുന്ന മുപ്പത് ഫാക്ടറികളും കാപെക്സിന്റെ പത്ത് ഫാക്ടറികളും ഇന്ന് സുതാര്യമായി നടക്കുന്നുണ്ട്. അവർക്ക് തൊഴിൽ ലഭിക്കുന്നുമുണ്ട്. എന്നാൽ കുറച്ച് മുതലാളിമാർ സർക്കാരിനെ വെല്ലുവിളിക്കുന്നതിനുവേണ്ടി രംഗത്തുവന്നിട്ടുണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അങ്ങ് പറഞ്ഞതിനകത്തുള്ള ഒരു ഭേദഗതി, വ്യവസായ വകുപ്പുമന്ത്രി നൽകിയ മറുപടി പ്രകാരം, 61 തൊഴിൽ ദിനങ്ങളാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉള്ളതെങ്കിൽ, ആറുമാസത്തിനിടയിൽ 78 ഹാജരുണ്ടെങ്കിൽ മാത്രമെ ESI ആനുകൂല്യം ലഭിക്കുകയുള്ളൂ. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ കാര്യം ശരിയാണ്. സ്വകാര്യ മേഖലയിൽ മറ്റൊരു ചൂഷണവും നടക്കുന്നുണ്ട്. തൊഴിലാളികളുടെ കോൺട്രിബ്യൂഷൻ അടയ്ക്കുന്നതിൽ കുറവുവരുത്തുന്നതിനുവേണ്ടി അഞ്ച് ദിവസം ജോലി ചെയ്താൽ മൂന്ന് ദിവസത്തെ ഹാജർ മാത്രമെ പല കമ്പനികളും കാണിക്കുകയുള്ളൂ. അതുപോലെ 180 തൊഴിലാളികൾ ജോലി

ചെയ്യുകയാണെങ്കിൽ കാർഡുള്ളത് 60 ശതമാനം പേർക്ക് മാത്രമായിരിക്കും. ബാക്കിയുള്ളവർക്ക് കാർഡ് കാണില്ല. അതുകൊണ്ട് അവർക്ക് യാതൊരു വിധ ആനുകൂല്യങ്ങളും അവകാശങ്ങളും ലഭിക്കുകയില്ല. ഉമ്മൻ ചാണ്ടി ഗവണ്മെന്റിന്റെ കാലത്ത് ശ്രീ. ഷിബു ബേബി ജോൺ തൊഴിൽ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് അവസാനമായി കശുവണ്ടിത്തൊഴിലാളി മേഖലയിൽ കൂലി വർദ്ധനവ് നടപ്പാക്കിയത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് അഞ്ചുവർഷവും രണ്ടാം സർക്കാർ രണ്ടാം വർഷത്തിലേയ്ക്കും കടക്കുന്ന ഘട്ടമെത്തി. ഏതാണ്ട് ഏഴ് വർഷമാകുന്നു. കശുവണ്ടി ഫാക്ടറികളിൽ പല സെക്ഷനുകളുണ്ട്. അതിൽ ചില സെക്ഷനിൽ ജോലി ചെയ്യുന്നവർക്ക് തൊഴിലുറപ്പ് തൊഴിലാളികളുടെ കൂലിപോലും ലഭിക്കുന്നില്ല. ഇത്രയും കുറഞ്ഞ കൂലിയിൽ ജോലിചെയ്യുന്ന ഏതെങ്കിലും വിഭാഗമുണ്ടെങ്കിൽ അത് കേരളത്തിലെ പാവപ്പെട്ട പട്ടികജാതിക്കാരും സാധാരണക്കാരുമായ ആളുകൾ പണിയെടുക്കുന്ന കശുവണ്ടിമേഖല മാത്രമാണ്. തൊഴിലുറപ്പ് തൊഴിലാളികളെക്കാൾ കുറഞ്ഞ വേതനത്തിന് ജോലി ചെയ്യേണ്ടിവരുന്ന നിസ്സഹായാവസ്ഥയാണ് അവർക്ക് നേരിടേണ്ടിവരുന്നത്. വേറെ മാർഗ്ഗമില്ലാത്തതുകൊണ്ട് അതിൽ അവർ ജോലി ചെയ്യുകയാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത്

അവർക്ക് മൂന്ന് പെൻഷനുവരെ അർഹതയുണ്ടായിരുന്നു. 60 വയസ്സ് കഴിഞ്ഞ ഒരു കശുവണ്ടിത്തൊഴിലാളിക്ക് വാർദ്ധക്യകാല പെൻഷനും ക്ഷേമനിധി പെൻഷനും ലഭിക്കുമായിരുന്നു. ഭർത്താവ് മരിച്ചവർക്കാണെങ്കിൽ വിധവാ പെൻഷനും കിട്ടുമായിരുന്നു. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഡോ. ടി.എം. തോമസ് ഐസക് 2017-ൽ ഒരു ഉത്തരവിറക്കി. രണ്ടാമത്തെ പെൻഷൻ 600 രൂപയായി വെട്ടിക്കുറച്ചു. 2019-ൽ രണ്ടാമതൊരു ഉത്തരവിറക്കി. അത് ഒറ്റ പെൻഷനാക്കി. മൂന്ന് പെൻഷനുവരെ അർഹതയുണ്ടായിരുന്നവർക്ക് ഇപ്പോൾ 1,600 രൂപ മാത്രമെയുള്ളൂ. പശുത്തൊഴുത്ത് നിർമ്മിക്കാൻ 40 ലക്ഷം രൂപ ചെലവാക്കുന്ന സംസ്ഥാനത്താണിത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, അന്ന് പെൻഷൻ 600 രൂപയായിരുന്നു ഉണ്ടായിരുന്നത്. 18 മാസത്തെ കുടിശ്ശികയുമുണ്ടായിരുന്നു. പിന്നീട് നിയമം വന്ന് രണ്ട് പെൻഷനുള്ളതിൽ ഒരു പെൻഷൻ 600 രൂപയായി ലിമിറ്റ് ചെയ്തു. അതോടൊപ്പം 1,600 രൂപയുമാക്കി. ഇതാണല്ലോ ഇപ്പോഴത്തെ നിയമം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രീ, കശുവണ്ടി തൊഴിലാളികളുടേയും കയർ തൊഴിലാളികളുടേയും നിർമ്മാണ

തൊഴിലാളികളുടേയും കാര്യത്തിൽ ജീവിതച്ചെലവ് വർദ്ധിക്കുന്നതിനനുസരിച്ച് വരുമാനം വർദ്ധിക്കുന്നില്ല. സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പളവും പെൻഷനും വർദ്ധിപ്പിച്ചുകൊടുത്തിട്ടില്ലേ? അതിന്റെ ഭാഗമായി 600 രൂപയെന്നത് 1,600 രൂപയാക്കിയിട്ടുണ്ടെന്നത് അത്രയും മഹത്വവൽക്കരിച്ച് പറയേണ്ട കാര്യമില്ല. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്ത് എത്ര രൂപ പെൻഷനുണ്ടായിരുന്നു? 300 രൂപയല്ലേ ഉണ്ടായിരുന്നുള്ളൂ. അതിനെ ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ആദ്യം 600 രൂപയാക്കി, ചില സ്കീമുകൾക്ക് 800 രൂപയാക്കി, പ്രായപരിധിവച്ച് 1,200 രൂപ വരെയാക്കി.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, വി. എസ്. അച്ചുതാനന്ദൻ ഗവണ്മെന്റിന്റെ കാലത്ത് വളരെ താഴ്ന്ന തുകയിൽനിന്ന് വർദ്ധിപ്പിച്ചുവന്ന് 500 രൂപയാക്കിയതാണ്. 100 രൂപയ്ക്ക് താഴെയായിരുന്നു. അതുമാത്രമല്ല നെല്ലിന്റെ വില എനിക്ക് ഓർമ്മയുണ്ട്. അതിന് തൊട്ടുമുമ്പത്തെ ഘട്ടത്തിൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. കെ. പി. രാജേന്ദ്രൻ എന്നിവരുൾപ്പെടെ നെല്ലിന് താങ്ങുവില നൽകണമെന്നാവശ്യപ്പെട്ട് ഇവിടെ നിരാഹാരമനുഷ്ഠിച്ചിരുന്നു. ആ ഗവണ്മെന്റ് വന്നതിനുശേഷമാണ് താങ്ങുവില വർദ്ധിപ്പിക്കാൻ തുടങ്ങിയത്.

പത്തോ-ഇരുപതോ വർഷത്തിനിടയിൽ ധാരാളം ഡെവലപ്മെന്റ് വന്നിട്ടുണ്ട്. പക്ഷേ, പെൻഷൻ 600 രൂപയായി നിശ്ചയിച്ചതിനുശേഷം 18 മാസം നൽകിയിട്ടില്ലെന്ന് അന്നത്തെ മുഖ്യമന്ത്രിതന്നെ നിയമസഭയിൽ മറുപടി നൽകിയിട്ടുണ്ട്. വർഷങ്ങൾക്കുശേഷമിത് പറയുമ്പോൾ കറക്ട് ചെയ്യണം. ആ പെൻഷൻ സംബന്ധിച്ച് ഇവിടെ ഏറെ ചർച്ച ചെയ്തതാണ്. അന്നത്തെ നിയമസഭയിൽ ഇവിടെ ഇരിക്കുന്നവരിൽ പലരുമില്ലായിരുന്നു. അന്ന് ഏറെ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഒരു പെൻഷൻ 600 രൂപയാക്കിത്. അതേസമയം 1,600 രൂപയുടെ പെൻഷനും നൽകുന്നുണ്ട്. ഇത് രണ്ടും കൃത്യമായി നൽകുന്നുണ്ടെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അത് വീട്ടിലെത്തിക്കുന്നുണ്ട്, പെൻഷൻ കൃത്യമായി നൽകുന്നുമുണ്ട്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, എനിക്കതിൽ വ്യത്യസ്തമായ വിയോജിപ്പുണ്ട്. കാരണം, നിങ്ങൾക്ക് കാറ് വാങ്ങുന്നതിൽ കുറവില്ല; മറ്റ് ധൂർത്തുകൾക്കും കുറവില്ല. പാവപ്പെട്ട തൊഴിലാളികൾക്ക് 1,500 രൂപയോ, 1,600 രൂപയോയാണ് കിട്ടിക്കൊണ്ടിരുന്നത്. ജീവിതച്ചെലവെല്ലാം വർദ്ധിപ്പിക്കുമ്പോൾ അവർക്ക് മുമ്പ് ലഭിച്ചുകൊണ്ടിരുന്നത് വെട്ടിക്കുറയ്ക്കുന്നതിനോട് ഒരു തരത്തിലും യോജിക്കാനാകില്ല. സ്ഥിരമായി നൽകുന്നുവെന്ന് പറയുന്നത് വലിയൊരു ഔദാര്യമല്ല. അത് അവരുടെ

അവകാശമാണ്. മുമ്പത്തെ ഗവണ്മെന്റ് നൽകാനുള്ള 18 മാസത്തെ കണക്ക് അങ്ങയുടെ ബഡ്ജറ്റിലും സൂചിപ്പിച്ചിട്ടുണ്ട്. 18 മാസത്തെ കുടിശ്ശിക ഉണ്ടായിരുന്നില്ലെന്ന് ഡോ. ടി. എം. തോമസ് ഐസക് തന്നെ നിയമസഭയിൽ പറഞ്ഞ മറുപടിയും ഞങ്ങളുടെ കയ്യിലുണ്ട്. അത് സംശയമുള്ള കാര്യമാണ്, പരിഹരിക്കേണ്ടതാണ്. അങ്ങനെ 18 മാസത്തെ കുടിശ്ശിക ഉണ്ടായിരിക്കാം. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്ത് ഉണ്ടായിരുന്നതിന്റെ 100 ശതമാനം വർദ്ധനവ് വരുത്തി. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയാണ്. എന്നെക്കാൾ കൂടുതൽ ഫയൽ വിളിച്ചുവരുത്താനും സൂക്ഷ്മമായി പരിശോധിക്കാനും ബഹു. മന്ത്രിക്ക് അധികാരമുണ്ട്. ഉമ്മൻ ചാണ്ടി ഗവണ്മെന്റിന്റെ കാലത്ത് 600 രൂപയായിരുന്നോ പെൻഷൻ; ഞാൻ ചോദിക്കുകയാണ്? ഇപ്പോൾ വേണമെങ്കിലും അങ്ങ് കുറിപ്പ് നൽകിയാൽ ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർ കുറിച്ചുനൽകും. ഞാൻ കൃത്യമായി ചോദിക്കുന്നു; ഉമ്മൻചാണ്ടി ഗവണ്മെന്റിന്റെ കാലത്ത്, 2016-ൽ ആ ഗവണ്മെന്റ് ഇറങ്ങിപ്പോകുമ്പോൾ പെൻഷനായി ഉണ്ടായിരുന്നത് 600 രൂപ ആയിരുന്നോ; അതോ 600 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടായിരുന്നോ? അങ്ങ് മറുപടി നൽകിയാൽ മതി. കുടിശ്ശിക എല്ലാ കാലത്തുമുണ്ടായിട്ടുണ്ട്. ഇപ്പോൾ മൂന്ന് മാസത്തെ കുടിശ്ശിക

വന്നിട്ടുണ്ട്. നിങ്ങളുടെ കാലത്തും കുടിശ്ശിക വന്നല്ലോ. കുടിശ്ശിക വരുന്നത് പിന്നീട് കൊടുക്കും. എല്ലാകാലത്തും കുടിശ്ശിക വരുമ്പോൾ കൊടുക്കും. ഇപ്പോൾ മൂന്ന് മാസം കുടിശ്ശിക വന്നിട്ടില്ലേ? ഞാൻ ചെയറിന്റെ അനുമതിയോടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കുന്ന സ്പെസിഫിക്കായ ചോദ്യം, ഉമ്മൻ ചാണ്ടി ഗവണ്മെന്റിന്റെ കാലത്ത് 600 രൂപയായിരുന്നോ അവസാനത്തെ പെൻഷൻ? ഇവരെല്ലാം ഇപ്പോൾ അതാണല്ലോ പറയുന്നത്, അങ്ങും അതാണല്ലോ പറയുന്നത്. ഞാൻ പറയുന്നു, അല്ല. അതിനേക്കാൾ ഉയർന്ന താരിഫിൽ പെൻഷൻ നൽകിയിട്ടുണ്ടായിരുന്നു. അങ്ങ് പരിശോധിക്കൂ. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയല്ലേ? അതിൽ ഒരു കാര്യം കൂടി പറയാം. കശുവണ്ടി തൊഴിലാളി അംശദായം കൊടുക്കുന്നതല്ലേ ക്ഷേമനിധി പെൻഷൻ. അംശദായം നൽകുന്ന ക്ഷേമനിധി പെൻഷൻ വാങ്ങുന്നുവെന്ന പേരിൽ അവർക്കർഹതപ്പെട്ട സാമൂഹികക്ഷേമ പെൻഷൻ നിഷേധിക്കുന്നത് മനുഷ്യത്വവിരുദ്ധവും മനുഷ്യാവകാശ ലംഘനവുമല്ലേ? ഇതെല്ലാം ചെയ്തതിനുശേഷവും ഞങ്ങളെല്ലാം മഹത്തായ കാര്യങ്ങൾ ചെയ്യുന്നുവെന്ന പ്രചരണങ്ങൾകൂടി നടത്താതിരിക്കൂ. രണ്ടുംകൂടി വേണ്ട. ഒന്നുകിൽ ദ്രോഹിക്കാതിരിക്കണം. ദ്രോഹം ഒരു വഴിയിൽക്കൂടി നടത്തുകയും ഞങ്ങൾ

മഹത്തായ കാര്യങ്ങൾ ചെയ്യുന്നുവെന്ന് വ്യാജ പ്രചരണം നടത്തുകയും ചെയ്യും. അതുവേണ്ട. അതിന്റെ ആവശ്യമില്ല. നിങ്ങൾക്ക് ആത്മാഭിമാനത്തോടുകൂടി തൊഴിലാളികളോടുള്ള സമീപനമുണ്ടെങ്കിൽ മൂന്ന് പെൻഷനും നൽകാൻ തയ്യാറാകണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രീ, പാവങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന പെൻഷന്റെ പരിധി വീണ്ടും താഴ്ത്തിയില്ലേ? ഓരോ വാർഡിലും എത്ര ആൾക്കാർക്കാണ് ലഭിച്ചുകൊണ്ടിരുന്ന സാമൂഹിക ക്ഷേമ പെൻഷൻ ഇല്ലാതാകാൻ പോകുന്നത്. വരുമാന പരിധി നിങ്ങൾ കുറച്ചു. ആളുകളെ കൂടുതൽ സഹായിക്കാനാണെങ്കിൽ വരുമാന പരിധി കുറയ്ക്കുമോ? ഉമ്മൻ ചാണ്ടി ഗവണ്മെന്റിന്റെ കാലത്ത് അച്ചുതാനന്ദൻ ഗവണ്മെന്റിന്റെ കാലത്തേക്കാൾ വരുമാനപരിധി ഉയർത്തി. ഓരോ വാർഡിലും പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചു. ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വരുമാന പരിധി കുറയ്ക്കുമ്പോൾ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം കുറയും. അത് മഹത്തായ കാര്യമാണോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വരുമാന പരിധി കുറച്ചുവെന്ന ധാരണ ബഹുമാനപ്പെട്ട അംഗത്തിന് എവിടെനിന്നാണ് ലഭിച്ചത്? ഇങ്ങനെയൊരു കാര്യത്തെക്കുറിച്ച് വേറൊരു സമയത്ത്, ബഡ്ജറ്റിന്റെയോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട മറ്റൊരു സമയത്ത് എനിക്ക് മറുപടി

പറയാം. പക്ഷേ, ഇങ്ങനെയൊരു കാര്യം റെക്കോർഡിൽ വരികയാണ്. ഏതിലാണ് വരുമാന പരിധി കുറച്ചത്? കഴിഞ്ഞ ലോക്സഭാ ഇലക്ഷന് മുമ്പ് യു.ഡി.എഫ്. ആയിരുന്ന സമയത്ത് വരുമാന പരിധി കൂട്ടുകയും ആ സമയത്തുതന്നെ കുറയ്ക്കുകയും ചെയ്തു. കഴിഞ്ഞ യു.ഡി.എഫ്.-ന്റെ സമയത്തുണ്ടായിരുന്നതിന്റെ ഇരട്ടിയിലധികം ആളുകൾ ഇപ്പോൾ പെൻഷൻ വാങ്ങുന്നുണ്ട്. 64 ലക്ഷത്തോളം ആളുകളാണ് പെൻഷൻ വാങ്ങുന്നത്. കുടിശ്ശികയുടെ കാര്യം ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചു. ഒരു വർഷം നാല് മാസം ക്ലബ്ബ് ചെയ്ത് മൂന്ന് തവണയായിട്ടാണ് പെൻഷൻ നൽകിയിരുന്നത്. ഓണം, ക്രിസ്തുമസ് സമയത്ത് നമ്മളത് ക്ലബ്ബ് ചെയ്തുകൊടുക്കാൻ ശ്രമിക്കുന്നുണ്ട്. വാസ്തവത്തിൽ കുടിശ്ശികയല്ല ക്രിസ്തുമസ് കൂടി ചേർത്ത് കൊടുക്കുന്നതാണ്. മാസംതോറും നൽകുന്ന തരത്തിലേയ്ക്ക് എത്തിക്കാനാണ് ശ്രമിക്കുന്നത്. കൊടുക്കുന്ന തുക വലിയ തോതിൽ വർദ്ധിച്ചിട്ടുണ്ട്. തീരെ നൽകാതിരുന്നത് സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടായിരിക്കും. കൊടുക്കാതിരുന്ന സ്ഥിതിയുണ്ടായിരുന്നു. 18 മാസത്തിന്റെ കാര്യം അതുകൊണ്ടാണ് പറഞ്ഞത്, നമ്മളത് കൊടുക്കുന്നുണ്ട്. അന്നും 600 രൂപ തന്നെയായിരുന്നു പെൻഷൻ. കർഷകത്തൊഴിലാളി പെൻഷൻ 300 കോടി രൂപയായിരുന്നു കുടിശ്ശിക. ഇപ്പോഴത്തെ കുടിശ്ശിക പലതും വന്നത് ആ

സമയത്തേതാണ്. ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ കശുവണ്ടി തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കുടിശ്ശിക പത്ത് വർഷത്തേതുണ്ടായിരുന്നു. അഞ്ച് വർഷത്തെ കുടിശ്ശിക ആ സർക്കാരിന്റെ കാലത്ത് കൊടുത്തു. കഴിഞ്ഞ വർഷം ബാക്കി അഞ്ച് വർഷത്തെയും കൊടുത്തു. ഇപ്പോൾ കശുവണ്ടി തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശികയില്ല. ഞാൻ പറഞ്ഞത് ഇങ്ങനെയൊരു ബില്ലിനിടയിൽക്കൂടി അങ്ങ് ഇത്തരം കാര്യങ്ങൾ പറയുമ്പോൾ ഇത് പുറത്തേയ്ക്ക് വരുമല്ലോ? കശുവണ്ടി മേഖല പ്രതിസന്ധിയിലാണ്. അക്കാര്യം നമ്മൾ ചർച്ച ചെയ്യണം. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ലോണിന്റെ കാര്യമെല്ലാം വകുപ്പുമന്ത്രി പറയും. പക്ഷേ, ഈ പറയുന്ന 600 രൂപയും പെൻഷനും എന്ന നിലയിൽ പൊതുവിൽ എല്ലാ മേഖലയിലും അക്സപ്റ്റ് ചെയ്ത് വന്നതാണ്. കൂടുതൽ വരുമാനം വരുമ്പോൾ നമുക്ക് ഇനിയും കൂട്ടാം. പക്ഷേ, അതുതന്നെ നിലനിർത്തി മുന്നോട്ട് കൊണ്ടുപോകാനുള്ള ശ്രമത്തിനുതന്നെ വിലങ്ങുതടിയാകുന്ന തരത്തിലേയ്ക്ക്, എല്ലാ ആനുകൂല്യങ്ങളും നിർത്തണം, ആനുകൂല്യങ്ങൾ നൽകരുതെന്ന് തെരഞ്ഞെടുപ്പ് കമ്മീഷനും ബഹുമാനപ്പെട്ട കോടതിയും വരെ പറയുന്ന തരത്തിലേയ്ക്ക്, നമ്മുടെ ബോറോയിംഗ് കൺട്രോൾ ചെയ്യുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. ഇ.എസ്.ഐ.-യുടെ കാര്യത്തിൽ ബഹുമാനപ്പെട്ട

മെമ്പർ സൂചിപ്പിച്ചത് ശരിയാണ്. ഞാനും മെമ്പറും കൊല്ലം ജില്ലയിൽ നിന്നുള്ള പ്രതിനിധികളായതുകൊണ്ടാണ് പറയുന്നത്. അവിടെയാണ് ഏറ്റവും കൂടുതൽ കശുവണ്ടിത്തൊഴിലാളികളുള്ളത്. ഞാൻ മനസ്സിലാക്കുന്നത് ഡൽഹിയിലും ഇവിടെയുമുള്ള ട്രേഡ് യൂണിയനുകളും ശക്തമായും സംയുക്തമായും ഇ.പി.എഫ്.-ന്റെയും ഇ.എസ്.ഐ.-യുടേയും കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതിൽ വിയോജിപ്പില്ല, പക്ഷേ ഇക്കാര്യത്തിൽ വസ്തുതാപരമായി കുറക്ഷനുള്ളതുകൊണ്ടാണ് പറഞ്ഞത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഇത് മന:പൂർവ്വം പറഞ്ഞതാണ്.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മെമ്പർ ചുരുക്കണം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നിർത്തുകയാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് പെൻഷൻ ആർക്കും കൊടുത്തിട്ടില്ല, അതെല്ലാം കുടിശ്ശികയായിരുന്നു, അത് വളരെ കുറവാണ്, കേന്ദ്രത്തിൽ ശ്രീ. നരേന്ദ്ര മോദി വന്നതിനുശേഷമാണ് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതെന്ന് പറയുന്നതുപോലെ ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രി ആയതിനുശേഷമാണ് കേരളത്തിൽ ഇത്തരം സാമൂഹിക പരിപാടികൾ ആരംഭിച്ചതെന്നുള്ള ആവർത്തിച്ച പ്രചാരണമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ അതും പുറത്തേയ്ക്ക് പോകുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി

വരുമാന പരിധി ഉയർത്തിയത് കുറയ്ക്കില്ലെന്നുപറഞ്ഞിട്ടുണ്ടെങ്കിൽ ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. അങ്ങനെ ഒരു തീരുമാനമെടുത്തിട്ടില്ലെന്നുണ്ടെങ്കിൽ സന്തോഷമുള്ള കാര്യമാണ്. അദ്ദേഹം വീണ്ടും അതിനോടൊപ്പം ഒരു കാര്യം പറഞ്ഞു; മുൻ ഗവണ്മെന്റിനെക്കാൾ കൂടുതൽ ആളുകൾക്ക് ഇപ്പോൾ പെൻഷൻ നൽകുന്നുണ്ട്, ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലഘട്ടത്തെക്കാൾ കൂടുതൽ പേർ സാമൂഹ്യ പെൻഷൻ ഇപ്പോൾ വാങ്ങുന്നുണ്ടെന്നത് വസ്തുതാപരമായി ശരിയാണ്. അതുപറയുമ്പോൾ വി. എസ്. അച്ചുതാനന്ദൻ ഗവണ്മെന്റിന്റെ കാലത്ത് കൊടുത്തിരുന്ന ആളുകളേക്കാൾ കൂടുതൽ ആളുകൾക്ക് ഉമ്മൻ ചാണ്ടി സർക്കാർ പെൻഷൻ നൽകിയിട്ടുണ്ട്. അതിനെ നമ്മൾ അങ്ങനെ മാത്രമേ കാണാവൂ. അതാണ് അതിന്റെ ആരോഗ്യകരമായൊരു സംവാദത്തിന്റെ രീതി. വി. എസ്. അച്ചുതാനന്ദൻ ഗവണ്മെന്റിന്റെ കാലത്ത് കൊടുത്തിരുന്നവരേക്കാൾ കൂടുതൽ ആളുകൾക്ക് ഉമ്മൻ ചാണ്ടി ഗവണ്മെന്റിന്റെ കാലത്ത് പെൻഷൻ കൊടുത്തു. ഉമ്മൻ ചാണ്ടി ഗവണ്മെന്റിന്റെ കാലത്ത് കൊടുത്തതിനേക്കാൾ കൂടുതൽ ആളുകൾക്ക് ശ്രീ. പിണറായി വിജയൻ പെൻഷൻ കൊടുത്തു. ഈ സഭയിൽ ഭരണപക്ഷ അംഗങ്ങളിൽ പലരും തെറ്റിദ്ധരിച്ചിരിക്കുന്നതുപോലെ നമ്മൾ സ്ഥിരമായി കാപ്സ്യൂൾ കഴിച്ചാൽ അത് കാപ്സ്യൂൾ അല്ലെന്ന്

വിശ്വസിച്ചുപോകുന്നൊരവസ്ഥയുണ്ട്. അത് മനശാസ്ത്രപരമായൊരു പ്രശ്നമാണ്. ഉമ്മൻ ചാണ്ടി സർക്കാർ അവസാനമായി നൽകിയത് 600 രൂപയാണെന്ന് പറയുന്നത് വസ്തുതാപരമായി ശരിയല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ പറയുന്നു. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം പരിശോധിച്ചിട്ട് പറഞ്ഞാൽ മതി. ഞാൻ പറയുന്നു 600 രൂപയല്ല. 600 രൂപയേക്കാൾ ഉയർന്ന തുക പെൻഷനായി ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തുതന്നെ കൊടുത്തിട്ടുണ്ടായിരുന്നു. ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് നിർത്തുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. രാജ്യമാകെ ബി.ജെ.പി.-യുടെ പടയോട്ടം ആഘോഷിക്കപ്പെടുമ്പോൾ ഹിമാചൽപ്രദേശ് നടത്തിയ കരുത്തുറ്റ പ്രതിരോധത്തെ ഞാൻ അഭിനന്ദിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തെങ്കിലും കാവി മാഞ്ഞു എന്നത് ആശ്വാസകരവും പ്രതീക്ഷ ഉളവാക്കാവുന്നതുമാണ്. ഒരു കാവി പ്രാതിനിധ്യവുമില്ലാത്തവിധം ഈ സഭയെ സംരക്ഷിച്ച കേരളീയരുടെ രാഷ്ട്രീയ പ്രബുദ്ധതയെ നമുക്ക് ഒരിക്കൽക്കൂടി

ഓർമ്മിക്കാം. അതുകൊണ്ട് ഇന്നത്തെ സന്തോഷം നമുക്കെല്ലാവർക്കും ഒരുമിച്ച് ആഘോഷിക്കാം. ഈ സന്തോഷം പങ്കുവച്ച് ഞാൻ ബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കുകയാണ്. സഭയിലെ അംഗങ്ങളായ ശ്രീ. മഞ്ഞളാംകുഴി അലിയും ശ്രീ. പി. സി. വിഷ്ണുനാഥും അവരുടെ വിയോജിപ്പ് രേഖപ്പെടുത്തി സംസാരിക്കുകയുണ്ടായി. ശ്രീ. പി. സി. വിഷ്ണുനാഥിന്റെ മണ്ഡലത്തിൽ അറുപത്തിയൊന്നോളം കശുവണ്ടി ഫാക്ടറികളുണ്ട്. തൊഴിലാളികളുടെ ധാരാളം വിഷയങ്ങളാണ് സഭയിൽ അവതരിപ്പിക്കപ്പെട്ടത്. ഞാനത് ആവർത്തിക്കുന്നില്ല. കശുവണ്ടി മേഖലയിലെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ചെറിയൊരു ഭേദഗതിയാണ് ഈ ബില്ലിലുള്ളത്. സർക്കാർ നടത്തുന്ന കശുവണ്ടി ഫാക്ടറികൾ വർഷങ്ങളായി നഷ്ടത്തിലാണ്. സങ്കീർണ്ണമായൊരു ബിസിനസ്സാണിത്. ബിസിനസ്സ് നടത്തിക്കൊണ്ടുപോകാൻ ഒരു ദശാബ്ദകാലത്തെ പരിചയംപോലും പര്യാപ്തമല്ല. റവന്യൂവിന്റെ ഒന്നോ രണ്ടോ ശതമാനമായിരിക്കും മാർജിൻ. പ്രൊഡക്ഷൻ കപ്പാസിറ്റിയുടെ ചെറിയ പിശക് വലിയ നഷ്ടം വരുത്തിവയ്ക്കും. യഥാർത്ഥ ഫാക്ടറി ഉടമയ്ക്ക് മാത്രമേ നല്ലൊരു മാനേജ്മെന്റ് ഉറപ്പുവരുത്താൻ കഴിയൂ. ഇന്ത്യയിൽ കഴിഞ്ഞ 7 വർഷത്തിനിടയിൽ 1500 -ഓളം ഫാക്ടറികൾ പൂട്ടിയിട്ടുണ്ട്. കേരളത്തിൽ മാത്രം കാണുന്ന പ്രവണതയല്ലിത്. വിയറ്റ്നാമിൽനിന്നും ആഫ്രിക്കയിൽനിന്നുമുള്ള

മത്സരത്തിന്റെ ദുരന്തഫലമാണിത്. അസംസ്കൃത കശുവണ്ടി സാധാരണ കമോഡിറ്റിയല്ല. Nut count, ഈർപ്പം, place of origin, harvest, Method of storage എന്നിവ കശുവണ്ടി ഉല്പാദനവുമായി ബന്ധപ്പെട്ട പ്രധാന ഘടകങ്ങളാണ്. വ്യക്തിപരമായി ആർജ്ജിച്ച പരിചയവും അനുഭവസമ്പത്തും മാത്രമാണ് ലാഭകരമായതും ഗുണമേന്മയുള്ളതുമായ കശുവണ്ടി തെരഞ്ഞെടുക്കാനുള്ള മാർഗ്ഗം. ശാസ്ത്രീയമായ രീതി ഇല്ലെന്നതാണ് വാസ്തവം. കാസർഗോഡ് ജില്ലയിലെ എം.എൽ.എ.-യെന്ന നിലയിലാണ് പ്രസ്തുത വിഷയം സഭയിൽ അവതരിപ്പിക്കുന്നത്. കാസർഗോഡ് ജില്ലക്കാർക്ക് കശുവണ്ടിയെന്ന് കേൾക്കുമ്പോൾ ഭയമാണ്. നിരവധി കുഞ്ഞുങ്ങളുടെ തലവീർത്ത ദൃശ്യത്തോടൊപ്പം ഇന്നും മരിച്ചുകൊണ്ടിരിക്കുന്ന ഓർമ്മകളാണ് ഞങ്ങളുടെ മനസ്സിലുള്ളത്. 1960-കളിലാണ് 12000 ഹെക്ടറോളം സ്ഥലത്ത് കേരള പ്ലാന്റേഷൻ കോർപ്പറേഷൻ കശുമാവിൻ തോട്ടത്തിലേയ്ക്ക് ഹെലികോപ്റ്ററിലൂടെ വിഷമഴ പെയ്യിച്ചതിന്റെ ഫലമായി വലിയ ദുരന്തവും ദുരിതവുമാണ് അവർ ഏറ്റുവാങ്ങിയത്. ആ മേഖലയിൽ വർഷങ്ങളായി ഒരുപാട് ആളുകൾ മരണപ്പെട്ടു. മരണാവസ്ഥയിൽ ജീവിച്ചുകൊണ്ടിരിക്കുന്ന അനവധിപേർ ഇപ്പോഴുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ധാരാളം ഇടപെടലുകളും അവരുടെ സമരത്തിന്റെ ഭാഗമായി ധാരാളം ഉറപ്പുകളും നൽകിയെങ്കിലും കേരളത്തിലെ

ചില യുവജന സംഘടനകൾ സുപ്രീംകോടതിയെ സമീപിച്ച് അവർക്ക് സാമ്പത്തിക നഷ്ടം വാഗ്ദാനം നല്കിയെങ്കിലും അതൊക്കെ പരിഹരിക്കപ്പെടാത്ത അവസ്ഥ ഇപ്പോഴും നില്ക്കുകയാണ്. കശുവണ്ടിയുമായി ബന്ധപ്പെട്ട് നിയമസഭയിൽ ചർച്ച നടക്കുമ്പോൾ, എൻഡോസൾഫാൻ ദുരിതവുമായി ബന്ധപ്പെട്ടുകൊണ്ട് തലസ്ഥാനത്ത് സെക്രട്ടേറിയറ്റിനുമുന്നിൽ അതിശക്തമായ സമരം നടത്തി. രണ്ട് മന്ത്രിമാർ അവരുമായി ചർച്ച നടത്തിയതുകാരണമാണ് സമരം പിൻവലിച്ചത്. 1960-കൾക്കുശേഷം 5 തലമുറകളോളം ഈ ദുരിതം അനുഭവിക്കുമെന്നാണ് ശാസ്ത്രീയ പഠനങ്ങൾ പറയുന്നത്. കാസർഗോഡ് ജില്ലയിൽ എന്റെ മണ്ഡലത്തിന്റെ അതിർത്തിയിൽ മഹാഭ്രരിപക്ഷം കന്നട, തുളു, മറാത്ത ഭാഷകൾ സംസാരിക്കുന്ന ആളുകളുടെ പഞ്ചായത്താണ് എൻമകജെ. ഡോ. അംബികാസുതൻ മാങ്ങാട് എഴുതിയ എൻമകജെ എന്ന പേരിലുള്ള നോവൽ മലയാളികളുടെ ഓർമ്മയിൽ എപ്പോഴുമുണ്ടാകും. കാസർഗോഡിലെ കശുമാവിൻ തോട്ടത്തിലെ ദുരന്തവും ദുരിതവും വിവരിച്ചുകൊണ്ടുള്ള നോവലാണത്. കണ്ണനനയാതെ ആർക്കുമത് വായിച്ചുപൂർത്തീകരിക്കാൻ കഴിയില്ല. കാസർഗോഡ് എം.എൽ.എ. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, പ്രസ്തുത നോവൽ ഉയർത്തിക്കാണിച്ച് അതിലെ വേദനിപ്പിക്കുന്ന സംഗതികൾ വിവരിച്ചുകൊണ്ട് ഈ വിഷയത്തിൽ സഭയിൽ അടിയന്തരപ്രമേയം

അവതരിപ്പിച്ച് സംസാരിച്ചത് ഈ അവസരത്തിൽ ഓർക്കുകയാണ്. എൻഡോസൾഫാൻ ദുരിതം ബാധിച്ച ഒരു ജില്ലയിലെ ജനതയെ ചേർത്തുനിർത്തി, ആരോഗ്യരംഗത്തെ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുപകരം ഇപ്പോഴും എന്റെ ജില്ലയിൽ സമരം ആളിക്കത്തിക്കൊണ്ടിരിക്കുകയാണ്. ദയാബായി സെക്രട്ടേറിയറ്റിനുമുന്നിൽ പോലും സമരം നടത്തിയത് AIIMS -നുവേണ്ടിയായിരുന്നു. AIIMS -ന് വേണ്ടിയുള്ള കേരളത്തിന്റെ പ്രൊപ്പോസലിൽ, കാസർഗോഡുകാർ AIIMS വേണമെന്നല്ല ആവശ്യപ്പെട്ടത്. AIIMS-ന്റെ ലിസ്റ്റ് കേന്ദ്രഗവണ്മെന്റിൽ സമർപ്പിക്കുമ്പോൾ കാസർഗോഡ് എന്ന പേര് അതിനുതാഴെ ഉൾപ്പെടുത്തണമെന്ന ആവശ്യമുന്നയിച്ചപ്പോൾ, ഗവണ്മെന്റ് അതിന് തയ്യാറായില്ലെന്നത് വേദനാജനകമായ കാര്യമാണ്. ഒരു പേര് ഉൾപ്പെടുത്താനാണ് ഇപ്പോഴും ജില്ലയിലെ ജനത സമരം നടത്തുന്നത്. ഇത്തരം സാഹചര്യങ്ങൾക്കിടയിലാണ് കോവിഡ് തരംഗമുണ്ടായത്. കോവിഡ് ബാധിച്ച് ഒരാൾ കേരളത്തിൽ മരിക്കുന്നതിനേക്കാൾ മുമ്പേ കാസർഗോഡ് ജില്ലയുടെ അതിർത്തിയിൽ 22 പേരാണ് മരണപ്പെട്ടത്. കർണ്ണാടക മനുഷ്യത്വരഹിതമായി അതിർത്തി അടച്ചപ്പോൾ ഡയാലിസിസ് കിട്ടാതെയും ഹൃദ്രോഗത്തിന് ചികിത്സ കിട്ടാതെയും അവർ മരണത്തിന് കീഴടങ്ങിയ ആ ദുരിതത്തിന്റേയും

ദുരന്തത്തിന്റേയും ഓർമ്മ ഇപ്പോഴും മനസ്സിലുണ്ട്. ആ ഘട്ടത്തിലാണ് പ്രതീക്ഷ പകരുന്നവിധം സി.എസ്.ആർ. ഫണ്ടിലൂടെ ടാറ്റ ഹോസ്പിറ്റൽ കാസർഗോഡിന് അനുവദിച്ചത്. ഇതേ വിഷയം ഉദുമ എം.എൽ.എ. ശ്രീ. സി. എച്ച്. കുഞ്ഞമ്പു സബ്മിഷനായി സഭയിൽ കൊണ്ടുവന്നിരുന്നു. ഉമ്മൻ ചാണ്ടി സർക്കാർ പ്രഖ്യാപിച്ച മെഡിക്കൽ കോളേജ് പത്തനംതിട്ടയിലും വയനാടും ഇടുക്കിയിലും അഡ്മിഷൻ തുടങ്ങി വളരെ നന്നായി മുന്നോട്ടുപോയി 10 വർഷം പൂർത്തിയായിക്കഴിഞ്ഞു. എന്നാൽ ഇപ്പോഴും ഞങ്ങളുടെ ജില്ലയിൽ ഒ.പി. പോലും തുടങ്ങാതെ ഇഴഞ്ഞുനീങ്ങുന്ന ദയനീയമായ അവസ്ഥ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ടാറ്റ ഹോസ്പിറ്റൽ വന്നു. അന്ന് ടാറ്റ ഹോസ്പിറ്റലിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട വിഷയം സംസാരിച്ചപ്പോൾ ജില്ലാ കളക്ടർ വളരെ കൃത്യമായി കാസർഗോഡ് ജനതയോട് പറഞ്ഞു, ഇത് ഒരു പ്രത്യേക രീതിയിൽ വരുന്ന ഹോസ്പിറ്റലാണ്. 25 വർഷത്തേയ്ക്ക് ജില്ലയുടെ ആരോഗ്യരംഗത്തെ പ്രശ്നം പരിഹരിക്കപ്പെടുമെന്നുള്ള ശുഭകരമായ ഒന്നായിരുന്നു ടാറ്റ ഹോസ്പിറ്റലിന്റെ ചട്ടഞ്ചാലിലുള്ള വരവ്. ആദ്യം 178 പേരെ അവിടെ നിയമിച്ചു. ഇപ്പോൾ അവിടെ 3 പേരാണുള്ളത്. ആ ഹോസ്പിറ്റൽ തകർച്ചയിലേയ്ക്ക് പോകുന്നുണ്ടെന്നതിന് തെളിവാണിത്. മെഡിക്കൽ കോളേജ് ലഭ്യമായിട്ടില്ലാത്ത ഒരു ജില്ലയിൽ ടാറ്റ ഹോസ്പിറ്റലിന്റെ തകർച്ച ആരോഗ്യരംഗത്തെ പ്രയാസത്തിലേയ്ക്കും

പ്രതിസന്ധിയിലേയ്ക്കും കൊണ്ടുപോകുന്ന ദയനീയാവസ്ഥ ജില്ല അനുഭവിക്കുകയാണ്. ഇന്ന് വൈകുന്നേരം ടാറ്റ ഹോസ്പിറ്റലിന്റെ മുന്നിൽ ഉദുമ നിയോജകമണ്ഡലം മുസ്ലീം യൂത്ത് ലീഗ് കമ്മിറ്റി സമരം നടത്തുകയാണ്. യുവജന സംഘടന സമരം ദയാബായിയാണ് ഉദ്ഘാടനം ചെയ്യുന്നത്. AIIMS-ൽ കാസർഗോഡ് ജില്ലയുടെ പേര് ചേർക്കണമെന്ന ആവശ്യത്തിന്മേലുള്ള സമരവും ടാറ്റ ഹോസ്പിറ്റൽ നഷ്ടപ്പെടുന്നതിന്റെ സമരവുമൊക്കെ നടക്കുമ്പോൾ കാസർഗോഡ് ജില്ലക്കാർക്ക് ആശ്വാസമുള്ളത് ബഹുമാന്യനായ മുൻപ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ മനസ്സിലാക്കുന്നതിന് രണ്ട് ദിവസം കാൽനടയായി ജില്ലയിൽ യാത്ര നടത്തിയെന്നതാണ്. കാസർഗോഡ് ജില്ലയിൽനിന്ന് മത്സരിച്ചിട്ടുള്ളതോ കേരള രാഷ്ട്രീയത്തിലേയ്ക്കോ ഇന്ത്യൻ രാഷ്ട്രീയത്തിലേയ്ക്കോ സമർപ്പിക്കപ്പെട്ട വ്യക്തിത്വവുമല്ല അദ്ദേഹത്തിന്റേത്. യാത്രയിൽ അദ്ദേഹം കാസർഗോഡിന്റെ വിദ്യാഭ്യാസ, സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക പിന്നോക്കാവസ്ഥ കൃത്യമായി പഠിച്ച് ഒരു പ്രോജക്ടുണ്ടാക്കി ഉമ്മൻ ചാണ്ടി സർക്കാരിന് മുന്നിൽ സമർപ്പിച്ചതാണ് കാസർഗോഡ് വികസന പദ്ധതി. ഇന്ന് ജില്ലയിലെ 5 എം.എൽ.എ.-മാർക്ക് വികസനപ്രവർത്തനങ്ങളായ പാലങ്ങളും റോഡുകളും സ്കൂളുകളും നിർമ്മിക്കാൻ

കഴിയുന്ന പദ്ധതി ലഭ്യമായതുതന്നെ ശ്രീ. രമേശ് ചെന്നിത്തലയുടെ ഇടപെടലിന്റെ ഭാഗമായാണ്. കാസർഗോഡ് ജനതയ്ക്കുവേണ്ടി ഈ അവസരത്തിൽ ഞാൻ അദ്ദേഹത്തെ നന്ദിയോടെ ഓർക്കുകയാണ്. കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് പല കാര്യങ്ങളും ഇവിടെ സൂചിപ്പിച്ചതുപോലെയാണ് ജില്ലയിലെ ആരോഗ്യരംഗത്തെ പ്രശ്നവും. ഞാൻ ഒരു കാര്യംകൂടി സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി സി. കെ. ആശ]

സംസ്ഥാന സ്കൂൾ കായികോത്സവം നടന്നത് തലസ്ഥാന നഗരിയിലെ നിയമസഭയ്ക്ക് തൊട്ടടുത്തുള്ള സ്റ്റേഡിയത്തിലാണ്. പോൾവാൾട്ടിൽ മത്സരിക്കുന്ന കാസർഗോഡ് ജില്ലയിലെ മൂന്ന് കുട്ടികളും അവരുടെ ടീച്ചേഴ്സും മഞ്ചേശ്വരം എം.എൽ.എ. എന്ന നിലയ്ക്ക് സഭയിലേയ്ക്ക് വരുന്നതിനുമുമ്പ് എന്നെ ഫോണിൽ വിളിച്ച് സംസാരിച്ചു. കാസർഗോഡ് ജില്ലയിലെ കായികോത്സവത്തിൽ പോൾവാൾട്ടിൽ മത്സരിച്ച് ഒന്നാം സ്ഥാനം കിട്ടിയവരാണെന്നും അവർക്ക് തിരുവനന്തപുരത്ത് നടക്കുന്ന സ്റ്റേറ്റ് ലെവൽ മത്സരത്തിൽ പങ്കെടുക്കണമെന്നും പറഞ്ഞു. ജില്ലാതല മത്സരത്തിൽ മുളകൊണ്ടുള്ള സംവിധാനത്തിലാണ് അവർ പങ്കെടുത്തത്. എന്നാൽ സ്റ്റേറ്റ്

ലെവലിൽ ഫൈബർ സംവിധാനമാണെന്നും ആയതിനാൽ അവർക്ക് മത്സരിക്കാൻ സാധിക്കില്ലെന്നുമുള്ള ഉത്തരവ് ലഭിച്ച സങ്കടം എന്നോട് പങ്കുവച്ചു. അതുപ്രകാരം ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെയും വിദ്യാഭ്യാസ ഡയറക്ടറെയും ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവർക്ക് കാസർഗോഡ് ജില്ലയിൽനിന്ന് മുളകൊണ്ടുവന്ന് മത്സരിക്കാൻ സാധിച്ചു. എങ്കിലും എല്ലാ മേഖലയിലും ഞങ്ങളുടെ പിന്നോക്കാവസ്ഥ ഇപ്പോഴും തുടരുന്നുവെന്നുള്ളത് അതീവ സങ്കടകരമായി സഭയിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കശുവണ്ടി മേഖലയിലെ ചർച്ച നടക്കുമ്പോൾ, അങ്ങ് കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ഇരകളെ ഓർമ്മിച്ചത് വളരെ നല്ലൊരു കാര്യമാണ്. കാൽനൂറ്റാണ്ട് പെയ്ത വിഷമഴയിൽ കുതിർന്നുനിൽക്കുന്ന കാസർഗോഡുള്ള ഗ്രാമങ്ങളെക്കുറിച്ച് പറഞ്ഞു. എൻഡോസൾഫാൻ ഇരകൾക്കുവേണ്ടി ഇന്നത്തെ സർക്കാർ ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതം എങ്ങനെയുണ്ടായി എന്നതിനെക്കുറിച്ച് നമ്മൾ ചിന്തിക്കണം. കാസർഗോഡ് ജില്ലയിലെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിച്ചത് കേരള

പ്ലാന്റേഷൻ കോർപ്പറേഷനാണ്. അവരിൽനിന്ന് നഷ്ടം ഈടാക്കി ഇരകൾക്ക് നൽകേണ്ടതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, വളരെ ഗൗരവത്തോടുകൂടി ചർച്ചചെയ്ത് പരിഹരിക്കേണ്ട വിഷയമാണ് ബഹുമാനപ്പെട്ട കാസർഗോഡ് എം.എൽ.എ. സൂചിപ്പിച്ചത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്തേണ്ട പലകാര്യങ്ങളും ശ്രീ. മഞ്ഞളാംകുഴി അലിയും ശ്രീ. പി. സി. വിഷ്ണുനാഥും വളരെ വിശദമായി ചൂണ്ടിക്കാണിച്ചു. ഇക്കാര്യങ്ങളെല്ലാം ആ രീതിയിൽത്തന്നെ പരിഗണിക്കണമെന്നുള്ള അഭ്യർത്ഥന അങ്ങയുടെ മുന്നിൽ സമർപ്പിക്കുകയാണ്. കാസർഗോഡ് ജില്ലയിലെ ആരോഗ്യരംഗത്തെ പ്രത്യേകം പരിഗണിച്ച് വിദ്യാഭ്യാസ-ആരോഗ്യ മേഖലയിൽ ഒരു പ്രത്യേക പാക്കേജ് നൽകി ആ ജില്ലയെ ചേർത്തുനിർത്തിക്കൊണ്ട് ടാറ്റ ഹോസ്പിറ്റൽ നഷ്ടപ്പെടുത്താതെ എയിംസിനുവേണ്ടി കേന്ദ്ര ഗവണ്മെന്റിന് നൽകുന്ന പ്രൊപ്പോസലിൽ കാസർഗോഡിന്റെ പേര് നിർബന്ധമായും ഉൾപ്പെടുത്തണമെന്ന ആവശ്യം സഭയിൽ ഒരിക്കൽക്കൂടി ആവർത്തിച്ചുകൊണ്ട് ഈ ബില്ലിനെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

3.00 PM]

ശ്രീ. കെ. ആൻസലൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വി. ജോയി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിലെ പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായങ്ങളിലൊന്നാണ് കശുവണ്ടി വ്യവസായം. തൊഴിലാളികൾക്ക് ജോലി ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ചെറിയ ഭേദഗതിയാണ് വരുത്തിയിരിക്കുന്നത്. ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചതുപോലെ കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി മേഖലകളിൽ സ്ത്രീകളാണ് കൂടുതലായി ജോലിചെയ്യുന്നത്. കശുവണ്ടി മേഖലയിൽ പതിനായിരക്കണക്കിന് തൊഴിലാളികളുണ്ട്. പരമ്പരാഗത മേഖലയെ എൽ.ഡി.എഫ്. ഗവണ്മെന്റുകൾ സംരക്ഷിച്ചതുപോലെ മറ്റൊരു ഗവണ്മെന്റും സംരക്ഷിച്ചിട്ടില്ല. ഒരു വാഗ്വാദത്തിനോ വാദപ്രതിവാദത്തിനോ വേണ്ടിയല്ല ഞാനിത് പറയുന്നത്. എൽ.ഡി.എഫ്. ഗവണ്മെന്റ് പരമ്പരാഗത മേഖലയ്ക്ക് ചെയ്യുന്ന ശ്ലാഘനീയമായ നിരവധി പ്രവർത്തനങ്ങളുണ്ട്. കഴിഞ്ഞദിവസം

ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി കയർ മേഖലയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സഭയിൽ പറഞ്ഞിരുന്നു. കശുവണ്ടി തൊഴിലാളികളുടെ ദയനീയമായ കാര്യങ്ങളെ സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് സംസാരിച്ചപ്പോൾ സൂചിപ്പിച്ചു. ശ്രീ. ഉമ്മൻ ചാണ്ടി ഗവണ്മെന്റ് അഞ്ചുവർഷം ഇവിടെ ഭരിച്ചു. അവർ ഭരണമൊഴിയുമ്പോൾ അഞ്ച് വർഷത്തെ ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുക്കാനുണ്ടായിരുന്നു. അടുത്തുവന്ന എൽ.ഡി.എഫ്. ഗവണ്മെന്റ് കഴിഞ്ഞ അഞ്ചുവർഷത്തെ കുടിശ്ശികയും പിന്നെ ഒരു വർഷത്തെ കുടിശ്ശികയും ചേർത്ത് ആകെ പതിനൊന്ന് വർഷത്തെ കുടിശ്ശികയാണ് കൊടുത്തുതീർത്തത്. ഗ്രാറ്റുവിറ്റി കുടിശ്ശിക മുഴുവൻ കൊടുത്തുതീർത്തുവെന്നതും ഇന്ന് ഒരു കുടിശ്ശികയുമില്ല എന്നതും ഇതുവരെയുള്ള കശുവണ്ടി വ്യവസായ മേഖലയിലെ ചരിത്രമാണ്. ഒരു തൊഴിലാളി വിരമിച്ചാൽ വർഷങ്ങളോളം ഗ്രാറ്റുവിറ്റിക്കുവേണ്ടി വിവിധ ഓഫീസുകളിൽ കയറിയിറങ്ങുന്ന ചരിത്രം മാറ്റിയെഴുതിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ കൊല്ലം ജില്ലക്കാരനായതുകൊണ്ട് കേരളത്തിലെ കശുവണ്ടി വ്യവസായത്തിന്റെ സിംഹഭാഗവും കൈകാര്യം ചെയ്യുന്ന ഒരു ജില്ലയെന്നുള്ള നിലയിൽ, അദ്ദേഹത്തിന് അതിന്റെ എല്ലാ അർത്ഥത്തിലുള്ള കാര്യങ്ങളും

അറിയാവുന്നതാണ്. സാമ്പത്തിക ബുദ്ധിമുട്ടുകൾക്കുള്ളിലും കശുവണ്ടി വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കാൻ അദ്ദേഹം പരമാവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. വിദഗ്ധമായ നിലയിൽ പരമ്പരാഗത വ്യവസായങ്ങളെ സഹായിക്കുന്ന കാര്യത്തിൽ കേരളത്തിന്റെ വ്യവസായ വകുപ്പുമന്ത്രിയും പ്രത്യേക താൽപ്പര്യമെടുത്തിട്ടുണ്ട്. ഞാൻ പറഞ്ഞുവന്നത് ഇന്ന് ഗ്രാറ്റുവിറ്റി കൂടിശ്ശിക ഇല്ലെന്ന വസ്തുത നമ്മൾ മനസ്സിലാക്കേണ്ടതായിട്ടുണ്ട്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ചരിത്രത്തിലാദ്യമായി ഒരുകാര്യം സംഭവിക്കാൻ പോകുകയാണ്. ഈ ഡിസംബർ മാസത്തിൽ വിരമിക്കുന്ന തൊഴിലാളികൾക്ക് വിരമിക്കുന്ന ദിവസം ഗ്രാറ്റുവിറ്റി കൊടുക്കുന്ന സ്ഥിതിവിശേഷം വരികയാണ്. ഇതെല്ലാം ചരിത്രത്തിന്റെ ഭാഗമാണ്. പരമ്പരാഗത മേഖലയിലെ തൊഴിലാളികളോട് ഒരു സർക്കാർ എങ്ങനെ പെരുമാറുന്നുവെന്നും എന്ത് നിലപാടുകളാണ് എടുക്കുന്നതെന്നും ഇവിടെ വ്യക്തമാവുകയാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് സംസാരിച്ചപ്പോൾ എന്താണ് പറഞ്ഞത്? തൊഴിലാളികൾക്ക് രണ്ട് പെൻഷൻ വാങ്ങാൻ കഴിയുമായിരുന്നത് ഈ സർക്കാർ ഇല്ലാതാക്കിയെന്നാണ്. രണ്ട് പെൻഷൻ വാങ്ങുന്നവരെല്ലാം ഇപ്പോഴും അത് വാങ്ങുന്നുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

സൂചിപ്പിച്ചതാണ്. അടിസ്ഥാന പെൻഷനായ 600 രൂപ വാങ്ങുന്നതിന് നിലവിൽ തടസ്സമില്ല. മറ്റുള്ള പെൻഷന് 1,600 രൂപയാണ് കൊടുക്കുന്നത്. ഈ തുക ബാക്കിയുള്ള ആളുകൾക്കും ലഭിക്കുന്നുണ്ടെന്നുള്ളത് മനസ്സിലാക്കണം. എൽ.ഡി.എഫ്. സർക്കാരാണ് പെൻഷൻ കുടിശ്ശിക കൊടുത്തുതീർത്തത്. ഇപ്പോൾ 10 ആണോ 18 ആണോ എന്നുള്ളതാണ് തർക്കം. ആ തർക്കത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. ഡിസംബറോടുകൂടി ഇതുവരെയുള്ള എല്ലാ കുടിശ്ശികയും രണ്ടുംമൂന്നും മാസം കൂടുമ്പോൾ സർക്കാർ കൊടുത്തുതീർക്കുകയാണ്. അത് സാധാരണക്കാരെ സംബന്ധിച്ച് സഹായകരമായ നിലപാടാണെന്ന് നമുക്കറിയാം.

ഈ മേഖലയിൽ തൊഴിൽ ദിനങ്ങൾ വളരെ കുറവാണെന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. തൊഴിൽ ദിനങ്ങൾ കുറവായതിന് രണ്ടുമൂന്ന് പ്രധാനപ്പെട്ട വസ്തുതകളുണ്ട്. അത് കോവിഡിന്റെ പ്രത്യേകമായ സാഹചര്യവും പ്രകൃതിക്ഷോഭവുമാണ്. ഇതിന്റെ ഭാഗമായി ആഭ്യന്തരമായി നമുക്ക് ലഭിച്ചുകൊണ്ടിരുന്ന തോട്ടണ്ടിയിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. സാധാരണ നിലയിൽ ആഭ്യന്തരമായി ലഭിക്കുന്ന ഏതാണ്ട് 3500-ഓളം ടൺ തോട്ടണ്ടി ഇപ്പോൾ നമുക്ക് ലഭിക്കുന്നില്ല. ഏതാണ്ട് 300-ടണ്ണിൽ താഴെ തോട്ടണ്ടിയാണ് ലഭിക്കുന്നത്. ആഫ്രിക്കൻ രാജ്യങ്ങളെയാണ് തോട്ടണ്ടി

വാങ്ങുന്നതിന് നമ്മൾ സമീപിക്കുന്നത്. ഇതൊരു പ്രധാനപ്പെട്ട പ്രശ്നമായി ഈ മേഖലയിൽ നിലനിൽക്കുന്നുണ്ടെന്നുള്ളത് മനസ്സിലാക്കേണ്ടതുണ്ട്. 450-ഓളം ഫാക്ടറികൾ പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ഇപ്പോൾ ഏതാണ്ട് നൂറോളം ഫാക്ടറികളാണ് പ്രവർത്തിക്കുന്നത്. നേരത്തെ ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചതുപോലെ തോട്ടണ്ടിയുടെ കുത്തക കേരളത്തിനായിരുന്നു. പക്ഷേ അത് നമ്മളിൽനിന്ന് നഷ്ടമായി, ഇപ്പോൾ വിയറ്റ്നാമിനാണ് ആ കുത്തക ലഭിച്ചിട്ടുള്ളത്. ഇന്ന് ഏറ്റവും കൂടുതൽ കശുവണ്ടി കയറ്റുമതി ചെയ്യുന്ന രാജ്യം വിയറ്റ്നാമാണ്, 75 ശതമാനവും വിയറ്റ്നാമിൽനിന്നുമാണ്. എന്തുകൊണ്ട് അങ്ങനെ സംഭവിക്കുന്നുവെന്ന് ചോദിച്ചാൽ ആധുനിക കാലഘട്ടത്തിൽ യന്ത്രവൽക്കരണം ദ്രുതഗതിയിൽ നടത്തിയ ഒരു രാജ്യമാണ് വിയറ്റ്നാം. യന്ത്രവൽക്കരണത്തിലേയ്ക്ക് പൂർണ്ണമായി പോകാൻ നമുക്ക് സാധിച്ചിട്ടില്ല. യന്ത്രവൽക്കരണം ക്രമേണ നടന്നുകൊണ്ടിരിക്കുകയാണ്. ബഡ്ജറ്റിന്റെ ഭാഗമായി ആധുനികവൽക്കരണത്തിനും യന്ത്രവൽക്കരണത്തിനും ആവശ്യമായ ഫണ്ട് സർക്കാർ വകയിരുത്തുന്നുണ്ട്. പൂർണ്ണയന്ത്രവൽക്കരണത്തിലാണ് വിയറ്റ്നാമിൽ തോട്ടണ്ടി സംസ്കരിക്കുന്നത്. അവരുടെ കൂലിയുടെ കാര്യം സംബന്ധിച്ച് പരിശോധിച്ചാൽ 80 കിലോഗ്രാമിന്റെ പായ്ക്കറ്റാണ്

അടിസ്ഥാനമായെടുക്കുന്നത്. കേരളത്തിൽ അതിന്റെ ഉല്പാദനച്ചെലവ് 4,200 രൂപയാണ്. വിയറ്റ്നാമിൽ 800 രൂപ മാത്രമാണ്. കേരളത്തിൽ ഉല്പാദനച്ചെലവ് വളരെ കൂടുതലാണ്. വിയറ്റ്നാമിന്റെ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഉല്പാദനച്ചെലവ് കുറയുന്നുവെന്നത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. കമ്പോളത്തിൽ പിടിച്ചുനിൽക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടെന്നുള്ളത് നമ്മൾ മനസ്സിലാക്കണം. തൊഴിലാളികളുടെ ഇ.എസ്.ഐ.-യുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പ്രധാന പ്രശ്നമുണ്ട്. തൊഴിലാളികൾ ആറ് മാസം ജോലി ചെയ്താൽ മിനിമം 78 ദിവസമുണ്ടെങ്കിലേ അവർക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുകയുള്ളൂ. അതുതന്നെയാണ് അവരുടെ മക്കളുടെ വിദ്യാഭ്യാസപരമായ പ്രശ്നങ്ങളെയും സംബന്ധിച്ച് കാണുന്നത്. ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാകാതെപോകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇത് നമ്മൾ മനസ്സിലാക്കി, ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഇ.എസ്.ഐ. ആനുകൂല്യങ്ങൾക്ക് അർഹമായ തൊഴിൽ ദിവസങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള പരിശ്രമം നടത്തണം. മറ്റൊന്ന്, കോവിഡ് കഴിഞ്ഞ ഉടൻതന്നെ ടാക്സ് ഒൻപതര ശതമാനമായി വർദ്ധിപ്പിച്ചു, ഇപ്പോൾ അത് കുറച്ചിട്ടുണ്ട്. പക്ഷെ, ടാക്സ് കൂട്ടിയത് ഉല്പന്നത്തിന്റെ വില ഉയരുന്ന

സാഹചര്യത്തിലേയ്ക്കാണ് പോകുന്നത്. വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽവരുന്നത് കാഷ്യു കോർപ്പറേഷനും കാപെക്സുമാണ്. ഈ രണ്ട് സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ ആവശ്യമായ തോട്ടണ്ടി നൽകി 1000 ആളുകൾക്കെങ്കിലും പുതിയതായി ജോലി നൽകാൻ സാധിക്കത്തക്കവിധത്തിലുള്ള കാര്യങ്ങൾ വ്യവസായ വകുപ്പ് ഇടപെട്ട് ചെയ്തുവരുന്നുണ്ട്. കശുവണ്ടി മേഖലയിൽ അടച്ചുപൂട്ടപ്പെടുന്ന സ്വകാര്യ കമ്പനികളാണ് സർക്കാരിന് ഇന്ന് ഏറ്റവും വലിയ പ്രശ്നമായി നിൽക്കുന്നത്. അവർ കോടിക്കണക്കിന് രൂപ (ഏതാണ്ട് 500 കോടി രൂപയോളം) ബാങ്കുകളിൽനിന്ന് ലോണെടുത്ത് സാമ്പത്തിക ബുദ്ധിമുട്ടിലേയ്ക്ക് പോകുന്നുണ്ട്. അതുകൊണ്ട് നാഷണലൈസ്ഡ് ബാങ്കുകളുമായി സംസാരിച്ച് ഏതെങ്കിലും രൂപത്തിൽ കുറവ് ചെയ്തുനൽകാനും അവരെ സഹായിക്കാനും സാധിക്കുമോയെന്നുള്ളതിനെ സംബന്ധിച്ച് വിദഗ്ധമായ ഒരു പാക്കേജ് സംസ്ഥാന ഗവണ്മെന്റ് നടപ്പിലാക്കിയിട്ടുണ്ട്. മറ്റേതൊരു ഗവണ്മെന്റും ചെയ്യുന്നതിനേക്കാൾ കൂടുതൽ സ്വകാര്യ മുതലാളിമാരുടെ കടത്തിന്റെ പലിശയെങ്കിലും നൽകി അവരെ വ്യവസായത്തിലേയ്ക്ക് തിരികെ കൊണ്ടുവന്ന് സാധാരണ തൊഴിലാളികൾക്ക് ജോലി നൽകാൻ കഴിയുമോയെന്നതിനെ സംബന്ധിച്ച പാക്കേജും പരിശോധിക്കുന്നുണ്ട്. രണ്ട്

കോടി രൂപ വരെ വായ്പയെടുത്തിട്ടുള്ള ആളുകൾക്ക് മുതലിന്റെ 50 ശതമാനം അടച്ച് വ്യവസായത്തിലേയ്ക്ക് കടക്കാൻ സാധിക്കുമോ; രണ്ട് കോടി രൂപ മുതൽ പത്ത് കോടി രൂപ വരെ വായ്പയെടുത്ത ആളുകളുടെ 60 ശതമാനം തുക അടച്ച് അവരെ റെഗുലറൈസ് ചെയ്ത് ഈ വ്യവസായത്തിലേയ്ക്ക് തിരികെക്കൊണ്ടുവരാൻ സാധിക്കുമോ മുതലായ കാര്യങ്ങളെ സംബന്ധിച്ചും ഗവണ്മെന്റ് പ്രധാനമായും പരിശോധിക്കുന്നുണ്ട്. കേരളത്തിന് കേന്ദ്ര ഗവണ്മെന്റ് ലഭ്യമാക്കാനുള്ള 23,000 കോടി രൂപപോലും ലഭിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നതെന്ന് ഇന്ന് പത്രങ്ങളിലെല്ലാം വാർത്തയുണ്ട്. ആ സാഹചര്യത്തിലും ഇവിടെ കാഷ്യൂ ബോർഡിന് തോട്ടണ്ടി ഇറക്കുമതിക്കുവേണ്ടി 40.85 കോടി രൂപയും ബാങ്കിന്റെ കുടിശ്ശികയുമായി ബന്ധപ്പെട്ട് 30 കോടി രൂപയും നൽകിയിട്ടുള്ളതായാണ് അറിയുന്നത്. പരമ്പരാഗത വ്യവസായത്തെ നിലനിർത്തിക്കൊണ്ടുപോകുന്നത് ഇന്നത്തെ സാഹചര്യത്തിൽ വളരെയധികം ബുദ്ധിമുട്ടാണ്. അതെല്ലാം സഹിച്ച്, പരമാവധി സഹായം നൽകി ഗവണ്മെന്റ് ഇക്കാര്യങ്ങൾ ചെയ്യുന്നുണ്ടെന്നുള്ളത് മനസ്സിലാക്കണം. കാഷ്യൂ കോർപ്പറേഷനും കാപെക്സിനും കൂടി ആകെ 40 ഫാക്ടറികളാണുള്ളത്. ബാക്കി ബഹുഭൂരിപക്ഷവും സ്വകാര്യ മേഖലയിലുള്ള ഫാക്ടറികളാണ്. അവരുടെ

ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചും ലാഭനഷ്ടങ്ങൾക്കനുസരിച്ചുമാണ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ ചൂഷണം സംബന്ധിച്ച കാര്യംകൂടിയുണ്ട്. സ്വകാര്യ മേഖലയിൽ അത് വളരെ ശ്രദ്ധയിൽപ്പെടുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതുണ്ട്. കൊല്ലം ജില്ലയോട് ചേർന്നുകിടക്കുന്നതാണ് എന്റെ നിയോജകമണ്ഡലമായ വർക്കല. കൊല്ലം ജില്ലയിലുള്ളതുപോലെ ഫാക്ടറികൾ വർക്കലയിലില്ലെങ്കിലും 17 ഫാക്ടറികളുണ്ട്. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി തൊഴിലാളികളെ സഹായിക്കുന്ന പാക്കേജുകൾ പ്രഖ്യാപിക്കുന്നതിനും മുതലാളിമാരുടെ പലിശ ഉൾപ്പെടെയുള്ളവ ഏതെങ്കിലും രൂപത്തിൽ എഴുതിത്തള്ളുന്നതിനോ അല്ലെങ്കിൽ സർക്കാർ കൊടുത്തുതീർക്കുന്നതോ ഉൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടെന്ന കാര്യം ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ഖാദി-ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ

ഭാഗമായാണ് ഖാദി പ്രസ്ഥാനം രാജ്യത്താരംഭിച്ച് ശക്തി പ്രാപിച്ചതെന്ന് നമുക്കറിയാം. വിദേശ വസ്ത്രം ബഹിഷ്കരിക്കുന്നതോടൊപ്പം സ്വന്തമായി നൂൽ നൂൽക്കുകയും വസ്ത്രം നിർമ്മിച്ച് ധരിക്കുകയും ചെയ്യണമെന്ന് രാഷ്ട്രപിതാവുതന്നെ ആഹ്വാനം ചെയ്തു. ജനങ്ങൾ അതിനെ വളരെയേറെ മനസ്സിൽത്തട്ടി സ്വീകരിച്ചതിന്റെ ഭാഗമായാണ് ഖാദി പ്രസ്ഥാനം ശക്തിപ്പെട്ടത്. ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിൽ ഖാദി പ്രചാരണം ഔദ്യോഗികമായുള്ള അല്ലെങ്കിൽ സംഘടനാപരമായ ദൗത്യംതന്നെയായിരുന്നുവെന്ന് എല്ലാവർക്കുമറിയാം. ഇന്ന് ഖാദി പ്രസ്ഥാനത്തെ കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകൾ അവഗണിക്കുകയാണ്. അതിനെ ശാക്തീകരിക്കുന്നതിനുപകരം പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുകയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. പല പ്രശ്നങ്ങളാണ് ആ മേഖല നേരിടുന്നത്. കേരളത്തിലെ പ്രധാനപ്പെട്ട ഒരു വിഷയം പരുത്തിയുടെ ദുർലഭ്യമാണ്. നമ്മുടെ ആവശ്യത്തിനും സാദ്ധ്യതയ്ക്കുമനുസരിച്ച് പരുത്തിയുടെ ഉല്പാദനത്തോത് വർദ്ധിപ്പിക്കാൻ സാധിക്കുന്നില്ല. വിളവെടുപ്പുകാലത്ത് പരുത്തി സംഭരിക്കാനും സൂക്ഷിച്ചുവയ്ക്കാനും സാധിച്ചാൽ എല്ലാ സീസണിലും ഉല്പാദനം നടത്താൻ സാധിക്കും. ഉല്പാദനം വർദ്ധിപ്പിച്ചാൽ കേരളത്തിൽത്തന്നെ ഉല്പാദിപ്പിക്കുന്ന

നല്ലയിനം തുണികൾ വാങ്ങുന്നതിന് ആളുകളുണ്ടാകും. അതേസമയം, നമ്മൾ കളളഖാദിയെന്നുപോലും വിളിക്കുന്ന ഉല്പന്നങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് വ്യാപകമായി വരുന്നുണ്ട്. കേരളത്തിൽ ഗുണനിലവാരമുള്ള മെച്ചപ്പെട്ട ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുകയും അതുവഴി തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരം നൽകുകയും ചെയ്താൽ അതിനെ തടയാൻ സാധിക്കുന്നതാണ്. ഖാദി കമ്മീഷന്റെ സബ്സിഡിയില്ലെന്നത് ഈ മേഖല അനുഭവിക്കുന്ന വലിയ ഒരു പ്രശ്നം തന്നെയാണ്. ഇതിനായി സർക്കാർ കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തി സബ്സിഡി പുനഃസ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാന സർക്കാരുതന്നെ റിബേറ്റിനത്തിൽ കുടിശ്ശികയായി ഏതാണ്ട് 60 കോടിയിലധികം രൂപ നൽകാനുണ്ട്. ഖാദി മേഖലയെ പിടിച്ചുനിർത്താൻ ആവശ്യമായ പ്രൊഡക്ഷൻ ഇൻസെന്റീവ് കുറെക്കാലമായി നൽകുന്നില്ല. ഖാദി ബോർഡിലെ തൊഴിലാളികൾക്ക് ഒൻപത് മാസത്തെയും ബോർഡിതര തൊഴിലാളികൾക്ക് ഒരു വർഷത്തെയും സർക്കാരിന്റെ ഇൻകം സപ്പോർട്ട് സ്കീമിൽനിന്ന് നൽകാനുള്ള വേതനവും കുടിശ്ശികയായി നിലവിലുണ്ട്. ഖാദി മേഖല നിരവധി പ്രതിസന്ധികളും പ്രശ്നങ്ങളും നേരിടുകയാണ്. സാധാരണ തൊഴിലാളികളാണിവരെന്ന്

നമുക്കെല്ലാവർക്കുമറിയാം. ചെറിയ വേതനത്തിനാണ് ഇവർ പണിയെടുക്കുന്നത്. ആ തൊഴിലുപോലും ചെയ്യാൻ സാധിക്കാതെ, ചെയ്ത തൊഴിലിനുപോലും വേതനം ലഭിക്കുന്നില്ലെന്ന അവസ്ഥവരുന്നു. ഈ മേഖല അർദ്ധപട്ടിണിയിലാണെന്നതാണ് യാഥാർത്ഥ്യം. അതിന് പരിഹാരമുണ്ടാക്കാനും കൂടിശ്ശികയില്ലാതെ റിബേറ്റ് നൽകാനും സാധിക്കണം. കൃത്യസമയത്ത് ശമ്പളവും ആനുകൂല്യങ്ങളും കാലാനുസൃതമായി വർദ്ധിപ്പിച്ചുനൽകാനും സബ്സിഡി നിലനിർത്താനുമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. സദുദ്ദേശത്തോടുകൂടിയാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. കാരണം, 1957-ലെ കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് ആക്ടിന്റെ 6-ാം വകുപ്പ് 1(ബി)-യിൽ കുഷ്ഠരോഗം ബാധിച്ചവർക്കും ചെവികേൾക്കാനും സംസാരിക്കാനും കഴിയാത്തവർക്കും ബോർഡിൽ അംഗമാകുന്നതിന് അയോഗ്യതയുണ്ടായിരുന്നു. സുപ്രീംകോടതിയുടെ വിധിയെത്തുടർന്നും നിയമ പരിഷ്കരണ കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും അത്തരത്തിലുള്ള വ്യവസ്ഥകൾ മാറ്റുന്നതിനായാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. അതിനെ പിന്തുണയ്ക്കുമ്പോൾത്തന്നെ ഖാദി പ്രസ്ഥാനം നേരിടുന്ന, പ്രത്യേകിച്ച് തൊഴിലാളികൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾക്ക്

പരിഹാരമുണ്ടാക്കണം. അക്കാര്യത്തിൽ ഗവണ്മെന്റ് അടിയന്തര നടപടി സ്വീകരിക്കേണ്ടതുണ്ട്. തൊഴിലാളികളുടെ പ്രസ്ഥാനമാണ് ഖാദി. ഇതിലെ മാനേജ്മെന്റ് പലപ്പോഴും തൊഴിലാളിദ്രോഹ നടപടികളാണ് സ്വീകരിക്കുന്നത്. പയ്യന്നൂരിലെ ഖാദി ബോർഡ് ജീവനക്കാരി ശ്രീമതി നിഷ കെ. കെ.-യുടെ വേദനിക്കുന്ന കഥ അടുത്തകാലത്ത് പത്രമാധ്യമങ്ങളിലും ചാനലുകളിലുമൊക്കെ വന്നതാണ്. കൊല്ലം ചവറയിലെ നിഷയുടെ കഥ ഇന്നും സഭയിൽ പറയുകയും ഇതിനുമുമ്പ് ശ്രീ. പി. സി. വിഷ്ണുനാഥ് അടിയന്തരപ്രമേയമായി അവതരിപ്പിക്കുകയും ഇന്നത്തെ മാധ്യമങ്ങളിൽ നമ്മളത് വായിക്കുകയും ചെയ്തതാണ്. ആ യുവതിക്ക് ലഭിക്കുമായിരുന്ന ജോലി മനഃപൂർവ്വം വൈകിപ്പിച്ച്, 12 മണിക്കെങ്കിലും കൊടുക്കേണ്ട അറിയിപ്പ് 4 സെക്കന്റ് വൈകി നൽകിയ കാര്യം ഇന്ന് ശ്രീ. ഷാഫി പറമ്പിലും ചോദ്യോത്തരവേളയിൽ ഞാനും പറഞ്ഞതാണ്. അക്കാര്യത്തിൽ ഗവണ്മെന്റിന് വ്യക്തമായ മറുപടിയില്ല. ഇതാണ് കൊല്ലം ചവറയിലെ നിഷയുടെ അനുഭവമെങ്കിൽ പയ്യന്നൂരിലെ ശ്രീമതി നിഷ കെ. കെ. 07-05-2013 മുതൽ ഖാദി ബോർഡിൽ സെയിൽസ് അസിസ്റ്റന്റായി ജോലി ചെയ്തിരുന്നു. 15-04-2017 മുതൽ അവരുടെ ജോലി നിഷേധിച്ചു. ഗവണ്മെന്റ് മാറിയതുകൊണ്ടാകാം. ജോലി നിഷേധത്തെത്തുടർന്ന് ശ്രീമതി

നിഷ കെ. കെ. കണ്ണൂർ ലേബർ കോടതിയിൽ കേസ് കൊടുത്തു. ലേബർ കോടതി ഇരുഭാഗത്തെയും വാദങ്ങൾ കേട്ടിട്ട് 24-06-2017-ൽ അവർക്കുള്ള ആനുകൂല്യവും ജോലിയും കൊടുക്കാനുള്ള കോടതിയുടെ ഉത്തരവുണ്ടായി. സാധാരണഗതിയിൽ എന്താണ് ചെയ്യുന്നത്; തൊഴിലാളികളുടെ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കുംവേണ്ടി സമരം ചെയ്തിട്ടുള്ള പ്രസ്ഥാനം നിലപാട് സ്വീകരിക്കുന്നു, ചില ആളുകളുടെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് സർക്കാരും ഖാദി ബോർഡും അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുമ്പോൾ, ലേബർ കോടതിയുടെ ഉത്തരവ് അംഗീകരിച്ച് ആ തൊഴിലാളിക്ക് ആനുകൂല്യം കൊടുക്കുന്നതിനുപകരം അതിനെ ചലഞ്ച് ചെയ്ത് ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. ലേബർ കോടതിയുടെ ഉത്തരവിനെതിരെ ബോർഡ് കൊടുത്തിട്ടുള്ള അപ്പീൽ നിയമപരമായും വസ്തുതാപരമായും നിലനിൽക്കുന്നതല്ലെന്നുപറഞ്ഞ് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ കോപ്പിയാണ് എന്റെ കയ്യിലുള്ളത്. വളരെ വ്യക്തമായി പറഞ്ഞിട്ടുള്ള ഉത്തരവായതുകൊണ്ട് അത് വായിക്കേണ്ട ആവശ്യമില്ല. ആ ഉത്തരവ് നടപ്പിലാക്കുന്നതിനും ഖാദി ബോർഡ് തയ്യാറായിട്ടില്ല. 07-07-2022-ലാണ് ഹൈക്കോടതി ഉത്തരവ് വന്നത്. ആ ജീവനക്കാരി മുട്ടാത്ത വാതിലുകളില്ല. അതുകൊണ്ടാണ് അവർ ഈ കഥ മാധ്യമങ്ങളുടെ മുന്നിൽ

പറഞ്ഞിട്ടുള്ളത്. ഞങ്ങളുടെയെല്ലാം സുഹൃത്തും ഖാദി ബോർഡ് വൈസ് ചെയർമാനുമായ ശ്രീ. പി. ജയരാജനോടും ആ ജീവനക്കാരി സംസാരിച്ചപ്പോൾ പണമില്ലെന്ന് പറഞ്ഞു. അദ്ദേഹവുമായി സംസാരിച്ച കാര്യവും രാഷ്ട്രീയം ഉൾപ്പെടെ പറഞ്ഞുകൊണ്ട് ആ യുവതി പ്രതികരിച്ചതും മാധ്യമങ്ങളോട് തുറന്നുപറഞ്ഞതും ചാനലിലൂടെ ഞാൻ കാണാനിടയായി. നിന്നെ എനിക്കറിയാം എന്നുപറഞ്ഞുകൊണ്ടാണ് അവർ പ്രതികരിച്ചത്. മാധ്യമങ്ങളും വൈസ് ചെയർമാനോട് ചോദിച്ചു. അദ്ദേഹം, പുതിയ കാറിന്റെ താക്കോൽ വാങ്ങുന്ന ഫോട്ടോ ഇന്നത്തെ പത്രത്തിലുണ്ട്. കാർ വാങ്ങരുതെന്ന് പറയുന്നില്ല; പക്ഷെ, ലേബർ കോടതിയുടെ വിധിയുണ്ടായിട്ടും ആ വിധിക്കെതിരെ ഖാദി ബോർഡ് ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത് പരാജയപ്പെട്ടിട്ടും അവരുടെ ആനുകൂല്യം കൊടുക്കാനും കോടതി ഉത്തരവ് നടപ്പിലാക്കാനും വൈമനസ്യം കാണിക്കുകയും അവരോട് മോശമായ രീതിയിൽ വെല്ലുവിളിയുടെ ഭാഷയിൽ സംസാരിക്കുകയും ചെയ്യുകയാണ്. മാധ്യമങ്ങൾ വൈസ് ചെയർമാനോട് ചോദിച്ചപ്പോൾ, ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ സെക്കന്റ് അപ്പീലുമായി പോകുമെന്നാണ് പറഞ്ഞിട്ടുള്ളത്. നിയമവ്യവസ്ഥയനുസരിച്ച് സുപ്രീംകോടതിയിൽ പോകാം. കാരണം, ഖാദി ബോർഡിനില്ലാത്ത

പണമാണ് മുടക്കുന്നത്. ആ ജീവനക്കാരിക്ക് കേവലം മൂന്നര ലക്ഷം രൂപ മാത്രമാണ് കൊടുക്കാനുള്ളത്. സാധാരണക്കാരുടെ അവകാശങ്ങളും നിയമവാഴ്ചയും ഇല്ലാതാക്കുന്നതിനും കേസുകൾ നടത്തുന്നതിനുമായി സുപ്രീംകോടതിയിലെ വക്കീലന്മാർക്ക് കോടിക്കണക്കിന് രൂപ കൊടുത്താണ് ചില കേസുകൾക്കുവേണ്ടി സർക്കാർ അവരെ കൊണ്ടുപോകുന്നത്. കേരളത്തിൽ എത്രയോ പ്രഗത്ഭരായ വക്കീലന്മാരും അഡ്വക്കേറ്റ് ജനറലും ഗവണ്മെന്റ് പ്ലീഡർമാരുമെല്ലാമുള്ളപ്പോഴും സുപ്രീംകോടതിയിലെ വക്കീലന്മാരെ കൊണ്ടുവന്ന് കേസ് നടത്തുന്ന ഗവണ്മെന്റാണിത്. അത്തരത്തിലുള്ള ദുർവാശി ഉപേക്ഷിച്ചുകൊണ്ട് സാധാരണ ഒരു സ്ത്രീതൊഴിലാളിയുടെ ആവശ്യവും അവകാശവും ന്യായയുക്തമാണെന്ന കോടതിയുടെ കണ്ടെത്തൽ അംഗീകരിച്ച് നടപ്പിലാക്കാൻ ഗവണ്മെന്റ് മുൻകയ്യെടുക്കണം. 'She'-യോടൊപ്പം 'He'-കൂടി ഉൾപ്പെടുത്തിയതിന്റെ എല്ലാ മഹത്വവും അംഗീകരിച്ചുകൊണ്ടും എല്ലാ നന്ദിയും അറിയിച്ചുകൊണ്ടും പ്രസ്തുത പ്രശ്നത്തിന് ഗവണ്മെന്റ് നടപടി സ്വീകരിക്കുമെന്ന പ്രതീക്ഷയിൽ ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ഖാദി-ഗ്രാമ വ്യവസായ ബോർഡ്

(ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഞാൻ വിഷയത്തിലേയ്ക്ക് വരുന്നതിനുമുമ്പ് എന്റെയൊരു സംശയം ഉന്നയിക്കാൻ ആഗ്രഹിക്കുകയാണ്. 15-ാം കേരള നിയമസഭയുടെ 7-ാം സമ്മേളനം ശ്രദ്ധിക്കപ്പെടുന്നത്, പാനൽ ഓഫ് ചെയർമാന്മാരെല്ലാം അങ്ങ് (ശ്രീമതി സി. കെ. ആശ) ഉൾപ്പെടെ വനിതകളാണ് എന്നുള്ളതാണ്. കാലങ്ങളായി ഇവിടെ 'സർ' എന്ന് ചെയറിനെ അഭിസംബോധന ചെയ്താണ് പ്രസംഗിക്കുക. സ്വാഭാവികമായും ചെയറിൽ വനിതകൾ വരുമ്പോൾ 'മാഡം' എന്ന് അഭിസംബോധന ചെയ്ത് സംസാരിക്കണ്ടേ എന്നാണ് എന്റെ സംശയം. അതിനെക്കുറിച്ച് ആധികാരികമായി ആർക്കെങ്കിലും അറിയാമെങ്കിൽ വ്യക്തത വരുത്തിയാൽ നന്നായിരുന്നു. ഇല്ലെങ്കിൽ ഞാൻ എന്റെ പരിജ്ഞാനം വച്ച് 'മാഡം' എന്ന് അഭിസംബോധന ചെയ്ത് സംസാരിക്കാനാഗ്രഹിക്കുകയാണ്. അതിൽ തെറ്റില്ലെന്ന് കരുതുന്നു.

<u>ചെയർപേഴ്സൺ</u>: 'ചെയർ' എന്ന് അഭിസംബോധന ചെയ്യാം.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഭാവിയിൽ 'ചെയർ' അതിനൊരു റൂളിംഗ് നൽകുമെന്ന് പ്രതീക്ഷിക്കുന്നു. ഞാൻ എന്റെ വിഷയത്തിലേയ്ക്ക് വരികയാണ്.

ശ്രീമതി കെ. കെ. രമ: 'സർ', 'മാഡം' എന്നീ രണ്ട് വാക്കുകളും ഒഴിവാക്കി 'ബഹുമാനപ്പെട്ട സ്പീക്കർ' അല്ലെങ്കിൽ 'ചെയർ' എന്ന് അഭിസംബോധന ചെയ്ത് സംസാരിക്കുന്നതാണ് നല്ലത്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ചെയറിനെയാണ് അഡ്രസ് ചെയ്യേണ്ടത്. 'സർ' എന്നുള്ളത് പുല്ലിംഗമാണെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്.

ചെയർപേഴ്സൺ: അതിലൊരു തർക്കം വേണ്ട. അതിന് പിന്നീടൊരു റൂളിംഗുണ്ടാകും. ഇപ്പോൾ 'ചെയർ' എന്ന് അഡ്രസ് ചെയ്യുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: ബഹുമാനപ്പെട്ട ചെയർ, നമ്മുടെ നാട്ടിലെ വളരെ പ്രധാനപ്പെട്ട മേഖലയായ ഖാദിക്ക് ഇന്ത്യൻ ദേശീയതയുമായി ഏറെ ബന്ധമുണ്ട്. അതിന്റെ വിശദാംശങ്ങളൊക്കെ അറിയാവുന്നതുകൊണ്ട് അതിലേയ്ക്കൊന്നും പോകാൻ ഞാൻ ഈ സമയം വിനിയോഗിക്കുന്നില്ല. ഇവിടെ ഈ ബിൽ ചർച്ച ചെയ്യുമ്പോൾ പ്രസക്തമായ ചില കാര്യങ്ങളുണ്ട്. ഭേദഗതിക്കുള്ള സാധ്യത വളരെ ചെറിയ കാര്യമാണ്. ഇവിടെ പരാമർശിച്ചതുപോലെ കുഷ്ഠരോഗികൾക്കും ബധിരർക്കും ബോർഡിലേയ്ക്ക് വരുന്നതിനുള്ള നിയമതടസ്സം നീക്കുക എന്നുള്ളത് സ്വാഗതാർഹവും സാമൂഹ്യനീതി മുൻനിർത്തിയുള്ളതുമായ ഭേദഗതിയാണ്.

അതിന് ഉപോദ്ബലകമായി സുപ്രീംകോടതി വിധിയുൾപ്പെടെയുള്ള കാര്യങ്ങളുണ്ട്, അത് സ്വാഗതാർഹമാണ്. പരമ്പരാഗത വ്യവസായ മേഖലയോടും പരമ്പരാഗത തൊഴിൽ മേഖലയോടുമുള്ള ഒരു സമീപനംകൂടി ഇതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യപ്പെടേണ്ടതല്ലേ എന്ന സംശയം ഞാൻ ഉന്നയിക്കുകയാണ്. ഈ മേഖലയിൽ വളരെ പ്രതിബദ്ധതാപൂർവ്വമായ നിലപാടുകളും നയങ്ങളും പ്രവർത്തനപരിപാടികളും ഈ ഗവണ്മെന്റ് നടപ്പിലാക്കുന്നതിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അതിന്റെ ഒരു ഉണർവ് ഖാദി-ഗ്രാമ വ്യവസായ മേഖലകളിലെല്ലാമുണ്ടായിട്ടുണ്ട്. അവരുടെ വില്പന വർദ്ധനവുൾപ്പെടെയുള്ള അല്ലെങ്കിൽ പ്രവർത്തന വിപുലത ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചാൽ കാണാൻ കഴിയും. ചുരുക്കം ചില പ്രത്യേക കാര്യങ്ങളെടുത്തുകാണിച്ച് അതിന്റെ മെരിറ്റും ഡീ-മെരിറ്റും ചർച്ച ചെയ്യാതെ ഈ മേഖലയാകെ കുഴപ്പമാണ് അല്ലെങ്കിൽ അവഗണിക്കപ്പെടുന്നുവെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം തെറ്റാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് പ്രതിപക്ഷത്തുനിന്നും സംസാരിച്ച പല അംഗങ്ങളും വളർച്ചയെ കാണാതെ തെറ്റായി ചിത്രീകരിക്കുന്ന സമീപനം കാണുകയുണ്ടായി. ചുരുങ്ങിയ കാലംകൊണ്ട് വ്യാവസായിക മേഖലയിലും

പരമ്പരാഗത വ്യവസായ മേഖലയിലും ആധുനിക വ്യവസായ മേഖലയിലും വലിയ മുന്നേറ്റം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ഒരു സാമ്പത്തിക വർഷം ഒരുലക്ഷം സംരംഭങ്ങൾ പുതുതായി ആരംഭിക്കാനുള്ള ചലഞ്ചിംഗായ കാര്യം ഏറ്റെടുക്കാൻ വ്യവസായ വകുപ്പ് മുന്നോട്ടുവന്നു. ഏഴെട്ട് മാസംകൊണ്ട് അതിൽ 90 ശതമാനത്തോളം ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി മാനദണ്ഡപ്രകാരം കേരളം ഒട്ടേറെ മുന്നോട്ടുവരികയും വ്യവസായ സൗഹൃദമാണെന്ന് പരക്കെ അംഗീകരിക്കപ്പെടുകയും ചെയ്ത സാഹചര്യമുണ്ട്. ഖാദി, കയർ, തഴപ്പായ, മൺപാത്രം തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നയം സ്വീകരിക്കുന്ന ഒരു ഗവണ്മെന്റ് ഈ സംസ്ഥാനം ഭരിക്കുന്നുണ്ടെന്നുള്ളത് പ്രതീക്ഷയോടെയും വലിയൊരു ശുഭാപ്തിവിശ്വാസത്തോടെയും കാണാൻ കഴിയുന്ന കാര്യമാണ്. കേന്ദ്ര സർക്കാർ കൃത്തകവൽക്കരണത്തെ എല്ലാ അർത്ഥത്തിലും ഏറ്റെടുക്കുകയും പരമ്പരാഗത വ്യവസായങ്ങൾ ഉൾപ്പെടെയുള്ളവയെ തളളിക്കളയുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ട്. പ്രത്യേകിച്ച് കൃഷിയുമായി ഒരു ബന്ധം വരുന്നുണ്ടെന്നുള്ളത്

എടുത്തുകാണിക്കാൻ ആഗ്രഹിക്കുകയാണ്. കാർഷിക മേഖല കനത്ത തകർച്ചയിലാണ്. ഞാൻ രാവിലെ ഇവിടെ റബ്ബർ മേഖലയുമായി ബന്ധപ്പെട്ട് അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിൽ ചൂണ്ടിക്കാണിച്ചപോലെ കാർഷിക മേഖലയിൽ വലിയ തളർച്ചയാണുണ്ടാകുന്നത്. അതായത്, ഉൽപ്പന്നങ്ങളുടെ വിലത്തകർച്ച, പ്രകൃതിദുരന്തങ്ങൾ മൂലമുണ്ടാകുന്നതും അല്ലാത്തതുമായ വിളനാശങ്ങൾ, കാലാവസ്ഥാ വ്യതിയാനം, അമിതമായ ഉൽപ്പാദനച്ചെലവ്, വളത്തിന്റെയും മറ്റ് ബന്ധപ്പെട്ട ഉൽപ്പാദന ഉപാധികളുടെയും അമിതമായ വിലക്കയറ്റം ഉൾപ്പെടെ കാർഷിക മേഖല വലിയ തകർച്ച നേരിടുകയാണ്. പരുത്തി കൃഷി കേരളത്തിൽ കുറവാണെങ്കിലും ഖാദി മേഖലയിലൂടെ കാർഷിക മേഖലയ്ക്ക് ആശ്വാസകരമായ നടപടികളെടുത്ത് മുന്നോട്ടുപോകാൻ കഴിയുന്നതാണ്. അതുപോലെ ഖാദി ബോർഡിനുകീഴിൽ തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നത് തീർച്ചയായും കർഷകർക്ക് ആശ്വാസകരമാണ്, പ്രത്യേകിച്ച് ഞാൻ പ്രതീനിധികരിക്കുന്ന റബ്ബർ മേഖലയിൽ. റബ്ബറിന്റെ ഇടവിളയായി തേനീച്ച കൃഷി വ്യാപകമായി നടന്നുവരുന്നുണ്ട്. ഒരുപരിധിവരെ നല്ല നിലയിൽ കൊണ്ടുപോകാൻ കഴിയുന്ന ഒന്നാണത്. തേൻ ഗ്രാമം പദ്ധതി പോലെ ഖാദി ബോർഡിന്റെ നേതൃത്വത്തിൽ വ്യാപകമായി തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്ന

പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്. അതെല്ലാം ഖാദി മേഖലയിൽ വലിയ ഉണർവ് ഈ ഗവണ്മെന്റിന്റെ നയങ്ങൾക്കനുസൃതമായി ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്.

ഇപ്പോൾ കേരള ഖാദി എന്ന പേരിൽ ഹാൻഡ്ലൂമിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തിലും വിൽപ്പനയിലും വലിയ ഉണർവ് സൃഷ്ടിക്കുന്ന രീതിയിലുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെ ഖാദി പഴയ ഖാദിയല്ല എന്ന പേരിൽ വസ്ത്ര വിപണന-ഉൽപ്പാദന രംഗത്ത് ആധുനികവൽക്കരണത്തിന്റെ എല്ലാ നല്ല വശങ്ങളും ഈ ഇൻഡസ്ട്രിയോട് കൂട്ടിച്ചേർക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടെന്നുള്ളതും എടുത്ത് പറയാനാഗ്രഹിക്കുകയാണ്. ഏറ്റവും ഒടുവിലായി, ഡോക്ടർമാർ ഉപേയാഗിക്കുന്ന കോട്ട് ഖാദിയാക്കണമെന്നുള്ള നിർദ്ദേശവുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അതുപോലെ പോലീസുകാരുടെ യൂണിഫോമും ഖാദിയാക്കണമെന്നുള്ള നിർദ്ദേശം ഗവണ്മെന്റിന്റെ മുൻപാകെ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അതിനൊക്കെ സാധിക്കുന്ന രീതിയിൽ ഖാദി വസ്ത്രങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുണ്ട്. ആ നിലയിലുള്ള നവീനവൽക്കരണം ഖാദി രംഗത്ത് നടപ്പിലാക്കാൻ സംസ്ഥാന ഖാദി ബോർഡിന്റെ നേതൃത്വത്തിലും സംസ്ഥാന വ്യവസായ

വകുപ്പിന്റെ കീഴിലും നടപടികൾ നടക്കുന്നുണ്ടെന്നുള്ളത് മാതൃകാപരവും ശ്ലാഘനീയവുമാണെന്ന് എടുത്തുപറയാൻ ഞാനാഗ്രഹിക്കുകയാണ്. അത്തരം നല്ല പ്രവർത്തനങ്ങൾക്കെല്ലാം ഊർജ്ജം പകരുന്നതാണ് ഈ ഭേദഗതി. കാരണം, സാമൂഹ്യപ്രതിബദ്ധതയുടെ ഉദാത്ത മാതൃക സൃഷ്ടിക്കാൻ പര്യാപ്തമായ വിധത്തിൽ ഈ ഭേദഗതി കൊണ്ടുവരുന്നത് ഖാദി വ്യവസായത്തിന്റെ വിപുലമായ പ്രവർത്തനത്തിന് ഉപകരിക്കും എന്നതുകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. നല്ലനിലയിൽ ഈ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്ന സാഹചര്യത്തെ കൂടുതൽ ഉദ്ദീപിപ്പിക്കാൻ ഈ ഭേദഗതി ഉപകരിക്കട്ടെയെന്ന് സൂചിപ്പിക്കുന്നു. കാർഷിക മേഖലയ്ക്ക് പ്രത്യേകിച്ച് അനുബന്ധ കാർഷിക പ്രവർത്തനങ്ങൾക്കുകൂടി കൂടുതൽ ഊന്നൽനൽകാനും അതുവഴി അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികൾക്കും കർഷകർക്കും കൂടുതൽ പ്രയോജനം സിദ്ധിക്കാനും ഈ ഭേദഗതി ഉപകരിക്കും. ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ പരമ്പരാഗത തൊഴിൽ മേഖലകൾ, പരമ്പരാഗത നിർമ്മാണ മേഖലകളെയെല്ലാം ആകെ പരിരക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന കാഴ്ചപ്പാടുകൂടി ഇതിൽ പ്രതിഫലിക്കുന്നുണ്ടെന്നുള്ളതുകൂടി സൂചിപ്പിച്ചുകൊണ്ട് എല്ലാ പിന്തുണയും അറിയിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ; ഇവിടെ രണ്ട് ബില്ലുകളെക്കുറിച്ചും നല്ല രീതിയിലുള്ള ചർച്ചയ്ക്കാണ് സഭ സാക്ഷ്യം വഹിച്ചത്. കഴിഞ്ഞ ദിവസത്തെപ്പോലെ വളരെ എളുപ്പത്തിൽ ചർച്ച കഴിയുമെന്നാണ് പ്രതീക്ഷിച്ചത്. ശ്രീ. എ. കെ. എം. അഷ്റഫ് സംസാരിച്ച കൂട്ടത്തിൽ കാസർഗോഡ് കശുവണ്ടി പ്ലാന്റേഷനെ സംബന്ധിച്ച് പറഞ്ഞതുമാത്രമാണ് എന്റെ വകുപ്പുമായി ബന്ധപ്പെട്ടത്. ബാക്കിയെല്ലാം ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ടവയാണ്. പിന്നെ ഹിമാചൽപ്രദേശിന്റെ കാര്യമാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. അവിടെ ബി.ജെ.പി. പരാജയപ്പെടുകയും കോൺഗ്രസിന് കൂടുതൽ സീറ്റ് ലഭിക്കുകയും ചെയ്തു. കൂടുതലായി ലഭിച്ച സീറ്റുകൾ ഉറപ്പിച്ചുനിർത്താനുള്ള പണി നോക്കണം. മറ്റ് സംസ്ഥാനങ്ങളെപ്പോലെ ആകാതിരിക്കാൻ ആരെങ്കിലും ഇവിടെനിന്ന് ചാർജ്ജെടുത്ത് അങ്ങോട്ടുപോകുന്നത് നന്നായിരിക്കും, അതാണ് ശ്രീ. എ. കെ എം. അഷ്റഫ് പറഞ്ഞത്. ഗുജറാത്തിന്റെ ചാർജ്ജ് കൊടുത്ത ആളിനെ ഇവിടെ കാണാനുമില്ല.

ബഹുമാന്യനായ ശ്രീ. സണ്ണി ജോസഫ് ശ്രീമതി നിഷയുടെ കാര്യം പറഞ്ഞു. അങ്ങ് ഇക്കാര്യത്തിന്റെ രണ്ട് വശവും കാണാൻ ശ്രമിക്കണം. ഒന്ന്, നിഷയെ നിയമിക്കുന്നതിനുമുൻപ് അവിടെ ഉണ്ടായിരുന്നയാളിനെ നിങ്ങൾ

പിരിച്ചുവിട്ടു, പകരം നിഷയെ നിയമിച്ചു. കുറെ നാൾ കഴിഞ്ഞ് ഗവണ്മെന്റ് മാറിയപ്പോൾ നിഷയെ പിരിച്ചുവിട്ട് മറ്റൊരാളെ നിയമിച്ചു. പക്ഷേ ഒരു കാര്യം ശ്രദ്ധിക്കണം, ചരിത്രം ഒരുഘട്ടത്തിൽനിന്ന് ആരംഭിക്കുയല്ല ചെയ്യുന്നത്. അത് ശരിയാണോ; അത് വേണമോയെന്ന് നമുക്ക് കൂട്ടായി തീരുമാനിക്കാം. അവർക്ക് തുക കൊടുക്കുന്നത് സംബന്ധിച്ച് അങ്ങ് നേരിട്ട് കണ്ട് പറഞ്ഞിരുന്നുവെങ്കിൽ ആ വസ്തുത നേരത്തെതന്നെ പറയാമായിരുന്നു. ആ സമയം നമുക്ക് മറ്റുകാര്യങ്ങൾ പറയാൻ വിനിയോഗിക്കാമായിരുന്നു. 3,37,147/- രൂപയുടെ ഡി.ഡി. എടുത്തിട്ടുണ്ട്. അത് കോടതിവഴി തന്നെ കൊടുക്കുന്നതായിരിക്കും. ഒരു കോടതി വിധിവന്നാൽ അക്കാര്യത്തിൽ ഗവണ്മെന്റിന് വ്യത്യസ്ത അഭിപ്രായമില്ല. കോടതി മുഖേന നൽകാം, അതിനൊരു നടപടിക്രമമുണ്ടല്ലോ, അപ്രകാരം മാത്രമേ നൽകാൻ പാടുള്ളൂ, അല്ലെങ്കിൽ ഇവിടെ വച്ചുതന്നെ എം.എൽ.എ.-യെയുംകൂടി ഉൾപ്പെടുത്തി ഒരു ഫോട്ടോയെടുത്ത് തുക കൈമാറാമായിരുന്നു. അത് സാധിക്കാത്തതിനാലാണ് ഇങ്ങനെ ചെയ്യുന്നത്. ഖാദി മേഖലയിൽ അദ്ദേഹം പറഞ്ഞ കുറെ കാര്യങ്ങൾ പ്രസക്തമാണ്. കോൺഗ്രസ് ഖാദിയെ നന്നായി പ്രോത്സാഹിപ്പിക്കുന്നവരാണ്. പക്ഷേ ചെറുപ്പക്കാരായ എം.എൽ.എ.-മാർ ഖാദി വസ്ത്രം ധരിക്കുന്നില്ലെന്ന പ്രശ്നം അങ്ങ് ശ്രദ്ധിക്കണം. അവരെയെല്ലാം

ഖാദി ധരിപ്പിക്കുന്നതിന് പ്രത്യേകമായ സ്കീം ബഹുമാന്യരായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും എന്റെ സുഹൃത്ത് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-വും നേതൃത്വം നൽകി തയ്യാറാക്കണം. അവർ എപ്പോഴും ഖാദി ധരിക്കുന്നവരാണ്. ഡോ. ശശി തരൂർ ഖാദി വസ്ത്രം ധരിക്കുന്നത് അധികം കണ്ടിട്ടില്ല, അദ്ദേഹത്തിന്റെ അനുയായികൾ ആയതുകൊണ്ടാണോ ചെറുപ്പക്കാർ ഖാദി ധരിക്കാത്തതെന്ന് എനിക്കറിയില്ല. എന്തായാലും ഗവണ്മെന്റിന്റെ തീരുമാനം എല്ലാ ബുധനാഴ്ചകളിലും സർക്കാർ ഉദ്യോഗസ്ഥരും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരും ഖാദി ധരിക്കണമെന്നുള്ളതാണ്. ഖാദി മേഖലയിൽ പോസിറ്റീവായ മാറ്റംവന്നിട്ടുണ്ട്. ഖാദി മേഖലയിൽ ഈ വർഷത്തെ വിറ്റുവരവ് വളരെ മികവാർന്ന രീതിയിൽത്തന്നെ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ കുറെ പ്രതിസന്ധിയുണ്ടായിരുന്നു. ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നുവെങ്കിലും ഈ വർഷം ഒക്ടോബർ 31 വരെ 41.50 കോടി രൂപയുടെ വിൽപ്പനയുണ്ടായിട്ടുണ്ട്. 100 കോടി രൂപയുടെ റെക്കോർഡ് വിൽപ്പനയിലേയ്ക്ക് എത്തിക്കാൻ കഴിയുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്. അതിനുള്ള മികച്ച പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. അങ്ങ് പറഞ്ഞതിൽ കുറച്ച് പ്രശ്നങ്ങളുണ്ട്. അസംസ്കൃത വസ്തുവിന്റെ

വിലക്കയറ്റമെന്നത് ഗൗരവതരമായി നേരിടുന്നുണ്ട്. കേന്ദ്ര സർക്കാരിൽനിന്നുള്ള സഹായത്തിന്റെ കാര്യം അങ്ങ് പറഞ്ഞത് ശരിയാണ്, ചില തെറ്റായ സമീപനം വരുന്നുണ്ട്. ഇൻകം സപ്പോർട്ട് സ്കീമിനത്തിൽ തുകയൊന്നും കൊടുത്തിട്ടില്ലെന്ന് സൂചിപ്പിച്ചത് അങ്ങേയ്ക്ക് ലഭിച്ചിട്ടുള്ള തെറ്റായ വിവരമാണ്. ഇതുവരെ 15 കോടി രൂപ അനുവദിച്ചത് പൂർണ്ണമായും കൊടുത്തുകഴിഞ്ഞു, എന്നാൽ പ്രൊഡക്ഷൻ വർദ്ധിക്കുന്നതിനനുസരിച്ച് കൊടുക്കാൻ ബാക്കിയുണ്ട്. ഒന്നും കൊടുത്തിട്ടില്ലെന്ന് പറയുന്നത് ശരിയല്ല, എന്നാൽ കൊടുക്കാൻ ബാക്കിയുണ്ടെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. ഖാദി മേഖലയുടെ നവീകരണമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതുമായി ബന്ധപ്പെട്ട് ഐ.ഐ.ടി. ഒരു പഠനം നടത്തിയിട്ടുണ്ട്. ഖാദിയുടെ തനിമ നിലനിർത്തിക്കൊണ്ടുതന്നെ വൈദ്യുതി ഉപയോഗിക്കാതെ ആയാസം കുറച്ച് ഖാദി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നൊരു സംവിധാനം 'ഹരിത ഖാദി' എന്ന പേരിൽ കേന്ദ്രസർക്കാർ നടപ്പിലാക്കുന്നുണ്ട്. അത്തരം കാര്യങ്ങൾ സംസ്ഥാനത്തും പ്രായോഗികമാക്കി ഖാദി മേഖലയെ എങ്ങനെ നവീകരിക്കാൻ സാധിക്കുമെന്ന് ആലോചിക്കണം. ഖാദി വാങ്ങുമ്പോഴുള്ള പ്രശ്നങ്ങൾ നിരവധിയാണ്. തയ്ക്കുന്നതിന്റെ പരിമിതി, അലക്കാനുള്ള ബുദ്ധിമുട്ട്, ഇടയ്ക്ക് ചുരുങ്ങുമ്പോൾ ആൾട്ടർ ചെയ്യേണ്ടിവരും എന്നിവയാണ്. അതിനായി

പല സ്ഥലങ്ങളിൽ പോകാൻ സാധിക്കുകയില്ല. ഇപ്പോൾ ഖാദി ഷോപ്പിനോട് ചേർന്ന് ഡിസൈനർമാരുടെ സേവനം ലഭ്യമാണ്. കല്യാണാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്ന ഖാദി സിൽക്ക് സാരികളുണ്ട്. പുരുഷന്മാർക്കും സ്ത്രീകൾക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലുള്ള നല്ല ഖാദി ഉൽപ്പന്നങ്ങളുണ്ട്. വസ്ത്രങ്ങൾ ഡിസൈൻ ചെയ്യുന്നതിനായി പരിചയസമ്പന്നരായവരെയും ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടുകളിൽനിന്നും പാസ്സായ വിദ്യാർത്ഥികളെ ഇന്റേൺഷിപ്പായും ട്രെയിനികളായും നിയമിക്കുന്നുണ്ട്. കൂടാതെ ഖാദി വസ്ത്രങ്ങൾ കഴുകാനുള്ള സൗകര്യവും ഷോപ്പിനോട് ചേർന്നുതന്നെ ഒരുക്കിക്കൊടുക്കുന്നുണ്ട്. അവർ വസ്ത്രങ്ങൾ കളക്ട് ചെയ്ത് കഴുകി വൃത്തിയാക്കി നൽകും. അതുപോലെ ചുരുങ്ങുമ്പോൾ ആൾട്ടർ ചെയ്യാനുള്ള സംവിധാനവും ഇപ്പോൾ ഖാദി ഷോപ്പിനോട് ചേർന്ന് ഒരുക്കിയിട്ടുണ്ട്. എല്ലാം ഒറ്റ കേന്ദ്രത്തിലൂടെ ലഭ്യമാകും എന്ന നിലയിലേയ്ക്ക് മാറിയിട്ടുണ്ട്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഖാദി രംഗത്തെ കാര്യങ്ങൾ പറയുമ്പോൾ പ്രത്യേകമായി ശ്രദ്ധിക്കാനുള്ള ഒരു കാര്യത്തെക്കുറിച്ച് ഞാൻ നേരത്തെ തന്നെ ഒരു കത്ത് നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ പയ്യന്നൂർ

ഖാദി മേഖലയുടെ കീഴിൽ സ്ത്രീകൾമാത്രം ജോലിചെയ്യുന്ന നിരവധി നൂൽനൂൽപ്പ് കേന്ദ്രങ്ങൾ പലതും മേൽക്കൂരയുൾപ്പെടെ തകർന്ന് ജോലിചെയ്യാൻ സാധിക്കാത്ത അവസ്ഥയിലാണ് നിലനിൽക്കുന്നത്. അത്തരം കേന്ദ്രങ്ങളെ പുനരുദ്ധരിക്കാനും ആവശ്യമായ മെയിന്റനൻസ് നടത്താനുമുള്ള സംവിധാനം ഏർപ്പെടുത്താൻ സാധിക്കുമോ?

ശ്രീ. അൻവർ സാദത്ത്: സർ, എല്ലാ ഖാദി ഉൽപ്പന്നങ്ങൾക്കും റിബേറ്റ് നൽകാത്ത സാഹചര്യം നിലനിൽക്കുകയാണ്. മുമ്പ് എല്ലാ കടകളിലും ഏത് തുണിയെടുത്താലും റിബേറ്റ് ലഭിക്കുമായിരുന്നു. പക്ഷെ കുറേ നാളുകളായി ചില ഖാദി ഉൽപ്പന്നങ്ങൾക്ക് റിബേറ്റ് ലഭിക്കുന്നില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ റിബേറ്റ് നൽകുന്നുണ്ട്. ഇതിൽ ഇടപെട്ട് എല്ലാ ഖാദി ഉൽപ്പന്നങ്ങൾക്കും റിബേറ്റ് നൽകുന്ന വിഷയം എങ്ങനെ പരിഗണിക്കാൻ സാധിക്കുമെന്ന് ആലോചിക്കണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഖാദി പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കാൻ കേന്ദ്രസർക്കാർ വൈമുഖ്യം കാണിക്കുന്നുണ്ട്. യഥാർത്ഥ ഖാദിയിൽ ദേശീയപതാക നിർമ്മിച്ചുനൽകാമെന്ന് കേരള ഖാദി ബോർഡ് പറഞ്ഞുവെങ്കിലും കേന്ദ്രസർക്കാർ അത് സ്വീകരിച്ചില്ല. ഖാദി ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി ഏറ്റവും വ്യാപകമായിട്ടുള്ളതാണ്.

അതിനെ പ്രോൽസാഹിപ്പിക്കേണ്ടവരും സഹായിക്കേണ്ടവരും കാണിക്കുന്ന വിമുഖതമൂലം ആധുനികവൽക്കരണത്തിന്റെ ഭാഗമായിട്ടുള്ള സഞ്ചാരം പല തടസ്സങ്ങളും നേരിടുകയാണ്. ഖാദിയെ ജീവനുതുല്യം സ്നേഹിക്കുന്ന ഒരുപാട് വ്യക്തികളുണ്ട്. ഈയടുത്ത കാലത്ത് പ്രഖ്യാപിച്ച ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽവന്നിട്ടുണ്ടാകും. മെഡിക്കൽ ഓഫീസർമാർക്ക് ഖാദിയുടെ വെള്ള കോട്ട് വിതരണം ചെയ്യാൻ തീരുമാനിച്ചു. ആധുനികവൽക്കരണത്തിന്റെ ഭാഗമായി പലരും അത് സ്വീകരിച്ചിട്ടുണ്ട്. അതിനെ പ്രോൽസാഹിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കണം. കണ്ണൂർ ജില്ലയിലെ ഖാദി തൊഴിലാളി പ്രസ്ഥാനത്തിന്റെ നിവേദനങ്ങൾ ഈയടുത്ത കാലത്ത് അങ്ങേയ്ക്ക് ലഭിച്ചിട്ടുണ്ടാകും. സ്വാതന്ത്ര്യസമരത്തിന്റെ ഐതിഹാസിക കർമ്മഭൂമിയാണ് പയ്യന്നൂർ. ഗാന്ധിജിയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും നേരിട്ട് സമരരംഗത്ത് വരികയും ഖാദി പ്രസ്ഥാനത്തിന്റെ പ്രത്യേക സിരാബിന്ദുവായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. അതുകൂടി പരിഗണിച്ചുകൊണ്ട് പയ്യന്നൂർ ഖാദി തൊഴിലാളികൾക്ക് ആധുനിക സൗകര്യം ഒരുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ. കേരള ഖാദി ബോർഡ് ദേശീയപതാക നിർമ്മിച്ചുനൽകാമെന്ന് പറഞ്ഞിട്ട് കേന്ദ്രസർക്കാർ അത് സ്വീകരിച്ചില്ലെന്ന് പറഞ്ഞു. ഹുബ്ലിയിലെ ഒരു ഖാദി സെന്ററായിരുന്നു കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്ക് ദേശീയപതാക നിർമ്മിച്ചുനൽകിക്കൊണ്ടിരുന്നത്. ഇപ്പോൾ ദേശീയപതാക കോട്ടൺ അല്ലാത്ത തുണിയിലും പോളിസ്റ്റർ തുണിയിലും നിർമ്മിക്കാമെന്ന് ഫ്ലാഗ് കോഡ് അമെന്റ് ചെയ്യുകയും ഹുബ്ലിയിൽനിന്നുള്ള യൂണിറ്റിൽനിന്നും പതാകകൾ എടുക്കുന്നത് നിർത്തുകയും ചെയ്യുന്ന സമീപനം കേന്ദ്രസർക്കാർ സ്വീകരിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, അങ്ങ് പറഞ്ഞത് വളരെ പ്രസക്തമായൊരു കാര്യമാണ്. ബഹുമാന്യനായ രാമചന്ദ്രൻ കടന്നപ്പള്ളിയും ഇക്കാര്യം സൂചിപ്പിക്കുകയുണ്ടായി. ഫ്ലാഗ് കോഡ് അമെന്റ് ചെയ്ത് പോളിസ്റ്റർ ഉൾപ്പെടെയുള്ള തുണിയിലാണ് ഇപ്പോഴത്തെ ദേശീയപതാക നിർമ്മിക്കുന്നത്. അത് നമ്മുടെ രാജ്യത്തുനിന്നല്ല, പലയിടങ്ങളിൽനിന്നും ഇറക്കുമതി ചെയ്താണ് ദേശീയപതാക എല്ലാവീടുകളിലും ഉയർത്തേണ്ട സ്ഥിതി വന്നത്. അതാണ് ദേശസ്നേഹത്തിന്റെ ആധുനിക മാതൃക. നമ്മൾ

ഒരുമിച്ച് എതിർക്കേണ്ട കാര്യമാണത്. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞത് ശരിയാണ്. കേരളത്തിലെ പല മെഡിക്കൽ കോളേജുകളിലും ഡോക്ടേഴ്സ്, നഴ്സസ്, മറ്റു പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പെടെയുള്ളവരുടെ യൂണിഫോം ഖാദിയാക്കി മാറ്റി. ചിലയിടങ്ങളിൽ കൈത്തറി യൂണിഫോം നടപ്പിലാക്കി. സിയാലിൽ ഒരു ദിവസം കൈത്തറി യൂണിഫോം ആക്കിയിട്ടുണ്ട്. മറ്റ് പല മേഖലയിലും ഖാദി യൂണിഫോം ആക്കിയിട്ടുണ്ട്. നമ്മൾ പല ഓർഡറുകളും പുറപ്പെടുവിച്ചിട്ടുണ്ടാകും. ആ ഓർഡറുകൾ കുറച്ചുനാൾ കഴിയുമ്പോൾ സ്വാഭാവിക മരണമടഞ്ഞ് നമ്മളെല്ലാവരും മറന്നുപോകുകയല്ലേ പതിവ്; ഖാദി ബോർഡ് വൈസ് ചെയർമാൻ ശ്രീ. പി. ജയരാജനും സെക്രട്ടറി ശ്രീ. രതീഷും ടീമും എല്ലാ സർക്കാർ ഓഫീസുകളിലെയും ട്രേഡ് യൂണിയനുകൾ, സർവ്വീസ് സംഘടനകൾ, കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാവരുടെയും പിന്തുണയോടുകൂടി വലിയൊരു ക്യാമ്പയിനായി ഖാദി വസ്ത്രം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പുതിയ ഉൽപ്പന്നങ്ങൾ വന്നിട്ടുണ്ട്. ബഹുമാന്യനായ സണ്ണി ജോസഫ് പ്രസംഗത്തിനിടയ്ക്ക് വൈസ്ചെയർമാന് നൽകിയ കാറിന്റെ കാര്യം സൂചിപ്പിച്ചു. എന്തെല്ലാം കഥയാണ് ഇറക്കിയത്. പുതിയ പരിഭാഷ തന്നെ കണ്ടെത്തിയില്ലേ; അതീവ സുരക്ഷ എന്നതിന് ഇംഗ്ലീഷിൽ ബുള്ളറ്റ്

പ്പൂഫാണ് എന്നതുൾപ്പെടെ കണ്ടെത്തിയല്ലോ? നമ്മുടെയെല്ലാം സുഹൃത്തായ ശ്രീമതി ശോഭനാ ജോർജ്ജ് ഖാദി ബോർഡിൽനിന്നും (വൈസ്ചെയർപേഴ്സൺ) ഔഷധിയിലേയ്ക്ക് മാറിയല്ലോ; ഔഷധിയുടെ സമ്മേളനം ഉദ്ഘാടനം ചെയ്യാൻ പോയപ്പോൾ കാറിന്റെ നടുക്കുനിന്ന് മരക്കഷ്ണം എടുത്തുകാണിച്ച് അതാണ് എന്റെ കാറിന്റെ ഹാൻഡ് റെസ്റ്റ് എന്നുപറഞ്ഞു. അങ്ങനെയുള്ള കാറായിരുന്നു കുറേക്കാലമായി അവർ ഉപയോഗിച്ചുകൊണ്ടിരുന്നത്. അതുമാറി ഇപ്പോൾ ഈ കാറിലേയ്ക്ക് വന്നു എന്നേയുള്ളൂ. അദ്ദേഹം പറഞ്ഞുപറഞ്ഞ് ഇങ്ങനെ കയറിപ്പോയി എന്നേയുള്ളൂ. അങ്ങനെ പറഞ്ഞതുകൊണ്ട് മറുപടി പറയാതെ പോകുന്നത് ശരിയല്ലെന്ന് കരുതി പറഞ്ഞതാണ്. ഖാദി ബോർഡ് ചെയർമാൻ മന്ത്രിയെന്ന നിലയിൽ ഞാനാണെങ്കിലും വൈസ് ചെയർമാനും ടീമും വളരെ നല്ല രീതിയിലുള്ള പ്രവർത്തനം കാഴ്ചവച്ച് മുന്നോട്ടുപോകുന്നുണ്ട്. ഈ പ്രവർത്തനത്തെ നമ്മളെല്ലാവരും ഒന്നിച്ച് ഏറ്റെടുത്ത് മുന്നോട്ടുകൊണ്ടുപോകണം.

തേൻ സംസ്കരണം ഉൾപ്പെടെ ഗ്രാമീണ വില്ലേജ് ഇൻഡസ്ട്രികളുടെ പ്രവർത്തനവും ഏറ്റെടുക്കുന്നുണ്ട്. ബഹുമാന്യനായ ഇ. ചന്ദ്രശേഖരൻ പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കാം. പഞ്ചായത്തുകൾക്ക് ഖാദിയുടെ തൊഴിലിടങ്ങൾ ശക്തിപ്പെടുത്താനാവശ്യമായ ഫണ്ട് നൽകാനുള്ള വകുപ്പുണ്ട്.

ഇപ്പോൾ എം.എൽ.എ.-മാരിൽ ചിലർ അത് ആവശ്യപ്പെടുന്നുണ്ട്. ഖാദിയുടെ തൊഴിലിടങ്ങൾ ശക്തിപ്പെടുത്താനാവശ്യമായ ഫണ്ട് നൽകാൻ എം.എൽ.എ.-മാർക്ക് സാധിക്കുമോയെന്ന കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിക്കാം.

ബഹുമാന്യനായ പി. സി. വിഷ്ണുനാഥ് ചില ഗൗരവമായ കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അതിന്റെ രണ്ടുഭാഗവും പറയാം. കംപാരിസൺ നടത്തണമെന്ന് കരുതിയല്ല, കാരണം ആ മേഖലയിലുള്ള അടിസ്ഥാന പ്രശ്നങ്ങളെ അഭിസംബോധന ചെയ്തില്ലെങ്കിൽ എല്ലാവർക്കും കയ്യടി കിട്ടാൻ ചില കാര്യങ്ങൾ ചെയ്യാമെന്ന് മാത്രമേയുള്ളൂ. അങ്ങ് കുറച്ചുകാര്യങ്ങൾ പറഞ്ഞതുകൊണ്ട് അത് പറയേണ്ടിവരുന്നതാണ്. എൽ.ഡി.എഫ്. വന്നതിനുശേഷം ചെയ്ത ചില കാര്യങ്ങളുണ്ട്. 2021-22 കാലഘട്ടത്തിൽ എത്ര തൊഴിൽ ദിനങ്ങളുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ എന്ന ചോദ്യത്തിന് ഞാൻ നൽകിയ മറുപടി അങ്ങ് ഡൈവേർട്ട് ചെയ്താണ് ഇവിടെ പറഞ്ഞത്. 2021-22 കാലഘട്ടത്തിൽ ആറ് പൊതുമേഖലാ ഫാക്ടറികളിലായി പരമാവധി 101-ഉം സ്വകാര്യമേഖലകളിലെ ഫാക്ടറികളിലായി പരമാവധി 182-ഉം തൊഴിൽ ദിനങ്ങളുണ്ടായിരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ നാളിതുവരെ പൊതുമേഖലാ ഫാക്ടറികളിൽ പരമാവധി 61-ഉം

സ്വകാര്യമേഖലാ ഫാക്ടറികളിൽ പരമാവധി 143-ഉം തൊഴിൽ ദിനങ്ങളുണ്ടായിരുന്ന എന്നതാണ് അതിന്റെ വസ്തുത.

ബഹുമാന്യനായ അംഗം വി. ജോയി കശുവണ്ടി തൊഴിലാളികളുടെ ഗ്രാറ്റുവിറ്റിയെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. യു.ഡി.എഫ്.-ന്റെ കാലത്ത് അഞ്ച് വർഷത്തെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകാനുണ്ടായിരുന്നത് കഴിഞ്ഞ ഗവണ്മെന്റ് കൊടുത്തുതീർത്തു. അതിനുശേഷമുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക ഇപ്പോൾ പൂർണ്ണമായും കൊടുത്തുതീർത്തിട്ടുണ്ട്. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ അഞ്ച് വർഷമായിട്ടും ഒരു ഗ്രാറ്റുവിറ്റിയും കൊടുത്തിരുന്നില്ല. അത് നൽകിയത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവണ്മെന്റാണ്. അതോടൊപ്പം അതിനുശേഷമുള്ളതും കൃത്യമായി കൊടുത്തുതീർക്കാൻ കഴിഞ്ഞിട്ടുണ്ട്. 20 കോടി രൂപയാണ് അതിന് മുമ്പുള്ളത്, ഇപ്പോൾ 11 വർഷമായി, രണ്ട് ഗവണ്മെന്റിന്റെ കാലത്തായി 84 കോടി രൂപ ഗ്രാറ്റുവിറ്റിക്കായി നൽകിയിട്ടുണ്ട്. കൂലി വർദ്ധിപ്പിച്ചു എന്നത് ശരിയാണ്. ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ കശുവണ്ടി കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളെല്ലാം അടഞ്ഞുകിടക്കുകയായിരുന്നുവെന്ന് അങ്ങേയ്ക്കറിയാമല്ലോ? കൂലി കൂട്ടിയതുകൊണ്ടാണെന്നല്ല ഞാൻ പറഞ്ഞത്. ഗവണ്മെന്റിന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളെല്ലാം

അടഞ്ഞുകിടക്കുകയായിരുന്നു. അതുകൊണ്ട് കൂലി വർദ്ധന നടപ്പിലാക്കേണ്ടി വന്നില്ല. പിന്നെ കഴിഞ്ഞ ഗവണ്മെന്റ് വന്നു, ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിച്ചു. ഇവിടെ ചില അംഗങ്ങളും ബഹുമാന്യനായ കോവൂർ കുഞ്ഞുമോനും ചൂണ്ടിക്കാണിച്ചതുപോലെ വിപ്ലവകരമായ തീരുമാനത്തിലൂടെ, അടച്ചുപൂട്ടപ്പെട്ട ഫാക്ടറികൾ നിയമനിർമ്മാണത്തിലൂടെ ഏറ്റെടുക്കുന്ന സമീപനം എൽ.ഡി.എഫ്. ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ മറ്റൊരു കാര്യം, ഇങ്ങനെയൊരു ഓർഡറിന് ഗവണ്മെന്റ് വില കൽപ്പിക്കുന്നുണ്ടോയെന്നാണ്. ഇതേ ചോദ്യം അവരും ചോദിക്കാറുണ്ട്. ബാങ്കിന്റെ പ്രതിനിധികളുമായി യോഗം ചേർന്നുവെന്ന് അങ്ങ് പറഞ്ഞല്ലോ? കഴിഞ്ഞ ഗവണ്മെന്റിന്റെ സമയത്ത് ഇരുപതോളം സിറ്റിംഗ് നടത്തിയിരുന്നു. ഞാൻ ചുമതലയെടുത്തശേഷം തുടർച്ചയായി സിറ്റിംഗ് നടത്തി. 40 ശതമാനം കൊടുക്കാമെന്ന് വ്യവസായികൾ പറയുമ്പോൾ നമ്മൾ മനസ്സിലാക്കേണ്ടത് അത് മൊത്തം ബാങ്കിന് കൊടുക്കാനുള്ളതിന്റെയല്ല, പ്രിൻസിപ്പൽ എമൗണ്ട് രണ്ട് കോടി രൂപയാണെങ്കിൽ അതിന്റെ 60 ശതമാനം തുകയാണ് അടയ്ക്കേണ്ടത്. അതിനുമേലുള്ള പലിശ എഴുതിത്തള്ളുകയാണ്. കൺകറന്റ് ലിസ്റ്റിൽപോലും

നമുക്ക് അധികാരമില്ലെന്നാണ് ഇന്നലെ ഇവിടെ ചർച്ച ചെയ്തത്. ബാങ്കുകൾക്കുമേൽ സംസ്ഥാന സർക്കാരിന് അധികാരമുണ്ടോ? നമുക്കൊരധികാരവുമില്ല. പക്ഷേ നമ്മൾ State Level Bankers' Committee (SLBC)-യുമായി യോഗം ചേർന്നു, കാനറാ ബാങ്കുൾപ്പെടെ എല്ലാ ബാങ്കുകളും പൊതുവേ നല്ല സമീപനമാണ് സ്വീകരിച്ചത്. 2 കോടി രൂപ വരെയുള്ളതിന്റെ പലിശ പൂർണ്ണമായി എഴുതിത്തള്ളിക്കൊണ്ട് പ്രിൻസിപ്പൽ എമൗണ്ടിന്റെ 50 ശതമാനം തുക അടയ്ക്കണം. അതായത് പ്രിൻസിപ്പൽ എമൗണ്ട് രണ്ട് കോടിരൂപയാണെങ്കിൽ ഒരു കോടിരൂപ അടയ്ക്കണം. രണ്ട് കോടിരൂപയ്ക്ക് മുകളിൽ 10 കോടിരൂപയാണെങ്കിൽ 60 ശതമാനം തുക അടയ്ക്കണം. 10 കോടിരൂപയ്ക്ക് മുകളിലുള്ള തുക എഴുതിത്തള്ളണമെങ്കിൽ സി.വി.സി. (സെൻട്രൽ വിജിലൻസ് കമ്മീഷൻ)-യുടെ ഗൈഡ്‌ലൈനുണ്ട്. അക്കാര്യത്തിൽ ബാങ്കിന് തീരുമാനമെടുക്കാൻ സാധിക്കില്ല. തയ്യാറുള്ളവർ റെസല്യൂഷൻ കൊടുത്ത്, പത്ത് ശതമാനം തുക ആദ്യം അടയ്ക്കണം. 6 മാസത്തിനുള്ളിൽ ബാക്കിതുക അടയ്ക്കണം, ഇതാണ് തയ്യാറാക്കിയ ധാരണ. അതിന്റെ അടിസ്ഥാനത്തിൽ ജി.ഒ. ഇറക്കി. എന്നാൽ ജി.ഒ പുറപ്പെടുവിക്കുമ്പോഴും സർക്കാരിന് നല്ല ഉറപ്പുണ്ടായിരുന്നു അത് ബൈന്റിംഗല്ലെന്ന്. ഉത്തരവനുസരിച്ച് ബാങ്ക് ചെയ്യണമെന്നത്

ബൈന്റിംഗല്ല. എന്നാൽ പറഞ്ഞിട്ടും മനസ്സിലാകാതെ, ഓർഡർ നിലനിന്നിട്ടും ബാങ്ക് ഇത് ചെയ്യുന്നില്ലെന്ന് പറഞ്ഞ് ചിലർ കോടതിയിൽ പോയി. ബാങ്ക് കേന്ദ്ര സബ്ജക്ട് അല്ലേ; അപ്പോൾ ഇതെങ്ങനെ ബൈന്റിംഗാകും എന്നാണ് കോടതി ചോദിച്ചത്. കോടതിയിൽ പോകരുതെന്നും ഇത് ധാരണയുണ്ടാക്കേണ്ട വിഷയമാണെന്നും ഞങ്ങൾ വ്യവസായികളോട് പറഞ്ഞതാണ്. പക്ഷേ അങ്ങ് പറഞ്ഞതുപോലെയല്ല ബാങ്കുകളുടെ സ്ഥിതി. ഞാൻ ഓരോ ബാങ്കിന്റെയും കണക്കുകളെടുത്ത് പരിശോധിച്ചപ്പോൾ മൊത്തം 332.83 കോടി രൂപയുടെ കുടിശ്ശിക സെറ്റിൽ ചെയ്തിട്ടുണ്ടെന്ന് മനസ്സിലായി. പ്രിൻസിപ്പൽ എമൗണ്ടിനത്തിൽ 176.13 കോടിരൂപയാണ് അടയ്ക്കേണ്ടിവന്നത്, ബാക്കി തുക എഴുതിത്തള്ളിയിട്ടുണ്ട്. ഇതിൽ 66 കേസ്സുകൾ സെറ്റിൽ ചെയ്തിട്ടുണ്ട്. കാനറാ ബാങ്ക് - 38, കാത്തലിക് സിറിയൻ ബാങ്ക് - 9, സൗത്ത് ഇന്ത്യൻ ബാങ്ക് -6, കേരള ഗ്രാമീൺ ബാങ്ക് -3, ഫെഡറൽ ബാങ്ക് -3, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ -2, ഐ.ഡി.ബി.ഐ -5 അങ്ങനെ 66 കേസ്സുകൾ സെറ്റിൽ ചെയ്തിട്ടുണ്ട്. അവർ ഒന്നും തീർന്നില്ലെന്നാണ് പറയുന്നത്, എന്നാൽ വസ്തുത ഇതാണ്. 10 ശതമാനം തുകപോലും അടയ്ക്കാൻ സാധിക്കാത്തവരുമുണ്ട്. എങ്ങനെയാണ് ഇത് ഡൈവെർട്ട് ചെയ്തുപോയതെന്ന് ശ്രീ. കോവൂർ

കുഞ്ഞുമോൻ പറഞ്ഞല്ലോ; എനിക്ക് അങ്ങയോടും അതുവഴി കശുവണ്ടി മേഖലയിലെ entrepreneurs-നോടും അഭ്യർത്ഥിക്കാനുള്ളത് ഡിസംബർ 30 വരെ വീണ്ടും കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട് എന്നതാണ്. ഡിസംബർ 30-നുള്ളിൽ സെറ്റിൽമെന്റിനനുസരിച്ച് റെസല്യൂഷൻ കൊടുത്ത് 10 ശതമാനം പണമടച്ചാൽ ഇത് ബാധകമായിരിക്കും. ഡിസംബർ 31 കഴിഞ്ഞാൽ ഒന്നും ചെയ്യാൻ സാധിക്കില്ല. ഇനിയും തുക കുറയ്ക്കും, എഴുതിത്തള്ളുമെന്ന ധാരണയിൽ നിൽക്കരുത്. ഈ രീതിയിൽ ചെയ്യാനാണ് തയ്യാറാകേണ്ടത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ബാങ്കുകളുടെ കാര്യം അങ്ങിവിടെ സൂചിപ്പിച്ചു. ചില ബാങ്കുകൾ ഇതിന് തയ്യാറാകുന്നില്ലെന്ന ആക്ഷേപമുണ്ട്. അങ്ങ് അത് ശരിയാണോയെന്ന് പരിശോധിച്ചാൽ മതി.

<u>ശ്രീ. പി. രാജീവ്</u>: സർ, അത്തരം നിലപാട് ചില ബാങ്കുകൾ സ്വീകരിക്കുന്നുണ്ട്. ഒരു മന്ത്രിയുടെ ഓഫീസിന്റെ ജോലിയല്ലെങ്കിലും വരുന്നവരുടെ കണ്ണുനീർ കണ്ടിട്ട് എന്റെ ഓഫീസിൽനിന്നുതന്നെ ഓരോ ബാങ്കിന്റെയും ആളുകളെ വിളിച്ചുവരുത്തി സംസാരിക്കുന്നുണ്ട്. ആ ബാങ്കുകളെല്ലാം തയ്യാറായിട്ടുണ്ട്. ചിലർക്ക് ബാങ്ക് പറയുന്ന തുക അടയ്ക്കാൻ സാധിക്കില്ല. ഞങ്ങളിത് സമ്മതിക്കാം; പക്ഷേ തുകയടയ്ക്കാൻ രണ്ടുവർഷം സമയംവേണം എന്ന് ചിലർ പറയും. ബാങ്കുകളോട് എങ്ങനെയാണ്

അത്തരത്തിൽ പറയാൻ സാധിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി മീറ്റിംഗ് കൂടി, ഞാൻതന്നെ അഞ്ചോ ആറോ മീറ്റിംഗ് കൂടിയിട്ടുണ്ട്. പ്രത്യേകംപ്രത്യേകം കേസ്സുകളിൽ ഇടപെടുന്നുണ്ട്. ഇനി പ്രത്യേകിച്ച് ഏതെങ്കിലും കേസ്സുണ്ടെങ്കിൽ അതിലും ഇടപെടാം. അങ്ങയുടെ ശ്രദ്ധയിലുള്ള കേസിൽ ഡിസംബർ 30-നുള്ളിൽതന്നെ ബന്ധപ്പെട്ട ഡോക്യുമെന്റ്സ് എത്തിക്കാൻ പറയേണ്ടതുണ്ട്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വികസന കോർപ്പറേഷന്റെ കടം തീർക്കാൻ 80 കോടിരൂപ ഒറ്റത്തവണയായി നൽകി. ആധുനികവൽക്കരണത്തിനും ഭാഗിക മോഡണൈസേഷനുംവേണ്ടി 40 കോടി രൂപയും തുടർച്ചയായ പ്രവർത്തനങ്ങൾക്ക് തൊഴിലാളികൾക്കായി 65 കോടിരൂപയും ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനുമായി വീണ്ടും 40 കോടിരൂപയും നൽകി. കാഷ്യൂ ബോർഡിന് ഷെയർ കാപ്പിറ്റൽ ഇൻവെസ്റ്റുമെന്റായി 15 കോടിരൂപയും വർക്കിംഗ് ക്യാപ്പിറ്റലായി 7.5 കോടിരൂപയും ഗ്രാറ്റുവിറ്റി കുടിശ്ശികയിനത്തിൽ 64 കോടിരൂപയും മോഡണൈസേഷന് 13.5 കോടിരൂപയും നൽകി. ഇങ്ങനെ 325.75 കോടി രൂപ കഴിഞ്ഞ കാലഘട്ടത്തിൽ നൽകി. ഈ

ഗവണ്മെന്റിന്റെ കാലഘട്ടത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ച തുക നൽകിക്കൊണ്ടിരിക്കുന്നുണ്ട്.

പെൻഷന്റെ കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുകൊണ്ട് അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കൊല്ലം ജില്ലക്കാരനായ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കശുവണ്ടി മേഖലയിൽ നിരന്തരം ഇടപെട്ടുകൊണ്ടിരിക്കുന്ന ആളാണ്. എന്താണ് ഈ മേഖലയിലെ അടിസ്ഥാന പ്രശ്നം? ഒരു ബാഗ് തോട്ടണ്ടിയെന്നാൽ 50 കിലോഗ്രാം ആണ്. 4.2 കിലോഗ്രാം തോട്ടണ്ടി പ്രോസസ് ചെയ്താൽ ഒരു കിലോ പരിപ്പ് കിട്ടും. ഒരു കിലോ തോട്ടണ്ടിയുടെ വില ശരാശരി 110-120 രൂപയാണ്. ഒരു ബാഗ് തോട്ടണ്ടിക്ക് 9,000/- രൂപയാണ് വില. ഒരു കിലോ തോട്ടണ്ടി പ്രോസസ്സ് ചെയ്യാൻ 55/- രൂപയാണ്. കൂലിയും പ്രൊഡക്ടിവിറ്റിയും വളരെ കുറവാണ്. 80 കിലോയുടെ ഒരു ബാഗ് കൊല്ലത്ത് പ്രോസസ്സ് ചെയ്യണമെങ്കിൽ പ്രോസസ്സിംഗ് ചാർജ്ജ് 4,200/- രൂപയാണ്, തോട്ടണ്ടിയുടെ വില വേറെയാണ്. മോഡണൈസേഷനുള്ള സ്ഥലങ്ങളിൽ ഇത് 800/- രൂപയേയുള്ളൂ. തമിഴ്നാട്ടിലും കർണ്ണാടകയിലും ആന്ധ്രാപ്രദേശിലും 2,000/- രൂപയേയുള്ളൂ. ഇവിടെ 4,200/- രൂപയാണ്. 110/- രൂപയ്ക്ക് ഒരു കിലോ തോട്ടണ്ടി വാങ്ങുന്നു, 55/- രൂപ പ്രോസസ്സിംഗ്

ചാർജ്ജ് കൊടുക്കുന്നു. അപ്പോൾത്തന്നെ ആകെ 165/- രൂപയായി. ഒരു കിലോ തോട്ടണ്ടിയിൽനിന്നും പ്രോസസ്സ് ചെയ്തെടുക്കുന്ന പരിപ്പ് വിൽക്കുന്നത് 125/- രൂപയ്ക്കാണ്. എത്ര നാൾ ഇത്തരമൊരു സംവിധാനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും? കയ്യടിക്കുവേണ്ടി പലതും പ്രഖ്യാപിക്കാം. ഇത്ര കോടിരൂപ കൊടുക്കാം, ധനകാര്യ വകുപ്പുമന്ത്രി കൊല്ലത്തുള്ള ആളായതുകൊണ്ട് ഈ ആവശ്യത്തിന് കുറച്ച് തുക തരാൻ പറയാം. അപ്പുറവും ഇപ്പുറവുമുള്ളവർക്ക് കൊടുക്കാം, പിന്നെ സന്തോഷമായി പിരിയാം. പക്ഷേ ഇതിനെ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും? ഈ സാഹചര്യത്തിൽ തൊഴിലാളിയുടെ അവസ്ഥയെന്താണ്; കശുവണ്ടിക്കറ പുരണ്ട കൈകൾ കണ്ടാൽ സങ്കടം വരും. വളരെ ദയനീയമായ അവസ്ഥയാണത്. ഞാൻ നേരിട്ട് പോയി കണ്ടിട്ടുള്ളതാണ്. ഇത്രയും പണം നമ്മൾ കൊടുത്തില്ലേ; 400 കോടി രൂപ കൊടുത്തു. ഈ തുക നേരിട്ട് തൊഴിലാളിക്ക് കൊടുത്തിരുന്നെങ്കിൽ ഇതിനെക്കാൾ സന്തോഷം അവരുടെ മുഖത്ത് കാണുമായിരുന്നു. അതുകൊണ്ടുതന്നെ അടിസ്ഥാനപ്രശ്നം പരിഹരിക്കണമെങ്കിൽ ഉല്പാദനച്ചെലവ് കുറയ്ക്കണം. ശമ്പളം കുറഞ്ഞിട്ടും ഉല്പാദനച്ചെലവ് കൂടുന്നെങ്കിൽ അതിന് കാരണം പ്രോസസ്സിംഗ് പ്രാകൃതമായ രീതിയിൽ നടത്തുന്നതുകൊണ്ടാണ്. പ്രോസസ്സിംഗിന്റെ നാല് ഘട്ടങ്ങളിൽ

ഒരു ഘട്ടം അതീവ പ്രാകൃതമാണ്. ഇത് മോഡണൈസ് ചെയ്യണം. തൊഴിൽ നഷ്ടപ്പെടാതെ ആധുനികവൽക്കരിക്കണം. അതിനുമാത്രമേ കഴിയുകയുള്ളൂ. അല്ലാത്ത തരത്തിൽ ചെയ്തുകൊടുത്ത് കയ്യടി വാങ്ങാം. ഇങ്ങനെയൊരു സ്ഥാപനത്തിൽ ഇപ്പോൾ കൂലി വർദ്ധനവിന്റെ ആവശ്യമുന്നയിക്കാമോ? തൊഴിലാളി യൂണിയനുകൾ ചർച്ച ചെയ്യട്ടെ; INTUC, CITU, AITUC തുടങ്ങിയ സംഘടനകളെല്ലാംതന്നെ പൊതുധാരണയിലാണ്. കാരണം ബോർഡിലെല്ലാം അവരാണ് ഇരിക്കുന്നത്. ഇപ്പോൾ ഞാൻ ഒരു കാര്യംകൂടി ചെയ്തു, രണ്ട് പ്രൊഫഷണലുകളെ ബോർഡിൽ ഉൾപ്പെടുത്തി. ഇതുവരെ INTUC, CITU, AITUC, UTUC ഇത്രയുമാണ് ബോർഡ് അംഗങ്ങൾ. ഇപ്പോൾ രണ്ട് പ്രൊഫഷണലുകളെ കൊടുത്തു. ഓരോ വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് വയ്ക്കണമെന്നുപറഞ്ഞു, ആ ബോർഡ് പ്രൊഫഷണലൈസ് ചെയ്യുകയാണ്. കാപ്പെക്സും കാഷ്യൂ ബോർഡും സംയോജിപ്പിക്കാൻ സാധിക്കുമോയെന്ന് പരിശോധിച്ചു. രണ്ടും രണ്ട് ഘടനയായതുകൊണ്ട് അതിൽ തൊടാൻ സാധിക്കാതെ പോകുന്നു. ഇത് ശാസ്ത്രീയമായി പഠിക്കാൻ ഇപ്പോൾ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. അതിൽ കാലിക്കറ്റ് ഐ.ഐ.എം.-ൽനിന്നുള്ള ഒരാളുണ്ട്. സി.എസ്.ഇ.എസ്. (Centre for Socio-Economic and Environmental Studies)-ന്റെ ഡയറക്ടറായിരുന്ന

ഡോ. എൻ. അജിത് കുമാർ, പ്ലാനിംഗ് ബോർഡിൽ ദീർഘകാലം സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ജോയി എന്നിവരുണ്ട്. അവർ ആ കമ്മിറ്റിയുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. പ്രസ്തുത കമ്മിറ്റി സ്റ്റേക്ഹോൾഡേഴ്സുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് എം.എൽ.എ.-മാരുമായി പ്രത്യേകം ചർച്ച ചെയ്യാം. 30 കോടിരൂപ കഴിഞ്ഞ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. വൺ ടൈം സെറ്റിൽമെന്റ് കഴിഞ്ഞാൽ എത്ര രൂപ തിരിച്ചുതരുമെന്ന് അങ്ങേയ്ക്ക് ഉറപ്പുണ്ടെങ്കിലും എനിക്ക് അത്ര ഉറപ്പില്ല. ഇപ്പോൾ നിലവിലുള്ളതിനെ എങ്ങനെ സംരക്ഷിക്കാം. 30 കോടി രൂപയുടെ പ്രൊപ്പോസൽ ഈ മാസംതന്നെ പ്രത്യേകം കൊടുത്ത് അതിനാവശ്യമായ സഹായംകൂടി നൽകുമെന്ന കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കശുമാവിന്റെ കൾട്ടിവേഷൻ നടക്കുന്നില്ലെന്നതാണ് ഈ മേഖലയിലെ പ്രധാനപ്പെട്ട പ്രശ്നം. ഞാൻ പൊതുവായി ഒരു കാര്യം പറയുകയാണ്, കശുവണ്ടിയുടെ 90 ശതമാനവും ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും വിയറ്റ്നാം പോലുള്ള നിരവധി രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നതുകൊണ്ട് ഉല്പാദനച്ചെലവും മൊത്തച്ചെലവും നമ്മുടെ നിയന്ത്രണത്തിലല്ല വരുന്നത്. കശുമാവിന്റെ

കൾട്ടിവേഷനുവേണ്ടി കൃഷി വകുപ്പുമായി ചേർന്ന് ഒരു പദ്ധതി ആവിഷ്കരിച്ചാൽ നന്നായിരിക്കുമെന്ന ഒരാശയം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. ഇപ്പോൾ ഈ മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക്, ഒരാൾക്ക് അഞ്ച് തൈവച്ച് വിതരണം ചെയ്യുകയും അത് വീട്ടുപറമ്പിലും പൊതുസ്ഥലങ്ങളിലും നട്ടുവളർത്താൻ നിർദ്ദേശം നൽകുകയും ചെയ്യണം. എല്ലാ വർഷവും ബഡ്ജറ്റ് സ്റ്റേറ്റിണി വരുമ്പോൾ കാപ്പെക്സിനും കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷനുമൊക്കെ 5-ഉം 10-ഉം കോടിരൂപ വച്ച് കശുമാവ് തൈകൾ വച്ചുപിടിപ്പിക്കാൻ കൊടുക്കാറുണ്ട്, കുറേ വർഷങ്ങളായി ഈ തുക നൽകിക്കൊണ്ടിരിക്കുകയാണ്. ഈ തൈകളെല്ലാം എവിടെയാണ് വളർന്ന് കശുമാവായി നിൽക്കുന്നതെന്ന് കണ്ടുപിടിക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച് ഒരു കണക്കെടുപ്പ് നടത്തണം.

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങ് പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. ഞാൻ റിവ്യൂ നടത്തുകയുണ്ടായി. അവർ പറഞ്ഞതിൽ കുറേ വർഷങ്ങളുടെ കണക്കുണ്ട്. ഏത് ഗവണ്മെന്റിന്റെ കാലമെന്നത് പ്രസക്തമല്ല. അവർതന്ന കണക്കനുസരിച്ച് 43000 മെട്രിക് ടൺ തോട്ടണ്ടി തൈ വച്ച് മൂന്നാമത്തെ വർഷം ഉത്പാദിപ്പിക്കുമെന്നാണ്. 43000 മെട്രിക് ടൺ തോട്ടണ്ടി ഉല്പാദിപ്പിച്ചാൽ ഒരു കശുവണ്ടിപോലും പുറത്തുനിന്നും ഇറക്കുമതി

ചെയ്യാതെ 200 ദിവസം ഈ കമ്പനികളെല്ലാം പ്രവർത്തിപ്പിക്കാമല്ലോയെന്നും ഇതെവിടെ പോയിയെന്നും അപ്പോൾ ഞാൻ അവരോട് ചോദിച്ചു. കശുമാവ് മുഴുവൻ ചിതറിക്കിടക്കുന്നതുകൊണ്ടാണെന്നാണ് അവരുടെ മറുപടി. ചിതറി കിടന്നാലും കശുവണ്ടി സംഭരിക്കാമല്ലോ; നല്ല കാലത്തുപോലും പരമാവധി 1000 ടൺ കശുവണ്ടിയാണ് സംഭരിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ നമ്മൾ പ്രത്യേകം റിവ്യൂ ചെയ്യു.

മി. സ്പീക്കർ: ഇനിയും കുറച്ചധികം സമയം വേണ്ടിവരുമോ?

ശ്രീ. പി. രാജീവ്: സർ, ചർച്ച വളരെ നീണ്ടുപോയതുകൊണ്ടും ഇത് വളരെ സെൻസിറ്റീവായ വിഷയമായതിനാലും കുറച്ചുസമയംകൂടി വേണം. ഇത് ഇത്രയും ചർച്ച ചെയ്യുന്നതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് സബ്മിഷനുകൾ വേണമെങ്കിൽ ഒഴിവാക്കാം. കുറച്ച് കാര്യങ്ങൾകൂടി എനിക്ക് പറയാനുണ്ട്. ശ്രീ. മഞ്ഞളാംകുഴി അലി ഉന്നയിച്ച വിഷയങ്ങൾക്കുകൂടി മറുപടി പറയേണ്ടതുണ്ട്. രണ്ട് ബില്ലുകൾ ഒരുമിച്ചാണ് ചർച്ച ചെയ്യുന്നത്.

4.00 PM]

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, സ്വകാര്യ മുതലാളിമാർ adamant ആയി പല ഫാക്ടറികളും അടച്ചിട്ടിരിക്കുകയാണ്. ഗവണ്മെന്റ് അവരെ സഹായിക്കുന്നുണ്ട്, പക്ഷേ അവർ തുറക്കുന്നില്ല. സർക്കാരിനെപോലും വെല്ലുവിളിക്കുന്ന ചില മുതലാളിമാരുണ്ട്. അത്തരം ഫാക്ടറികൾ നോട്ടിഫൈ ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷനിലേയ്ക്ക് ആഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; അത്തരം ഫാക്ടറികൾ ഗവണ്മെന്റ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, എന്റെ വ്യക്തിപരമായ അഭിപ്രായം അത്തരം ഏറ്റെടുക്കലൊന്നും പ്രായോഗികമല്ലെന്നതാണ്. പക്ഷേ നമുക്ക് അന്നത്തെ ഘട്ടത്തിൽ ആവശ്യമായിരുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഒരു ചോദ്യം, ഏറ്റെടുത്ത കമ്പനികളിൽ ചിലത് മുതലാളിമാർ തിരികെ ആവശ്യപ്പെടുന്നുണ്ടല്ലോ; അങ്ങനെയും ചില കേസുകളുണ്ട്.

ശ്രീ. പി. രാജീവ്: സർ, സ്പീക്കർ തന്നെ ചോദ്യം ചോദിക്കുകയെന്നുള്ളത് അസാധാരണമായ കാര്യമാണ്. അങ്ങ് ഇവിടെ ഇരുന്നതിന്റെ സൗകര്യം ഇപ്പോൾ ലഭിക്കുന്നില്ല. സ്പീക്കർ ചോദിച്ചാൽ വളരെ ഗൗരവതരമായ ചോദ്യമായി പരിഗണിക്കേണ്ടതുണ്ട്. നിലവിലുള്ള നിയമ

പ്രകാരം അതിന് വകുപ്പില്ലെന്നാണ് അതുസംബന്ധിച്ച് പറയാനുള്ളത്. നമ്മൾ ഒരു ഫാക്ടറി തുടങ്ങുന്നുണ്ടെങ്കിൽ, അസംസ്കൃത വസ്തുവിന്റെ വില കുറഞ്ഞ സ്ഥലത്ത് തുടങ്ങണം. അസംസ്കൃത വസ്തു പുറത്തുനിന്ന് കൊണ്ടുവരുന്നുണ്ടെങ്കിൽ പ്രോസസ്സിംഗ് ചാർജ് കുറഞ്ഞ സ്ഥലത്തുനിന്ന് കൊണ്ടുവരണം. ഇതുരണ്ടും ഉണ്ടെങ്കിൽ നല്ല മാർക്കറ്റിംഗുള്ള സ്ഥലത്ത് കമ്പനി തുടങ്ങണം. തോട്ടണ്ടി കിട്ടാനില്ല. ഉയർന്ന വിലയ്ക്ക് നമ്മൾ ആഫ്രിക്കയിൽനിന്നാണ് ഇറക്കുമതി ചെയ്യുന്നത്. ലോകത്ത് 800 ഡ്രപ വിലയുള്ളപ്പോൾ 4,200 ഡ്രപ പ്രോസസ്സിംഗ് ചാർജ് ഇവിടെ കൊടുക്കണം. അതിനുശേഷം വിപണിയിലേയ്ക്ക് നൽകും. ഇത്തവണ വിപണി ഉറപ്പുവരുത്താൻ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ സഹായത്തോടെ ഓണക്കിറ്റിൽ കശുവണ്ടികൂടി ഉൾപ്പെടുത്തി. 32 കോടി ഡ്രപ അങ്ങനെ ലഭിച്ചു. എന്നാൽ ഈ മേഖലയെ ആശ്രയിച്ചുകഴിയുന്ന സ്ത്രീ തൊഴിലാളികൾ വളരെ ദരിദ്രമായ അവസ്ഥയിലാണ്. അവരെ സംരക്ഷിക്കേണ്ടത് നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്വമാണ്. അവർക്ക് ആത്മാഭിമാനത്തോടുകൂടി ജീവിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. അതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. അതിനുകഴിയുന്ന ഡ്രപത്തിൽ ഈ വ്യവസായത്തെ ആധുനികവൽകരിക്കും. അതിന് കമ്മിറ്റിയുടെ ശിപാർശകൾ

കിട്ടിക്കഴിഞ്ഞാൽ കൂട്ടായി ചർച്ച ചെയ്യാം. യോജിപ്പോടുകൂടി ഈ മേഖലയെ നവീകരിക്കാൻ ശ്രമിക്കാമെന്നാണ് സൂചിപ്പിക്കാനുള്ളത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിക്കുന്നത് റബ്ബറിനെക്കാളും ഇപ്പോൾ വരുമാനം കശുവണ്ടിക്ക് ഉണ്ടെന്നാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ഏറ്റവും കൂടുതൽ കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന കണ്ണൂർ ജില്ലയിലെ ഇരിട്ടി, പേരാവൂർ, ഇരിക്കൂർ പ്രദേശങ്ങളിൽ കശുവണ്ടി കൃഷിയെ പ്രോത്സാഹിപ്പിക്കാനും സീസണിൽ സംഭരിക്കാനും ഗവണ്മെന്റ് ഡിപ്പോകൾ തുടങ്ങുന്നില്ല. സ്വകാര്യ കച്ചവടക്കാരെമാത്രം ആശ്രയിച്ചാണ് കശുവണ്ടി ഉൽപ്പാദകർ വിപണി തേടുന്നത്. അതുകൊണ്ട് ഉൽപ്പാദനത്തെ പ്രോൽസാഹിപ്പിക്കാനും സംഭരണം പൊതുമേഖലയിൽ ശക്തിപ്പെടുത്താനും കഴിയണം.

ശ്രീ. പി. രാജീവ്: സർ, തോട്ടണ്ടി സംഭരണത്തിന്റെ ഉദ്ഘാടനത്തിന് ശ്രീ. എം. രാജഗോപാലൻ എം.എൽ.എ.-യോടൊപ്പം ഞാനും കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെയും കാപെക്സിന്റെയും ആളുകളും പോയിരുന്നു. സൊസൈറ്റികൾ വഴിയും സംഭരിക്കാൻ നോക്കി. പൊതുവെ സീസൺ മോശമായതിനാൽ ഇത്തവണ നമുക്ക് കിട്ടിയില്ല. ആറളം ഫാമിൽനിന്നുമാണ് എക്സ്പോർട്ടിന് ഉപയോഗിക്കുന്ന നല്ല കശുവണ്ടി

ലഭിക്കുന്നത്. ഇപ്പോൾ കശുവണ്ടി ബ്രാൻഡ് ചെയ്തിട്ടുണ്ട്. അസംസ്കൃതവസ്തുക്കൾ ലഭിക്കുന്നില്ല, ഉൽപ്പാദനച്ചെലവും കൂടുതലാണ്. മാർക്കറ്റിലും പ്രശ്നങ്ങളുണ്ട്. കേരളത്തിലെ കശുവണ്ടിക്ക് ലോകത്തൊരു ബ്രാൻഡുണ്ടെന്നതാണ് ആകെയുള്ള പ്രത്യേകത. കേരള കാഷ്യു എന്ന ബ്രാൻഡ് കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ പരിമിതികളുണ്ടെങ്കിലും കൂട്ടായി പരിശ്രമിക്കാം. ശ്രീ.മഞ്ഞളാംകുഴി അലി, അദ്ദേഹം ഇവിടെ ഇല്ലെങ്കിലും വ്യവസായത്തെകുറിച്ച് അദ്ദേഹം ആറുവർഷം മുമ്പുള്ള അഭിപ്രായമാണ് പറഞ്ഞത്. ഇപ്പോഴത്തെ മാറ്റങ്ങൾ അദ്ദേഹം കണ്ടതായി നടിക്കുന്നില്ല. സഭയെ ചില വിവരങ്ങൾ അറിയിക്കാനുള്ള സന്ദർഭം ഒരുക്കിത്തന്നതിൽ ഞാൻ അദ്ദേഹത്തിന് സന്തോഷപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു. ഒരുലക്ഷം സംരംഭങ്ങൾ തുടങ്ങിയിട്ട് ഇന്ന് എട്ടുമാസവും ഏഴാമത്തെ ദിവസവുമാണ്. കേരളം ഈ ചരിത്രനേട്ടം കൈവരിച്ച കാര്യം ഞാൻ സന്തോഷത്തോടുകൂടി സഭയെ അറിയിക്കുകയാണ്. ഒരുവർഷംകൊണ്ട് ഒരുലക്ഷം സംരംഭങ്ങളെന്നാണ് കണക്കുകൂട്ടിയിരുന്നത്. ഇപ്പോൾ 1,01,764 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. 6,302.26 കോടിയുടെ ഇൻവെസ്റ്റ്മെന്റിൽ 2,21,358 തൊഴിലവസരങ്ങൾ ഇതിന്റെ ഭാഗമായി സൃഷ്ടിക്കുകയുണ്ടായി.

ഓരോ ജില്ലയിലും പെർഫോമൻസുണ്ട്. അതിൽ ജില്ല നോക്കുമ്പോൾ അച്ചീവ്മെന്റിൽ എറണാകുളം 10,070, മലപ്പുറം 10,019 എന്നീ ജില്ലകളാണ് പതിനായിരം കഴിഞ്ഞിട്ടുള്ളത്. ടാർജറ്റ് ഫിക്സ് ചെയ്തിട്ടും വയനാട് 82.81% നേടി ഒന്നാം സ്ഥാനത്ത് എത്തിയെന്നുള്ളതാണ് ഏറ്റവും ആവേശകരമായിട്ടുള്ള കാര്യം. കൊല്ലം 82.18%, ആലപ്പുഴ 80.14% ആണ്. 4,257 എസ്.സി. കാറ്റഗറിയിൽപ്പെട്ടവർ, 403 എസ്.ടി., 57,516 ഒ.ബി.സി. സംരംഭകർ, 8,724; മൈനോറിറ്റി സംരംഭകരാണുള്ളത്. പാനലിൽ മൂന്ന് സ്ത്രീകളെ ഉൾപ്പെടുത്തി അങ്ങ് വളരെ ശ്രദ്ധേയമായ തീരുമാനമെടുത്തിരുന്നല്ലോ; നിയമത്തിൽ ഇപ്പോൾ ഒരു ഭേദഗതി വരുത്തുകയും ചെയ്തു. സ്ത്രീ സംരംഭകർ 31.37 ശതമാനമാണ്. 0.02% ട്രാൻസ്ജെൻഡേഴ്സാണ് സംരംഭകരായിട്ടുള്ളത്. മേഖല തിരിച്ച് അദ്ദേഹം ചോദിക്കുകയുണ്ടായി. മേഖല തിരിച്ചുള്ളതിൽ ട്രേഡ് കഴിഞ്ഞാൽ പ്രധാനമായും ഫുഡ് പ്രോസസ്സിംഗ് 18,077 യൂണിറ്റുകൾ, ഗാർമെന്റ്സ് 11,689 എന്നിങ്ങനെ ഓരോന്നിനെയും പ്രത്യേകം കാറ്റഗറിയായി തിരിച്ചിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള കണക്കുമുണ്ട്. അതുപോലെ ബഹുമാന്യനായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇവിടെയുണ്ട്. അദ്ദേഹത്തിന്റെ വകുപ്പിന്റെ പിന്തുണ ഇക്കാര്യത്തിൽ ലഭിച്ചിട്ടുണ്ട്. പത്ത് പഞ്ചായത്തുകൾ നൂറ്

ശതമാനത്തിലധികം ടാർജറ്റ് നേടിയിരിക്കുന്നു. അതിൽ വെത്തിരി പഞ്ചായത്ത് 124.1%, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ മണ്ഡലമായ പട്ടാഴി-വടക്കേക്കര 122.06%, പെരളശ്ശേരി 116.79%, അഞ്ചൽ 113.22%, വെള്ളമുണ്ട 112.57, റാന്നി-പഴവങ്ങാടി, രണ്ട് പഞ്ചായത്തുകളും 108.18%, വെച്ചൂച്ചിറ 108.16%, തുമ്പമൺ 105.88%, ചെറുകര 105.56%. മുനിസിപ്പാലിറ്റികളിൽ കരുനാഗപ്പള്ളി 150% ടാർജറ്റിന് അപ്പുറത്തേയ്ക്ക് പോയിരിക്കുന്നു, ശ്രീ. സി. ആർ. മഹേഷിന്റെ മണ്ഡലമാണ്. ശ്രീമതി സി. കെ. ആശ എം.എൽ.എ.-യുടെ മണ്ഡലമായ വൈക്കം 149.52%, ഗുരുവായൂർ 149% ടാർജറ്റിന്റെ അപ്പുറത്തേയ്ക്ക് പോയിരിക്കുന്നു, പാലാ 145.5%, ആലുവ 115%, കൽപ്പറ്റ 113.38%, പുനലൂർ 113.33%, തൃക്കാക്കര 111%, സുൽത്താൻ ബത്തേരി 109%, തൊടുപുഴ 108%. കോർപ്പറേഷനിൽ കണ്ണൂർ 71.68%, തൃശ്ശൂർ 71.02%, കൊച്ചി 66.74% ഈ കോർപ്പറേഷനുകളൊന്നുംതന്നെ 100 ശതമാനത്തിലേയ്ക്ക് എത്തിയിട്ടില്ല. വളരെ നല്ല രീതിയിലുള്ള മുന്നേറ്റം എം.എസ്.എം.ഇ.-യുടെ കാര്യത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞു. മണ്ഡലം തിരിച്ചുള്ള കണക്കുകൾ എല്ലാ എം.എൽ.എ.-മാർക്കും നൽകുന്നതാണ്. എല്ലാ എം.എൽ.എ.-മാരും കക്ഷിരാഷ്ട്രീയത്തിനും മുന്നണികൾക്കും അതീതമായി

ഇത് വിജയിപ്പിക്കുന്നതിന് നന്നായി ശ്രമിച്ചിട്ടുണ്ട്. റിവ്യു മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്.

ശ്രീ. കെ. പി. മോഹനൻ: സർ, എല്ലാ എം.എൽ.എ.-മാരും ഖാദി ഉൽപ്പന്നം വാങ്ങണ്ടേ?

ശ്രീ. പി. രാജീവ്: സർ, ഖാദി ഉൽപ്പന്നം വാങ്ങണം. അപ്പോൾ നല്ല രീതിയിൽ വിപണി ഉറപ്പുവരുത്താൻ കഴിയും.

ശ്രീ. ഷാഫി പറമ്പിൽ: സർ, സംരംഭങ്ങൾ ഉണ്ടാകേണ്ടതിന്റെ അനിവാര്യത നമുക്കെല്ലാവർക്കും നല്ല ബോധ്യമുണ്ട്. ഇതുമായി ബന്ധപ്പെട്ട് എന്റെ നിയോജകമണ്ഡലത്തിൽ നടത്തിയ റിവ്യു മീറ്റിംഗിൽ ഞാൻ പങ്കെടുത്തിരുന്നു. അതിൽ പുതിയ പ്രോജക്ടുകളുടെ എണ്ണം കേട്ടപ്പോൾ സന്തോഷം തോന്നി. യൂണിറ്റ്വൈസ് അറിയാനായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച രണ്ടുമൂന്ന് യൂണിറ്റിന്റെ കാര്യം പറയാൻ ആവശ്യപ്പെടുകയും അവർ പറയുകയും ചെയ്തു. അവയെല്ലാം പുതിയ യൂണിറ്റുകളാണോയെന്ന് ചോദിച്ചപ്പോൾ നിലവിലുള്ള യൂണിറ്റുകൾ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി പുതിയ യൂണിറ്റുകളുടെ കണക്കിൽ ഉൾപ്പെടുത്തിയതാണെന്ന് പറഞ്ഞു. ഞാൻ നെഗറ്റീവായി പറയുന്നതല്ല. മുപ്പത് സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി ഗാർമെന്റ് യൂണിറ്റ് തുടങ്ങിയെന്ന്

പറഞ്ഞപ്പോൾ ഞാൻ അതിന്റെ ലൊക്കേഷൻ ചോദിച്ചു. അത് എന്റെ നിയോജകമണ്ഡലത്തിലാണ് പ്രവർത്തിക്കുന്നതെന്ന് മനസ്സിലായി. ആ സ്ഥാപനം ഇന്ന കെട്ടിടത്തിലല്ലേ പ്രവർത്തിക്കുന്നതെന്ന് ഞാൻ ചോദിച്ചു. ഇലക്ഷന് നിന്നപ്പോൾ അവിടെയുള്ള മുപ്പതുപേരോടൊപ്പംനിന്ന് സെൽഫിയെടുത്ത ഓർമ്മയുണ്ടായിരുന്നു. അപ്പോൾ ആ കെട്ടിടത്തിൽനിന്ന് മാറി എതിർവശത്തുള്ള സ്ഥാപനമെന്നാണ് അവർ പറഞ്ഞത്. നിങ്ങൾ മുകളിലേയ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള കണക്കുകൾ ഇത്തരത്തിലുണ്ടാക്കരുത്, ഇതെല്ലാം വലിയ ലക്ഷ്യങ്ങളോടുകൂടി ആരംഭിക്കുന്ന പ്രോജക്ടുകളാണെന്ന് ഞാൻ പറഞ്ഞു. ഓരോ സെക്ടറിലും എത്ര യൂണിറ്റുകൾക്ക് സഹായം ചെയ്തുകൊടുത്തുവെന്ന് വിശദമായി ചോദിച്ചിരുന്നു. രജിസ്ട്രേഷൻ നൽകിയതാണ് പല ഘട്ടത്തിലും സഹായം കൊടുത്തിട്ടുള്ളതായി കാണിച്ചിട്ടുള്ളത്. സ്വയം തുടങ്ങിയ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തുനൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. കെട്ടിടങ്ങൾ മാറുന്നതും ഷിഫ്റ്റ് ചെയ്യുന്നതും ഉൾപ്പെടുത്തുന്നതിനുപകരം പുതിയ സംരംഭം തുടങ്ങുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതുമായിട്ടുള്ള കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കാനുള്ള നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. രാജീവ്: സർ, അത് ഏതെങ്കിലും ഒറ്റപ്പെട്ട സംരംഭമായിരിക്കും. പൊതുവെ അങ്ങനെ ഉണ്ടാകില്ല. കാരണം ഇത്രയും സംരംഭങ്ങൾ കേരളത്തിലുണ്ടെങ്കിൽ നമ്മളാരും കേരളം വ്യാവസായികമായി പിറകിൽ നിൽക്കുന്നുവെന്ന് പറയുകയില്ലല്ലോ; അവർക്ക് ആത്മവിശ്വാസം പകരാനായി ഞാൻ ഓരോ ജില്ലയിലെയും 5-6 സംരംഭങ്ങൾ നേരിട്ട് പോയി കാണാറുണ്ട്. മൊബൈൽ ആപ് വഴി ജിയോ ലൊക്കേഷൻ വച്ചാണ് രജിസ്റ്റർ ചെയ്യുന്നത്. ഇപ്പോൾ കുടുംബശ്രീക്കാരെ പ്രത്യേകം ചുമതലപ്പെടുത്തി, എന്യൂമറേറ്റർമാരെ വച്ച് ജിയോ ടാഗ്ഉൾപ്പെടെ പഴയതും ഇപ്പോൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. അതിലേതെങ്കിലും രജിസ്റ്റർ ചെയ്യാതെ ഒറ്റപ്പെട്ടുപോയിട്ടുണ്ടെങ്കിൽ ഇതിന്റെ കൂട്ടത്തിൽ രജിസ്റ്റർ ചെയ്ത് പോയിട്ടുണ്ടാകാം. എം.എൽ.എ.-മാർ അത് ഫോളോ അപ് ചെയ്യുന്നുണ്ട്. ഞാൻ നേരത്തേ ഇരിക്കൂർ, കല്യാശ്ശേരി, തൃത്താല എന്നിവിടങ്ങളിൽ പോയപ്പോഴുള്ള അനുഭവം പറഞ്ഞല്ലോ; എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ എം.എൽ.എ.-മാർ ഇടപെട്ട് അതെല്ലാം പരിഹരിച്ച് ശക്തിപ്പെടുത്തി നിലനിർത്തി മുന്നോട്ടുകൊണ്ടുപോകാം. എന്തായാലും കേരളത്തെ സംബന്ധിച്ച് വളരെ അഭിമാനകരമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞതിൽ ഞാൻ ഈ സഭയിലെ എല്ലാ എം.എൽ.എ.-മാരോടും പ്രത്യേകം

നന്ദിരേഖപ്പെടുത്തുന്നു. ഈ രണ്ട് ബില്ലുകളും പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എ.കെ.എം. അഷ്റഫ് അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ.കെ.എം. അഷ്റഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ജോയി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ, 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ

രണ്ടാം വകുപ്പ്

ഡോ. എൻ. ജയരാജ് ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

106. In clause 2(ii) after the words "after the words", the symbol and words ", symbols and figure" may be added.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

"ബില്ലിന്റെ തത്വപ്രഖ്യാപന വാക്യത്തിൽ "Seventy third" എന്ന വാക്കുകൾക്കിടയിൽ "-" എന്ന ചിഹ്നം ചേർക്കേണ്ടതാണ്."

ഡോ. എൻ. ജയരാജ് ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

105. In clause 1(1) for the word 'Amendment' the symbol and word " (Amendment)" shall be substituted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ഡോ. എൻ. ജയരാജ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

105. In the Enacting Formula the symbol " -" occuring after the word " Seventy" shall be deleted.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സർ, 2022-ലെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(2) 2022-ലെ കേരള പൊതു വില്പന നികുതി (ഭേദഗതി) ബില്ലിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും

മി. സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഇന്നലെ സഭയിൽ അവതരിപ്പിച്ച 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തിന്മേൽ ഇന്ന് ചർച്ച നടത്താൻ തീരുമാനിച്ചിരുന്നു, ചർച്ച ആരംഭിക്കുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഒരുപാട് സംസാരിക്കുന്നില്ല. പക്ഷേ ഈ സമീപനം അംഗീകരിക്കാൻ കഴിയാത്തതാണ്. ഇവിടെ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് വില വർദ്ധിപ്പിക്കണമെന്നുള്ളത് മദ്യം നിർമ്മിക്കുന്ന കമ്പനികളുടെ ദീർഘകാല ആവശ്യമായിരുന്നു. ഇതിനുമുമ്പ് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ടി. പി. രാമകൃഷ്ണന്റെ കാലം മുതൽ ഈ ആവശ്യം ഉണ്ടായിരുന്നതാണ്. എന്നാൽ ആ സമയത്ത് അത് അംഗീകരിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ മദ്യം നിർമ്മിക്കുന്ന കമ്പനികളുടെ ടേണോവർ ടാക്സ് ഒഴിവാക്കിക്കൊടുക്കാൻ സർക്കാർ തീരുമാനിക്കുകയാണ്. അതുവഴി അവർക്ക് 170 കോടി രൂപയുടെ ലാഭമുണ്ടാകുമ്പോൾ അത് മാനേജ് ചെയ്യുന്നതിനുവേണ്ടി ഉപഭോക്താവിന് വില കൂട്ടുകയാണ്. ഇതൊരിക്കലും

അംഗീകരിക്കാൻ കഴിയുന്നതല്ല. മദ്യപാനം നല്ലൊരു ശീലമല്ല. പക്ഷേ ഇത് നിയമവിധേയമായ ഒരു കാര്യമാണ്. ഗവണ്മെന്റ് ലഹരിയോട് വലിയ പോരാട്ടമൊക്കെ നടത്തുന്നെങ്കിലും മദ്യഷാപ്പുകൾ അനുവദിക്കുന്ന കാര്യത്തിൽ ഒരു കുറവും വരുത്തുന്നില്ല. ഈ വർഷം 23 പുതിയ ബാറുകൾക്ക് അനുവാദം കൊടുത്തിട്ടുണ്ട്. ശീലം നല്ലതല്ലെങ്കിൽപ്പോലും നിയമവിധേയകാര്യമാണെന്ന് ഞാൻ പറഞ്ഞല്ലോ; വ്യാപകമായി വിദേശ മദ്യഷാപ്പുകൾ എല്ലായിടത്തും അനുവദിക്കുകയാണ് സർക്കാർ. സാധാരണക്കാരായവർ കൂലിപ്പണിയെടുത്ത് കിട്ടുന്ന വരുമാനത്തിൽനിന്നാണ് മദ്യം വാങ്ങുന്നത്. നിത്യോപയോഗ സാധനങ്ങൾക്ക് വലിയ വിലയാണ്. പാലിന് വില കൂട്ടി, അതിന്റെ കൂട്ടത്തിലാണ് ഈ വർദ്ധനവും.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, കൂടുതൽ മദ്യഷാപ്പുകൾ/ബാറുകൾ അനുവദിച്ചതുകൊണ്ട് മദ്യവിൽപ്പന കൂടിയിട്ടില്ല എന്നതാണ് കണക്കുകൾ കാണിക്കുന്നത്. 2011-12 മുതൽ 2015-16 വരെ മദ്യ വിൽപ്പന യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 1706.32 ലക്ഷം കെയ്സാണെങ്കിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 1610.91 ലക്ഷം കെയ്സായി കുറയുകയാണ് ചെയ്തത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 2018-ലെ പ്രളയം, 2019-ലെ പ്രളയം, 2020-ൽ കോവിഡ് കാലത്ത് കൂടുതൽ സമയം മദ്യഷാപ്പുകൾ അടച്ചിട്ടത് എന്നിവ വിൽപ്പന കുറയുന്നതിന് കാരണമായിട്ടുണ്ട്.

മി. സ്പീക്കർ: യെസ്...യെസ്....ഒരു ഡിബേറ്റിലേയ്ക്ക് പോകേണ്ട.

ഡോ. മാത്യു കുഴൽനാടൻ: സർ, ഒരു ചെറിയ കാര്യം. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വാദം ജയിക്കാൻ വേണ്ടിയായിരിക്കും പറഞ്ഞത്. ഞാൻ വളരെ honest ആയി പറയുന്നു.

മി. സ്പീക്കർ: Through the Chair to the Government ആണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, അതൊരിക്കലും ഒരു ഹെൽത്തിയായിട്ടുള്ള ട്രെൻഡാണെന്ന് വിചാരിക്കേണ്ട. സമൂഹം സംസ്കാര സമ്പന്നമായ രീതിയിൽനിന്നും അകന്നുപോകുന്ന സാഹചര്യത്തിൽ മദ്യ ഉപയോഗം കുറയുക എന്നത് വലിയ നേട്ടമായി കാണേണ്ട. കാരണം ഇന്ന് മദ്യോപയോഗം കുറഞ്ഞത് വലിയ നേട്ടമായി നിങ്ങൾ കരുതുന്നുണ്ടെങ്കിൽ on the otherside മയക്കുമരുന്നിന്റെ ഉപയോഗം അതിവ്യാപകമായി വർദ്ധിച്ചിരിക്കുകയാണ്. മാത്രമല്ല, ഓരോ തവണയും ചോദിക്കാനും പറയാനും ആളില്ല എന്നതുപോലെ മദ്യത്തിന് തുടരെത്തുടരെ വില കൂട്ടുമ്പോൾ മദ്യപന്മാർക്കുവേണ്ടി സംസാരിക്കാൻ ആരുമില്ലല്ലോ; ചോദിക്കാനും

പറയാനും ആളില്ലാത്തതുകൊണ്ട് നിങ്ങൾ വില കൂട്ടുമ്പോൾ ഉണ്ടാകുന്നത് affordable ആയിട്ടുള്ള ഒരു ഡ്രിങ്ക് അവയിലബിൾ അല്ലാതാകുകയാണ്. അതിന്റെ റിവേഴ് എഫക്ടാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഞാൻ ഒരു ബിൽ കൊണ്ടുവന്നിട്ടുണ്ട്. രണ്ട് ഡ്രിങ്ക് കഴിച്ച ഒരാളിന്റെ അവസ്ഥയാണ്. അതായത്, ആ ഡ്രിങ്കിന്റെ വില എന്നുപറയുന്നത് 2,734 രൂപയാണ്. ടാക്സ് ഇനത്തിൽ സർക്കാർ വാങ്ങിയത് 4,322 രൂപ. ഇങ്ങനെയാണ് മദ്യപന്മാരുടെ കയ്യിൽനിന്നും പൈസ വാങ്ങുന്നത്. ഇനിയും നാലുശതമാനം വർദ്ധിപ്പിക്കുന്നത് ശരിയല്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, അതിന് സാമൂഹികമായൊരു അപകടംകൂടിയുണ്ട്. ഗവണ്മെന്റ്, രാഷ്ട്രീയപാർട്ടികൾ, സാമാജികർ, സാമൂഹിക സംഘടനകൾ, വിദ്യാലയങ്ങൾ എന്നിവിടങ്ങളിലെല്ലാം ലഹരിക്കെതിരായ വലിയ പ്രവർത്തനങ്ങൾ നടന്നുവരുന്ന ഈ ഘട്ടത്തിൽ മദ്യത്തിന് വലിയ തോതിൽ വില വർദ്ധിപ്പിക്കുമ്പോൾ അതുപയോഗിക്കുന്ന ആളുകൾ വില കുറഞ്ഞതും അപകടകരവുമായ മയക്കുമരുന്നിലേയ്ക്കും മറ്റ് മാർഗ്ഗങ്ങളിലേയ്ക്കും തിരിയുന്ന സാഹചര്യം വർദ്ധിച്ചുവരുന്നുണ്ട്. ഇതൊരു നല്ല സമീപനമല്ല, ഇന്ത്യൻ നിർമ്മിത വിദേശ മദ്യ നിർമ്മാതാക്കൾക്ക് 170 കോടി രൂപ ലാഭമുണ്ടാക്കി കൊടുക്കുന്നതിനായി അവരുടെ ആവശ്യത്തിന്

വഴങ്ങി, നാല് ശതമാനം നികുതി വർദ്ധിപ്പിച്ച്, ആ ഉൽപ്പന്നം പാവപ്പെട്ടവരും സാധാരാണക്കാരുമായ ഈ ശീലത്തിന് അടിപ്പെട്ടവരുടെമേൽ അടിച്ചേൽപ്പിക്കുന്നത് ശരിയല്ല, ആ സമീപനത്തെ ഞങ്ങൾ എതിർക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, മദ്യം കഴിക്കുന്ന ആളുകളെ എത്ര ബോധവൽക്കരിച്ചാലും കുറെ ആളുകൾ മദ്യമുപയോഗിക്കും അതൊരു യാഥാർത്ഥ്യമാണ്. പക്ഷെ മദ്യത്തിന് വില കൂട്ടുമ്പോഴുള്ള പ്രശ്നം, ആ കുടുംബത്തിന്റെ വരുമാനത്തിൽ വലിയ പ്രശ്നങ്ങളുണ്ടാകും. കാരണം മദ്യം കഴിക്കുന്നവർ സാധാരണയായി വീടുകളിൽ പൈസ കൊടുക്കില്ലെന്ന ചില ആക്ഷേപങ്ങൾ പറഞ്ഞുകേട്ടിട്ടുണ്ട്. എന്തായാലും മദ്യം കഴിക്കും. അങ്ങനെ വരുമ്പോൾ അവരുടെ വീടുകളിൽ ചെലവാക്കുന്ന പണത്തിൽനിന്നും ഇത്രയും തുക ഈ സർക്കാർ തട്ടിയെടുക്കുകയാണ് ചെയ്യുന്നത്. ഈ സമീപനം പിച്ചച്ചട്ടിയിൽനിന്നും കൈയിട്ടുവാരുന്നതിന് തുല്യമാണെന്നാണ് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: ഈ വിഷയം നേരത്തെ സഭയിൽ അവതരിപ്പിച്ചതാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, അതുതന്നെയാണ് പറയുന്നത്, അങ്ങ് പറഞ്ഞതുപോലെ 200 രൂപ വീട്ടിൽ കൊടുത്തിരുന്ന ഒരാൾ അതിൽനിന്നും നൂറു രൂപ മദ്യഷോപ്പിൽ കൊടുക്കുമ്പോൾ അത്രയും തുകയുടെ കുറവ് വീട്ടിൽ

കൊടുക്കുന്നതിലുണ്ടാകും വീണ്ടും ആളുകളെ ബുദ്ധിമുട്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഞാൻ ഗവണ്മെന്റിനെതിരെ ആരോപണമൊന്നും ഉന്നയിക്കുന്നില്ല, ആരോപണം എഴുതിക്കൊടുത്താണ് ഉന്നയിക്കേണ്ടത്. പക്ഷെ ഇത് നല്ല സമീപനമല്ല, എവിടെയൊക്കെയോ എന്തൊക്കെയോ ചീഞ്ഞ് നാറുന്നുണ്ട്. അത്രമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുന്നു. നാറുന്ന, ചീയുന്ന സാധനങ്ങൾ ഏതാണെന്ന് സഭയിൽ വ്യക്തമാക്കേണ്ടതല്ലേ; ഒരു പുകമറ സൃഷ്ടിക്കുകയാണ്. യഥാർത്ഥത്തിൽ ടേണോവർ ടാക്സിൽ നിലനിൽക്കുന്ന അസമത്വം ഒഴിവാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനത്ത് വിദേശ നിർമ്മിത മദ്യം ഉൽപ്പാദിപ്പിക്കുന്ന ഡിസ്റ്റിലറികളിൽനിന്നും ടേണോവർ ടാക്സ് ഈടാക്കുകയും മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിൽപ്പനയ്ക്കായി ഇവിടെയെത്തുന്ന മദ്യത്തിന് ടേണോവർ ടാക്സ് ഈടാക്കാതിരിക്കുകയും ചെയ്യുന്നത് അനീതിയാണ്. അതൊന്നും വിദേശ മദ്യത്തിൽപ്പെടുന്നതല്ലേ? വിദേശമദ്യം, ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കുന്ന ചെറുകിട വ്യവസായങ്ങളെന്ന നിലയിലുള്ള ഡിസ്റ്റിലറികളിൽ പണിയെടുക്കുന്ന ആളുകളിൽ അറുപത്-എഴുപത്

ശതമാനവും സ്ത്രീ തൊഴിലാളികളാണ്. അവരുടെ തൊഴിൽ നഷ്ടം, അവർക്കുണ്ടാകുന്ന വരുമാന നഷ്ടം, കമ്പനികൾ അടച്ചുപൂട്ടുന്ന സാഹചര്യം എന്നിവ ഒഴിവാക്കാൻ സാധിക്കും. കേരള സർക്കാർ ഉടമസ്ഥതയിലുള്ള ഏക ഡിസ്റ്റിലറിയായ ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ഉൾപ്പെടെ 23 സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിലേയ്ക്കാവശ്യമായ സ്പിരിറ്റ് ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, മധ്യപ്രദേശ്, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുമാണ് വരുന്നത്. അങ്ങനെ വരുന്ന സ്പിരിറ്റിന്റെ വിലയിൽ അടുത്തകാലത്തുണ്ടായ വർദ്ധന ഒരു ലിറ്ററിന് 20 രൂപ മാത്രമാണ്. സ്പിരിറ്റ് കൊണ്ടുവരുന്ന വാഹനത്തിലുപയോഗിക്കുന്ന ഇന്ധനത്തിന്റെ വില അതിനേക്കാൾ കൂടുതലാണ്. സ്വാഭാവികമായി അത്തരമൊരു വർദ്ധനവാണ് കേരളത്തിലെ ഡിസ്റ്റിലറികളിൽ ഉണ്ടായിട്ടുള്ളത്. അങ്ങനെയുണ്ടായപ്പോൾ ആ ഡിസ്റ്റിലറി സ്ഥാപനങ്ങളുടെ ഉടമസ്ഥർ വിലയിൽ നേരിയ വർദ്ധനവ് വരുത്തണമെന്ന് പറഞ്ഞ് ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തുകയാണ്. അങ്ങനെ വില വർദ്ധിപ്പിക്കാനുണ്ടായ മറ്റൊരു സാഹചര്യംകൂടിയുണ്ട്, ഇതിനുപയോഗിക്കുന്ന പാക്കിംഗ് മെറ്റീരിയലുകളിൽ ബോട്ടിൽ, ബോട്ടിൽ ലേബൽ, കോർക്ക്, ഗം തുടങ്ങിയ സാധനങ്ങളും ആവശ്യമാണ്. കൂടാതെ ഇതിന്റെ ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് ഉൾപ്പെടെ വലിയ വർദ്ധനവാണ്

ഉണ്ടായിട്ടുള്ളത്. ഇങ്ങനെയുള്ള എല്ലാ വർദ്ധനവുംകൂടി ഈടാക്കുന്നതിനായി ഇവർ സ്പിരിറ്റുണ്ടാക്കുന്നത് എങ്ങനെയാണ്? 4.5 ലിറ്റർ സ്പിരിറ്റിൽ മറ്റ് സാധനങ്ങളെല്ലാംകൂടി ചേർത്ത് നിർമ്മിച്ചാൽ ഒൻപത് ലിറ്റർ വിദേശ മദ്യമാണ് കിട്ടുന്നത്. ഇത്രയും അളവ് മദ്യം പതിനെട്ട് കുപ്പികളിലാക്കി ഒരു കെയ്സ് ഉടമസ്ഥന് കൊടുക്കുമ്പോൾ, ബ്രാന്റഡ് സാധനത്തിനുൾപ്പെടെ 400 രൂപ മുതൽ 800 രൂപ വരെയാണ് കിട്ടുന്നത്. ഈ രീതിയിൽ ഞങ്ങൾക്ക് ഉൽപ്പാദനം നടത്താൻ കഴിയില്ലെന്നും അതിനാൽ ഞങ്ങളുടെ സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടാൻ പോകുകയാണെന്നും അവർ പറഞ്ഞു. എന്നുമാത്രമല്ല ഈ ഒക്ടോബർ-നവംബർ മാസങ്ങളിൽ പല സ്ഥാപനങ്ങളും lay off പ്രഖ്യാപിച്ചു, വലിയ തൊഴിൽ നഷ്ടമുണ്ടായി, ഇതൊന്നും ഇവർ മനസ്സിലാക്കുന്നില്ല. അങ്ങനെയുള്ളൊരു സാഹചര്യമാണ് ഇവിടെ ഉണ്ടായത്. അവരുടെ നിർദ്ദേശാനുസരണം വലിയ തോതിൽ മദ്യത്തിന് വില വർദ്ധിപ്പിച്ചുകൊടുക്കുകയല്ല ഈ സർക്കാർ ചെയ്തത്. സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ട്, ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ 70 കോടി രൂപയല്ല, 150 കോടി രൂപയുടെ നഷ്ടമാണ് സർക്കാരിനുണ്ടായത്. മദ്യപാനം അധികരിച്ചുനിൽക്കുന്നവർ മദ്യത്തിന്റെ വില വർദ്ധിപ്പിക്കുമ്പോൾ അതിൽനിന്നും വിട്ടുനിൽക്കുമെന്നാണ് ധാരണ. അതിനുവേണ്ടി നാല്

ശതമാനത്തിന്റെ ചെറിയൊരു വർദ്ധനവാണ് വരുത്തുന്നത്. നാല് ശതമാനം വർദ്ധന വരുത്തുമെന്ന് പറയുമ്പോൾ, ഒരു ബോട്ടിൽ മദ്യത്തിനുണ്ടാകുന്നത് പത്തോ ഇരുപതോ രൂപയുടെ വർദ്ധനവ് മാത്രമാണ്. ഇതൊരു കൊള്ളയടിക്കലൊന്നുമല്ല.

ശ്രീ. ടി. സിദ്ദിഖ്: അങ്ങ് സംസാരിച്ചപ്പോൾ, മദ്യം കുടിക്കുന്നവരുടെ എണ്ണം കൂടിവരുന്നുണ്ടെന്ന് പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ചോദിക്കുകയാണ്. മദ്യവർജ്ജനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയമെന്നാണ് പറയുന്നത്. മദ്യവ്യാപനം വർദ്ധിക്കുകയും മദ്യം കുടിക്കുന്ന ആളുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുന്നത് നിങ്ങളുടെ നയവുമായി പൊരുത്തപ്പെടുന്നതാണോ? 2016-ൽ സംസ്ഥാനത്ത് The Narcotic Drugs and Psychotropic Substances (NDPS) Act പ്രകാരം കേസ്സുകളുടെ എണ്ണം 5678-ഉം 2022 ജൂൺ വരെയുള്ള ആദ്യത്തെ ആറുമാസം കേരളത്തിലെ NDPS കേസ്സുകളുടെ എണ്ണം 11,728-ഉം ആണ്. നർക്കോട്ടിക് കേസ്സുകളുടെ എണ്ണം ഇത്രയധികം കൂടിയതുകൊണ്ടാണ് മദ്യപന്മാരുടെ എണ്ണം കുറയാനുണ്ടായ പ്രധാനപ്പെട്ട കാരണം. നർക്കോട്ടിക് കേസ്സുകളുടെ എണ്ണത്തോടൊപ്പം മദ്യപന്മാരുടെ എണ്ണവും കൂടിക്കൊണ്ടിരിക്കുകയാണ്. ഇത് രണ്ടും ഗുരുതരമായ പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞങ്ങളുടേത് മദ്യവർജ്ജനമാണ്, മദ്യനിരോധനമല്ല. ഗാന്ധിയൻ ശിഷ്യന്മാരായി മദ്യ നിരോധനത്തിനുവേണ്ടി സമരംചെയ്ത പലരേയും ഇപ്പോൾ പത്രങ്ങളിലൊക്കെ കാണുന്നുണ്ടല്ലോ. ഞങ്ങൾ മദ്യാസക്തിയെ എതിർക്കുന്നവരാണ്. ശുദ്ധമായ വിദേശ മദ്യം ലഭിക്കുന്നതുകൊണ്ടാണ് ആളുകൾ മറ്റ് ലഹരികൾക്ക് അടിപ്പെട്ടുപോകാത്ത സാഹചര്യമുള്ളത്. ഇപ്പോഴത്തെ അവസ്ഥ വളരെ ശ്രദ്ധിക്കണം. ബോധവൽക്കരണത്തിലൂടെ, ജനങ്ങൾ മദ്യപിക്കരുതെന്നാണ് ഞങ്ങൾ പറയുന്നത്. വിലവർദ്ധനവിന്റെ പേരിൽ, ഇനി ഞാൻ മദ്യപിക്കില്ല, വീട്ടിൽ പട്ടിണിയാകുമെന്ന ധാരണയുടെ പുറത്ത് ആരെങ്കിലുമൊരാൾ മദ്യപിക്കുന്നത് നിർത്തിയാൽ അതിൽ സന്തോഷിക്കുന്നവരാണ് ഞങ്ങൾ. മദ്യപാനം നിർത്തണമെന്ന് പറയുന്നവരാണ് ഞങ്ങൾ. അതിലൊന്നും യാതൊരു സംശയവുമില്ല. വില കൂട്ടിക്കൂട്ടി, മദ്യപിക്കുന്ന ഒരൊറ്റയാളും ഇനിമുതൽ ഒരു തുള്ളിപോലും മദ്യം കഴിക്കില്ല എന്ന അവസ്ഥയിലേയ്ക്ക് കൊണ്ടുവരണം.

ശ്രീ. ഡി. കെ. മുരളി: സർ, മദ്യ ഉൽപ്പാദനത്തിന്റെ ചെലവ് അങ്ങ് നേരത്തെ സൂചിപ്പിച്ച കാരണങ്ങൾകൊണ്ട് വർദ്ധിച്ചുവരികയാണ്. നിലവിൽ കേരളത്തിന് പുറത്ത് ഉൽപ്പാദിപ്പിക്കുന്ന വിദേശ മദ്യങ്ങൾക്ക് ടേണോവർ ടാക്സില്ല, എന്നാൽ കേരളത്തിലുണ്ട്. അതൊരു ഡിസ്പാരിറ്റിയാണ്. അതിന്റെ

ഭാഗമായി കേരളത്തിലെ ഡിസ്റ്റിലറികൾ പലതും അടച്ചുപൂട്ടുകയാണ്. അതുമൂലം ധാരാളം പേർക്ക് തൊഴിൽ നഷ്ടപ്പെടുകയാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ബാബു (നെന്മാറ): സർ, തീർച്ചയായും. ഞാൻ അക്കാര്യം ആമുഖമായി പറഞ്ഞിട്ടുണ്ട്. 23 ഡിസ്റ്റിലറികളാണുള്ളത്. ഒരു കെയ്സിന് 42 രൂപ നഷ്ടത്തിലാണ് Travancore Sugars And Chemicals ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. അത് അടച്ചുപൂട്ടാനുള്ള സാഹചര്യമാണുള്ളത്. ഇതിൽ എം.ആർ.പി.-യിൽ 2% വർദ്ധനവ് വരുമ്പോൾ ബോട്ടിലിന് പത്തും ഇരുപതും രൂപ കൂടുന്നു. സ്വാഭാവികമായും Travancore Sugars And Chemicals-നെയും മറ്റ് ഡിസ്റ്റിലറികളെയും രക്ഷിക്കാൻ സാധിക്കും.

ശ്രീ. പി. നന്ദകുമാർ: സർ, ഡിസ്റ്റിലറികളിലുള്ള പ്രതിസന്ധിയുമായി ബന്ധപ്പെട്ട് ഇവ സംരക്ഷിക്കണമെന്ന് പറഞ്ഞുകൊണ്ട് സംയുക്ത ട്രേഡ് യൂണിയനുകൾ ഒരു ഡിമാന്റ് ഉന്നയിച്ചിട്ടുണ്ടല്ലോ? അപകടത്തിൽപ്പെട്ട ഡിസ്റ്റിലറികൾ പൂട്ടാതിരിക്കാനാവശ്യമായ സംരക്ഷണം നൽകണമെന്ന് പറഞ്ഞുകൊണ്ട് INTUC ഉൾപ്പെടെയുള്ള യൂണിയനുകൾ അത്തരമൊരു ആവശ്യം ഉന്നയിച്ചിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഡിസ്റ്റിലറികളും ഔട്ട്‌ലെറ്റുകളും അടച്ചുപൂട്ടരുതെന്നും അതിന്റെ ഭാഗമായി തൊഴിൽ നഷ്ടമുണ്ടാകരുതെന്നും ആവശ്യപ്പെട്ടുകൊണ്ട് STU, കോൺഗ്രസ്സിന്റെ ട്രേഡ് യൂണിയനായ INTUC ഉൾപ്പെടെയുള്ള എല്ലാ യൂണിയനുകളും സംയുക്തമായി പ്രചരണം നടത്തുന്നതിനെ അംഗീകരിക്കുന്നവരാണ് ഞങ്ങൾ.

ഒരു കെയ്സ് മദ്യത്തിന് 42 രൂപ നഷ്ടത്തിൽ വിൽക്കുന്ന Travancore Sugars And Chemicals അടച്ചുപൂട്ടണമെന്നാണോ ഇവർ പറയുന്നത്; ഡിസ്റ്റിലറികളെ സംരക്ഷിക്കുമെന്നതിലൂടെ തൊഴിലവസരങ്ങൾ ഇന്നത്തെ അവസ്ഥയിൽത്തന്നെ നിലനിർത്തിക്കൊണ്ടുപോകാനുള്ള ഗവണ്മെന്റിന്റെ ശ്രമത്തിനെ പിന്തുണയ്ക്കേണ്ടതിനുപകരം അതിനെ എതിർക്കുന്നത് എന്തടിസ്ഥാനത്തിലാണ്? എന്നിട്ടൊരു പുകമറ സൃഷ്ടിക്കാൻ 'ഇതിന്റെ പിറകിൽ എന്താണ് എന്ന് പറയുന്നു. അതിന്റെ പിറകിൽ ഒന്നുമില്ല. ശ്രീ.പി. സി. വിഷ്ണുനാഥ്, നിങ്ങൾ ധൈര്യമുണ്ടെങ്കിൽ എഴുതിക്കൊടുക്കണം. ഈ മേശപ്പുറത്ത് വയ്ക്കണം. ഞങ്ങൾ വെല്ലുവിളിക്കുകയാണ്. INTUC ഉൾപ്പെടെയുള്ള ട്രേഡ് യൂണിയനുകൾ ആവശ്യപ്പെട്ടതാണ് ഗവണ്മെന്റ് അംഗീകരിച്ചുകൊടുക്കുന്നത്. അതുകൊണ്ട് നിങ്ങൾക്ക് പത്രത്തിലൂടെയൊക്കെ പുകമറ സൃഷ്ടിക്കാൻ കഴിയും. യാഥാർത്ഥ്യമെന്താണെന്ന് മനസ്സിലാക്കണം.

വിദേശ മദ്യ ഉൽപ്പാദനവും വിൽപ്പനയും നടത്തുന്ന ഈ മേഖലയിലെ TOT (Turnover Tax)-യിലെ അസമത്വം ഒഴിവാക്കുകയെന്നതാണ് ഏറ്റവും പ്രധാനമായ കാര്യം. അതുകൊണ്ട് ഗവണ്മെന്റ് ചില ആളുകളെ സഹായിക്കുന്നു എന്ന ധാരണ വേണ്ട. ചില ആളുകളെ സഹായിക്കുന്നുണ്ട്. അത് മഹാഭ്രൂരിപക്ഷംവരുന്ന തൊഴിലാളികളെയാണ്. അവർക്കുവേണ്ടിയാണ് TOT ഒഴിവാക്കുന്ന രൂപത്തിലേയ്ക്ക് വരുന്നത്. അതിനെ അംഗീകരിക്കണം. ഡിസ്റ്റിലറി ഉടമകൾ ആവശ്യപ്പെടുന്നതിനനുസരിച്ച് വിദേശ മദ്യത്തിന് വില വർദ്ധിപ്പിച്ചുകൊടുത്തില്ലല്ലോ; അവർ വർദ്ധിപ്പിക്കാനാണ് പറഞ്ഞത്. അതിന് ഇവിടെ തയ്യാറായിട്ടില്ല. ഡിസ്റ്റിലറി വ്യവസായമാകെ അടച്ചുപൂട്ടേണ്ടിവരും. എന്റെ നാട്ടിലുള്ളൊരു ഡിസ്റ്റിലറിതന്നെ എടുത്തുനോക്കാം. ഒക്ടോബർ, നവംബർ മാസത്തിൽ ലേ ഓഫ് ആയിരുന്നു. എത്ര തൊഴിലാളികൾക്കാണ് അതിന്റെ ഭാഗമായി തൊഴിൽ നഷ്ടമുണ്ടായത്. അങ്ങനെ വരാതിരിക്കണമെങ്കിൽ സ്വാഭാവികമായും ഗവണ്മെന്റ് ചെറിയ നഷ്ടം സഹിച്ചിട്ടാണെങ്കിലും ഇത്തരമൊരു തീരുമാനമെടുത്തതിനെ അംഗീകരിക്കുകയാണ് വേണ്ടത്. ഞാൻ അതിനെ അഭിനന്ദിക്കുകയാണ്. ഇത്തരത്തിലൊരു സാഹചര്യം സൃഷ്ടിച്ച് അമിതവിലകൊടുത്ത്

മദ്യപിക്കാതിരിക്കുന്ന സാഹചര്യം കേരളത്തിൽ വരണം. അല്ലെങ്കിൽ എന്താണുണ്ടാകുക; സ്വാഭാവികമായും വ്യാജ വാറ്റിലേയ്ക്ക് വരും. ചില ആളുകൾ ധരിക്കുന്നത് ശുദ്ധമായ വിദേശമദ്യം ഒഴിവാക്കി കള്ളവാറ്റും വ്യാജമദ്യവും കേരളത്തിൽ ഒഴുകണം, അതിന്റെ ഭാഗമായി ഒരു ദുരന്തമുണ്ടാകണം, മുതലക്കണ്ണീരൊഴുക്കണം, ഈ ഗവണ്മെന്റിനെതിരായി ജനങ്ങളെ തിരിച്ചുവിടണമെന്നാണ്, അത് സ്വപ്നം കണ്ടവിടെ ഇരുന്നാൽമതി. അത് നടക്കാൻ പോകുന്നില്ല. അതുകൊണ്ടുതന്നെയാണ് നിലനിൽക്കുന്ന TOT-യിലെ അസമത്വം ഒഴിവാക്കാൻ വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്ന ഡിസ്റ്റിലറിക്കാർക്ക് 5% TOT ഒഴിവാക്കുന്നതിനും മദ്യവിൽപ്പന നികുതി 4% വില വർദ്ധിപ്പിച്ച് ശുദ്ധമായ വിദേശമദ്യം ഒരൽപ്പം വില വർദ്ധിപ്പിച്ചിട്ടാണെങ്കിലും വിൽപ്പന നടത്തുന്നതിനുമുള്ള ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, വിശദമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയും. ഇവിടെ പരാമർശിച്ച ഒന്നുരണ്ട് കാര്യങ്ങളെക്കുറിച്ചുമാത്രം പറയാൻ ആഗ്രഹിക്കുകയാണ്. ചർച്ചയിൽ ഇടപെട്ടുകൊണ്ട് ഡോ. മാത്യു കുഴൽനാടൻ പറഞ്ഞ കാര്യം ശരിയാണ്. മദ്യ വിൽപ്പന കുറയുന്നു എന്നതിനൊപ്പം NDPS

(The Narcotic Drugs and Psychotropic Substances Act) പ്രകാരമുള്ള കേസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. അതുതന്നെയാണ് പ്രശ്നം. യു.ഡി.എഫ്. അധികാരത്തിൽ വരുന്ന സമയത്ത് കേരളത്തിൽ 720 ബാറുകളുണ്ടായിരുന്നു. അന്ന് NDPS കേസുകളുടെ എണ്ണം താരതമ്യേന കുറവായിരുന്നു. പിന്നീട് യു.ഡി.എഫ്.-ന്റെ മദ്യനയത്തിന്റെ ഭാഗമായി ബാറുകളുടെ എണ്ണം കുറഞ്ഞപ്പോൾ ആദ്യ വർഷങ്ങളിൽ NDPS കേസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്ന പ്രവണത കാണാൻ കഴിയുന്നുണ്ട്. അതുകൊണ്ടാണല്ലോ ഇപ്പോൾ മയക്കുമരുന്നിനെതിരായുള്ള യോജിച്ച പോരാട്ടത്തിൽ നമ്മളെല്ലാം ഏർപ്പെട്ടിട്ടുള്ളത്.

വില വർദ്ധനവുമായി ബന്ധപ്പെട്ട് പറഞ്ഞ കാര്യം, യഥാർത്ഥത്തിൽ TOT പിൻവലിക്കുന്നതോടുകൂടി മദ്യത്തിന് വലിയ വില വർദ്ധനവുണ്ടാകുന്നില്ല. ഭൂരിഭാഗം മദ്യത്തിനും വില കൂടുന്നില്ല. പ്രത്യേകിച്ച് വില കുറഞ്ഞയിനം മദ്യത്തിന് വില കൂടുന്നതേയില്ല. പരമാവധി കൂടുന്നത് 20 രൂപയാണ്. ഗണ്യമായ വിലവർദ്ധവുണ്ടാകുന്നുവെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത് ശരിയല്ല.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ...

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം പ്രതികരിക്കുന്നത് ചെയർ മാറിയിരുന്നാണ്. അങ്ങനെ ചെയ്യാൻ പാടില്ല.

ശ്രീ. എം. ബി. രാജേഷ്: സർ, നാമമാത്രമായ വിലവർദ്ധനവാണ് ഉണ്ടാകുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ മുഖാന്തരം ഞാൻ പ്രതിപക്ഷത്തെ അറിയിക്കാൻ ആഗ്രഹിക്കുന്നത്, പരമാവധി 20 രൂപയാണ് വർദ്ധിക്കുക. കുറച്ചധികം ബ്രാന്റ് മദ്യങ്ങൾക്ക് വില വർദ്ധിക്കുന്ന സാഹചര്യമുണ്ടാകില്ലെന്നതാണ് വസ്തുത. 4 ശതമാനമാണ് കെ.ജി.എസ്.റ്റി. (Kerala General Sales Tax) ഏർപ്പെടുത്തുന്നത്. 5 ശതമാനമുണ്ടായിരുന്ന TOT പിൻവലിച്ച് 4% കെ.ജി.എസ്.റ്റി. ഏർപ്പെടുത്തുമ്പോൾ നാമമാത്രമായ വർദ്ധനവ് മാത്രമാണ് ചില ബ്രാന്റുകൾക്കുണ്ടാകുന്നത്. സർക്കാർ വിശദമായ പരിശോധനകൾക്കും അവധാനതയോടുംകൂടി എടുത്ത തീരുമാനമാണ്.

സ്പിരിറ്റിന്റെ വിലയിലുണ്ടായ വർദ്ധനവുകൂടി അങ്ങയിലൂടെ ഈ സഭയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. 2017-ൽ സ്പിരിറ്റിന്റെ വില 50.84 രൂപയും 2018-ൽ 48.50 രൂപയും 2019-ൽ 67.40 രൂപയും 2020-ൽ 58.19 രൂപയും 2022 ജനുവരിയിൽ 67 രൂപയും 2022 നവംബറിൽ 72 രൂപയും ആയി വർദ്ധിച്ചു. ഈ അഞ്ച് വർഷത്തിനിടയിൽ 50 രൂപയിൽനിന്നും 72 രൂപയിലേയ്ക്കാണ് വർദ്ധനവുണ്ടായിട്ടുള്ളത്.

ഗണ്യമായ വർദ്ധനവുണ്ടായപ്പോഴാണ് കേരളത്തിൽ പ്രവർത്തിക്കുന്ന ഡിസ്റ്റിലറികൾ ഉൽപ്പാദനം നിർത്തിവയ്ക്കുന്ന സ്ഥിതിയുണ്ടായത്. ആ ദിവസങ്ങളിൽ വലിയ വാർത്തകൾ വന്നത് നമുക്കെല്ലാമറിയാം. വലിയൊരു പ്രതിസന്ധിയിലേയ്ക്കുതന്നെ പോയി. മദ്യം കിട്ടാനില്ലാത്ത സ്ഥിതിവിശേഷം വന്നു. മദ്യം ഉപയോഗിക്കുന്ന ആളുകൾ തുടർച്ചയായി മന്ത്രിയെ നേരിട്ട് വിളിക്കുന്ന സ്ഥിതിവിശേഷം വരെയുണ്ടായി. ബിവറേജസിന്റെ ഔട്ട്ലെറ്റിൽ പോയി നേരിട്ട് എന്നെ വിളിച്ച് പ്രതിഷേധം അറിയിക്കുന്ന സ്ഥിതിയുണ്ടായി. ഞാൻ സത്യസന്ധമായി പറയുകയാണ്. രോഷാകുലരായിട്ടൊക്കെയാണ് ചിലർ വിളിച്ചത്. അത്തരമൊരു സാഹചര്യമുണ്ടായി. പത്രങ്ങളിൽ മുഴുവൻ വാർത്ത വന്നു. ഒരു ക്രൈസിസ് രൂപപ്പെട്ടുവരുന്ന സ്ഥിതിവിശേഷമുണ്ടായി. അത് വ്യാജമദ്യം വരുന്നതിനും മറ്റ് അപകടങ്ങളിലേയ്ക്കുമൊക്കെ നയിക്കുമെന്ന സ്ഥിതിവിശേഷം വന്നു. അപ്പോഴും സർക്കാർ ധൃതിപിടിച്ചൊരു തീരുമാനമെടുത്തിട്ടില്ല. വേണ്ടത്ര ഗൃഹപാഠം ചെയ്ത്, ആലോചനകൾ നടത്തി, വളരെ അവധാനതയോടുകൂടി എടുത്തിട്ടുള്ള തീരുമാനമാണ്. അത് ഇന്നത്തെ സാഹചര്യത്തിൽ ഏറ്റവും ഉചിതമായ തീരുമാനമാണ്.

TOT ഒഴിവാക്കരുതെന്ന വേറൊരു വാദമുണ്ടായിരുന്നു. കേരളത്തിന് പുറത്തുള്ള ഉൽപ്പാദകരാണ് അത്തരമൊരു വാദം ഉന്നയിച്ചത്. കാരണം,

ഗുണഭോക്താക്കൾ അവരാണ്, അവർക്ക് TOT ഇല്ല. കേരളത്തിലെ ഉൽപ്പാദകർക്ക് മാത്രമേയുള്ള. ആ നിലയ്ക്ക് നോക്കുമ്പോൾ അതൊരു വിവേചനപരമായ നിലപാട് കൂടിയാണ്, ആ വശംകൂടിയുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിലെ ഉൽപ്പാദകരെ പ്രോത്സാഹിപ്പിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്, കാരണം, പുറത്തുനിന്നുള്ള ആളുകൾക്ക് TOT ഇല്ല, കേരളത്തിലെ ഉൽപ്പാദകർക്ക് TOT ഉണ്ട് എന്നാണ് പറയുന്നത്. പക്ഷേ കേരളത്തിലെ ഉൽപ്പാദകർ ഇത് എക്സ്പോർട്ട് ചെയ്താൽ അവരിൽനിന്നും എക്സ്പോർട്ട് ഡ്യൂട്ടി വാങ്ങുന്നത് എന്തടിസ്ഥാനത്തിലാണ്? മറ്റ് പല സംസ്ഥാനങ്ങളിലും എക്സ്പോർട്ട് ഡ്യൂട്ടിയില്ല. ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യുന്നതിന് എന്തിനാണ് സംസ്ഥാന ഗവണ്മെന്റ് എക്സ്പോർട്ട് ഡ്യൂട്ടി വാങ്ങുന്നത്?

ശ്രീ. എം. ബി. രാജേഷ്: സർ, കേരളത്തിലെ ഉൽപ്പാദകരെ പ്രോത്സാഹിപ്പിക്കാനാണെന്നല്ല ഞാൻ പറഞ്ഞത്. അവർ ഒരു വിവേചനം നേരിടുന്നുണ്ടെന്നാണ് ചൂണ്ടിക്കാണിച്ചത്. സ്പിരിറ്റിന്റെ വിലവർദ്ധനവുകൂടി വന്നപ്പോഴാണ് അത് രൂക്ഷമായി വന്നത്. അവർ ഉൽപ്പാദനം നിർത്തി, ഇവിടെ മദ്യത്തിന്റെ ലഭ്യതയില്ലാതായി, ആളുകൾക്ക് പണിയില്ലാതായി.

അത്തരമൊരു സാഹചര്യം വന്നപ്പോഴാണ് സർക്കാർ ആലോചിച്ച് ഇങ്ങനെയൊരു തീരുമാനമെടുത്തതെന്നാണ് പറഞ്ഞത്. ഇത്രമാത്രമേ ഇക്കാര്യത്തിൽ പറയാനുള്ളൂ. ബാക്കി കാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയും.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇവിടെ നടന്ന ചർച്ചകളും നേരത്തേ വാർത്തകളിൽവന്ന കാര്യങ്ങളുമെല്ലാം വിശദമായി വായിക്കുകയും കേൾക്കുകയുമൊക്കെ ചെയ്തതാണ്. ഇതുസംബന്ധിച്ച് വളരെ കൃത്യമായി ഇപ്പോൾ പ്രതിപക്ഷത്തുനിന്നും ഇടപെട്ട് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങളും ടഷറി ബെഞ്ചിൽനിന്ന് ബഹുമാനപ്പെട്ട മന്ത്രിയും പറഞ്ഞു. കേരളത്തിലെ ആകെ മദ്യത്തിന്റെ എൺപത് ശതമാനം പ്രത്യേകിച്ച് വിലകുറഞ്ഞ മദ്യത്തിന്റെ എൺപത് ശതമാനം കേരളത്തിനകത്തെ ഡിസ്റ്റിലറികൾ ഉത്പാദിപ്പിക്കുന്നതാണ്. പക്ഷേ ENA (Extra Neutral Alcohol) കേരളത്തിനത്ത് ഉത്പാദിപ്പിക്കുന്നില്ല, പുറത്തുനിന്നും വരുന്നതാണ്. അങ്ങനെ കൊണ്ടുവരുന്ന ആൽക്കഹോൾ ഉപയോഗിച്ചുണ്ടാക്കുന്ന മദ്യത്തിന് വളരെ മുമ്പുതന്നെ TOT കേരളത്തിനകത്ത് മാത്രമുണ്ടാകുന്ന അവസ്ഥയുണ്ടായിരുന്നു. എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞതുപോലെ, ഈയടുത്തകാലത്തായി കേന്ദ്ര

ഗവണ്മെന്റിന്റെ ബയോഫ്യൂവൽ നയത്തിന്റെ ഭാഗമായി, ഉത്പാദിപ്പിക്കുന്ന ENA-യുടെ നല്ലൊരു ശതമാനം പെട്രോളിലും ബയോഫ്യൂവലിലും ചേർക്കണമെന്നുണ്ട്. കൃഷിക്കാർക്കും ഉത്പാദകർക്കും ലാഭമുള്ള കാര്യമാണത്. സ്പിരിറ്റായി വിൽക്കുമ്പോൾ ലഭിക്കുന്ന 58 രൂപയിൽനിന്നും പെട്രോളിലും പെട്രോളിയം ഉത്പന്നത്തിലും ചേർക്കുമ്പോൾ വില കൂടുതൽ ലഭിക്കും. അതുകൊണ്ടുതന്നെ ഇതിന്റെ വലിയൊരു ഭാഗം അങ്ങോട്ടുപോകുന്നുണ്ട്. ഇതുകാരണം മാർക്കറ്റിൽ 58 രൂപയിൽ വന്ന വർദ്ധനയുടെ കണക്കുകൾ ഇവിടെ പറഞ്ഞു. ഈ വിലവർദ്ധന വന്നുകഴിഞ്ഞപ്പോൾ നാട്ടിലെ കമ്പനികൾക്ക് ഇതുപയോഗിച്ച് മദ്യം നിർമ്മിക്കുന്നത് നഷ്ടമായി. നഷ്ടമായതിനെപ്പറ്റി നേരത്തേ പറഞ്ഞതാണ്. എന്തുകൊണ്ടോ ഹിസ്റ്റോറിക്കലി സംസ്ഥാനത്തിന് പുറത്തുനിന്നുവരുന്ന മദ്യത്തിന് ടേണോവർ ടാക്സ് ഇല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ഇവിടെനിന്നും എക്സ്പോർട്ട് ചെയ്യുന്ന മദ്യത്തിനും ഈ ടാക്സ് വരുന്നുവെന്നത് പ്രശ്നമാണ്. ഞാൻ ആദ്യമേ പറയാം, അത്തരമൊരു കാര്യം തുടർന്നുവരുന്ന ദിവസങ്ങളിൽ ബഡ്ജറ്റ് വരുന്ന സമയത്ത് പരിശോധിക്കേണ്ടതാണെങ്കിൽ പരിശോധിക്കാം. കേരളത്തിലുള്ള ഉത്പന്നങ്ങൾ പുറത്തേയ്ക്കയയ്ക്കുമ്പോൾ ടാക്സ് എന്തിനാണെന്ന പ്രശ്നങ്ങളൊക്കെ

എക്സൈസ് വകുപ്പിൽനിന്നും നേരത്തെതന്നെ ഉന്നയിച്ചിട്ടുണ്ട്, അത് തുടർന്നും പരിശോധിക്കാം. എന്തായാലും പുറത്തുനിന്നും വരുന്നവയ്ക്ക് ടേണോവർ ടാക്സ് ഇല്ല, കേരളത്തിൽ ടേണോവർ ടാക്സുണ്ട്. ഒരുപക്ഷേ മദ്യനയത്തിന്റെ ഭാഗമായി മദ്യ ഉത്പാദനവുംമറ്റും അധികം പ്രോത്സാഹിപ്പിക്കാതിരിക്കാൻ കൊണ്ടുവന്നതായിരിക്കണം. മദ്യകമ്പനികൾ ഒരുവർഷത്തോളമായി ഈ പ്രശ്നങ്ങൾ പറയുന്നത് ഇവിടെ ഇരിക്കുന്നവർക്കെല്ലാം അറിയാമായിരിക്കുമെന്ന് ഞാൻ കരുതുന്നു. ഫിനാൻസ് ബിൽ വരുന്ന സമയത്തുതന്നെ ഇവർ പ്രശ്നങ്ങൾ ഉന്നയിച്ചിരുന്നു. ബഡ്ജറ്റ് കഴിഞ്ഞ സമയമാണ് പിന്നീടേ പരിശോധിക്കാൻ പറ്റൂവെന്ന അഭിപ്രായമാണ് പറഞ്ഞത്. ആ സമയത്ത് പലതവണ അവരുടെ നിവേദനങ്ങൾ വന്നിരുന്നു. ടാക്സ് സംബന്ധിച്ച ചർച്ചകൾ വന്നപ്പോൾ എക്സൈസ് വകുപ്പിൽനിന്നും ഇങ്ങനെയുള്ള പ്രശ്നങ്ങൾ പറഞ്ഞിരുന്നു. പിന്നീട് അവരുടെ പെറ്റീഷൻ വന്നശേഷം പല പരിശോധനകളും നടത്തി. പരിശോധന നടത്തുന്ന ഘട്ടത്തിൽ സംഗതി വളരെ ശ്രുക്ഷമായി. ഇവിടെ പറഞ്ഞ വിലവർദ്ധന വലിയതോതിൽ വന്നു. ഇതിന്റെ ഭാഗമായി രണ്ടുമാസം മുമ്പ് ഇവർ ഉത്പാദനം നിർത്തിയതിന്റെ ഭാഗമായുണ്ടായ കണക്കെടുത്തിട്ടുണ്ട്. 15 ദിവസത്തെ സെയിൽസിന്റെ കുറവ് വന്നപ്പോൾ ഏകദേശം 80 കോടി

രൂപയിലധികമാണ് കുറവുണ്ടായത്. മദ്യത്തിന്റെ പ്രത്യേകത വലിയ ശതമാനം നികുതിയുണ്ടെന്നുള്ളതാണ്. പലതരത്തിലുള്ള നികുതികളുണ്ട്, ഇത് പുതിയ നികുതിയൊന്നുമല്ല. 80 കോടി രൂപ ആ സമയത്ത് സെയിൽസിന്റെ ഭാഗമായി ഖജനാവിലേയ്ക്ക് വരുന്നതിൽ കുറവുവന്നു. അങ്ങനെ ഒരു വർഷം കൂട്ടിയാൽ എത്ര വലിയ തുകയാകും വരിക? അത് ഒരുവശം. മറുവശത്ത്, വ്യവസായം ഇവിടെ നിന്നുപോയാൽ മദ്യം ലഭിക്കുന്നതിന്റെ പ്രശ്നംവരും. മദ്യത്തിന്റെ വലിയ ഷോർട്ടേജ് വരുമ്പോൾ വിലകുറഞ്ഞ മദ്യം ലഭിക്കില്ലെന്ന് മാത്രമല്ല, അതിന്റെ ഭാഗമായി മയക്കുമരുന്നുപയോഗവും മറ്റ് കാര്യങ്ങളും വരും; വ്യാജവാറ്റും കൂടും. ഇതെല്ലാം നമുക്കറിയാം. അങ്ങനെയൊരു പ്രശ്നം വന്നപ്പോഴാണ് ഇത് വീണ്ടും സജീവമായി വന്നത്. ആ സാഹചര്യത്തിൽ സെക്രട്ടറി തലത്തിൽ, എക്സൈസ് വകുപ്പ് സെക്രട്ടറി, ജി.എസ്.ടി. കമ്മീഷണർ, ടാക്സ് സെക്രട്ടറി ഉൾപ്പെടെയുള്ളവരുടെ സബ്കമ്മിറ്റിയുണ്ടാക്കി അവർ പരിശോധിച്ചു. പലതവണ ഇതിന്റെ വിവിധ ആസ്പെക്ടുകൾ ക്യാബിനറ്റിലേയ്ക്ക് പോയി, ക്യാബിനറ്റ് വീണ്ടും ചിലകാര്യത്തിൽ ക്ലാരിഫിക്കേഷൻ വരുത്തി. മൂന്നുനാല് പ്രാവശ്യം ക്യാബിനറ്റിൽ ചർച്ചചെയ്ത് പലതവണ ക്ലാരിഫൈ ചെയ്തശേഷമാണ് ഇങ്ങനെയൊരു കാര്യത്തിലേയ്ക്ക് വന്നത്. നാല്

ശതമാനമാണ് ടാക്സ് വർദ്ധിപ്പിക്കുന്നത്. എന്നാൽ നാല് ശതമാനം ഇഫക്ടിൽ വരില്ല. രണ്ട് ശതമാനമേ ഫലത്തിൽ വിലയിൽ വ്യത്യാസം വരികയുള്ളൂ. 150 കോടിരൂപ മുതൽ 170 കോടിരൂപ വരെയാണ് ടേണോവർ ടാക്സ് ഈയിനത്തിൽ വരുന്നത്. പക്ഷേ അത് തിരിച്ചുകിട്ടത്തക്കവിധത്തിൽ ഒരു ടാക്സ് റേറ്റാണ് അവർ സ്റ്റഡി ചെയ്തതന്നിട്ടുള്ളത്. അതുപറയുമ്പോൾ ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. നികുതി വർദ്ധിപ്പിച്ചിട്ട് രണ്ടരവർഷമായി. രണ്ടുവർഷത്തിലധികമായി അടിസ്ഥാന വിലയും കൂട്ടിയിട്ടില്ല. മദ്യത്തിന് രണ്ടുവർഷമായി വില കൂട്ടിയിട്ടില്ലെന്നതിൽ, ഒരു അവശ്യ സാധനമെന്ന നിലയിൽ വില കൂട്ടിയിട്ടില്ലെന്നല്ല പറയുന്നത്. എന്നാൽപ്പോലും രണ്ട് വർഷമായി ബാക്കി പല സാധനങ്ങൾക്കും വിലക്കയറ്റമുണ്ടായപ്പോൾ അത് മദ്യത്തിന് വന്നിട്ടില്ലെന്നതാണ്. അതൊരു റെസ്ട്രിക്ടഡായ പ്രൈസിംഗ് ഫോർമുലയാണ്. കാരണം ഗവണ്മെന്റ് തീരുമാനിച്ചാലേ മദ്യത്തിന് വിലകൂടുകയുള്ളൂ. അതുകൊണ്ട് മദ്യത്തിന്റെ വില നേരത്തേ കൂട്ടിയതല്ലാതെ പിന്നീട് കൂട്ടിയിട്ടില്ല. ടാക്സും രണ്ടര വർഷത്തിനുമുമ്പ് വന്നിട്ടേയുള്ളൂ. ഇത് നമ്മൾ ചെയ്തില്ലെങ്കിൽ എന്താണുണ്ടാവുക? ഞാൻ പറഞ്ഞ അപകടം അതിലുണ്ട്. പുറത്തുനിന്നും വരുന്ന മദ്യംമാത്രമേ വരൂ, അതും ആവശ്യത്തിന് കിട്ടില്ല. അതുകൊണ്ട്

യാതൊരു സംശയവുമില്ല, ഇങ്ങനെയൊരു കാര്യം ക്യാബിനറ്റിൽ പലപ്രാവശ്യം ചർച്ചചെയ്തു, സെക്രട്ടറിതല കമ്മിറ്റി പരിശോധിച്ചു, നിയമസഭയിൽ വന്നു. എന്നിട്ടും എന്തോ ചീഞ്ഞുനാറുന്നുവെന്ന തരത്തിൽ ഒരു സ്റ്റേറ്റ്മെന്റ് നടത്തേണ്ട കാര്യമുണ്ടായിരുന്നില്ലെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം ഇത്രയും കാര്യങ്ങൾ സുതാര്യമായി നമ്മുടെ മുമ്പിലുള്ളതാണ്.

വിലയുടെ കാര്യത്തിൽ, മഹാഭ്രരിപക്ഷം ഉത്പന്നങ്ങൾക്കും 10 രൂപവച്ചാണ് വർദ്ധിക്കുന്നതെന്നാണ് ബിവറേജസിലെ സ്റ്റഡീസ് പറയുന്നത്. ഏറ്റവും കൂടുതൽ വിലയുള്ള ഒൻപത് ഇനങ്ങളിൽ 10 രൂപ വച്ചാണ് എട്ടെണ്ണത്തിനും വർദ്ധനവരുന്നത്. ഒരെണ്ണത്തിനുമാത്രമാണ് 20 രൂപ കൂടുന്നതെന്നാണ് തന്ന കണക്ക്.

<u>മി. സ്പീക്കർ</u>: ഇനം വായിക്കുന്നുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇനം ഞാൻ പറയുന്നില്ല, വേണമെങ്കിൽ അതൊക്കെ പുറത്ത് പറയട്ടെ, ഇവിടെ ആർക്കും ആവശ്യമില്ലെങ്കിൽപ്പോലും കണക്ക് പറയുകയാണ്. മക്ഡവലിന്റെ (McDowell) ഒരു പ്രത്യേക ഇന്ത്യൻ ബ്രാന്റിനുമാത്രമാണ് 20 രൂപ ഒരു

യൂണിറ്റിന് കൂടുന്നത്. ബ്രാന്റിന്റെ പേരൊന്നും പറയുന്നില്ല, ആർക്കെങ്കിലും ആവശ്യമുണ്ടെങ്കിൽ ലിസ്റ്റ് തരാം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഡിസ്റ്റിലറിയിൽനിന്നും വാങ്ങുന്ന ബോട്ടിലിന്റെ വിലയുടെ 251 ശതമാനമാണ് ഇപ്പോഴുള്ളത്. നേരത്തേതന്നെ 247 ശതമാനമുണ്ട്. ഈ വിലയുടെ എത്രയോ ഇരട്ടിയാണ് ടാക്സ് വാങ്ങിക്കുന്നത്. ലോകത്ത് ഇതുപോലെ ടാക്സ് വാങ്ങുന്ന ഏതെങ്കിലും ഐറ്റമുണ്ടോ? ഇവരുടെ കാര്യങ്ങൾ മന്ത്രി പറഞ്ഞു, ഇന്നയിന്ന കാരണങ്ങൾ കൊണ്ടാണ് ഞങ്ങൾ ടേണോവർ ടാക്സ് വിത്ഡ്രോ ചെയ്തതെന്ന് പറഞ്ഞു. ടേണോവർ ടാക്സ് വിത്ഡ്രോ ചെയ്ത് അവരെ സഹായിച്ചപ്പോൾ അതെടുത്ത് ആരുടെ തലയിലാണ് വച്ചിരിക്കുന്നത്? കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾതന്നെയല്ലേ, അരിയും പച്ചക്കറിയും വാങ്ങുന്ന ആളുകൾ തന്നെയാണ് മദ്യവും വാങ്ങിക്കുന്നത്. അവരുടെ തലയിലേയ്ക്കാണ് വച്ചിരിക്കുന്നത്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞകാര്യം, ഞാൻ ഇന്നലെ സൂചിപ്പിച്ചതുപോലെ ഇതൊക്കെ കുടുംബങ്ങളെയാണ് ബാധിക്കുന്നത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ പറഞ്ഞത്, നാല് ശതമാനം വർദ്ധനയെന്നത് ഇഫക്ടിലേയ്ക്ക് വരില്ലെന്നാണ്. മദ്യത്തിന്

ഇത്രയും ടാക്സ് വരുന്ന നമ്മുടെ സംസ്ഥാനം പോലെ വേറെ കുറേ സംസ്ഥാനങ്ങളുണ്ട്. ഇന്ത്യയിൽ മദ്യത്തിന്റെ കാര്യത്തിൽ നമ്മുടേത് ഏറ്റവും കൂടുതൽ ടാക്സ് വാങ്ങിക്കുന്ന സംസ്ഥാനമല്ല, പക്ഷേ മദ്യത്തിന് നല്ല ടാക്സുണ്ട്. മദ്യ കമ്പനികൾ ആവശ്യപ്പെട്ടത് 10-18% വിലകൂട്ടണമെന്നാണ്. വിലകൂട്ടുന്നതിന്റെ സ്പൈറലിംഗ് ഇഫക്ട് വളരെ കൂടുതൽവരും. അതുകൊണ്ടാണ് ഇങ്ങനെയൊരു കാര്യം തീരുമാനിച്ചത്. ജനറലി പത്ത് രൂപയാണ് വർദ്ധനവരുന്നത്. ഇവിടെ കേരള ഗവണ്മെന്റിന്റെ സ്ഥാപനമാണ് ജവാൻ എന്നുപറയുന്ന മദ്യം ഉത്പാദിപ്പിക്കുന്നത്. അവർക്ക് നഷ്ടം വന്നപ്പോൾ അവർ പ്രൊഡക്ഷൻ നിർത്തി. ബിവറേജസ് കോർപ്പറേഷനിൽനിന്നും ക്രോസ് സബ്സിഡി ചെയ്തതുകൊണ്ടാണ് ഉത്പാദനം വർദ്ധിച്ചത്. ബാക്കി പത്തുപതിനാറ് കമ്പനികൾ നിർത്തി. അതുകാരണമാണ് ഇപ്പോൾ തീരുമാനിക്കേണ്ടിവന്നത്. ഇത് ഞാൻ പറയാൻ കാരണം ഭാവിയിൽ വിലകൂട്ടേണ്ടി വരും, ടാക്സ് കൂട്ടേണ്ടിവരും. പക്ഷേ ഇപ്പോൾ കൂടുതൽ വന്നിട്ടില്ലെന്നതുകൊണ്ടാണ് ഇത്രയും വിശദീകരിച്ചത്. ടാക്സ് ഭാവിയിൽ കൂട്ടേണ്ടി വന്നേക്കാം, അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഇപ്പോൾ പാലിന്റെ വില ഉത്പാദകർക്കുൾപ്പെടെ കൂട്ടി. നമ്മൾ ഈ രംഗത്തും കൂട്ടാതിരിക്കുന്നില്ല. എന്നാൽ അങ്ങനെ കൂട്ടുന്നില്ല. രണ്ടോമൂന്നോ വർഷം

കൂടുമ്പോഴുള്ള പ്രൈസ് ഫിക്സേഷനല്ലാതെ വേറൊന്നും വന്നിട്ടില്ല. പക്ഷേ ആൽക്കഹോൾ/സ്പിരിറ്റ് പെട്രോളിൽ ചേർക്കാൻ പോയപ്പോഴുണ്ടായ വലിയ വിലവർദ്ധനവ് നമ്മളെ ബാധിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഇങ്ങനെയൊരു കാര്യം വന്നത്. അസംബ്ലിയിൽത്തന്നെ വച്ചുകൊണ്ട് ഇക്കാര്യം തീരുമാനിക്കുകയാണ്. ആ പ്രൈസ് വാങ്ങിയില്ലെങ്കിലാണ് നഷ്ടം വരികയെന്നതിനാലാണ് ഈ സെഷനിൽത്തന്നെ ഇത് പാസ്സാക്കണമെന്ന ആവശ്യം പറഞ്ഞത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പരിഗണയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണയ്ക്കെടുക്കുന്നു.

<u>രണ്ടാം വകുപ്പ്</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സഭ ശബ്ദവോട്ടോടെ പാസ്സാക്കിയിരിക്കുന്നു.

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും:

(ചർച്ചയില്ല)

(i) 2022-ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ

പ്രമേയം

ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, "ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2022-ലെ ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ അവതരണത്തിനുശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76, 77, 237 എന്നിവയിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, 2022-ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, 2022-ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

(ഭേദഗതിയില്ല)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു..

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, 2022-ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ഡെക്കാൻ അഗ്രികൾച്ചറിസ്റ്റ്സ് റിലീഫ് (റദ്ദാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

(ii) 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ

പ്രമേയം

ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, "ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ അവതരണത്തിനുശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76, 77, 237 എന്നിവയിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

ബില്ലിന്റെ 2-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

"(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും,-

(എ) ഈ ആക്ടിന്റെ പ്രാരംഭതീയതിയിൽ, റദ്ദാക്കപ്പെട്ട ആക്ടിന്റെ കീഴിൽ നിയമിക്കപ്പെട്ട, അപ്പലേറ്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കപ്പെട്ടതും തീർപ്പാക്കാതെ നിലവിലിരിക്കുന്നതുമായ ഏതെങ്കിലും അപ്പീൽ, ഈ ആക്ട് പാസ്സാക്കിയിട്ടില്ലായിരുന്നു എന്ന രീതിയിൽ അപ്രകാരമുള്ള അധികാരസ്ഥാനം കേൾക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്.

(ബി) (1)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും റദ്ദാക്കപ്പെട്ട ആക്ട് പ്രകാരമുള്ള നികുതി നിർണ്ണയിക്കുവാൻ വിട്ടുപോയ തോട്ടം ഭൂമി നികുതിയിന്മേലുള്ള നികുതി നിർണ്ണയം ഉൾപ്പെടെയുള്ള നികുതി നിർണ്ണയം, നികുതി ചുമത്തൽ, നികുതി പിരിച്ചെടുക്കൽ, ഈടാക്കൽ എന്നിവ സംബന്ധിച്ച് ഈ ആക്ടിന്റെ പ്രാരംഭത്തിൽ നിലവിലുണ്ടായിരുന്ന നടപടികൾ സ്വീകരിക്കുന്നതിനും തുടരുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള അവകാശം, ഏതെങ്കിലും ആളിൽനിന്നും കിട്ടേണ്ട തുക ഒരാൾ നൽകുന്നതിനുള്ള ബാധ്യത, റദ്ദാക്കപ്പെട്ട ആക്ടിന് കീഴിൽ തുക തിരികെ ലഭിക്കുന്നതിനുള്ള ഏതെങ്കിലും അവകാശം എന്നിവയെ ബാധിക്കുന്നതല്ല".

ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള തോട്ടം ഭൂമി നികുതി (റദ്ദാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

(iii) 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ

പ്രമേയം

ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, "ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ അവതരണത്തിനുശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76, 77, 237 എന്നിവയിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കേരളത്തിലെ തോട്ടം മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി 27-11-2015-ലെ സർക്കാർ ഉത്തരവുപ്രകാരം നിയമിച്ച ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കാൻ സർക്കാർ തീരുമാനിച്ചു. കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കണമെന്ന ശിപാർശ നടപ്പിലാക്കുന്നതിനായി 1991-ലെ കേരള കാർഷികാദായ നികുതി ആക്ട്

റദ്ദാക്കാനും സർക്കാർ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത ആവശ്യത്തിലേയ്ക്ക് ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നതിന് തീരുമാനിച്ചു. അതിന്റെ ഭാഗമായാണ് ഈ ബിൽ വന്നിരിക്കുന്നത്. ഇത് പാസ്സാക്കുകയെന്നുള്ളത് പൊതുവിലുള്ള ആവശ്യമാണ്. അതുകൊണ്ട് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതിക്കൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ഡിസംബർ മാസം 09-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.00 മണിക്ക് പിരിഞ്ഞു.)

****

അനുബന്ധം

രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) **നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

പൊതുവിദ്യാഭ്യാസ ഗ്രണനിലവാരത്തിൽ പ്രഥമസ്ഥാനം

5 (*95) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. കെ. എം. സച്ചിൻദേവ് :
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം തയ്യാറാക്കിയ യുഡൈസ് പ്ലസ് റിപ്പോർട്ട് പ്രകാരം പൊതുവിദ്യാഭ്യാസത്തിൽ സംസ്ഥാനം വീണ്ടും ഒന്നാം സ്ഥാനത്ത് തുടരുന്നുണ്ടോ?

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം തയ്യാറാക്കിയ യുഡൈസ് പ്ലസ് റിപ്പോർട്ട് പ്രകാരം പൊതുവിദ്യാഭ്യാസത്തിൽ സംസ്ഥാനം ഒന്നാം സ്ഥാനത്ത് തുടരുന്നുണ്ട്.

(ബി) ഗ്രണനിലവാരത്തിൽ പ്രഥമസ്ഥാനം അലങ്കരിക്കുന്നതുപോലെ വിദ്യാഭ്യാസം നേടുന്നതിനുള്ള അവസരത്തിലും പ്രഥമസ്ഥാനം

കരസ്ഥമാക്കാൻ കഴിഞ്ഞത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഫലമായി വിലയിരുത്തുന്നുണ്ടോ?

പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്.

(സി) പ്രധാനമായും ഏതെല്ലാം സൗകര്യങ്ങളെ അടിസ്ഥനാമാക്കിയാണ് മികവ് വിലയിരുത്തുന്നതെന്ന് അറിയിക്കുമോ?

ചുവടെ പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്തിന്റെ മികവ് വിലയിരുത്തിയിട്ടുള്ളത്.

1. സ്കൂൾ പ്രാപ്യത (Acess)

2. പഠന നേട്ടങ്ങളും ഗുണതയും (Learning Outcomes & Quality)

3. അടിസ്ഥാന സൗകര്യവികസനം (Infrastructure and facility)

4. തുല്യത (Equity)

5. ഭരണപരമായ മികവ് (Governance Processes)

(ഡി) എട്ടാം ക്ലാസ്സുവരെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കില്ലാത്ത സംസ്ഥാനമെന്ന നേട്ടം കൈവരിക്കാനായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നേട്ടം

ഉയർന്ന ക്ലാസ്സുകളിൽ കൂടി കൈവരിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

എട്ടാം ക്ലാസ്സുവരെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. ഈ നേട്ടം ഉയർന്ന ക്ലാസ്സുകളിലും കൈവരിച്ചിട്ടുണ്ട്. കൊഴിഞ്ഞുപോക്കില്ലാത്ത സംസ്ഥാനമെന്ന നേട്ടം കൈവരിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

ഖാദർ കമ്മിറ്റിയുടെ രണ്ടാമത് റിപ്പോർട്ട്

6 (*96) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. മഞ്ഞളാംകുഴി അലി: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഡോ. എം. എ. ഖാദർ അധ്യക്ഷനായുള്ള കമ്മിറ്റിയുടെ രണ്ടാമത് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉണ്ട്. അക്കാദമിക കാര്യങ്ങളാണ് പ്രധാനമായും രണ്ടാം ഭാഗം റിപ്പോർട്ടിലുള്ളത്. ആയത് പരിശോധിച്ചുവരുന്നു.

(ബി) ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിലെ ശിപാർശകൾ പ്രകാരം സർക്കാർ നടപ്പാക്കിയ നിർദേശങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ?

മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം എന്ന വിദഗ്ധ സമിതിയുടെ ഭാഗം (1) -ൽ ചുവടെ ചേർക്കുന്ന കാര്യങ്ങളിലാണ് ശിപാർശകൾ ഉണ്ടായിട്ടുള്ളത്.

1. പ്രീ സ്കൂൾ

2. സ്കൂൾ പ്രവേശന പ്രായം

3. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘട്ടങ്ങൾ

4. ഘടനയും ഭരണനിർവ്വഹണവും

5. കേരള എഡ്യൂക്കേഷണൽ സർവ്വീസ്

6. കായിക വിദ്യാഭ്യാസം

7. കലാ വിദ്യാഭ്യാസം

8. തൊഴിൽ വിദ്യാഭ്യാസം

9. റിസോഴ്സ് അധ്യാപകർ

10. ലൈബ്രേറിയൻ

11. നിയന്ത്രണവും, മോണിറ്ററിംഗും

12.വിദ്യാഭ്യാസവകുപ്പിലെ വിവിധ ഏജൻസികൾ

13. അധ്യാപക യോഗ്യത

14. അധ്യാപക പരിശീലനം

ഈ റിപ്പോർട്ട് 28-02-2019-ലെ സ.ഉ.(കൈ)നം.19/2019/പൊ.വി.വ. പ്രകാരം സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് എന്നിവ ഏകോപിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഡി.ജി.ഇ.) എന്ന തസ്തിക 31-05-2019-ലെ സ.ഉ.(കൈ)നം. 53/2019/പൊ.വി.വ. പ്രകാരം സൃഷ്ടിച്ചു. മേൽ പറഞ്ഞ മൂന്ന് ഡയറക്ടറേറ്റുകളും ഡി.ജി.ഇ.-യുടെ നിയന്ത്രണപരിധിയിൽ കൊണ്ടുവന്നു.

12-ാം ക്ലാസ് വരെയുള്ള സ്കൂളുകളുടെ സ്ഥാപനമേധാവിയായി ഹയർ സെക്കണ്ടറി പ്രിൻസിപ്പലിനെ നിയോഗിച്ചു. പ്രസ്തുത സ്കൂളിലെ ഹൈസ്കൂൾ

ഹെഡ്മാസ്റ്ററെ വൈസ് പ്രിൻസിപ്പാളായി നാമകരണം ചെയ്യ. ഇതനുസരിച്ച് കെ.ഇ.എ.ആർ. -ൽ നിയമ/ചട്ട ഭേദഗതിയും വരുത്തിയിട്ടുണ്ട്.

ഏകോപിത സെക്കണ്ടറി സ്കൂളിലെ സ്ഥാപനമേധാവിയായി മാറിയ ഹയർസെക്കണ്ടറി പ്രിൻസിപ്പാളിന്റെ തൊഴിൽഭാരം ലഘൂകരിക്കുന്നതിനായി അവരുടെ അധ്യായനം 8 പീരീഡ് ആയി നിജപ്പെടുത്തുകയും അധികം പീരീഡുകൾ കൈകാര്യം ചെയ്യുന്നതിന് ദിവസവേതനത്തിൽ അധ്യാപകരെ നിയോഗിക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്യ.

ഏകോപനം പൂർണ്ണതയിൽ എത്തിക്കുന്നതിനുള്ള സ്പെഷ്യൽ റൂൾ അടക്കം വികസിപ്പിക്കുന്നതിന് നിർദ്ദേശം സമർപ്പിക്കാൻ ഏകീകരണത്തിനായി ഒരു കോർ കമ്മിറ്റിയെ സീ-മാറ്റ്-കേരളയുമായി ആറ്റാച്ച് ചെയ്ത് രൂപീകരിച്ചു.

(സി) ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് സെക്രട്ടേറിയറ്റിൽ രൂപീകരിച്ച സെല്ലും സഹായിക്കാനായി രൂപീകരിച്ച കോർ കമ്മിറ്റിയും സർക്കാരിന് ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശിപാർശകൾ സമർപ്പിച്ചിട്ടില്ല.

റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്ക് ബദൽ മാർഗ്ഗം

7 (*97) <u>ശ്രീ. പ്രമോദ് നാരായൺ</u>:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :
ശ്രീ. ജോബ് മൈക്കിൾ :
ഡോ. എൻ. ജയരാജ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി ഉപയോഗിക്കുന്ന ഷെൽമാക് മിശ്രിതത്തിന്റെ ഈട് എത്രനാൾ നിലനിൽക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

അടിയന്തര അറ്റകുറ്റപ്പണികൾക്കായി താൽക്കാലികമായി ഉപയോഗിക്കുന്ന ഷെൽമാക് ഉൾപ്പെടെയുള്ള കോൾഡ് മിശ്രിതങ്ങൾ സംബന്ധിച്ച പഠനങ്ങൾ പൊതുമരാമത്ത് വകുപ്പിൻ കീഴിൽ നടത്തിയിട്ടില്ല.

(ബി) ഈർപ്പമുള്ളപ്പോൾ ഷെൽമാക് ഇടുന്നത് വേഗത്തിൽ പൊളിഞ്ഞുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ എത്രനാൾ വരെ പ്രസ്തുത മിശ്രിതം ഇളകാതെ നിൽക്കുന്നുണ്ടെന്ന് അറിയിക്കുമോ?

റെഡിമേയ്ഡ് മിക്സുകൾ, പ്രതികൂലമായ കാലാവസ്ഥകളിൽ ഉപയോഗിക്കാൻ കഴിയുന്നവയാണ്. ഇവ ഈർപ്പമുള്ള പ്രതലങ്ങളിൽ ഉപയോഗിക്കാവുന്നവയാണ്. എന്നാൽ അധിക ജലാംശം നീക്കം ചെയ്യേണ്ടതാണ്. നിർദ്ദേശിച്ച രീതിയിൽ ഷെൽമാക് ഉപയോഗിച്ച

ഇടങ്ങളിൽ ഏകദേശം 6 മാസക്കാലം ഇളകാതെ നിൽക്കും. റോഡിന്റെ നിലവിലുള്ള ഗതാഗത സാന്ദ്രത, ഡ്രെയിനേജ് സംവിധാനങ്ങൾ തുടങ്ങിയ ഘടകങ്ങൾ ഇതിന്റെ ഈടുനിൽപ്പിനെ ബാധിക്കും.

(സി) ഒരേ സ്ഥലങ്ങളിൽ പലതവണ ഷെൽമാക് ഇടുന്നതിനുപകരം അവിടങ്ങളിൽ വൈറ്റ് ടോപ്പിങ് എന്ന നൂതന സാങ്കേതികവിദ്യ പ്രയോഗിച്ചാൽ തുടരെയുള്ള അറ്റകുറ്റപ്പണി ഒഴിവാകുകയും തദ്വാരാ ഖജനാവിന് സാമ്പത്തികഭാരം കുറയുകയും ചെയ്യും എന്നത് കണക്കിലെടുത്ത് വൈറ്റ് ടോപ്പിംഗ് പ്രാവർത്തികമാക്കുമോ എന്ന് വ്യക്തമാക്കാമോ?

ഷെൽമാക് ഉൾപ്പെടെയുള്ള റെഡിമെയ്ഡ് മിശ്രിതങ്ങൾ റോഡ് പ്രതലത്തിലുണ്ടാകുന്ന കുഴികൾ നികത്തുന്നതിനാണ് ഉപയോഗിക്കുന്നത്. ഇവ മഴക്കാലത്ത് ഉപയോഗിക്കാൻ സാധിക്കുന്നതും പ്രത്യേകം യന്ത്രസാമഗ്രികൾ സാധാരണ ആവശ്യമില്ലാത്തതുമാണ്. എന്നാൽ റോഡ് പ്രതലം മുഴുവനായി റീസർഫസിംഗ് ചെയ്യുന്നതിനാണ് വൈറ്റ് ടോപ്പിംഗ് ഉപയോഗിക്കുന്നത്. ഇത് ഒരു ദീർഘകാലാടിസ്ഥാനത്തിലുള്ള നിർമ്മാണ രീതിയാണ്. ഷെൽമാക് ഉപയോഗിക്കുന്നത് റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാണ്. വൈറ്റ് ടോപ്പിംഗ് നിർമ്മാണരീതി ചെലവേറിയതും

ആധുനിക യന്ത്രസാമഗ്രികൾ ആവശ്യമായതുമാണ്. തെരഞ്ഞെടുക്കപ്പെട്ട റോഡുകളിൽ വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിക്കുന്നുണ്ട്.

പാഠ്യപദ്ധതി പരിഷ്കരണം

8 (*98) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. വി. ജോയി :
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസരംഗത്ത് ലോകനിലവാരം കൈവരിക്കുകയെന്ന ലക്ഷ്യത്തോടെയാണോ പാഠ്യപദ്ധതി പരിഷ്കരണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

പൊതുവിദ്യാലയങ്ങളെ സംബന്ധിച്ച പരമ്പരാഗത കാഴ്ചപ്പാടുകളെയാകെ തിരുത്തിയെഴുതുകയും പുതിയ കാലത്തിന് അനുയോജ്യമായ വിധം മാറുകയും ചെയ്ത പൊതുവിദ്യാലയങ്ങളും കോവിഡ് കാലത്ത് നടത്തിയ സവിശേഷമായ ഇടപെടലുകളും ലോക ശ്രദ്ധ നേടുകയുണ്ടായി. ഇതിന്റെ തുടർച്ചയായിട്ടാണ് ലോക നിലവാരത്തിലുള്ള ഒരു

പാഠ്യപദ്ധതിയ്ക്കുവേണ്ടിയുള്ള പരിഷ്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നത്.

(ബി) പഠിതാക്കളെ കേന്ദ്ര സ്ഥാനത്ത് നിർത്തിക്കൊണ്ട് അവരുടെ സമഗ്ര വികസനം സാധ്യമാക്കുന്ന തരത്തിലാണോ പുതിയ പാഠ്യപദ്ധതിക്ക് രൂപം നൽകുന്നതെന്ന് അറിയിക്കുമോ?

പാഠ്യപദ്ധതിയുടെ കേന്ദ്രം പഠിതാവാണ്. പഠിതാവിന്റെ പലവിധമായ ശേഷികളെ കണ്ടെത്താനും വ്യക്തി എന്ന നിലയിലും സമൂഹ്യജീവി എന്ന നിലയിലും വളരാനും വികസിക്കാനും സഹായിക്കുന്നതാകണം പാഠ്യപദ്ധതി. വിവരങ്ങൾ ശേഖരിക്കുകയും ഓർത്തുവയ്ക്കുകയും ചെയ്യലാണ് പഠനം എന്ന പരമ്പരാഗത സങ്കൽപ്പത്തിന് പുതിയ കാലത്ത് വലിയ പ്രസക്തിയില്ല. ആശയ വിനിമയശേഷി, മറ്റുള്ളവരോട് ചേർന്ന് പ്രവർത്തിക്കാനുള്ള ശേഷി, വിമർശനബുദ്ധി, സർഗ്ഗാത്മകത എന്നിവയെല്ലാമാണ് പുതിയ കാലത്ത് നിർണ്ണായകമാകുന്ന ജീവിത നൈപുണികൾ. ഓരോ കുട്ടിയിലും നിസ്തുലമായ കഴിവുകളുണ്ടെന്നും അത് കണ്ടെത്താനും വളർത്താനും അവരെ സഹായിക്കലാണ് വിദ്യാലയങ്ങൾ ചെയ്യേണ്ടത് എന്നുമുള്ള കാഴ്ചപ്പാടിലാണ് പുതിയ പാഠ്യപദ്ധതി പരിഷ്കരണം മുന്നേറുന്നത്.

(സി) ത്വരിതഗതിയിൽ വികസിക്കുന്ന ശാസ്ത്ര, സാങ്കേതിക ശാസ്ത്ര വിജ്ഞാനം ഉൾക്കൊള്ളാൻ ശേഷി സൃഷ്ടിക്കുന്നതിനും ജനാധിപത്യമൂല്യവും ബഹുസ്വരതയും ലിംഗസമത്വബോധവും പകർന്ന് നൽകുന്നതിനും പഠന ചട്ടക്കൂട് ലക്ഷ്യം വയ്ക്കുന്നുണ്ടോ; വിശദമാക്കുമോ?

നവസാങ്കേതികവിദ്യ നൽകുന്ന സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതാകണം നമ്മുടെ വിദ്യാഭ്യാസം എന്നതാണ് പാഠ്യപദ്ധതിയുടെ കാഴ്ചപ്പാട്. എന്നാൽ അത് മാനുഷിക മൂല്യങ്ങൾ നഷ്ടപ്പെടുത്തി യാന്ത്രികതയിലേയ്ക്ക് നയിക്കാനും പാടില്ല. ആധുനികത, മാനവികത, ജനകീയത എന്നിവയിൽ അടിയുറച്ചുകൊണ്ടാണ് നമ്മുടെ പാഠ്യപദ്ധതി പരിഷ്കരണം മുന്നോട്ട് പോകുന്നത്.

തീരദേശ ഹൈവേ

9 (*99) ശ്രീ. പി. ഉബൈദുള്ള:
ഡോ. എം. കെ. മുനീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി ഫണ്ടുപയോഗിച്ച് തീരദേശ ഹൈവേ നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേ 623 കി.മീ. ദൂരത്തിലാണ് വിഭാവന ചെയ്യുന്നത്. ഇതിൽ 468 കി.മീ. വരുന്ന 33 റീച്ചുകളാണ് KRFB-PMU-വിന് കീഴിൽ വികസിപ്പിക്കുന്നത്. 6500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി പദ്ധതിയ്ക്ക് നൽകിയിട്ടുണ്ട്. 1867 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചു. ഇതിൽ 19 കിലോമീറ്ററോളം ദൂരത്തിൽ നിലവിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. 394 കിലോമീറ്ററോളം ദൂരത്തിൽ ഭൂമിയേറ്റെടുക്കൽ നടപടിയുടെ ഭാഗമായി 6(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനുപുറമെയുള്ള, ദേശീയപാത/പോർട്ട് കണക്ടിവിറ്റി റോഡ് ഓവർലാപ്പ് വരുന്ന സ്ട്രെച്ച് ഒഴികെയുള്ള ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ സ്കെച്ചുകൾ തയ്യാറാക്കുന്ന നടപടികൾ നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. മുഖേന പുരോഗമിച്ചുവരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ(ബി) ഓർഡർ, അതിർത്തി കല്ലുകൾ സ്ഥാപിക്കാനുള്ള 6(1) നോട്ടിഫിക്കേഷൻ

എന്നിവ എല്ലാ ജില്ലയിലും ലഭ്യമായിട്ടുണ്ട്. സാമ്പത്തികാനുമതി ലഭ്യമായ എല്ലാ റീച്ചുകളിലും റവന്യൂ വകുപ്പിലേയ്ക്കുള്ള ആനുഷാംഗിക തുക കൈമാറുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന നടപടികളുമായി മുന്നോട്ട് പോവുകയും ചെയ്യുന്നു. 190 കി.മി. ഭാഗത്ത് ഇതിനോടകം അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) തീരദേശത്ത് നിലവിലുള്ള പാത വീതി കൂട്ടി വിപുലീകരിക്കുന്നതിനുപകരം പുതിയ പാത നിർമ്മിക്കാനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തീരദേശ ഹൈവേയുടെ അലൈൻമെന്റ് ഭൂരിഭാഗവും നിലവിലുള്ള പാത വീതി കൂട്ടി വിപുലീകരിക്കുന്ന രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ നിലവിലുള്ള പാതയിൽ താരതമ്യേന വീടുകൾ കൂടുതലുള്ള സ്ഥലങ്ങളിൽ പുതിയ റോഡ് നിർമ്മിക്കുന്നതിനുള്ള സ്ഥല ലഭ്യതയുള്ള പക്ഷം പുതിയ പാത നിർമ്മിക്കുന്ന രീതിയിലുള്ള അലൈൻമെന്റും പരിഗണിച്ചിട്ടുണ്ട്. തീരദേശ ഹൈവേയുടെ മാനദണ്ഡപ്രകാരം നിലവിലെ റോഡിന് വീതി കൂട്ടുവാൻ സാധിക്കുന്ന ഇടങ്ങളിൽ വീതി കൂട്ടുകയും അല്ലാത്ത സ്ഥലങ്ങളിൽ പുതിയ റോഡ് നിർമ്മിക്കുന്ന രീതിയുമാണ് സ്വീകരിച്ചിരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ തീരദേശ നിവാസികളെ കുടിയൊഴിപ്പിക്കേണ്ടി വരുമോ; എങ്കിൽ അവർക്ക് നൽകാൻ ഉദ്ദേശിക്കുന്ന നഷ്ടപരിഹാരത്തിന്റെ വിശദാംശം നൽകുമോ?

നിലവിലുള്ള റോഡ് വീതി കൂട്ടുന്നതിന്റെയും പുതിയ റോഡ് നിർമ്മിക്കുന്നതിന്റെയും ഭാഗമായി പദ്ധതി പ്രദേശത്ത് ഭൂമി ഏറ്റെടുക്കേണ്ടതായി വരും. ഏറ്റെടുക്കുന്ന ഭൂമിയുടെയും കെട്ടിടങ്ങളുടെയും നഷ്ടപരിഹാരം " 2013-ലെ പൊന്നുംവില പുനരധിവാസ പുനസ്ഥാപന നിയമം" അനുസരിച്ചാണ് നിജപ്പെടുത്തുന്നത്. തീരദേശ ഹൈവേ കടന്നു പോകുന്ന ഭാഗത്തെ ഭൂപ്രകൃതിയും പദ്ധതിയുടെ ഭാഗമായി ഭൂമിയും കെട്ടിടങ്ങളും നഷ്ടപ്പെടുന്ന ജനവിഭാഗത്തിന്റെ സാമൂഹിക, സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് അവർക്കായി ഒരു പ്രത്യേക പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നത് പരിഗണനയിലുണ്ട്. തീരദേശവികസന കോർപ്പറേഷൻ മുഖേന ഇത് നടപ്പാക്കാനാണ് ആലോചിക്കുന്നത്.

തൊഴിലാളി സൗഹൃദ സംസ്ഥാനം

10 (*100) ശ്രീ. എം. നൗഷാദ്:
ശ്രീ. ടി. പി .രാമകൃഷ്ണൻ :
ശ്രീ. പി. നന്ദകുമാർ:

ശ്രീ. എ. പ്രഭാകരൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംഘടിത, അസംഘടിത തൊഴിൽമേഖലകളിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന തരത്തിൽ കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ കേരളത്തെ തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കിമാറ്റുവാൻ ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ?

സംഘടിത, അസംഘടിത തൊഴിൽമേഖലകളിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന തരത്തിൽ കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 29 കേന്ദ്രനിയമങ്ങളെ നാല് കോഡുകളാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് എങ്ങനെ പ്രാവർത്തികമാക്കും എന്നതിൽ തൊഴിലാളികൾക്കിടയിൽ ആശങ്ക നിലനിൽക്കുന്നുണ്ട്.

കേരളത്തെ തൊഴിലാളി സൗഹൃദസംസ്ഥാനമാക്കി മാറ്റുവാൻ സർക്കാർ നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. തൊഴിൽ മേഖലയിലെ

നയപരവും പൊതുവായതുമായ തൊഴിൽ പ്രശ്നങ്ങൾ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ, വ്യവസായ തർക്ക നിയമ പ്രകാരം ചർച്ച ചെയ്ത് പരിഹരിച്ചുവരുന്നു. വ്യവസായ മേഖലയിലെ സമാധാനപരമായ അന്തരീക്ഷം നിലനിർത്തുവാനും സാമൂഹികനീതി ഉറപ്പാക്കുവാനും തൊഴിൽ/വ്യവസായ തർക്കങ്ങൾ തൊഴിൽ നിയമങ്ങളുടെയും ചട്ടങ്ങളുടെയും പരിധിയ്ക്കുള്ളിൽനിന്ന് സുതാര്യതയോടുകൂടി പരിഹരിച്ചുവരുന്നു.

കേരളത്തെ തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി പരമ്പരാഗത മേഖലയിലെയും അസംഘടിത മേഖലയിലെയും തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനും ഈ വിഭാഗം തൊഴിലാളികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടി ക്ഷേമനിധി ബോർഡുകൾ രൂപീകരിക്കുകയും ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) റിസർവ് ബാങ്ക് പ്രസിദ്ധീകരിച്ച കണക്കുപ്രകാരം രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലുള്ളതിന്റെ മൂന്ന് മടങ്ങിലധികം വരെ ഉയർന്ന തോതിലുള്ള പ്രതിദിന വേതനം സംസ്ഥാനത്ത് ലഭിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

19-11-2022 തീയതി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച "Handbook of Statistics on Indian States, 2021-22" പ്രകാരം കേരളത്തിൽ ജോലി ചെയ്യുന്ന നിർമ്മാണ തൊഴിലാളികൾക്ക് പ്രതിദിനം ശരാശരി 837.30 രൂപയായി രേഖപ്പെടുത്തിയിട്ടുണ്ട്. ടി തുക മറ്റ് സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് നൽകി വരുന്ന പ്രതിദിന വേതനത്തേക്കാൾ ഉയർന്ന നിരക്കിലാണ്. സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള മേഖലകളായ ഫിനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ്, പ്രൈവറ്റ് ഹോസ്പിറ്റൽസ്, മൈനർ പോർട്ട്, സെയിൽസ് പ്രൊമോഷൻ ഓഫ് ഫാർമസ്യൂട്ടിക്കൽ പ്രോഡക്ട്സ്, ഫോറസ്റ്റ്, കേബിൾ ടി.വി തുടങ്ങിയ മേഖലകളിലും നിലവിലെ പ്രതിദിന വേതനം 700/- രൂപയ്ക്ക് മുകളിലാണ്. പ്രസ്തുത വിവരം വിലയിരുത്തുമ്പോൾ രാജ്യത്ത് തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ ദിവസവേതനം നൽകുന്ന സംസ്ഥാനമായി കേരളം കണക്കാക്കപ്പെട്ടിരിക്കുന്നു.

(സി) സംസ്ഥാനത്ത് വിവിധ തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനും അവ കാലികമായി പുതുക്കുന്നതിനും കാര്യക്ഷമമായ ഇടപെടൽ നടത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്, മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള 11 തൊഴിൽ മേഖലകളിൽ 8 മേഖലകളിലെ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ടി മേഖലകൾ ഉൾപ്പെടെ 2016 ജൂൺ മുതൽ 2022 ഒക്ടോബർ വരെ 66 മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുകയും പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്കായുള്ള സുരക്ഷാപദ്ധതികൾ

11 (*101) ശ്രീ. സജീവ് ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് അപകടം നിറഞ്ഞ സാഹചര്യത്തിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

മത്സ്യബന്ധനത്തിന് പോകുമ്പോൾ നിർബന്ധമായും ലൈഫ്ജാക്കറ്റ് ധരിച്ചിരിക്കണമെന്നത് നിയമവിധേയമാക്കുകയും ആദ്യഘട്ടമായി 40,000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. കടൽ

രക്ഷാപ്രവർത്തനത്തിന് 900 മത്സ്യത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനകം 719 പേർ പരിശീലനം പൂർത്തിയാക്കിക്കഴിഞ്ഞു. ഇത്തരത്തിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കിയ മത്സ്യത്തൊഴിലാളികളിൽനിന്നും 180-ഓളം പേരെ റെസ്ക്യൂ സ്ക്വാഡ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പിൽ വിവിധ ജില്ലകളിലായി നിയമിച്ചിട്ടുണ്ട്. ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹായത്തോടെ കെൽട്രോൺ വഴി നിർമ്മിച്ച് നൽകുന്ന 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത യാനങ്ങൾക്ക് ഡി.എ.റ്റി, ജി.പി.എസ്, 300 മെക്കനൈസ്ഡ് ബോട്ടുകൾക്ക് H.R.P. (ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്), വെസ്സൽ ട്രാക്കിംഗ് സംവിധാനം എന്നിവ സർക്കാർ സബ്സിഡിയോടെ നൽകുന്ന പദ്ധതി നടപ്പിലാക്കി. അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാകത്തക്കവിധം 3 മൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിച്ച് വിഴിഞ്ഞം,

വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലേയ്ക്ക് ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവ്വീസ് (INCOIS) വഴി ലഭ്യമാക്കുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശവിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ അറിയിപ്പും സുരക്ഷാമുന്നറിയിപ്പും നല്കിവരുന്നുണ്ട്. ഇതുകൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തി എന്നുറപ്പാക്കാനും കടൽ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റീജിയണൽ കൺട്രോൾ റൂമുകളും പ്രവർത്തിച്ചുവരുന്നു.

2021-22 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം 360 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസ്.-കളും 417 ഹാൻഡ് ഹെൽഡ് ടൈപ്പ് ജി.പി.എസ്സ്.-കളും വിതരണം ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം കടൽസുരക്ഷ പദ്ധതിയിലുൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 609

മൗണ്ടിംഗ് ജി.പി.എസ്.-കൾ വിതരണം ചെയ്യുന്ന പദ്ധതി പുരോഗമിച്ചു വരുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ എഫ്.ആർ.പി. യാനങ്ങൾ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സംപദാ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 100 എഫ്.ആർ.പി. യാനങ്ങൾ, എൻജിനുകൾ, വല എന്നിവ യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

2018-19 സാമ്പത്തികവർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സംപദാ യോജന (PMMSY) യിൽ ഉൾപ്പെടുത്തി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന പദ്ധതിയും പുരോഗമിച്ചു വരുന്നു.

(ബി) മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം വിവരങ്ങൾ കൈമാറുവാൻ നാവിക് അധിഷ്ഠിത സാറ്റലൈറ്റ് ഫോൺ സംവിധാനം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്ത് നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയിലുൾപ്പെടുത്തി 941 നാവിക് ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. ഒരു വശത്തേയ്ക്കുള്ള (one way) ആശയവിനിമയം (Text message) മാത്രം സാദ്ധ്യമായ ഉപകരണം വാങ്ങുവാൻ ഗുണഭോക്താക്കൾ വിമുഖത കാണിക്കുന്നതിനാൽ കൂടുതൽ ഉപകരണങ്ങൾ നൽകിയില്ല.

(സി) മത്സ്യത്തൊഴിലാളികളുടെ രക്ഷാപ്രവർത്തനത്തിനായി മറൈൻ ആംബുലൻസുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ; എങ്കിൽ അവയുടെ സേവനം എവിടെയെല്ലാം ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. മത്സ്യത്തൊഴിലാളികളുടെ രക്ഷാപ്രവർത്തനത്തിനായി മറൈൻ ആംബുലൻസുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ കടലിൽ അകപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷാ പ്രവർത്തനം നടത്തി കരയിലെത്തിക്കുക, അവർക്ക് പ്രഥമ ശുശ്രൂഷ നൽകുക

എന്നീ ലക്ഷ്യവുമായാണ് മൈൻ ആംബുലൻസ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, എറണാകുളം ജില്ലയിലെ വൈപ്പിൻ, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ മൈൻ ആംബുലൻസുകൾ പ്രവർത്തിച്ചുവരുന്നു.

പാഠ്യപദ്ധതി പരിഷ്കരണം

12 (*102) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭിച്ച ചർച്ചകൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭിച്ച ജനകീയ ചർച്ചകൾ പൂർത്തിയായി വരുന്നു. സ്കൂൾ തല ചർച്ചകൾ എല്ലാ വിദ്യാലയങ്ങളിലും പൂർത്തിയായിട്ടുണ്ട്.

പഞ്ചായത്തുതല ചർച്ചകളും ബ്ലോക്കുതല ചർച്ചകളും പൂർത്തീകരിച്ച് ജില്ലാതല ചർച്ചകൾ നടന്നുവരുന്നു.

(ബി) പ്രസ്തുത ചർച്ചകൾ വസ്തുനിഷ്ഠവും കാര്യക്ഷമവുമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത ചർച്ചകൾ വസ്തുനിഷ്ഠവും കാര്യക്ഷമവുമായി നടക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

- സമൂഹചർച്ചയ്ക്കുള്ള കുറിപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു.
- സ്കൂൾ, പഞ്ചായത്ത്/മുനിസിപ്പാലിറ്റി /കോർപ്പറേഷൻ, ബ്ലോക്ക്, ജില്ല തലങ്ങളിൽ സംഘാടക സമിതികൾ രൂപീകരിച്ചു.
- ഓരോ തലത്തിലും ചർച്ചകൾക്ക് നേതൃത്വം നൽകുന്നതിനുള്ള റിസോഴ്സ് അധ്യാപകർക്ക് പരിശീലനം നൽകി.
- എല്ലാ ബി.ആർ.സി.കളിലെയും ട്രെയിനർമാർ, സി.ആർ.സി കോർഡിനേറ്റർമാർ എന്നിവർക്ക് പ്രത്യേക പരിശീലനം നൽകി.
- ഓരോ തലത്തിലും (സ്കൂൾ, പ്രാദേശികം, ബ്ലോക്ക്, ജില്ല) സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചുള്ള ചർച്ചകൾ നടത്തി.

- കുട്ടികളുടെ മാത്രമായ പ്രത്യേക ചർച്ചകൾ ക്ലാസ് മുറികളിൽ സംഘടിപ്പിച്ചു.
- പൊതുജനങ്ങൾക്ക് അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള പ്രത്യേക ടെക് പ്ലാറ്റ്ഫോം ഒരുക്കി.
- ഓരോ തലത്തിലേയും ചർച്ചകളിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ചോർച്ച വരാതെ ക്രോഡീകരിക്കുന്നതിന് ബി.ആർ.സി.-കളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.

(സി) ജനകീയ ചർച്ചകൾക്ക് ശേഷം പൊതുചർച്ചകളുടെയും സ്കൂൾതല ചർച്ചകളുടെയും അടിസ്ഥാനത്തിലുള്ള നിലപാട് രേഖ (പൊസിഷൻ പേപ്പർ) പ്രസിദ്ധീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ജനകീയ ചർച്ചകൾക്കുശേഷം പൊതുചർച്ചകളുടെയും സ്കൂൾ തല ചർച്ചകളുടെയും അടിസ്ഥാനത്തിലുള്ള നിലപാട് രേഖകൾ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 26 ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. പൂർത്തിയാകുന്ന പൊസിഷൻ പേപ്പറുകൾ ഡിസംബർ മാസത്തിൽ പ്രസിദ്ധീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും മതവിഭാഗങ്ങളോ സംഘടനകളോ അവരുടെ ആശങ്കകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് മതവിഭാഗങ്ങൾ, സംഘടനകൾ, വ്യക്തികൾ എന്നിവരുടെ അഭിപ്രായങ്ങൾ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ലഭിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പാഠ്യപദ്ധതി പരിഷ്കരണ വേളയിൽ പരിശോധിക്കുന്നതാണ്.

തൊഴിൽ നയം

13 (*103) ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും അവ പരിഹരിക്കുന്നതിനും തൊഴിൽ വകുപ്പിന് കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. തൊഴിൽ നിയമങ്ങളിലൂടെയും ചട്ടങ്ങളിലൂടെയും ശക്തമായ എൻഫോഴ്സ്മെന്റ് സംവിധാനത്തിലൂടെയും വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും അവ പരിഹരിക്കുന്നതിനും തൊഴിൽ വകുപ്പിന് കഴിയുന്നുണ്ട്.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതനവിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നാളിതുവരെ 10,201 സ്ഥാപനങ്ങളിൽനിന്നും 4,63,488 ജീവനക്കാർക്ക് ഈ സംവിധാനം വഴി വേതന വിതരണം നടത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങൾക്കും പരാതികൾക്കും രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതത് ഇൻസ്പെക്ടർമാർ യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) ഗാർഹിക തൊഴിലാളികൾ ഉൾപ്പെടെയുള്ള അസംഘടിത തൊഴിലാളികളുടെ വരുമാനവും സുരക്ഷയും ഉറപ്പാക്കുന്നതിന് സർക്കാർ

പിൻതുടരുന്ന തൊഴിൽനയത്തിന് നിർണ്ണായക പങ്ക് വഹിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

ഉണ്ട്. ഗാർഹിക മേഖലയിലെ തൊഴിലാളികളുൾപ്പെടെയുള്ള അസംഘടിത മേഖലയിൽ ജോലി ചെയ്യുവരുന്നവരും കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാപദ്ധതിയിൽ അംഗത്വം നേടിയിട്ടുള്ളതുമായ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനും ആരോഗ്യ സംരക്ഷണം പ്രദാനം ചെയ്യുന്നതിനും തൊഴിലാളികളുടെ നിയമപരമായ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിൽ നയത്തിന് സാധിച്ചിട്ടുണ്ട്.

(സി) മൗലികമായ തൊഴിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും തൊഴിലാളി-തൊഴിലുടമ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും തൊഴിൽ നയം സഹായകമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. 18-05-2018-ലെ സ.ഉ.(കൈ)നം.27/2018/തൊഴിൽ പ്രകാരം തൊഴിൽ നയത്തിന്റെ അന്തിമരൂപത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളുടെ സമഗ്രമായ വളർച്ചയും തൊഴിലാളി സമൂഹത്തിന്റെ ക്ഷേമവും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കി

കേരളത്തെ ഒരു തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും സർവ്വതോന്മുഖമായ വികസനത്തിനും തൊഴിൽ നയം സഹായകമായിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് മിനിമം കൂലി ഉറപ്പാക്കുന്നതിനും നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തൊഴിൽ നയം സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് 87 തൊഴിൽ മേഖലകളെ മിനിമം വേതന ഷെഡ്യൂളിൽ ഉൾപ്പെടുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതനവിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നാളിതുവരെ 10,201 സ്ഥാപനങ്ങളിൽ നിന്നും 4,63,488 ജീവനക്കാർക്ക് ഈ സംവിധാനം വഴി വേതന വിതരണം നടത്തിയിട്ടുണ്ട്. 30-04-2018-ലെ സ.ഉ. (സാധാ) നം. 511/2018/തൊഴിൽ പ്രകാരം നോക്കുകൂലി നിരോധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം സംസ്ഥാനത്ത് മിനിമം കൂലി ഉറപ്പാക്കുന്നതിനും നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഉൾപ്പെടെ തൊഴിൽ നയം സഹായകമായിട്ടുണ്ട്.

ഭവന പാർക്ക്

14 (*104) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന ഭവന പാർക്കിന്റെ വിശദാംശം വെളിപ്പെടുത്താമോ?

കെട്ടിട നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും ഒരു കേന്ദ്രത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 'ഭവന പാർക്ക് എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ തിരുവല്ലം താലൂക്കിൽ വാഴമുട്ടത്ത് ഇതിനായി അനുവദിച്ച 6.95 ഏക്കർ സ്ഥലത്ത് ആകെ 20 കോടി രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ മാതൃകകൾ അതിന്റെ സാങ്കേതിക വിവരങ്ങൾ ഉൾപ്പെടെ നൽകുന്നതിനുള്ള പദ്ധതികളാണ് ആവിഷ്കരിച്ചുവരുന്നത്. കെട്ടിട നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട സ്റ്റാർട്ട്-അപ്പുകൾ, റിസർച്ച് & ഡെവലപ്പ്മെന്റ് സ്ഥാപനങ്ങൾ, വ്യവസായ സംരംഭകർ എന്നിവർക്ക്

അവരുടെ ഉൽപ്പന്നങ്ങളെ പ്രദർശിപ്പിക്കുന്നതിനും പരിചയപ്പെടുത്തുന്നതിനുമുള്ള വേദികളും ഇവിടെ വിഭാവനം ചെയ്തവരുന്നു. കൂടാതെ കേരളത്തിലെ കാലാവസ്ഥയ്ക്ക് അനുയോജ്യവും പരിസ്ഥിതി സൗഹൃദപരവുമായ ഭവനങ്ങളുടെ മാതൃകകൾ പരിചയപ്പെടുത്തുന്നതിന് പൊതുജനങ്ങൾക്കും ഭവനനിർമ്മാണ മേഖലയിൽ താല്പര്യമുള്ളവർക്കും സൗകര്യമൊരുക്കുന്നതിന് ഉദ്ദേശിക്കുന്നു. നമ്മുടെ നാട്ടിൽ കുറഞ്ഞ ചെലവിലും നിർമ്മിക്കാൻ കഴിയുന്ന ഭവന മോഡലുകളും അവിടെ പ്രദർശിപ്പിക്കും. ഭവനനിർമ്മാണ സാമഗ്രികൾ കുറഞ്ഞ ചെലവിൽ ലഭ്യമാകുന്ന രീതിയിൽ സ്റ്റാളുകളും തുറക്കുന്നതിന് സാധ്യമാകുന്നതാണ്.

കെട്ടിട നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനും Finishing School, School of Design, Project Management Consultancy എന്നീ Advance Course-കൾ നടത്തുന്നതിനുമായുള്ള Laurie Baker International School of Habitat Studies (LaBISHaS)-ന്റെ കാമ്പസും അനുബന്ധ നിർമ്മിതികളുമാണ് ദേശീയ ഭവന പാർക്കിൽ വിഭാവനം ചെയ്തിട്ടുള്ളത്. അങ്ങനെ ദേശീയ തലത്തിൽ തന്നെ പ്രാധാന്യമുള്ള ഒരു Building Technology Centre എന്ന നിലയിലാണ് ദേശീയ ഭവന പാർക്ക് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത

പദ്ധതിയ്ക്ക് 2022-23 സാമ്പത്തിക വർഷം 100 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. രാജ്യത്തിന്റെ തന്നെ ശ്രദ്ധ ആകർഷിക്കുന്ന വിധത്തിൽ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും വിനോദസഞ്ചാരികൾക്കും ഒരു പോലെ പ്രയോജനപ്പെടുന്ന രീതിയിലുള്ള ഒരു കേന്ദ്രമായാണ് ദേശീയ ഭവന പാർക്ക് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട സേവനങ്ങൾ, നൂതന ഭവന നിർമ്മാണ സാങ്കേതികവിദ്യകൾ, നിർമ്മാണ സാമഗ്രികളുടെ വിതരണം എന്നിവ ഭവന പാർക്കിൽ ലഭ്യമാക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

ദേശീയ ഭവന പാർക്കിൽ നിന്നും കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സാങ്കേതിക സഹായവും അതോടൊപ്പം നിർമ്മാണ സാങ്കേതിക വിദ്യയിൽ ഗവേഷണം നടത്താൻ താൽപ്പര്യമുള്ളവർക്ക് അതിനാവശ്യമായ സാങ്കേതിക സഹായങ്ങളും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതാണ്. ദേശീയ ഭവന പാർക്കിൽ പ്രദർശിപ്പിക്കുന്ന നിർമ്മാണമേഖലയിലെ നൂതന ആശയങ്ങൾ കണ്ടുമനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും പൊതുജനങ്ങൾക്കും

അവസരമൊരുക്കുന്നുണ്ട്.നിർമ്മാണ സാമഗ്രികളുടെ വിതരണത്തിനുള്ള സൗകര്യവും ലഭ്യമാക്കുന്നതാണ്.

(സി) പ്രസ്തുത പാർക്കിനെ ഗവേഷണ കേന്ദ്രമായി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഭവന പാർക്കിൽ (Laurie Baker International School of Habitat Studies) അക്കാദമിക്ക് വിഭാഗത്തിൽ നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഗവേഷണം നടത്തുന്നതിന് ആവശ്യമായ സാങ്കേതിക സഹായവും അടിസ്ഥാന സൗകര്യവും ലഭ്യമാക്കുന്നതാണ്.

ഉത്തരവാദിത്ത ടൂറിസം ഗ്ലോബൽ അവാർഡ്

15 (*105) ശ്രീമതി യു. പ്രതിഭ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. പി. പി. സുമോദ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സർക്കാരിന് ലഭിച്ച ഉത്തരവാദിത്ത ടൂറിസം ഗ്ലോബൽ അവാർഡ് സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയെ ലോക രാജ്യങ്ങൾക്കിടയിൽ അടയാളപ്പെടുത്തുന്നതിന് സഹായകരമാകുമോ; വിശദമാക്കുമോ;

കോവിഡാനന്തര ടൂറിസം പ്രവർത്തനങ്ങളിൽ കേരളത്തിന് അഭിമാനിക്കാനാവുന്ന നേട്ടമാണ് വേൾഡ് ട്രാവൽ മാർക്കറ്റിന്റെ ഗ്ലോബൽ അവാർഡ് ലണ്ടനിൽവച്ച് കേരളത്തിന് ലഭിച്ചത്. ജല സംരക്ഷണത്തിലൂന്നിയ വിനോദ സഞ്ചാര പ്രവർത്തനങ്ങൾക്കുള്ള അവാർഡാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ ' വാട്ടർ സ്ട്രീറ്റ് ' പദ്ധതിക്ക് ലഭിച്ചത്. കോട്ടയം ജില്ലയിലെ മറവന്തുരുത്ത് ഗ്രാമപഞ്ചായത്തിൽ സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിയ പദ്ധതി പ്രവർത്തനങ്ങൾക്കാണ് ഈ അവാർഡ് ലഭിച്ചത്. ഈ അവാർഡ് സാർവ്വദേശീയതലത്തിൽ കേരളത്തിന്റെ പ്രാധാന്യം വർധിപ്പിക്കുന്നതിന് സഹായകരമാകും. ലോക ടൂറിസം ഭൂപടത്തിൽ കേരളത്തിന്റെ സാന്നിധ്യം തിളക്കമുള്ളതാക്കി മാറ്റുന്നതാണ് ഈ അവാർഡ്. ലോകസഞ്ചാരികളെ കൂടുതൽ ആകർഷിക്കാനും ഇത് സഹായിക്കും. ഇന്ന് പാരിസ്ഥിതിക മാറ്റങ്ങൾ ഉൾപ്പെടെ പരിഗണിച്ച് ലോകത്ത് ചർച്ചചെയ്യപ്പെടുന്ന Sustainable Tourism - മാതൃകയുടെ ഒരു മികച്ച ഉദാഹരണമാണ് കേരളത്തിന്റെ ഉത്തരവാദിത്ത ടൂറിസം മിഷൻ.

(ബി) അവാർഡിന് അർഹമാക്കിയ വാട്ടർ സ്ട്രീറ്റ് പ്രോജക്ട് സംബന്ധിച്ച വിശദാംശം നൽകുമോ?

ടൂറിസം ഫോർ ഇൻക്ലൂസീവ് ഗ്രോത്ത് എന്ന യു.എൻ.ഡബ്ല്യൂ.റ്റി.ഒ.- യുടെ പുതിയ ടൂറിസം മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 10 പ്രദേശങ്ങളിൽ നടപ്പാക്കുന്ന പദ്ധതിയാണ് 'സ്ട്രീറ്റ്' (STREET-Sustainable, Tangible, Responsible, Experiential, Ethnic Tourism hubs). സ്ട്രീറ്റ് പദ്ധതിയുടെ ഒരു പ്രധാന തീമാണ് 'വാട്ടർ സ്ട്രീറ്റ്. 'വാട്ടർ സ്ട്രീറ്റ്-ന്റെ ഉദ്ഘാടനം 2022 ഏപ്രിൽ 28-ന് നിർവ്വഹിച്ചു. കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിലാണ് 'വാട്ടർ സ്ട്രീറ്റ് പദ്ധതി' നടപ്പിലാക്കിയത്. ഈ പദ്ധതിയുടെ ഭാഗമായി മറവൻതുരുത്തിലെ നീർത്തടങ്ങൾ ജനകീയ പങ്കാളിത്തത്തോടെ വീണ്ടെടുത്തു. 18 കനാലുകളും നദികളും കായലുകളും ശുചീകരിക്കുകയും ആഴം കൂട്ടുകയും ചെയ്തു. കനാലിന്റെ തീരങ്ങൾ കയർ റാപ്പിങ്ങിലൂടെയും ഔഷധ സസ്യങ്ങളും പച്ചക്കറികളും നട്ടുവളർത്തിയും സംരക്ഷിച്ചു. ശുചീകരിച്ച ജലാശയങ്ങളിലൂടെ കയാക്കിംഗ്, നാടൻ ബോട്ടുകൾ, ശിക്കാര യാത്രകൾ തുടങ്ങിയ ടൂറിസ പ്രവർത്തനം ആരംഭിച്ചു. ഇവിടെ പ്രാദേശിക ഉൽപ്പന്ന വിപണനം അടക്കം സാധ്യമാക്കി. സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനായി മറവൻതുരുത്ത് ഈ പദ്ധതിയിലൂടെ മാറുകയാണ്.

(സി) ടൂറിസം മേഖലയുടെ പ്രചരണവുമായി ബന്ധപ്പെട്ട് പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷന്റെ സുവർണ്ണ പുരസ്കാരം നേടുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പസഫിക് ഏഷ്യ ട്രാവൽ ഗോൾഡ് അവാർഡ് - 2022 കേരളത്തിന് ലഭിച്ചിട്ടുണ്ട്. കോവിഡാനന്തര ടൂറിസത്തിനായി കേരള ടൂറിസം നടപ്പാക്കിയ ചേഞ്ച് ഓഫ് എയർ ക്യാമ്പയിനാണ് പസഫിക് ഏഷ്യ ട്രാവൽ ഗോൾഡ് അവാർഡ് ലഭിച്ചത്.

നൈറ്റ് ലൈഫ് ടൂറിസം

16 (*106) ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം

കനകക്കുന്ന് കൊട്ടാര വളപ്പിൽ രാത്രികാല ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി 2.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട് എന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി തലസ്ഥാന നഗരിയിലെ തെരഞ്ഞെടുക്കപ്പെട്ട 30 പൈതൃക കെട്ടിടങ്ങളിൽ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തുന്നതിനായി അവയെ 5 സോണുകളായി തരംതിരിച്ച് 35.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 8 പൈതൃക കെട്ടിടങ്ങളുടെ വൈദ്യുത ദീപാലങ്കാര പ്രവൃത്തികൾ പൂർത്തീകരിച്ചു. മറ്റ് കെട്ടിടങ്ങളുടെ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ 'സ്പീറ്റ്' പദ്ധതിയിൽ നൈറ്റ് ലൈഫ് ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. അതിൽ നൈറ്റ് വാക്കുകൾ, ഫുഡ് ടൂറിസം കൂടാതെ നൈറ്റ് ലൈഫ് ടൂറിസവുമായി ബന്ധപ്പെട്ട് ഫെസ്റ്റിവൽ ടൂർ പാക്കേജുകൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം മേഖലകളിലും നഗരങ്ങളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം മേഖലകളിലും നഗരങ്ങളിലും പ്രസ്തുത നൈറ്റ് ലൈഫ് ടൂറിസം പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നു.

(സി) പ്രസ്തുത ടൂറിസത്തിന്റെ ഭാഗമായി വിനോദസഞ്ചാരികൾക്ക് കേരളത്തിന്റെ പരമ്പരാഗത കലകളും രുചികളും ആസ്വദിക്കുന്നതിന് മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഇപ്പോൾ കനകക്കുന്നിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നൈറ്റ് ടൂറിസം പദ്ധതിയിൽ കേരളത്തിന്റെ പരമ്പരാഗത കലകളും രുചികളും ടൂറിസ്റ്റുകൾക്ക് പരിചയപ്പെടുത്തുവാൻ ഉതകുംവിധമുള്ള അടിസ്ഥാന സൗകര്യവികസനം ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിവിധ കലാപരിപാടികൾ അവതരിപ്പിക്കുന്നതിനായി പവലിയനുകളും ഫുഡ് സ്ട്രീറ്റിന്റെ ഭാഗമായി ഷോപ്പ് കിയോസ്ക്കുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം ഫുഡ് സ്ട്രീറ്റുകൾ സാധ്യമാകുന്ന പ്രദേശങ്ങളിലെല്ലാം തദ്ദേശീയ പങ്കാളിത്തത്തോടെ വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു.

കൾച്ചറൽ എക്സ്പീരിയൻസിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷനിൽ 3000-ത്തോളം കലാകാരന്മാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടുതൽ കലാകാരന്മാരെ ഉൾപ്പെടുത്തി രജിസ്ട്രേഷൻ വർദ്ധിപ്പിക്കുന്നതിനുവേണ്ടി

വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേരളത്തിലെ എല്ലാ സ്ഥലങ്ങളിലെയും വിവിധ ഫെസ്റ്റിവൽ കലണ്ടറുകൾ ഉത്തരവാദിത്ത ടൂറിസം മിഷനും ഡി.റ്റി.പി.സി.-യും തയ്യാറാക്കി വരുന്നുണ്ട്. അതുവഴി ഉത്തരവാദിത്ത ടൂറിസം മിഷൻ കൾച്ചറൽ പാക്കേജുകൾ നടത്തി വരുന്നുണ്ട്.

(ഡി) പ്രസ്തുത ടൂറിസത്തിന്റെ ഭാഗമായി വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്ക് കുറ്റമറ്റ സുരക്ഷാസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

"നൈറ്റ് ലൈഫ്" പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദേശ-ആഭ്യന്തര വിനോദ സഞ്ചാരികൾക്ക് കുറ്റമറ്റ സുരക്ഷ ഏർപ്പാടാക്കുന്നതിനായി തിരുവനന്തപുരം കനകക്കുന്നിൽ കൂടുതൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. സുരക്ഷ ഉറപ്പാക്കുന്നതിനുള്ള മറ്റ് നടപടികളും സ്വീകരിക്കും.

മത്സ്യത്തൊഴിലാളികളുടെ സുരക്ഷാ സംവിധാനങ്ങൾ

17 (*107) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി

(ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി ഫിഷറീസ് വകുപ്പ് എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ?

മത്സ്യബന്ധനത്തിന് പോകുമ്പോൾ മത്സ്യത്തൊഴിലാളികൾ നിർബന്ധമായും ലൈഫ്ജാക്കറ്റ് ധരിച്ചിരിക്കണമെന്നത് നിയമ വിധേയമാക്കുകയും ആദ്യഘട്ടമായി 40,000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. കടൽ രക്ഷാപ്രവർത്തനത്തിന് 900 മത്സ്യത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷാ സ്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനകം 719-ഓളം പേർ പരിശീലനം പൂർത്തിയാക്കിക്കഴിഞ്ഞു. ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സിൽ പരിശീലനം പൂർത്തിയായവരിൽനിന്നും ഇതിനോടകം 180 മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പിൽ കടൽ സുരക്ഷാ സ്വാഡുകളായി വിവിധ തീരദേശ ജില്ലകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക

സഹായത്തോടെ കെൽട്രോൺ വഴി നിർമ്മിച്ച് നൽകുന്ന 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത യാനങ്ങൾക്ക് ഡി.എ.റ്റി., ജി.പി.എസ്., 300 മെക്കനൈസ്ഡ് ബോട്ടുകൾക്ക് H.R.P. (ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്) വെസ്സൽ ട്രാക്കിംഗ് സംവിധാനം എന്നിവ സബ്സിഡിയോടെ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാകത്തക്കവിധം 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്യാർഡിൽ നിർമ്മിച്ച് വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പുകളും മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിൽ ഇൻകോയിസ് (INCOIS) വഴി ലഭ്യമാക്കുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ, കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ മുന്നറിയിപ്പും സുരക്ഷാമുന്നറിയിപ്പും നല്കി വരുന്നുണ്ട്. ഇതുകൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തി എന്നുറപ്പാക്കാനും കടൽ

രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റീജിയണൽ കൺട്രോൾ റൂമുകളും പ്രവർത്തിച്ചുവരുന്നു.

2018-19 വർഷത്തെ കടൽ സുരക്ഷ പദ്ധതിയിലുൾപ്പെടുത്തി 500 എണ്ണം ജി.പി.എസ്സ്.-ഉം 1000 എണ്ണം ലൈഫ്ബോയെയും പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്ക് നൽകി. ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും പദ്ധതി പ്രകാരം 66 ജി.പി.എസ്.-കളും 132 ലൈഫ് ബോയെകളും 66 എക്കോസൗണ്ടറുകളും നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ Sea safety equipments to traditional fishing craft പദ്ധതി പ്രകാരം ജി.പി.എസ് - 1110 എണ്ണം, ഡി.എ.റ്റി - 64 എണ്ണം -എന്നിവ നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം 360 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസ്സ്.-കളും 417 ഹാൻഡ് ഹെൽഡ് ടൈപ്പ് ജി.പി.എസ്.-കളും വിതരണം ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം സീ സേഫ്റ്റി പദ്ധതിയിലുൾപ്പെടുത്തി പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്ക് 609 മൗണ്ടിംഗ് ജി.പി.എസ്.-കൾ വിതരണം ചെയ്യുന്ന പദ്ധതി പുരോഗമിച്ചു വരുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ എഫ്.ആർ.പി. യാനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി 320 എഫ്.ആർ.പി. യാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സംപദാ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 100 എഫ്.ആർ.പി. യാനങ്ങൾ, എൻജിനുകൾ, വല എന്നിവ യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

2018-19 സാമ്പത്തിക വർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃവിഹിതവുമാണ്. നിശ്ചിത വിലയുടെ 1.3 ശതമാനവും ടാക്സും ഉൾപ്പെടുന്നതാണ് പ്രീമിയം തുകയായി നിശ്ചയിച്ചിട്ടുള്ളത്. 2021-22 വർഷം 2 കോടി രൂപയുടെ അനുമതി നൽകുകയും 2,758 യാനങ്ങൾക്ക് പോളിസി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. നടപ്പുസാമ്പത്തിക വർഷം 2 കോടി രൂപയുടെ അനുമതി നൽകി പരമാവധി യാനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധത്തിന് പ്രാപ്തരാക്കുന്നതിന് പ്രധാനമന്ത്രി മത്സ്യ സംപദാ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന പദ്ധതിയും പുരോഗമിച്ചു വരുന്നു.

(ബി) ജി.പി.എസ്. സംവിധാനമുള്ള ബീക്കൺ ഉപയോഗിച്ചിട്ടും പ്രയോജനമില്ലെന്നും അപകടത്തിൽപ്പെട്ട പല വള്ളങ്ങളിലും ഇത് ഉപയോഗിച്ചിട്ടും ആരും രക്ഷാപ്രവർത്തനത്തിന് എത്തിയില്ലെന്നുമുള്ള മത്സ്യത്തൊഴിലാളികളുടെ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

റേഡിയോ ബീക്കൺ വഴി സിഗ്നൽ ലഭിച്ചിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ രക്ഷപ്പെടുത്തിയിട്ടുണ്ട്. ബീക്കൺ ഉപയോഗിച്ചിട്ടും പ്രയോജനമില്ലെന്നും ബീക്കൺ ഉപയോഗിച്ചിട്ടും ആരും രക്ഷാപ്രവർത്തനത്തിന് എത്തിയില്ലെന്നുമുള്ള പരാതികളൊന്നും തന്നെ ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ വർഷം കേരള തീരത്ത് അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ബോട്ടുകളിൽ പ്രസ്തുത സംവിധാനം ഉണ്ടായിരുന്നോ; വിശദമാക്കാമോ?

ഉണ്ടായിരുന്നില്ല. മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്ത റേഡിയോ ബീക്കണുകളുടെ കാലാവധി 2018-ൽ അവസാനിച്ച സാഹചര്യത്തിൽ ടി ഉപകരണങ്ങൾ ഗുണഭോക്താക്കളിൽനിന്നും തിരിച്ചു വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉൾക്കടലിൽ മത്സ്യബന്ധനം നടത്തുന്ന വള്ളങ്ങളും ബോട്ടുകളും ഐ.എസ്.ആർ.ഒ.-യുടെ ഗതിനിർണ്ണയ ഉപഗ്രഹ ശൃംഖലയായ നാവികിന്റെ കീഴിൽ വരുത്തുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന നാവിക് ഉപകരണങ്ങൾ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പദ്ധതിയിലുൾപെടുത്തി 941 നാവിക് ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. ഒരു വശത്തേയ്ക്ക് മാത്രം (One way) കമ്മ്യൂണിക്കേഷൻ

സാദ്ധ്യമായ ടി ഉപകരണം വാങ്ങുവാൻ ഗ്രണഭോക്താക്കൾ വിമുഖത കാണിക്കുന്നതിനാൽ കൂടുതൽ നാവിക് ഉപകരണങ്ങൾ നൽകിയില്ല.

റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരിശോധന

18 (*108) ഡോ. എം. കെ . മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നതായി വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ?

സംസ്ഥാനത്തെ പൊതുമരാമത്ത്, തദ്ദേശ റോഡുകളിൽ വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ പരിശോധന നടത്തിയിരുന്നു. അപാകത കണ്ടെത്തിയ ഇടങ്ങളിൽ കേസെടുത്ത് വിജിലൻസ് അന്വേഷണം നടത്തുകയാണ്.

(ബി) റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കി മാസങ്ങൾക്കകം കുഴികൾ രൂപപ്പെട്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കി മാസങ്ങൾക്കകം കുഴികൾ രൂപപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ കടുത്ത നടപടികൾക്ക് നിർദ്ദേശം നൽകാറുണ്ട്.

(സി) റോഡ് നിർമ്മാണത്തിന് ആവശ്യമായ ടാർ ഉപയോഗിക്കാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

റോഡ് നിർമ്മാണത്തിന് ഗുണനിലവാരം ഉറപ്പുവരുത്തുവാൻ വ്യത്യസ്ത സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ട്. കൃത്യമായ അളവിൽ ടാർ ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സൈറ്റുകളിൽ ഉദ്യോഗസ്ഥ സാന്നിധ്യം നിർബന്ധമാണ്. ഇതുകൂടാതെ ഒന്നാംതല, രണ്ടാംതല ഗുണനിലവാര പരിശോധനയും നടക്കും. ഇതിൽ ടാർ ഉപയോഗത്തിന്റെ അളവിൽ ന്യൂനതകൾ കണ്ടെത്തുന്ന സന്ദർഭങ്ങളിൽ അവ പരിഹരിക്കുന്നതിന് ക്വാളിറ്റി കൺട്രോൾ മാന്വൽ അനുസരിച്ച് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകളും അപാകതകളും നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളിൽ ഗുണനിലവാരം ഉറപ്പിക്കുന്നതിന് വകുപ്പ് ഉയർന്ന പരിഗണനയാണ് നൽകുന്നത്. ഇതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിലെ ഗുണനിലവാര പരിശോധനക്കായി ആട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി ലാബുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രവൃത്തിയിടങ്ങളിൽ നേരിട്ടെത്തി പരിശോധന നടത്തുന്നതാണ് ഈ സംവിധാനം. മൂന്ന് മൊബൈൽ ലാബുകൾ ഇത്തരത്തിൽ പ്രവർത്തിക്കും. ഇതോടൊപ്പം എല്ലാതരം പരിശോധനാസംവിധാനവും ഉള്ള ലോകോത്തരനിലവാരമുള്ള ലാബ് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ സജ്ജമാക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു. റോഡ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പൊതുമരാമത്ത് വകുപ്പിലെ ക്വാളിറ്റി കൺട്രോൾ മാന്വൽ അനുസരിച്ചുള്ള വിവിധ പരിശോധനകൾ നടപ്പിലാക്കുന്നുണ്ട്. ഇതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ക്വാളിറ്റി കൺട്രോൾ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ നിർമ്മാണ പ്രവൃത്തികളുടെ പരിശോധനയ്ക്കായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തലവനായുള്ള വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. നിർമ്മാണത്തിലെ ക്രമക്കേടുകളും അപാകതകളും സംബന്ധിച്ച്

പരിശോധനകൾ നടത്തുകയും അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഒന്നാംതല ഗുണനിലവാര പരിശോധന പ്രവൃത്തി സൈറ്റുകളിൽ നടത്തുന്നതിനുപുറമേ, രണ്ടാംതല ഗുണനിലവാര പരിശോധനയ്ക്കായി Quality Control Lab സംവിധാനങ്ങൾ എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നതും പ്രവൃത്തി നിർവ്വഹണവേളയിൽ ടി Quality Control Lab ഉദ്യോഗസ്ഥർ സൈറ്റുകളിൽനിന്നും സാമ്പിൾ ശേഖരിച്ച് പരിശോധിക്കുകയും അപാകതകളുള്ള പക്ഷം അവ ചൂണ്ടിക്കാട്ടുകയും ചെയ്തുവരുന്നു. പരിപാലനകാലാവധി ബോർഡുകൾ സ്ഥാപിച്ചതും പ്രവൃത്തികളിലെ ഗുണനിലവാരം ഉയർത്താൻ സഹായിച്ചിട്ടുണ്ട്.

ശബരി പാത പദ്ധതി

19 (*109) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. സജി ചെറിയാൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സംസ്ഥാനത്തെ റെയിൽവേ പദ്ധതികളോട് തുടർച്ചയായി പുലർത്തുന്നതായി പറയപ്പെടുന്ന അവഗണനയുടെ ഫലമായി

മുടങ്ങിക്കിടന്ന ശബരിപാതയുടെ പകുതി ചെലവ് സംസ്ഥാനം വഹിക്കാമെന്ന വ്യവസ്ഥയിൽ പുനരുജ്ജീവിപ്പിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ?

അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് റെയിൽവേ ബോർഡ് നിർദ്ദേശമനുസരിച്ച് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന് 07-01-2021-ലെ ജി.ഒ.(എം.എസ്.)നം.1/2021/ട്രാൻസ്. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവുപ്രകാരം പ്രസ്തുത വിവരം റെയിൽവേ ബോർഡിനെ അറിയിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി ദക്ഷിണ റെയിൽവേയുടെ 2022-23 - ലെ പിങ്ക് ബുക്കിൽ ഐറ്റം നം. 2 പ്രകാരം ഇടം പിടിക്കുകയുമുണ്ടായി.

(ബി) സംസ്ഥാന റെയിൽവേ വികസനത്തിനെതിരെ പ്രവർത്തിക്കുന്ന ചില നിക്ഷിപ്ത താല്പര്യക്കാരുടെ സമ്മർദ്ദംമൂലം പാത ഉപേക്ഷിക്കാൻ പോകുന്നതായി വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിജസ്ഥിതി അറിയിക്കാമോ?

അത്തരം ഒരു വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതല്ല.

(സി) ഇടുക്കി, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ മലയോര മേഖലയുടെ സമഗ്ര വികസനത്തിന് ഏറെ പ്രയോജനകരമായ പ്രസ്തുത പദ്ധതി ത്വരിതപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; കേന്ദ്ര സർക്കാരിന്റെ നിർദേശാനുസരണം പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ആവശ്യപ്പെട്ടിട്ടുണ്ട്. അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന് 07-01-2021-ലെ ജി.ഒ. (എം.എസ്.)നം.1/2021/ട്രാൻസ്. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിന് റെയിൽവേ ബോർഡ് കെ-റെയിലിനെ നിർദ്ദേശിക്കുയും ഇതുസംബന്ധിച്ച്, ലിഡാർ സർവ്വേ പൂർത്തിയാക്കി അങ്കമാലി - എരുമേലി - ശബരി പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് റെയിൽവേയുടെ അംഗീകാരത്തിനായി 21-03-2022-ന് സമർപ്പിക്കുകയും ചെയ്തു. പദ്ധതി നിർഘനീഭവിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തയച്ചിരുന്നു. കൂടാതെ ബഹു.മുഖ്യമന്ത്രിയും 18-09-2021-ലെ D.O No.

9672021/CM കത്തിലൂടെ കേന്ദ്ര റെയിൽ വകുപ്പുമന്ത്രിയോട് ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്.

ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലെ സ്ത്രീപങ്കാളിത്തം

20 (*110) ഡോ. കെ. ടി. ജലീൽ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി ദെലീമ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവിഷ്കരിച്ച ഉത്തരവാദിത്ത ടൂറിസത്തിന് അന്തർദേശീയ പുരസ്കാരം ലഭിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

2022 നവംബർ 7 മുതൽ 9 വരെ ലണ്ടനിൽ നടന്ന ലോകത്തെ ഏറ്റവും വലിയ ടൂറിസം മേളയിലൊന്നായ വേൾഡ് ട്രാവൽ മാർക്കറ്റിന്റെ (W.T.M) ഗ്ലോബൽ അവാർഡ് ഉത്തരവാദിത്ത ടൂറിസം മിഷൻ സംസ്ഥാനത്ത് നടപ്പാക്കുന്ന 'സ്ത്രീറ്റ്' പദ്ധതിയിലെ 'വാട്ടർ സ്ത്രീറ്റ്' പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. ജലസംരക്ഷണത്തിലൂന്നിയ വിനോദസഞ്ചാര പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത അവാർഡ് ലഭിച്ചത്. 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നതിനുശേഷം 13 അന്താരാഷ്ട്ര അവാർഡുകളും 4 നാഷണൽ അവാർഡുകളും ലഭിച്ചിട്ടുണ്ട്.

(ബി) ഗ്രാമപ്രദേശത്തുള്ളവരുടെ, വിശേഷിച്ചും സ്ത്രീകളുടെ സാമ്പത്തികമായ ഉന്നമനത്തിന് ഉത്തരവാദിത്ത ടൂറിസം പദ്ധതി എത്രമാത്രം പ്രയോജനപ്രദമാണെന്ന് അറിയിക്കാമോ?

ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളിൽ ഭൂരിഭാഗവും സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ടതാണ്. ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള 660 ലക്ഷം രൂപയിൽ 50 ശതമാനം തുക സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾക്കായി നീക്കിവെക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് അധിക നിക്ഷേപം കൂടാതെ വിനോദ സഞ്ചാര മേഖലയിൽനിന്നും വരുമാനം ലഭിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. എത്നിക് കൃസിൻ, കരകൗശല നിർമ്മാണം, സ്ത്രീകൾ നടത്തുന്ന ഹോംസ്റ്റേകൾ, തുണി സഞ്ചി നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം തുടങ്ങിയ അനവധി മേഖലകളിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ പരിശീലനം നൽകുകയും പരിശീലനം ലഭിച്ചവർ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്ത് സ്വയം തൊഴിൽ ആരംഭിച്ച് വരുമാനം നേടുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത യൂണിറ്റുകൾക്ക് അവരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ ഓൺലൈൻ പ്ലാറ്റ് ഫോമും ഒരുക്കിയിട്ടുണ്ട്. അതുവഴി

യൂണിറ്റുകൾക്ക് നേരിട്ട് വരുമാനം ലഭിക്കുന്നുണ്ട്. സ്ത്രീകളുമായി ബന്ധപ്പെട്ട വിനോദസഞ്ചാരത്തിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക സ്ത്രീ സൗഹാർദ്ദ ടൂറിസം പദ്ധതിക്ക് മിഷൻ തുടക്കമിട്ടു. പദ്ധതിയുടെ ഭാഗമായി ഓൺലൈൻ പരിശീലനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്ക് കീഴിൽ എത്ര യൂണിറ്റുകളാണ് ഉള്ളതെന്നും അവയിലെ നേരിട്ടുള്ള സ്ത്രീപങ്കാളിത്തത്തെക്കുറിച്ചും വിശദമാക്കാമോ?

നിലവിൽ 23,786 വ്യക്തിഗത/ഗ്രൂപ്പ് യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിലുണ്ട്. അതിൽ 16,660 എണ്ണം സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള യൂണിറ്റുകളാണ്. ഇവയിൽ തുണി ബാഗ് നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, വിവിധ കാർഷിക യൂണിറ്റുകൾ, കാർഷിക വിതരണ യൂണിറ്റുകൾ, കലാകാരന്മാർ, കരകൗശല വിദഗ്ധർ, ആർ.ടി. ഡ്രൈവർമാർ, കമ്മ്യൂണിറ്റി ടൂർ നേതാക്കൾ, ഫാം വിസിറ്റ് യൂണിറ്റുകൾ, ഹോം സ്റ്റേകൾ, ഫാം സ്റ്റേകൾ, ടെൻഡഡ് അക്കോമഡേഷൻ യൂണിറ്റുകൾ, പാചക യൂണിറ്റുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. വിവിധ യൂണിറ്റുകൾ വഴി 24,860 സ്ത്രീകൾക്ക് വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട് വരുമാനം ലഭ്യമാകുന്നുണ്ട്.

ഡെസ്റ്റിനേഷൻ ചലഞ്ച്

21 (*111) ശ്രീ. എ. രാജ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. പി. സുമോദ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന് പ്രാധാന്യം നൽകിയതിന്റെ ഫലമായി സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിൽ പ്രഥമ ഗണനീയ പങ്ക് സംഭാവന ചെയ്യുന്ന തരത്തിൽ വിനോദസഞ്ചാര വ്യവസായം വളർച്ച നേടിയിട്ടുണ്ടോ?

വിനോദസഞ്ചാര വികസനത്തിന് പ്രാധാന്യം നൽകിയതിന്റെ ഭാഗമായി സമ്പദ്‌വ്യവസ്ഥയ്ക്ക് ടൂറിസം മേഖലയിൽ നിന്നുള്ള പങ്കാളിത്തം വർദ്ധിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ പ്രധാന മാർഗ്ഗമായി ടൂറിസത്തെ മാറ്റുന്നതിനുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്. പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് ഉത്തരവാദിത്ത ടൂറിസം പദ്ധതിയെ ഫലപ്രദമായി ഉപയോഗിക്കുകയാണ്. ഡിപ്പാർട്ടുമെന്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് പുറത്തുവിട്ട കണക്കുപ്രകാരം കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ 2021-22 സാമ്പത്തിക

വർഷത്തിൽ ഏറ്റവും കൂടുതൽ വളർച്ച കൈവരിച്ചത് ടൂറിസം മേഖലയുടെ ഭാഗമായ ഹോട്ടൽ മേഖലയാണ്. 120 ശതമാനമാണ് ഹോട്ടൽ മേഖലയുടെ വളർച്ച. ടൂറിസം മേഖലയിലെ മുന്നേറ്റം ഈ വളർച്ചയ്ക്ക് സഹായകരമായി.

(ബി) നിലവിൽ ചില പ്രധാന സ്ഥലങ്ങളെ മാത്രം കേന്ദ്രീകരിച്ചുള്ള വിനോദസഞ്ചാരത്തിന്റെ സദ്ഫലങ്ങൾ സംസ്ഥാനത്തൊട്ടാകെ ലഭ്യമാകുന്ന തരത്തിൽ വിപുലീകരിക്കാൻ നടത്തുന്ന ശ്രമങ്ങൾ ഫലം കണ്ട് തുടങ്ങിയിട്ടുണ്ടോ?

ഉണ്ട്. കേരളത്തെ ആകെ ടൂറിസം ഡെസ്റ്റിനേഷൻ എന്ന നിലയിൽ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനമാണ് സർക്കാരും ടൂറിസം വകുപ്പും സംഘടിപ്പിക്കുന്നത്. ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് 'ഡെസ്റ്റിനേഷൻ ചലഞ്ച്' എന്ന പുതിയ പദ്ധതിക്ക് തുടക്കമിട്ടു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപ വരെ) ടൂറിസം വകുപ്പ് നൽകുന്നതാണ്.

ഡെസ്റ്റിനേഷൻ ചലഞ്ചിൽ ലഭിച്ച പദ്ധതി നിർദ്ദേശങ്ങൾ പരിശോധിച്ച് വരികയാണ്. സംസ്ഥാനത്തെ അറിയപ്പെടാത്ത ഡെസ്റ്റിനേഷനുകളെ കണ്ടെത്തി വികസിപ്പിക്കുവാൻ കാരവൻ ടൂറിസം പോലുള്ള പദ്ധതികളും സഹായകരമാവുകയാണ്.

(സി) പ്രസ്തുത ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഡെസ്റ്റിനേഷൻ ചലഞ്ച് വഴി കൈവരിക്കാനായ നേട്ടം അറിയിക്കുമോ?

ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതിയ്ക്ക് മികച്ച പ്രതികരണമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വകുപ്പിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ നിരവധി മനോഹര പ്രദേശങ്ങൾ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിനുള്ള പദ്ധതി പ്രൊപ്പോസലുകൾ ഇതിനകം ലഭിച്ചുകഴിഞ്ഞു. ആകെ 109 അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ട്. ഇവയുടെ വിശദമായ പരിശോധനയ്ക്കുശേഷം 58 പദ്ധതികൾ അംഗീകരിക്കാവുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതോടെ പ്രസ്തുത പ്രദേശങ്ങളിൽ വലിയ വികസനവും നിരവധി തൊഴിലവസരങ്ങളും സംജാതമാകുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്കായുള്ള സഹായങ്ങൾ

22 (*112) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പൊതു സമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ പൊതു വിഭാഗത്തിന്റെ വാർഷിക പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമാണ് മത്സ്യത്തൊഴിലാളികളുടെ ആളോഹരി പ്രതിശീർഷ വരുമാനം. 2021-22 വർഷം പൊതുവിഭാഗത്തിന്റേത് 2,57,711/- രൂപയും മത്സ്യത്തൊഴിലാളിയുടേത് 1,34,995/- രൂപയുമാണ്. വിവിധ മേഖലകളിൽ പ്രത്യേകിച്ച് മത്സ്യവിഭവ സംരക്ഷണത്തിനും, വിഭവ മാനേജ്മെന്റിനും പൊതുമേഖലാ സംവിധാനം വഴി വായ്പകൾ യഥാസമയം അനുവദിച്ച് ധനമാനേജ്മെന്റിൽ ബോധവൽക്കരണം നടത്തിയും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനവുണ്ടാക്കുന്നതിന് കഴിഞ്ഞ

വർഷങ്ങളിൽ വകുപ്പിനും അനുബന്ധ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ട് വരുന്നതിനും ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.+

(ബി) മത്സ്യഫെഡും മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനും മറ്റ് ഏജൻസികളും വഴി അവർക്ക് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും 2008 ഡിസംബർ 31 വരെ, മത്സ്യബന്ധനോപകരണങ്ങൾ വാങ്ങാൻ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് എടുത്തിട്ടുള്ള വായ്പകളാണ് കടാശ്വാസത്തിന് പരിഗണിക്കുന്നത്. നാളിതുവരെ 1 മുതൽ 56 വരെ അർഹത പട്ടികകളിൽ 320.634 കോടി രൂപ കടാശ്വാസം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അർഹത കണ്ടെത്തിയതിനുശേഷം മോറട്ടോറിയം ഉത്തരവ് വകവയ്ക്കാതെ കടാശ്വാസം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമാകുന്നതിന് വന്ന കാലതാമസത്തിനിടയ്ക്ക് ബാങ്കിന്റെ നിർബന്ധത്തിന് വഴങ്ങി കുടിശ്ശിക അടച്ച് വായ്പ തീർപ്പാക്കിയിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് 82.60 ലക്ഷം രൂപ റീ ഫണ്ട് കടാശ്വാസം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ട് വരുന്നതിനും ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.+

(സി) പാർശ്വവത്ക്കരിക്കപ്പെട്ട സമൂഹം എന്ന നിലയിൽ ഇവർക്ക് നൽകി വരുന്ന സഹായങ്ങൾ കാലോചിതമായി പരിഷ്കരിച്ച് നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പാർശ്വവത്ക്കരിക്കപ്പെട്ട സമൂഹം എന്ന നിലയിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന സഹായങ്ങൾ കാലോചിതമായി പരിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് സമുദ്ര ബസ് പദ്ധതിയും കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള മെഡിക്കൽ എൻട്രൻസ്/

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

IIT/NIT/IAS കോച്ചിംഗിനുള്ള ധനസഹായങ്ങൾ, ആരോഗ്യ സംരക്ഷണത്തിന് മെഡിക്കൽ ക്യാമ്പ്, ക്യാൻസർ, ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ ഉൾപ്പെടെ വിവിധ രോഗങ്ങൾക്ക് തുടർചികിത്സയ്ക്കുള്ള സാന്ത്വനതീരം പദ്ധതി മത്സ്യസമാഹരണത്തിന് വേണ്ടി ആഴക്കടൽ മത്സ്യയാനങ്ങൾ, ജി.പി.എസ്., D.A.T. എന്നിവ നൽകി വരുന്നു. കൂടാതെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് പുനർഗേഹം പദ്ധതിയും നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സാമൂഹിക, സാമ്പത്തിക ഉന്നമനത്തിന് വേണ്ടി നിലകൊള്ളുന്ന പരിഷ്കാരങ്ങൾ വഴി സുസ്ഥിരമായ ഒരു ജീവിതവും തുടർഭാവിയും സർക്കാർ വിഭാവനം ചെയ്യുന്നു.

സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സംപദാ യോജന (P.M.M.S.Y.) യിൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിയ്ക്ക് 2020 - 21 വർഷം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതും

സ്ഥിരതയോടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ട 10 പേർ വീതം അടങ്ങുന്ന J.L.G. ഗ്രൂപ്പുകൾ/S.H.G. ഗ്രൂപ്പുകൾ/ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ F.F.P.O. (Fish Farmers Producer Organisation) എന്നിവരെ ഗുണഭോക്താക്കളായി തെരെഞ്ഞെടുക്കുന്നതാണ്. 23-12-2020-ലെ സ.ഉ.(ആർ.റ്റി)നം. 744/2020/മ.ഇ.വ. പ്രകാരം പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുകയും ജില്ലകളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.

കൊച്ചിൻ ഷിപ്പ് യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ആഴക്കടൽ മത്സ്യബന്ധന യാനത്തിന്റെ വില 1.5 കോടി രൂപയാണ്. നിലവിലെ സ്ഥിതിയിൽ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പ്രകാരം യൂണിറ്റ് ഒന്നിന് 1.2 കോടി രൂപയും സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം രൂപയുമാണ്. (കേന്ദ്ര വിഹിതം 28.8 ലക്ഷം രൂപ + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ). ബാക്കിയുള്ള 1.02 കോടി രൂപ ഗുണഭോക്തൃ വിഹിതമാണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസ്സിലാക്കിയതിന്റെ

അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റായി അനുവദിക്കുന്നതിനും ബാക്കി 70 % (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും C.M.E.D.P. ലോൺ മുഖേന ലഭ്യമാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. യാനങ്ങൾ നിർമ്മിച്ച് നൽകുന്നതിന് 21-10-2022-ന് കൊച്ചിൻ ഷിപ്പ് യാർഡിന് ലെറ്റർ ഓഫ് ഇന്റന്റ് നൽകിയിട്ടുണ്ട്. ആദ്യ ഘട്ടമായി നിർമ്മാണം പൂർത്തിയാകുന്ന 6 യാനങ്ങൾ 2022 ഡിസംബറിൽ തന്നെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്താൻ നടപടി

23 (*113) ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസം സംരക്ഷിക്കാനും മെച്ചപ്പെടുത്താനും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസം സംരക്ഷിക്കാനും മെച്ചപ്പെടുത്താനും വിദ്യാകിരണം പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ, പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ, അധ്യാപക പരിവർത്തനം,

അക്കാദമിക മികവുകളുടെ ഡോക്യുമെന്റേഷൻ, കേരള സ്കൂൾ എഡ്യുക്കേഷൻ കോൺഗ്രസ് എന്നീ പ്രവർത്തനങ്ങൾ നടത്തി വരികയാണ്. ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ നൽകുന്നു.

1. സ്കൂളുകളുടെ ശാക്തീകരണം

2. സാങ്കേതികവിദ്യാ സൗഹൃദ വിദ്യാലയം

3. ഭൗതിക സൗകര്യ വികസനം

4. അക്കാദമിക മികവിനായുള്ള പ്രവർത്തനങ്ങൾ

5. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം

6. നൈപുണ്യ വിദ്യാഭ്യാസം

(ബി) ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്ന സാഹചര്യത്തിൽ ഗ്രാമീണ മേഖലകളിൽ അംഗീകാരം ഇല്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ദേശീയ വിദ്യാഭ്യാസ നിയമം, കേരള വിദ്യാഭ്യാസ ചട്ടം എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച 22-05-2019-ലെ ജി.ഒ

(എം.എസ്)നം.45/2019/പൊ.വി.വ. പ്രകാരമാണ് നിലവിൽ സംസ്ഥാന സിലബസിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകിവരുന്നത്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ ഗ്രാമീണ മേഖലയിലെ സ്കൂളുകളെന്ന് തരം തിരിച്ച് അംഗീകാരം നൽകുന്നതിന് പ്രത്യേക നിർദ്ദേശമൊന്നും പുറപ്പെടുവിച്ചിട്ടില്ല. മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങളിലെ നിബന്ധനകൾ പാലിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് സർക്കാർ അംഗീകാരം നൽകിവരുന്നു. സർക്കാർ സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി പ്ലാൻ ഫണ്ടിലും കിഫ്ബി ഫണ്ടിലും ഉൾപ്പെടുത്തി പദ്ധതികൾ നടന്നുവരുന്നു. കൂടാതെ എയ്ഡഡ് സ്കൂളുകളുടെ ഭൗതിക വികസനത്തിനായി ചലഞ്ച് ഫണ്ട് നൽകി വരുന്നുണ്ട്. നബാർഡ് മുഖേന പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

പൊതുവിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം ഐ.ടി. ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് കൈറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് സംവിധാനങ്ങൾ, ഐ.ടി. അധിഷ്ഠിത സ്കൂൾ വിദ്യാഭ്യാസം, കുട്ടികൾക്ക് ഇന്റർനെറ്റ്, പ്രൊജക്ടർ, ലാപ്പ്ടോപ്പ് തുടങ്ങിയ സൗകര്യങ്ങൾ

ഒരുക്കിയതിൽ കേരളത്തിന് ദേശീയ അംഗീകാരം ഈ വർഷവും ലഭിച്ചിട്ടുണ്ട്. സ്കൂളുകളിൽ ലഭ്യമാക്കിയ ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിനും കേടുപാടുകൾ സംഭവിച്ചാൽ അവ യഥാസമയം പരിഹരിക്കുന്നതിനും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. കുട്ടികളുടെ എണ്ണത്തിന് അനുപാതികമായി ലാപ്പ്ടോപ്പ് ആവശ്യമുള്ള സ്കൂളുകളിലേയ്ക്ക് അവ നൽകുന്നതിനുള്ള ക്രമീകരണവും ഒരുക്കിയിട്ടുണ്ട്.

പുതിയ തൊഴിലവസരങ്ങൾ

24 (*114) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. ടി. സിദ്ദിഖ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയായ 8.2 ശതമാനത്തിനേക്കാൾ അഞ്ച് ശതമാനം വർദ്ധിച്ച് 13.2 ശതമാനമായി ഉയർന്നിട്ടുണ്ടോ?

2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യ 3,34,06,061 ആണ്. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആകെ

27,32,264 തൊഴിൽ രഹിതർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലെ ജനസംഖ്യയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികളുടെ എണ്ണവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 8.17% ആണ്.

(ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയല്ലാതെ വ്യാപകമായി അനധികൃത നിയമനങ്ങൾ നടക്കുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എല്ലാ സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണെന്നുള്ള 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട്-നും തുടർന്ന് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾക്കും വിരുദ്ധമായി ചില സ്ഥാപനങ്ങളിൽ അനധികൃത നിയമനങ്ങൾ നടന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

വ്യക്തികൾ/സംഘടനകൾ മുഖേന ലഭിക്കുന്ന പരാതികളിലും പത്രവാർത്തകളുടെ അടിസ്ഥാനത്തിലും വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന

സ്ഥാപന പരിശോധനകളിലുമാണ് ചില സ്ഥാപനങ്ങളിൽ അനധികൃത നിയമനങ്ങൾ നടന്നതായി ശ്രദ്ധയിൽപെട്ടിട്ടുള്ളത്.

(സി) വ്യവസായ സംരംഭകർ സംസ്ഥാനത്ത് നിക്ഷേപം നടത്താൻ മടിക്കുന്നതും കാർഷിക മേഖലയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കാൻ കഴിയാത്തതും തൊഴിലവസരങ്ങൾ കുറയുന്നതിന് കാരണമാവുന്നുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർ നിക്ഷേപം നടത്താൻ മടിക്കുന്ന സാഹചര്യം നിലവിലില്ല. 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ച് ഒരു ലക്ഷം സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള വിപുലമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. പദ്ധതി വഴി ഇതിനകം 97,445 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

കാർഷിക മേഖലയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് ഞങ്ങളും കൃഷിയിലേയ്ക്ക്, ജൈവ കൃഷിയും ഉത്തമ കാർഷികമുറകളും, കാർഷിക സേവന കേന്ദ്രങ്ങളും, സേവന സംവിധാനങ്ങളും (നിലവിൽ ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം എന്ന പദ്ധതി), വില നിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിൽ

ഇടപെടുന്നതിനുള്ള പദ്ധതി, കൃഷിക്കൂട്ടങ്ങൾ എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) എങ്കിൽ സംസ്ഥാനത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ എന്തെല്ലാം നൂതന സംരംഭങ്ങൾക്ക് തുടക്കം കുറിക്കുമെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി നൂതന സംരംഭങ്ങൾ ആരംഭിക്കുന്നത് നിലവിൽ തൊഴിൽ വകുപ്പിന്റെ പരിഗണനയിലില്ല. ഇപ്പോൾ അഞ്ച് സ്വയംതൊഴിൽ പദ്ധതികൾ വിജയകരമായി നടപ്പാക്കിവരുന്നുണ്ട്. നിലവിലുള്ള തൊഴിലവസരങ്ങൾക്ക് ഉദ്യോഗാർഥികളെ പ്രാപ്തരാക്കുന്നതിനായി തൊഴിൽ വകുപ്പ് മുഖേന കരിയർ ഡെവലപ്മെന്റ് സെന്റർ, എംപ്ലോയബിലിറ്റി സെന്റർ, മോഡൽ കരിയർ സെന്റർ എന്നീ പദ്ധതികളും സംഘടിപ്പിക്കുന്നു.

ഇതുകൂടാതെ, സംസ്ഥാനത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ മറ്റുവകുപ്പുകൾ ആവിഷ്കരിക്കുന്ന നൂതന സംരംഭങ്ങൾക്ക് തൊഴിൽ വകുപ്പ് എല്ലാ സഹായസഹകരണങ്ങളും നൽകുന്നുണ്ട്.

ആഴക്കടൽ മത്സ്യബന്ധനത്തിന് നൂതന സാങ്കേതിക വിദ്യ

25 (*115) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. എൻ. കെ. അക്ബർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ)സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരക്കടലിൽ മത്സ്യലഭ്യത കുറഞ്ഞുവരികയും കേന്ദ്ര സർക്കാർ ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ ട്രോളറുകൾക്ക് അനുമതി നൽകുന്നതുവഴി അവ ആഴക്കടലിൽനിന്ന് മത്സ്യക്കുഞ്ഞുങ്ങളെ ഉൾപ്പെടെ പിടിച്ചെടുക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കാൻ പദ്ധതിയുണ്ടോ?

ഉണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ P.M.M.S.Y.പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. ഈ പദ്ധതി പ്രകാരം 48 ലക്ഷം രൂപയാണ് (40%) കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി

ഒരു ബോട്ടിന് സബ്സിഡിയായി നൽകുന്നത്. ഇതിൽ കേന്ദ്ര വിഹിതം 28.8 ലക്ഷം രൂപയും (24%) സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപയും (16%) ആണ്. കൂടാതെ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റായി നൽകും. ലോംഗ് ലൈൻ, ഗിൽനെറ്റർ എന്നീ മത്സ്യബന്ധന രീതികൾക്ക് അനുയോജ്യമായ ആഴക്കടൽ ബോട്ടുകളാണ് നൽകുന്നത്. 150 ലക്ഷം രൂപ യൂണിറ്റ് വില വരുന്ന ടി ബോട്ടുകളുടെ നിർമ്മാണം കൊച്ചിൻ ഷിപ്പ് യാർഡിൽ പുരോഗമിക്കുന്നു.

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഫിഷറീസ് പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ 10 പരമ്പരാഗത മത്സ്യത്തൊഴിലാളികളടങ്ങുന്ന ജോയിന്റ് ലയബിലിറ്റി/സ്വയം സഹായ സംഘങ്ങൾക്കാണ് ബോട്ടുകൾ അനുവദിക്കുന്നത്.

(ബി) ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നിർമ്മിച്ച് നൽകാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതിന് അനുകൂല പ്രതികരണം ലഭിച്ചിട്ടുണ്ടോ?

ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 എണ്ണം നിർമ്മിച്ച് നൽകുന്നതിന് ഉഡുപ്പി കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡിന് 21-10-2022-ന് ലെറ്റർ ഓഫ് ഇന്റന്റ് നൽകിയിട്ടുണ്ട്.

(സി) ആഴക്കടൽ മത്സ്യബന്ധനത്തിന് നോർവീജിയൻ സാങ്കേതികവിദ്യയുടെ വളർച്ച സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ നോർവീജിയൻ വിദഗ്ദ്ധ സംഘവുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആഴക്കടൽ മത്സ്യബന്ധനത്തിന് നോർവീജിയൻ സാങ്കേതിക വിദ്യകൾ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ നോർവീജിയൻ വിദഗ്ധ സംഘവുമായി ആശയവിനിമയം നടത്തുകയും ആയതിനായി നോർവേ മാതൃകയിൽ ആഴക്കടൽ മത്സ്യബന്ധനത്തിന് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനും നോർവേ മാതൃകയിലുള്ള ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ കേരളത്തിൽ മത്സ്യഫെഡ് സഹകരണ സംഘങ്ങൾ വഴി നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

അങ്കമാലി-ശബരി റെയിൽ പദ്ധതി

26 (*116) ശ്രീ എം എസ് അരുൺ കുമാർ:
ശ്രീ. എം. എം. മണി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. രാജ: താഴെകാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി

(ശ്രീ. വി. അബ്ദുറഹിമാൻ)സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ദീർഘനാളായി ആവശ്യപ്പെടുന്നതും ശബരിമല തീർത്ഥാടകർക്ക് ഏറെ ഗുണകരമായതും മലയോരമേഖലയുടെ സമഗ്ര വികസനത്തിന് ഉതകുന്നതുമായ അങ്കമാലി-ശബരി റെയിൽ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചേലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന് 07-01-2021-ലെ ജി.ഒ. (എം.എസ്.)നം.1/2021/ട്രാൻസ്. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിന് റെയിൽവേ ബോർഡ് കെ-റെയിലിനെ നിർദ്ദേശിക്കുകയും ഇതുസംബന്ധിച്ച്, ലിഡാർ സർവ്വേ പൂർത്തിയാക്കി അങ്കമാലി - എരുമേലി - ശബരി പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് റെയിൽവേയുടെ അംഗീകാരത്തിനായി 21-03-2022-ന് സമർപ്പിക്കുകയും ചെയ്തു. കൂടാതെ പദ്ധതിയുടെ ഡി.പി.ആർ. പൂർത്തീകരിച്ചുകൊണ്ട് 18-06-2022-ന് റെയിൽവേയ്ക്ക് തുടർനടപടികൾക്കായി സമർപ്പിക്കുകയും ചെയ്തു. ദക്ഷിണ റെയിൽവേ ഈ പ്രൊപ്പോസൽ വിശദമായി പരിശോധിക്കുകയും ടി റിപ്പോർട്ട് റെയിൽവേ

ബോർഡിന് 21-07-2022-ന് സമർപ്പിക്കുകയും ചെയ്തു. പദ്ധതി നിർഘനീഭവിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തയച്ചിരുന്നു. കൂടാതെ ബഹു.മുഖ്യമന്ത്രി അങ്കമാലി-ശബരി പദ്ധതിക്കു വേണ്ടി 18-09-2021-ലെ D.O No. 9672021/CM കത്തിലൂടെ കേന്ദ്ര റെയിൽ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി ദക്ഷിണ റെയിൽവേയുടെ 2022-23 ലെ പിങ്ക് ബുക്കിൽ ഇടം പിടിക്കുകയുമുണ്ടായി. കെ.ആർ.ഡി.സി.എൽ. സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം റെയിൽവേ ബോർഡിൽ പരിശോധനയിലാണ്.

(ബി) പ്രധാനമന്ത്രിയുടെ പ്രഗതി സ്കീമിൽ ഈ പദ്ധതി ഉൾപ്പെടുത്തിയതായി സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ?

പ്രധാനമന്ത്രിയുടെ പ്രഗതി സ്കീമിലുൾപ്പെട്ട പദ്ധതിയാണ് അങ്കമാലി - ശബരി റെയിൽ പദ്ധതി.

(സി) പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ ഭൂമിയുടെ ഭീമമായ വില വർദ്ധനവ് കണക്കിലെടുത്ത് ഭൂമി സൗജന്യമായി വിട്ടുകൊടുക്കുന്നതിനുള്ള സന്നദ്ധതയും നിർമ്മാണ ചെലവിന്റെ അമ്പത് ശതമാനം

ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്ന മുറയ്ക്ക് പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിരുന്നോ?

2019-ലെ റെയിൽവേ ബോർഡ് നം. 93/W-I/Survey/SR/11 കത്ത് പ്രകാരം അങ്കമാലി - ശബരി പദ്ധതിയുടെ 50 ശതമാനം തുക സംസ്ഥാന സർക്കാർ വഹിക്കണമെന്ന ആവശ്യം റെയിൽവേ മുമ്പോട്ടുവച്ചിരുന്നു.

(ഡി) നിർദ്ദിഷ്ട അങ്കമാലി-ശബരി റെയിൽ പദ്ധതി സാക്ഷാത്ക്കരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടത്തിവരുന്ന ഇടപെടലുകൾ വെളിപ്പെടുത്താമോ?

അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന് 07-01-2021-ലെ ജി.ഒ. (എം.എസ്.)നം.1/2021/ട്രാൻസ്. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പദ്ധതി നിർഘനീഭവിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തയച്ചിരുന്നു. കൂടാതെ ബഹു.മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയ്ക്ക് അങ്കമാലി-ശബരി പദ്ധതിക്കുവേണ്ടി കത്തയച്ചിരുന്നു (18-09-2021-ലെ D.O No. 9672021/CM). പ്രസ്തുത

പദ്ധതി ദക്ഷിണ റെയിൽവേയുടെ 2022-23 ലെ പിങ്ക് ബുക്കിൽ ഇടം പിടിക്കുകയുമുണ്ടായി. കെ.ആർ.ഡി.സി.എൽ. സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം നിലവിൽ റെയിൽവേ ബോർഡിൽ പരിശോധനയിലാണ്.

വഖഫ് ഭൂമി തിരിച്ച് പിടിക്കാൻ നടപടി

27 (*117) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെകാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ)സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഫാറൂഖ് കോളേജിന് അവകാശപ്പെട്ട 400 ഏക്കർ വഖഫ് ഭൂമി എറണാകുളം ജില്ലയിലുള്ളതായി കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത് വഖഫ് ഭൂമിയാണെന്ന് വഖഫ് അന്വേഷണ കമ്മീഷൻ സ്ഥിരീകരിച്ചിട്ടുണ്ടോ?

ശ്രീ. എം. എ. നിസാർ (റിട്ട: ജഡ്ജ്) ചെയർമാനായുള്ള വഖഫ് എൻക്വയറി കമ്മീഷന്റെ 26-06-2009-ലെ 15-ാമത് റിപ്പോർട്ട് പ്രകാരം

പ്രസ്തുത ഭൂമി വഖഫ് ചെയ്തിട്ടുള്ളതാണെന്ന് പരാമർശിച്ചിട്ടുള്ളതും, അന്യാധീനപ്പെട്ട വഖഫ് വസ്തു തിരിച്ചുപിടിക്കുന്നതിനായി വഖഫ് റൂൾ പ്രകാരം നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുകയുമുണ്ടായി. തുടർന്ന് വഖഫ് ബോർഡ് ലഭ്യമാക്കിയ നടപടി റിപ്പോർട്ടിൽ പ്രസ്തുത വിഷയം ബോർഡിന്റെ ജുഡിഷ്യൽ വിഭാഗത്തിന്റെ പരിഗണനയിലാണെന്ന വിവരം വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്.

(സി) വഖഫിന്റെ പ്രസ്തുത സ്ഥലം തിരിച്ചുപിടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വഖഫ് ബോർഡ് മുമ്പാകെ 9980/ആർ.എ. നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ള മുഹമ്മദ് സിദ്ദീഖ് സേഠ് വഖഫിന് ഇടപ്പള്ളി സബ്ബ് രജിസ്ട്രാർ ഓഫീസിലെ 2115/1950 നമ്പർ വഖഫ് ആധാരപ്രകാരം അവകാശപ്പെട്ട കുഴുപ്പിള്ളി, പള്ളിപ്പുറം വില്ലേജുകളിലായി സ്ഥിതി ചെയ്യുന്നതുമായ 404.76 ഏക്കറോളം വഖഫ് ഭൂമി അന്യാധീനപ്പെട്ടത് തിരിച്ചുപിടിക്കുന്നതിന് 2019-ലെ കേരള സ്റ്റേറ്റ് വഖഫ് ചട്ടങ്ങളിലെ ചട്ടം 79 പ്രകാരമുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിരുന്നതും പ്രസ്തുത വഖഫിന്റെ വസ്തുക്കൾ അനധികൃത കൈമാറ്റത്തിലൂടെ കൈവശം വെക്കുന്നവരിൽനിന്നും നികുതി സ്വീകരിക്കുകയും കൈവശാവകാശ സർട്ടിഫിക്കറ്റ് നല്കുകയും പോക്കുവരവ്

നടത്തി നല്കുകയും മറ്റുനടപടികൾ കൈക്കൊള്ളുകയും ചെയ്യരുതെന്ന് നിർദ്ദേശിച്ച് കൊണ്ട് ബന്ധപ്പെട്ട തഹസിൽദാർക്കും വില്ലേജ് ഓഫീസർമാർക്കും വഖഫ് ബോർഡ് നിർദ്ദേശം നല്കിയിരുന്നു. പ്രസ്തുത വിഷയത്തിൽ വഖഫ് ചട്ടപ്രകാരമുള്ള എൻക്വയറി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്.

(ഡി) പ്രസ്തുത ഭൂമി കൈവശം വച്ചിരിക്കുന്നവരിൽനിന്നും ഭൂനികുതി സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

പ്രസ്തുത വിഷയം സംബന്ധിച്ച് 20-07-2022-ൽ ബഹു. റവന്യു വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വഖഫ് ഭൂമി സംരക്ഷിക്കേണ്ട കാര്യത്തിൽ യാതൊരു തർക്കവുമില്ലെന്നും എന്നാൽ പ്രസ്തുത ഭൂമി തിരിച്ചുപിടിക്കുന്നതിന് വളരെയധികം നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ട സാഹചര്യത്തിൽ നികുതി അടയ്ക്കുന്നത് കേവലം fiscal exercise മാത്രമായതിനാലും ടൈറ്റിൽ അവകാശവുമായി (ഉടമസ്ഥാവകാശം) അതിന് യാതൊരു ബന്ധവുമില്ലാത്തതിനാലും, സർക്കാരിന് ഭൂനികുതി ഇനത്തിൽ ലഭിക്കേണ്ട വരുമാനത്തിൽ കുറവ് വരാതിരിക്കുന്നതിനും വേണ്ടി താൽക്കാലികമായി കരം അടയ്ക്കുവാൻ അനുവാദം നല്കുകയുണ്ടായി. എന്നാൽ

ഇതുസംബന്ധിച്ച് സർക്കാർ പ്രത്യേക ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടുമില്ല. അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിന്റെ നടപടിക്രമങ്ങളുടെ ഭാഗമായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എൻകയറി നടത്തുകയും ബന്ധപ്പെട്ടവർക്ക് (കയ്യേറ്റക്കാർക്ക്) ഹിയറിംഗിനുള്ള നോട്ടീസ് നല്കുകയും ഹിയറിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് കയ്യേറ്റം പ്രഥമ ദൃഷ്ടിയിൽ തെളിയുന്ന പക്ഷം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നല്കി കയ്യേറ്റം ഒഴിപ്പിക്കുന്ന നടപടി പൂർത്തീകരിക്കും. നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ മാത്രമാണ് താൽക്കാലികമായി നികുതി സ്വീകരിക്കുന്നതിന് അനുമതി നൽകിയത്. ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ബഹു. റവന്യൂ വകുപ്പുമന്ത്രി ഉൾപ്പെട്ട മന്ത്രിതല മോണിട്ടറിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

കടലാസ് രഹിത വില്ലേജ് ഓഫീസ്

28 (*118) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. ബാബു (നെന്മാറ): താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ തലങ്ങളിലുള്ള റവന്യൂ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമവും അഴിമതി രഹിതവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

റവന്യൂ വകുപ്പിന് കീഴിൽ വരുന്ന വിവിധ ഓഫീസുകളുടെ ആധുനീകരണത്തിനും സേവനങ്ങൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുന്നതിനും പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവേണൻസ് സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പരമാവധി സേവനങ്ങൾ ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്നത് വഴി പൊതുജനങ്ങൾക്ക് ഓഫീസുകളിലേയ്ക്ക് നേരിട്ട് പോകാതെ തന്നെ അപേക്ഷകൾ സമർപ്പിക്കുവാനും സേവനങ്ങൾ വീട്ടിലിരുന്നുതന്നെ സ്വായത്തമാക്കുന്നതിനും സാധിക്കുന്നു. ഇതിലൂടെ സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിനുവേണ്ടി വരുന്ന സമയം, ചെലവ്, അധ്വാനം എന്നിവ പരമാവധി കുറയ്ക്കുവാനും സർക്കാർ നടപടിക്രമങ്ങളിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളികളാകുവാനും സാധിക്കുന്നു. റവന്യൂ വകുപ്പ് മുഖേന നൽകുന്ന സേവനങ്ങളെക്കുറിച്ചും അവ ലഭ്യമാക്കുന്നതിന് സമർപ്പിക്കേണ്ട രേഖകളെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം

സൃഷ്ടിക്കുക എന്നതാണ് അഴിമതി മുക്തമാക്കുന്നതിനുള്ള മാർഗ്ഗങ്ങളിലൊന്നെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അത്തരത്തിലുള്ള പ്രവർത്തനങ്ങളുമായി വകുപ്പ് മുന്നോട്ടുപോകുന്നു. ഇതിനായി റവന്യൂ വകുപ്പിന്റെ വിദ്യാഭ്യാസ കേന്ദ്രമായ ഐ.എൽ.ഡി.എം. ആസ്ഥാനമാക്കി ഒരു റവന്യൂ ഇൻഫർമേഷൻ ബ്യൂറോ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന തരത്തിലുള്ള ചെറുവിവരണങ്ങൾ, വീഡിയോകൾ എന്നിവ സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കാനാണ് ലക്ഷ്യം.

സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ ചുവടെ ചേർക്കുന്ന പദ്ധതികളാണ് വകുപ്പിൽ നിലവിൽ നടപ്പിലാക്കി വരുന്നത്.

1. ഇ-ഡിസ്ട്രിക്ട്

2. ആർ.ആർ. ഓൺലൈൻ

3. സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation)

4. റവന്യൂ ഇ-പെയ്മെന്റ്

5. റിലീഫ് (സമഗ്ര ദുരന്ത മാനേജ്മെന്റ് സംവിധാനം)

6. റവന്യൂ മിത്രം

7. റവന്യൂ ഇ-സർവീസസ് മൊബൈൽ ആപ്ലിക്കേഷൻ

8. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ

9. ലൊക്കേഷൻ മാപ്പ് ഓൺലൈൻ

10. FMB ഓൺലൈൻ

11. വില്ലേജ് വെബ്സൈറ്റ്

12. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം

13. കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ

14. ഭൂമി തരം മാറ്റം ഓൺലൈൻ

15. ക്യാൻസർ, ക്ഷയ, കുഷ്ഠ രോഗ പെൻഷൻ

16. എൻഡോസൾഫാൻ വിക്ടിം ധനസഹായ പോർട്ടൽ

മേൽ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രവർത്തനങ്ങൾ സാങ്കേതികവിദ്യാധിഷ്ഠിതമായി ആധുനികീകരിക്കുന്നതിനുള്ള കടലാസ് രഹിത വില്ലേജ് ഓഫീസ് പദ്ധതി പൂർത്തിയായിട്ടുണ്ടോയെന്ന് അറിയിക്കുമോ?

"കടലാസ് രഹിത വില്ലേജ് ഓഫീസ്" എന്ന ലക്ഷ്യം മുൻനിർത്തി വില്ലേജ് ഓഫീസുകളിൽ ഘട്ടം ഘട്ടമായി ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരുന്നു. ലാൻഡ് റവന്യു കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ നടപ്പിലാക്കി വരുന്ന കടലാസ് രഹിത ഇലക്ട്രോണിക് ഫയൽ സിസ്റ്റമാണ് ഇ-ഓഫീസ്. സംസ്ഥാനമൊട്ടാകെ ആകെ 470 വില്ലേജുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. ശേഷിക്കുന്ന വില്ലേജുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വില്ലേജ് ഓഫീസുകളിൽ "കടലാസ് രഹിത വില്ലേജ് ഓഫീസ്" പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മറ്റ് നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ ഓൺലൈനാക്കിയിരുന്നോ; ഇത്തരത്തിൽ ലഭിച്ച അപേക്ഷകളിൽ സമയബന്ധിതമായി നടപടി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ നിലവിൽ ഓൺലൈൻ മുഖേനയാണ് സ്വീകരിക്കുന്നത്. കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റ അപേക്ഷകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിന്റെ ഭാഗമായി 22-02-2022-ലെ സ.ഉ.(കൈ)നം. 56/22/RD പ്രകാരം അയ്യായിരത്തിലധികം അപേക്ഷകൾ തീർപ്പാക്കാനുള്ള ഒമ്പത് റവന്യൂ ഡിവിഷൻ ഓഫീസുകളിൽ ഒരു ജൂനിയർ സൂപ്രണ്ട്, നാല് ക്ലാർക്ക്, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിങ്ങനെയും ആയിരത്തിനും രണ്ടായിരത്തിനും ഇടയിൽ അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന അഞ്ച് റവന്യൂ ഡിവിഷൻ ഓഫീസുകളിൽ രണ്ട് ക്ലാർക്ക്, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിങ്ങനെയും അയ്യാരത്തിലധികം അപേക്ഷകൾ തീർപ്പാക്കാനുള്ള ഒൻപത് റവന്യൂ ഡിവിഷണൽ ഓഫീസുകളിലേയും രണ്ടായിരത്തിനും അയ്യായിരത്തിനും ഇടയിൽ അപേക്ഷകൾ തീർപ്പാക്കാനുള്ള ഒമ്പത് റവന്യൂ ഡിവിഷണൽ ഓഫീസുകളിടേയും

പരിധിയിൽ വരുന്ന അൻപത്തിയൊന്ന് താലൂക്കുകളിൽ ഒരു ക്ലാർക്ക്, മൂന്ന് സർവെയർ എന്നിങ്ങനെയും അപേക്ഷകളുടെ എണ്ണം നൂറിനുമുകളിൽ വരുന്ന വില്ലേജുകളിൽ ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി ഒരു ക്ലാർക്കിനേയും നിയമിച്ചുകൊണ്ട് ആകെ തൊള്ളായിരത്തി തൊണ്ണൂറ് തസ്തികകൾ സൃഷ്ടിക്കുന്നതിനും അപേക്ഷകളുടെ എണ്ണം കൂടുതലുള്ള അറുന്നൂറ്റി എൺപത് വില്ലേജുകളിൽ വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനും ഉത്തരവായിരുന്നു. കൂടാതെ I.T. അനുബന്ധ ഉപകരണങ്ങൾ ആവശ്യത്തിന് വാങ്ങുന്നതിനായി 5 കോടി തൊണ്ണൂറ്റി ഒമ്പത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ അനുവദിച്ചും ഉത്തരവായിരുന്നു. കൂടാതെ, എല്ലാ ആഫീസുകളിലും ഏകീകൃത നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി ഒരു S.O.P.-യും തയ്യാറാക്കി നൽകിയിട്ടുണ്ട്. ഭൂമി തരംമാറ്റ അപേക്ഷകൾ എല്ലാം തന്നെ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ സർക്കാർ നടത്തിയ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി 91.87% ഓഫ് ലൈൻ അപേക്ഷകൾ തീർപ്പാക്കാൻ കഴിയുകയും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന അവശേഷിക്കുന്ന ഓൺലൈൻ അപേക്ഷകളും സമയക്രമം പാലിച്ചുകൊണ്ട് തീർപ്പാക്കുന്നതിനായി 22-02-2022-ലെ സ.ഉ.(കൈ)നം.56/22/RD പ്രകാരമുള്ള ഉത്തരവിന്റെ

അടിസ്ഥാനത്തിൽ നിയമിച്ച താത്കാലിക ജീവനക്കാരുടെ സേവനം, 26-11-2022-ലെ സ.ഉ.(കൈ)നം.278/2022/RD ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്.

പുനർഗേഹം പദ്ധതി

29 (*119) ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. ആൻസലൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭവും മറ്റ് പ്രകൃതിദുരന്തങ്ങളുംമൂലം സംസ്ഥാനത്തെ തീരദേശ ജനത നേരിടുന്ന വിവിധങ്ങളായ ബുദ്ധിമുട്ടുകൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാർ ആരംഭിച്ച ബൃഹത്തായ പുനരധിവാസ പദ്ധതിയായ 'പുനർഗേഹം' പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ

പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന 2450 കോടി രൂപ അടങ്കൽ തുകയുള്ള ബൃഹത് പദ്ധതിയാണ് 'പുനർഗേഹം'. 2018 വർഷത്തിൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് നടത്തിയ വിശദമായ സർവ്വേ പ്രകാരം കടലോരത്ത് വേലിയേറ്റരേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ 18,685 കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം വ്യക്തിഗത ഭവനങ്ങളും ഭവന സമുച്ചയങ്ങളും നിർമ്മിച്ച് പുനരധിവാസം ഉറപ്പാക്കുന്നു.

2018-ലെ സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ 18,685 കുടുംബങ്ങളും അപ്പീൽ അപേക്ഷകളും ഉൾപ്പെടെ ആകെ 21,220 കുടുംബങ്ങളാണ് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നത്. പദ്ധതി പ്രകാരം 8,675 ഗുണഭോക്താക്കൾ മാറി താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇതിൽ 3,653 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും 3,033 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1,773 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്.

'പുനർഗേഹം' പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച 390 ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 556 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഇതിൽ ആലപ്പുഴ ജില്ലയിലെ മണ്ണംപുറത്ത് നിർമ്മിക്കുന്ന 228 ഫ്ലാറ്റുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. പദ്ധതി പ്രകാരം 2,163 കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിച്ചിട്ടുണ്ട്. കൂടാതെ 2,664 കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്.

(ബി) പുനർഗേഹം പദ്ധതിയിൽ നടപ്പുസാമ്പത്തിക വർഷം നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

'പുനർഗേഹം' പദ്ധതിയുടെ ആകെ അടങ്കൽ 2,450 കോടി രൂപയാണ്. ഇതിൽ 1,398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 1,052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. 2022-23 സാമ്പത്തിക വർഷം പ്ലാൻ ശീർഷകത്തിൽ 16 കോടി രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിരുന്നത്. മേൽ തുകയോടൊപ്പം അഡീഷണൽ ഓതറൈസേഷൻ മുഖാന്തരം 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

അപ്രകാരം ആകെ അനുവദിച്ചിട്ടുള്ള 41 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

നിലവിൽ രജിസ്ട്രേഷൻ പൂർത്തിയാക്കിയ 450-ൽപ്പരം ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കിയ 900-ൽപ്പരം ഗുണഭോക്താക്കൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിയ്ക്കായി ഭൂമി കണ്ടെത്തുന്നതിനും അവയുടെ വില നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ വേഗത്തിലാക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നതെന്ന് അറിയിക്കുമോ?

പുനർഗേഹം പദ്ധതി പ്രകാരം അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ്, ജനപ്രതിനിധികൾ എന്നിവരുടെ സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും ഭൂമി കണ്ടെത്തുന്നതുൾപ്പെടെയുള്ള പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്കും മോട്ടിവേറ്റർമാർക്കും ലക്ഷ്യം നൽകി നടപടി സ്വീകരിച്ചുവരുന്നു. ജില്ലകളിൽ ലഭ്യമായ സർക്കാർ ഭൂമി സംബന്ധിച്ച വിവരം റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സെപ്റ്റംബർ 23 മുതൽ

ഡിസംബർ 31 വരെ 100 ദിവസം നീണ്ടുനിൽക്കുന്ന ജ്വാല-2022 എന്ന പരിപാടി പുനർഗേഹം പദ്ധതി നിർവ്വഹണ യൂണിറ്റിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇത് പ്രകാരം പ്രാദേശിക തലത്തിൽ ജനപ്രതിനിധികളെകൂടി ഉൾപ്പെടുത്തി യോഗങ്ങൾ ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

ഭൂമിയുടെ വില നിശ്ചയിച്ചുനൽകുന്നതിനായി സമീപപ്രദേശത്ത് മൂന്ന് വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൂന്ന് വസ്തുക്കളുടെ പ്രമാണം പരിശോധിക്കുകയും അതിൽ സമാനസ്വഭാവമുള്ള വസ്തുവിന്റെ വില ബേസിക്ക് വാല്യുവായി കണക്കാക്കി സ്ഥലത്തിന്റെ ബേസിക്ക് വാല്യുവിനെ നിശ്ചിത മൾട്ടിപ്ലിക്കേഷൻ ഫാക്ടർ കൊണ്ട് ഗുണിച്ച് പരമാവധി 100% സൊളേഷൻ കൂടി കൂട്ടി സ്റ്റാറ്റ്യൂട്ടറി വാല്യു കണ്ടെത്തുന്നു. സ്റ്റാറ്റ്യൂട്ടറി വിലയേക്കാൾ പരമാവധി 100% വരെ അധിക വില നെഗോഷ്യേറ്റ് ചെയ്താണ് ജില്ലാ കളക്ടർ അധ്യക്ഷനായ സമിതി വില നിശ്ചയിക്കുന്നത്. ഇത്തരത്തിൽ നിശ്ചയിക്കുന്ന തുക 6,00,000/- (ആറു ലക്ഷം) രൂപയിൽ അധികരിക്കാൻ പാടില്ല. ആയത് നിശ്ചയിച്ചുനൽകുന്നതിന് ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും

ബന്ധപ്പെട്ട തഹസീൽദാർ, ഡെപ്യൂട്ടി കളക്ടർ, ഫിനാൻസ് ഓഫീസർ എന്നിവർ അംഗങ്ങളുമായ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) തീരദേശ ജനതയുടെ സുരക്ഷയ്ക്കും തീരദേശത്തിന്റെ സമഗ്ര വികസനത്തിനുമുള്ള ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനമടക്കം എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

'പുനർഗേഹം' പദ്ധതി പ്രകാരം സമയബന്ധിതമായി ഭൂമി കണ്ടെത്തുന്നതിനും രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനും ഗുണഭോക്താക്കൾക്ക് സഹായം നൽകി വരുന്നു. ഫിഷറീസ്, റവന്യൂ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പ്രതിനിധികളും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് പ്രതിനിധികളും ഉൾപ്പെടുന്ന ഇന്റർ ഡിപ്പാർട്ട്മെന്റൽ ടീം രൂപീകരിച്ച് സമയബന്ധിതമായി ഭൂമിയുടെ അനുയോജ്യത പരിശോധിച്ച് നടപടി സ്വീകരിക്കുന്നു. കൂടുതൽ ഗുണഭോക്താക്കളെ ഒരുമിച്ച് പുനരധിവസിപ്പിക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിക്കുന്നു. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഫീൽഡ് തല പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി പ്രോജക്ട്

കോ-ഓർഡിനേറ്റർമാരെയും മോട്ടിവേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ സംസ്ഥാനതല ഏകോപനം നിർവ്വഹിക്കുന്നതിനായി പ്രത്യേക ചുമതല പദ്ധതി നിർവ്വഹണ യൂണിറ്റിന് നൽകിയിട്ടുണ്ട്. പദ്ധതിയുടെ സമയബന്ധിത പൂർത്തീകരണം നിരീക്ഷിക്കുന്നതിനായി സംസ്ഥാനതല അപക്സ് കമ്മിറ്റിയും പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് വകുപ്പുതല സ്റ്റിയറിംഗ് കമ്മിറ്റിയും ജില്ലയിലെ പദ്ധതി നിർവ്വഹണത്തിന്റെ സമയബന്ധിത പൂർത്തീകരണത്തിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്തെ ടൂറിസം ഹബ്ബ് ആക്കാൻ നടപടി

30 (*120) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മുഖ്യ വരുമാനമാർഗ്ഗമായി ടൂറിസത്തെ മാറ്റുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ മുഖ്യ വരുമാനമാർഗ്ഗമായി ടൂറിസത്തെ വളർത്തുന്നതിനുള്ള ആസൂത്രിതമായ പദ്ധതികളാണ് ടൂറിസം വകുപ്പ് നടപ്പിലാക്കുന്നത്. പുതിയ ടൂറിസം ഉല്പന്നങ്ങൾ പുറത്തിറക്കിയും വൈവിധ്യവും നൂതനവുമായ പദ്ധതികൾ നടപ്പാക്കിയും ടൂറിസം മേഖലയിൽ കുതിപ്പുണ്ടാക്കാൻ സാധിക്കുന്നുണ്ട്. ലോക ടൂറിസം മേഖലയിലെ മാറ്റങ്ങൾക്ക് അനുസൃതമായി കേരള ടൂറിസവും പുതിയ സ്ട്രാറ്റജികൾ നടപ്പിലാക്കുകയാണ്. സഞ്ചാരലോകത്തിലെ പുതിയ ട്രെൻഡുകളെ സ്വീകരിക്കാൻ കഴിയുംവിധം കേരള ടൂറിസം നവീകരിക്കപ്പെടുകയും ചെയ്യുന്നു. ഇത്തരത്തിൽ കേരളത്തെ ടൂറിസം ഹബ്ബാക്കി മാറ്റാനുള്ള ചുവടുവെയ്പുകളാണ് നടത്തുന്നത്. ടൈം മാഗസിൻ ലോകത്ത് കണ്ടിരിക്കേണ്ട 50 ടൂറിസം കേന്ദ്രങ്ങളെ തെരഞ്ഞെടുത്തപ്പോൾ അതിൽ കേരളവും തെരഞ്ഞെടുക്കപ്പെട്ടത് കോവിഡാനന്തര ടൂറിസം ഭൂപടത്തിൽ നമ്മുടെ അടയാളപ്പെടുത്തലാണ്.

സംസ്ഥാനത്തേയ്ക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും അതുവഴി കൂടുതൽ വരുമാനം സംസ്ഥാനത്ത്

ലഭ്യമാക്കുന്നതിനുമായി നിരവധിയായ പ്രചാരണപരിപാടികൾക്ക് ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. വിനോദസഞ്ചാരികളുടെ അഭിരുചികളെ അടിസ്ഥാനമാക്കി ഹോംസ്റ്റേ, ആയുർവേദ ടൂറിസത്തിന്റെ പ്രോത്സാഹനം, സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ എന്നിങ്ങനെ ടൂറിസത്തിന്റെ വിവിധങ്ങളായ മേഖലകളിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള മാർക്കറ്റിംഗ് കാമ്പയിൻ നടപ്പിലാക്കി വരുന്നു.

വിവിധ പ്രവർത്തനങ്ങളിൽ പുതിയ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ 'സ്ട്രീറ്റ്' പദ്ധതി ആവിഷ്കരിച്ചത് ഹബ്ബ് എന്ന ആശയം ഉറപ്പാക്കുന്നതിന് സഹായകരമാകും. ടൂറിസം ഫോർ ഇൻക്ലൂസീവ് ഗ്രോത്ത് എന്ന യു.എൻ.ഡബ്ല്യു.റ്റി.ഒ.-യുടെ പുതിയ ടൂറിസം മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 10 പ്രദേശങ്ങളിൽ നടപ്പാക്കുന്ന പദ്ധതിയാണ് സ്ട്രീറ്റ് (STREET- Sustainable Tangible, Responsible, Experiential, Ethnic Tourism hubs).

കേരളം വിനോദസഞ്ചാരികൾക്ക് സന്ദർശിക്കാൻ സുരക്ഷിതമാണെന്ന സന്ദേശം നൽകുന്നതിനുള്ള റീ അഷ്വറൻസ് കാമ്പയിൻ, സോഷ്യൽ മീഡിയ

പ്ലാറ്റ് ഫോമുകൾ വഴി നടപ്പാക്കിവരുന്നു. കോവിഡ് കാലഘട്ടത്തിൽ സഞ്ചാരികളുടെ ഇടയിൽ രൂപപ്പെട്ട ഒരു പുതിയ പ്രവണതയാണ് വിനോദയാത്രയ്ക്കൊപ്പം തന്നെ തങ്ങളുടെ ജോലിയും തുടരുക എന്നത്. പ്രധാനമായും ഇത്തരം സഞ്ചാരികൾ ഹോംസ്റ്റേകളെയാണ് തങ്ങളുടെ താമസത്തിനായി തെരഞ്ഞെടുക്കുന്നത്. ഇത്തരം സഞ്ചാരികളെ ആകർഷിക്കുന്നതിനായി ലോംഗ് സ്റ്റേയ്സ് ഇൻ കേരള എന്ന കാമ്പയിൻ നടപ്പാക്കിയിട്ടുണ്ട്. കേരള ടൂറിസം സാധ്യത കാണുന്ന മറ്റൊരു മേഖലയാണ് വെഡ്ഡിംഗ് ടൂറിസം. നമ്മുടെ പല ടൂറിസം കേന്ദ്രങ്ങളും ഇതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ട്രാവൽപ്ലസ് ലിഷർ മാഗസിന്റെ വായനക്കാർ മികച്ച വെഡ്ഡിംഗ് ഡെസ്റ്റിനേഷനായി കേരളത്തെയാണ് തെരഞ്ഞെടുത്തത്. കേരളത്തെ ഒരു വെഡ്ഡിംഗ് ടൂറിസം ഡെസ്റ്റിനേഷനായി മാർക്കറ്റ് ചെയ്യുന്നതിനുള്ള പ്രചരണ പ്രവർത്തനങ്ങൾക്കും രൂപം നൽകിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ ഇന്ത്യയിലെ മെട്രോ സിറ്റിയിൽ നിന്നുള്ള സഞ്ചാരികളെ ലക്ഷ്യമിട്ട് പ്രിന്റ്/സോഷ്യൽ മീഡിയ, ഡിജിറ്റൽ, തീയേറ്റർ, റേഡിയോ പ്രചരണങ്ങളും നടത്തിയിട്ടുണ്ട്. ഈ വർഷം ഇന്ത്യയിലെയും വിദേശത്തേയും പ്രധാനപ്പെട്ട ട്രാവൽ മാർട്ടുകളിൽ കേരള ടൂറിസം പങ്കെടുത്തിട്ടുണ്ട്. കൂടാതെ ഇന്ത്യയിലെ മെട്രോ സിറ്റികളിൽ ടൂറിസം

പാർട്ട്ണർഷിപ്പ് മീറ്റുകളും ഈ കാലയളവിൽ സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ ടൂറിസം മേഖലയുടെ നട്ടെല്ലായ ഈ രംഗത്ത് മുതൽ മുടക്കിയിരിക്കുന്ന സംരംഭകരോടൊപ്പമാണ് ഈ ട്രാവൽ ഫെയറുകളിൽ വകുപ്പ് പങ്കെടുക്കുന്നത്. ഇത് കൂടാതെ കേരള ടൂറിസത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട മാർക്കറ്റുകളായ യു.കെ., യു.എസ്.എ, ജർമ്മനി, ഫ്രാൻസ്, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിൽനിന്നുള്ള സഞ്ചാരികളെ ലക്ഷ്യമിട്ട് പ്രത്യേക മാർക്കറ്റിംഗ് കാമ്പയിൻ നടപ്പാക്കുന്നതാണ്. ഇതോടൊപ്പം തന്നെ വിവിധ മേഖലകളിൽ സ്വാധീനം ചെലുത്താൻ കഴിയുന്ന സോഷ്യൽ മീഡിയയിൽ ധാരാളം ഫോളോവേഴ്സുള്ള സെലിബ്രിറ്റികൾക്ക് നമ്മുടെ നാട് സന്ദർശിക്കാൻ അവസരമൊരുക്കുന്ന ഫെമിലിയറൈസേഷൻ ടൂർ പദ്ധതിയും തുടർന്നുവരുന്നു.

ആഭ്യന്തര സഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുന്നതിനായി ഇന്ത്യയിലെ പ്രമുഖ ടൂർ ഓപ്പറേറ്റർമാർക്ക് കേരളം സന്ദർശിക്കുന്നതിനുള്ള അവസരം ഒരുക്കുന്ന പദ്ധതിയും നടന്നുവരുന്നു. കേരളത്തിലെ പ്രമുഖ ടൂർ ഓപ്പറേറ്റർമാരുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

പുതിയ മേഖലയായ കാരവാൻ ടൂറിസം പദ്ധതി ആവിഷ്കരിച്ചതും ടൂറിസം പ്രോത്സാഹനം മുന്നിൽക്കണ്ടാണ്. അഗ്രി ടൂറിസം നെറ്റ് വർക്ക്

ജലസാഹസിക അക്കാഡമി, സാഹസിക വിനോദസഞ്ചാരം, സ്ത്രീ സൗഹൃദ വിനോദസഞ്ചാരം പദ്ധതി, നൈറ്റ് ലൈഫ് ടൂറിസം, ബയോഡൈവേഴ്സിറ്റി-ലിറ്ററി സർക്യൂട്ടുകൾ, ടൂറിസം ക്ലബ്ബുകൾ, ഫുഡ് സ്ട്രീറ്റുകൾ, എൻ ഊര് തുടങ്ങിയ പുത്തൻ പദ്ധതികളിലൂടെ വ്യത്യസ്ത അഭിരുചിയുള്ള സഞ്ചാരികളെ ആകർഷിക്കാൻ കേരളം സജ്ജമാകുകയാണ്. കഴിഞ്ഞ രണ്ടുവർഷമായി മുടങ്ങിയിരുന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് രണ്ടാം എഡിഷൻ മത്സരങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. മാത്രമല്ല കോവിഡ് ശമനത്തിനുശേഷം ഈ വർഷം പൂർവ്വാധികം ഭംഗിയോടെ ഓണാഘോഷം സംഘടിപ്പിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ കേരള ടൂറിസം മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്തുന്നതിനും കേരള ടൂറിസം വെബ്സൈറ്റ് കൂടുതൽ ഉപയോഗപ്രദമാകുന്ന പദ്ധതികളും നടപ്പാക്കുന്നുണ്ട്.

(ബി) കായൽ, ബീച്ച്, ഹിൽ, വില്ലേജ് എന്നീ മേഖലകളിലെ വിനോദസഞ്ചാര വികസനത്തിന് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

കായൽ ടൂറിസവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. നിരവധി സ്ഥലങ്ങളിൽ ഹൗസ് ബോട്ട് ടെർമിനലുകളും നൈറ്റ് ഹാൾട്ട് സെന്ററുകളും കായലോരങ്ങളിൽ

നടപ്പാതകളും വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. കായൽ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച പ്രധാന വെല്ലുവിളി, കായലുകളും പരിസര പ്രദേശങ്ങളും അതീവ പരിസ്ഥിതി പ്രാധാന്യമുള്ളതാകയാൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾക്ക് വിധേയമായി പദ്ധതി നടത്തിപ്പിനാവശ്യമായ ഭൂമി കണ്ടെത്തുക എന്നതാണ്. എന്നിരുന്നാലും കായൽ ടൂറിസത്തിന്റെ അനന്ത സാദ്ധ്യതകൾ കണക്കിലെടുത്ത് തദ്ദേശ സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ ആവശ്യമായ ഭൂമി കണ്ടെത്തി ഈ മേഖലയിലെ വിനോദ സഞ്ചാര വികസനത്തിന് അനുയോജ്യമായതും പരിസ്ഥിതിക്ക് ഇണങ്ങുന്നതുമായ കൂടുതൽ പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിലെ പ്രധാന ബീച്ചുകളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും ബീച്ചുകൾ മാലിന്യമുക്തമാക്കുന്നതിനുമുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. കൂടാതെ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ബീച്ചുകളിൽ ബേപ്പൂർ മാതൃകയിൽ ഫ്ളോട്ടിംഗ് ബ്രിഡ്ജ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചുവരുന്നു. ജലസാഹസിക ടൂറിസം വളർത്തുന്നതിന് സർഫിംഗ് സ്കൂൾ പദ്ധതിക്കും നാം തുടക്കമിട്ടിട്ടുണ്ട്.

ഓരോ ബീച്ചിന്റെയും പ്രത്യേകതകൾക്ക് അനുസരിച്ചുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്. കോവളം ഡെസ്റ്റിനേഷന്റെ പ്രൗഡി ഉയർത്തുന്നതിനുള്ള വൻകിട പദ്ധതിക്ക് കിഫ്ബി വഴി പദ്ധതി രേഖ തയ്യാറാക്കുകയാണ്.

ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കി വരുന്ന 'സ്ട്രീറ്റ്', 'പെപ്പർ', 'മോഡൽ ആർ ടി വില്ലേജ്' എന്നീ പദ്ധതികൾ കായൽ, ഹിൽ, വില്ലേജ് എന്നീ മേഖലകളിലെയും വിനോദസഞ്ചാര വികസനത്തിന് സാധ്യമാകുന്നുണ്ട്. പ്രാദേശിക ജനസമൂഹത്തിന്റെ തനത് ഉപജീവന മാർഗ്ഗങ്ങളും തൊഴിലും, ടൂറിസവുമായി ബന്ധപ്പെടുത്തി വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ വഴിയും വില്ലേജുകളിൽ വിനോദ സഞ്ചാരികളെ എത്തിക്കുക വഴി ടൂറിസത്തിന്റെ സാധ്യത ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രയോജനപ്പെടുത്തുന്നു. മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ പദ്ധതി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന വിധത്തിൽ ഗ്രാമങ്ങളെ വളർത്തിക്കൊണ്ട് വരുന്നു. കൂടാതെ മൗണ്ടെൻ ലാൻഡ്സ്കേപ്പിനുവേണ്ടി UNDP - യുമായി ചേർന്ന് IHRML(India High Range Mountain Lanscape) പ്രോജക്ടിൽ ആർ.ടി. പ്രോട്ടോകോൾ കൊണ്ട് വന്നിട്ടുണ്ട്. കായൽ, പുഴ, ഉയർന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ടി

പ്രോട്ടോകോൾ നടപ്പിലാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. കൂടാതെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിലൂടെ വികസിക്കുന്ന പുതിയ ടൂറിസം കേന്ദ്രങ്ങൾ കൂടുതലും ഗ്രാമീണ മേഖലയിലാവും. ആയത് പ്രാദേശിക വികസനത്തിന് കൂടുതൽ ഊർജ്ജം പകരും.

(സി) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികളും പരിശീലനങ്ങളും നടത്തി വരുന്നുണ്ട്. സ്ട്രീറ്റ് പദ്ധതി, സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതി, കേരള അഗ്രി ടൂറിസം നെറ്റ് വർക്ക് - വിപുലീകരണം, എക്സ്പീരിയൻസ് എത്നിക്/ലോക്കൽ കൃസീൻ നെറ്റ്വർക്ക് പ്രവർത്തനങ്ങൾ, ടൂറിസം അക്കോമഡേഷൻ യൂണിറ്റുകളിലൂടെ പാരിസ്ഥിതിക സംരക്ഷണം, പ്രാദേശിക ഫലവൃക്ഷങ്ങളുടെ സംരക്ഷണം, ബജറ്റ് അക്കോമഡേഷൻ യൂണിറ്റുകൾ, പുഴ, കായൽ തീരസംരക്ഷണം, സൈക്കിൾ വീഥികളുടെ നിർമ്മാണം, പ്ലാസ്റ്റിക് റീസൈക്ലിംഗും ഇക്കോ ഫ്രണ്ട്ലി ഉല്പന്നങ്ങളുടെ നിർമ്മാണ പരിശീലനങ്ങൾ, ആർ.ടി. ക്ലബ്ബുകൾ,

ടൂറിസം സർവീസ് പ്രൊവൈഡർമാരുടെ ഡാറ്റാ ബാങ്ക് രൂപീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ വഴി കുറഞ്ഞത് 1,50,000 പേർക്ക് പ്രത്യക്ഷവും പരോക്ഷവുമായി തൊഴിൽ നൽകുവാനും കുറഞ്ഞത് 75,000 പേർക്ക് പരിശീലനം നൽകുവാനും ഉത്തരവാദിത്ത ടൂറിസം മിഷൻ ലക്ഷ്യമിടുന്നു. വർഷം തോറും സാർവ്വദേശീയ തലത്തിൽ ഉയർന്നുവരുന്ന നവ പ്രവണതകളുടെ അടിസ്ഥാനത്തിൽ പുതിയ പദ്ധതികളും പ്രവർത്തങ്ങളും മിഷൻ ഏറ്റെടുക്കുന്നു.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അക്രെഡിറ്റഡ് ഏജൻസികൾ

1 (1276) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഏറ്റവും കൂടുതൽ പൊതുമരാമത്ത് ജോലികൾ ഏൽപ്പിച്ച് നൽകിയിട്ടുള്ള രണ്ട് അക്രെഡിറ്റഡ് ഏജൻസികൾ ഏതാണ്; എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് നാളിതുവരെ പ്രസ്തുത ഏജൻസികൾക്ക് ഏൽപ്പിച്ച് നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിൽ ടെൻഡർ നടപടിക്രമം ഒഴിവാക്കി നൽകിയിട്ടുള്ള പ്രവൃത്തികൾ എത്ര കോടി രൂപയുടേതാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

വർക്കല മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ

2 (1277) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് പുരോഗമിച്ചുവരുന്നത്; അവയുടെ ഇപ്പോഴത്തെ പ്രവൃത്തി പുരോഗതി വിശദമാക്കാമോ?

വർക്കല മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെയും, പ്രവൃത്തി പുരോഗതിയുടെയും വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.+

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും അവയുടെ ടെണ്ടർ നടപടികൾ സംബന്ധിച്ച പുരോഗതിയും വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണാനുമതി ലഭിച്ച പ്രവൃത്തികളും അവയുടെ ടെണ്ടർ നടപടികൾ സംബന്ധിച്ച പുരോഗതിയുടെയും വിശദ വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.+

പൊതുമരാമത്ത് വകുപ്പിന്റെ പുതിയ സെക്ഷൻ ഓഫീസ്

3 (1278) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പുതിയ സെക്ഷൻ ഓഫീസുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണെന്ന് വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ വേങ്ങര കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തി പുനഃക്രമീകരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ പഠിക്കാൻ ഐ.എം.ജി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഐ.എം.ജി. റിപ്പോർട്ട് ലഭിച്ചാൽ പരിശോധിച്ച് തുടർനടപടികൾ ആലോചിക്കും.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗവൺമെന്റ് പോളിടെക്നിക്ക് കെട്ടിട നിർമ്മാണം

4 (1279) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ ഗവൺമെന്റ് പോളിടെക്നിക് കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഗവൺമെന്റ് പോളിടെക്നിക് കോളേജ് പാലാ അക്കാഡമിക്-കം-ലൈബ്രറി ബ്ലോക്ക് നിർമ്മാണത്തിന് സൈറ്റിൽ പാറ പൊട്ടിച്ചുനീക്കുന്ന പ്രവൃത്തി നടക്കുകയാണ്.

പാലാ വർക്ക്ഷോപ്പ് ബ്ലോക്ക് ആന്റ് ആഡിറ്റോറിയം എന്ന പ്രവൃത്തിയുടെ ഡീറ്റെൽഡ് ആർക്കിടെക്ചറൽ ഡ്രോയിംഗ്സ് സ്ട്രക്ചറൽ ഡ്രോയിംഗ്സ് ആർക്കിടെക്ചറൽ വിംഗിലും ഡിസൈൻ വിംഗിലും തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

കെട്ടിടം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

പി.ഡബ്ല്യു.ഡി. വകുപ്പ് പ്രവൃത്തികൾ

5 (1280) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. വകുപ്പ് മുഖേന നടത്തുന്ന പ്രവൃത്തികളിൽ കോൺട്രാക്ടർമാർ ടെൻഡർ നടപടികളിൽ പങ്കെടുക്കുവാൻ തയ്യാറാകാത്ത സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.ഡബ്ല്യു.ഡി. വകുപ്പിന്റെ എത്ര പ്രവൃത്തികൾക്കാണ് ടെൻഡർ നടപടികളിൽ മതിയായ പ്രാതിനിധ്യം ഇല്ലാത്തതിനാൽ മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കേണ്ടി വന്നിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ടെൻഡർ നടപടികളിൽ കോൺട്രാക്ടർമാർ പങ്കെടുക്കാത്ത സാഹചര്യം നിലവിലില്ല. എന്നാൽ പ്രത്യേക കാരണങ്ങളാൽ വളരെക്കുറച്ച് ടെൻഡറുകളിൽ ആവശ്യമായ പ്രാതിനിധ്യം ഉണ്ടായിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന് കീഴിലുള്ള താഴെപ്പറയുന്ന അഞ്ച് പ്രവൃത്തികൾക്ക് കോൺട്രാക്ടർമാർ ടെൻഡർ നടപടികളിൽ പങ്കെടുത്തിട്ടില്ല.

1) Nettoor Market bridge in Ernakulam district – Re-construction of existing bridge planting boundary stone (Part TS). Estimate PAC – Rs. 51,472/-

2) Urgent works clearing vent way Porakulam bridge I & II in Kodungallur LAC in Thrissur district. Estimate PAC – Rs. 2,43,056/-

3) Urgent works clearing vent way of various bridges under Chalakudy bridges section. Estimate PAC – Rs. 2,47,007/-

4) Puthur Parallel bridge – Demarcating boundaries for alignment of Puthur Parallel bridge in Ollur LAC. Estimate PAC - Rs. 31,309,44/-

5) Urgent repairs and maintenance works to various bridges under bridges section Chalakudy. Estimate PAC - Rs. 2,42,786/-.

ടി പ്രവൃത്തികളിൽ ക്രമനമ്പർ 2, 3, 4, 5 പ്രവൃത്തികൾ ക്വട്ടേഷൻ മുഖാന്തിരം അറേഞ്ച് ചെയ്ത് നടത്തിവരുന്നു.

പൊതുമരാമത്ത് നിരത്ത് പരിപാലന വിഭാഗത്തിന് കീഴിൽ 16 റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികൾക്ക് ടെൻഡറിൽ പ്രാധിനിധ്യം ഉണ്ടാകാത്ത സാഹചര്യത്തിൽ ക്വട്ടേഷൻ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തി ക്രമീകരിച്ചു.

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ ടെൻഡർ നടപടികളിൽ മതിയായ പ്രാതിനിധ്യം ഇല്ലാത്തതിനാൽ ആലപ്പുഴ ജില്ലയിലെ ഒരു പ്രവൃത്തി ക്വട്ടേഷൻ നൽകി പൂർത്തിയാക്കിയിട്ടുണ്ട്.

കെ.എസ്.റ്റി.പി.-ക്ക് കീഴിൽ OPBRC പാക്കേജ്-4 എന്ന പ്രവൃത്തിയുടെ റീടെൻഡറിന് കരാറുകാർ പങ്കെടുത്തിട്ടില്ല.

വേങ്ങര മണ്ഡലത്തിലെ ഫയർ സ്റ്റേഷൻ

6 (1281) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കൊളപ്പുറം - തിരൂരങ്ങാടി റോഡിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള 40 സെന്റ് സ്ഥലം ഫയർ ഫോഴ്സ് വകുപ്പിന് വിട്ടുനൽകുന്നതിനോ എൻ.ഒ.സി. നൽകുന്നതിനോ വേണ്ടി സ്കെച്ചും അനുബന്ധ രേഖകളും ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ കാലതാമസം കൂടാതെ പ്രസ്തുത സ്ഥലം വിട്ടുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സർക്കാർ പരിശോധിച്ചുവരുന്നു.

ആലത്തൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

7 (1282) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി 2016 മുതൽ അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

(എ&ബി) പാലങ്ങൾ, കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട് ആലത്തൂർ മണ്ഡലത്തിൽ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി 2016 മുതൽ അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ഒന്നും തന്നെയില്ല.

നിരത്ത് വിഭാഗത്തിൽ അനുവദിച്ച പ്രവൃത്തി ചുവടെ ചേർക്കുന്നു.

2019-2020 - Nabard RIDF XXV - Improvements to Kunissery - Vallanghy Road km 0/000 to 6/460 in Palakkad District.

ഭരണാനുമതി തുക-500 ലക്ഷം രൂപ 31-08-2021-ന് പ്രവൃത്തി പൂർത്തീകരിച്ചു.

ഹരിപ്പാട് മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

8 (1283) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ നങ്ങ്യാർകുളങ്ങര ഗവൺമെന്റ് യു.പി.എസ്., തുക്കുന്നപ്പുഴ ഗവൺമെന്റ് എൽ.പി.എസ്., തുക്കുന്നപ്പുഴ ആത്മവിദ്യാലയം സ്കൂൾ, ആയാപറമ്പ് എച്ച്.എസ്.എസ്. എന്നിവയിലെ നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ നിർവ്വഹണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) ഹരിപ്പാട് മണ്ഡലത്തിലെ നങ്ങ്യാർകുളങ്ങര ഗവൺമെന്റ് യു.പി.എസ്. സ്കൂളിന്റെ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ

പുരോഗമിച്ചുവരുന്നു. തൃക്കുന്നപ്പുഴ ഗവൺമെന്റ് എൽ.പി.എസ്. സ്കൂളിന്റെ നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. തൃക്കുന്നപ്പുഴ ആത്മവിദ്യാലയം സ്കൂൾ നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ആയാപറമ്പ് എച്ച്.എസ്.എസ്. നിർമ്മാണ പ്രവൃത്തി ക്ലോഷർ എഗ്രിമെന്റ് വയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചിറയിൻകീഴ് മണ്ഡലത്തിലെ പ്രവൃത്തികൾക്ക് നബാർഡ് ധനസഹായം

9 (1284) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനായി സമർപ്പിച്ച പുതിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ധനസഹായം ലഭ്യമാക്കിയ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) ചിറയിൻകീഴ് മണ്ഡലത്തിൽ റോഡുകൾ, പാലങ്ങൾ വിഭാഗത്തിൽ നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനായി പുതിയ പ്രവൃത്തികളോ ധനസഹായം ലഭ്യമാക്കിയ പ്രവൃത്തികളോ ഒന്നും തന്നെയില്ല. കെട്ടിട വിഭാഗത്തിൽ നിന്നും പ്രേംനസീർ മേമ്മോറിയൽ ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് അഞ്ച് കോടി രൂപയുടെ പ്രൊപ്പോസൽ ജനറൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക് ഉടൻ സമർപ്പിക്കുന്നതാണ്.

കൂടവൂർക്കോണം യു.പി.എസ്.-ന് പുതിയ കെട്ടിട നിർമ്മാണത്തിനായി രണ്ട് കോടി രൂപയും വെയിലൂർ ഗവൺമെന്റ് എച്ച്.എസ്.എസ്.-ന് അക്കാഡമിക് ബ്ലോക്ക് ഡൈനിംഗ് ഹാൾ നിർമ്മാണത്തിനായി രണ്ട് കോടി രൂപയും കെട്ടിട വിഭാഗത്തിന് ധനസഹായം ലഭിച്ചിട്ടുണ്ട്. രണ്ട് പ്രവൃത്തികളുടെയും 90% പണി പൂർത്തിയായിട്ടുണ്ട്.

ചാരുമ്മൂട് സിവിൽ സ്റ്റേഷൻ

10 (1285) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 ബഡ്ജറ്റിൽ ചാരുംമൂട് സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ (ക്രമനമ്പർ 1059 പേജ് 62); വിവരം നൽകുമോ?

2020-21 ബഡ്ജറ്റിൽ ചാരുംമൂട് സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് അഞ്ച് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി&സി) പ്രസ്തുത നിർമ്മാണത്തിനായി ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭ്യമാക്കി 500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗം ലഭ്യമാക്കിയിരുന്നു, എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാതിരുന്നത് കാരണം നിരസിച്ചിരുന്നു. ബഹു. മാവേലിക്കര എം.എൽ.എ. അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് പ്രസ്തുത പ്രൊപ്പോസൽ പുനഃപരിശോധിക്കുകയും ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തിട്ടുണ്ട്.

കൊല്ലം മണ്ഡലത്തിൽ വർക്കിംഗ് വിമൺസ് ഹോസ്റ്റൽ

11 (1286) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിൽ ആശ്രാമത്ത് നിർമ്മിച്ചിട്ടുള്ള വർക്കിംഗ് വിമൺസ് ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഇതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; നിർമ്മാണം പൂർത്തീകരിച്ചിട്ടും ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത ഹോസ്റ്റലിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ-സി) കൊല്ലം മണ്ഡലത്തിൽ ആശ്രാമത്ത് നിർമ്മിച്ചിട്ടുള്ള വർക്കിംഗ് വിമൺസ് ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകളിൽ ഒരു വാച്ച്മാന്റെ തസ്തിക ദേശീയപാത വിഭാഗത്തിൽ നിന്നും ഷിഫ്റ്റ് ചെയ്ത് അതിൽ നിയമനം നടത്തിയിട്ടുണ്ട്. നാല്

വനിതാ ജീവനക്കാർ, ഒരു വാച്ച്മാൻ എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പത്തോളജി ലാബ് നിർമ്മാണം

12 (1287) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് പത്തോളജി ലാബ് നിർമ്മിക്കുന്നതിനായി 06-12-2013-ലെ ജി.ഒ. (ആർ.റ്റി.)നം.4064/2013/എച്ച്&എഫ്.ഡബ്ല്യു.ഡി. പ്രകാരം ആരോഗ്യ വകുപ്പ് 150 ലക്ഷം രൂപ പി.ഡബ്ല്യു.ഡി. ബിൽഡിംഗ് വിഭാഗത്തിന് അഡ്വാൻസ് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; എങ്കിൽ അഡ്വാൻസ് ഏത് വർഷത്തിലാണ് നൽകിയതെന്ന് വിശദമാക്കുമോ?

നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയ്ക്ക് പത്തോളജി ലാബ് നിർമ്മിക്കുന്നതിനായി 06-12-2013-ലെ ജി.ഒ. (ആർ.റ്റി.)നം.4064/2013/എച്ച്&എഫ്.ഡബ്ല്യു.ഡി. പ്രകാരം 150 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ

ഭരണാനുമതിയുടെ സമയപരിധി കഴിഞ്ഞതിനാൽ ഡി.എസ്.ആർ. 2016, കോസ്റ്റ് ഇൻഡക്സ് 1.4412 പ്രകാരം 3,86,30,000/- രൂപയുള്ള പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനായി ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗത്തിന്റെ കാര്യാലയത്തിൽനിന്നും 06-04-2018-ൽ ഡയറക്ടർ, ഡി.എച്ച്.എസ്., തിരുവനന്തപുരത്തിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടില്ല. 4210-01-110-67 (plan) 13th Finance Commission award എന്ന ശീർഷകത്തിലാണ് 150 ലക്ഷം രൂപ അനുവദിച്ചിരിക്കുന്നത്. ആയതിനാൽ മേൽ തുക ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗത്തിന്റെ കാര്യാലയത്തിൽ നിക്ഷേപിച്ചിട്ടില്ല.

ആലത്തൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

13 (1288) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ നടന്നുവരുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണ്; ഓരോന്നിന്റെയും നിലവിലെ സ്ഥിതി വിശദമാക്കുമോ;

നിരത്ത് വിഭാഗത്തിന് കീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു.+

പാലങ്ങൾ വിഭാഗത്തിന്റെ കീഴിൽ ആലത്തൂർ മണ്ഡലത്തിൽ പുന്നപ്പാടം പുഴക്ക് കുറുകെ പുന്നപ്പാടം (മമ്പാട്) കോസ്‌വേയുടെ പുനർനിർമ്മാണമാണ് നിലവിൽ നടന്നുവരുന്നത്. നിലവിലുണ്ടായിരുന്ന പാലം പൊളിച്ചുമാറ്റുകയും പുതിയ പാലത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ പാർശ്വഭിത്തി നിർമ്മാണവും നടന്നുകൊണ്ടിരിക്കുന്നു.

ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി KRFB-PMU മുഖേന പുരോഗമിക്കുന്ന പ്രവൃത്തികൾ:

1) <u>കണ്ണാടി പന്നിക്കോട് റോഡ്</u> - കണ്ണാടി പന്നിക്കോട് റോഡിന് 01-11-2016-ലെ ജി.ഒ.(ആർ.റ്റി.)നം.1502/2016/പി.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം പത്ത് കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അമ്പത് ലക്ഷം രൂപ സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെ 24.09 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ചു. സ്ഥലം ഏറ്റെടുക്കുന്നതിനായി 01-01-2022-ലെ ജി.ഒ.(ആർ.റ്റി.)നം.114/2022/ആർ.ഡി. പ്രകാരം റവന്യൂ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. 08-03-2022-ൽ 6(1)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസിദ്ധീകരിച്ചു. 26-03-2022-ലെ ഉത്തരവ് പ്രകാരം 27.01 ലക്ഷം രൂപയ്ക്ക് ടോപോഗ്രാഫിക് സർവ്വേ നടത്തുന്നതിനും, അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുമുള്ള സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

2) ചുള്ളിമാട് പാലം - ചുള്ളിമാട് പാലത്തിന് 31-10-2016-ലെ ജി.ഒ. (ആർ.റ്റി.)നം.1496/2016/PWD ഉത്തരവ് പ്രകാരം പത്ത് കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന് 9.78 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും തുടർന്ന് 9.78 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. 9.45 കോടി രൂപയ്ക്ക് കരാർ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചവരുന്നു. പ്രസ്തുത പ്രവർത്തി നിലവിൽ 60% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ആലത്തൂർ മണ്ഡലത്തിൽ അടിയന്തരമായി നടപ്പിലാക്കേണ്ടതും എന്നാൽ ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ലാത്തതുമായ പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

ആലത്തൂർ മണ്ഡലത്തിൽ അടിയന്തരമായി നടപ്പിലാക്കേണ്ടതും എന്നാൽ ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ലാത്തതുമായ കെട്ടിട വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തിയാണ് ആലത്തൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണം. ആയതിന്റെ ഡ്രോയിംഗ്സ് അംഗീകാര പ്രവൃത്തികൾ നടന്നുവരുന്നു.

നിരത്ത്, പാലം വിഭാഗങ്ങൾക്ക് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു.+

കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണം

14 (1289) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ശിപാർശ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് പറയാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ആർ.ബി.ഡി.സി.കെ. മുഖേന കാഞ്ഞങ്ങാട് ഫ്ലൈഓവർ, കുശാൽ നഗർ റെയിൽവെ മേൽപ്പാലം എന്നീ പദ്ധതികളാണ് നടക്കുന്നത്.

കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെ.ആർ.എഫ്.ബി. നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.+

(ബി) ഓരോ പ്രവൃത്തിയുടെയും പ്രവർത്തന പുരോഗതി വിശദമാക്കുമോ?

ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ നടക്കുന്ന പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാഞ്ഞങ്ങാട് ഫ്ലൈഓവർ: കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10-07-2017-ൽ സർക്കാർ ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. പദ്ധതിക്കായി വിശദമായ പഠനത്തിനുശേഷം തയ്യാറാക്കിയ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി 27-08-2021-ന് സമർപ്പിച്ചു. തുടർന്ന് 11-02-2022-ന് കിഫ്ബിയിൽ നിന്ന് ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് (TAR) ലഭിക്കുകയും, ആയതിന് 11-04-2022-ന് മറുപടി സമർപ്പിക്കുകയും ചെയ്തു. തുടർന്ന് 27-05-2022-ന് കിഫ്ബി TAR-2 സമർപ്പിക്കുകയും പുതുതായി ട്രാഫിക് പഠനം നടത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തു. അതുപ്രകാരം ട്രാഫിക് പഠനം നടത്തി 30-09-2022-ന് മറുപടി നൽകുകയും ചെയ്തു.

കുശാൽ നഗർ റെയിൽവെ മേൽപ്പാലം(LC 273): കുശാൽ നഗർ റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണ പദ്ധതിയുടെ എസ്.പി.വി. ആയി നിയമിച്ച ആർ.ബി.ഡി.സി.കെ. വിശദമായ പഠനത്തിനുശേഷം സമർപ്പിച്ച ഡി.പി.ആർ. 11-02-2020-ന് കിഫ്ബി അംഗീകരിച്ചു. തുടർന്ന് ജി.എ.ഡി. (ജനറൽ അറേഞ്ച്മെന്റ് ഡ്രായിംഗ്) റെയിൽവേയുടെ അംഗീകാരത്തിനായി നൽകി. എന്നാൽ ഈ പ്രദേശത്തുകൂടി സിൽവർലൈൻ അലൈൻമെന്റ് വരുന്നതുമൂലം സിൽവർലൈൻ അലൈൻമെന്റ് അന്തിമമായതിനുശേഷം

മാത്രമേ ജി.എ.ഡി. പരിഗണിക്കാൻ കഴിയൂവെന്ന് റെയിൽവേ അറിയിച്ചു. എന്നാൽ 28-09-2022-ലെ കത്ത് പ്രകാരം KRDCL ജി.എ.ഡി. റെയിൽവേ അംഗീകരിച്ച പദ്ധതികളിൽ സിൽവർലൈൻ അലൈൻമെന്റ് പരിഗണിക്കാതെ പ്രവൃത്തിയുമായി മുന്നോട്ട് പോകുവാൻ അറിയിച്ചിരുന്നു. 12-10-2022-ലെ കത്തുപ്രകാരം ഈ വിവരം ആർ.ബി.ഡി.സി.കെ. റെയിൽവെയിൽ അറിയിച്ചു. എന്നാൽ ഈ നിർദ്ദേശം ജി.എ.ഡി. അംഗീകരിക്കപ്പെടാത്ത ആർ.ഒ.ബി.-കൾക്ക് ബാധകമാണോയെന്ന കാര്യത്തിൽ KRDCL-ൽ നിന്ന് വ്യക്തത വരുത്തണമെന്ന് റെയിൽവേ നിർദ്ദേശിച്ചു. അതനുസരിച്ച് 03-01-2022-ൽ റെയിൽവേ ആവശ്യപ്പെട്ട വിശദീകരണം KRDCL-ൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. KRDCL-ൽനിന്നും മറുപടി നൽകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. ജി.എ.ഡി.-ക്ക് റെയിൽവെയുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ കെ.ആർ.എഫ്.ബി. നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.[+]

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കിഫ്ബി അംഗീകാരത്തിന് സമർപ്പിച്ച കാഞ്ഞങ്ങാട് ഫ്ലൈഓവർ, പടന്നക്കാട് മേൽപ്പാലം, വെള്ളരിക്കുണ്ട് റോഡ്, മേക്കാട്ട്-എരിക്കുളം റോഡ് എന്നിവയ്ക്ക് ധനകാര്യ അംഗീകാരം നൽകിയോ എന്ന് വ്യക്തമാക്കുമോ?

കാഞ്ഞങ്ങാട് ഫ്ലൈഓവർ, പടന്നക്കാട് മേൽപ്പാലം - വെള്ളരിക്കുണ്ട് റോഡ്, മേക്കാട്-ഏരിക്കുളം റോഡ് എന്നിവയ്ക്ക് സാമ്പത്തികാനുമതി ഇതുവരെ ലഭ്യമായിട്ടില്ല.

(ഡി) ഇല്ലെങ്കിൽ എപ്പോൾ ധനകാര്യ അംഗീകാരം നൽകുമെന്ന് പറയാമോ?

പടന്നക്കാട് മേൽപ്പാലം - വെള്ളരികുണ്ട് റോഡ് - പാലങ്ങളുടെ പണികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി സാമ്പത്തികാനുമതിക്കായി പരിഗണിക്കാവുന്നതാണെന്ന് കിഫ്ബിയിൽ നിന്ന് 13-10-2022-ന് അറിയിച്ചിട്ടുണ്ട്. മേക്കാട് - ഏരിക്കുളം റോഡിൽ ട്രാഫിക് വളരെ കുറവാണെന്ന് കണ്ടെത്തിയതിനാലും കിഫ്ബി മാനദണ്ഡ പ്രകാരമുള്ള വീതിയിൽ നവീകരിക്കുന്നതിന് ആവശ്യമായ ഭൂമി ലഭ്യമല്ലാത്തതിനാലും പ്രസ്തുത റോഡ് പദ്ധതിക്ക് അനുമതി നൽകാൻ കഴിയാത്ത സാഹചര്യമാണെന്ന് കിഫ്ബി 16-04-2022-ന് അറിയിച്ചിട്ടുണ്ട്.

കഴക്കൂട്ടം മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

15 (1290) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴക്കൂട്ടം മണ്ഡലത്തിൽ പൂർത്തീകരിച്ച പ്രവൃത്തികൾ വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴക്കൂട്ടം മണ്ഡലത്തിൽ നിരത്ത്, കെട്ടിടം വിഭാഗങ്ങൾക്ക് കീഴിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ബി) നബാർഡ് ഫണ്ട് ഉപയോഗിച്ച് ഉത്തരവായതും പൂർത്തീകരിച്ചതുമായ ഗ്രാമീണ റോഡുകളുടെ പട്ടിക ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴക്കൂട്ടം മണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല.

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാനിൽ അവശേഷിക്കുന്ന പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിന് ശ്രമിക്കുമോ; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാൻ ആധാരമാക്കി പ്രവൃത്തികൾ ഒന്നുംതന്നെ പൊതുമരാമത്ത് വകുപ്പിന് കീഴിൽ നിർവ്വഹിച്ചു വരുന്നില്ല.

(ഡി) തിരുവനന്തപുരം നഗര പരിധിയിലെ പ്രധാന റോഡുകൾ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി ആലോചനയിലുണ്ടോയെന്ന് വിശദമാക്കുമോ?

തിരുവനന്തപുരം നഗര പാത വികസനത്തിന്റെ ഭാഗമായി കേരള റോഡ് ഫണ്ട് ബോർഡ് മുഖേന രണ്ട് മേൽപ്പാലങ്ങളും ഒരു അടിപ്പാതയും ഉൾപ്പെടുത്തി നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട 42.069 കി.മീ. റോഡുകളുടെ വികസനമാണ് പദ്ധതിയിൽ നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതി പ്രകാരം റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കിയ ശേഷം 15 വർഷത്തെ പരിപാലന ചുമതലയും കൺസഷണർ കമ്പനി നടത്തേണ്ടതായി നിഷ്കർഷിച്ചിട്ടുണ്ട്. 2004-ൽ തെരഞ്ഞെടുക്കപ്പെട്ട കൺസഷണർ തിരുവനന്തപുരം റോഡ് ഡെവലപ്മെന്റ് കമ്പനി ലിമിറ്റഡ് ആണ് പദ്ധതിയുടെ നിർമ്മാണവും ദീർഘകാല പരിപാലനവും നടത്തിവരുന്നത്.

റോഡുകളിൽ രൂപപ്പെടുന്ന ചെറുകുഴികളും, റോഡുകൾ പൊട്ടിപ്പൊളിയുന്നതും യഥാസമയം അടച്ച് ശരിയാക്കുക,

റോഡിനിരുവശത്തുമുള്ള മഴവെള്ളം ഒലിച്ചുപോകുന്നതിനുള്ള ഓടകൾ വൃത്തിയാക്കുക, അടയാള ബോർഡുകൾ ശരിയായി സ്ഥാപിക്കുക, റോഡ് മാർക്കിംഗുകൾ, തെരുവു വിളക്കുകൾ എന്നിവ യഥാസമയം പരിപാലിക്കുക, മരങ്ങളുടെ ചില്ലകൾ വെട്ടി ശരിയായ വിധം സംരക്ഷിക്കുക, പുൽത്തകിടികളുടെയും പൂമേടുകളുടെയും പരിപാലനം, റോഡ് ഫർണിച്ചറുകളുടെ കേടുപാടുകൾ തീർക്കുക, കൂടാതെ റോഡ് പ്രതലത്തിൽ വർഷത്തിൽ രണ്ട് പ്രാവശ്യം ബംബ് ടെസ്റ്റ് നടത്തി ആയതിന്റെ റിസൾട്ട് അനുവദനീയമായ ലെവൽ കടന്നതാകയാൽ വേണ്ട ടാർ പണികൾ നടത്തി പ്രതലം പുതുക്കുക എന്നിവയാണ് വികസനം പൂർത്തിയാക്കിയ ശേഷം 15 വർഷത്തേക്ക് പദ്ധതിയുടെ കൺസഷണറിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ.

(ഇ) റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ ടാറിംഗ് നടത്തുന്നതിന് അനുബന്ധമായി കുടിവെള്ള വിതരണ ലൈനുകൾ റോഡിനിരുവശത്തുമായി സ്ഥാപിക്കുന്നതിനുകൂടി പരിഗണന നൽകുമോ എന്ന് വിശദമാക്കുമോ?

ദേശീയപാത വിഭാഗത്തിന് കീഴിൽ വരുന്ന റോഡുകളെല്ലാംതന്നെ ബി.എം.& ബി.സി. നിലവാരത്തിലുള്ളവയാണ്.

കെ.ആർ.എഫ്.ബി. വിഭാഗത്തിന് കീഴിൽ സ്മാർട്ട് സിറ്റി പദ്ധതിയുടെ വിശദമായ രൂപരേഖ പ്രകാരം വൃത്യസ്ത യൂട്ടിലിറ്റികളിലൊന്നായ വാട്ടർ ലൈൻ റോഡിന്റെ ഇരുവശങ്ങളിലേയ്ക്കും വരുന്ന രീതിയിലാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. കൂടാതെ ഇലക്ട്രിസിറ്റി ലൈൻ റോഡിന്റെ ഇരുവശത്തേക്കായി യൂട്ടിലിറ്റി ഡക്ട് നിർമ്മിച്ച് ആയതിലൂടെ കടത്തിവിടാനാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.

കെ.എസ്.റ്റി.പി. പ്രവൃത്തികളിൽ ടാറിംഗിന് അനുബന്ധമായി കുടിവെള്ള വിതരണ പൈപ്പ്ലൈനുകൾ റോഡിനിരുവശത്തുമായി മാറ്റിസ്ഥാപിക്കുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.റ്റി.പി. ഫണ്ട് ഉപയോഗിച്ച് ടി പ്രവൃത്തികളുടെ കരാറുകാരെക്കൊണ്ട് പൈപ്പ്ലൈൻ മാറ്റുന്ന പ്രവൃത്തികൾ നടപ്പാക്കുന്നു.

(എഫ്) സി.എം.ഡി.ആർ.എഫ്. ഉപയോഗിച്ച് നടത്തുന്ന റോഡ് നവീകരണം പൊതുമരാമത്ത് വകുപ്പ് വഴി നിർവ്വഹിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ജി) ദേശീയ ഗെയിംസിനോടനുബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് നവീകരിച്ച നഗരസഭ റോഡുകൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; സാധനങ്ങളുടെ വിലയിലുണ്ടായ അമിത വർദ്ധനവ് നിമിത്തം പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും, മുടങ്ങിക്കിടക്കുന്നതുമായ കരാറുകൾക്ക് ആശ്വാസം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ദേശീയ ഗെയിംസിനോടനുബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് നവീകരിച്ച നഗരസഭാ റോഡുകൾ നവീകരിക്കുന്നതിനുള്ള പദ്ധതികളൊന്നുംതന്നെ നിലവിലില്ല. സാധനങ്ങളുടെ വിലയിലുണ്ടാകുന്ന അമിത വർദ്ധനവിന് പരിഹാരമായി ഇ-ടെണ്ടർ വഴി പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ കരാറുകാർക്ക് ചെയ്യാൻ കഴിയുന്ന നിരക്കിൽ ഓരോ ഇനത്തിലും പ്രത്യേക തുക ക്വാട്ട് ചെയ്യുന്നതിനുള്ള അവസരം നിലവിലുണ്ട്. അത് മൊത്തം അടങ്കൽ തുകയുടെ പത്ത് ശതമാനം വരെ അധികരിച്ച് അനുവദിക്കുന്നതാണ്. ബിറ്റുമിന്റെ വില വർദ്ധനവ് കാരണം മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾക്ക് ബിറ്റുമിന്റെ കോസ്റ്റ് ഡിഫറൻസ് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

കെ. കേളപ്പൻ സ്മാരക നിർമ്മാണം

16 (1291) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ഗാന്ധി കെ. കേളപ്പന് സ്മാരകം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കുമോ?

കേരള ഗാന്ധി കെ. കേളപ്പന് സ്മാരക നിർമ്മാണം എന്ന പ്രവൃത്തി സംസ്ഥാന ബജറ്റ് 2019-20 ൽ 20% പ്രൊവിഷനോടുകൂടി ബജറ്റ് തുക 150 ലക്ഷം, ബജറ്റ് പ്രൊവിഷൻ 30 ലക്ഷം രൂപ Vol II, Annex. II-ൽ ക്രമനമ്പർ 2780 പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളതാണ്. 2021-22 വർഷത്തേക്ക് ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ടി പ്രവൃത്തി സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

പ്രതിമ നിർമ്മാണം

17 (1292) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ ഉപജ്ഞാതാവായി അറിയപ്പെടുന്ന ജോസഫ് കനകമൊട്ടയ്ക്കലുള്ള ആദരമായി ഹൊസ്ദുർഗ്-പാണത്തൂർ റോഡിൽ

പതിനെട്ടാം മൈയിലിൽ പൊതുമരാമത്ത് പുറമ്പോക്ക് ഭൂമിയിൽ അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രതിമ സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ?

(എ&ബി) സർക്കാർ പരിശോധിച്ചുവരുന്നു.

കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട നിർമ്മാണ പ്രവൃത്തികൾ

18 (1293) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിൽ നടക്കുന്ന നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയെന്നും അതിന്റെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കുമോ?

കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിൽ നടക്കുന്ന നിർമ്മാണ പ്രവൃത്തികളും അവയുടെ പ്രവർത്തന പുരോഗതിയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ

19 (1294) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ

20 (1295) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തോ ഈ സർക്കാരിന്റെ കാലത്തോ ഭരണാനുമതി ലഭിച്ചതും എന്നാൽ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതുമായ പൊതുമരാമത്ത് പ്രവൃത്തികൾ എതൊക്കെയാണെന്ന് വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഷൊർണ്ണൂർ മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തോ ഈ സർക്കാരിന്റെ കാലത്തോ ഭരണാനുമതി ലഭിച്ചതും എന്നാൽ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതുമായ നിരത്ത് വിഭാഗത്തിന് കീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കെട്ടിട വിഭാഗത്തിനു കീഴിൽ:

1. ഷൊർണ്ണൂർ ഗവൺമെന്റ് പോളിടെക്നിക്കൽ കോളേജിലെ ഇലകട്രോണിക്സ് ബ്ലോക്കിന്റെ നിർമ്മാണം.
2. ചെർപ്പുളശ്ശേരി ജില്ലാ ട്രഷറുടെ കെട്ടിട നിർമ്മാണം.
3. ജനറൽ - ഷൊർണ്ണൂർ ഐ.പി.ടി. ആന്റ് ജി.പി.ടി. കോളേജിലെ കമ്പ്യൂട്ടർ ബ്ലോക്ക് നിർമ്മാണം.
4. ഷൊർണ്ണൂർ ഐ.പി.ടി. ആന്റ് ജി.പി.ടി. കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ പുതിയ കെട്ടിടനിർമ്മാണം.
5. ജനറൽ - കേരള ബറ്റാലിയൻ എൻ.സി.സി. ഷൊർണ്ണൂരിന്റെ പുതിയ ഓഫീസ് കെട്ടിട നിർമ്മാണം.

കിഫ്ബി വിഭാഗത്തിന് കീഴിൽ നാളിതുവരെ ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ പട്ടാമ്പി ഷൊർണ്ണൂർ റോഡിന്റെ നവീകരണം, കൃഷ്ണപടി ഷൊർണ്ണൂർ റോഡിന്റെ നവീകരണം, വാണിയംകുളം മണ്ണന്നൂർ റെയിൽവേ സ്റ്റേഷൻ റോഡിന്റെയും ചെറുവട്ടൂർ മനിശ്ശേരി റോഡിന്റെയും നവീകരണം,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെർപ്പുളശ്ശേരി ബൈപ്പാസ് റോഡ് & ചെർപ്പുളശ്ശേരി ടൗൺ റോഡ് നവീകരണം, ശ്രീകൃഷ്ണപുരം മുറിയങ്കണ്ണി റോഡ് (ഘട്ടം-2, ചെയിനേജ് 7/700 മുതൽ 12/450 വരെ) എഗ്രിമെന്റ് വച്ച് പുരോഗമിക്കുന്ന പ്രവൃത്തികൾ പത്താംകുളം വാണിയംകുളം കോതക്കുറുശ്ശി റോഡ്, ഒറ്റപ്പാലം പെരിന്തൽമണ്ണ റോഡ്, ശ്രീകൃഷ്ണപുരം മുറിയങ്കണ്ണി റോഡ് (ഘട്ടം-1, ചെയിനേജ് 0/000 മുതൽ 7/700 വരെ) എന്നിവയുമാണ്.

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കേണ്ട പൊതുമരാമത്ത് പ്രവൃത്തികൾ എതൊക്കെയാണെന്ന് വിശദമാക്കുമോ?

ഷൊർണ്ണൂർ മണ്ഡലത്തിൽ കെട്ടിട വിഭാഗത്തിന് കീഴിൽ അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കേണ്ട പ്രവൃത്തികൾ:

1. ഗവൺമെന്റ് പ്രസ് ഷൊർണൂർ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം
2. ഷൊർണൂർ ഗവൺമെന്റ് പ്രസ് ക്വാർട്ടേഴ്സിൽ അടിയന്തിര അറ്റകുറ്റപ്പണികൾ.
3. ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഷൊർണൂരിൽ പുതിയ കെട്ടിട നിർമാണം.

കിഫ്ബി വിഭാഗത്തിന് കീഴിൽ പട്ടാമ്പി ഷൊർണ്ണൂർ റോഡിന്റെ നവീകരണം, കൃഷ്ണപടി ഷൊർണൂർ റോഡിന്റെ നവീകരണം, വാണിയംകുളം

മണ്ണന്തൂർ റെയിൽവേ സ്റ്റേഷൻ റോഡിന്റെയും ചെറുവട്ടൂർ മനിശ്ശേരി റോഡിന്റെയും നവീകരണം, ചെർപ്പുളശ്ശേരി ബൈപ്പാസ് റോഡ് & ചെർപ്പുളശ്ശേരി ടൗൺ റോഡ് നവീകരണം, ശ്രീകൃഷ്ണപുരം മുറിയങ്കണ്ണി റോഡ് (ഘട്ടം-2, ചെയിനേജ് 7/700 മുതൽ 12/450 വരെ) എഗ്രിമെന്റ് വച്ച് പുരോഗമിക്കുന്ന പ്രവൃത്തികൾ പത്താംകുളം വാണിയംകുളം കോതകുറുശ്ശി റോഡ്, ഒറ്റപ്പാലം പെരിന്തൽമണ്ണ റോഡ്, ശ്രീകൃഷ്ണപുരം മുറിയങ്കണ്ണി റോഡ് (ഘട്ടം-1, ചെയിനേജ് 0/00 മുതൽ 7/700 വരെ) എന്നിവ അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കേണ്ട പ്രവൃത്തികളാണ്.

പാറശ്ശാല മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

21 (1296) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള വഴി നടപ്പിലാക്കുന്ന കരമന-വെള്ളറട റോഡിന്റെ പൂർത്തീകരണത്തിനുള്ള സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യപ്പെട്ടിട്ടുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതിയും തുടർനടപടിയും വിശദമാക്കുമോ?

15-02-2016-ലെ സ.ഉ.(സാധാ) നം.355/2016/പൊ.മ.വ. പ്രകാരം കരമന-വെള്ളറട റോഡിന്റെ (8.375 ഹെക്ടർ) ഭൂമി ഏറ്റെടുക്കലിനായി 21.448 കോടി രൂപയുടെ ഭരണാനുമതി 5054-04-337-80-(എൻ.വി) ശീർഷകത്തിൽ നിന്നും അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത തുകയുടെ 30% തുക (6.4346 കോടി) എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജായും 5% തുക (1.0724 കോടി) ആനുഷംഗിക ചെലവുകൾക്കായും (ആകെ 7.507 കോടി) സർക്കാർ അനുവദിച്ച് നൽകുകയും അതിൽ 1.0724 കോടി രൂപ റവന്യൂ വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

കരമന-വെള്ളറട റോഡിന്റെ (35.5 കി.മീ.) പുനരുദ്ധാരണ പ്രവൃത്തിക്കുവേണ്ടി ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട നടപടികൾ നടന്നുവരുന്നു. കരമന-വെള്ളറട റോഡ് മൂന്ന് റീച്ചായാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നത്. കരമന-വെള്ളറട റോഡിന്റെ ആദ്യ റീച്ചായ (കരമന മുതൽ കുണ്ടമൺ കടവ് പാലം വരെ (0/000 മുതൽ 5/500 കി.മീറ്റർ) 11 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതും 19.1 വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ നിന്നും സ്വീകരിച്ചുവരുന്നുമുണ്ട്. രണ്ടാം റീച്ചിന്റെ (കുണ്ടമൺകടവ് മുതൽ ഞാറവിള

വരെ (5/500-20/000) 4(1) പ്രസിദ്ധീകരിച്ചിട്ടുള്ളതും 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ നിന്നും സ്വീകരിച്ചുവരുന്നുമുണ്ട്. മൂന്നാം റീച്ചിന്റെ (ഞാറവിള മുതൽ വെള്ളറട വരെ (20/000 - 35/500) 4(1) പ്രസിദ്ധീകരിച്ചിട്ടുള്ളതും 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ നിന്നും സ്വീകരിച്ചുവരുന്നുമുണ്ട്. ടി റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി പ്രവൃത്തി ടെണ്ടർ ചെയ്യാവുന്നതാണ്.

പൊതുമരാമത്ത് ഡിസൈൻ വിഭാഗം തയ്യാറാക്കിയ കരമന വെള്ളറട റോഡിന്റെ 225.3 കോടി രൂപ ചെലവ് ഡി.പി.ആർ. ഭരണാനുമതി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനായി പ്രസ്തുത റോഡ് പ്രവൃത്തി കെ.ആർ.എഫ്.ബി.-ക്ക് കൈമാറുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പാറശ്ശാല മണ്ഡലത്തിൽ വകുപ്പിന്റെ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്തതും പൂർത്തിയാക്കാത്തതുമായ പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ; മേൽപ്പറഞ്ഞ ഓരോ പ്രവൃത്തിയും നിലവിൽ ഏത് ഘട്ടത്തിലാണെന്ന വിശദവിവരം ലഭ്യമാക്കുമോ?

നിരത്തുകൾ, പാലങ്ങൾ, കെട്ടിട വിഭാഗം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗത്തിന് കീഴിൽ എത്ര കെട്ടിടങ്ങളും അനുബന്ധ റോഡുകളുമുണ്ടെന്ന് വ്യക്തമാക്കുമോ?

പാറശ്ശാല മണ്ഡലത്തിൽ കെട്ടിട വിഭാഗത്തിന് കീഴിൽ 115 കെട്ടിടങ്ങളും കെട്ടിട സമുച്ചയത്തിനകത്ത് വരുന്ന രണ്ട് റോഡുകളുമുണ്ട്.

(ഡി) പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിന് കീഴിൽ എത്ര പാലങ്ങളും അനുബന്ധ റോഡുകളുമുണ്ടെന്ന് വ്യക്തമാക്കുമോ?

പാറശ്ശാല മണ്ഡലത്തിൽ പാലങ്ങൾ വിഭാഗത്തിൻ കീഴിൽ 15 പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ അസറ്റിൽ ഉൾപ്പെട്ടുവരുന്നു.

നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്താൻ കോഴിക്കോട് നിന്ന് നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ

22 (1297) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഏതെല്ലാം പദ്ധതികളാണ് കോഴിക്കോട് ജില്ലയിൽനിന്നും നിർദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോഴിക്കോട് ജില്ലയിൽ നിന്ന് 2022-2023 വർഷത്തെ പദ്ധതിയിൽ (നബാർഡ് ട്രാഞ്ച - XXVIII) ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിന് സമർപ്പിച്ച പദ്ധതികളും സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർക്കുന്നു.[+]

കുന്നംകുളം താലൂക്കിൽ പൊതുമരാമത്ത് സബ്ഡിവിഷനുകൾ

23 (1298) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം താലൂക്കിൽ പൊതുമരാമത്ത് റോഡ്സ്, കെട്ടിട വിഭാഗങ്ങളുടെ സബ്ഡിവിഷനുകൾ ആരംഭിക്കുന്നതിന് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) ഉണ്ട്. കുന്നംകുളം താലൂക്കിൽ പൊതുമരാമത്ത് റോഡ്സ്, കെട്ടിട വിഭാഗങ്ങളുടെ സബ്ഡിവിഷനുകൾ ശ്രുപീകരിക്കുന്നതിന്റെ ആവശ്യകത പരിശോധിക്കാൻ ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തി പുനഃക്രമീകരണം ഉൾപ്പെടെ പഠിക്കുവാൻ ഐ.എം.ജി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഐ.എം.ജി. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കും.

പിണർമുണ്ട ജംഗ്ഷനിലെ സംരക്ഷണഭിത്തി നിർമ്മാണം

24 (1299) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ മനയ്ക്കടവ്-ബ്രഹ്മപുരം റോഡിൽ പിണർമുണ്ട ജംഗ്ഷനിൽ റോഡിന്റെ സംരക്ഷണഭിത്തി ഇടിഞ്ഞതിനാൽ റോഡ് തകരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) പ്രസ്തുത റോഡിന്റെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം (ഫയൽ നമ്പർ ജി2/322/2022-

പി.ഡബ്ല്യു.ഡി.) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നിൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത റോഡിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പൊന്നറ ശ്രീധർ സ്മാരക ഠൗൺ ഹാൾ നിർമ്മാണം

25 (1300) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ പൊന്നറ ശ്രീധർ സ്മാരക ഠൗൺ ഹാൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയ്ക്കുവേണ്ടി സ്വീകരിച്ച നടപടികൾ എന്തായെന്ന് വിശദമാക്കുമോ;

(ബി) ഠൗൺ ഹാൾ നിർമ്മിക്കുന്നതിനുള്ള തുടർനടപടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കാട്ടാക്കട മണ്ഡലത്തിൽ പൊന്നറ ശ്രീധർ സ്മാരക ഠൗൺ ഹാൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പ്

നിഷ്കർഷിച്ചിട്ടുള്ള ഗൈഡ്ലൈൻസ് പ്രകാരം ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പാലാ മിനി സിവിൽ സ്റ്റേഷൻ പൂർത്തീകരണം

26 (1301) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പാലാ മണ്ഡലത്തിലെ നെല്ലിയാനിയിലെ സിവിൽ സ്റ്റേഷൻ കെട്ടിടം (അനക്സ്) ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. മുകൾ നിലകളിലെ പ്രവൃത്തികളുടെ 6.56 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു. കെട്ടിടത്തിന്റെ പുറകിലുള്ള റീട്ടെയിനിംഗ് വാൾ പൂർത്തിയായി വരുന്നു.

(ബി) പ്രസ്തുത മിനി സിവിൽ സ്റ്റേഷൻ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം മാർച്ച് 2023-ൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ

27 (1302) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത തീയതി, അനുവദിച്ച തുക, ഇപ്പോഴത്തെ അവസ്ഥ ഇവ സംബന്ധിച്ച വിശദാംശങ്ങൾ ജില്ല തിരിച്ച് അറിയിക്കുമോ;

(സി) എസ്റ്റിമേറ്റ് തയ്യാറാക്കിയതിനുശേഷം ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ഉടൻ നൽകേണ്ട ശോചനീയാവസ്ഥയിലുള്ള എത്ര റോഡുകളുണ്ടെന്ന് അവയുടെ പേര് വിവരം സഹിതം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

(എ-ഡി)വിവരം ശേഖരിച്ചുവരുന്നു.

പി.ഡബ്ല്യൂ.ഡി.4U ആപ്പിന്റെ നിർമ്മാണം

28 (1303) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'PWD-4U' ആപ്പിന്റെ നിർമ്മാണ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായാണ് മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിരിക്കുന്നത്. ഇത് ഉൾപ്പെട്ട Agreement No.324/KSTP/PMT/PWD/2020 Dated 05-06-2020 കരാറിന്റെ പകർപ്പ് അനുബന്ധം - I ആയി ചേർക്കുന്നു.[+]

(ബി) പ്രസ്തുത ആപ്പിന്റെ നിർമ്മാണത്തിനായുള്ള കരാർ കമ്പനിയെ ടെൻഡർ നടപടികളിലൂടെയാണോ തെരെഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം കരാർ കമ്പനിയെ തിരഞ്ഞെടുത്തത് ലോകബാങ്ക് വ്യവസ്ഥകൾക്ക് വിധേയമായി രാജ്യാന്തര ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ആണെങ്കിൽ ടെൻഡറിൽ പങ്കെടുത്ത കമ്പനികളുടെ വിശദാംശവും അവ ക്വോട്ട് ചെയ്ത തുക എത്രയാണെന്ന വിവരവും ലഭ്യമാക്കാമോ?

ടെണ്ടറിൽ പങ്കെടുത്ത കമ്പനികളുടെ വിവരങ്ങളും അവർ ക്വാട്ട് ചെയ്ത തുകകളുടെ വിശദാംശങ്ങളും ബിഡ് ഇവാലുവേഷനുശേഷം ലഭിച്ച സ്കോറുകളുടെ വിശദാംശങ്ങളും അനുബന്ധം - II ആയി ചേർക്കുന്നു.+

പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ

29 (1304) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2022 വരെ ഊരാളുങ്കൽ സൊസൈറ്റിക്ക് പൊതുമരാമത്ത് വകുപ്പിന്റെ എത്ര പദ്ധതികൾ നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും ഇതിൽ ടെൻഡർ നടപടികൾ പാലിക്കാതെ നൽകിയ പദ്ധതികൾ ഏതൊക്കെയെന്നും വ്യക്തമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പനയപ്പിള്ളി ഗവ: ഹൈസ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണം

30 (1305) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി പനയപ്പിള്ളി ഗവൺമെന്റ് ഹൈസ്കൂളിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി, എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽ നിന്നും പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് (കെട്ടിട വിഭാഗം) കത്ത് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി പനയപ്പിള്ളി ഗവൺമെന്റ് ഹൈസ്കൂളിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും കത്ത് ലഭ്യമായിട്ടുണ്ട്.

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ?

സൈറ്റ് സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

കോൺട്രാക്ടർമാർക്കുള്ള കുടിശ്ശിക വിതരണം ചെയ്യാൻ നടപടി

31 (1306) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നിന്നും കോൺട്രാക്ടർമാർക്കുള്ള കുടിശ്ശികയിനത്തിൽ എത്ര തുക വിതരണം ചെയ്യുവാനുണ്ടെന്നത് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 01-04-2022 മുതൽ 30-09-2022 വരെ 879.24 കോടി രൂപയും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ 01-04-2022 മുതൽ 30-10-2022 വരെ 282.87 കോടി രൂപയും കോൺട്രാക്ടർമാർക്ക് കുടിശ്ശികയിനത്തിൽ വിതരണം ചെയ്യാനുണ്ട്.

(ബി) സർക്കാരിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം കോൺട്രാക്ടർമാർക്ക് തുക മാറി നൽകാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; ഇത് വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് സംസ്ഥാനത്തെ കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. കൃത്യമായ സമയക്രമം പാലിച്ച് തുക നൽകിവരുന്നതിനാൽ ഈ ക്രമീകരണം സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്ന വിഷയം ഉദിക്കുന്നില്ല.

കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾ

32 (1307) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം ഏറ്റെടുത്ത് നടത്തുന്ന ഓരോ പ്രവൃത്തികളുടെയും നിലവിലുള്ള പുരോഗതി വിശദമാക്കുമോ?

കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം ഏറ്റെടുത്ത് നടത്തുന്ന ഓരോ പ്രവൃത്തികളുടേയും നിലവിലുള്ള പുരോഗതിയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കുറ്റ്യാടി ഠൗൺ നവീകരണം, കക്കട്ടിൽ ഠൗൺ നവീകരണം

33 (1308) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി, കക്കട്ടിൽ എന്നീ ഠൗണുകളുടെ നവീകരണ പ്രവൃത്തികളുടെ കരാറിലേർപ്പെട്ട് മൂന്ന് വർഷം കഴിഞ്ഞിട്ടും പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

ഉണ്ട്.

കുറ്റ്യാടി ഠൗൺ നവീകരണം

ശ്രീ. റൈസുദ്ധീൻ സി., റിഹാബ് മൻസിൽ, ചെങ്കള, കാസർഗോഡ് കരാറെടുത്ത Improvement works to Kuttiady town provide handrail

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

and footpath SH38 PUKC road km 43/700 to 44/300, Kuttiady Thotilpalam road km 0/000 to 0/300 and Kuttiady Mullankunnu road 0/000 to 0/350 - Kuttiady LAC എന്ന പ്രവൃത്തിയിൽ ഉടമ്പടി പ്രകാരമുള്ള പുരോഗതിയില്ലാത്തതിനാൽ നിരവധി തവണ കരാറുകാരന് കത്ത് നൽകിയിരുന്നു. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ പ്രവൃത്തി പെട്ടന്നുതന്നെ പൂർത്തീകരിക്കാമെന്ന് കരാറുകാരൻ ഉറപ്പ് നൽകിയെങ്കിലും പാലിക്കപ്പെട്ടിട്ടില്ല. തുടർന്ന് ചീഫ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ ചേർന്ന ഓൺലൈൻ മീറ്റിംഗിൽ പ്രവൃത്തി 31-10-2022-നുള്ളിൽ ചെയ്യണമെന്ന് കരാറുകാരൻ നിർദ്ദേശം നൽകുകയും ചെയ്തതാണ്. തുടർന്നും പഴയ സ്ഥിതി തുടരുന്നതിനാൽ കരാറുകാരനെ നഷ്ടോത്തരവാദിത്വവും ബാധ്യതയും ചാർത്തി പ്രവൃത്തിയിൽനിന്നും വിടുതൽ ചെയ്ത് പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്യുകയും തുടർന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ 02-11-2022-ൽ നൽകിയ ഫൈനൽ നോട്ടീസിന് കരാറുകാരന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്ന് WP(C)35682/22(1) കേസിന്റെ 08-11-2022-ലെ ഇടക്കാല ഉത്തരവുപ്രകാരം 45 ദിവസത്തെ തുടർ നടപടി

നിർത്തിവയ്ക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേ പിൻവലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കക്കട്ടിൽ ഠൗൺ നവീകരണം

ശ്രീ. ബി. മുഹമ്മദ് കുഞ്ഞി, ബാവിക്കര, തെക്കിൽ, കാസർഗോഡ് കരാറെടുത്ത Construction of footpath and providing road safety measures at Kakkattil town between km 50/700 to 51/700 of SH38 PUKC Bypass road എന്ന പ്രവൃത്തി പുരോഗതി കൈവരിക്കാത്തതിനാൽ കരാറുകാരന് നിരവധി തവണ അറിയിപ്പ് നൽകിയിരുന്നു. എന്നിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ നഷ്ടോത്തരവാദിത്വവും ബാധ്യതയും ചാർത്തി കരാറുകാരനെ പ്രവൃത്തിയിൽനിന്നും വിടുതൽ ചെയ്ത് പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ കരാറുകാരന് ഫൈനൽ നോട്ടീസ് അയക്കുകയും ചെയ്തിരുന്നു. ഫൈനൽ നോട്ടീസിനുശേഷം രണ്ടോ മൂന്നോ തൊഴിലാളികളെവച്ച് പ്രവൃത്തി പുനരാരംഭിച്ചെങ്കിലും വളരെ മന്ദഗതിയിലായതിനാൽ നിരവധി തവണ കരാറുകാരന് കത്തയയ്ക്കുകയും ചെയ്തിരുന്നു. എന്നിട്ടും പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികളില്ലാത്തതിനാൽ കരാറുകാരനെ

നഷ്ടോത്തരവാദിത്വവും ബാധ്യതയും ചാർത്തി പ്രവൃത്തിയിൽ നിന്നും വിടുതൽ ചെയ്ത് പ്രവൃത്തി പുനഃക്രമീകീകരിക്കാൻ എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് ശിപാർശ ചെയ്യുകയും 10-11-21022-ലെ DC9/PRICE/10026/2017 ഉത്തരവുപ്രകാരം കരാറുകാരനെ സൂപ്രണ്ടിംഗ് എഞ്ചിനീയർ ടെർമിനേറ്റ് ചെയ്തതുമാണ്. പ്രവൃത്തിയുടെ ബാലൻസ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരത്തിൽ പ്രവൃത്തികൾ പാതിവഴിയിൽ ഉപേക്ഷിക്കുന്ന കരാറുകാർ വീണ്ടും പുതിയ പ്രവൃത്തികളുടെ ടെണ്ടറിൽ പങ്കെടുക്കുന്ന സഹചര്യം ഒഴിവാക്കാൻ സാധിക്കുമോ; വിശദമാക്കുമോ?

ഇത്തരം കരാറുകാരെ കരിമ്പട്ടികയിൽ പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്ന കരാറുകാരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്ന കരാറുകാർക്ക് 30-03-2022-ലെ സ.ഉ.(കൈ) നം.11/2022/പൊ.മ.വ. പ്രകാരം ബോണസ് അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഡി) കാവിൽ തീക്കുനി കുറ്റ്യാടി റോഡ് പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

കരാർ പ്രകാരം 29-06-2022-ന് പൂർത്തീകരിക്കേണ്ട പ്രവൃത്തിയാണ്. എന്നാൽ കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച കാരണം നഷ്ടോത്തരവാദിത്വവും ബാധ്യതയും ചാർത്തി പ്രവൃത്തിയിൽ നിന്നും വിടുതൽ ചെയ്ത് പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ ഏറ്റെടുത്ത് നവീകരിക്കുന്നതിന് നടപടി

34 (1309) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന വിഷയം സർക്കാറിന്റെ പരിശോധനയിലാണ്.

കോഴിക്കോട് ജില്ലയിലെ വടക്കുമ്പാട് വഞ്ചിപ്പാറ റോഡ് നിർമ്മാണം

35 (1310) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വടക്കുമ്പാട് വഞ്ചിപ്പാറ റോഡ് നിർമ്മാണ പ്രവൃത്തി കരാറുകാരന്റെ അനാസ്ഥ കാരണം മുടങ്ങിക്കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) റോഡ് നിർമ്മാണ പ്രവൃത്തി ബോധപൂർവ്വം തടസ്സപ്പെടുത്തുന്ന കരാറുകാരുടെ പേരിൽ എന്ത് നടപടിയാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

റോഡ് നിർമ്മാണ പ്രവൃത്തി ബോധപൂർവ്വം തടസ്സപ്പെടുത്തുന്ന കരാറുകാരനെ നഷ്ടോത്തരവാദിത്വവും ബാധ്യതയും ചാർത്തി പ്രവൃത്തിയിൽ നിന്നും വിടുതൽ ചെയ്യാറുണ്ട്. കാലതാമസം വരുത്തിയ കാലയളവിലേക്ക് പിഴ ഈടാക്കുന്ന നടപടിയും സ്വീകരിച്ചുവരുന്നു.

(സി) ഒന്നിലധികം തവണ ടെൻഡർ ചെയ്തിട്ടും പ്രവൃത്തി നടത്താൻ കഴിയാത്ത വടക്കുമ്പാട് വഞ്ചിപ്പാറ റോഡിന്റെ പ്രവൃത്തി ഏതെങ്കിലും

അക്രഡിറ്റഡ് ഏജൻസിക്ക് നൽകി പൂർത്തിയാക്കാൻ നടപടി കൈക്കൊള്ളുമോ?

ഇത്തരം പ്രവൃത്തികളുടെ റീ-ടെൻഡറിൽ അക്രഡിറ്റഡ് ഏജൻസികൾ നിർബന്ധമായും പങ്കെടുക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

എടപ്പറമ്പ-കോളിച്ചാൽ ഹിൽ ഹൈവേ

36 (1311) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എടപ്പറമ്പ-കോളിച്ചാൽ ഹിൽ ഹൈവേ റീച്ചിൽ എത്ര പാലങ്ങൾ നിർമ്മിക്കാനുണ്ട്; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

(എ&ബി) കോളിച്ചാൽ-എടമ്പറമ്പ ഹിൽ ഹൈവേ റീച്ചിൽ പള്ളഞ്ചി - I, പള്ളഞ്ചി- II, കാവുങ്കൽ പാലം എന്നീ മൂന്ന് പാലങ്ങളുണ്ട്.

പ്രസ്തുത പാലങ്ങളുടെ ഡി.പി.ആർ. പൊതുമരാമത്ത് പാലങ്ങൾ വിഭാഗം, കാസർഗോഡ് തയ്യാറാക്കുകയും 10-08-2020-ൽ സാമ്പത്തികാനുമതിയ്ക്കായി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത പാലങ്ങൾ രണ്ടാംഘട്ടമായി പരിഗണിക്കാമെന്ന് 10-09-2020-ൽ കിഫ്ബി അറിയിക്കുകയും 10-11-2020-ൽ കിഫ്ബിയിൽ നിന്ന് സാങ്കേതിക പരിശോധനാ റിപ്പോർട്ട് നൽകുകയും ചെയ്തു. ആയതിനുള്ള മറുപടി 04-06-2022-ൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. പുതുക്കിയ ഡി.പി.ആർ. സമർപ്പിക്കുവാൻ 01-09-2022-ൽ കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ പൊതുമരാമത്ത് ഇൻവെസ്റ്റിഗേഷൻ വിഭാഗം നടത്തുകയും ചെയ്തു.

പള്ളഞ്ചി-I, പള്ളഞ്ചി-II, പാലങ്ങളുടെ പുതുക്കിയ ഡി.പി.ആർ., കാവുങ്കൽ പാലത്തിന്റെ ഡി.പി.ആർ. എന്നിവ തയ്യാറാക്കുന്നതിനായി ഡിസൈൻ വിഭാഗത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തീരദേശമേഖലയിലെ മാടക്കാൽ, പടന്നക്കടപ്പുറം റോഡ് പാലങ്ങളുടെ നിർമ്മാണം

37 (1312) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശമേഖലയിൽ മാടക്കാൽ, പടന്നക്കടപ്പുറം എന്നീ റോഡ് പാലങ്ങൾക്ക് കിഫ്ബി വഴി അനുമതി നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും കേരള റോഡ് ഫണ്ട് ബോർഡ് വഴി ഈ പ്രവൃത്തി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ ഭീമനടി-കാലിക്കടവ് പാലത്തിന് 31-10-2016-ൽ പത്ത് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ ഡി.പി.ആർ. 12-03-2019-ന് കെ.ആർ.എഫ്.ബി. പ്രോജക്ട് ഡയറക്ടർ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ എസ്റ്റിമേറ്റ് തുക 2.33 കോടി രൂപ മാത്രമായതിനാൽ പ്രസ്തുത പ്രവൃത്തി മറ്റേതെങ്കിലും പ്രവൃത്തിയോടുകൂടി ഉൾപ്പെടുത്തുവാൻ കിഫ്ബി നിർദ്ദേശിച്ചു. കിഫ്ബി മീറ്റിംഗിൽ ബഹു. തൃക്കരിപ്പൂർ എം.എൽ.എ.-യുടെ നിർദ്ദേശ പ്രകാരം ഈ പദ്ധതിയിൽ മടക്കൽക്കടവ് പാലം, പടന്ന തെക്കേക്കടവ് പാലം എന്നിവ കൂടി ഉൾപ്പെടുത്തുവാനുള്ള പ്രൊപ്പോസൽ കിഫ്ബിയിലേയ്ക്ക് 11-02-2021-ന്

സമർപ്പിച്ചു. പ്രസ്തുത പാലങ്ങൾ ഒറ്റ പദ്ധതിയായി ചെയ്യുവാൻ 09-03-2021-ൽ കിഫ്ബി അനുവാദം നൽകി. കാലിക്കടവ് പാലം 04-07-2022-ന് ടെൻഡർ ചെയ്യുകയും അഞ്ച് കരാറുകാർ പങ്കെടുക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തി 27-08-2022-ന് ടെൻഡർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച് നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും സാങ്കേതികാനുമതി WBS, ടെൻഡർ ഫയൽ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് 13-10-2022-ൽ കിഫ്ബിയിൽ സമർപ്പിക്കുകയും 04-11-2022-ൽ മടക്കി നൽകുകയും ചെയ്തിരുന്നു. ആയത് പുനർസമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം കിഫ്ബിയിൽ നിന്നും കരാർ നമ്പർ ലഭ്യമാക്കി കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതാണ്. മറ്റ് രണ്ട് പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ ഡിസൈൻ വിഭാഗത്തിൽ പുരോഗമിക്കുന്നു. ഡി.പി.ആർ. തയ്യാറാക്കി ആയത് കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. കാസർഗോഡ് ജില്ലയിലെ ഭീമനടി-കാലിക്കടവ് പാലത്തിന് 31-10-2016-ൽ പത്ത് കോടി രൂപയുടെ ഭരണാനുമതി

നൽകിയിരുന്നു. ആയതിന്റെ ഡി.പി.ആർ. 12-03-2019-ന് കെ.ആർ.എഫ്.ബി. പ്രോജക്ട് ഡയറക്ടർ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ എസ്റ്റിമേറ്റ് തുക 2.33 കോടി രൂപ മാത്രമായതിനാൽ പ്രസ്തുത പ്രവൃത്തി മറ്റേതെങ്കിലും പ്രവൃത്തിയോടുകൂടി ഉൾപ്പെടുത്തുവാൻ കിഫ്ബി നിർദ്ദേശിച്ചു. കിഫ്ബി മീറ്റിംഗിൽ ബഹു. തുക്കരിപ്പൂർ എം.എൽ.എ.-യുടെ നിർദ്ദേശ പ്രകാരം ഈ പദ്ധതിയിൽ മടക്കൽക്കടവ് പാലം, പടന്ന തെക്കേക്കടവ് പാലം എന്നിവ കൂടി ഉൾപ്പെടുത്തുവാനുള്ള പ്രൊപ്പോസൽ കിഫ്ബിയിലേയ്ക്ക് 11-02-2021-ന് സമർപ്പിച്ചു. പ്രസ്തുത പാലങ്ങൾ ഒറ്റ പദ്ധതിയായി ചെയ്യുവാൻ 09-03-2021-ൽ കിഫ്ബി അനുവാദം നൽകി. കാലിക്കടവ് പാലം 04-07-2022-ന് ടെൻഡർ ചെയ്യുകയും അഞ്ച് കരാറുകാർ പങ്കെടുക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തി 27-08-2022-ന് ടെൻഡർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച് നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും സാങ്കേതികാനുമതി WBS, ടെൻഡർ ഫയൽ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് 13-10-2022-ൽ കിഫ്ബിയിൽ സമർപ്പിക്കുകയും 04-11-2022-ൽ മടക്കി നൽകുകയും ചെയ്തിരുന്നു. ആയത് പുനർസമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം കിഫ്ബിയിൽ നിന്നും കരാർ

നമ്പർ ലഭ്യമാക്കി കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതാണ്. മറ്റ് രണ്ട് പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഡിസൈൻ വിഭാഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ ഡിസൈൻ വിഭാഗത്തിൽ പുരോഗമിക്കുന്നു. ഡി.പി.ആർ. തയ്യാറാക്കി ആയത് കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

മങ്കട നിയോജകമണ്ഡലത്തിലെ തകർന്ന റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ നടപടി

38 (1313) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുരം റോഡ് തകർന്നതുമൂലം ഇതുവഴിയുള്ള യാത്ര വളരെ ദുഷ്കരമായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവരം നൽകുമോ;

(ബി) പ്രസ്തുത റോഡ് അവസാനമായി എന്നാണ് ബി.എം.&ബി.സി. ചെയ്തതെന്ന് അറിയിക്കുമോ; നിലവിൽ ഇത് ഗതാഗതയോഗ്യമാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർണ്ണമായും നടപ്പിലാക്കുന്നതിന് എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; തയ്യാറാക്കിയ എസ്റ്റിമേറ്റ് ഇപ്പോൾ ആരുടെ പരിഗണനയിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) നിലവിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതും മണ്ഡലത്തിൽ മുൻഗണനാക്രമത്തിൽ അടിയന്തരമായി നടപ്പിലാക്കേണ്ടതുമായ ഈ പ്രവൃത്തിക്ക് ആവശ്യമായ തുക അനുവദിച്ച് ഇത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ-ഡി) നിലവിൽ ആർ.സി.2 പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. 2013-ൽ ബി.എം.&ബി.സി. പ്രവൃത്തി പൂർത്തീകരിച്ച റോഡിന്റെ നവീകരണ പ്രവൃത്തിക്കായി 17.10 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് നിലവിലെ ബഡ്ജറ്റിൽ നൂറ് രൂപ ടോക്കൺ പ്രൊവിഷനാണുള്ളത്.

ആലത്തൂർ മണ്ഡലത്തിൽ ബി.എം. ആന്റ് ബി.സി. നിലവാരത്തിൽ പൂർത്തിയാക്കിയ റോഡുകൾ

39 (1314) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ബി.എം.&ബി.സി. നിലവാരത്തിൽ പൂർത്തിയാക്കിയ റോഡുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ പരിപാലന കാലാവധി എന്ന് വരെയാണ് നിർമ്മാണ കമ്പനികൾക്ക് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

കമ്പംമെട്ട്-വണ്ണപ്പുറം റോഡ്

40 (1315) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കമ്പംമെട്ട്-വണ്ണപ്പുറം റോഡിന്റെ ആദ്യ റീച്ച് ടെൻഡർ കഴിഞ്ഞ് 10 മാസത്തോളം പിന്നിട്ടിട്ടും നിർമ്മാണം നടത്താൻ കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണ്; വിശദാംശം നൽകുമോ?

(എ&ബി) കമ്പംമേട്-വണ്ണാംപ്പുറം റോഡ് റീച്ച് 1-ന് 76.27 കോടി രൂപയുടെ സാങ്കേതികാനുമതി 03-01-2022-ൽ നൽകുകയും പ്രസ്തുത പ്രവൃത്തി 13-01-2022-ൽ ടെൻഡർ ചെയ്യുകയും 04-02-2022-ൽ ടെക്നിക്കൽ ബിഡ് തുറക്കുകയും ചെയ്തു. ഈ വർക്കിന്റെ പ്രീക്വാളിഫിക്കേഷൻ 03-03-2022-ൽ നടന്ന ടെക്നിക്കൽ കമ്മിറ്റിയിൽ വച്ച് അവലോകനം ചെയ്ത് അംഗീകരിച്ചു. തുടർന്ന് ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്യുകയും 28-04-2022-ൽ നടന്ന ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ സമർപ്പിക്കുകയും കമ്മിറ്റി ഏറ്റവും കുറവ് രേഖപ്പെടുത്തിയ കരാറുകാരനായ തെരുവത്ത് ബിൽഡേഴ്സിന് 63.47 കോടി രൂപയ്ക്ക് കരാർ തുക സ്ഥിരപ്പെടുത്തുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിക്ക് 73.2 കോടി രൂപയ്ക്കുള്ള സാമ്പത്തികാനുമതി 18-04-2020-ലാണ് ലഭിച്ചത്. തുടർന്ന് റേറ്റ് റിവിഷനും ജി.എസ്.ടി.-യിലുള്ള വ്യതിയാനവും കാരണം സാങ്കേതികാനുമതി നൽകുന്നതിന് 76.27 കോടി രൂപ ആവശ്യമായി വന്നു. ആയതിനാൽ അധിക സാമ്പത്തികാനുമതി കിഫ്ബിയിൽനിന്ന് ലഭിക്കുന്നതിനായി 18-03-2022-ൽ കിഫ്ബിയുടെ PFMS പോർട്ടലിൽ സമർപ്പിച്ചു. തുടർന്ന് 15-10-2022-ൽ അംഗീകാരം

ലഭ്യമായിട്ടുണ്ട്. കിഫ്ബി പ്രവൃത്തികൾക്ക് സെലക്ഷൻ നോട്ടീസും എഗ്രിമെന്റും വയ്ക്കുന്നതിന് "യുണീക്ക് ഐഡൻറിഫിക്കേഷൻ നമ്പർ" PFMS പോർട്ടലിൽ നിന്ന് ലഭ്യമാക്കിയതിനുശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ആയത് കിഫ്ബി PFMS പോർട്ടൽ മുഖാന്തരം " LOA Identification number 23-11-2022-ലും Agreement Identification നമ്പർ 23-11-2022-ലും ലഭിച്ചു. കരാറുകാരനുമായി Agreement execute ചെയ്യുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

(സി) നിലവിൽ പ്രസ്തുത ഭാഗം തകർന്ന് കിടക്കുന്നതിനാൽ അടിയന്തരമായി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അടിയന്തിര അറ്റകുറ്റപണി നടത്തി റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. തകർന്ന് കിടക്കുന്ന ഭാഗം സഞ്ചാരയോഗ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തി നടന്നുവരുന്നു.

കണ്ണൂർ പയ്യാമ്പലത്ത് നടപ്പിലാക്കുന്ന ബീച്ച് വാക്‌വേ - ഘട്ടം II ന്റെ നിലവിലെ സ്ഥിതി

41 (1316) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പയ്യാമ്പലത്ത് നടപ്പിലാക്കുന്ന ബീച്ച് വാക്‌വേ ഘട്ടം-II എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി വേഗത്തിൽ നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ?

ജലസേചന വകുപ്പിന്റെ അധീനതയിലുള്ള കടൽഭിത്തിയിലാണ് പയ്യാമ്പലം ബീച്ച് വാക്‌വേ രണ്ടാംഘട്ട പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആയതിനാൽ ടി വകുപ്പിൽ നിന്നുമുള്ള എൻ.ഒ.സി.-യും പ്രസ്തുത ഭാഗത്തെ കടൽ ഭിത്തിയുടെ സ്റ്റെബിലിറ്റി റിപ്പോർട്ടും ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ നടത്താവുന്നതാണ്.

മൂടിയില്ലാത്ത കാനകൾ മൂടാൻ നടപടി

42(1317) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുനിരത്തുകളോട് ചേർന്നുള്ള കാനകളിൽ നിർബന്ധമായും മൂടി വേണമെന്നത് കാൽനടക്കാരുടെ അവകാശമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

പൊതുനിരത്തുകളോട് ചേർന്നുള്ള കാനകളിൽ നിർബന്ധമായും മൂടി വേണ്ടതാണ്. ആയത് കാൽനടക്കാരുടെ സുരക്ഷയ്ക്ക് അത്യന്താപേക്ഷിതമാണ്.

(ബി) മൂടിയില്ലാത്ത കാനകളും പൊട്ടിത്തകർന്ന മൂടികളും അപകടങ്ങൾ വരുത്തി വയ്ക്കുന്നതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(സി) പൊതുനിരത്തുകൾ അപകടരഹിതവും ജനസൗഹൃദവുമായി മാറ്റാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(ബി&സി) ഓടകളും പൊട്ടിത്തകർന്ന മൂടികളും യഥാസമയം പരിശോധന നടത്തി സമയബന്ധിതമായി വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്. പൊതുനിരത്തുകൾ അപകടരഹിതവും ജനസൗഹൃദവുമാക്കാൻവേണ്ടി ഫുട്പാത്തുകളും മുന്നറിയിപ്പ് ബോർഡുകളും ദിശാസൂചന ബോർഡുകളും ആവശ്യമായ റോഡ് മാർക്കിംഗുകളും, സീബ്രാ ക്രോസിംഗുകൾ, റോഡ് സ്റ്റഡ്ഡുകൾ എന്നിവ നൽകാറുണ്ട്.

പൊതുനിരത്തുകൾ അപകടരഹിതവും ജനസൗഹൃദവുമായി മാറ്റാനുള്ള നടപടികൾ സ്വീകരിക്കുവാനായി എല്ലാ നിരത്ത് വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

അപ്രോച്ച് റോഡ് ടു പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ പ്രവൃത്തി

43 (1318) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ അപ്രോച്ച് റോഡ് ടു പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ എന്ന പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പുതുക്കിയ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് എപ്പോഴാണ് സമർപ്പിച്ചതെന്ന് അറിയിക്കാമോ;

(സി) ആദ്യം ഭരണാനുമതി നൽകിയ അതേ തുകയ്ക്കുതന്നെ പുതുക്കിയ ഭരണാനുമതിക്കായി ആവശ്യപ്പെട്ടിട്ടും പുതുക്കിയ ഭരണാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ഡി) റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് അടിയന്തരമായി ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ-ഡി) പയ്യന്നൂർ മണ്ഡലത്തിലെ അപ്രോച്ച് റോഡ് ടു പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ എന്ന പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ്, ആവശ്യപ്പെട്ട വിശദീകരണം സഹിതം 18-10-2022-ൽ ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ച് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തൃശ്ശൂർ മണ്ഡലം കാരപ്പൊറ്റ-പുളിക്കപ്പറമ്പ് റോഡ് നിർമ്മാണം

44 (1319) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ കാരപ്പൊറ്റ-പുളിക്കപ്പറമ്പ് റോഡ് നിർമ്മാണത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവരം നൽകുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം എന്ന് തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നത് ത്വരിതപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(എ-സി) തൃശ്ശൂർ മണ്ഡലത്തിലെ കാരപ്പൊറ്റ-പുളിക്കപ്പറമ്പ് റോഡ് പ്രവൃത്തിക്ക് 05-01-2021-ലെ സ.ഉ.(സാധാ) നം.11/2021/പൊ.മ.വ. പ്രകാരം Improvements to Karappotta Pullikaparambu road 0/000 to 3/300 എന്ന പേരിൽ 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ നിരക്കിലുള്ള ജി.എസ്.ടി. ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുനർസമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

ഒരോടംപാലം-മാനത്ത് മംഗലം ബൈപ്പാസ് നിർമ്മാണം

45 (1320) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ഒരോടംപാലം-മാനത്ത്മംഗലം ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) സതേൺ റെയിൽവേയിൽ നിന്ന് ജനറൽ അലൈൻമെന്റ് ഡ്രോയിംഗ് (ജി.എ.ഡി.) ലഭിയ്ക്കുന്നതിനുവേണ്ടി P&E ചാർജ്ജ് ഒടുക്കിയശേഷം റയിൽവേയിൽ നിന്നും ജി.എ.ഡി. ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ജി.എ.ഡി. ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; പ്രസ്തുത പദ്ധതി സമയപരിധി നിശ്ചയിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) ഓരോടംപാലം മാനത്തുമംഗലം ബൈപ്പാസിൽ വരുന്ന അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് പത്ത് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ

നടത്തിയതിനെത്തുടർന്ന് P&E (Plan & Estimation) ചാർജ്ജിനത്തിൽ റെയിൽവേയ്ക്ക് അടവാക്കുന്നതിന് തുക അനുവദിക്കണമെന്ന അഭ്യർത്ഥനയനുസരിച്ച് P&E ചാർജ്ജ് ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത റെയിൽവേ മേൽപ്പാലത്തിന്റെ ജനറൽ അലൈൻമെന്റ് ഡ്രോയിംഗ് അംഗീകാരത്തിനായി ചീഫ് ബ്രിഡ്ജസ് എഞ്ചിനീയർ, ഹെഡ് ക്വാർട്ടേഴ്സ് ഓഫീസ് വർക്ക് ബ്രാഞ്ച്, ചെന്നൈ എന്നിവർക്ക് ജി.എ.ഡി. സമർപ്പിക്കുകയും ആയത് അംഗീകരിക്കുന്നതിനുള്ള P&E ചാർജ് 28-01-2021-ന് അടവാക്കിയിട്ടുമുണ്ട്. ജി.എ.ഡി. അംഗീകരിച്ച് ലഭ്യമായിട്ടില്ല. 28-06-2022, 30-11-2022 തീയതികളിൽ ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കുന്നതിന് 2013-നുശേഷമുള്ള പുതുക്കിയ ഭരണാനുമതിക്കായി കത്ത് ലഭിച്ചിരുന്നുവെങ്കിലും ശീർഷകം, ഫണ്ട് ലഭ്യത എന്നിവ ആവശ്യപ്പെട്ട് റോഡുകൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

പുലാമന്തോൾ-മേലാറ്റൂർ റോഡ് നവീകരണം

46 (1321) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിലെ പുലാമന്തോൾ-മേലാറ്റൂർ റോഡ് (പട്ടാമ്പി റോഡ്) നവീകരണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

പുലാമന്തോൾ-മേലാറ്റൂർ റോഡ് പ്രവൃത്തി 47.94 ശതമാനം പൂർത്തീകരിച്ചു.

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറിൽ പറയുന്ന കാലാവധി എത്രയാണെന്ന് വിശദമാക്കുമോ?

കരാർ പ്രകാരം ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി പതിനെട്ട് മാസമാണ്.

(സി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 14-10-2022-ൽ അവസാനിച്ചിരുന്നു. കെ.എസ്.റ്റി.പി. പ്രോജക്ട് ഡയറക്ടറുടെ

അധ്യക്ഷതയിൽ 18-11-2022-ൽ കോൺട്രാക്ടർ, അതോറിറ്റി, എഞ്ചിനീയർ, PMC എന്നിവർ പങ്കെടുത്ത യോഗത്തിൽ, തുടർന്നുള്ള അഞ്ച് മാസംകൊണ്ട് പ്രവൃത്തി പൂർത്തിയാക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

പയ്യന്നൂർ മണ്ഡലത്തിലെ റോഡ് വികസനം

47 (1322) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പയത്താംപൊയിൽ കോയിപ്ര-ചെക്കിത്തോട് റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത റോഡ് നവീകരിക്കുന്നതിന് ഫണ്ട് അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കും.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് ജില്ലയിൽ റോഡ് നിർമ്മാണം

48 (1323) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ടിൽ ഏതൊക്കെ റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; അറിയിക്കാമോ?

OPBRC പാക്കേജ് 4-ൽ ഉൾപ്പെട്ട ചേർക്കല-ജൽസൂർ റോഡ് (ചെയിനേജ് 10/000 to 39/138), OPBRC പാക്കേജ് 5-ൽ ഉൾപ്പെട്ട കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് (ചെയിനേജ് 0/000 to 27/780) എന്നീ റോഡുകളാണ് കാസർഗോഡ് ജില്ലയിൽ OPBRC പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദാംശം അറിയിക്കാമോ;

(സി) പുതുക്കിയ ഭരണാനുമതി നൽകി മാസങ്ങൾ കഴിഞ്ഞിട്ടും കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് പ്രസ്തുത റോഡുകൾ ഇതുവരെ ടെൻണ്ടർ ചെയ്യാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ പ്രവൃത്തികൾ എന്ന് ടെൻണ്ടർ ചെയ്യാനാവുമെന്ന് അറിയിക്കാമോ?

(ബി-ഡി) 17-09-2022-ലെ ജി.ഒ. (ആർ.റ്റി.)നം.938/2022/പി.ഡബ്ല്യു.ഡി. പ്രകാരമുള്ള പുതുക്കിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ചേർക്കല-ജൽസൂർ, കുറ്റ്യാടി-കെല്ലൂർ, സുൽത്താൻ ബത്തേരി-പുൽപ്പള്ളി-പെരിക്കല്ലൂർ റോഡുകൾ ഉൾപ്പെട്ട OPBRC പാക്കേജ്-4-ന്റെ ഭരണാനുമതി തുക 96.15 കോടി രൂപയും, പിലാത്തറ-പാപ്പിനിശ്ശേരി, കളറോഡ്-വളവുപാറ, കാസർഗോഡ്-കാഞ്ഞങ്ങാട് എന്നീ റോഡുകൾ ഉൾപ്പെട്ട OPBRC പാക്കേജ്-5-ന്റെ ഭരണാനുമതി തുക 52.89 കോടി രൂപയുമാണ്. ടി ഭരണാനുമതിയിൽ OPBRC പാക്കേജുകളിൽ ഉൾപ്പെട്ട റോഡുകളിൽ ഡ്യൂപ്ലിക്കേഷൻ, ഡി.എൽ.പി. എന്നിവയില്ലെന്ന് ഉറപ്പുവരുത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം നിലവിൽ OPBRC പാക്കേജ് 4, 5 എന്നിവയുടെ ഡി.പി.ആർ.-ന്റെ നവീകരണം നടത്തിവരികയാണ്.

പുതുക്കിയ ഡി.പി.ആർ.-കൾ ലഭിക്കുന്ന മുറയ്ക്ക് ഡി.പി.ആർ.-ലെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി ലഭ്യമാക്കിയതിനുശേഷമാണ് ടെൻഡർ നടപടികൾ സ്വീകരിക്കുന്നത്.

പൊതുമരാമത്ത് റോഡുകളിലെ തുടർപരിപാലന കരാറുകൾ

49 (1324) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളിലെ തുടർപരിപാലന കരാറുകൾ പരിശോധിക്കാൻ നിലവിൽ സംവിധാനമുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് റോഡുകളിലെ തുടർ പരിപാലന കരാറുകൾ (റണ്ണിംഗ് കോൺടാക്ട്) പരിശോധിക്കാൻ നിലവിൽ വകുപ്പ് സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ചീഫ് എഞ്ചിനീയർമാർ എന്നിവരുൾപ്പെട്ട സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള പരിശോധന സംഘവും നിലവിലുണ്ട്. ഇതിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം 45 ദിവസത്തിലൊരിക്കലും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ

നേതൃത്വത്തിലുള്ള ടീം 30 ദിവസത്തിലൊരിക്കലും പരിശോധനകൾ നടത്തിവരുന്നു.

(ബി) നിലവിൽ പ്രസ്തുത പരിശോധനകൾക്കായി സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പരിശോധനകളിൽ പ്രവൃത്തിയുടെ പുരോഗതി, സാങ്കേതികമായി ചെയ്യുന്ന രീതി എന്നിവയാണ് പ്രധാനമായും പരിശോധിക്കപ്പെടുന്നത്. ഇതിന്റെ ഗുണനിലവാര പരിശോധന ക്വാളിറ്റി കൺട്രോൾ വിഭാഗത്തെക്കൊണ്ട് ചെയ്യിക്കുന്നുമുണ്ട്.

(സി) നാളിതുവരെ എത്ര റോഡുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്; ക്രമക്കേട് നടത്തിയവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാനത്തെ എല്ലാ റോഡുകളും പരിശോധനയ്ക്ക് വിധേയമാക്കുകയും ക്രമക്കേടുകൾ കണ്ടെത്തുന്നവയിൽ തുടർ നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

മാനന്തവാടി-മട്ടന്നൂർ എയർപോർട്ട് കണക്ടിവിറ്റി റോഡിന്റെ നിർമ്മാണം

50 (1325) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി-മട്ടന്നൂർ എയർപോർട്ട് കണക്ടിവിറ്റി റോഡിന്റെ നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) വയനാട് ജില്ലയിലെ മാനന്തവാടി മുതൽ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ വരെയുള്ള 62 കി.മീ. റോഡ് കണ്ണൂർ എയർപോർട്ട് കണക്ടിവിറ്റി റോഡിൽ ഉൾപ്പെടുത്തി നാലുവരിയായി വികസിപ്പിക്കുന്നതിന് 30-12-2017-ലെ സ.ഉ.(സാധാ)നം.74/2017/പൊ.മ.വ. പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് ഇതിന്റെ വിശദ പദ്ധതി രേഖ (D.P.R.) തയ്യാറാക്കുന്നതിനായി ബാംഗ്ലൂർ ആസ്ഥാനമായുള്ള IDeCK എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി നടത്തുന്നതിലെ സൗകര്യത്തിനായി ചുവടെ ചേർക്കും പ്രകാരം മൂന്ന് സ്ട്രെച്ചുകളായി തിരിച്ചാണ് നിലവിലെ ഡി.പി.ആർ. തയ്യാറാക്കൽ പുരോഗമിക്കുന്നത്.

സ്ട്രെച്ച് - 1	മാനന്തവാടി - ബോയ്സ് ടൗൺ - വയനാട് ജില്ല
സ്ട്രെച്ച്-2	ബോയ്സ് ടൗൺ മുതൽ അംബായത്തോട് വരെ - കണ്ണൂർ ജില്ല

സ്ട്രെച്ച് - 3 അംബായത്തോട് മുതൽ മട്ടന്നൂർ വരെ - കണ്ണൂർ ജില്ല

സ്ട്രെച്ച് 1-ന്റെ ഡി.പി.ആർ. 04-06-2022-ൽ കിഫ്ബിക്ക് സമർപ്പിച്ചതിനെ തുടർന്ന് ആയത് വിശദ പരിശോധനയ്ക്ക് വിധേയമാക്കി 01-11-2022-ൽ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് (TAR) നൽകിയിട്ടുണ്ട്. ആയത് പ്രകാരം മറുപടി തയ്യാറാക്കുന്നതിന് IDeCK-ന് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സാമ്പത്തികാനുമതിക്കായി കിഫ്ബിക്ക് പുനർസമർപ്പിക്കുന്നതാണ്.

സ്ട്രെച്ച് 2 ഹിൽഹൈവേയുടെ ഭാഗമായി വരുന്നതാണ്. പാൽച്ചുരം ബൈപ്പാസ് ഉൾപ്പെടുന്നതാണ് ഈ റീച്ച്. ഈ സ്കീമിന്റെ ഡി.പി.ആർ. 08-06-2022-ൽ കിഫ്ബിക്ക് സമർപ്പിച്ചത് കിഫ്ബിയുടെ വിശദ പരിശോധനയിലാണ്.

സ്ട്രെച്ച് 3-ന്റെ ഡി.പി.ആർ. 08-06-2022-ൽ കിഫ്ബിക്ക് സമർപ്പിക്കുകയും, വിശദ പരിശോധനയുടെ അടിസ്ഥാനത്തിൽ കിഫ്ബി 23-09-2022-ൽ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. ആയതിലെ നിർദ്ദേശങ്ങൾക്കനുസൃതമായി മറുപടി തയ്യാറാക്കുന്നതിന് IDeCK-ന് കൈമാറിയിട്ടുണ്ട്. ഈ സ്കീമിന്റെ വികസനത്തിനായി സ്ഥലമേറ്റെടുക്കൽ നടപടിയുടെ ഭാഗമായി 6(1) നോട്ടിഫിക്കേഷൻ

പുറപ്പെടുവിക്കുകയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗതിയിലുമാണ്.

കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് നിർമ്മാണം

51 (1326) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കോട്ടക്കൽ മണ്ഡലത്തിലെ മൂടാൽ കഞ്ഞിപ്പുര ബൈപ്പാസ് റോഡ് പ്രവൃത്തി പുരോഗതിയിലാണ്. കി.മീ. 0/000 മുതൽ 3/600 വരെയുള്ള ഭാഗങ്ങളിൽ സംരക്ഷണഭിത്തി, ഡ്രൈനേജ്, കലുങ്കുകൾ എന്നിവയുടെ നിർമ്മാണങ്ങൾ നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം ഏകദേശം പൂർത്തീകരണ ഘട്ടത്തിലാണ്. ഈ ഭാഗത്ത് ധാരാളം കട്ടിംഗ്, ഫില്ലിംഗ് പ്രവൃത്തികൾ വരുന്നതിനാൽ നിലവിലുള്ള കെ.ഡബ്ല്യു.എ. പൈപ്പ്‌ലൈൻ റോഡ് ഫോർമേഷൻ പ്രവൃത്തിക്ക് തടസ്സമായി നിലനിൽക്കുന്നുണ്ട്. മേൽ പൈപ്പുകൾ മാറ്റുന്നതിന് കെ.ഡബ്ല്യു.എ. സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം

1,93,06,000/- (ഒരു കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി ആറായിരം രൂപ) ആവശ്യമുണ്ട്. മേൽ ഉകയ്ക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. തടസ്സമായി നിൽക്കുന്ന പൈപ്പുകൾ മാറ്റിയാലേ റോഡ് ഫോർമേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. കൂടാതെ റോഡ് പ്രവൃത്തികൾക്കായി അധിക ഫണ്ടിന് ഭരണാനുമതി ലഭിക്കുന്നതിനായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കി.മീ. 3/600 മുതൽ 6/000 വരെ (അമ്പലപറമ്പ് മുതൽ കഞ്ഞിപ്പുര) വരെയുള്ള ഭാഗത്ത് GSB, WMM പ്രവൃത്തി ഏകദേശം പൂർത്തീകരിച്ചതാണ്. മേൽ ഭാഗത്ത് CGPS ടാറിംഗ് പ്രവൃത്തി ചെയ്യുന്നതിനായി കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം സംബന്ധിച്ച് പുതുക്കിയ ഭരണാനുമതിക്കായി സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മൂടാൽ കഞ്ഞിപ്പുര ബൈപ്പാസ് റോഡ് പ്രവൃത്തിക്ക് ആവശ്യമുള്ള അധിക ഫണ്ടിനായി ലഭിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ച് ചില വ്യവസ്ഥകൾക്ക് വിധേയമായി റീ-വർക്ക് ചെയ്യുന്നതിന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് നിലവിൽ തയ്യാറാക്കിയിട്ടുണ്ട്.

(സി) കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട യൂട്ടിലിറ്റി ഷിഫ്റ്റിംഗ് മാറ്റുന്നതിനായി സമർപ്പിച്ച 1.93 കോടി രൂപയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിലുള്ള പി.ഡബ്ല്യൂ.ഡി.- ജി3/91/2022-പി.ഡബ്ല്യൂ.ഡി. നമ്പർ ഫയലിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

(സി&ഡി) ലഭിച്ചിട്ടുണ്ട്. സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് അടിയന്തരമായി പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

യൂട്ടിലിറ്റി ഷിഫ്റ്റിംഗിനും, അധിക റോഡ് പ്രവൃത്തികൾക്കുമുള്ള പ്രൊപ്പോസലുകൾക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പുത്തൂർ-ചെനക്കൽ ബൈപ്പാസ് നിർമ്മാണം

52 (1327) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് (മൂന്നാം ഘട്ടം) റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കോട്ടക്കൽ ചെനക്കൽ ബൈപ്പാസ് ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാം ഘട്ടത്തിന്റെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തുക ഉൾപ്പെടെയുള്ള പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ആയത് ഡിസൈൻ പ്രകാരമുള്ളതല്ല. കയറ്റിറക്കങ്ങളും വളവുതിരിവുകളുമുള്ള മുനിസിപ്പൽ റോഡായതിനാൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, അലൈൻമെന്റ് പ്ലാൻ എന്നിവ തയ്യാറാക്കി റോഡ് ഡിസൈൻ തയ്യാറാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത റോഡിന്റെ മൂന്നാം ഘട്ടത്തിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് പുറപ്പെടുവിച്ച നോട്ടിഫിക്കേഷന്റെ സമയപരിധി അവസാനിക്കാറായെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ

സമയപരിധിക്കുള്ളിൽ സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്, സമയപരിധിക്കുള്ളിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നഷ്ടപരിഹാരത്തുക ഉൾപ്പെടെ റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായി വരുന്ന പുതുക്കിയ ഭരണാനുമതിക്ക് വേണ്ടിയുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഇല്ല, കയറ്റിറക്കങ്ങളും വളവുതിരിവുകളുമുള്ള മുനിസിപ്പൽ റോഡായാതിനാൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, അലൈൻമെന്റ് പ്ലാൻ എന്നിവ തയ്യാറാക്കി റോഡ് ഡിസൈൻ തയ്യാറാക്കുന്നതിനായി ജോയിന്റ് ഡയറക്ടർ, റീജിയണൽ ഡിസൈൻ യൂണിറ്റ് എറണാകുളം എന്നവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായാൽ മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കഴിയുകയുള്ളൂ.

(ഡി) പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

ചങ്കുവെട്ടി ജംഗ്ഷൻ നവീകരണം

53 (1328) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ ചങ്കുവെട്ടി ജംഗ്ഷൻ നവീകരണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഗതാഗതക്കുരുക്കുള്ള ജംഗ്ഷനുകൾ നവീകരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്കുവെട്ടി ജംഗ്ഷനെ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ചങ്കുവെട്ടി ജംഗ്ഷൻ ഉൾപ്പെടുന്ന ദേശീയപാത 66-ന്റെ ഭാഗം ദേശീയപാത അതോറിറ്റിയുടെ അധീനതയിലാണ്. ദേശീയപാത 66-നെ 4/6 വരിപാതയായി വികസിപ്പിക്കുന്ന പദ്ധതിയുടെ കരാറിൽ മലപ്പുറം ജില്ലയിലെ കോട്ടക്കൽ മണ്ഡലത്തിലെ ചങ്കുവെട്ടി ജംഗ്ഷൻ നവീകരണം ഉൾപ്പെട്ടിട്ടില്ല. പകരം 4.42 കി.മീ. നീളമുള്ള ബൈപ്പാസാണ് ഉൾപ്പെടുത്തിയിട്ടുള്ളത്, ബൈപ്പാസ് നിർമ്മാണം പുരോഗതിയിലാണ്.

ആലുവ-മൂന്നാർ റോഡ് (രാജപാത) പുനർ നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കൽ

54 (1329) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ ആലുവ-മൂന്നാർ റോഡ് (രാജപാത) പുനർ നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത ആവശ്യത്തിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ;

ഉണ്ട്. ഈ റോഡ് തുറക്കണമെന്ന് കാണിച്ച് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. കോതമംഗലം എം.എൽ.എ. ആവശ്യപ്പെട്ട പ്രകാരം ഈ റോഡിൽ ഒരു ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ അനുവദിക്കണമെന്നുകാണിച്ച് വനം വകുപ്പിന്റെ കോടനാട് ഡിവിഷൻ കാര്യാലയത്തിലും, കോതമംഗലം ഉപവിഭാഗം കാര്യാലയത്തിലും മൂന്നാർ ഡിവിഷൻ കാര്യാലയത്തിനും പലതവണ കത്തയച്ചിരുന്നു. ഇതുവരെ അനുകൂലമായ ഉത്തരവ് ലഭിച്ചില്ല. ഇതേ തുടർന്ന് മറ്റ് നടപടികൾ സാധ്യമായിട്ടില്ല.

(ബി) പ്രസ്തുത റോഡിന്റെ എത്ര കിലോമീറ്റർ ദൂരമാണ് വകുപ്പിന്റെ കീഴിലുള്ളത്?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ പരിധിയിൽ വരുന്ന ആലുവ-മൂന്നാർ റോഡ് (രാജപാത) പൊതുമരാമത്ത് വകുപ്പിന്റെ ആസ്തി രജിസ്റ്ററിൽ 40 കിലോ മീറ്റർ ദൂരം നീളം കാണിക്കുന്നുണ്ടെങ്കിലും ഏകദേശം 29.8 കിലോ മീറ്റർ വരെയാണ് നിരത്ത് വിഭാഗം പരിപാലിക്കുന്നത്.

(സി) വനംവകുപ്പിന്റെ അധീനതയിൽ എത്ര കിലോമീറ്റർ ദൂരമാണുള്ളത്; ഇത് പൊതുമരാമത്ത് വകുപ്പിന് റോഡ് നിർമ്മാണത്തിനായി വിട്ടുകിട്ടുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത റോഡിൽ വനംവകുപ്പിന്റെ അധീനതയിലുള്ള ഭാഗത്ത് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വനംവകുപ്പിന്റെ എൻ.ഒ.സി. ലഭ്യമായിട്ടുണ്ടോ; പ്രസ്തുത എൻ.ഒ.സി. ലഭ്യമാകുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(സി&ഡി) പൊതുമരാമത്ത് വകുപ്പിന്റെ ആസ്തി രജിസ്റ്റർ പ്രകാരം ഈ റോഡിന്റെ 29.8 കിലോ മീറ്റർ മുതൽ 40 കിലോ മീറ്റർ വരെയുള്ള (പൂയംകുട്ടി മുതലുള്ള ഭാഗം-ജനവാസമില്ലാത്ത വനമേഖല) 10.2 കിലോ മീറ്റർ ദൂരം

വനംവകുപ്പ് പൊതുമരാമത്ത് വകുപ്പിന് കൈമാറാത്തതിനാൽ ആ ഭാഗത്തേക്ക് പ്രവേശിക്കുവാനും ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുവാനും സാധിച്ചിട്ടില്ല. ആലുവ-മൂന്നാർ റോഡ് പുനർനിർമ്മിച്ച് സഞ്ചാര യോഗ്യമാക്കുന്നതിനായി റോഡ് വിട്ടുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തി നടപ്പിലാക്കുന്നതിനും വനംവകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനായി നൽകിയ അപേക്ഷ വനംവകുപ്പിന്റെ പരിശോധനയിലാണ്. പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് എടുക്കുന്നതിന് വനംവകുപ്പിൽ നിന്നും എൻ.ഒ.സി. നിലവിൽ ലഭ്യമായിട്ടില്ല.

(ഇ) 1924-ലെ വെള്ളപ്പൊക്കത്തിൽ സഞ്ചാരയോഗ്യമല്ലാതായിത്തീർന്ന പ്രസ്തുത റോഡ് നാളിതുവരെ പുനർ നിർമ്മിക്കാത്ത സാഹചര്യത്തിൽ വനംവകുപ്പിൽ നിന്നും എൻ.ഒ.സി. ലഭ്യമാക്കി അടിയന്തരമായി പുനർനിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വനംവകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് റോഡ് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും.

മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പാലോട്ട്പള്ളി-പരിയാരം-വെമ്പടി-കോളാരി-നെടിയാഞ്ഞിരം റോഡ് നിർമ്മാണം

55 (1330) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സംസ്ഥാന ബഡ്ജറ്റിൽ ഫണ്ട് അനുവദിച്ച മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പാലോട്ട്പള്ളി-പരിയാരം-വെമ്പടി-കോളാരി-നെടിയാഞ്ഞിരം റോഡിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള ഡി.പി.ആർ. ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാക്കാനുള്ള തടസ്സം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

(എ-സി) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പാലോട്ട്പള്ളി - പരിയാരം - വെമ്പടി - കോളാരി - നെടിയാഞ്ഞിരം റോഡ് പ്രവൃത്തിയുടെ ഡി.പി.ആർ. നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ

ലഭിച്ചിട്ടുണ്ട്. ഇത് എ.എസ്. കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ജലജീവൻ പദ്ധതി മൂലം തകരാറിലാവുന്ന റോഡുകൾ നന്നാക്കാൻ നടപടി

56 (1331) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതി പ്രാവർത്തികമാകുമ്പോൾ തകരാറിലാവുന്ന പി.ഡബ്ല്യു.ഡി. റോഡുകൾ നന്നാക്കുന്നതിന് ജലവിഭവ വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും യോജിച്ച പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ജലജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് റോഡുകൾ കുഴിക്കുന്നതും തുടർന്ന് റെസ്റ്റോറേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും ജലവിഭവ വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ ഏകോപിപ്പിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ DICC മീറ്റിംഗുകളിൽ ഉൾപ്പെടുത്തി പരിഹരിച്ചുവരുന്നു. കൂടാതെ സംസ്ഥാന,

ജില്ലാ തലങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമയബന്ധിതമായി അവലോകന യോഗങ്ങൾ നടത്തുകയും ചെയ്യുന്നു.

ദേശീയപാത വിഭാഗത്തിന്റെ റോഡുകൾ പ്രസ്തുത ആവശ്യങ്ങൾക്ക് വെട്ടിമുറിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 22-11-2016-ലെ കത്ത് നമ്പർ RW/NH.33044/2015/S & R(R) നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് അനുമതി നൽകുന്നത്.

(ബി) ഇരു വകുപ്പുകളെയും യോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് പൊതുനിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ജല അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനും കേബിളുകൾക്ക് വേണ്ടിയും റോഡ് വെട്ടിമുറിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിലെയും ജലവിഭവ വകുപ്പിലെയും ഉദ്യോഗസ്ഥന്മാരെ അംഗങ്ങളായി ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായ ഒരു സമിതി 07-01-2022-ലെ ജി.ഒ.(ആർ.റ്റി.)നം.20/2022/പി.ഡബ്ല്യു.ഡി. പ്രകാരം രൂപീകൃതമായിട്ടുണ്ട്. പ്രസ്തുത സമിതി കൃത്യമായി അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. കൂടാതെ 24-02-2022-ലെ ജി.ഒ. (ആർ.റ്റി.)നം.8/2022/പി.ഡബ്ല്യു.ഡി. പ്രകാരം ടി ആവശ്യങ്ങൾക്കായി

റോഡുകൾ വെട്ടിമുറിക്കുന്നതും റെസ്റ്റോറേഷൻ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഒരു മാർഗ്ഗരേഖയും നിലവിലുണ്ട്.

മലയോര ഹൈവേ

57 (1332) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരത്തിലാണ് മലയോര ഹൈവേ കടന്നുപോകുന്നതെന്ന് വ്യക്തമാക്കുമോ?

31.5 കിലോമീറ്ററിലൂടെയാണ് കോതമംഗലം മണ്ഡലത്തിൽ മലയോര ഹൈവേ കടന്ന പോകുന്നത്.

(ബി) മലയോര ഹൈവേ പ്രസ്തുത മണ്ഡലത്തിൽ എവിടെ നിന്നും ആരംഭിച്ച് എവിടെ അവസാനിക്കുന്നുവെന്ന് അറിയിക്കുമോ?

കോതമംഗലം മണ്ഡലത്തിൽ മലയോര ഹൈവേയ്ക്കായി മൂന്ന് റീച്ചുകളിലായിട്ടാണ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്.

റീച്ച്-1	ചെറുങ്ങനാൽ മുതൽ കാഞ്ഞിരക്കുന്ന് വരെ	13.4 കി.മീ.
റീച്ച്-2	കാഞ്ഞിരക്കുന്ന് മുതൽ നാടുകാണി വരെ	2.07 കി.മീ.
റീച്ച്-3	നാടുകാണി മുതൽ നേരിയമംഗലം വരെ	16.03 കി.മീ.
ആകെ		**31.5 കി.മീ.**

(സി) കോതമംഗലം മണ്ഡലത്തിലെ മലയോര ഹൈവേയുടെ നിർമ്മാണത്തിൽ 12 മീറ്റർ വീതി ലഭിക്കാത്തതുമൂലം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഫ്രീ സറണ്ടറായി ഭൂമി ലഭ്യമാകാത്തതിനാൽ പ്രവൃത്തി തുടങ്ങിയിട്ടില്ല. പഞ്ചായത്ത് തലത്തിൽ ബഹു. എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ പല തവണ മീറ്റിംഗ് നടത്തിയെങ്കിലും ഫ്രീ സറണ്ടറായി സ്ഥലം നൽകുവാൻ ആളുകൾ തയ്യാറല്ലാത്ത സാഹചര്യം നിലനിൽക്കുന്നു.

(ഡി) 12 മീറ്റർ വീതി ലഭിക്കാത്ത സാഹചര്യത്തിൽ റോഡ് നിലവിലുള്ള വീതിയിൽത്തന്നെ റീ-ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കിഫ്ബിയുടെ 'Guildlines for Planning and Design for Roads and Highway Projects Funded by KIIFB' അനുസരിച്ചുള്ള 12 മീറ്റർ ROW-യിൽ 7 മീറ്റർ വീതിയിൽ രണ്ട് വരിപ്പാതയും, ഇരുവശത്തും ഒരു മീറ്റർ വീതിയിൽ Paved Shoulder, ശേഷിക്കുന്ന മീറ്ററിൽ 1.5 മീറ്റർ വീതിയിൽ ഇരുവശത്തും കാനകളും പാർശ്വഭിത്തി സംരക്ഷണവും ഉൾപ്പെടുത്തിയാണ് ഡിസൈൻ പൂർത്തീകരിച്ചിരിക്കുന്നത്. മലയോര ഹൈവേയിൽ ഉൾപ്പെട്ട

റോഡ് നിലവിലുള്ള വീതിയിൽത്തന്നെ റീ-ടാർ ചെയ്യുന്നതിന് കിഫ്ബിയിൽ നിന്നും അനുമതി ലഭ്യമാകേണ്ടതുണ്ട്.

മുട്ടങ്കൽ പക്രന്തലം റോഡ് നിർമ്മാണം

58 (1333) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിലൂടെ കടന്നുപോകുന്ന മുട്ടങ്കൽ-പക്രന്തലം റോഡിന്റെ പ്രവൃത്തി ആരംഭിച്ചത് എന്നാണെന്നും ഉദ്ഘാടനം നിർവ്വഹിച്ചത് എന്നായിരുന്നുവെന്നും അറിയിക്കുമോ?

മുട്ടങ്കൽ-പക്രന്തലം റോഡ് പ്രവൃത്തി 22-02-2018-ലാണ് ആരംഭിച്ചത്. പ്രവൃത്തിയുടെ ഉദ്ഘാടനം 19-02-2021-ലായിരുന്നു.

(ബി) പ്രസ്തുത റോഡ് നിർമ്മാണ പദ്ധതിയുടെ പ്രഥമ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയപ്പോൾ എന്തൊക്കെ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരുന്നതെന്ന് വിശദമാക്കുമോ?

റോഡിന്റെ രൂപീകരണം, കലുങ്കുകളുടെയും പാർശ്വ സംരക്ഷണ ഭിത്തിയുടെയും നിർമ്മാണം, ഓടയുടെ നിർമ്മാണം, റോഡ് സുരക്ഷാ പ്രവൃത്തികൾ, ഫ്രീ സറണ്ടർ മുഖേന ലഭ്യമായ ഭൂമിയിൽ ചുറ്റുമതിൽ

നിർമ്മാണം എന്നീ ഘടകങ്ങളാണ് സാങ്കേതികാനുമതി നൽകിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്.

(സി) റോഡ് കടന്നുപോകുന്ന പ്രധാന കവലകളിൽ ഹാൻഡ് റെയിൽ സ്ഥാപിക്കുന്ന പ്രവൃത്തിയും ഫുട്പാത്തിൽ ഇന്റർലോക്ക് നിരത്തുന്ന പ്രവൃത്തിയും പ്രഥമ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുണ്ടായിരുന്നോ; ഇല്ലെങ്കിൽ ഏത് ഘട്ടത്തിലാണ് പ്രസ്തുത പ്രവൃത്തികൾ പദ്ധതിയുടെ ഭാഗമാക്കാൻ തീരുമാനിച്ചത്; വ്യക്തമാക്കുമോ?

ഹാൻഡ് റെയിൽ സ്ഥാപിക്കുന്ന പ്രവൃത്തി റോഡ് സുരക്ഷാ പ്രവൃത്തികൾ എന്ന അപ്പൻഡിക്സിൽ പ്രഥമ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു. സാങ്കേതികാനുമതി നൽകിയ എസ്റ്റിമേറ്റിൽ ശരാശരി 9.00 മീറ്ററായിരുന്ന RoW. എന്നാൽ ഫ്രീ സറണ്ടർ മുഖേന ഭൂമി ലഭ്യമായതിനാൽ RoW 12 മീറ്ററായി പരിഷ്കരിച്ചു. വരാനിരിക്കുന്ന വാട്ടർ അതോറിറ്റി പൈപ്പ്ലൈൻ പ്രവൃത്തികൂടി കണക്കിലെടുത്ത് ഷോൾഡർ ഇന്റർലോക്ക് ഉപയോഗിച്ച് നിർമിക്കുവാൻ എം.എൽ.എ., ജനപ്രതിനിധികൾ, പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർ, കിഫ്ബി ഉദ്യോഗസ്ഥർ എന്നിവരുമായി നടത്തിയ ചർച്ചയിൽ തീരുമാനിക്കുകയുണ്ടായി. 23-03-2019-ൽ കിഫ്ബിയിൽ നിന്നും ആയത് നിർദ്ദേശിക്കുകയും ചെയ്തതിന്റെ

അടിസ്ഥാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റിൽ അധിക ഇനമായി ഇന്റർലോക്കിംഗ് പ്രവൃത്തി കൂടി ഉൾപ്പെടുത്തുകയായിരുന്നു.

(ഡി) പുതുതായി പ്രസ്തുത പ്രവൃത്തികൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഏത് ഏജൻസിയാണെന്നും എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ച തീയതിയും അംഗീകാരം ലഭിച്ച തീയതിയും അറിയിക്കുമോ;

(ഇ) പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി ലഭിക്കുകയുണ്ടായോ; എങ്കിൽ എന്നാണ് അനുമതി ലഭിച്ചതെന്നും പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നതും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി പൂർണ്ണമായും നടപ്പാക്കാൻ കഴിയില്ലെന്ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സർവീസ് സൊസൈറ്റി അറിയിക്കുകയുണ്ടായോ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കുമോ?

(ഡി-എഫ്) പൊതുമരാമത്ത് റോഡ്സ്, കോഴിക്കോട് വിഭാഗമാണ് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. സൂപ്രണ്ടിംഗ് എഞ്ചിനീയർ, റോഡ്സ് നോർത്ത് സർക്കിൾ, കോഴിക്കോട് സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് 25-09-

2021-നാണ് പ്രോജക്ട് ഡയറക്ടർ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് കേരള റോഡ് ഫണ്ട് ബോർഡിന് ലഭിച്ചത്. ടി എസ്റ്റിമേറ്റിൽ ഹാൻഡ് റെയിൽ സ്ഥാപിക്കുന്ന പ്രവൃത്തിയും ഇന്റർലോക്ക് നിരത്തുന്ന പ്രവൃത്തിയും ഉൾപ്പെട്ടിരുന്നു. 03-12-2021-ൽ നടന്ന 92-ാം ടെക്നിക്കൽ കമ്മിറ്റി, 11-02-2022-ലെ 96-ാം ടെക്നിക്കൽ കമ്മിറ്റി എന്നിവയുടെ നിർദ്ദേശങ്ങളനുസരിച്ച് ഫീൽഡ് ഉദ്യോഗസ്ഥർ നൽകിയ റിപ്പോർട്ട് പ്രകാരം 04-04-2022-ലെ 99-ാം ടെക്നിക്കൽ കമ്മിറ്റിയിൽ എസ്റ്റിമേറ്റ് വയ്ക്കുകയും കരാർ തുകയെക്കാൾ 4.23% കൂട്ടുതൽ തുകയുള്ള പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയുമുണ്ടായി. 16-06-2022-ൽ കിഫ്ബി എസ്റ്റിമേറ്റിന് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റിന് കരാർ ഉറപ്പിക്കുന്ന വേളയിൽ കരാറുകാരൻ 03-08-2022-ലെ കത്ത് പ്രകാരം നിലവിലെ മാർക്കറ്റ് നിരക്ക് കണക്കിലെടുക്കുമ്പോൾ ഇന്റർലോക്ക് ടൈലുകളുടെ അധിക ഇനം വലിയ നഷ്ടമുണ്ടാക്കുന്നുവെന്നും പുതുക്കിയ എസ്റ്റിമേറ്റിൽ നിന്ന് പ്രസ്തുത ഇനം ഒഴിവാക്കുന്നതിനും അഭ്യർത്ഥിച്ചു. തുടർന്ന് 22-10-2022-ൽ നടന്ന 114-ാമത് ടെക്നിക്കൽ കമ്മിറ്റി കരാറുകാരന്റെ അഭ്യർത്ഥന മാനിച്ചും ഇന്റർലോക്ക് ടൈൽ വർക്ക് യഥാർത്ഥ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്നതിനാലും 2016-ലെ DSoR പ്രകാരം

കരാറിൽ ഏർപ്പെട്ടിരുന്നതിനാലും DSoR 2018 നിരക്കുകൾ പരിഗണിക്കാനാവില്ലെന്നതുകൊണ്ടും ഇന്റർലോക്ക് ടൈൽ ഇനം ഒഴിവാക്കിയതിനുശേഷം പുതുക്കിയ എസ്റ്റിമേറ്റും സപ്ലിമെന്ററി കരാറും കിഫ്ബിക്ക് നൽകുന്നതിനും നിർദ്ദേശിച്ചു. അതുപ്രകാരം 04-11-2022-ൽ പുതുക്കിയ എസ്റ്റിമേറ്റിന് സപ്ലിമെന്ററി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ജി) പദ്ധതിയിൽ ഹാൻഡ് റെയിൽ സ്ഥാപിക്കുന്ന പ്രവൃത്തിയും ഇന്റർലോക്ക് നിരത്തുന്ന പ്രവൃത്തിയും ഉൾപ്പെടുത്തി പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം വച്ച കരാറിൽ ഇന്റർലോക്ക് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല. എന്നാൽ ഹാൻഡ്റെയിൽ സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ട്. പുതുക്കിയ കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വല്ലാർപാടം-പനമ്പുകാട് റിങ്റോഡ് നിർമ്മാണം

59 (1334) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി (10-07-2017-ലെ 942/2017 നമ്പർ ഉത്തരവ് പ്രകാരം) നൽകിയ വല്ലാർപാടം-പനമ്പുകാട് കായലോര റിംഗ് റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഡി.പി.ആർ. തയ്യാറാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത റോഡിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) വല്ലാർപാടം - പനമ്പുകാട് കായലോര റിംഗ് റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗം 13-07-2022-ൽ സ്ഥലം സന്ദർശിച്ചിരുന്നു. പ്രവൃത്തി വരുന്ന ഭൂരിഭാഗം സ്ഥലവും ഇറിഗേഷൻ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലാണ്. കൂടാതെ ധാരാളം സ്ലൂയിസുകളുടെ നിർമ്മാണം/ പുനർനിർമ്മാണം ആവശ്യമായി വരുന്നതുമാണ്. ഇത്തരം പ്രവൃത്തികളിൽ ഇറിഗേഷൻ വകുപ്പിനാണ് വൈദഗ്ധ്യം. പ്രവൃത്തിയുടെ സ്വഭാവം കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം ഹൈവേ ഡിസൈൻ പ്രോജക്ടിന്റെ പരിധിയിൽ വരുന്നതല്ലെന്ന് ചീഫ് എഞ്ചിനീയർ ഡിസൈൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കിഫ്ബിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കും.

അരുവിക്കര മണ്ഡലത്തിലെ റോഡ് നവീകരണ പ്രവർത്തനങ്ങൾ

60 (1335) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിലെ പി.ഡബ്യു.ഡി. റോഡുകളിൽ ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിച്ചിട്ടുള്ള റോഡുകളെയും ഇപ്പോൾ നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നതുമായ റോഡുകളെയും സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

അരുവിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിലെ 19 റോഡുകൾ ബി.എം.& ബി.സി. നിലവാരത്തിൽ നവീകരിച്ചിട്ടുണ്ട്. വിശദാംശംങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

നിരത്ത് വിഭാഗത്തിന് കീഴിൽ നിലവിൽ പള്ളിവേട്ട - കാനാക്കുഴി റോഡ് - 3 കി.മീ., തൊളിക്കോട് - തുരുത്തി -ഭ്രദംവച്ചപാറ റോഡ് - കി.മീ. - 5 കി.മീ. എന്നിങ്ങനെ ആകെ എട്ട് കിലോ മീറ്ററിൽ ബി.എം.&ബി.സി. പ്രവൃത്തി നടന്നുവരുന്നു.

ഇവ കൂടാതെ കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ കൂടെ ചേർത്തിരിക്കുന്നു:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1) നെടുമങ്ങാട് - അരുവിക്കര - വെള്ളനാട് റോഡിന്റെ ഒന്നാം റീച്ചായ നെടുമങ്ങാട് മുതൽ അരുവിക്കര ഡാം വരെയുള്ള 6.45 കി.മീ. റോഡിന്റെ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത റോഡിന്റെ രണ്ട് റീച്ചിനുംകൂടി ചേർത്ത് 41.6 കോടി രൂപയ്ക്ക് 26-07-2017-ൽ കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്.

2) നെടുമങ്ങാട് - അരുവിക്കര - വെള്ളനാട് റോഡിന്റെ രണ്ടാം റീച്ചായ അരുവിക്കര ഡാം മുതൽ കുളക്കോട് - വെള്ളനാട് വരെയുള്ള 3.65 കി.മീ. റോഡ് Full Depth Reclamation പദ്ധതിയിൽ ഉൾപ്പെടുത്തി ടെൻഡർ ചെയ്തിട്ടുണ്ട്. 21-10-2022-ൽ നടന്ന 37-ാം ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ വച്ച് ടെൻഡർ അംഗീകരിച്ചിട്ടുണ്ട്. കോൺട്രാക്ട് പാക്കേജ്, ടെൻഡർ,പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് എന്നിവയുടെ അനുമതി കിഫ്ബിയിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

3) വിതുര ബോണക്കാട് റോഡ് നിർമ്മാണം - 29.64 കോടി രൂപ - ആകെ 7 കി.മീ. റോഡിൽ 5 കി.മീ. ദൂരം BM പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗതിയിലാണ്.

4) പെരിങ്ങമല - വിതുര - കൊപ്പം റോഡ് നിർമ്മാണം - 45.25 കോടി രൂപ - 9 കി.മീ. റോഡിൽ അവസാന രണ്ട് കി.മീ. ദൂരത്ത് റീട്ടെയ്നിംഗ് വാൾ, ഓട, കലുങ്ക് നിർമ്മാണ പ്രവർത്തനങ്ങൾ

പുരോഗമിക്കുന്നു. അതിന് ശേഷം ബി.എം.&ബി.സി. പ്രവൃത്തി ആരംഭിക്കുന്നതാണ്.

5) തിരുവനന്തപുരം നെയ്യാർ ഡാം റോഡ് – കാട്ടാക്കട ചൂണ്ടുപലക മുതൽ നെയ്യാർ ഡാം വരെയുള്ള 8.15 കി.മീ. റോഡ് നിർമ്മാണത്തിനായി 58.93 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് അർത്ഥനാ പത്രം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. 6(1) വിജ്ഞാപനം പ്രസിദ്ധീകരിച്ച് KWA-യുടെ കിഫ്ബി പദ്ധതി പൂർത്തിയാക്കിയതിനുശേഷം റോഡ് പ്രവൃത്തി ആരംഭിക്കും.

(ബി) മണ്ഡലത്തിൽ ഇനി നവീകരിക്കപ്പെടേണ്ട റോഡുകളുടെ ദൂരമുൾപ്പെടെയുള്ള വിവരങ്ങളും അതിനായി വേണ്ടിവരുന്ന ഉദ്ദേശ തുക എത്രയാണെന്നും വിശദമാക്കുമോ?

അരുവിക്കര മണ്ഡലത്തിൽ 188.205 കി.മീ. പൊതുമരാമത്ത് റോഡുകൾ ബി.എം.&ബി.സി. ആയി നവീകരിക്കേണ്ടതുണ്ട്. ഇതിനായി ഏകദേശം 283.5 കോടിയോളം രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു.

പി.യു.കെ.സി. റോഡ് നിർമ്മാണം

61 (1336) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.യു.കെ.സി. റോഡിന്റെ ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള രണ്ടാമത്തെ റീച്ചിന്റെ എസ്റ്റിമേറ്റ് സാമ്പത്തിക അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ?

പി.യു.കെ.സി. റോഡിന്റെ ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള രണ്ടാമത്തെ റീച്ചിന്റെ എസ്റ്റിമേറ്റ് സാമ്പത്തിക അനുമതിക്കായി 31-05-2022-ൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയതിന് 27-07-2022-ൽ കിഫ്ബി ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രസ്തുത ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് പ്രകാരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൊതുമരാമത്ത് ഡിസൈൻ വിഭാഗം സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത റോഡിന്റെ രണ്ടാമത്തെ റീച്ചിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിന്റെ മറുപടി സമർപ്പിച്ച് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമായാൽ പ്രവൃത്തി ആരംഭിക്കാൻ കഴിയും.

കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി

62 (1337) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ രൂപീകരണ പുരോഗതി അറിയിക്കുമോ?

കൊല്ലം നഗരപാത വികസന പദ്ധതിക്ക് 22-01-2022-ലെ സ.ഉ.(സാധാ)നം.74/2022/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ചുവടെ പറയുന്ന റോഡുകൾക്ക് 365.34 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. 18-03-2022-ലെ സ.ഉ.(സാധാ)നം.1164/2022/ആർ.ഡി. പ്രകാരം പദ്ധതിക്കാവശ്യമായ ഭൂമിയേറ്റെടുക്കലിന്റെ ഭരണാനുമതിയും നൽകുകയുണ്ടായി.

1.	മേവറം- കാവനാട് (പഴയ എൻ.എച്ച്)	13.15 കി.മീ.
2.	റെയിൽവേ സ്റ്റേഷൻ- ഡീസന്റ് ജംഗ്ഷൻ	6.30 കി.മീ.

3.	തിരുമുല്ലാവാരം-കല്ലുപാലം-കച്ചേരി ജംഗ്ഷൻ	4.31 കി.മീ.
ആകെ		**23.76 കി.മീ.**
LA Area - 8.341 Hectre		

കൊല്ലം നഗരപാത വികസന പദ്ധതിയുടെ പ്രോജക്ട് കോ-ഓർഡിനേറ്ററായി കൊല്ലം പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. പദ്ധതിയുടെ ലാന്റ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസീൽദാർ എൽ.എ.2-നെ ചുമതലപ്പെടുത്തി. ടി റോഡുകളുടെ ഫീൽഡുതല പ്രാരംഭ പരിശോധനകൾ പൂർത്തിയാക്കി എൽ.എ. ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഭൂമി വില 688,83,36,000/- രൂപയും സ്ഥലമേറ്റെടുക്കുന്നതിനുള്ള ഭൂമി വിലയുടെ 30% ആയ 206,65,00,800/- രൂപ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റായും 50,00,000/- രൂപ കണ്ടിജൻസി ചാർജ്ജായും അനുവദിക്കുന്ന വിഷയം ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു.

ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം കൊല്ലം നഗരപാത വികസന പദ്ധതിയിൽ കൂടുതലായി റോഡുകൾ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകാൻ കൊല്ലം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ കളക്ടർ നിർദ്ദേശിച്ച റോഡുകളായ ഹൈസ്കൂൾ ജംഗ്ഷൻ-തൃക്കടവൂർ റോഡ്, എസ്.എൻ. കോളേജ്- അമൃതകുളം റോഡ്, നെല്ലിമുക്ക്- മാമൂട്ടിൽക്കടവ് റോഡ് എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കൂടാതെ രാമൻകുളങ്ങര-മരുത്തടി റോഡ്, കളക്ടറേറ്റ്-ആൽത്തറമൂട്-തങ്കശ്ശേരി-കാവൽ ജംഗ്ഷൻ-അഞ്ചുകല്ലുംമൂട് എന്നീ രണ്ട് റോഡുകൾകൂടി പദ്ധതിയിലേയ്ക്ക് ഉൾപ്പെടുത്തുവാൻ കൊല്ലം ജില്ലാ കളക്ടർ ശിപാർശ ചെയ്തിരുന്നു. ഇത് സംബന്ധിച്ച വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൊല്ലം നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന മേവറം-കാവനാട്, റെയിൽവേ സ്റ്റേഷൻ-ഡീസന്റ് ജംഗ്ഷൻ, തിരുമുല്ലാവാരം-കല്ലുപാലം-കച്ചേരി ജംഗ്ഷൻ എന്നീ മൂന്ന് റോഡുകൾക്കായി 8.341 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ടി റോഡുകളുടെ ഫീൽഡുതല പ്രാരംഭ പരിശോധനകൾ പൂർത്തിയാക്കിയശേഷം പദ്ധതിയുടെ ലാന്റ് അക്വിസിഷൻ ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ

എൽ.എ.2 ഇപ്പോഴത്തെ മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സ്ഥലമേറ്റെടുക്കേണ്ട ഭൂമിയുടെ വില 688,83,36,000/- രൂപയും, ഏറ്റെടുക്കേണ്ട ഭൂമി വിലയുടെ 30% ആയ 206,65,00,800/- രൂപ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റായും 50,00,000/- രൂപ കണ്ടിജൻസി ചാർജ്ജായും അനുവദിക്കുന്ന വിഷയം ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു. 2013-ലെ എൽ.എ. ആക്ട് ആർ.&ആർ. പാക്കേജ് പ്രകാരം 100% സോളേഷിയവും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) ഭൂമി ഏറ്റെടുക്കലിനാവശ്യമായ തുകയുടെ 30 ശതമാനവും കണ്ടിജൻസി ചാർജ്ജും അനുവദിച്ചെങ്കിൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ആരംഭിക്കാൻ കഴിയുകയുള്ളു എന്നതിനാൽ ഇക്കാര്യത്തിൽ അനുകൂലമായ തുടർ നടപടി സ്വീകരിക്കുമോ; വിശദ വിവരം ലഭ്യമാക്കുമോ?

എൽ.എ. ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഏറ്റെടുക്കേണ്ട വില 688,83,36,000/- രൂപയും ഏറ്റെടുക്കേണ്ട ഭൂമിവിലയുടെ 30% ആയ 206,65,00,800/- രൂപ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റായും, 50,00,000/- രൂപ കണ്ടിജൻസി ചാർജ്ജായും അനുവദിക്കുന്ന വിഷയം ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു.

ഉഴവൂർ ബൈപ്പാസ് നിർമ്മാണം

63 (1338) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 15 കോടി രൂപയുടെ ഉഴവൂർ ബൈപ്പാസ് റോഡിന്റെ നിർമ്മാണത്തിന് ട്രാഫിക് സർവെ നടത്തി യഥാർത്ഥ സ്ഥിതിവിവരങ്ങൾ മനസ്സിലാക്കാൻ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന് കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പഠനം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു പദ്ധതി പ്രൊപ്പോസ് ചെയ്ത് അഞ്ച് വർഷം കഴിഞ്ഞിട്ടും ശാസ്ത്രീയ പഠനത്തിനുണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

(എ&ബി) കോട്ടയം ജില്ലയിലെ ഉഴവൂർ ബൈപ്പാസിന്റെ നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി സർക്കാർ ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സർവ്വേകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ കിറ്റ്കോ

മുഖേന വിശദമായ പദ്ധതിരേഖ തയ്യാറാക്കി 25-01-2018-ൽ കിഫ്ബിയിൽ സമർപ്പിച്ചെങ്കിലും ട്രാഫിക് വളരെ കുറവായതിനാൽ പദ്ധതി നിരാകരിച്ചുകൊണ്ട് കിഫ്ബി 07-06-2018-ൽ കത്ത് നൽകിയിട്ടുണ്ട്. വീണ്ടും ട്രാഫിക് സർവ്വെ നടത്താൻ കിഫ്ബിയിൽ നിന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ട്രാഫിക്ക് സർവ്വേ നടത്തി, റിപ്പോർട്ട് അംഗീകാരത്തിനായി 09-11-2022-ൽ കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയാണ്.

(സി) പ്രസ്തുത പദ്ധതിയുടെ ആദ്യ ഫീസിബിലിറ്റി പഠനം നടത്തിയത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കാമോ; ഉഴവൂർ പോലുള്ള വളരെ ട്രാഫിക്കുള്ള ജംഗ്ഷനിൽ വേണ്ടത്ര ജാഗ്രതയോടെ പഠനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) വീണ്ടും പദ്ധതിയെക്കുറിച്ച് പഠനം നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് വിശദീകരിക്കാമോ; ആയതിന്റെ നടപടികൾ ആരംഭിച്ചോ എന്നറിയിക്കാമോ?

(സി&ഡി) കിറ്റ്കോ മുഖേനയാണ് ട്രാഫിക്ക് സർവ്വേ നടത്തി 2018-ൽ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചത്. എന്നാൽ കിഫ്ബി ആവശ്യപ്പെട്ട പ്രകാരം 2022 ഒക്ടോബറിൽ വീണ്ടും കിറ്റ്കോ

മുഖേന ട്രാഫിക് സർവ്വേ നടത്തി, റിപ്പോർട്ട് അംഗീകാരത്തിനായി 09-11-2022-ൽ കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയാണ്

വൈപ്പിൻ മണ്ഡലത്തിലൂടെയുള്ള തീരദേശ ഹൈവേ

64 (1339) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള, വൈപ്പിൻ മണ്ഡലത്തിലൂടെയുള്ള തീരദേശ ഹൈവേയുടെ ഭാഗത്തിന്റെ വിശദ പഠന റിപ്പോർട്ടും അന്തിമ അലൈൻമെന്റും തയ്യാറായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അലൈൻമെന്റിന്റെ പകർപ്പും വിശദാംശം ലഭ്യമാക്കാമോ;

(സി) ഡി.പി.ആർ.-ഉം അലൈൻമെന്റും തയ്യാറായിട്ടില്ലെങ്കിൽ പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്നും ഡി.പി.ആർ.-ഉം അലൈൻമെന്റും എന്നത്തേക്ക് തയ്യാറാകുമെന്നും വ്യക്തമാക്കാമോ?

(എ-സി) വൈപ്പിൻ മണ്ഡലത്തിലെ തീരദേശ ഹൈവേയുടെ കരട് ഡി.പി.ആർ. L&T ഇൻഫ്രാസ്ട്രക്ചർ മുഖാന്തിരം തയ്യാറാക്കിയിരുന്നു. തുടർന്ന് വിവിധ ഘട്ടങ്ങളിൽ നടന്ന ചർച്ചയിൽ ചില മാറ്റങ്ങൾ

നിർദ്ദേശിച്ചിരുന്നു. പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. 21-05-2017-ലെ ഉത്തരവുപ്രകാരം തീരദേശ ഹൈവേയുടെ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ടെങ്കിലും പുതിയ സർവ്വേയുടെ അടിസ്ഥാനത്തിൽ വന്ന മാറ്റങ്ങൾ ഉൾകൊള്ളിച്ചുകൊണ്ടുള്ള എറണാകുളം ജില്ലയിലെ തീരദേശ ഹൈവേയുടെ പുതുക്കിയ അലൈൻമെന്റ് ജി1/300/2022/PWD നമ്പർ ഫയലിൽ പരിശോധനയിലാണ്.

(ഡി) വീടും സ്ഥലവും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

വീടും സ്ഥലവും നഷ്ടപെടുന്നവർക്ക് നഷ്ടപരിഹാരത്തിനായി RFCTLARR ആക്ട്, 2013 പ്രകാരം നിശ്ചയിക്കുന്ന നഷ്ടപരിഹാര തുക നൽകുന്നതാണ്. ഇതിനുപുറമെ ഇവരെ പുനരധിവസിപ്പിക്കുന്ന പ്രവൃത്തികളുടെ എസ്.പി.വി.-യായി കേരള സംസ്ഥാന തീരദേശ വികസന കോർപറേഷനെ (KSCADC) നിശ്ചയിച്ചിട്ടുണ്ട്.

റീബിൽഡ് കേരള പദ്ധതി പ്രകാരം നവീകരിക്കുന്ന റോഡുകൾ

65 (1340) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതി പ്രകാരം നവീകരിക്കുന്ന മാനന്തവാടി-വിമലനഗർ-കുളത്താട്-വാളാട് ഹൈസ്കൂൾ വരെയ റോഡിന്റെ നിലവിലെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

റീബിൽഡ് കേരള പദ്ധതി പ്രകാരം നവീകരിക്കുന്ന മാനന്തവാടി-വിമലനഗർ-കുളത്താട്-വാളാട് ഹൈസ്കൂൾ വരെയ റോഡിന്റെ നിലവിലെ നിർമ്മാണ പുരോഗതി 58.07 ശതമാനമാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; അറിയിക്കാമോ?

പദ്ധതിയുടെ അടങ്കൽ തുക 102.83 കോടി രൂപയാണ്.

(സി) ഇപ്രകാരം റോഡ് പുനരുദ്ധാരണം നടപ്പാക്കുന്നതുവഴി പൊതുമരാമത്ത് വകുപ്പ് ലക്ഷ്യംവയ്ക്കുന്നത് എന്താണെന്ന് വ്യക്തമാക്കാമോ?

പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങളും ഭാവിയിൽ ആവർത്തിക്കപ്പെടാവുന്ന പ്രളയത്തെയും നേരിടാനുള്ള ഉയർന്ന ഗുണനിലവാരം പുലർത്തുന്നതും നൂതനവുമായ നിർമ്മാണ രീതിയാണ് ഈ

പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. അന്തർദേശീയ നിലവാരത്തിൽ ഈ പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും തന്മൂലം ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും കൂടാതെ കാർഷിക, ടൂറിസം മേഖലകൾക്ക് പുത്തനുണർവ് ലഭ്യമാക്കുന്നതിനുമാണ് ഈ പദ്ധതിയിലൂടെ പൊതുമരാമത്ത് വകുപ്പ് ലക്ഷ്യം വയ്ക്കുന്നത്.

(ഡി) സംസ്ഥാനത്ത് റീബിൽഡ് കേരള പദ്ധതി പ്രകാരം നവീകരിക്കുന്ന മറ്റ് പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

റീബിൽഡ് കേരള പദ്ധതി പ്രകാരം നവീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള മറ്റ് പൊതുമരാമത്ത് റോഡുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.[+]

എം.സി. റോഡിനെ നാല് വരിപ്പാതയാക്കി ഉയർത്താൻ നടപടി

66 (1341) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കേശവദാസപുരത്ത് നിന്നാരംഭിച്ച് അങ്കമാലിയിൽ അവസാനിക്കുന്ന സംസ്ഥാന പാതയായ എം.സി. റോഡിനെ നാല് വരിപ്പാതയാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേശവദാസപുരത്ത് നിന്നാരംഭിച്ച് അങ്കമാലിയിൽ അവസാനിക്കുന്ന സംസ്ഥാന പാതയായ എം.സി. റോഡിനെ നാല് വരിപ്പാതയാക്കുന്ന പദ്ധതി 2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതാണ്. ഇതിനെ തുടർന്ന് 05-11-2022-ലെ സ.ഉ. (ആർ.റ്റി.)നം.1069/2022/പി.ഡബ്ല്യു.ഡി. പ്രകാരം പദ്ധതിക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുവാൻ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ എത്ര കോടി രൂപയാണ് ഇതിന്റെ നിർമ്മാണത്തിനായി മാറ്റി വച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേശവദാസപുരത്ത് നിന്നാരംഭിച്ച് അങ്കമാലിയിൽ അവസാനിക്കുന്ന സംസ്ഥാന പാതയായ എം.സി. റോഡിന്റെയും കൊല്ലം ചെങ്കോട്ട റോഡിന്റെയും വികസനത്തിനായി കിഫ്ബി മുഖേന 1500 കോടിക്കുള്ള തത്വത്തിലുള്ള ഭരണാനുമതിയാണ് നൽകിയത്.

(സി) സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതിക്കുവേണ്ടിയുള്ള ലാൻഡ് അക്വിസിഷൻ പ്ലാൻ പൊതുമരാമത്ത് ഡിസൈൻ വിഭാഗം തയ്യാറാക്കിവരുന്നു.

കല്ല്യാശ്ശേരി മണ്ഡലത്തിൽ ബി.എം. ആന്റ് ബി.സി. ചെയ്യാൻ ബാക്കിയുള്ള പൊതുമരാമത്ത് റോഡുകൾ

67 (1342) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ട പൊതുമരാമത്ത് റോഡുകളും അവയുടെ ദൈർഘ്യവും വിശദമാക്കാമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്ന കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ട പൊതുമരാമത്ത് റോഡുകളും അവയുടെ ദൈർഘ്യവും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ അധീനതയിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ താഴെപ്പറയുന്ന റോഡുകളാണ് ഉൾപ്പെടുന്നത്:

1.	പുന്നക്കടവ് - പുതിയപുഴക്കര - ഏഴിമല റെയിൽവേ സ്റ്റേഷൻ - ഏഴിലോട് റോഡ്	9.22 കി.മീ.
2.	തളിപ്പറമ്പ് - പട്ടുവം - ചെറുകുന്ന് റോഡ്	9.40 കി.മീ.
3.	ചന്തപ്പുര പരിയാരം മെഡിക്കൽ കോളേജ് - ശ്രീസ്ഥ – നെരുവമ്പ്രം - ഏഴോം - കോട്ടക്കീൽ - കാവിൻമുനമ്പ് - പറപ്പൂൽ - വെള്ളിക്കീൽ - ഒഴക്രോം കണ്ണപുരം റോഡ്	25.65 കി.മീ.
ആകെ		**44.27 കി.മീ.**

(ബി) പ്രസ്തുത മണ്ഡലത്തിൽ ബി.എം.&ബി.സി. ചെയ്യാൻ ബാക്കിയുള്ള പൊതുമരാമത്ത് റോഡുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ബി.എം.&ബി.സി. ചെയ്യാൻ ബാക്കിയുള്ള പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിലുള്ള റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത റോഡുകളിൽ പുന്നക്കടവ് - പുതിയപുഴക്കര റോഡ് (കി.മീ. 3/300 മുതൽ 9/220 വരെ) 5.92 കി.മീ. ബി.എം.&ബി.സി. പ്രവൃത്തി ചെയ്യാൻ ബാക്കിയുണ്ട്.

കാസർകോഡ് ജില്ലയിലെ തീരദേശ ഹൈവേ

68 (1343) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയിൽ കാസർഗോഡ് ജില്ലയുടെ തെക്കൻ അതിർത്തിയായ രാമന്തളി-പാണ്ഡ്യാലക്കടവ് റോഡ് പാലം പണിയും വലിയപറമ്പ് പഞ്ചായത്തിലെ തീരദേശ റോഡിന്റെ പണിയും എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) കേരള റോഡ് ഫണ്ട് ബോർഡിന്റെ ചുമതലയിലുള്ള ഈ പ്രവൃത്തികൾ ആരംഭിക്കാൻ എത്ര കാലതാമസം ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) തീരദേശ ഹൈവേയുടെ അലൈൻമെന്റിൽ വരുന്ന കാസർഗോഡ് ജില്ലയിലെ രാമന്തളി പാണ്ഡ്യാലക്കടവ് പാലം (വലിയപറമ്പ പാലം) പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് സാമ്പത്തിക അനുമതി

ലഭിക്കുന്നതിനായി 03-11-2022-ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി ലഭ്യമാവുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനും ടെൻഡർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും.

കാസർഗോഡ് ജില്ലയിൽ ഉൾപ്പെടുന്ന വലിയപറമ്പ മുതൽ പന്നിക്കുന്ന് വരെയുള്ള 58 കി.മീ. തീരദേശ ഹൈവേയ്ക്ക് സ്ഥലം എറ്റെടുക്കുന്നതിന് 44.68 കോടിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്.

ടി റീച്ചിൽ സ്ഥലം എറ്റെടുക്കുവാനുള്ള റവന്യു വകുപ്പിന്റെ ഉത്തരവ് ലഭിക്കുകയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റീച്ചിന്റെ ഡി.പി.ആർ. IDECK മുഖാന്തിരം തയ്യാറാക്കുന്ന പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭിച്ച്, സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായശേഷം സാങ്കേതികാനുമതി നൽകുന്നതിനും ടെൻഡർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും.

ദേശീയപാത 744 -ന്റെ വികസനം

69 (1344) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 744-ൽ കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെ നാലുവരിപാതയാക്കുന്നതിനുള്ള കിഫ്ബി പദ്ധതി 2022 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കൊല്ലം - ചെങ്കോട്ട പാതയുടെ വികസനത്തിനായി പ്രഖ്യാപിച്ചിട്ടുള്ള കിഫ്ബി പദ്ധതിയുടെ പശ്ചാത്തലത്തിൽ ഉപേക്ഷിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കൊല്ലം-ചെങ്കോട്ട പാതയുടെ വികസനത്തിനായി പ്രഖ്യാപിച്ചിട്ടുള്ള കിഫ്ബി പദ്ധതിയുടെ പദ്ധതി രൂപീകരണ പുരോഗതി അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ഇല്ല. 27-05-2020-ലെ സ.ഉ.(സാധാ)നം.480/2020/പൊ.മ.വ. പ്രകാരം ദേശീയപാത 744-ൽ കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെ മൂന്ന് കിലോ മീറ്റർ നാലുവരിപ്പാതയാക്കുന്നതിനും കുണ്ടറ പള്ളിമുക്ക് ജംഗ്ഷനിൽ ഫ്ലൈ ഓവറും റെയിൽവേ മേൽപ്പാലവും നിർമ്മിക്കുന്നതിനും കിഫ്ബിയിൽ ഉൾപ്പെടുത്തി 447.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 17-06-

2020-ലെ സ.ഉ.(സാധാ)നം.531/2020/പൊ.മ.വ. പ്രകാരം ദേശീയ പാത വിഭാഗം ചീഫ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസിയായി കേരള റോഡ് ഫണ്ട് ബോർഡിനെ നിയമിച്ചു.

2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടിട്ടുള്ള " Development of Thiruvananthapuram – Angamali MC Road & Kollam Chengotta Road" എന്ന പദ്ധതിയിൽ ഈ പ്രവർത്തിയിലെ ഭാഗങ്ങൾകൂടി ഉൾപ്പെടുമെന്നതിനാൽ പ്രസ്തുത റോഡുമായി ബന്ധപ്പെട്ട് എൻ.എച്ച്. വിഭാഗത്തിൽനിന്നും നടത്തിയിട്ടുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്.

പ്രസ്തുത റോഡ് ഉൾപ്പെടെയുള്ള പ്രവർത്തിക്കായി 05-11-2022-ലെ സ.ഉ.(സാധാ)നം.1069/2022/പൊ.മ.വ. പ്രകാരം 1500 കോടി രൂപയുടെ ഭരണാനുമതി തത്ത്വത്തിൽ നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിന് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് നിർദ്ദേശം നൽകി തുടർനടപടി സ്വീകരിച്ചുവരുന്നു.

റോഡ് വികസനവുമായി ബന്ധപ്പെട്ടുള്ള കോടതി വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ

70 (1345) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കൽ, അനധികൃത കൈയേറ്റങ്ങൾ കണ്ടെത്തൽ, ഒഴിപ്പിക്കൽ തുടങ്ങിയ വിഷയങ്ങളിന്മേൽ നിലനിൽക്കുന്ന കോടതി വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ ഇത്തരത്തിലുള്ള വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ടോ; ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത വ്യവഹാരങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

(എ-സി) കോടതി കേസുകൾക്ക് യഥാസമയത്ത് കാര്യവിവര പത്രിക കോടതികളിൽ സമർപ്പിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. പ്രസ്തുത കേസുകളുടെ അടിയന്തര പ്രാധാന്യം പരിഗണിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവരവരുടെ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന സ്റ്റേയുള്ള കേസുകളിൽ ഗവൺമെന്റ് പ്ലീഡറെ നേരിട്ടുകണ്ട് സ്റ്റേ വെക്കേറ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

വടക്കാഞ്ചേരി മണ്ഡലത്തിൽ നിലവിലുള്ള വ്യവഹാരങ്ങൾ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.+

പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാര പരിശോധന

71 (1346) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാത്ത് റോഡുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ മൂന്ന് ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) റീജിയണൽ ലബോറട്ടറികളും ബാക്കി പതിനൊന്ന് ജില്ലകളിൽ ജില്ലാ ലബോറട്ടറികളും നിലവിലുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാന്വലിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നും വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രവൃത്തികളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യഥാസമയം ജില്ലാതല ലബോറട്ടറികളെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള 1st tier, 2nd tier എന്നീ ശ്രേണികളിലായുള്ള ഗുണനിലവാര പരിശോധന നടത്തിവരുന്നു. ഇതിൽ ഒന്നാംഘട്ട ഗുണനിലവാര പരിശോധനകൾ പ്രവൃത്തി നടക്കുന്ന സമയത്ത് അതത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കരാറുകാരാണ് ചെയ്യുന്നത്. രണ്ടാംഘട്ട ഗുണനിലവാര പരിശോധന നടത്തുന്നത് വകുപ്പിന്റെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗമാണ്. രണ്ടാംഘട്ട പരിശോധന നടത്തുന്നതിനായി നിർമ്മാണ പ്രവൃത്തികളുടെ അസംസ്കൃത വസ്തുക്കൾ, കോൺക്രീറ്റ്, ടാറിംഗ് എന്നിവയുടെ പരിശോധനകൾ നടത്തുന്നതിനുള്ള ഉപകരണങ്ങൾ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഒന്നാംഘട്ട പരിശോധനയുടെയും രണ്ടാംഘട്ട പരിശോധനയുടെയും ഫലത്തിൽ വ്യത്യാസം വരുന്നപക്ഷം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മാർഗ്ഗ നിർദ്ദേശത്തിൽ

ഏതെങ്കിലും അംഗീകാരമുള്ള ലാബുവഴി തേർഡ് പാർട്ടി ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തുന്നതാണ്.

(ബി) റോഡ് നിർമ്മാണഘട്ടത്തിൽ ഏതെല്ലാം തരത്തിലുള്ള ഗുണനിലവാര പരിശോധനകളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ?

റോഡ് നിർമ്മാണ ഘട്ടത്തിൽ Wet Mix Macadam, Granular Sub Base തുടങ്ങിയ പാളിയുടെ സാമ്പിൾ ശേഖരിച്ച് സീവ് അനാലിസിസിലൂടെ ഗ്രേഡേഷൻ കണ്ടെത്തുന്നു. Thickness gauge, Vernier caliper തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ച് ബിറ്റുമിനസ് മെക്കാഡം & ബിറ്റുമിനസ് കോൺക്രീറ്റ് ലയറുകളുടെ കനം കണ്ടെത്തുന്നു. പാളിയുടെ സാമ്പിൾ ശേഖരിച്ച് ബിറ്റുമിൻ എക്സ്ട്രാക്ഷൻ ടെസ്റ്റ് നടത്തി ബിറ്റുമിന്റെ അളവ് നിർണ്ണയിക്കുന്നു.

ഈരാറ്റുപേട്ട ബൈപാസ് നിർമ്മാണം

72 (1347) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈരാറ്റുപേട്ടയിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രസ്തുത ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിലാക്കി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) Improvement to Erattupetta- Byepass causeway to MES Junction എന്ന പേരിൽ രണ്ട് റീച്ചുകളിലായി ആകെ 1.80 കി.മീ. നീളം വരുന്ന ഈരാറ്റുപേട്ട ബൈപ്പാസ് പദ്ധതിക്ക് 2013-ൽ പത്ത് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 4,81,52,039/- രൂപ എം.ഇ.എസ്. ജംഗ്ഷനിലുള്ള പാലം നിർമ്മാണത്തിനായും ഇതിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കുമായി ചെലവഴിച്ചിട്ടുള്ളതും 5,18,47,961/- രൂപ ബാക്കി നിൽക്കുന്നതുമാണ്. ബൈപാസിനാവശ്യമായ മുഴുവൻ സ്ഥലവും ഏറ്റെടുക്കുന്നതിനും റോഡ് നിർമ്മിക്കുന്നതിനും ബാക്കി നിൽക്കുന്ന തുക

കൂടാതെ 50,51,03,000/- രൂപ അധികമായി വേണ്ടിവരുന്നതുമാണ്. പ്രസ്തുത വിഷയം ജി1/250/2020-പൊ.മ.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

നിലവിൽ അംഗീകരിച്ചിരിക്കുന്ന ഈരാറ്റുപേട്ട ബൈപ്പാസിന്റെ രണ്ട് റീച്ചുകളിലായി നിർദ്ദേശിച്ചിരിക്കുന്ന അലൈൻമെന്റിൽ ആദ്യത്തെ റീച്ച് ഒഴിവാക്കി രണ്ടാമത്തെ റീച്ചിലുള്ള മുനിസിപ്പൽ റോഡ് പൂർണ്ണമായും വിനിയോഗിച്ച് ബൈപ്പാസ് നിർമ്മിച്ചാൽ ഈരാറ്റുപേട്ട നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കി വാഹനഗതാഗതം സുഗമമാക്കാം എന്നാണ് വിലയിരുത്തിയിട്ടുള്ളത്. 700 മീറ്റർ നീളം വരുന്ന രണ്ടാമത്തെ റീച്ച് മാത്രം നിർമ്മിച്ചാൽ ഭൂമി ഏറ്റെടുക്കലിനും റോഡ് നിർമ്മാണത്തിനും ആവശ്യമായി വരുന്ന തുക ഗണ്യമായി കുറയും. ഈ സാഹചര്യത്തിൽ ആദ്യത്തെ അലൈൻമെന്റിന് പകരം പുതിയ അലൈൻമെന്റിൽ അനുയോജ്യത സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ട്.

കുന്നത്തുനാട് മണ്ഡലത്തിലെ റോഡുകളുടെ നവീകരണം

73 (1348) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ മോറക്കാല-താളിക്കല്ല് റോഡ്, മംഗലത്തുനട-പ്ലാവിൻചുവട് റോഡ് എന്നിവ ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മോറയ്ക്കാല-താളിക്കല്ല് റോഡ് പൊതുമരാമത്ത് വകുപ്പ് റോഡായ മനയ്ക്കക്കടവ്-മോറയ്ക്കാല റോഡിന്റെ 1/900 കിലോ മീറ്ററായ വെസ്റ്റ് മോറയ്ക്കാലയിൽ നിന്നും തുടങ്ങി മഞ്ചേരിക്കുഴി പാലത്തിലേക്ക് 900 മീറ്റർ വരുന്നതും, നിലവിൽ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതുമാകുന്നു. മഞ്ചേരിക്കുഴി പാലം കുന്നത്തുനാട് നിയോജകമണ്ഡലത്തെയും, തൃക്കാക്കര മണ്ഡലത്തേയും ബന്ധിപ്പിക്കുന്നതും, ഇൻഫോ പാർക്ക് കാക്കനാട് മുതലായ സ്ഥലങ്ങളിലേക്ക് എത്തിച്ചേരുന്നതിനും മഞ്ചേരിക്കുഴി പാലത്തിലേക്കുള്ള അനുബന്ധ റോഡ് വികസിക്കേണ്ടതായിട്ടുണ്ട്. ബഹു. കുന്നത്തുനാട് എം.എൽ.എ.യുടെയും, ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെയും ആവശ്യപ്രകാരം ഈ റോഡ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സന്ദർശിക്കുകയും, നിലവിൽ 20 എം.എം. ചിപ്പിംഗ് കാർപ്പറ്റ് രീതിയിൽ ചെയ്തിരിക്കുന്ന ഈ റോഡ് പി.ഡബ്ല്യു.ഡി. നിലവാരത്തിൽ വീതി

കൂട്ടി ബി.എം. & ബി.സി. ചെയ്യുന്നതിന് 2.25 കോടി രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

ബഹു. കുന്നത്തുനാട് എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം മംഗലത്തുനട പ്ലാവിൻചുവട് റോഡ് സന്ദർശിച്ച് ടി റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രവൃത്തികൾക്കുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത കൂടി പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയും.

വടുതല പുനരധിവാസ ഭൂമിയിലെ റോഡ് നിർമ്മാണം

74 (1349) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിലെ ചേരാനല്ലൂർ വില്ലേജിലെ വടുതല പുനരധിവാസ ഭൂമിയിലെ റോഡ് നിർമ്മാണവും വെള്ളക്കെട്ട് ഒഴിവാക്കാൻ

ഡ്രെയിനേജ് നിർമ്മിക്കലും കളിസ്ഥലത്തിന്റെ പുനരുദ്ധാരണവും എന്ന് തുടങ്ങുമെന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

വടുതല പുനരധിവാസ കോളനിയിലെ റോഡിനോട് അനുബന്ധിച്ചിട്ടുള്ള ഡ്രെയിനേജ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കളിസ്ഥലം കൊച്ചി നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്തതും, കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ളതുമാണ്.

കാസർഗോഡ് മണ്ഡലത്തിലെ കല്ലടക്ക-ചെർക്കള റോഡിന്റെ ടെണ്ടർ നടപടികൾ

75 (1350) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിലെ കല്ലടക്ക-ചെർക്കള റോഡ് പ്രവൃത്തി ടെൻഡർ ചെയ്ത തീയതി അറിയിക്കുമോ?

12-07-2018-ലാണ് കാസർഗോഡ് മണ്ഡലത്തിലെ കല്ലടക്ക-ചെർക്കള റോഡ് പ്രവൃത്തി ടെണ്ടർ ചെയ്തത്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ ഒപ്പുവച്ചത് എന്നാണെന്നും കരാർ കാലാവധി എത്രയാണെന്നും വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ കരാർ ഒപ്പുവച്ചത് 17-10-2018-ലാണ്. കരാർ പ്രകാരം കാലാവധി ഒരു വർഷമായിരുന്നു (24-10-2019). ആയത് നിർവ്വഹണ ചുമതലയുള്ള എഞ്ചിനീയർമാരുടെ ശിപാർശ പ്രകാരം 30-11-2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) കരാർ തുക എത്രയാണെന്നും ഇതുവരെ ചെയ്ത പ്രവൃത്തി എത്ര രൂപയുടേതാണെന്നും പ്രസ്തുത പ്രവൃത്തിയുടെ ബില്ലുകൾ കരാറുകാരന് മാറിനൽകിയോ എന്നും അറിയിക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ കരാർ തുക 35,68,01,761/- രൂപയാണ്. കരാറുകാരന് നിലവിൽ 27,87,11,193/- രൂപ വരെയുള്ള ബില്ലുകൾ മാറിനൽകിയിട്ടുണ്ട്.

(ഡി) റോഡിന്റെ എത്ര ശതമാനം പ്രവൃത്തികളാണ് പൂർത്തിയായതെന്നും ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

ഇതുവരെയായി പ്രവൃത്തിയുടെ 78% പൂർത്തീകരിച്ചിട്ടുണ്ട്. ഡി.ബി.എം പ്രവൃത്തി മുഴുവനായും പൂർത്തീകരിച്ചിട്ടുണ്ട്. ബി.സി.-യും അനുബന്ധ പ്രവൃത്തികളും പൂർത്തീകരിക്കാനുണ്ട്.

(ഇ) ഈ റോഡിന്റെ സെക്കന്റ് ലെയർ ചെയ്തിട്ടുണ്ടോ; ഫസ്റ്റ് ലെയർ ചെയ്തതിനുശേഷം സെക്കന്റ് ലെയർ ചെയ്യാനുള്ള സമയപരിധി എത്രയാണെന്ന് വിശദമാക്കുമോ?

ഈ പ്രവൃത്തിയുടെ സെക്കന്റ് ലെയറായ ബി.സി. പ്രവൃത്തി ചെയ്തിട്ടില്ല. ഫസ്റ്റ് ലെയർ ടാറിംഗ് ചെയ്തതിനുശേഷം സെക്കന്റ് ലെയർ തുടങ്ങാനുള്ള സമയപരിധി 48 മണിക്കൂറാണ്.

(എഫ്) ഫസ്റ്റ് ലെയർ ചെയ്തതിനുശേഷം റോഡിൽ കുണ്ടുംകുഴിയും പ്രത്യക്ഷപ്പെട്ട് തുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) ഇപ്പോഴത്തെ കരാറുകാരൻ പ്രവൃത്തി തുടരാൻ തയ്യാറല്ലാത്ത സാഹചര്യത്തിലും രണ്ടാമത്തെ ലെയർ ഉടൻ ചെയ്തില്ലെങ്കിൽ ആദ്യ ലെയർ പൊട്ടിപ്പൊളിഞ്ഞ് നാശമാകാൻ സാധ്യതയുള്ളതിനാലും സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർനടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ?

കരാറുകാരൻ പ്രവൃത്തി തുടരാൻ തയ്യാറല്ലാത്ത സാഹചര്യത്തിൽ കരാർ റദ്ദ് ചെയ്യുന്നതിന് മുന്നോടിയായി 10-11-2022-ൽ ഒന്നാം നോട്ടീസ് നൽകിയിട്ടുണ്ട്.

കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

76 (1351) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ മണ്ഡലത്തിൽ പൊതുമരാമത്ത് റോഡ് വിഭാഗത്തിന്റെ കീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും അതിന്റെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

ദേശീയ പാത വികസനം

77(1352) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ദേശീയപാത വികസനത്തിന് നൽകിയ പ്രത്യേക പരിഗണന വഴി കൈവരിക്കാനായ നേട്ടങ്ങൾ വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിന് മുന്തിയ പ്രാധാന്യമാണ് സർക്കാർ നൽകുന്നത്. 2011-16 കാലഘട്ടത്തിൽ എങ്ങുമെത്താതെ മുടങ്ങിക്കിടന്ന ദേശീയപാതാ വികസനം സാധ്യമാക്കാൻ നിശ്ചയദാർഢ്യത്തോടെയുള്ള നടപടികളാണ് 2016-ൽ അധികാരത്തിൽ വന്ന സർക്കാർ സ്വീകരിച്ചത്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നയമനുസരിച്ച് അവാർഡ് ചെയ്ത് പ്രവൃത്തി തുടങ്ങുന്നതിന് മുൻപ് പദ്ധതിക്കാവശ്യമായ ഭൂമിയുടെ 80-90 ശതമാനം ഭൂമിയെങ്കിലും ഏറ്റെടുത്ത് നൽകേണ്ടതുണ്ട്. ഇപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനും ഭൂമി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പാക്കുന്നതിനും സത്വരനടപടികളാണ് സർക്കാർ സ്വീകരിച്ചത്. സ്ഥലം വിട്ടുനൽകുന്നവർക്ക് അർഹമായ നഷ്ടപരിഹാരം നൽകാനും തുകയുടെ 25% വഹിക്കാനും സംസ്ഥാന സർക്കാർ തീരുമാനിച്ചു. അർഹരായ എല്ലാവർക്കും 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരമുള്ള നഷ്ടപരിഹാരം ഉറപ്പാക്കി. തെറ്റിദ്ധാരണ സൃഷ്ടിക്കാൻ നടന്ന ശ്രമങ്ങളെ പരാജയപ്പെടുത്തി ജനങ്ങളുടെ പൂർണ്ണ

സഹകരണത്തോടെയാണ് പദ്ധതി ഇപ്പോൾ പുരോഗമിക്കുന്നത്. സ്ഥലമേറ്റെടുപ്പിന്റെ 98.92 ശതമാനവും പൂർത്തിയായിക്കഴിഞ്ഞു. വിവിധ റീച്ചുകളിലായി ദേശീയ പാതയുടെ വികസന പ്രവൃത്തികൾ നടന്നുവരികയാണ്. അസാധ്യമെന്നുപറഞ്ഞ് പലരും എഴുതിത്തള്ളിയ ഈ സ്വപ്ന പദ്ധതി 2025-ഓടെ പൂർത്തിയാക്കുകയാണ് ലക്ഷ്യം. പദ്ധതി പൂർത്തിയാകുന്നതോടെ ഗതാഗത സൗകര്യങ്ങളിലുണ്ടാകുന്ന മാറ്റം സംസ്ഥാനത്തിന്റെ സർവ്വതോൻമുഖമായ വികസനത്തിന് കൂടുതൽ ഊർജ്ജം പകരുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ദേശീയപാത 66-നുവേണ്ട ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിട്ടുണ്ടോ; എത്ര റീച്ചുകളായാണ് പ്രവൃത്തി പുരോഗമിക്കുന്നത്; അവയുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ദേശീയപാത 66-ന്റെ 98.92% ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. ദേശീയപാത 66-ൽ 21 പദ്ധതികളിലായാണ് പ്രവൃത്തി പുരോഗമിക്കുന്നത്. റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുമായി യോഗം നടത്തി ഭൂമി ഏറ്റെടുക്കൽ പുരോഗതി എല്ലാ ആഴ്ചയിലും വിലയിരുത്തുന്നുണ്ട്. ദേശീയപാതാ വികസനത്തിന്റെ

ഏകോപനം ഉറപ്പുവരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ യോഗം നടത്തുന്നുണ്ട്. ഇതുകൂടാതെ നിർമ്മാണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പുമന്ത്രി നേരിട്ടെത്തി വിലയിരുത്തുകയും ജില്ലകളിൽ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ദേശീയപാതാ വികസനത്തിൽ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും നേതൃത്വത്തിലുള്ള യോഗങ്ങളും നടത്തുന്നുണ്ട്. ഭൂമി ഏറ്റെടുക്കലിന്റെയും ദേശീയപാത പ്രവൃത്തിയുടെയും പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) കാസർഗോഡ് പെരിയയിൽ നിർമ്മാണത്തിലിരുന്ന പാലം തകർന്നുവീണ സംഭവത്തിന്റെ പശ്ചാത്തലത്തിൽ നിർമ്മാണത്തിലെ ഗുണനിലവാരം ഉറപ്പാക്കാൻ നാഷണൽ ഹൈവേ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ദേശീയപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദേശീയപാത അതോറിറ്റി നടപ്പാക്കുന്നത് കേന്ദ്ര ഉപരിതലഗതാഗത വകുപ്പിന്റെ സ്പെസിഫിക്കേഷനുകളും IRC (Indian Road Congress) മാനദണ്ഡങ്ങളും പാലിച്ചാണ്. പെരിയയിൽ നിർമ്മാണത്തിലിരിക്കുന്ന പാലം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തകർന്നുവീണത് പോലെയുള്ള സംഭവങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തി വീഴ്ചവരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്ന് ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡിന്റെ പരിപാലനം

78 (1353) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ പാത, സംസ്ഥാന പാത വിഭാഗങ്ങളിൽ നിലവിൽ എത്ര കിലോമീറ്റർ വീതമാണ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതെന്നും ഇതിൽ എത്ര കിലോമീറ്റർ റോഡുകൾ ബി.എം.& ബി.സി. ചെയ്തിട്ടുണ്ടെന്നും വ്യക്തമാകുമോ?

ദേശീയപാതാ വിഭാഗത്തിന് കീഴിൽ നിലവിൽ 548 കി.മീ. ദേശീയപാതകളാണുള്ളത്. ഈ റോഡുകളെല്ലാംതന്നെ ബി.എം.& ബി.സി. നിലവാരത്തിലുള്ളവയാണ്.

നിരത്ത് വിഭാഗത്തിന് കീഴിൽ 4128 കി.മീ. സംസ്ഥാന പാതകളാണുള്ളത്. ഇതിൽ 3252 കി.മീ. റോഡുകൾ ബി.എം.& ബി.സി. നിലവാരത്തിലുള്ളവയാണ്.

(ബി) ദേശീയപാത അതോറിട്ടിയുടെ റോഡുകളിൽ ഏതെങ്കിലും റോഡുകളുടെ പരിപാലനച്ചുമതല പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ; വിശദാംശം ലഭ്യമാകുമോ?

NHAI-യുടെ കീഴിലുള്ള ദേശീയപാതകളുടെ പരിപാലനം NHAI ആണ് നടപ്പിലാക്കേണ്ടത്. എന്നാൽ NH-966, NH-85, NH-744 എന്നീ ദേശീയപാതകൾ പരിപാലിക്കുന്നതിനായി നിലവിൽ കരാറുകാരെ/ കൺസഷണറെ NHAI ഏർപ്പെടുത്തിയിട്ടില്ല. പ്രസ്തുത ദേശീയപാതകളിൽ NHAI തുക അനുവദിച്ച് നിർദ്ദേശിക്കുകയാണെങ്കിൽ ആ തുക കൊണ്ട് പൊതുമരാമത്ത് ദേശീയപാത വിഭാഗം മെയിന്റനൻസ് പ്രവൃത്തികൾ നടത്താറുണ്ട്.

(സി) നിശ്ചിത യോഗ്യതയുള്ള ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമെടുത്തിട്ടുണ്ടോ?

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) കൊണ്ടോട്ടി മണ്ഡലത്തിലെ കൊണ്ടോട്ടി മേലങ്ങാടി-എയർപോർട്ട് റോഡ്, കോട്ടമ്മൽ-മാങ്കടവ്-ചുങ്കം റോഡ്, തുറക്കൽ-ചമ്മല

പറമ്പ റോഡ് എന്നിവ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന നഗരസഭയുടെയും പഞ്ചായത്തിന്റെയും നിവേദനത്തിന്മേൽ നടപടി സ്വീകരിക്കുമോ;

(ഇ) പ്രധാന ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഒരു നിശ്ചിത കാലത്തേക്ക് പരിപാലിക്കുന്നതിന് പദ്ധതി രൂപീകരിക്കുമോ?

(ഡി&ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സർക്കാരിന്റെ പരിശോധനയിലാണ്.

പാലക്കാട് ജില്ലയിലെ റോഡുകൾ

79 (1354) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നഗരസഭയുടെ അധീനതയിലുള്ള കെ.എസ്.ആർ.ടി.സി. വെണ്ണക്കര-തിരുനെല്ലായ് റോഡ്, ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള കെ.എസ്.ആർ.ടി.സി. ഡിപ്പോ ലിങ്ക് റോഡ്-കെ.എസ്ആ.ർ.ടി.സി. വിത്തുണ്ണി റോഡ് എന്നീ രണ്ട് പ്രധാന റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന വിഷയം സർക്കാറിന്റെ പരിശോധനയിലാണ്.

(ബി) ഈ റോഡിന്റെ നവീകരണത്തിന് പൊതുമരാമത്ത് വകുപ്പ് ഒറ്റത്തവണ ഫണ്ട് അനുവദിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഈ റോഡുകളുടെ നവീകരണത്തിന് ഒറ്റത്തവണ ഫണ്ട് അനുവദിച്ചതായി കാണുന്നില്ല.

(സി) റോഡിന്റെ നവീകരണ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിൽ വരുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

നെന്മാറ മണ്ഡലത്തിലെ റോഡുകളുടെ പ്രവൃത്തികൾ

80 (1355) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ പ്രവൃത്തികൾക്കാണ് നിലവിൽ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഓരോ റോഡുകളുടെയും പ്രവൃത്തികൾ സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫണ്ട് അനുവദിച്ച നെന്മാറ മണ്ഡലത്തിലെ റോഡ് പ്രവൃത്തികളുടെ വിവരങ്ങൾ, നിലവിലെ സ്ഥിതി തുടങ്ങിയവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

പാലാഴി കുറ്റിക്കാട്ടൂർ റോഡ് പ്രവൃത്തി

81 (1356) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന അനുവദിച്ച പാലാഴി കുറ്റിക്കാട്ടൂർ റോഡ് പ്രവൃത്തി ഇതുവരെയും ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ പ്രവൃത്തി നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(എ&ബി) കിഫ്ബി മുഖേന അനുവദിച്ച പാലാഴി കുറ്റിക്കാട്ടൂർ റോഡ് പ്രവൃത്തിക്ക് 10-07-2017-ലെ സ.ഉ.(സാധാ) നം.942/2017/പൊ.മ.വ. പ്രകാരം 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി 16-01-2019-ൽ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയതിന് 01-02-2019-ൽ കിഫ്ബിയിൽനിന്ന് ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് നൽകുകയും 21-05-2019-ൽ മറുപടി സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ 07-06-2019-ൽ non-compliance report കിഫ്ബിയിൽനിന്ന് ലഭിക്കുകയും ആയതിനുള്ള മറുപടി 18-10-2022-ൽ കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തു. തുടർന്ന് വിശദമായ ഡ്രോയിംഗുകളും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും, ലെവൽസും, ട്രാഫിക് സർവ്വേ ഡീറ്റെൽസും ഉൾപ്പെടെ പുതുക്കിയ ഡി.പി.ആർ. സമർപ്പിക്കുവാൻ 15-11-2022-ന് കിഫ്ബിയിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. അതുപ്രകാരം പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ പദ്ധതി

82 (1357) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ റോഡുകളിൽ വാട്ടർ അതോറിറ്റി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി റോഡുകളിൽ കുഴിയെടുത്തത് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പും വാട്ടർ അതോറിറ്റിയും വ്യത്യസ്ത നിരക്കുകൾ സ്വീകരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

പൊതുമരാമത്ത് വകുപ്പ് മുഖേന റെസ്റ്റോറേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്ന അവസരത്തിൽ നിലവിലുള്ള അംഗീകൃത റെസ്റ്റോറേഷൻ നിരക്കുകൾ പ്രകാരമാണ് റെസ്റ്റോറേഷൻ തുക കണക്കാക്കുന്നത്. സംസ്ഥാനത്തെ റോഡുകളിൽ വാട്ടർ അതോറിറ്റി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി കുഴികളെടുക്കുന്ന അവസരത്തിൽ റോഡുകൾ റെസ്റ്റോറേഷൻ ചെയ്ത് പൂർവ്വസ്ഥിതിയിൽ ടാർ ചെയ്യുന്നതിന്റെ ഉത്തരവാദിത്വം 24-02-2022-ലെ ജി.ഒ.(എം.എസ്.)നം.8/2022/പൊ.മ.വ. പ്രകാരം വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമാണ്. ഇതിനായി റോഡുകളുടെ

റെസ്റ്റോറേഷന് ആവശ്യമായ എസ്റ്റിമേറ്റ് MoRTH Specification പ്രകാരം വാട്ടർ അതോറിറ്റിയാണ് തയ്യാറാക്കുന്നത്.

റോഡുകളുടെയും പാലങ്ങളുടെയും നിലവാരം ഉറപ്പ് വരുത്താൻ നടപടി

83(1358) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാ അതോറിറ്റിയുടെ റോഡ് നിർമ്മാണത്തിനിടെ പാലം തകർന്നുവീണ സംഭവത്തിന്റെകൂടി പശ്ചാത്തലത്തിൽ സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിൽ നിശ്ചിത നിലവാരം കർശനമായി പുലർത്തുന്നുവെന്നുറപ്പ് വരുത്താൻ പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ടോ?

പൊതുമരാമത്ത് വകുപ്പിന് കീഴിലെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പ്രവൃത്തികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ അംഗീകൃത ഷെഡ്യൂൾ, സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം നടപ്പിലാക്കിവരുന്നു. പ്രവൃത്തികളുടെ ഗുണനിലവാരം

ഉറപ്പുവരുത്തുന്നതിനായി മൂന്ന് തലത്തിലുള്ള ഗുണനിലവാര പരിശോധകൾ നടത്തിവരുന്നു. ഒന്നാംഘട്ട ഗുണനിലവാര പരിശോധനകൾ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നടപ്പിലാക്കുന്നു. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകൾ ക്വാളിറ്റി കൺട്രോൾ യൂണിറ്റുകളുടെ നേതൃത്വത്തിൽ കർശനമായി നടപ്പിലാക്കുന്നു. പ്രവൃത്തികളുടെ പേമെന്റ് ഗുണനിലവാര പരിശോധന സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ് നൽകിവരുന്നത്. കൂടാതെ നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ച് പരാതികളുണ്ടാകുന്നപക്ഷം പൊതുമരാമത്ത് വിജിലൻസ് വിഭാഗം പരിശോധന നടത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. പ്രവൃത്തി നടക്കുന്ന ഇടങ്ങളിൽ നേരിട്ടെത്തിയുള്ള ഗുണപരിശോധനയ്ക്ക് ഓട്ടോമേറ്റഡ് മൊബൈൽ യൂണിറ്റുകൾകൂടി ഏർപ്പെടുത്തും. ജില്ലകളിലെ ഗുണപരിശോധന ശക്തിപ്പെടുത്താൻ മൊബൈൽ ലാബുകൾ സജ്ജമാക്കുന്ന പദ്ധതിയും നടപ്പാക്കും.

(ബി) മന്ത്രിയുടെ നേതൃത്വത്തിൽ സാങ്കേതിക വിദഗ്ധർ നടത്തിയ പരിശോധനയിൽ റോഡ് നിർമ്മാണത്തിലെ പോരായ്മകൾ കണ്ടെത്തിയിരുന്നോ; വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് നിരത്ത്/നിരത്ത് പരിപാലന വിഭാഗത്തിന് കീഴിലെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളുടെ പരിശോധന ചുമതലപ്പെടുത്തിയിട്ടുള്ള പരിശോധന സംഘത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്. പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥരെ തൽസ്ഥാനത്ത് നിന്ന് മാറ്റുന്നതുൾപ്പെടെയുള്ള അച്ചടക്ക നടപടികൾ കൈക്കൊണ്ടുവരുന്നു. ഇതുകൂടാതെ മറ്റ് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന ക്വാളിറ്റി കൺട്രോൾ വിഭാഗം മുഖേന നടപ്പിലാക്കുന്നു.

(സി) നിർമ്മാണം പൂർത്തിയാക്കി ഏറെ താമസിയാതെ റോഡ് തകരുന്ന സാഹചര്യത്തിൽ കരാറുകാരെയും പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാരെയും പ്രതികളാക്കി കേസെടുക്കാൻ ഉത്തരവിട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ബഹു. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം നിർമ്മാണം പൂർത്തിയാക്കി ആറുമാസത്തിനകം റോഡ് തകരുന്ന സാഹചര്യമുണ്ടായാൽ ബന്ധപ്പെട്ട എഞ്ചിനീയർമാരെയും കരാറുകാരെയും പ്രതികളാക്കി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് വിജിലൻസ് അന്വേഷണം നടത്തുന്നതിന് 02-09-2022-ലെ G2/428/2019/PWD നമ്പർ സർക്കുലർ പ്രകാരം

ഉത്തരവായിട്ടുണ്ട്. കൂടാതെ നിർമ്മാണം പൂർത്തിയാക്കി ഒരു വർഷത്തിനകം റോഡ് തകരുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട വകുപ്പ് അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

ഗുരുവായൂർ ആൽത്തറ പൊന്നാനി റോഡിന്റെ ബി.സി. ഓവർലേ പ്രവൃത്തി

84 (1359) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ആൽത്തറ പൊന്നാനി റോഡ് (സ്റ്റേറ്റ് ഹൈവേ) ബി.സി. ഓവർലേ പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഗുരുവായൂർ ആൽത്തറ പൊന്നാനി റോഡ് ബി.സി. ഓവർലേ നിർദ്ദേശം പരിഗണനയിലുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടി സ്വീകരിക്കും.

(ബി) പ്രസ്തുത റോഡിൽ ബി.എം. പ്രവൃത്തി പൂർത്തീകരിച്ച് രണ്ട് വർഷമായിട്ടും ബി.സി. ഓവർലേ പ്രവൃത്തി ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ?

പ്രസ്തുത റോഡിലെ ബി.സി. ഓവർലേ പ്രവൃത്തി 2016-ലാണ് പൂർത്തീകരിച്ചിട്ടുള്ളത്. ശേഷം പാച്ച് വർക്കുകൾ നടത്തി റോഡിന്റെ ഉപരിതലത്തിലെ കേടുപാടുകൾ തീർപ്പാക്കി വരുന്നുണ്ട്. ടി റോഡിൽ ബി.എം. മാത്രം ചെയ്ത് ബി.സി. പ്രവൃത്തി ചെയ്യാതിരുന്നിട്ടില്ല.

ചാവക്കാട്-വടക്കാഞ്ചേരി റോഡ് വീതി കൂട്ടുന്നത് സംബന്ധിച്ച്

85 (1360) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലൂടെ കടന്നുപോകുന്ന ചാവക്കാട്-വടക്കാഞ്ചേരി റോഡിൽ ചാവക്കാട് മുതൽ പാട്ടുകുളം വരെയുള്ള ഭാഗം വീതി കൂട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) കഴിഞ്ഞ രണ്ട് ബഡ്ജറ്റുകളിലും ഉൾപ്പെട്ട പ്രസ്തുത പ്രവൃത്തിയുടെ പ്രാഥമിക നടപടികൾ ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഗുരുവായൂർ മണ്ഡലത്തിലൂടെ കടന്നുപോകുന്ന ചാവക്കാട് - വടക്കാഞ്ചേരി റോഡിൽ ചാവക്കാട് മുതൽ പാട്ടുകുളം വരെയുള്ള ഭാഗത്തിന്റെ വീതിക്കൂട്ടൽ പ്രവൃത്തിക്കാവശ്യമായ പത്ത് ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് PRICE ID 21261/22 പ്രകാരം നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. ഇത് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ഭരണാനുമതി നൽകി വീതി കൂട്ടലിനാവശ്യമായ സർവ്വേ നടപടികൾ ഉൾപ്പെടെ തുടർ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

(സി) ചാവക്കാട്-വടക്കാഞ്ചേരി റോഡിൽ വീതി കൂട്ടാത്തത് പ്രസ്തുത പ്രദേശം മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ചാവക്കാട് മുതൽ പാട്ടുകളം വരെയുള്ള ഭാഗം താരതമ്യേന വീതി കുറവാണ്.

ദേശീയപാത 544-ൽ മണ്ണുത്തി - ഇടപ്പള്ളി റോഡ് നിർമ്മാണം

86 (1361) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 544-ൽ മണ്ണത്തി-ഇടപ്പള്ളി റോഡിൽ ദേശീയപാതാ അതോറിറ്റിയും കരാർ കമ്പനിയും തമ്മിലുണ്ടാക്കിയ എല്ലാ പ്രവൃത്തികളും ഇനിയും പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കരാറിൽ പറയുന്ന എല്ലാ പ്രവൃത്തികളും ചെയ്തുതീർത്തുവെന്ന് ഉറപ്പുവരുത്തുന്നതിനും, ബാക്കിയുള്ള പ്രവൃത്തികൾകൂടി ചെയ്ത് തീർപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ദേശീയപാത 544-ലെ ബാക്കിയുള്ള പ്രവൃത്തി പൂർത്തീകരിക്കാത്ത കാര്യം ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപെടുത്തിയിരുന്നു. പൂർത്തീകരിക്കണമെന്ന് സംസ്ഥാന സർക്കാർ നിരന്തരം ആവശ്യപ്പെടുകയും ചെയ്തു. ഇതേത്തുടർന്ന് ചാലക്കുടി VUP (Vehicular Under Pass)-ന്റെ നിർമ്മാണം നിലവിലെ കൺസഷണറുടെ റിസ്ക് ആന്റ് കോസ്റ്റിൽ പൂർത്തീകരിക്കുന്നതിന് 21-07-2022-ൽ ദേശീയപാതാ അതോറിറ്റി ടെൻഡർ ക്ഷണിച്ചിരുന്നു. പുതിയ കോൺട്രാക്ടർ EKK Infrastructure Ltd.-ന് 29-08-2022-ൽ LoA (Letter of Acceptance) നൽകുകയും 06-09-2022-ൽ കരാർ ഒപ്പുവയ്ക്കുകയും 15-09-2022-ൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. പ്രവൃത്തി പുരോഗമിക്കുന്നു.

(സി) നേരത്തെയുള്ള കരാറിൽ ഉൾപ്പെടാത്തതും എന്നാൽ സുഗമമായ ഗതാഗതത്തിനും, സുരക്ഷിതത്ത്വത്തിനും അത്യന്താപേക്ഷിതമാണെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ പ്രവൃത്തികൾ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നേരത്തെയുള്ള കരാറിൽ ഉൾപ്പെടാത്തതും എന്നാൽ സുഗമമായ ഗതാഗതത്തിനും സുരക്ഷിതത്ത്വത്തിനും അത്യന്താപേക്ഷിതമാണെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ പ്രവൃത്തികൾ അവയുടെ ആവശ്യകത, ടെക്നിക്കൽ ഫീസിബിലിറ്റി എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ചെയ്ഞ്ച് ഓഫ് സ്കോപ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

പന്തീർപാടം തേവർകണ്ടി റോഡ് നിർമ്മാണം

87 (1362) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഡിവിഷന് കീഴിലുള്ള പന്തീർപാടം തേവർകണ്ടി റോഡിന്റെ പ്രവൃത്തി കരാറുകാരൻ ഉപേക്ഷിച്ച് പോയതുകാരണം മുടങ്ങിക്കിടക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പന്തീർപാടം തേവർകണ്ടി റോഡ് പ്രവൃത്തിയിൽ നിലവിലെ കരാറുകാരനെ നഷ്ടോത്തരവാദിത്വവും ബാധ്യതയും ചാർത്തി പ്രവൃത്തിയിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ട്. ബാലൻസ് പ്രവൃത്തി നടപ്പാക്കുന്നതിനായി ബാലൻസ് എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധനയിലാണ്. ആയതിന് അംഗീകാരം നൽകി ടെണ്ടർ ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് റീ ടാറിംഗ് ചെയ്യാൻ നടപടി

88 (1363) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് റീ-ടാറിംഗ് പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി അവസാനിക്കുന്നത് എന്നാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് റീ-ടാറിംഗ് പ്രവൃത്തി 30-11-2022-ന് കരാർ കാലാവധി അവസാനിച്ചു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

കുറുകമാട് പാലം പുനർനിർമ്മാണം

89 (1364) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുവായൂർ മണ്ഡലത്തിലെ കുറുകമാട് പാലം ഗതാഗതയോഗ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പുതിയ പാലം നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) ഉദുവായൂർ മണ്ഡലത്തിലെ ബ്ലാങ്ങാട്-മാട്-കുറുകമാട് റോഡിൽ സ്ഥിതി ചെയ്യുന്ന കടപ്പുറം പാലം പഞ്ചായത്തിന്റെ അധീനതയിലാണുള്ളത്. വീതികുറവും, കാലപ്പഴക്കവുംമൂലം പാലം പുതുക്കി

പണിയേണ്ട സാഹചര്യത്തിലാണ്. ബഹു. എം.എൽ.എ.-യുടെ നിർദ്ദേശ പ്രകാരം കടപ്പുറം പഞ്ചായത്ത് എൻ.ഒ.സി. നൽകിയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. കടപ്പുറം പാലം പൊതുമരാമത്ത് വകുപ്പിന്റെ അസറ്റിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതിനുശേഷം തുടർനടപടികൾ പരിശോധിക്കാം.

തൃപ്പൂണിത്തുറ മണ്ഡലത്തിലെ നെട്ടൂർ മാർക്കറ്റ് പാലം

90 (1365) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ നെട്ടൂർ മാർക്കറ്റ് പാലം പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചതിനാൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പാലത്തിന്റെ പുനർനിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നും എത്ര കാലത്തിനകം പണി പൂർത്തിയാക്കാൻ സാധിക്കുമെന്നും അറിയിക്കുമോ?

(എ-സി) നെട്ടൂർ ചന്ത പാലത്തിന്റെ പുനർ നിർമ്മാണത്തിന് 19.60 കോടി രൂപയുടെ ഭരണാനുമതിയും 20.60 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്കാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടുള്ളതാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേൽ പ്രവൃത്തിയുടെ TGDD പ്രകാരം HTL-ൽ നിന്നുള്ള വെർട്ടിക്കൽ ക്ലിയറൻസ് 2.905 മീറ്ററാണുള്ളത്. എന്നാൽ IWAI-യുടെ മാനദണ്ഡങ്ങൾ പ്രകാരം വേലിയേറ്റ സമയത്തുള്ള ജലനിരപ്പിൽ നിന്നും അഞ്ച് മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് നൽകണമെന്ന് ജലസേചന വകുപ്പിൽ നിന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ വെർട്ടിക്കൽ ക്ലിയറൻസ് അഞ്ച് മീറ്ററാക്കി ഡിസൈൻ പുതുക്കേണ്ടതിനായി ഡിസൈൻ വിംഗിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ച ശേഷം സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുവാൻ കഴിയും. പ്രവൃത്തി ആരംഭിച്ചു കഴിഞ്ഞാൽ പതിനെട്ട് മാസത്തിനകം പൂർത്തിയാക്കാൻ കഴിയും.

മുദിയം പാലം നിർമ്മാണം

91 (1366) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ദേശീയ ഉപരിതലഗതാഗത പരിപാലന അതോറിറ്റി (എൻ.എച്ച്.എ.ഐ.), സംസ്ഥാന പൊതുമരാമത്ത് വകുപ്പ് എന്നിവർ നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച് രണ്ട് സാമ്പത്തിക വർഷം പിന്നിട്ടിട്ടും പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിൽ വന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ;

(എ&ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ മുദിയം പാലം, മലപ്പുറം ജില്ലയിലെ നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ അവസാനത്തെ റീച്ചായ അരിയല്ലൂർ മുതൽ കടലുണ്ടി വരെയുള്ള റോഡിൽ വരുന്നതാണ്. പ്രസ്തുത റോഡ് എൻ.എച്ച്.എ.ഐ. ബേപ്പൂർ പോർട്ട് കണക്റ്റിവിറ്റി പ്രവർത്തികളുടെ ഭാഗമായിരുന്നു. എൻ.എച്ച്.എ.ഐ. കെ.ആർ.എഫ്.ബി.-പി.എം.യു., കിഫ്ബി പ്രതിനിധികളുമായി 24-02-2022-ന് ചേർന്ന ഉന്നതല യോഗത്തിൽ പ്രസ്തുത പാലം പോർട്ട് കണക്റ്റിവിറ്റിയുടെ ഭാഗമായി

എൻ.എച്ച്.എ.ഐ. നടപ്പിലാക്കുന്നതിനുമുള്ള തീരുമാനം കൈക്കൊണ്ടിരുന്നു. തുടർന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, പോർട്ട് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ചെയർപേഴ്സൺ (NHAI) തുടങ്ങിയ ഉദ്യോഗസ്ഥർ ഡൽഹിയിൽ വച്ച് 06-07-2022-ന് യോഗം ചേരുകയും ബേപ്പൂർ പോർട്ട് കണക്റ്റിവിറ്റിയുടെ ആവശ്യകത സർക്കാർ വിശദമായി പരിശോധിച്ച് MoRTH-നെ അറിയിക്കേണ്ടതാണെന്ന് തീരുമാനിക്കുകയുമുണ്ടായി. ഇതിനെ തുടർന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി പോർട്ട് ഉദ്യോഗസ്ഥരേയും എൻ.എച്ച്.എ.ഐ. റീജിയണൽ ഓഫീസറേയും ഉൾപ്പെടുത്തി 30-07-2022-ൽ ഒരു ചർച്ച നടത്തുകയും ചെയ്തു.

നിലവിൽ കേരള മാരിടൈം ബോർഡ്, ബേപ്പൂർ പോർട്ട് കണക്റ്റിവിറ്റിക്കായി പന്തീരങ്കാവ് മുതൽ ബേപ്പൂർ വരെയുള്ള ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതിക്കായി പോർട്ട് വകുപ്പിന് നൽകിയിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ. നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റിൽകൂടി പോകുന്നതല്ലാത്തിനാൽ പൊതുമരാമത്ത്, വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി കിഫ്ബി സി.ഇ.ഒ.-യുമായി 16-11-2022-ന് നടത്തിയ ചർച്ചയുടെ വെളിച്ചത്തിൽ ബേപ്പൂർ പോർട്ട് കണക്റ്റിവിറ്റിയുമായി ഓവർലാപ് ചെയ്തുവന്നിരുന്ന തീരദേശ ഹൈവേയുടെ ഡി.പി.ആർ. കെ.ആർ.എഫ്.ബി.-

പി.എം.യു. മുഖാന്തിരം നടപ്പിലാക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മുദിയം പാലം ഉൾപ്പെടുന്ന മലപ്പുറം ജില്ലയിലെ അരിയല്ലൂർ മുതൽ കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹാർബർ വരെയുള്ള റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി ആരംഭ ഘട്ടത്തിലാണ്. ഇതിനുപുറമെ അന്തിമ ഘട്ടത്തിലുള്ള മുദിയം പാലത്തിന്റെ ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതുമാണ്.

(സി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രാഥമിക നടപടിക്രമങ്ങളുടെ പുരോഗതി, നിർമ്മാണവുമായി ബന്ധപ്പെട്ട മറ്റ് വിശദാംശങ്ങൾ എന്നിവ അറിയുന്നതിനടക്കം ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, ടെലിഫോൺ നമ്പർ, മൊബൈൽ നമ്പർ എന്നിവ ലഭ്യമാക്കുമോ?

പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അറിയുന്നതിനായി മലപ്പുറം ജില്ലയിലെ കെ.ആർ.എഫ്.ബി.-പി.എം.യു. എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി ജയ കെ. എ.-യുമായി (Office Phone No.0466 2960090, Mob.No.9446525385) ബന്ധപ്പെടാവുന്നതാണ്.

പാലാ നിയോജക മണ്ഡലത്തിലെ കടവ് പുഴ പാലം

92 (1367) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ കടവ്പുഴ പാലം കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ തകർന്നുപോയതും ഇതുമൂലം വർഷങ്ങളായി ജനങ്ങൾ യാത്രാദുരിതം അനുഭവിക്കുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പാലവുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്റെ (നമ്പർ. E6453186/2022/Min.(PWD)) നിജസ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാലം പുനർനിർമ്മിക്കുവാൻ അടിയന്തര പ്രാധാന്യം നൽകി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) പാലാ മണ്ഡലത്തിലെ കടവ്പുഴ പാലം തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണ്. 16-10-2021-ലുണ്ടായ വെള്ളപ്പൊക്കത്തിൽ പാലത്തിന് ഗതാഗത യോഗ്യമല്ലാത്ത വിധത്തിൽ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

ബഹു. എം.എൽ.എ. നൽകിയ E-6453186/2020/Min(PWD) നിവേദനം പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിന്

കൈമാറിയിട്ടുണ്ട്. എന്നാൽ ബഹു. എൽ.എൽ.എ.-യുടെ 6453207/2022/Min(PWD) എന്ന നമ്പറിലുള്ള നിവേദനം പാലങ്ങൾ വിഭാഗത്തിന് കൈമാറിയിട്ടതാണ്. പാലം പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണെന്ന് പാലങ്ങൾ വിഭാഗം മറുപടിയും നൽകിയിട്ടുണ്ട്.

മാക്കേകടവ്-നേരെ കടവ് പാലത്തിന്റെ നിർമ്മാണം

93 (1368) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്തൂർ മണ്ഡലത്തിലെ മാക്കേകടവ്-നേരെ കടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

നിലവിൽ 100 പൈലുകളിൽ 96 എണ്ണവും, 23 പൈൽ ക്യാപ്പുകളിൽ 21 എണ്ണവും, 21 പിയറുകളിൽ 21-ഉം, രണ്ട് നാവിഗേഷൻ സ്പാനിലുള്ള എട്ട് ബീമുകളിൽ എല്ലാ ബീമുകളും പൂർത്തിയായിട്ടുണ്ട്. ബാക്കി ബീമുകളും സ്ലാബും അപ്രോച്ച് റോഡുകളുടെ നിർമ്മാണവും നടത്തേണ്ടതായുണ്ട്. 10-06-2022-ന് പാലം നിർമ്മിക്കുന്നതിനാവശ്യമായ വസ്തു പൂർണ്ണമായും പൊതുമരാമത്ത് വകുപ്പിന് കൈമാറികിട്ടിയിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് റേറ്റ് റിവിഷൻ വേണമെന്നുള്ള കോൺട്രാക്ടറുടെ അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഡിസൈൻ കോൺട്രാക്ട് പ്രകാരം കരാർ നൽകിയിട്ടുള്ള പ്രവൃത്തിയുടെ ബാക്കി പ്രവൃത്തിയുടെ തുക പുതുക്കി നൽകുവാനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

അയനിക്കാട് കൊയമ്പ്രത്ത് കണ്ടി പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കൽ

94 (1369) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉള്ളിയേരി, നടുവണ്ണൂർ ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന അയനിക്കാട്-കൊയമ്പ്രത്ത്കണ്ടി പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ; പ്രസ്തുത പാലത്തിന്റെ പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

അയനിക്കാട്-കൊയന്ത്രത്ത്കണ്ടി പാലം നിർമ്മാണത്തിന് സ്ഥലത്തിന്റെ അഡ്വാൻസ് പൊസഷൻ ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പാലങ്ങൾ വിഭാഗം പരിശോധിച്ച് വരികയാണ്. സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തിയാക്കിയ ശേഷം പ്രവൃത്തി ആരംഭിക്കുവാൻ കഴിയും.

പള്ളിക്കമണ്ണടി-കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണം

95 (1370) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പള്ളിക്കമണ്ണടി, കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ?

കുമ്മല്ലൂർ പള്ളിക്കമണ്ണടി പാലങ്ങളുടെ നിർമ്മാണത്തിനുവേണ്ടി 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ D.P.R. ഡിസൈൻ വിഭാഗത്തിൽനിന്നും ലഭിക്കുകയും ആയത് 16-07-2022-ന് കിഫ്ബി പോർട്ടലിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പാലത്തിന്റെ സ്ഥലം

ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നുണ്ട്. സ്ഥലമേറ്റെടുക്കലിന്റെ ഭാഗമായി 11(1) നോട്ടിഫിക്കേഷൻ 03-02-2022-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി KIIFB appraisal വിഭാഗം 30-11-2022 - ന് സ്ഥല പരിശോധന നടത്തിയിട്ടുണ്ട്.

തൃശ്ശൂർ മണ്ഡലത്തിലെ പത്തനാപുരം പാലം നിർമ്മാണം

96 (1371) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ പത്തനാപുരം പാലത്തിന്റെ പുതുക്കിയ ജി.എസ്.റ്റി. നിരക്കനുസരിച്ചുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ (പാലങ്ങൾ) കാര്യാലയത്തിൽ നിന്നും സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ആയത് സമർപ്പിച്ചിട്ടില്ലെങ്കിൽ അടിയന്തരമായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ & ബി) ഇല്ല. കാവശ്ശേരി പഞ്ചായത്തിൽനിന്നും സ്ഥല ലഭ്യത ഉറപ്പു വരുത്തിക്കൊണ്ടുള്ള കത്ത് ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ്

സമർപ്പിക്കുന്നതാണെന്ന് ചീഫ് എഞ്ചിനീയർ പാലങ്ങൾ വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഞാവലിൻകടവ് പാലം നിർമ്മാണം

97 (1372) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ-ഒറ്റപ്പാലം മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഞാവലിൻകടവ് പാലത്തിന് ലക്കിടി പേരൂർ പ്രദേശത്ത് പൊതുമരാമത്ത് വകുപ്പ് നിർദ്ദേശിച്ച എലിവേറ്റഡ് സ്ട്രക്ച്ചർ പ്ലാനനുസരിച്ച് എത്ര സ്ഥലം വേണ്ടി വരുമെന്നത് സംബന്ധിച്ച് കൃഷി വകുപ്പ് നൽകിയ കത്തിന് പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നുള്ള മറുപടി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ലഭ്യമാക്കിയിട്ടില്ല.

റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

98 (1373) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസഹായത്തോടെ റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള മുഖേന നിർമ്മാണം നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ള പുതുക്കാട്, നെല്ലായി, ആലത്തൂർ, നന്ദിക്കര റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം ഇനിയും ആരംഭിക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റെയിൽവേയുടെ എൻ.ഒ.സി.-യും അനുമതിയും ലഭിക്കുന്നതിന് കാലതാമസം വരുന്നത് ഒഴിവാക്കുന്നതിനും മറ്റ് യാതൊരു തടസ്സങ്ങളും ഇല്ലാത്ത മേൽപ്പാലങ്ങളുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) തൃക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി)

പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജ് - പുതുക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ ജി.എ.ഡി.-യ്ക്ക് റെയിൽവേയിൽനിന്ന് ഡ്രോയിംഗ് നം.CBE/GV1/196/2003 പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. എന്നാൽ പ്ലാറ്റ്ഫോം വിപുലീകരണവും, അധികമായി Future track ഇടുന്നതും പരിഗണിക്കണമെന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട്

റെയിൽവേ നിരവധി തവണ ജി.എ.ഡി. മടക്കി നൽകുകയും അന്തിമ ജി.എ.ഡി. 22-02-2022-ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയുമാണ്. എന്നാൽ എറണാകുളം-ഷൊർണ്ണൂർ സെക്ഷൻ ഇടയിൽ വരുന്ന ആർ.ഒ.ബി.-കളുടെ ജി.എ.ഡി.-യ്ക്ക് റെയിൽവേയുടെ 3rd line അന്തിമമായതിനുശേഷം മാത്രമെ അംഗീകാരം നൽകുവാൻ സാധിക്കുകയുള്ളുവെന്ന് റെയിൽവേ അറിയിച്ചിട്ടുള്ളതാണ്. ജി.എ.ഡി.-യ്ക്ക് അംഗീകാരം ലഭിച്ചാൽ മാത്രമേ ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ.

ആലത്തൂർ ആർ.ഒ.ബി, നെല്ലായി ആർ.ഒ.ബി, നന്ദിക്കര ആർ.ഒ.ബി - ഈ ആർ.ഒ.ബി.-കളുടെ ജി.എ.ഡി.-കൾ റെയിൽവേയിൽ സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ എറണാകുളം-ഷൊർണ്ണൂർ സെക്ഷനുകളുടെ ഇടയിൽ വരുന്ന ആർ.ഒ.ബി.-കളുടെ ജി.എ.ഡി.-ക്ക് റെയിൽവേയുടെ 3rd line അന്തിമമായതിനുശേഷം മാത്രമെ അംഗീകാരം നൽകുവാൻ സാധിക്കുകയുള്ളൂ എന്ന് സതേൺ റെയിൽവേ അറിയിച്ചിട്ടുള്ളതാണ്.

റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

99 (1374) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം നീണ്ട് പോകുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

റെയിൽവേയിൽനിന്നും ജി.എ.ഡി. (ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ്) അംഗീകാരം ലഭിച്ച് ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായതിനുശേഷമാണ് ടെണ്ടർ നടപടികളുമായി മുമ്പോട്ടുപോകുന്നത്. ജി.എ.ഡി. അംഗീകരിക്കുന്നതിൽ കാലതാമസം, ഭൂമി കൈമാറുന്ന വിഷയത്തിൽ വിവിധ വകുപ്പുകളിൽ നിന്ന് എൻ.ഒ.സി. ലഭിക്കുന്നതിലുള്ള താമസം, സ്ഥലമെടുപ്പ് നടപടി വൈകുക എന്നീ കാരണങ്ങളാലാണ് പ്രധാനമായും സംസ്ഥാനത്തെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം നീണ്ടുപോകുന്നത്.

(ബി) പ്രസ്തുത നിർമ്മാണ ചെലവിനായി സംസ്ഥാന സർക്കാർ വിഹിതം നൽകാത്തതാണ് കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കിഫ്ബി വഴി നടപ്പാക്കുന്ന മേൽപ്പാലങ്ങൾക്ക് സംസ്ഥാന വിഹിതം കിഫ്ബി വഴി ലഭ്യമാക്കിയിട്ടുണ്ട്. എൽ.സി. 12, 36 എന്നീ ആർ.ഒ.ബി.-കൾക്ക് സംസ്ഥാന വിഹിതം നൽകുന്നതിനുള്ള വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ലെവൽ ക്രോസ് രഹിത കേരളം പദ്ധതിയ്ക്കായി നബാർഡിൽനിന്നും തുക ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക കെ-റെയിലിന് കൈമാറിയിട്ടുണ്ടോ?

ലെവൽ ക്രോസ് രഹിത കേരളം പദ്ധതിയ്ക്കായി നബാർഡിൽ നിന്നും തുക ലഭിച്ചിട്ടില്ല.

വണ്ടൂർ നിയോജകമണ്ഡലത്തിലെ വാണിയമ്പലം ടൗണിൽ റെയിൽവെ ഓവർ ബ്രിഡ്ജ് നിർമ്മാണം

100 (1375) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിൽപ്പെട്ട മഞ്ചേരി-വണ്ടൂർ-കാളികാവ് റോഡിലെ വാണിയമ്പലം ടൗണിലെ റെയിൽവെ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിന് തുടർനടപടികൾ സ്വീകരിക്കുവാൻ ഏതെങ്കിലും

ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) വണ്ടൂർ നിയോജകമണ്ഡലത്തിൽപ്പെട്ട മഞ്ചേരിവണ്ടൂർ-കാളികാവ് റോഡിലെ വാണിയമ്പലം ടൗണിലെ LC No. 10-ന് പകരമായി വാണിയമ്പലം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ ചുമതല 21-11-2022-ലെ G.O.(Rt)No.1141/2022/P.W.D. ഉത്തരവുപ്രകാരം ആർ.ബി.ഡി.സി.കെ.-ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ D.P.R. തയ്യാറാക്കുന്നതിനുവേണ്ടി തുക അനുവദിക്കുന്ന വിഷയം പരിഗണനയിലാണ്.

കൊടുന്താർമേൽപ്പാടം പാലം നിർമ്മാണം

101 (1376) ശ്രീ. രമേശ് ചെന്നിത്തല:താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ കൊടുന്താർ മേൽപ്പാടം പാലത്തിന്റെ നിർവ്വഹണ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ എത്ര മീറ്റിംഗുകളാണ് നാളിതുവരെ നടത്തിയിട്ടുള്ളതെന്നും ഇതുമായി ബന്ധപ്പെട്ട് കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അറിയിക്കാമോ;

(സി) പ്രസ്തുത യോഗതീരുമാനങ്ങൾക്കനുസൃതമായി ഈ പാലത്തിന്റെ ഭരണാനുമതിയുമായി ബന്ധപ്പെട്ട കാര്യങ്ങളും തുടർ നടപടികളും പുരോഗമിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്ത് അപാകതകളാണ് ഇതിൽ സംഭവിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

(എ-സി) ഹരിപ്പാട് മണ്ഡലത്തിലെ കൊടുന്താർ മേൽപ്പാടം പാലം പ്രവൃത്തിക്കായി 30 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 245 മി. നീളമുള്ള പാലത്തിന്റെ നിർമ്മാണത്തിനായി 44.20 കോടി രൂപയ്ക്കുള്ള ഡി.പി.ആർ. 03-07-2019-ൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഡി.പി.ആർ. പരിശോധിച്ച് ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് 16-09-2019-ൽ കിഫ്ബി നൽകി. കൺഫർമേറ്ററി ബോറിങ് ഉൾപ്പെടെയുള്ള അധിക വിവരങ്ങൾ കിഫ്ബി ആവശ്യപ്പെട്ടിരുന്നു. ഇതിൻപ്രകാരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ 07-01-2021-ൽ പൂർത്തിയായി.

ബ്രിഡ്ജസ് ഡിവിഷൻ ആലപ്പുഴയിൽ നിന്നും 23-06-2021-ൽ പ്രവൃത്തി K.R.F.B.-P.M.U. ഏറ്റെടുത്തു. പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനുള്ള അവലോകന യോഗങ്ങളും, മണ്ഡലം അടിസ്ഥാനപ്പെടുത്തിയുള്ള കോൺസ്റ്റിട്യൻസി മോണിറ്ററിംഗ് ടീം യോഗങ്ങളും കൂടാതെ ബഹുമാനപ്പെട്ട ഹരിപ്പാട് എം.എൽ.എ. ശ്രീ. രമേശ് ചെന്നിത്തലയുടെ അധ്യക്ഷതയിൽ ഹരിപ്പാട് പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽ 09-03-2022-ൽ പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു പ്രത്യേക യോഗവും ചേർന്നിരുന്നു. ടി യോഗത്തിൽ പ്രസ്തുത പാലത്തിന്റെ മേപ്പാടം ഭാഗത്തെ അപ്രോച്ച് റോഡ്, നിലവിലുള്ള ബണ്ട് റോഡ് എന്നിവ ചേർത്ത് നിർമ്മിക്കുന്നതിന് ഹരിപ്പാട് എം.എൽ.എ. ശ്രീ. രമേശ് ചെന്നിത്തലയും കുട്ടനാട് എം.എൽ.എ. ശ്രീ. തോമസ് കെ. തോമസും സംയുക്തമായി ആവശ്യപ്പെട്ടു. ഈ ആവശ്യവും കിഫ്ബിയുടെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിൽ നിഷ്കർഷിച്ചിട്ടുള്ള മാറ്റങ്ങളും ഉൾപ്പെടുത്തി പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി 31-05-2022 ന് ചീഫ് എഞ്ചിനീയർ, ഡിസൈൻ വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട്.

നിലവിൽ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്നതിനായുള്ള മണ്ണ് പരിശോധന പൊതുമരാമത്ത് വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം മുഖാന്തരം

പൂർത്തിയാക്കിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പുതുക്കിയ ഡി.പി.ആർ. ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗത്തിൽനിന്നും ലഭ്യമാക്കി, സാമ്പത്തികാനുമതി ലഭിയ്ക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിക്കേണ്ടതുണ്ട്. ആയത് ലഭ്യമായാൽ ഉടൻ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ടെണ്ടർ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ കഴിയും.

(ഡി) പി.ഡബ്ല്യു.ഡി.-യുമായി ബന്ധപ്പെട്ട് നടക്കുന്ന റിവ്യൂ മീറ്റിംഗിൽ എടുക്കുന്ന തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; എങ്കിൽ പ്രസ്തുത പാലത്തിന്റെ നിർവ്വഹണം ഉറപ്പാക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ?

റിവ്യൂ മീറ്റിംഗിൽ എടുക്കുന്ന തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടോയെന്ന് വകുപ്പുതലത്തിൽ പരിശോധിക്കുന്നുണ്ട്.

തവന്നൂർ മണ്ഡലത്തിലെ കുണ്ടയാർ പാലം നിർമ്മാണം

102 (1377) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവന്നൂർ മണ്ഡലത്തിലെ കുണ്ടയാർ പാലം പ്രവൃത്തി ഏതുവരെയായി എന്നു വിശദീകരിക്കാമോ;

(ബി) ഇനി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) പാലം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പാലത്തിന്റെ റീട്ടെയ്നിംഗ് വാൾ, അപ്രോച്ച് റോഡ് പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

(സി) പ്രവൃത്തി പൂർത്തിയാക്കുന്നതിൽ തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഇരുവശത്തും 4.50 മീറ്റർ മുതൽ 2 മീറ്റർ വരെ വ്യത്യസ്ത ഉയരത്തിൽ 60 മീറ്റർ നീളത്തിൽ റീട്ടെയ്നിംഗ് വാൾ നിർമ്മിക്കേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത സ്ഥലത്തെ മണ്ണിന്റെ ഘടന കൂടി പരിഗണിച്ച് അനുയോജ്യമായ റീട്ടെയ്നിംഗ് വാൾ ഡിസൈൻ ലഭ്യമാക്കുന്നതിനുവേണ്ടി കത്ത് നൽകിയിരുന്നു. അതുപ്രകാരം നിലവിലെ എസ്റ്റിമേറ്റിലുണ്ടായിരുന്ന എം. 15 റീട്ടെയ്നിംഗ് വാൾ-നു പകരം പൈൽ ഫൗണ്ടേഷൻ ചെയ്ത് R.C.C. റീട്ടെയ്നിംഗ് വാൾ നിർമ്മിക്കുകയോ അല്ലെങ്കിൽ നിലവിലുള്ള മണ്ണ് ശക്തിപ്പെടുത്തി ഗാബിയോൺ സംരക്ഷണ ഭിത്തി

നിർമ്മിക്കുകയോ ചെയ്യണമെന്ന് ഡിസൈൻ വിംഗിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

നിലവിലെ എസ്റ്റിമേറ്റിൽ ഇല്ലാത്ത അധിക ഇനങ്ങൾ ഡിസൈൻ പ്രകാരം ഉൾപ്പെടുത്തേണ്ടതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി കരാറുകാരന്റെ സന്നദ്ധത അറിയിക്കുന്നതിനായി കത്ത് നൽകിയിരുന്നു. നിലവിൽ റീട്ടെയിനിംഗ് വാൾ പ്രവൃത്തികൾ എസ്റ്റിമേറ്റ് പ്രകാരം C/C wall M 15 ഐറ്റം ആണെന്നും പുതിയതായി കൂട്ടിച്ചേർത്ത ഐറ്റങ്ങൾ നിലവിലെ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്തതിനാൽ പ്രവൃത്തി ഏറ്റെടുക്കുന്നത് അപ്രായോഗികമാണെന്ന് കാണിച്ച് കരാറുകാരൻ കത്ത് നൽകുകയുണ്ടായി. തുടർന്ന് 25-10-2022-ാം തീയതിയിൽ ബഹു. തവനൂർ എം.എൽ.എ. ശ്രീ. കെ. ടി. ജലീൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയോർ പാലം സന്ദർശിച്ച് കാരാറുകാരൻ കൂടി ചേർന്നെടുത്ത യോഗതീരുമാനപ്രകാരം നിലവിലുള്ള മണ്ണ് ശക്തിപ്പെടുത്തി പാലത്തിന്റെ അപ്രോച്ച് റോഡ് ശക്തിപ്പെടുത്തുന്നതിന് ഡിസൈൻ ലഭ്യമാക്കുന്നതിനായി ഡിസൈൻ വിഭാഗം ചീഫ്

എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് പുതിയ ഇനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് എഗ്രിമെന്റ് തുകയിൽ അധികരിക്കാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി രണ്ട് മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

കണ്ണനിക്കടവ് പാലം നിർമ്മാണം

103 (1378) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ കണ്ണനിക്കടവ് പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

കണ്ണനിക്കടവ് പാലം A1 അടക്കമുള്ള ഫൗണ്ടേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. A1 സബ്സ്ട്രക്ച്ചർ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. P1, P2, A2 സബ്സ്ട്രക്ച്ചർ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത പാലത്തിന്റെ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

2023 മാർച്ച് മാസത്തോടെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

വർക്കല മണ്ഡലത്തിലെ പാലം നിർമ്മാണം

104 (1379) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം പാലങ്ങൾ നിർമ്മിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

(എ&ബി) വർക്കല നിയോജകമണ്ഡലത്തിലെ മുത്താല, മുത്താന എന്നീ രണ്ട് പാലങ്ങൾ പുതുക്കി പണിയുന്നതിനായി മണ്ണ് പരിശോധന, സർവ്വേ നടപടികൾ എന്നിവ നടത്തേണ്ടതുണ്ട്. ഇതിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ഭരണാനുമതി നൽകുന്നതിനായി പാലങ്ങൾ വിഭാഗം ചീഫ് എൻജിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു.

ശിവഗിരി തൊടുവേ പാലത്തിന്റെയും അപ്രോച്ച് റോഡുകളുടെ നിർമ്മാണവും എന്ന പ്രവൃത്തിക്ക് തത്വത്തിൽ ഭരണാനുമതിയും കിഫ്ബിയിൽ നിന്നും 10.48 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും

ലഭിച്ചിട്ടുണ്ട്. 07-10-2022-ൽ പ്രവൃത്തി ടെണ്ടർ ചെയ്യുകയും എന്നാൽ ഒരു ബിഡ് മാത്രം ലഭിച്ചതിനാൽ പ്രവൃത്തി 29-10-2022-ൽ റീടെണ്ടർ ചെയ്യുകയും ചെയ്തു. 18-11-2022-ൽ ടെക്നിക്കൽ ബിഡ് തുറന്ന് പ്രീ-ക്വാളിഫിക്കേഷൻ മൂല്യനിർണ്ണയ നടപടികൾ പുരോഗമിക്കുകയാണ്. പ്രീ-ക്വാളിഫിക്കേഷൻ മൂല്യനിർണ്ണയം ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

കൊടുവള്ളി മണ്ഡലത്തിലെ വിവിധ നിർമ്മാണ പ്രവൃത്തികൾ

105 (1380) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മണ്ഡലത്തിലെ പടനിലം പാലം, നടമേൽ കടവ് പാലം എന്നിവയുടെ നിർമ്മാണം സംബന്ധിച്ചുള്ള നടപടികളുടെ വിവരം ലഭ്യമാക്കുമോ?

1. പടനിലം പാലം നിർമ്മാണത്തിനുള്ള 667 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. എൽ. എ. നടപടികൾ പുരോഗമിക്കുന്നു.

2. നടമ്മൽക്കടവ് പാലം - പുതുക്കിയ ഡിസൈനിന് ആവശ്യമായ new investigation with topographical details ലഭ്യമാക്കാൻ കോഴിക്കോട് പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. II(I) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. DVS തുകയായ 25.37 ലക്ഷം രൂപ റവന്യൂ വിഭാഗത്തിന് കൈമാറി.

(ബി) നരിക്കുനി ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

നരിക്കുനി ഫയർ സ്റ്റേഷൻ നിർമ്മാണത്തിനുള്ള 485.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

പൊൻമുണ്ടം റെയിൽവേ ഓവർബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

106 (1381) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ-പൊൻമുണ്ടം റെയിൽവേ ഓവർബ്രിഡ്ജിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ട് എത്ര വർഷമായി എന്ന് അറിയിക്കുമോ?

തിരൂർ-പൊൻമുണ്ടം മേൽപ്പാലത്തിന്റെ റെയിൽവേ ഭാഗം പൂർത്തിയാക്കിയിട്ട് അഞ്ച് വർഷമായി.

(ബി) പ്രസ്തുത പാലത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും അപ്രോച്ച് റോഡിന്റെ പ്രവൃത്തിക്കായി നാളിതുവരെ ഭരണാനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് അടിയന്തരമായി ഭരണാനുമതി നൽകുന്നത് പരിഗണിക്കുമോ?

(ബി&സി) ഈ പദ്ധതിയ്ക്കായി 2022-23 വർഷത്തെ ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ നിലവിൽ പരിഗണിക്കാൻ സാധിച്ചിട്ടില്ല.

കാസർകോഡ് ജില്ലയിൽ അനുവദിച്ച റെയിൽ ഓവർ ബ്രിഡ്ജുകൾ

107 (1382) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി കാസർകോഡ് ജില്ലയിൽ അനുവദിച്ച റെയിൽ ഓവർ ബ്രിഡ്ജുകളുടെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ?

മഞ്ചേശ്വരം, ഹൊസങ്കടി, ഉദുമ, കോട്ടിക്കുളം, കുശാൽ നഗർ, എടച്ചക്കൈ-നടക്കാവ്, തൃക്കരിപ്പൂർ, ബീരിച്ചേരി എന്നീ റെയിൽവേ മേൽപ്പാലങ്ങളാണ് കിഫ്ബി ഫണ്ട് പ്രകാരം കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്നത്. ഈ മേൽപ്പാലങ്ങളുടെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുള്ളതും കിഫ്ബി അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്.

(ബി) ബീരിച്ചേരി, ഉദിനൂർ (നടക്കാവ്), പൊള്ളാപ്പ് റെയിൽ ഓവർ ബ്രിഡ്ജുകൾ എന്ന് ടെണ്ടർ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ബീരിച്ചേരി, ഉദിനൂർ (നടക്കാവ്), പൊള്ളാപ്പ് (തൃക്കരിപ്പൂർ) എന്നീ പദ്ധതികളുടെ ഡി.പി.ആർ. പൂർത്തികരിച്ചിട്ടുള്ളതും കിഫ്ബി അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. സിൽവർലൈൻ പദ്ധതി നടപ്പിലാക്കുന്നത് ഈ പ്രദേശത്തുകൂടിയായതിനാൽ അതുമായി ബന്ധപ്പെട്ട അലൈൻമെന്റ് അന്തിമമായതിനുശേഷം മാത്രമേ ടി പദ്ധതികളുമായി മുന്നോട്ടുപോകുവാൻ സാധിക്കുകയുള്ളൂ എന്ന് റെയിൽവേ അറിയിച്ചു. എന്നാൽ സിൽവർലൈൻ അലൈൻമെന്റ് പരിഗണിക്കാതെ ആർ.ഒ.ബി.-കളുടെ നിർമ്മാണവുമായി മുന്നോട്ടുപോകാം എന്ന് 06-12-2022-ന് കെ.ആർ.ഡി.സി.എൽ.

അറിയിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറക്ക് ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയും.

(സി) പ്രസ്തുത പ്രവൃത്തികൾ റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപറേഷൻ ഓഫ് കേരള വഴി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തികളുടെ ജി.എ.ഡി-യ്ക്ക് അംഗീകാരം ലഭിച്ച്, ഭൂമി ഏറ്റെടുക്കൽ നടപടികളും ടെണ്ടർ നടപടികളും പൂർത്തീകരിച്ച് നിർമ്മാണം ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്.

തൃക്കാക്കരയിലെ അത്താണി പാലം

108 (1383) ശ്രീമതി. ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ തൃക്കാക്കരയിലുള്ള അത്താണി പാലം ശോചനീയാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ ശോചനീയാവസ്ഥ സംബന്ധിച്ച് തൃക്കാക്കര എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) അത്താണി പാലം പുനർനിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടിയായി മണ്ണ് പരിശോധന നടത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പാലം പൊളിച്ചു പണിയുന്നതിന് ജലസേചന വകുപ്പിന്റെ N.O.C.-യ്ക്കായി കത്ത് നൽകിയിട്ടുണ്ട്. ജലസേചന വകുപ്പിൽ നിന്നും 5 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് വേണമെന്ന് അറിയിച്ചിട്ടുണ്ട്. 5 മീറ്ററിൽ പാലം നിർമ്മിച്ചാൽ കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടിവരും. മാത്രവുമല്ല നിർമ്മാണച്ചെലവ് അധികരിക്കും. ക്ലിയറൻസ് കുറയ്ക്കുന്നതിന് ജലസേചന വകുപ്പിനോട് അഭ്യർത്ഥിച്ചതിന്റെയടിസ്ഥാനത്തിൽ മുൻസിപ്പാലിറ്റിയുടെ അനുമതിയോടെ വെർട്ടിക്കൽ ക്ലിയറൻസിൽ മാറ്റം വരുത്തി നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിന് തടസ്സമില്ലെന്ന് വകുപ്പ് അറിയിച്ചു. തൃക്കാക്കര മുൻസിപ്പാലിറ്റിയിൽനിന്ന് പ്രദേശത്തെ സ്വാഭാവിക നീരൊഴുക്കിന് തടസ്സമുണ്ടാകാത്ത രീതിയിൽ പ്രവൃത്തി

നിർവ്വഹിക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ വിവരങ്ങൾ ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. അതുപ്രകാരം ഡിസൈൻ നടപടികൾ പുരോഗമിക്കുകയാണ്.

പടനിലം പാലത്തിന്റെ നിർമ്മാണം

109 (1384) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം, മടവൂർ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പടനിലം പാലത്തിന്റെ അപകടാവസ്ഥ വാഹനഗതാഗതത്തിന് പ്രയാസമുണ്ടാക്കുന്നതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പാലം പുതുക്കിപ്പണിയുന്നതിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ ഉടമകൾക്ക് വില നൽകുന്നതിൽ കാലതാമസം വരുന്നതിനുള്ള കാരണം വിശദമാക്കാമോ?

(എ&ബി) പടനിലം പാലം പുതുക്കി പണിയുന്നതിന് ഭൂമി ഏറ്റെടുക്കലിന് 50 ലക്ഷം രൂപയാണ് വകയിരുത്തിയത്. D.V.S. പ്രകാരം 1.08 കോടി രൂപയാണ് ലാന്റ് അക്വിസിഷന് വേണ്ടത്. ഈ തുക ഉൾപ്പെടെ

667 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) ഭരണാനുമതിയുള്ള പ്രവൃത്തി ആരംഭിക്കുന്നതിലുണ്ടായ കാലതാമസം സർക്കാരിന്റെ ബാധ്യത വർദ്ധിക്കുന്നതിനും പൊതുജന പ്രതിഷേധത്തിനും ഇടയാക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമായാൽ മാത്രമേ പാലത്തിന്റെ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യാൻ കഴിയുകയുള്ളൂ. പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി നിർദ്ദേശം പരിശോധിച്ച് തുടർനടപടി സ്വീകരിക്കാനാകും.

തട്ടാശ്ശേരി പാലം

110 (1385) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ തട്ടാശ്ശേരി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ?

ആലപ്പുഴ ജില്ലയിലെ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കാവാലം തട്ടാശ്ശേരി പാലത്തിന്റെ നിർമ്മാണപ്രവൃത്തിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് 4.0 കോടി രൂപയും പാലം പ്രവൃത്തിക്കായി 46.10 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ നിലവിലുള്ള ഡിസൈനനുസരിച്ച് പാലം നിർമ്മിക്കുന്നതിന്റെ സങ്കീർണ്ണതയും അധിക ചെലവും കണക്കിലെടുത്തുകൊണ്ട് ഡിസൈൻ നവീകരിക്കുന്നതിനായി കിഫ്ബിയുടെ അനുമതി തേടിയിട്ടുണ്ട്. അനുമതി ലഭ്യമായാലുടൻ പുതുക്കിയ ഡിസൈൻ പ്രകാരം തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയും.

(ബി) പ്രസ്തുത പാലം, അപ്രോച്ച് റോഡ് എന്നിവയുടെ നിർമ്മാണത്തിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാര തുക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കാവാലം തട്ടാശ്ശേരി പാലം നിർമ്മാണത്തിന്റെ ഭാഗമായി ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമകൾക്ക് നഷ്ട പരിഹാരമായി 9,75,44,655/- രൂപ റവന്യൂ LA വിഭാഗത്തിന് കൈമാറിയിട്ടുണ്ട്.

എറണാകുളം ജില്ലയിലെ ബ്രിഡ്ജുകളുടെ നിർമ്മാണ പുരോഗതി

111 (1386) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ റോഡ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള നിർവ്വഹണ ഏജൻസിയായ വടുതല, അറ്റ്ലാന്റിസ്, വാതുരുത്തി എന്നീ റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണപുരോഗതി എന്തെന്ന് വിശദമാക്കുമോ?

വടുതതല റെയിൽവേ മേൽപ്പാലം

വടുതല റെയിൽവേ മേൽപാലത്തിന്റെ നിർമ്മാണത്തിന് 27-07-2017-ൽ കിഫ്ബി 47.72 കോടി രൂപ അനുവദിച്ചിരുന്നു. അപ്രോച്ച് റോഡ് ക്ലിയറൻസ്, എറണാകുളം, ഷൊർണ്ണൂർ 3rd ലൈൻ എന്നിവയുമായി ബന്ധപ്പെട്ട് അലൈൻമെന്റ് പുതുക്കി നൽകണമെന്ന് റെയിൽവേ ആവശ്യപ്പെടുകയും ആയത് പ്രകാരം പുതുക്കി നൽകുകയും ചെയ്തിരുന്നു. റെയിൽവേ ജി.എ.ഡി അംഗീകരിച്ചത് 29-01-2021 ലാണ്. എന്നാൽ എൽ.എ. ആക്ട് പ്രകാരം സ്വീകരിച്ച എൽ.എ. നടപടികൾ കാലഹരണപ്പെട്ടതിനാൽ (ഡിനോവ) പുതുക്കിയ റിക്വിസിഷൻ ജില്ലാ

കളക്ടർ എറണാകുളത്തിന് 13-04-2021-ൽ സമർപ്പിച്ചു. ചേരാനല്ലൂർ വില്ലേജിൽ വിവിധ സർവേ നമ്പറുകളിലുമായി 60.15 ആർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. പുതിയതായി സാമൂഹ്യാഘാത പഠനം നടത്തിയശേഷം ഭൂമി ഏറ്റെടുക്കൽ നടപടികളും ഏറ്റെടുത്ത ഭൂമിയിലെ ബിൽഡിംഗ് വാല്യുവേഷനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

വാത്തുരുത്തി റെയിൽവേ മേൽപ്പാലം

പദ്ധതിയുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി കൊച്ചി പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി, ഇന്ത്യൻ റെയിൽവേ, ദേശീയപാത എന്നിവയുടെ നിയന്ത്രണത്തിലുള്ളതാണ്. കൂടാതെ പദ്ധതി പ്രദേശം നേവൽ എയർപോർട്ടിന്റെ സമീപവുമാണ്. ആയതിനാൽ ഇന്ത്യൻ നേവിയിൽനിന്നും പദ്ധതിയുടെ നിർമ്മാണത്തിന് N.O.C. ലഭിക്കേണ്ടതുമുണ്ട്. പദ്ധതിയുടെ അലൈൻമെന്റ് അംഗീകാരത്തിന് വേണ്ടി വിവിധതരം അലൈൻമെന്റുകൾ പരിശോധിക്കുകയും ഇവ സംബന്ധിച്ച് പ്രദേശത്തെ ജനപ്രതിനിധികൾ, ചീഫ് സെക്രട്ടറി എന്നിങ്ങനെ വിവിധ തലങ്ങളിൽ കൊച്ചി പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി എന്നിവരുമായി ചർച്ച നടത്തിയെങ്കിലും കൊച്ചി പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി എന്നിവരുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്തതുമാണ്. ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലം

എറണാകുളം ജില്ലയിലെ അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലം പദ്ധതിക്കായി ആകെ ഏറ്റെടുക്കേണ്ടിയിരുന്ന ഭൂമിയിൽ മുമ്പ് നിർമ്മാണ ചുമതല ഉണ്ടായിരുന്ന കൊച്ചിൻ കോർപ്പറേഷൻ കൈമാറ്റം ചെയ്ത് ഭൂമി ഏറ്റെടുത്തിരുന്നു. ഇത് കൂടാതെ അധികമായി ഏറ്റെടുക്കേണ്ട 0.5049 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് വിവിധ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് പുതുക്കിയ ജി.എ.ഡി. റെയിൽവേയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് റെയിൽവേയുടെ പരിഗണനയിലുമാണ്.

(ബി) കേരള റോഡ് ഫണ്ട് ബോർഡ് നിർവ്വഹണ ഏജൻസിയായിട്ടുള്ള എറണാകുളം ജില്ലയിലെ കൊറങ്കോട്ട വടുതല പാലത്തിന്റെ നിർമ്മാണ പുരോഗതി എന്തായി എന്ന് വിശദമാക്കുമോ ?

കൊറങ്കോട്ട വടുതല പാലത്തിന്റെ അലൈൻമെന്റ് നവീകരിക്കുന്നതിന് 13-09-2022-ൽ കിഫ്ബി നിർദ്ദേശത്തെത്തുടർന്ന് അഡീഷണൽ ഇൻവെസ്റ്റിഗേഷൻ ചെയ്യുന്നതിനായി 28-10-2022-ൽ ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട്. ടോപ്പോഗ്രാഫിക്കൽ സർവ്വേ നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വള്ളിക്കുന്ന് മണ്ഡലത്തിലെ ഇരുമ്പോത്തിങ്ങൾ പാലം നിർമ്മാണം

112 (1387) ശ്രീ. അബ്ദുൽ ഹമീദ് പി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ ഇരുമ്പോത്തിങ്ങൾ പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനായി നിലവിൽ ചീഫ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ധനകാര്യ വകുപ്പിലെ ടെക്നിക്കൽ ഇൻസ്പെക്ഷൻ അടക്കമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടും പ്രസ്തുത പാലത്തിന് ബജറ്റിൽ ടോക്കൺ പ്രോവിഷൻ മാത്രം അനുവദിച്ചിട്ടുള്ള എന്ന കാരണത്താൽ അനുമതി നിഷേധിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) മതിയായ ഫണ്ട് ലഭ്യത ഇല്ലാത്തതിനാൽ നിലവിൽ പരിഗണിച്ചിട്ടില്ല.

(സി) ബജറ്റിൽ ടോക്കൺ പ്രോവിഷൻ മാത്രം അനുവദിച്ചിട്ടുള്ള എത്ര പാലങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണാനുമതി

നൽകിയിട്ടുണ്ട്; പ്രവൃത്തിയുടെ പേരും, അനുവദിച്ച തുക, മണ്ഡലം, ഭരണാനുമതിയുടെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടോക്കൺ പ്രൊവിഷനുള്ള 6 പ്രവൃത്തികൾക്ക് അവയുടെ അടിയന്തര സ്വഭാവം പരിഗണിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

തൊണ്ടിലകടവ് പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ

113 (1388) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ടിലകടവ് പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവരം നൽകുമോ?

സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ള തുക കൈമാറിയിട്ടുണ്ട്.

(ബി) പ്രസ്തുത പാലം നിർമ്മിക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നബാർഡ് Tranche XXVIII-ൽ ഉൾപ്പെടുത്തുന്നതിനായി ശിപാർശ ചെയ്തിട്ടുണ്ട്.

ഏലൂർ-ചൗക്ക, വടുതല-പേരണ്ടൂർ പാലങ്ങളുടെ നിർമ്മാണ പുരോഗതി

114 (1389) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിലെ ഏലൂർ-ചൗക്ക, വടുതല-പേരണ്ടൂർ എന്നീ പാലങ്ങളുടെ നിർമ്മാണപുരോഗതി വിശദമാക്കാമോ?

ഏലൂർ ചൗക്ക പാലത്തിന്റെ നിർമ്മാണം

ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിക്കുകയാണ്. 1170 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ ടി പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

വടുതല പേരാണ്ടൂർ പാലത്തിന്റെ നിർമ്മാണം

ഭൂമി ഏറ്റെടുക്കൽ അവസാന ഘട്ടത്തിൽ പുരോഗമിക്കുകയാണ്. ഭരണാനുമതി പുതുക്കുന്നതിനായി 3233 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

ബ്രിഡ്ജുകളുടെ നിർമ്മാണം

115 (1390) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട കേളിത്തോട് ബ്രിഡ്ജ്, മുപ്ലിയം ബ്രിഡ്ജ്, ഉഴിഞ്ഞാൽപ്പാടം ബ്രിഡ്ജ്, കച്ചേരിക്കടവ് ബ്രിഡ്ജും അപ്രോച്ച് റോഡും, ചക്കാലക്കടവ് ബ്രിഡ്ജ്, നെല്ലായി ഇറിഗേഷൻ കടവ് ബ്രിഡ്ജ് എന്നിവയുടെ നിർമ്മാണത്തിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളിലെ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) പ്രസ്തുത ബ്രിഡ്ജുകളുടെ നിർമ്മാണത്തിനായി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി)

കേളിത്തോട് പാലം

കേളിത്തോട് പാലം പുനർ നിർമ്മിക്കുന്നതിനുവേണ്ടി 106.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ ഭരണാനുമതി പുതുക്കി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് സർക്കാരിൽ പരിശോധിച്ചു വരുന്നു.

മുപ്ലിയം പാലം

പുനർനിർമ്മാണത്തിന് ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ പൂർത്തീകരിച്ച് റിപ്പോർട്ട് റോഡ്സ് & ബ്രിഡ്ജസ് മുഖേന 2018-ൽ സമർപ്പിച്ചിട്ടുള്ളതും പാലത്തിന്റെ അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുള്ളതുമാണ്. പാലം നിലവിൽ ഗതാഗതയോഗ്യമാണ്.

ഉഴിഞ്ഞാൽപ്പാടം പാലം

ഉഴിഞ്ഞാൽപ്പാടം പാലം പുതുക്കാട് - മുപ്ലിയം കോടാലി റോഡിൽ Km 1/200 ൽ വരുന്നതാണ്. 18.2 km ദൈർഘ്യമുള്ള പ്രസ്തുത റോഡിന് 59.2 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. എന്നാൽ ഉഴിഞ്ഞാൽപ്പാടം പാലം ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടില്ല. പാലത്തിന്റെ കാലപ്പഴക്കവും, വീതി ഇല്ലായ്മയും കാരണം പുതുക്കി പണിയേണ്ടത് അത്യാവശ്യമാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ആർ.എഫ്.ബി.-പി.എം.യു., എറണാകുളം/തൃശ്ശൂർ, റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ റോഡിനോടൊപ്പം പാലം കൂടി ഉൾപ്പെടുത്തി പുതുക്കാട് മുപ്ലിയം കോടാലി റോഡ് പ്രവൃത്തിയുടെ സാമ്പത്തികാനുമതി പുതുക്കി നൽകുന്നതിനായി കിഫ്ബിയിൽ

സമർപ്പിച്ചിട്ടുണ്ട്. ആയതിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയും.

കച്ചേരിക്കടവ് പാലവും അനുബന്ധ റോഡും

ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാകാത്തത് മൂലം കരാറുകാരനെ ഈ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. Bridge proper work പൂർത്തീകരിച്ചിരുന്നു. വരന്തരപ്പിള്ളി സൈഡ് അനുബന്ധ റോഡിന്റെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അനുബന്ധ റോഡിന്റെ നിർമ്മാണത്തിനായും പാലത്തിന്റെ പെയിന്റിംഗ് ഉൾപ്പടെ ബാക്കിയുള്ള പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനപടികൾ സ്വീകരിച്ചു വരുന്നു.

ചക്കാലക്കടവ് പാലം

തൃശ്ശൂർ ജില്ലയിലെ പുതുക്കാട് നിയോജകമണ്ഡലത്തിലെ കുറുമാലി പുഴയ്ക്ക് കുറുകെയുള്ള ചക്കാലക്കടവ് പാലം നിർമ്മിക്കുന്നതിന് 952 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി പുതുക്കി നൽകുന്നതിന് വേണ്ടി 1160 ലക്ഷം രൂപയ്ക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം

തൃശ്ശൂർ ജില്ലയിലെ പുതുക്കാട് നിയോജകമണ്ഡലത്തിലെ കുറുമാലി പുഴയ്ക്ക് കുറുകെയുള്ള നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം നിർമ്മിക്കുന്നതിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി പുതുക്കി നൽകുന്നതിന് വേണ്ടി 560 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. NHAI യിൽ നിന്നും NOC ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിലെ ഇരുമ്പു പാലം പുനർനിർമ്മാണം

116 (1391) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ - തൃക്കാക്കര മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇരുമ്പുപാലം പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

തൃപ്പൂണിത്തുറ, തൃക്കാക്കര നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇരുമ്പുപാലം പുനർനിർമ്മിക്കുന്നതിന് 30 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിന് മുമ്പ് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കേണ്ടതുണ്ട്.

(ബി) പ്രസ്തുത നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നും എത്ര കാലത്തിനകം പണി പൂർത്തിയാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

(ബി&സി) ഭൂമിയേറ്റെടുക്കുന്നതിനുള്ള അനുമതിക്കായുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ തീരുമാനമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി എസ്റ്റിമേറ്റിന് അംഗീകാരം നൽകി, ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ സാധിക്കും. ഈ പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 2 വർഷമാണ്.

തുതിയൂർ-ഏരൂർ പാലം പുതുക്കി പണിയുന്നതിനുള്ള പ്രൊപ്പോസൽ

117 (1392) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കാക്കര-തൃപ്പൂണിത്തുറ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന തുതിയൂർ-ഏരൂർ പാലം പുതുക്കി പണിയുന്നതിന് പ്രൊപ്പോസൽ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

തുതിയൂർ - ഏരൂർ പാലം പുതുക്കി പണിയുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല.

പൊതുമരാമത്ത് വകുപ്പിലുള്ള എഞ്ചിനീയർമാർ

118 (1393) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലും പൊതുമരാമത്ത് വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും വർക്കിംഗ് അറേഞ്ച്മെന്റിലുമായി എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, ചീഫ്

എഞ്ചിനീയർമാർ എന്നിവർ ജോലി ചെയ്യുവരുന്നുണ്ടെന്നുള്ള കണക്ക് തരം തിരിച്ച് ലഭ്യമാക്കുമോ?

പൊതുമരാമത്ത് വകുപ്പിൽ എഞ്ചിനീയർമാരിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 84 പേരും വർക്കിംഗ് അറേഞ്ച്മെന്റിൽ 45 പേരും സേവനം അനുഷ്ഠിക്കുന്നു. പ്രസ്തുത തസ്തികകളിലെ ജീവനക്കാരുടെ തരംതിരിച്ചുള്ള കണക്കുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കോഴിക്കോട് ജില്ലയിൽ കെ.ആർ.എഫ്.ബി.-യിൽ നടന്നുവരുന്ന പ്രവൃത്തികൾക്ക് ആനുപാതികമായി ഉദ്യോഗസ്ഥരെ ക്രമീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉണ്ട്.

1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, പൊതുമരാമത്ത് റോഡ്സ് സർക്കിൾ (കോർഡിനേറ്റർ, കോഴിക്കോട് നഗരപാത വികസന പദ്ധതി) & അഡീഷണൽ ചാർജ്ജ് (പ്രോജക്ട് മാനേജർ, കോഴിക്കോട് നഗരപാത വികസന പദ്ധതി)

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ടെക്നിക്കൽ എഞ്ചിനീയർ, ആർ.ഐ. & കൃ.സി. (അസിസ്റ്റന്റ് കോർഡിനേറ്റർ, കോഴിക്കോട് നഗരപാത വികസന പദ്ധതി)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം (അസിസ്റ്റന്റ് കോർഡിനേറ്റർ, കോഴിക്കോട് നഗരപാത വികസന പദ്ധതി)

കോഴിക്കോട്/വയനാട് ഡിവിഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന എഞ്ചിനീയർമാരുടെ വിവരം ചുവടെ ചേർക്കുന്നു.

1. എക്സിക്യൂട്ടീവ് എൻജിനീയർ - 1

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ - 3 + 1 സസ്പെൻഷൻ

3. അസിസ്റ്റന്റ് എൻജിനീയർ - 2+1 സസ്പെൻഷൻ

പൊതുമരാമത്ത് റോഡുകളുടെ റണ്ണിംഗ് കോൺട്രാക്ട് പ്രകാരമുള്ള പരിശോധന

119(1394) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റണ്ണിംഗ് കോൺട്രാക്ട് പ്രകാരമുള്ള റോഡുകളുടെ പരിശോധന നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റണ്ണിംഗ് കോൺട്രാക്ട് പ്രകാരമുള്ള റോഡുകൾ പരിശോധിക്കാൻ നിലവിൽ പൊതുമരാമത്ത് സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ചീഫ് എഞ്ചിനീയർമാർ എന്നിവരുൾപ്പെട്ട സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള പരിശോധന സംഘവും നിലവിലുണ്ട്. ഇതിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം 45 ദിവസത്തിലൊരിക്കലും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള ടീം 30 ദിവസത്തിലൊരിക്കലും പരിശോധനകൾ നടത്തിവരുന്നു.

(ബി) എങ്കിൽ പ്രസ്തുത പരിശോധനയിൽ നിർമ്മാണത്തിലും കരാർ പ്രകാരമുള്ള പരിപാലനത്തിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്രകാരം വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ബി&സി) പ്രസ്തുത പരിശോധനകൾ നടന്നുവരികയാണ്. നിർമ്മാണത്തിലോ പരിപാലനത്തിലോ ക്രമക്കേടുകൾ കണ്ടെത്തിയാൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കിഫ്ബിയിൽ ഉൾപ്പെടുത്തിയ റോഡുകൾ

120 (1395) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ സാങ്കേതിക തടസ്സവും മറ്റും മൂലം കിഫ്ബിയിൽ ഉൾപ്പെട്ട പല പി.ഡബ്ല്യു.ഡി. റോഡുകളും പണിപൂർത്തിയാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016-ന് ശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടും പണി പൂർത്തിയാകാത്ത റോഡുകളുടെ മണ്ഡലം തിരിച്ചുള്ള വിവരം നൽകുമോ?

(എ&ബി) ഉണ്ട്, കിഫ്ബിയുടെ സാങ്കേതിക മാനദണ്ഡങ്ങൾ കാരണം പണിപൂർത്തിയാകാതെ കിടക്കുന്ന റോഡുകളുടെ മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+

(സി) മണ്ണാർക്കാട് മണ്ഡലത്തിലെ മണ്ണാർക്കാട്-ചിന്നത്തടാകം റോഡ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടും നിർമ്മാണ പ്രവൃത്തികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

മണ്ണാർക്കാട് - ചിന്നത്തടാകം റോഡിന് 10-07-2017-ൽ 80 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ഈ പ്രവൃത്തി 3 ഘട്ടമായി തിരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഘട്ടം - 1 - കിലോമീറ്റർ 0/000 മുതൽ 8/000 വരെ - ടി പ്രവൃത്തിക്ക് 15-02-2020-ലെ PWD-015-74/APER-5/2020/KIIFB ഉത്തരവ് പ്രകാരം 29.53 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. തുടർന്ന് 25-5-2022 തീയതിയിലെ EST-TS/RD/2020/3961-5-1 ഉത്തരവ് പ്രകാരം 41.76 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി, പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുള്ളതും പ്രസ്തുത ടെണ്ടർ 29-9-2022-ലെ ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചതുമാണ്. 26-11-2022 തീയതിയിൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. Letter of Acceptance നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഘട്ടം -2- കിലോമീറ്റർ 8/000 മുതൽ 19/000 വരെയുള്ള ഭാഗം റിസർവ് ഫോറസ്റ്റിലൂടെയാണ് കടന്നുപോകുന്നത്. ആയതിനാൽ വീതി കൂട്ടുന്നതിനായി ആവശ്യമായ വനഭൂമി ലഭ്യമാക്കാൻ സാധിക്കില്ല.

ഘട്ടം -3- പ്രസ്തുത ഘട്ടത്തിന്റെ റോഡ് വർക്കിന്റെയും (കിലോമീറ്റർ 19/000 മുതൽ 52/692 വരെ) രണ്ട് പാലങ്ങളുടെയും വിശദമായ പദ്ധതിരേഖ സാമ്പത്തികാനുമതിക്കായി 7-11-2022 -ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

2022 ഒക്ടോബർ മാസത്തിൽ വകുപ്പ് മന്ത്രി നേരിട്ട് സന്ദർശനം നടത്തി പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്തു. കൂടാതെ 8/000 മുതൽ 52/642 കീ.മി അടിയന്തര പാച്ച് വർക്ക് പ്രവൃത്തിയായി 1.64 കോടി രൂപ അനുവദിച്ചുകൊടുത്തതിൻപ്രകാരം ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ദേശീയപാത വികസനം

121 (1396) <u>ശ്രീ. എം. നൗഷാദ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനും റോഡ് നിർമ്മിക്കുന്നതിനും എത്ര ശതമാനം തുകയാണ് സർക്കാർ നൽകുന്നതെന്ന് വിശദമാക്കുമോ;

(ബി) ദേശീയപാത വികസനത്തിനായി 2016 മുതൽ എത്ര തുകയാണ് സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ദേശീയപാത 66-ന്റെ വീതിക്കൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന (കെട്ടിടങ്ങൾ, മരങ്ങൾ തുടങ്ങിയ സ്ഥാവര വസ്തുക്കളുടെ നഷ്ടപരിഹാരം അടക്കം) തുകയുടെ 25% തുക സംസ്ഥാന ഗവൺമെന്റ് കിഫ്ബി മുഖേന നൽകുന്നത് സംബന്ധിച്ച് ദേശീയപാത അതോറിറ്റി, പൊതുമരാമത്ത് വകുപ്പ്, കിഫ്ബി എന്നിവരുൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പ് വച്ചിട്ടുണ്ട്. ഈ ഇനത്തിൽ ഇതുവരെ 5580,73,80,071/- രൂപ ദേശീയപാത അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. കൂടാതെ 1) 4/6 Laning of Theni-Munnar-Kochi-NH 85, 2) 4 Laning of Kozhikkode- Malappuram-Palakkad 3) 4 Laning Thiruvananthapuram-Kottarakara-Kottayam-Angamaly എന്നീ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന തുകയുടെ 25% (ഏകദേശം 1395.01 കോടി രൂപ) നൽകുന്നതിനായി കരാറിന്റെ പരിധി വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ദേശീയപാത 66-ന്റെ വികസനത്തിൽ ദേശീയപാത അതോറിറ്റിയുടെ വിഹിതം, സംസ്ഥാന വിഹിതം എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.[+]

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത കാലയളവിൽ എത്ര കിലോമീറ്റർ റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും നിർമ്മാണപുരോഗതിയും വിശദമാക്കാമോ ?

2016-17 മുതലുള്ള ദേശീയപാതനിർമ്മാണത്തിന്റെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.+

ദേശീയ പാത 66 ന്റെ വികസനം

122 (1397) ശ്രീ . ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത - 66 വികസനത്തിന്റെ ഭാഗമായി പ്രവൃത്തി തുടങ്ങിയപ്പോൾ നിലവിലെ സർവീസ് റോഡുകളിൽ നിന്നുള്ള കണക്ടിവിറ്റി, ഡ്രെയിനേജ് പ്രശ്നം, പ്രധാന വിദ്യാലയങ്ങൾ, ആരാധനാലയം എന്നിവിടങ്ങളിലേയ്ക്ക് എതിർവശത്ത് നിന്ന് പ്രവേശിക്കാൻ അണ്ടർ പാസ് തുടങ്ങി ഉയർന്ന് വന്ന പ്രശ്നങ്ങൾ സർക്കാറിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിവരം നൽകുമോ; വിശദാംശം നൽകുമോ;

(ബി) പ്രവൃത്തി കരാർ ഏറ്റെടുത്ത കമ്പനി താൽക്കാലികമായി എടുത്ത സ്ഥലങ്ങളിൽ തദ്ദേശസ്ഥാപനങ്ങളുടെ അനുമതിയില്ലാതെ കെട്ടിട

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണം നടത്തുക, ജനവാസ കേന്ദ്രങ്ങളിൽ സാധന സാമഗ്രികളുടെ നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുക തുടങ്ങിയ പരാതികൾ പരിഹരിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിക്ക് ജനപ്രതിനിധികളുമായി ചർച്ച നടത്തി രമ്യമായി പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദാംശം നൽകുമോ?

(എ&ബി) സർവീസ് റോഡുകളിൽ നിന്നുള്ള കണക്ടിവിറ്റി, ഡ്രെയിനേജ് പ്രശ്നം, അണ്ടർ പാസ് സംബന്ധിച്ച ആവശ്യം എന്നീ വിഷയങ്ങളിലും കരാർ ഏറ്റെടുത്ത കമ്പനി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ചും പൊതുജനങ്ങളും, ജനപ്രതിനിധികളും ഉന്നയിക്കുന്ന ആവശ്യങ്ങൾ അവയുടെ സാങ്കേതികമായ പ്രായോഗികത (Technical Feasibility) അടിസ്ഥാനപ്പെടുത്തി പരിഗണിക്കുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന

മലയോര ഹൈവേയുടെ നിർമ്മാണം

123 (1398) ശ്രീ. ടി. പി .രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയിൽ പേരാമ്പ്ര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഭാഗത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ അലൈൻമെന്റിന് അവസാന രൂപമായോ; അറിയിക്കാമോ?

പേരാമ്പ്ര മണ്ഡലത്തിൽ മലയോര ഹൈവേയുടെ അലൈൻമെന്റിന് അന്തിമ രൂപമാക്കി ഡി.പി.ആർ. സമർപ്പിച്ച് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടുള്ളതാണ്. പേരാമ്പ്ര മണ്ഡലത്തിൽ മലയോര ഹൈവേയുടെ ദൈർഘ്യം 13 കി.മീ. ആണ്.

(ബി) പ്രസ്തുത പ്രവൃത്തി എന്ന് തുടങ്ങാനാവുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിൽ മലയോര ഹൈവേയുടെ മുള്ളൻകുന്ന് മുതൽ പെരുവണ്ണാമൂഴി വരെയുള്ള 6.2 കിലോമീറ്ററും പെരുവണ്ണാമൂഴി മുതൽ 28-ാം മൈൽ വരെയുള്ള 6.8 കിലോമീറ്റർ നീളവും ഉൾപ്പെടുന്നു. മുള്ളൻകുന്ന് മുതൽ പെരുവണ്ണാമൂഴി വരെയുള്ള 6.2 കി.മീ. നീളം ഉൾപ്പെടുന്ന D.P.R.-ന് 08-08-2022-ന് 38.39 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. പെരുവണ്ണാമൂഴി മുതൽ 28-ാം മൈൽ വരെയുള്ള മലയോര ഹൈവേയുടെ 6.8 കിലോമീറ്റർ നീളം ഉൾപ്പെടുന്ന D.P.R.-ന് 20-03-2022-ന് 71.93 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തിക്ക് ഫ്രീ സറണ്ടർ

വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലലഭ്യത ഉറപ്പാക്കി സാങ്കേതികാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് ഫീൽഡ് എഞ്ചിനീയേഴ്സ് സമർപ്പിക്കുന്നതും ആയത് പരിശോധനയ്ക്ക ശേഷം സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

ദേശീയപാത വികസനം

124 (1399) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കിലോമീറ്റർ ദേശീയപാതയാണ് നിലവിലുള്ളത്; അതിന്റെ പരിപാലന ചുമതല ആർക്കെല്ലാമാണെന്നും എത്ര കിലോമീറ്റർ വീതമാണെന്നും അറിയിക്കുമോ?

സംസ്ഥാനത്ത് ആകെ 1781.57 കിലോമീറ്റർ ദേശീയപാതയാണ് നിലവിലുള്ളത് . സംസ്ഥാനത്ത് നിലവിലുള്ള 11 ദേശീയപാതകളിൽ 5 എണ്ണം സംസ്ഥാന പൊതുമരാമത്ത് വകുപ്പിലെ ദേശീയപാത വിഭാഗവും 6 എണ്ണം ദേശീയപാത അതോറിറ്റിയുമാണ് പരിപാലിക്കുന്നത്.

സംസ്ഥാനത്തെ ദേശീയപാതകൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.+

(ബി) ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ അതിന്റെ 25 ശതമാനം ചെലവ് സംസ്ഥാന സർക്കാരാണോ വഹിക്കുന്നത്; രാജ്യത്ത് മറ്റേതെങ്കിലും സംസ്ഥാനം ഇത്തരത്തിൽ തുക നൽകുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

ദേശീയപാത 66-ന്റെ വീതികൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന (കെട്ടിടങ്ങൾ, മരങ്ങൾ തുടങ്ങിയ സ്ഥാവര വസ്തുക്കളുടെ നഷ്ടപരിഹാരം അടക്കം) തുകയുടെ 25% തുക സംസ്ഥാന ഗവൺമെന്റ് കിഫ്ബി മുഖേന നൽകുന്നത് സംബന്ധിച്ച് ദേശീയപാത അതോറിറ്റി, പൊതുമരാമത്ത് വകുപ്പ്, കിഫ്ബി എന്നിവരുൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പ് വച്ചിട്ടുണ്ട്. ഈ ഇനത്തിൽ ഇതുവരെ 55,80,73,80,071/- രൂപ ദേശീയപാത അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. കൂടാതെ 1) 4/6 Laning of Theni-Munnar-Kochi-NH 85 , 2) 4 Laning of Kozhikkode- Malappuram-Palakkad 3) 4 Laning Thiruvananthapuram-Kottarkara-Kottayam-Angamaly എന്നീ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന തുകയുടെ 25%

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഏകദേശം 1395.01 കോടി രൂപ) നൽകുന്നതിനായി കരാറിന്റെ പരിധി വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) ദേശീയപാത 66-ന്റെ വികസനത്തിനായി എത്ര കിലോമീറ്റർ സ്ഥലമാണ് ഏറ്റെടുക്കാൻ സാധിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

ദേശീയപാത 66-ന്റെ വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.+

തൈക്കാട് ഗവ: റസ്റ്റ് ഹൗസിലെ കുക്ക് നിയമനം

125 (1400) ശ്രീ. സജി ചെറിയാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൈക്കാട് ഗവ: റസ്റ്റ് ഹൗസിലെ ഏതെല്ലാം തസ്തികകളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിരം നിയമനം നടത്തുന്നതിനായി നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തൈക്കാട് റസ്റ്റ് ഹൗസിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം സ്ഥിരനിയമനം നടത്തേണ്ട തസ്തികകൾ ഒന്നുംതന്നെ ഇല്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കുക്ക് തസ്തിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിരം നിയമനം നടത്തുന്ന തസ്തികയാണോ; ടി തസ്തികയിൽ അവസാനമായി സ്ഥിരനിയമനം ലഭിച്ചത് ആർക്കാണെന്നും ഏതു വർഷമാണെന്നും അറിയിക്കുമോ?

അല്ല. ശ്രീ. മധുസൂദനൻ നായർ എന്നയാൾ 22-08-2015 മുതൽ 14-12-2018 വരെ തിരുവനന്തപുരം തൈക്കാട് റെസ്റ്റ് ഹൗസിൽ കുക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുകയും 15-12-2018 മുതൽ ടിയാനെ ബട്ലർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത തസ്തികയിലേയ്ക്ക് സ്ഥിരം നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം 28-09-19-ലെ ഒ.ജി.എം.3/19884/2015 തീയതിയിലെ പൊതുമരാമത്ത് ഭരണവിഭാഗം ചീഫ് എൻജിനീയറുടെ ഉത്തരവ് പ്രകാരം കുക്ക് തസ്തികയിൽ ശ്രീമതി നിഷ പി. കെ. പുതുവൽ മോടിയിൽ, നൂറുവൽപാറ, ചെങ്ങന്നൂർ എന്നയാളെ താൽക്കാലികമായി നിയമിക്കുകയും 179 ദിവസത്തിനുശേഷം പിരിച്ചുവിടുകയും ചെയ്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത നിയമനത്തിൽ പിഴവ് സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് ടിയാൾക്ക് സ്ഥിരം നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) ശ്രീമതി നിഷ പി. കെ. ഉൾപ്പെടെയുള്ള ഉദ്യോഗാർത്ഥികൾക്ക് തിരുവനന്തപുരം കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ മെമ്മോ (നം. എബി4/701/19 തീയതി 21/05/2019) പ്രകാരം കുക്ക് തസ്തികയിലെ താല്കാലിക ഒഴിവിലേയ്ക്കാണ് നിയമനം എന്നറിയിച്ചിരുന്നു. പൊതുമരാമത്ത് വകുപ്പിലെ ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ 28-09-2019-ലെ ശ്രീമതി നിഷ പി. കെ.-യ്ക്കുള്ള നിയമന ഉത്തരവിൽ സ്ഥിരനിയമനം വഴി ഉദ്യോഗാർത്ഥിയെ നിയമിക്കുന്ന മുറയ്ക്കോ അല്ലെങ്കിൽ ജീവനക്കാർ 179 ദിവസം സേവനം പൂർത്തിയാക്കുന്ന മുറയ്ക്കോ ഇതിൽ ഏതാണോ ആദ്യം വരുന്നത് അതിന്റെ അടിസ്ഥാനത്തിൽ സേവനത്തിൽനിന്നും പിരിച്ച് വിടുന്നതാണ് എന്നും നിയമനം താല്കാലികമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

കേരള ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂൾസ് കാറ്റഗറി (4) വരുന്ന ജീവനക്കാരെ ജില്ലാ കളക്ടറുടെ പൊതു സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന ജില്ലയിലെ P.T.S. ജീവനക്കാരുടെ സ്ഥാനക്കയറ്റം

മൂലമാണ് നികത്തുന്നത്. തൈക്കാട് റസ്റ്റ് ഹൗസിലെ കുക്ക് തസ്തിക കാറ്റഗറി (4) ൽ പെടുന്നതാണ്. ജില്ലാ കളക്ടറുടെ കാര്യാലയത്തിലേയ്ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്തിരുന്നെങ്കിലും Non availability of Candidate സർട്ടിഫിക്കറ്റോ, സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലെന്ന് രേഖാമൂലം അറിയിക്കുകയോ ചെയ്യാതിരുന്നതിനാൽ താൽക്കാലിക നിയമനം നൽകാൻ മാത്രമേ നിലവിലെ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പ്രകാരം നിർവ്വാഹമുണ്ടായിരുന്നുള്ളൂ.

(ഇ) സ്ഥിരം നിയമനം എന്ന രീതിയിൽ ഫയൽ രേഖപ്പെടുത്തൽ നടത്തിയതിനാൽ ജോലി ലഭിച്ച വിവരം റിപ്പോർട്ട് ചെയ്തയുടൻ തന്നെ ശ്രീമതി നിഷ പി. കെ.-യുടെ എംപ്ലോയ്മെന്റ് കാർഡ് റദ്ദ് ചെയ്യപ്പെടുകയും തുടരവസരങ്ങൾ ഇല്ലാതാകുകയും ചെയ്തതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സ്ഥിരം നിയമനമെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത് ചെങ്ങന്നൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, എംപ്ലോയ്മെന്റ് ഓഫീസറുടെ കാര്യാലയത്തിലെ ഫയലിലാണ്. ആയതിനാൽ ടി വിഷയത്തിൽ നടപടി സ്വീകരിക്കേണ്ടത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലാണ്.

സ്ഥിരം നിയമനം എന്ന രേഖപ്പെടുത്തൽ ചെങ്ങന്നൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസിൽ സംഭവിച്ച പിഴവാണെന്നും ടി പിഴവ് പൊതുമരാമത്ത് വകുപ്പ് അധികൃതരുടെ നിർദ്ദേശാനുസരണം തിരുത്തി ശ്രീമതി നിഷ പി. കെ.- യെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ രേഖകളിൽ വീണ്ടും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സ്ഥിരനിയമനത്തിനായുള്ള ഒഴിവുകളിലേയ്ക്ക് ടിയാളുടെ പേര് ശിപാർശ ചെയ്തിട്ടുണ്ടെന്നും ടിയാരിയുടെ തുടരവസരങ്ങൾ നഷ്ടപ്പെട്ടിട്ടില്ലെന്നും എംപ്ലോയ്മെന്റ് കാർഡ് റദ്ദാക്കിയിട്ടില്ലെന്നും ചെങ്ങന്നൂർ എംപ്ലോയ്മെന്റ് ഓഫീസിൽനിന്നും അറിയിച്ചിട്ടുണ്ടെന്ന് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

പുതിയ റസ്റ്റ് ഹൗസുകൾ

126 (1401) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകൾ നവീകരിക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

പൊതുമരാമത്ത് വിശ്രമകേന്ദ്രങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് 20 റസ്റ്റ് ഹൗസുകളെ നവീകരിക്കുന്നതിനായി 1421.44 ലക്ഷം രൂപയുടെ ഭരണാനുമതിയ്ക്കായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. 20 റസ്റ്റ് ഹൗസുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത റസ്റ്റ് ഹൗസുകളിലെ ജീവനക്കാർക്ക് അതിഥികളെ സ്വീകരിക്കുന്ന കാര്യങ്ങളിലടക്കം മികച്ച പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

റസ്റ്റ് ഹൗസ് ജീവനക്കാർക്ക് തിരുവനന്തപുരത്തെ Kerala Institute of Tourism and Travel Studies (KITTS) എന്ന സ്ഥാപനത്തിന്റെ സഹായത്തോടുകൂടി Hospitality and House Keeping, Food and Beverages Services എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്.

(സി) റസ്റ്റ്ഹൗസുകളിലെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായും കാലോചിതമായും പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റസ്റ്റ് ഹൗസുകളുടെ ചുമതലയുള്ള ജൂനിയർ സൂപ്രണ്ട്/ചുമതല ഉദ്യോഗസ്ഥർ റസ്റ്റ് ഹൗസുകൾ സന്ദർശിക്കുകയും സൗകര്യങ്ങൾ വിലയിരുത്തി വേണ്ട അറ്റകുറ്റപ്പണികൾക്കുള്ള നിർദ്ദേശങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർമാരെ അറിയിക്കുകയും ചെയ്യുന്നുണ്ട്. വാർഷിക അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടക്കുന്നുണ്ട്.

(ഡി) റസ്റ്റ് ഹൗസുകൾ നിലവിലുള്ള മണ്ഡലങ്ങൾക്കുപുറമെ മറ്റ് മണ്ഡലങ്ങളിലും സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിൽ റസ്റ്റ് ഹൗസിന് 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഭീമനടി റസ്റ്റ് ഹൗസിന്റെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. കാസർഗോഡ് ജില്ലയിലെ തന്നെ ഉദുമ മണ്ഡലത്തിൽ പുതുതായി പെരിയ റസ്റ്റ് ഹൗസ് നിർമ്മിക്കുന്നുണ്ട്.

2021-22 സാമ്പത്തിക വർഷത്തിലെ പ്രവൃത്തികൾ

127 (1402) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിനുകീഴിൽ 2021-22 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്; അവയിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ ഏറ്റെടുത്ത പ്രവൃത്തികൾ എത്ര കോടിയുടേതാണ്; വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് നിരത്തുവിഭാഗത്തിന് കീഴിൽ 1770 കോടി രൂപയുടെ പ്രവർത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഇവയിൽ 28.99 കോടി രൂപയുടെ പ്രവർത്തികൾ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

കെട്ടിട വിഭാഗത്തിനുകീഴിൽ 7154584106.32/- രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. അവയിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ ഏറ്റെടുത്ത പ്രവൃത്തികൾ 299126654/- രൂപയുടേതാകുന്നു.

പാലം വിഭാഗത്തിനുകീഴിൽ 339.40 കോടി രൂപയുടെ പ്രവൃത്തികൾക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്. ഇതിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ 9 പ്രവൃത്തികളിലായി 17.47 കോടി രൂപയുടെ പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിനുകീഴിൽ 34.3785 കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഇതിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ ഏറ്റെടുത്ത പ്രവൃത്തികളൊന്നുമില്ല.

കെ.ആർ.എഫ്.ബി-പി.എം.യു.-ന് കീഴിൽ 1107.94 കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. അവയിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ 209.82 കോടിയുടെ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്.

കെ.എസ്.ടി.പി വിഭാഗത്തിനുകീഴിൽ 444,79,28,624/- കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. അവയിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ല.

(ബി) സർക്കാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ ക്ലാസിഫിക്കേഷൻ അനുസരിച്ച് ലേബർ സൊസൈറ്റികൾക്ക് സഹകരണ വകുപ്പ് നൽകുന്ന അനുമതി തദ്ദേശസ്വയംഭരണ വകുപ്പ് അംഗീകരിച്ച് നടപ്പാക്കുന്നുണ്ടോ;

(സി) പ്രസ്തുത ഉത്തരവ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

താൽക്കാലിക/കരാർ നിയമനങ്ങൾ

128 (1403) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങളിൽ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; താല്ക്കാലിക/കരാർ നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നുമുള്ള വിശദാംശം നൽകാമോ?

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

പൊതുമരാമത്ത് വകുപ്പിൽ ഇ-ഗവേണൻസ്

കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

129 (1404) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ഗവേണൻസ് കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ?

പൊതുമരാമത്തു വകുപ്പിൽ ഇ-ഗവേണൻസ് കാര്യക്ഷമമായി നടപ്പാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

ഇ-ഗവേണൻസ് ഫലപ്രദമായി നടപ്പാക്കുന്നതിന് വകുപ്പിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സോഫ്റ്റ്വെയറുകൾ വളരെ പ്രധാനമാണ്. വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന സോഫ്റ്റ്വെയറുകൾ വികസിപ്പിച്ചു നടപ്പാക്കിവരുന്നു .

ഇ-ഓഫീസ്:-പൊതുമരാമത്ത് വകുപ്പിന്റെ ചീഫ് എഞ്ചിനീയർ ഓഫീസ് മുതൽ സെക്ഷൻ ഓഫീസ് വരെയുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ്

സംവിധാനം നടപ്പാക്കിയിട്ടുണ്ട്. എല്ലാ ഫയൽ നീക്കങ്ങളും ഇപ്പോൾ ഓൺലൈനാണ്.

പ്രൈസ് സോഫ്റ്റ്വെയർ:- വകുപ്പിന്റെ സാങ്കേതിക പ്രവർത്തനങ്ങൾ ഓൺലൈനായി ചെയ്യുന്നതിന് പ്രൈസ് സോഫ്റ്റ്വെയർ വികസിപ്പിച്ചു നടപ്പാക്കിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ എല്ലാ സാങ്കേതിക കാര്യങ്ങളും ഇ-മെഷർമെന്റ്, ഇ-ബിൽ എന്നിവയുൾപ്പെടെ പ്രൈസ് സോഫ്റ്റ്വെയർ വഴിയാണ് ഇപ്പോൾ ചെയ്യുന്നത്.

തൊട്ടറിയാം പി.ഡബ്ല്യു.ഡി.:- വകുപ്പിന്റെ പദ്ധതി അവലോകനത്തിനും പ്രൊജക്ട് മാനേജ്മെന്റിനും വേണ്ടിയുള്ള സോഫ്റ്റ്വെയറാണ് തൊട്ടറിയാം പി.ഡബ്ല്യു.ഡി. ഇതിൽ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും ജനങ്ങൾക്കും പദ്ധതി നടത്തിപ്പിന്റെ വിവരങ്ങൾ അറിയുന്നതിനും അതിൽ ഇടപെടുന്നതിനും സാധിക്കുന്നു.

പി.ഡബ്ല്യു.ഡി. ഫോർ യു മൊബൈൽ ആപ്പ്: പൊതുജനങ്ങൾക്ക് പൊതുമരാമത്തു വകുപ്പിന്റെ റോഡുകളെപ്പറ്റിയുള്ള പരാതികൾ വകുപ്പിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നേരിട്ട് അറിയിക്കുന്നതിനും പരാതി പരിഹരിക്കുന്നതിനും അതിന്റെ നിജസ്ഥിതി ഏതു സമയത്തും അറിയുന്നതിനും വേണ്ടിയുള്ള ഒരു മൊബൈൽ ആപ്പാണ് പി.ഡബ്ല്യു.ഡി.

ഫോർ യു. റോഡ് പരിപാലനം പൊതുജന പങ്കാളിത്തത്തോടെ കൂടുതൽ കാര്യക്ഷമമാക്കാൻ ഇതു സഹായിക്കുന്നു.

റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം:- വകുപ്പ് നിർമ്മിച്ച് പരിപാലിച്ചുവരുന്ന റോഡുകളുടെ ശാസ്ത്രീയമായ പരിപാലനത്തിനും കാര്യക്ഷമമായ ധനവിനിയോഗത്തിനും ഇത് സഹായിക്കും. ഈ സോഫ്റ്റ്വെയർ വഴി യഥാർത്ഥത്തിൽ മെയിന്റനൻസ് നടത്തേണ്ട റോഡുകൾ കണ്ടെത്തി അനുവദിച്ച പദ്ധതിവിഹിതത്തിൽനിന്നുകൊണ്ട് പ്രവൃത്തികൾ നടത്തി മെച്ചപ്പെട്ട റോഡുകൾ പ്രദാനം ചെയ്യുവാൻ സാധിക്കും.

റസ്റ്റ് ഹൗസ് ഓൺലൈൻ റിസർവേഷൻ:- വകുപ്പിന്റെ എല്ലാ റസ്റ്റ് ഹൗസുകളിലും ഓൺലൈൻ റിസർവേഷൻ നടപ്പാക്കിയതുകൊണ്ട് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും എവിടെനിന്നും ഏതുസമയത്തും മുറികൾ ബുക്കുചെയ്യുവാൻ സാധിക്കുന്നു.

മുകളിൽപ്പറഞ്ഞവ കൂടാതെ വകുപ്പിന്റെ വെബ് സൈറ്റ്, സർക്കാരിന്റെ മറ്റ് സോഫ്റ്റ്വെയറുകളായ സ്പാർക്ക്, ബാംസ്, ബിംസ്, ഇ-അനുമതി തുടങ്ങിയ എല്ലാ സോഫ്റ്റ്വെയറുകളും പൊതുമരാമത്ത് വകുപ്പിൽ ഉപയോഗിക്കുന്നു. ഓഫീസുകളിൽ ഇ-ഗവേണൻസ് നടപ്പാക്കുന്നതിൽ ഇതിനാവശ്യമായ കമ്പ്യൂട്ടറുകൾ, പ്രിന്റർ, സ്കാനർ തുടങ്ങി അനുബന്ധ ഉപകരണങ്ങൾ,

ഇന്റർനെറ്റ് കണക്ടിവിറ്റി, ലാൻ നെറ്റ്വർക്ക് എന്നിവ വളരെ ആവശ്യമാണ്. വകുപ്പിന്റെ കുറഞ്ഞ ഇ-ഗവേണൻസ് ബജറ്റ് വിഹിതത്തിൽ നിന്നുകൊണ്ട് ഇവ ഉറപ്പാക്കുന്ന നടപടികൾ എടുത്തുവരുന്നു. ഡിവിഷൻ ഓഫീസ് തലം വരെ ബി.എസ്.എൻ.എൽ. ലീസ്ഡ് ലൈൻ ഉപയോഗിച്ചുള്ള കെ-സ്വാൻ കണക്ടിവിറ്റി ഏർപ്പെടുത്തിയിട്ടുണ്ട്. സബ്-ഡിവിഷൻ, സെക്ഷൻ ഓഫീസുകളിൽ കെ-ഫോൺ കണക്ടിവിറ്റി കൊടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) പദ്ധതികളുമായി ബന്ധപ്പെട്ട് ഫയൽ നീക്കങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിൽ പദ്ധതികളുമായി ബന്ധപ്പെട്ട ഫയൽ നീക്കങ്ങൾ ഇപ്പോൾ ഇ-ഓഫീസ്, പ്രൈസ് സോഫ്റ്റ്വെയർ എന്നിവ വഴിയാണ് ചെയ്യുന്നത്. പദ്ധതികളുടെ സാങ്കേതികമായ എല്ലാ കാര്യങ്ങളും പ്രൈസ് ഓൺലൈൻ സോഫ്റ്റ്വെയറിലൂടെയും പദ്ധതി നടത്തിപ്പിലെ മറ്റു കാര്യങ്ങൾ ഇ-ഓഫീസ് വഴിയും ചെയ്യുന്നതുവഴി സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നു.

കൊയിലാണ്ടി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

130 (1405) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനക്കുളം-മുചുകുന്ന് റെയിൽവേ മേൽപ്പാലം, കൊല്ലം-നല്യാടി റെയിൽവേ മേൽപ്പാലം പയ്യോളി രണ്ടാം ഗേറ്റ് റെയിൽവേ മേൽപ്പാലം എന്നീ പദ്ധതികൾക്ക് ഭരണാനുമതിയും കിഫ്ബിയുടെ അന്തിമാനുമതിയും ലഭിച്ചിട്ടും പദ്ധതി ആരംഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

(എ&ബി) 19-04-2018-ലെ G.O.(Rt) No.718/2018/PWD പ്രകാരം ആനക്കുളം-മുചുകുന്ന് റെയിൽവേ മേൽപ്പാലം, കൊല്ലം-നല്യാടി റെയിൽവേ മേൽപ്പാലം പയ്യോളി രണ്ടാം ഗേറ്റ് റെയിൽവേ മേൽപ്പാലം എന്നിവയ്ക്ക് ഭരണാനുമതി നൽകുകയും തുടർന്ന് 07-02-2020, 09-08-2021 തീയതികളിലെ ഉത്തരവുകൾ പ്രകാരം കിഫ്ബിയിൽനിന്ന് അനുമതി ലഭിക്കുകയും ചെയ്തു. തുടർന്ന് ജി.എ.ഡി. റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. എന്നാൽ ഈ പ്രദേശത്തുകൂടി സിൽവർ അലൈൻമെന്റ് വരുന്നതുമൂലം സിൽവർലൈൻ അലൈൻമെന്റ്

അന്തിമമായതിനുശേഷം മാത്രമേ ജി.എ.ഡി. പരിഗണിക്കാൻ കഴിയൂ എന്ന് റെയിൽവേ അറിയിച്ചു. നിലവിലുള്ള രീതിയിൽ മുന്നോട്ടു പോകാമെന്ന് K.R.D.C.L. അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജി.എ.ഡി.-ക്ക് റെയിൽവേയുടെ അംഗീകാരം ലഭ്യമാക്കാൻ വീണ്ടും ശ്രമിക്കും.

ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട്

131 (1406) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിലെ വിവിധ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെ തമ്മിൽ ബന്ധിപ്പിച്ച് കൊണ്ടുള്ള ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ജില്ലയിലെ അഷ്ടമുടി കായൽ, മൺറോത്തുരുത്ത്, കൊട്ടാരക്കര മീൻപിടിപ്പാറ, മുട്ടറ- മരുതിമല, ജഡായുപാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ കോർത്തിണക്കി നടപ്പാക്കുന്ന വിനോദ സഞ്ചാര സർക്യൂട്ട് പദ്ധതിയുടെ വിശദ പദ്ധതിരേഖ തയ്യാറാക്കാനുള്ള ആർക്കിടെക്ചറൽ കൺസൾട്ടന്റായി ബെംഗളൂരുവിലെ ഇൻഫ്രാസ്ട്രക്ചർ

ഡവലപ്മെന്റ് കോർപ്പറേഷൻ കർണാടക പ്രൈവറ്റ് ലിമിറ്റഡിനെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ കമ്പനിയും വിനോദ സഞ്ചാര വകുപ്പുമായി കരാർ ഒപ്പുവച്ചു. നിലവിൽ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ അവസാനഘട്ടത്തിലാണ്.

കായൽ ടൂറിസം

132 (1407) <u>ശ്രീ. തോമസ് കെ. തോമസ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ മേഖലയിലെ കായൽ ടൂറിസത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ?

കുട്ടനാട് മേഖലയിലെ കായൽ വിനോദസഞ്ചാരത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ആലപ്പുഴ മെഗാ സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി ഹൗസ് ബോട്ട് ടെർമിനലുകളും രണ്ട് നൈറ്റ് ഹാൾട്ട് ടെർമിനലുകളും പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) കായൽ ടൂറിസം നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നു; വ്യക്തമാക്കുമോ;

(സി) പ്രസ്തുത മേഖലയിലെ വികസനത്തിന് എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) വേമ്പനാട് കായലും പരിസരവും അതീവ പരിസ്ഥിതി പ്രാധാന്യമുള്ള മേഖലയായതിനാൽ, തണ്ണീർത്തട സംരക്ഷണ നിയമങ്ങൾക്കുവിധേയമായി പദ്ധതി നടത്തിപ്പിന് ഭൂമി കണ്ടെത്തുക എന്നതാണ് കായൽ ടൂറിസം പദ്ധതികൾ നടപ്പാക്കാനുള്ള പ്രധാന വെല്ലുവിളി. എങ്കിലും കായൽ ടൂറിസത്തിന്റെ സാധ്യത മുൻനിർത്തി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ ആവശ്യമായ ഭൂമി കണ്ടെത്തി, ഈ മേഖലയിൽ വിനോദ സഞ്ചാര വികസനത്തിന് യോജിച്ചതും പരിസ്ഥിതിക്ക് ഇണങ്ങുന്നതുമായ പദ്ധതികൾ നടപ്പാക്കാനാണ് ശ്രമിക്കുന്നത്. കായൽ ടൂറിസം നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നമായ മാലിന്യ സംസ്കരണത്തിനായി എച്ച് ബ്ലോക്ക് കായലിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP) സ്ഥാപിക്കാനുള്ള നടപടികളും പുരോഗമിക്കുന്നുണ്ട്.

ചാമ്പ്യൻസ് ബോട്ട് ലീഗ്

133 (1408) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാമ്പ്യൻസ് ബോട്ട് ലീഗ് നടത്തിപ്പുമായി ബന്ധപ്പെട്ട് വകുപ്പ് നാളിതുവരെ എത്ര തുക ചെലവിട്ടു; ഏതെല്ലാം ഇനത്തിലാണ് ചെലവ് നടത്തിയത്; ബോട്ട് ക്ലബ്ബുകൾക്ക് സഹായമായി എത്ര തുക നൽകി; വിശദാംശം വ്യക്തമാക്കുമോ?

ചാമ്പ്യൻസ് ബോട്ട് ലീഗ് 2019-ന്റെ നടത്തിപ്പിന്റെ ചെലവ് സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	**ഐറ്റം**	**തുക**
1	സി.ബി.എൽ ടി.വി. പ്രൊഡക്ഷൻ	6,41,75,371.00
2	പബ്ലിസിറ്റി	7,15,080.00
3	ഇൻഫ്രാസ്ട്രക്ചർ	7,11,39,665.00
4	കൾച്ചറൽ പ്രോഗ്രാംസ്	1,50,41,420.00
5	റമ്യൂണറേഷൻ & പ്രൈസ് മണി	1,65,28,285.00
6	ബോണസ്	4,32,00,000.00
7	മാച്ച് ഓർഗനൈസേഷൻ	22,176,847.00
8	ഫുഡ് ആന്റ് ഹോസ്പിറ്റാലിറ്റി	12,63,952.00
9	ക്യാൻസലേഷൻ ചാർജ്ജസ്	56,40,232.00
10	പലവക	7,37,011.00
	ആകെ	**24,06,17,863.00**

സി.ബി.എൽ. 2022-ന്റെ നടത്തിപ്പിന് ചെലവായ തുക സംബന്ധിച്ച കണക്കെടുപ്പ് പൂർത്തിയായിട്ടില്ല.

സി.ബി.എൽ.-ന്റെ ഭാഗമായി മത്സരിക്കുന്ന ടീമുകൾക്ക് (ബോട്ട് ക്ലബ് + ചുണ്ടൻ വള്ളങ്ങൾ) ഓരോ മത്സരത്തിനും 4 ലക്ഷം രൂപ വീതം ബോണസ് നൽകുന്നു. കൂടാതെ ഓരോ മത്സരത്തിലും 1, 2, 3 സ്ഥാനങ്ങളിലെത്തുന്ന ടീമുകൾക്ക് യഥാക്രമം 5, 3, 1 ലക്ഷം രൂപ വീതം സമ്മാനം നൽകിയിട്ടുണ്ട്. സി.ബി.എൽ.-ന്റെ ഭാഗമായി 12 മത്സരങ്ങൾ കഴിയുമ്പോൾ പോയിന്റ് അടിസ്ഥാനത്തിൽ 1, 2, 3 സ്ഥാനങ്ങളിലെത്തുന്ന ടീമുകൾക്ക് യഥാക്രമം 25, 15, 10 ലക്ഷം രൂപ വീതം സമ്മാനം നൽകിയിട്ടുണ്ട്. ബോണസ് സമ്മാനതുക ഇനത്തിൽ 5.9 കോടി രൂപയാണ് ഓരോ സീസണിലും ടീമുകൾക്ക് നൽകി വരുന്നത്.

(ബി) ഈ വർഷത്തെ ചാമ്പ്യൻസ് ബോട്ട് ലീഗ് ജേതാക്കൾ ആരാണ്; ചാമ്പ്യൻസ് ബോട്ട് ലീഗ് മുഖേന സർക്കാരിന് എന്ത് വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ?

സി.ബി.എൽ. 2022-ന്റെ ലീഗ് വിജയികളുടെ വിവരം താഴെ നൽകുന്നു.

1-ാം സ്ഥാനം - ടോപ്പിക്കൽ ടെറ്റൻസ് (പള്ളാത്തുരുത്തി ബോട്ട് ക്ലബ്, മഹാദേവികാട് കാട്ടിൽ തെക്കതിൽ വള്ളം)

2-ാം സ്ഥാനം - മൈറ്റി ഓർസ് (എൻ.സി.ഡി.സി. ബോട്ട് ക്ലബ്, നടുഭാഗം ചുണ്ടൻ)

3-ാം സ്ഥാനം - റേജിംഗ് റോവേഴ്സ് (കേരള പോലീസ് ബോട്ട് ക്ലബ് ചമ്പക്കുളം ചുണ്ടൻ)

2019-ലെ ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഭാഗമായി ടിക്കറ്റ് വിൽപ്പനയിലൂടെയും സ്പോൺസർഷിപ്പ് മുഖേനയും 58,66,630/- രൂപ സർക്കാരിന് ലഭിച്ചു.

കാരവൻ ടൂറിസം

134 (1409) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരവൻ ടൂറിസം പദ്ധതി വിശദമാക്കാമോ?

കേരളത്തിലെ ടൂറിസം മേഖലയുടെ വികസനത്തിനായി സർക്കാർ ആഭിമുഖ്യത്തിൽ അവതരിപ്പിച്ചിട്ടുള്ള നവീന ആശയമാണ് കാരവൻ ടൂറിസം 08-10-21-ലെ സ.ഉ.(കൈ)നം. 18/2021/ടൂറിസം പ്രകാരം സർക്കാർ കാരവൻ ടൂറിസം നയരേഖ പുറത്തിറക്കിയിട്ടുള്ളതാണ്.

പതിറ്റാണ്ടുകളായി കേരളത്തിന്റെ പ്രധാന ആകർഷണമായി House Boat-ഉം കായൽ ടൂറിസവും തുടരുന്നു. അതുപോലെ നവീനമായതും മികവുറ്റതുമായ ഒരു ടൂറിസം ഉല്പന്നം കൊണ്ടുവരേണ്ടത് മാറിയ സാഹചര്യങ്ങളിൽ അത്യന്താപേക്ഷിതമാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ കാലോചിതമായതും കേരളത്തിന്റെ പ്രത്യേകതകളും മനോഹാരിതയും അനുഭവവേദ്യമാക്കുന്നതുമായ ഒരു ടൂറിസം ഉൽപ്പന്നം എന്ന നിലയ്ക്കാണ് "കാരവൻ ടൂറിസം" എന്ന സങ്കൽപ്പം ഉയർന്നുവന്നിട്ടുള്ളത്. ടൂറിസം മേഖലയുടെ സമഗ്രവികസനത്തിനായി ഈ സങ്കൽപ്പത്തെ പുനഃപ്രതിഷ്ഠിക്കുവാനാണ് കാരവൻ ടൂറിസം നയം രൂപീകരിച്ചിട്ടുള്ളത്. വിനോദ സഞ്ചാരികൾക്ക് തങ്ങൾക്ക് പ്രിയപ്പെട്ടതും അതോടൊപ്പം ഇതേവരെ പ്രശസ്തിയാർജ്ജിച്ചിട്ടില്ലാത്തതുമായ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് യാത്ര ചെയ്യാൻ കാരവൻ സഹായകരമാകും. പകൽസമയത്ത് സഞ്ചരിക്കുവാനും രാത്രി കാലങ്ങളിൽ താമസിക്കുവാനും വേണ്ട സൗകര്യങ്ങളോടെയാണ് കാരവനുകൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. മിതമായ നിരക്കിൽ ഒരു റിസോർട്ടിലോ ഹോട്ടലിലോ ലഭിക്കുന്ന സൗകര്യങ്ങൾ ഒരു കാരവനിലും ലഭ്യമാകും. പ്രധാനമായും സ്വകാര്യമേഖലയിലെ സംരംഭകരുടെ ഉടമസ്ഥതയിലാണ് കാരവനുകൾ.

കാരവൻ ടൂറിസം പദ്ധതിയിലൂടെ സംസ്ഥാനത്ത് താഴെപ്പറയുന്ന നേട്ടങ്ങൾ സർക്കാർ ലക്ഷ്യമിടുന്നു.

1. ടൂറിസം മേഖലയുടെ സമഗ്രവികസനം സാധ്യമാക്കുക.
2. കേരളത്തിലെ unexplored ആയ destination-കൾ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക.
3. നിലവിൽ താരതമ്യേന താമസസൗകര്യങ്ങൾ കുറഞ്ഞ ടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ വരവ് ഉയർത്തുക.
4. വിവിധ ജനസമൂഹങ്ങൾക്കുകൂടി പ്രയോജനകരമാകുന്ന വിധത്തിൽ ഉത്തരവാദ ടൂറിസം വികസനം നടപ്പിലാക്കുക.
5. തദ്ദേശവാസികൾക്ക് തൊഴിലവസരം സൃഷ്ടിക്കുക.
6. ടൂറിസം മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുക.
7. ടൂറിസം മേഖലയെ കൂടുതൽ പരിസ്ഥിതി സൗഹൃദമാക്കുക.

കേരളത്തിന്റെ നിക്ഷേപസാധ്യതയിലും തൊഴിൽ മേഖലയിലും വിദേശനാണ്യമുൾപ്പെടെയുള്ള വരുമാന സ്രോതസ്സിലും വലിയ സംഭാവന നൽകുന്ന മേഖലയാണ് ടൂറിസം. ടൂറിസം വ്യവസായത്തിന്റെ മുന്നോട്ടുള്ള

കുതിപ്പിൽ പ്രധാന പങ്ക് വഹിക്കുവാൻ പോകുന്നത് കാരവൻ ടൂറിസം പദ്ധതിയാണെന്ന് സർക്കാർ വിലയിരുത്തുന്നു.

കാരവൻ ടൂറിസത്തിന്റെ രണ്ടു ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

1. കാരവൻ - വിനോദസഞ്ചാരികൾക്ക് യാത്രയ്ക്കും, താമസത്തിനും വിശ്രമത്തിനും വേണ്ടി പ്രത്യേകം തയ്യാറാക്കിയ വാഹനങ്ങൾ.

2. കാരവൻ പാർക്കുകൾ - യാത്ര ചെയ്യുന്ന കാരവൻ സഞ്ചാരികൾക്ക് കാരവൻ പാർക്ക് ചെയ്യാനും രാത്രിയോ പകലോ ചെലവിടാനും ആ വിനോദ സഞ്ചാരകേന്ദ്രം ആസ്വദിക്കാനുമുള്ള സ്ഥലങ്ങൾ.

കാരവൻ സംരംഭകർക്ക് വേണ്ടി ഒരു ധനസഹായ പദ്ധതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

1. ആദ്യത്തെ 100 കാരവനുകൾക്ക് 7.50 ലക്ഷം വീതം അല്ലെങ്കിൽ നിക്ഷേപത്തിന്റെ 15% കുറവ് ഏതോ അത്.

2. 101 - 200 വരെ കാരവനുകൾക്ക് 5 ലക്ഷം വീതം അല്ലെങ്കിൽ നിക്ഷേപത്തിന്റെ 10% കുറവ് ഏതോ അത്.

3. 201 - 300 വരെ കാരവനുകൾക്ക് 2.50 ലക്ഷം വീതം അല്ലെങ്കിൽ 5% ഏതോ കുറവ് അത്.

ഒരാൾക്ക് അല്ലെങ്കിൽ ഒരു സ്ഥാപനത്തിന് പരമാവധി 5 കാരവനുകൾക്ക് വരെ ആനുകൂല്യം ലഭിക്കും. കാരവൻ ടൂറിസം നയം ഉത്തരവായ തീയതി മുതൽ 3 വർഷമോ അല്ലെങ്കിൽ 300-ാമത്തെ കാരവൻ പുറത്തിറങ്ങുന്നതുവരെയോ ആണ് പ്രസ്തുത ധനസഹായ പദ്ധതി നിലനിൽക്കുന്നത്. നിലവിൽ കാരവനുകൾക്ക് മാത്രമേ നിക്ഷേപ ധനസഹായം നൽകുന്നുള്ളൂ. കാരവൻ പാർക്കുകൾക്ക് ധനസഹായം നൽകുന്നില്ല.

(ബി) കാരവനും കാരവൻ പാർക്കുകളും പ്രവർത്തിപ്പിക്കുന്നതിന് സംസ്ഥാനത്ത് എത്ര പേർക്ക് അംഗീകാരം നല്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ആദ്യത്തെ കാരവൻ പാർക്ക് വാഗമണിൽ പ്രവർത്തനസജ്ജമായി ഉദ്ഘാടനം കഴിഞ്ഞു. മലമ്പുഴയിൽ അടുത്തതായി ഒരു കാരവൻ പാർക്ക് നിർമ്മാണം നടന്നുവരുന്നുണ്ട്.

ഗുരുവായൂർ പൈതൃക ടൂറിസം പദ്ധതി

135 (1410) ശ്രീ. എൻ.കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി അടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടപ്പാക്കുന്ന പദ്ധതികളിൽ, പഴയ അതിഥി മന്ദിരം പൊളിച്ചുനീക്കി 22.45 കോടി രൂപ ചെലവിൽ അത്യാധുനിക സൗകര്യങ്ങൾ സഹിതം എട്ടു നിലകളിൽ 55 മുറികളോടെ നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ 90% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി 10.96 കോടി രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്.

(ബി) 2022-23 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ ഗുരുവായൂർ പൈതൃക ടൂറിസം പദ്ധതി, ബ്ലാങ്ങാട് ബീച്ച് ടൂറിസം രണ്ടാംഘട്ട പദ്ധതി എന്നിവയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഈ പദ്ധതികളിൽ മതിയായ തുക വകയിരുത്താത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

കായംകുളം കായലോര ടൂറിസം പദ്ധതി

136 (1411) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഗാ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട കായംകുളം കായലോര ടൂറിസം പദ്ധതിയ്ക്ക് ആകെ അനുവദിച്ച തുക എത്രയെന്നും ഇതിൽ ഓരോ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുള്ള തുക എത്രവീതമാണെന്നും വിശദമാക്കാമോ; നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടും പ്രസ്തുത പദ്ധതി ടൂറിസം വകുപ്പ് ഏറ്റെടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സംരക്ഷിക്കപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി ടൂറിസം വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) ആലപ്പുഴ മെഗാ ടൂറിസം പദ്ധതിയുടെ ഭാഗമായി 7.83 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയത്. പദ്ധതിയിലെ വിവിധ ഘടകങ്ങളും അനുവദിച്ച തുകയും ഇപ്രകാരമാണ്:

ടൂറിസ്റ്റ് അറൈവൽ സെന്റർ - 196.14 ലക്ഷം രൂപ

ടൂറിസ്റ്റ് ഇന്റർപ്രട്ടേഷൻ സെന്റർ - 168.30 ലക്ഷം രൂപ

ബോർഡ് വോക്ക് & വ്യൂ പോയിന്റ് - 21.25 ലക്ഷം രൂപ

പെർമനെന്റ് ഹൗസ് ബോട്ട് ജെട്ടി - 35.76 ലക്ഷം രൂപ

നാവിഗബിലിറ്റി മെച്ചപ്പെടുത്തൽ - 300 ലക്ഷം രൂപ

ലാൻഡ് സ്കേപിങ് - 25 ലക്ഷം രൂപ

വൈദ്യുതീകരണം, യാർഡ് ലൈറ്റിങ് - 36.50 ലക്ഷം രൂപ

വിവിധ ഘടകങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായെങ്കിലും KCZMA-യുടെ അനുമതി ലഭിക്കാത്തതിനാലും കായംകുളം നഗരസഭ കെട്ടിട നമ്പർ നൽകാത്തതിനാലും വിനോദ സഞ്ചാര വകുപ്പിന് പദ്ധതി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. KCZMA അനുമതിയും കായംകുളം നഗരസഭയിൽ നിന്നു കെട്ടിട നമ്പറും ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഹോംസ്റ്റേകൾ പ്രവർത്തിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

137(1412) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:

ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോംസ്റ്റേകൾ പ്രവർത്തിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഹോംസ്റ്റേകൾ ആരംഭിക്കുന്നതിന് ടൂറിസം വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; അവയുടെ രജിസ്ട്രേഷന് ഏതൊക്കെ വകുപ്പുകളുടെ അനുമതിയാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് ഹോംസ്റ്റേകൾ പ്രവർത്തിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ച 16-01-2020-ലെ സ.ഉ.(കൈ)നം.03/2020/ടൂറിസം നമ്പർ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.[+] ഹോംസ്റ്റേകൾ ആരംഭിക്കുന്നതിന് ടൂറിസം വകുപ്പിന്റെ അനുമതി നിർബന്ധമില്ല.

(സി) ഡെസ്റ്റിനേഷൻ ടൂറിസത്തിന് സഹായകരമായ ഹോംസ്റ്റേകൾ ആരംഭിക്കുന്നതിനും കൂട്ടമറ്റരീതിയിൽ പ്രവർത്തിക്കുന്നതിനും സഹായകരമാകുന്ന വിധത്തിൽ ടൂറിസം വകുപ്പിന്റെ ഏകജാലക സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധിക്കാവുന്നതാണ്.

വളാഞ്ചേരി കമ്മ്യൂണിറ്റി പാർക്കിനെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

138 (1413) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരിയിൽ കരിങ്കല്ലത്താണി പ്രദേശത്ത് നിർമ്മിക്കുന്ന കമ്മ്യൂണിറ്റി പാർക്കിനെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം പദ്ധതിയിൽ വളാഞ്ചേരി കമ്മ്യൂണിറ്റി പാർക്കിനെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) വളാഞ്ചേരി മുൻസിപ്പാലിറ്റി കമ്മ്യൂണിറ്റി ചിൽഡ്രൻസ് പാർക്ക് എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി വഴി അപേക്ഷ ലഭിച്ചിരുന്നു. ഈ പദ്ധതി 21-10-2022-ന് കോഴിക്കോട്

വെച്ച് കൂടിയ ഇവാല്യുവേഷൻ കമ്മിറ്റി പരിശോധിക്കുകയും ഇതിന്റെ പദ്ധതി റിപ്പോർട്ട് ഭേദഗതികളോടെ പുതുക്കി സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി റിപ്പോർട്ട് പുതുക്കി സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പായിക്കട - വലിയകട പൈതൃക വ്യാപാരകേന്ദ്രം

139 (1414) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൈതൃക സംരക്ഷണത്തിലൂടെ ടൂറിസം വികസനം എന്ന ടൂറിസം നയത്തിന്റെ ഭാഗമായി കൊല്ലത്തെ പുകയിലപണ്ടകശാലയും അനുബന്ധ പായിക്കട - വലിയകട വ്യാപാര മേഖലയും ഉൾപ്പെടുത്തി പൈതൃക വ്യാപാര കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പരിശോധിക്കാവുന്നതാണ്.

വിനോദ സഞ്ചാര മേഖലയിലേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

140 (1415) ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. കെ. ജെ. മാക്സി:

ശ്രീമതി ദെലീമ:

ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിലേയ്ക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനായി സ്വീകരിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

വിനോദസഞ്ചാര മേഖലയിലേയ്ക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ടൂറിസം വകുപ്പ് നടത്തിവരുന്നു. കാരവൻ ടൂറിസം നയം രൂപീകരിച്ച് പുതുതായി കാരവനുകൾ വാങ്ങുന്നവർക്ക് പരമാവധി 7.5 ലക്ഷം രൂപ സബ്സിഡി നൽകി വരുന്നു. കൂടാതെ വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സംരംഭകർക്ക് അക്രഡിറ്റേഷൻ നൽകിവരുന്നു.

1. ആയുർവ്വേദ സെന്റർ

2. ഹോംസ്റ്റേകൾ

3. സർവ്വീസ്ഡ് വില്ല

4. ടൂർ ഓപ്പറേറ്റർമാർ

5. റെസ്റ്റോറന്റുകൾ

6. ഫാം സ്റ്റേകൾ

7. ഹൗസ്ബോട്ടുകൾ

8. അൻപത് വർഷത്തിന്മേൽ പഴക്കമുള്ള വീടുകൾ കേരളത്തനിമയിൽ പുതുക്കി പണിയുന്നതിന് ധന സഹായം നൽകുന്ന ഗൃഹസ്ഥലി പദ്ധതി.

9. അഡ്വഞ്ചർ ടൂറിസം പദ്ധതികൾക്കുള്ള അംഗീകാരം.

ഇതുകൂടാതെ കേരള ടൂറിസം പങ്കെടുക്കുന്ന ബിസിനസ്സ് മീറ്റുകളിലൂടെയും ട്രേഡ് ഫെയറുകളിലൂടെയും കേരളത്തിലെ ടൂറിസം മേഖലയിലെ നിക്ഷേപസാദ്ധ്യത വ്യവസായികളെ അറിയിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ വിനോദസഞ്ചാര മേഖലയിൽ എത്തിയിട്ടുള്ള നിക്ഷേപം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഈ സർക്കാരിന്റെ കാലത്ത് വിനോദ സഞ്ചാര മേഖലയിൽ എത്തിയ നിക്ഷേപം സംബന്ധിച്ച കണക്കുകൾ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) വിനോദസഞ്ചാര മേഖലയിലേയ്ക്ക് കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിനും ടൂറിസം മേഖലയെ അന്താരാഷ്ട്രതലത്തിൽ അടയാളപ്പെടുത്തുന്ന തരത്തിലുള്ള ഹോട്ടൽ ശൃംഖലകളെ ആകർഷിക്കുന്നതിനും ആവശ്യമായ നയസമീപനം സ്വീകരിക്കുമോ; വിശദമാക്കുമോ?

വിനോദസഞ്ചാര മേഖലയിലേയ്ക്ക് കൂടുതൽ നിക്ഷേപം കൊണ്ട് വരുന്നതിനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകരമായ നയ സമീപനമാണ് ടൂറിസം വികസനത്തിന്റെ കാര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഫലമായി ടൂറിസം മേഖലയെ അന്താരാഷ്ട്രതലത്തിൽ അടയാളപ്പെടുത്തുന്ന തരത്തിലുള്ള നിരവധി ഹോട്ടൽ ശൃംഖലകൾ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കേരളത്തിലെ പല പ്രധാനപ്പെട്ട ഡെസ്റ്റിനേഷനുകളിലും ലോക പ്രശസ്തമായ ഗ്രൂപ്പിന്റെ ഹോട്ടൽ ആരംഭിച്ചു കഴിഞ്ഞു.

വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനം

141(1416) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂലം പ്രതിസന്ധിയിലായിരുന്ന വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

കോവിഡ്, കേരളത്തിലെ ടൂറിസം മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. കോവിഡ് കാരണമുണ്ടായ തൊഴിൽ നഷ്ടത്തിന്റെ ആഘാതം പരിഹരിക്കുവാൻ ഈ രംഗത്ത് പ്രവർത്തിക്കുന്ന ബിസ്സിനസ്സ് യൂണിറ്റുകളുടെ അതിജീവനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ടൂറിസം സംരംഭകർക്ക് ബാങ്കുകളുമായി ചേർന്ന് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ടൂറിസം മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്കും ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഈ രണ്ട് പദ്ധതികളനുസരിച്ച് വായ്പയുടെ അമ്പത് ശതമാനം പലിശ സർക്കാരാണ് വഹിക്കുന്നത്. ഇത് കൂടാതെ ഹൗസ് ബോട്ടുകൾക്ക് മെയിന്റനൻസിനായി ഒറ്റത്തവണ സഹായവും ഗൈഡുകൾക്കായി പ്രത്യേക

സാമ്പത്തിക സഹായവും കോവിഡ് കാലയളവിൽ നൽകിയിട്ടുണ്ട്. ഇത് കൂടാതെ ടൂറിസം മേഖലയിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാർക്കായി ഒരു റിവോൾവിംഗ് ഫണ്ടിന് രൂപം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഓരോ തൊഴിലാളിക്കും പതിനായിരം രൂപ വരെ പലിശ രഹിത വായ്പയായി ലഭ്യമാക്കുന്നുണ്ട്. ആയിരം പേർക്ക് റിവോൾവിംഗ് ഫണ്ട് പ്രകാരമുള്ള സാമ്പത്തിക സഹായം നൽകിക്കഴിഞ്ഞു. പദ്ധതി ഇപ്പോഴും മുന്നോട്ട് പോകുന്നു.

അതോടൊപ്പംതന്നെ ഈ മേഖലയുടെ വളർച്ച ലക്ഷ്യമിട്ട് നിരവധി പുതിയ പദ്ധതികൾക്കും രൂപം നൽകിയിട്ടുണ്ട്. കാരവൻ ടൂറിസം പോലുള്ള പുതിയ പദ്ധതികൾ അവതരിപ്പിച്ചതും ഈ മേഖലയ്ക്ക് ഗുണകരമായിട്ടുണ്ട്. നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് ആത്മവിശ്വാസം പകരുവാൻ കേരളം സുരക്ഷിതമാണെന്ന് അറിയിച്ച് വിവിധ പ്രചരണ പ്രവർത്തനങ്ങളും ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. ടൂറിസം വകുപ്പ് പുതുതായി തുടങ്ങിയ താഴെപ്പറയുന്ന പ്രചരണ പരിപാടികളെല്ലാം തന്നെ ഈ മേഖലയുടെ പുനരുജ്ജീവനം മുന്നിൽകണ്ടാണ്. സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ

കേരള ഡ്രൈവ് ഹോളിഡെയ്സ്

ലോംഗ് സ്റ്റെയ്സ് ഇൻ കേരള

ഹോംസ്റ്റേ പ്രമോഷൻ

ഹണിമൂൺ ഹോളിഡെയ്സ്

കാരവൻ ടൂറിസം പ്രമോഷൻ

ചെയ്ഞ്ച് ഓഫ് എയർ ക്യാമ്പയിൻ

ഫാം ടിപ്പുകൾ

വിവിധ ദേശീയ അന്തർദേശീയ ഫെയറുകളിലെ പ്രാതിനിധ്യം

(ബി) വിനോദസഞ്ചാര മേഖലയ്ക്ക് സമ്പൂർണ്ണ വ്യവസായ പദവി നൽകണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ഇത് എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്?

പരിഗണനയിലുണ്ട്. വിനോദസഞ്ചാര മേഖലയ്ക്ക് വ്യവസായ പദവി നൽകുന്നതുമായി ബന്ധപ്പെട്ട ആവശ്യം സർക്കാർ ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്തു വരികയാണ്.

(സി) ഇതുമൂലം വിനോദസഞ്ചാര മേഖലയ്ക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

വിനോദസഞ്ചാര മേഖലയിലേയ്ക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കപ്പെടുകയും തൊഴിലവസരം സൃഷ്ടിക്കുകയും ചെയ്യുമെന്നാണ് വിലയിരുത്തൽ. ടൂറിസം മേഖലയിൽ വലിയ വളർച്ച ഇതുവഴി ലക്ഷ്യമിടുകയാണ്.

വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായുള്ള ടൂറിസം പദ്ധതികൾ

142 (1417) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഈ പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ 64.13 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ SPV ആയ M/s വാപ്കോസ് ലിമിറ്റഡ് Designed Build Operator (DBO) മോഡലിൽ നടപ്പിലാക്കുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ സമർപ്പിച്ച യോഗ്യരായ അപേക്ഷകരിൽനിന്ന് ഏറ്റവും കുറവ് തുകയായ 96 കോടി രൂപ ക്വട്ട് ചെയ്ത ശ്രീ. അവന്തിക കോൺട്രാക്ടേഴ്സ് പ്രൈ. ലിമിറ്റഡിനെ ടെണ്ടർ അംഗീകരിച്ച് സർക്കാർ ഉത്തരവ് നൽകുകയും ചെയ്തു. കിഫ്ബി ടി പദ്ധതിയ്ക്കായി 117.50

കോടി രൂപയുടെ പുതുക്കിയ അനുമതി 30-08-2022-ൽ നൽകുകയുണ്ടായി. ടി പദ്ധതിയുടെ SPV ആയ M/s വാപ്കോസ് ലിമിറ്റഡ് - ഉം തെരെഞ്ഞെടുത്ത കരാറുകാരനായ ശ്രീ. അവന്തിക കോൺട്രാക്ടേഴ്സും തമ്മിൽ എഗ്രിമെന്റിൽ ഏർപ്പെടേണ്ടതുണ്ട്. അതോടൊപ്പം ഓപ്പറേഷൻ & മെയിന്റനൻസ് സംബന്ധിച്ച് ടൂറിസം വകുപ്പും ശ്രീ. അവന്തിക കോൺട്രാക്ടേഴ്സുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതുണ്ട്. ആയതിന്റെ നടപടി പുരോഗമിച്ചു വരുന്നു.

(ബി) പാർവ്വതി പുത്തനാർ ഉൾപ്പെടുന്ന ദേശീയ ജലപാത ഉപയോഗപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ടൂറിസം പദ്ധതികൾ വിശദമാക്കാമോ?

ഇതു സംബന്ധിച്ച് ടൂറിസം വകുപ്പ് പദ്ധതികളൊന്നും ആരംഭിച്ചിട്ടില്ല

(സി) ഉത്തരവാദിത്ത ടൂറിസം മേഖലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ വിശദമാക്കുമോ?

ഉത്തരവാദിത്ത ടൂറിസം മിഷന്റെ ആഭിമുഖ്യത്തിൽ സ്ത്രീകളുമായി ബന്ധപ്പെട്ട വിനോദസഞ്ചാരത്തിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക ' സ്ത്രീ സൗഹാർദ്ദ ടൂറിസം' എന്ന പുതിയ പദ്ധതി ഈ സാമ്പത്തിക വർഷം ആരംഭിച്ച് പരിശീലനങ്ങൾ നടന്നുവരുന്നു.

ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം , ഫാം /അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, ആക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും, വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ എല്ലാവിധ പരിശീലനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. കായൽ, ബീച്ച്, ഹിൽ, വില്ലേജ് എന്നീ മേഖലകളിലെ വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കിയ പദ്ധതികളാണ് സ്ട്രീറ്റ്, 'പെപ്പർ', 'മോഡൽ ആർ ടി വില്ലേജ്.

(ഡി) പിൽഗ്രിം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് 'തത്വമസി' എന്ന പേരിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കൂടാതെ കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ശ്രീപത്മനാഭ-ആറന്മുള ആസ് എ സ്പിരിച്വൽ സർക്യൂട്ട് എന്ന പദ്ധതി പൂർത്തീകരിച്ചു. കേന്ദ്ര സർക്കാരിന്റെ പ്രസാദ് സ്കീമിലുൾപ്പെടുത്തി ഗുരുവായൂർ അമ്പലത്തിന്റെ വികസനപ്രവർത്തനങ്ങൾ വകുപ്പ് ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ശബരിമല- എരുമേലി-പമ്പ-സന്നിധാനം ആസ് എ സ്പിരിച്വൽ സർക്യൂട്ട് പദ്ധതിയും ഡെവലപ്മെന്റ് ഓഫ് സ്പിരിച്വൽ സർക്യൂട്ട് ശിവഗിരി ശ്രീ നാരായണ ഗുരു ആശ്രമം – അരുവിപ്പുറം – കുന്നുംപാറ ശ്രീ സുബ്രമണ്യ – ചെമ്പഴന്തി ശ്രീ നാരായണ ഗുരുകുലം ഇൻ കേരള എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാരിന്റെ പ്രസാദ് സ്കീമിലുപ്പെടുത്തുന്നതിനായി മലയാറ്റൂർ സെന്റ് തോമസ് ഇന്റർനാഷണൽ പ്ലൈൻ, ചേരമാൻ ജുമാ മസ്ജിദ്, പെരുമ്പാവൂരിലെ റിലീജിയസ് സെന്ററുകളുടെ വികസനം എന്നീ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് .

(ഇ) കോവിഡിന്റെ ഭീഷണി ഒഴിയുന്ന സാഹചര്യത്തിൽ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

കോവിഡിനുശേഷം കേരളത്തിലെ വിനോദസഞ്ചാര മേഖല സജീവമായി വരുകയാണ്. വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ആദ്യമൂന്ന് പാദത്തിൽ തന്നെ റെക്കോർഡ് വർദ്ധനവിലെത്തി. അതുകൊണ്ടുതന്നെ 2022 കേരളത്തിലെ ടൂറിസം മേഖലയ്ക്ക് ഗുണകരമാണെന്നാണ് വിലയിരുത്തൽ. ഇത് മുന്നിൽകണ്ടുകൊണ്ടുതന്നെ നിരവധിയായ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കാണ് വകുപ്പ് രൂപം നൽകുന്നത്. കേരളത്തെ ഒരു വെഡ്ഡിംഗ് ഡെസ്റ്റിനേഷനാക്കുക എന്ന ഉദ്ദേശത്തോടെ നടപ്പാക്കുന്ന പ്രത്യേക മാർക്കറ്റിംഗ് കാമ്പയിൻ, ഒരു ടൂറിസം പ്രൊഡക്ട് എന്ന നിലയിൽ കാരവൻ ടൂറിസത്തിന്റെ മെച്ചപ്പെട്ട അവതരണം, സ്വകാര്യ മേഖലയുമായി ചേർന്ന് കേരളത്തിലെ പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഹെലികോപ്റ്റർ സർവ്വീസ്, ബേപ്പൂർ റിവർഫെസ്റ്റ്, ചാലിയാർ റിവർഫെസ്റ്റ്, പരമ്പരാഗത കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്ന "ഉത്സവം" പരിപാടി ഇവയൊക്കെ ഈ വർഷം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രധാന പദ്ധതികളാണ്. കൂടാതെ കോവിഡ് കാരണം മുടങ്ങിയ ചാമ്പ്യൻസ് ബോട്ട് ലീഗ് പുന:രാരംഭിച്ചു.

ടൂറിസം വകുപ്പ് നടപ്പാക്കുന്ന താഴെപ്പറയുന്ന പ്രചരണ പരിപാടികളെല്ലാം തന്നെ ഈ മേഖലയുടെ പുനരുജ്ജീവനം മുന്നിൽക്കണ്ടാണ്.

സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ

കേരള ഡ്രൈവ് ഹോളിഡെയ്സ്

ലോംഗ് സ്റ്റെയ്സ് ഇൻ കേരള

ഹോംസ്റ്റേ പ്രമോഷൻ

ഹണിമൂൺ ഹോളിഡെയ്സ്

കാരവൻ ടൂറിസം പ്രമോഷൻ

ചെയ്ഞ്ച് ഓഫ് എയർ ക്യാമ്പയിൻ

ഫാം ടിപ്പുകൾ

വിവിധ ദേശീയ അന്തർദേശീയ ഫെയറുകളിലെ പ്രാതിനിധ്യം

കൂടാതെ കാരവൻ ടൂറിസം പോലുള്ള പുതിയ പദ്ധതികൾ അവതരിപ്പിച്ചതും ഈ മേഖലയ്ക്ക് ഗുണകരമായിട്ടുണ്ട്. സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിലേയ്ക്കുള്ള വിനോദസഞ്ചാരികളുടെ

എണ്ണത്തിൽ മുൻവർഷത്തേക്കാൾ വർദ്ധനവുണ്ടായിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽനിന്നും കേരള ടൂറിസം കരകയറിയതിന്റെ സൂചനയാണ് ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കാണിക്കുന്നത്.

പള്ളിക്കത്തോട് അരുവിക്കുഴി ഡെസ്റ്റിനേഷൻ ടൂറിസം പദ്ധതി

143 (1418) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെസ്റ്റിനേഷൻ ടൂറിസം പദ്ധതിയിലുൾപ്പെടുത്തിയ കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് അരുവിക്കുഴി ടൂറിസം പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ ഇനി ആവശ്യമായ നടപടികൾ എന്തെല്ലാം; ഇതിനായി തദ്ദേശസ്ഥാപനങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്നുള്ളതിന്റെ വിശദാംശം അറിയിക്കാമോ?

(എ&ബി) കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് അരുവിക്കുഴി ടൂറിസം പദ്ധതി ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതിയിൽ

ഉൾപ്പെടുത്തുന്നതിനായുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്ന് ലഭിച്ചിട്ടില്ല.

(സി) ഡെസ്റ്റിനേഷൻ പദ്ധതിയുടെ വരവ്, ചെലവ് എന്നിവ പങ്കിടുന്നത് എങ്ങനെയെന്ന് വിശദമാക്കാമോ?

ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പ് ചുമതല പൂർണ്ണമായും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും. എന്നാൽ ഡസ്റ്റിനേഷൻ വികസനത്തിനുള്ള 60%(പരമാവധി 50 ലക്ഷം രൂപ) ടൂറിസം വകുപ്പും 40% ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമാണ് വഹിക്കേണ്ടത്.

കാസർഗോഡ് ജില്ലയിലെ ബാവിക്കര ടൂറിസം പദ്ധതി

144 (1419) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര ടൂറിസം പദ്ധതിക്ക് നടപ്പുസാമ്പത്തിക വർഷത്തിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ഈ പദ്ധതിക്ക് ഒരു കോടി രൂപയാണ് നടപ്പുസാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരിക്കുന്നത്.

(ബി) അതിൻപ്രകാരം എത്ര രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിക്കാൻ സാധിക്കുമെന്നത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ?

പദ്ധതിക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

1) ഡി.പി.ആർ. തയ്യാറാക്കാനായി ഏജൻസി സ്ഥലം സന്ദർശിച്ചുകഴിഞ്ഞു. ആർക്കിടെക്ചർ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

2) പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിനിയോഗാനുമതിയ്ക്കായി ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടികൾ കളക്ടറേറ്റിൽ പുരോഗമിക്കുന്നു.

3) സ്വകാര്യ വ്യക്തിയിൽനിന്നും സൗജന്യമായി വിട്ടുകിട്ടുന്ന ഭൂമിയുടെ റെലിങ്ക്വിഷ്മെന്റ് നടപടികൾ പുരോഗമിക്കുന്നു.

(ഡി) പദ്ധതിയുടെ ഡി.പി.ആർ. നാളിതുവരെയും ഭരണാനുമതിക്കായി സമർപ്പിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിക്ക് എന്ന് ഭരണാനുമതി നൽകുമെന്ന് അറിയിക്കുമോ?

ഉണ്ട്. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്കേ ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ.

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനം

145 (1420) ശ്രീ. ടി.സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിക്കുമോ?

ജില്ലാതലത്തിൽ വിനോദ സഞ്ചാര വികസനം സാധ്യമാക്കുക, വിനോദ സഞ്ചാര വകുപ്പ് ആവിഷ്കരിക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പ് ചുമതല, മേൽനോട്ടം, പരിപാലനം, പുതിയ വിനോദ സഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുക, വിനോദ സഞ്ചാര വകുപ്പ് ജില്ലതോറും നടത്തുന്ന പരിപാടികളുടെ സംഘാടനം

തുടങ്ങിയവയാണ് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രധാന പ്രവർത്തനങ്ങൾ.

(ബി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ഘടന, പ്രവർത്തനം എന്നിവ വിശദമാക്കുമോ?

1955-ലെ തിരുവിതാംകൂർ - കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് പ്രകാരം റജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്ന സ്ഥാപനമാണ് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ. അതത ജില്ലാ കലക്ടർമാരാണ് ഡി.ടി.പി.സി.-യുടെ ചെയർമാൻ. ഡി.ടി.പി.സി.-ക്ക് രണ്ടു കമ്മിറ്റികളുണ്ട്: നിർവാഹക സമിതിയും ഭരണ സമിതിയും. ഡി.ടി.പി.സി.-യുടെ ദൈനംദിന പ്രവർത്തനങ്ങൾ നിർവഹിക്കുന്നത് ഡി.റ്റി.പി.സി. സെക്രട്ടറിയാണ്.

ജില്ലാതലത്തിൽ വിനോദ സഞ്ചാര വികസനം സാധ്യമാക്കുക, വിനോദ സഞ്ചാര വകുപ്പ് ആവിഷ്കരിക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പ് ചുമതല, മേൽനോട്ടം, പരിപാലനം, പുതിയ വിനോദ സഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുക, വിനോദ സഞ്ചാര വകുപ്പ് ജില്ലതോറും നടത്തുന്ന പരിപാടികളുടെ സംഘാടനം

തുടങ്ങിയവയാണ് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രധാന പ്രവർത്തനങ്ങൾ.

(സി) അവയുടെ പ്രധാന വരുമാന സ്രോതസ്സുകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ?

വിനോദ സഞ്ചാര വകുപ്പ് നിർമ്മിക്കുന്ന പാർക്കുകൾ, ഉദ്യാനങ്ങൾ തുടങ്ങിയ പദ്ധതികളിൽനിന്നുള്ള ടിക്കറ്റ് നിരക്കും മറ്റ് അടിസ്ഥാന സൗകര്യങ്ങളിൽനിന്നുള്ള വരുമാനവുമാണ് ഡി.ടി.പി.സി.-കളുടെ പ്രധാന വരുമാന സ്രോതസ്.

പൊന്നാനി മണ്ഡലത്തിലെ വിവിധ പദ്ധതികൾ

146 (1421) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ 2017-18-ൽ ആരംഭിച്ച നിള സംഗ്രഹാലയം പദ്ധതി നാളിതുവരെ പൂർത്തീകരിക്കപ്പെട്ടിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തെല്ലാം സാങ്കേതിക കാരണങ്ങളാലാണ് പ്രസ്തുത പ്രൊജക്ട് വൈകുന്നത്; ഈ പദ്ധതി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

പൊന്നാനി നിയോജകമണ്ഡലത്തിലെ നിള ഹെറിറ്റേജ് മ്യൂസിയം എന്ന ടൂറിസം പദ്ധതിയുടെ നിർമ്മാണപ്രവർത്തികൾ പൂർത്തികരിച്ചിട്ടില്ല. ഈ പദ്ധതിയുടെ ചില നിർമ്മാണ പ്രവർത്തികൾക്കായുള്ള സ്ഥലത്തിന് ജലസേചന വകുപ്പിൽനിന്ന് ഉപയോഗാനുമതി ലഭിക്കാനുള്ളതുകൊണ്ടും ചില പ്രവൃത്തികൾക്കിനിയും സാങ്കേതികാനുമതി ലഭിക്കാനുള്ളതുകൊണ്ടുമാണ് നിർമ്മാണം നിലവിൽ വൈകുന്നത്. സ്ഥലത്തിന് ഉപയോഗാനുമതി ലഭിക്കുന്നതിന് ചീഫ് എഞ്ചിനീയർ ജലസേചന വകുപ്പ് (പ്രോജക്ട് വിഭാഗം), കോഴിക്കോട്, സെക്രട്ടറി, ജലവിഭവ വകുപ്പ് തിരുവനന്തപുരം എന്നിവർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ ഭൂവിനിയോഗാനുമതി/നിരാക്ഷേപപത്രം ലഭ്യമാക്കുന്നത് സംബന്ധിച്ച് ടൂറിസം പ്രിൻസിപ്പൽ സെക്രട്ടറി ഇറിഗേഷൻ വകുപ്പുമായി 5-12-2022- ന് ഒരു മീറ്റിംഗ് നടത്തുകയുണ്ടായി. N.O.C. ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി ഘടകങ്ങൾക്കുകൂടി സാങ്കേതികാനുമതി ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ നിർമ്മാണം തുടങ്ങിയ മറൈൻ മ്യൂസിയം നാളിതുവരെ പ്രവർത്തനസജ്ജമായിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ടി പദ്ധതി പൂർത്തീകരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ?

മറൈൻ മ്യൂസിയത്തിനായുള്ള കെട്ടിട നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. ഈ കെട്ടിടങ്ങൾക്ക് ബിൽഡിംഗ് നമ്പറും, വൈദ്യുതി കണക്ഷനും, വാട്ടർ കണക്ഷനും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട C.R.Z. ക്ലീയറൻസിനായും ഫയർ & സേഫ്റ്റി നിരാക്ഷേപ പത്രം ലഭിക്കുന്നതിനായും നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ പ്രവൃത്തികൾ പൂർത്തിയായ കെട്ടിടങ്ങളിൽ മറൈൻ മ്യൂസിയം സജ്ജീകരിക്കുന്നതിന് രണ്ടാം ഘട്ട പദ്ധതിക്കായുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആലുവ ഗവ.ഗസ്റ്റ് ഹൗസ് ഹെറിറ്റേജ് ബ്ലോക്കിന്റെ നവീകരണം

147 (1422) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ഗവ. ഗസ്റ്റ് ഹൗസ് ഹെറിറ്റേജ് ബ്ലോക്കിലെ നവീകരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ആലുവ ഗവ. ഗസ്റ്റ് ഹൗസ് ഹെറിറ്റേജ് ബ്ലോക്കിലെ നവീകരണ പ്രവൃത്തികൾ 09-11-2022 തീയതിയിലെ സ.ഉ.(സാധാ)നം. 403/2022/ടൂറിസം പ്രകാരം "റെനോവേഷൻ ആൻഡ് അപ്ഗ്രഡേഷൻ ഓഫ് മെയിൻ ബ്ലോക്ക് അറ്റ് ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, ആലുവ" എന്ന പ്രവൃത്തിയ്ക്കായി 4.36 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്കായുള്ള 30-03-2020-ലെ സ.ഉ. (സാധാ)നം.150/2020/ടൂറിസം. ഉത്തരവ് പുതുക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഈ ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാകാമോ?

30-03-2020-ലെ സ.ഉ.(സാധാ)നം. 150/2020/ടൂറിസം ഉത്തരവ് പുതുക്കിയിട്ടില്ല. "റെനോവേഷൻ ആൻഡ് അപ്ഗ്രഡേഷൻ ഓഫ് മെയിൻ ബ്ലോക്ക് അറ്റ് ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, ആലുവ" എന്ന പ്രവൃത്തിയ്ക്ക് പുതിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയ്ക്കായി പുതുക്കിയ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രൈസ് ഐഡി നമ്പർ അറിയിക്കാമോ; ഇതുപ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പുതുക്കിയ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റുകളുടെ പ്രൈസ് ഐ.ഡി. നമ്പർ ചുവടെ ചേർക്കുന്നു.

Civil work - 2022/12464

Electrical work - 2022/12467

ELV works - 2022/12623

FPS and HVAC works - 2022/12468

Interior works - 2022/12466

PH works - 2022/12465

ടി എസ്റ്റിമേറ്റ് പ്രകാരം പുതിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ ചുമതല ഏത് സർക്കാർ അക്രഡിറ്റഡ് ഏജൻസിയ്ക്കാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഇ) പ്രസ്തുത പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; ആയത് എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ടി പദ്ധതി 24 മാസകാലാവധിക്കുള്ളിൽ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

താൽക്കാലിക/കരാർ നിയമനങ്ങൾ

148 (1423) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റാനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; താൽക്കാലിക/കരാർ നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത്; വിശദാംശം നൽകാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

വയനാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ

149 (1424) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന 2016 മുതൽ ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനും നടത്തിപ്പിനും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദീകരിക്കുമോ;

(ബി) ഇതിൽ പൂർത്തിയായവ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(സി) പൂർത്തീകരിക്കുവാനുള്ള പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

(എ - സി) വയനാട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന 2016 മുതൽ ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനും നടത്തിപ്പിനുമായി ആസൂത്രണം ചെയ്ത പദ്ധതികളുടെ പട്ടിക (നിലവിലെ സ്ഥിതി) അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കലശമല ടൂറിസം പദ്ധതി

150 (1425) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം മണ്ഡലത്തിലെ കലശമല ടൂറിസം പദ്ധതിയുടെ പുരോഗതി വിലയിരുത്താമോ?

കലശമല ഇക്കോടൂറിസം പദ്ധതിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാത പഠനം പൂർത്തിയായി. ഈ പഠന റിപ്പോർട്ട് വിലയിരുത്താൻ വിദഗ്ധ സമിതി രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

കൊച്ചി മണ്ഡലത്തിലെ ടൂറിസം പ്രവൃത്തികൾ

151 (1426) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം വകുപ്പിൽനിന്നുമുള്ള ഫണ്ട് വിനിയോഗിച്ച് കൊച്ചി മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പ്രവൃത്തികൾ ഏതെല്ലാം; ഓരോ പ്രവൃത്തിക്കും അനുവദിച്ചിരിക്കുന്ന തുക എത്ര; വിശദമാക്കുമോ?

വിനോദ സഞ്ചാര വകുപ്പിൽനിന്നുള്ള ഫണ്ട് വിനിയോഗിച്ച് കൊച്ചി മണ്ഡലത്തിൽ നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

പദ്ധതിയുടെ പേര്	ഏജൻസി	ഭരണാനുമതി തുക
മട്ടാഞ്ചേരിയിലെ കൾച്ചറൽ മൊസൈക് മ്യൂസിയം	കിറ്റ്കോ	4,92,00,000
ഫോർട്ട്കൊച്ചിയിലെ ചീനവലകളുടെ സംരക്ഷണവും പുനഃരുദ്ധാരണവും- പരിഷ്കരിച്ച ഭരണാനുമതി	കിറ്റ്കോ	2,44,95,707
ഫോർട്ട് കൊച്ചിയിൽ ലോകോത്തര നിലവാരമുള്ള ശൗചാലയ സമുച്ചയം	കിറ്റ്കോ	1,51,08,533
കൊച്ചി മുസിരിസ് ബിനാലെ - അഞ്ചാം പതിപ്പ്	ദ് കൊച്ചി ബിനാലെ ഫൗണ്ടേഷൻ	6,00,00,000

അനുയോജ്യമായ സ്ഥലം ലഭ്യമാവാത്തതിനാൽ ലോകോത്തര നിലവാരമുള്ള ശൗചാലയ സമുച്ചയ പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ല.

വർക്കല മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ പ്രവൃത്തികൾ

152 (1427) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നിർവ്വഹിച്ചു വരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വർക്കല സർക്കാർ അതിഥിമന്ദിരത്തിൽ പുതിയ കോട്ടേജുകളുടെ നിർമ്മാണവും നിലവിലുള്ള കോട്ടേജുകളുടെ പുനരുദ്ധാരണവും

ഈ പദ്ധതിയുടെ 65% പൂർത്തിയായിട്ടുണ്ട്. 2023 മാർച്ച് മാസത്തിൽ പ്രവൃത്തി പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു.

2. വർക്കല കടൽത്തീരത്ത് ലോക നിലവാരത്തിലുള്ള ശുചിമുറി സമുച്ചയം

ഈ പദ്ധതിയുടെ 75% പൂർത്തിയായിട്ടുണ്ട്. 2023 ജനുവരിയിൽ പദ്ധതി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.

3. CCTV ക്യാമറകളുടേയും വഴിവിളക്കുകയുടേയും സ്ഥാപനം

പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

4. വർക്കല ബീച്ച് ടൂറിസം വികസനം

2018-ൽ ഭരണാനുമതി നൽകിയ ഈ പദ്ധതിയുടെ 10% മാത്രമേ നടപ്പാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. പദ്ധതിയുടെ നിർവ്വഹണസമയത്ത് പരിസ്ഥിതി പ്രവർത്തകർ ഉയർത്തിയ തടസ്സവാദങ്ങളും C.R.Z. അനുമതി ലഭ്യമാകുന്നതിലുള്ള തടസ്സവും കാരണം പദ്ധതി നടപ്പിലാക്കുന്നത് പ്രായോഗികമല്ല. ആയതിനാൽ , ഈ പദ്ധതി റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വർക്കല ടൂറിസം കേന്ദ്രത്തിന്റെ വികസനം - തീർത്ഥക്കുളത്തിന്റെയും അനുബന്ധ കെട്ടിടങ്ങളുടേയും പുനരുദ്ധാരണം.

ആദ്യഘട്ടത്തിൽ പദ്ധതിനിർവ്വഹണം ഏറ്റെടുത്ത ഏജൻസി പിന്നീട് പിൻവാങ്ങുകയുണ്ടായി. ഈ സാഹചര്യത്തിൽ, നിലവിൽ സംസ്ഥാന ജലസേചനവകുപ്പിൽ നിന്നും പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതി

153 (1428) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ വേഗത്തിൽ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി & സി) വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതിയുടെ വിശദ പദ്ധതിരേഖ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബേക്കൽ എയർ സ്ട്രിപ്പ് പദ്ധതി

154 (1429) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ എയർ സ്ട്രിപ്പ് പദ്ധതി പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

ഉണ്ട്.

(ബി) ഇതിനായി 2022-23 വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നടപ്പുസാമ്പത്തിക വർഷം 126 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കിഫ്ബിയിൽ ഈ പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

നിലവിൽ കിഫ്ബിയിൽ ഈ പദ്ധതിയ്ക്ക് തുക വകയിരുത്തിയിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ഉഡാൻ പദ്ധതിയിൽ തുക അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ബേക്കൽ - കണ്ണൂർ റൂട്ട് ഉഡാൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രാലയത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതി ഉഡാൻ സ്കീമിൽ ഉൾപ്പെടുത്തിയതുസംബന്ധിച്ച് അറിയിപ്പ് ലഭിച്ചിട്ടില്ല.

(ഇ) മേൽ പദ്ധതിയുടെ നിലവിലുള്ള സ്ഥിതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കാസർഗോഡ് എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിനായുള്ള ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായി കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെ (സിയാൽ), നിയമിച്ചിട്ടുണ്ട്. എയർസ്ട്രിപ്പ് പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ പെരിയയിൽ എയർസ്ട്രിപ്പിനായി കണ്ടെത്തിയ 80.41 ഏക്കർ സ്ഥലത്തിൽ സർക്കാരിന്റെ കൈവശമുള്ള ഭൂമി റവന്യൂ വകുപ്പിൽ നിന്ന് ടൂറിസം വകുപ്പിന് കൈമാറുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടുതലായി വേണ്ടിവരുന്ന സ്വകാര്യ ഭൂമി അക്വയർ ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

കിഫ്ബിയുടെ ടെക്നിക്കൽ കൺസൾട്ടന്റ് നിർദ്ദിഷ്ട പെരിയ എയർ സ്ട്രിപ്പ് സ്ഥലം 28-10-2022-ന് പരിശോധിക്കുകയുണ്ടായി.

ബി.ആർ.ഡി.സി.-യുടെ ഗവേണിംഗ് ബോഡി

155 (1430) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ആർ.ഡി.സി. (ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്)-യുടെ ഗവേണിംഗ് ബോഡിയിൽ ടൂറിസം ഡസ്റ്റിനേഷൻ ഏരിയയിലെ ജനപ്രനിധികളെ കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ നിലവിലെ സ്ഥിതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(എ & ബി) പരിഗണനയിലാണ്.

വിനോദ സഞ്ചാരികൾക്ക് പ്രൊഫഷണൽ നിലവാരത്തിലുള്ള സേവനം

156 (1431) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഹോസ്പിറ്റാലിറ്റി മേഖലയിലെ സ്കിൽഡ് തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വിനോദസഞ്ചാരികൾക്ക് പ്രൊഫഷണൽ നിലവാരത്തിലുള്ള സേവനം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഹോസ്പിറ്റാലിറ്റി മേഖലയിലെ സ്കിൽഡ് തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിനും വിനോദസഞ്ചാരികൾക്ക് പ്രൊഫഷണൽ നിലവാരത്തിലുള്ള സേവനം ഉറപ്പാക്കുന്നതിനുമായി സംസ്ഥാനത്ത് ദേശീയ നിലവാരത്തിലുള്ള സ്ഥാപനങ്ങളായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കേരള ഇൻസ്റ്റിറ്റ്യൂട്ട്

ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയിലെ വിവിധ കോഴ്സുകൾ വഴി വൈദഗ്ധ്യമുള്ള മനുഷ്യവിഭവശേഷി രൂപപ്പെടുത്തി വരുന്നുണ്ട്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സഹായത്തോടെ ഹോസ്പിറ്റാലിറ്റി മേഖലയിൽ ജോലി ചെയ്യുന്നവർക്കായി അഞ്ചുദിവസത്തെ സൗജന്യ സ്കിൽ പരിശീലനം നൽകി വരുന്നുണ്ട്. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് വഴി വിനോദസഞ്ചാര വകുപ്പിലെ ജീവനക്കാർക്ക് മാനവ വിഭവശേഷി വികസനത്തിന്റെ ഭാഗമായി പരിശീലനം നൽകുന്നുണ്ട്. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സഹായത്തോടെ മൾട്ടി ക്യുസിൻ കുക്ക്, ഫ്രണ്ട് ഓഫീസ് അസ്സോസിയേറ്റ്, ട്രഡീഷണൽ സ്നാക്ക്സ് & സേവറി മേയ്ക്കർ, തഞ്ചൂർ കുക്ക് തുടങ്ങിയ കോഴ്സുകൾ കിറ്റ്സ്/സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് വഴി നടത്തി വരുന്നുണ്ട്. സെന്റർ ഫോർ റെസ്പോൺസിബിൾ ടൂറിസം, ഹോസ്പിറ്റാലിറ്റി മേഖലയിലെ ഹോം സ്റ്റേ ഓപ്പറേറ്റർമാരുടെ നിലവാരം മെച്ചപ്പെടുത്താൻ പരിശീലനം നൽകി വരുന്നു. വിനോദസഞ്ചാരികൾക്ക് പ്രൊഫഷണൽ നിലവാരത്തിലുള്ള സേവനം ഉറപ്പാക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ചുവടെ ചേർത്തിരിക്കുന്ന പരിശീലന പരിപാടികൾ കിറ്റ്സ് നടത്തി വരുന്നു.

1. ഇക്കോ ടൂറിസം മേഖലയിൽ നാച്യുറലിസ്റ്റ് /ഇന്റർപ്രിട്ടർ പരിശീലനം.

2. കെ.എസ്.ആർ.ടി.സി - ടൂർ ഓപ്പേറേഷൻസ് മാനേജ്മെന്റ് ബഡ്ജറ്റ് ടൂറിസം സെല്ലിന് എക്സിക്യൂട്ടീവ് ഡെവലപ്മെന്റ് പ്രോഗ്രാം.

3. പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് സ്റ്റാഫിന് ഹോസ്പിറ്റാലിറ്റി & ഹൗസ് കീപ്പിംഗിൽ പരിശീലനം.

4. ടൂറിസം അവയർനസ് പ്രോഗ്രാം.

5. ഹുണാർ സെ റോസ്ഗാർ തക് പദ്ധതി.

6. ഡെസ്റ്റിനേഷൻ ബെയ്സ്ഡ് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം.

വിവിധ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് ബേർഡ് വാച്ചിംഗ്, ഗൈഡിംഗ് സ്കിൽ, ഇന്റർപ്രിട്ടർ, ലോക്കൽ സ്പെസിഫിക്ക് ഫുഡ് ആന്റ് സ്നാക്ക്സ് പ്രിപ്പറേഷൻ, സസ്റ്റയിനബിൾ ടൂറിസം എഡ്യൂക്കേഷണൽ പ്രോഗ്രാം എന്നിവയിലും കിറ്റ്സ് പരിശീലനം നൽകുന്നുണ്ട്. വിനോദസഞ്ചാര വകുപ്പിന് വേണ്ടി സംസ്ഥാനതല/പ്രാദേശിക തല പരിശീലനം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) നടത്തി വരുന്നു. ഇതുകൂടാതെ ഓരോ മൂന്നു വർഷം കൂടുമ്പോഴും സംസ്ഥാനതല/പ്രാദേശിക തല ഗൈഡുകൾക്ക് മൂന്നു ദിവസം

നീണ്ടു നിൽക്കുന്ന റിഫ്രഷർ കോഴ്സ് കിറ്റ്സ് നൽകി വരുന്നുണ്ട്. സാഹസിക ടൂറിസ്റ്റുകൾക്ക് നല്ല സേവനവും സുരക്ഷയും ഉറപ്പാക്കുന്നതിനായി കിറ്റ്സ് പരിശീലനം നൽകി വരുന്നുണ്ട്.

മലമ്പുഴ ഉദ്യാനത്തിലെ അന്താരാഷ്ട്ര നിലവാരമുള്ള ടോയ്ലറ്റ് കോംപ്ലക്സ് നിർമ്മാണം

157 (1432) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ ഉദ്യാനത്തിൽ നിർമ്മിക്കുന്ന അന്താരാഷ്ട്ര നിലവാരമുള്ള ടോയ്ലറ്റ് കോംപ്ലക്സിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

മലമ്പുഴ ഉദ്യാനത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ടോയ്ലറ്റ് നിർമ്മിക്കുന്നതിനുള്ള എൻ.ഒ.സി. ഇറിഗേഷൻ വകുപ്പിൽനിന്ന് ലഭ്യമാവുകയും ഇറിഗേഷൻ വകുപ്പ് ടൂറിസം വകുപ്പുമായി കരാർ ഉടമ്പടി ഒപ്പുവയ്ക്കുകയും ചെയ്തു. പുതിയ നിരക്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർവ്വഹണ ഏജൻസിയായ കിറ്റ്കോ-യ്ക്ക് (KITCO) നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ടോയ്‌ലറ്റ് കോംപ്ലക്സിന്റെ നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണെന്നും ഇതിന്റെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

കിറ്റ്കോ എന്ന ഏജൻസിക്കാണ് ഇതിന്റെ നിർമ്മാണം ഏൽപ്പിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ് പ്രകാരം സാങ്കേതികാനുമതി നൽകി വർക്ക് ടെണ്ടർ ചെയ്യേണ്ടതുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കിയാൽ പ്രവൃത്തി ആരംഭിക്കാനാകും.

ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി

158 (1433) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പ് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉണ്ട്. ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് 'ഡെസ്റ്റിനേഷൻ ചലഞ്ച്. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) ടൂറിസം വകുപ്പ് നൽകുന്നതാണ്. ബാക്കിത്തുക അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 08-06-2022-ൽ നടക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി റിപ്പോർട്ട് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ നിർദ്ദിഷ്ട മാതൃകയിൽ അപ്ലോഡ് ചെയ്യുകയും ടൂറിസം വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകുന്നതുമാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര തദ്ദേശ സ്ഥാപനങ്ങൾ അപേക്ഷ നൽകിയെന്നും എത്ര സ്ഥാപനങ്ങളുടെ അപേക്ഷ പരിഗണിച്ചുവെന്നും അറിയിക്കുമോ?

ഈ പദ്ധതി പ്രകാരം 109 പദ്ധതികളുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഈ അപേക്ഷകൾ ഇവാല്യുവേഷൻ നടത്തുന്നതിനായി

സർക്കാർ രൂപീകരിച്ച ഇവാല്യൂവേഷൻ കമ്മറ്റി തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ യോഗം ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ ഓരോ പദ്ധതിയും പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 58 പദ്ധതികൾ അംഗീകരിക്കാവുന്നതാണെന്നും ഇവയുടെ D.P.R. കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളോടെ സമർപ്പിക്കുന്ന പക്ഷം ഭരണാനുമതി നൽകാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചുവരുന്നു. ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

യൂത്ത് ക്ലബ്ബ് ശാക്തീകരണ പരിപാടികൾ

159 (1434) <u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണത്തിനും പുരോഗതിക്കും യുവജനക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

തൊഴിൽ പരിശീലനങ്ങൾ, സാംസ്കാരിക കൂട്ടായ്മകൾ, ഗോത്രകലകളുടെയും പാരമ്പര്യ കലകളുടെയും പ്രോത്സാഹനം, കലാ-കായിക അക്കാദമിക് പ്രതിഭകൾക്ക് അനുമോദനങ്ങൾ, പരീക്ഷാ പരിശീലനം, ബോധവൽക്കരണ ക്ലാസ്സുകൾ, തൊഴിൽ പരിശീലനങ്ങൾ, സ്പോർട്സ് കിറ്റ് വിതരണം, ക്ലബ്ബുകളുടെ മികച്ച പ്രവർത്തനങ്ങൾ വിലയിരുത്തിയുള്ള ധനസഹായ വിതരണം, മികച്ച ക്ലബ്ബുകൾക്കുള്ള അവാർഡ് നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾ യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണത്തിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്തി വരുന്നു.

(ബി) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷം യുവജനക്ഷേമ വകുപ്പ് യൂത്ത് ക്ലബ്ബുകൾക്ക് അനുവദിച്ച വിവിധ പദ്ധതികളുടെ വിശദാംശം, ഗ്രാന്റ് സംബന്ധിച്ച വിവരങ്ങൾ എന്നിവ അറിയിക്കുമോ?

കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ 5 വർഷം യുവജനക്ഷേമ വകുപ്പ് യൂത്ത് ക്ലബ്ബുകൾക്ക് അനുവദിച്ച വിവിധ പദ്ധതികളുടെ വിശദാംശം, ഗ്രാന്റ് സംബന്ധിച്ച വിവരങ്ങൾ എന്നിവ അനുബന്ധം (I) ആയി ചേർക്കുന്നു[+].

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പദ്ധതികൾക്കും പരിപാടികൾക്കും യൂത്ത് ക്ലബ്ബുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മുൻഗണനാ മാനദണ്ഡങ്ങൾ വിശദമാക്കുമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകളുടെ ബോർഡിന്റെ പ്രവർത്തനങ്ങളിലുള്ള സഹകരണം, കലാ-സാംസ്കാരിക-സാമൂഹ്യ-വിദ്യാഭ്യാസ മേഖലകളിലുള്ള പ്രവർത്തനങ്ങൾ എന്നിവ വിലയിരുത്തിയാണ് യൂത്ത് ക്ലബ്ബുകളെ തെരഞ്ഞെടുക്കുന്നത്.

(ഡി) യുവജനക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മഞ്ചേശ്വരം മണ്ഡലത്തിലെ യൂത്ത് ക്ലബ്ബുകളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

യുവജനക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മഞ്ചേശ്വരം മണ്ഡലത്തിലെ യൂത്ത് ക്ലബ്ബുകളുടെ വിശദ വിവരങ്ങൾ അനുബന്ധം (II) ആയി ചേർക്കുന്നു[+].

(ഇ) യുവജനക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളും ഹാജരാക്കേണ്ട രേഖകൾ സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

www.youthclub.kerala.gov.in എന്ന വെബ്പോർട്ടൽ മുഖേനയാണ് അപേക്ഷകൾ ക്ഷണിക്കുന്നത്. ഇതിലേയ്ക്ക് ക്ലബ്ബിന്റെ ബൈലോ, സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഇതിന്റെ അഭാവത്തിൽ അതത് പ്രദേശത്തെ ജനപ്രതിനിധിയുടെ സാക്ഷ്യപത്രം എന്നിവ ഓൺലൈൻ മുഖേന അപ്ലോഡ് ചെയ്ത് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്യാവുന്നതാണ്.

(എഫ്) ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള വായനശാല, ഇതിന് കീഴിലുള്ള യുവജനവേദി എന്നിവയെ യുവജനക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്യാൻ കഴിയുമോ; വ്യക്തമാക്കുമോ?

സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾ/സംഘടനകൾ/വായനശാലകൾ എന്നിവയ്ക്ക് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്യാവുന്നതാണ്.

താൽക്കാലിക നിയമനങ്ങൾ

160 (1435) ശ്രീ. ടി.സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനക്ഷേമ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന യുവജന കമ്മീഷൻ ഓഫീസിൽ 6 കരാർ ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത്. അസിസ്റ്റന്റ് (2), കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (1), ഡ്രൈവർ (2), ഓഫീസ് അസിസ്റ്റന്റ് (1) എന്നീ തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളത്. ജീവനക്കാർക്ക് 2022 ഒക്ടോബർ മാസം വേതനവും മറ്റ് ആനുകൂല്യങ്ങളുമായി ആകെ 1,42,800/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ പൂൺ-കം-സ്വീപ്പറായി ഒരാൾക്ക് കരാർ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്. 2022 ഒക്ടോബർ മാസം ആകെ 18,890/- രൂപ വേതനമായി അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; താൽക്കാലിക/കരാർ നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയത്; വിശദാംശം ലഭ്യമാക്കാമോ?

യുവജന കമ്മീഷന്റെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചുകൊണ്ടുള്ള 11-07-2013-ലെ സ.ഉ.(കൈ)നം.14/2013/കാ.യു.വ ഉത്തരവുപ്രകാരം കരാർ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത്. പത്രപരസ്യം നൽകി ഇന്റർവ്യൂ നടത്തിയാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിലെ താൽക്കാലിക നിയമനം ബോർഡാണ് നടത്തിയിട്ടുള്ളത്.

കുന്നമ്മൽ വോളീബോൾ അക്കാദമിയുടെ പ്രവൃത്തി

161 (1436) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നമ്മൽ ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കുന്നമ്മൽ വോളീബോൾ അക്കാദമിയുടെ നിർമ്മാണ പ്രവൃത്തിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(എ&ബി) കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ വോളീബോൾ അക്കാഡമി നിർമ്മാണത്തിനായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി, ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ

162 (1437) ശ്രീ എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വ്യവസായ വകുപ്പുമായി സഹകരിച്ച് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് യുവജനങ്ങളെ തയ്യാറാക്കുന്നതിനായി എന്തെങ്കിലും പദ്ധതിക്ക് യുവജനകാര്യ വകുപ്പ് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് വ്യവസായ വകുപ്പുമായി സഹകരിച്ച് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് യുവജനങ്ങളെ തയ്യാറാക്കുന്നതിനായി യുവജനകാര്യ വകുപ്പ് മുഖേന പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

പൊന്നാനിയിലെ അക്വാട്ടിക് കോംപ്ലെക്സ് കെട്ടിടനിർമ്മാണം

163 (1438) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനിയിലെ അക്വാട്ടിക് കോംപ്ലക്സ് കെട്ടിട നിർമ്മാണം നാളിതുവരെ തുടങ്ങിയിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജന്റ് എസ്.കെ.എഫ്. ആണോയെന്ന് അറിയിക്കാമോ; നിർമ്മാണപ്രവർത്തനം മുടങ്ങാനുള്ള സാങ്കേതിക കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

പൊന്നാനി അക്വാട്ടിക് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തിയുടെ എസ്.പി.വി. ആയി ചുമതലപ്പെടുത്തിയിരുന്നത് കിറ്റ്കോയെ ആയിരുന്നു. നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിലുണ്ടാകുന്ന കാലതാമസവും സാങ്കേതിക പ്രശ്നങ്ങളും കാരണം കിറ്റ്കോയെ മാറ്റി കായികയുവജനകാര്യാലയത്തിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷനെ എസ്.പി.വി. ആയി ചുമതലപ്പെടുത്തുകയും സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രസ്തുത പദ്ധതിയ്ക്ക് വേണ്ട സർവ്വേ, ഇൻവെസ്റ്റിഗേഷൻ ഉൾപ്പെടെയുള്ള പ്രാംരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട

സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വിശദാംശങ്ങൾ മുനിസിപ്പൽ അധികൃതരിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്കും വെറ്റ് ലാന്റ്, C.R.Z. തുടങ്ങിയ ക്ലിയറൻസുകൾ ആവശ്യമുണ്ടോ എന്ന് പരിശോധിച്ച് കിഫ്ബി അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സ്പോർട്സ് കേരള ഫൗണ്ടേഷൻ അറിയിച്ചിട്ടുണ്ട്.

ലഹരി വർജ്ജന കാമ്പയിൻ

164 (1439) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ കാമ്പയിൻ നടത്തി വിദ്യാർത്ഥികൾക്ക് ലഹരി വിമുക്ത കാമ്പസ് എന്ന ലക്ഷ്യത്തിനായി എന്തെല്ലാം നടപടികളാണ് യുവജനക്ഷേമ വകുപ്പ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ?

ലഹരി മുക്ത കേരളം എന്ന മുദ്രാവാക്യമുയർത്തി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ പ്രചാരണ പരിപാടിയുടെ ഭാഗമായി കേരള

സംസ്ഥാന യുവജനക്ഷേമ ബോർഡ് 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ നീണ്ടുനിൽക്കുന്ന വിവിധങ്ങളായ കാമ്പയിനുകൾക്ക് രൂപം നൽകി. ലഹരി വിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടുള്ള ക്യൂട്ടയോട്ടം, യുവ അഭിഭാഷകരുടെ ക്യൂട്ടായ്മ, ട്രാൻസ്ജൻഡേഴ്സ് വിഭാഗങ്ങളിലുള്ളവരുടെ കാമ്പയിൻ, ടെക്നോപാർക്ക്, ഇൻഫോ പാർക്ക് എന്നിവിടങ്ങളിലെ ഐ.റ്റി പ്രൊഫഷണലുകളുടെ കാമ്പയിൻ, കലാജാഥ എന്നിവയും സംഘടിപ്പിച്ചു വരുന്നു. കൂടാതെ ലഹരി വിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ട് സംസ്ഥാനത്തെ എല്ലാ ജില്ലകളും കേന്ദ്രീകരിച്ച് ഒരു കലാജാഥ സംഘടിപ്പിക്കുന്നു. ജില്ലയിലെ ഒരു നിയമസഭാമണ്ഡലത്തിൽ സ്കൂളുകൾ, കോളേജുകൾ, പൊതു ഇടങ്ങൾ എന്നിവ കേന്ദ്രീകരിച്ചും പര്യടനം നടത്തുന്ന കലാജാഥയിൽ തെരുവ് നാടകം, സംഘഗാനം, സംഗീത ശില്പം, ഓട്ടൻതുള്ളൽ, ചാക്യാർകൂത്ത്, ഫ്ലാഷ് മോബ് എന്നിവ സംഘടിപ്പിക്കുന്നു. ഇവ കൂടാതെ യുവാക്കളെയും സ്കൂൾ കുട്ടികളെയും അണിനിരത്തി മയക്കുമരുന്നിന്റെ ദൃഷ്യവശങ്ങളെക്കുറിച്ച് ഒരു ലഘു ചിത്ര നിർമ്മാണവും യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്നു.

യുവജനങ്ങളെ അണിനിരത്തി കേരള സംസ്ഥാന യുവജന കമ്മീഷൻ കോളനികളിൽ സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ കാമ്പയിന്റെ

സംസ്ഥാനതല ഉദ്ഘാടനം ദേശീയ അവാർഡ് ജേതാവും ഗായികയുമായ ശ്രീമതി നഞ്ചിയമ്മ പാലക്കാട് അട്ടപ്പാടിയിൽ നിർവ്വഹിച്ചു. ലഹരി വിരുദ്ധ കാമ്പയിനുമായി ബന്ധപ്പെട്ട് കോളേജുകൾ, കോളനികൾ, യുവജന കൂട്ടായ്മകൾ എന്നിവിടങ്ങളിൽ യുവജന കമ്മീഷൻ ബോധവത്കരണ പ്രവർത്തനങ്ങളും നാടിന്റെ യുവതയെ കാർഷിക-കലാ-സാംസ്കാരിക മേഖലകളിലേയ്ക്ക് ആകർഷിക്കുന്ന തരത്തിലേയ്ക്ക് "ലഹരിക്കെതിരെ നാടുയരുന്നു" എന്ന പേരിൽ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. യുവജന കമ്മീഷന്റെ പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലയിലേയും തെരഞ്ഞെടുക്കപ്പെട്ട 3 കോളേജുകളിൽ ലഹരിക്കെതിരെയുള്ള കാമ്പയിനുകൾ സംഘടിപ്പിക്കുന്നു. കോളേജുകളിലെ ലഹരി വിരുദ്ധ കാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം യുവജനകാര്യ വകുപ്പുമന്ത്രി 25-10-2022-ന് കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിൽ വച്ച് നിർവ്വഹിച്ചു. ലഹരിക്കെതിരെ കേരള സർക്കാർ പ്രഖ്യാപിച്ച രണ്ട് കോടി ഗോൾ കാമ്പയിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കേരള സംസ്ഥാന യുവജന കമ്മീഷൻ 'ലഹരിയാവാം കളിയിടങ്ങളോട് ഗോൾ ചലഞ്ച്' സംഘടിപ്പിച്ചു.

കായിക യുവജനകാര്യാലയത്തിന്റെ അധീനതയിലുള്ള കണ്ണൂർ ജി.എച്ച്.എസ്.എസ്. (സ്പോർട്സ്) സ്കൂളിൽ 2022 അക്കാദമിക വർഷം

ആരംഭിച്ചപ്പോൾ തന്നെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. ലഹരി വിരുദ്ധ ദിനമായ ജൂൺ 26-ന് ലഹരി വിരുദ്ധ പോസ്റ്റർ രചനാ മത്സരം നടത്തിയാണ് കാര്യാലയം ഈ വർഷത്തെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. സ്കൂളിലെ മുഴുവൻ കുട്ടികളെയും അണിനിരത്തി ജൂൺ 28-ന് ലഹരി വിരുദ്ധ റാലിയും ആഗസ്റ്റ് 22-ന് കുട്ടികൾക്ക് ലഹരി വിരുദ്ധ ക്ലാസ്സും നടത്തി. സെപ്തംബർ 14-ന് ലഹരി വിരുദ്ധ ക്ലബ്ബ് രൂപീകരിക്കുകയും ഒക്ടോബർ 6-ന് സംസ്ഥാന വ്യാപകമായി നടന്ന ലഹരി വിരുദ്ധ കാമ്പയിനിൽ ടി സ്കൂൾ പങ്കാളിയാകുകയും ചെയ്തു. കുട്ടികളുടെ ഫ്ലാഷ് മോബും സ്പോർട്സ് ഹോസ്റ്റലിൽ ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിക്കുകയും കുട്ടികൾ ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുകയും ചെയ്തു. ജി.വി. രാജ സ്പോർട്സ് സ്കൂളിൽ ലഹരി വിരുദ്ധ റാലി സംഘടിപ്പിക്കുകയും ലഹരി വിരുദ്ധ ചങ്ങല രൂപീകരിക്കുകയും ലഹരി വിരുദ്ധ പ്രതിജ്ഞയെടുക്കുകയുമുണ്ടായി.

(ബി) കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതിന് മാതാപിതാക്കളുടെ ബോധവൽക്കരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

കായിക യുവജനകാര്യ കാര്യാലയത്തിന്റെ അധീനതയിലുള്ള കണ്ണൂർ ജി.എച്ച്.എസ്.എസ്. (സ്പോർട്സ്) സ്കൂളിൽ ഒക്ടോബർ 7-ന് രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടന്നു. 18 വയസ്സിനും 40 വയസ്സിനും ഇടയിലുള്ളവരെ ലക്ഷ്യംവച്ച് യുവജന കമ്മീഷൻ നടത്തുന്ന ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികളിൽ മാതാപിതാക്കളും ഉൾപ്പെടുന്നുണ്ട്. നിലവിൽ 14 ജില്ലകളിലേയും വിവിധ കോളനികളിൽ ബോധവത്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്.

(സി) ആഘോഷങ്ങളിലും ഉത്സവങ്ങളിലും യുവാക്കളുടെ ലഹരി ഉപയോഗം തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് അറിയിക്കുമോ?

യുവാക്കളുടെ ലഹരി ഉപയോഗം തടയാൻ പൊതുവായ ബോധവത്കരണ പരിപാടികൾ യുവജനകാര്യ വകുപ്പ് നടത്തിവരുന്നുണ്ട്. ആഘോഷങ്ങളിലും ഉത്സവങ്ങളിലും യുവാക്കളുടെ ലഹരി ഉപയോഗം തടയാൻ എക്സൈസ് വകുപ്പ് വിവിധ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓണം, ക്രിസ്തുമസ്, പുതുവത്സര വേളകളിൽ യുവാക്കളുടെ ലഹരി ഉപയോഗം, ലഹരിയുടെ കടത്ത്, വിപണനം എന്നിവ തടയുന്നതിനായി എക്സൈസ് വകുപ്പ് സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ്

നടത്തി വരുന്നു. യുവാക്കൾ കൂടുതലായി ഒന്നിച്ചു കൂടുന്ന സ്ഥലങ്ങളായ വിനോദസഞ്ചാര കേന്ദ്രങ്ങൾ, ടർഫുകൾ, ഷോപ്പിംഗ് മാളുകൾ, ഡി.ജെ. പാർട്ടികൾ, സിനിമാ നിർമ്മാണ സെറ്റുകൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ബസ് സ്റ്റാന്റുകൾ, റെയിൽവെ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണവും പരിശോധനകളും നടത്തുന്നുണ്ട്. കൂടാതെ അന്യസംസ്ഥാന ബസ്സുകൾ, ട്രെയിനുകൾ എന്നിവ പരിശോധിച്ചു വരുന്നു. പ്രത്യേക ആഘോഷങ്ങൾ നടക്കുന്ന ആഡിറ്റോറിയങ്ങൾ പോലെയുള്ള കേന്ദ്രങ്ങളിലും യുവാക്കൾ ഒത്തുചേരുന്ന മറ്റ് സ്ഥലങ്ങളിലും രഹസ്യ നിരീക്ഷണവും പരിശോധനകളും നടത്താറുണ്ട്. കൂടാതെ, സ്കൂൾ, കോളേജ്, ഹോസ്റ്റൽ പരിസരങ്ങളിൽ പ്രത്യേക പരിശോധനയും നടത്തുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

165 (1440) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പരിപാടിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ആലത്തൂർ

മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്ക് എത്ര തുകയ്ക്കുള്ള ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും; പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പരിപാടിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി അഞ്ച് കോടി, മൂന്ന് കോടി, ഒരു കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിലെ ചുവടെ ചേർക്കുന്ന സ്കൂളുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത സ്കൂളുകളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി പദ്ധതി

ജി.എച്ച്.എസ്.എസ്. കിഴക്കൻഞ്ചേരി സ്കൂളിന്റെ നിർമ്മാണം പൂർത്തിയായി കൈമാറ്റം ചെയ്തിട്ടുണ്ട്.

3 കോടി കിഫ്ബി പദ്ധതി

3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ആലത്തൂർ ജി.ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിരുന്നു.

ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.റ്റി. നിരക്ക് പ്രകാരം 3.90 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റ് ഭേദഗതി വരുത്തി നിർമ്മാണത്തിനുള്ള തുടർനടപടികൾ എസ്.പി.വി.- യായ കില സ്വീകരിച്ചുവരുന്നു. എരിമയൂർ ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി. ആയി കിലയെ ചുമതലപ്പെടുത്തിയിരുന്നു. ഫീസിബിലിറ്റി സ്റ്റഡി നടത്തി ഡി.പി.ആർ. തയ്യാറാക്കിയിരുന്നു. ചില ഭേദഗതികൾ ആവശ്യമായി വന്നിട്ടുണ്ട്. അതനുസരിച്ച് പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി വരുന്നു. പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.റ്റി. നിരക്ക് പ്രകാരം 3.90 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

1 കോടി കിഫ്ബി പദ്ധതി

1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്. കുനിശ്ശേരി, ജി.എച്ച്.എസ്. മുടപ്പല്ലൂർ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ടെണ്ടർ നടപടി പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തിരുന്നു. എന്നാൽ കരാർ റദ്ദാക്കേണ്ട സാഹചര്യമുണ്ടായി. തുടർന്ന് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായി പുതിയ നിരക്കിൽ ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തേൻകുറിശ്ശി

ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. 97% ത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പുതിയങ്കം ജി.യു.പി.എസ്-ന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 75% ന് മുകളിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

സ്കൂളുകളിലേയ്ക്ക് കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള വ്യവസ്ഥകൾ

166 (1441) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്കൂളുകളിലേയ്ക്ക് കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങി നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ വിശദീകരിക്കാമോ?

14-02-2022-ലെ സ.ഉ.(സാധാ)നം.830/2022/GEDN പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ.സി.ടി. ഉപകരണങ്ങളും വാങ്ങുന്നതിനും വിനിയോഗിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങളുടെ അനുബന്ധം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇൻഫർമേഷൻ കേരള മിഷൻ ഇതിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ വിവരങ്ങൾ നൽകുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സ്വകാര്യ സ്കൂളുകളോട് കിടപിടിക്കുന്ന തരത്തിൽ ഇൻഫർമേഷൻ കേരള മിഷൻ നൽകിയ സ്പെസിഫിക്കേഷൻ അനുസരിച്ച് വാങ്ങൽ നടത്തുന്നത് നിയമ വിധേയമാണോ എന്ന് വ്യക്തമാക്കുമോ ?

(ബി&സി) ഇതുമായി ബന്ധപ്പെട്ട് സ്പെസിഫിക്കേഷനുകൾ നൽകിയിട്ടില്ലെന്ന് ഇൻഫർമേഷൻ കേരള മിഷൻ അറിയിച്ചിട്ടുണ്ട്.

(ഡി) വിദ്യാഭ്യാസ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള സ്പെസിഫിക്കേഷനേക്കാൾ ഉയർന്ന വിലയുള്ള സാധന സാമഗ്രികൾ ഇൻഫർമേഷൻ കേരള മിഷന്റെ നിർദ്ദേശാനുസരണം വാങ്ങിയത് സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് വിദ്യാഭ്യാസ വകുപ്പിനോട് സ്പഷ്ടീകരണം ആവശ്യപെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്ത് സ്പഷ്ടീകരണമാണ് ആവശ്യപ്പെട്ടിട്ടുള്ളത് കത്തിന്റെ പകർപ്പ് നൽകുമോ?

(ഡി&ഇ) ഇതുസംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിനോട് എന്തെങ്കിലും സ്പഷ്ടീകരണം ആവശ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) തദ്ദേശഭരണസ്ഥാപനങ്ങളെ കമ്പ്യൂട്ടറൈസേഷന് സഹായിക്കുന്നതിനുള്ള ഇൻഫർമേഷൻ കേരള മിഷൻ നൽകിയ സ്പെസിഫിക്കേഷൻ അനുസരിച്ച് വാങ്ങൽ നടത്തിയത് ഓഡിറ്റ് വിഭാഗം

അംഗീകരിക്കാത്തത് മൂലം നിരവധി ഉദ്യോഗസ്ഥർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തത് പരിഹരിക്കുമോ?

ഇതുസംബന്ധിച്ച പ്രശ്നങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) സ്കൂളുകളിലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വാങ്ങലുകൾക്ക് സ്പെസിഫിക്കേഷൻ നിശ്ചയിക്കുന്ന ചുമതല ഇൻഫർമേഷൻ കേരള മിഷന് നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

ഉദ്യോഗസ്ഥ സ്ഥലം മാറ്റം

167 (1442) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര വകുപ്പിൽ പി.ടി.സി.എം. തസ്തികയിൽ നിയമനം നേടി എഫ്.ടി.എം. ആയി സ്ഥാനക്കയറ്റം നേടിയവരെ വിദ്യാഭ്യാസ വകുപ്പിൽ തത്തുല്യ തസ്തികയിലേയ്ക്ക് സ്ഥലം മാറ്റത്തിന് പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ?

പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(ബി) പ്രസ്തുത നിയമനത്തിന് അനുവദിക്കുന്നതിനുള്ള സർക്കാർ/വകുപ്പുതല ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ബാധകമല്ല.

അധ്യാപകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ

168 (1443) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്ക് കാലോചിതമായി എന്തൊക്കെ പരിശീലന പരിപാടികളാണ് നടത്തി വരുന്നതെന്ന് വിശദമാക്കാമോ?

പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്ക് നിരവധി പരിശീലന പരിപാടികൾ ഓരോ വർഷവും നടത്തിവരുന്നു. എല്ലാ വിഷയങ്ങളിലും പ്രത്യേകം നടത്തുന്ന പരിശീലനങ്ങൾക്കുപുറമെ അവധിക്കാല അധ്യാപക പരിശീലനം എന്ന തരത്തിൽ സമഗ്രമായ പരിവർത്തന പരിപാടി സംഘടിപ്പിച്ചുവരുന്നുണ്ട്. കോവിഡ് രൂക്ഷമായ സമയത്ത് മാത്രമാണ് ഇത് നടക്കാതെ പോയത്. കൂടാതെ 2019 മുതൽ സർവ്വീസിൽ പ്രവേശിച്ച

എൽ.പി., യു.പി., എച്ച്.എസ്. അധ്യാപകർക്കായി 'നവാധ്യാപക സംഗമം' എന്ന പേരിൽ ഇൻഡക്ഷൻ പരിശീലനം നൽകുന്നുണ്ട്.

'അധ്യാപക പരിവർത്തന പരിപാടി' എന്ന പേരിൽ 6 മാസം നീണ്ടു നിൽക്കുന്ന കോഴ്സുകൾ നടത്തി. അധ്യാപകരെ ശാക്തീകരിക്കുന്ന പ്രവർത്തനം പുരോഗമിക്കുകയാണ്. അതിന്റെ ഒന്നാം ഘട്ടമായി 400-ഓളം അധ്യാപകർ പങ്കെടുത്ത കോഴ്സ് എൽ.പി. തലത്തിൽ വിജയകരമായി പൂർത്തിയാക്കി രണ്ടാംഘട്ട കോഴ്സ് 2023 ജനുവരിയിൽ യു.പി. തലത്തിൽ ആരംഭിക്കും.

കോളേജ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഹയർ സെക്കണ്ടറി അധ്യാപകർക്ക് 'ഹയർ സെക്കണ്ടറി അദ്ധ്യാപക പരിവർത്തനോന്മുഖ പരിപാടി (HSSTTP)' എന്ന 10 ദിവസത്തെ റസിഡൻഷ്യൽ റിഫ്രഷർ കോഴ്സ് വർഷാവർഷം നൽകി വരുന്നു. ഹയർ സെക്കണ്ടറി പ്രിൻസിപ്പൾമാർക്ക് മൂന്ന് ദിവസത്തെ റെസിഡൻഷ്യൽ പരിശീലനം ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പേരിൽ SIEMAT മുഖേന നടപ്പിലാക്കി വരുന്നു. നിരന്തര മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ

വർഷവും രണ്ടുഘട്ടങ്ങളിലായി CE പരിശീലനങ്ങളും തുടർന്ന് സ്കൂൾതല മോണിറ്ററിംഗും നടത്തുന്നു.

അധ്യാപകർക്കായി എഡ്യൂക്കേഷണൽ ടെക്നോളജി ക്ലബ്ബ് അഥവാ ഇ.ടി ക്ലബ്ബുകൾ രൂപീകരിക്കുകയുണ്ടായി. ഇതിന്റെ ആഭിമുഖ്യത്തിൽ ഇ.ടി കൺവീനർമാരും കോ-ഓർഡിനേറ്റർമാരുമായി പ്രവർത്തിക്കുന്ന അധ്യാപകർക്ക് സയൻസ് ടെക്നോളജി, എഞ്ചിനീയറിംഗ്, മാത്തമാറ്റിക്സ് (STEM) അധിഷ്ഠിത പരിശീലനം സംഘടിപ്പിക്കുന്നു. ഡിജിറ്റൽ ഉള്ളടക്കങ്ങൾ പുതിയ പഠനരീതിയുടെ അനിവാര്യ ഘടകമായി തീർന്നിരിക്കുന്ന പശ്ചാത്തലത്തിൽ ഡിജിറ്റൽ ഉള്ളടക്ക നിർമ്മാണത്തിൽ അധ്യാപകർക്ക് എസ്.ഐ.ഇ.ടി. പരിശീലനം നൽകുന്നു. ഉള്ളടക്കങ്ങൾക്കാവശ്യമായ സ്ക്രിപ്റ്റുകൾ തയ്യാറാക്കുന്നതിന് അധ്യാപകരെ സജ്ജരാക്കുന്നു. ഈ അധ്യാപകർ ഡയറ്റുകളുടെ പിൻതുണയോടെ സ്ക്രിപ്റ്റുകൾ തയ്യാറാക്കുന്നു.

ഇന്റർനെറ്റ് റേഡിയോ ആരംഭിക്കുന്നതും നടപ്പാക്കുന്നതും സംബന്ധിച്ച് എഡ്യൂക്കേഷണൽ ടെക്നോളജി ക്ലബ്ബ് കോ-ഓർഡിനേറ്റർമാർക്ക് പരിശീലനം നൽകി. ഡിജിറ്റൽ മാധ്യമ സാക്ഷരതയും വിമർശനാത്മക ചിന്തയും പുതിയ തലമുറയിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'സത്യമേവ

ജയതേ' എന്ന പരിപാടിയിൽ ഉൾപ്പെടുത്തി, സംസ്ഥാന-ജില്ലാ സ്കൂൾ തല അധ്യാപക പരിശീലനവും ക്ലാസ് റൂം തല വിദ്യാർത്ഥി പരിശീലനവും സംഘടിപ്പിച്ചു. കേരളത്തിലെ 14 ജില്ലകളിലെ 41 വിദ്യാഭ്യാസ ജില്ലകളിലുമുള്ള അധ്യാപകർക്ക് ഇതുമായി ബന്ധപ്പെട്ട പരിശീലനം നൽകി. ഒരു സ്കൂളിൽ നിന്ന് ഒരു അധ്യാപകൻ വീതം മാസ്റ്റർ ട്രെയിനേഴ്സ് ആയി പങ്കെടുത്തു. വിദ്യാഭ്യാസ ജില്ലാതലത്തിൽ പരിശീലനം ലഭിച്ച അധ്യാപകൻ സ്കൂളിൽ മുഴുവൻ അധ്യാപകർക്കും മോഡ്യൂൾ പരിചയപ്പെടുത്തി. തുടർന്ന് പരിശീലനം ലഭിച്ച അധ്യാപകർ ക്ലാസുകളിൽ വിദ്യാർത്ഥികൾക്ക് മൊഡ്യൂൾ പരിചയപ്പെടുത്തി. ഇതുകൂടാതെ ഹയർ സെക്കണ്ടറി നാഷണൽ സർവീസ് സ്കീമിന്റെ അവധിക്കാല ക്യാമ്പിന്റെ ഒരു ദിവസത്തെ വിഷയമായി സത്യമേവ ജയതേ ഉൾപ്പെടുത്തി.

(ബി) പ്രസ്തുത പരിശീലനം ക്വാളിറ്റി ഇപ്രൂവ്മെന്റ് രീതിയിലാണോ സംഘടിപ്പിക്കുന്നത്; വ്യക്തമാക്കുമോ?

പരിശീലനങ്ങൾ ക്വാളിറ്റി ഇംപ്രൂവ്മെന്റ് രീതിയിലാണ് സംഘടിപ്പിക്കുന്നത്. അടുത്ത ഒരു വർഷത്തെ സമഗ്രമായി കണ്ടുകൊണ്ടാണ് പരിവർത്തന പദ്ധതികൾ വിഭാവനം ചെയ്യുന്നത്. മുഴുവൻ കുട്ടികളും ആത്മവിശ്വാസത്തോടെ ആർജ്ജിക്കേണ്ട അറിവും കഴിവും നൈപുണ്യവും

എന്താകണം എന്ന ധാരണയിൽ പ്രവർത്തിക്കുന്നതിന് അധ്യാപകരെ സജ്ജമാക്കുന്ന കൃത്യമായ ലക്ഷ്യങ്ങളും പ്രക്രിയയും അധ്യാപക പരിവർത്തന പദ്ധതിയുടെ ഉള്ളടക്കമാണ്.

(സി) എസ്.സി.ഇ.ആർ.ടി. പോലുള്ള ഗവേഷണ സ്ഥാപനങ്ങളിൽ രക്ഷകർത്താക്കളുടേയും വിദ്യാർത്ഥികളുടേയും പ്രതിനിധികൾ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലങ്കിൽ ഇവരെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

എസ്.സി.ഇ.ആർ.ടി.-യുടെ പരിപാടികളിൽ രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്താറുണ്ട്.

(ഡി) കോവിഡാനന്തരം അധ്യാപകർക്ക് ശിശു കേന്ദ്രീകൃതമായ രീതിയിൽ പുതിയ പാഠ്യപദ്ധതിക്കനുസരിച്ച് പഠന വിടവ് നികത്താൻ പരിശീലനം നൽകുന്നതിന് എസ്.സി.ഇ.ആർ.ടി. സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ?

കോവിഡുമൂലം കുട്ടികളിൽ സൃഷ്ടിക്കപ്പെട്ട വികാസവിടവുകൾ (സാമൂഹികം, വൈകാരികം, വൈജ്ഞാനികം, ഭാഷാപരം, ശാരീരിക ചാലകപരം, സർഗ്ഗാത്മകം) പരിഹരിച്ച് പഠനം ആസ്വാദകരമാക്കുന്നതിന്

ഓരോ കുട്ടിയെയും പിന്തുണയ്ക്കുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുന്നതിനാവശ്യമായ മോഡ്യൂളുകൾ പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ വിഷയങ്ങളിലും പഠനമികവ് നികത്തുന്നതിനാവശ്യമായ ബ്രിഡ്ജ് മെറ്റീരിയലുകൾ തയ്യാറാക്കി ക്ലാസ്സ് മുറി വിനിമയത്തിന് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി.

സ്കൂൾ പാഠ്യ പദ്ധതി പരിഷ്കരണം

169 (1444) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്താദ്യമായി വിദ്യാർത്ഥികളുടേയും പൊതുജനങ്ങളുടേയും അഭിപ്രായങ്ങൾ സ്വരൂപിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന സ്കൂൾ പാഠ്യ പദ്ധതി പരിഷ്കരണം വിദ്യാഭ്യാസരംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാക്കാൻ പോകുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിച്ചിട്ട് 15 വർഷം പിന്നിടുകയാണ്. ഈ കാലഘട്ടത്തിൽ ശാസ്ത്രസാങ്കേതിക രംഗത്തും ഇതര വൈജ്ഞാനിക മേഖലകളിലും ഉണ്ടായ വളർച്ചയും വികാസവും പരിഗണിച്ചായിരിക്കും പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുക. ഇതിലേയ്ക്കായി വിപുലമായ ജനകീയ ചർച്ചകളാണ് നടത്തിവരുന്നത്.

സ്കൂൾതലം മുതൽ സംസ്ഥാനതലം വരെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ജനകീയ ചർച്ചകൾ പൂർത്തിയായി വരുന്നു. കൂടാതെ പാഠ്യപദ്ധതിയുടെ സുപ്രധാന ഗുണഭോക്താക്കളായ കുട്ടികളെ പങ്കെടുപ്പിച്ചിട്ടുള്ള പ്രത്യേകമായ ചർച്ചകളും സ്കൂൾതല ചർച്ചകളും നടത്തി. നിശ്ചയിച്ച ദിവസം കേരളത്തിലെ എല്ലാ ക്ലാസ് മുറികളിലും പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട ചർച്ച നടത്തി. കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമായി പരിവർത്തിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 26 വ്യത്യസ്ത ഫോക്കസ് മേഖലകളെ അടിസ്ഥാനമാക്കി നടക്കുന്ന ജനകീയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് ഓരോ ഫോക്കസ് മേഖലയുടെയും പൊസിഷൻ പേപ്പറുകൾ പ്രസിദ്ധീകരിക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതി ചട്ടക്കൂടുകൾ രൂപീകരിച്ച് പാഠപുസ്തകങ്ങൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതാണ്. ഒന്നാംഘട്ടം പാഠപുസ്തകങ്ങൾ 2024-25 അധ്യയന വർഷം നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ ശാസ്ത്രബോധമുള്ള, ജനാധിപത്യമൂല്യങ്ങൾ

ഉയർത്തിപ്പിടിക്കുന്ന, മാനവികതയുള്ള, സാമൂഹിക പ്രതിബദ്ധതയുള്ള, ഒരു ഭാവി തലമുറയെ രൂപപ്പെടുത്തുന്നതിന് സാധിക്കുമെന്നാണ് കരുതുന്നത്.

(ബി) പരിഷ്കരിച്ച പാഠ്യപദ്ധതി എന്ന് മുതൽ നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

2023 ഫെബ്രുവരി മാസത്തോടെ സ്കൂൾ വിദ്യാഭ്യാസം, പ്രീ-പ്രൈമറി വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നിങ്ങനെ 4 പാഠ്യപദ്ധതി ചട്ടക്കൂടുകൾ പ്രസിദ്ധീകരിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ സിലബസും പാഠപുസ്തകങ്ങളും 2023 ഒക്ടോബർ 31 നകം തയ്യാറാക്കും. 2024-25 അധ്യയനവർഷം ഒന്നാംഘട്ടമായി പരിഷ്കരിച്ച പാഠപുസ്തകങ്ങൾ നിലവിൽ വരും. 2025-26 അധ്യയനവർഷത്തോടെ എല്ലാ ക്ലാസുകളിലും പുതിയ പാഠപുസ്തകങ്ങൾ നിലവിൽ വരും.

ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി

170 (1445) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ നടത്തിവരുന്ന ഉച്ചഭക്ഷണ പരിപാടി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കുട്ടികളുടെ സജീവ പങ്കാളിത്തത്തോടെയും അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെ നേതൃത്ത്വത്തിലും സഹകരണത്തിലും എല്ലാ സ്കൂളുകളിലും അടുക്കള പച്ചക്കറിത്തോട്ടങ്ങൾ സ്ഥാപിക്കുവാനും അതിലൂടെ ലഭ്യമാകുന്ന പച്ചക്കറികൾ ഉച്ചഭക്ഷണ പദ്ധതിക്കായി വിനിയോഗിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം ഈ വർഷം കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി പ്രഭാത ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള നടപടികളും സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും 20 സ്കൂളുകളിൽ വീതം സോഷ്യൽ ആഡിറ്റ് നടത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ഇടുക്കി, വയനാട് ജില്ലകളിലും പാലക്കാട് ജില്ലയിലെ ട്രൈബൽ മേഖലയിലും ടി പദ്ധതിയുടെ ഭാഗമായി എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ആഴ്ചയിൽ 100 ഗ്രാം വീതം കപ്പലണ്ടി മിഠായി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ എല്ലാ സ്കൂളുകളിലും ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും അതിലൂടെ ഗുണനിലവാരമുള്ള ഉച്ചഭക്ഷണം കുട്ടികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി സ്കൂളുകളിൽ ജൈവകൃഷി രീതിയിലൂന്നിയ അടുക്കള പച്ചക്കറിത്തോട്ടം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുവിദ്യാഭ്യാസ യജ്ഞം

171 (1446) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ യജ്ഞം പദ്ധതിയിൽ ഒരു കോടി രൂപ അനുവദിച്ച് കിഫ്ബി നവീകരണം നടത്താൻ നിശ്ചയിച്ച സ്കൂളുകളിലെ നിർമ്മാണത്തിന് തുക വർദ്ധിപ്പിച്ചതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടി വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ യജ്ഞം പദ്ധതിയിൽ ഒരു കോടി രൂപ അനുവദിച്ച് കിഫ്ബി നവീകരണം നടത്താൻ നിശ്ചയിച്ച സ്കൂളുകളിലെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം തുടങ്ങിയിട്ടില്ലാത്ത സ്കൂളുകൾക്ക് നിലവിലെ പുതുക്കിയ നിരക്കിൽ 1.30 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതി വരുത്തി SPV യായി കില ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുവിദ്യാലയ സംരക്ഷണ യജ്ഞം

172 (1447) <u>ശ്രീമതി ദെലീമ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അത്തൂർ മണ്ഡലത്തിൽ അനുവദിച്ച സ്കൂളുകൾ ഏതെല്ലാം എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ ഇപ്പോഴത്തെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(സി) അനുവദിച്ച പ്രവൃത്തികളിൽ ഏതെങ്കിലും നിർമ്മാണ പ്രവൃത്തികൾക്ക് ഇനിയും ഭരണാനുമതി ലഭിക്കാനുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

(എ-സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അത്തൂർ മണ്ഡലത്തിൽ ചുവടെ പറയുന്ന സ്കൂളുകൾക്ക് കിഫ്ബി ഫണ്ടിലുൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്.

5 കോടി കിഫ്ബി പദ്ധതി

ജി.എച്ച്.എസ്.എസ്. ചന്ദിത്തൂർ സ്കൂളിന്റെ എൽ.പി. ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. ടോയിലറ്റ് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.

3 കോടി കിഫ്ബി പദ്ധതി

ജി.എച്ച്.എസ്.എസ്. തിരുനല്ലൂർ സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

1 കോടി കിഫ്ബി പദ്ധതി

മറ്റത്തിൽഭാഗം എൽ.പി. സ്കൂളിന് പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.റ്റി. നിരക്ക് പ്രകാരം 1.30 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റ് ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

പെരുമ്പളം എച്ച്.എസ്.എസ്., തേവർവട്ടം എച്ച്.എസ്. എന്നീ സ്കൂളുകൾക്ക് പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.റ്റി. നിരക്ക് പ്രകാരം 1.30 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. സോയിൽ ടെസ്റ്റ് നടത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് കമ്മീഷൻ ക്ഷണിച്ചിട്ടുണ്ട്. സോയിൽ ടെസ്റ്റ് റിസൾട്ട് ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്.

ജി.വി.വി.എച്ച്.എസ്.എസ്. കോടംതുരുത്ത് സ്കൂളിന് പകരമായി 202223 വർഷം അനുവദിച്ച ജി.യു.പി.എസ്. ഓടമ്പള്ളി സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു. വി.ആർ.വി.എം.ഗവ.എച്ച്.എസ്.എസ്. വയലാർ സ്കൂളിന് കിഫ്ബി ഫണ്ടിൽനിന്നും 1 കോടി രൂപ അനുവദിക്കുകയുണ്ടായി. കിലയാണ് നിർമ്മാണ ഏജൻസി. സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്.

കുട്ടികളിലെ അമിത മൊബൈൽ ഉപയോഗവും ഓൺലൈൻ ഗെയിമുകളും

173 (1448) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സമയത്ത് ഓൺലൈൻ ക്ലാസുകൾക്കായി മൊബൈൽ ഫോൺ ലഭിച്ചതുമുതൽ നല്ലൊരു ശതമാനം കുട്ടികളിലും മൊബൈൽ ഫോൺ അഡിക്ഷൻ ഉണ്ടായതായും പബ്ജി, ഫ്രീ ഫയർ, ഓൺലൈൻ റമ്മി പോലുള്ള പണം വെച്ചുള്ള ഗെയിം കളികൾ വർദ്ധിച്ചതായും പല കുട്ടികളും ഇക്കാരണങ്ങളാൽ ആത്മഹത്യ ചെയ്തതായുമുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ വിശദമാക്കുമോ?

മൊബൈൽ ഫോണിനോടുള്ള കുട്ടികളുടെ അഭിനിവേശം വർദ്ധിച്ചിട്ടുണ്ടെങ്കിലും നല്ലൊരു ശതമാനം കുട്ടികളിലും അഡിക്ഷൻ ഉണ്ടായതായി പഠനങ്ങളോ തെളിവുകളോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2021-22 കാലഘട്ടത്തിൽ കോവിഡ് കാലത്തെ കേരളത്തിലെ സ്കൂൾ കുട്ടികളുടെ അക്കാദമികവും സാമൂഹിക-വൈകാരികവുമായ അവസ്ഥയെക്കുറിച്ച് എസ്.സി.ഇ.ആർ.ടി. പഠനം നടത്തിയിരുന്നു. ആത്മഹത്യ ചെയ്ത കുട്ടികളുടെ വിവരശേഖരണവും അതിന്റെ കാരണങ്ങൾ അന്വേഷിക്കലും ഈ പഠനത്തിന്റെ ഭാഗമായി നടന്നിരുന്നു. മൊബൈൽ ഫോൺ അഡിക്ഷനോ ഓൺലൈൻ ഗെയിമോ ആത്മഹത്യയ്ക്ക് കാരണമായതായി ആ പഠനത്തിൽ കണ്ടെത്തിയിരുന്നില്ല.

(ബി) കുട്ടികൾക്കിടയിലെ മൊബൈൽ ഉപയോഗം പബ്ജി, ഫ്രീ ഫയർ, മരണ ഗെയിം തുടങ്ങി ഓൺലൈൻ റമ്മി പോലുള്ള പണം വെച്ചുള്ള ഗെയിം കളികളും ഓൺലൈൻ കുറ്റകൃത്യങ്ങളും തടയുന്നതിനായും കുട്ടികളെ ഇതിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും മൊബൈൽ ഫോൺ അഡിക്ഷൻ ഇല്ലാതാക്കുന്നതിനും സ്കൂൾതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

കോവിഡ് കാലയളവിൽ ഡിജിറ്റൽ ക്ലാസ്സുകളും ഓൺലൈൻ ക്ലാസ്സുകളും പരമാവധി കുട്ടികൾക്ക് ലഭ്യമാക്കുന്നതിനാണ് ലാപ്ടോപ്പും മൊബൈൽ ഫോണും ഉൾപ്പെടെയുള്ള ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കിയത്. ഉപകരണങ്ങൾ വിതരണം ചെയ്തപ്പോഴും പിന്നീടും കുട്ടികൾ എങ്ങനെ ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിക്കണമെന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളും അവബോധ ക്ലാസുകളും കുട്ടികൾക്കും രക്ഷിതാക്കൾക്കും നൽകുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൽ ഉപകരണങ്ങളുടെ ഫലപ്രദമായ ഉപയോഗം, സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിൽ സ്കൂൾ കുട്ടികൾക്ക് തുടർന്നും ക്ലാസുകൾ നൽകിയിട്ടുണ്ട്.

മൊബൈൽ ഫോണിന്റെ വിവേചനപൂർണ്ണമല്ലാത്ത ഉപയോഗം പലതരം പ്രശ്നങ്ങൾക്കും കാരണമാകുമെന്നതിനാൽ ശരിയായ മൊബൈൽ ഫോൺ, ഇന്റർനെറ്റ് ഉപയോഗത്തെക്കുറിച്ച് കുട്ടികൾക്ക് മാത്രമല്ല രക്ഷിതാക്കൾ, അധ്യാപകർ എന്നിവർക്കും ബോധവൽക്കരണം നടത്തുക എന്ന ലക്ഷ്യത്തോടെ എസ്.സി.ഇ.ആർ.ടി.-യുടെ ആഭിമുഖ്യത്തിൽ സേഫ്, ഹെൽത്തി ആൻഡ് ഹാപ്പി സ്കൂൾ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത

വിദ്യാലയങ്ങളിൽ ടൈ ഔട്ട് എന്ന നിലയിലാണ് ഇപ്പോൾ പദ്ധതി നടത്തിയിട്ടുള്ളത്.

ആരോഗ്യകരമായ മൊബൈൽ ഫോൺ, ഇന്റർനെറ്റ് ഉപയോഗശീലം വളർത്തുന്നതിനും ചതിക്കുഴികൾ ബോധ്യപ്പെടുത്തുന്നതിനുമായി 'വലയ്ക്കുള്ളിൽ വലയാതെ' എന്ന പേരിൽ എസ്.സി.ഇ.ആർ.ടി. റഫറൻസ് പുസ്തകം തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇല്ലെങ്കിൽ സംസ്ഥാനത്ത് കുട്ടികളിൽ പ്രത്യേകിച്ച് ഹയർ സെക്കണ്ടറി വരെയുള്ള കുട്ടികൾ മൊബൈൽ ഓൺലൈൻ ഗെയിം കളിക്കുന്നത് നിയമംമൂലം നിരോധിക്കുന്നതിനും സ്കൂളുകളിൽ ബോധവൽക്കരണവും കൗൺസിലിംഗും നടത്തുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

കുട്ടികൾക്കെതിരായ അതിക്രമങ്ങൾക്കും ഓൺലൈൻ ദുരുപയോഗത്തിനുമെതിരെ സമർപ്പിത പോരാട്ടം നടത്തുന്ന സാങ്കേതിക, നിയമ, മാനസികാരോഗ്യ വിദഗ്ധരുടെ ഒരു ടീമിനെ ഉപയോഗപ്പെടുത്തി ഡീ സേഫ് (Digital Safety) എന്ന സഹായ ഗ്രന്ഥം കേരള പോലീസിന്റെ സോഷ്യൽ പോലീസിംഗ് ഡയറക്ടറേറ്റ്, UNICEF-ന്റെ സാമ്പത്തിക സഹായത്തോടുകൂടി തയ്യാറാക്കിയിട്ടുള്ളതും കേരളത്തിലുള്ള ഏകദേശം

ഇരുപതിനായിരത്തോളം രക്ഷിതാക്കൾക്ക് Safe Internet-ന്റെ ഉപയോഗത്തെപ്പറ്റിയും ഓൺലൈൻ ദുരുപയോഗമോ, അതിക്രമമോ ഉണ്ടായാൽ സ്വീകരിക്കേണ്ടുന്ന നിയമപരവും മനശാസ്ത്രപരവും സാങ്കേതികവുമായ വശങ്ങളെപ്പറ്റി ബോധവൽക്കരണം നൽകുകയും ചെയ്തിട്ടുണ്ട്. അടുത്തതായി അമ്പതിനായിരം പേർക്ക് കൂടി സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സഹായത്തോടെ ഡി-സേഫ് സംബന്ധിച്ച ബോധവത്കരണം നൽകാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഓൺലൈൻ ദുരുപയോഗവുമായി ബന്ധപ്പെട്ട പോലീസിന്റെ 'ചിരി' ഹെൽപ് ലൈനിൽ (9497900200) വരുന്ന കാളുകൾ ഉടനടി തന്നെ അതത് ജില്ലകളിലെ കൗൺസിലർമാർക്കും സൈക്കോളജിസ്റ്റുകൾക്കും അയച്ചുകൊടുക്കുകയും അനുയോജ്യമായ നടപടികൾ സ്വീകരിച്ച് follow-up ചെയ്യുകയും ചെയ്യുന്നു. ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ മുഖാന്തരം Internet Addiction, Game Addiction, ഓൺലൈൻ ദുരുപയോഗം എന്നിവയെപ്പറ്റിയുള്ള ബോധവൽക്കരണ ക്ലാസുകൾ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർമാർ ചെയ്തുവരുന്നു. കൂടാതെ ജില്ലാ CAP കോർഡിനേഷൻ സെന്ററുകൾ മുഖേന ബോധവത്കരണ കാമ്പയിനുകൾ നടത്തുന്നു. കൂടാതെ മാനസിക സംഘർഷത്താൽ ഉഴലുന്ന കുട്ടികൾക്ക് യഥാസമയം

കൗൺസലിംങ് നൽകുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് പ്രവർത്തിക്കുന്നു. വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് നിശ്ചിത ഇടവേളകളിൽ Convergence മീറ്റിംഗുകൾ നടത്തി കാലാനുസൃതമായ തീരുമാനങ്ങൾ കൈകൊണ്ട് ആവശ്യമായ പദ്ധതികൾ കേരള പോലീസിന്റെ സോഷ്യൽ പോലീസിംഗ് വിഭാഗം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ഒരു വിഭാഗം കുട്ടികളെ ഇന്റർനെറ്റ് ദുരുപയോഗത്തിലേയ്ക്കും അനുബന്ധ കുറ്റകൃത്യങ്ങളിലേയ്ക്കും നയിക്കുന്നു എന്ന കണ്ടെത്തലിനെ തുടർന്ന് ഇന്റർനെറ്റിന്റെ ദുരുപയോഗവും മറ്റ് നിയമ-സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളും തടയുക എന്ന ലക്ഷ്യത്തോടെ കേരള പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ പോകുന്ന പദ്ധതിയാണ് ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ (D-DAD). ഇതിന് സർക്കാർ അംഗീകാരം നൽകിയതനുസരിച്ച് കേരളത്തിലെ 6 ജില്ലകളിൽ D-DAD സെന്റർ ഈ മാസം തന്നെ പ്രവർത്തന സജ്ജമാകുന്നതാണ്. പ്രത്യേക പ്രാഗത്ഭ്യം തെളിയിച്ച ക്ലിനിക്കൽ സൈക്കോളജിസ്റ്റുമാരെയും ഡി-ഡാഡ് പ്രോജക്ട് കോ-ഓർഡിനേറ്റർമാരെയും കരാറടിസ്ഥാനത്തിൽ നിയമിക്കുവാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

ഓൺലൈൻ ദുരുപയോഗത്തിൽപ്പെട്ട കുട്ടികൾക്കും ഓൺലൈൻ അതിക്രമങ്ങൾക്ക് ഇരയായ കുട്ടികൾക്കും കൗൺസലിംഗ് നൽകുന്നതിനും ഓൺലൈൻ കുറ്റകൃത്യങ്ങൾക്കെതിരെ അവബോധം സൃഷ്ടിച്ചെടുക്കുന്നതിനും അതുവഴി സുരക്ഷിത ഇന്റർനെറ്റിന്റെ സാധ്യതകൾ കുട്ടികൾക്ക് പ്രദാനം ചെയ്യുന്നതിനും ഡിജിറ്റൽ ഡി അഡിക്ഷൻ സെന്ററുകൾ (D-DAD) മുഖേന സാധ്യമാകുന്നതാണ്.

സ്കൂളുകളിലെ തസ്തിക നിർണ്ണയ നടപടിക്രമങ്ങൾ

174 (1449) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ നിലവിൽ നടന്നുവരുന്ന തസ്തിക നിർണ്ണയ നടപടിക്രമങ്ങൾ എല്ലാ ജില്ലയിലും പൂർത്തിയായോ?

സർക്കാർ സ്കൂളുകളിൽ അധിക തസ്തിക ഒഴികെയുള്ള തസ്തികകളുടെ തസ്തിക നിർണ്ണയ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. നടപ്പ് അദ്ധ്യയന വർഷം മുതൽ അധിക തസ്തികയ്ക്ക് അനുമതി നൽകുന്നത് സർക്കാർ തലത്തിലാണ്. 2022-2023 തസ്തിക നിർണയത്തിൽ അനുവദിക്കേണ്ട അധിക തസ്തികകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത്

സമന്വയ സോഫ്റ്റ്വെയർ മുഖേന സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന പ്രക്രിയ തുടർന്നുവരുന്നു.

(ബി) ഇല്ലെങ്കിൽ ഇത് എത്ര ദിവസത്തിനുള്ളിൽ പൂർത്തിയാകും?

അധിക തസ്തിക സംബന്ധിച്ച ശിപാർശ അടിയന്തരമായി സർക്കാരിൽ സമർപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) പൂർത്തിയായെങ്കിൽ ഓരോ ജില്ലയിലും ഗവൺമെന്റ് സ്കൂളുകളിൽ പുതുതായി നിലവിൽവരുന്ന യു.പി.എസ്.റ്റി. അധിക തസ്തികകൾ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

അധിക തസ്തിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ ഓരോ ജില്ലയിലും ഗവൺമെന്റ് സ്കൂളുകളിൽ പുതുതായി നിലവിൽവരുന്ന യു.പി.എസ്.റ്റി. അധിക തസ്തികകൾ എത്രയാണെന്ന് വ്യക്തമാവുകയുള്ളൂ.

(ഡി) തസ്തിക നിർണ്ണയ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന പക്ഷം എത്ര ദിവസത്തിനുള്ളിൽ ആ തസ്തികകൾ നിലവിൽവരും?

തസ്തിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ തസ്തിക നിലവിൽ വരുന്നതാണ്.

(ഇ) കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിന്നും യു.പി.എസ്.ടി. തസ്തികയിൽ (ലാംഗ്വേജ് അധ്യാപകർ ഒഴികെ) 2023 ജനുവരി 1 മുതൽ 2025 സെപ്തംബർ 31 വരെ വിരമിക്കുന്ന അധ്യാപകരുടെ പേര്, അവർ ഇപ്പോൾ ജോലി നോക്കുന്ന സ്ഥലം, വിരമിക്കുന്ന തീയതി എന്നിവ വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്+.

എൽ.എസ്.എസ്. -യു.എസ്.എസ്. സ്കോളർഷിപ്പ് തുക

175(1450) ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ.കെ.രമ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷംതോറും പരീക്ഷ നടത്തിയിട്ടും അർഹത നേടിയ വിദ്യാർത്ഥികൾക്ക് എൽ.എസ്.എസ്.-യു.എസ്.എസ്. സ്കോളർഷിപ്പ് തുക കൃത്യമായി നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൽ.എസ്.എസ്. പരീക്ഷയെഴുതി വിജയിച്ച വിദ്യാർത്ഥികളിൽ പലർക്കും വർഷങ്ങൾ കഴിഞ്ഞിട്ടും സ്കോളർഷിപ്പ് തുക ലഭ്യമാകാത്ത പരാതി ലഭിച്ചിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ & ബി) ഇതുസംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അർഹതപ്പെട്ട സ്കോളർഷിപ്പ് തുക വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ഫണ്ടിന്റെ അപര്യാപ്തതമൂലം സ്കോളർഷിപ്പ് തുക പൂർണ്ണമായി വിതരണം ചെയ്യാനായിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിശ്ശിക തീർക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണം

176 (1451) ശ്രീ. എ. പി . അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട് കോടതിവിധി വന്നതിനുശേഷം സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

07-02-1996 മുതൽ 18-04-2017 വരെ മൂന്ന് ശതമാനവും 19-04-2017 മുതൽ നാല് ശതമാനവും നിയമനങ്ങൾ ഭിന്നശേഷി വിഭാഗത്തിനായി മാറ്റി വയ്ക്കുന്ന തരത്തിൽ റോസ്റ്റർ തയ്യാറാക്കി അധികാരപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുൻപാകെ അംഗീകാരത്തിനായി സമർപ്പിക്കുവാനും

അത്തരത്തിൽ തയ്യാറാക്കിയ റോസ്റ്ററിന്റെ അടിസ്ഥാനത്തിൽ, ആവശ്യമായ എണ്ണം ഉദ്യോഗാർത്ഥികളെ വിട്ടുനൽകാൻ എംപ്ലോയ്മെന്റ് ഓഫീസർക്ക് കത്ത് നൽകുവാനും ലഭ്യമാകുന്ന ഉദ്യോഗാർത്ഥികളെ നിയമിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് നിലവിൽ വ്യവസ്ഥാപിത ഒഴിവിൽ നിയമിക്കപ്പെട്ട അംഗീകാരം ലഭ്യമാകാത്ത ജീവനക്കാരുടെ നിയമനം അംഗീകരിക്കാവുന്നതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിനായി മാനേജ്മെന്റിന് സർക്കാർ സമയപരിധി നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

റോസ്റ്റർ തയ്യാറാക്കി സമന്വയ മുഖാന്തരം സമർപ്പിക്കാൻ 10-12-2022 വരെ സമയപരിധി അനുവദിച്ചിട്ടുണ്ട്. മാനേജർമാർ അവരുടെ കീഴിൽ വരുന്ന നിയമനങ്ങളുടെ റോസ്റ്റർ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക്, അത് പരിശോധിച്ച് അധികാരപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ അംഗീകാരം നൽകുന്നതാണ്.

(സി) ഇക്കാര്യത്തിൽ സർക്കാർ നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കുമോ?

പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ

177(1452) ശ്രീ. വി. ജോയി;
ശ്രീമതി കാനത്തിൽ ജമീല;
ശ്രീ. കെ. ഡി. പ്രസേനൻ;
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവസരത്തിലും സൗകര്യത്തിലും ഗുണനിലവാരത്തിലും ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു; വിശദാംശം നൽകാമോ?

വിദ്യാഭ്യാസ അവസരത്തിലും സൗകര്യത്തിലും ഗുണനിലവാരത്തിലും ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ സ്റ്റാൻഡേർഡിലും കുട്ടികൾ ആർജ്ജിക്കേണ്ട പഠന നേട്ടങ്ങൾ, വിദ്യാലയ പ്രവേശനത്തിന്റെ നിരക്ക്, അടിസ്ഥാന സൗകര്യങ്ങൾ, തുല്യനീതിയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്കൂൾ ഭരണനിർവ്വഹണ പ്രക്രിയ എന്നിവയാണ് തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ.

(ബി) പെർഫോമൻസ് ഗ്രേഡ് ഇൻഡക്സ് (പി.ജി.ഐ.) റിപ്പോർട്ടിൽ കേരളം ഒന്നാമതായി വന്നതിന് അടിസ്ഥാനമായി എന്തെല്ലാം പ്രത്യേക നടപടികളാണ് സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കി വരുന്നത്; വ്യക്തമാക്കാമോ?

പെർഫോമൻസ് ഗ്രേഡ് ഇൻഡക്സ് (പി.ജി.ഐ.) റിപ്പോർട്ടിൽ കേരളം ഒന്നാമതായി വന്നതിനടിസ്ഥാനമായി നിരവധി നടപടികൾ സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പഠന നേട്ടങ്ങൾ ആർജ്ജിക്കുന്നതിന് കുട്ടികൾക്ക് വേണ്ട പിന്തുണ ലഭ്യമാകുന്ന പാഠ്യപദ്ധതി വിനിമയ പ്രവർത്തനങ്ങൾ.

2. എല്ലാ കുട്ടികളെയും ഉദ്ദേശിക്കുന്ന നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ട പഠനപോഷണ പരിപാടികൾ.

3. സാർവ്വത്രിക വിദ്യാലയ പ്രവേശനം ഉറപ്പാക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങൾ.

4. സ്കൂളുകൾ ഹൈടെക് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ.

5. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി വിവിധ ഏജൻസികളുടെ സഹായത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ.

6. ഭിന്നശേഷി, പിന്നാക്ക വിഭാഗം, പെൺകുട്ടികൾ ട്രൈബൽ മേഖലയിലെ കുട്ടികൾ, അതിഥി തൊഴിലാളികളുടെ മക്കൾ തുടങ്ങി പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള സവിശേഷ പരിപാടികൾ.

7.സ്കൂൾ ഭരണം മെച്ചപ്പെട്ടതാക്കുന്നതിന് സ്കൂൾ മേധാവികൾക്കുള്ള പരിശീലന പരിപാടികൾ.

സർക്കാർ വിദ്യാലയങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപക നിയമനം

178 (1453) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാലയങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന്

വിശദമാക്കുമോ; ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ?

30 ദിവസത്തിൽ കൂടുതലുള്ളതും ആറ് മാസത്തിൽ കുറവുള്ളതുമായ അവധി ഒഴിവിലെ നിയമനങ്ങളും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിലും ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തി വരുന്നു. പി.എസ്.സി.-യ്ക്ക് ബാധകമായ എല്ലാ യോഗ്യതകളുമുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും സ്കൂൾ പ്രധാനാദ്ധ്യാപകന്റെ നേതൃത്വത്തിലുള്ള ഇന്റർവ്യൂ ബോർഡ് നിയമനം നടത്തുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് പ്രായപരിധിയുണ്ടോ; ഉയർന്ന പ്രായപരിധി എത്രയാണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രായപരിധി കഴിഞ്ഞതിനാൽ പി.എസ്.സി. പരീക്ഷ എഴുതി സ്ഥിരം അധ്യാപക ജോലി നേടാൻ കഴിയാത്തതിനാൽ പ്രയാസമനുഭവിക്കുന്ന യോഗ്യതയുള്ള അധ്യാപകർക്ക് ദിവസ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വേതനാടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്നതിന് ഏതെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പി.എസ്.സി. പരീക്ഷ എഴുതുന്നതിനുള്ള ഉയർന്ന പ്രായപരിധികഴിഞ്ഞ യോഗ്യതയുള്ള അധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി-ഡി) പ്രായപരിധിയുണ്ട്. പി.എസ്.സി. നിയമനങ്ങൾക്ക് ബാധകമായ വ്യവസ്ഥകൾ പ്രകാരമാണ് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്. ജനറൽ വിഭാഗത്തിന് 40 വയസ്സ്, ഒ.ബി.സി. വിഭാഗത്തിന് 43 വയസ്സ്, എസ്.സി./എസ്.റ്റി. വിഭാഗത്തിന് 45 വയസ്സ് എന്നിങ്ങനെയാണ് ഉയർന്ന പ്രായപരിധി. എന്നാൽ 45 വയസ്സിന് മുകളിലുള്ളവരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

സ്വന്തമായി സ്ഥലമില്ലാത്തതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ ഗവൺമെന്റ് സ്കൂളുകൾ

179 (1454) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സ്ഥലം ഇല്ലാത്തതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ ഗവൺമെന്റ് സ്കൂളുകൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിന് ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; വ്യക്തക്കാമോ?

സ്വന്തമായി സ്ഥലമില്ലാത്തതോ അപര്യാപ്തമായതോ ആയ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിനായി പദ്ധതി രൂപീകരിക്കുമെന്ന് 2019-ലെ കേരള ബജറ്റ് പ്രസംഗത്തിന്റെ ഖണ്ഡിക 104-ൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇങ്ങനെ എത്ര സ്കൂളുകളാണ് സംസ്ഥാനത്തുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 74 സ്കൂളുകളാണ് സ്വന്തമായി സ്ഥലമില്ലാത്തതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്.

സ്കൂൾ കുട്ടികളുടെ വിനോദയാത്രക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

180 (1455) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളുടെ വിനോദയാത്രയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. 02-03-2007-ലെ ജി.ഒ.(എം.എസ്)നം.51/2007/പൊ.വി.വ. ഉത്തരവ്, 02-03-2020-ലെ ജി3/122/2020/പൊ.വി.വ സർക്കുലർ എന്നിവ പ്രകാരവും ബഹു.കേരള ഹൈക്കോടതിയുടെ 10-10-2022-ലെ SSCR/20/2021 നമ്പർ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ പഠനയാത്രകൾ സംഘടിപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ 18-10-2022-ലെ എം.4/700196/2022/ഡി.ജി.ഇ. നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.[+]

(ബി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് സ്കൂളുകൾ വിനോദയാത്രകൾ സംഘടിപ്പിക്കുന്നതെന്നുറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമം വ്യക്തമാക്കുമോ?

യാത്ര പുറപ്പെടുന്നതിനുമുമ്പ് വാഹനങ്ങളുടെ ഫിറ്റ്നസ്സ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ് എന്നീ രേഖകൾ ബന്ധപ്പെട്ട സ്കൂൾ അധികൃതർ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.യാത്ര പൂർത്തിയാക്കിയശേഷം ഡ്രൈവറുടെ പെരുമാറ്റം സംബന്ധിച്ച് എന്തെങ്കിലും പരാതികളുണ്ടെങ്കിൽ ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ അറിയിക്കാനും

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യാത്രാവസാനം വിദ്യാർത്ഥികൾ രക്ഷാകർത്താക്കളുടെ സമീപം സുരക്ഷിതരായി എത്തിച്ചേർന്നുവെന്ന് ഉറപ്പാക്കാനും യാത്രാവേളയിൽ അദ്ധ്യാപകർ, കുട്ടികൾ, യാത്രയെ അനുഗമിക്കുന്നവർ എന്നിവർ പുകവലിക്കുന്നതും മറ്റ് ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതും കൃത്യവിലോപമായതിനാൽ ഇപ്രകാരമുള്ള വിവരം ലഭ്യമായാൽ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കാനും സ്കൂൾ അധികാരികൾക്ക് കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് വിനോദയാത്ര സംഘടിപ്പിച്ച എത്ര സ്കൂൾ അധികാരികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

നടപടി സ്വീകരിക്കേണ്ടതായി വന്നിട്ടില്ല.

ഉച്ചഭക്ഷണത്തിനുള്ള നിരക്ക് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

181 (1456) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നതിന് ഇപ്പോൾ നൽകി വരുന്ന നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നതിന് ഇപ്പോൾ നൽകി വരുന്ന നിരക്ക് ചുവടെ ചേർക്കുന്നു.

സ്ലാബ് 1 – 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 8 രൂപ

സ്ലാബ് 2 - 151 മുതൽ 500 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 7 രൂപ

സ്ലാബ് 3 – 500 ന് മുകളിൽ - കുട്ടിയൊന്നിന് പ്രതിദിനം 6 രൂപ

(ബി) വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനായുള്ള നിരക്ക് അവസാനമായി പുതുക്കിയത് എന്നാണെന്ന് വ്യക്തമാക്കുമോ?

2016 സെപ്റ്റംബർ 5 -നാണ് നിരക്ക് അവസാനമായി പുതുക്കിയത്.

(സി) പൊതു വിപണിയിൽ ഭക്ഷ്യ സാധനങ്ങളുടെ വിലയിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നതിനായി നിശ്ചയിച്ച നിരക്ക് വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

പൊതുവിപണിയിൽ ഭക്ഷ്യസാധനങ്ങളുടെ വിലയിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഉച്ചഭക്ഷണ പദ്ധതിയിൻകീഴിൽ സപ്ലിമെന്ററി ന്യൂട്രിഷനായി സ്കൂൾ കുട്ടികൾക്ക് അനുവദിച്ചുവരുന്ന പാൽ, മുട്ട, നേന്ത്രപ്പഴം എന്നിവയ്ക്കാവശ്യമായി വരുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യവും 01-10-2022 മുതൽ പ്രാബല്യത്തിൽ കേന്ദ്രസർക്കാർ മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) ഇനത്തിൽ വരുത്തിയിട്ടുള്ള വർദ്ധനവ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) 2012-നുശേഷം പൊതുവിദ്യാലയങ്ങളിൽ ആരംഭിച്ച പ്രീപ്രൈമറിയിൽ പഠിക്കുന്ന കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതിയിൽ നിലവിൽ സർക്കാർ തുക വകയിരുത്തുന്നുണ്ടോ; ഇല്ലെങ്കിൽ തുക വകയിരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

സമഗ്ര ശിക്ഷാ കേരളയുടെ ലിസ്റ്റിൽ ഉൾപ്പെടാത്തതും കേന്ദ്രാനുമതി ലഭിച്ചിട്ടില്ലാത്തതുമായ സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ ഭാഗമായി പ്രവർത്തിക്കുന്ന എല്ലാ പ്രീ-പ്രൈമറി സ്കൂൾ കുട്ടികൾക്കും കൂടി ഉച്ചഭക്ഷണം നൽകുന്നത് സംബന്ധിച്ചുള്ള വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

സ്കൂളുകളിലെ വിനോദയാത്രക്കുള്ള മാർഗ്ഗനിർദേശങ്ങൾ

182(1457) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽനിന്നും വിനോദയാത്ര പോകുന്നത് സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. 02-03-2007- ലെ ജി.ഒ.(എം.എസ്)നം.51/2007/പൊ.വി.വ എന്ന ഉത്തരവ്, 02-03-2020-ലെ ജി3/122/2020/പൊ.വി.വ നമ്പർ സർക്കുലർ എന്നിവ പ്രകാരവും ബഹു.കേരള ഹൈക്കോടതിയുടെ 10-10-2022-ലെ SSCR/20/2021 നമ്പർ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ പഠനയാത്രകൾ സംഘടിപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ 18-10-2022-ലെ എം4/700196/2022/ഡി.ജി.ഇ. നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) രാത്രിയാത്രയും അമിതവേഗതയും അപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

രാത്രി 10 മണിക്ക് ശേഷവും രാവിലെ 5 മണിക്ക് മുമ്പുള്ളതുമായ യാത്രകൾ പൂർണ്ണമായും ഒഴിവാക്കാൻ എല്ലാ സ്കൂൾ അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മാനദണ്ഡങ്ങൾ ലംഘിച്ച് വിനോദയാത്ര സംഘടിപ്പിക്കുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മാനദണ്ഡങ്ങൾ ലംഘിച്ച് വിനോദയാത്ര സംഘടിപ്പിക്കുന്നവർക്കെതിരെ കർശന അച്ചടക്ക നടപടികളും നിയമ പ്രകാരമുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

പാഠ്യപദ്ധതി പരിഷ്കരണം

183 (1458) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ കൈവരിച്ച നേട്ടം കൂടുതൽ മികവോടെ മുന്നോട്ടുകൊണ്ടുപോകുന്നതിന് പഠന ചട്ടക്കൂട് നവീകരിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് പാഠ്യപദ്ധതി പരിഷ്കരണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടിയെടുത്തിട്ടുണ്ടോ?

നടപടി എടുത്തിട്ടുണ്ട്.

(ബി) പാഠ്യപദ്ധതി പരിഷ്കരണം ഭാവിതലമുറയുടെ ഭാഗധേയം നിർണ്ണയിക്കുന്ന പ്രവർത്തനമായതിനാൽ വിദ്യാഭ്യാസ വിചക്ഷണൻമാർക്കും ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ടോ?

ഉറപ്പുവരുത്തിയിട്ടുണ്ട്. പാഠ്യപദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് സ്കൂൾ തലത്തിൽ എല്ലാ രക്ഷകർത്താക്കൾക്കും അഭിപ്രായം രേഖപ്പെടുത്താനുള്ള അവസരമുണ്ട്. കൂടാതെ കുട്ടികളുടെ പ്രത്യേകമായ ചർച്ചകൾ നടത്തി ഓരോ കുട്ടിയ്ക്കും തന്റെ അഭിപ്രായവും പ്രതീക്ഷകളും പങ്കുവയ്ക്കുന്നതിനുള്ള അവസരവും ഇതിലൂടെ ലഭ്യമായി.

(സി) പാഠ്യപദ്ധതി പരിഷ്കരണത്തിൽ പൊതുജനങ്ങളുടെ അഭിപ്രായം അറിയിക്കാനും അവ പരിശോധിക്കാനും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണം വിശദമാക്കുമോ?

പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സമൂഹത്തിലെ മുഴുവൻ ജനങ്ങളുടെയും അഭിപ്രായം സ്വരൂപിക്കുന്നതിനുവേണ്ടി എസ്.സി.ഇ.ആർ.ടി.- യുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ജനകീയ ചർച്ചകൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്കൂൾതലം മുതൽ ജില്ലാതലം വരെ സംഘാടകസമിതികൾ രൂപീകരിക്കുകയും ഫലപ്രദമായി ജനകീയ ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ ചർച്ചകളുടെ കുറിപ്പുകൾ ക്രോഡീകരിച്ച് 26 ഫോക്കസ് ഗ്രൂപ്പുകളുടെ ഭാഗമാക്കുകയും പൊസിഷൻ പേപ്പറുകളിൽ ഇവയുംകൂടി ചേർത്തുകൊണ്ട് പൂർത്തിയാക്കുന്നതായിരിക്കും. ഇതുകൂടാതെ സംസ്ഥാനത്തെ മുഴുവൻ കുട്ടികളുടെയും അഭിപ്രായം അറിയുന്നതിനുവേണ്ടി കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക ചർച്ചയും സംഘടിപ്പിച്ചിരുന്നു.

പ്രൈമറി സ്കൂൾ പ്രഥമ അധ്യാപകരുടെ ജോലിഭാരം

184 (1459) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തകാലത്ത് കോട്ടയത്തും ഇടുക്കിയിലും പ്രൈമറി സ്കൂൾ പ്രഥമ അധ്യാപകർ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോട്ടയം ജില്ലയിൽ അടുത്ത കാലത്തായി ഒരു പ്രഥമ അധ്യാപിക ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രഥമ അധ്യാപക തസ്തികയിലെ അമിത ജോലി ഭാരവും മാനസിക സമ്മർദ്ദവുമാണ് ആത്മഹത്യയ്ക്കുള്ള കാരണമെന്നത് സംബന്ധിച്ച് പരിശോധിക്കുകയുണ്ടായോ?

പരിശോധിക്കുകയുണ്ടായി. ആത്മഹത്യ ചെയ്ത അധ്യാപിക ജോലി ചെയ്തിരുന്ന സ്കൂളിൽ ഒന്ന്, നാല് ക്ലാസുകളിൽ കുട്ടികൾ ഒന്നും തന്നെ പഠിക്കുന്നില്ല. 2, 3 ക്ലാസുകളിൽ 4, 2 എന്ന ക്രമത്തിൽ ആകെ 6 കുട്ടികൾ മാത്രമാണ് പഠിച്ചിരുന്നത്. പ്രസ്തുത സ്കൂളിൽ പ്രധാന അധ്യാപികയുൾപ്പെടെ രണ്ട് അധ്യാപകരും ഒരു പി.റ്റി.സി.എം. തസ്തികയും അനുവദിച്ചിട്ടുണ്ട്. കേവലം 6 കുട്ടികൾ മാത്രം പഠിക്കുന്ന സ്കൂളിലെ അമിത ജോലി ഭാരമാണ് ആത്മഹത്യയ്ക്ക് കാരണമെന്ന് കരുതാനാവില്ല.

(സി) സർക്കാർ സ്കൂളുകളിൽ പ്രാഥമാധ്യാപക നിയമനം അംഗീകരിക്കാത്തതും പ്രമോഷൻ തസ്തിയിലുള്ള ശമ്പള അനുകൂല്യങ്ങൾ നൽകാത്തതും കടുത്ത ജോലി ഭാരമുള്ളതുമായ സാഹചര്യം നിലവിലുണ്ടോ?

പ്രഥമ അധ്യാപകരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് നിലനിൽക്കുന്നത് കൊണ്ടാണ് ടിയാളുകൾക്ക് പ്രൊമോഷന്റെ സാമ്പത്തിക ആനുകൂല്യം നൽകാൻ കഴിയാത്തത്. പ്രസ്തുത കേസ് അവസാനിപ്പിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

(ഡി) മറ്റ് അധ്യാപകരെ പോലെ ക്ലാസ് എടുക്കുന്നതിനുപുറമെ പ്രൈമറി സ്കൂൾ പ്രഥമ അധ്യാപകരിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കെ.ഇ.ആർ. ചാപ്റ്റർ IX റൂൾ 11-ൽ പ്രധാനാധ്യാപകരുടെ ചുമതലകളെ പറ്റി പ്രതിപാദിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു.+

(ഇ) പാചകവാതകത്തിനും പാലിനും പച്ചക്കറിക്കും പലചരക്കിനും ഇരട്ടിയിലേറെ വില വർദ്ധിച്ചിട്ടും കുട്ടികൾക്ക് നൽകേണ്ട ഭക്ഷണത്തിനുള്ള തുക വർദ്ധിപ്പിക്കാത്തത് പ്രഥമ അധ്യാപകർക്ക് സാമ്പത്തിക സമ്മർദ്ദമുണ്ടാകുമെന്ന് കരുതുന്നുണ്ടോ വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള തുക കൂട്ടുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) ഉച്ചഭക്ഷണത്തിന്റെ കാര്യങ്ങൾക്കായും ശമ്പളം മറ്റ് സാമ്പത്തിക കാര്യങ്ങൾ എന്നിവയ്ക്കായും ട്രഷറിയിലേയ്ക്കും മറ്റിടങ്ങളിലേയ്ക്കും യാത്ര ചെയ്യേണ്ടിവരുന്ന പ്രഥമ അധ്യാപകർക്ക് സഹായത്തിന് സ്റ്റാഫില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ പ്രഥമ അധ്യാപകരുടെ ജോലിഭാരം കുറയ്ക്കുന്നതിനും മാനസിക സമ്മർദ്ദം ഇല്ലാതാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(എഫ് & ജി) എൽ.പി.സ്കൂളുകളിൽ ഒരു പി.റ്റി.സി.എം. തസ്തികയും യു.പി. സ്കൂളിൽ ഒരു ഓഫീസ് അറ്റൻഡന്റും ഒരു പി.റ്റി.സി.എം. തസ്തികയും അധ്യാപകർക്ക് പുറമേ അനുവദിച്ചിട്ടുണ്ട്. 150-ൽ കൂടുതൽ കുട്ടികളുള്ള എൽ.പി. സ്കൂളുകളിലും 100-ൽ അധികം കുട്ടികളുള്ള യു.പി. സ്കൂളുകളിലും പ്രധാന അധ്യാപകരെ ക്ലാസ്സ് ചാർജ്ജിൽനിന്നും ഒഴിവാക്കുകയും ഒരു ഹെഡ് ടീച്ചർ തസ്തിക അധികമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം

185(1460) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u>

ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പാഠ്യപദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന ഘടകങ്ങൾ ഏതൊക്കെയാണ്; പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിൽ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന സ്കൂൾ കരിക്കുലം കമ്മിറ്റിയുടെയും കോർ കമ്മിറ്റിയുടെയും സംയുക്ത യോഗം 2022 ജൂൺ 16-ന് ചേർന്ന് തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും അതിൻ പ്രകാരം പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ മുന്നേറുകയാണ്. 26 മേഖലകളെ ഫോക്കസ് മേഖലകളായി തീരുമാനിച്ചുകൊണ്ട് അവയുടെ നിലപാട് രേഖകൾ തയ്യാറാക്കുന്നതിനായി ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത ഫോക്കസ് മേഖലകൾ ചുവടെ ചേർക്കുന്നു.

1. വിദ്യാഭ്യാസത്തിന്റെ ദർശനം (വിദ്യാഭ്യാസലക്ഷ്യങ്ങൾ ഉൾപ്പെടെ)

2. ശൈശവകാല പരിചരണവും വികാസവും

3. പാഠ്യപദ്ധതിയും ബോധനശാസ്ത്രവും

4. സാമൂഹ്യശാസ്ത്ര വിദ്യാഭ്യാസം

5. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

6. ശാസ്ത്ര വിദ്യാഭ്യാസം

7. കലാ വിദ്യാഭ്യാസം

8. ഗണിത വിദ്യാഭ്യാസവും ഗണനചിന്തയും

9. ഭാഷാ വിദ്യാഭ്യാസം

10. പരിസ്ഥിതി വിദ്യാഭ്യാസം

11. ആരോഗ്യ-കായിക വിദ്യാഭ്യാസം

12.വിലയിരുത്തൽ സംവിധാനത്തിലെ പരിഷ്കരണവും കുട്ടികളുടെ സമഗ്രപുരോഗതിരേഖയും

13. ഇന്ത്യയെക്കുറിച്ചുള്ള അറിവ്

14. മൂല്യവിദ്യാഭ്യാസം

15. ഉൾച്ചേർന്നവിദ്യാഭ്യാസം

16. ലിംഗനീതിയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം

17. സാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ

18. അധ്യാപക വിദ്യാഭ്യാസം

19. ഗൈഡൻസും കൗൺസലിംഗും വിദ്യാലയങ്ങളിൽ

20. സ്കൂൾഭരണവും നേതൃത്വവും

21. ഗുണമേന്മയുള്ള പഠനസാമഗ്രികളുടെ രൂപീകരണം

22. സ്കൂൾവിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം

23. ബദൽ വിദ്യാഭ്യാസ സംവിധാനങ്ങൾ

24 വിദ്യാഭ്യാസത്തിൽ സമൂഹത്തിന്റെ പങ്ക്

25. മുതിർന്നവരുടെ വിദ്യാഭ്യാസവും തുടർവിദ്യാഭ്യാസവും

26 രക്ഷാകർത്തൃവിദ്യാഭ്യാസം

സ്കൂൾതലത്തിലും പഞ്ചായത്തുതലത്തിലും ബ്ലോക്കുതലത്തിലും ജില്ലാതലത്തിലും ജനകീയ ചർച്ചകൾ സംഘടിപ്പിച്ച് പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഉൾപ്പെടുത്താവുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഈ ചർച്ചകളിൽ

പാഠ്യപദ്ധതി സംബന്ധിച്ചുള്ള തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവയ്ക്കാവുന്നതാണ്. കൂടാതെ കേരളത്തിലെ എല്ലാ പൊതുവിദ്യാലയങ്ങളിലും എല്ലാ ക്ലാസുകളിലും കുട്ടികളുടെ ചർച്ചകൾ സംഘടിപ്പിച്ച് അവരുടെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു. ലോകത്തിന്റെ ഏത് ഭാഗത്തുള്ള ജനങ്ങൾക്കും പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട തങ്ങളുടെ അഭിപ്രായങ്ങൾ സമർപ്പിക്കത്തക്ക തരത്തിൽ ഒരു ടെക് പ്ലാറ്റ്ഫോമും തയ്യാറാക്കിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ കൂടി സ്വീകരിച്ച് 26 മേഖലകളിൽ നിലപാട് രേഖകൾ രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ഇവയിൽ നിന്നും ശൈശവകാല വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നീ നാല് പാഠ്യപദ്ധതി ചട്ടക്കൂടുകൾ രൂപീകരിക്കും.

(ബി) പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി പൊതുസമൂഹത്തിന്റെ വിപുലമായ അഭിപ്രായ രൂപീകരണം സാദ്ധ്യമാക്കുന്നതിന് പ്രത്യേകമായ പ്രവർത്തന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; അഭിപ്രായങ്ങളും നിർദേശങ്ങളും നേരിട്ട് സമർപ്പിക്കാൻ പ്രത്യേകമായ സംവിധാനമേർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി പൊതുസമൂഹത്തിന്റെ അഭിപ്രായ രൂപീകരണത്തിന് വിപുലമായ ചർച്ചകൾ നടന്നുവരികയാണ്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഈ ചർച്ചകളിൽ പാഠ്യപദ്ധതി സംബന്ധിച്ചുള്ള തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവയ്ക്കാവുന്നതാണ്. സ്കൂൾ തലത്തിലും, പഞ്ചായത്ത് തലത്തിലും, ബ്ലോക്ക് തലത്തിലും, ജില്ലാ തലത്തിലും ജനകീയ ചർച്ചകൾ സംഘടിപ്പിച്ച് പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഉൾപ്പെടുത്താവുന്ന നിർദ്ദേശങ്ങൾ സ്വീകരിച്ചുവരുന്നു. ഇതിനായി ഓരോ തലത്തിലും സംഘാടക സമിതികൾ രൂപീകരിച്ച് അവരുടെ നേതൃത്വത്തിലാണ് ചർച്ചകൾ സംഘടിപ്പിക്കപ്പെടുന്നത്. ലോകത്തിന്റെ ഏത് ഭാഗത്തുള്ള ജനങ്ങൾക്കും പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട തങ്ങളുടെ അഭിപ്രായങ്ങൾ നേരിട്ട് സമർപ്പിക്കത്തക്ക തരത്തിൽ ഒരു ടെക് പ്ലാറ്റ്ഫോമും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കുട്ടികളെ മാത്രം പങ്കെടുപ്പിച്ചുള്ള പ്രത്യേക ചർച്ചകളും സംഘടിപ്പിച്ചു. തികച്ചും സുതാര്യവും ജനാധിപത്യപരവുമായിട്ടാണ് പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടക്കുന്നത്.

(സി) കേരളത്തിന് വിജ്ഞാന സമ്പദ്‌വ്യവസ്ഥ എന്ന ലക്ഷ്യം കൈവരിക്കുന്നതിനും കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാൻ

വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനും പാഠ്യപദ്ധതി പരിഷ്കരണം സഹായകരമാവുമോ; വ്യക്തമാക്കാമോ?

നിരന്തരം മാറുന്ന ലോകക്രമത്തിൽ വിദ്യാർത്ഥികൾക്ക് കാലത്തിന്റെ വെല്ലുവിളികളെ ഏറ്റെടുത്തുകൊണ്ട് സുസ്ഥിരവികസനത്തിലും ജീവിത വിജയത്തിനും ഉതകുന്ന തരത്തിലുള്ള പാഠ്യപദ്ധതിയാണ് പരിഷ്കരണത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. കേരളത്തെ ഒരു ശാസ്ത്രബോധവും മാനവിക ബോധമുവുള്ള ജ്ഞാനസമൂഹമായി പരിവർത്തിപ്പിക്കുക എന്നതാണ് പാഠ്യപദ്ധതി പരിഷ്കരണം കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്.

സ്കൂൾ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി

186 (1461) ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാല നിയോജകമണ്ഡലത്തിലെ ആറ് സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനുള്ള പ്രൊപ്പോസലുകൾ പുതുക്കിയ എസ്റ്റിമേറ്റ് സഹിതം ഭരണാനുമതി ലഭിക്കുന്നതിന് സർക്കാരിന് സമർപ്പിച്ചിട്ടുള്ള 31-10-2022-ലെ ഫയൽ നം.ഡബ്ല്യൂ 1/13312/2022/ഡി.ജി.ഇ. പ്രകാരം സ്വീകരിച്ച നടപടി അറിയിക്കുമോ;

(ബി) 2020 ബജറ്റിൽ 20 ശതമാനം ഫണ്ട് അനുവദിച്ച മേൽ സ്കൂളുകളുടെ കെട്ടിടനിർമ്മാണം ഭരണാനുമതി ലഭിക്കാത്തതിനാൽ വർഷങ്ങളായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലപ്പഴക്കം ചെന്ന പ്രസ്തുത സ്കൂൾ കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിന് അധികമായി വരുന്ന സാമ്പത്തിക ബാദ്ധ്യത കൂടി പരിഗണിച്ച് ഭരണാനുമതിയും മറ്റ് അനുമതികളും നൽകി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) പ്രസ്തുത ആറ് സ്കൂളുകളിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതി

187 (1462) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണം പദ്ധതിക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര വീതമാണെന്ന് വിശദമാക്കുമോ?

60:40 എന്ന അനുപാതത്തിലാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഉച്ചഭക്ഷണ പദ്ധതിക്ക് തുക അനുവദിക്കുന്നത്. ഭക്ഷ്യധാന്യത്തിന്റെ വില, പാചകചെലവ്, പാചകത്തൊഴിലാളികളുടെ ഓണറേറിയം, ഭക്ഷ്യധാന്യത്തിന്റെ കടത്തുകൂലി, എം.എം.ഇ. (മാനേജ്മെന്റ് മോണിറ്ററിംഗ് & ഇവാലുവേഷൻ) എന്നീ ഇനങ്ങളിലായാണ് തുക അനുവദിക്കുന്നത്. ഫണ്ടിംഗ് പാറ്റേൺ 60:40 ആണെങ്കിലും സംസ്ഥാന മാൻഡേറ്ററി വിഹിതമായ 40 ശതമാനം തുകയേക്കാൾ കൂടുതൽ തുക സംസ്ഥാന സർക്കാർ പദ്ധതി നടത്തിപ്പിനായി ചെലവിടുന്നുണ്ട്. 2022-23 വർഷത്തെ ടി പദ്ധതി നടത്തിപ്പിനായി 567.64 കോടി രൂപയാണ് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കേന്ദ്ര വിഹിതമായി ലഭ്യമാകേണ്ടത് 278.96 കോടി രൂപയാണ്. 288.68 കോടി രൂപയാണ് പ്രസ്തുത പദ്ധതിക്കുള്ള സംസ്ഥാന വിഹിതം.

(ബി) കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചിട്ടും സംസ്ഥാന സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കാത്തതുമൂലം ബന്ധപ്പെട്ടവർ അനുഭവിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) നിത്യോപയോഗ സാധനങ്ങൾക്ക് ഭീമമായ വിലക്കയറ്റം നേരിടുന്ന ഈ കാലത്ത് സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ വിഹിതത്തിൽ വർദ്ധനവ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) ഭക്ഷ്യധാന്യത്തിന്റെ വില, പാചകത്തൊഴിലാളികളുടെ ഓണറേറിയം, ഭക്ഷ്യധാന്യത്തിന്റെ കടത്തുകൂലി, എം.എം.ഇ. (മാനേജ്മെന്റ് മോണിറ്ററിംഗ് & ഇവാലുവേഷൻ) എന്നീ ഇനങ്ങളിൽ യാതൊരു വർദ്ധനവും കേന്ദ്ര സർക്കാർ വരുത്തിയിട്ടില്ല. എന്നാൽ പാചകചെലവിന്റെ (മെറ്റീരിയൽ കോസ്റ്റ്) മാൻഡേറ്ററി നിരക്കുകളിൽ 01-10-2022 മുതൽ പ്രാബല്യത്തിൽ കേന്ദ്ര സർക്കാർ വർദ്ധനവ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് പ്രകാരം പ്രൈമറി വിഭാഗത്തിലെ ഒരു കുട്ടിക്ക് ഒരു ദിവസം അനുവദിക്കുന്ന മെറ്റീരിയൽ കോസ്റ്റ് (കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ഉൾപ്പെടെ) 4.97 രൂപയിൽ നിന്ന് 5.45 രൂപയായും അപ്പർ പ്രൈമറി വിഭാഗത്തിന്റേത് 7.45 രൂപയിൽ നിന്ന് 8.17 രൂപയായുമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്ത് നിലവിൽ 6 രൂപ/7 രൂപ/8 രൂപ എന്നിങ്ങനെ 3 സ്ലാബുകളിലായാണ് മെറ്റീരിയൽ കോസ്റ്റ് അനുവദിച്ചുവരുന്നത്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ മാൻഡേറ്ററി നിരക്കുകളിൽ അപ്പർപ്രൈമറി വിഭാഗത്തിനുള്ള നിരക്ക് (8.17 രൂപ)

മാത്രമാണ് സംസ്ഥാനത്ത് നിലവിലുള്ള നിരക്കുകളേക്കാൾ ഉയർന്നുനിൽക്കുന്നത്. പൊതുവിപണിയിൽ ഭക്ഷ്യസാധനങ്ങളുടെ വിലയിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഉച്ചഭക്ഷണ പദ്ധതിയിൻകീഴിൽ സപ്ലിമെന്ററി ന്യൂട്രിഷനായി സ്കൂൾ കുട്ടികൾക്ക് അനുവദിച്ചുവരുന്ന പാൽ, മുട്ട, നേന്ത്രപ്പഴം എന്നിവയ്ക്കാവശ്യമായി വരുന്ന തുക ഉൾപ്പെടെ സംസ്ഥാന സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കുന്ന കാര്യവും 01-10-2022 തീയതിയിൽ പ്രാബല്യത്തിൽ കേന്ദ്രസർക്കാർ മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) ഇനത്തിൽ വരുത്തിയിട്ടുള്ള വർദ്ധനവ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു.

കുട്ടനാട്ടിലെ സർക്കാർ സ്കൂളുകൾ

188 (1463) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥിരമായി വെള്ളപ്പൊക്കം ഉണ്ടാകുന്നതുമൂലം കുട്ടനാട്ടിലെ സർക്കാർ സ്കൂളുകൾ ബലക്ഷയം നേരിടുന്നതും കളിസ്ഥലങ്ങളിൽ വെള്ളക്കെട്ടുമൂലം കുട്ടികൾക്ക് കായികവിനോദത്തിൽ ഏർപ്പെടാൻ

കഴിയാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതുപരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ അടിസ്ഥാന സൗകര്യങ്ങളുടെ അതിജീവനത്തിനായുള്ള ആകസ്മിക ധനസഹായ പദ്ധതിയിലുൾപ്പെടുത്തി ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ത്രിതല പഞ്ചായത്തുകളുടെ ഫണ്ടുകൾ ഉപയോഗിച്ച് സ്കൂൾ ഗ്രൗണ്ടുകൾ മണ്ണിട്ട് ഉയർത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കർഷകരുടെയും കർഷക തൊഴിലാളികളുടെയും മക്കൾ പഠിക്കുന്ന കുട്ടനാട്ടിലെ എല്ലാ സ്കൂളുകളും അന്തർദേശീയ നിലവാരത്തിൽ പുനരുദ്ധരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട്, എസ്.എസ്.കെ. ഫണ്ട്, ജില്ലാ പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗിച്ച് കുട്ടനാട്ടിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തുടർ പഠനത്തിന് അവസരം നൽകുന്നതിന് നടപടികൾ

189 (1464) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എസ്.എസ്.എൽ.സി. പാസ്സായി തുടർപഠനത്തിന് അർഹരായ കുട്ടികളുടെ എണ്ണം എത്രയെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ഈ വർഷം എസ്.എസ്.എൽ.സി പാസ്സായി തുടർ പഠനത്തിന് അർഹരായ കുട്ടികളുടെ എണ്ണം റവന്യൂ ജില്ല തിരിച്ചുള്ള കണക്കുകളുടെ പകർപ്പ് അനുബന്ധം (A) ആയി ചേർത്തിരിക്കുന്നു.*

(ബി) ഈ വർഷം എസ്.എസ്.എൽ.സി കഴിഞ്ഞ് തുടർപഠനത്തിന് അർഹതനേടിയ എത്ര കുട്ടികൾക്ക് വിവിധ കോഴ്സുകളിലായി സർക്കാർ/ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇതുവരെ അഡ്മിഷൻ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ?

ഉണ്ട്. ഹയർസെക്കണ്ടറി വിഭാഗത്തിൽ വിവിധ കോഴ്സുകളിലായി സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം (B) ആയി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ വിവിധ കോഴ്സുകളിലായി സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം (C) ആയി ചേർത്തിരിക്കുന്നു.*

(സി) തുടർപഠനത്തിന് അർഹരായ മുഴുവൻ കുട്ടികൾക്കും തുടർ പഠനത്തിന് അവസരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഈ അധ്യയനവർഷം ആകെ 424498 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി പാസ്സായി. തുടർപഠനത്തിന് അർഹത നേടുകയും ഹയർസെക്കണ്ടറി പ്ലസ് വൺ കോഴ്സുകളിൽ മാത്രം 3,84,233 പേർ പ്രവേശനം നേടുകയും ഉണ്ടായിട്ടുണ്ട്. പ്രവേശന നടപടികൾ 2022 ഒക്ടോബർ 10-ന് പൂർത്തീകരിച്ച് കഴിഞ്ഞപ്പോൾ ആകെ 45,448 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുമുണ്ട്.

പട്ടാമ്പി നിയോജക മണ്ഡലത്തിലെ സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം

190 (1465) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിൽ 2018-2019 കാലയളവിൽ എം.എൽ.എ.-എ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി 15 സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം കെൽട്രോൺ മുഖാന്തരം നടപ്പിലാക്കിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒരു സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്നതിന് എത്ര രൂപയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

ആകെ 46 ക്ലാസ് റൂമുകൾക്കായി 29,25,810/- രൂപയാണ് അനുവദിച്ചിരിക്കുന്നത്. (ഒരു ക്ലാസ് റൂമിന് ഏകദേശം 63,605/-രൂപ).

(സി) ഈ ഇനത്തിൽ ആകെ ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

നിർമ്മാണം പൂർത്തിയാക്കി കെൽട്രോൺ ബില്ലുകൾ സമർപ്പിച്ചിരുന്നുവെങ്കിലും തുകയൊന്നും മാറി നൽകിയിട്ടില്ല.

(ഡി) നിർമ്മാണ ഏജൻസിയായ കെൽട്രോണിന് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്നും ഏത് തീയതിയിലാണ് നൽകിയതെന്നും വ്യക്തമാക്കുമോ?

നിർമ്മാണ ഏജൻസിയായ കെൽട്രോണിന് തുക അനുവദിച്ചിട്ടില്ല.

(ഇ) തുക അനുവദിച്ച് നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ബില്ലിനോടൊപ്പം സമർപ്പിക്കേണ്ട അനുബന്ധ രേഖകളിലെ അപര്യാപ്തത മൂലം ബിൽ തുക മാറി നൽകാനായിട്ടില്ല.

കൊടുവഴന്നൂർ ഗവ.എച്ച്.എസ്.എസ്.-ന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

191 (1466) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി കൊടുവഴന്നൂർ ഗവ.എച്ച്.എസ്.എസ്.-ൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആറ്റിങ്ങൽ മണ്ഡലത്തിലെ കൊടുവഴന്നൂർ ഗവ.എച്ച്.എസ്.എസ്.-ൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മൂന്ന് കോടി രൂപ അനുവദിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ഡി.പി.ആർ കിഫ്ബി അംഗീകരിച്ചു. ഫീസിബിലിറ്റി സ്റ്റഡി നടത്തി. പുതുക്കിയ ഡി.എസ്.ആർ/ജി.എസ്.റ്റി നിരക്കിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതി വരുത്തി.

സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടികൾ നിർവ്വഹണ ഏജൻസിയായ കില സ്വീകരിച്ചുവരുന്നു.

അരുവിക്കര മണ്ഡലത്തിലെ പുതിയ വിദ്യാഭ്യാസ പദ്ധതികൾ

192 (1467) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അരുവിക്കര നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഓരോ പദ്ധതികൾക്കും അനുവദിച്ചിട്ടുള്ള തുകയും നിലവിലെ പ്രവർത്തന പുരോഗതിയും സംബന്ധിച്ച വിവരം നൽകാമോ?

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം അരുവിക്കര മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ പുതുതായി സ്കൂളുകൾക്ക് തുക അനുവദിച്ചിട്ടില്ല.

കെ.ജി.റ്റി.ഇ. ഷോർട്ട് ഹാൻഡ് പരീക്ഷ

193 (1468) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പരീക്ഷാ ഭവൻ നടത്തുന്ന കെ.ജി.റ്റി.ഇ. (കോമേഴ്സ്) ഇംഗ്ലീഷ് ഷോർട്ട് ഹാൻഡ് (ലോവർ 80 wpm., ഹയർ 120 wpm. ഹൈസ്പീഡ് 150 wpm.) എന്നിവയ്ക്ക് തത്തുല്യമായി തമിഴ്നാട് ഗവ.ടെക്നിക്കൽ എക്സാമിനേഷൻ (കെ.ജി.റ്റി.ഇ.) നടത്തുന്ന ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് ജൂനിയർ 80 wpm, ഇന്റർമീഡിയറ്റ് 100 wpm. സീനിയർ 120 wpm. ഹൈസ്പീഡ് 150 wpm. എന്നീ പരീക്ഷകളിൽ ഏതെല്ലാമാണ് കേരള സർക്കാർ തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) തമിഴ്നാട് ഗവ.ടെക്നിക്കൽ എക്സാമിനേഷൻ (കെ.ജി.റ്റി.ഇ) നടത്തുന്ന ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് ജൂനിയർ 80wpm. പാസ്സായ ഒരാൾക്ക് കെ.ജി.റ്റി.ഇ.(കോമേഴ്സ്) ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് ഹയർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് അറ്റന്റ് ചെയ്യുന്നതിന് സാധിക്കുമോ; വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

കാളംതിരുത്തി എം.ജി.എൽ.സി. സ്കൂൾ അടച്ചുപൂട്ടിയ ഉത്തരവ് പുനഃപരിശോധിക്കുന്നതിന് നടപടി

194 (1469) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ കാളംതിരുത്തി എം.ജി.എൽ.സി. സ്കൂൾ അടച്ച് പൂട്ടുന്നത് പുന:പരിശോധിക്കണമെന്ന സ്ഥലം എം.എൽ.എ.-യുടെ കത്തിന് സർക്കാർ മറുപടി നൽകിയിരുന്നോ?

ബഹുമാനപ്പെട്ട എം.എൽ.എ നൽകിയ കത്തിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ മറുപടി നൽകിയിരുന്നു.

(ബി) ഈ സ്കൂൾ അടച്ചുപൂട്ടിയ ഉത്തരവ് പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) എം.ജി.എൽ.സി. സ്കൂളുകൾ അടച്ച് പൂട്ടുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ട എം.എൽ.എ.-മാരുടെ യോഗം വിളിച്ചുചേർക്കുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി നിയമസഭയിൽ സബ്മിഷന് മറുപടി നൽകിയതിനെത്തുടർന്ന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

(ബി&സി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിനെത്തുടർന്ന് കാളംതിരുത്തി എം.ജി.എൽ.സി നിലവിൽ പ്രവർത്തിച്ചുവരികയാണ്. സ്റ്റേ

ഉത്തരവ് നിലനിൽക്കുന്ന സാഹചര്യത്തിൽ തുടർനടപടികൾ കോടതിയുടെ അന്തിമവിധിക്ക് വിധേയമായി മാത്രമേ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

നടക്കാവ് ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടത്തിന്റെ ശോച്യാവസ്ഥ

195 (1470) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നടക്കാവ് ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഇവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

എം.എൽ.എ ആസ്തി വികസന ഫണ്ട്, കോർപ്പറേഷൻ ഫണ്ട് തുടങ്ങിയ വിവിധ ഫണ്ടുകൾ ലഭ്യമാക്കി ആയത് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പുതിയ സാഹചര്യത്തിൽ അദ്ധ്യാപക പരിശീലനമടക്കം ലഭിക്കുന്ന തരത്തിൽ ഈ സ്ഥാപനത്തെ പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

196 (1471) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബഡ്ജറ്റിൽ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള (3 കോടി രൂപ വീതം) ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ഗവൺമെന്റ് ഹൈസ്കൂൾ, പരവൂർ ഗവൺമെന്റ് ഹയർസെക്കണ്ടറി എന്നീ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട നടപടികളിലെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ചിറക്കര ഗവൺമെന്റ് ഹൈസ്കൂൾ

അക്കാദമിക് മാസ്റ്റർ പ്ലാനും കെട്ടിട പ്ലാനും എസ്റ്റിമേറ്റും സർക്കാരിൽ ലഭ്യമായിട്ടുണ്ട്. സോയിൽ ടെസ്റ്റ് വരെയുള്ള പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. പദ്ധതി പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ സ്കൂൾ പ്രതിനിധികളുടെ യോഗം ബഹുമാനപ്പെട്ട എം.എൽ.എ തിരുവനന്തപുരത്ത് വിളിച്ചുചേർക്കുകയും അതിൻപ്രകാരം കിലയുടെ ഉദ്യോഗസ്ഥർ സ്കൂൾ സന്ദർശിക്കുകയും പ്ലാനും എസ്റ്റിമേറ്റും റിവൈസ് ചെയ്ത്

സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിനെത്തുടർന്ന് 2022 ആഗസ്റ്റ് മാസത്തിൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ റിവൈസ് ചെയ്ത പ്ലാനും എസ്റ്റിമേറ്റും ജില്ലാ പഞ്ചായത്തിലും കിലയ്ക്കും എം.എൽ.എ.-ക്കും ലഭ്യമാക്കിയിട്ടുണ്ട്. കിലയുടെ പ്രതിനിധികൾ നവംബർ മാസത്തിൽ സ്കൂൾ സന്ദർശിച്ച് പദ്ധതി പുരോഗതി വിലയിരുത്തി, ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിലേക്ക് നൽകിയിട്ടുണ്ട്.

പരവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ

സ്കെച്ചും പ്ലാനും അംഗീകരിച്ച് കിട്ടിയിട്ടില്ല.

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുള്ള ചാത്തന്നൂർ മണ്ഡലത്തിലെ ഉളിയനാട് ഗവൺമെന്റ് ഹൈസ്കൂൾ, നെടുങ്ങോലം ഗവൺമെന്റ് ഹൈസ്കൂൾ, കോയിപ്പാട് ഗവൺമെന്റ് എൽ. പി. എസ്. എന്നീ സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികളിലെ പുരോഗതി വ്യക്തമാക്കാമോ?

ഉളിയനാട് ഗവൺമെന്റ് ഹൈസ്കൂൾ:

പുതിയ കെട്ടിടം പണിയുന്നതിന് സ്കൂൾ പരിസരത്ത് പുതിയ സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ നിലവിലെ എൽ.പി.ക്ലാസ്സുകൾ പ്രവർത്തിച്ചുവരുന്ന പഴയ ഓടിട്ട കെട്ടിടവും അതിനോടനുബന്ധിച്ചുള്ള

പാചകപ്പുരയും പൊളിക്കുന്നതിന് ജില്ലാ പഞ്ചായത്തിന് അപേക്ഷ നൽകുകയും ആയതിൻപ്രകാരം നിലവിലെ എൽ.പി കെട്ടിടം പൊളിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും ചെയ്തു. എന്നാൽ പാചകപ്പുരകൂടി പൊളിച്ച് മാറ്റുന്നതിനുള്ള അനുമതി ഇനിയും ലഭ്യമാകേണ്ടതുണ്ട്. കൂടാതെ ടി സ്ഥലത്ത് നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് പഞ്ചായത്തിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ആയതിൻപ്രകാരം വൃക്ഷങ്ങളുടെ വാല്യുവേഷൻ പൂർത്തിയാക്കി ലേല നടപടികൾ സ്വീകരിക്കുന്നതിനായി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് 28-10-2022-ൽ കത്ത് നൽകിയിട്ടുണ്ട്. മേൽപ്രകാരം കില, അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) എന്നിവർക്ക് സമർപ്പിച്ച കെട്ടിട പ്ലാൻ പ്രകാരം നിർദ്ദിഷ്ട സ്ഥലത്ത് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് 18-11-2022-ൽ പുതിയ പി.റ്റി.എ. കമ്മിറ്റി തീരുമാനിക്കുകയും പ്രസ്തുത തീരുമാനം കില ഡയറക്ടർ, എൽ.എസ്.ജി.ഡി എ.ഇ എന്നിവരെ രേഖാമൂലം അറിയിച്ചിട്ടുള്ളതുമാണ്.

<u>നെടുങ്ങോലം ഗവൺമെന്റ് ഹൈസ്കൂൾ</u>:

ചിറക്കര പഞ്ചായത്തിൽ നിന്നും എ.ഇ സ്കൂൾ സന്ദർശിക്കുകയും പുതിയ ബിൽഡിംഗ് നിർമ്മിക്കുന്നതിനുള്ള സ്കെച്ചും പ്ലാനും തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി നൽകിയിട്ടുമുണ്ട്.

കോയിപ്പാട് ഗവൺമെന്റ് എൽ.പി.എസ്:

ഒരു കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന ജി.എച്ച്.എസ് ചിറക്കര സ്കൂളിന് പകരം കോയിപ്പാട് ഗവ.എൽ.പി.എസ്-ന് ഭരണാനുമതി നൽകിയിരുന്നു. എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് സ്ഥലപരിശോധന നടത്തിയിട്ടുണ്ട്.

തവനൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള പ്രവൃത്തികൾ

197 (1472) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി (3 കോടി, 1 കോടി രൂപ പദ്ധതി) കെട്ടിട നിർമ്മാണത്തിന് ഉത്തരവായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിന്മേലുള്ള നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

(എ&ബി) തവനൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 3 കോടി, 1 കോടി രൂപ പദ്ധതി പ്രകാരം കെട്ടിട

നിർമ്മാണത്തിന് തെരഞ്ഞെടുത്ത സ്കൂളുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

3 കോടി കിഫ്ബി പദ്ധതി

എടപ്പാൾ ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.- യായി കൈറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിച്ചു.

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയ ജി.എച്ച്.എസ്.എസ് കാടഞ്ചേരി, ജി.യു.പി.എസ് പുറത്തൂർ എന്നീ സ്കൂളുകളുടെ പുതുക്കിയ ഡി.എസ്.ആർ/ജി.എസ്.റ്റി നിരക്കിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്നു. സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കെ.എം.ജി.വി.എച്ച്.എസ്.എസ് തവന്നൂർ സ്കൂളിന്റെ ഡി.പി.ആർ കിഫ്ബി അംഗീകരിച്ചു. ഫീസിബിലിറ്റി സ്റ്റഡി പൂർത്തിയാക്കി. പുതുക്കിയ ഡി.എസ്.ആർ/ജി.എസ്.റ്റി നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

1 കോടി കിഫ്ബി പദ്ധതി

1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട് എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയ ചക്രവട്ടം ജി.യു.പി.എസിന്റെ ഡി.പി.ആർ അംഗീകരിച്ചു, പുതുക്കിയ ഡി.എസ്.ആർ/ ജി.എസ്.റ്റി നിരക്കിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടികൾ നിർവ്വഹണ ഏജൻസിയായ കില സ്വീകരിച്ചുവരുന്നു.

തവനൂർ കെ.എം.ജി.യു.പി.എസ്.-ന്റെ ഡി.പി.ആർ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. coverage issue ഉള്ളതായി റിപ്പോർട്ട് ചെയ്തിരുന്നത് പരിഹരിക്കപ്പെട്ടിട്ടുണ്ട്. തുടർനടപടികൾ കില സ്വീകരിച്ചുവരുന്നു.

പനയപ്പിള്ളി ഗവൺമെന്റ് ഹൈസ്കൂളിന്റെ കെട്ടിട നിർമ്മാണം

198 (1473) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിനായി പനയപ്പിള്ളി ഗവൺമെന്റ് ഹൈസ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ പൊതുമരാമത്ത്

ചീഫ് എഞ്ചിനീയർക്ക് (കെട്ടിട വിഭാഗം) കത്ത് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്.

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ?

സൈറ്റ് സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

നാട്ടിക മണ്ഡലത്തിലെ വിദ്യാലയങ്ങളെ സംബന്ധിച്ച്

199 (1474) ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാട്ടിക നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുള്ളത്?

ഗവൺമെന്റ് എം.യു.പി.സ്കൂൾ, ചേറ്റുവ.

(ബി) മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 100 വർഷത്തിലേറെ കാലപ്പഴക്കമുള്ള സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചുനീക്കി പുതിയ

കെട്ടിടം കിഫ്ബി മുഖാന്തരം പണമനുവദിച്ച് നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ?

നിലവിൽ 1000-ന് മുകളിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കും 500-നും 1000-നുമിടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളെയുമാണ് അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി പദ്ധതി പ്രകാരം പരിഗണിച്ചുവരുന്നത്.

(സി) നബാർഡ് സ്കീം പ്രകാരം നാട്ടിക നിയോജകമണ്ഡലത്തിലെ അമ്മാടം ഗവൺമെന്റ് എൽ.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അമ്മാടം ഗവൺമെന്റ് എൽ.പി. സ്കൂളിന് നബാർഡ് പദ്ധതി പ്രകാരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഡി.പി.ആർ തയ്യാറാക്കുവാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രമേഹ ബാധിതരായ കുട്ടികൾക്ക് സ്കൂളുകളിൽ ഏർപ്പെടുത്തുന്ന സൗകര്യങ്ങൾ

200 (1475) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈപ്പ് വൺ പ്രമേഹ ബാധിതരായ എത്ര കുട്ടികൾ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

589 കുട്ടികൾ.

(ബി) ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇത്തരം കുട്ടികളുടെ വിശദമായ കണക്ക് തയ്യാറാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ ഉപഡയറക്ടർ	കുട്ടികളുടെ എണ്ണം
തിരുവനന്തപുരം	59
കൊല്ലം	31
പത്തനംതിട്ട	79
കോട്ടയം	18
ആലപ്പുഴ	35
ഇടുക്കി	28
എറണാകുളം	39
തൃശ്ശൂർ	41
മലപ്പുറം	40
കോഴിക്കോട്	61
വയനാട്	29
പാലക്കാട്	78
കണ്ണൂർ	37
കാസർഗോഡ്	14
ആകെ	589

(സി) ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികളുടെ ആരോഗ്യം കണക്കിലെടുത്ത് പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് 19-03-2022-ന് പുറത്തിറക്കിയ സർക്കുലർ പ്രകാരം മലപ്പുറം കോഴിക്കോട് ജില്ലകളിലെ ഏതൊക്കെ സ്കൂളുകളിൽ എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; സ്കൂളുകളുടെ പേര് വിവരങ്ങളും പൂർത്തീകരിച്ച ക്രമീകരണങ്ങളും വിശദമാക്കുമോ?

മലപ്പുറം:-

1. ജുവൈനൽ പ്രമേഹം ബാധിച്ചിട്ടുള്ള കുട്ടികൾക്കുവേണ്ടി വ്യത്തിയുള്ളതും സൗകര്യമുള്ളതുമായ മുറി ടി സ്കൂളിൽ അനുവദിച്ചിട്ടുണ്ട്.

2. ഇത്തരം വിദ്യാർത്ഥികൾക്ക് വൈദ്യസഹായം ആവശ്യമെങ്കിൽ അടുത്തുള്ള ആരോഗ്യ പരിപാലന കേന്ദ്രത്തിൽ എത്തിക്കുന്നതിന് ക്ലാസ്സ്.

ചാർജ്ജുള്ള അധ്യാപകർക്ക് പ്രധാനാധ്യാപകൻ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

3. അവധിക്കാല അധ്യാപക പരിശീലന ക്ലാസ്സുകളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ സഹകരണത്തോടെ ജുവനൈൽ പ്രമേഹം

സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുവാൻ ഉപജില്ലാതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

4. ഇൻസുലിൻ എടുക്കുന്നതിനാവശ്യമായ സ്ഥലസൗകര്യം, സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

ക്രമീകരണങ്ങൾ ഏർപ്പെടുത്തിയ സ്കൂളുകളുടെ പേര്

1. എ.യു.പി.എസ്., ചെമ്മല

2. ജി.എം.എൽ.പി.എസ്., മുതിരമണ്ണ

3. എസ്.എം.യു.പി.എസ്., പെരിന്തൽമണ്ണ

4. ജി.എം.യു.പി.എസ്., കോട്ടയ്ക്കൽ

5. എ.എം.യു.പി.എസ്., കൂട്ടിൽ

6. എ.എം.എൽ.പി.എസ്., രാമപുരം

7. ജി.എച്ച്.എസ്.എസ്., വെളിയങ്കോട്

8. ജി.എം.യു.പി.എസ്., പടിഞ്ഞാറ്റുമുറി

9. കെ.എച്ച്.എം.എ.എൽ.പി.എസ്.,കുഴാറമ്പ

കോഴിക്കോട്:-

ടൈപ്പ് വൺ ഡയബറ്റിസ് ബാധിതരായ കുട്ടികൾ പഠിക്കുന്ന സ്കൂളുകളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ടൈപ്പ് വൺ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡയബറ്റിസ് ബാധിതരായ കുട്ടികൾക്ക് സ്കൂളുകളിൽ പ്രത്യേക സൗകര്യവും കൃത്യസമയത്ത് കുട്ടികൾക്ക് ഇൻസുലിൻ നൽകുന്നതിന് അധ്യാപകർ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുമുണ്ട്. കുട്ടികളുടെ ഭക്ഷണക്രമം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അധ്യാപകർ ശ്രദ്ധ ചെലുത്തുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് പരിശോധിക്കുന്നു. മാസ്സ്ഡ്രിൽ ആഴ്ചയിൽ 2 തവണ നടത്തുന്നു. ശരീരഭാരം പതിവായി പരിശോധിക്കുന്നു. ഉച്ചഭക്ഷണത്തിന് മുൻപായി രക്ഷിതാവ് വന്ന് ഇൻസുലിൻ എടുത്തശേഷം ഭക്ഷണം നൽകുന്നു.

'ചലഞ്ച് ഫണ്ട്' പദ്ധതി

201 (1476) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ചലഞ്ച് ഫണ്ട് സ്കീം സംസ്ഥാനത്ത് എത്ര എയ്ഡഡ് വിദ്യാലയങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്; അനുവദിച്ച തുക, സ്ഥാപനങ്ങളുടെ പേര്, ജില്ല എന്നിവയുടെ ഇനം തിരിച്ചുള്ള വിശദാംശം നൽകുമോ?

ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ എയ്ഡഡ് വിദ്യാലയങ്ങൾ, അനുവദിച്ച തുക, ജില്ല എന്നീ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 'ചലഞ്ച് ഫണ്ട് പദ്ധതിയിലൂടെ സ്കൂൾ മന്ദിരം പണികഴിപ്പിച്ചിട്ടും സർക്കാർ വിഹിതം ലഭിക്കാത്ത സ്കൂളുകൾ എത്രയുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം നൽകുമോ?

ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം സർക്കാർവിഹിതം ലഭ്യമാകാത്ത സ്കൂളുകളുടെ ജില്ലതിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

കൊല്ലം	1
പത്തനംതിട്ട	1
ആലപ്പുഴ	1
കോട്ടയം	2
ഇടുക്കി	1
തൃശ്ശൂർ	7
പാലക്കാട്	1
കണ്ണൂർ	1

(സി) 'ചലഞ്ച് ഫണ്ട് പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; ഈ പദ്ധതിയുടെ വിശദാംശം നൽകുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. എയ്ഡഡ് മേഖലയിലെ എൽ.പി, യു.പി, ഹൈസ്കൂൾ വിഭാഗത്തിൽപ്പെട്ട സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മാനേജുമെന്റുകൾ നിക്ഷേപിക്കുന്ന തുകയ്ക്ക് ആനുപാതികമായിട്ടാണ് ചലഞ്ച് ഫണ്ട് അനുവദിക്കുന്നത്.

ഗോത്ര സാരഥി പദ്ധതി

202 (1477) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്ര സാരഥി പദ്ധതിയിൽ വയനാട് ജില്ലയിൽ ഓരോ സ്കൂളിലും എത്ര കുട്ടികൾ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം സ്കൂൾ/ക്ലാസ് തിരിച്ച് ലഭ്യമാക്കുമോ?

ഗോത്ര സാരഥി പദ്ധതിയിൽ വയനാട് ജില്ലയിൽ ഓരോ സ്കൂളിലും ഉൾപ്പെട്ടിട്ടുള്ള കുട്ടികളുടെ സ്കൂൾ/ക്ലാസ്സ് തിരിച്ചുള്ള വിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) വയനാട് ജില്ലയിൽ ഗോത്ര സാരഥി പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ മാസവും ഓരോ സ്കൂളിനും വേണ്ടിവരുന്ന തുക എത്രയാണെന്ന വിവരം സ്കൂൾ തിരിച്ച് ലഭ്യമാക്കുമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വയനാട് ജില്ലയിൽ ഗോത്ര സാരഥി പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ മാസവും ഓരോ സ്കൂളിനും വേണ്ടിവരുന്ന തുക എത്രയാണെന്ന് സ്കൂൾ തിരിച്ചുള്ള വിവരം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

(സി) ഗോത്ര സാരാഥി പദ്ധതിക്കായി എത്ര വാഹനങ്ങളാണ് ഓരോ സ്കൂളിനും വേണ്ടി ഓടുന്നത് എന്ന കണക്ക് സ്കൂൾ തിരിച്ച് ലഭ്യമാക്കുമോ?

ഗോത്ര സാരഥി പദ്ധതിക്കായി ഓരോ സ്കൂളിനും വേണ്ടി ഓടുന്ന വാഹനങ്ങളുടെ കണക്ക് അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.*

(ഡി) ഈ ഓരോ വാഹനത്തിനും ഓരോ സ്കൂളും നൽകുന്ന തുകയും ആ വാഹനത്തിൽ യാത്ര ചെയ്യുന്ന കുട്ടികളുടെ എണ്ണവും വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

ആലിപ്പറമ്പ് ജി.എച്ച്.എസ്.എസിൽ ലാബ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം

203 (1478) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലിപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ലാബ് നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിന് അനുമതി തേടി സ്കൂൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പി.ടി.എ. പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ കത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ആലിപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ലാബ് നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിലേയ്ക്കായി സ്കൂൾ പി.ടി.എ. പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ അപേക്ഷ മലപ്പുറം ഹയർ സെക്കണ്ടറി മേഖല ഉപഡയറക്ടർ പരിശോധിച്ചുവരുന്നു.

നെന്മാറ നിയോജക മണ്ഡലത്തിലെ വട്ടേക്കാട് ഗവൺമെന്റ് യു.പി. സ്കൂളിന്റെ നിർമ്മാണ പ്രവർത്തികൾ

204 (1479) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയ നെന്മാറ നിയോജക മണ്ഡലത്തിലെ വട്ടേക്കാട് ഗവൺമെന്റ് യു.പി.സ്കൂളിന്റെ നിർമ്മാണ പ്രവർത്തികൾ നാളിതുവരെ പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

കോവിഡ് 19 കാരണം ഉണ്ടായ ലോക്ഡൗൺ, നിർമ്മാണ തൊഴിലാളികളുടെ ലഭ്യതക്കുറവ് എന്നിവ കാരണം പ്രസ്തുത സ്കൂളിന്റെ കെട്ടിട നിർമ്മാണം യഥാസമയം പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. പുതിയ

ബ്ലോക്കിന്റെ നിർമ്മാണം 45 ശതമാനവും ബാക്കിയുള്ള പ്രവൃത്തികൾ 90 ശതമാനവും പൂർത്തിയായിട്ടുണ്ട്.

(ബി) ഈ സ്കൂളിന്റെ നിർമ്മാണ പ്രവർത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) ഈ സ്കൂളിന്റെ നിർമ്മാണ പ്രവർത്തികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും; ആയത് എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

(ബി&സി) നടപ്പ് അധ്യയന വർഷം കെട്ടിട നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയുന്ന വിധത്തിലാണ് പ്രവൃത്തികൾ പുരോഗമിക്കുന്നത്. നിർമ്മാണ പ്രവർത്തനത്തിന്റെ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്യുന്നുമുണ്ട്.

മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകളിലെ വിവിധ പദ്ധതികൾ

205 (1480) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിലെ

ഏതെല്ലാം സ്കൂളുകൾക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം അടിസ്ഥാനസൗകര്യ വികസനത്തിനായി തുക അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കുന്നം, ഗവൺമെന്റ് എൽ.പി.എസ്. ചണിയറ എന്നീ സ്കൂളുകൾക്ക് കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ തുക അനുവദിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കുന്നം, ഗവൺമെന്റ് എൽ.പി.സ്കൂൾ ചണിയറ എന്നീ സ്കൂളുകൾക്ക് കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സമേതം പോർട്ടലിലൂടെ ലഭിക്കുന്ന സേവനങ്ങൾ

206 (1481) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വിദ്യാഭ്യാസ വകുപ്പിന്റെ സമേതം പോർട്ടലിലൂടെ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അക്കാദമികവും ഭൗതികവുമായ സൗകര്യങ്ങൾ ഉൾപ്പെടുത്തി കൈറ്റ് സജ്ജമാക്കിയ സ്കൂൾ ഡാറ്റാ ബാങ്കാണ് സമേതം. സ്കൂളുകളുടെ അടിസ്ഥാന വിശദാംശങ്ങൾ, ഭൗതിക സൗകര്യങ്ങൾ, ഭരണപരമായ വിശദാംശങ്ങൾ, അംഗീകൃതക്ലാസുകൾ, ഓരോ ക്ലാസിലുമുള്ള കുട്ടികൾ, അധ്യാപകർ, അധ്യാപകേതര ജീവനക്കാർ, വിവിധതലങ്ങളിൽ (സ്കൂൾ, വിദ്യാഭ്യാസ ഉപജില്ല, വിദ്യാഭ്യാസ ജില്ല, റവന്യൂജില്ല, സംസ്ഥാനതലങ്ങളിൽ) ആവശ്യമായ റിപ്പോർട്ടുകൾ, ഔദ്യോഗിക ഇ-മെയിൽ വിലാസങ്ങൾ, സമഗ്ര, സമ്പൂർണ്ണ, കൂൾ, വിക്കേഴ്സ്, സ്കൂൾവിക്കി, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ വെബ്സൈറ്റുകളിലേക്കുള്ള ലിങ്കുകൾ എന്നിങ്ങനെയുള്ള വിശദാംശങ്ങൾ സമേതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് സമേതം പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ, വിശദവിവരം ലഭ്യമാക്കുമോ?

ചങ്ങനാശേരി മണ്ഡലത്തിലെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളുടെയും വിശദാംശങ്ങൾ സമേതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പാഠ്യപദ്ധതി പരിഷ്കരണം

207 (1482) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് 'കേരള പാഠ്യപദ്ധതി ചട്ടക്കൂടുകൾ സമൂഹ ചർച്ചയ്ക്കായുള്ള കുറിപ്പുകൾ' എന്ന പേരിൽ എസ്. സി. ഇ. ആർ. ടി. തയ്യാറാക്കിയ ചർച്ച കുറിപ്പുകൾ പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായ രൂപീകരണത്തിനായി പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാന പാഠ്യപദ്ധതി പരിഷ്കരണത്തിനായി തയ്യാറാക്കിയ " കേരള പാഠ്യപദ്ധതി ചട്ടക്കൂടുകൾ സമൂഹ ചർച്ചയ്ക്കായുള്ള കുറിപ്പുകൾ" പൊതുജനങ്ങളിൽ നിന്ന് അഭിപ്രായ രൂപീകരണത്തിനായി രണ്ട് തരത്തിൽ പ്രസിദ്ധീകരിച്ച് പ്രചരിപ്പിച്ചിട്ടുണ്ട്.

പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ച് സംസ്ഥാനത്തെ എല്ലാ പൊതു വിദ്യാലയങ്ങളിലും എത്തിച്ചു. അതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാർ, എം.എൽ.എ മാർ, വിദ്യാഭ്യാസ വകുപ്പിലെ

ഉദ്യോഗസ്ഥർ എന്നിവർക്ക് എത്തിച്ചു. പുസ്തകത്തിന്റെ ഡിജിറ്റൽ കോപ്പി സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ചു. പുസ്തകത്തിന്റെ ഡിജിറ്റൽ കോപ്പി ഇതുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ രൂപീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള ടെക് പ്ലാറ്റ്ഫോമിൽ പ്രസിദ്ധീകരിച്ചു.

പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട ജനങ്ങളുടെ അഭിപ്രായ രൂപീകരണത്തിനായി വ്യത്യസ്തമാർന്ന ഇടപെടലുകളാണ് ഇതിനകം നടത്തിയിട്ടുള്ളത്. സ്കൂൾ, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് എന്നീ തലങ്ങളിൽ വിപുലമായ സംഘാടകസമിതി രൂപീകരിക്കുകയും സംഘാടകസമിതിയുടെ നേതൃത്വത്തിൽ പഞ്ചായത്ത്/മുൻസിപ്പൽ/ കോർപ്പറേഷൻ തലത്തിലും ബ്ലോക്കുതലത്തിലും ജില്ലാതലത്തിലും ജനകീയ അഭിപ്രായ ശേഖരണത്തിനുവേണ്ടി വിപുലമായ ചർച്ചകൾ ആസൂത്രണം ചെയ്തു. ബ്ലോക്ക് തലം വരെയുള്ള ചർച്ചകൾ ഇതിനകം പൂർത്തിയായിട്ടുണ്ട്.

(ബി) ഏതൊക്കെ വിഭാഗങ്ങളിൽനിന്നും തലങ്ങളിൽ നിന്നുമുള്ള അഭിപ്രായങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി ഈ കുറിപ്പുകൾ ജനങ്ങളിലേക്കും മറ്റുതലങ്ങളിലേക്കും എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ചർച്ചാക്കുറുപ്പിന്റെ പകർപ്പ് നൽകുമോ?

സമൂഹത്തിന്റെ എല്ലാതലങ്ങളിൽ നിന്നുമുള്ള ജനങ്ങളുടെ അഭിപ്രായം ശേഖരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ഇതിനകം പൂർത്തിയായിട്ടുണ്ട്. സ്കൂൾതലത്തിൽ നടന്നിട്ടുള്ള ചർച്ചയിൽ സ്കൂളിലെ രക്ഷിതാക്കൾക്കൊപ്പം സ്കൂൾ പ്രദേശത്തുമുള്ള പൊതുജനങ്ങൾക്കും പങ്കെടുക്കാൻ അവസരം നൽകി. സ്കൂൾതലങ്ങളിൽ രൂപീകരിച്ച സംഘാടക സമിതികൾ ഇതിനാവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. സ്കൂൾതല ചർച്ചയിൽ പങ്കെടുക്കാൻ കഴിയാതിരുന്നവർക്ക് ഗ്രാമപഞ്ചായത്ത്/മുൻസിപ്പൽ/ കോർപ്പറേഷൻ/ബ്ലോക്ക് പഞ്ചായത്തുതല ചർച്ചയിൽ പങ്കെടുക്കുന്നതിന് അവസരമുണ്ടായിരുന്നു.

ആവശ്യമായ ചർച്ചാക്കുറിപ്പുകൾ നേരത്തെതന്നെ വിദ്യാലയങ്ങളിൽ എത്തിച്ചു. സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിപ്പിച്ചു. പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനത്തിൽ മുതിർന്നവരുടെ അഭിപ്രായങ്ങൾ തേടിയതിനൊപ്പംതന്നെ കുട്ടികളുടെ അഭിപ്രായങ്ങളും വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ശേഖരിച്ചിട്ടുണ്ട്. പാഠ്യപദ്ധതി പരിഷ്കരണത്തിനായി 26 ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. അതത് വിഷയ മേഖലകളിൽ വിപുലമായ സെമിനാറുകളും ചർച്ചകളും വിദഗ്ധർ ഉൾപ്പെടുന്ന ഫോക്കസ് ഗ്രൂപ്പ് നേരിട്ട് സംഘടിപ്പിച്ചിട്ടുണ്ട്.

കേരള പാഠ്യപദ്ധതി ചട്ടക്കൂടുകൾ സംബന്ധിച്ച സമൂഹചർച്ചയ്ക്കുള്ള കുറിപ്പും കുട്ടികൾക്കുള്ള ചർച്ചാക്കുറിപ്പും എസ്.സി.ഇ.ആർ.ടി. കേരളയുടെ www.scertkerala.gov.in എന്ന വെബ് സൈറ്റിൽ Whats New->Latest Updates എന്ന ലിങ്കിൽ ലഭ്യമാണ്.

(സി) വിവിധ മേഖലകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കുന്ന പ്രക്രിയ എപ്രകാരം നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ?

വിവിധ മേഖലകളിൽ നടന്നിട്ടുള്ള ജനകീയ ചർച്ചകളുടെ ക്രോഡീകരണം, സ്കൂൾ, പഞ്ചായത്തുതല ചർച്ചകൾക്കുശേഷം ബ്ലോക്കുതല ക്രോഡീകരണം പൂർത്തിയായിവരുന്നു. തുടർന്ന് പൊതുവിദ്യാഭ്യാസവകുപ്പ് ഇതിനായി തയ്യാറാക്കിയ ടെക് പ്ലാറ്റ്ഫോമിലേയ്ക്ക് അപ്ലോഡ് ചെയ്യുന്നതിനാണ് നിർദേശിച്ചിട്ടുള്ളത്. ജനകീയ ചർച്ചകളിലെ നിർദ്ദേശങ്ങൾ അതത് വിഷയമേഖലകളുമായി ബന്ധപ്പെട്ട ഫോക്കസ് ഗ്രൂപ്പുകൾ പരിഗണിക്കുകയും അവയുടെ കൂടി അടിസ്ഥാനത്തിൽ നിലപാട് രേഖ തയ്യാറാക്കുകയും ചെയ്യും. അതോടൊപ്പം സ്കൂൾതലത്തിൽ കുട്ടികൾ നടത്തിയ പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകളും

വിശകലനം ചെയ്ത് നിർദ്ദേശങ്ങൾ പരിഗണിക്കും. ഇങ്ങനെ തയ്യാറാക്കുന്ന നിലപാട് രേഖയിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പാഠ്യപദ്ധതി ചട്ടക്കൂടുകളുടെ കരട് രൂപീകരിക്കും. പ്രീ സ്കൂൾ വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നീ മേഖലകളിലാണ് നാല് പാഠ്യപദ്ധതി ചട്ടക്കൂടുകൾ തയ്യാറാക്കുന്നത്. പാഠ്യപദ്ധതി ചട്ടക്കൂടുകളും വ്യത്യസ്തതലത്തിലുള്ള ചർച്ചകൾക്ക് വിധേയമാക്കിക്കൊണ്ടാണ് അന്തിമമായി പാഠ്യപദ്ധതി രൂപീകരിക്കുന്നത്.

(ഡി) ലോക ബാങ്ക് സഹായം സ്വീകരിച്ചുകൊണ്ട് നടപ്പിലാക്കിയ ഡി.പി.ഇ.പി. പദ്ധതി കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം തകർക്കുകയും ശരിയായ രീതിയിൽ എഴുതാനോ വായിക്കാനോ അറിയാത്ത ഒരു തലമുറയാണ് വൈദേശിക വായ്പ പദ്ധതിയിലൂടെ ഇവിടെ രൂപപ്പെട്ടത് എന്നുമുള്ള വിമർശനം ഉയർന്നതും ഡി.പി.ഇ.പി. പദ്ധതി പരാജയമായതുമാണോ ഇപ്പോൾ പുതിയ പാഠ്യപദ്ധതിയുമായി മുന്നോട്ട് വരുന്നതിന് കാരണം; വിശദമാക്കുമോ?

ഡി.പി.ഇ.പി കേന്ദ്രസഹായത്തോടുകൂടി നടപ്പിലാക്കിയ ഒരു വിദ്യാഭ്യാസ പ്രോജക്ടാണ്. അക്കാലയളവിൽ നടപ്പാക്കിയ പാഠ്യപദ്ധതി പരിഷ്കരണമാണ് ഡി.പി.ഇ.പി പദ്ധതി എന്ന പേരിൽ തെറ്റായി

വ്യാഖ്യാനിക്കപ്പെടുന്നത്. അതിനുശേഷം 2001-ൽ കേരളത്തിൽ പാഠ്യപദ്ധതി പരിഷ്കരിച്ചു. 2005-ൽ ദേശീയ വിദ്യാഭ്യാസത്തെ അടിസ്ഥാനപ്പെടുത്തി 2007-ലും കേരളത്തിൽ പാഠ്യപദ്ധതി പരിഷ്കരിച്ചു. 2007-ലെ പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ തന്നെ 2013-ൽ പാഠപുസ്തകങ്ങളിൽ മാറ്റം വരുത്തി. നിലവിലുള്ള പാഠ്യപദ്ധതി 2013-ൽ രൂപപ്പെടുത്തിയതാണ്. കാലാനുസൃതമായി പാഠ്യപദ്ധതി പരിഷ്കരിക്കുകയെന്നുള്ളത് വിദ്യാഭ്യാസ രംഗത്ത് അനിവാര്യമാണ്. ഒന്നര പതിറ്റാണ്ടിനുശേഷം സമഗ്രമായ രീതിയിൽ വിദ്യാഭ്യാസരംഗത്ത് പരിഷ്കരണം നടപ്പിലാക്കേണ്ടതുണ്ട് എന്നതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ പുതിയ പാഠ്യപദ്ധതി പരിഷ്കരണ ശ്രമങ്ങൾ നടക്കുന്നത്.

(ഇ) കേന്ദ്ര ഗവൺമെൻറ് വിദ്യാഭ്യാസ പദ്ധതിയായ ദേശീയ വിദ്യാഭ്യാസ നയം (എൻ.ഇ.പി.) നടപ്പാക്കുന്നതിന്റെ ഭാഗമായി ആണോ ഇപ്പോൾ കേരളത്തിലും ഇപ്രകാരം പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുന്നത്; എൻ.ഇ.പി. കേരളത്തിൽ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എൻ.ഇ.പി.-യുടെ ഘടകങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ദേശീയ വിദ്യാഭ്യാസനയം കേന്ദ്ര ഗവൺമെന്റ്, സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും വിദ്യാഭ്യാസ പരിഷ്കരണത്തിന്റെ നിർദ്ദേശങ്ങൾ എന്ന നിലയിലാണ് പ്രസിദ്ധീകരിക്കുന്നത്. തനതായ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനാണ് വിദ്യാഭ്യാസവകുപ്പ് ശ്രമിക്കുന്നത്. വിദ്യാഭ്യാസ നയത്തിലെ മാർഗ നിർദേശങ്ങൾക്ക് പകരം ജനകീയമായ ചർച്ചകളും പഠനങ്ങളും നടത്തി കേരളത്തിന്റെ തനിമ നിലനിൽക്കുന്ന പാഠ്യപദ്ധതി രൂപീകരിക്കുന്നതിനാണ് ശ്രമങ്ങൾ നടന്നുവരുന്നത്.

ദേശീയ വിദ്യാഭ്യാസ നയത്തിൽ സ്കൂൾ വിദ്യാഭ്യാസ മേഖലയിലും ഉന്നത വിദ്യാഭ്യാസ മേഖലയിലും നടപ്പിലാക്കേണ്ട പരിഷ്കാരങ്ങൾ സംബന്ധിച്ചാണ് നിർദ്ദേശങ്ങളുള്ളത്.

(എഫ്) പുതിയ പാഠ്യപദ്ധതി നടപ്പാക്കുന്നതിനുമുൻപ് കേരളത്തിൽ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള വിദ്യാഭ്യാസ പരിഷ്കരണങ്ങളുടെ പരിണിതഫലങ്ങൾ സംബന്ധിച്ച് ഒരു സമഗ്രപഠനം നടത്തുന്നതിന് തയ്യാറാകുമോ; വിശദാംശം അറിയിക്കുമോ?

പാഠ്യപദ്ധതി പരിഷ്കരണത്തിന് രൂപീകരിച്ചിട്ടുള്ള 26 ഫോക്കസ് ഗ്രൂപ്പുകളും അതത് മേഖലകളിൽ പഠനം നടത്തിയതിനുശേഷമാണ് വിദ്യാഭ്യാസ പരിഷ്കരണത്തിന് ആവശ്യമായ നിലപാട് രേഖ

തയ്യാറാക്കുന്നത്. വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കുന്ന പരിഷ്കരണങ്ങൾ സംബന്ധിച്ച് സമഗ്ര ശിക്ഷാ കേരള, വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി, കൈറ്റ് എന്നിവയെല്ലാം പഠനങ്ങൾ നടത്തിവരികയും അതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ രംഗത്ത് ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്.

പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ

208 (1483) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന സ്റ്റേ കരിക്കുലം കമ്മിറ്റിയും സംസ്ഥാന കരിക്കുലം കോർ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ

വിദഗ്ധരെയും അധ്യാപകരെയും ഉൾപ്പെടുത്തി 26 മേഖലയിലെ ഫോക്കസ് ഗ്രൂപ്പുകൾ സംസ്ഥാനത്ത് രൂപീകരിച്ചു. ഫോക്കസ് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ അതത് മേഖലയുമായി ബന്ധപ്പെട്ട പൊസിഷൻ പേപ്പറുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ അഭിപ്രായം സ്വരൂപിക്കുന്നതിന് വിപുലമായ ജനകീയ ചർച്ചകൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ ചർച്ചാക്കുറിപ്പുകൾ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ തയാറാക്കി പ്രസിദ്ധീകരിച്ചു. ഈ ചർച്ചാക്കുറിപ്പുകളുടെ അടിസ്ഥാനത്തിൽ സ്കൂൾതലം മുതൽ ജില്ലാതലം വരെ ജനകീയ ചർച്ചകൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ സംഘാടക സമിതികളുടെ രൂപീകരണവും ജനകീയ ചർച്ചകളും പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനു സമാന്തരമായ രീതിയിൽ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ അഭിപ്രായംകൂടി തേടുക എന്ന ലക്ഷ്യംവച്ചുകൊണ്ട് ഒരു ദിവസം സംസ്ഥാനത്തെ എല്ലാ ക്ലാസ് മുറികളിലും ചർച്ച സംഘടിപ്പിച്ച് ക്രോഡീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ലോകത്തെവിടെയുമുള്ള വ്യക്തികൾക്കും പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് തങ്ങളുടെ സ്വതന്ത്രമായ അഭിപ്രായം രേഖപ്പെടുത്തുവാനാവശ്യമായ ടെക് പ്ലാറ്റ്ഫോം ഒരുക്കിയിട്ടുണ്ട്.

(ബി) 2013-ലെ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും ഏതെങ്കിലും തരത്തിൽ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിലെ പാഠ്യപദ്ധതിയെക്കുറിച്ചും പഠന സാമഗ്രികളെക്കുറിച്ചും എസ്.സി.ഇ.ആർ.ടി. വിശദമായ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഫലപ്രദമായ ക്ലാസ് റൂം വിനിമയത്തിന് ആവശ്യമായ ട്രാൻസാക്ഷണൽ ടെക്സ്റ്റുകൾ വികസിപ്പിച്ച് സ്കൂൾതല ടൈ ഒൗട്ടുകൾ നടത്തുകയുണ്ടായി. ഈ പഠനത്തിന്റെ നിർദ്ദേശമായി സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കണമെന്ന് അഭിപ്രായമുണ്ടായിരുന്നു.

(സി) പാഠ്യപദ്ധതി ചട്ടക്കൂടിന്റെ താഴെതട്ട് മുതൽ നടക്കുന്ന ചർച്ചകൾ ക്രോഡീകരിക്കുന്നതിനും അത് സംസ്ഥാനതലത്തിൽ വിലയിരുത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ജനകീയ ചർച്ചകൾ സംഘടിപ്പിക്കുവാനായി ഓരോ ബി.ആർ.സി. കേന്ദ്രീകരിച്ച് റിസോഴ്സ് അധ്യാപകരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി. ഈ റിസോഴ്സ് അധ്യാപകരുടെ നേതൃത്വത്തിലാണ് ബി.ആർ.സി. തലത്തിലുള്ള ചർച്ചയും

ചർച്ചയുടെ ക്രോഡീകരണവും നടത്തുന്നത്. ഇതുകൂടാതെ സംസ്ഥാനത്തെ മുഴുവൻ പൊതുവിദ്യാലയങ്ങളിൽ നിന്നും ഒരു അധ്യാപകനെ/അധ്യാപികയെ തെരഞ്ഞെടുത്ത് എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ ഓൺലൈൻ പരിശീലനം നൽകി. ഇത്തരത്തിൽ പരിശീലനം ലഭിച്ച അധ്യാപകന്റെ/അധ്യാപികയുടെ നേതൃത്വത്തിലാണ് സ്കൂൾതലത്തിലെ പാഠ്യപദ്ധതി ജനകീയ ചർച്ചയുടെ സംഘാടനവും മേൽനോട്ടവും നടത്തുക. സ്കൂൾതല ചർച്ചകൾക്കുശേഷം പഞ്ചായത്ത്, ബ്ലോക്ക്തല ചർച്ചകളും സംഘടിപ്പിച്ചിട്ടുണ്ട്. ഓരോ ജില്ലയിൽ നിന്നും ജനകീയ ചർച്ചയുടെ ഭാഗമായി തയ്യാറാക്കുന്ന കുറിപ്പുകളെ ക്രോഡീകരിച്ച് 26 വ്യത്യസ്ത ഫോക്കസ് മേഖലകളായി തരംതിരിച്ച് എസ്.സി.ഇ.ആർ.ടി.ക്ക് കൈമാറുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അതത് ഫോക്കസ് ഗ്രൂപ്പുകൾക്ക് കൈമാറുന്നതായിരിക്കും. ജനകീയ ചർച്ചകളിൽ നിന്നും ലഭ്യമായ അഭിപ്രായങ്ങൾകൂടി ഉൾച്ചേർത്ത് പൊസിഷൻ പേപ്പറുകൾ പൂർത്തീകരിച്ച് പ്രസിദ്ധീകരിക്കുന്നതായിരിക്കും.

സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം

209 (1484) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:

ഡോ. എൻ. ജയരാജ്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

കേരളത്തിൽ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ ഭാഗമായി സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി, പാഠ്യപദ്ധതി കോർ കമ്മിറ്റി എന്നിവ രൂപീകരിക്കുകയും തുടർ പ്രവർത്തനം നടന്നുവരികയുമാണ്. പാഠ്യപദ്ധതി സംബന്ധിച്ചുള്ള പൊതുസമൂഹത്തിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിന് വിപുലമായ ജനകീയ ചർച്ചകൾ നടന്നുവരുന്നു. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പൊതുവായ കാര്യങ്ങളും 26 ഫോക്കസ് മേഖലകളുമായി ബന്ധപ്പെട്ടുള്ള വിശദാംശങ്ങളും ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത്, സ്കൂൾ തലങ്ങളിൽ വിശദമായ ജനകീയ ചർച്ചകൾക്ക് വിധേയമായി നടന്നുവരുന്നു. കൂടാതെ നേരിട്ട് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുള്ള 'ടെക് ഫ്ലാറ്റ്ഫോം' പൊതുവിദ്യാഭ്യാസ വകുപ്പ് ഒരുക്കിയിട്ടുണ്ട്. പൊതുചർച്ചകളിലൂടെയും ഓൺലൈനിലൂടെയും ഫോക്കസ് ഗ്രൂപ്പുകളുടെ പഠനങ്ങളിലൂടെയും ലഭ്യമാകുന്ന അഭിപ്രായങ്ങൾ പരിഗണിച്ച്

പൊസിഷൻ പേപ്പറുകൾ തയ്യാറാക്കിവരുന്നു. പൊസിഷൻ പേപ്പർ അന്തിമമായി തയ്യാറാക്കുന്ന മുറയ്ക്ക് നാല് കേരള പാഠ്യപദ്ധതി ചട്ടക്കൂടുകളുടെ (ശൈശവകാല വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം) കരട് തയ്യാറാക്കുകയും ബന്ധപ്പെട്ട് സമിതികളിൽ ചർച്ച ചെയ്ത് പാഠ്യപദ്ധതി ചട്ടക്കൂടുകൾ രൂപീകരിക്കുകയും ചെയ്യും. ഈ പാഠ്യപദ്ധതി ചട്ടക്കൂടുകളുടെ അടിസ്ഥാനത്തിലായിരിക്കും പാഠപുസ്തകങ്ങളും അനുബന്ധ സാമഗ്രികളും വികസിപ്പിക്കുന്നത്.

(ബി) ഏതൊക്കെ തലങ്ങളിലും മേഖലകളിലുമുള്ളവരെ ഉൾപ്പെടുത്തിയാണ് പാഠ്യപദ്ധതി പരിഷ്കരണത്തിന് ചർച്ചകൾ സംഘടിപ്പിക്കുകയും അഭിപ്രായങ്ങൾ ആരായുകയും ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് സ്കൂൾ തലങ്ങളിലാണ് ചർച്ചകൾ സംഘടിപ്പിക്കുന്നത്. സമൂഹത്തിലെ എല്ലാ മേഖലകളിലുമുള്ള (വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, സാമൂഹിക രാഷ്ട്രീയ മേഖലകളിലെ വ്യക്തികൾ സാംസ്കാരിക പ്രവർത്തകർ, വിദ്യാഭ്യാസ വിദഗ്ധർ മറ്റു വിവിധ മേഖലയിലെ പ്രതിനിധികൾ) വ്യക്തികളുമായി

ചർച്ചകൾ സംഘടിപ്പിക്കുകയും അഭിപ്രായങ്ങൾ സ്വരൂപിക്കുകയും ചെയ്തുവരുന്നു. പ്രസ്തുത ചർച്ചകൾ പൂർത്തിയായിവരുന്നു.

(സി) പൊതുജനാഭിപ്രായം ആരായുന്ന ഘട്ടത്തിൽ കമ്പ്യൂട്ടർ സാക്ഷരതയുണ്ടെങ്കിലും ഇന്റർനെറ്റ് സംവിധാനത്തിന്റെ അപര്യാപ്തതയുള്ള സാധാരണ ജനങ്ങൾക്കുകൂടി അവസരം നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

സ്കൂൾ, പഞ്ചായത്ത്/ബ്ലോക്ക്/ജില്ലാതലങ്ങളിൽ നടക്കുന്ന ജനകീയ ചർച്ചകളിൽ എല്ലാ വിഭാഗം ജനങ്ങൾക്കും പങ്കെടുക്കുന്നതിനും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവയ്ക്കുന്നതിനുമുള്ള അവസരം ലഭ്യമാണ്. ഇവ ഫലപ്രദമായി ഡോക്കുമെന്റ് ചെയ്ത് എസ്.സി.ഇ.ആർ.ടി.-ക്ക് കൈമാറുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ശാസ്ത്രം, കല, കായികം, ഭാഷാപ്രയോഗം എന്നീ മേഖലകളിൽ കുട്ടികളുടെ അഭിരുചി കണ്ടെത്തി പ്രോത്സാഹനത്തിന് ഊന്നൽകൊടുക്കുന്ന തരത്തിലുള്ള പരിഷ്കരണം സാധ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും അഭിരുചിയും കണ്ടെത്തി അവ നിരന്തരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യം വയ്ക്കുന്നത്. ഓരോ

കുട്ടിയേയും ഓരോ യൂണിറ്റായി പരിഗണിച്ചുകൊണ്ടുള്ള പഠന-ബോധന സംവിധാനമാണ് ഉദ്ദേശിക്കുന്നത്. ഓരോ കുട്ടിക്കും തന്റെ അഭിരുചിക്കനുസരിച്ച് പരമാവധി വികസനം സാധ്യമാകുന്നതാകണം വിദ്യാഭ്യാസം എന്നതാണ് കാഴ്ചപ്പാട്.

(ഇ) പ്രസ്തുത പരിഷ്കരണത്തിലൂടെ അദ്ധ്യാപകർക്ക് തുല്യ ഇടവേളകളിൽ കാലാനുസൃതമായ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നൈപുണ്യശേഷി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

പാഠ്യപദ്ധതി പരിഷ്ക്കരണം പൂർത്തീകരിക്കുന്നതിലൂടെ കേരളത്തിലെ മുഴുവൻ സ്കൂൾ അധ്യാപകർക്കും എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ തുല്യ ഇടവേളകളിൽ നിരന്തര പരിശീലനവും നൈപുണ്യശേഷി വികസനവും ഉറപ്പുവരുത്തുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്ന പ്രീ പ്രൈമറി ക്ലാസുകളിലെ അധ്യാപികമാരുടെ വേതനം

210 (1485) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ

പ്രവർത്തിച്ചുവരുന്ന പ്രീ പ്രൈമറി ക്ലാസ്സുകളിലെ അധ്യാപികമാർക്കും ആയമാർക്കും വേതനം നൽകുന്നതിന് രക്ഷിതാക്കളിൽ നിന്നും ഫീസ് വാങ്ങേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുവിദ്യാലയങ്ങളിൽ കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം തേടുന്നത് ഈ വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന പ്രീ പ്രൈമറി ക്ലാസുകൾ കൂടുതലായി രക്ഷിതാക്കൾ പ്രയോജനപ്പെടുത്തുന്നതിനാലാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രീ പ്രൈമറി സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽനിന്നും ഫീസ് ഈടാക്കി പഠിപ്പിക്കുന്നത് ഒഴിവാക്കുന്നത് ഉചിതമായിരിക്കുമെന്നത് പരിശോധിക്കുമോ;

(ഡി) വിവിധ സർക്കാർ സ്കൂളുകളിൽ പ്രീ പ്രൈമറി അദ്ധ്യാപകരും ആയമാരുമായി എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും; ഇതിൽ എത്രപേർക്ക് സർക്കാർ വേതനം നൽകുന്നുവെന്നത് സംബന്ധിച്ചും വിശദാംശം നൽകുമോ?

(സി&ഡി) സർക്കാർ സ്കൂളുകളിൽ പി.എസ്.സി മുഖേന നിയമിതരായതും സർക്കാർ വേതനം നൽകിവരുന്നതുമായ 49

അദ്ധ്യാപകരും 39 ആയമാരും ജോലി ചെയ്യുന്നുണ്ട്. സർക്കാർ സ്കൂളുകളിൽ 2012-നുമുമ്പ് ആരംഭിച്ചതും നിലവിൽ പ്രവർത്തിച്ചുവരുന്നതുമായ പ്രീ പ്രൈമറി വിഭാഗത്തിലെ 2864 അദ്ധ്യാപകർക്കും 1965 ആയമാർക്കും സർക്കാർ ഓണറേറിയം നൽകിവരുന്നു. 2012-നുശേഷം പ്രീ പ്രൈമറി വിഭാഗം ആരംഭിക്കരുതെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും സ്കൂളുകളുടെ നിലനിൽപ്പിന്റെ ഭാഗമായി പ്രീ പ്രൈമറി വിഭാഗം അതത് പി.റ്റി.എ.-കൾ ആരംഭിക്കുകയും അപ്രകാരം നിയമിതരായവർക്ക് പി.റ്റി.എ വേതനം നൽകിവരികയും ചെയ്യുന്നുണ്ട്.

കായിക്കര എൽ.പി.എസ് -ന് പുതിയ കെട്ടിടം നിർമ്മാണം

211 (1486) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുതെങ്ങ് പഞ്ചായത്തിൽ മഹാകവി കുമാരനാശാൻ പഠിച്ചതും പഠിപ്പിച്ചതുമായ ഗവൺമെന്റ് കായിക്കര എൽ.പി.എസ്. സ്ഥിതി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

അഞ്ചുതെങ്ങ് പഞ്ചായത്തിലെ കായിക്കര ഗവൺമെന്റ് എൽ.പി.എസ്.-ലെ പ്രഥമാധ്യാപിക 04-8-2022-നും 05-12-2022-നും

നൽകിയ അപേക്ഷ പ്രകാരം 05-12-2022-ന് അഞ്ചുതെങ്ങ് വില്ലേജ് ഓഫീസറും ചിറയിൻകീഴ് തഹസിൽദാറും സ്കൂൾ സ്ഥലം സന്ദർശനം നടത്തിയിരുന്നു. സ്കൂൾ സ്ഥലത്തിന്റെ സർവ്വേ നടപടികൾ ആരംഭിച്ചിട്ടില്ല.

(ബി) പുതിയ കെട്ടിടം നിർമ്മിക്കാൻ അനുവദിച്ച 1 കോടി രൂപ ചെലവഴിക്കാനാവാത്തത് നിലവിലുള്ള വസ്തുവിന്റെ വിസ്തീർണ്ണം നിർണ്ണയിച്ച് നൽകാത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഇല്ല. 04-08-2022-ന് കായിക്കര സ്കൂൾ പ്രഥമാധ്യാപിക പുതിയ സ്കൂൾ കെട്ടിടത്തിന്റെ സ്കെച്ചും പ്ലാനും അഞ്ചുതെങ്ങ് വില്ലേജ് ആഫീസിൽ സമർപ്പിച്ചിട്ടുണ്ട്.

പ്രീ പ്രൈമറി ജീവനക്കാരുടെ പ്രശ്നങ്ങൾ

212 (1487) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ പ്രൈമറി സ്കൂളുകളിൽ 2012-നുശേഷം നിയമിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകരുടെയും ആയമാരുടേയും സേവനം സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയത്തിൽ

സർക്കാർ എന്ത് തീരുമാനമാണ് എടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

2012-ന് ശേഷം സർക്കാർ അംഗീകാരമില്ലാതെ പി.റ്റി.എ നിയമിച്ച അദ്ധ്യാപകരെയും ആയമാരെയും സ്ഥിരപ്പെടുത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) പ്രീ പ്രൈമറി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രീ പ്രൈമറി ജീവനക്കാർക്കുള്ള ഓണറേറിയം സർക്കാർ കാലാകാലങ്ങളിൽ പരിഷ്കരിക്കുന്നുണ്ട്. ആയത് നിലവിൽ 10 വർഷത്തിന് താഴെ സേവനമുള്ള അദ്ധ്യാപകർക്ക് 12,000/-രൂപയും ആയമാർക്ക് 7,000/-രൂപയും 10 വർഷത്തിന് മുകളിൽ സേവനകാലയളവുള്ള അദ്ധ്യാപകർക്ക് 12,500/-രൂപയും ആയമാർക്ക് 7,500/-രൂപയുമാണ്.

(സി) സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ പ്രീ പ്രൈമറി സ്കൂളുകളിലെ കുട്ടികളെയും ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പ്രീപ്രൈമറി ക്ലാസുകൾ ഹൈടെക്ക് ആക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

ഗവൺമെന്റ് പ്രൈമറി സ്കൂളുകളിൽ പ്രീ പ്രൈമറി വിഭാഗം ആരംഭിക്കുന്നതിന് നടപടി

213 (1488) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗജന്യ വിദ്യാഭ്യാസം നൽകുന്നതിന്റെ ഭാഗമായി എല്ലാ ഗവൺമെന്റ് പ്രൈമറി സ്കൂളുകളിലും പ്രീ പ്രൈമറി വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അറിയിക്കുമോ?

2012-നുമുമ്പ് ആരംഭിച്ചതും നിലവിൽ പ്രവർത്തിക്കുന്നതുമായ പ്രീ പ്രൈമറി സ്കൂളുകൾ സർക്കാർ അംഗീകാരത്തോടെ പ്രവർത്തിക്കുന്നു. എന്നാൽ 2012-നുശേഷം സർക്കാർ അനുമതിയില്ലാതെ പ്രീ പ്രൈമറി വിഭാഗം ആരംഭിക്കരുതെന്ന് നിർദ്ദേശം നല്കിയിട്ടുണ്ടെങ്കിലും സ്കൂളുകളുടെ നിലനിൽപ്പിന്റെ ഭാഗമായി മിക്കവാറും എല്ലാ ഗവൺമെന്റ് സ്കൂളുകളിലും പി.റ്റി.എ.-യുടെ നേതൃത്വത്തിൽ പ്രീ പ്രൈമറി വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് പ്രീ പ്രൈമറി സ്കൂളുകൾ ഏതൊക്കെയെന്ന് അറിയിക്കുമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.*

ക്ലാരി വെസ്റ്റ് ഗവൺമെന്റ് എൽ.പി സ്കൂളിന് അനുവദിച്ച ബസ്

214 (1489) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് പെരുമണ്ണ ക്ലാരി പഞ്ചായത്തിലെ ഗവൺമെന്റ് എൽ.പി. സ്കൂൾ ക്ലാരി വെസ്റ്റ് എന്ന സ്കൂളിന് അനുവദിച്ച സ്കൂൾ ബസ് എം.എൽ.എ.-യുടെ അറിവോ ശിപാർശയോയില്ലാതെ എടരിക്കോട് പഞ്ചായത്തിലെ ഗവൺമെന്റ് യു. പി.സ്കൂൾ ക്ലാരി എന്ന സ്കൂളിലേക്ക് മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പെരുമണ്ണ ക്ലാരി പഞ്ചായത്തിലെ ഗവൺമെന്റ് എൽ.പി. സ്കൂൾ ക്ലാരി വെസ്റ്റ് എന്ന സ്കൂളിലേയ്ക്ക് അനുവദിച്ച സ്കൂൾ ബസ് എടരിക്കോട് ക്ലാരി ഗവൺമെന്റ് യു.പി. സ്കൂളിലേക്ക് മാറ്റിയതിന് ഉത്തരവ് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരവ് നൽകിയിട്ടില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇത്തരത്തിൽ സ്കൂൾ ബസ് ഒരു സ്കൂളിൽനിന്നും മറ്റൊരു സ്കൂളിലേയ്ക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പ്രധാനാധ്യാപകരുടെ അപേക്ഷ, എം.എൽ.എ.-യുടെ കത്ത്, ബസ് സ്വീകരിക്കുന്ന പ്രധാനാധ്യാപകന്റെ ചെലവുകൾ വഹിക്കാമെന്ന സാക്ഷ്യപത്രം എന്നിവ ആവശ്യമാണ്.

(ഡി) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച സ്കൂൾ ബസ് മറ്റൊരു സ്കൂളിലേയ്ക്ക് മാറ്റുന്നതിന് എം.എൽ.എ.-യുടെ ശിപാർശ ആവശ്യമുണ്ടോ; മേൽപ്പറഞ്ഞ സ്കൂൾ ബസ് മറ്റൊരു സ്കൂളിലേയ്ക്ക് മാറ്റിയത് ആരുടെ നിർദ്ദേശപ്രകാരമാണ്; വിശദമാക്കുമോ?

എം.എൽ.എ.-യുടെ ശിപാർശ ആവശ്യമാണ്. ടി സ്കൂളുകളിലെ ബസ് കൈമാറ്റവുമായി ബന്ധപ്പെട്ട് ഉത്തരവുകളൊന്നും നൽകിയിട്ടില്ല.

ഉള്ളിയേരി ജി.എൽ.പി. സ്കൂളിന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

215 (1490) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറ് വർഷത്തോളം പഴക്കമുള്ള ഉള്ളിയേരി ജി.എൽ.പി. സ്കൂളിന്റെ

കെട്ടിടം പ്രവർത്തിക്കുന്നത് ഒസ്യത്ത് പ്രകാരമുള്ള ഭൂമിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ ക്രയവിക്രയധികാരമില്ലാത്ത പ്രസ്തുത ഭൂമി കെ.ഇ.ആർ. ചട്ട പ്രകാരം ഏറ്റെടുക്കുന്നതിന് തടസ്സമുണ്ടോ?

ക്രയ വിക്രയാധികാരമില്ലാത്ത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കേരള വിദ്യാഭ്യാസ ചട്ടത്തിൽ പരാമർശം ഇല്ല. ആയത് റവന്യൂ വകുപ്പിന്റെ പരിധിയിൽവരുന്ന വിഷയമാണ്.

(സി) ഉള്ളിയേരി ജി.എൽ.പി. സ്കൂളിന്റെ ഭൂമി ഏറ്റെടുക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ലഭിച്ചിട്ടുണ്ട്. കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറിൽ നിന്നും പ്രസ്തുത വിഷയം സംബന്ധിച്ച് ലഭ്യമായ കത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ചെമ്മാണിയോട് ജി.എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

216 (1491) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

അഞ്ചാംതരംവരെ പഠനസൗകര്യമുള്ള ചെമ്മാണിയോട് ജി.എൽ.പി. സ്കൂൾ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ചെമ്മാണിയോട് ജി.എൽ.പി. സ്കൂൾ യു.പി സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

പ്ലസ് വൺ പ്രവേശനം

217 (1492) ശ്രീ. എൻ. എ നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പത്താംക്ലാസ് പരീക്ഷയിൽ ഉന്നത പഠനത്തിന് അർഹത നേടി എത്ര കുട്ടികൾ വിജയിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

അനുബന്ധം (A) ആയി ചേർത്തിരിക്കുന്നു.*

(ബി) വിജയിച്ച കുട്ടികളിൽ എത്ര പേർ പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുണ്ടെന്നും അവരിൽ എത്രപേർക്ക് സീറ്റ് ലഭിച്ചുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹയർ സെക്കണ്ടറിയിൽ പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ളവരുടെയും സീറ്റ് ലഭിച്ചിട്ടുള്ളവരുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം (B) ആയി ചേർത്തിരിക്കുന്നു.*

(സി) സീറ്റ് ലഭിക്കാത്ത കുട്ടികളിൽ എത്രപേർ സ്പെഷ്യൽ ഓർഡറിന് വേണ്ടി സമീപിച്ചിട്ടുണ്ടെന്നും അവരിൽ എത്രപേർക്ക് പ്രത്യേക അനുമതി നൽകിയെന്നും വ്യക്തമാക്കുമോ; അനുമതി ലഭിക്കാത്ത കുട്ടികൾക്ക് എപ്പോൾ അനുമതി നൽകുമെന്ന് വിശദമാക്കുമോ?

സീറ്റ് ലഭിക്കാത്ത കുട്ടികളിൽ ഇതുവരെ 1509 പേർ സ്പെഷ്യൽ ഓർഡറിനുവേണ്ടി സമീപിച്ചിട്ടുണ്ട്. അവരിൽ 593 പേർക്ക് പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. അനുമതി ലഭിക്കാത്ത കുട്ടികളുടെ അപേക്ഷകൾ പരിശോധിച്ചുവരുന്നു.

(ഡി) ഒരു സ്കൂളിലും സീറ്റ് കിട്ടാത്ത കുട്ടികൾക്ക് പുറമേ കിലോമീറ്ററുകൾക്കപ്പുറം സീറ്റ് ലഭിച്ച കുട്ടികളുടെ പ്രയാസവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം കുട്ടികളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉണ്ട്. കുട്ടികളുടെ പ്രയാസം കണക്കിലെടുത്താണ് മാനുഷിക പരിഗണന നൽകി സ്പെഷ്യൽ ഓർഡർ അനുവദിച്ചിട്ടുള്ളത്. അത്തരം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു.*

(ഇ) ദൂരദിക്കുകളിൽ സീറ്റ് ലഭിച്ച കുട്ടികൾ സ്കൂൾ മാറ്റത്തിന് അപേക്ഷിച്ചിട്ടുണ്ടോയെന്നും എത്രപേർക്ക് മാറ്റം അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉണ്ട്. സ്കൂൾ മാറ്റം അനുവദിച്ച് ഉത്തരവായവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം (ഡി) ആയി ചേർത്തിരിക്കുന്നു.*

(എഫ്) കോമ്പിനേഷൻ മാറ്റം അനുവദിക്കില്ലെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത്തരം കുട്ടികളുടെയും സീറ്റ് തീരെ ലഭിക്കാത്ത കുട്ടികളുടെയും ഭാവിയെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

ഇല്ല.

പെരിനാട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം

218 (1493) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുണ്ടറ നിയോജക മണ്ഡലത്തിലെ പെരിനാട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനായി ഒരു കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;വിശദാംശം അറിയിക്കുമോ?

ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

കെ.ഇ.ആർ. റൂൾ 51 എ

219 (1494) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാല സർവീസുള്ള ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് കെ.ഇ.ആർ.-ലെ റൂൾ 51 എ ബാധകമാക്കികൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ജയശ്രീ VS കേരള സ്റ്റേറ്റ് എന്ന കേസിൽ വിധി നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം കേസുകളിൽ പ്രസ്തുത വിധി പ്രസ്താവത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കണമെന്നു കാണിച്ച് വകുപ്പ്

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിരുന്നോ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(സി) ഹയർസെക്കണ്ടറി വിഭാഗത്തിൽ 51 എ ക്ലെയിം ബാധകമാക്കികൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടും ചില റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ അത്തരം കേസുകളിൽ വീണ്ടും സ്പഷ്ടീകരണം ചോദിച്ച് ഫയലുകളിൽ കാലതാമസം വരുത്തുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

(ബി&സി) സർക്കുലർ പുറപ്പെടുവിച്ചിട്ടില്ല.

മണലൂർ മണ്ഡലത്തിലെ അബ്ദുൽ റൗഫ് മജീദിന്റെ പ്ലസ് വൺ പ്രവേശനം

220 (1495) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 അദ്ധ്യയന വർഷത്തിൽ ഏകജാലക പ്രവേശന നടപടിക്രമപ്രകാരം പ്ലസ്‌വണ്ണിന് അപേക്ഷ സമർപ്പിച്ച മണലൂർ മണ്ഡലത്തിലെ പാട്ടൂർ പുഴങ്ങരയില്ലത്ത് വീട്ടിൽ അബ്ദുൽ റൗഫ് മജീദ് എന്ന

ശാരീരിക അവശതകൾ നേരിടുന്ന വിദ്യാർത്ഥിക്ക് തന്റെ വീടിനടുത്തുള്ള പാട്ടൂർ അലീമുൽ ഇസ്ലാം ഹയർ സെക്കണ്ടറി സ്കൂളിലേയ്ക്ക് അഡ്മിഷൻ ലഭിക്കുന്നതിനായി വിദ്യാഭ്യാസ മന്ത്രിക്ക് 6667905/2022/മിനി (വിദ്യാഭ്യാസം) നമ്പർ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ടിയാന് സ്കൂൾ മാറ്റം അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പാട്ടൂർ അലീമുൽ ഇസ്ലാം എച്ച്.എസ്.എസ്.-ൽ പ്ലസ് വണിന് ഒഴിവുള്ളതിനാൽ ടിയാന് അഡ്മിഷൻ നൽകുന്നതിന് സമ്മതമാണെന്നുള്ള സ്കൂൾ പ്രിൻസിപ്പലിന്റെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ഈ വിദ്യാർത്ഥിക്ക് അഡ്മിഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

(എ&ബി) 2022-23 അധ്യയന വർഷം ഏകജാലക പ്രവേശന നടപടി പ്രകാരം അപേക്ഷ സമർപ്പിക്കുകയും വീടിനകലെയുള്ള ഒരു സ്കൂളിൽ പ്രവേശനം ലഭിക്കുകയും ആരോഗ്യപരമായ പ്രശ്നങ്ങളുള്ളതിനാൽ പ്രവേശനം നേടാത്തതുമായ അബ്ദുൾ റൗഫ് മജീദിന് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ 05-12-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.7652/2022/പൊവിവ പ്രകാരം പാട്ടൂർ അലീമുൽ ഇസ്ലാം ഹയർ സെക്കണ്ടറി സ്കൂളിൽ പ്രവേശനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഹയർ സെക്കണ്ടറി തലത്തിൽ ഉറുദു ഭാഷ തുടർ പഠനത്തിന് അവസരം

221 (1496) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പത്താംതരംവരെ ഉറുദു ഒന്നാം ഭാഷയായി പഠിച്ച വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി തലത്തിൽ ഉറുദു ഭാഷ തുടർ പഠനത്തിന് വേണ്ടത്ര അവസരമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഉറുദു തുടർ പഠനത്തിനായി അവസരം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ?

(എ&ബി) ഹയർ സെക്കണ്ടറി തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഉർദു ഭാഷ പഠനത്തിനുള്ള സൗകര്യങ്ങൾ നിലവിലുണ്ട്.

(സി) കോഴിക്കോട്, തലശ്ശേരി ഗവൺമെന്റ് ടെയിനിംഗ് കോളേജുകളിൽ ഉറുദു ബി.എഡ് കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉർദു ബി.എഡ് കോഴ്സ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ തീരുമാനിക്കേണ്ടത് സർവ്വകലാശാലകളും ഉന്നത വിദ്യാഭ്യാസ വകുപ്പുമാണ്.

(ഡി) ഹയർ സെക്കണ്ടറി വിഭാഗത്തിലെ ജൂനിയർ ഉറുദു അധ്യാപകർക്ക് 5 വർഷം സർവ്വീസ് പൂർത്തീകരിച്ചാലും സീനിയർ ആനുകൂല്യം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 5 വർഷം പൂർത്തിയായ പ്രസ്തുത അധ്യാപകർക്ക് സീനിയർ ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ?

(ഡി&ഇ) എച്ച്.എസ്.എസ്.ടി തസ്തികകളിൽ ഒഴിവുകളുണ്ടാകുന്ന മുറയ്ക്കാണ് സീനിയോറിറ്റി പ്രകാരം ജൂനിയർ അധ്യാപകനെ സീനിയർ ആനുകൂല്യം നൽകി നിയമിക്കുന്നത്.

(എഫ്) ലോവർപ്രൈമറി തലം മുതൽ പല ഭാഷകൾക്കും ഭാഷാ പഠനത്തിന് അവസരമുണ്ടെന്നിരിക്കെ ഉറുദുഭാഷാ പഠനത്തിനും ലോവർ പ്രൈമറി തലം മുതൽ അവസരം ഒരുക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ?

ലോവർപ്രൈമറി തലത്തിൽ മാതൃഭാഷ, ഇംഗ്ലീഷ്, അറബിക് എന്നീ ഭാഷകൾ പഠിക്കാനുള്ള അവസരം നിലവിലുണ്ട്. ഈ ഘട്ടത്തിൽ എത്ര ഭാഷകൾ വരെ ആകാം എന്ന വിഷയത്തിൽ കൂടുതൽ പഠനം ആവശ്യമാണ്.

മഞ്ചേരി പുല്ലൂർ യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്താൻ നടപടി

222 (1497) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ മുഴുവൻ നടപടിക്രമങ്ങൾ പൂർത്തിയായിട്ടും മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പുല്ലൂർ ഗവൺമെന്റ് യു.പി. സ്കൂൾ, ഹൈസ്കൂൾ ആയി ഉയർത്താനുള്ള നടപടികളിൽ താമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യു.പി. സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

(എ&ബി) പുതിയ സ്കൂൾ ആരംഭിക്കുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനും സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല. ആയതിനാൽ മഞ്ചേരി മുൻസിപ്പാലിറ്റിയിലെ പുല്ലൂർ ഗവൺമെന്റ് യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം

223 (1498) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ലഹരിവിരുദ്ധ ക്യാമ്പസ് എന്ന പദ്ധതി ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി വിവിധ പരിപാടികൾ സ്കൂളുകളിൽ നടപ്പിലാക്കിവരുന്നുണ്ട്. സ്കൂൾ പി.ടി.എ പ്രസിഡന്റ് അദ്ധ്യക്ഷനായും പ്രധാനാദ്ധ്യാപകൻ കൺവീനറായും ജനജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പി.റ്റി.എ, മദർ പി.ടി.എ,ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ, വിരമിച്ച അദ്ധ്യാപകർ, സ്കൂളിലെ അദ്ധ്യാപകർ, വിവിധ ജാതി-മത രാഷ്ട്രീയ സംഘടനകളുടെ പ്രതിനിധികൾ, വ്യാപാരി വ്യവസായി പ്രതിനിധികൾ, ഓട്ടോറിക്ഷ, ടാക്സി പ്രതിനിധികൾ, മറ്റ് അഭ്യുദയകാംക്ഷികൾ രൂപം നൽകുന്ന ജന ജാഗ്രത സമിതികൾ തുടങ്ങിയവർ സ്കൂൾതല പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. എല്ലാ അദ്ധ്യാപകരെയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകളിൽ പങ്കെടുപ്പിച്ചിട്ടുണ്ട്. ഒക്ടോബർ മാസങ്ങളിൽ ബോധവൽക്കരണത്തിന്റെ ഭാഗമായി അദ്ധ്യാപകർക്കും രക്ഷകർത്താക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചിട്ടുണ്ട്. ലഹരി പദാർത്ഥങ്ങൾ

ക്ലാസ്സിനുള്ളിൽ എത്തുന്നില്ലെന്ന് ജനജാഗ്രത സമിതി ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ആഫീസുകളിലും സ്കൂളുകളിലും നടപ്പിലാക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള തുടർനിർദ്ദേശങ്ങൾ സംബന്ധിച്ച് എല്ലാ സ്കൂളുകൾക്കും സർക്കുലർ നൽകിയിട്ടുണ്ട്.

(ബി) വിദ്യാർത്ഥികളെ ലഹരി വില്പനയ്ക്കായി ദുരുപയോഗം ചെയ്യുന്നതും സ്കൂൾ പരിസരത്തെ ലഹരി വില്പനയും തടയുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ സ്കൂളുകളിൽ നടപ്പിലാക്കുന്നുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനും സ്കൂളുകളിൽ നടത്തേണ്ട ലഹരിവിരുദ്ധ പ്രവർത്തനങ്ങളെ സംബന്ധിച്ചും സർക്കുലർ പുറപ്പെടുവിക്കുകയും എല്ലാ സ്കൂളുകളിലും സർക്കുലർ നൽകുകയും ചെയ്തിട്ടുണ്ട്. ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനും വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തീവ്രയജ്ഞ പരിപാടി സംസ്ഥാനത്തെ സ്കൂളുകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ

ഒന്നാംഘട്ട പരിപാടികൾ 2022 ഒക്ടോബർ 6-ന് ആരംഭിക്കുകയും നവംബർ 1-ന് അവസാനിക്കുകയും ചെയ്തു. എല്ലാ സ്കൂളുകളിലെയും 100 വാര ചുറ്റളവിൽ ലഹരി ഉത്പ്പന്നങ്ങൾ വിൽക്കുന്നില്ലായെന്നും കൈമാറ്റം ചെയ്യുന്നില്ലായെന്നും ജനജാഗ്രതാ സമിതി ഉറപ്പാക്കുകയും ലഹരിമുക്ത പ്രദേശമാക്കി yellow line ക്യാമ്പയിൻ ശക്തിപ്പെടുത്താൻ എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്കൂൾ പരിസരത്തുള്ള ലഹരി വസ്തുക്കളെ സംബന്ധിച്ചുള്ള പരാതികളും കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും രഹസ്യമായി എക്സൈസ് വകുപ്പിനെ അറിയിക്കാൻ എല്ലാ സ്കൂൾ അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂളിനുള്ളിലും പരിസരത്തും ലഹരി വസ്തുക്കൾ കൈമാറ്റം ചെയ്യപ്പെടാൻ സാധ്യതയുള്ള ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി അവ ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ എല്ലാ സ്കൂൾ അധികൃതർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വ്യാജവാറ്റ്, ലഹരി വില്പന, ഉപയോഗം എന്നീ കുറ്റകൃത്യങ്ങളുടെ പേരിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര അധ്യാപകർക്കും സ്കൂൾ ജീവനക്കാർക്കെതിരെയും പരാതി ലഭിച്ചിട്ടുണ്ടെന്നും

ഇതിൽ എത്രപേർക്കെതിരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

4 പേർക്കെതിരെ പരാതി ലഭിക്കുകയും പ്രസ്തുത 4 പേർക്ക് എതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സ്കൂൾ കുട്ടികളിലെ ലഹരി ഉപയോഗം

224 (1499) ശ്രീ. ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളിൽ ലഹരി മരുന്ന് ഉപയോഗം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്കൂൾതലത്തിൽ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ലഹരി വിരുദ്ധ ക്യാമ്പസ് എന്ന പദ്ധതി ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി വിവിധ പരിപാടികൾ സ്കൂളുകളിൽ നടപ്പിലാക്കുന്നുണ്ട്. സ്കൂൾ പി.ടി.എ പ്രസിഡന്റ് അദ്ധ്യക്ഷനായും, പ്രധാനാദ്ധ്യാപകൻ കൺവീനറായും ജന ജാഗ്രതാ സമിതികൾ രൂപികരിച്ചിട്ടുണ്ട്. പിറ്റി.എ., മദർ പി.റ്റി.എ, ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ, വിരമിച്ച അദ്ധ്യാപകർ, സ്കൂളിലെ അദ്ധ്യാപകർ, വിവിധ ജാതിമത രാഷ്ട്രീയ സംഘടനകളുടെ പ്രതിനിധികൾ,

വ്യാപാര വ്യവസായി പ്രതിനിധികൾ, ഓട്ടോറിക്ഷ, ടാക്സി പ്രതിനിധികൾ, മറ്റ് അഭ്യുദയകാംഷികൾ തുപം നൽകുന്ന ജനജാഗ്രത സമിതികൾ, തുടങ്ങിയവർ സ്കൂൾതല പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. എല്ലാ അദ്ധ്യാപകർക്കും ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഒക്ടോബർ മാസങ്ങളിൽ ബോധവൽക്കരണത്തിന്റെഭാഗമായി അദ്ധ്യാപകർക്കും രക്ഷകർത്താക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചിട്ടുണ്ട്. ജനജാഗ്രതാ സമിതിയുടെ നിരീക്ഷണത്തിൽ ലഹരി പദാർത്ഥങ്ങൾ ക്ലാസ്സിനുള്ളിൽ എത്തുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ആഫീസുകളിലും സ്കൂളുകളിലും നടപ്പിലാക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ സംബന്ധിച്ച് എല്ലാ സ്കൂളുകൾക്കും സർക്കുലർ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

എല്ലാ സ്കൂളുകളിലെയും 100 വാര ചുറ്റളവിൽ ലഹരി ഉത്പന്നങ്ങൾ വിൽക്കുന്നില്ലെന്നും കൈമാറ്റം ചെയ്യുന്നില്ലെന്നും ജനജാഗ്രതാ സമിതി

ഉറപ്പാക്കുകയും ലഹരി മുക്ത പ്രദേശമാക്കി yellow line ക്യാമ്പയിൻ ശക്തിപ്പെടുത്താൻ എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്കൂൾ പരിസരത്തുള്ള ലഹരി വസ്തുക്കളെ സംബന്ധിച്ചുള്ള പരാതികളും കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും രഹസ്യമായി എക്സൈസ് വകുപ്പിനെ അറിയിക്കാൻ എല്ലാ സ്കൂൾ അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂളിനുള്ളിലും പരിസരത്തും ലഹരി വസ്തുക്കൾ കൈമാറ്റം ചെയ്യപ്പെടാൻ സാധ്യതയുള്ള ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി അവ ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ എല്ലാ സ്കൂൾ അധികൃതർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്കൂളുകളിൽ കുട്ടികൾ കൃത്യമായി ഹാജരാകുന്നില്ലെങ്കിൽ ആ വിവരം രക്ഷിതാക്കളെ അറിയിക്കുന്ന പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

നിലവിൽ ഹാജരില്ലാത്ത കുട്ടികളെ ക്ലാസ്സ് ടീച്ചേഴ്സ് രക്ഷിതാക്കളെ ഫോണിൽ ബന്ധപ്പെട്ട് വിവരം അറിയിക്കുകയാണ് ചെയ്യുന്നത്. സംസ്ഥാനത്ത് ചില സ്കൂളുകളിൽ അറ്റൻഡൻസ് അറിയിക്കുന്നതിന് സ്വകാര്യ ആപ്പുകൾ ഉപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ

നിന്നും ആയത് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. ആയതിനാൽ ഈ പദ്ധതി സംസ്ഥാനതലത്തിൽ നടപ്പിലാക്കിയിട്ടില്ല.

(ഡി) സ്കൂളുകളിൽ കുട്ടികൾക്കുവേണ്ടി നടത്തുന്ന ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടിയുടെ വിശദാംശം ലഭ്യമാക്കുമോ?

സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ സ്കൂളുകളിൽ നടപ്പിലാക്കുന്നുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനും സ്കൂളുകളിൽ നടത്തേണ്ട ലഹരി വിരുദ്ധ പ്രവർത്തനങ്ങളെ സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിക്കുകയും എല്ലാ സ്കൂളുകളിലും സർക്കുലർ നൽകുകയും ചെയ്തിട്ടുണ്ട്. ലഹരി മുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനും വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തീവ്രയജ്ഞ പരിപാടി സംസ്ഥാനത്തെ സ്കൂളുകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ ഒന്നാംഘട്ട പരിപാടികൾ 2022 ഒക്ടോബർ 6-ന് ആരംഭിക്കുകയും നവംബർ 1-ന് അവസാനിക്കുകയും ചെയ്തു. എല്ലാ സ്കൂളുകളിലെയും 100 വാര ചുറ്റളവിൽ ലഹരി ഉത്പന്നങ്ങൾ വിൽക്കുന്നില്ലായെന്നും കൈമാറ്റം ചെയ്യുന്നില്ലായെന്നും ജന ജാഗ്രതാ സമിതി ഉറപ്പാക്കുകയും ലഹരി മുക്ത

പ്രദേശമാക്കി yellow line ക്യാമ്പയിൻ ശക്തിപ്പെടുത്താൻ എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. സ്കൂൾ പരിസരത്തുള്ള ലഹരി വസ്തുക്കളെ സംബന്ധിച്ചുള്ള പരാതികളും കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും രഹസ്യമായി എക്സൈസ് വകുപ്പിനെ അറിയിക്കാൻ എല്ലാ സ്കൂൾ അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂളിനുള്ളിലും പരിസരത്തും ലഹരി വസ്തുക്കൾ കൈമാറ്റം ചെയ്യപ്പെടാൻ സാധ്യതയുള്ള ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി അവ ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ എല്ലാ സ്കൂൾ അധികൃതർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗ്രന്ഥശാലകൾക്കുള്ള ലൈബ്രേറിയൻ അലവൻസ്

225 (1500) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈബ്രറി കൗൺസിൽ അഫിലിയേറ്റ് ചെയ്ത ഗ്രന്ഥശാലകൾക്ക് വാർഷിക ഗ്രാന്റും ലൈബ്രേറിയൻ അലവൻസും വർദ്ധിപ്പിക്കുന്നതിനും ഇവ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും നടപടികൾ ഉണ്ടാകുമോ വ്യക്തമാക്കാമോ?

ഗ്രന്ഥശാലകൾക്ക് വാർഷിക ഗ്രാന്റും ലൈബ്രേറിയൻ അലവൻസും വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പ്ലസ് ടു ക്ലാസ്സിൽ എടുത്ത അഡ്മിഷൻ കാൻസൽ ചെയ്യുന്നതിനുള്ള അവസരം

226 (1501) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്ലസ് ടു-ൽ റഗുലർ ബാച്ചിൽ അഡ്മിഷൻ എടുത്താൽ പിന്നീട് ക്യാൻസൽ ചെയ്യാൻ വ്യവസ്ഥയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അസുഖമോ അപകടം മൂലമോ കോഴ്സ് പൂർത്തീകരിക്കാൻ കഴിയാത്തവർക്ക് പ്ലസ് ടു-ൽ എടുത്ത അഡ്മിഷൻ കാൻസൽ ചെയ്യുന്നതിനുള്ള അവസരം നൽകുന്നതിന് ആലോചിക്കുന്നുണ്ടെങ്കിൽ എന്തൊക്കെ നടപടിയാണ് ഇതിനുവേണ്ടി സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഹയർ സെക്കണ്ടറി റഗുലർ ബാച്ചിൽ അഡ്മിഷൻ എടുത്താൽ ഒന്നാം വർഷ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതുവരെ അഡ്മിഷൻ ക്യാൻസൽ ചെയ്യാൻ അവസരമുണ്ട്. രണ്ടാം വർഷ പരീക്ഷാ രജിസ്ട്രേഷനാണ് ക്യാൻസൽ ചെയ്യേണ്ടതെങ്കിൽ ഒന്നാം വർഷ പരീക്ഷയുടെ സ്കോർ നിലനിർത്തിക്കൊണ്ട് രണ്ടാം വർഷം മാത്രമായി ക്യാൻസൽ ചെയ്ത് രണ്ടാം വർഷ പരീക്ഷ എഴുതാവുന്നതാണ്. രണ്ടാം വർഷ പരീക്ഷാഫലം

പ്രസിദ്ധീകരിച്ച ശേഷം ക്യാൻസലേഷന് നിലവിൽ അവസരമില്ലെന്നത് പരിശോധിച്ചുവരുന്നു.

സ്കോൾ -കേരളക്ക് കീഴിൽ പ്ലസ് വൺ പ്രവേശനം

227 (1502) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കോൾ -കേരള പദ്ധതിക്ക് കീഴിൽ 2022-23 വർഷത്തിൽ പ്ലസ് വൺ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം ജില്ല, വിഷയ കോമ്പിനേഷൻ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(ബി) 2016 മുതൽ 2021 വരെ സ്കോൾ -കേരളയിൽ പ്ലസ് വൺ പ്രവേശനം നൽകിയ കുട്ടികളുടെ എണ്ണം ജില്ല, വിഷയ കോമ്പിനേഷൻ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സ്കോൾ-കേരളക്ക് കീഴിൽ 2016 മുതൽ പരീക്ഷ എഴുതിയ ഹയർസെക്കണ്ടറി വിദ്യാർഥികളുടെ പ്ലസ്-ടു വിജയ ശതമാനം ജില്ല അടിസ്ഥാനത്തിൽ അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധം 3-ൽ ചേർത്തിട്ടുണ്ട്.*

സ്കൂൾ ശാസ്ത്ര, കായിക, കലാ മേളകൾക്ക് നൽകിവരുന്ന ധനസഹായം

228 (1503) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് ജില്ല, ജില്ല, സ്കൂൾ ശാസ്ത്ര, കായിക, കലാ മേളകളുടെ നടത്തിപ്പിന് സംസ്ഥാന വിഹിതമായി നൽകിവരുന്ന ധനസഹായം എത്രയാണെന്ന് വ്യക്തമാക്കാമോ?

സബ് ജില്ല, ജില്ല, സംസ്ഥാന കലോത്സവങ്ങളുടെ നടത്തിപ്പിനായി എല്ലാ വർഷവും ബഡ്ജറ്റിൽ സർക്കാർ തുക അനുവദിക്കാറുണ്ട്. 2022-23 സാമ്പത്തിക വർഷം 6.7 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. സ്കൂൾ തല മത്സരങ്ങളുടെ നടത്തിപ്പിനായി തുക അനുവദിക്കാറില്ല. ഈ അദ്ധ്യയന വർഷം പദ്ധതി വിഹിതമായ 2202-02-109-61 (പ്ലാൻ) (Assistance to Directorate of Public Instruction) എന്ന ശീർഷകത്തിൽ 3,50,00,000/-

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപയും (മൂന്ന കോടി അൻപത് ലക്ഷം രൂപ മാത്രം) 2202-02-109-70 (പ്ലാൻ) (Encouragement for Excellence in Sports) എന്ന ശീർഷകത്തിൽ 5,00,00,000/- രൂപയും (അഞ്ചു കോടി രൂപ മാത്രം) മേളകളുടെ നടത്തിപ്പിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി അനുവദിച്ചിട്ടുണ്ട്. എല്ലാ വർഷവും ശാസ്ത്രമേളയുടെ നടത്തിപ്പിനായി സർക്കാർ ബഡ്ജറ്റിൽ തുക അനുവദിക്കാറുണ്ട്. 2022-23 സാമ്പത്തിക വർഷം 1.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സ്കൂൾതല മത്സരത്തിന് പ്രത്യേകമായി ഫണ്ട് നൽകുന്നില്ല.

(ബി) പ്രസ്തുത തുക അവസാനമായി വർദ്ധിപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന കലോത്സവത്തിന് 6.7 കോടി രൂപയായി തുക വർദ്ധിപ്പിച്ചത് 2022-23 വർഷമാണ്. കഴിഞ്ഞ വർഷം 6.5 കോടി രൂപയായിരുന്നു. 2012-13 അദ്ധ്യയന വർഷത്തെ സ്പോർട്സ് 1/39904/2012/ഡി.പി.ഐ തീയതി 25-06-2013 നമ്പർ സർക്കുലർ പ്രകാരമാണ് നിലവിൽ ശേഖരിച്ചിട്ടുള്ള അത്ലറ്റിക് ഫണ്ട് വിഹിതം വർദ്ധിപ്പിച്ചിട്ടുള്ളത്. സംസ്ഥാന ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നതിന് 2017-18 വർഷം 1.5 കോടി രൂപയാണ് ബഡ്ജറ്റിൽ

അനുവദിച്ചിരുന്നത്. എന്നാൽ ആയതിൽ 25 ലക്ഷത്തിന്റെ കുറവ് വരുത്തി 1.25 കോടി രൂപയാണ് 2022-23 വർഷത്തിൽ അനുവദിച്ചിട്ടുള്ളത്.

(സി) ഇപ്പോൾ നൽകിവരുന്ന തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

അവസാനമായി കലോത്സവം നടന്ന 2019-20 വർഷത്തിൽ കലോത്സവങ്ങൾ നടത്തുന്നതിന് 2202-02-109-70 (പ്ലാൻ) എന്ന ശീർഷകത്തിൽ 6.5 കോടി രൂപയാണ് അനുവദിച്ചിരുന്നത്. എന്നാൽ ടി തുക അപര്യാപ്തമായതിനാൽ 2022-23 വർഷത്തിൽ തുക 6.7 കോടി രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു.

വിദ്യാർത്ഥികൾക്ക് കായിക പരിശീലനം

229 (1504) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകുന്നതിന് വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

നിലവിലുള്ള പാഠ്യപദ്ധതിയുടെ ഭാഗമായി ആരോഗ്യ കായിക വിദ്യാഭ്യാസം നിർബന്ധിത പഠന വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ കുട്ടികൾക്കും പ്രായോഗികമായ കായിക പരിശീലനം ലഭ്യമാക്കുവാനുള്ള സൗകര്യമുണ്ട്. അധ്യാപകർക്ക് വേണ്ടി ടീച്ചർ ടെക്സ്റ്റുകളും കുട്ടികൾക്ക് വേണ്ടി ആക്ടിവിറ്റി ബുക്കുകളും പാഠ്യപദ്ധതി പഠന സാമഗ്രികളുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്. അതോടൊപ്പം കാര്യക്ഷമമായ മൂല്യനിർണയ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവയാണ് നടന്നുവരുന്നത്.

(ബി) കളിസ്ഥലം ഇല്ലാത്തതും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നതുമായ സ്കൂളുകളിൽ കായിക പരിശീലനം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സ്കൂൾതലത്തിൽ കായിക പ്രതിഭകളെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യത്തിനായി കായിക യുവജന ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്പ്രിന്റ്, പ്ലേ ഫോർ ഹെൽത്ത്, കിക്ക് ഓഫ്, സ്മാഷ്, ഹൂപ്സ് എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

(സി) ഇത്തരം സ്കൂളുകൾക്ക് പുതുതായി കളിസ്ഥലം നിർമ്മിക്കാൻ ആവശ്യമായ സ്ഥലം കണ്ടെത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

ചെർപ്പുളശ്ശേരി എ.ഇ. ഓഫീസ് കെട്ടിടത്തിന്റെ ശോച്യാവസ്ഥ

230 (1505) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി എ.ഇ. ഓഫീസ് സർക്കാർ കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത്?

അല്ല.

(ബി) നിലവിൽ എ.ഇ. ഓഫീസ് ആയി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ട്.

(സി) നിലവിൽ ചെർപ്പുളശ്ശേരി ഗവൺമെന്റ് വി.എച്ച്.എസ്.സി.-യിലേയ്ക്ക് താത്കാലികമായി മാറ്റി എ.ഇ. ഓഫീസ്

പ്രവർത്തിപ്പിക്കുന്നതിന് എ.ഇ. ഓഫീസിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഈ വിഷയത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഇല്ല. എന്നാൽ നിലവിൽ ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ ശോചനീയാവസ്ഥ പരിഗണിച്ച് ആയത് അനുയോജ്യമായ മറ്റൊരു താല്ക്കാലിക കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

കണ്ണനല്ലൂർ എം.കെ.എൽ.എം. സ്കൂളിലെ തസ്തിക നിർണ്ണയം

231 (1506) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണനല്ലൂർ എം.കെ.എൽ.എം. സ്കൂളിലെ തസ്തിക നിർണ്ണയ ഫയലിൽ മാനേജരുടെ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ഒരു തസ്തിക പുന:സ്ഥാപിച്ച് നൽകുവാൻ ശിപാർശ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) പ്രസ്തുത സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ മലയാളം തസ്തിക പുന:സ്ഥാപിച്ച് നൽകാമെന്ന് ഫയലിൽ ഉത്തരവിട്ടത് ആരാണെന്ന് വ്യക്തമാക്കുമോ;

(സി) സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടപ്പെട്ട തസ്തികൾ പുന;സ്ഥാപിച്ചുനൽകാൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അധികാരമുണ്ടോ;

(ഡി) ഒരിക്കൽ തസ്തിക നഷ്ടപ്പെട്ടാൽ അത് പുന:സ്ഥാപിച്ച് നൽകാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കെ, സർക്കാർ അറിയാതെ സർക്കാരിന് വൻ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന രീതിയിൽ സ്വന്തം നിലയ്ക്ക് തസ്തിക പുന:സ്ഥാപിച്ച് കൊടുത്തുവെന്ന ഗുരുതരമായ കുറ്റം ചെയ്ത തിരുവനന്തപുരം ആർ.ഡി.ഡി, സൂപ്രണ്ട് എന്നിവർക്ക് എതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-ഡി) ഈ വിഷയം സംബന്ധിച്ച് സി.എം.ഒ. പോർട്ടലിൽ ലഭിച്ച പരാതിയിന്മേൽ റിപ്പോർട്ട് സമർപ്പിക്കുവാൻ ഹയർ സെക്കണ്ടറി വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പാഠശാല നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ സ്കൂളുകളുടെ നവീകരണ പ്രവൃത്തികൾ

232 (1507) ശ്രീ. സി. കെ ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠശാല നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന കില എസ്.പി.വി.-യായി നടപ്പിലാക്കുന്ന വിവിധ സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

പാഠശാല മണ്ഡലത്തിൽ കില എസ്.പി.വി.-യായി നടപ്പിലാക്കുന്ന വിവിധ സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

3 കോടി കിഫ്ബി പദ്ധതി

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.വി.എച്ച്.എസ്.എസ് & എച്ച്.എസ്.എസ് പാഠശാല സ്കൂളിന് പുതുക്കിയ ഡി എസ് ആർ/ജി.എസ്.റ്റി (DSR/GST) നിരക്ക് പ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റ് ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

1 കോടി കിഫ്ബി പദ്ധതി

1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട മൈലച്ചൽ ഗവ.എച്ച്.എസ്.എസ്, ധനുവച്ചപുരം എം.കെ.എം.ജി.എച്ച്.എസ്.എസ് എന്നീ സ്കൂളുകൾക്ക് പുതുക്കിയ ഡി എസ് ആർ/ജി.എസ്.റ്റി (DSR/GST) നിരക്ക് പ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റ് ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

കീഴാറൂർ ഗവ.എച്ച്.എസ്.എസ് സ്കൂളിന്റെ നിർമ്മാണപ്രവൃത്തി ആരംഭിച്ചിരുന്നു. 45 ശതമാനത്തോളം നിർമ്മാണം പൂർത്തിയായി. 2 പാർട്ട് ബില്ലുകൾ കരാറുകാരന് അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ കരാറുകാരൻ പുതിയ റേറ്റ് ആവശ്യപ്പെട്ടുകൊണ്ട് പ്രവൃത്തി നിർത്തിവയ്ക്കുകയുണ്ടായി. പുതിയ റേറ്റ് നിയമപരമായി നൽകാൻ കഴിയില്ലെന്നും പ്രവൃത്തി കരാർ ഉടമ്പടി പ്രകാരം പൂർത്തിയാക്കിയില്ലെങ്കിൽ നിയമപരമായി തുടർനടപടികൾ സ്വീകരിക്കുമെന്നും കാണിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. തുടർന്ന് കരാറുകാരൻ കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം കരാറുകാരനെ നേരിൽ കേൾക്കുന്നതിനും റേറ്റ്

റിവിഷനടക്കമുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ കരാറുകാരൻ വീണ്ടും കേസ് ഫയൽ ചെയ്യുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. ആയതിനാൽ കേസിന്റെ നടപടികളനുസരിച്ച് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

ആനാവൂർ ഗവ.എച്ച്.എസ്.എസ് സ്കൂളിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് 10-02-2021-ന് എഗ്രിമെന്റ് വച്ചിരുന്നു. എന്നാൽ പ്രവൃത്തി നടത്തേണ്ട സ്ഥലത്ത് നിലവിലുണ്ടായിരുന്ന കെടിടം പൊളിച്ചുമാറ്റുന്നതിന് യഥാസമയം കഴിയാതെ വന്നതിനാൽ പുതിയ റേറ്റ് നൽകണമെന്ന് കരാറുകാരൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കരാറുകാരൻ നൽകിയ അപേക്ഷ നിരസിക്കുകയും കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കാൻ നിർദ്ദേശം നൽകി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കരാറുകാരനെ ടിയാന്റെ Risk& Cost-ൽ കരാർ ഒഴിവാക്കുന്നതിനുള്ള നടപടികൾ കില സ്വീകരിച്ചുവരുന്നു. തുടർന്ന് പുതിയ ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കില എസ്.പി.വി.-യായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയ്ക്കുപുറമേ പാറശ്ശാല നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; ഇതിൽ ഓരോ പദ്ധതിയ്ക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും നിർവ്വഹണ ഏജൻസി ആരാണെന്നും ഓരോ പദ്ധതിയുടെയും നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശവും വ്യക്തമാക്കുമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ പുതുതായി നിർമ്മാണ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചിട്ടില്ല.

കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂളിന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി

233 (1508) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് 3 കോടി രൂപ ചെലവിൽ നവീകരിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂളിന്റെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി

അറിയിക്കുമോ; ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ സ്കൂളിന്റെ നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

(എ&ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപ ചെലവിൽ നവീകരിക്കുന്ന മലമ്പുഴ കഞ്ചിക്കോട് ജി.വി.എച്ച്.എസ് സ്കൂളിന്റെ നിർവ്വഹണ ഏജൻസിയായി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഡി പി ആർ (DPR) അംഗീകരിച്ചു. ഫീസിബിലിറ്റി സ്റ്റഡി (Feasibility study) നടത്തി. പുതുക്കിയ ഡി എസ് ആർ/ ജി.എസ്.റ്റി (DSR/GST) നിരക്കിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതിയോടുകൂടി കിഫ്ബിക്ക് സമർപ്പിക്കുന്നതിന് കില നടപടികൾ സ്വീകരിച്ചുവരുന്നു. സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

കോന്നി നിയോജക മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണം

234 (1509) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞ കുന്നിട ഗവൺമെന്റ് എൽ.പി.എസ്., കലഞ്ഞൂർ ഗവൺമെന്റ് എൽ.പി.എസ്., ചിറ്റാർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, മാങ്കോട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയും; നടപടി വിശദമാക്കുമോ?

(ബി) പൊതുമരാമത്ത് കെട്ടിട വിഭാഗവും തദ്ദേശസ്വയംഭരണ വിഭാഗവും നിർമ്മാണ ചുമതല ഏറ്റെടുത്തിട്ടുള്ള കോന്നി നിയോജക മണ്ഡലത്തിലെ ഗവൺമെന്റ് എൽ.പി.എസ്. പേരുർകുളം, കോന്നി, ഗവൺമെന്റ് എൽ.പി.എസ്. മലയാലപ്പുഴ, ഗവൺമെന്റ് എൽ.പി.എസ്. വള്ളിക്കോട്, ഗവൺമെന്റ് എൽ.പി.എസ്. പ്രമാടം എന്നീ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും; വിശദമാക്കുമോ?

(എ&ബി) കോന്നി നിയോജക മണ്ഡലത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായിട്ടുള്ള സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനത്തെ സംബന്ധിക്കുന്ന വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

പെരിങ്ങോട്ട്കുറിശ്ശി ജി.എച്ച്.എസ്.എസ്.-ന് സ്കൂൾ ബസ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

235 (1510) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ തത്തൂർ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും പെരിങ്ങോട്ട്കുറിശ്ശി ജി.എച്ച്.എസ്.എസ്.-ന് സ്കൂൾ ബസ് വാങ്ങുന്നതിലേയ്ക്കായി സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടോ?

സർക്കാർ അനുമതി നൽകിയിട്ടില്ല.

(ബി) സർക്കാർ അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

സർക്കാർ അനുമതി നൽകുന്നതിനായി ബില്ലുകളും വൗച്ചറുകളും ലഭ്യമാക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ശിവപുരം, കാഞ്ഞിലേരി എൽ.പി. സ്കൂളുകളുടെ നിർമ്മാണം

236 (1511) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ശിവപുരം എൽ.പി. സ്കൂൾ,

കാഞ്ഞിലേരി എൽ.പി. സ്കൂൾ എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഡി.പി.ആർ. വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; പ്രസ്തുത നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പ്രവൃത്തി പുരോഗതി വ്യക്തമാക്കുമോ?

(എ&ബി) പ്രസ്തുത സ്കൂളുകളിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

നെന്മാറ നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ നിർമ്മാണ പുരോഗതി

237 (1512) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നാളിതുവരെ നിർമ്മാണം തുടങ്ങാൻ കഴിയാത്ത സ്കൂളുകൾ ഏതെല്ലാമാണെന്നും കാലതാമസം ഉണ്ടാകുവാനുള്ള കാരണം എന്തെന്നും വിശദമാക്കുമോ;

(സി) ഏതെല്ലാം സ്കൂളുകളുടെ നിർമ്മാണമാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്; ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ-സി) ഉണ്ട്. നെന്മാറ നിയോജക മണ്ഡലത്തിൽ കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി ഭൗതികസൗകര്യ വികസനത്തിനായി തുക അനുവദിച്ച സ്കൂളുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി പദ്ധതി

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട നെന്മാറ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന്റെ അക്കാദമിക ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. ആഡിറ്റോറിയം ബ്ലോക്കിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3 കോടി കിഫ്ബി പദ്ധതി

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ചുവടെ ചേർക്കുന്ന 3 സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ജി.എച്ച്.എസ്.എസ് കൊടുവായൂർ സ്കൂളിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. 94 ശതമാനം നിർമ്മാണം പൂർത്തിയായി. ജി.ജി.വി.എച്ച്.എസ്.എസ് നെന്മാറ സ്കൂളിന്റെ ഡി പി ആർ കിഫ്ബി അംഗീകരിച്ചു. ഫീസിബിലിറ്റി സ്റ്റഡി നടത്തി. പുതുക്കിയ ഡി എസ് ആർ/ ജി.എസ്.റ്റി നിരക്കിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ജി.എച്ച്.എസ്.എസ് മുതലമട സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ചില ഭേദഗതികൾ വരുത്തുന്നതിന് കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്. പുതുക്കിയ ഡി.എസ്.ആർ./ജി.എസ്.റ്റി. നിരക്ക് പ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

നാളിതുവരെ നിർമ്മാണം തുടങ്ങാൻ കഴിയാത്ത സ്കൂളുകൾ ചുവടെ പറയുന്നു.

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.ജി.വി.എച്ച്.എസ്.എസ് നെന്മാറ സ്കൂളിന് പുതുക്കിയ ഡി എസ് ആർ/ജി.എസ്.റ്റി നിരക്ക് പ്രകാരം

ഭരണാനുമതി നൽകിയതിനെത്തുടർന്ന് എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തേണ്ടതായിവന്നു. ഇതനുസരിച്ച് എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

മുതലമട ജി.എച്ച്.എസ്.എസ്-ന് കിഫ്ബി ഡി.പി.ആർ.-ൽ ഭേദഗതി നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് കില ഡി.പി.ആർ.-ൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള നിർമ്മാണങ്ങൾക്ക് പുതുക്കിയ ഡി എസ് ആർ/ജി.എസ്.റ്റി നിരക്ക് ബാധകമായതിനാൽ പുതിയ നിരക്കിലുള്ള ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കേണ്ടി വന്നതും നിർമ്മാണ നടപടികൾ വൈകാൻ കാരണമായി.

(ഡി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാനാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

കിഫ്ബിയിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ നിർമ്മാണം അടുത്ത അധ്യയന വർഷാരംഭത്തിനുമുമ്പ് പരമാവധി പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

പാർട്ട് ടൈം ഭാഷാ അധ്യാപകർ - സ്റ്റാഫ് ഫിക്സേഷൻ

238 (1513) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.പി. സ്കൂളുകളിൽ പാർട്ട് ടൈം അധ്യാപകരായി സർവ്വീസിൽ പ്രവേശിക്കുന്ന ഭാഷാ അദ്ധ്യാപകർ (സംസ്കൃതം, ഉറുദു) അഞ്ച് വർഷം സർവ്വീസ് പൂർത്തീകരിച്ച് ഫുൾ ടൈം അധ്യാപകരായി ബെനിഫിറ്റുകൾ കിട്ടിയ ശേഷവും ഓരോ വർഷവും നടക്കുന്ന സ്റ്റാഫ് ഫിക്സേഷനിൽ പ്രസ്തുത അധ്യാപകരുടെ തസ്തികകൾ താൽക്കാലികമായി തുടരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) സ്റ്റാഫ് ഫിക്സേഷൻ നടത്തുമ്പോൾ പ്രസ്തുത ഭാഷാ അധ്യാപകരുടെ തസ്തികകൾ സ്ഥിരം തസ്തികകളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) താൽക്കാലിക തസ്തിക അനുവദിക്കുന്ന രീതി നിലവിലില്ല. നിലവിൽ എല്ലാ തസ്തികകളും സ്റ്റാഫ് ഫിക്സേഷൻ ഉത്തരവുകൾക്ക് വിധേയമായി സ്ഥിര തസ്തികകളായാണ് അനുവദിക്കുന്നത്. പാർട്ട് ടൈം അദ്ധ്യാപകരായി സേവനത്തിൽ പ്രവേശിക്കുന്ന പ്രൈമറി, ഹൈസ്കൂൾ ഭാഷാ അദ്ധ്യാപകർക്ക് (ഉർദു, സംസ്കൃതം) അവർ സേവനത്തിൽ പ്രവേശിച്ച് അഞ്ച്

വർഷം പൂർത്തിയാകുകയും ആഴ്ചയിൽ എട്ട് പിരീയഡുകൾ പഠിപ്പിക്കാൻ ഉണ്ടാകുകയും ചെയ്താൽ, ഫുൾടൈം തസ്തികയുടെ ആനുകൂല്യം അനുവദിച്ച് നൽകുന്നുണ്ട്. 02-05-1973-ലെ സ.ഉ.(കൈ)നം.62/1973/ എസ്.ഇ.ഡി.എൻ എന്ന ഉത്തരവ് പ്രകാരമാണ് പ്രസ്തുത ആനുകൂല്യം അനുവദിച്ചുവരുന്നത്. പാർട്ട്ടൈം തസ്തികയിൽ തുടർന്നുവരുന്ന അദ്ധ്യാപകർക്ക്, മേൽ നിബന്ധന പൂർത്തീകരിച്ചാൽ ഫുൾടൈം തസ്തികയുടെ ആനുകൂല്യം മാത്രമാണ് അനുവദിക്കുന്നത്. ഇത്തരത്തിൽ തുടരുന്ന അദ്ധ്യാപകരെ പാർട്ട്ടൈം തസ്തികയിൽ നിലനിർത്തി, ഫുൾടൈം ആനുകൂല്യം മാത്രമാണ് അനുവദിക്കുന്നത്. തസ്തിക പാർട്ട് ടൈം തസ്തികയായി തന്നെ തുടരുകയാണ് ചെയ്യുന്നത്.

2021 ജൂൺ മാസത്തിനുശേഷം കെ-റ്റെറ്റ് ലഭിച്ച നിലവിൽ സർവ്വീസിലുള്ള അധ്യാപകർ

239 (1514) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021 ജൂൺ മാസത്തിനുശേഷം കെ-റ്റെറ്റ് ലഭിച്ച നിലവിൽ സർവ്വീസിലുള്ള അധ്യാപകർക്ക് മുൻകാല പ്രാബല്യത്തോടെ ഇൻക്രിമെന്റ്,

പ്രൊബേഷൻ ഇവ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

എയ്ഡഡ് മേഖലയിൽ 01-06-2012-നുശേഷം കെ-ടെറ്റ് യോഗ്യതയില്ലാതെ നിയമിതരാവുകയും ഇളവുകാലത്തിനുമുമ്പ് യോഗ്യത നേടാതിരിക്കുകയും 31-03-2021-നുശേഷം ഏറ്റവും അവസാനം നടന്ന പരീക്ഷ ഫലം പ്രഖ്യാപിച്ച തീയതി വരെ മേൽ യോഗ്യത കൈവരിക്കുകയും ചെയ്ത അധ്യാപകരുടെ പ്രൊബേഷൻ, കെ-ടെറ്റ് യോഗ്യത നേടിയ തീയതിയിൽ പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2022-23 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ

240 (1515) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2022-23 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് ഇറങ്ങാത്തതിനാൽ സർക്കാർ സ്കൂളുകളിലെ ഒഴിവുകളിൽ പി.എസ്.സി. റാങ്ക്ലിസ്റ്റിൽ നിന്നും അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും അധിക തസ്തിക ഒഴികെയുള്ള തസ്തികകളുടെ തസ്തികനിർണ്ണയം 20-08-2022-നകം പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിരുന്നു. നിലവിലെ ചട്ടപ്രകാരം അധിക തസ്തിക അനുവദിക്കുന്നത് സർക്കാർ തലത്തിലാണ്. അധിക തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച നടപടി പൂർത്തിയാകുന്ന മുറയ്ക്കുമാത്രമേ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. അധിക തസ്തിക സംബന്ധിച്ച ശിപാർശ അടിയന്തരമായി സർക്കാരിൽ സമർപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) പൂർണ്ണമായും സംവരണക്രമം പാലിച്ചുകൊണ്ട് നിയമനം നടത്തുന്ന സർക്കാർ സ്കൂളുകളിലെ അധിക തസ്തികകളിലേയ്ക്കുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ തടസ്സമില്ല. 2022-23-ലെ തസ്തിക നിർണ്ണയത്തിൽ അധിക തസ്തികകൾ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്കേ ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുകയുള്ളൂ.

(സി) സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയാക്കി സർക്കാർ സ്കൂളുകളിലെ അധിക തസ്തികകളിലേയ്ക്കുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

2022-23 തസ്തിക നിർണ്ണയത്തിൽ അനുവദിക്കേണ്ട അധിക തസ്തികകൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത് സമന്വയ സോഫ്റ്റ്വെയർ മുഖേന സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന പ്രക്രിയ തുടർന്നു വരുന്നു. അധിക തസ്തികകൾ സർക്കാർ അനുവദിക്കുന്ന മുറയ്ക്ക്, സർക്കാർ നിർദ്ദേശിച്ചിട്ടുള്ള അനുപാത പ്രകാരം പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതാണ്.

ആലപ്പുഴ ജില്ലയിലെ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് വിഷയത്തിലെ ഒഴിവുകൾ

241 (1516) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് വിഷയത്തിൽ നിലവിലുള്ള പ്രൊമോഷൻ ഒഴിവുകളിൽ ഇതുവരെ (15-02-2022-ലെ ഉത്തരവ് നമ്പർ എ 2/19736/2014 - 7 എണ്ണം,

12-08-2022-ലെ ഉത്തരവ് നമ്പർ എ 2/601245/2022 - 6 എണ്ണം, 14-11-2022-ലെ ഉത്തരവ് നമ്പർ എ 2 /601245/2022 - 5 എണ്ണം) ആരും ജോയിൻ ചെയ്യാത്തതിനാൽ പ്രസ്തുത പ്രൊമോഷൻ ഒഴിവുകളിൽ പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്നും നിയമനം നൽകാൻ സാധിക്കുമോ; വ്യക്തമാക്കാമോ?

14-11-2022-ൽ എ 2/601245/2022 എന്ന നമ്പരിലെ സ്ഥാനക്കയറ്റ ഉത്തരവിൽ 05 പേർക്ക് സ്ഥാനക്കയറ്റം നൽകിയതിൽ ഒരു അദ്ധ്യാപകൻ സ്ഥാനക്കയറ്റം സ്വീകരിച്ചിട്ടുണ്ട്. എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് യോഗ്യരായ 75 പ്രൈമറി അദ്ധ്യാപകർ ഉൾപ്പെട്ട സീനിയോരിറ്റി ലിസ്റ്റ് നിലവിലുണ്ട്. ടി ലിസ്റ്റിൽ നിന്നും 31-ാമത്തെ പ്രൈമറി ടീച്ചർക്ക് വരെയാണ് സ്ഥാനക്കയറ്റം നൽകിയിരിക്കുന്നത്. നിലവിലെ നിയമന അനുപാതം പ്രകാരം (കേഡർ സ്ട്രെങ്തിന്റെ 15%) പ്രൈമറി ടീച്ചർ പ്രൊമോഷൻ വിഭാഗത്തിൽ 08 അദ്ധ്യാപകരുടെ കുറവുണ്ട്. ആയതിനാൽ സ്ഥാനക്കയറ്റം സ്വീകരിക്കാത്ത 04 അദ്ധ്യാപകരെ ഒഴിവാക്കി സീനിയോരിറ്റി ലിസ്റ്റിൽ നിന്നും 32-ാം മത്തെ സ്ഥാനം മുതലുള്ള പ്രൈമറി ടീച്ചർമാർക്ക് സ്ഥാനക്കയറ്റം

നൽകേണ്ടതായിട്ടുണ്ട്. ആയതിനാൽ ടി 04 ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയില്ല.

(ബി) ഈ വർഷം സ്റ്റാഫ് ഫിക്സേഷൻ വഴി ആലപ്പുഴ ജില്ലയിൽ എച്ച്.എസ്സ്.എ. ഫിസിക്കൽ സയൻസ് വിഷയത്തിന് എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; ഇത് എപ്പോൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കാമോ;

(സി) എച്ച്.എസ്സ്.എ. ഫിസിക്കൽ സയൻസ് വിഷയത്തിന് 2022-23 അധ്യയന വർഷം വിരമിക്കൽ മൂലം ഉണ്ടാകുന്ന ഒഴിവുകൾ എത്ര; ഈ ഒഴിവുകൾ എപ്പോൾ പി. എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമെന്ന് വിശദമാക്കാമോ?

(ബി&സി) 2022-23-ലെ തസ്തിക നിർണ്ണയം പൂർത്തിയായപ്പോൾ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്)-ൽ 5 തസ്തിക നഷ്ടപ്പെട്ടതിനാൽ വിരമിക്കൽമൂലം ഉണ്ടാകുന്ന 7 ഒഴിവുകളിൽ 2 ഒഴിവുകളും മുൻ വർഷ പ്രൊമോഷനുവേണ്ടി മാറ്റിവയ്ക്കപ്പെട്ട ഒരൊഴിവുംകൂടി ചേർത്ത് 3 ഒഴിവുകളിൽ പി.എസ്.സി വഴി നിയമനം നൽകിയിട്ടുണ്ട്.

(ഡി) സ്റ്റാഫ് ഫിക്സേഷൻ, വിരമിക്കൽ എന്നിവ വഴി ആലപ്പുഴ ജില്ലയിൽ ഫിസിക്കൽ സയൻസ് വിഷയത്തിന് ഒഴിവുകളുണ്ടാകുന്ന സ്കൂളുകളുടെ പേരും ഒഴിവുകളുടെ എണ്ണവും നൽകാമോ?

2022-23-ലെ സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയായപ്പോൾ ടി ജില്ലയിൽ 6 സ്കൂളുകളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* വിരമിക്കൽ മൂലമുണ്ടായ രണ്ട് ഒഴിവിൽ പി.എസ്.സി വഴി നിയമനം നടത്തിയിട്ടുണ്ട്.

(ഇ) മാവേലിക്കര ഗവൺമെന്റ് ടി.ടി.ഐ.-യിൽ നിലനിൽക്കുന്ന രണ്ട് ഒഴിവുകൾ എച്ച്.എസ്സ്.എ. ഫിസിക്കൽ സയൻസ് റാങ്ക് പട്ടികയിൽ നിന്നും നിയമിക്കാൻ സാധിക്കുമോ;വ്യക്തമാക്കാമോ?

മാവേലിക്കര ഗവൺമെന്റ് ടി.ടി.ഐ.-യിൽ നിലവിൽ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയുടെ ഒഴിവുകളില്ല.

കുട്ടികൾ ഇല്ലാത്തത് കാരണം നഷ്ടപ്പെട്ട തസ്തിക പുനഃസ്ഥാപിച്ച് നൽകിയതിലെ അഴിമതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

242 (1517) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.കെ.എൽ.എം. കണ്ണനല്ലൂർ ഹയർസെക്കണ്ടറി സ്കൂളിൽ കുട്ടികൾ ഇല്ലാത്തതുകാരണം നഷ്ടപ്പെട്ട തസ്തികകളിൽ ഒരെണ്ണം മാനേജരുടെ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ സൂപ്രണ്ട് സുനിതകുമാരിയും ആർ.ഡി.ഡി. ഗിരിജയും ചേർന്ന് പുനഃസ്ഥാപിച്ച് നൽകിയതിലെ അഴിമതി സംബന്ധിച്ച് ശ്രീ. ശശിധരൻ പിള്ള സി.എം.ഒ. പോർട്ടലിൽ അയച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പരാതിക്ക് ആധാരമായ ടി.ആർ.ഒ. 4/37 25 /22 എച്ച് എസ് സി, 4/7286/21 എച്ച്.എസ്.സി ഫയലുകളുടെയും 2017-ന് ശേഷമുള്ള സ്കൂളിലെ തസ്തികനിർണ്ണയ ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്കൂളിലെ മാത്തമാറ്റിക്സ് നിയമനാംഗീകാര ഫയലിൽ തിരുവനന്തപുരം ആർ.ഡി.ഡി. ഓഫീസിലെ സൂപ്രണ്ട് സുനിതകുമാരി എം.കെ.എൽ.എം. ഹയർ സെക്കണ്ടറി സ്കൂളിൽ മലയാളം, ഹിന്ദി തസ്തികൾ കുട്ടികളുടെ കുറവ് കാരണം നഷ്ടപ്പെട്ടതായി രേഖപ്പെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ-സി) ഈ വിഷയം സംബന്ധിച്ച് സി.എം.ഒ. പോർട്ടലിൽ ലഭിച്ച പരാതിയിന്മേൽ റിപ്പോർട്ട് സമർപ്പിക്കുവാൻ ഹയർ സെക്കണ്ടറി വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

എയിഡഡ് സ്കൂളുകളിലെ അധ്യാപകരുടെ നിയമനാംഗീകാരം

243 (1518) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ നിയമനാംഗീകാരം ലഭിക്കുന്നതിനായി അപേക്ഷിച്ച അദ്ധ്യാപകരുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) ഭിന്നശേഷി സംവരണം സംബന്ധിച്ച ഉത്തരവുകളിലെ അവ്യക്തതയും അത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങളും വിശദമാക്കുമോ;

(സി) അധ്യാപകരുടെ നിയമനാംഗീകാരം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിന്നിരുന്ന റിട്ട് ഹർജി നമ്പർ 19808/21-ലും മറ്റ്

അനുബന്ധ ഹർജികളിലെയും 10-08-2022-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, എയ്ഡഡ് മേഖലയിലെ അദ്ധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് 25-06-2022-ലെ സ.ഉ(കൈ) നം. 111/2022/പൊ.വി.വ, 19-09-2022-ലെ സ.ഉ (കൈ) നം. 162/2022/പൊ.വി.വ സർക്കാർ ഉത്തരവുകൾ മുഖേനയും 28-10-2022-ലെ ജെ3/49/പൊ.വി.വ നമ്പർ സർക്കാർ കത്ത്, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23-11-2022-ലെ എച്ച്2/295299/2021/ഡിജിഇ നമ്പർ പരിപത്രം എന്നിവ പ്രകാരവും മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം, ഭിന്നശേഷി സംവരണം ഇതുവരെയും നടപ്പാക്കാത്ത സ്ഥാപനങ്ങൾ 07-02-1996 മുതൽ 18-04-2017 വരെ നടത്തിയ നിയമനങ്ങളിൽ 3 ശതമാനവും 19-04-2017 മുതൽ നടത്തിയ നിയമനങ്ങളിൽ 4 ശതമാനവും ബാക്ക് ലോഗ് ഒഴിവുകളായി കണക്കാക്കി 08-11-2021 മുതൽ ഒഴിവുവരുന്ന തസ്തികകളിൽ സംവരണം നടപ്പാക്കുന്നതിന് റോസ്റ്റർ തയാറാക്കി സമന്വയ മുഖാന്തരം സമർപ്പിക്കാൻ 10-12-2022 വരെ സമയപരിധി അനുവദിച്ചിട്ടുണ്ട്. മാനേജർമാർ അവരുടെ കിഴിൽവരുന്ന നിയമനങ്ങളുടെ റോസ്റ്റർ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക്, അത് പരിശോധിച്ച് അധികാരപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ അംഗീകാരം നൽകുന്നതാണ്.

അധ്യാപക നിയമനത്തിൽ ഭിന്നശേഷിക്കാർക്കുള്ള സംവരണം

244 (1519) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് മേഖലയിലെ അദ്ധ്യാപക നിയമനത്തിൽ ഭിന്നശേഷിക്കാരുടെ നാല് ശതമാനം സംവരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

എയ്ഡഡ് മേഖലയിലെ അദ്ധ്യാപക നിയമനങ്ങളിൽ ഭിന്നശേഷിക്കാരുടെ നാല് ശതമാനം സംവരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് 18-11-2018-ലെ സ.ഉ (പി) നം. 18/2018/സാ.നീ.വ, 25-06-2022-ലെ സ.ഉ.(കൈ) നം. 111/2022/പൊ.വി.വ എന്നിവ പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ;

(സി) എങ്കിൽ ഇത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(ബി&സി) ഉണ്ട്. ഭിന്നശേഷി സംവരണം പാലിച്ച് നിയമനങ്ങൾ നടത്തുന്ന മുറയ്ക്ക് മാത്രമേ മറ്റ് നിയമനങ്ങൾ ചട്ടപ്രകാരമാണെങ്കിൽ അംഗീകരിക്കാൻ കഴിയുകയുള്ളൂ. ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഭിന്നശേഷിക്കാരായവർക്ക് ജോലി

245 (1520) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ അഞ്ചുവർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തെ വിവിധ ഹയർസെക്കണ്ടറി സ്കൂളുകളിൽ ഭിന്നശേഷിക്കാരായ എത്ര പേർക്ക് ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി അധ്യാപകരായി ജോലി ലഭിച്ചിട്ടുണ്ടെന്ന് ജില്ലയും വിഷയവും തിരിച്ച് വ്യക്തമാക്കുമോ?

കഴിഞ്ഞ അഞ്ചുവർഷ കാലയളവിനുള്ളിൽ ഹയർ സെക്കണ്ടറി എയ്ഡഡ് വിഭാഗത്തിൽ താഴെ പറയുന്ന ജില്ലകളിൽ ഭിന്നശേഷിക്കാർക്ക് അധ്യാപകരായി ജോലി ലഭിച്ചിട്ടുണ്ട്.

എറണാകുളം - 1 (എച്ച്.എസ്.എസ്.റ്റി മലയാളം)

കണ്ണൂർ - 2 (എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ബോട്ടണി, എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ഫിസിക്സ്)

കൊല്ലം - 1 (എച്ച്.എസ്.എസ്.റ്റി കമ്പ്യൂട്ടർ സയൻസ്)

കഴിഞ്ഞ അഞ്ചുവർഷക്കാലയളവിനുള്ളിൽ സർക്കാർ മേഖലയിൽ 41 ഭിന്നശേഷിക്കാർക്ക് അധ്യാപകരായി ജോലി ലഭിച്ചിട്ടുണ്ട്. നിയമനം സംസ്ഥാനതലത്തിൽ ആകയാൽ സർക്കാർ മേഖലയിലെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമല്ല. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ ഭിന്നശേഷിക്കാർക്ക് നൽകിയ നിയമനം സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

അംഗീകാരം ലഭിച്ചിട്ടില്ലാത്ത അധ്യാപകർ

246 (1521) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ ജോലി നേടിയിട്ടുള്ളവരും എന്നാൽ സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ലാത്തതുമായ അദ്ധ്യാപകർക്ക് ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിനെതുടർന്ന് ജോലി നഷ്ടമാകുന്ന സാഹചര്യമുണ്ടായാൽ

തൊട്ടടുത്തുവരുന്ന ഒഴിവ് പ്രസ്തുത അദ്ധ്യാപകർക്കായി നീക്കിവെക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിനെതുടർന്ന് ജോലി നഷ്ടമാകുന്ന സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ ജോലി നേടിയിട്ടുള്ളവരും എന്നാൽ സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ലാത്തതുമായ അദ്ധ്യാപകർക്ക് തുടർന്ന് വരുന്ന ഒഴിവുകളിൽ നിയമനം നൽകാൻ മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23-11-2022-ലെ എച്ച്2/295299/ 2021/ഡിജിഇ നമ്പർ പരിപത്രത്തിൽ പ്രസ്തുത നിർദ്ദേശം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

എച്ച്.എസ്.റ്റി. ഫിസിക്കൽ സയൻസ് -അധിക തസ്തികക്കായുള്ള പ്രൊപ്പോസൽ

247 (1522) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്)-യിൽ അധിക തസ്തികക്കായുള്ള പ്രൊപ്പോസൽ എത്ര സർക്കാർ സ്കൂളുകളിൽ നിന്നും

ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ആയതിൽ പരിശോധന നടത്തി അധിക തസ്തിക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ?

ഹൈസ്കൂളുകളിലെ അധിക തസ്തിക പരിശോധന നടത്തുന്നതിലേയ്ക്കായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ പരിശോധന നടത്തി അന്തിമ കണക്ക് സർക്കാരിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത തസ്തികയിൽ ബൈപ്രൊമോഷൻ, ബൈട്രാൻസ്ഫർ, ഇന്റർ ഡിപ്പാർട്ട്മെന്റൽ ട്രാൻസ്ഫർ എന്നീ വിഭാഗങ്ങൾക്കായി തസ്തിക നിലവിൽ ഒഴിച്ചിട്ടിട്ടുണ്ടോ; ഓരോ വിഭാഗത്തിലേയ്ക്കും നിലവിൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത തസ്തികയിൽ ബൈപ്രൊമോഷന് 15 തസ്തികയും ബൈട്രാൻസ്ഫറിന് 10 തസ്തികയും ഒഴിവുണ്ട്. അധ്യാപകർക്ക് ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫറിന് അർഹതയില്ല. തസ്തിക നിർണ്ണയം പൂർത്തിയായിവരുന്നു. ആയത് പൂർത്തിയായശേഷം മാത്രമേ ഓരോ വിഭാഗത്തിലും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് തിട്ടപ്പെടുത്താൻ കഴിയൂ.

ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) തസ്തികയിലെ ഒഴിവുകൾ

248 (1523) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.റ്റി (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിൽ നിലവിൽ എച്ച്.എസ്.ടി ഫിസിക്കൽ സയൻസിന്റെ 05 ഒഴിവുകളുണ്ട്. അതിൽ 01 ഒഴിവ് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പിന്റെ 08-11-2022-ലെ ഉ.പ.സി.3/100/2022-ഉഭപവ നമ്പർ സർക്കുലറിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) 2023 വർഷത്തിൽ ഉണ്ടായേക്കാവുന്ന പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ചെയ്ത തസ്തികകളുടെ എണ്ണം, റിപ്പോർട്ട് ചെയ്ത തീയതി എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ?

എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിൽ 2023-ൽ 3 പ്രതീക്ഷിത ഒഴിവുകൾ വരുന്നുണ്ട്. ടി 3 ഒഴിവുകളും 02-12-2022-ൽ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എച്ച്.എസ്.എസ്.ടി. ജ്യോഗ്രഫി റാങ്ക് ലിസ്റ്റ്

249 (1524) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള എച്ച്.എസ്.എസ്.ടി. ജ്യോഗ്രഫി റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും ഇനി എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ കഴിയുമെന്നും ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ വകുപ്പിലെ എച്ച് എസ്.എസ്.ടി ജ്യോഗ്രഫി, എച്ച്.എസ്.എസ്.ടി ജ്യോഗ്രഫി (ജൂനിയർ) തസ്തികകളിലേയ്ക്ക് റാങ്ക് പട്ടികകൾ നിലവിലില്ല. എച്ച്.എസ്.എസ്.ടി ജ്യോഗ്രഫി തസ്തികയിലേയ്ക്കുള്ള റാങ്ക് പട്ടിക 02-03-2018-ലും എച്ച്.എസ്.എസ്.ടി

ജ്യോഗ്രഫി (ജൂനിയർ) തസ്തികയുടെ റാങ്ക് പട്ടിക 17-12-2021-ലും കാലാവധി പൂർത്തിയാക്കി റദ്ദായി. പ്രസ്തുത തസ്തികകളുടെ നിയമന നില അനുബന്ധമായി ചേർക്കുന്നു.*

എയ്ഡഡ് സ്കൂളിൽ സംരക്ഷിത അദ്ധ്യാപകർക്ക് സീറ്റ് വിട്ട് നൽകണം എന്ന നിബന്ധന

250 (1525) ശ്രീ. കെ.വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂലി ക്രീയേറ്റഡ് സ്കൂൾ വിഭാഗത്തിൽപ്പെടുന്ന എയ്ഡഡ് സ്കൂളിൽ സംരക്ഷിത അദ്ധ്യാപകർക്ക് പോസ്റ്റ് വിട്ട് നൽകണം എന്ന നിബന്ധനയുള്ളതിനാൽ, സംരക്ഷിത അദ്ധ്യാപകർ ജോയിൻ ചെയ്തതിന് ശേഷം മാത്രമേ പുതിയ നിയമനങ്ങൾ അംഗീകരിക്കുകയുള്ളൂ എന്ന ഉത്തരവിന്മേൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരളം വിദ്യാഭ്യാസ ചട്ടം അധ്യായം XXI ചട്ടം 7(5) പ്രകാരം നൂലി ക്രീയേറ്റഡ് സ്കൂൾ വിഭാഗത്തിൽപ്പെടുന്ന എയ്ഡഡ് സ്കൂളുകളിൽ സംരക്ഷിത അധ്യാപകൻ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ മറ്റ്

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് വ്യവസ്ഥയുള്ള. ഈ വ്യവസ്ഥയ്ക്ക് താത്കാലികമായി ഇളവ് നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സംരക്ഷിത അദ്ധ്യാപകർക്കുവേണ്ടി അപേക്ഷ നൽകിയിട്ട് എവിടെയും സംരക്ഷിത അദ്ധ്യാപകരില്ലെന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം മൂലം അദ്ധ്യാപകർക്ക് നിയമനം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ചില തസ്തികകളിൽ സംരക്ഷിത അധ്യാപകരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ സംരക്ഷിത അധ്യാപകർ ലഭ്യമല്ലാത്ത തസ്തികകളിൽ അതതു വിദ്യാഭ്യാസ ഉപ ഡയറക്ടർമാരുടെ അനുമതിയോടെ അധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ വ്യവസ്ഥയുണ്ട്.

എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനങ്ങളിൽ അംഗീകാരം

251 (1526) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനങ്ങളിൽ അംഗീകാരം നൽകുന്നത് സംബന്ധിച്ച എത്ര ഫയലുകൾ പൊതുവിദ്യാഭ്യാസ വകുപ്പിൽ തീർപ്പുകൽപ്പിക്കാനുണ്ടെന്ന് നിയമനം നടന്ന വർഷം തിരിച്ചും ജില്ല തിരിച്ചും വ്യക്തമാക്കുമോ;

(ബി) നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന് കാരണം വ്യക്തമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ഭിന്നശേഷി സംവരണം

252 (1527) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി സംവരണം സംബന്ധിച്ച കോടതി വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾ എന്തൊക്കെ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

07-02-1996 മുതൽ 18-04-2017 വരെ മൂന്ന് ശതമാനവും 19-04-2017 മുതൽ നാല് ശതമാനവും നിയമനങ്ങൾ ഭിന്നശേഷി വിഭാഗത്തിനായി മാറ്റി

വയ്ക്കുന്ന തരത്തിൽ റോസ്റ്റർ തയാറാക്കി അധികാരപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുൻപാകെ അംഗീകാരത്തിനായി സമർപ്പിക്കുവാനും അത്തരത്തിൽ തയ്യാറാക്കിയ റോസ്റ്ററിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം ഉദ്യോഗാർത്ഥികളെ വിട്ടുനൽകാൻ എംപ്ലോയ്മെന്റ് ഓഫീസർക്ക് കത്ത് നൽകുവാനും ലഭ്യമാകുന്ന ഉദ്യോഗാർത്ഥികളെ നിയമിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് നിലവിൽ വ്യവസ്ഥാപിത ഒഴിവിൽ നിയമിക്കപ്പെട്ട, അംഗീകാരം ലഭ്യമാകാത്ത ജീവനക്കാരുടെ നിയമനം അംഗീകരിക്കാവുന്നതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഏത് സമയപരിധിക്കുള്ളിലാണ് പ്രസ്തുത നടപടികൾ സ്വീകരിക്കേണ്ടതെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന മാനേജ്മെന്റുകൾക്കെതിരെ എന്തൊക്കെ നടപടി സ്വീകരിക്കുമെന്നും അറിയിക്കുമോ?

റോസ്റ്റർ തയ്യാറാക്കി സമന്വയ മുഖാന്തരം സമർപ്പിക്കാൻ 10-12-2022 വരെ സമയപരിധി അനുവദിച്ചിട്ടുണ്ട്. മാനേജർമാർ അവരുടെ കീഴിൽവരുന്ന നിയമനങ്ങളുടെ റോസ്റ്റർ തയാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക്, അത് പരിശോധിച്ച് അധികാരപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ അംഗീകാരം

നൽകുന്നതാണ്. വീഴ്ച വരുത്തുന്ന മാനേജ്മെന്റുകളിൽ ഭിന്നശേഷി സംവരണം പാലിക്കാതെ നടത്തുന്ന നിയമനങ്ങൾ അംഗീകരിക്കുന്നതല്ല.

കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് &വേഡ് പ്രോസസ്സിംഗ് പരീക്ഷകൾ

253 (1528) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂൺ 2022-ൽ നടന്ന കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

ജൂൺ 2022-ൽ നടന്ന കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ്റൈറ്റിംഗ് &വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ ഫലം 29-11-2022-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഈ വർഷം നടത്തേണ്ട രണ്ടാമത്തെ കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ വിജ്ഞാപനം എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്?

കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ്റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ വിജ്ഞാപനം ഡിസംബർ-ജനുവരി മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായിട്ടാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) എല്ലാ വർഷവും കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷകൾ രണ്ട് തവണ സമയബന്ധിതമായി നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ്റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷകൾ രണ്ട് തവണ സമയബന്ധിതമായി നടത്തുന്നതിന് പരീക്ഷാഭവൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നുണ്ട്.

സ്കൂൾ കുട്ടികൾ ലൈംഗിക ചൂഷണത്തിന് ഇരയാകുന്ന സംഭവങ്ങൾ

254 (1529) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികൾ അദ്ധ്യാപകരിൽ നിന്നും മറ്റും ലൈംഗിക ചൂഷണത്തിന് ഇരയാകുന്നതായ വാർത്തകളെ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കുമോ?

ഗൗരവത്തോടെ കാണുന്നുണ്ട്. ഇത്തരം സംഭവമുണ്ടായാൽ പോലീസിൽ റിപ്പോർട്ട് ചെയ്യുകയും ആരോപണവിധേയർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ സ്കൂളിന്റെ സൽപ്പേരിനെ ബാധിക്കുമെന്ന് പറഞ്ഞ് കുട്ടികൾ പരാതി നൽകുന്നത് ഒഴിവാക്കുന്നതിനും സംഭവം മറച്ചുവെയ്ക്കുന്നതിനും സ്കൂൾ അധികൃതർ ബോധപൂർവ്വം ശ്രമം നടത്തുന്നത് തടയുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

പോക്സോ നിയമം സംബന്ധിച്ച് വ്യാപകമായ പ്രചാരണവും ബോധവത്കരണവും അദ്ധ്യാപകരിൽ നടത്തുന്നുണ്ട്. ഇത്തരം സംഭവങ്ങളുണ്ടായാൽ സ്കൂൾ കൗൺസിലറെ അറിയിക്കുന്നതിനും പോലീസിൽ റിപ്പോർട്ട് ചെയ്യുന്നതിനും സ്കൂൾ അധികൃതർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(സി) കുട്ടികളെ ലൈംഗിക ചൂഷണത്തിന് ഇരയാക്കിയതിനും; പരാതി മറച്ചുവെയ്ക്കുന്നതിന് ശ്രമിച്ചതിന്റെയും പേരിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്കൂൾ അധികൃതർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

കുട്ടികളെ ലൈംഗിക ചൂഷണത്തിന് ഇരയാക്കിയ സംഭവങ്ങൾ സ്കൂൾ അധികൃതർ മറച്ചുവെച്ചുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയത് പ്രകാരം ആർക്കുമെതിരെ നടപടി സ്വീകരിച്ചിട്ടില്ല. കുട്ടികളെ ലൈംഗിക ചൂഷണത്തിന് ഇരയാക്കി എന്ന ആരോപണത്തിൻമേൽ 24 സ്കൂൾ ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ വിദ്യാലയങ്ങൾക്ക് ഭൂമി

255 (1530) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ വിദ്യാലയങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരള ബഡ്ജറ്റ് പ്രസംഗം 2019, ഖണ്ഡിക 104-ൽ സംസ്ഥാനത്ത് സ്വന്തമായി സ്ഥലമില്ലാത്തതോ, സ്ഥലം അപര്യാപ്തമായതോ ആയ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി പദ്ധതി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കണ്ണൂർ ജില്ലയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ വിദ്യാലയങ്ങൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ വിദ്യാലയങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. . ജി.എം.യു.പി.എസ്. തെക്കുമ്പാട്

2. ജി.എം.യുപി.എസ്. മാടായി

3. ജി.എം.യു.പി.എസ്. ഏഴോം

4. ജി.എൽ.പി.എസ്. കുഞ്ഞിമംഗലം

5. ജി.എം.എൽ.പി.എസ്. കുഞ്ഞിമംഗലം

6. ജി.എം.എൽ.പി.എസ്. മാട്ടൂൽ

7. ജി.എം.എൽപി.എസ്. മടക്കര

8. ജി.എം.എൽ.പി.എസ് . ചാലാട്

9. ജി.എം.എൽ.പി.എസ്. പാപ്പിനശ്ശേരി

10. ജി.യു.പി.എസ്. ചാലാട്

11. ഗവൺമെന്റ് മാപ്പിള എൽ.പി.എസ്. അഴീക്കോട്

12. ഗവൺമെന്റ് മാപ്പിള എൽ.പി.എസ്. വെള്ളൂർ

13.ഗവൺമെന്റ് മാപ്പിള എൽ.പി.എസ് പാലക്കോട്

14. ഗവൺമെന്റ് മാപ്പിള യു.പി.എസ് രാമന്തളി

15. ജി.യു.പി.എസ്. പാലക്കോട്

16. ജി.യു.പി.എസ്. മൊകേരി ഈസ്റ്റ് (ഭാഗികം)

17. ഗവൺമെന്റ് എൽ.പി.എസ്. പുത്തൂർ

18.. ഗവൺമെന്റ് എൽ.പി.എസ്. കൊളവല്ലൂർ

19. ജി.യു.പി.എസ്. കരിയാട്

20.ജി.എൽ.പി.എസ്. പട്ടുവം

21. ജി.യു.പി.എസ്. ദേവത്താർക്കണ്ടി

22. ജി.എൽ.പി.എസ്. ചൊവ്വ

23. ജി.യു.പി.എസ്. കതിരൂർ

24. ഗവൺമെന്റ് എൽ.പി.എസ് രാമന്തളി

സ്കൂൾ - കേരള

256 (1531) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജൂലൈ 30-ന് പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിലൂടെ കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ പുനർസംഘടിപ്പിച്ച്, പൊതുവിദ്യാഭ്യാസ മന്ത്രി ചെയർമാനായി രൂപവത്കരിച്ച സ്കൂൾ-കേരള

എന്ന സ്ഥാപനത്തെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ വിവരാവകാശ നിയമത്തിലെ ഏത് വ്യവസ്ഥ പ്രകാരമാണ് ഒഴിവാക്കിയതെന്ന് വിശദമാക്കാമോ?

ഉണ്ട്. 2005 വിവരാവകാശനിയമം വകുപ്പ് 2 (h) ന്റെ പരിധിയിൽ ഉൾപ്പെടുന്ന സ്ഥാപനമല്ലാത്തതിലാണ് പ്രസ്തുത സ്ഥാപനത്തിനെ വിവരാവകാശ നിയമപരിധിയിൽ നിന്ന് ഒഴിവാക്കിയത്.

(ബി) സ്കോൾ-കേരള വൈസ് ചെയർമാനെയും എക്സിക്യൂട്ടീവ് ഡയറക്ടറെയും നിയമിക്കുന്നത് ആരാണെന്ന് അറിയിക്കാമോ; നിലവിലുള്ള വൈസ് ചെയർമാനെ നിയമിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സ്കോൾ – കേരളയുടെ ചട്ടം IX അനുസരിച്ച് ജനറൽ കൗൺസിലിന്റെ ശിപാർശ പ്രകാരം സർക്കാർ സെലക്ട് കമ്മിറ്റി രൂപീകരിക്കുന്നു. ഈ സെലക്ട് കമ്മിറ്റി നൽകുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ ജനറൽ കൗൺസിൽ തീരുമാനമെടുക്കുകയും അതിൻ പ്രകാരം സ്കോൾ കേരളയുടെ ചെയർമാൻ വൈസ് ചെയർമാനെ നിയമിക്കുകയും ചെയ്യുന്നു. നിലവിലുള്ള വൈസ് ചെയർമാന്റെ നിയമന ഉത്തരവിന്റെ പകർപ്പ് അനുബന്ധം (1)-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്കോൾ– കേരളയുടെ ചട്ടം IX അനുസരിച്ച് ജനറൽ കൗൺസിലിന്റെ ശിപാർശ പ്രകാരം സർക്കാർ ഒരു സെലക്ട് കമ്മിറ്റി രൂപീകരിക്കുന്നു. ഈ സെലക്ട് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജനറൽ കൗൺസിൽ തീരുമാനം എടുക്കുകയും അതിൻ പ്രകാരം സ്കോൾ കേരളയുടെ വൈസ് ചെയർമാൻ എക്സിക്യൂട്ടീവ് ഡയറക്ടറെ നിയമിക്കുകയും ചെയ്യുന്നു.

(സി) സ്കോൾ-കേരള വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന സ്ഥാപനമല്ലെന്ന് വ്യക്തമാക്കി എക്സിക്യൂട്ടീവ് ഡയറക്ടർ പബ്ലിക് നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നോട്ടീസിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. പകർപ്പ് അനുബന്ധം (2)-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക തസ്തിക

257 (1532) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ നിലവിൽ നടന്നുവരുന്ന തസ്തിക നിർണ്ണയ നടപടിക്രമങ്ങൾ എല്ലാ ജില്ലയിലും പൂർത്തിയായോ; ഇല്ലെങ്കിൽ ഇത് എത്ര ദിവസത്തിനുള്ളിൽ പൂർത്തിയാകും?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ സ്കൂളുകളിൽ അധിക തസ്തിക ഒഴികെയുള്ളവയുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കെ.ഇ.ആർ ഭേദഗതി പ്രകാരം അധിക തസ്തിക അനുവദിക്കുന്നത് സർക്കാർതലത്തിലാണ്. അധിക തസ്തിക സംബന്ധിച്ചുള്ള ഹയർ ലെവൽ വെരിഫിക്കേഷൻ നടന്നുവരുന്നു.

(ബി) സർക്കാർ സ്കൂളുകളിൽ പുതുതായി നിലവിൽവരുന്ന യു.പി.എസ്.ടി. അധിക തസ്തികകൾ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഹയർ ലെവൽ വെരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ച് ശിപാർശ സർക്കാരിൽ സമർപ്പിച്ച് സർക്കാർ ഉത്തരവാകുന്ന മുറയ്ക്ക് മാത്രമെ അധിക തസ്തികകളുടെ അന്തിമ എണ്ണം കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) സംസ്ഥാനത്ത് നിലവിൽ സർക്കാർ യു.പി.സ്കൂളിലെ മലയാളം അദ്ധ്യാപകരുടെ ഒഴിവുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് നടപടി

258 (1533) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷം നവംബർ 25 വരെ തുടർച്ചയായി പത്ത് പ്രവൃത്തിദിനത്തിൽ അധികം ക്ലാസിൽ ഹാജരാകാത്ത, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വയനാട് ജില്ലയിലെ കുട്ടികളുടെ എണ്ണം സ്കൂൾ, ക്ലാസ് എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ?

2022-23 അധ്യയന വർഷം നവംബർ 25 വരെ തുടർച്ചയായി പത്ത് പ്രവൃത്തി ദിനത്തിൽ അധികം ക്ലാസ്സിൽ ഹാജരാകാത്ത, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വയനാട് ജില്ലയിലെ കുട്ടികളുടെ എണ്ണം, സ്കൂൾ, ക്ലാസ്സ് എന്നിവ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇത്തരം കുട്ടികളെ ക്ലാസ്സിൽ എത്തിക്കുന്നതിന് വയനാട് ജില്ലയിൽ വകുപ്പ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുള്ള നടപടികൾ ഏറെ പ്രാധാന്യത്തോടെയാണ് വകുപ്പ് കാണുന്നത്. ഇതിന്റെ പ്രാരംഭ നടപടിയെന്ന രീതിയിൽ ഡി.ഇ.ഒ/എ.ഇ.ഒ.-മാരുടെ നേതൃത്വത്തിൽ പട്ടികവർഗ്ഗ വകുപ്പ്, ട്രൈബൽ പ്രോമോട്ടർമാർ, ഇതര വകുപ്പുകൾ എന്നിവരുടെ സഹകരണത്തോടെ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ പ്രധാനാധ്യാപകർക്കും നിർദ്ദേശം. നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പഞ്ചായത്ത് സ്കൂൾതല കർമ്മ സമിതി

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപീകരിക്കാനും സ്കൂളുകളിൽ ഗോത്രക്ലബ് രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. എക്സൈസ്, പോലീസ് വകുപ്പുകളുടെ സഹകരണത്തോടെ കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുകയും പട്ടികവർഗ്ഗ വകുപ്പ് ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സമഗ്ര ശിക്ഷാ കേരളയുടെ ആഭിമുഖ്യത്തിൽ ഡ്രോപ്പ് ഔട്ട് ഫ്രീ വയനാട് ക്യാമ്പയിനിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ നടത്തുകയും നിലവിൽ നടന്നുവരുകയും ചെയ്യുന്നുണ്ട്. ജില്ലാ വിദ്യാഭ്യാസ വകുപ്പ് തുടർപ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയുന്നുണ്ട്.

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ ഡയറ്റ് വയനാട് ഈ അധ്യയന വർഷം എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിരുന്നോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം, ചെലവാക്കിയിട്ടുള്ള തുക, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ?

നടപ്പിലാക്കിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കൂട്ട് പദ്ധതി

ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളും ഗോത്രസൗഹൃദവിദ്യാലയങ്ങളായി വികസിപ്പിക്കുന്നതിനായി ജില്ലാഭരണകൂടം, ജില്ലാ പഞ്ചായത്ത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, സർക്കാരിതര

ഏജൻസികൾ എന്നിങ്ങനെ വിവിധ പിന്തുണാ സംവിധാനങ്ങളുടെ ഏകോപനത്തിലൂടെ നടപ്പിലാക്കുന്ന, സവിശേഷ പദ്ധതിയായ "കൂട്ട്"-ന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ.

എ) ജില്ല കലക്ടറുടെ നേതൃത്വത്തിൽ നടത്തിയ ഏകോപന യോഗം

ബി) ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളിലും 'കൂട്ട്' പദ്ധതിയുടെ ചുമതലയുള്ള നോഡൽ ഓഫീസർമാരുടെ ഏകദിന പരിശീലനം.

സി) വിദ്യാഭ്യാസ ഓഫീസർമാരുടെ പരിശീലനം.

ചെലവ് - 192037/-

2. 'വിദ്യാകിരണം' പദ്ധതി

ഗോത്രവിഭാഗം കുട്ടികൾക്ക് ലാപ്ടോപ്പ് ഫലപ്രദമായി ഉപയോഗിക്കുന്നതിന് ഒന്നാംക്ലാസ്സിലെ 'ഗോത്രബന്ധു' അധ്യാപകർക്കും ക്ലാസ്സ് അധ്യാപകർക്കും പരിശീലനവും കൂടാതെ അവലോകന യോഗങ്ങളും നടത്തിയതിന്.

ചെലവ് - 137062/-

3. ഗോത്രവിഭാഗം കുട്ടികൾ കൂടുതലുള്ളതും പഠന പിന്നോക്കാവസ്ഥ നേരിടുന്നതുമായ വിദ്യാലയങ്ങളിൽ ഡയറ്റ് ഫാക്കൽറ്റികൾ നേരിട്ട് സന്ദർശനം നടത്തുകയും അധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ

എന്നിവരുമായി ചർച്ച നടത്തുകയും തനത് പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകി വരുകയും ചെയ്യുന്നു.

4. ഡയറ്റിലെ ഫാക്കൽറ്റിമാരുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെയും സ്കൂൾ സന്ദർശനങ്ങൾ ഗോത്രവിഭാഗം കുട്ടികൾക്കുവേണ്ടി മാത്രം നടത്തിയ മേൽ സൂചിപ്പിച്ച സവിശേഷ പ്രവർത്തനങ്ങൾക്ക് പുറമേ താഴെപ്പറയുന്ന പൊതുവായ പ്രവർത്തനങ്ങളിലും ഗോത്ര വിഭാഗം കുട്ടികൾ ഗുണഭോക്താക്കളാണ്.

1. വിൻസ് [WINS- Wayanad initiative on NAS (National Achievement Survey]

ഉപദേശീയ പഠന നേട്ടസർവ്വേ പ്രകാരം കണ്ടെത്തിയ ജില്ലയിലെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രത്യേക പരിപാടി :-

ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക യോഗങ്ങൾ ചേരുകയും പ്രത്യേക സഹായ സാമഗ്രികൾ തയ്യാറാക്കിവിദ്യാലയങ്ങൾക്ക് നൽകുകയും ചെയ്തു. ജില്ലയിലെ വിദ്യാലയങ്ങളിൽ ഈ പരിപാടി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ റിവ്യൂ യോഗം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡിസംബർ 15-ന് കലക്ടറേറ്റിൽചേരുന്നതാണ്.

2. 'ആസ്പിരേഷൻ ജില്ല'-യുടെ ഭാഗമായുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ:-

ഇതിന്റെ ഭാഗമായി 3, 5, 8 ക്ലാസ്സുകളിൽ ഇംഗ്ലീഷ്, ഗണിതം എന്നീ വിഷങ്ങളിലെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് നടപ്പിലാക്കിയ ഇംഗ്ലീഷ് ലാംഗ്വേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം.[(ELIP) Joyful Learning of Mathematics (JLM)]

ചെലവ് - 137062/-

3. '**വരമൊഴി**':- ക്ലാസ്സിലെ കുട്ടികളെ പരിഗണിച്ചുകൊണ്ട് പാഠാസൂത്രണത്തിൽ വേണ്ട അനുരൂപീകരണംവരുത്തുന്നതിനുള്ള സ്കൂൾതല സവിശേഷ പരിപാടി- ഇതുവഴി വായനയിലും എഴുത്തിലുംകൂടുതൽ പ്രാവിണ്യം നേടാൻ സഹായിക്കുന്നു.

4. **കരിയർ ഗൈഡൻസ് ക്ലാസ്സുകൾ**:- ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ പിന്തുണയോടെ ജില്ലയിലെ എം.ആർ.എസ്.-കളിലെ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി ഏകദിന കരിയർ ഗൈഡൻസ് ശിൽപ്പശാലകൾ സംഘടിപ്പിച്ചു.

'**വിനിമയം**':-

ജില്ലയിലെ എസ്.എസ്.എൽ.സി റിസൾട്ടിൽ കഴിഞ്ഞ 3 വർഷം തുടർച്ചയായി 100% നേടിയ വിദ്യാലയങ്ങളിലെ പഠന മാതൃക മറ്റ്

സ്കൂളുകൾക്കും പ്രത്യേകിച്ച് പിന്നാക്കം നിൽക്കുന്ന സ്കൂളുകൾക്ക് മാതൃകയാക്കുന്നതിനായി നടപ്പിലാക്കിയ പ്രത്യേക പരിപാടി.

കെ-ടെറ്റ് പരീക്ഷയിലെ ഇ.ഡബ്ള്യൂ.എസ്. സംവരണം

259 (1534) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ടെറ്റ് പരീക്ഷയിൽ ഇ.ഡബ്ല്യൂ.എസ്. സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുന്നതിനാവശ്യമായ നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) നിലവിൽ കെ-ടെറ്റ് പരീക്ഷ സംബന്ധിച്ച് നിലനിൽക്കുന്ന ഉത്തരവുകൾ പ്രകാരം ഇ.ഡബ്ല്യൂ.എസ് വിഭാഗക്കാർക്ക് സംവരണാനുകൂല്യങ്ങൾ നൽകിയിട്ടില്ല. ഇ.ഡബ്ല്യൂ.എസ്. വിഭാഗക്കാർക്ക് സംവരണാനുകൂല്യങ്ങൾ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖല

260 (1535) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എം. വിജിൻ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ പ്രകടനം വിലയിരുത്തുന്നതിനായി കേന്ദ്ര സർക്കാർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. വിദ്യാഭ്യാസ അവസരത്തിലും സൗകര്യത്തിലും ഗുണനിലവാരത്തിലും ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. ചുവടെപ്പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്തിന്റെ മികവ് വിലയിരുത്തിയിട്ടുള്ളത്.

1) സ്കൂൾ പ്രാപ്യത (Access)

2) പഠനനേട്ടങ്ങളും ഗുണതയും (Learning Outcomes and quality)

3) അടിസ്ഥാന സൗകര്യവികസനം (Infrastructure and Facility)

4) തുല്യത (Equity)

5) ഭരണപരമായ മികവ് (Governance processes)

(ബി) വിദ്യാഭ്യാസ മേഖലയിൽ ഒന്നാമതെത്തുന്ന സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

പെർഫോർമൻസ് ഗ്രേഡിംഗ് ഇൻഡക്സ് (പി.ജി.ഐ) റിപ്പോർട്ടിൽ കേരളം ഒന്നാമതായി വന്നതിന് അടിസ്ഥാനമായി ചൂവടെപ്പറയുന്ന നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിവരുന്നു.

1. പഠന നേട്ടങ്ങൾ ആർജ്ജിക്കുന്നതിന് കുട്ടികൾക്ക് ആവശ്യമായ പിന്തുണ ലഭ്യമാക്കുന്ന പാഠ്യപദ്ധതി വിനിമയ പ്രവർത്തനങ്ങൾ.

2. എല്ലാ കുട്ടികളേയും ഉദ്ദേശിക്കുന്ന നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് വേണ്ട പഠനപോഷണ പരിപാടികൾ.

3. സാർവ്വത്രിക വിദ്യാലയ പ്രവേശനം ഉറപ്പാക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങൾ.

4. സ്കൂളുകൾ ഹൈടെക് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ.

5. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി വിവിധ ഏജൻസികളുടെ സഹായത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ.

6. ഭിന്നശേഷി, പിന്നാക്കവിഭാഗം, പെൺകുട്ടികൾ, ട്രൈബൽ മേഖലയിലെ കുട്ടികൾ, അതിഥി തൊഴിലാളികളുടെ മക്കൾ തുടങ്ങി

പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള സവിശേഷ പരിപാടികൾ, ആസൂത്രണം ചെയ്ത് നടപ്പിലാക്കി.

7. സ്കൂൾ ഭരണം മെച്ചപ്പെട്ടതാക്കുന്നതിന് സ്കൂൾ മേധാവികൾക്ക് പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

8. ഓരോ സ്കൂളും മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ.

സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസം സംരക്ഷിക്കാനും മെച്ചപ്പെടുത്താനും സമഗ്രശിക്ഷാ കേരളം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. അക്സസ് & റിറ്റൻഷൻ
2. റസിഡൻഷ്യൽ ഹോസ്റ്റൽ
3. സ്കൂളുകളുടെ ശാക്തീകരണം
4. ട്രാൻസ്പോർട്ട് & എസ്കോർട്ട്
5. ആർ.ടി.ഇ. എൻറൈറ്റിൽമെന്റ്
6. സൗജന്യപാഠപുസ്തകം
7. സൗജന്യയൂണിഫോം

8. ഔട്ട് ഓഫ് സ്കൂൾ കുട്ടികളുടെ വിദ്യാഭ്യാസം

9. കമ്മ്യൂണിറ്റി മൊബിലൈസേഷൻ

10. ക്വാളിറ്റി ഇന്റർവെൻഷനുകൾ

11. നൂതനാശയ പ്രവർത്തനങ്ങൾ

12. പഠനപോഷണ പരിപാടികൾ

13. പ്രീസ്കൂൾ പിന്തുണാ പദ്ധതി

14. ഫൗണ്ടേഷൻ ലിറ്ററസി & ന്യൂമറസി പ്രവർത്തനങ്ങൾ

15. കോമ്പോസിറ്റ് സ്കൂൾ ഗ്രാന്റ്

16. ലൈബ്രറി ഗ്രാന്റ്

17. ടീച്ചർ എജ്യൂക്കേഷൻ

18. ജൻഡർ & ഇക്വിറ്റി

19. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം

20. വൊക്കേഷണലൈസേഷൻ ഓഫ് എജ്യൂക്കേഷൻ

21. STARS പ്രവർത്തനങ്ങൾ

(സി) സംസ്ഥാനം ആവിഷ്കരിച്ച് നടപ്പാക്കുന്ന പല പദ്ധതികളും മറ്റ് സംസ്ഥാനങ്ങൾ അനുകരിച്ച് നടപ്പിലാക്കുന്ന നിലയിലേക്ക്

പൊതുവിദ്യാഭ്യാസ രംഗം മാറിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. എൻ.സി.ഇ.ആർ.ടി. പോലുള്ള ദേശീയ ഏജൻസികളുടെ ചർച്ചകളിൽ കേരളത്തിന്റെ അവതരണം പല സംസ്ഥാനങ്ങളും മാതൃകയായി കണ്ട് അവരവരുടെ സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നുണ്ട്. കേരളത്തിൽ വന്ന് പലസംസ്ഥാന പഠനസംഘങ്ങളും കേരള മാതൃക പഠിച്ച് നടപ്പിലാക്കുന്നുണ്ട്. തമിഴ്നാട്, കർണ്ണാടകം തുടങ്ങിയ അയൽ സംസ്ഥാനങ്ങൾ കേരള വിദ്യാഭ്യാസ മാതൃക നടപ്പിലാക്കി വിജയിച്ച് മുന്നേറുന്ന സംസ്ഥാനങ്ങളാണ്. പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളും വടക്കുകിഴക്കൻ സംസ്ഥാനങ്ങളും കേരള മാതൃക പഠിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

നെയ്യാറ്റിൻകര ഗവഃ ഗേൾസ് ഹൈസ്കൂൾ, തിരുപുറം ഹൈസ്കൂൾ സ്കൂളുകളിലെ പ്രവൃത്തികൾ

261 (1536) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികളായ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ, തിരുപുറം ഹൈസ്കൂൾ എന്നീ സ്കൂളുകളിൽ പുതിയ മന്ദിരം നിർമ്മിക്കുന്നതിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഗവൺമെന്റ് ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിലെ മികവിന്റെ കേന്ദ്രം പദ്ധതിയുടെ ഡി.പി.ആർ. പൂർത്തീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

(എ&ബി) മൂന്ന് കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട നെയ്യാറ്റിൻകര ഗവൺമെന്റ് ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിന്റെ ഡി പി ആർ (DPR) കിഫ്ബി അംഗീകരിച്ചു. പുതുക്കിയ ഡി എസ് ആർ/ജിഎസ്.റ്റി (DSR/GST) നിരക്ക് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റ് ഭേദഗതി ചെയ്ത് സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. തിരുപുറം ഹൈസ്കൂളിന്റെ നിർമ്മാണത്തിനായി മണ്ണ് പരിശോധന നടത്തിയപ്പോൾ ചില തടസ്സങ്ങൾ കണ്ടെത്തിയതിനാൽ ഡിസൈനിൽ ചില ഭേദഗതികളോടെ തുടർനടപടികൾ സ്വീകരിക്കേണ്ടിവരുമെന്ന് നിർവ്വഹണ ഏജൻസിയായ കില അറിയിച്ചിട്ടുണ്ട്.

<u>ക്ലാരി ഗവൺമെന്റ് യു.പി സ്കൂൾ കെട്ടിട നിർമ്മാണം</u>

262 (1537) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി മണ്ഡലത്തിൽപ്പെട്ട എടരിക്കോട് പഞ്ചായത്തിലെ ക്ലാരി ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിടത്തിന്റെ അപര്യാപ്തത ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഈ സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും ഡയറക്ടർക്കും നൽകിയ പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ക്ലാരി ഗവൺമെന്റ് യു.പി. സ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എം.എൽ.എ നൽകിയ പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. എന്നാൽ, കെട്ടിട നിർമ്മാണത്തിനായി 98 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സ്കൂൾ പ്രഥമാധ്യാപകൻ 2021-22 സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുണ്ട്. ബജറ്റ് വിഹിതത്തിലെ പരിമിതികാരണം ടി സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുകയുണ്ടായിട്ടില്ല.

(ബി) പ്രസ്തുത സ്കൂളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിന് അനുവദിച്ച ഫണ്ടുകളും അവയുടെ വർഷവും ഇനം തിരിച്ച് നൽകുമോ?

ക്ലാരി ഗവൺമെന്റ് യു.പി. സ്കൂളിൽ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച ഫണ്ടുകളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സ) ഈ പ്രവൃത്തിക്ക് അനുവദിച്ച തുകകൾ സർക്കാർ ഫണ്ട്, എം.പി ഫണ്ട്, എം.എൽ.എ ഫണ്ട് തുടങ്ങിയ ഏത് വിഭാഗത്തിൽപ്പെടുന്നതാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

ക്ലാരി ഗവൺമെന്റ് യു.പി. സ്കൂളിൽ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച ഫണ്ടുകളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

യോഗ കോഴ്സ്

263 (1538) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യോഗ പഠനത്തിന് നിലവിൽ ഏതെല്ലാം കോഴ്സുകൾക്കാണ് അംഗീകാരമുള്ളത്; സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിൽ യോഗ അസോസിയേഷൻ ഓഫ് കേരള നടത്തുന്ന യോഗ കോഴ്സുകൾക്ക് നിലവിൽ അംഗീകാരമുണ്ടോയെന്ന് വ്യക്തമാക്കാമോ?

സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളയുടെ നേതൃത്വത്തിൽ സർട്ടിഫിക്കറ്റ് ഇൻ യോഗ എന്ന പേരിൽ ആറുമാസം ദൈർഘ്യമുള്ളതും ഡിപ്ലോമ ഇൻ യോഗ ടീച്ചർ ട്രെയിനിംഗ് എന്ന പേരിൽ ഒരു വർഷം ദൈർഘ്യമുള്ളതുമായ രണ്ട് കോഴ്സുകൾ നിലവിലുണ്ട്. രണ്ട് കോഴ്സുകൾക്കും സർക്കാർ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംഗീകാരമുണ്ട്. ഡിപ്ലോമ ഇൻ യോഗ ടീച്ചർ ട്രെയിനിംഗ് കോഴ്സ് യോഗ അസോസിയേഷൻ ഓഫ് കേരളയുമായി സഹകരിച്ച് നടത്തുന്നതിന് സർക്കാർ ഉത്തരവുണ്ട്. ഈ കോഴ്സിന് തദ്ദേശസ്വയംഭരണവകുപ്പിന്റെയും ആയുഷ് വകുപ്പിന്റെയും പ്രത്യേക അംഗീകാരവുമുണ്ട്.

(ബി) യോഗ അസോസിയേഷൻ ഓഫ് കേരള നടത്തുന്ന യോഗ കോഴ്സുകൾക്ക് അമിത പ്രാധാന്യം കൊടുക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; യോഗ അസോസിയേഷൻ ഓഫ് കേരള ഡിപ്ലോമ ഇൻ സ്പോർട്സ് യോഗ എന്ന കോഴ്സ് നടത്തുന്നത് ഏതെങ്കിലും സർക്കാർ ഏജൻസിയുമായി ബന്ധപ്പെട്ടാണോ; വിശദമാക്കാമോ?

ഇല്ല. ഡിപ്ലോമ ഇൻ സ്പോർട്സ് യോഗ എന്ന പേരിൽ സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം യോഗ അസോസിയേഷനുമായി ചേർന്ന് നിലവിൽ കോഴ്സുകളൊന്നും നടത്തുന്നില്ല.

മൂല്യനിർണ്ണയത്തിനുള്ള പ്ലസ് വൺ പരീക്ഷ പേപ്പറുകൾ

264 (1539) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ പരീക്ഷ പേപ്പറുകൾ മൂല്യനിർണ്ണയത്തിനായി ക്യാമ്പസ്സുകളിലേയ്ക്ക് അയച്ചതിന്റെ അഡ്രസ്സ് സ്ലിപ്പുകൾ പ്രിൻസിപ്പൽമാരുടെ പൊതു വാട്സാപ്പ് ഗ്രൂപ്പിൽ പ്രചരിക്കുന്ന വിവരം മാധ്യമങ്ങളിൽ വന്നത് ശ്രദ്ധയിപെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022 ഒക്ടോബർ 25 മുതൽ 31 വരെ നടന്ന ഒന്നാം വർഷ ഹയർസെക്കണ്ടറി ഇംപ്രൂപ്മെന്റ്/ സപ്ലിമെന്ററി പരീക്ഷകളുടെ അഡ്രസ്സ് സ്ലിപ്പുകൾ പ്രചരിക്കുന്ന എന്ന വാർത്തയാണ് ശ്രദ്ധയിൽപ്പെട്ടത്.

(ബി) ഉത്തരക്കടലാസ്സിന്റെ മൂല്യനിർണ്ണയം അട്ടിമറിക്കപ്പെടുന്ന രീതിയിൽ മൂല്യനിർണ്ണയത്തിനായി അയയ്ക്കുന്ന കേന്ദ്രത്തിന്റെ വിവരം പരസ്യമായി വാട്സാപ്പ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യാൻ നിർദ്ദേശം നൽകിയ ഉദ്യോഗസ്ഥൻ ആരാണെന്ന വ്യക്തമാക്കുമോ?

ശ്രീമതി ഗിരിജ. കെ. ആർ. (ഹയർസെക്കണ്ടറി മേഖല ഉപമേധാവി, തിരുവനന്തപുരം)

(സി) അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും ആശങ്കയും പരീക്ഷാ നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മയും വിശ്വാസ്യതയും നഷ്ടപ്പെട്ടതുസംബന്ധിച്ച്

അതിനുത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ അന്വേഷണത്തിന് നിർദ്ദേശം നൽകിയിരുന്നോ?

അന്വേഷണത്തിന് നിർദ്ദേശം നൽകിയിരുന്നു.

(ഡി) എങ്കിൽ എന്നാണ് അന്വേഷണത്തിന് നിർദ്ദേശം നൽകിയത്; പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

09-11-2022, പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ഇ) അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.* അച്ചടക്ക നടപടിയുടെ ഭാഗമായി ശ്രീമതി ഗിരിജ. കെ. ആർ.-നെ സ്ഥലം മാറ്റി നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

ഹരിത വിദ്യാലയം റിയാലിറ്റി ഷോ

265 (1540) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ)ഹരിത വിദ്യാലയം റിയാലിറ്റി ഷോ എന്ന പരിപാടിയിൽ സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

സ്കൂളുകളുടെ പഠന-പാഠ്യേതര പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യം, സാമൂഹ്യ പങ്കാളിത്തം, ഡിജിറ്റൽ വിദ്യാഭ്യാസം, വിദ്യാലയ ശുചിത്വം, ലഭിച്ച അംഗീകാരങ്ങൾ, കോവിഡ്കാല പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് ഹരിതവിദ്യാലയം റിയാലിറ്റി ഷോയിലേയ്ക്ക് സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ. ഇവ മുൻകൂട്ടി പ്രസിദ്ധീകരിച്ചുകൊണ്ടാണ് സ്കൂളുകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചത്.

(ബി) ഈ വർഷം ഈ പരിപാടിയിലേയ്ക്ക് മലപ്പുറം ജില്ലയിൽനിന്നും അപേക്ഷ നൽകിയ സ്കൂളുകളും പ്രസ്തുത അപേക്ഷ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളും ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

മലപ്പുറം ജില്ലയിലെ 38 സ്കൂളുകളുടെ അപേക്ഷ ലഭിച്ചു. മാനദണ്ഡങ്ങൾ അനുസരിച്ച് പരിശോധിച്ചതിൽ 'എ' ഗ്രേഡ് നേടിയ 11 സ്കൂളുകളെ പ്രാഥമിക റൗണ്ടിലേയ്ക്ക് തെരഞ്ഞെടുത്തു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+] റിയാലിറ്റിഷോയുടെ അടുത്ത റൗണ്ടിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മലപ്പുറം ജില്ലയിൽനിന്നും ഈ വർഷം ഈ പരിപാടിയിലേയ്ക്ക് അപേക്ഷ നൽകിയതിൽനിന്നും ഓരോ സ്കൂളിനും ലഭിച്ച റാങ്കുകളും ഈ റാങ്ക് തയ്യാറാക്കിയതിന് പരിഗണിച്ച മാർക്കുകളും ഓരോ സ്കൂളിന്റേയും ഇനം തിരിച്ച് വിശദമാക്കുമോ?

മലപ്പുറം ജില്ലയിലെ 38 സ്കൂളുകളുടെ അപേക്ഷ ലഭിച്ചു. മാനദണ്ഡങ്ങളനുസരിച്ച് പരിശോധിച്ചതിൽ 'എ' ഗ്രേഡ് നേടിയ 11 സ്കൂളുകളെ പ്രാഥമിക റൗണ്ടിലേയ്ക്ക് തെരഞ്ഞെടുത്തു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+] റിയാലിറ്റിഷോയുടെ അടുത്ത റൗണ്ടിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്.

കാഞ്ഞിരപ്പള്ളി പേട്ട സ്കൂളിന്റെ സ്ഥലം ഐ.എച്ച്.ആർ.ഡി.-ക്ക് വിട്ടുനൽകുന്നതിന് നടപടി

266 (1541) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി പേട്ട സ്കൂളിന്റെ 50.75 സെന്റ് സ്ഥലം ഐ.എച്ച്.ആർ.ഡി.-ക്ക് വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ കത്തിൽ സ്വീകരിച്ച നടപടി അറിയിക്കാമോ?

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാഞ്ഞിരപ്പള്ളി പേട്ട ഗവൺമെന്റ് ഹൈസ്കൂളിന്റെ 50.75 സെന്റ് സ്ഥലം ഐ.എച്ച്.ആർ.ഡി.-ക്ക് വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ, ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിമാർ സംയുക്തമായി ചേർന്ന യോഗത്തിന്റെ മിനിറ്റ്സ് തയാറാക്കിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. പ്രസ്തുത മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത ആവശ്യത്തിന് പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി പൊതുവിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ട് കത്ത് നൽകിയത് എന്നാണെന്നും നാളിതുവരെയായിട്ടും പ്രസ്തുത കത്തിന് മറുപടി നൽകാത്തത് എന്തുകൊണ്ടെന്നും അറിയിക്കാമോ?

കാഞ്ഞിരപ്പള്ളി പേട്ട സ്കൂളിന്റെ 50.75 സെന്റ് സ്ഥലം ഐ.എച്ച്.ആർ.ഡി.-ക്ക് വിട്ടുനൽകുന്ന വിഷയം പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ 25-08-2022-ലാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുള്ളത്. ടി റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ 21-11-2022-ൽ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വീണ്ടും കത്തയച്ചിട്ടുണ്ട്. പ്രസ്തുത വിഷയം നിലവിൽ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ പരിശോധിച്ചുവരുന്നു.

(ഡി) അഫിലിയേഷൻ നഷ്ടപ്പെടുന്ന സാഹചര്യമുള്ളതിനാൽ നടപടികൾ ത്വരിതപ്പെടുത്തി പ്രസ്തുത സ്ഥലം ഐ.എച്ച്.ആർ.ഡി.-ക്ക് വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കി ടി സ്ഥലം ഐ.എച്ച്.ആർ.ഡി.-ക്ക് വിട്ടുനൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഹയർ സെക്കണ്ടറി മാന്വൽ പരിഷ്കരണം- അപാകതകൾ പരിഹരിക്കാൻ നടപടി

267 (1542) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി പരീക്ഷ മാന്വൽ പരിഷ്കരണംമൂലം ഒന്നാംവർഷ പരീക്ഷ എഴുതിക്കഴിഞ്ഞാൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് അനുവാദമില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) വർഷങ്ങളായി തുടർന്നുവന്നിരുന്ന രീതി പുതുതായി ആവിഷ്കരിച്ച നിബന്ധനമൂലം നിരവധി വിദ്യാർത്ഥികൾക്ക് പഠന അവസരം നഷ്ടപ്പെടുന്ന

വസ്തുത മനസ്സിലാക്കി ആയത് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; ഈ പുതിയ നിബന്ധന മൂലം നിരവധി വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ റദ്ദ് ചെയ്യാൻ സാധിക്കാത്ത സ്ഥിതിവിശേഷം പരിശോധിക്കുമോ;

(സി) പരീക്ഷ റദ്ദ് ചെയ്യുകൊടുക്കാത്തതുമൂലം 20 വയസ്സുവരെ റെഗുലർ പഠനത്തിനുള്ള അവസരം നിഷേധിക്കുന്ന സാഹചര്യം പുന:പരിശോധിക്കുമോ?

(എ-സി) പരിശോധിച്ചുവരുന്നു.

(ഡി) ഇത് സംബന്ധിച്ച് കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ നൽകിയിരിക്കുന്ന 6587293 /2022 എന്ന കത്തിന് ഹയർസെക്കണ്ടറി ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉണ്ട്. റിപ്പോർട്ടിന്റെ കോപ്പി അനുബന്ധം (A) ആയി ചേർത്തിരിക്കുന്നു.*

(ഇ) ഹയർ സെക്കണ്ടറി പഠനത്തിന് അവസരം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നിന്നും ശ്രീ അതുൽ ബിജു നൽകിയിരിക്കുന്ന 6584242/22, 6649694/22

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നീ നമ്പരിലുള്ള അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ശ്രീ അതുൽ ബിജുവിന്റെ അപേക്ഷ പി3/824/2022/പൊ.വി.വ. നമ്പർ ഫയലിൽ ചേർത്ത് പരിശോധിച്ചുവരുന്നു.

(എഫ്) ഇത് സംബന്ധിച്ച് ഹയർസെക്കണ്ടറി ഡയറക്ടറേറ്റിൽ നിന്നും റിപ്പോർട്ട് നൽകുന്നതിനുള്ള കാലതാമസം വിശദീകരിക്കുമോ; ഈ കുട്ടിക്ക് ഒഴിവുള്ള സ്കൂളിൽ പഠനാവസരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) സർക്കാർ തീരുമാനം വൈകുന്നതിന്റെ ഫലമായി അപേക്ഷ നൽകി കാത്തിരിക്കുന്ന നിരവധി വിദ്യാർത്ഥികൾക്ക് പഠനാവസരം നഷ്ടപ്പെടുന്ന ഗുരുതരമായ സാഹചര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുമോ?

(എഫ്&ജി) പൊതുവിദ്യാഭ്യാസ ഡയറക്ടർ 24-11-2022-ൽ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

ആശ്രിത നിയമനം ലഭിക്കുന്നതിന് നടപടി

268 (1543) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ അദ്ധ്യാപികയായിരിക്കെ മരണമടഞ്ഞ ഹയർസെക്കണ്ടറി ടീച്ചർ ആശാദേവി എം.എസ്.-ന്റെ ആശ്രിതനായ ശ്രീ. അനീഷ് കുമാർ എം.എസ്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം (ഫയൽ നമ്പർ ആർ 2/242/2022) 27/10/2022-ൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റിൽ നൽകിയ കത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; ആയതിന്റെ മറുപടിക്ക് ഉണ്ടാകുന്ന കാലതാമസം വിശദീകരിക്കാമോ?

27-10-2022-ലെ ആർ2/242/2022-പൊ.വി.വ. നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് 02-12-2022-ലെ എഡി.എ 6/245268/2022/ഡി.ജി.ഇ. പ്രകാരം പൊതുവിദ്യാഭ്യാസ (ഹയർ സെക്കണ്ടറി വിഭാഗം) ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഭരണപരമായ കാലതാമസം മാത്രമേ പൊതുവിദ്യാഭ്യാസ (ഹയർ സെക്കണ്ടറി വിഭാഗം) ഡയറക്ടറേറ്റിൽ നിന്നും വന്നിട്ടുള്ളൂ.

(ബി) മരണമടഞ്ഞ ജീവനക്കാരി സംരക്ഷിത അവകാശിയായ ജീവനക്കാരിയാണോ എന്ന ചോദ്യം വകുപ്പ് ചോദിച്ചിരിക്കുന്നത്

എന്തടിസ്ഥാനത്തിലാണെന്നും മന:പൂർവം കാലതാമസം വരുത്തുകയെന്ന ഉദ്ദേശത്തോടെയാണോയെന്നും അറിയിക്കാമോ;

(സി) ശ്രീ. അനീഷ്കുമാറിന് അടിയന്തരമായി ആശ്രിത നിയമനം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഭരണപരമായ പരിശോധനയുടെ ഭാഗമായാണ് മരണമടഞ്ഞ ജീവനക്കാരി സംരക്ഷിത അദ്ധ്യാപികയാണോ എന്നും സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം മറ്റാരും ടി ജോലിക്ക് അപേക്ഷിച്ചിട്ടില്ലായെന്നും ടി ആനുകൂല്യം കുടുംബത്തിലെ മറ്റാരും ഉപയോഗപ്പെടുത്തിയിട്ടില്ലായെന്നുമുള്ള സാക്ഷ്യപത്രങ്ങൾ ആവശ്യപ്പെട്ടിരുന്നത്. ശ്രീ. അനീഷ് കുമാർ എം.എസ്.-ന്റെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷം ആശ്രിത നിയമനത്തിന് യോഗ്യമാണെന്ന് കാണുന്നപക്ഷം ആശ്രിത നിയമപ്രകാരമുള്ള നിയമനാംഗീകാര ഉത്തരവ് സർക്കാർതലത്തിൽ പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. തുടർന്ന് ഒഴിവിന്റെ അടിസ്ഥാനത്തിലാണ് നിയമനം ലഭ്യമാകുക.

താമരശ്ശേരി ഡി.ഇ.ഒ. ഓഫീസിലെ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി

269 (1544) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതിയായ ജീവനക്കാരില്ലാത്തതിനാൽ താമരശ്ശേരി ഡി.ഇ.ഒ. ഓഫീസ് പ്രവർത്തനങ്ങളിൽ പ്രയാസം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത ഓഫീസിൽ എത്ര ജീവനക്കാരെ നിശ്ചയിച്ചിട്ടുണ്ടെന്നും എത്ര ഒഴിവുകൾ ഉണ്ടെന്നും വ്യക്തമാക്കുമോ?

താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ഒഴിവുകളില്ല.

(സി) പുനഃക്രമീകരണത്തിലൂടെ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം (ബി)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

യു.പി. സ്കൂൾ അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

270 (1545) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പാലക്കാട് ജില്ലയിലെ യു.പി. സ്കൂളുകളിൽ അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; നിലവിലുള്ള എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ആകെയുള്ള 95 ഒഴിവുകളിൽ 92 ഒഴിവുകൾ താഴെപ്പറയും പ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നേരിട്ടുള്ള നിയമനം: 78

ബൈട്രാൻസ്ഫർ: 11

എൻ സി എ: 03

ആകെ: 92

ബാക്കി 3 ഒഴിവുകൾ അന്തർജില്ലാസ്ഥലം മാറ്റത്തിനായി നീക്കിവെച്ചിരിക്കുന്നു.

(ബി) ജില്ലയിൽ അദ്ധ്യാപകരുടെ സ്റ്റാഫ് ഫിക്സേഷൻ അടിയന്തരമായി പൂർത്തിയാക്കി ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

2022-23 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) തസ്തികയിലെ ഒഴിവുകൾ

271 (1546) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) തസ്തികയിൽ 2023 കലണ്ടർ വർഷം ഉണ്ടായേക്കാവുന്ന പ്രതീക്ഷിത ഒഴിവുകൾ എത്രയാണ്;

(ബി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 08-11-2022-ലെ ഉ.പ.സി.3/100/2022/ഉ.ഭപ.വ. നമ്പർ സർക്കുലറിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഒഴിവുകൾ എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ് ആലപ്പുഴ ജില്ല) കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; റിപ്പോർട്ട് ചെയ്ത തസ്തികകളുടെ എണ്ണം എത്ര; റിപ്പോർട്ട് ചെയ്ത തീയതി അറിയിക്കുമോ?

(എ&ബി) 2023 കലണ്ടർ വർഷം ഉണ്ടായേക്കാവുന്ന 3 പ്രതീക്ഷിത ഒഴിവുകൾ 02-12-2022-ൽ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സർക്കുലർ പ്രകാരം ആറുമാസമോ അതിലധികമോ ദൈർഘ്യമുള്ള അവധി ഒഴിവുകൾ, ദീർഘകാലം നിന്നേക്കാവുന്ന അവധി

ഒഴിവുകൾ, അന്യത്ര സേവന ഒഴിവുകൾ എന്നിവ ടി തസ്തികയിലേയ്ക്കായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇപ്പോൾ നിലനിൽക്കുന്ന അവധി ഒഴിവ് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ കൈറ്റിൽ വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മാസ്റ്റർ ട്രെയിനറായി ഒരു എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) അദ്ധ്യാപകനെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഒഴിവിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുവാനാണ് പ്രഥമ അദ്ധ്യാപകർക്ക് നിർദ്ദേശം നൽകിയിരിക്കുന്നത്.

എൽ.പി. സ്കൂൾ ടീച്ചർ തസ്തികയിലെ ഒഴിവുകൾ

272 (1547) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഡി.ഡി. യുടെ കീഴിലുള്ള സർക്കാർ സ്കൂളുകളിൽ എൽ.പി. സ്കൂൾ ടീച്ചർ വിഭാഗത്തിൽ എത്ര അധിക തസ്തികകൾ ശിപാർശ ചെയ്തിട്ടുണ്ട്; എ.ഇ.ഒ/ഡി.ഇ.ഒ. തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

ശിപാർശ ചെയ്തിട്ടുള്ള അധിക തസ്തികകളുടെ എണ്ണം

(1) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്: 49

(2) ജില്ലാ വിദ്യാഭ്യാസ ഓഫീസ്: 16

(ബി) എറണാകുളം ജില്ലയിൽ സർക്കാർ സ്കൂളുകളിൽ നിലവിൽ എൽ.പി.എസ്.ടി. യുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; സ്കൂളുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ?

സ്കൂളുകൾ	ഒഴിവുകൾ
ഗവ.എൽ പി സ്കൂൾ, കുറ്റിയംചാൽ	1
ഗവ.എൽപി സ്കൂൾ മണിമരുതുംചാൽ	1
ഗവ.എൽ പി സ്കൂൾ, കാക്കൂർ	1
ഗവ.യു.പി സ്കൂൾ, സൗത്ത് മാറാടി	1
ഗവ.യു.പി സ്കൂൾ,ഇടമലയാർ	2
ഗവ.യു.പി സ്കൂൾ, നേര്യമംഗലം	1
ഗവ.യു.പി സ്കൂൾ, കണ്ടന്തറ	1
ഗവ.യു.പി സ്കൂൾ, കൊമ്പനാട്	2
ഗവ.എൽപി സ്കൂൾ, വാണിയപ്പിള്ളി	1
ഗവ.എച്ച്.എസ്, പിണവൂർകുടി	1
ഗവ.എച്ച്.എസ് പൊയ്ക	1
	13
ആകെ ഒഴിവുകൾ	

(സി) ഭരണപരിഷ്കാര കമ്മീഷന്റെ ഉത്തരവ് പ്രകാരം എൽ.പി.എസ്.ടി. തസ്തികയിലെ പ്രതീക്ഷിതവും നിലവിലുള്ളതുമായ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നിലവിലുള്ളതും പ്രതീക്ഷിതവുമായ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) എറണാകുളം ജില്ലയിലെ സർക്കാർ എൽ.പി. വിഭാഗത്തിൽ നിലവിൽ എത്ര എച്ച്.ടി.വി. പോസ്റ്റുകളുണ്ട്; അതിൽ എത്ര പോസ്റ്റിൽ പ്രൊട്ടക്ടഡ് അധ്യാപകർ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ?

19 ഹെഡ് ടീച്ചർ പോസ്റ്റുകൾ ഉണ്ട്. ടി തസ്തികയിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകർ ആരുംതന്നെ ജോലി ചെയ്യുന്നില്ല.

(ഇ) 2023-ൽ എറണാകുളം ജില്ലയിൽ എൽ.പി.എസ്.ടി. തസ്തികയിൽ ഉണ്ടാകാവുന്ന പ്രതീക്ഷിത ഒഴിവുകൾ എത്രയാണെന്ന് അറിയിക്കാമോ?

2023 അദ്ധ്യയന വർഷത്തിൽ 44 പ്രതീക്ഷിത ഒഴിവുകൾ ഉണ്ടാകുമെന്ന് കണക്കാക്കുന്നു.

തസ്തികമാറ്റ നിയമനം

273 (1548) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി ജൂനിയർ തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകുമ്പോൾ ആയത് 25 ശതമാനത്തിൽ

അധികരിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

27-07-2019-ലെ GEDN-SC1/86/2019-G.EDN നമ്പർ സർക്കാർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത നിർദ്ദേശം നിലവിലിരിക്കെ അത് മറികടന്ന് ഹയർ സെക്കണ്ടറി ജൂനിയർ തസ്തികയിലേയ്ക്കുള്ള ഇത്തരം നിയമനങ്ങൾ അംഗീകരിക്കുമ്പോൾ അത് 25 ശതമാനം അധികരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ ആയത് കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുമോ?

ആയത് പാലിക്കുന്നതിന് മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

താൽക്കാലിക നിയമനങ്ങൾ

274 (1549) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങൾ, കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും അറിയിക്കുമോ;

(ബി) മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

(എ-സി)വിവരം ശേഖരിച്ചുവരുന്നു.

സാക്ഷരതാ മിഷന്റെ തുല്യതാ പരീക്ഷകൾ വിജയിച്ചവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് നടപടി

275 (1550) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷന്റെ തുല്യതാ പരീക്ഷകൾ എഴുതി വിജയിച്ചവർക്ക് തുടർപഠനത്തിന് സഹായകരമാകും വിധത്തിൽ കാലതാമസമില്ലാതെ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

2022 ആഗസ്റ്റിൽ തുല്യതാ പരീക്ഷകൾ എഴുതുകയും ടി പരീക്ഷകളിൽ പാസാകുകയും ചെയ്തിട്ടുള്ള പഠിതാക്കൾക്ക് തുല്യതാ സർട്ടിഫിക്കറ്റ് അടിയന്തരമായി അനുവദിച്ചുനൽകുന്നതിനുള്ള സത്വര നടപടി കൈക്കൊണ്ടിട്ടുണ്ട്.

(ബി) എസ്.എസ്.എൽ.സി., പ്ലസ്ടു തുല്യതാ പരീക്ഷകളിൽ വിജയിച്ചവർക്ക് യഥാസമയം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാത്തതിനാൽ ഡിഗ്രി തുടങ്ങിയ ഉപരിപഠനത്തിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഇല്ല. തുല്യതാ പഠിതാക്കൾക്ക് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഉപരിപഠനത്തിനായി സർട്ടിഫിക്കറ്റ് അടിയന്തരമായി ആവശ്യപ്പെട്ട പഠിതാക്കൾക്ക് പ്രൊവിഷണൽ സർട്ടിഫിക്കറ്റ് യഥാസമയം അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ യഥാസമയം വിതരണം ചെയ്യുന്നുവെന്ന് സർക്കാർ ഉറപ്പുവരുത്തുമോ; അറിയിക്കുമോ?

തുല്യതാ പഠിതാക്കളുടെ സർട്ടിഫിക്കറ്റ് പ്രിന്റിംഗ് പ്രവൃത്തികൾ കോൺഫിഡൻഷ്യൽ പ്രസ്സിൽ പൂർത്തികരിച്ച് വരുന്നതും, താമസംവിനാ പരീക്ഷാ കേന്ദ്രങ്ങൾ വഴി വിതരണം നടത്തുന്നതുമാണ്.

താൽക്കാലിക നിയമനങ്ങൾ

276 (1551) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച തുക എത്രയാണ്; വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിൽ വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 10 നിയമനങ്ങളും കുടുംബശ്രീ മുഖേന ദിവസവേതനാടിസ്ഥാനത്തിൽ 20 നിയമനങ്ങളും നടത്തിയിട്ടുണ്ട്. 2022 ഒക്ടോബർ മാസം ടി 30 പേർക്ക് വേതനവും ആനുകൂല്യവുമായി 4,69,176/- രൂപ ചെലവായിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ബോർഡുകളിലെ തസ്തികകളിലെ നിയമനങ്ങളും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയത്; വിശദാംശം നൽകാമോ?

നിയമനങ്ങളുടെ വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു.*

തൊഴിലില്ലായ്മ നിരക്ക്

277 (1552) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ തൊഴിലില്ലായ്മാനിരക്ക് എത്ര ശതമാനമാണെന്ന് കാണക്കാക്കിയിട്ടുണ്ടോ?

2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യ 3,34,06,061 ആണ്. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആകെ 27,32,264 തൊഴിൽരഹിതർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലെ ജനസംഖ്യയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികളുടെ എണ്ണവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 8.17 ശതമാനമാണ്.

(ബി) എങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ?

ജനസംഖ്യയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ എണ്ണവും തമ്മിൽ താരതമ്മ്യം ചെയ്യുമ്പോൾ കേരളത്തിലെ ജില്ലാടിസ്ഥാനത്തിലെ തൊഴിലില്ലായ്മ നിരക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഭക്ഷണ വിതരണ ജീവനക്കാരുടെ വേതന വർദ്ധനവും തൊഴിൽ സുരക്ഷയും ഉറപ്പാക്കൽ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

278 (1553) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)എറണാകുളം ജില്ലയിൽ സ്വിഗ്ഗി ഭക്ഷണ വിതരണ ജീവനക്കാരുടെ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വിഗ്ഗി ഫുഡ് ഓൺലൈൻ ഡെലിവറി വർക്കേഴ്സിന്റെ സമരം സംബന്ധിച്ചിട്ടുള്ള മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് എറണാകുളം ജില്ലാ ലേബർ ഓഫീസർ ടി വിഷയത്തിൽ ഇടപെടുകയും 14-11-2022-ന് വ്യവസായ തർക്ക നിയമപ്രകാരം ബന്ധപ്പെട്ട കക്ഷികളുടെ അനുരഞ്ജന ചർച്ച വിളിച്ചുചേർക്കുകയും ചെയ്തു. ടി ചർച്ചയിൽ സമവായമാകാത്തതിനെത്തുടർന്ന് വിഷയത്തിന്റെ പ്രാധാന്യവും തർക്ക കക്ഷികളുടെ താൽപ്പര്യവും മാനിച്ച് വിഷയം ഉന്നതതല ഇടപെടലിനായി എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർക്ക് കൈമാറുകയും ടി വിഷയത്തിൽ എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ 18-11-2022-ൽ അനുരഞ്ജന ചർച്ച നടത്തിയിട്ടുള്ളതുമാണ്. ആയതിൽ തീരുമാനമാകാത്തതിനാൽ 03-12-

2022-ൽ നടന്ന ചർച്ചയും തീരുമാനമാകാതെ പിരിഞ്ഞു. പ്രശ്നപരിഹാരത്തിന് തുടർചർച്ച നടത്തുന്നതാണ്.

(ബി) പ്രസ്തുത ജീവനക്കാർക്ക് വേതന വർദ്ധനവും തൊഴിൽ സുരക്ഷയും ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സ്വീകരിക്കും. തിരുവനന്തപുരം ജില്ലയിൽ ഇതേ വിഷയത്തിൽ ലേബർ കമ്മീഷണർ ഇടപെടുകയും തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനത്തിൽ വർദ്ധനവുവരുത്തി ഒത്തു തീർപ്പാകുകയും ചെയ്തിട്ടുണ്ട്. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ തലത്തിൽ ഈ വിഷയത്തിൽ തീരുമാനമാകാതെവരുന്ന സാഹചര്യത്തിൽ ലേബർ കമ്മീഷണർ തലത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

തൊഴിലാളി സൗഹൃദ സംസ്ഥാനം

279 (1554) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്കിന്റെ വാർഷിക റിപ്പോർട്ടിൽ രാജ്യത്ത് തൊഴിലാളികൾക്ക് ഏറ്റവും കൂടിയ ദിവസ വേതനം നൽകുന്ന സംസ്ഥാനമായി കേരളത്തെ രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 19-11-2022-ൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച "Handbook of Statistics on Indian States, 2021-22" പ്രകാരം കേരളത്തിൽ ജോലി ചെയ്യുന്ന നിർമ്മാണ തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 837.30 രൂപയായി രേഖപ്പെടുത്തിയിട്ടുണ്ട്. ടി തുക മറ്റ് സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് നൽകിവരുന്ന പ്രതിദിന വേതനത്തെക്കാൾ ഉയർന്ന നിരക്കിലാണ്. പ്രസ്തുത വിവരം വിലയിരുത്തുമ്പോൾ രാജ്യത്ത് തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ ദിവസ വേതനം നൽകുന്ന സംസ്ഥാനമായി കേരളത്തെ കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) ഇപ്രകാരം ദേശീയ തലത്തിൽ അംഗീകാരത്തിന് പ്രാപ്തമാക്കുന്ന നിലയിൽ സംസ്ഥാനത്തെ തൊഴിൽ മേഖലയെ മാറ്റുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

ദേശീയ തലത്തിൽ അംഗീകാരത്തിന് പ്രാപ്തമാക്കുന്ന നിലയിൽ സംസ്ഥാനത്തെ തൊഴിൽ മേഖലയെ മാറ്റുകയെന്ന ലക്ഷ്യത്തിലേയ്ക്കായി സംസ്ഥാനത്ത് 87 തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുകയും ആയതിൽ 85 മേഖലകളുടെ മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. 2016 ജൂൺ മുതൽ 2022 ഒക്ടോബർ വരെ 66 മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുകയും പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. മിനിമം വേതനം നിശ്ചയിക്കുന്നതിനും കാലോചിതമായി അവ പുതുക്കുന്നതിനുമായി മിനിമം വേജസ് അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കുകയും മിനിമം വേതന നിയമം അനുശാസിക്കുന്ന രീതിയിൽ തൊഴിലാളി-തൊഴിലുടമ പ്രതിനിധികളിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശേഖരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. മിനിമം വേതനം നിശ്ചയിക്കുമ്പോൾ അടിസ്ഥാന വേതനത്തിന് പുറമെ ക്ഷാമബത്തയും ഉൾപ്പെടുന്നുണ്ട്. ടി ക്ഷാമബത്ത വ്യത്യാസപ്പെടുന്നതനുസരിച്ച് പ്രതിദിന വേതനത്തിൽ വർദ്ധനവുണ്ടാകുന്നു. സംസ്ഥാനത്ത് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള നിർമ്മാണ മേഖല,

ഫിനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ്, പ്രൈവറ്റ് ഹോസ്പിറ്റൽസ്, മൈനർ പോർട്ട്, സെയിൽസ് പ്രൊമോഷൻ ഓഫ് ഫാർമസ്യൂട്ടിക്കൽസ് പ്രോഡക്ട്സ്, ഫോറസ്റ്റ്, കേബിൾ ടി.വി തുടങ്ങിയ മേഖലകളിൽ നിലവിലെ പ്രതിദിന വേതനം 700/-രൂപയ്ക്ക് മുകളിലാണ്. തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കാറുമുണ്ട്. കൂടാതെ സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽ മേഖലകളായ കയർ, ഫിഷറീസ്, കൈത്തറി, ഖാദി, ഈറ്റ, പനമ്പ്, ബീഡി & സിഗാർ എന്നീ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനത്തിലെ അന്തരം പരിഹരിക്കുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമും വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

(സി) തൊഴിലാളി സൗഹൃദ സംസ്ഥാനം എന്ന നിലയിൽ ഇവിടേയ്ക്ക് എത്തുന്ന അതിഥി തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി നടത്തുന്ന പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് താമസിച്ച് ജോലി ചെയ്യുവരുന്ന എല്ലാ അതിഥി തൊഴിലാളികൾക്കും ശുചിത്വവും സുരക്ഷിതത്വവുമുള്ള താമസ സൗകര്യം ഉറപ്പുവരുത്തുന്നതിനായി ഗസ്റ്റ് വർക്കേഴ്സ് ഫ്രണ്ട്ലി റസിഡൻസ് ഇൻ കേരള (ആലയ്), അപ്നാഘർ എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ഇതരസംസ്ഥാന തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ചുണ്ടാകുന്ന പരാതികളിൽ പരിഹാരം കാണുന്നതിനും ബാങ്കിംഗ്, ആരോഗ്യ, യാത്ര സംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും പരിഹാരം കാണുന്നതിനുമായി എല്ലാ ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ടി ഫെസിലിറ്റേഷൻ സെന്റർ വഴി തൊഴിലാളികൾക്ക് അർഹമായ നിയമ പരിരക്ഷയെക്കുറിച്ച് ബോധവത്കരിക്കുന്നതിനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒരു പരിധിവരെ ഒഴിവാക്കുന്നതിനും കഴിയുന്നുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി ജില്ലാ ലേബർ ഓഫീസറുടെ

നേതൃത്വത്തിൽ ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ ഉൾപ്പെട്ട മെഡിക്കൽ ടീമിനെ ഉൾക്കൊള്ളിച്ചുകൊണ്ട് മെഡിക്കൽ ക്യാമ്പുകൾ നടത്താറുണ്ട്.

സമൂഹത്തിന് മഹാവിപത്തായി മാറിക്കൊണ്ടിരിക്കുന്ന ലഹരിയുടെ ഉപയോഗം സംബന്ധിച്ച് അതിഥി തൊഴിലാളികളുടെ ഇടയിൽ വ്യാപകമായ പ്രചാരണം നടത്തുന്നതിന് തൊഴിൽ വകുപ്പിന്റെ 'കവച് 2022' എന്ന പേരിലുള്ള പരിപാടിയിലൂടെ സാധിച്ചു.

മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് എത്തുന്ന അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി ആവാസ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ അതിഥി തൊഴിലാളികളുടെ വിവര ശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡ് വിതരണവും ആരോഗ്യ പരിരക്ഷയുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 31-08-2022 വരെ 516320 ഇതര സംസ്ഥാന തൊഴിലാളികൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ തൊഴിലും ക്ഷേമവും ഉറപ്പു വരുത്തുന്നതിനായി 1979-ലെ Interstate Migrant Workmen (Regulation of Employment & Conditions of Service) Act-ഉം നിലവിലുണ്ട്. കൂടാതെ

കേരള കൂടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ നിന്നും അതിഥി തൊഴിലാളികൾക്ക് മരണാനന്തര ആനുകൂല്യം, ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം, ആശ്വാസ ധനസഹായം, ചികിത്സാ ധനസഹായം, ടെർമിനൽ ബെനിഫിറ്റ്, വിദ്യാഭ്യാസ ഗ്രാന്റ്, പ്രസവ ധനസഹായം എന്നീ ആനുകൂല്യങ്ങളും അർഹതയ്ക്കനുസരിച്ച് നൽകിവരുന്നുണ്ട്.

തൊഴിൽ-നൈപുണ്യ വികസനത്തിനായുള്ള കേന്ദ്രങ്ങൾ

280 (1555) ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ-നൈപുണ്യ വികസനത്തിനായുള്ള കേന്ദ്രങ്ങളായി രൂപപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളായി രൂപപ്പെടുത്തുന്നതിന് നാഷണൽ എംപ്ലോയ്മെന്റ്

സർവ്വീസ് വകുപ്പ് മുഖേന സംസ്ഥാനത്തെ 11 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു.

ഗ്രാമീണ മേഖലയിലെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്കായി 7 കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, കൊല്ലം ജില്ലയിലെ കൊട്ടാരക്കര, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ എന്നിവിടങ്ങളിൽ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു.

തിരുവനന്തപുരം, യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയോടൊപ്പം ഒരു മോഡൽ കരിയർ സെന്ററും ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു.

(ബി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന അഭ്യസ്തവിദ്യരായ യുവജനങ്ങളെ തൊഴിലിന് പ്രാപ്തരാക്കുന്നതിനായി എന്തെല്ലാം പരിശീലനങ്ങളാണ് നൽകിവരുന്നത്?

എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ-മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ-ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.

(സി) ഇതിനോടനുബന്ധിച്ച് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ?

എംപ്ലോയബിലിറ്റി സെന്ററുകളുടെ HRD പ്രവർത്തനങ്ങളും Hardware purchase-ഉം KASE ആണ് ചെയ്തുകൊണ്ടിരിക്കുന്നത്. എംപ്ലോയബിലിറ്റി

സെന്ററിലെ HRD പ്രവർത്തനങ്ങൾ നിർവ്വഹിച്ചിരുന്ന കമ്പനികളുടെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ HRD പ്രവർത്തനം എംപ്ലോയ്മെന്റ് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. എംപ്ലോയ്മെന്റ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം 31-07-2022 വരെ KASE മുഖാന്തരം എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനത്തിന് ആവശ്യമായ തുക അതതു ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് നൽകിയിരുന്നു.

ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ദിവ്യാഗത്വമുള്ളവർ

281 (1556) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളവരും ദിവ്യാഗത്വമുള്ളവരുമായ എത്ര പേരുണ്ടെന്ന് അറിയിക്കുമോ?

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരും ദിവ്യാഗത്വമുള്ളവരുമായ 1818 പേരുണ്ട്.

(ബി) ഇത്തരത്തിൽ അംഗപരിമിതരായ എത്രപേർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമന ശിപാർശകൾ നടത്തിയിട്ടുണ്ട്; അവരുടെ പേരും മേൽവിലാസവും സഹിതം വിവരങ്ങൾ ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ദിവ്യാഗത്വമുള്ളവരായ 29 പേർക്ക് നിയമനശിപാർശകൾ നടത്തിയിട്ടുണ്ട്. അവരുടെ പേരും മേൽവിലാസവും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ഐ. ടി. ഐ. കളിലെ കോഴ്സുകൾ പരിഷ്കരിക്കുന്നതു സംബന്ധിച്ച്

282 (1557) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വ്യാവസായിക പരിശീലന കേന്ദ്രങ്ങളിലെ കോഴ്സുകൾ ഇന്നത്തെ കാലഘട്ടത്തിനനുസൃതമായി പരിഷ്കരിക്കുമോ; നിർമ്മാണമേഖലയെ കേന്ദ്രീകരിച്ചുകൊണ്ട് കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.-കളിൽ പരിശീലനം നടത്തുന്ന ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം (CTS) പ്രകാരമുള്ള

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴ്സുകൾ പരിഷ്കരിക്കുന്നത് ഡൽഹി ആസ്ഥാനമായുള്ള ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (DGT) ആണ്. ആഗോളതലത്തിൽ തൊഴിൽ സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് വിവിധ മേഖലകളിലായി 13 ന്യൂജെൻ കോഴ്സുകൾ ഡി ജി ടി തയ്യാർ ചെയ്തിട്ടുണ്ട്. വകുപ്പിന് കീഴിൽ ഇനി പുതിയതായി ആരംഭിക്കുന്ന ഐ.ടി.ഐ.-കളിൽ ഇത്തരത്തിലുള്ള കോഴ്സുകൾ ആരംഭിക്കുന്നതാണ്. നിലവിൽ നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട് കാർപ്പെന്റർ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ആർക്കിടെക്ചറർ ഡ്രാഫ്റ്റ്സ്മാൻ, സർവ്വേയർ, പെയിന്റർ ജനറൽ, ഇന്റീരിയർ ഡിസൈൻ ആൻഡ് ഡെക്കറേഷൻ മുതലായ കോഴ്സുകളിൽ പരിശീലനം നൽകിവരുന്നു. പുതിയ പ്രൊപ്പോസലുകൾ ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനങ്ങൾ

283 (1558) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ നിലവിലുള്ള താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ല നടക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ വിവിധ വകുപ്പുകളിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്താൻ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്.

സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ/ കമ്പനികൾ/ കോർപ്പറേഷനുകൾ/ സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾക്ക്

വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/തലവൻമാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും കാലാകാലങ്ങളിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപന പരിശോധനകൾ നടത്തുകയും, അനധികൃത നിയമനങ്ങൾ റദ്ദ് ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് അറിയിച്ച് നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗദായകന് നിർദ്ദേശം നൽകുകയും ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ യഥാസമയം സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മറികടന്ന് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും അനധികൃത താൽക്കാലിക നിയമനങ്ങൾ നടത്തുന്നുവെന്ന ആക്ഷേപം തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് നിഷ്കർഷിക്കും

പ്രകാരവും അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള സർക്കാർ നിർദേശങ്ങൾ പ്രകാരവും നടപടി സ്വീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) താൽക്കാലിക നിയമനങ്ങൾ എത്ര കാലത്തേക്കാണ് നടത്താറുള്ളത്; ഇതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

നിലവിലുള്ള നിയമപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനം പരമാവധി 179 ദിവസത്തേക്കാണ്. ദിവസവേതനം, പ്രതിമാസവേതനം, സ്ഥിരമാകാൻ സാധ്യതയുള്ള താത്കാലിക ഒഴിവുകൾ എന്നിങ്ങനെ അതത് സ്ഥാപനങ്ങളുടെ സ്പെഷ്യൽ റൂളുകൾക്ക് വിധേയമായും സർക്കാർ ഉത്തരവുകൾക്ക് വിധേയമായും ഒരു നിശ്ചിത കാലാവധി കണക്കാക്കി വകുപ്പുകൾ/സ്ഥാപനങ്ങൾ അറിയിക്കുന്ന ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പരിപാലിച്ച് പോരുന്ന സാമുദായിക സംവരണ പട്ടിക അനുസരിച്ച് സീനിയോറിറ്റി, യോഗ്യത, വയസിളവ്, സംവരണം, മുൻഗണന മറ്റ് മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ യോഗ്യരായ ഉദ്യോഗാർഥികളുടെ നാമനിർദ്ദേശ പട്ടിക തയാറാക്കി ഉദ്യോഗദായകന് നൽകുക എന്നതാണ് എംപ്ലോയ്മെന്റ് വകുപ്പിന്റെ ചുമതല .ആയതിൽ നിന്നും അതാതു സ്ഥാപനങ്ങളുടെ നിയമന

മാനദണ്ഡങ്ങൾക്കനുസൃതമായി ടെസ്റ്റ്/ഇന്റർവ്യൂ നടത്തി യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി നിയമനം നൽകുന്നത് ഉദ്യോഗദായകരാണ്. 179 ദിവസത്തിനുശേഷവും ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് ഒഴിവുകൾ മുൻകൂട്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിച്ച് നികത്തുന്നതിനാണ് വ്യവസ്ഥ.

(ഇ) ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യാത്തത് കൊണ്ടാണോ എക്സ്ചേഞ്ച് വഴിയല്ലാതെ ഇപ്രകാരം നിയമനങ്ങൾ വ്യാപകമായി നടക്കുന്നത്; വിശദമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പരിപാലിച്ച് പോരുന്ന സാമുദായിക സംവരണ പട്ടിക അനുസരിച്ച് സീനിയോറിറ്റി,യോഗ്യത, വയസിളവ് ,സംവരണം,മുൻഗണന മറ്റ് മാനദണ്ഡങ്ങൾ എന്നിവയ്ക്കനുസൃതമായി യോഗ്യരായ ഉദ്യോഗാർഥികളുടെ നാമനിർദ്ദേശ പട്ടിക തയ്യാറാക്കി ഉദ്യോഗദായകന് യഥാസമയം എംപ്ലോയ്മെന്റ് വകുപ്പ് നൽകുന്നുണ്ട്. എന്നാൽ അനധികൃത നിയമനങ്ങൾ നടത്തുന്നതായി വ്യക്തികൾ/സംഘടനകൾ പരാതി നൽകുകയോ, വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുകയോ ചെയ്യുന്ന പക്ഷം വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ്

ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപന പരിശോധനകൾ നടത്തുകയും, അനധികൃത നിയമനങ്ങൾ റദ്ദ് ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് അറിയിച്ച് നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗദായകന് നിർദ്ദേശം നൽകുകയും ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ യഥാസമയം സ്വീകരിക്കുകയും ചെയ്യാറുണ്ട്.

ഐ.ടി.ഐ. പ്രവേശനം പ്ലസ് വൺ ഏകജാലക സംവിധാന മാതൃകയിലാക്കാനുള്ള നടപടി

284 (1559) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി.ഐ. പ്രവേശനത്തിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കുമോ?

ഐ.ടി.ഐ. പ്രവേശനത്തിനായി അതാത് വർഷങ്ങളിൽ പുറത്തിറക്കുന്ന പ്രോസ്പെക്ടസിൽ പ്രവേശനത്തിനായുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോസ്പെക്ടസിലെ പ്രസക്തഭാഗങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിലവിലുള്ള വ്യവസ്ഥ പ്രകാരം ഒരു സ്ഥാപനത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥിക്ക് സൗകര്യപ്രദമായ മറ്റൊരു ഐ.ടി.ഐ . യിൽ ഒഴിവുണ്ടെങ്കിൽ ട്രാൻസ്ഫർ അനുവദിക്കാൻ വ്യവസ്ഥയില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ഐ.ടി.ഐ.-യിൽ അഡ്മിഷനായ മുഴുവൻ കുട്ടികളുടെയും ഡാറ്റ NCVT MIS പോർട്ടൽ വഴി ഡി.ജി.റ്റി. – യുടെ സെർവറിലാണ് സൂക്ഷിക്കുന്നത്. സ്റ്റേറ്റ് ലെവലിൽ ഒരു അപ്രൂവർ, ക്രിയേറ്റർ ഐ.ഡി.-കളാണ് ഡി.ജി.റ്റി. ലഭ്യമാക്കിയിരിക്കുന്നത്. ഈ ഐ.ഡി.കൾക്ക് അനുവദിച്ചു തന്നിരിക്കുന്ന പ്രിവിലെജുകളിൽ ട്രാൻസ്ഫർ എന്ന പ്രിവിലേജ് നൽകിയിട്ടില്ല. ആയതിനാൽ ഇത്തരത്തിൽ ട്രാൻസ്ഫർ നൽകേണ്ടി വരികയാണെങ്കിൽ NCVT MIS പോർട്ടൽ വഴി ഡി.ജി.റ്റി സെർവറിലെ ഡാറ്റാ ബേസിലും ഈ മാറ്റങ്ങൾ വരേണ്ടതായിട്ടുണ്ട്. ഇക്കാര്യം ഡി.ജി.റ്റി.യുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതാണ്.

(സി) ഐ.ടി.ഐ. പ്രവേശനം വിദ്യാർത്ഥി സൗഹൃദമാക്കുന്നതിനുവേണ്ടി പ്ലസ് വൺ മാതൃകയിലാക്കുന്ന കാര്യം

പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പ്ലസ് വൺ പ്രവേശനത്തിനായുള്ള ഏക ജാലക ഓൺലൈൻ സംവിധാനം പൂർണ്ണമായും ഓൺലൈൻ രീതിയിലാണ് നടപ്പിലാക്കുന്നത്. എന്നാൽ ഐ.ടി.ഐ. പ്രവേശനത്തിനായുള്ള ഓൺലൈൻ സംവിധാനം അപേക്ഷ സമർപ്പണം വരെ മാത്രമേ ഓൺലൈൻ രീതിയിൽ നടപ്പിലാക്കുന്നുള്ളൂ. അപേക്ഷ സമർപ്പണത്തിനുശേഷം അപേക്ഷ വിവരങ്ങളുടെ പരിശോധന, റോസ്റ്ററിങ്, അഡ്മിഷൻ, ഫീസ് ഒടുക്കൽ എന്നിവ മാന്വൽ ആയാണ് നടപ്പിലാക്കുന്നത്. ഐടിഐകളിൽ പ്രവേശനത്തിന് SSLC ജയിച്ചവർക്കും പരാജയപ്പെട്ടവർക്കും അപേക്ഷിക്കാവുന്നതാണ്. ഐ.ടി.ഐ.-കളിൽ അപേക്ഷിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 14 വയസ്സാണ്. ഉയർന്ന പ്രായ പരിധിയില്ല. ഒന്നിൽ കൂടുതൽ ജില്ലകളിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. മെടിക്, നോൺ മെടിക്, എഞ്ചിനീയറിംഗ്, നോൺ എഞ്ചിനീയറിംഗ് വിഭാഗങ്ങളിലായി 71 ട്രേഡുകളിലേക്ക് അപേക്ഷിക്കാവുന്നതാണ്. ഓൺലൈൻ സംവിധാനത്തിലൂടെ സർക്കാർ ഐടിഐകളിലേക്ക് മാത്രമേ അപേക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. എയ്ഡഡ് വിഭാഗത്തിൽ ഐടിഐകൾ

നിലവിലില്ല. പുറമെ ഐ.ടി.ഐകളിൽ പ്രവേശനത്തിനായി 100 പോയിന്റ് റോസ്റ്ററിംഗ് രീതിയാണ് അവലംബിക്കുന്നത്. പ്ലസ് വൺ പ്രവേശന ത്തിന് ബോണസ് പോയിന്റിന് അർഹതയുള്ള വിഭാഗം, സീറ്റ് സംവരണ വിഭാഗം എന്നിവ ഐടിഐ പ്രവേശനവുമായി വ്യത്യാസമുള്ള താണ്. പട്ടികജാതി / പട്ടികവർഗ്ഗ ഗോത്ര വിഭാഗത്തിൽ പെട്ടവർക്കുവേണ്ടി മാത്രവും, തൊഴിലാളി ക്ഷേമനിധി ബോർഡ് ശിപാർശ ചെയ്യുന്നവർക്ക് മാത്രമായും തെരെഞ്ഞെടുത്ത ഐടിഐകളിൽ നടത്തുന്ന പ്രത്യേക ബാച്ചുകൾ, സംവരണക്രമത്തിനുപരിയായി വിവിധ വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള സീറ്റുകൾ, മേജർ/മൈനർ ഐടിഐകളുടെ എണ്ണത്തിലെ വ്യത്യാസം ഇവയെല്ലാം ഐടിഐ പ്രവേശനത്തെ പ്ലസ് വൺ പ്രവേശന രീതിയുമായി വേർതിരിച്ചു നിർത്തുന്നവയാണ് .

ഇത്തരത്തിൽ രണ്ടു രീതികളും തമ്മിൽ അന്തരമുള്ളതിനാൽ ഐ.ടി.ഐ പ്രവേശന രീതി പ്ലസ് വൺ മാതൃകയിൽ പൂർണ്ണമായും നടപ്പിലാക്കുവാൻ കഴിയുകയില്ല. നിലവിൽ പ്ലസ് വൺ മാതൃകയിൽ ക്യാൻഡിഡേറ്റ് ലോഗിനിലൂടെയുള്ള ഓൺലൈൻ അപേക്ഷ സമർപ്പണം വരെ നടപ്പിലാക്കിയിട്ടുണ്ട്. ഐ.ടി.ഐ പ്രവേശനം വിദ്യാർത്ഥി സൗഹൃദമാക്കുന്നതിനായി ഭാവിയിൽ റോസ്റ്ററിംഗ്, അഡ്മിഷൻ, ഫീസ്

ഒടുക്കൽ എന്നിവ ഉൾപ്പെടെ പൂർണ്ണ രീതിയിൽ ഐടിഐ പ്രവേശന മാനദണ്ഡങ്ങൾ ക്രമപ്രകാരമായി ഓൺലൈനായി നടപ്പിലാ ക്കുന്നതിനുള്ള നടപടി കൈക്കൊള്ളു ന്നതാണ്.

ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ ശലഭ പാർക്ക്

285 (1560) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററിനോട് അനുബന്ധിച്ച് ശലഭ പാർക്ക് നിർമ്മിക്കുന്നതിനുള്ള ഭൂമിക്ക് ഉപയോഗാനുമതി നൽകുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

നെയ്യാറ്റിൻകര താലൂക്കിൽ മലയിൻകീഴ് വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ റീ-സർവ്വേ നമ്പർ 6/7ൽപ്പെട്ടതും, വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ളതുമായ ഭൂമിയാണ് മലയിൻകീഴ് ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി വ്യാവസായിക പരിശീലന വകുപ്പിന് ഉപയോഗാനുമതിയാണ് ലഭ്യമായിട്ടുള്ളത്. ഐ.ടി.ഐ. നടത്തിപ്പിനായി അനുവദിച്ച് തന്നിട്ടുള്ള

പ്രദേശത്ത് ചിത്രശലഭ പാർക്ക് നിർമ്മിക്കുന്നത് സംബന്ധിച്ച ശിപാർശ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

മഞ്ചേരിയിൽ പുതിയ ഐ.ടി.ഐ.

286 (1561) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരിയിൽ പുതിയ ഗവൺമെന്റ് ഐ.ടി.ഐ. സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ പുതിയ ഗവൺമെന്റ് ഐ.ടി.ഐ. ആരംഭിക്കുന്നതിനായുള്ള ശിപാർശ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

തിരുവമ്പാടി ഗവ: ഐ.ടി.ഐ.ക്ക് കെട്ടിടം

287 (1562) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തിരുവമ്പാടി ഗവ: ഐ.ടി.ഐ. ക്ക് കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ ഫണ്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) എങ്കിൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) തിരുവമ്പാടി ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിനായി 6.75 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചിരുന്നു. ടി ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണം 32% പൂർത്തീകരിച്ചിട്ടുണ്ട്. സാങ്കേതികാനുമതിയ്ക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ നിന്നും റൂഫ്, സ്ലാബ്, ബീം എന്നിവയുടെ അളവുകൾ ഒഴിവാക്കിയിട്ടുള്ളതിനാൽ അനുവദിച്ച തുകയ്ക്കുള്ളിൽ നിന്നുകൊണ്ട് വർക്ക് പരിമിതപ്പെടുത്താനും കെട്ടിടം പ്രവർത്തനക്ഷമമാക്കുന്നതിന് രണ്ടാം നില ഒഴിവാക്കിക്കൊണ്ട് റിവൈസ്ഡ് എസ്റ്റിമേറ്റ് അനുമതിക്കായി ഉടൻ ലഭ്യമാക്കുന്നതാണെന്ന് പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇപ്രകാരം പുതുക്കിയ ശിപാർശ ടെയിനിംഗ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം

288 (1563) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് 12 കോടി രൂപ ചെലവിൽ നവീകരിക്കുന്ന മലമ്പുഴ ഗവ: ഐ.ടി.ഐ.-യുടെ നിർമ്മാണ പ്രവർത്തികൾ ഇപ്പോൾ സ്തംഭനാവസ്ഥയിലാണ് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ സമയബന്ധിതമായി പണികൾ നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

കിഫ്ബി ഫണ്ട് വിനിയോഗിച്ച് മലമ്പുഴ ഐ.ടി.ഐ.-യിൽ നിർമ്മിച്ചുവരുന്ന പുതിയ കെട്ടിടത്തിന്റെ ആർ.സി.സി സ്ട്രക്ചർ 100% പൂർത്തീകരിച്ചിട്ടുണ്ട്. പുറം ചുമരിന്റെ പ്ലാസ്റ്ററിംഗ് പണികളും, തറ ടൈൽസ് പാകുന്ന പണികളും പുരോഗമിക്കുന്നു. ചില സാങ്കേതിക കാരണങ്ങളാൽ നിർമ്മാണത്തിന് കാലതാമസം നേരിടേണ്ടി വന്നിട്ടുണ്ടെങ്കിലും സമയബന്ധിതമായി പണികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ എസ്.പി.വി. ആയിട്ടുള്ള കെ.എ.എസ്.ഇ. -ൽ ടെക്നിക്കൽ കമ്മിറ്റി ഇല്ലാത്തത് മൂലം റിവൈസ്ഡ് എസ്റ്റിമേറ്റ് പാസ്സാവാത്തത് ഈ പ്രവൃത്തിയെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

കെ.എ.എസ്.ഇ -ലെ ടെക്നിക്കൽ കമ്മിറ്റിയിലെ വിദഗ്ധരായ ചില അംഗങ്ങളുടെ വിരമിക്കൽ/ അഭാവം എന്നിവയെ തുടർന്ന് കമ്മിറ്റി പുനഃക്രമീകരിക്കുന്നതിനായുള്ള ശിപാർശ സർക്കാർ പരിഗണനയിലാണ്. കമ്മിറ്റി പുനഃസംഘടിപ്പിച്ചതിന് ശേഷം പുതിയ കമ്മിറ്റി വിളിച്ചു ചേർത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഐ.ടി.ഐ.കളിലെ ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവുകൾ

289(1564) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.കളിൽ ജൂനിയർ ഇൻസ്ട്രക്ടർ (സിവിൽ) തസ്തികയിൽ 2023 ഡിസംബർ വരെ റിട്ടയർമെന്റ്, പ്രമോഷൻ എന്നിവ വഴി പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയെന്ന് അറിയിക്കുമോ;

2023 ഡിസംബർ വരെയുള്ള കാലയളവിൽ റിട്ടയർമെന്റ് മുഖേന രണ്ട് ഒഴിവുകൾ പ്രതീക്ഷിക്കുന്നു. അവയിൽ ഒന്ന് വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നടത്തേണ്ട ഒഴിവും, ഒന്ന് നേരിട്ടുള്ള നിയമനം വഴി നികത്തേണ്ടതുമാണ്.

(ബി) ജൂനിയർ ഇൻസ്ട്രക്ടർ (സിവിൽ) തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചുവെന്നും ലിസ്റ്റിന്റെ കാലാവധി ഏതുവരെയാണെന്നും വ്യക്തമാക്കുമോ;

ഉണ്ട്. ടി ലിസ്റ്റിൽ നിന്നും 83 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിന് 01.11.2024 വരെ പ്രാബല്യമുണ്ട്.

(സി) പുതുതായി ജൂനിയർ ഇൻസ്ട്രക്ടർ (സിവിൽ) തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

പുതുതായി ജൂനിയർ ഇൻസ്ട്രക്ടർ (സിവിൽ) തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർതലത്തിൽ പരിശോധിച്ചു വരികയാണ്.

പുഴക്കാട്ടിരി സർക്കാർ ഐ.ടി.ഐ.യ്ക്ക് സ്വന്തമായി കെട്ടിടം

290(1565) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ പുഴക്കാട്ടിരി സർക്കാർ ഐ.ടി.ഐ.യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിയ്ക്കാനുള്ള നടപടിയുടെ നിലവിലത്തെ സ്ഥിതി അറിയിക്കുമോ; കെട്ടിട നിർമ്മാണത്തിനായി മുൻപ്

നിശ്ചയിച്ചിരുന്നതും എന്നാൽ അനുയോജ്യമല്ലെന്ന് കണ്ടെത്തിയതുമായ സ്ഥലത്തിനുപകരം പുതിയ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പുഴക്കാട്ടിരി സർക്കാർ ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമ്മിയ്ക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇതിനായി എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ദീർഘനാളായി യാതൊരു പുരോഗതിയും കൈവരിച്ചിട്ടില്ലാത്ത ഈ വിഷയത്തിൽ സ്ഥലം നിശ്ചയിച്ച് പ്രവൃത്തി ആരംഭിയ്ക്കുന്നതിന് സർക്കാർ എന്തെല്ലാം തുടർ നടപടികളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) കെട്ടിടം നിർമ്മിക്കാനാവശ്യമായ ഭൂമി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. പുഴക്കാട്ടിരി സർക്കാർ ഐ.ടി.ഐ.യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി മങ്കട വില്ലേജിൽ കടന്നമണ്ണ ദേശത്ത് 3.82 ഏക്കർ ഭൂമി അനുവദിച്ചിരുന്നുവെങ്കിലും ടി സ്ഥലം പാറക്കെട്ട് നിറഞ്ഞതാകയാൽ കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായിരുന്നില്ല. ആയതിനാൽ കെട്ടിട നിർമ്മാണത്തിനായി മൂർക്കനാട് പഞ്ചായത്തിൽ 1.2 ഏക്കർ സ്ഥലം നൽകാമെന്ന് ഗ്രാമ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ടി ഭൂമി ലഭ്യമാക്കുന്നതിനായി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

വേങ്ങരയിൽ അനുവദിച്ച ഐ.ടി.ഐ. പ്രവർത്തനം തുടങ്ങുന്നതിന് നടപടി

291(1566) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങരയിൽ 2015-ൽ അനുവദിച്ച ഐ.ടി.ഐ. ഊരകം പഞ്ചായത്ത് നൽകാമെന്ന് ഏറ്റിട്ടുള്ള സ്ഥലത്തു പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഐ.ടി.ഐ.കൾ പ്രവർത്തനം ആരംഭിക്കുന്നതിനായി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് ന്യൂഡൽഹി അനുശാസിക്കുന്ന പ്രകാരമുള്ള 1.07 ഏക്കർ സ്ഥലം ബന്ധപ്പെട്ട പഞ്ചായത്ത് സൗജന്യമായി നൽകുകയും ഇതിൽ ഐ.ടി.ഐ യ്ക്ക് സ്വന്തമായി കെട്ടിടം പണിതീർത്ത് ആയതിലേയ്ക്ക് ഐ.ടി.ഐ മാറുന്നതുവരെ ഐ.ടി.ഐ താല്ക്കാലികമായി പ്രവർത്തനമാരംഭിയ്ക്കുന്നതിന് ട്രേഡുകളും ഓഫീസും പ്രവർത്തിക്കുന്നതിനുള്ള താല്കാലിക കെട്ടിടം, കറന്റ് കണക്ഷൻ, വാട്ടർ കണക്ഷൻ മുതലായവ പഞ്ചായത്തിന്റെ ചെലവിൽ നൽകേണ്ടതുമുണ്ട്. ഇതിലേക്കായുള്ള നടപടികൾ ഊരകം പഞ്ചായത്ത് പൂർത്തിയാക്കി, ശിപാർശ ട്രെയിനിംഗ്

ഡയറക്ടർ മുഖാന്തിരം സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

ഐ.ടി.ഐ. കളിൽ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി

292(1567) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ വനിത ഐ.ടി.ഐ., മാളിക്കടവ് ഐ.ടി.ഐ. എന്നിവിടങ്ങളിൽ നിലവിലുള്ള കോഴ്സുകളുടെ വിശദംശം ലഭ്യമാക്കുമോ;

വനിത ഐ.ടി.ഐ കോഴിക്കോട്, മാളിക്കടവ് ഐ.ടി.ഐ എന്നിവിടങ്ങളിൽ നിലവിലുള്ള കോഴ്സുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഗവ.ഐ.ടി.ഐ (വനിത) കോഴിക്കോട് (നിലവിലുള്ള കോഴ്സുകൾ)

ഇലക്ട്രോണിക്ക് മെക്കാനിക്ക്, സർവ്വെയർ, സെക്രട്ടേറിയൽ പ്രാക്ടീസ് (ഇംഗ്ലീഷ്), ഡെസ്ക് ടോപ്പ് പബ്ലിഷിംഗ് ഓപ്പറേറ്റർ, കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്, ഫാഷൻ ഡിസൈൻ ആന്റ് ടെക്നോളജി, ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്, കമ്പ്യൂട്ടർ ഹാർഡ് വെയർ ആന്റ് നെറ്റ് വർക്ക് മെയിന്റനൻസ്, ഇന്റീരിയർ ഡിസൈൻ ആന്റ് ഡെക്കറേഷൻ,

ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി സിസ്റ്റം മെയിന്റനൻസ്, കോസ്മറ്റോളജി, ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നിവ

ഗവ.ഐ.ടി.ഐ കോഴിക്കോട് (നിലവിലുള്ള കോഴ്സുകൾ)

മെക്കാനിക് ഡീസൽ, ഇലക്ട്രീഷ്യൻ, റഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ് ടെക്നീഷ്യൻ, ഫിറ്റർ, ടർണർ, ഇലക്ട്രോണിക്സ് മെക്കാനിക്ക്, സ്റ്റെനോഗ്രാഫർ സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഇംഗ്ലീഷ്), മെഷിനിസ്റ്റ്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക്ക് ആട്ടോ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, മെക്കാനിക്ക് കൺസ്യൂമർ ഇലക്ട്രോണിക്ക് അപ്ലയൻസസ്, സർവ്വെയർ, വയർമാൻ, ഷീറ്റ് മെറ്റൽ വർക്കർ, പ്ലംബർ, വെൽഡർ, കാർപെന്റർ എന്നിവ.

(ബി) പ്രസ്തുത ഐ.ടി.ഐ. കളിൽ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് നൂതന കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിൽ

293 (1568) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത്; എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം എത്രയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്രപേർക്ക് തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്; എത്ര സ്ഥാപനങ്ങളിൽ, എത്ര പേർക്ക് ; ഏതെല്ലാം തസ്തികളിൽ നിയമനം നൽകാൻ സാധിച്ചു എന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന **14,330** (പതിനാലായിരത്തി മുന്നൂറ്റി മുപ്പത്) പേർക്ക് തൊഴിൽ നൽകുന്നതിന് സാധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ശേഖരിച്ച് വരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യോഗ്യതയുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ

294 (1569) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി നിയമനത്തിന് യോഗ്യതയുള്ള ഭിന്നശേഷിക്കാരായ എത്ര ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചും യോഗ്യത നേടിയ വിഷയം തിരിച്ചും വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി നിയമനത്തിന് യോഗ്യതയുള്ള ഭിന്നശേഷിക്കാരായ 596 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ജില്ല തിരിച്ചും യോഗ്യത നേടിയ വിഷയം തിരിച്ചും അനുബന്ധമായി ചേർക്കുന്നു.+

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണം

295 (1570) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ;

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചാക്കി നവീകരിച്ചിട്ടുണ്ട്. മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചാക്കി മാറ്റിയതിന്റെ അടിസ്ഥാനത്തിൽ സ്മാർട്ട് കാർഡ്, ഇൻഫർമേഷൻ കിയോസ്ക്, ടോക്കൺ സിസ്റ്റം എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ഹൗസിങ് ബോർഡ് കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, മേഖല എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം എന്നീ ഓഫീസുകൾ കെ.എസ്.ആർ.ടി.സി. ടെർമിനലിലേക്ക് മാറ്റി നവീകരിച്ചിട്ടുണ്ട്.എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണത്തിന്റെ ഭാഗമായി സമന്വയ പദ്ധതി പ്രകാരം എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടിയുള്ള കോച്ചിംങ് കം ഗൈഡൻസ് സെന്ററുകളിൽ കമ്പ്യൂട്ടർ ലാബ് സജ്ജീകരണത്തിനായുള്ള കമ്പ്യൂട്ടറുകൾ വിതരണം ചെയ്തിട്ടുണ്ട്. പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുന്നതിലേയ്ക്കായി

എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ ഒരു ലാപ് ടോപ്പും, പ്രിന്ററും അനുവദിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കോച്ചിങ് കം ഗൈഡൻസ് സെന്ററുകളിൽ കമ്പ്യൂട്ടർ ലാബ് സജ്ജീകരണം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ നേമം നിയോജക മണ്ഡലത്തിൽ കരമനയിലും, തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജകമണ്ഡലത്തിൽ മുള്ളൂർക്കരയിലും പുതിയതായി കരിയർ ഡവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കേരളത്തിലെ സാമ്പ്രദായിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നവീകരിച്ച് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത www.eemployment.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. ടി പോർട്ടൽ മുഖാന്തിരം ഉദ്യോഗാർത്ഥികൾക്ക് എവിടെ നിന്നും ഏതു സമയവും വകുപ്പിന്റെ സേവനങ്ങൾ ലഭ്യമാണ്.

കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുന്നതിനും ടി ഓഫീസുകളിൽ നിന്നും നൽകുന്ന സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ കൂടുതൽ വേഗത്തിലും, കൂടുതൽ സുതാര്യമായും ലഭ്യമാക്കുന്നതിനും എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി കഴിഞ്ഞു.

ഇതിനുപുറമെ മൊബൈൽ ആപ്ലിക്കേഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് സ്മാർട്ട് കാർഡ്, ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ എന്നിവയും നടപ്പിലാക്കി വരുന്നു.

കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് സ്വകാര്യമേഖലയിലെ അനവധിയായ തൊഴിലവസരങ്ങൾ കൂടി പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടു കൂടി ഒരു പ്രൈവറ്റ് ജോബ് പോർട്ടൽ, പ്രവാസിക്ഷേമം മുൻനിർത്തി പ്രവാസികൾക്കായി ഒരു പ്രത്യേക വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ എന്തെല്ലാം സേവനങ്ങളാണ് ഓൺലൈനിൽ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ;

കൂടുതൽ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും തൊഴിലന്വേഷകർക്ക് ലഭ്യമായിരുന്ന രജിസ്ട്രേഷൻ, രജിസ്ട്രേഷൻ പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, വ്യക്തിഗതവിവരങ്ങളുടെ അപ്ഡേഷൻ, സീനിയോറിറ്റി ലിസ്റ്റ് തുടങ്ങിയ എല്ലാ സേവനങ്ങളും നിലവിൽ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ പോർട്ടൽ വഴി എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്.

ഇതിനു പുറമെ കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് സ്വകാര്യമേഖലയിലെ അനവധിയായ തൊഴിലവസരങ്ങൾ കൂടി പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടു കൂടി ഒരു പ്രൈവറ്റ് ജോബ് പോർട്ടൽ, പ്രവാസിക്ഷേമം മുൻനിർത്തി പ്രവാസികൾക്കായി ഒരു പ്രത്യേക വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

എയ്ഡഡ് മേഖലയിലെ അധ്യാപക അനധ്യാപക തസ്തികകളിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംവരണം

296 (1571) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് മേഖലയിലെ അദ്ധ്യാപക അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തുന്ന നടപടിയുടെ പുരോഗതി അറിയിക്കുമോ?

എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം പാലിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ നിലനിന്നിരുന്ന 19808/2021 നമ്പർ റിട്ട് പെറ്റീഷന്റെ 10.08.2022 ലെ വിധിന്യായം അനുസരിച്ച്, 07.02.1996 മുതൽ 18.04.2017 വരെ മൂന്ന് ശതമാനവും, 19.04.2017 മുതൽ നാല് ശതമാനവും സംവരണം പാലിച്ച് നിയമനം നടത്തുന്നതിനും, പ്രസ്തുത കാലയളവിൽ നടത്തിയ നിയമനങ്ങളുടെ ബാക്ക് ലോഗ് തയ്യാറാക്കി, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ അംഗീകാരം ലഭ്യമാക്കുന്നതിനും, അത്തരത്തിൽ കണക്കാക്കിയ ഒഴിവുകളിൽ നിയമനം നടത്താൻ 25.06.2022 ലെ സ.ഉ(കൈ) നം. 111/2022/പൊ.വി.വ, 19.09.2022 ലെ സ.ഉ (കൈ) നം. 162/2022/പൊ.വി.വ, 28.10.2022 ലെ ജെ3/49/2021/പൊ.വി.വ നമ്പർ സർക്കാർ കത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23.11.2022 ലെ

എച്ച്2/295299/2021/ഡിജിഇ നമ്പർ പരിപത്രം പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും പൊതുവിദ്യാഭ്യാസം, തൊഴിൽ എന്നീ വകുപ്പുകൾ പുറപ്പെടുവിച്ച സർക്കുലറുകളുടെ പകർപ്പും ലഭ്യമാക്കുമോ?

പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) ഭിന്നശേഷി നിയമനം കൃത്യമായി നടത്താത്തതുമൂലം നിയമന അംഗീകാരം ലഭിക്കാത്ത എത്ര അദ്ധ്യാപകർ സംസ്ഥാനത്തുണ്ടെന്നുള്ള കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ; ഇവർക്ക് നിയമന അംഗീകാരം നൽകുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കുമോ?

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം - 535

കൊല്ലം - 497

പത്തനംതിട്ട - 163

ആലപ്പുഴ - 725

കോട്ടയം - 833

ഇടുക്കി - 182

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എറണാകുളം - 780

തൃശ്ശൂർ - 808

പാലക്കാട് - 999

മലപ്പുറം - 1799

കോഴിക്കോട് - 1128

വയനാട് - 99

കണ്ണൂർ - 1122

കാസറഗോഡ് - 243

ആകെ - 9913

ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലെ വിവരം ശേഖരിച്ചു വരുന്നു.

07.02.1996 മുതൽ 18.04.2017 വരെ മൂന്ന് ശതമാനവും, 19.04.2017 മുതൽ നാല് ശതമാനവും നിയമനങ്ങൾ ഭിന്നശേഷി വിഭാഗത്തിനായി മാറ്റി വയ്ക്കുന്ന തരത്തിൽ റോസ്റ്റർ തയാറാക്കി അധികാരപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുൻപാകെ അംഗീകാരത്തിനായി സമർപ്പിക്കുവാനും, അത്തരത്തിൽ തയാറാക്കിയ റോസ്റ്ററിന്റെ അടിസ്ഥാനത്തിൽ, ആവശ്യമായ എണ്ണം ഉദ്യോഗാർത്ഥികളെ വിട്ടു നൽകാൻ എംപ്ലോയ്മെന്റ് ഓഫീസർക്ക്

കത്ത് നൽകുവാനും, ലഭ്യമാകുന്ന ഉദ്യോഗാർത്ഥികളെ നിയമിച്ച് അംഗീകരിക്കുന്ന മുറയ്ക്ക്, നിലവിൽ വ്യവസ്ഥാപിത ഒഴിവിൽ നിയമിക്കപ്പെട്ട അംഗീകാരം ലഭ്യമാകാത്ത ജീവനക്കാരുടെ നിയമനം അംഗീകരിക്കാവുന്നതാണ് എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

റോസ്റ്റർ തയാറാക്കി സമന്വയ മുഖാന്തിരം സമർപ്പിക്കാൻ 10.12.2022 വരെ സമയപരിധി അനുവദിച്ചിട്ടുണ്ട്. മാനേജർമാർ അവരുടെ കിഴിൽ വരുന്ന നിയമനങ്ങളുടെ റോസ്റ്റർ തയാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക്, അത് പരിശോധിച്ച് അധികാരപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ അംഗീകാരം നൽകുന്നതാണ്.

(ഡി) കേരളത്തിൽ വിവിധ സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി പ്രൈമറി, ഹൈസ്കൂൾ വിഭാഗത്തിലേക്ക് മതിയായ അദ്ധ്യാപക യോഗ്യതയുള്ള ഭിന്നശേഷിക്കാരായ എത്ര ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി ഹൈസ്കൂൾ വിഭാഗം ലാംഗ്വേജ്, സോഷ്യൽ സയൻസ്, ഫിസിക്കൽ സയൻസ്, നാച്വറൽ സയൻസ്, മാത്തമാറ്റിക്സ് എന്നീ വിഭാഗങ്ങളിൽ മതിയായ അദ്ധ്യാപക യോഗ്യതയുള്ള ഭിന്നശേഷിക്കാരായ എത്ര ഉദ്യോഗാർത്ഥികൾ

രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള കണക്ക്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തിരിച്ച് ലഭ്യമാക്കുമോ;

(എഫ്) ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കുള്ള ബാക്ക് ലോഗ് തയ്യാറാക്കുമ്പോൾ നിയമന നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി വിവിധ കാറ്റഗറികളിലെ റൊട്ടേഷൻ നിശ്ചയിച്ച് മതിയായ അദ്ധ്യാപന യോഗ്യതയുള്ളവരുടെ ഒറ്റ ലിസ്റ്റ് ജില്ലാ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ഡി-എഫ്) വിവരം ശേഖരിച്ചു വരുന്നു.

പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

297 (1572) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത്; പ്രസ്തുത എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രൊഫഷണൽ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നു .പ്രസ്തുത എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 128903 പ്രൊഫഷണൽ യോഗ്യതയുള്ള ഉദ്യോഗാർഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് .

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്രപേർക്ക് തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്; ഏതൊക്കെ സ്ഥാപനങ്ങളിൽ എത്രയെണ്ണം വീതം ഏതൊക്കെ തസ്തികകളിൽ നിയമനം നൽകാൻ സാധിച്ചു എന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1349 പേർക്ക് തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ വിശദാംശങ്ങൾ

298 (1573) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കേരളത്തിലെ പ്രൊഫഷണൽ എംപ്ലോയ്മെന്റുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരും; ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകരായി നിയമനത്തിന് യോഗ്യതയുള്ളവരുമായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ചും യോഗ്യത നേടിയ വിഷയം തിരിച്ചും വ്യക്തമാക്കുമോ?

കേരളത്തിലെ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരും; ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകരായി നിയമനത്തിന് യോഗ്യതയുള്ളവരുമായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ചും യോഗ്യത നേടിയ വിഷയം തിരിച്ചും അനുബന്ധമായി ചേർക്കുന്നു.[+]

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ പുതുക്കുന്നത്

299 (1574) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ യഥാസമയം രജിസ്ട്രേഷൻ പുതുക്കുന്നതിന് പല കാരണങ്ങളാലും സാധിക്കാതെ വന്നിട്ടുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ സാധ്യത നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

രജിസ്ട്രേഷൻ യഥാസമയം പുതുക്കാത്ത ഉദ്യോഗാർത്ഥികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിലിന് പരിഗണിക്കാറില്ല.

(ബി) പ്രസ്തുത ഉദ്യോഗർത്ഥികൾക്ക് രജിസ്ട്രേഷൻ മുൻകാല പ്രാബല്യത്തോടെ പുതുക്കി നൽകാൻ അവസരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ റദ്ദായ ഉദ്യോഗാർത്ഥികൾക്ക് ആയത് പുതുക്കുന്നതിന് കാലാകാലങ്ങളിൽ ഉത്തരവുകൾ പുറപ്പെടുവിക്കാറുണ്ട്.

സർക്കാരിന്റെ ഒന്നാം വാർഷിക പരിപാടിയോടനുബന്ധിച്ച് 01-01-2000 മുതൽ 31-3-2022 വരെയുള്ള കാലയളവിൽ റദ്ദായ രജിസ്ട്രേഷൻ പുതുക്കുന്നതിന് 30-6-2022 വരെ സമയം അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ റദ്ദായത് പുതുക്കി പുന:സ്ഥാപിക്കണം എന്ന് ആവശ്യപ്പെട്ട് സർക്കാരിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ ആയതിന്റെ മെറിറ്റ് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്.

ജോബ് ഫെയറുകൾ

300 (1575) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന എത്ര തൊഴിൽ മേള സംഘടിപ്പിച്ചിട്ടുണ്ട്; എവിടെയൊക്കെയാണ് സംഘടിപ്പിച്ചത്; ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 55 തൊഴിൽ മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഈ ഇനത്തിൽ സംസ്ഥാന സർക്കാർ വിഹിതവും കേന്ദ്ര സർക്കാർ വിഹിതവും ഉൾപ്പെടെ 34,01,484/- (മുപ്പത്തിനാല് ലക്ഷത്തി ആയിരത്തി നാന്നൂറ്റി എൺപത്തിനാല് രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്. വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടത്തിയ തൊഴിൽ മേളകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) മേൽപ്പറഞ്ഞ തൊഴിൽ മേള മുഖേന എത്രപേർക്ക് തൊഴിൽ നൽകാൻ സാധിച്ചുവെന്നും; ഏതൊക്കെ സ്ഥാപനങ്ങളിൽ ഏതൊക്കെ തസ്തികകളിൽ എത്ര നിയമനം നടത്തിയെന്നതും വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മേൽപ്പറഞ്ഞ തൊഴിൽ മേള മുഖേന 17,365 പേർക്ക് തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ വകുപ്പിനു സാധിച്ചു. ഏതൊക്കെ സ്ഥാപനങ്ങളിൽ ഏതൊക്കെ തസ്തികകളിൽ എത്ര നിയമനം നടത്തിയെന്നത് സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

"തൊഴിൽ മേള" നടത്തുന്നതിന് നടപടി

301 (1576) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ വിവിധ സമയങ്ങളിലായി സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ തൊഴിൽ മേള നടന്നതുപോലെ തീരദേശമേഖല കേന്ദ്രീകരിച്ച് പൊന്നാനിയിലും "തൊഴിൽ മേള" നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

തീരദേശമേഖല കേന്ദ്രീകരിച്ച് പൊന്നാനിയിൽ "തൊഴിൽ മേള" നടത്തുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽമേള സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) തൊഴിൽ വകുപ്പ് മുമ്പ് 2000 മുതൽ 2022 ആഗസ്റ്റ് വരെ സീനിയോറിറ്റി നിലനിർത്തുന്നതിനുവേണ്ടി എംപ്ലോയ്മെൻറ് കാർഡ് പുതുക്കാൻ പ്രത്യേക ഉത്തരവ് നൽകിയതുപോലെ ഇനിയും

പുതുക്കാത്തവർക്കുവേണ്ടി പ്രത്യേക ഉത്തരവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ, റദ്ദായ ഉദ്യോഗാർത്ഥികൾക്ക് ആയത് പുതുക്കുന്നതിനും കാലാകാലങ്ങളിൽ ഉത്തരവുകൾ പുറപ്പെടുവിക്കാറുണ്ട്. സർക്കാരിന്റെ ഒന്നാം വാർഷിക പരിപാടിയോടനുബന്ധിച്ച് 01-01-2000 മുതൽ 31-3-2022 വരെയുള്ള കാലയളവിൽ റദ്ദായ രജിസ്ട്രേഷൻ പുതുക്കുന്നതിന് 30-6-2022 വരെ സമയം അനുവദിച്ചുനൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ റദ്ദായത് പുതുക്കി പുന:സ്ഥാപിക്കണം എന്ന് ആവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിന്മേൽ ആയതിന്റെ മെറിറ്റ് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

പാലോട് ടൈബൽ എംപ്ലോയ്മെന്റ് ആന്റ് കരിയർ ഗൈഡൻസ് സെന്ററിലെ പദ്ധതി പ്രവർത്തനങ്ങൾ

302 (1577) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ പാലോട് ടൈബൽ എംപ്ലോയ്മെന്റ് ആന്റ് കരിയർ ഗൈഡൻസ് സെന്ററിൽ ഇതേവരെ നടത്തിയിട്ടുള്ള പദ്ധതി പ്രവർത്തനങ്ങൾ വിശദമാക്കാമോ?

പി.എസ്.സി/എസ്. സി സൗജന്യ മത്സര പരീക്ഷാ പരിശീലന പരിപാടി

1. 07-11-2018 മുതൽ 17-12-2018 വരെ

2. 11-02-2019 മുതൽ 18-02-2019 വരെ

3. 16-11-2019 മുതൽ 16-01-2020 വരെ

4. 02-02-2022 മുതൽ 29-04-2022 വരെ

(പട്ടിക ജാതി/പട്ടിക വർഗ്ഗ/ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് ദൈർഘ്യം 160 മണിക്കൂർ)

5. 03-02-2022 മുതൽ 05-04-2022 വരെ (ദൈർഘ്യം 160 മണിക്കൂർ)

6. 22-09-2022 മുതൽ 10-11-2022 വരെ (ദൈർഘ്യം 150 മണിക്കൂർ)

7. 17-11-2022 മുതൽ തുടരുന്നു (ദൈർഘ്യം 150 മണിക്കൂർ)

ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ ഡവലപ്മെന്റ് പ്രോഗ്രാം.

13-06-2022 മുതൽ 13-07-2022 വരെ (ദൈർഘ്യം 100 മണിക്കൂർ)

യു.ജി. സി നെറ്റ് – പരിശീലന പരിപാടി (ദൈർഘ്യം 40 മണിക്കൂർ)

30.10.2022 മുതൽ തുടരുന്നു.

കമ്പ്യൂട്ടർ ക്ലാസ്സുകൾ

1. Coding Python Pgm

18-01-2022 മുതൽ 25-02-2022 വരെ

No. of Batch - 6

2. Fundamentals of Computer class

No. of Batch - 6

3. Data Entry & Office Automation

No. of Batch - 5

4. Word Processing

No. of Batch - 2

(ബി) എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്; വിശദവിവരം നൽകാമോ?

1. പി.എസ്.സി/എസ്.എസ്.സി സൗജന്യ മത്സര പരീക്ഷാ പരിശീലനം - 489

2. ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ ഡവലപ്മെന്റ് പ്രോഗ്രാം - 36

3. യു.ജി.സി - നെറ്റ് പരിശീലന പരിപാടി - 32

4. കമ്പ്യൂട്ടർ പ്രോഗ്രാം - 110

(സി) പുതിയതായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

1. മെഡിക്കൽ കോഡിംഗ് (ദൈർഘ്യം 30 മണിക്കൂർ)

2. വനിതകൾക്കായി ക്ലൗഡ് കൃഷി പരിശീലനം (3 ദിവസം)

3. വനിതകൾക്കായി കുട നിർമ്മാണ പരിശീലനം (3 ദിവസം)

4. ഗ്രാഫിക്സ് & മൾട്ടി മീഡിയ

(ദൈർഘ്യം 30 മണിക്കൂർ)

5. കെ.ടെറ്റ് പരീക്ഷ പരിശീലന പരിപാടി

6. ബിരുദ വിദ്യാർത്ഥികൾക്കായുള്ള സൗജന്യ പി.എസ്.സി പരിശീലന പരിപാടി

(ദൈർഘ്യം 150 മണിക്കൂർ)

7. സഹകരണ ബാങ്ക് പരീക്ഷ പരിശീലന പരിപാടി (ബിരുദ വിദ്യാർത്ഥികൾക്ക് ദൈർഘ്യം 150 മണിക്കൂർ)

താലൂക്കുകളിലെ എൽ.ആർ.എം.പരാതികൾ

303 (1578) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ താലൂക്ക് ഓഫീസുകളിലായി എത്ര ലാന്റ് റവന്യൂ മാനേജ്മെന്റ് (എൽ.ആർ.എം.)പരാതികൾ തീർപ്പാക്കാനുണ്ടെന്ന് താലൂക്ക് തിരിച്ച് അറിയിക്കുമോ?

സംസ്ഥാനത്ത് വിവിധ താലൂക്ക് ഓഫീസുകളിലായി തീർപ്പാക്കാനുള്ള എൽ.ആർ.എം. പരാതികളുടെ താലൂക്ക് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.[+]

(ബി) പ്രസ്തുത പരാതികൾ അടിയന്തിരമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

വിവിധ താലൂക്കുകളിലായി എൽ.ആർ.എം. വിഭാഗത്തിലായി ലഭിച്ച 643420 പരാതികളിൽ 475846 പരാതികൾ പരിഹരിച്ചിട്ടുണ്ട്. എൽ.ആർ.എം പരാതികൾ ദ്രുതഗതിയിൽ പരിഹരിക്കുന്നതിനായി സർവ്വെയർമാർക്ക് ഓരോ മാസവും 50 അപേക്ഷകൾ വീതം തീർപ്പാക്കുന്നതിന് ടാർജറ്റ് നൽകിയിട്ടുണ്ട്. കൂടാതെ താലൂക്കുകളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അദാലത്ത് നടത്തി മുഴുവൻ പരാതികളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കാലവർഷക്കെടുതിമൂലം സംഭവിച്ച നാശനഷ്ടം

304 (1579) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കാലവർഷക്കെടുതിയിൽ സംസ്ഥാനത്ത് ഏതൊക്കെ തരത്തിൽ എത്ര രൂപയുടെ നാശനഷ്ടമുണ്ടായി എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

നാശനഷ്ടങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (ഓറഞ്ച് ബുക്ക് - 2022) പ്രകാരമുള്ള എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നേരിട്ടവർക്ക് സംസ്ഥാനദുരന്ത പ്രതികരണനിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

സർഫാസി, റവന്യൂ റിക്കവറി നിയമം

305 (1580) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കുകൾ മുഖേന വായ്പ എടുത്ത കർഷകരും പാവപ്പെട്ടവരും സർഫാസി, റവന്യൂ റിക്കറി നിയമ പ്രകാരം ജപ്തി നടപടിയും കുടിയിറക്ക് ഭീഷണിയും നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സർഫാസി നിയമ പ്രകാരം നടപടി സ്വീകരിക്കുന്നത് റവന്യൂ വകുപ്പ് മുഖാന്തരം അല്ല. റവന്യൂ റിക്കവറി നിയമ പ്രകാരം ജപ്തി നടപടികൾ സ്വീകരിച്ചു വരുന്നതാണ്. എന്നാൽ ടി നിയമ പ്രകാരം ആരെയും കുടിയിറക്കിയിട്ടില്ലാത്തതാണ്. കൃഷിഭൂമി പണയപ്പെടുത്തി എടുത്ത കാർഷിക വായ്പകൾക്ക് സർഫാസി നിയമം ബാധകമല്ല

(ബി) കർഷകർ ആധാരം പണയപ്പെടുത്തി എടുത്തിട്ടുള്ള വായ്പകളെല്ലാം കാർഷിക വായ്പകളായി കണക്കാക്കി പ്രസ്തുത നിയമങ്ങളിൽ നിന്നും കർഷകർക്ക് സംരക്ഷണം നൽകാൻ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുമോ;

(സി) ഇപ്രകാരം ആയിരക്കണക്കിന് കർഷകർ കൂടിയിറക്ക് ഭീഷണിയിലാണെന്ന വസ്തുത ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി&സി) അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാധ്യതയ്ക്ക് 2002-ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ടിന്റെ (സർഫാസി ആക്ട്) വ്യവസ്ഥകൾ ബാധകമാകുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി പ്രസ്തുത ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് 14-ാം കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസാക്കുകയും, ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിരവധി കർഷകർ കൂടിയിറക്ക് ഭീഷണിയിലാണെന്ന വസ്തുത സർക്കാർ ഗൗരവമായി കാണുന്നു.

(ഡി) യഥാസമയം വായ്പ തിരിച്ചടക്കാൻ കഴിയാത്ത കർഷകർക്ക് ആശ്വാസ നടപടികൾക്ക് സർക്കാർ തലത്തിൽ ഇടപെടൽ നടത്തുമോ?

റിക്കവറി അദാലത്തുകൾ, മറ്റു വായ്പാ സമാശ്വാസ പദ്ധതികൾ എന്നിവയുടെ ഭാഗമായി അർഹരായ കർഷകർക്ക് പരമാവധി ഇളവുകളോട് കൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം പൊതുമേഖലാ ബാങ്കുകൾ നൽകി വരുന്നു. സർഫാസി ആക്ട് കേന്ദ്ര നിയമമായതിനാൽ പ്രസ്തുത ആക്ട് പ്രകാരം സ്വീകരിക്കുന്ന നടപടികളിൽ സംസ്ഥാന സർക്കാരിന് ഇടപെടാനാകില്ല. എന്നാൽ റവന്യു റിക്കവറി ആക്ട് പ്രകാരം നടപടി സ്വീകരിക്കുന്ന സർക്കാർ/സഹകരണ ബാങ്ക് കുടിശ്ശികകൾ ഗഡുക്കളായി ഒടുക്കുന്നതിനുള്ള സൗകര്യം സർക്കാർ അനുവദിക്കുന്നുണ്ട്. വായ്പാ കുടിശ്ശിക ഇളവുകൾ നേടി തീർപ്പാക്കുന്നതിലേക്കായി നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, ബാങ്ക് ആവിഷ്കരിച്ചിട്ടുള്ള റിക്കവറി മാനേജ്മെന്റ് പോളിസി-കോംപ്രൈമെസ് സെറ്റിൽമെന്റ് എന്നീ രണ്ട് പദ്ധതികൾ കേരള ബാങ്കിൽ നടപ്പിലാക്കിയിട്ടുണ്ട്. പാർപ്പിടാവശ്യത്തിനായി ഉപയോഗിച്ചുവരുന്ന നാമമാത്രമായ ജാമ്യ വസ്തുക്കളിന്മേൽ ജപ്തി നടപടികൾ സ്വീകരിക്കുന്നതിന് കേരള ബാങ്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. വായ്പാ കുടിശ്ശിക ഇളവുകൾ നേടി തീർപ്പാക്കുന്നതിലേയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ കർഷകരും മത്സ്യത്തൊഴിലാളികളും ചെറുകിട

കച്ചവടക്കാരും ഉൾപ്പെടെയുള്ളവർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട്, 1968-ലെ 71-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, ക്ഷീര വികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 20-10-2021-ലെ സ.ഉ(കൈ) നം.201/2021/റവ നമ്പർ ഉത്തരവ് പ്രകാരം 2021 ഡിസംബർ 31 വരെ മോറട്ടോറിയം അനുവദിച്ചിരുന്നു.

(ഇ) സർഫാസി, റവന്യൂ റിക്കവറി നിയമ പ്രകാരം ജപ്തി നടപടികൾ നേരിടുന്ന കർഷകർക്ക് വായ്പ തിരിച്ചടവിനുള്ള കാലാവധി നീട്ടി നൽകുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ?

റിക്കവറി അദാലത്തുകൾ, മറ്റു വായ്പാ സമാശ്വാസ പദ്ധതികൾ എന്നിവയുടെ ഭാഗമായി അർഹരായ കർഷകർക്ക് പരമാവധി ഇളവുകളോട്

കൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം പൊതുമേഖലാ ബാങ്കുകൾ നൽകി വരുന്നു.

സർഫാസി ആക്ട് കേന്ദ്ര നിയമമായതിനാൽ പ്രസ്തുത ആക്ട് പ്രകാരം സ്വീകരിക്കുന്ന നടപടികളിൽ സംസ്ഥാന സർക്കാരിന് ഇടപെടാനാകില്ല. എന്നാൽ റവന്യു റിക്കവറി ആക്ട് പ്രകാരം നടപടി സ്വീകരിക്കുന്ന സർക്കാർ / സഹകരണ ബാങ്ക് കുടിശ്ശികകൾ ഗഡുക്കളായി ഒടുക്കുന്നതിനുള്ള സൗകര്യം സർക്കാർ അനുവദിക്കുന്നുണ്ട്.

വായ്പാ കുടിശ്ശിക ഇളവുകൾ നേടി തീർപ്പാക്കുന്നതിലേക്കായി നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, ബാങ്ക് ആവിഷ്കരിച്ചിട്ടുള്ള റിക്കവറി മാനേജ്മെന്റ് പോളിസി-കോംപ്രൈമെസ് സെറ്റിൽമെന്റ് എന്നീ രണ്ട് പദ്ധതികൾ കേരള ബാങ്കിൽ നടപ്പിലാക്കിയിട്ടുണ്ട്. പാർപ്പിടാവശ്യത്തിനായി ഉപയോഗിച്ചുവരുന്ന നാമമാത്രമായ ജാമ്യ വസ്തുക്കളിന്മേൽ ജപ്തി നടപടികൾ സ്വീകരിക്കുന്നതിന് കേരള ബാങ്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. വായ്പാ കുടിശ്ശിക ഇളവുകൾ നേടി തീർപ്പാക്കുന്നതിലേയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ കർഷകരും മത്സ്യത്തൊഴിലാളികളും ചെറുകിട കച്ചവടക്കാരും ഉൾപ്പെടെയുള്ളവർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ

നിന്നും, ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള വിവിധ സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട്, 1968-ലെ 71-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, ക്ഷീര വികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 20.10.2021-ലെ സ.ഉ(കൈ) നം.201/2021/റവ നമ്പർ ഉത്തരവ് പ്രകാരം 2021 ഡിസംബർ 31 വരെ മോറട്ടോറിയം അനുവദിച്ചിരുന്നു.

സംസ്ഥാനത്തെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി

306 (1581) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഭൂപതിവ് ചട്ടങ്ങളിൽ കാലോചിതമായ ഭേദഗതി വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ തയ്യാറാക്കി വരികയാണ്.

(ബി) താമസത്തിനും കൃഷിക്കുമായി പതിച്ചു നൽകിയ ഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ മാറ്റങ്ങളുണ്ടായിട്ടില്ല. ചട്ടങ്ങളിൽ പൊതുവായ മാറ്റം സംബന്ധിച്ച കാര്യങ്ങൾ ആലോചിച്ചു വരികയാണ്.

(സി) മുൻപ് ഭൂമി ലഭിച്ചവരിൽ ചട്ടം പാലിക്കാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചവരിൽ നിന്നും ഭൂമി തിരികെ ഏറ്റെടുത്തിട്ടുണ്ടോ; എണ്ണമെങ്കിൽ എത്ര ഭൂമി തിരികെ ഏറ്റെടുത്തിട്ടുണ്ട്; വിശദമാക്കുമോ?

ഉണ്ട്. പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ പള്ളിക്കൽ വില്ലേജിൽ ശ്രീ. ഹസ്സൻ റാവുത്തർ പേരിൽ അനുവദിച്ച എൽ.എ 33/81 നമ്പർ പട്ടയം 1964 ലെ കേരള ഭൂമി പതിവ് ചട്ടം 8 (2) ന്റെ ലംഘനം ബോദ്ധ്യപ്പെട്ടതിനാൽ അടൂർ തഹസിൽദാരുടെ 23-09-2020 ലെ സി4-7940/2018 നമ്പർ ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിട്ടുള്ളതാണ്.

കോന്നി താലൂക്കിൽ കലഞ്ഞൂർ വില്ലേജിൽ എൽ.എ 404/74 നമ്പർ പട്ടയ പ്രകാരം അനുവദിച്ച ബ്ലോക്ക് നമ്പർ 33-ൽ റീസർവ്വെ നമ്പർ 106/4 ൽ പ്പെട്ട 68.00 ആർ സ്ഥലവും റീസർവ്വെ നമ്പർ 106/5 ൽപ്പെട്ട 03.30 ആർ സ്ഥലവും ഉൾപ്പെടെ ആകെ 71.30 ആർ പട്ടയ ഭൂമി പട്ടയ വ്യവസ്ഥകൾ ലംഘിച്ചതിനാൽ റദ്ദ് ചെയ്യുകയും ഭൂമി ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ താനൂർ വില്ലേജിലെ സർവ്വെ നമ്പർ 97/25 ൽപ്പെട്ട 39.87 ആർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വന്നിരുന്നതും ടി കേസ് നിലവിൽ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ഡി) ഭൂപതിവ് ചട്ടങ്ങളിൽ മാറ്റം വരുത്തുമ്പോൾ ഇത്തരത്തിൽ ഏറ്റെടുത്ത ഭൂമി തിരികെ നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

ഭൂപതിവ് ചട്ടങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾക്കനുസൃതമായി നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്.

മണലൂർ മണ്ഡലത്തിലെ പുഴയോരങ്ങൾ അനധികൃതമായി നികത്തൽ

307 (1582) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഇരിമ്പ്രനെല്ലൂർ, വെങ്കിടങ്ങ് വില്ലേജുകളിൽപ്പെട്ട പുഴയോരങ്ങൾ അനധികൃതമായി നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനധികൃതമായി നികത്തിയ പ്രസ്തുത പുഴയോരങ്ങൾ പൂർവ്വസ്ഥിതിയിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

അനധികൃതമായി നികത്തപ്പെട്ട പുഴസ്ഥലങ്ങൾ വില്ലേജ് രേഖകൾ പ്രകാരം സ്ഥിരപുഞ്ച തരത്തിൽപ്പെട്ടതാണ്. ടി ഭൂമി പൂർവ്വ സ്ഥിതിയിലാക്കേണ്ടുന്ന നടപടികളുടെ ഭാഗമായി ഇവയിൽ വെങ്കിടങ്ങ് വില്ലേജിലെ സർവെ നം.84/4P യിൽ ഉൾപ്പെടുന്ന 7.28 ആർ വഹകൾ തണ്ണീർത്തടമായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും ഭൂമി നികത്തുന്നതിനെതിരെ നടപടികൾ എടുത്തു വരുന്നതുമാണ്. വെങ്കിടങ്ങ് വില്ലേജിലെ സർവെ നം.81/4Qൽപ്പെട്ട 5.4 ആർ വഹകളും, ഇരിമ്പ്രനെല്ലൂർ വില്ലേജ് സർവ്വെ നം.32/2A 2-ൽ ഉൾപ്പെട്ട 6.47 ആർ വഹകളും

തണ്ണീർത്തടത്തിൽ ഉൾപ്പെടുത്തി ഗസറ്റ് വിജ്ഞാപനം ഉടൻ പുറപ്പെടുവിക്കുന്നതാണ്. ബാക്കി പുഴസ്ഥലങ്ങൾ ഭൂമികളുടെ സർവ്വെ നമ്പർ നിജപ്പെടുത്തിയാൽ മാത്രമേ സാങ്കേതികമായി ഇവയും തണ്ണീർത്തടത്തിൽ ഉൾപ്പെടുത്തി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാനാകൂ. ആയതിനുള്ള സർവ്വെ നപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

(സി) അനധികൃതമായി പ്രസ്തുത സ്ഥലങ്ങൾ നികത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

അനധികൃതമായി പുഴ സ്ഥലങ്ങൾ നികത്തിയ കക്ഷികൾക്ക് നിലവിൽ സ്റ്റോപ് മെമ്മോ നൽകിയിട്ടുള്ളതാണ്. രാത്രി കാലങ്ങളിലാണ് പുഴ ഭൂമി അനധികൃതമായി നികത്തിവരുന്നത് എന്നതിനാൽ പോലീസ് പട്രോളിങ്ങ് ശക്തമാക്കി നടപടി സ്വീകരിക്കുന്നതിന് പാവറട്ടി സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ് .

ദേശീയ കുടുംബസഹായ പദ്ധതി

308 (1583) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ കുടുംബസഹായ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എൻ.എസ്.എ.പി. (നാഷണൽ സോഷ്യൽ അസ്സിസ്റ്റൻസ് പ്രോഗ്രാം) പോർട്ടലിൽ ഗുണഭോക്താക്കളുടെ വിവരം അപ്ലോഡ് ചെയ്യാൻ കഴിയാത്ത സാങ്കേതിക തടസ്സം നിലനിൽക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അറിയിക്കുമോ?

ദേശീയ കുടുംബ സഹായ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എൻ.എസ്.എ.പി. (നാഷണൽ സോഷ്യൽ അസ്സിസ്റ്റന്റ് പ്രോഗ്രാം) പോർട്ടലിൽ സാങ്കേതിക തടസ്സം മൂലം ഗുണഭോക്താക്കളുടെ വിവരം അപ് ലോഡ് ചെയ്യാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഏതു വർഷം മുതലാണ് കാലതാമസം നേരിട്ടതെന്നും എത്ര തുകയാണ് ലഭിക്കാനുള്ളതെന്നും വ്യക്തമാക്കുമോ;കുടിശ്ശിക ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

2020-21 സാമ്പത്തിക വർഷം വരെ അലോട്ട്മെന്റ് ലഭ്യമായിട്ടുണ്ട്. തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ അലോട്ട്മെന്റ് ലഭ്യമായിട്ടില്ല. 14 ജില്ലകളിലുമായി 153,04,47,000/- രൂപ കുടിശ്ശിക ഇനത്തിൽ

ലഭ്യമാകേണ്ടതുണ്ട്. കൂടിശ്ശിക തുക ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തെ ഇ-ഡിസ്ട്രിക് പദ്ധതി

309 (1584) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ-ഡിസ്ട്രിക് പദ്ധതിയുടെ പ്രായോഗിക തലത്തിലുള്ള പോരായ്മകൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ പ്രായോഗിക തലത്തിലുള്ള പോരായ്മകൾ യഥാസമയം പരിശോധിച്ച് കാലാനുസൃതമായ മാറ്റങ്ങൾ കേരള സ്റ്റേറ്റ് ഐ ടി മിഷൻ മുഖാന്തരം നടപ്പിൽ വരുത്തുകയും ചെയ്യുന്നു.

(ബി) പ്രസ്തുത സംവിധാനം ഉപയോഗിക്കുന്ന സാഹചര്യത്തിൽ സാധാരണക്കാർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

സാധാരണക്കാർക്ക് സൗകര്യപ്രദമാവുന്ന വിധത്തിലാണ് ഇ-ഡിസ്ട്രിക്ട് പോർട്ടൽ നിലവിൽ രൂപകല്പന ചെയ്തിരിക്കുന്നത്. റവന്യൂ വകുപ്പിൽ നിന്ന്

ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖാന്തരം നൽകി വരുന്ന സേവനങ്ങൾ കൃത്യമായി നിരീക്ഷിക്കുകയും പൊതുജനങ്ങൾക്ക് ഏതെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നപക്ഷം ആയത് അടിയന്തരമായി പരിഹരിക്കുന്നത്തിന് ഐ ടി മിഷന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യ വരുന്നുണ്ട്. പ്രസ്തുത പോർട്ടൽ എങ്ങനെ ഉപയോഗിക്കാം എന്നത് സംബന്ധിച്ച വിശദമായ FAQ പോർട്ടലിൽ തന്നെ ലഭ്യമാക്കിയിട്ടുമുണ്ട്. കൂടാതെ റവന്യൂ വകുപ്പുകളിൽ നിന്നും നൽകുന്ന ഇ-സേവനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ റവന്യൂ- ഇ സാക്ഷരത എന്ന പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നു. ക്ലബുകൾ, കുടുംബശ്രീ യൂണിറ്റുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയും വില്ലേജ് തല ജനകീയ സമിതികളുമായി ചേർന്ന് ഓരോ പൗരനേയും ഇ-സർവ്വീസുകൾ സംബന്ധിച്ച് സാക്ഷരരാക്കുകയാണ് ലക്ഷ്യം.

(സി) പൊതുജനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ സേവനം മൊബൈൽ ഫോണിലും ഉപയോഗിക്കാൻ പര്യാപ്തമായ തരത്തിൽ ഇതിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ?

ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖാന്തരമുള്ള റവന്യൂ വകുപ്പിന്റെ സേവനങ്ങൾ നിലവിൽ മൊബൈൽ ഫോൺ വഴിയും ലഭ്യമാണ്.

(ഡി) നിലവിൽ ഏത് കമ്പനിക്കാണ് പ്രസ്തുത സേവനം നൽകാൻ കരാർ നൽകിയിരിക്കുന്നതെന്നറിയിക്കുമോ?

സംസ്ഥാനത്തെ ഇ ഡിസ്ട്രിക്ട് പോർട്ടലിന്റെ വികസനവും പരിപാലനവും നിലവിൽ കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ ചുമതലയിലാണ്.

പുറമ്പോക്ക് ഭൂമി കയ്യേറ്റം

310 (1585) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലത്തെ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ പുറമ്പോക്ക് ഭൂമിയുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; കയ്യേറ്റം നടത്തിയതായി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ സർവ്വേ നമ്പർ, വിസ്തീർണ്ണം, കയ്യേറ്റക്കാരന്റെ പേരും വിലാസവും ഉൾപ്പെടെയുള്ള വിശദാംശം വ്യക്തമാക്കുമോ?

ജില്ലയിലെ പുറമ്പോക്ക് ഭൂമികളുടെ പട്ടിക വില്ലേജ് ഓഫീസിൽ സൂക്ഷിച്ചു വരുന്നുണ്ട്. പുറമ്പോക്ക് ഭൂമിയിലെ അനധികൃത കൈയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ചു വരുകയും ഭൂമിയുടെ സർവ്വെ നമ്പർ, വിസ്തീർണ്ണം, കൈയ്യേറ്റക്കാരന്റെ പേരും വിലാസവും വില്ലേജ് ഓഫീസിലെ പ്രത്യേക

രജിസ്റ്ററിൽ രേഖപ്പെടുത്തി വരുന്നതുമാണ്. അതിന്റെ ജില്ലയിലെ ഒട്ടാകെയുള്ള വിവരശേഖരണം നടന്നു വരുന്നു.

കയ്യേറിയ ഭൂമി ഒഴിപ്പിക്കൽ നടപടി

311 (1586) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മുൻ എം.എൽ.എ. കയ്യേറിയതായി പറയപ്പെടുന്ന ഭൂമി ഒഴിപ്പിക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം നോട്ടീസ് നൽകിയത്; നോട്ടീസിന്റെയും പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെയും പകർപ്പ് ലഭ്യമാക്കുമോ?

സി ഫാറം നോട്ടീസ് നൽകിയിട്ടുണ്ട്. മൂന്നാർ വില്ലേജാഫീസറുടെ 11/10/21 ലെ 20/21-ാം നമ്പർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നോട്ടീസ് നൽകിയിട്ടുള്ളത്. പ്രസ്തുത നോട്ടീസ് ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 1 ആയും+ സി ഫാറം നോട്ടീസിന്റെ പകർപ്പ് അനുബന്ധം 2 ആയും+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഭൂമി കയ്യേറ്റം സംബന്ധിച്ച് യഥാസമയം നടപടി സ്വീകരിക്കുന്നതിൽ വകുപ്പിന് വീഴ്ച സംഭവിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച തുടർ നടപടി അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മാമലക്കണ്ടം പ്രദേശത്തെ പട്ടയ പ്രശ്നങ്ങൾ

312 (1587) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ മാമലക്കണ്ടം പ്രദേശത്തെ പട്ടയ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കുട്ടമ്പുഴ വില്ലേജിൽ മാമലക്കണ്ടം ഭാഗത്ത് ആളുകൾ വനഭൂമി കൂടിയേറി കൈവശ ഭൂമിയിൽ വീട് വച്ച് കൃഷി ചെയ്തു ജീവിച്ചു വരുന്നതാണ്. ടിയാളുകളുടെ കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഏകദേശം 500 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശത്ത് പട്ടയം ലഭിക്കുവാനുള്ളവരുടെ എണ്ണം വ്യക്തമാക്കുമോ?

ഉണ്ട്. കുട്ടമ്പുഴ വില്ലേജിൽ മാമലക്കണ്ടം ഭാഗത്ത് ആളുകൾ വനഭൂമി കൂടിയേറി കൈവശ ഭൂമിയിൽ വീട് വച്ച് കൃഷി ചെയ്തു ജീവിച്ചു വരുന്നതാണ്. ടിയാളുകളുടെ കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഏകദേശം 500 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(സി) പ്രസ്തുത പ്രദേശത്ത് പട്ടയം നല്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ?

ടിയാളുകളുടെ കൈവശഭൂമി റവന്യൂ-വനം വകുപ്പ് സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെട്ടു വന്നിട്ടില്ല. ആയതിനാൽ 1993ലെ കേരള ഭൂമി പതിച്ച് നൽകൽ (01/01/1977-ന് മുൻപ് വനഭൂമിയിൽ നടത്തിയിട്ടുള്ള കൂടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) ചട്ടപ്രകാരം സംയുക്ത പരിശോധന ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കിയ ശേഷം പതിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത പ്രദേശത്ത് എല്ലാവർക്കും പട്ടയം നല്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ടിയാളുകളുടെ കൈവശഭൂമി റവന്യൂ-വനം വകുപ്പ് സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെട്ടു വന്നിട്ടില്ല. ആയതിനാൽ 1993ലെ കേരള ഭൂമി പതിച്ച് നൽകൽ (01-01-1977-ന് മുൻപ് വനഭൂമിയിൽ നടത്തിയിട്ടുള്ള കൂടിയേറ്റങ്ങൾ

ക്രമപ്പെടുത്തൽ) ചട്ടപ്രകാരം സംയുക്ത പരിശോധന ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കിയ ശേഷം പതിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

തൃക്കരിപ്പൂർ മണ്ഡലത്തിലെ പട്ടയം

313 (1588) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കയ്യൂർ - ചീമേനി ചെറുവത്തൂർ പഞ്ചായത്തുകളിൽ ഇനിയും പട്ടയം ലഭിക്കാനുള്ളവരുടെ എണ്ണം നൽകുമോ?

തൃക്കരിപ്പൂർ മണ്ഡലത്തിലെ കയ്യൂർ, ചീമേനി, ചെറുവത്തൂർ പഞ്ചായത്തുകളിൽ 65 പേർക്ക് പട്ടയം ലഭിക്കാനുണ്ട്.

(ബി) ചെറുവത്തൂർ പഞ്ചായത്തിലെ പുഴ പുറമ്പോക്കുകളിൽ വീട് കെട്ടി താമസിക്കുന്നവർക്ക് എന്നത്തേക്ക് പട്ടയം നൽകാൻ കഴിയുമെന്ന് അറിയിക്കുമോ?

ചെറുവത്തൂർ പഞ്ചായത്തിലെ പുഴ പുറമ്പോക്കുകളിൽ വീട് കെട്ടി താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിലേക്കായി പഞ്ചായത്തിൽ നിക്ഷിപ്തമായ പുഴപുറമ്പോക്ക് റവന്യൂ വകുപ്പിൽ

പുനർനിക്ഷിപ്തമാക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഫയൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും.

പട്ടയ വിതരണംഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ

314 (1589) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പട്ടയ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ; ഇനിയും നടപടി പൂർത്തീകരിക്കാനുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

പട്ടയ അപേക്ഷകളിൻമേൽ വിശദമായ അന്വേഷണം നടത്തി അർഹരായവരെ കണ്ടെത്തിയും നിയമാനുസൃത നോട്ടീസുകൾ പുറപ്പെടുവിച്ചും ലാന്റ് അസൈൻമെന്റ് കമ്മിറ്റി ചേർന്നും ചില കേസുകളിൽ സർവ്വെ ചെയ്തും, ലാന്റ് ട്രൈബ്യൂണൽ പട്ടയ കേസുകളിൽ അപേക്ഷകരെ നേരിൽ കേട്ടും അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതനായി നടത്തിവരുന്നു. എം.എൽ.എ.-മാരുടെ പങ്കാളിത്തത്തോടെ നടത്തപ്പെട്ട

ജില്ലാ റവന്യൂ അസംബ്ളികളിൽ പട്ടയം മുഖ്യ വിഷയമാക്കിയെടുത്ത് ഉന്നയിക്കപ്പെട്ട പട്ടയ വിഷയങ്ങൾ ഉൾപ്പെടുത്തി പട്ടയം ഡാഷ്ബോർഡ് രൂപീകരിച്ച് പ്രവർത്തനങ്ങൾ വേഗത വർദ്ധിപ്പിച്ചിട്ടുണ്ട്.

നടപടി പൂർത്തീകരിക്കാനുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയുന്നു.

1) തിരുവനന്തപുരം - 3255

2)കൊല്ലം - 1098 (കൂടാതെ, പത്തനാപുരം താലൂക്കിൽ കെ.ഐ.പി. കനാൽ പുറംപോക്കിൽ താമസിക്കുന്ന 276 കുടുംബങ്ങൾക്ക് പട്ടയം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.)

3) പത്തനംതിട്ട -327

4) ആലപ്പുഴ – പട്ടയ അപേക്ഷകൾ ദിനം പ്രതി ലഭിക്കുന്നു. . ലഭിച്ച അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിച്ചു വരുന്നു.

5) കോട്ടയം - 8,762

6) ഇടുക്കി- 42,653

7) ഏറണാകുളം -7,737

8) തൃശ്ശൂർ -27,113

9) പാലക്കാട് -31,737

10) മലപ്പുറം-23,871

11) കോഴിക്കോട് - 251

12) വയനാട്- 2,071

13) കണ്ണൂർ- 11,119

14) കാസർഗോഡ്- 6,279

(ബി) കുടിയേറ്റ മേഖലയിലെ കൈവശ ഭൂമിക്കുള്ള പട്ടയ അപേക്ഷകളിൽ തീർപ്പാക്കാനുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ?

പട്ടയ അപേക്ഷകളിൽ തീർപ്പാക്കാനുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയുന്നു.

1) തിരുവനന്തപുരം - ഇല്ല

2) കൊല്ലം - ഇല്ല

3) പത്തനം തിട്ട – 01-01-1977 ന് മുൻപ് കൈയ്യേറിയ 1970.04 ഹെക്ടർ വനഭൂമി 6324 ഗുണഭോക്താക്കൾക്ക് പതിച്ചു നൽകുന്നതിലേക്ക് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ളതാണ്.

4) ആലപ്പുഴ - ഇല്ല

5) കോട്ടയം - കൂടിയേറ്റ മേഖലകളിലെ പട്ടയ അപേക്ഷകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

6) ഇടുക്കി - 42,653

7) ഏറണാകുളം - കോതമംഗലം താലൂക്ക് പരിധിയിൽ 4,567 വനഭൂമി പട്ടയം ഉൾപ്പെടെ 5,242 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

8) തൃശ്ശൂർ - 6,149

9) പാലക്കാട് - 643

10) മലപ്പുറം -ഇല്ല

11) കോഴിക്കോട് - ഇല്ല

12) വയനാട് - 2,071

13) കണ്ണൂർ -22

14- കാസർഗോഡ് - 2

(സി) പ്രസ്തുത പട്ടയങ്ങൾ ഉപാധിരഹിതമായി നൽകണമെന്ന ആവശ്യം പരിഗണിക്കുമോ;

1964-ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി ചെയ്യുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 1993-ലെ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്ന വിഷയം നിലവിൽ പരിഗണനയിൽ ഇല്ല.

(ഡി) നിലവിലുള്ള ഭൂപതിവ് ചട്ടങ്ങൾ 1964-ലെ 4-ാം ചട്ടം, 1993-ലെ 3-ാം ചട്ടം എന്നിവ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

1964-ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി ചെയ്യുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 1993-ലെ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്ന വിഷയം നിലവിൽ പരിഗണനയിൽ ഇല്ല.

നാട്ടിക നിയോജക മണ്ഡലത്തിലെ പട്ടയങ്ങളുടെ വിവരം

315 (1590) ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ തൃശ്ശൂർ, ചാവക്കാട് താലൂക്ക് പരിധികളിലായി എത്ര പട്ടയ അപേക്ഷകൾ റവന്യൂ വകുപ്പിന്റെ പരിഗണനയിലുണ്ടെന്ന് അറിയിക്കുമോ?

നാട്ടിക നിയോജകമണ്ഡലത്തിൽ തൃശ്ശൂർ, ചാവക്കാട് താലൂക്ക് പരിധികളിലായി 1964 ലെ കേരള ഭൂമി പതിവ് നിയമ പ്രകാരമുള്ള പട്ടയത്തിനായി 32 അപേക്ഷകളും കോളനി പട്ടയത്തിനായി 25 അപേക്ഷകളും റവന്യൂ വകുപ്പിന്റെ പരിഗണനയിലുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത മണ്ഡലത്തിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം വ്യക്തമാക്കുമോ?

1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം 6 മിച്ചഭൂമി പട്ടയങ്ങളും 1964 ലെ കേരള ഭൂമി പതിവ് ചട്ട പ്രകാരം 1 സുനാമി പട്ടയവും വിതരണം ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിലെ പട്ടയ അപേക്ഷകരുടെ പേരും വിലാസവും വില്ലേജുകൾ തിരിച്ച് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

റവന്യൂ വകുപ്പിന്റെ പരിഗണനയിലുള്ള 57 പട്ടയ അപേക്ഷകരുടെ വിവരങ്ങൾ വില്ലേജ് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

കുന്നംകുളം മണ്ഡലത്തിലെ പട്ടയ വിതരണം

316 (1591) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ ചൊവ്വന്നൂർ, പോർക്കുളം, കാട്ടകമ്പാൽ, വേലൂർ, കടങ്ങോട് എന്നീ പഞ്ചായത്തുകളിലേയും കുന്നംകുളം നഗരസഭയിലെയുമായി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന പുനർനിക്ഷിപ്തം ചെയ്ത് നൽകേണ്ട പട്ടയ അപേക്ഷകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുന്നംകുളം മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന പുനർനിക്ഷിപ്തം ചെയ്ത് നൽകേണ്ട പട്ടയ അപേക്ഷകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് - 14

പോർക്കളം ഗ്രാമപഞ്ചായത്ത് - 9

കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് - 17

വേലൂർ ഗ്രാമപഞ്ചായത്ത് - 13

കടങ്ങോട് ഗ്രാമപഞ്ചായത്ത് - 27

കുന്നംകുളം മുനിസിപ്പാലിറ്റി - 17

(ബി) പട്ടയ വിതരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കുന്നംകുളം താലൂക്കിന് കീഴിലുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമികളിൽ താമസിച്ചു വരുന്ന കൈവശക്കാരുടെ പതിവ് അപേക്ഷകളിൽ പതിവു ഭൂമികൾ പുനർനിക്ഷിപ്തം ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നതും, 13 കേസുകൾ പട്ടയവിതരണത്തിനായുള്ള അവസാനഘട്ട ത്തിലുമാണ്.

(സി) പട്ടയ വിതരണത്തിന് നിലവിൽ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ തടസ്സങ്ങൾ മാറ്റി എന്നേക്ക് പട്ടയം വിതരണം ചെയ്യാനാകും, അറിയിക്കുമോ?

ഉണ്ട്. പുനർനിക്ഷിപ്തം നടപടികളിൽ കാലതാമസം നേരിടുന്നത് പട്ടയവിതരണത്തിന് നിലവിൽ തടസ്സം നേരിടുന്നതാണ്. പ്രസ്തുത പുറമ്പോക്ക് ഭൂമികൾ പുനർനിക്ഷിപ്തം ചെയ്തുകൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം ലഭ്യമാകുന്ന മുറയ്ക്ക് പട്ടയവിതരണത്തിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ്.

പൂഞ്ഞാർ മണ്ഡലത്തിലെ പട്ടയ വിതരണം

317 (1592) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിന്റെ പരിധിയിൽ വിതരണത്തിന് തയ്യാറായ പട്ടയങ്ങളുടെ എണ്ണവും പ്രസ്തുത പട്ടയങ്ങൾ എപ്പോൾ നൽകാനാകുമെന്നും വില്ലേജ് അടിസ്ഥാനത്തിൽ ഇനം തിരിച്ച് അറിയിക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിന്റെ പരിധിയിൽ വിതരണത്തിന് തയ്യാറായ പട്ടയങ്ങൾ ഇല്ല.

(ബി) പ്രസ്തുത മണ്ഡലത്തിൽ പട്ടയത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ വിശദാംശം വില്ലേജ് അടിസ്ഥാനത്തിൽ ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകളിൻമേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) 7330 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിന്മേൽ കേരള ഭൂമി പതിവ് ചട്ട പ്രകാരവും കേരള ഭൂപരിഷ്കരണ നിയമപ്രകാരവും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അപേക്ഷകളുടെ വില്ലേജടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) പ്രസ്തുത അപേക്ഷകളിൽ വിവിധ വകുപ്പുകളുടെ നിരാക്ഷേപ പത്രം ലഭിക്കേണ്ടതായ എത്ര അപേക്ഷകളുണ്ടെന്നും ആയതിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശവും വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

25 കേസുകളിൽ പൊതുമരാമത്ത് വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭിക്കാനുണ്ട്. NOC ലഭിക്കുന്ന മുറയ്ക്ക് ചട്ടപ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എരുമേലി സൗത്ത് വില്ലേജ് -22

കോരുത്തോട് വില്ലേജ് - 3

ആകെ -25

(ഇ) പ്രസ്തുത പട്ടയ അപേക്ഷകൾ തീർപ്പു കല്പിക്കുന്നതിനായി മണ്ഡലത്തിൽ സ്പെഷ്യൽ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(എഫ്) പട്ടയം അനുവദിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

സമയബന്ധിതമായി പട്ടയം അനുവദിക്കുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്.

പട്ടയം ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി

318 (1593) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹരായ എല്ലാവർക്കും പട്ടയം ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ?

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യത്തിലാണ് റവന്യൂ വകുപ്പ് മുന്നോട്ട് പോകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരു വർഷ കാലയളവിനുള്ളിൽ 54,535 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. ഇനിയും അവശേഷിക്കുന്ന പട്ടയ അപേക്ഷകൾ ത്വരിത ഗതിയിൽ തീരുമാനം കൈക്കൊണ്ട് പട്ടയം വിതരണം ചെയ്യുന്നതിനായി ഒരു മിഷൻ മോഡ് പ്രവർത്തനം വകുപ്പ് വിഭാവനം ചെയ്യുന്നുണ്ട്. നടപ്പു വർഷം മലയോര ആദിവാസി മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനമാണ് നടത്തുന്നത്. ലാൻഡ് ട്രൈബ്യൂണലുകളിൽ അവശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനും ലക്ഷ്യം വയ്ക്കുന്നുണ്ട്. അർഹരായ എല്ലാവർക്കും പട്ടയം നൽകുക എന്നതാണ് ലക്ഷ്യം.

(ബി) കാവ്, പുറമ്പോക്ക്, കുളം പുറമ്പോക്ക് എന്നീ പേരുകളിൽ റവന്യൂ രേഖയിൽ കാണുന്ന ഭൂമിക്ക് പട്ടയം നൽകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ ആയവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

തരിശ് ഇനത്തിൽ വരുന്ന പുറമ്പോക്കുകളാണ് പതിവിനു വിധേയം. സംരക്ഷിത കാവായി വനം വകുപ്പ് നോട്ടിഫൈ ചെയ്തിട്ടുള്ള കാവുകൾ പതിവിനു വിധേയമല്ല. റവന്യൂ വകുപ്പിൽ കാവുപുറമ്പോക്കുകളായി

രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ കാലാകാലങ്ങളായി വീട് വച്ച് താമസിച്ചു വരുന്നതുമായ ഭൂമി വനം വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭ്യമാക്കി, ഇനം മാറ്റം നടത്തി തരിശാക്കി പതിവു നടപടി നടത്തുന്നതാണ്. കുളം പുറംമ്പോക്ക് നിലവിലെ ചട്ട പ്രകാരം പതിവിനു വിധേയമല്ല. എന്നാൽ രേഖകളിൽ കുളം പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വരുന്നതിനും മുൻപ് ദീർഘകാലമായി കൈവശം വച്ചുവരുന്നതും കുളത്തിന് സമീപത്തല്ലാത്തതുമായ ഭൂമി, പതിവിന് അർഹതയുള്ളവർക്ക് പതിച്ചു നൽകുന്നത് നിയമപരമായി പരിശോധിച്ചു വരികയാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പട്ടയങ്ങൾ നൽകിയിട്ടുണ്ട് എന്ന് വിശദമാക്കുമോ?

54,535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) റീസർവെ അപാകതകൾ പരിഹരിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

എൽ.ആർ.എം പരാതികളിൻമേൽ ബന്ധപ്പെട്ട താലൂക്കുകളിലെ ഭൂരേഖ തഹസിൽദാർ മുഖേന നടപടികൾ പൂർത്തിയാക്കി അപാകതകൾ പരിഹരിച്ചു വരുന്നു. എൽ.ആർ.എം പരാതികൾ ദ്രുതഗതിയിൽ

പരിഹരിക്കുന്നതിനായി സർവ്വെയർമാർക്ക് ഓരോ മാസവും 50 അപേക്ഷകൾ വീതം തീർപ്പാക്കുന്നതിന് ടാർജറ്റ് നൽകിയിട്ടുണ്ട്. കൂടാതെ താലൂക്കുകളിൽ അദാലത്ത് നടത്തി മുഴുവൻ പരാതികളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

വാമനപുരം മണ്ഡലത്തിലെ കൈവശാവകാശ വസ്തുവിൻമേൽ പട്ടയം ലഭിക്കാനുള്ള അപേക്ഷകൾ

319 (1594) ശ്രീ ഡി കെ മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം മണ്ഡലത്തിൽ നിന്ന് കൈവശാവകാശ വസ്തുവിൻമേൽ പട്ടയം ലഭിക്കാനുള്ള എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് പട്ടയം ലഭിച്ചിട്ടുണ്ടെന്നും വില്ലേജ് തിരിച്ച് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം മണ്ഡലത്തിൽ നിന്ന് കൈവശാവകാശ വസ്തുവിൻമേൽ പട്ടയം ലഭിക്കാനുള്ള 265 പട്ടയ അപേക്ഷകൾ ലഭിച്ചിട്ടുള്ളതും, ആയതിൽ 86 പേർക്ക് പട്ടയം നൽകിയിട്ടുള്ളതുമാണ്. ആയതിന്റെ വില്ലേജ് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1	പാങ്ങോട്	2
2	കുറുപുഴ	33
3	തെന്നൂർ	2
4	ആനാട്	1
5	പെരിങ്ങമല	41
6	പുല്ലമ്പാറ	1
7	കല്ലറ	1
8	പാലോട്	4
9	നെല്ലനാട്	1
ആകെ		86

(ബി) ഇനി പട്ടയം ലഭിക്കാനുള്ള അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

പട്ടയം ലഭിക്കാനുള്ള അപേക്ഷകളിന്മേൽ സ്ഥല പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കുത്തുപറമ്പ് വടക്കേക്കളം കർഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി

320 (1595) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് വടക്കേക്കളത്ത് വർഷങ്ങളായി കൃഷി ചെയ്തുവരുന്ന കർഷകരായ മുഴുവൻ ഭൂവുടമകൾക്കും കൈവശഭൂമിക്ക് പട്ടയം

ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

കൈവശഭൂമിയ്ക്ക് പട്ടയം ലഭിക്കുന്നതിനായി ലഭിച്ച 1393 അപേക്ഷകളിൽ 207 പേർക്ക് പട്ടയം അനുവദിച്ചിട്ടുള്ളതും ബാക്കി അപേക്ഷകളിൽ വിശദമായ രേഖാ പരിശോധനയിലൂടെയും വസ്തു പരിശോധനയിലൂടെയും തുടർ നടപടി സ്വീകരിച്ചുവരികയുമാണ്.

(ബി) പ്രസ്തുത നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് വിശദമാക്കുമോ?

കക്ഷികൾ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് വിശദമായ രേഖാ പരിശോധനയിലൂടെയും വിചാരണയിലൂടെയും ആവശ്യമെങ്കിൽ സ്ഥലപരിശോധനയും നടത്തിയാണ് തുടർ നടപടി സ്വീകരിച്ചു വരുന്നത്. ആയതിനാലുള്ള സ്വാഭാവിക കാലതാമസം മാത്രമാണ് നേരിടുന്നത്.

(സി) പ്രസ്തുത നടപടികളുടെ കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ?

കക്ഷികൾ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് വിശദമായ രേഖാ പരിശോധനയിലൂടെയും വിചാരണയിലൂടെയും ആവശ്യമെങ്കിൽ

സ്ഥലപരിശോധനയും നടത്തിയാണ് തുടർ നടപടി സ്വീകരിച്ചു വരുന്നത്. ആയതിനാലുള്ള സ്വാഭാവിക കാലതാമസം മാത്രമാണ് നേരിടുന്നത്.

ദേവസ്വം പട്ടയം

321 (1596) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ദേവസ്വം പട്ടയത്തിന് അപേക്ഷ നൽകി രണ്ട് വർഷം കഴിഞ്ഞിട്ടും പട്ടയം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പട്ടയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

1963- ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം കുടിയായ്മ, കുടികുടിപ്പ് എന്നിവ ലഭിക്കുന്നതിനായി ലാൻഡ് ട്രൈബ്യൂണലുകളിൽ ശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ നിരവധി മിഷൻമോഡ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഒന്നാം 100 ദിന പരിപാടിയുടെ ഭാഗമായി 13500 എൽ. റ്റി കേസുകളും രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി 40000 എൽ. റ്റി കേസുകളും തീർപ്പാക്കി പട്ടയം നൽകിയിട്ടുണ്ട്. 2022 നവംബർ മുതൽ പ്രഖ്യാപിച്ചിരിക്കുന്ന മിഷൻമോഡ് പദ്ധതിയുടെ ഭാഗമായി 60000 കേസുകൾ തീർപ്പാക്കാനുള്ള പദ്ധതി പുരോഗമിച്ച് വരുന്നു.

ദേവസ്വങ്ങൾ ജന്മിയായി വരുന്ന കേസുകളാണ് ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകൾ തീർപ്പാക്കുന്നത്. എന്നാൽ ദേവസ്വങ്ങളുടെ ഭൂമി നഷ്ടപ്പെടുന്നുവെന്ന് കാണിച്ച് കണ്ണൂർ ജില്ലയിൽ നിന്നുള്ള ചില വ്യക്തികൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് കാരണം കണ്ണൂർ ജില്ലയിലെ ദേവസ്വം കേസ് തീർപ്പാക്കലിൽ കുറവ് വന്നിട്ടുണ്ട്. എന്നാൽ നിലവിലെ പട്ടയ മിഷനിൽ ഉൾപ്പെടുത്തിയും ബഹു. ഹൈക്കോടതിയുടെ WP(C) 8851/20 എന്ന നമ്പർ കേസിലെ ഉത്തരവിലെ നിരീക്ഷണങ്ങൾ അനുസരിച്ചും പരമാവധി വേഗത്തിൽ അർഹരായവർക്ക് ക്രയ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി എല്ലാ ദേവസ്വം ട്രൈബ്യൂണലുകൾക്കും സ്റ്റേറ്റ് ലാൻഡ് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആലത്തൂർ മണ്ഡലത്തിലെ പട്ടയവിതരണം

322 (1597) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2022 വരെയുള്ള കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന വിവരം അറിയിക്കുമോ?

2016 മുതൽ 2022 വരെയുള്ള കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ ആകെ 2,868 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. (122-എൽ.എ, ലക്ഷം വീട്, കെ.എസ്.ടി.എ, ലാന്റ് ബാങ്ക് പട്ടയങ്ങളും 2746 എൽ.ടി.പട്ടയങ്ങളും).

(ബി) പട്ടയം ലഭിച്ചവരുടെ പേരും വിലാസവും ഏതുതരം പട്ടയമാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ?

എൽ.എ, ലക്ഷം വീട്, കെ.എസ്.ടി.എ, ലാന്റ് ബാങ്ക് പട്ടയങ്ങൾ അനുവദിച്ചവരുടെ ലിസ്റ്റ് (122)ഇതോടൊപ്പം അനുബന്ധം-1 ആയി ചേർക്കുന്നു.[+] എൽ.ടി. സംബന്ധിച്ച വിവരങ്ങൾ വിവിധ ഓഫീസുകളിൽ കൈകാര്യം ചെയ്തുവരുന്നതിനാലും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാലും ടി വിവരങ്ങൾ ലഭ്യമല്ല.

(സി) നിലവിൽ പട്ടയത്തിന് അപേക്ഷ നൽകിയവരുടെ പേരുവിവരങ്ങളും പട്ടയത്തിന് അപേക്ഷിച്ച തീയതിയും ഏതുതരം പട്ടയത്തിനാണ് അപേക്ഷ നൽകിയിട്ടുള്ളതെന്നും വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ പട്ടയത്തിന് അപേക്ഷ നൽകിയവരുടെ ലിസ്റ്റ് (16-ലക്ഷം വീട്) ഇതോടൊപ്പം അനുബന്ധം-2 ആയി ചേർക്കുന്നു.+ എൽ.ടി. സംബന്ധിച്ച വിവരങ്ങൾ വിവിധ ഓഫീസുകളിൽ കൈകാര്യം ചെയ്ത് വരുന്നതിനാലും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ഡി) ഓരോ അപേക്ഷയുടെയും നിലവിലെ സ്ഥിതി അറിയിക്കുമോ?

പട്ടയങ്ങൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്.

നിജസ്ഥിതി സർട്ടിഫിക്കറ്റ്

323 (1598) ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഭൂമി പതിവ് നിയമങ്ങൾ പ്രകാരം അനുവദിച്ച പട്ടയങ്ങൾ സംബന്ധിച്ച ഫയലുകൾ നഷ്ടപ്പെടുകയോ കാലപ്പഴക്കത്താൽ നശിച്ചു പോകുകയോ ചെയ്തിട്ടുള്ള കേസുകളിൽ, ആധികാരികത ഉറപ്പ് വരുത്തി നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

(ബി) എപ്രകാരമുള്ള കേസുകളിലാണ് നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് സർക്കാർ ഉത്തരവുള്ളത്;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ഉണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ ഭൂപതിവ് നിയമപ്രകാരമുള്ള പട്ടയങ്ങളെ സംബന്ധിച്ചാണ് ഉത്തരവ്

(സി) പ്രസ്തുത ഉത്തരവിൽ ദേവസ്വം പട്ടയങ്ങളെ സംബന്ധിച്ച് പരാമർശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരവിൽ പരാമർശം ഇല്ല.

വടക്കാഞ്ചേരി മണ്ഡലത്തിൽ കുംബാര സമുദായത്തിൽപ്പെട്ടവർക്ക് പട്ടയം

324 (1599) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന വടക്കാഞ്ചേരി നഗരസഭ മുപ്പത്തിയെട്ടാം ഡിവിഷനിൽ താമസിക്കുന്ന കുംബാര സമുദായത്തിൽപ്പെട്ടവർക്ക് പട്ടയം ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സമുദായത്തിൽ എത്ര കുടുംബങ്ങളാണ് പട്ടയം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നറിയിക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇവർക്ക് പട്ടയം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

മുപ്പത്തിയെട്ടാം ഡിവിഷനിൽ താമസിക്കുന്ന കുംബാര സമുദായത്തിൽപ്പെട്ടവർ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കോതമംഗലം മണ്ഡലത്തിലെ പട്ടയ വിതരണം

325 (1600) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിൽ വടാട്ടുപാറ പ്രദേശത്തെ പട്ടയ പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

(ബി) പ്രസ്തുത പ്രദേശത്ത് പട്ടയം ലഭിക്കാനുള്ളവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(എ&ബി) ഉണ്ട്. കുട്ടമ്പുഴ വില്ലേജിൽ വടാട്ടുപാറ പ്രദേശത്ത് വനഭൂമി കുടിയേറി വീട് വച്ച് താമസിച്ചു വരുന്ന 500 ഓളം കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകി പട്ടയം നൽകാൻ അവശേഷിക്കുന്നുണ്ട്.

(സി) പട്ടയം നല്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രദേശത്ത് എല്ലാവർക്കും പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) ടി പ്രദേശം കൂട്ടമ്പുഴ വില്ലേജ് റീസർവ്വേ ബ്ലോക്ക് 2ൽ സർവ്വെ 264 ൽ ഉൾപ്പെട്ടു വരുന്നതും മുമ്പിനാലെ വനഭൂമിയായി കിടന്നിരുന്നത് നിലവിൽ ടി സർവ്വെ നമ്പറിൽ വനഭൂമി ഉൾപ്പെട്ടു വരുന്നതുമാണ്. റവന്യൂ-വനം വകുപ്പ് സംയുക്ത പരിശോധന നടത്തി ലിസ്റ്റ് അംഗീകരിക്കുന്ന മുറയ്ക്ക് ടി കുടുംബങ്ങൾക്ക് ഭൂമി പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും

പ്രകൃതിക്ഷോഭം മൂലമുണ്ടായ നാശനഷ്ടങ്ങൾ

326 (1601) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണിച്ചാർ-കോളയാട്-കേളകം ഗ്രാമപഞ്ചായത്തുകളിൽ 2022 ആഗസ്റ്റ് മാസത്തിലെ പ്രകൃതിക്ഷോഭം മൂലമുണ്ടായ നാശനഷ്ടങ്ങൾ എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് നഷ്ടപരിഹാരമായി എത്ര തുക നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ കണിച്ചാർ - കേളകം - കോളയാട് പഞ്ചായത്തുകളിലും പരിസര പ്രദേശങ്ങളിലും 2022 ആഗസ്റ്റ് മാസം ഉണ്ടായ പ്രകൃതിക്ഷോഭങ്ങളിൽ ആകെ 35 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. ഇതിനു പുറമെ ഉരുൾപൊട്ടലിൽ ഉപയോഗ ശൂന്യമായ ഭൂമിയുടെ കൃത്യമായ കണക്ക് ലഭ്യമാക്കുന്നതിന് റവന്യൂ, കൃഷി, പഞ്ചായത്ത് എന്നിവരുടെ സംയുക്ത പരിശോധന നടത്തുന്നതിന് തീരുമാനിച്ചിട്ടിട്ടുണ്ട്.

പ്രകൃതിക്ഷോഭത്തിൽ മരണമടഞ്ഞ 3 പേർക്കായി 4 ലക്ഷം രൂപ നിരക്കിൽ ആകെ 12 ലക്ഷം രൂപ ദുരിതാശ്വാസം അനുവദിച്ചിട്ടുണ്ട്. ഭവന നാശത്തിനുള്ള ധനസഹായ അപേക്ഷകളിൽ 39 എണ്ണത്തിന് ഇതുവരെയായി 14,29,600/- രൂപ അനുവദിച്ചിട്ടുണ്ട്. 38 അപേക്ഷകൾ നിരസിക്കുകയും 33 അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത നഷ്ടപരിഹാരത്തിനായി പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ വ്യക്തമാക്കുമോ?

ഇരിട്ടി താലൂക്കിലെ വിവിധ മേഖലകളിൽ 2022 ആഗസ്റ്റ് മാസം സംഭവിച്ച പ്രകൃതിക്ഷോഭത്തിൽ വിവിധ വകുപ്പുകൾക്ക് കീഴിൽ ഉണ്ടായിട്ടുള്ള

നാശനഷ്ടങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖാന്തിരം ശേഖരിച്ചു വരുന്നു. പ്രകൃതി ദുരന്തങ്ങൾക്ക് കേന്ദ്ര ദുരന്തപ്രതികരണ നിധി /സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡങ്ങൾക്കനുസൃതമായ ആശ്വാസ ധനസഹായം നൽകുവാൻ മാത്രമെ വ്യവസ്ഥയുള്ള. നാശനഷ്ടങ്ങൾക്ക് പ്രത്യേക പാക്കേജ് മുഖാന്തിരം ദുരിതാശ്വാസം നൽകുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡത്തിൽ വ്യവസ്ഥയില്ല.

(സി) പ്രകൃതിക്ഷോഭം സംബന്ധിച്ച് വിദഗ്ധ സംഘം നടത്തിയ പഠന റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ശിപാർശകൾ എന്തെല്ലാമെന്നും ആയത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

ഇരിട്ടി താലൂക്കിൽ പ്രകൃതിക്ഷോഭം സംഭവിച്ച സ്ഥലങ്ങളിൽ സാങ്കേതിക പഠനം നടത്തുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ വിദഗ്ധർ 2022 സെപ്റ്റംബർ 23, 24 ദിവസങ്ങളിൽ പ്രസ്തുത പ്രദേശം സന്ദർശിച്ച് പഠനം നടത്തിയിട്ടുള്ളതും ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതുമാണ്. ദുരന്ത നിവാരണ അതോറിറ്റിയുടെ പഠന റിപ്പോർട്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗത്തിൽ ചർച്ച ചെയ്ത് ആയത് പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിൽ

വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് പ്രാദേശികമായി ജനപ്രധിനിധികളുടെയും വകുപ്പ് മേധാവികളുടെയും യോഗം ജില്ലാതലത്തിൽ ചേരുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ദുരന്ത പ്രതിരോധത്തിന്റെ ഭാഗമായി കണിച്ചാർ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന 2 ക്വാറികളുടെ പ്രവർത്തനം കാലവർഷം ശക്തമായതിനെത്തുടർന്ന് താത്കാലികമായി നിർത്തിവെക്കുന്നതിനു നിർദ്ദേശം നൽകിയിരുന്നു. പ്രദേശത്തു തുടർന്നുണ്ടായ ഉരുൾപൊട്ടലുകളുടെയും മലവെള്ളപാച്ചിലുകളുടെയും പശ്ചാത്തലത്തിൽ പ്രസ്തുത ക്വാറികൾ വീണ്ടും തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നല്കിയിട്ടില്ല.

കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും

327 (1602) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പോത്ത്കല്ല് ടൗൺ ഓഡിറ്റോറിയത്തിൽ ദുരിതാശ്വാസ ക്യാമ്പ് നടത്തിയ വകയിൽ വിവിധ

വകുപ്പുകൾ മുഖാന്തിരം 2019 മുതൽ നാളിതുവരെ ചെലവഴിച്ച തുക ഇനം തിരിച്ച് വിശദമാക്കുമോ?

കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങളെ 2019 ലെ പ്രളയത്തെതുടർന്ന് പോത്ത്കല്ല് ടൗൺ ഓഡിറ്റോറിയത്തിലെ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റുകയും ടി ആളുകൾക്ക് ഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ ഗ്യാസ് സിലിണ്ടർ റീഫിൽ ചെയ്യുന്ന വകയിൽ ചെലവായ തുകയായ 3,37,314/- രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ടി ക്യാമ്പിലേക്ക് ഭക്ഷണസാധനം നൽകിയ വകയിൽ 11,52,406/- രൂപ സപ്ലൈകോയ്ക്ക് അനുവദിക്കുന്നതിനായി താലൂക്കിലേക്ക് ഫണ്ട് അനുവദിക്കുകയും ടി തുക കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2,15,092/-രൂപയും, ഓഡിറ്റോറിയം വാടക ഇനത്തിൽ 9,55,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് സർക്കാരിന്റെ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂമിയും വീടും വാങ്ങുന്നതിന് അനുവദിച്ച പണം കൈപ്പറ്റിയിട്ട് ഒരു വർഷമായെങ്കിലും ഇവരുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനനിർമ്മാണം ഏതെങ്കിലും സംഘങ്ങളെയോ ഏജൻസികളെയോ ഏൽപ്പിച്ചിരുന്നോയെന്നും എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളുടേയും വീട് നിർമ്മാണം ഉടൻ പൂർത്തീകരിച്ച് കൈമാറാൻ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും അറിയിക്കുമോ?

പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീട് നിർമ്മാണ പ്രവർത്തനത്തിനായി പ്രത്യേക ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല. വീട് നിർമ്മാണം പൂർത്തീയാക്കാത്ത ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

(ഡി) പോത്തുകല്ല് പഞ്ചായത്തിലെ ചാലിയാർ പുഴക്ക് കുറുകെ ഇരുട്ടുകുത്തി കടവിലെ ഇരുട്ടുകുത്തി, വാണിയമ്പുഴ, തിരിപ്പ പൊട്ടി, കുമ്പളപ്പാറ എന്നീ ആദിവാസി കോളനികളിലേയ്ക്ക് പാലം നിർമ്മിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

പാലം നിർമ്മിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ് (LSGD sub division Nilambur Block Panchayath) 7,15,00,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന്മേൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കോവിഡ് ധനസഹായം

328 (1603) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ ഏറ്റവും അടുത്ത ബന്ധുവിന് അമ്പതിനായിരം രൂപ ധനസഹായം നൽകുന്ന പദ്ധതിയിൽ, ആലത്തൂർ മണ്ഡലത്തിൽനിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ ഏറ്റവും അടുത്ത ബന്ധുവിന് അമ്പതിനായിരം രൂപ ധനസഹായം നൽകുന്ന പദ്ധതിയിൽ, ആലത്തൂർ മണ്ഡലത്തിൽ നിന്ന് 474 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) റിലീഫ് പോർട്ടൽ വഴി പ്രസ്തുത ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ആലത്തൂർ മണ്ഡലത്തിൽ എത്ര പേർക്കാണ് ധനസഹായം ലഭിച്ചതെന്ന് അറിയിക്കുമോ?

ഉണ്ട്. ആലത്തൂർ മണ്ഡലത്തിൽ 459 അപേക്ഷകർക്ക് ഇതിനകം ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

പ്രകൃതി ദുരന്തങ്ങളിൽ പെട്ടവർക്കുള്ള ധനസഹായം

329 (1604) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2014-ന് ശേഷം പ്രകൃതി ദുരന്തങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പ്രകൃതി ദുരന്തങ്ങളിൽ വീടിനും വസ്തുവകകൾക്കും നാശനഷ്ടം സംഭവിച്ചവർക്കുമുള്ള ധനസഹായം ഏത് വർഷം വരെയുള്ള അപേക്ഷകർക്ക് നൽകിയിട്ടുണ്ട്?

തിരുവനന്തപുരം

2022 വരെ ലഭിച്ച അപേക്ഷകളിൽ അർഹതയുള്ള അപേക്ഷകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

കൊല്ലം

2014-2022 വരെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായവും, ഭവനനാശം സംഭവിച്ച കേസുകളിൽ 2021 വരെ ധനസഹായവും അനുവദിച്ചിട്ടുണ്ട്. 2022 - ലെ ധനസഹായം അനുവദിച്ച വരുന്നു.

പത്തനംതിട്ട

2014-2021 വരെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായവും, ഭവനനാശം സംഭവിച്ച കേസുകളിൽ 2020 വരെ ധനസഹായവും അനുവദിച്ചിട്ടുണ്ട്.

ആലപ്പുഴ

2021 വരെയുള്ള കാലവർക്കെടുതിയിൽ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 2022 - ലെ ധനസഹായം അനുവദിച്ച വരുന്നു.

കോട്ടയം

2014-2021 വരെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായവും, ഭവനനാശം സംഭവിച്ച കേസുകളിൽ 2020 വരെയും ധനസഹായവും അനുവദിച്ചിട്ടുണ്ട്. 2022 - ലെ ധനസഹായം അനുവദിച്ച വരുന്നു.

ഇടുക്കി

2021 വരെയുള്ള ധനസഹായം നൽകിയിട്ടുണ്ട്. 2022 - ലെ ധനസഹായം അനുവദിച്ച വരുന്നു.

എറണാകുളം

2014 മുതൽ 2017 വരെയുള്ള ധനസഹായവിതരണം ചെയ്തിട്ടുണ്ട്. 2018-ലെ കേസുകളിൽ സ്റ്റേജ് സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതുമൂലവും 2019-ലെ

കേസുകളിൽ അക്കൗണ്ട് കറക്ഷൻമൂലവും ചില കേസുകളിൽ ധനസഹായം അനുവദിക്കാനുണ്ട്.

തൃശ്ശൂർ

2014 മുതൽ 2021 വരെയുള്ള ധനസഹായം നൽകിയിട്ടുണ്ട്. 2022 - ലെ ധനസഹായം അനുവദിച്ചു വരുന്നു.

പാലക്കാട്

2014 മുതൽ 2021 വരെ (2019 - ലെ 1 കേസ് ഒഴികെ -അവകാശ തർക്കം) ധനസഹായം നൽകിയിട്ടുണ്ട്. 2022 - ലെ ധനസഹായം അനുവദിച്ചു വരുന്നു.

മലപ്പുറം

2014-2022 വരെ ലഭിച്ച അപേക്ഷകളിൽ ധനസഹായം നൽകിയിട്ടുണ്ട്.

കോഴിക്കോട്

2014 മുതൽ 2021 വരെയുള്ള ധനസഹായം നൽകിയിട്ടുണ്ട്. 2022 ലെ ധനസഹായ വിതരണം പൂർത്തിയായിട്ടില്ല.

വയനാട്

2014 മുതൽ 2022 വരെ ലഭിച്ച അപേക്ഷകളിൽ അർഹതയുള്ള അപേക്ഷകളിൽ ധനസഹായം നൽകിയിട്ടുണ്ട്.

കണ്ണൂർ

2014 മുതൽ 2022 വരെ ലഭിച്ച അപേക്ഷകളിൽ അർഹതയുള്ള അപേക്ഷകളിൽ ധനസഹായം നൽകിയിട്ടുണ്ട്.

കാസർഗോഡ്

2014 മുതൽ 2021 വരെയുള്ള ധനസഹായം നൽകിയിട്ടുണ്ട്. 2022 - ലെ ധനസഹായം അനുവദിച്ച വരുന്നു.

(ബി) നിലവിൽ എത്രപേർ ഈയിനത്തിൽ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; തൽസ്ഥിതി വിവരങ്ങൾ സഹിതം അറിയിക്കുമോ?

ക്രമ നം.	**ജില്ല**	**എണ്ണം**
1	തിരുവനന്തപുരം	907
2	കൊല്ലം	271
3	പത്തനംതിട്ട	164
4	ആലപ്പുഴ	4
5	കോട്ടയം	632
6	ഇടുക്കി	407
7	എറണാകുളം	246
8	തൃശ്ശൂർ	167
9	പാലക്കാട്	748
10	മലപ്പുറം	631
11	കോഴിക്കോട്	737
12	വയനാട്	221
13	കണ്ണൂർ	228

14	കാസർഗോഡ്	314

(സി) 2016 മുതൽ 2022 വരെയുള്ള കാലയളവിൽ പെരുങ്കടവിള, പാറശ്ശാല ബ്ലോക്ക് പഞ്ചായത്തുകൾക്ക് കീഴിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധി പദ്ധതിയുടെ ഭാഗമായി കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയായെന്നും ബ്ലോക്ക് പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ?

വിവരം അനുബന്ധം 1 ആയി ചേർക്കുന്നു+

(ഡി) 2020-22 കാലയളവിൽ സെക്രട്ടേറിയറ്റ് ദുരന്ത നിവാരണ (എ) വകുപ്പിന്റെ ഭരണാനുമതി ലഭിച്ചിട്ടും കളക്ട്രേറ്റ് ദുരന്തനിവാരണ വകുപ്പിന്റെ നിർവഹണാനുമതി ലഭിക്കാത്ത പ്രവൃത്തികളുണ്ടോ; വിശദാംശം അറിയിക്കുമോ?

2020-2022 കാലയളവിൽ പാറശ്ശാല, പെരുങ്കടവിള ബ്ലോക്കുകളിൽ കളക്ടറേറ്റിൽ നിന്നും നിർവഹണ അനുമതി ലഭിക്കാത്ത പ്രവർത്തികൾ ഇല്ല.

(ഇ) കളക്ട്രേറ്റ് ദുരന്തനിവാരണ വകുപ്പിന്റെ നിർവഹണാനുമതി ലഭിച്ചിട്ടും നാളിതുവരെ പൂർത്തിയാക്കാത്ത പ്രവൃത്തികളുണ്ടോ; വിശദാംശം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അറിയിക്കാമോ; എന്ത് കാരണത്താലാണ് പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കാത്തതെന്ന് വിശദമാക്കുമോ?

വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.+

ദുരന്ത നിവാരണ സംവിധാനം ശക്തിപ്പെടുത്തൽ

330 (1605) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടരെ ഉരുൾപൊട്ടൽ ഉണ്ടാകുന്നത് സംബന്ധിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് ഉണ്ടാകുന്ന ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ സംബന്ധിച്ച് വിശദമായ പഠനങ്ങൾ 1999 മുതൽ നടന്നിട്ടുണ്ട്. ഭൗമ ശാസ്ത്ര പഠന കേന്ദ്രം ആരംഭിച്ച ഇത്തരം പഠനങ്ങൾ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, ജല വിഭവ പഠന കേന്ദ്രം, അമൃത വിശ്വ വിദ്യാലയം, കേരള സർവകലാശാല, അമേരിക്കയിലെ മിഷിഗൺ ടെക്നോളോജിക്കൽ യൂണിവേഴ്സിറ്റി (MTU), IIT Indore, Centre for Disaster Resilence, University of Twente, The Netherlands, National Remote Sensing Centre എന്നിവർ നടത്തി വരുന്നു. സംസ്ഥാന ദുരന്ത നിവാരണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അതോറിറ്റിക്ക് ആഭ്യന്തരമായി തന്നെ 4 ഉരുൾ പൊട്ടൽ/മണ്ണിടിച്ചിൽ സാങ്കേതിക വിദഗ്ധർ ഉണ്ട്. സംസ്ഥാനത്ത് ഇത്തരം പഠനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാനും, പൊതു സമൂഹത്തെ ബാധിക്കുന്ന സാഹചര്യങ്ങളിൽ പ്രശ്ന പരിഹാരത്തിന് ഉപദേശം നൽകുവാനും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ ഉപദേശക സമിതി പ്രവർത്തിച്ച് വരുന്നുണ്ട്. വിശദമായ പഠനങ്ങൾ ആവശ്യമാകുന്ന സാഹചര്യത്തിൽ ജിയോളോജി/സിവിൽ/ജിയോടെക്നിക്കൽ മേഖലയിൽ ഗവേഷണ സ്ഥാപനങ്ങളുടെ സഹായം തേടുകയും ചെയ്യുന്നു.

(ബി) ഇതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സംബന്ധിച്ച വിഷയങ്ങളുടെ നോഡൽ ഏജൻസിയായ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ആണ് വിവിധ സാങ്കേതിക വിദ്യകൾ ഇത്തരം പഠനങ്ങൾക്ക് നിർദ്ദേശിക്കേണ്ടത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ മുന്നറിയിപ്പ് സംവിധാനങ്ങൾ (Landslide early warning system) വികസിപ്പിക്കുന്ന പ്രൊജക്ടുകൾ ജിയോളജിക്കൽ സർവേ

ഓഫ് ഇന്ത്യയുടെയും, Norwegian Geotechnical Instituteന്റെയും സഹായത്തോടെ നടപ്പാക്കുന്ന കാര്യം പരിഗണനയിലാണ്.

(സി) എങ്കിൽ ദുരന്ത നിവാരണ സംവിധാനം എപ്രകാരം ശക്തിപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ കൂടുതൽ സൂക്ഷ്മമായ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ സാധ്യത ഭൂപടങ്ങൾ (Susceptibility/Hazard map) തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇത്തരം ഭൂപടങ്ങളാവശ്യമായ സ്ഥലങ്ങളുടെ വിവരങ്ങൾ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യക്ക് ലഭ്യമാക്കിയിട്ടുണ്ട്. മുന്നറിയിപ്പ് സംവിധാനങ്ങൾ സംബന്ധിച്ച പരീക്ഷണങ്ങൾക്ക് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, അമൃത വിശ്വ വിദ്യാലയം, കേരള സർവകലാശാല, അമേരിക്കയിലെ മിഷിഗൺ ടെക്നോളോജിക്കൽ യൂണിവേഴ്സിറ്റി (MTU), Norwegian Geotechnical Institute എന്നിവരുമായി സഹകരിച്ചു പ്രവർത്തിക്കുന്നുണ്ട്. സിവിൽ/ജിയോടെക്നികൽ സാങ്കേതിക വിദ്യാ പരീക്ഷണങ്ങൾ നടത്തുന്നതിന് IIT Palakkad, Norwegian Geotechnical Institute എന്നിവരുമായി സഹകരിക്കുന്നുണ്ട്. Ecological Solutions

കണ്ടെത്തുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നേരിട്ട് പ്രവർത്തിക്കുന്നുണ്ട്.

ഭൂപരിഷ്കരണ നിയമപ്രകാരം പട്ടയം നൽകിയ ഭൂമി

331 (1606) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമപ്രകാരം പട്ടയം നൽകപ്പെട്ട കുടിയാന്മരുടെ ഭൂമി ജന്മിമാർ തിരിച്ചുപിടിക്കുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചുവെന്നുമുള്ള വിശദവിവരങ്ങൾ അറിയിക്കുമോ?

ഒരു കേസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ പീച്ചി വില്ലേജിൽ പട്ടാണി ഷേയ്ക്ക് ഹുസൈൻ റാവുത്തർ എന്നയാളിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലത്തിന് ക്രയസർട്ടിഫിക്കറ്റ് നൽകുകയും തുടർന്ന് കൈമാറ്റത്തിലൂടെ നിരവധി ആളുകളുടെ കൈവശത്തിലാവുകയും ചെയ്തിട്ടുണ്ട്. ക്രയസർട്ടിഫിക്കറ്റ് നൽകിയ ലാൻഡ് ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരെ ഭൂഉടമ അപ്പലേറ്റ് അതോറിറ്റിയിലും സിവിൽ

കേടതിയിലും, ബഹു.ഹൈക്കോടതിയിലും, ബഹു. സുപ്രീം കോടതിയിലും കേസുകൾ നൽകിയിട്ടുണ്ട്. ബഹു സുപ്രീം കോടതി ക്രയ സർട്ടിഫിക്കറ്റ് റദ്ദാക്കിക്കൊണ്ടുള്ള കീഴ് കോടതി വിധി ശരിവച്ചിരിക്കുകയാണ്.

(ബി) ഇത് സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ലാൻഡ് ടൈബ്യൂണലുകൾ നൽകുന്ന പട്ടയങ്ങൾ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് Conclusive Proof ആണെന്ന് 1963ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 72 (K) (2)യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പട്ടയം ലഭിച്ച് കുടിയൊഴിപ്പിക്കപ്പെട്ടാൽ സിവിൽ കോടതിയിൽ നിന്നും പരിഹാരം തേടാവുന്നതാണ്. അതിനാൽ പുതിയ നിയമം നിലവിൽ പരിഗണനയിലില്ല.

ചട്ടമ്പി സ്വാമികളുടെ അമ്മ ഗൃഹം ഏറ്റെടുക്കൽ

332 (1607) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പള്ളിച്ചൽ വില്ലേജിൽ ചട്ടമ്പി സ്വാമികളുടെ അമ്മ ഗൃഹം സംരക്ഷിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഭൂമി കൈമാറ്റം എന്ന് സാധ്യമാകുമെന്ന് വ്യക്തമാക്കുമോ?

ചട്ടമ്പി സ്വാമികളുടെ മാതൃഭവനവും, സ്ഥലവും സ്മാരകമാക്കി സംരക്ഷിക്കുന്നതിനായി നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിൽ 13.62 ആർ ഭൂമി ഏറ്റെടുക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർ അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2013-ലെ LARR Act പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളതും പ്രാഥമിക വിജ്ഞാപനം (11(1) വിജ്ഞാപനം) 12.09.2022 ന് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളടുമാണ്. LARR Act സെക്ഷൻ 15(3) പ്രകാരം ഭൂമിയേറ്റെടുക്കൽ നടപടി തുടരുന്നതിന് അനുമതി നൽകി 30/11/2022 ന് സമുചിത സർക്കാർ ഉത്തരവായിട്ടുള്ളതാണ്. എൽ.എ കോസ്റ്റ് അർത്ഥനാധികാരി അടവാക്കുന്ന മുറയ്ക്ക് LARR Act, 2013 പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് ഭൂമി അടിയന്തിരമായി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ

333 (1608) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിനുവേണ്ടി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് അടിസ്ഥാന വില

നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; ഇല്ലായെങ്കിൽ കാരണം അറിയിക്കുമോ?

കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സ്പെഷ്യൽ തഹസിൽദാർ, എൽ.എ (ജനറൽ), പാലാ അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നതാണ്.

അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കിയത് സർക്കാറിന്റെ 18.02.2022 ലെ ബി2/392/2019-റവ നമ്പർ കത്തിലെ മാനദണ്ഡപ്രകാരമാണെന്നും എന്നാൽ പ്രസ്തുത മാനദണ്ഡം എല്ലാ കേസിലും ബാധകമാക്കി കൊണ്ട് സർക്കാർ നിർദ്ദേശം നൽകിയിട്ടില്ലാത്തതാണെന്നും ആയതിനാൽ LARR Act 2013, പ്രകാരം വിലനിർണ്ണയ റിപ്പോർട്ട് തയ്യാറാക്കിയിരുന്ന രീതിയിൽ തന്നെ അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി പുന: സമർപ്പിക്കാൻ കോട്ടയം ജില്ലാ കളക്ടർ എൽ.എ.ഒ.യ്ക്ക് 02-12-2022 ലെ ജി1/10036/13 കത്ത് മുഖേന (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) നിർദ്ദേശം നൽകുകയുണ്ടായി.

കോട്ടയം ജില്ലയിലെ ആർ.വി ജംഗ്ഷൻ മുതൽ പുലിയന്നൂർ ജംഗ്ഷൻ വരെ യുള്ള ശ്രീ. സാജൻ പി എം എന്ന വ്യക്തിയുടെ കൈവശമുള്ള പുലിയന്നൂർ വില്ലേജിലെ 7/33-1, 7/44-1 എന്നീ സർവ്വെ നമ്പറുകളിലുൾപ്പെടുന്ന 5.47 ആർസ് സ്ഥലം പാരലൽ റോഡ് നിർമ്മാണത്തിനായി ഏറ്റെടുത്ത അവസരത്തിൽ അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് LARR Act 2013 ലെ സെക്ഷൻ 26 ലെ മാനദണ്ഡത്തിന് വിരുദ്ധമായി തയ്യാറാക്കിയതെന്ന് ആരോപിച്ചു കൊണ്ട് പരാതിക്കാരൻ കോടതിയെ സമീപിച്ച് അനുകൂല വിധി സമ്പാതിച്ചതിന്റെ അടിസ്ഥാനത്തിലും മറ്റു അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും LARR Act 2013 ലെ സെക്ഷൻ 26 ലെ മാനദണ്ഡ പ്രകാരം അതായത് 11(1) നോട്ടിഫിക്കേഷൻ തീയതിക്ക് പുറകിലേയ്ക്ക് 3 വർഷക്കാലയളവിൽ, ഭൂമി ഏറ്റെടുക്കുന്ന വില്ലേജിലോ സമീപ വില്ലേജുകളിലോ നടന്ന സമവും സമാനമായ ഭൂമികളുടെ മുഴുവൻ ആധാരങ്ങളും പരിശോധിച്ച് ഏറ്റവും കൂടിയ വില കാണിച്ച പകുതി ആധാരങ്ങളുടെ ശരാശരി വിലയാണ് BVR (അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട്) ആയി കണക്കാക്കേണ്ടതെന്ന നിർദ്ദേശം 18-02-2022 ലെ ബി2/392/2019-റവ നമ്പർ കത്ത് പ്രകാരം നല്കിയിട്ടുള്ളത്. പ്രസ്തുത കത്തിൽ സർക്കാർ LARR

Act 2013 ലെ സെക്ഷൻ 26 ലെ മാനദണ്ഡ പ്രകാരമാണ് അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കേണ്ടതെന്ന നിർദ്ദേശം മാത്രമാണ് നല്കിയിട്ടുള്ളത് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). ആയതിനാൽ അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി പുന:സമർപ്പിക്കാൻ കോട്ടയം ജില്ലാ കളക്ടർ എൽ.എ.ഒ യ്ക്ക് നല്കിയ നിർദ്ദേശവും എൽ.എ.ഒ തയ്യാറാക്കിയ അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടും പരിശോധിക്കേണ്ടതാണ്.

(ബി) അർത്ഥനാധികാരിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി 19(1) പ്രഖ്യാപനം പ്രസിദ്ധീകരിച്ച് അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള പ്രധാന തടസ്സം വിശദീകരിക്കുമോ; ആയത് പൂർത്തിയാക്കാൻ എത്ര സമയം വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ?

അടിസ്ഥാന വില നിർണ്ണയ അംഗീകരിക്കുന്ന മുറയ്ക്ക് അർത്ഥനാധികാരിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി 19(1) പ്രഖ്യാപനവും തുടർന്ന് അവാർഡും പാസ്സാക്കി സ്ഥലം അർത്ഥനാധികാരിയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതിക്കായി സാമൂഹ്യ ആഘാത പഠനം ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ?

LARR Act 2013 ലെ സെക്ഷൻ 4 പ്രകാരം സാമൂഹ്യ ആഘാത പഠനം കേരള വോളന്ററി ഹെൽത്ത് സർവ്വീസസ് എന്ന ഏജൻസി മുഖാന്തിരം നടത്തിയിട്ടുള്ളതാണ്.

സിൽവർ ലൈൻ - ഭൂമി ഏറ്റെടുക്കൽ

334 (1609) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പ്രോജക്ടിന്റെ ഭൂമി ഏറ്റെടുക്കൽ/സാമൂഹിക ആഘാത പഠനവുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട റവന്യൂ ഉദ്യോഗസ്ഥരുടെ എണ്ണം എത്രയെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഇത്തരം നിയമനം റവന്യൂ വകുപ്പിന്റെ മറ്റ് സേവനങ്ങളെ ബാധിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

സിൽവർ ലൈൻ പദ്ധതിയ്ക്കായി പുതിയ തസ്തികകൾ സൃഷ്ടിക്കുകയാണ് ചെയ്തത്. ആയതിനാൽ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടില്ല.

(സി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് സ്റ്റേറ്റ് ലെവൽ എംപാനൽ ലിസ്റ്റിൽ നിന്നും SIA ഏജൻസികളെ തെരഞ്ഞെടുത്ത് 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. കേരള സർവേ ആൻഡ് ബൗണ്ടറിസ് ആക്ട്, 1961 പ്രകാരമുള്ള 6(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(ഡി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളുമായി എത്ര തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇവരെ റവന്യൂ വകുപ്പിലേക്ക് തിരികെ വിളിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കുമോ?

ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളുമായി 8,52,91,882/- രൂപ നല്കിയിട്ടുണ്ട്. സിൽവർ ലൈൻ പദ്ധതിക്ക് റെയിൽവെ ബോർഡിന്റെ അന്തിമ അനുമതി ലഭ്യമാകാത്ത സാഹചര്യത്തിൽ 18-08-2021 ലെ സ.ഉ (എം.എസ്) നമ്പർ 163/2021/റവ പ്രകാരം രൂപീകരിച്ചിട്ടുള്ള 205 തസ്തികകൾ അടങ്ങിയ 12 സ്പെഷ്യൽ യൂണിറ്റുകളിലെ (ഒരു സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ ഓഫീസും 11 സ്പെഷ്യൽ തഹസിൽദാർ ഓഫീസുകളും) ജീവനക്കാരെ ഔട്ടർ റിംഗ് റോഡ് ഉൾപ്പെടെയുള്ള മറ്റു പ്രധാനപ്പെട്ട പദ്ധതിക്ക് വേണ്ടി താല്ക്കാലികായി വിനിയോഗിക്കുന്നതിന് തീരുമാനിക്കുകയും റെയിൽവെ ബോർഡിൽ നിന്ന് പദ്ധതിക്ക്

അന്തിമാനുമതി ലഭിച്ചതിനുശേഷം മാത്രം 4(1) വിജ്ഞാപനം re-notify ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ മതിയെന്ന തീരുമാനമെടുത്തുകൊണ്ട് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്.

ജന്മികളിൽ നിന്ന് ഏറ്റെടുത്ത ഭൂമി കൈവശക്കാർക്ക് നല്കാൻ നടപടി

335 (1610) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിലെ അമരമ്പലം വില്ലേജിൽ റീസർവ്വേ നം.505/1ബി., 415/1, 429/1എ1, 434-ൽ ഉൾപ്പെട്ട മാനവല്ലഭൻ തിരുമുൽപ്പാട്, മാനവല്ലഭൻ കാരണമുൽപ്പാട്, കാർത്ത്യായനി തമ്പുരാട്ടി എന്നീ ജന്മികളിൽ നിന്ന് ഏറ്റെടുത്ത് കൈവശക്കാർക്ക് നല്കാൻ തീരുമാനിച്ചിട്ടുള്ളത് എത്ര ഹെക്ടർ ഭൂമിയാണെന്ന് അറിയിക്കുമോ?

നിലമ്പൂർ താലൂക്കിലെ അമരമ്പലം വില്ലേജിലെ റീ സർവ്വെ നമ്പർ 505/1ബി, 415/1, 429/1എ, 434 എന്നിവയിൽ ഉൾപ്പെടെ ആകെ 26.1619 ഹെക്ടർ ഭൂമി അന്യകൈവശത്തോടെ ഏറ്റെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത മിച്ചഭൂമിയിൽ കർഷക തൊഴിലാളികളായ എത്ര കുടുംബങ്ങൾ പട്ടയത്തിനായി അപേക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

നാളിതുവരെ എത്ര കൈവശക്കാർക്ക് ഭൂമി പതിച്ച് നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

കർഷകത്തൊഴിലാളികളുടേതുൾപ്പെടെ 195 ആൾക്കാരുടെ അപേക്ഷകൾ പട്ടയത്തിനായി ലഭിക്കുകയും ആയതിൽ 104 പേർക്ക് പട്ടയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത മിച്ചഭൂമിയിൽ പട്ടയത്തിന് അപേക്ഷിച്ചിട്ടും നാളിതുവരെ പട്ടയം ലഭിക്കാത്ത എത്ര കർഷക കുടുംബങ്ങളുണ്ടെന്ന് അറിയിക്കുമോ; മൂന്ന് വർഷമായി ഇവർക്ക് നികുതി അടയ്ക്കാൻ സാധിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് എന്നത്തേക്ക് പട്ടയം നൽകാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

പ്രസ്തുത മിച്ചഭൂമിയിൽ ഇനിയും പട്ടയം ലഭിക്കാനുള്ള 91 പേരുടെ അപേക്ഷകൾ സർക്കാർ പരിശോധിച്ചുവരികയാണ്. ഇവരിൽ നിന്നും ഭൂനികുതി സ്വീകരിക്കാത്ത പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്ത് ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമി

336 (1611) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ സംസ്ഥാനത്ത് ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയുടെ കണക്ക് വ്യക്തമാക്കുമോ?

2016 മുതൽ സംസ്ഥാനത്ത് 587.7103 ഹെക്ടർ (1452.2321 ഏക്കർ) മിച്ചഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഏറ്റെടുത്ത മിച്ചഭൂമിയിൽ പതിച്ചുനൽകിയത് എത്രയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയിൽ 287.7704 ഹെക്ടർ (711.0806 ഏക്കർ) മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(സി) അവശേഷിക്കുന്ന മിച്ചഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

മിച്ചഭൂമി കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനും വിതരണം ചെയ്യുന്നതിനും ശക്തമായ നടപടികൾ സർക്കാർ അനുവർത്തിച്ചു വരുന്നു.

1) എല്ലാ താലൂക്കുകളിലെയും താലൂക്ക് ലാൻഡ് ബോർഡുകളെ പുന:സംഘടിപ്പിച്ചിട്ടുണ്ട്.

2) കേസുകൾ തീർപ്പാക്കുന്നതിനും മറ്റുമായി താലൂക്ക് ലാൻഡ് ബോർഡ് ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നു. ഓരോ താലൂക്ക് ലാൻഡ്

ബോർഡിനും കേസ് തീർപ്പാക്കുന്നതിന് ടാർജറ്റും സമയക്രമവും നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

3) യൂണിക് തണ്ടപ്പേർ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.ഇതിലൂടെ സംസ്ഥാനത്ത് വിവിധ വില്ലേജുകളിലായി ഭൂമി ആർജിച്ചാലും ഭൂപരിധി അധികരിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിയും.

4) പരിധിയിലധികം ഭൂമി ആർജിക്കുന്നവരുടെ പേരിൽ മിച്ചഭൂമി കേസുകൾ താലൂക്ക് ലാൻഡ് ബോർഡ് മുഖാന്തിരം രജിസ്റ്റർ ചെയ്യുന്നുണ്ട്.

5) താലൂക്ക് ലാൻഡ് ബോർഡുകളുടെ പ്രവർത്തന പുരോഗതി അവലോകനം എല്ലാ മാസവും നടത്തിവരുന്നു.

6) മിച്ചഭൂമി കേസുകൾ തീർപ്പാക്കുന്നത് ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 11-10-2022 ലെ ജി.ഒ.(എം.എസ്) നം.235/2022/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോട്ടയം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ സോണുകളിലായി നാല് സോണൽ ലാൻഡ് ബോർഡ് ചെയർമാന്മാരെ നിയമിച്ചിട്ടുള്ളതും ആയതുമായി ബന്ധപ്പെട്ട നടപടികൾ തുടർന്നുവരുന്നതുമാണ്.

(ഡി) ചെങ്ങന്നൂർ മണ്ഡലത്തിൽ 2016 മുതൽ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയുടെ കണക്ക് വ്യക്തമാക്കുമോ; പ്രസ്തുത മണ്ഡലത്തിൽ

ഭൂരഹിതരായവർക്ക് ഭൂമി പതിച്ചുനൽകുന്നത് പരിഗണനയിലുണ്ടോയെന്നറിയിക്കാമോ?

ചെങ്ങന്നൂർ താലൂക്കിന്റെ പരിധിയിൽ മിച്ചഭൂമിയില്ലാത്തതിനാൽ 2016 മുതൽ മിച്ചഭൂമി ഏറ്റെടുത്തിട്ടില്ല. ടി താലൂക്കിൽ ഭൂരഹിതരായവർക്ക് അർഹതയ്ക്ക് വിധേയമായി ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ബി.പി.സി.എൽ.-ന് വേണ്ടി ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം

337 (1612) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.സി.എൽ.-ൽ കൊച്ചി റിഫൈനറിയുടെ മോട്ടോർ ബ്ലോക്ക് പ്രോജക്ടിന് വേണ്ടി ഏറ്റെടുക്കുന്ന പുറമ്പോക്ക് ഭൂമിയ്ക്ക് ബി.പി.സി.എൽ. ൽ നിന്ന് വില ഈടാക്കുന്ന വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ബി) പ്രസ്തുത പുറമ്പോക്ക് ഭൂമിയിലെ താമസക്കാരായ കുടുംബങ്ങൾക്ക് ആർ ആന്റ് ആർ (റീ സെറ്റിൽമെൻറ് & റീഹാബിലിറ്റേഷൻ) പാക്കേജ്

പ്രകാരമുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ബി.പി.സി.എൽ. കൊച്ചി റിഫൈനറിയുടെ മോട്ടോർ സ്പിരിറ്റ് ബ്ലോക്ക് പ്രോജക്ടിന് വേണ്ടി ജി.ഒ.(ആർ.ടി) 1595/17/ആർ.ഡി. നമ്പർ ഉത്തരവിലൂടെ ഏറ്റെടുത്ത ഭൂമിക്കിടയിൽ അവിടവിടെയായി കിടക്കുന്ന കുന്നത്തുനാട് താലൂക്ക് പുത്തൻകുരിശ് വില്ലേജിൽ 39-ാം ബ്ലോക്കിൽപെടുന്ന 7.27.42 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമിയ്ക്കാണ് കമ്പനി പട്ടയം കിട്ടുന്നതിനായി അപേക്ഷിച്ചിരുന്നത്. അപേക്ഷ പ്രകാരമുള്ള 727.42 ആറിൽ 4 കക്ഷികൾ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ്സുകളിലുൾപ്പെട്ട 140.87 ആർ സ്ഥലം കിഴിച്ച് 586.55 ആർ സ്ഥലത്തിനു മാത്രമേ നിലവിൽ ബി.പി.സി.എൽ കൊച്ചി റിഫൈനറിയുടെ പേരിൽ പതിച്ച് പട്ടയം നൽകേണ്ടതായിട്ടുള്ളൂ. കേസ്സുകളിൽ ഉൾപ്പെട്ട സ്ഥലത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ WP(c) No. 11949/19, WP(c) No. 12898/19, WP(c) No. 12291/19, WP(c) No. 16992/19 എന്നീ കേസുകളിൽ കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി നടപടി സ്വീകരിക്കാവുന്നതുമാണ്.

586.55 ആർ വിസ്തീർണ്ണം വരുന്ന ഭൂമിയുടെ വില നിശ്ചയിച്ചു നല്കാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ വില നിശ്ചയിച്ചിട്ടുണ്ട്. റീഹാബിലിറ്റേഷൻ പാക്കേജ് നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

അരുവിക്കര നിയോജക മണ്ഡലത്തിലെ ലാന്റ് അക്വിസിഷൻ പ്രവർത്തനങ്ങൾ

338 (1613) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തിയിൽ ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

1. ചിറ്റാർ പാലം പുനർനിർമ്മാണം

2013-ലെ LARR Act പ്രകാരമുള്ള സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തീകരിച്ചിട്ടുള്ളതും പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ 19.10.2022 ന് രൂപീകരിച്ചിട്ടുള്ളതുമാണ്.

2. പൊന്നാംചുണ്ട് പാലം പുനർ നിർമ്മാണം

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ 20.10.2022 ന് രൂപീകരിച്ചിട്ടുള്ളതാണ്.

3. പന്നിക്കുഴി പാലം നിർമ്മാണം

2013-ലെ LARR Act പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം (11(1) വിജ്ഞാപനം) 12/08/2022 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും സെക്ഷൻ 15(3) പ്രകാരമുള്ള നടപടിക്രമം 28/10/2022 ൽ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എൽ.എ കോസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് ആകട്ടിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് ഭൂമി അടിയന്തിരമായി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

4.അരുവിക്കര മൂഴി - മൈലം പാലം നിർമ്മാണം

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ 03.10.2022 ൽ രൂപീകരിച്ചു. വിദഗ്ധ സമിതിയുടെ വിലയിരുത്തൽ പഠനം നടന്നുവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടിയിൽ എക്സ്പേർട്ട് ഗ്രൂപ്പ് രൂപീകരിക്കുന്നതിലും റിപ്പോർട്ട് ലഭ്യമാക്കുന്നതിലും കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഹരിപ്പാട് അഗ്നിരക്ഷാനിലയത്തിന് സ്ഥലം ഏറ്റെടുക്കൽ

339 (1614) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് അഗ്നിരക്ഷാ നിലയത്തിന് അനുവദിച്ച സ്ഥലത്തേക്കുള്ള വഴിയുടെ വികസനത്തിനായി അധിക ഭൂമി ഏറ്റെടുക്കുന്നതിന് അഗ്നിരക്ഷാവകുപ്പ് എഫ്1/5748/2021 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുള്ള പ്രൊപ്പസലിന്മേൽ സ്വീകരിച്ച തുടർനടപടിയുടെ വിശദാംശം അറിയിക്കുമോ;

ഹരിപ്പാട് അഗ്നിരക്ഷാ നിലയത്തിലേയ്ക്കുള്ള വഴി വികസിപ്പിക്കുന്നതിലേയ്ക്ക് കാർത്തികപ്പള്ളി താലൂക്കിലെ ചിങ്ങോലി വില്ലേജിൽപ്പെട്ട 0.54 ആർസ് ഭൂമി ഏറ്റെടുക്കുന്നതിന് അഗ്നിരക്ഷാ വകുപ്പ് എഫ് 1/5748/2021 നമ്പർ കത്ത് പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ, സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ജില്ലാ കളക്ടർ 01/12/2022 ലെ ജി2/1665/2022 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുള്ളതും

ആയത് പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഹരിപ്പാട് അഗ്നിരക്ഷാ നിലയത്തിലേക്കുള്ള വഴി വികസിപ്പിക്കുന്നതിലേക്ക് കാർത്തികപ്പള്ളി താലൂക്കിലെ ചിങ്ങോലി വില്ലേജിൽപ്പെട്ട 0.54 ആർസ് ഭൂമി ഏറ്റെടുക്കുന്നതിന് അഗ്നിരക്ഷാ വകുപ്പ് എഫ് 1/5748/2021 നമ്പർ കത്ത് പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ, സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ജില്ലാ കളക്ടർ 01-12-2022 ലെ ജി2/1665/2022 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുള്ളതും ആയത് പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസം

340 (1615) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വല്ലാർപാടം കണ്ടെയ്നർ റോഡ് - റെയിൽ പദ്ധതിക്കായി കുടിയൊഴിപ്പിക്കപ്പെട്ടവർക്കുവേണ്ടി 2008 മാർച്ച് 19 ന് പുറപ്പെടുവിച്ച പുനരധിവാസ ഉത്തരവിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ നാലുവരിപ്പാതയ്ക്കും റെയിൽപ്പാതയ്ക്കും വേണ്ടിയുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് 19-03-2008 ലെ സ.ഉ(കൈ) നമ്പർ 62/08/ആർ.ഡി, 26-05-2008 ലെ സ.ഉ(കൈ) നമ്പർ 163/08/ആർ.ഡി, 01-12-2008 ലെ സ.ഉ(ആർ.റ്റി) നമ്പർ 3849/08/ആർ.ഡി എന്നീ ഉത്തരവുകൾ പ്രകാരം താഴെ പറയുന്ന പുനരധിവാസ പാക്കേജ് അനുവദിക്കുകയുണ്ടായി.

(1) ICTT വല്ലാർപാടം പദ്ധതിയ്ക്കായ് കുടിയൊഴിപ്പിക്കപ്പെട്ട 315 കുടുംബങ്ങൾക്ക് 1 സെന്റ് മുതൽ 5 സെന്റ് വരെ ഭൂമി നഷ്ടപ്പെട്ടവർക്ക് 5 സെന്റ് സ്ഥലവും അതിന് മുകളിൽ ഉള്ളവർക്ക് 6 സെന്റ് സ്ഥലവും നൽകിയിട്ടുണ്ട്. ഭൂമിയുടെ ലഭ്യത കുറവായതിനാൽ സ്പെഷ്യൽ പുനരധിവാസ അലവൻസ് ആയി DLPC നിശ്ചയിച്ച സ്ഥലവില കണക്കാക്കി കൂടുതലായി വരുന്ന സ്ഥലത്തിന്റെ തുക നൽകുകയുണ്ടായി.

(2) കുടിയൊഴിപ്പിക്കപ്പെട്ട 315 കുടുംബങ്ങൾക്കും മൂലമ്പിള്ളി, കോതാട്, കോരമ്പാടം, വടുതല, തൈക്കാവ്കുളം, തുതിയൂർ(കാക്കനാട്), തുതിയൂർ (വാഴക്കാല), മുളവുകാട് എന്നീ സ്ഥലങ്ങളിലായി പുനരധിവാസ ഭൂമി അനുവദിച്ചിട്ടുള്ളതും, പ്രസ്തുത ഭൂമിയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള ഫണ്ട് കൊച്ചിൻ പോർട്ട് ട്രസ്റ്റ് നൽകിയിട്ടുള്ളതാണ്.

(3) മൂലമ്പിള്ളി, കോതാട്, കോരമ്പാടം, മുളവുകാട്, തുതിയൂർ (കാക്കനാട്), വടുതല എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം 31.07.2012 ലും തുതിയൂർ (വാഴക്കാല) സ്ഥലത്തെ അടിസ്ഥാന സൗകര്യം 31.07.2013 ലും പൂർത്തിയാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത തീയതി മുതൽ 6 മാസം കൂടി ചേർത്തുള്ള വാടക (പ്രതിമാസം 5000/- രൂപ) വീതം നൽകിയിട്ടുള്ളതാണ്. അടിസ്ഥാന സൗകര്യം പൂർത്തിയാക്കിയ തീയതി മൂലമ്പിള്ളി മോണിറ്ററിംഗ് കമ്മറ്റിയിൽ അംഗീകരിച്ചിട്ടുള്ളതാണ്.

(4) ഷിഫ്റ്റിംഗ് ചാർജ്ജ് 10,000/- രൂപ എല്ലാ കുടുംബാംഗങ്ങൾക്കും നൽകിയിട്ടുള്ളതാണ്.

(5) പുനരധിവാസ സ്ഥലത്ത് വീട് പൂർത്തിയാകുന്ന മുറയ്ക്ക് വെള്ളം, വൈദ്യുതി കണക്ഷനുകൾ മുൻഗണന നൽകി അനുവദിച്ചു വരുന്നു.

(6) ICTT വല്ലാർപാടം പദ്ധതി BOT അടിസ്ഥാനത്തിൽ ആയതിനാൽ കുടിയൊഴിപ്പിക്കപ്പെട്ട കുടുംബത്തിലെ അംഗങ്ങൾക്ക് ജോലി നൽകാൻ സാധ്യമല്ലെന്നുള്ള വിവരം കൊച്ചിൻ പോർട്ട് ട്രസ്റ്റ് അറിയിച്ചിട്ടുള്ളതാണ്.

(ബി) പുനരധിവാസ ഭൂമിയിൽ റോഡ്, വൈദ്യുതി, കുടിവെള്ളം, ഡ്രൈനേജ്, ഇരുനിലക്കെട്ടിടം പണിയത്തക്ക എ ക്ലാസ് ഭൂമീ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുവരെ പ്രതിമാസം എത്ര രൂപ വീട്ടു വാടക ഇനത്തിൽ നൽകണമെന്നാണ് ഹൈക്കോടതി വിധിയിൽ നിർദ്ദേശിച്ചിരിക്കുന്നതെന്നറിയിക്കാമോ?

പുനരധിവാസ പാക്കേജിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് സ്ഥലം ഏറ്റെടുത്ത തീയതി മുതൽക്കോ അല്ലെങ്കിൽ 06-02-08 മുതൽക്കോ ആണ് വാടക നൽകി വരുന്നത്. മൂലമ്പിള്ളി പാക്കാജ് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 26-06-2011 ൽ ചേർന്ന യോഗത്തിന്റെ തീരുമാനപ്രകാരവും സ.ഉ(സാധാ) നം. 5469/2011/റവ 23-11-2011 ഉത്തരവിന്റെ അടിസ്ഥാനത്തിലും അടിസ്ഥാന സൗകര്യം ഒരുക്കിയ തീയതി മുതൽ ആറ് മാസത്തേയ്ക്കായി വാടക നിയന്ത്രിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവുപ്രകാരം വടുതല, കാക്കനാട്, തുതിയൂർ, മുളവുകാട്, മൂലമ്പിള്ളി, കോതാട് എന്നിവിടങ്ങളിൽ പുനരധിവാസ പാക്കേജ് അനുവദിച്ചവർക്ക് 31-

01-2013 വരെയും തുതിയൂർ (വാഴക്കാല) പ്ലോട്ട് അനുവദിച്ചവർക്ക് 31-01-2014 വരെയും വീട്ടുവാടക പ്രതിമാസം 5000/- രൂപ നൽകിക്കഴിഞ്ഞു.

(സി) വീട്ടുവാടക ഇനത്തിൽ അനുവദിക്കപ്പെട്ട തുക ഏതു വർഷം വരെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

പുനരധിവാസ പാക്കേജിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് സ്ഥലം ഏറ്റെടുത്ത തീയതി മുതൽക്കോ അല്ലെങ്കിൽ 06.02.08 മുതൽക്കോ ആണ് വാടക നൽകി വരുന്നത്. മൂലമ്പിള്ളി പാക്കാജ് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 26.06.2011 ൽ ചേർന്ന യോഗത്തിന്റെ തീരുമാനപ്രകാരവും സ.ഉ(സാധാ) നം. 5469/2011/റവ 23-11-2011 ഉത്തരവിന്റെ അടിസ്ഥാനത്തിലും അടിസ്ഥാന സൗകര്യം ഒരുക്കിയ തീയതി മുതൽ ആറു മാസത്തേക്കായി വാടക നിയന്ത്രിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം വടുതല, കാക്കനാട്, തുതിയൂർ, മുളവുകാട്, മൂലമ്പിള്ളി, കോതാട് എന്നിവിടങ്ങളിൽ പുനരധിവാസ പാക്കേജ് അനുവദിച്ചവർക്ക് 31-01-2013 വരെയും തുതിയൂർ (വാഴക്കാല) പ്ലോട്ട് അനുവദിച്ചവർക്ക് 31-01-2014 വരെയും വീട്ടുവാടക പ്രതിമാസം 5000/- രൂപ നൽകി കഴിഞ്ഞു.

(ഡി) കുടിയൊഴിപ്പിക്കപ്പെട്ട കുടുംബത്തിലെ ഒരാൾക്ക് വീതം വിദ്യാഭ്യാസ യോഗ്യത അനുസരിച്ചു പദ്ധതിയിൽ ജോലി നൽകും എന്ന

സർക്കാർ ഉത്തരവ് പ്രകാരം എത്രപേർക്ക് ജോലി നൽകിയിട്ടുണ്ട്; പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ?

പ്രസ്തുത പദ്ധതിയിൽ കുടിയൊഴിപ്പിക്കപ്പെട്ടവരിൽ ആർക്കും ജോലി നൽകിയിട്ടില്ലാത്തതാണ്. ICTT വല്ലാർപാടം പദ്ധതി BOT വ്യവസ്ഥയിൽ ആയതിനാൽ കുടിയൊഴിപ്പിക്കപ്പെട്ട കുടുംബത്തിലെ അംഗങ്ങൾക്ക് ജോലി നൽകുന്നതിന് സാധ്യമല്ലായെന്നുള്ള വിവരം കൊച്ചി പോർട്ട് ട്രസ്റ്റ് അറിയിച്ചിട്ടുള്ളതാണ്

ഹാരിസൺ മലയാളം ലിമിറ്റഡിന് പതിച്ചു നൽകിയ ഭൂമി

341 (1616) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം ലിമിറ്റഡിന് സംസ്ഥാനത്ത് എവിടെയൊക്കെ ഭൂമി പതിച്ചു നൽകിയിട്ടുണ്ടെന്ന് സർവ്വേ നമ്പരും വിസ്തീർണ്ണവും നിലവിലെ കൈവശക്കാരന്റെ പേരും സഹിതം അറിയിക്കുമോ?

1984 ൽ നിലവിൽ വന്ന M/s ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ പേരിൽ സംസ്ഥാനത്ത് ഭൂമി പതിച്ച് നൽകിയിട്ടില്ല. ടി കമ്പനിയുടെ

മുൻഗാമികളെന്ന് അവകാശപ്പെടുന്ന മലയാളം പ്ലാന്റേഷൻസ് (യു കെ) ലിമിറ്റഡ് എന്ന കമ്പനിയുടെ പേരിൽ കേരള ഭൂപരിഷ്കരണ നിയമത്തിലെ ഭൂപരിധി ലംഘിച്ച് 1976 ൽ കോട്ടയം സ്പെഷ്യൽ മുൻസിഫ് ലാൻഡ് ട്രൈബ്യൂണൽ 763.11 ഏക്കർ ഭൂമിക്ക് ക്രയസർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളതാകുന്നു. മുണ്ടക്കയം വില്ലേജിലെ 235 -ാം സർവ്വെ നമ്പരിലും എരുമേലി തെക്ക് വില്ലേജിലെ 369, 384, 385, 396 എന്നീ സർവ്വെ നമ്പരുകളിലും ഉൾപ്പെട്ട പശ്ചിമദേവസ്വം വക ഭൂമിക്കാണ് ക്രയ സർട്ടിഫിക്കേറ്റ് നൽകിയിട്ടുള്ളത്. പ്രസ്തുത ഭൂമിയിൽ 12 ഏക്കറോളം നിലവിൽ ഗോസ്പൽ ഫോർ ഏഷ്യയുടെയും (അയന ചാരിറ്റബിൾ ട്രസ്റ്റ്) ബാക്കി M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെയും കൈവശമാണുള്ളത്.

(ബി) നിലവിൽ ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമി എത്രയാണെന്നും അവരിൽ നിന്നും മറ്റുള്ളവർ നേടിയിട്ടുള്ള ഭൂമി എത്രയാണെന്നും വിസ്തീർണ്ണവും സർവ്വേ നമ്പറും സഹിതം വ്യക്തമാക്കുമോ?

താലൂക്ക് ലാൻഡ് ബോർഡ് (സൗത്ത് വയനാട്) മുൻപാകെ M/s മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ് ഫയൽ ചെയ്ത 1776/1973 നമ്പർ

സീലിംഗ് കേസ് റിട്ടേണിൽ ടി കമ്പനിയുടെ കൈവശം 59,623.50 ഏക്കർ ഭൂമിയുള്ളതായി രേഖപ്പെടുത്തിരുന്നു. M/s ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ പക്കലുള്ള ഭൂമി സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി സർക്കാർ നിയമിച്ച ഹൈലെവൽ കമ്മിറ്റിയുടെ 27-09-2007 ലെ റിപ്പോർട്ടിൽ, സംസ്ഥാനത്ത് ടി കമ്പനി 76,769.80 ഏക്കർ ഭൂമി കൈവശം വച്ചിരിക്കുന്നതായി റിപ്പോർട്ട് ചെയ്തിരുന്നു.സർക്കാർ ഭൂമിയിലെ അനധികൃത കൈയ്യേറ്റം ഒഴപ്പിച്ച് 1957 ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഭൂമി എറ്റെടുക്കുന്നതിനായി ചുമതലപ്പെടുത്തിയ സ്പെഷ്യൽ ഓഫീസർ & കലക്ടറുടെ നടപടികളുടെ ഭാഗമായി M/s ഹാരിസൺസ് മലയാളം ലിമിറ്റഡ് ഹാജരാക്കിയിട്ടുള്ള മുൻ ആധാരങ്ങളും കരാർ ഉടമ്പടികളും പരിശോധിച്ചതിൽ, ടി കമ്പനിയുടെ പേരിൽ ഭൂമി രജിസ്റ്റർ ചെയ്തതായി കണ്ടെത്തിയിട്ടില്ല. എന്നാൽ ടി കമ്പനിയുടെ മുൻഗാമികൾ എന്നവകാശപ്പെടുന്ന മലയാളം പ്ലാന്റേഷൻസ് (യു കെ) ലിമിറ്റഡ്, മലയാളം റബ്ബർ & പ്രൊഡ്യൂസ് കമ്പനി (യു കെ) ലിമിറ്റഡ്, ഹാരിസൺസ് & ക്രോസ്ഫീൽഡ് (യു കെ) ലിമിറ്റഡ് തുടങ്ങിയ ഇംഗ്ലീഷ് കമ്പനികളും പൗരൻമാരും പാട്ടമായും ഗ്രാന്റായും കൈവശം വച്ചിരുന്ന ഭൂമിയുടെ വിവരങ്ങളാണ് ടി കമ്പനി ഹാജരാക്കിയിട്ടുള്ളത്. പ്രസ്തുത രേഖകൾ പ്രകാരം

64,700 ൽ അധികം ഏക്കർ ഭൂമി ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ പക്കലുള്ളതായി കാണുന്നു. വിശദാംശങ്ങൾ അനുബന്ധം-എ യിൽ ഉള്ളടക്കം ചെയ്തിരിക്കുന്നു.[+] കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ , ഏരുമേലി സൗത്ത്, മണിമല വില്ലേജുകളിൽ ഉൾപ്പെട്ടുവരുന്ന 2263.80 ഏക്കർ ചെറുവള്ളി എസ്റ്റേറ്റ് (അനുബന്ധം - ബി)[+], കൊല്ലം ജില്ലയിൽ തെന്മല, ആര്യങ്കാവ് വില്ലേജുകളിൽ ഉൾപ്പെട്ട 2699.39 ഏക്കർ അമ്പനാട് എസ്റ്റേറ്റ് (അനുബന്ധം-സി)[+], തെന്മല വില്ലേജിൽപ്പെട്ട 206.51 ഏക്കർ റിയ എസ്റ്റേറ്റ്(അനുബന്ധം-ഡി)[+], ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ കൊക്കയാർ വില്ലേജിൽപ്പെട്ട 1665.16 ഏക്കർ ബോയിസ് എസ്റ്റേറ്റ് (അനുബന്ധം-ഇ)[+] എന്നീ തോട്ടങ്ങൾ M/sഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി വിൽപ്പന നടത്തിയ ഭൂമിയാണ്.

(സി) ഹാരിസൺ മലയാളം ലിമിറ്റഡും അവരിൽ നിന്നും ഭൂമി നേടിയവരും സമാനമായ മറ്റ് കമ്പനികളും കൈവശം വച്ചിരിക്കുന്ന ഭൂമി സർക്കാരിന്റെ ഉടമസ്ഥതയിലേക്ക് മാറ്റുന്നതിനായി നിയമനടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഭൂമി സംബന്ധിച്ചാണ് നിയമനടപടി സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ;

ഉണ്ട്. തർക്ക ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കേസ്സുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാകലക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് പുറപ്പെടുവിച്ച 06-06-2019 ലെ സ.ഉ(കൈ) 172/2019/റവ നമ്പർ ഉത്തരവ് പ്രകാരം സിവിൽ കേസ്സുകൾ ഫയൽ ചെയ്യുന്ന നടപടി പുരോഗമിച്ച് വരുന്നു. നിലിവിൽ 4 ജില്ലകളിലായി അത്തരം 8 കേസുകൾ സർക്കാർ ഫയൽ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം - ജി[+] യിൽ ഉള്ളടക്കം ചെയ്തിരിക്കുന്നു.

(ഡി) മേൽപ്പറഞ്ഞ പ്രകാരം നിയമനടപടി നാളിതുവരെ സ്വീകരിച്ചിട്ടില്ലാത്ത ഭൂമി ഏതൊക്കെയാണെന്ന് ജില്ലതിരിച്ച് സർവ്വേ നമ്പർ, വിസ്തീർണ്ണം സഹിതം വ്യക്തമാക്കുമോ?

സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുവേണ്ടി കണ്ടെത്തിയതും രേഖകൾ പരിശോധിച്ച് 06.06.19 ലെ ഉത്തരവിന്റെ പരിധിയിൽപ്പെടുന്നവയാണോ എന്ന് നിർണ്ണയിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതുമായ ഭൂമിയുടെ വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കലക്ടർമാർക്ക് കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-എഫ് ആയി ചേർത്തിരിക്കുന്നു.+

പൂഞ്ഞാർ മണ്ഡലത്തിലെ ഭൂമിയേറ്റെടുക്കൽ നടപടി

342 (1617) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ വിവിധ വികസന പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി പദ്ധതി തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കുമോ?

(എ&ബി)

1. ഈരാറ്റുപേട്ട വാഗമൺ റോഡ്

ഈരാറ്റുപേട്ട വാഗമൺ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഇടുക്കി ജില്ലയിലെ വാഗമൺ വില്ലേജിൽ നിന്നും 4.20 ആർ ഭൂമിയും കോട്ടയം ജില്ലയിലെ ടീക്കോയ്, ഈരാറ്റുപേട്ട വില്ലേജുകളിൽ നിന്നും 183.40 ആർ ഭൂമിയും ഉൾപ്പടെ 187.60 ആർ ഭൂമി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏറ്റെടുക്കുന്നതിന് 26-10-2022 ലെ സ.ഉ. (സാധാ) നമ്പർ 4317/2022/റവ ഉത്തരവുപ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്. കണ്ടിജൻസി ചാർജ്ജ് ലഭ്യമാകുന്ന മുറയ്ക്ക് 2013 LARR Act പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സ്ഥലം അർത്ഥനാധികാരിയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

2. മാർമല ചെറുകിട ജല വൈദ്യുത പദ്ധതി

മാർമല ചെറുകിട ജലവൈദ്യുത പദ്ധതിയുടെ 2013 LARR Act വകുപ്പ് 11(1) പ്രകാരമുള്ള വിജ്ഞാപനം 29/08/2022 ലെ G.O(P)No.228/2022/RD നമ്പർ ഗസറ്റിൽ സർക്കാർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. സർവ്വെ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആകൂടിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തി അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

3. ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വീതി കൂട്ടലിനുള്ള സ്ഥലമെടുപ്പ്

കാഞ്ഞിരപ്പള്ളി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനത്തിനായി ഇടക്കുന്നം വില്ലേജിൽ ബ്ലോക്ക് 4ൽ ഉൾപ്പെട്ട 9.73 ആർ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥന ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 11-02-2022 ൽ 2013 LARR Act സെക്ഷൻ 11(1) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. അടിസ്ഥാനവില നിർണയ റിപ്പോർട്ട് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അർത്ഥനാധികാരിയിൽനിന്നും ഫണ്ട് ലഭ്യമാക്കി 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തി അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

പ്രളയ ഫണ്ട് തട്ടിപ്പ് - വകുപ്പുതല അന്വേഷണം

343 (1618) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പ്രളയ ഫണ്ട് തട്ടിപ്പ് സംബന്ധിച്ച വകുപ്പുതല അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ; ഏതൊക്കെ തലത്തിലുള്ള അന്വേഷണമാണ് നടന്നതെന്ന വിശദാംശം നൽകുമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പ്രളയ ഫണ്ട് തട്ടിപ്പ് സംബന്ധിച്ച് എറണാകുളം കളക്ടറേറ്റിലെ സെക്ഷൻ ക്ലാർക്ക് ആയിരുന്ന ശ്രീ.വിഷ്ണുപ്രസാദിനെതിരെ ലാൻഡ് റവന്യൂ കമ്മീഷണർ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. ഇതേ വിഷയത്തിൽ എറണാകുളം കലക്ടറേറ്റിലെ ഡെപ്യൂട്ടി കലക്ടറായിരുന്ന ശ്രീ.കെ.ചന്ദ്രശേഖരൻ നായർ, ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി മീനാകുമാരി എ എസ് എന്നിവർക്കെതിരെ കഠിന ശിക്ഷയുള്ള അച്ചടക്ക നടപടി ആരംഭിക്കുകയും ടിയാളുകൾക്ക് കുറ്റപത്രം നൽകുകയും ടിയാളുകളുടെ പ്രതിവാദം തൃപ്തികരമല്ലായെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണം പൂർത്തിയാക്കി അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; 2018-ലെ വിഷയത്തിന്മേൽ നടപടി സ്വീകരിക്കാൻ വേണ്ടി വരുന്ന കാലയളവെത്രയെന്ന് വ്യക്തമാക്കുമോ?

പ്രളയ ദുരിതാശ്വാസ ധനസഹായ വിതരണത്തിലുള്ള ക്രമക്കേടുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ സെക്ഷൻ കൽാർക്കായ ശ്രീ.വിഷ്ണുപ്രസാദിന്

മാത്രമാണ് കുറ്റകരമായ ഉദ്ദേശം ഉള്ളതെന്ന് അന്വേഷണത്തിൽ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. സൂപ്പർവൈസറി കേഡറിലുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായ ജാഗ്രതക്കുറവാണ് ഇത്തരത്തിൽ ടിയാന് തട്ടിപ്പ് നടത്തുന്നതിന് സഹായകരമായി തീർന്നത്. അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് വീഴ്ച വരുത്തിയ മറ്റ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിച്ചുവരുന്നു. ഈ വിഷയത്തിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തിയിട്ടില്ല.

(സി) പ്രസ്തുത വിഷയത്തിൽ അച്ചടക്ക നടപടി നേരിട്ടവർ നിലവിൽ സർവീസിൽ തുടരുന്നുണ്ടോ; ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഈ വിഷയത്തിൽ നിലവിൽ സെക്ഷൻ ക്ലാർക്കായ ശ്രീ.വിഷ്ണുപ്രസാദിനെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി സസ്പെൻഡ് ചെയ്തിരിക്കുകയാണ്. 22-12-2021-ലെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി ശ്രീ.വിഷ്ണുപ്രസാദിനെ സേവനത്തിൽ പുന:പ്രവേശിപ്പിക്കുന്നതിന് ശിപാർശ ചെയ്തിരുന്നെങ്കിലും അതീവ ഗൗരവതരമായ ക്രമക്കേടാണ് നടത്തിയത് എന്നതിനാൽ ടിയാനെ സേവനത്തിൽ

പുനപ്രവേശിപ്പിക്കുന്നതിനുള്ള നിർദ്ദേശം നടപ്പിലാക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതേ വിഷയത്തിൽ എറണാകുളം കളക്ടറേറ്റിലെ ഡെപ്യൂട്ടി കളക്ടറായിരുന്ന ശ്രീ. കെ. ചന്ദ്രശേഖരൻ നായർ, ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി മീനാകുമാരി എ. എസ്. എന്നിവർക്കെതിരെ കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി ആരംഭിക്കുകയും ടിയാളുകൾക്ക് കുറ്റപത്രം നൽകുകയും ടിയാളുകളുടെ പ്രതിവാദം തൃപ്തികരമല്ലായെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണം പൂർത്തിയാക്കി അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ഡി) പ്രസ്തുത കേസിൽ രാഷ്ട്രീയ നേതാക്കൾക്ക് പങ്കുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ച ഫ്ലഡ് വർക്കുകൾ

344 (1619) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ച ഫ്ലഡ് പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയിൽ ഏതൊക്കെ പൂർത്തിയായെന്നും വിശദമാക്കുമോ?

മുൻ സർക്കാരിന്റെ കാലയളവിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ അനുവദിച്ച ഫ്ലഡ് പ്രവൃത്തികളുടെ വിവരവും അവയിൽ പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രവൃത്തികൾ പൂർത്തിയാകാനുണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

കോവിഡ് ലോക് ഡൗൺ, അടുത്തടുത്ത പ്രളയം, പ്രവൃത്തി എടുക്കുന്നതിനായുള്ള കരാറുകാരുടെ വൈമുഖ്യം എന്നീ കാരണങ്ങളാലാണ് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളത്.

പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി

345 (1620) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട എത്ര കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ വീട് നഷ്ടപെട്ടതിന് ധനസഹായം അനുവദിച്ച് നൽകിയ കുടുംബങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ക്രമ നം.	**ജില്ല**	**2018**	**2019**
1	തിരുവനന്തപുരം	4606	651
2	കൊല്ലം	8226	481
3	പത്തനംത്തിട്ട	23727	675
4	ആലപ്പുഴ	126567	3742
5	കോട്ടയം	36254	7997
6	ഇടുക്കി	9480	1171
7	എറണാകുളം	164648	2188
8	തൃശ്ശൂർ	38847	6799
9	പാലക്കാട്	9816	5982
10	മലപ്പുറം	8172	12999
11	കോഴിക്കോട്	5454	7538
12	വയനാട്	8139	6515
13	കണ്ണൂർ	3216	4123
14	കാസർഗോഡ്	1045	1183

(ബി) ഇനി എത്ര കുടുംബങ്ങൾക്കാണ് പ്രസ്തുത നഷ്ടപരിഹാരം നൽകാനുള്ളതെന്നും ആകെ എത്ര തുകയാണ് നഷ്ടപരിഹാരമായി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

നഷ്ടപരിഹാരം നൽകാനുള്ളവരുടെ എണ്ണവും, ആകെ നൽകിയ തുകയുടെ വിവരവും ചുവടെ ചേർക്കുന്നു.

ക്രമ നം.	ജില്ല	2018		2019
		നൽകാനുള്ളവരുടെ എണ്ണം	നൽകിയ തുക	നൽകാനുള്ളവരുടെ എണ്ണം
1	തിരുവനന്തപുരം	3	24,27,80,362	23
2	കൊല്ലം	25	10,78,97,195	12
3	പത്തനംത്തിട്ട	41	35,03,77,050	18
4	ആലപ്പുഴ	74	2,90,19,85,414	74
5	കോട്ടയം	336	1,84,01,77,654	129
6	ഇടുക്കി	2	1,29,32,66,990	11
7	എറണാകുളം	11	5,88,77,80,000	30
8	തൃശ്ശൂർ	140	1,46,44,00,000	128
9	പാലക്കാട്	0	1,20,52,67,270	106
10	മലപ്പുറം	2	62,12,38,206	362
11	കോഴിക്കോട്	0	64,96,54,194	298
12	വയനാട്	0	6,30,18,550	151
13	കണ്ണൂർ	34	16,96,61,313	101
14	കാസർഗോഡ്	4	2,90,98,878	16

2019 ലെ പ്രളയവുമായി ബന്ധപ്പെട്ട് വീടുകളുടെ നാശ നഷ്ടങ്ങൾക്കുള്ള ധന സഹായമായി 352 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) നഷ്ടപരിഹാരം ലഭിച്ചിട്ടില്ലെന്ന എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത പരാതിക്കാരുടെ പേര് വിവരം ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2019 ലെ പ്രളയത്തിൽ നഷ്ടപരിഹാരം ലഭിക്കുന്നതിനായി 2453 അപേക്ഷകൾ വിവിധ ജില്ലകളിൽനിന്നും റവന്യൂ പോർട്ടലിൽ ചേർത്തിട്ടുണ്ട്. ആയതിൽ 585 അപേക്ഷകൾ വിവിധ ജില്ലാകളക്ടർമാർ ശുപാർശ ചെയ്ത് സമർപ്പിച്ചതിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. ബാക്കിയുള്ള അപേക്ഷകളിൽ അടിയന്തിരമായി നടപടി സ്വീകരിക്കാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2019 ലെ പ്രളയത്തിലെ ധനസഹായ വിവരങ്ങളിലെ അപാകത കാരണം സോഫ്റ്റ് വെയർ പ്രകാരം 1530 പേർക്ക് ധനസഹായം നൽകാനുണ്ട്. CDIT -മായി ബന്ധപ്പെട്ട് സോഫ്റ്റ് വെയർ തകരാറുകൾ പരിഹരിച്ചിട്ടുള്ളതും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു ടീം രൂപീകരിച്ച്, ജില്ല തിരിച്ച്, അപേക്ഷകരുടെ വിവരം ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കിട്ടുണ്ട്. ടി വിവരങ്ങളുടെ തെറ്റുകൾ തിരുത്തി കിട്ടുന്നതിലേയ്ക്കായി ജില്ലാകളക്ടർമാർക്ക് പട്ടിക സമർപ്പിച്ചിട്ടുണ്ട്. ആയത് തിരുത്തൽ വരുത്തി തിരികെ ലഭ്യമാകുന്ന മുറയ്ക്ക്

അനുവദിക്കുന്നതാണ്. നാളിതുവരെ 310 അപേക്ഷകൾ തെറ്റ് തിരുത്തി ജില്ലാ കളക്ടർമാർ ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങളിലെ പിശക് പരിഹരിച്ച് ദുരിതാശ്വാസ വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) നഷ്ടപരിഹാരം, എന്നത്തേക്ക് പൂർണ്ണമായും വിതരണം ചെയ്യുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങളിലെ പിശക് പരിഹരിച്ച് ദുരിതാശ്വാസ വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ബാലകൃഷ്ണന് ലഭിക്കേണ്ട പ്രളയ ധനസഹായം

346 (1621) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ ഭവനനാശം സംഭവിച്ചവർക്ക് ലഭിക്കേണ്ട ധനസഹായം സാങ്കേതിക തകരാർ കാരണം ലഭിക്കാതെ പോയ പറളി-1 വില്ലേജിൽ തേനൂർ കാവുങ്കൽ വീട്ടിൽ വേലായുധൻ മകൻ ശ്രീ. ബാലകൃഷ്ണൻ സമർപ്പിച്ച അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുമോ?

2019ലെ പ്രളയത്തിൽ ഭവന നാശം സംഭവിച്ച പറളി- 1 വില്ലേജിലെ തേനൂർ കാവുങ്കൽ വീട്ടിൽ വേലായുധൻ മകൻ ശ്രീ.ബാലകൃഷ്ണൻ എന്നവർക്ക് അക്കൗണ്ട് നമ്പറിലെ തെറ്റ് കാരണം ധനസഹായം അനുവദിച്ചിട്ടില്ല. ഇങ്ങനെ സാങ്കേതിക കാരണങ്ങളാൽ ധനസഹായം ലഭിക്കാത്തവർക്ക് ധനസഹായം ലഭിക്കുന്നതിനായി റവന്യൂ പോർട്ടലിൽ ഉൾക്കൊള്ളിക്കുന്നതിനോ, അതിന് സാധിച്ചില്ലെങ്കിൽ പ്രത്യേക പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനോ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അർഹമായ ധനസഹായം വർഷങ്ങൾ കഴിഞ്ഞിട്ടും ടിയാന് ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ടിയാന്റെ അപേക്ഷ പരിഗണിച്ച് ധനസഹായം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രളയത്തിൽ ഭവന നാശം സംഭവിച്ച ശ്രീ.ബാലകൃഷ്ണന് ധനസഹായം അനുവദിക്കുന്നതിനായി ടിയാന്റ വിവരങ്ങൾ പോർട്ടലിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാങ്കേതിക പ്രശ്നങ്ങൾമൂലം ഇതിന് സാധിക്കാതെ വന്നാൽ പ്രത്യേക പ്രൊപ്പോസൽ ലഭ്യമാക്കി ധനസഹായം അനുവദിക്കുന്നതാണ്.

കുന്ദമംഗലം സബ് താലൂക്ക് ഓഫീസ് കെട്ടിടം

347 (1622) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം സബ് താലൂക്ക് ഓഫീസ് കെട്ടിടം ജീർണിച്ച് അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) പ്രസ്തുത കെട്ടിടം പുനർനിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) കുന്ദമംഗലം സബ് താലൂക്ക് ഓഫീസ് കെട്ടിടം ജീർണിച്ച് അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നെല്ലിപ്പൊയിൽ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം

348 (1623) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്കിലെ നെല്ലിപ്പൊയിൽ വില്ലേജ് ഓഫീസ് കെട്ടിടം ശോച്യാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വില്ലേജ് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടെത്തിയ സ്ഥലം വിട്ടുകിട്ടുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) പ്രസ്തുത വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

അഞ്ച് വർഷക്കാലത്തിനിടയിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരം തിരിച്ച് മുൻഗണനാ ക്രമത്തിലുള്ള ലിസ്റ്റ്

തയ്യാറാക്കി വരികയാണ്. ഇതനുസരിച്ച് ആവശ്യമായ നടപടികൾ പരിഗണനയിലാണ്.

ഗ്രൂപ്പ് വില്ലേജുകൾ സിംഗിൾ വില്ലേജുകളാക്കി മാറ്റുന്നതിന് നടപടി

349 (1624) ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ വലപ്പാട്-എടമുട്ടം, അമ്മാടം-കോടന്നൂർ-പള്ളിപ്പുറം, ചേർപ്പ്-ഊരകം-ചൊവ്വൂർ, അവിണിശേരി-പാലിശേരി, വടക്കുംമുറി-കിഴക്കും മുറി എന്നീ ഗ്രൂപ്പ് വില്ലേജുകൾ സിംഗിൾ വില്ലേജുകളാക്കി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

(ബി) പ്രസ്തുത ഗ്രൂപ്പ് വില്ലേജുകൾ സിംഗിൾ വില്ലേജുകളാക്കി മാറ്റാത്തതിനാൽ പല സർട്ടിഫിക്കറ്റുകളും ലഭിക്കാൻ ജനങ്ങൾ ഏറെ ബുദ്ധിമുട്ടുന്നുവെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) മേൽ സൂചിപ്പിച്ച വില്ലേജുകൾ സിംഗിൾ വില്ലേജുകളാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ?

(എ-സി) സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ ഗ്രൂപ്പുവില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

സ്മാർട്ട് വില്ലേജ് ഓഫീസുകൾ

350 (1625) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ; ഇതിൽ പാലക്കാട് ജില്ലയിലെ എത്ര വില്ലേജ് ഓഫീസുകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് പേര് സഹിതം വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ 40 വീതം വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതിൽ പാലക്കാട് ജില്ലയിൽ ഉൾപ്പെട്ടിട്ടുള്ള 7 വില്ലേജ് ഓഫീസുകളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

	വില്ലേജ്

പ്ലാൻ ഫണ്ട് 2021-22	ചാലിശ്ശേരി
	ഷൊർണ്ണൂർ-1
പ്ലാൻ ഫണ്ട് 2022-23	കോട്ടായി-1
	പരുത്തൂർ
	ആലത്തൂർ
	വാണിയംകുളം -1
	കോട്ടോപ്പാടം-2

പുതിയങ്ങാടി വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം

351 (1626) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പുതിയങ്ങാടി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ സ്ഥലത്തിന്റെ (ദേശം, സർവെ നമ്പർ, വിസ്തീർണ്ണം ഉൾപ്പെടെ) വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ ആയതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ?

(എ-സി) പുതിയങ്ങാടി വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനായി കോഴിക്കോട് താലൂക്കിൽ പുതിയങ്ങാടി ദേശത്ത് ടി.എസ്. നം.1-11-462ൽ ഉൾപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമിയും, കൂടാതെ പുതിയങ്ങാടി വില്ലേജിൽ

പുതിയങ്ങാടി ദേശത്ത് ടൗൺ സർവ്വെ 1-1-3-ൽപ്പെട്ട കോഴിക്കോട് കോർപ്പറേഷന്റെ ഉടമസ്ഥതിയിലുള്ള മറ്റൊരു ഭൂമിയും കണ്ടെത്തിയിട്ടുണ്ട്. അതിൽ അനുയോജ്യമായ സ്ഥലം ടി വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പ്രസ്തുത വില്ലേജിൽ റവന്യൂ വകുപ്പിന് സ്വന്തമായി ഭൂമിയുണ്ടോ; പ്രസ്തുത ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത വില്ലേജിൽ റവന്യൂ വകുപ്പിന് സ്വന്തമായി ഭൂമി ഉണ്ട്. പദ്ധതി തയ്യാറാക്കി വരുന്നു.

റവന്യൂ ഓഫീസുകളിലെ താൽക്കാലിക ജീവനക്കാർ

352 (1627) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഓഫീസുകളിൽ ഭൂമി തരം മാറ്റുന്നതിനായി താൽക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ നിയമന രീതി എപ്രകാരമായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഭൂമി തരം മാറ്റുന്നതിനായി താൽക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ക്ലാർക്ക്, സർവ്വെയർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളത്. എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ നിന്ന് ലഭിച്ച ലിസ്റ്റിൽ നിന്നും എഴുത്തു പരീക്ഷയും അഭിമുഖവും നടത്തി, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച്, സംവരണ തത്ത്വങ്ങൾ ഉൾപ്പടെയുള്ള, നിയമന മാനദണ്ഡങ്ങൾ പാലിച്ചുമാണ്, ജില്ലാ കളക്ടറുടെ നടപടിക്രമം പ്രകാരം, നിയമനം നടത്തിയിട്ടുള്ളത്.

(ബി) ഇപ്രകാരം നിയമിച്ച ജീവനക്കാരുടെ എണ്ണം, നിയമിച്ച തസ്തിക, ഇവർക്ക് വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി നാളിതുവരെ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

വിവിധ റവന്യൂ ഓഫീസുകളിലായി ആകെ 917 ജീവനക്കാരെ നിയമിച്ചു. ക്ലാർക്ക് - 755 പേർ, സർവ്വെയർ - 143 പേർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ - 19 പേർ എന്നിങ്ങനെയാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. ടി ജീവനക്കാർക്ക് വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി നാളിതുവരെ 12,98,25,070/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ജീവനക്കാരുടെ സേവന കാലയളവ് ദീർഘിപ്പിച്ച് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

26-11-2022-ലെ സ.ഉ (കൈ) 278/2022/RD ഉത്തരവ് പ്രകാരം താത്ക്കാലിക ജീവനക്കാരുടെ സേവന കാലയളവ് 179 ദിവസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള തരം മാറ്റവുമായി ബന്ധപ്പെട്ട് അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേന 990 താൽകാലിക തസ്തികകൾ ആറ് മാസത്തേക്ക് സൃഷ്ടിച്ച് 26-11-2022-ന് ഉത്തരവ് പുറപ്പെടുവിച്ച വേളയിൽ 212169 അപേക്ഷകൾ ശേഷിച്ചിരുന്നു. താല്കാലിക ജീവനക്കാരുടെ സേവനം ലഭ്യമായതിലൂടെ 03-12-2022 വരെ 201443 (94.94%) ഓഫ് ലൈൻ അപേക്ഷകളും 13452 ഓൺലൈൻ അപേക്ഷകളും തീർപ്പാക്കാൻ സാധിച്ചു. തരംമാറ്റവുമായി ബന്ധപ്പെട്ട്, 03-12-2022 വരെ, 161870 ഓൺലൈൻ അപേക്ഷകളും 10726 ഓഫ് ലൈൻ അപേക്ഷകളും, സംസ്ഥാനത്താകെ തീർപ്പാക്കാൻ ശേഷിക്കുന്നുണ്ട്. ഇപ്പോഴും ഓൺ ലൈൻ ആയി അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ടി അപേക്ഷകൾ തീർപ്പാക്കുന്നതിനായി, വീണ്ടും പരിശീലനം നൽകി പുതിയ ആളുകളെ നിയമിക്കുന്നത് ശ്രമകരമായതും സമയ നഷ്ടത്തിന് ഇടയാക്കുന്നതുമാണ്. ആയതിനാലാണ് ടി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി 22-02-2022-ലെ സ.ഉ (കൈ) 56/22/RD പ്രകാരം

Employment Exchange മുഖേന താല്ക്കാലിക അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ സേവനം 26-11-2022-ലെ സ.ഉ.(കൈ) 278/22/RD പ്രകാരം ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചിട്ടുള്ളത്.

വില്ലേജ് ഓഫീസുകളിലെ ഒഴിവുകൾ

353 (1628) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃത്യമായ സ്റ്റാഫ് പാറ്റേൺ ഇല്ലാത്തതുമൂലം മിക്ക വില്ലേജ് ഓഫീസുകളിലും ഒട്ടേറെ ഒഴിവുകൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വില്ലേജ് ഓഫീസുകളിൽ കൃത്യമായ സ്റ്റാഫ് പാറ്റേൺ നിലവിലുണ്ട്. വില്ലേജ് ഓഫീസുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് മുൻ കാലങ്ങളിലേതു പോലെ ജീവനക്കാരെ നിയമിച്ചു വരുന്നു.

(ബി) വില്ലേജ് ഓഫീസ് ജീവനക്കാരെ താലൂക്ക്/ആർ.ഡി.ഒ./കളക്ടറേറ്റ് ഓഫീസുകളിലേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുന്നതുമൂലം സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജീവനക്കാരെ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുമ്പോൾ ലാവണം നിലനിൽക്കുന്ന ഓഫീസിൽ പകരം നിയമനം നൽകാത്തതിനാൽ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല.

(സി) ഇത് മൂലം വില്ലേജ് ഓഫീസുകളിൽ എത്തുന്ന പൊതു ജനങ്ങൾക്ക് കൃത്യസമയത്ത് സേവനങ്ങൾ ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കുമോ?

ഇല്ല. പൊതു ജനങ്ങൾക്ക് കൃത്യസമയത്ത് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിനുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആയത് നിലവിൽ വരുന്ന മുറയ്ക്ക് പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ ലഭ്യമാക്കുന്നത് കൂടുതൽ വേഗത്തിലാക്കാൻ കഴിയുന്നതാണ്.

റവന്യൂ വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ

354 (1629) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും നടത്തിയ താൽക്കാലിക നിയമനങ്ങൾ, കരാർ നിയമനങ്ങൾ എന്നിവ എത്രയെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഭൂമി തരം മാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി 20-02-2022-ലെ സ.ഉ.(കൈ) നം.56/2022/റവ ഉത്തരവ് പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിച്ച ലിസ്റ്റിൽ നിന്നും എഴുത്ത് പരീക്ഷയും അഭിമുഖവും നടത്തി ജില്ലാ കളക്ടർമാരുടെ നടപടിക്രമം പ്രകാരം സംസ്ഥാനത്തുടനീളം വിവിധ റവന്യൂ ഓഫീസുകളിലായി ആകെ 917 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. (ക്ലാർക്ക്-755, സർവ്വെയർ-143, ഡേറ്റാ എൻട്രി ഓപ്പറേറ്റർ-19). ഭൂമി തരം മാറ്റുന്നതിനായി ലഭിച്ച അപേക്ഷകൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ സർക്കാരിന്റെ 26-11-2022-ലെ സ.ഉ. (കൈ) നം.278/2022/റവ നമ്പർ ഉത്തരവ് പ്രകാരം ടി താൽക്കാലിക ജീവനക്കാരുടെ കാലയളവ് 179 ദിവസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

കൂടാതെ, പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 163 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. (വി.എഫ്.എ-116, ലിഫ്റ്റ് ഓപ്പറേറ്റർ-3, പാർട്ട് ടൈം സ്വീപ്പർ-31, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-2, ഓഫീസ് അറ്റൻഡന്റ്-4, എൽ.ഡി.ടൈപ്പിസ്റ്റ്-4, സർജന്റ്-1, നൈറ്റ് വാച്ച്മാൻ-2).

(ബി) മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ടി ജീവനക്കാർക്ക് വേതനത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം ആകെ 2,16,37,511/- രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ ആകെ 1080 (917+163) നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

മണലൂർ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ വിശദാംശങ്ങൾ

355 (1630) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വിവിധ വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ വിശദാംശങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കുമോ?

മണലൂർ മണ്ഡലത്തിലെ വിവിധ വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ വിശദാംശങ്ങൾ വില്ലേജ് തിരിച്ച് അനുബന്ധം-I ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത വില്ലേജുകളിൽ നിലവിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുണ്ടെന്ന അറിയിക്കുമോ?

പ്രസ്തുത വില്ലേജുകളിൽ നിലവിൽ ഒഴിവുകൾ ഉള്ള തസ്തികകൾ സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർക്കുന്നു.+

(സി) നിലവിലുള്ള ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ഡി) ജീവനക്കാരുടെ കുറവുമൂലം പ്രസ്തുത വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ യഥാസമയം ലഭിക്കുന്നതിന് പ്രയാസം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നേരിടുന്നതിനാൽ പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്താൻ നിർദ്ദേശം നൽകുമോ?

(സി&ഡി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വീടുവയ്ക്കുന്നതിനുള്ള അനുവാദം

356 (1631) **ശ്രീ. റോജി എം. ജോൺ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കുറുറ്റി മാമ്പ്ര കുന്നത്ത് പറമ്പിൽ ഫെമിനി ജോസിന് മൂന്ന് സെന്റ് ഭൂമി സൗജന്യമായി ലഭിച്ചതിൽ വീടുവയ്ക്കുന്നതിനുള്ള അനുവാദം നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ 19.9.22 തീയതിയിലെ 2412/വി.ഐ.പി/എം/2022 നമ്പരായി എറണാകുളം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) മേൽ വിഷയത്തിൽ സർക്കാർ അയച്ച കത്ത് ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച തുടർനടപടി വ്യക്തമാക്കുമോ?

(എ&ബി) അങ്കമാലി നിയോജകമണ്ഡലത്തിലെ കറുകുറ്റി മാമ്പ്ര കുന്നത്ത് പറമ്പിൽ ശ്രീമതി. ഫെമിനി ജോസ് എന്നയാൾക്ക് സൗജന്യമായി ലഭിച്ച മൂന്ന് സെന്റ് ഭൂമിയിൽ വീടുവെയ്ക്കുന്നതിനുള്ള അനുമതിക്കായി, 19-09-2022-ൽ R1015691 നം. പ്രകാരം, റവന്യൂ മിത്രം പോർട്ടൽ മുഖേന അപേക്ഷ ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി, 2412/വി.ഐ.പി/എം/2022 നമ്പർ പ്രകാരം, എറണാകുളം ജില്ലാ കളക്ടർക്കും ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസർക്കും കൈമാറി നല്കിയിരുന്നു. 24-09-2022-ന് ലഭിച്ച പ്രസ്തുത അപേക്ഷയിന്മേൽ, ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി, ജില്ലാ കളക്ടർ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ പ്രകാരമുള്ള അപേക്ഷ പരിശോധിച്ചതിൽ, ആലുവ താലൂക്ക് പാറക്കടവിൽ വില്ലേജിൽ ഉൾപ്പെട്ടതും വില്ലേജ് റിക്കാർഡുകൾ പ്രകാരം നിലമായി കിടക്കുന്നതുമായ സ്ഥലത്ത് വീട് വെക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായാണ്, അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഇപ്രകാരം, വില്ലേജ് റിക്കാർഡുകൾ പ്രകാരം നിലമായിട്ടുള്ള ഭൂമി, പുരയിടമാക്കി നൽകുന്നതിന്, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ട പ്രകാരമുള്ള നിർദ്ദിഷ്ട

ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ടി ആവശ്യത്തിനായി ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ആഫീസർക്ക് സമർപ്പിച്ചിരുന്ന ഫോറം 5 അപേക്ഷ, Q-20376 നമ്പർ പ്രകാരം, റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി, പാറക്കടവ് കൃഷി ഓഫീസർക്ക് നല്കിയിട്ടുള്ളതും, ടി വിവരം സൂചിപ്പിച്ചുകൊണ്ട് അപേക്ഷകയ്ക്ക് RDO മറുപടി നൽകിയിട്ടുള്ളതുമാണ്.

(സി) പ്രസ്തുത വിഷയത്തിൽ അനുകൂല തീരുമാനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ഡി) മേൽ വിഷയത്തിൽ കൊച്ചി ആർ.ഡി.ഒ. ഓഫീസിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

(സി&ഡി) ഫോറം 5 അപേക്ഷയിന്മേലുള്ള പാറക്കടവ് കൃഷി ഓഫീസറുടെ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കി നിയമ/ ചട്ട പ്രകാരമുള്ള തുടർനടപടികൾ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ആഫീസർ സ്വീകരിക്കുന്നതാണ്.

ആനവിലാസം വില്ലേജ്

357 (1632) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ മേഖലയിലെ വില്ലേജുകളിൽ നിർമ്മാണ പ്രവൃത്തികൾ നിയന്ത്രിക്കാൻ പുറപ്പെടുവിച്ച ഉത്തരവിൽ മൂന്നാറിൽനിന്നും 110 കിലോമീറ്റർ അകലെയുള്ള ആനവിലാസം വില്ലേജ് ഉൾപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്നറിയിക്കുമോ; ഇതിന്റെപകർപ്പ് നൽകാമോ;

(സി) പ്രസ്തുത വില്ലേജ് ഇതിൽ ഉൾപ്പെടാൻ ഇടയായ സാഹചര്യം വിശദീകരിക്കുമോ;

(ഡി) പ്രസ്തുത ലിസ്റ്റിൽ നിന്നും ആനവിലാസം വില്ലേജിനെ ഒഴിവാക്കാൻ നാളിതുവരെ നടത്തിയിട്ടുള്ള നടപടി വിശദമാക്കുമോ?

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലാ കളക്ടറുടെ 09-06-2016-ലെ സി4-25908/2015 നമ്പർ സർക്കുലർ പ്രകാരമാണ് ഉത്തരവ് നൽകിയിട്ടുള്ളത്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ WP(C)1801/2010 & WP(C) 34095/2007 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ 21-01-2010-ലെ ഇടക്കാല ഉത്തരവിനെ തുടർന്ന് മൂന്നാർ പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിൽനിന്നും നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണമെന്ന് നിബന്ധനയുള്ളതാണ്. 2010-ലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മൂന്നാർ സ്പെഷ്യൽ ടൈബ്യൂണൽ ആക്ടിലെ സെക്ഷൻ 2(ജി) പ്രകാരം മൂന്നാർ പ്രദേശം എന്ന് നിർവ്വചിച്ചിരിക്കുന്ന വില്ലേജുകൾ ചിന്നക്കനാൽ, കണ്ണൻദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺവാലി എന്നിവയാണ്. 2010-ലെ മൂന്നാർ സ്പെഷ്യൽ ടൈബ്യൂണൽ ആക്ടിൽ നിർവ്വചിച്ചിരിക്കുന്ന ടി എട്ട് വില്ലേജുകളിലും കണ്ണൻദേവൻ ഹിൽസ് വില്ലേജിനെ വിഭജിച്ച് രൂപീകരിച്ച മൂന്നാർ വില്ലേജിലുമാണ് നിർമ്മാണപ്രവർത്തനങ്ങൾക്ക് നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഏർപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ലിസ്റ്റിൽനിന്നും ആനവിലാസം വില്ലേജിനെ ഒഴിവാക്കുന്നതിനായി ഇടുക്കി ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ചെങ്കുളം ഗവ: എൽ. പി. സ്കൂൾ ഗ്രൗണ്ടിൽ പുഴയിൽനിന്നും കോരിയിട്ട മണൽ

358 (1633) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിലെ ചെങ്കുളം ഗവൺമെന്റ് എൽ. പി. സ്കൂൾ ഗ്രൗണ്ടിൽ പഞ്ചായത്ത് മുഖേന പുഴയിൽനിന്നും

കോരിയിട്ട മണൽ കിടക്കുന്നതുമൂലം കുട്ടികൾനേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂൾ ഗ്രൗണ്ടിൽനിന്നും പ്രസ്തുത മണൽ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

മണൽ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പരാതി സ്കൂൾ പി.റ്റി.എ., ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതും സ്കൂളിന്റെ പ്രവർത്തനത്തിനുതടസ്സം നേരിടാത്ത രീതിയിൽ, സ്കൂൾ ഗ്രൗണ്ടിൽനിന്ന് മണൽ മാറ്റുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(സി) ഗ്രൗണ്ടിൽനിന്നും മണൽ നീക്കം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

ദേവികുളം താലൂക്കിൽ തരിശായി കിടക്കുന്ന റവന്യൂ ഭൂമി

359 (1634) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ തരിശായി കിടക്കുന്ന റവന്യൂ ഭൂമിയുടെ വിശദാംശം വില്ലേജ് തിരിച്ച് ലഭ്യമാക്കുമോ?

ദേവികുളം താലൂക്കിലെ തരിശ് ഭൂമിയുടെ വില്ലേജ് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വില്ലേജിന്റെ പേര്	തരിശുഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ)
1	മന്നാംങ്കണ്ടം	ഇല്ല
2	വെള്ളത്തൂവൽ	ഇല്ല
3	പള്ളിവാസൽ	1514.3321
4	കുഞ്ചിത്തണ്ണി	ഇല്ല
5	ആനവിരട്ടി	222.3771
6	മൂന്നാർ	റീസർവ്വേ പൂർത്തിയാകാത്തതിനാൽ വിസ്തീർണ്ണം ലഭ്യമല്ല
7	കെ.ഡി.എച്ച്.	റീസർവ്വേ പൂർത്തിയാകാത്തതിനാൽ വിസ്തീർണ്ണം ലഭ്യമല്ല
8	മറയൂർ	293.3703
9	കീഴാന്തൂർ	5025.4408
10	കാന്തല്ലൂർ	1215.62
11	കൊട്ടക്കാമ്പൂർ	279.1896
12	വട്ടവട	2626.2133
13	മാങ്കുളം	127.2154

പരിവർത്തനം ചെയ്ത ഭൂമിയിൽ വീടുവയ്ക്കുന്നതിന് അനുമതി

360 (1635) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കറുകുറ്റി മാമ്പ്ര കുന്നത്ത് പറമ്പിൽ ഫെമിനി ജോസിന് സൗജന്യമായി ലഭിച്ച മൂന്ന് സെന്റ് ഭൂമിയിൽ വീടുവയ്ക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ച 19-09-22-ലെ 2412/വി.ഐ.പി/എം/2022 നമ്പർ അപേക്ഷ എറണാകുളം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ടോയെന്നും പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കുമോ?

അങ്കമാലി നിയോജകമണ്ഡലത്തിലെ കറുകുറ്റി മാമ്പ്ര കുന്നത്ത് പറമ്പിൽ ശ്രീമതി ഫെമിനി ജോസ് എന്നയാൾക്ക് സൗജന്യമായി ലഭിച്ച മൂന്ന് സെന്റ് ഭൂമിയിൽ വീടുവെയ്ക്കുന്നതിനുള്ള അനുമതിക്കായി, 19-09-2022-ൽ R1015691 നം. പ്രകാരം, റവന്യൂ മിത്രം പോർട്ടൽ മുഖേന അപേക്ഷ ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി 2412/വി.ഐ.പി/എം/2022 നമ്പർ പ്രകാരം എറണാകുളം ജില്ലാ കളക്ടർക്കും ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസർക്കും കൈമാറി നല്കിയിരുന്നു. ടി അപേക്ഷ പരിശോധിച്ചതിൽ, ആലുവ താലൂക്ക്

പാറക്കടവിൽ വില്ലേജിൽ ഉൾപ്പെട്ടതും വില്ലേജ് റിക്കാർഡുകൾ പ്രകാരം നിലമായി കിടക്കുന്നതുമായ സ്ഥലത്ത് വീട് വെക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ഇപ്രകാരം വില്ലേജ് റിക്കാർഡുകൾ പ്രകാരം നിലമായിട്ടുള്ള ഭൂമി പുരയിടമാക്കി നൽകുന്നതിന് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ട പ്രകാരമുള്ള നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ടി ആവശ്യത്തിനായി ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ആഫീസർക്ക് സമർപ്പിച്ചിരുന്ന ഫോറം 5 അപേക്ഷ, Q-20376 നമ്പർ പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പാറക്കടവ് കൃഷി ഓഫീസർക്ക് നല്കിയിട്ടുള്ളതും ടി വിവരം സൂചിപ്പിച്ചുകൊണ്ട് അപേക്ഷകയ്ക്ക് റവന്യൂ ഡിവിഷണൽ ആഫീസർ മറുപടി നൽകിയിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത വിഷയത്തിൽ അടിയന്തര ഇടപെടൽ നടത്തുമോ; വിശദാംശം നൽകുമോ?

ഫോറം 5 അപേക്ഷയിന്മേലുള്ള പാറക്കടവ് കൃഷി ഓഫീസറുടെ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കി നിയമ/ചട്ട പ്രകാരമുള്ള തുടർ നടപടികൾ ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ആഫീസർ സ്വീകരിക്കുന്നതാണ്.

എളവള്ളി പഞ്ചായത്തിലെ കളിസ്ഥല നവീകരണം

361 (1636) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എളവള്ളി പഞ്ചായത്തിലെ വാക എന്ന പ്രദേശത്തുള്ള കളിസ്ഥലത്തിന്റെ നവീകരണത്തിന് ശിപാർശ ചെയ്തെങ്കിലും പ്രസ്തുത സ്ഥലം ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പ്രവൃത്തി ഇതുവരെ ആരംഭിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. എളവള്ളി ഗ്രാമ പഞ്ചായത്തിലെ വാക എന്ന പ്രദേശത്തെ കളിസ്ഥലമായി ശിപാർശ ചെയ്ത ഭൂമി, ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടുവരുന്നതാണ്. എന്നാൽ, ടി ഭൂമിയെ ഡേറ്റാ ബാങ്കിൽനിന്നും ഒഴിവാക്കാൻ ലോക്കൽ ലെവൽ മോണിറ്ററിങ്ങ് കമ്മിറ്റി തീരുമാനമെടുക്കുകയും ആയതിനുള്ള തുടർ നടപടികൾ RDO സ്വീകരിച്ചുവരുന്നതുമാണ്.

(ബി) പ്രസ്തുത കളിസ്ഥലം തരംമാറ്റി കിട്ടുന്നതിന് തൃശ്ശൂർ ആർ.ഡി.ഒ.-യ്ക്ക് സമർപ്പിച്ച അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പ്രസ്തുത ഭൂമി തരംമാറ്റുന്നതിനായി തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എളവള്ളി വില്ലേജ് ഓഫീസർക്ക്, നിർദ്ദേശം നല്കിയിട്ടുള്ളതാണ്. ടി ഭൂമി സംബന്ധമായ രേഖകൾ മുല്ലശ്ശേരി ബ്ലോക്ക് ഓഫീസിൽനിന്നും ലഭ്യമാക്കി റിപ്പോർട്ട് ഉടൻ സമർപ്പിക്കുന്നതിനുള്ള നടപടികൾ വില്ലേജ് ഓഫീസർ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത സ്ഥലം തരം മാറ്റി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

നിലവിൽ തരം മാറ്റം അനുവദിച്ച് കൊണ്ട് ഉത്തരവ് നൽകിയിട്ടില്ല. വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കി, അപേക്ഷ ഭൂമി തരം മാറ്റി നൽകുന്നതിനുള്ള നിയമ/ചട്ട പ്രകാരമുള്ള നടപടികൾ ആർ.ഡി.ഒ. സ്വീകരിച്ചുവരുന്നു.

ഇടുക്കി ജില്ലയിലെ നിർമ്മാണ നിരോധനം

362 (1637) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ആഗസ്റ്റ് 22-ന് ഇടുക്കി ജില്ലയിൽ ഏർപ്പെടുത്തിയ നിർമ്മാണ നിരോധനം പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കോടതി വിധികളുടെ അടിസ്ഥാനത്തിലാണ് ഇടുക്കി ജില്ലയിൽ നിർമ്മാണ നിരോധനം നടപ്പിലാക്കേണ്ടിവന്നത്. ഇതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ ആവശ്യമായ നിയമനിർമ്മാണം സർക്കാർ ആലോചിച്ചുവരികയാണ്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് 17-12-2019-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷി യോഗത്തിലെ തീരുമാനങ്ങളും അതിൻമേൽ സ്വീകരിച്ച തുടർനടപടികളും വിശദമാക്കുമോ?

22-08-2019-ൽ പുറപ്പെടുവിച്ച സ.ഉ(കൈ) 269/2019/RD എന്ന സർക്കാർ ഉത്തരവിൽ ഇടുക്കിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ക്രിയാത്മകമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് 17-12-2019 തീയതിയിൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന സർവകക്ഷി യോഗത്തിന്റെ മിനിട്ട്സ് അനുബന്ധമായി ചേർക്കുന്നു.[+] ഇതിനെത്തുടർന്ന് ഈ തീരുമാനങ്ങൾ നടപ്പിലാക്കാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിരവധി യോഗങ്ങൾ ചേർന്ന് തീരുമാനങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നടപ്പിലാക്കിവരികയാണ്. ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങളുടെ പരിഹാരത്തിനായി 1960-ലെ കേരള ഭൂമി പതിവ് നിയമത്തിലും 1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിലും ഭേദഗതി വരുത്തുന്ന നടപടികൾ നടന്നുവരികയാണ്.

(സി) നിർമ്മാണ നിരോധനം സംബന്ധിച്ച കേസ്സുകളിൽ കോടതി നൽകിയ നിർദ്ദേശങ്ങളും അവ നടപ്പിലാക്കിയതിന്റെ വിശദാംശവും നൽകുമോ?

ബഹു. കേരളാ ഹൈക്കോടതി WP(C) 32143/2016, 32145/2016 എന്നീ കേസുകളിൽ 14-11-2016-ൽ പുറപ്പെടുവിച്ചിട്ടുള്ള വിധിയിൽ, കാർഷികാവശ്യത്തിന് പതിച്ചുനൽകപ്പെട്ട ഭൂമിയിൽ വാണിജ്യപരമായ കെട്ടിടനിർമ്മാണം അനുവദനീയമല്ല എന്ന് ഉത്തരവുള്ളതാണ്. വാണിജ്യാവശ്യങ്ങൾക്കായി നിർമ്മാണം ആരംഭിച്ചിട്ടുള്ളതും റവന്യൂ വകുപ്പ് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതുമായ മൂന്നാർ മേഖലയിലെ നിരവധി കെട്ടിടങ്ങൾ സംബന്ധിച്ച് വിവിധ കേസുകൾ ബഹു. ഹൈക്കോടതിയിൽ നടപടിയിലിരിക്കുന്നു. WP(C) 17983/2019 നം. കേസിലെ ബഹു. ഹൈക്കോടതിയുടെ 25-06-2020-ലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട് possession certificate-നുള്ള

അപേക്ഷയിൽ നിർമ്മാണം നടത്തുവാനുദ്ദേശിക്കുന്ന ഭൂമി കേരള ലാന്റ് അസൈൻമെന്റ് ആക്ട്, 1960 പ്രകാരം ഒരു പ്രത്യേക ആവശ്യത്തിനായി പതിച്ചുനൽകിയതാണോ/അല്ലയോ എന്ന വിഷയം കൂടി ബന്ധപ്പെട്ട വില്ലേജ് ഓഫീസർ പരിശോധിക്കേണ്ടതാണെന്നും ഭൂമി പതിവ് ചട്ടപ്രകാരം ഒരു പ്രത്യേക ആവശ്യത്തിന് പതിച്ചുനൽകിയ ഭൂമിയാണെങ്കിൽ ആ വിവരം കൂടി രേഖപ്പെടുത്തി മാത്രമെ ബന്ധപ്പെട്ട റവന്യൂ അധികാരികൾ possession certificate അനുവദിക്കുവാൻ പാടുള്ളൂവെന്നും നിർദ്ദേശം നൽകി 02-12-2020-ൽ G.O.(Ms)No.290/2020/RD നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 274/2021 നമ്പർ കോടതിയലക്ഷ്യകേസിലെ 08-09-2021-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൈവശാവകാശ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയോടൊപ്പം ഭൂമി പട്ടയം ലഭിച്ചതാണോ അല്ലയോ എന്നതിൽ ഒരു സത്യവാങ്മൂലം അപേക്ഷകൻ നൽകണമെന്ന് നിഷ്കർഷിച്ചുകൊണ്ട് 01-10-2021-ൽ റവ/എ2/49/2021 നമ്പർ സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. WP(C) 11249/ 2010 നമ്പർ കേസിൽ ബഹു. ഹൈക്കോടതി ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ഡിവിഷൻ ബെഞ്ചിന്റെ 25-05-2022- ലെ വിധിന്യായ പ്രകാരം പട്ടയ ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലെന്ന് ഉത്തരവായിട്ടുണ്ട്.

(ഡി) 1964-ലെയും 1993-ലെയും ഭൂപതിവ് ചട്ടങ്ങളിലെ നിബന്ധനകളായ കൃഷി, വീട് നിർമ്മാണം, പട്ടയ ഭൂമിയോട് ചേർന്ന് കിടക്കുന്ന ഭൂമിയുടെ അനുഭാവ ഉപയോഗം, കടമുറി നിർമ്മാണം എന്നിവ ഇടുക്കി ജില്ലയിൽ മാത്രം നടപ്പിലാക്കുന്നതിനുള്ള കാരണം വിശദമാക്കുമോ?

1964-ലെയും 1993-ലെയും ഭൂപതിവ് ചട്ടങ്ങളിലെ നിബന്ധനകൾ ഇടുക്കി ജില്ലയ്ക്ക് മാത്രമല്ല സംസ്ഥാനമൊട്ടാകെ ബാധകമാണ്.

ഭൂമി പതിച്ചുനൽകുന്നതിനു നൽകുന്നതിന് അപേക്ഷ

363 (1638) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പുലിയൂർ പഞ്ചായത്തിൽ നാലാം വാർഡിലെ പാറപ്പുറമ്പോക്കിൽ 30 വർഷത്തിലധികമായി താമസിച്ചുവരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വയലാറ്റുംതറയിൽ സുമതി, ഭൂമി പതിച്ച് നൽകുന്നതിനായി നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

ശ്രീമതി സുമതി കൈവശം വച്ച് താമസിച്ചുവരുന്ന പുലിയൂർ പഞ്ചായത്തിലെ റീ.സ. 392/8-ൽപ്പെട്ട ഭൂമി, പാറപ്പുറമ്പോക്ക് വിഭാഗത്തിൽപ്പെട്ടതായതിനാൽ പതിവിന് വിധേയമല്ല. എന്നാൽ

23-09-2015-ലെ സ.ഉ.(കൈ) നമ്പർ 484/2015/റവന്യൂ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാറയായി കാണപ്പെടുന്ന സ്ഥലം മാത്രം സർവ്വേ ചെയ്ത് പാറപ്പുറമ്പോക്കിൽ നിലനിർത്തുന്നതിനും ബാക്കി സ്ഥലം അളന്ന് ചട്ട പ്രകാരം കൈവശമുള്ള ഭൂമിക്ക് പട്ടയം നൽകാൻ കഴിയുമോ എന്ന് പരിശോധിച്ചു. ശ്രീമതി കെ. ആർ. സുമതി-യുടെ കൈവശമുള്ള ഭൂമിയിൽ സംരക്ഷിക്കപ്പെടേണ്ട പാറ ഇല്ല എന്ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പതിവ് നടപടികൾ സ്വീകരിച്ചുവരുന്നു.

കോന്നി നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

364 (1639) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ആരംഭിച്ച ചിറ്റൂർ കടവ്, മാത്തൂർ തൂപ്പാറ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നറിയിക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ?

19-11-2015-ലെ സർക്കാർ ഉത്തരവ് സ.ഉ (ആർ.റ്റി) നം. 6032/15/ആർ..ഡി നമ്പർ പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ടിൽ

ഉൾപ്പെടുത്തി കേരളത്തിലെ വിവിധ ജില്ലകളിലെ 9 പാലങ്ങൾ നിർമ്മിക്കുന്നതിന് 32 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. ടി പദ്ധതി നടത്തിപ്പിലേയ്ക്ക് പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിരുന്നു. ടി പാലങ്ങളുടെ നിർമ്മാണത്തിനായുള്ള കരാർ ഏറ്റെടുത്തിരുന്നത് M/s. SERMS Infrastructure Pvt Ltd, തിരുവനന്തപുരമായിരുന്നു. കൂടാതെ ടി പദ്ധതിയുടെ ടെക്നിക്കൽ സപ്പോർട്ടിനുവേണ്ടി Integral Solutions, Kochi-യെ നിയമിക്കുകയും ചെയ്തു. 9 പാലങ്ങളിൽ പത്തനംതിട്ട ജില്ലയിലെ തുപ്പാറ, മാത്തൂർ, ചിറ്റൂർക്കടവ്, കോട്ടയം ജില്ലയിലെ ആറുമാനൂർ, ചവിട്ടുവേലിക്കടവ് എന്നീ 5 പാലങ്ങളുടെ നിർമ്മാണമാണ് ആരംഭിച്ചിരുന്നത്. Rate Revision, പ്രവൃത്തിയുടെ പരിധി കുറച്ചതുമൂലം ഡെക്ക് സ്ലാബിന്റെ ഡിസൈൻ ചേഞ്ച്, പുതിയ പെർഫോർമൻസ് ഗ്യാരന്റി നൽകുന്നതിനുള്ള അനുവാദം എന്നിവയിൽ തീരുമാനം എടുക്കണമെന്നും എഗ്രിമെന്റിൽ പറയുംപ്രകാരം മൊബിലൈസേഷൻ അഡ്വാൻസ്, പാർട്ട് ബിൽ എന്നിവ ലഭിച്ചില്ലെന്നും ആരോപണം ഉന്നയിച്ചുകൊണ്ട് കമ്പനി ടി പാലങ്ങളുടെ നിർമ്മാണം നിർത്തിവയ്ക്കുന്നതിനായി ടെർമിനേഷൻ നോട്ടീസ് നല്കിയിട്ടുള്ളതും പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി നിർത്തിവച്ചിട്ടുള്ളതും 1/2019 നമ്പരായി

ആർബിട്രേഷൻ കേസ് ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ളതാണ്. ടി ആർബിട്രേഷൻ കേസിൽ 17-10-2020-ൽ അവാർഡ് ആയിട്ടുള്ളതും ടി അവാർഡിനെതിരെ ബഹു. പത്തനംതിട്ട ജില്ലാ കോടതിയിൽ അപ്പീൽ (OP(Arb) 38 / 2021) ഫയൽ ചെയ്തിട്ടുള്ളതാകുന്നു. 22-10-2020-ൽ മുൻ ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ ടി 5 പാലങ്ങളുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടി എന്ന നിലയ്ക്ക് ഡിസൈൻ സ്ലാബിന്റെ ചേഞ്ച് സംബന്ധിച്ച് സാങ്കേതികമായ പഠനം നടത്തി, റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിനെ ചുമതലപ്പെടുത്തിയിരുന്നു. ടി റിപ്പോർട്ട് ലഭ്യമായിട്ടില്ല.

കൂടാതെ 16-11-2022-ലെ സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ ടി 9 പാലങ്ങളുടെ നിർമ്മാണം പുനരാരംഭിക്കുന്ന വിഷയത്തിൽ ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, ഇറിഗേഷൻ വകുപ്പ് എഞ്ചിനീയർ, PWD റോഡ്സ് & ബ്രിഡ്ജസ് എഞ്ചിനീയർ എന്നിവരെക്കൂടി ഉൾപ്പെടുത്തി ഒരു യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. ടി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ

ലഭ്യമാക്കപ്പെടുന്ന നിർദ്ദേശങ്ങൾ പരിശോധിച്ച് ടി പാലങ്ങളുടെ നിർമ്മാണം പുനരാരംഭിക്കുന്ന വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞ കൂടൽ, കലഞ്ഞൂർ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

നിർമ്മാണോദ്ഘാടനം കഴിഞ്ഞ കൂടൽ വില്ലേജ് ഓഫീസിന്റെ പഴയ കെട്ടിടം പൊളിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് വഴി സ്വീകരിച്ചുവരുന്നതാണ്. ആയത് പൂർത്തിയായശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞ കലഞ്ഞൂർ വില്ലേജ് ഓഫീസിന്റെ പുതിയ കെട്ടിടം പണിയുന്ന സൈറ്റിൽ നിന്നും 97.4 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്യേണ്ടതായുണ്ട്. ആയതിന്റെ നടപടികൾ നടന്നുവരുന്നു. അതിനു ശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

കോട്ടൂർ ഗ്രാമ പഞ്ചായത്തിന് കളിസ്ഥലത്തിന് ഭൂമി വിട്ടുനല്കൽ

365 (1640) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂർ വില്ലേജിലെ മൂലാടുള്ള നികുതി കെട്ടാത്ത ഭൂമി, കളിസ്ഥലം നിർമ്മിക്കുന്നതിനായി കോട്ടൂർ ഗ്രാമ പഞ്ചായത്തിന് വിട്ടുകൊടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആയതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

(എ&ബി) കൊയിലാണ്ടി താലൂക്കിലെ കോട്ടൂർ വില്ലേജിലെ മൂലാട് ദേശത്തെ നികുതി കെട്ടാത്ത ഭൂമി, കളി സ്ഥലം നിർമ്മിക്കുന്നതിനായി കോട്ടൂർ ഗ്രാമ പഞ്ചായത്തിന് വിട്ടുനൽകിയിട്ടില്ല. ഇതുസംബന്ധിച്ച് സർക്കാരിൽ ലഭിച്ച അപേക്ഷ വ്യക്തമായ ശിപാർശ സഹിതം സമർപ്പിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് കൈമാറിയിട്ടുള്ളതും ആയത് ലാൻഡ് റവന്യൂ കമ്മീഷണർ പരിശോധിച്ചുവരികയുമാണ്.

വാമനപുരം മണ്ഡലത്തിലെ സ്മാർട്ട് വില്ലേജുകൾ

366 (1641) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫിസുകളെയാണ് സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതെന്ന് അറിയിക്കുമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ നെല്ലനാട്, വാമനപുരം, കല്ലറ, പുല്ലമ്പാറ, ആനാട് എന്നീ വില്ലേജ് ഓഫിസുകളെയാണ് സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

(ബി) പ്രസ്തുത വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

നെല്ലനാട് - 65% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ലിന്റൽ ലെവൽ വർക്ക് നടന്നു വരുന്നു.

വാമനപുരം - 70% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കോൺക്രീറ്റും പ്ലാസ്റ്ററിങ് വർക്കുകളും പൂർത്തിയായിട്ടുള്ളതുമാണ്.

കല്ലറ - 90% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്.

പുല്ലമ്പാറ - 85% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കോൺക്രീറ്റ്, പ്ലാസ്റ്ററിങ് വർക്ക് പൂർത്തിയായിട്ടുള്ളതാണ്.

ആനാട് - നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതും നിലവിൽ സ്മാർട്ട് വില്ലേജ് ആയി പ്രവർത്തിച്ചു വരുന്നതുമാണ്.

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

പുല്ലമ്പാറ വില്ലേജിന്റെ നിർമ്മാണ പ്രവൃത്തികൾ 2023 ജനുവരി മാസത്തിലും കല്ലറ 2022 ഡിസംബർ അവസാനവും വാമനപുരം 2023 ഫെബ്രുവരി മാസത്തിലും നെല്ലനാട് 2023 മാർച്ച് മാസത്തിലും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഇരുപത്തിയേഴ് കുടുംബങ്ങളുടെ ഭൂമി പോക്കുവരവ്

367 (1642) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് മൂന്നാം വാർഡിലെ അംബേദ്കർ കോളനിയിലെ പട്ടികജാതിയിൽപ്പെട്ട ഇരുപത്തിയേഴ് കുടുംബങ്ങൾക്ക് കൊച്ചി താലൂക്കിൽനിന്നും 2004-ൽ നൽകിയ പട്ടയപ്രകാരമുള്ള ഭൂമി പോക്കുവരവ് ചെയ്ത് കൊടുക്കുന്നതിലുണ്ടായ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ?

റീസർവ്വെ അപാകതമൂലം മുൻജന്മിയുടെ പേരിലാണ് ടി ഭൂമി റീസർവ്വെ റെക്കോർഡിൽ വന്നിട്ടുള്ളത്. ആയത് പുറമ്പോക്കായി മാറ്റുന്നതിലുണ്ടായ

നടപടികൾമൂലമാണ് ടി ഭൂമി പോക്കുവരവ് ചെയ്ത് നൽകുന്നതിൽ കാലതാമസമുണ്ടായത്.

(ബി) പ്രസ്തുത ഭൂമിയുടെ പോക്കുവരവ് എന്നത്തേക്ക് ചെയ്ത് കൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

27 പേരുടെയും ഭൂമി 31-12-2022-ന് മുൻപ് പോക്കുവരവ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള സ്ഥലം

368 (1643) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള എത്ര ഏക്കർ സ്ഥലമാണ് യോഗാചാര്യൻ ശ്രീ. എമ്മിന്റെ സ്ഥാപനത്തിനുവേണ്ടി കൈമാറാൻ തീരുമാനിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച ഫയലിന്റെ പകർപ്പും ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

1.61 ഹെക്ടർ (4 ഏക്കർ) സ്ഥലം 26-02-2021-ലെ സ.ഉ (കൈ) നം. 90/2021/റവ. പ്രകാരം കൈമാറാൻ തിരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച

ഫയൽ റവ-യു1/28/2021-റവ അനുബന്ധം I-ആയും+ സർക്കാർ ഉത്തരവ് അനുബന്ധം II-ആയും ചേർത്തിരിക്കുന്നു+.

തുങ്ങാംപാറ, കടുംമുപ്പാറ ടൂറിസം പദ്ധതി-ഭൂമി കൈമാറ്റം

369 (1644) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുങ്ങാംപാറ ഇക്കോടൂറിസം പദ്ധതിക്കായുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കുമോ?

കാട്ടാക്കട താലൂക്കിലെ കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നം. 8-ൽ റീസർവ്വെ നം. 524/1 ൽപ്പെട്ട 48.80 ആർ റവന്യൂ ഭൂമി തുങ്ങാംപാറ ഇക്കോ ടൂറിസം പദ്ധതിക്കായി ടൂറിസം വകുപ്പിന് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

(ബി) വിളപ്പിൽ വില്ലേജിൽ കടുംമുപ്പാറ ടൂറിസം പദ്ധതിക്കായി ഭൂമി കൈമാറ്റം സംബന്ധിച്ച നടപടികൾ വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കുടുംബുപ്പാറ ടൂറിസം പദ്ധതിക്കായി ഭൂമി കൈമാറ്റം സംബന്ധിച്ച് ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണർ പരിശോധിച്ചുവരുന്നു.

കരമന - വെള്ളറട റോഡിന് ഭൂമി ഏറ്റെടുക്കൽ

370 (1645) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരമന വെള്ളറട റോഡിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; II, III റീച്ചുകളുടെ II(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ; ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കരമന - വെള്ളറട റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നത് മൂന്ന് റീച്ചുകളായാണ്. പ്രസ്തുത മൂന്ന് റീച്ചുകളിലെ സ്ഥലമേറ്റെടുക്കൽ നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.

റീച്ച് 1 -കരമന മുതൽ കുണ്ടമൺ കടവ് പാലം വരെ

തിരുവനന്തപുരം ജില്ലയിൽ തൈക്കാട്, തിരുമല, ശാസ്തമംഗലം, വട്ടിയൂർക്കാവ് എന്നീ വില്ലേജുകളിൽ നിന്നായി 1.1356 ഹെക്ടർ സ്ഥലം

കരമന - വെള്ളറട റീച്ച് 1 വികസനത്തിന് 2013-ലെ എൽ.എ.ആർ.ആർ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി സമുചിത സർക്കാർ തീരുമാനം കൈക്കൊണ്ട് 11(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ച് 12 മാസത്തിനുള്ളിൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കാൻ സാധിക്കില്ലായെന്ന് ജില്ലാ കളക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതിനുള്ള കാലാവധി 04-01-2022-ലെ സ.ഉ(അച്ചടി)8/2022/റവ, 13-06-2022-ലെ സ.ഉ(അച്ചടി)176/2022/റവ എന്നീ ഉത്തരവുകൾ പ്രകാരം ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. എൽ.എ. സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പുനരധിവാസ പാക്കേജുമായി ബന്ധപ്പെട്ടുള്ള പബ്ലിക് ഹിയറിംഗ് 17-09-2022-ന് നടത്തിയിട്ടുള്ളതാണ്. ആകയിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ പുനരധിവാസ പാക്കേജും

19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നു.

റീച്ച് 2- കുണ്ടമൺ കടവ് പാലം മുതൽ ഞാറവിള വരെ & റീച്ച് 3 - ഞാറവിള മുതൽ വെള്ളറട വരെ

തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ, മലയിൻകീഴ്, കുളത്തുമ്മൽ, വീരണകാവ്, വിളവൂർക്കൽ, മാറനല്ലൂർ എന്നീ വില്ലേജുകളിലെ 4.5670 ഹെക്ടർ ഭൂമി കരമന - വെള്ളറട റോഡ് റീച്ച് 2 വികസനത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി വിദഗ്ധ സമിതി സമർപ്പിച്ച് 25-01-2022-ലെ സ.ഉ.(കൈ). നം.23/2022/റവ, 05-04-2022-ലെ സ.ഉ.(കൈ) നം. 97/2022/റവ എന്നീ ഉത്തരവുകൾ പ്രകാരം എൽ.എ.ആർ.ആർ ആക്ട്, 2013 ലെ സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ കുളത്തുമ്മൽ, ഒറ്റശേഖരമംഗലം, കീഴാറൂർ, വെള്ളറട എന്നീ വില്ലേജുകളിലെ 4.5499 ഹെക്ടർ ഭൂമി കരമന - വെള്ളറട റോഡ് റീച്ച് 3 വികസനത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി വിദഗ്ധ സമിതി സമർപ്പിച്ച് 25-01-

2022-ലെ സ.ഉ.(കൈ) നമ്പർ 22/2022/റവ പ്രകാരം എൽ.എ.ആർ.ആർ. ആക്ട്, 2013 ലെ സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

രണ്ടു റീച്ചുകളിലും സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്മേലുള്ള വിദഗ്ധസമിതി റിപ്പോർട്ട് 29-12-2021-ന് സമർപ്പിച്ചിട്ടുള്ളതാണ്. വിദഗ്ധസമിതി റിപ്പോർട്ട് ലഭിച്ച തിയതി മുതൽ 1 വർഷത്തിനകം 11(1) വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും അല്ലാത്തപക്ഷം ഭൂമി ഏറ്റെടുക്കൽ നടപടികൾ അസാധുവാകുന്നതാണ്. ഫീൽഡ് വർക്ക് ജോലികൾ പൂർത്തീകരിക്കാത്തതാണ് 11(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള കാലതാമസം. 11(1) വിജ്ഞാപനത്തിനുള്ള കരട് പ്രൊപ്പോസൽ ജില്ലാ കളക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പ്രസിദ്ധീകരിക്കുന്നതും തുടർന്ന് ആക്ടിൽ നിഷ്കർഷിക്കുന്ന നിശ്ചിത സമയ പരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം (അന്തിമ വിജ്ഞാപനം) പുറപ്പെടുവിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. 19(1) പ്രഖ്യാപനം (അന്തിമ വിജ്ഞാപനം) പുറപ്പെടുവിച്ചതിനുശേഷം അടിസ്ഥാന ഭൂവില നിശ്ചയിക്കുന്നതും കെട്ടിടങ്ങളുടെയും വൃക്ഷങ്ങളുടെയും വിലനിർണ്ണയം കണക്കാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതും അവാർഡ് പാസാക്കി സ്ഥലം

അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

കൂടംകുളം പവർഗ്രിഡിന് ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരം നൽകൽ

371 (1646) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളം പവർഗ്രിഡിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരം നൽകാൻ കോട്ടയം ജില്ലയിലുണ്ടായിരുന്ന സെൽ നിർത്തലാക്കിയോയെന്നും പ്രസ്തുത ഓഫീസിൽ കൈകാര്യം ചെയ്തിരുന്ന ഫയലുകളും റിക്കാർഡുകളും നിലവിൽ എവിടെയാണെന്നും അറിയിക്കുമോ?

സ്പെഷ്യൽ തഹസിൽദാർ എൽ.എ. (പവർഗ്രിഡ്) ഓഫീസിന്റെ പ്രവർത്തനം 2022 ജൂൺ മാസത്തോടുകൂടി അവസാനിപ്പിക്കണമെന്ന് പി.ജി.സി.എൽ. സീനിയർ ജനറൽ മാനേജർ അറിയിച്ചതിനെതുടർന്ന് 15-09-2022-ലെ GO(Rt)No.3808/2022/RD നമ്പർ ഉത്തരവ് പ്രകാരം യൂണിറ്റ് നിർത്തലാക്കിയിട്ടുള്ളതാണ്. പ്രസ്തുത ഓഫീസിൽ കൈകാര്യം ചെയ്തിരുന്ന ഫയലുകളും റിക്കാർഡുകളും മറ്റൊരു യൂണിറ്റിലേയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വാഴൂർ, കങ്ങഴ, വെള്ളാവൂർ വില്ലേജുകളിലായി എത്രപേർക്കാണ് ഇനി പ്രസ്തുത നഷ്ടപരിഹാര തുക കൈമാറാനുള്ളത് എന്ന് അറിയിക്കുമോ; നിരവധി പേർക്ക് ഇനിയും നഷ്ടപരിഹാര തുക കൈമാറാനുള്ള സാഹചര്യത്തിൽ പ്രസ്തുത ഓഫീസ് നിർത്തലാക്കിയത് എന്തുകൊണ്ടെന്ന് അറിയിക്കുമോ?

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വാഴൂർ വില്ലേജിൽ 57 കക്ഷികൾക്കും കങ്ങഴ വില്ലേജിലെ 266 കക്ഷികൾക്കും വെള്ളാവൂർ വില്ലേജിലെ 150 കക്ഷികൾക്കും നഷ്ടപരിഹാരം നൽകുവാൻ ബാക്കിയുള്ളതാണ്. കൂടംകുളം പവർഗ്രിഡ് പദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച സ്പെഷ്യൽ തഹസിൽദാർ എൽ.എ. (പവർഗ്രിഡ്) യൂണിറ്റിന്റെ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് (ജീവനക്കാരുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും) വഹിക്കുന്നത് പി.ജി.സി.എൽ. ആണ്. 2022 ജൂൺ മാസത്തോടുകൂടി യൂണിറ്റ് അവസാനിപ്പിക്കണമെന്ന് പി.ജി.സി.എൽ. സീനിയർ ജനറൽ മാനേജർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ തുടർന്നും യൂണിറ്റ് പ്രവർത്തിപ്പിക്കുന്നത് ജീവനക്കാർക്ക് ശമ്പളം കിട്ടാത്ത അവസ്ഥ സംജാതമാകുമെന്നതിനാലാണ് പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം നിർത്തലാക്കിയത്.

(സി) നഷ്ടപരിഹാരം നൽകുന്നതിനായി പവർഗ്രിഡ് അനുവദിച്ച മൂന്ന് കോടിയിലധികം രൂപ, പവർഗ്രിഡ് എൽ.എ. തഹസിൽദാർ ഓഫീസ് പ്രവർത്തനം നിർത്തിയതുമൂലം ഉപയോഗിക്കാൻ കഴിയാതെ കോട്ടയം ജില്ലാ ട്രഷറിയിൽ ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നഷ്ടപരിഹാരത്തിന് അർഹരായവർക്ക് എത്രയും വേഗം തുക കൈമാറുന്നതിനും അതുവരെ പ്രസ്തുത ഓഫീസ് പുനസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

സ്പെഷ്യൽ തഹസിൽദാർ എൽ.എ. (പവർഗ്രിഡ്) യൂണിറ്റിന്റെ പ്രവർത്തനം അവസാനിപ്പിക്കണമെന്ന് പി.ജി.സി.എൽ. സീനിയർ ജനറൽ മാനേജർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ തുടർന്നും യൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ സാധ്യമല്ല. എന്നാൽ പ്രസ്തുത ഓഫീസിൽ കൈകാര്യം ചെയ്തിരുന്ന ഫയലുകളും റിക്കാർഡുകളും മറ്റൊരു യൂണിറ്റിലേയ്ക്ക് കൈമാറി നഷ്ടപരിഹാരത്തിന് അർഹരായവർക്ക് എത്രയും വേഗം തുക കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

തോക്ക് ലൈസൻസിന്റെ റിവ്യൂ ഹർജി

372 (1647) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാല നിയോജകമണ്ഡലത്തിലെ ശ്രീ. ജോമോൻ തോമസ് എന്ന വ്യക്തി തോക്ക് ലൈസൻസിനായി ലാന്റ് റവന്യൂ കമ്മിഷണറേറ്റിൽ സമർപ്പിച്ച എൽ.ആർ./8717/2022/എൽ.ആർ.എ2 നമ്പർ റിവ്യൂ ഹർജിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പ്രസ്തുത ഫയൽ സമയബന്ധിതമായി തീർപ്പ് കല്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പ്രസ്തുത ഫയൽ സംബന്ധിച്ച് കോട്ടയം ജില്ലാ കളക്ടറേറ്റിൽനിന്നും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ കാര്യവിവരണ പത്രിക ലഭ്യമായിട്ടുണ്ട്. ഇക്കാര്യത്തിൽ ഹിയറിംഗ് നടത്തി, ടി റിവ്യൂ ഹർജി തീർപ്പ് കൽപ്പിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ നടപടി സ്വീകരിച്ചുവരുന്നു.

മധൂർ വില്ലേജിലെ റീസർവ്വെ 191/2-ൽപ്പെട്ട സ്ഥലം

373 (1648) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് താലൂക്കിൽ മധൂർ വില്ലേജിൽ റീസർവ്വെ 191/2-ൽപ്പെട്ട സ്ഥലത്ത് ഏതെങ്കിലും കുടുംബം വീട് കെട്ടിതാമസിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഭൂമിയിൽ എത്ര കുടുംബങ്ങൾ താമസിച്ചുവരുന്നുണ്ടെന്നും എത്രകാലമായിട്ടാണ് താമസിച്ചുവരുന്നതെന്നും വീട് നിർമ്മിച്ചത് എന്നാണെന്നും വീടുകൾക്ക് നമ്പർ ഉണ്ടോയെന്നും വ്യക്തമാക്കുമോ?

(എ&ബി) കാസർഗോഡ് താലൂക്കിൽ മധൂർ വില്ലേജിൽ റീ.സ.നം.191/2-ൽ പെട്ട സ്ഥലത്ത് കഴിഞ്ഞ 50 വർഷമായി 7 കുടുംബങ്ങൾ വീട് വച്ച് താമസിക്കുന്നു. ഈ 7 വീടുകൾക്കും വീട്ടുനമ്പർ ഇല്ല.

(സി) എത്ര വിസ്തീർണ്ണമുള്ള സ്ഥലത്താണ് പ്രസ്തുത വീടുകൾ സ്ഥിതി ചെയ്യുന്നതെന്നും പ്രസ്തുത വസ്തു പതിച്ചുകിട്ടണമെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

0.0607 ഹെക്ടർ ഭൂമി പതിച്ചുകിട്ടുന്നതിന് 5 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ഡി) എങ്കിൽ എപ്പോഴാണ് അപേക്ഷ ലഭിച്ചതെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

29-07-2015-ലാണ് അപേക്ഷ ലഭിച്ചത്. ഡീവെസ്റ്റേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) എൽ-5/19856/13 മധൂർ ഫയൽ പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ടതാണെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ; പ്രസ്തുത ഫയൽ നാളിതുവരെ തീർപ്പായിട്ടില്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

എൽ-5/19856/13 മധൂർ ഫയൽ പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ടതാണ്. മധൂർ സർവ്വെ നമ്പർ 191/2 പാർട്ടിൽ (റി.സ.നമ്പർ 58/1 പി.ടി)-ൽപ്പെട്ട 1.05 ഏക്കർ ഭൂമി കൈവശക്കാർക്ക് പതിച്ചുനൽകുന്നതിലേക്കായി മധൂർ വില്ലേജ് ഓഫീസർ 8-11-2013-ൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കൈവശക്കാരായ ശ്രീ. സീതി റി.സ.നമ്പർ 191/2-1-ൽ 20 സെന്റ്, ശ്രീ. മുഹമ്മദിന് റി.സ.നമ്പർ 191/2-2-ൽ 20 സെന്റ്, ശ്രീമതി ആയിഷയ്ക്ക് 191/2-3-ൽ 20 സെന്റ്, ശ്രീമതി നബീസയ്ക്ക് റീ.സ.നമ്പർ 191/2-4-ൽ 20 സെന്റ്, ശ്രീ. ഇബ്രാഹിമിന് 191/2-5- ൽ 25 സെന്റ് എന്നിങ്ങനെയാണ് ശിപാർശ സമർപ്പിച്ചത്. പ്രസ്തുത സ്ഥലം മധൂർ പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഗ്രേസിംഗ് ലാൻഡാണ്. ആയതിനാൽ പ്രസ്തുത ഭൂമി കൈവശക്കാർക്ക് പതിച്ചുനൽകുന്നതിന് ഡീവെസ്റ്റ് ചെയ്ത്

ഉത്തരവാകേണ്ടതുണ്ട്. ആയതിലേക്ക് കേരള ഭൂമി പതിവ് ചട്ടം 1964 പ്രകാരം ഓരോ കൈവശക്കാർക്കും പതിച്ചുകൊടുക്കാവുന്ന പരമാവധി ഭൂമിയായ 15 സെന്റ് നിജപ്പെടുത്തി ഡീവെസ്റ്റേഷൻ പ്രൊപ്പോസൽ തയ്യാറാക്കി 18-01-2018-ലെ എൽ.എ കമ്മിറ്റിയിൽ വെക്കുകയും തുടർന്ന് എൽ.എ. കമ്മിറ്റി അംഗീകരിക്കുകയുമുണ്ടായി. ശ്രീമതി ആയിഷയ്ക്ക് മധൂർ വില്ലേജിൽ 10 സെന്റ് സ്വന്തമായുള്ളതിനാൽ അവരുടെ അപേക്ഷ ഒഴിവാക്കി ഡീവെസ്റ്റേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) പ്രസ്തുത റീസർവ്വെ നമ്പറിൽ താമസിച്ചുവരുന്ന കുടുംബങ്ങൾ അർഹരാണെങ്കിൽ അവർക്ക് എപ്പോൾ ഭൂമി പതിച്ചുനൽകുമെന്ന് വ്യക്തമാക്കാമോ?

ഡീവെസ്റ്റേഷൻ നടപടികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ പതിച്ച് നൽകാൻ സാധിക്കുകയുള്ളൂ.

കായിക്കര എൽ.പി.എസ്. കെട്ടിട നിർമ്മാണം

374 (1649) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുതെങ്ങ് പഞ്ചായത്തിലെ ഗവൺമെന്റ് കായിക്കര എൽ.പി.എസ്. സ്ഥിതി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം അളന്ന്

തിട്ടപ്പെടുത്തുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിലെ കായിക്കര ആശാൻ സ്മാരക ഗവൺമെന്റ് എൽ.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അതിർത്തി നിർണ്ണയിച്ച് സർവ്വെ സ്കെച്ച് അനുവദിക്കണമെന്നാവശ്യപ്പെട്ട് അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷയും ആറ്റിങ്ങൽ പൊതുമരാമത്ത് കെട്ടിട ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തും ചിറയിൻകീഴ് താലൂക്ക് ഓഫീസിൽ ലഭിച്ചിട്ടുള്ളതും ആയത് അളവ് നടപടിയ്ക്കായി 19-10-2022-ൽ സർവ്വെയർക്ക് കൈമാറിയിട്ടുള്ളതുമാണ്. എന്നാൽ ഭൂമി സംബന്ധിച്ച് ആശാൻ സ്മാരക സ്കൂളിന് അവകാശരേഖകൾ ഇല്ലാത്തതിനാൽ ആയത് ആവശ്യപ്പെട്ടുകൊണ്ട് സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സ്ഥലത്തിന് ചുറ്റാകെ ആശാൻ സ്മാരക ട്രസ്റ്റിന്റെ കൈവശ ഭൂമിയാണ്. അഞ്ചുതെങ്ങ് വില്ലേജിൽ റീസർവ്വെ കഴിഞ്ഞിട്ടില്ലാത്തതിനാൽ ആശാൻ സ്മാരക ട്രസ്റ്റിന്റെ അവകാശരേഖകൾ പരിശോധിച്ച് സ്കൂളിന്റെ അതിർത്തി നിർണ്ണയിക്കുന്നതിന് റീസർവ്വെ 123 ന്റെ Not final sketch, ലാൻഡ് രജിസ്റ്റർ കോപ്പി, മുൻസർവ്വെ 3192-ന്റെ എൽ.എ സ്കെച്ച് എന്നിവ സർവ്വെ

വകുപ്പിൽനിന്നും അടിയന്തിരമായി ലഭ്യമാക്കി സർവ്വെ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിലുള്ള വസ്തുവിന്റെ വിസ്തീർണ്ണം നിർണ്ണയിച്ച് നൽകാത്തതുകാരണം പുതിയ കെട്ടിടം നിർമ്മിക്കാൻ അനുവദിച്ച ഒരു കോടി രൂപ ചെലവഴിക്കാനാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

റവന്യൂ ഭൂമിയിലെ മരങ്ങൾ മുറിച്ച് കടത്തൽ-അന്വേഷണം

375 (1650) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കിയിലെ ചിന്നക്കനാൽ വില്ലേജിൽ ഉൾപ്പെട്ട റവന്യൂ ഭൂമിയിൽനിന്നും അനധികൃതമായി യൂക്കാലി മരങ്ങൾ മുറിച്ച് കടത്തുന്നതുമായി ബന്ധപ്പെട്ട പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശം നൽകുമോ; ഇതിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഇടുക്കി ജില്ലയിൽ ചിന്നക്കനാൽ വില്ലേജിൽ ഉൾപ്പെട്ട റവന്യൂ ഭൂമിയിൽനിന്നും അനധികൃതമായി യൂക്കാലി മരങ്ങൾ മുറിച്ച് കടത്തുന്നതുമായി

ബന്ധപ്പെട്ട പരാതിയിൽ പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ്. അന്വേഷണ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

വസ്തുക്കരം ഒടുക്കുന്നതിനുള്ള അവകാശം

376 (1651) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ജോൺ ജോസ്, തുണ്ടത്തിൽ വീട്, തുണ്ടത്തിൽ, അയിരൂപ്പാറ വില്ലേജ്, തിരുവനന്തപുരം എന്ന വ്യക്തി ആർ.ഡി.ഒ. ഓഫീസിൽ ബി2/459641/2022 നമ്പരായി സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ശ്രീ. ജോൺ ജോസ്, തുണ്ടത്തിൽ വീട്, തുണ്ടത്തിൽ, അയിരൂപ്പാറ വില്ലേജ്, തിരുവനന്തപുരം, ബി2/459641/2022 നമ്പരായി ആർ.ഡി ഓഫീസിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ B2/8713/2022 ആയി ഫയലിൽ സ്വീകരിക്കുകയും 19-11-2022-ന് ടിയാനെയും എതിർകക്ഷികളെയും നേരിൽ കേൾക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ അനുവദിച്ച്

തീരുമാനമായിട്ടുള്ളതും ഉത്തരവ് താമസംവിനാ പുറപ്പെടുവിക്കാൻ കഴിയുന്നതാണ്.

(ബി) പ്രസ്തുത അപേക്ഷയിന്മേൽ തിരുവനന്തപുരം താലൂക്ക് സർവ്വേയറും ആർഡി.ഒ.-യും അന്വേഷണവും ഹിയറിംഗും നടത്തിയെങ്കിലും പരാതിക്കാരന് നാളിതുവരെ കരം ഒടുക്കുന്നതിനുള്ള അവകാശം കിട്ടിയിട്ടില്ല എന്നതിനാൽ ആയതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

ആർ.ഡി. ഓഫീസിൽ അകാരണമായ കാലതാമസമുണ്ടായിട്ടില്ല.

(സി) പരാതിക്കാരന് വസ്തുക്കരം ഒടുക്കുന്നതിനുള്ള അവകാശം അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

അപ്പീൽ തീരുമാനത്തിനനുസൃതമായി ഭൂനികുതി ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുന്നതാണ് .

പുറമ്പോക്ക് ഭൂമി തിരിച്ച് പിടിക്കുന്നതിന് നടപടി

377 (1652) <u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുർ നിയോജകമണ്ഡലത്തിൽ പാണാവള്ളി പഞ്ചായത്തിൽ പൂച്ചാക്കൽ പോലീസ് സ്റ്റേഷനുസമീപമുള്ള പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പുറമ്പോക്ക് ഭൂമി തിരിച്ച് പിടിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകുകയും 08-12-2022-ൽ ടി വസ്തു അളക്കുന്നതിലേയ്ക്കായി താലൂക്ക് സർവ്വേയറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. അളവ് നടപടികൾ പൂർത്തിയായതിനു ശേഷം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകുന്നതാണ്.

പൂതക്കുളം വില്ലേജ് ഓഫീസിന്റെ പ്രവർത്തനം

378 (1653) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പൂതക്കുളം വില്ലേജ് ഓഫീസിന്റെ പ്രവർത്തനം സംബന്ധിച്ച് പരിശോധന ആവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനവുമായി ബന്ധപ്പെട്ട് റവന്യൂ

കമ്മീഷണറേറ്റിൽ നിലവിലുള്ള എൽ.ആർ-എ 6/300455/22 എന്ന ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ സൗത്ത് സോൺ വിജിലൻസ് ഡെപ്യൂട്ടി കളക്ടർ അന്വേഷണനടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണത്തിന് കാലതാമസമുണ്ടാകുന്നതിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ?

(എ&ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പൂതക്കുളം വില്ലേജ് ഓഫീസിന്റെ പ്രവർത്തനം സംബന്ധിച്ച് പരിശോധന ആവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത പരാതി അന്വേഷണത്തിനായി ദക്ഷിണമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടർക്ക് നൽകുകയും ആയതിന്മേൽ ദക്ഷിണമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടർ അന്വേഷണ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കാലിക്കറ്റ് സർവ്വകലാശാല ഭൂമി

379 (1654) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്കിൽ തേഞ്ഞിപ്പലം വില്ലേജ്, കൊണ്ടോട്ടി താലൂക്കിൽ പള്ളിക്കൽ, ചേലെമ്പ്ര വില്ലേജുകളിൽ കാലിക്കറ്റ് സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ എഫ്.എം.ബി. സ്കെച്ച് പകർപ്പ് വില്ലേജ് അടിസ്ഥാനത്തിൽ നൽകുമോ?

എഫ്.എം.ബി സ്കെച്ചിന്റെ പകർപ്പ് ബന്ധപ്പെട്ട വില്ലേജ്ഓഫീസിൽ നിന്നോ ഓൺലൈനായോ ഒരു പകർപ്പിന് 560/- രൂപയും ജി.എസ്.ടി യും ഒടുക്കി കൈപ്പറ്റാവുന്നതാണ്.

(ബി) പ്രസ്തുത ഭൂമി പൊതു റോഡുകൾക്കായോ മറ്റു പൊതു ആവശ്യങ്ങൾക്കയോ വിട്ട് നൽകിയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ദേശീയപാത വികസനത്തിന് വേണ്ടി ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരം

താലൂക്ക്	വില്ലേജ്	ബ്ലോക്ക്	റീ.സ.നം	വിസ്തീർണ്ണം
തിരൂരങ്ങാടി	തേഞ്ഞിപ്പലം	4	1/-	0.0079
		3	105/1	1.1816
		3	105/3	1.7025
കൊണ്ടോട്ടി	ചേലേമ്പ്ര	2	247/2	0.0427
	പള്ളിക്കൽ	10	117/1	1.742
		10	122/1	0.8384
		10	127/1	0.2589
ആകെ				**5.7740**

	ഹെക്ടർ

ഡയാലിസിസ് യൂണിറ്റിന് വൈദ്യുതി കണക്ഷൻ ലഭിക്കാൻ നിരാക്ഷേപ പത്രം നല്കുന്നത് സംബന്ധിച്ച്

380 (1655) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ ആരംഭിച്ച ഡയാലിസിസ് യൂണിറ്റിന് വൈദ്യുതികണക്ഷൻ ലഭിക്കുന്നതിന് റവന്യൂ വകുപ്പിന്റെ നിരാക്ഷേപ പത്രത്തിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിരാക്ഷേപ പത്രം നൽകുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(സി) നിരാക്ഷേപ പത്രം നൽകുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ-സി) നിരാക്ഷേപ പത്രത്തിനുള്ള ദേവികുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ട്. ദേവികുളം താലൂക്കിൽ, കെ.ഡി.എച്ച് വില്ലേജിൽ സർവ്വേ നമ്പർ 20/1-ൽപ്പെട്ട 137.59.700 ഏക്കർ സർക്കാർ പുറമ്പോക്കിലുൾപ്പെട്ടുവരുന്ന സ്ഥലത്ത് ദേവികുളം ബ്ലോക്ക് പഞ്ചായത്ത്

സെക്രട്ടറിയുടെ ഉടമസ്ഥതയിൽ 2013 മുതൽ മൂന്ന് ഷട്ടറോട് കൂടിയതും മുകൾനിലയിൽ ഒരു മുറിയുള്ളതും ബാക്കി ഷീറ്റിട്ട് മറച്ചതുമായ 306 എ നമ്പർ കെട്ടിടം സ്ഥിതിചെയ്യുന്നു. ടി വസ്തു പഞ്ചായത്തിന് ഏതുരീതിയിൽ കൈമാറിക്കിട്ടിയതാണെന്ന രേഖകൾ ലഭ്യമല്ല. കെട്ടിടത്തിന്റെ വിവരങ്ങൾ ഉൾപ്പെടുന്ന ബ്ലോക്ക്പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. സർക്കാർ പുറമ്പോക്ക് വസ്തുവിൽ റവന്യൂ വകുപ്പിൽ നിന്നുള്ള അനുമതിയില്ലാതെ പണിത കെട്ടിടത്തിനാണ് എൻ.ഒ.സി ആവശ്യപ്പെട്ടിരിക്കുന്നത്. ടി വസ്തു ബ്ലോക്ക് പഞ്ചായത്തിന് അനുവദിക്കുന്നതിന് പെർമിസീവ് സാംഗ്ഷൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ വാങ്ങി അനുമതി ലഭ്യമാക്കുന്നതിനും നിലവിലെ ആവശ്യത്തിന് ഉപാധികളോടെ എൻ.ഒ.സി. അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

<u>മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരണം</u>

381 (1656) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാകളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ നിയോഗിച്ച ടീം ഇതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീം റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള

അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

വില്ലേജ് ഓഫീസർമാർക്കുള്ള സ്പെഷ്യൽ അലവൻസ്

382 (1657) ശ്രീമതി ശാന്തകുമാരി കെ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 11-ാം ശമ്പള പരിഷ്കരണ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം വില്ലേജ് ഓഫീസർമാർക്ക് സ്പെഷ്യൽ അലവൻസ് നൽകുന്നുണ്ടോ; എങ്കിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ഉത്തരവിൻപ്രകാരം 1500/-രൂപയാണ് വില്ലേജ് ഓഫീസർമാർക്ക് സ്പെഷ്യൽ അലവൻസായി അനുവദിച്ചിട്ടുള്ളത്.

(ബി) റവന്യൂ റിക്കവറി വില്ലേജ് ഓഫീസർമാർക്ക് പ്രസ്തുത അലവൻസ് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഇല്ല. ജോലിയുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ആഫീസുകളിൽ വില്ലേജ് ആഫീസർമാരായി പ്രവർത്തിക്കുന്നവർക്ക്

മാത്രമാണ് സ്പെഷ്യൽ അലവൻസ് പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(സി) പ്രസ്തുത വില്ലേജ് ഓഫീസർമാർക്ക് പ്രസ്തുത അലവൻസ് നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

റവന്യൂ റിക്കവറി വില്ലേജ് ആഫീസർമാർക്ക് അലവൻസ് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കൽ

383 (1658) ശ്രീ. ടി. പി .രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഓരോ കുടുംബങ്ങൾക്കും മൂന്ന് സെന്റ് ഭൂമി വീതമെങ്കിലും അനുവദിക്കുന്നതിന് ആകെ എത്ര ഏക്കർ ഭൂമി ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭൂമി കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ?

(എ-സി) സംസ്ഥാനത്ത് ഭൂരഹിതരുടെ എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. എല്ലാവർക്കും ഭൂമിയെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ

ഭാഗമായി പരമാവധി ഭൂമി കണ്ടെത്തുകയെന്നതാണ് സർക്കാർ നയം. വിവിധ ലാന്റ് ബോർഡുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി നാല് മേഖലാ ലാന്റ് ബോർഡ് ചെയർമാൻമാരുടെ തസ്തിക സൃഷ്ടിച്ച് ഡെപ്യൂട്ടി കളക്ടർമാരെ നിയമിച്ചു. കൂടാതെ സംസ്ഥാനത്ത് പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തി മിച്ചഭൂമി തിരിച്ച് പിടിക്കുന്നതിനായി യുണിക്ക് തണ്ടപ്പേർ സംവിധാനം ഏർപ്പെടുത്തി. ഓരോ പ്രദേശത്തേയും ലഭ്യമായ ഭൂമി, അവയ്ക്ക് പട്ടയം നൽകുന്നതിനുള്ള തടസ്സം എന്നിവ കണ്ടെത്തി പരിഹരിക്കുന്നതിനായി പട്ടയം ഡാഷ് ബോർഡ് സംവിധാനം ഏർപ്പെടുത്തി. മറ്റുവകുപ്പുകളുടെ കൈവശമുള്ളതും ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമി കണ്ടെത്തി തിരിച്ചെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി മറ്റു വകുപ്പുകളുമായി യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളാനും പദ്ധതിയുണ്ട്. ലാന്റ് ട്രിബ്യൂണലുകളെ ശാക്തീകരിച്ച് കേസ് തീർപ്പാക്കലിന് സമയബന്ധിതമായി നടത്തുന്ന മിഷൻ മോഡ് പ്രവർത്തനം ഉണം ചെയ്തിട്ടുണ്ട്.

(ഡി) താലൂക്ക് ലാന്റ് ബോർഡുകളിലെയും മറ്റു വിവിധ ലാൻഡ് ബോർഡുകളിലെയും കേസുകൾ തീർപ്പാക്കുന്നമുറയ്ക്ക് പ്രസ്തുത ആവശ്യത്തിലേയ്ക്ക് ഭൂമി ലഭ്യമാക്കാൻ കഴിയുമോ; വിശദമാക്കാമോ?

ഒരു വ്യക്തിക്കോ കുടുംബത്തിനോ പരിധിയിലധികം ഭൂമിയുണ്ടോയെന്ന് പരിശോധിക്കുന്നതും അത്തരം ഭൂമിയുണ്ടെങ്കിൽ സർക്കാരിലേയ്ക്ക് ഏറ്റെടുക്കാൻ ഉത്തരവ് പുറപ്പെടുവിക്കുന്നതും താലൂക്ക് ലാൻഡ് ബോർഡുകളാണ്. അപ്രകാരം സർക്കാരിലേയ്ക്ക് ലഭിക്കുന്ന മിച്ചഭൂമികൾ ഭൂരഹിതർക്ക് വിതരണം ചെയ്യാൻ കഴിയുന്നതാണ്.

എളകുന്നപ്പുഴ വില്ലേജിലെ ഭൂമി വിട്ടുനൽകാൻ നടപടി

384 (1659) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ടുകൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസർ 30-06-1996-ലെ ആർ.ഡിസ്.5280/96-3 ഉത്തരവ് പ്രകാരം എളകുന്നപ്പുഴ വില്ലേജിലെ സർവ്വേ നമ്പർ 569/3&569/6-ൽപ്പെട്ട 2.83 ആർ സ്ഥലം വിദ്യാഭ്യാസ വകുപ്പിന് കൈമാറ്റം ചെയ്തു നൽകാൻ ഉത്തരവായിട്ടും പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യാത്തതിന് കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത ഭൂമി വിദ്യാഭ്യാസ വകുപ്പിന് എന്ന് കൈമാറ്റം ചെയ്തു നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) 06-12-2022-ന് എളങ്കുന്നപ്പുഴ വില്ലേജ് ആഫീസർ മുഖേന പ്രസ്തുത ഭൂമി വൈപ്പിൻ, എടവനക്കാട് അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർക്ക് കൈമാറി നൽകിയിട്ടുണ്ട്.

ഭൂമി തരം മാറ്റൽ നടപടികളുടെ പുരോഗതി

385 (1660) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരം മാറ്റൽ നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ഭൂമി തരംമാറ്റൽ നടപടികളുടെ പുരോഗതി, നിശ്ചിത ഇടവേളകളിൽ, ലാൻഡ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ (ഡി.എം.) എന്നിവർ വിലയിരുത്തുന്നുണ്ട്. ഇതിലേയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ പ്രത്യേക സെല്ലും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ, ആഴ്ചതോറും റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തിവരുന്ന 'റവന്യൂ സെക്രട്ടേറിയറ്റ്'-ലും തരംമാറ്റ നടപടികളുടെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

(ബി) ഭൂമി തരം മാറ്റുന്നതിന് സമർപ്പിക്കപ്പെട്ട അപേക്ഷകളിന്മേൽ മൂന്നുമാസത്തിനുള്ളിൽ നടപടി പൂർത്തീകരിക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

തരംമാറ്റത്തിനായി ഓരോ മാസവും ശരാശരി ആയിരത്തിലധികം അപേക്ഷകൾ ലഭ്യമാകുന്ന സാഹചര്യത്തിലാണ് നിശ്ചയിച്ച സമയപരിധിക്കുള്ളിൽ അപേക്ഷകൾ പൂർണമായും തീർപ്പാക്കാൻ സാധിക്കാത്തത്. 03-12-2022 വരെ 201443 ഓഫ് ലൈൻ അപേക്ഷകളും 13452 ഓൺലൈൻ അപേക്ഷകളും ഉൾപ്പടെ 214895 അപേക്ഷകൾ തീർപ്പാക്കാൻ സാധിച്ചിട്ടുണ്ട്. 27 ആർ.ഡി.ഒ ഓഫീസുകളിലും അധികമായി ജീവനക്കാരെയും വാഹനങ്ങളും അനുവദിച്ചും പ്രത്യേക ടീമിനെ നിയോഗിച്ചുമാണ് ഈ നേട്ടം കൈവരിച്ചത്.

(സി) നടപടി പൂർത്തീകരിക്കാനായി നിലവിൽ എത്ര ഓൺലൈൻ അപേക്ഷകളും ഓഫ്ലൈൻ അപേക്ഷകളും ഉണ്ടെന്നും അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

നടപടി പൂർത്തീകരിക്കാനായി, 29-11-2022 വരെ, 1,59,482 ഓൺ ലൈൻ അപേക്ഷകളും 11,380 ഓഫ് ലൈൻ അപേക്ഷകളും ശേഷിക്കുന്നുണ്ട്. തുടർന്നും, ഓൺലൈൻ മുഖേന പുതിയ അപേക്ഷകൾ ലഭിച്ചുവരുന്നുണ്ട്.

വായ്പാകുടിശ്ശിക ഗഡുക്കളാക്കി നൽകി വന്നിരുന്നത് പുനസ്ഥാപിക്കൽ

386 (1661) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യസ്ഥാപനങ്ങളിൽനിന്ന് എടുത്ത വായ്പകൾ വിവിധ കാരണങ്ങളാൽ തിരിച്ചടയ്ക്കാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ റവന്യൂ റിക്കവറി നോട്ടീസ് ലഭിച്ചതിനുശേഷവും വായ്പാകുടിശ്ശിക ഗഡുക്കളായി അടക്കാനുള്ള അവസരം നൽകി വന്നിരുന്നത് നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

WP(C)24799/2018-നേലുള്ള 09-08-2019-ലെ വിധിന്യായം പ്രകാരം എച്ച്.ഡി.എഫ്.സി. ബാങ്ക് കുടിശ്ശികയ്ക്ക് ഗഡുക്കൾ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ ബഹുമാനപ്പെട്ട കോടതി റദ്ദാക്കിയിരുന്നു. ആയതിനെതിരെ സർക്കാർ റിട്ട് അപ്പീൽ (WA No.864/2022) ഫയൽ ചെയ്യുകയും പ്രസ്തുത റിട്ട് അപ്പീൽ ബഹുമാനപ്പെട്ട ഹൈക്കോടതി 30-09-2022-ൽ തള്ളി തീർപ്പാക്കുകയും ചെയ്തു. പ്രസ്തുത വിധിന്യായത്തിൽ കേരള റവന്യൂ റിക്കവറി ആക്ട് 1968-ൽ കുടിശ്ശിക തുക ഗഡുക്കളായി ഒടുക്കുന്നതിന് അനുവദിക്കാൻ സർക്കാരിനോ മന്ത്രിക്കോ അധികാരം

നൽകുന്നില്ലായെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ടി വിധിന്യായം സർക്കാരിൽ ലഭിച്ചതിനുശേഷം സർക്കാർ, സഹകരണ ബാങ്ക് കുടിശ്ശികയ്ക്ക് മാത്രമാണ് തവണ അനുവദിച്ചുവരുന്നത്.

(ബി) ആയത് പുനഃസ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വായ്പാകുടിശ്ശികകൾക്ക് ഗഡുക്കൾ അനുവദിക്കുന്നതിന് റവന്യൂ റിക്കവറി ആക്ടിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആയത് പുനഃസ്ഥാപിക്കുന്നതുവരെ റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

നിലവിലെ റവന്യൂ റിക്കവറി ആക്ട് പ്രകാരം റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കാൻ സാധിക്കുന്നതല്ല.

ദേശസാൽകൃത, സ്വകാര്യ ബാങ്കുകൾ റവന്യൂ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന റവന്യൂ റിക്കവറി

387 (1662) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത, സ്വകാര്യബാങ്കുകൾ റവന്യൂ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള വകുപ്പുമന്ത്രിയുടെ സവിശേഷാധികാരം റദ്ദാക്കിക്കൊണ്ടുള്ള കോടതിവിധികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

WP(C)24799/2018-നുമേലുള്ള 09-08-2019-ലെ വിധിന്യായം പ്രകാരം എച്ച്.ഡി.എഫ്.സി. ബാങ്ക് കുടിശ്ശികയ്ക്ക് ഗഡുക്കൾ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകൾ ബഹുമാനപ്പെട്ട കോടതി റദ്ദാക്കിയിരുന്നു. ആയതിനെതിരെ സർക്കാർ റിട്ട് അപ്പീൽ (WA No.864/2022) ഫയൽ ചെയ്യുകയും പ്രസ്തുത റിട്ട് അപ്പീൽ ബഹുമാനപ്പെട്ട ഹൈക്കോടതി 30-09-2022-ൽ തള്ളി തീർപ്പാക്കുകയും ചെയ്തു. പ്രസ്തുത വിധി ന്യായത്തിൽ കേരള റവന്യൂ റിക്കവറി ആക്ട് 1968-ൽ കുടിശ്ശിക തുക ഗഡുക്കളായി ഒടുക്കുന്നതിന് അനുവദിക്കാൻ സർക്കാരിനോ മന്ത്രിക്കോ അധികാരം നൽകുന്നില്ലായെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ടി വിധിന്യായം സർക്കാരിൽ ലഭിച്ചതിനുശേഷം സർക്കാർ, സഹകരണ ബാങ്ക് കുടിശ്ശികയ്ക്ക് മാത്രമാണ് തവണ അനുവദിച്ചുവരുന്നത്.

(ബി) കോടതിവിധി നിലവിലുണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ സർക്കാർ സ്വീകരിക്കുന്ന നിലപാട് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് നിർധനരായ വായ്പക്കാർക്ക് ആശ്വാസമേകുന്നതിനായി സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാനുദ്ദേശിക്കുന്നതുമായ നടപടികൾ വ്യക്തമാക്കാമോ?

(ബി&സി) വായ്പാകുടിശ്ശികകൾക്ക് ഗഡുക്കൾ അനുവദിക്കുന്നതിന് റവന്യൂ റിക്കവറി ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷകൾ

388 (1663) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ 2016 ജൂൺ മുതൽ സർക്കാർ പൊതുമേഖലാരംഗത്ത് വിവിധ പദ്ധതികൾക്കായി ഭൂമി അനുവദിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നതെന്നും ഇതിൽ ഓരോന്നിന്റെയും നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

42 അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്. ആയവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോസ്റ്റൽ ഹൈവേ റീച്ച്-1 ന്റെ നിർമ്മാണം - ഭൂമി ഏറ്റെടുക്കൽ

389 (1664) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ ഹൈവേ റീച്ച്-1 (സൗത്ത് ചെല്ലാനം-ഫോർട്ട് കൊച്ചി) -ന്റെ നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കുമോ?

കോസ്റ്റൽ ഹൈവേ പദ്ധതിക്കായി എറണാകുളം ജില്ലയിലെ ചെല്ലാനം, കുമ്പളങ്ങി, പള്ളുരുത്തി, രാമേശ്വരം, ഫോർട്ട് കൊച്ചി, പുതുവൈപ്പ്, എളകുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം, എടവനക്കാട്, കുഴിപ്പള്ളി, പള്ളിപ്പുറം വില്ലേജുകളിൽ ഉൾപ്പെട്ട 58.40 ഹെക്ടർ ഭൂമി LARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 06.04.2022 ലെ സ.ഉ(ആർ.റ്റി) നമ്പർ 1582/2022/റവ പ്രകാരം അനുമതി നല്കിയിട്ടുള്ളതും ലാൻഡ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കിഫ്ബി, എറണാകുളത്തിനെ നിയമിച്ചിട്ടുള്ളതാണ്. ഇതിൽ ചെല്ലാനം - ഫോർട്ട് കൊച്ചി ഫസ്റ്റ് റീച്ചിൽ 9.42 ഹെക്ടർ ഭൂമി ആണ് ഏറ്റെടുക്കേണ്ടത്.

Survey & boundaries Act, 1961 പ്രകാരമുള്ള 6(1) വിജ്ഞാപനം 13-06-2022-ലെ പ്രസിദ്ധീകരിച്ചിട്ടുള്ളതും പദ്ധതിക്കായുള്ള ആനുഷാംഗിക

ചാർജ്ജ് 09-11-2022 അർത്ഥനാധികാരി നിക്ഷേപിച്ചിട്ടുള്ളതുമാണ്. കോസ്റ്റൽ ഹൈവേ റീച്ച് 1 അലൈൻമെന്റ് പ്രകാരമുള്ള അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവർത്തി പുരോഗമിച്ചുവരുന്നു. SIA പഠനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

അലൈൻമെന്റ് പ്രകാരമുള്ള അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവർത്തി പുരോഗമിച്ചുവരുന്നു. LARR Act, 2013 പ്രകാരം SIA പഠനം പൂർത്തിയാക്കി പ്രാഥമിക വിജ്ഞാപനമായ 11(1) നിയമപരമായി പരസ്യപ്പെടുത്തിയതിനുശേഷം മാത്രമെ സെക്ഷൻ 12 പ്രകാരമുള്ള സർവ്വേ നടപടികൾ ആരംഭിക്കുകയുള്ളൂ.

(സി) ഭൂമിയേറ്റെടുക്കൽ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും ഇതിനായിശേഷിക്കുന്ന നടപടിക്രമങ്ങളും വിശദമാക്കുമോ?

RFCT LARR നിയമം 2013 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് നിയമപരമായി അനുവദനീയമായ സമയപരിധിക്കുള്ളിൽ ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കുന്നതാണ്.

എന്റെ ഭൂമി പദ്ധതി

390 (1665) ശ്രീ. ടി. പി .രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റെ ഭൂമി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ?

റവന്യൂ ഭരണം സുഗമമാക്കുന്നതിനും, ഭൂസംബന്ധമായ സേവനങ്ങൾ കൂടുതൽ സുഗമമായ രീതിയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും, സംസ്ഥാനത്തിന്റെ റീസർവ്വേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി "എന്റെ ഭൂമി" എന്ന പേരിൽ സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ രീതിയിൽ വിവരസാങ്കേതിക വിദ്യ അധിഷ്ഠിത സേവനം ജനങ്ങൾക്ക് ലഭ്യമാക്കുക, ഇനിയൊരു റീസർവ്വേ ആവശ്യമില്ലാത്തവിധം മാപ്പുകൾ നാളതീകരിച്ച് പരിപാലിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ മുൻകാലങ്ങളിൽ പരമ്പരാഗത സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് കൺവെഷണൽ രീതിയിൽ സർവ്വേ നടത്തിയ വില്ലേജുകൾ കൂടി ഡിജിറ്റൽ സർവ്വേ പദ്ധതിയിലുൾപ്പെടുത്തി ആകെ 1550 വില്ലേജുകളുടെ സർവ്വേയാണ് നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുദ്ദേശിക്കുന്നത്. ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കുന്നതിനുമുമ്പായുള്ള കരട് എന്റെ ഭൂമിയിൽ

പ്രസിദ്ധീകരിക്കും. ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും എന്റെ ഭൂമിയിൽ ലഭ്യമാകും. അതോടൊപ്പം രജിസ്ട്രേഷൻ, റവന്യൂ, സർവ്വേ വകുപ്പുകളെക്കൂട്ടി യോജിപ്പിച്ചിട്ടുള്ള Integrated Software ആയി എന്റെ ഭൂമി ഉപയോഗപ്പെടുത്തും.

(ബി) പ്രസ്തുത പദ്ധതി മുഖേന പൊതുജനങ്ങൾക്ക് ലഭിക്കുന്ന പ്രയോജനം വ്യക്തമാക്കുമോ?

'എല്ലാ ഭൂമിക്കും രേഖ, എല്ലാ പേർക്കും ഭൂമി, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന്റെ ഭാഗമായാണ് സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വേ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. സർവ്വേ റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂസംബന്ധമായ സേവനങ്ങൾ സംയോജിപ്പിച്ച് ഒരു ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ ഭൂസംബന്ധമായ എല്ലാ സേവനങ്ങളും ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് സാധിക്കും. ഇതിലൂടെ ജനങ്ങൾക്ക് കൃത്യമായ ഭൂരേഖകളും സ്കെച്ചും ലഭ്യമാകുന്നതും, ഭൂസംബന്ധമായ എല്ലാ സേവനങ്ങളും വിവിധ ഓഫീസുകൾ സന്ദർശിക്കാതെത്തന്നെ ഓൺലൈനായി നിർവ്വഹിക്കുന്നതിനും സാധിക്കും. കൂടാതെ, പോർട്ടൽ മുഖാന്തരം ആധികാരിക രേഖയായി ലഭ്യമാകുന്നതിനാൽ പൊതുജനങ്ങൾക്ക്

കബളിക്കപ്പെടാതെ ഭൂമി വാങ്ങുന്നതിനും വളരെ സഹായകരമാണ്. ഇതുകൂടാതെ, മാപ്പ് അധിഷ്ഠിത പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്നതിനും, രജിസ്ട്രേഷൻ, റവന്യൂ സർവ്വേ സംബന്ധമായ എല്ലാ വിവരങ്ങളും ഉൾപ്പെട്ട Record of Right (RoR) നൽകാൻ സാധിക്കും. കൃത്യമായ സർവ്വേ റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതുൾപ്പെടെയുള്ള വിവിധ സർക്കാർ ആനുകൂല്യങ്ങൾ ജനങ്ങൾക്ക് വളരെ വേഗത്തിൽ നൽകുന്നതിനും കൂടാതെ, ലൊക്കേഷൻ സ്കെച്ച് തുടങ്ങിയ രേഖകൾ ഫീൽഡ് പരിശോധന കൂടാതെ തന്നെ വളരെ വേഗത്തിൽ ഭൂവുടമകൾക്ക് നൽകുന്നതിനും സാധിക്കുന്നതാണ്. ഭൂരേഖകളെല്ലാം പൂർണ്ണമായും ഐ.ടി അധിഷ്ഠിത സേവനമായി രൂപാന്തരപ്പെടുന്നതോടെ സംസ്ഥാനത്തിന്റെ വികസന കുതിപ്പുകൾക്കു വിപ്ലവകരമായ രീതിയിൽ ആക്കാം കൂടുന്നതായിരിക്കും.

നിലമ്പൂർ താലൂക്കിലെ തോട്ടഭൂമിയുടെ സർവ്വേ നമ്പരുകളും വിസ്തീർണ്ണവും

391 (1666) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിൽ ചുങ്കത്തറ, എടക്കര വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന പാലുണ്ടയിലുള്ള നിലമ്പൂർ റബ്ബർ കമ്പനിയുടെ പേരിലുള്ള

തോട്ടഭ്രമിയുടെ സർവ്വേ നമ്പരുകളും വിസ്തീർണ്ണവും ഉടമസ്ഥാവകാശവും, കെ.എൽ.ആർ. ആക്ട് പ്രകാരമുള്ള ഭ്രമിയുടെ സ്റ്റാറ്റസ്, കൈവശം തുടങ്ങിയ വിവരങ്ങളും ലഭ്യമാക്കുമോ;

നിലമ്പൂർ താലൂക്കിൽ ചുങ്കത്തറ വില്ലേജിൽ ബ്ലോക്ക് 95-ൽ റീസർവ്വേ 342/1-ൽ 47.5875 ഹെക്ടറും റീസർവ്വേ 342/4-ൽ 7.5500 ഹെക്ടറും കൂടിയുള്ള സ്ഥലമാണ് റവന്യൂ രേഖകൾ പ്രകാരമുള്ളത്. ഈ ഭ്രമി ബി.ടി.ആർ പ്രകാരം നിലമ്പൂർ തച്ചറക്കാവിൽ ശ്രീ മാനവിക്രമൻ തിരുമുൽപ്പാട് എന്നും കൈവശരജിസ്റ്ററിൽ നിലമ്പൂർ റബ്ബർ എസ്റ്റേറ്റെന്നും കാണുന്നു.

(ബി) പ്രസ്തുത ഭ്രമിയുടെ അവകാശങ്ങളോ കൈവശമോ പോക്കുവരവോ ആയി ബന്ധപ്പെട്ട് ഏതെങ്കിലും കേസ്സുകൾ നിലനിൽക്കുന്നുണ്ടോയെന്നും പ്രസ്തുത തോട്ടഭ്രമിയിലെ തേക്ക് ഉൾപ്പെടെയുള്ള വിളയല്ലാത്ത മറ്റു മരങ്ങളിൽ സംസ്ഥാനസർക്കാരിനോ കേന്ദ്രസർക്കാരിനോ അവകാശമുണ്ടോയെന്നും അറിയിക്കുമോ;

ചുങ്കത്തറ വില്ലേജിൽ പാലുണ്ട നിലമ്പൂർ റബ്ബർ കമ്പനി ലിമിറ്റഡ് കൈവശ രജിസ്റ്റർ പ്രകാരം തോട്ടഭ്രമിയെന്നു രേഖപ്പെടുത്തിയ പ്രദേശം തുണ്ടുകളായി മുറിച്ച് വിറ്റ് തരം മാറ്റിയതിനാൽ കേരള ഭ്രപരിഷ്കരണ നിയമപ്രകാരമുള്ള ഭ്രപരിധി ഇളവിന് അർഹമല്ലാതായിത്തീർന്ന

സാഹചര്യത്തിൽ സീലിംഗ് കേസ് പുനഃപരിശോധിക്കണമെന്ന് ചുങ്കത്തറ വില്ലേജ് ഓഫീസർ താലൂക്ക് ലാന്റ് ബോർഡ് മുൻപാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സീലിംഗ് കേസ് പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ലാന്റ് ബോർഡിൽ നടന്നുവരുന്നു.

(സി) പാലുണ്ട-മുണ്ടേരി റോഡിൽ കാട്ടിച്ചിറ എന്ന സ്ഥലത്ത് നിലമ്പൂർ റബ്ബർ കമ്പനിയുടെ ഉടമസ്ഥതയിലുള്ള റബ്ബർ തോട്ടത്തിൽ നിന്നും തേക്ക് മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകുന്നതിനായി വഴിക്കടവ് ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ നിലമ്പൂർ തഹസിൽദാർക്ക് 07-06-2022-ലെ നൽകിയ ആർ.ഒ.വി-എ-633/19 നമ്പർ കത്തിന്മേൽ നിലമ്പൂർ തഹസിൽദാർ സ്വീകരിച്ച നടപടികളും നൽകിയ മറുപടിയും അറിയിക്കുമോ; നടപടി സ്വീകരിച്ചിട്ടില്ലായെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

വഴിക്കടവ് ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ നൽകിയ കത്തിന് സ്ഥലപരിശോധന നടത്തി മറുപടി നൽകുന്നതിന് ചുങ്കത്തറ, എടക്കര വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മാനന്തവാടി നിയോജകമണ്ഡലത്തിലെ ഡിജിറ്റൽ സർവ്വേ

392 (1667) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിലെ ഡിജിറ്റൽ സർവ്വേയുടെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിലാണ് ആദ്യഘട്ടത്തിൽ പ്രസ്തുത സർവ്വേ നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ മാനന്തവാടി നിയോജകമണ്ഡലത്തിലെ പേര്യ, വാളാട്, തൃശ്ശിലേരി, മാനന്തവാടി, കാഞ്ഞിരങ്ങാട്, നല്ലൂർനാട് എന്നീ ആറ് വില്ലേജുകളെ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ടി വില്ലേജുകളുൾപ്പെടെ ആദ്യഘട്ടത്തിൽ തെഞ്ഞെടുക്കപ്പെട്ട 200 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ആദ്യഘട്ട സർവ്വേ 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ആദ്യഘട്ട ഡിജിറ്റൽ സർവ്വേ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

2022 നവംബർ മാസം ഒന്നാംതീയതി സംസ്ഥാനത്ത് ആരംഭിച്ച ഡിജിറ്റൽ ലാൻഡ് സർവ്വേ പദ്ധതിയ്ക്കായി ആദ്യഘട്ടത്തിൽ തെഞ്ഞെടുക്കപ്പെട്ട 200 വില്ലേജുകളുടെ സർവ്വേ നടപടികൾ 6

മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. എല്ലാ 6 മാസത്തിലും 200 വീതം വില്ലേജുകളിൽ സർവ്വേ പൂർത്തീകരിച്ച് 4 വർഷം കൊണ്ട് 1550 വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ നടപടി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

സർവ്വേയർ ഗ്രേഡ് തസ്തികകളിലെ ഓൺലൈൻ ട്രാൻസ്ഫർ

393 (1668) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) സർവ്വേ ആൻഡ് ലാൻഡ് റെക്കോർഡ്സ് വകുപ്പിൽ സർവ്വേയർ ഗ്രേഡ് 1,2 തസ്തികകളിലേക്ക് ഓൺലൈൻ ട്രാൻസ്ഫറിനുള്ള അപേക്ഷ ക്ഷണിക്കുന്നത് എപ്പോഴാണെന്നും നടപടിക്രമങ്ങൾ പൂർത്തികരിച്ച് ട്രാൻസ്ഫർ ലിസ്റ്റ് എന്ന് നിലവിൽ വരുമെന്നും വ്യക്തമാക്കുമോ?

സർവ്വേയും ഭൂരേഖയും വകുപ്പിലെ സർവ്വേയർ തസ്തികയിലെ സ്ഥലമാറ്റ നടപടികൾ ഓൺലൈനായി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 2023 വർഷത്തെ സ്ഥലമാറ്റനടപടികൾ ഓൺലൈനായി നടത്തുവാൻ കഴിയുന്നതാണ്.

(ബി) എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളിലും ഓൺലൈൻ മുഖേന ട്രാൻസ്ഫർ നിയമനം നടത്താൻ നിർദ്ദേശം നൽകിയിരുന്നിട്ടും പ്രസ്തുത വകുപ്പിൽ പ്രസ്തുത സംവിധാനം നടപ്പിൽ വരാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

സർവ്വേയും ഭൂരേഖയും വകുപ്പിലെ ജീവനക്കാരുടെ ഓൺലൈൻ മുഖേനയുള്ള സ്ഥലമാറ്റത്തിന് പൊതുമാനദണ്ഡങ്ങൾ നിർണ്ണയിച്ചുകൊണ്ട് ഉത്തരവാകുന്നതിനായി സർവ്വേ ഡയറക്ടർ സമർപ്പിച്ച ശിപാർശ പരിശോധിക്കുകയും, വകുപ്പിലെ ഓൺലൈൻ സ്ഥലമാറ്റത്തിനായുള്ള കരട് മാനദണ്ഡങ്ങൾ/മാർഗ്ഗരേഖ സർവ്വേ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്നും, വകുപ്പിലെ ജീവനക്കാരുടെയും, അംഗീകൃത സർവ്വീസ് സംഘടനകളുടെയും ടി വിഷയത്തിലെ അഭിപ്രായം സ്വീകരിക്കുന്നതിനും, ഇതിന്റെ അടിസ്ഥാനത്തിൽ സർവ്വേയും ഭൂരേഖയും വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലമാറ്റത്തിനുള്ള അന്തിമ മാനദണ്ഡം/മാർഗ്ഗരേഖ തീരുമാനിച്ച് അടുത്തവർഷം മുതൽ ഓൺലൈൻ മുഖേനയുള്ള ട്രാൻസ്ഫർ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വകുപ്പിൽ 2022-ൽ സർവ്വേയർ ഗ്രേഡ് 1, ഗ്രേഡ് 2 ഉദ്യോഗസ്ഥരുടെ ഓഫ് ലൈൻ ട്രാൻസ്ഫറിനായി അപേക്ഷ

ക്ഷണിച്ചിരുന്നോയെന്നും പ്രസ്തുത ട്രാൻസ്ഫർ ഉത്തരവിന്റെ കരട്, അന്തിമ ഉത്തരവ് എന്നിവയെന്ന് നിലവിൽ വരുമെന്നും പ്രസ്തുത ഉത്തരവ് നിലവിൽ വരുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ എന്നും വ്യക്തമാക്കുമോ?

ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംസ്ഥാനത്തുടനീളം അടിയന്തിരമായി നടപ്പിലാക്കേണ്ട സാഹചര്യത്തിൽ 2022-ലെ പൊതുസ്ഥലമാറ്റം ഓഫ് ലൈനായി നടത്തുവാനും, അടുത്ത വർഷം മുതൽ ഓൺലൈനിൽ മാത്രം നടത്തുന്നതിനും തീരുമാനിക്കുകയും, സ്ഥലമാറ്റ പട്ടിക തയ്യാറാക്കിവരുന്നതുമാണ്. സ്ഥലമാറ്റ ഉത്തരവിന്റെ കരടും, അന്തിമഉത്തരവും 2022 ഡിസംബർ മാസത്തിൽത്തന്നെ പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. സ്ഥലമാറ്റ ഉത്തരവ് നിലവിൽ വരുന്നതിന് നിയമതടസ്സങ്ങളൊന്നും നിലവിലില്ല.

(ഡി) പ്രസ്തുത വകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റിലൂടെ സർവ്വേയർ ഗ്രേഡ് 1, ഗ്രേഡ് 2 തസ്തികകളിൽ 14 ജില്ലകളിലെ വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്ന സർവ്വേവകുപ്പിലെ ഉദ്യോഗസ്ഥരുടെ എണ്ണവും അവരുടെ ലീൻ ഓഫീസ് ഏതാണെന്നും എത്ര നാളായി അവർ പ്രസ്തുത ജോലി ചെയ്യുന്നുയെന്നും വ്യക്തമാക്കുമോ?

സർവ്വേയും ഭൂരേഖയും വകുപ്പിൽ വിവിധ ജില്ലകളിലെ വിവിധ കാര്യാലയങ്ങളിൽ 409 രണ്ടാംതരം സർവ്വേയർമാരും, 363 ഒന്നാം തരം സർവ്വേയർമാരും ജോലിക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്തുവരികയാണ്. അവരുടെ ലീൻ ഓഫീസ് സംബന്ധിച്ച വിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.+

(ഇ) പ്രസ്തുത തസ്തികകളിൽ 3 വർഷമോ അതിലധികമോ കാലം ഒരേ ഓഫീസിലോ അതിന്റെ 15 കി.മീ. പരിധിയിലോ തന്നെ ജോലിചെയ്യുന്നതായ എത്ര പേർ ഉണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവെയർ ഗ്രേഡ് 1,ഗ്രേഡ് 2 തസ്തികകളിൽ, 3 വർഷമോ അതിലധികമോ കാലം ഒരേ ഓഫീസിലോ അതിന്റെ 15 കി.മീ. പരിധിയിലോ തന്നെ ജോലിചെയ്യുന്നത് സംബന്ധിച്ച വിവരം അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.+

(എഫ്) ഡിജിറ്റൽ സർവ്വേ മികച്ച രീതിയിൽ നടക്കുന്നതിന് വർക്കിംഗ് അറേഞ്ച്മെന്റിൽ വർക്ക് ചെയ്യുന്ന സർവ്വേ വകുപ്പിലെ സർവ്വേയർ ഗ്രേഡ് 1, 2 ഉദ്യോഗസ്ഥരെ തിരികെ നിയമിക്കാൻ ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത വിഷയം സംബന്ധിച്ച് നിലവിൽ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല.

ഡിജിറ്റൽ സർവ്വേ നടത്താൻ തെരഞ്ഞെടുത്ത വില്ലേജുകൾ

394 (1669) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ സർവ്വേയുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ എത്ര വില്ലേജുകളാണ് തെരഞ്ഞെടുക്കപ്പെട്ടത്?

ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയിൽ നിന്നും 16 വില്ലേജുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ആദ്യഘട്ടം എത്ര സമയത്തിനകം പൂർത്തികരിക്കാൻ സാധിക്കുമെന്നറിയിക്കുമോ?

ഡിജിറ്റൽസർവ്വേ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2022 നവംബർ മാസം ഒന്നാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയും, എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട വില്ലേജുകളിൽ സർവ്വേ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ

ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ 6 മാസം കൊണ്ട് സർവ്വേ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) രണ്ടാം ഘട്ടം ഡിജിറ്റൽസർവ്വേ നടത്തുന്നതിനുള്ള വില്ലേജുകളെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട കോഴിക്കോട് ജില്ലയിലെ വില്ലേജുകളുടെ പേര് ലഭ്യമാക്കുമോ?

ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തേണ്ട വില്ലേജുകൾ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സർവ്വേ സഭ

395 (1670) ശ്രീ. പി. വി. അൻവർ:
ശ്രീ. ഡി. കെ മുരളി:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ രീതിയിൽ ഡിജിറ്റൽ റീസർവ്വേ നടത്തുന്നതിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സർവ്വേ സഭ എന്ന പേരിൽ ഗ്രാമസഭകൾചേരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇപ്രകാരം സർവ്വേസഭകൾ ചേരുന്നതിന് പ്രത്യേകം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് കൃത്യമായ രീതിയിൽ ഡിജിറ്റൽ റീസർവ്വേ നടത്തുന്നതിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഡിജിറ്റൽ റീസർവ്വേ സംബന്ധിച്ച നടപടികൾ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും അവരുടെ സംശയങ്ങൾ ദൂരീകരിച്ച് പൂർണ്ണ ജനപങ്കാളിത്തത്തോടെ സർവ്വേ പൂർത്തിയാക്കുന്നതിനും വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഗ്രാമസഭകൾക്ക് സമാനമായ രീതിയിൽ സർവ്വേ സഭകൾ നടത്തുന്നതിന് തീരുമാനിക്കുകയും സർവ്വേ സഭകൾ നടന്നുവരികയും ചെയ്യുന്നു. ആദ്യഘട്ടത്തിൽ സർവ്വേ നടത്തുന്ന 200 വില്ലേജുകളിൽ ആകെയുള്ള 2476 വാർഡുകളിൽ 2445 വാർഡുകളിൽ സർവ്വേ സഭകൾ പൂർത്തിയായിട്ടുണ്ട്. ഇപ്രകാരം സർവ്വേ സഭകൾ ചേരുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

(ബി) നിലവിൽ ഉടമസ്ഥതയുള്ള ഭൂമിയോടൊപ്പം സർക്കാർ ഭൂമിയല്ലാത്തതും തർക്കമില്ലാത്ത കൈവശത്തോടു കൂടിയതുമായ അധിക ഭൂമി കാണുന്ന സാഹചര്യത്തിൽ അതിനുകൂടി ഉടമസ്ഥത നൽകുന്ന നിയമം നിലവിലുണ്ടോ; ഇത്തരത്തിലുള്ള കൈവസർവ്വേശങ്ങൾക്ക് കൂടി ഉടമസ്ഥത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുന്ന ഒരു സെറ്റിൽമെന്റ് ആക്ട് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

തർക്കമില്ലാത്ത കൈവശത്തിന്റെയും റവന്യൂ രേഖകളുടെയും അടിസ്ഥാനത്തിൽ നിലവിൽ ഉടമസ്ഥതയുള്ള ഭൂമിയോടൊപ്പം സർക്കാർ ഭൂമിയല്ലാത്തതും തർക്കമില്ലാത്ത കൈവശത്തോടുകൂടിയതുമായ അധികഭൂമി കാണുന്ന സാഹചര്യത്തിൽ അതിനുകൂടി ഉടമസ്ഥത നൽകുന്നതിന് നിയമം നിലവിലില്ല. ഈ സാഹചര്യത്തിൽ ഇത്തരം ഭൂമി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു നിയമനിർമ്മാണം ആവശ്യമുള്ളതും ആയതിനായുള്ള കേരള ലാൻഡ് സെറ്റിൽ 1658-മെന്റ് ആക്ട് സർക്കാർ പരിഗണനയിലുള്ളതും ആയത് പ്രാരംഭഘട്ടത്തിലുമാണ്.

ഡിജിറ്റൽ റീസർവ്വേ

396 (1671) ഡോ സുജിത് വിജയൻപിള്ള:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം . രാജഗോപാലൻ:
ശ്രീമതി ഒ.എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ റീസർവ്വേ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത സർവ്വേ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്തു ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവ്വേ പൂർത്തിയായിട്ടുള്ളതും, പുരോഗതിയിലുള്ളതുമായ വില്ലേജുകൾ ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858 കോടി രൂപയുടെ ബൃഹത് പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. റീബിൽഡ് കേരള ഇൻഷ്യേറ്റീവിൽ ഉൾപ്പെടുത്തി 438.46 കോടി രൂപ ആദ്യഘട്ടത്തിനായി അനുവദിച്ചിട്ടുള്ളതുമാണ്. 2022 നവംബർ 1-ന് സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ള "1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ" പദ്ധതിക്ക് തുടക്കമായിട്ടുണ്ട്. ഡിജിറ്റൽ സർവ്വേ പദ്ധതിയിൽ പൊതുജനപങ്കാളിത്തം അത്യന്താപേക്ഷിതമായതിനാൽ സർവ്വേ സംബന്ധിച്ച നടപടികൾ നേരിട്ട് ഓരോ വസ്തു ഉടമസ്ഥനെയും ബോധവൽക്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി വാർഡ് തലങ്ങളിൽ സർവ്വേ സഭകൾ കൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകിവരുന്നു. പ്രസ്തുത നടപടി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200

വില്ലേജുകളിൽ ആകെയുള്ള 2476 വാർഡുകളിൽ 2445 വാർഡുകളിൽ പൂർത്തിയായിട്ടുള്ളതും, 11052 ബ്ലോക്ക് ഫോർമേഷൻ ജോലികളും, ആദ്യഘട്ടത്തിലെ തെരഞ്ഞെടുത്ത 200 വില്ലേജുകളുടെ റിക്കാർഡ് കളക്ഷൻ, സ്കാനിംഗ്, Metadata Uploading എന്നിവ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഡിജിറ്റൽ റീസർവ്വേ പദ്ധതിയുടെ ആദ്യഘട്ട സർവ്വേയ്ക്കായി തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ എല്ലാ മുൻ സർവ്വേ റെക്കോർഡുകളുടെയും സ്കാനിംഗ് ജോലി പൂർത്തീകരിച്ചിട്ടുണ്ട്. ഫീൽഡ് സർവ്വേയിൽ ഏർപ്പെട്ടിരിക്കുന്ന സർവ്വേയർമാർക്ക് എളുപ്പത്തിൽ അക്സസ്സ് ചെയ്യുന്നതിനായി ബന്ധപ്പെട്ട എല്ലാ രേഖകളും ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിനു സജ്ജീകരിച്ചിട്ടുള്ള എന്റെ ഭൂമി പോർട്ടലിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 1966-ൽ ആരംഭിച്ച റീസർവ്വേ നടപടികൾ പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; ഡിജിറ്റൽ സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിലൂടെ എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് ലഭ്യമാവുകയെന്നറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് 1966-ൽ ആരംഭിച്ച റീസർവ്വേ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രധാന തടസം ജീവനക്കാരുടെയും, സർവ്വേ

ഉപകരണങ്ങളുടെയും വേഗതയേറിയ സാങ്കേതിക സാങ്കേതങ്ങളുടെയും കുറവാണ് ഡിജിറ്റൽസർവ്വേ പദ്ധതിയിൽ ഇതിനുപരിഹാരമായി 1500 സർവ്വേയർമാരെയും 3200 ഹെൽപ്പർമാരെയും എംപ്ലോയ്മെന്റ് മുഖേന കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനും, ആധുനിക സർവ്വേ ഉപകരണങ്ങളായ Continuously Operating Reference Stations (CORS), Real Time Kinematic Rover (RTK), Robotic Electronic Toatal Station (R-ETS), Tablet PC എന്നിവ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. CORS-ന്റെ 28 സ്റ്റേഷനുകൾ സ്ഥാപിച്ചു കഴിഞ്ഞു. മാനവശേഷിയും സർവ്വേ ഉപകരണങ്ങളും ലഭ്യമാക്കി നാല് വർഷത്തിനകം സംസ്ഥാനത്തിന്റെ ഡിജിറ്റൽ സർവ്വേ നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആധികാരികവും കാലഹരണപ്പെടാത്തതുമായ സർവ്വേ റെക്കോർഡുകൾ എല്ലാ ഭൂവുടമകൾക്കും ലഭ്യമാക്കുക, ഭൂരേഖകളെല്ലാം പൂർണമായും ഐ.ടി. അധിഷ്ഠിത സേവനമായി രൂപപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തിന്റെ വികസന കുതിപ്പുകൾക്ക് വിപ്ലവകരമായ രീതിയിൽ ആക്കം കൂട്ടുക, സർവ്വേ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂസംബന്ധമായ സേവനങ്ങൾ ഒരു ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ ജനങ്ങളിലേയ്ക്ക് എത്തിക്കുക. ദുരന്തനിവാരണ വകുപ്പ് ഉൾപ്പെടെ വിവിധ ഏജൻസികൾക്ക് ഡിജിറ്റൽ മാപ്പ് അടിസ്ഥാന

രേഖയായി ലഭ്യമാക്കുക, സർവ്വേ സ്കെച്ച് ഉൾപ്പെടെ പോക്കുവരവ് രേഖ സാധ്യമാക്കുക എന്നിവയാണ് ഡിജിറ്റൽ സർവ്വേയിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. ഡിജിറ്റൽ സർവ്വേയിലൂടെ സംസ്ഥാനത്തിന്റെ ഒട്ടാകെയുള്ള GIS (Geographic Information System) മാപ്പ് തയ്യാറാക്കുന്നതിലൂടെ Land Use Board, സംസ്ഥാന ദുരന്തനിവാരണ വകുപ്പ്, കൃഷി വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് തുടങ്ങിയ വകുപ്പുകൾക്കും ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ, ഏകോപനം എന്നിവ കൈകാര്യം ചെയ്യുന്ന വിവിധ ഏജൻസികൾക്കും ടി റിക്കാർഡുകൾ പ്രയോജനപ്പെടുന്നതാണ്. ഇപ്രകാരം ഇതൊരു അടിസ്ഥാനരേഖയായി കണക്കാക്കി മറ്റു വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. കൂടാതെ പോർട്ടൽ മുഖാന്തരം ആധികാരിക രേഖയായി സർവ്വേ മാപ്പുകൾ ലഭ്യമാകുന്നതുമാണ്.

ചിറയിൻകീഴ് മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വേ

397 (1672) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേയുടെ ഭാഗമായി എത്ര വില്ലേജുകളിൽ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടെന്ന് വിശദമാക്കുമോ?

2022 നവംബർ മാസം ഒന്നാം തീയതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ആദ്യഘട്ടത്തിൽ തെഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ ആറ് മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആദ്യഘട്ട സർവ്വേയ്ക്കായി തെരഞ്ഞെടുത്ത 200 വില്ലേജുകളിൽ ലഭ്യമായ എല്ലാ മുൻ റിക്കോർഡുകളുടെയും സ്കാനിംഗ് ജോലി പൂർത്തീകരിച്ചു. ഫീൽഡ് സർവ്വേയിൽ ഏർപ്പെട്ടിരിക്കുന്ന സർവ്വേയർമാർക്ക് എളുപ്പത്തിൽ അക്സ്സ് ചെയ്യുന്നതിനായി ബന്ധപ്പെട്ട എല്ലാ രേഖകളും ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിന് സജ്ജീകരിച്ചിട്ടുള്ള എന്റെ ഭൂമി പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്. 2022 നവംബർ 1-ാം തീയതി ആരംഭിച്ച 200 വില്ലേജുകളിലെ ഡിജിറ്റൽ റീസർവ്വേ നടപടികൾ ആറ് മാസത്തിനകം പൂർത്തീകരിക്കും.

(ബി) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽപ്പെട്ട ഏതൊക്കെ വില്ലേജുകളിൽ പ്രസ്തുത സർവ്വേനടപടികൾ ആരംഭിച്ചിട്ടുണ്ട്; അവയുടെ പുരോഗതി വിശദമാക്കുമോ?

ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ആദ്യഘട്ടത്തിൽ ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ മുദാക്കൽ, വെയിലൂർ, മേൽതോന്നയ്ക്കൽ എന്നീ

വില്ലേജുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വില്ലേജുകളുടെ റിക്കാർഡ് കളക്ഷൻ, സ്കാനിംഗ്, Meta Data Uploading, ബ്ലോക്ക് ഫോർമേഷൻ എന്നീ ജോലികൾ പൂർത്തികരിച്ചിട്ടുണ്ട്.

ഭൂസംബന്ധമായ സേവനങ്ങൾക്കായി ഏകജാലക ഓൺലൈൻ സംവിധാനം

398 (1673) ശ്രീ. ടി. പി .രാമകൃഷ്ണൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുടെ ഭൂസംബന്ധമായ സേവനങ്ങൾ സംയോജിപ്പിച്ച് ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ ജനങ്ങളിൽ എത്തിക്കുന്നതിന് ഡിജിറ്റൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിലൂടെ സാധ്യമാകുമോയെന്ന് വിശദമാക്കുമോ?

ഭൂസംബന്ധമായ സേവനങ്ങൾ ഓൺലൈൻ ആയി ഇ-ഗവർണൻസ് പ്ലാറ്റ്ഫോമിലൂടെ പൊതുജനങ്ങൾക്ക് നൽകുന്നതിന് റവന്യൂ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ReLIS (Revenue Land Information System). റവന്യൂ വകുപ്പിന്റെ റെലിസ് സംവിധാനം സർവ്വേ വകുപ്പിന്റെയും രജിസ്ട്രേഷൻ വകുപ്പിന്റെയും ഓൺലൈൻ

സംവിധാനങ്ങളുമായി സംയോജിപ്പിച്ച് ഒരു Single Window Portal (ഏക ജാലക ഓൺലൈൻ സംവിധാനം) പദ്ധതി രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടന്നുവരികയാണ്. ടി പദ്ധതിയുടെ ആദ്യ ഘട്ടമായി റവന്യൂ വകുപ്പിന്റെയും രജിസ്ട്രേഷൻ വകുപ്പിന്റെയും ഭൂമി സംബന്ധമായ ഓൺലൈൻ സംവിധാനങ്ങൾ തമ്മിൽ നിലവിൽ ബന്ധിപ്പിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷൻ സംവിധാനം മുഖാന്തരം ഭൂരജിസ്ട്രേഷൻ നടന്നു കഴിഞ്ഞാൽ ടി രജിസ്ട്രേഷൻ വിവരങ്ങൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസിലേക്ക് എത്തുകയും, ഓൺലൈനായി പോക്കുവരവ് ചെയ്യുവാൻ സാധിക്കുന്നതുമാണ്. ഡിജിറ്റൽ സർവ്വേ പൂർത്തിയാകുന്നമുറയ്ക്ക് സർവ്വേ വിവരങ്ങൾ കൂടി സംയോജിപ്പിച്ച് ഏകജാലക സംവിധാനം രൂപീകരിക്കുവാൻ സാധിക്കുന്നതാണ്. അപ്രകാരം ഭൂരേഖകൾ എല്ലാം ഐ.ടി. അധിഷ്ഠിതമായ സേവനമായി രൂപാന്തരപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തിന്റെ വികസന കുതിപ്പുകൾക്ക് വിപ്ലവകരമായ രീതിയിൽ ആക്കം കൂട്ടാൻ സാധിക്കുന്നതാണ്.

(ബി) ഇതിനായി പ്രത്യേക പോർട്ടൽ തയ്യാറാക്കിയിട്ടുണ്ടോ; ഭൂസംബന്ധമായ ക്രയവിക്രയങ്ങൾ പൂർണ്ണമായും സുതാര്യമാക്കാൻ പ്രസ്തുത സംവിധാനം മുഖേന കഴിയുമോ; വിശദാംശം നൽകുമോ?

ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ആരംഭം മുതൽ അവസാനം വരെയുള്ള എല്ലാ നടപടികളും ഏറ്റവും സുതാര്യമാക്കുന്നതിന്റെ ഭാഗമായി പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് 'എന്റെ ഭൂമി' എന്ന ഓൺലൈൻ പോർട്ടൽ സജ്ജീകരിച്ചിട്ടുണ്ട്. സർവ്വേ സംബന്ധിച്ച എല്ലാ വിവരങ്ങളും ഈ പോർട്ടൽ മുഖേന അറിയാൻ സാധിക്കുന്നതാണ്. ഡിജിറ്റൽ സർവ്വേ നടപടികൾ പൂർത്തിയാകുന്ന വില്ലേജുകളിൽ സർവ്വേ, റവന്യു, രജിസ്ട്രേഷൻ വകുപ്പുകളിലെ സേവനങ്ങൾ ഒരു ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ ജനങ്ങളിൽ എത്തിക്കുന്നതിനുള്ള സംവിധാനം NIC മുഖേന തയ്യാറാക്കിവരുന്നു.

(സി) ഭൂമിയുടെ ഉടമസ്ഥതയും കൃത്യതയോടെയുള്ള അളവും ഡിജിറ്റൽ സർവ്വേയിലൂടെ ലഭ്യമാക്കുന്നതിന് ഭൂവുടമകളുടെ പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഭൂവുടമസ്ഥരുടെ സാന്നിധ്യത്തിൽ സർവ്വേ നടത്തുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വേ പദ്ധതി പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സർവ്വേ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന വിവരങ്ങൾ

പരിശോധനയ്ക്കായി ലഭ്യമാക്കുക, അതിർത്തികളിലെ കാടുകൾ തെളിച്ച് സർവ്വേ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക, അതിർത്തികളിൽ വ്യക്തമായ അടയാളങ്ങൾ ഇല്ലാത്തപക്ഷം സർവ്വേ തീയതിക്ക് മുമ്പ്തന്നെ അവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ പ്രദർശിപ്പിക്കുന്ന അവസരത്തിലും സർവ്വേ കാലയളവിലും റിക്കാർഡുകൾ പരിശോധിച്ച് തെറ്റില്ലെന്ന് ഉറപ്പ് വരുത്തുക തുടങ്ങിയ നടപടികളാണ് പ്രധാനമായും ജനങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്നത്. ഭൂസംബന്ധമായ മതിയായ വിവരങ്ങളും സഹകരണവും യഥാവിധി ലഭ്യമായാൽ മാത്രമേ ഭൂരേഖകൾ കുറ്റമറ്റതും കൃത്യവുമായി തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഇത്തരം കാര്യങ്ങൾ നേരിട്ട് ഓരോ വസ്തു ഉടമസ്ഥനെയും ബോധവൽക്കരിക്കുന്നതിന് ആദ്യഘട്ടത്തിൽ സർവ്വേ ചെയ്യാൻ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി വാർഡു തലങ്ങളിൽ സർവ്വേ സഭകൾകൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകിവരുന്നു. സുഗമമായ സർവ്വേ പ്രവർത്തനത്തിന് ഭൂവുടമസ്ഥരുടെയോ അവർ ചുമതലപ്പെടുത്തുന്ന ആളിന്റെയോ സാന്നിദ്ധ്യം ആവശ്യമാണ്.

ആയതിനാൽ ഒരു പ്രദേശത്ത് സർവ്വേ ചെയ്യുന്ന വിവരം മുൻകൂർ അറിയിച്ചായിരിക്കും പ്രസ്തുത സർവ്വേ നടത്തുന്നത്.

ഡിജിറ്റൽ റീസർവ്വേ

399 (1674) ശ്രീ. സി. എച്ച് കുഞ്ഞമ്പു:
ശ്രീ ഒ . ആർ. കേളു:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ ജി സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ഭൂമിയും ഡിജിറ്റലായി അളന്ന് സമഗ്ര ഭൂരേഖ തയ്യാറാക്കുന്നതിനായി ആരംഭിച്ച ഡിജിറ്റൽ റീസർവ്വേ പരിപാടിയുടെ ഒരു മാസത്തെ പ്രവർത്തനം സർക്കാർ എപ്രകാരം വിലയിരുത്തുന്നുവെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ള 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ പദ്ധതിക്ക് 2022 നവംബർ 1-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തുകൊണ്ട് തുടക്കമായിട്ടുണ്ട്. ഡിജിറ്റൽ സർവ്വേയുടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ റീസർവ്വേയാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വേ പദ്ധതി പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നത്. സർവ്വേ സംബന്ധിച്ച നടപടികൾ നേരിട്ട് ഓരോ വസ്തു ഉടമസ്ഥരെയും

ബോധവൽക്കരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമ സഭകളായി വാർഡുതലങ്ങളിൽ സർവ്വേ സഭകൾ കൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകിവരുന്നു. പ്രസ്തുത നടപടി ആകെയുള്ള 2476 വാർഡുകളിൽ 2445 വാർഡുകളിൽ പൂർത്തിയായിട്ടുള്ളതും, കൂടാതെ 11052 ബ്ലോക്ക് ഫോർമേഷൻ ജോലികളും, ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളുടെ റിക്കാർഡ് കളക്ഷൻ, സ്കാനിംഗ്, Meta data Uploading എന്നിവയും പൂർത്തീകരിച്ചിട്ടുള്ളതും, ഭൂവുടമസ്ഥരുടെ വിവരങ്ങൾ ശേഖരിക്കുന്ന നടപടികളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വേ പ്രവർത്തനങ്ങൾ പൂർണ്ണമായും ഐ.ടി. അധിഷ്ഠിതമായി തന്നെ നടപ്പിലാക്കുന്നതിന് തയ്യാറാക്കിവരുന്ന പോർട്ടലിന്റെ ആദ്യഘട്ട കസ്റ്റമൈസേഷൻ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. വിതരണാനുമതി നൽകിയിട്ടുള്ളതുപ്രകാരം മുഴുവൻ ഉപകരണങ്ങളും ലഭ്യമാകുന്നമുറയ്ക്ക് പൂർണ്ണതോതിൽ സർവ്വേ നടത്തുന്നതിനും സമയബന്ധിതമായിതന്നെ പദ്ധതി പൂർത്തിയാക്കുന്നതിന് സാധിക്കുന്നതാണ്.

(ബി) പ്രസ്തുത സർവേയ്ക്കായി ഉപയോഗിക്കുന്ന ആധുനിക സങ്കേതങ്ങളുടെ വിശദാംശം നൽകുമോ; പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സ്വീകരിക്കുന്ന നടപടി വിശദമാക്കുമോ?

സംസ്ഥാനത്ത് ആരംഭിച്ച ഡിജിറ്റൽ സർവ്വേ പദ്ധതിയിൽ അത്യാധുനിക സർവ്വേ ഉപകരണങ്ങളായ Real Time Kinematic (RTK) Rover, Robotic Total Station (R-ETS), Tablet PC എന്നിവ ലഭ്യമാക്കി ടി ഉപകരണങ്ങളെ Continuously Operating Reference Station (CORS) എന്ന GPS Network-ന്റെ പരിധിക്കുള്ളിൽ പ്രവർത്തിപ്പിച്ച് ഏകീകൃതമായി ഡിജിറ്റൽ സർവ്വേ നടത്തുന്നതിനും ടി നടപടികൾ പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായി നിർവ്വഹിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിന്റെ 70-80 ശതമാനം വരെ സ്ഥലങ്ങളിൽ RTK Rover മെഷീന്റെ സഹായത്താലും, താരതമ്യേന സാറ്റലൈറ്റ് സിഗ്നലുകൾ ലഭ്യമല്ലാത്ത ബാക്കി സ്ഥലങ്ങളിൽ Robotic Total Station മെഷീനുകളും, ഏറ്റവും ഉറസ്സായ സ്ഥലങ്ങളിൽ ഡ്രോൺ സാങ്കേതികവിദ്യയും ഡിജിറ്റൽ സർവ്വേക്കായി ഉപയോഗിക്കും. ഡിജിറ്റൽ സർവ്വേ പദ്ധതി പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സർവ്വേ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന വിവരങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കുക, അതിർത്തികളിലെ കാടുകൾ തെളിച്ച് സർവ്വേ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക, അതിർത്തികളിൽ വ്യക്തമായ അടയാളങ്ങൾ ഇല്ലാത്തപക്ഷം സർവ്വേ തീയതിക്ക് മുമ്പ്തന്നെ

അവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ പ്രദർശിപ്പിക്കുന്ന അവസരത്തിലും സർവ്വേ കാലയളവിലും റിക്കാർഡുകൾ പരിശോധിച്ച് തെറ്റില്ലെന്ന് ഉറപ്പുവരുത്തുക തുടങ്ങിയ നടപടികളാണ് പ്രധാനമായും ജനങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്നത്.

ഭൂസംബന്ധമായ മതിയായ വിവരങ്ങളും സഹകരണവും യഥാവിധി ലഭ്യമായാൽ മാത്രമേ ഭൂരേഖകൾ കുറ്റമറ്റതും കൃത്യവുമായി തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഇത്തരം കാര്യങ്ങൾ നേരിട്ട് ഓരോ വസ്തു ഉടമസ്ഥരെയും ബോധവൽക്കരിക്കുന്നതിന് ആദ്യഘട്ടത്തിൽ സർവ്വേ ചെയ്യാൻ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമ സഭകളായി വാർഡു തലങ്ങളിൽ സർവ്വേ സഭകൾ കൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകിവരുന്നു.

(സി) ഭൂമി സർവ്വേ സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള പരാതികളും ആശങ്കകളും പരിഹരിക്കുന്നതിനായി സംവിധാനം ഒരുക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ആദ്യഘട്ടത്തിൽ സർവ്വേ ചെയ്യാൻ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ

സ്പെഷ്യൽ ഗ്രാമ സഭകളായി വാർഡുതലങ്ങളിൽ സർവ്വേ സഭകൾ കൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകി സർവ്വേ സംബന്ധിച്ച ആശങ്കകൾ പരിഹരിച്ചു വരുന്നു. കൂടാതെ സർവ്വേ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾ ഫ്രീ നമ്പരും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

ഡിജിറ്റൽ സർവ്വേ പദ്ധതി

400 (1675) ശ്രീ. ഐ. ബി സതീഷ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) നാല് വർഷത്തിനുള്ളിൽ ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതമായി സമഗ്ര ഭൂരേഖ തയ്യാറാക്കുന്നതിനായി ആരംഭിച്ച എന്റെ ഭൂമി ഡിജിറ്റൽ സർവ്വേ പദ്ധതിയിൽ സുതാര്യത ഉറപ്പാക്കി ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; സർവ്വേ സഭകൾ സംഘടിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ?

ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ആരംഭം മുതൽ അവസാനം വരെയുള്ള എല്ലാ നടപടികളും ഏറ്റവും സുതാര്യമാക്കുന്നതിന്റെ ഭാഗമായി പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്

'എന്റെ ഭൂമി' എന്ന ഓൺലൈൻപോർട്ടൽ സജ്ജീകരിച്ചിട്ടുണ്ട്. സർവ്വേ സംബന്ധിച്ച എല്ലാ വിവരങ്ങളും ഈ പോർട്ടൽ മുഖേന അറിയുവാൻ സാധിക്കുന്നതാണ്. ഭൂസംബന്ധമായ മതിയായ വിവരങ്ങളും സഹകരണവും യഥാവിധി ലഭ്യമായാൽ മാത്രമേ ഭൂരേഖകൾ കുറ്റമറ്റതും കൃത്യവുമായി തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഇത്തരം കാര്യങ്ങൾ നേരിട്ട് ഓരോ വസ്തു ഉടമസ്ഥരെയും ബോധവൽക്കരിക്കുന്നതിന് ആദ്യഘട്ടത്തിൽ സർവ്വേ ചെയ്യാൻ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി വാർഡുതലങ്ങളിൽ സർവ്വേ സഭകൾകൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകി സർവ്വേ സംബന്ധിച്ച ആശങ്കകൾ പരിഹരിച്ചുവരുന്നു. കൂടാതെ സർവ്വേ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾ ഫ്രീ നമ്പരും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന രീതിയെയും അതിനായുള്ള സാങ്കേതിക സംവിധാനങ്ങളെയും കുറിച്ച് വിശദമാക്കുമോ?

സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ 4 വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള പദ്ധതിയാണ്

ആവിഷ്കരിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ 200 വില്ലേജുകളാണ് സർവ്വേ ജോലികൾക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. സർവ്വേ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന വിവരങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കുക, അതിർത്തികളിലെ കാടുകൾ തെളിച്ച് സർവ്വേ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക, അതിർത്തികളിൽ വ്യക്തമായ അടയാളങ്ങൾ ഇല്ലാത്തപക്ഷം സർവ്വേതീയതിക്ക് മുമ്പ്തന്നെ അവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ പ്രദർശിപ്പിക്കുന്ന അവസരത്തിലും സർവ്വേ കാലയളവിലും റിക്കാർഡുകൾ പരിശോധിച്ച് തെറ്റില്ലെന്ന് ഉറപ്പ് വരുത്തുക തുടങ്ങിയ നടപടികളിൽ പൊതുജനങ്ങളുടെ സഹകരണം ആവശ്യമാണ്. ആയതിനാൽ ഇതു സംബന്ധിച്ച ബോധവൽക്കരണം നൽകി പൊതുജന പങ്കാളിത്തത്തോടെയാണ് സർവ്വേനടത്തുന്നത്. അത്യാധുനിക സർവ്വേ ഉപകരണങ്ങളായ Continuously Operating Reference Stations (CORS), Real Time Kinematic Rover (RTK), Robotic Electronic Toatal Station (R-ETS), Tablet PC തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ച് പൂർണ്ണമായും സോഫ്റ്റ്വെയർ അധിഷ്ഠിതമായാണ് സർവ്വേ ജോലികൾ നിർവ്വഹിക്കുന്നത്.

(സി) ഭൂവിവരങ്ങൾ സമഗ്രമാക്കുന്നതിന് സർവ്വേ വിവരങ്ങൾ വില്ലേജ് രജിസ്ട്രേഷൻ രേഖകളുമായി സാങ്കേതിക വിദ്യാധിഷ്ഠിതമായി സംയോജിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ?

ഭൂസംബന്ധമായ സേവനങ്ങൾ ഓൺലൈനായി ഇ-ഗവർണൻസ് പ്ലാറ്റ്ഫോമിലൂടെ പൊതുജനങ്ങൾക്ക് നൽകുന്നതിന് റവന്യൂ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ReLIS (Revenue Land Information System). ഭൂവിവരങ്ങൾ സമഗ്രമാക്കുന്നതിന് പ്രസ്തുത റെലിസ് സംവിധാനം സർവ്വേയും ഭൂരേഖയും വകുപ്പിന്റെയും രജിസ്ട്രേഷൻ വകുപ്പിന്റെയും ഭൂസംബന്ധമായ ഓൺലൈൻ സംവിധാനങ്ങളുമായി സംയോജിപ്പിച്ച് ഒരു Single Window Portal (ഏക ജാലക ഓൺലൈൻ സംവിധാനം) പദ്ധതി രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ടി പദ്ധതിയുടെ ആദ്യഘട്ടമായി റവന്യൂ വകുപ്പിന്റെയും, രജിസ്ട്രേഷൻ വകുപ്പിന്റെയും ഭൂമി സംബന്ധമായ ഓൺലൈൻ സംവിധാനങ്ങൾ തമ്മിൽ നിലവിൽ ബന്ധിപ്പിച്ചിട്ടുള്ളതുമാണ്. ഭൂമി രജിസ്ട്രേഷൻ നടന്നു കഴിഞ്ഞാൽ ടി രജിസ്ട്രേഷൻ വിവരങ്ങൾ ഓൺലൈനായി റെലീസ് സംവിധാനത്തിൽ എത്തുകയും, പോക്കുവരവ് നടപടികൾ സ്വീകരിക്കപ്പെടുകയും ചെയ്യുന്നു. ഡിജിറ്റൽ സർവ്വേ പൂർത്തിയാകുന്നമുറയ്ക്ക് സർവ്വേ വിവരങ്ങൾകൂടി

സംയോജിപ്പിച്ച് ഏക ജാലക സംവിധാനം രൂപീകരിക്കുവാനും ഇതിലൂടെ ഭൂസംബന്ധമായ ക്രയവിക്രയങ്ങൾ പരമാവധി വേഗത്തിൽ സുതാര്യമായി നടപ്പിലാക്കുവാനും സാധിക്കുന്നതാണ്.

കൊച്ചി നിയോജക മണ്ഡലത്തിലെ ഡിജിറ്റൽ റീ സർവ്വേയുടെ പുരോഗതി

401 (1676) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന ഡിജിറ്റൽ റീസർവ്വേയുടെ പുരോഗതി വിശദമാക്കുമോ?

കൊച്ചി നിയോജകമണ്ഡലത്തിലെ ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, തോപ്പുംപടി എന്നീ വില്ലേജുകളും കൊച്ചി, തൃപ്പൂണിത്തുറ എന്നീ നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെട്ടുവരുന്ന പള്ളുരുത്തി വില്ലേജും ഡിജിറ്റൽ റീസർവ്വേ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, തോപ്പുംപടി പള്ളുരുത്തി എന്നീ വില്ലേജുകളുടെ റിക്കാർഡ് കളക്ഷൻ, സ്കാനിംഗ്, Meta Data Uploading എന്നീ ജോലികളും മട്ടാഞ്ചേരി, തോപ്പുംപടി എന്നീ വില്ലേജുകളുടെ ബ്ലോക്ക് ഫോർമേഷൻ ജോലികളും പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ആദ്യഘട്ടത്തിൽ ഉൾപ്പെട്ട ഇടകൊച്ചി, പള്ളുരുത്തി തോപ്പുംപടി, ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി വില്ലേജുകളിലെ റീസർവ്വയെന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കുമോ?

2022 നവംബർ മാസം 1-ാം തീയതി സംസ്ഥാനത്ത് ആരംഭിച്ച ഡിജിറ്റൽ സർവ്വേ പദ്ധതിക്കായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 200 വില്ലേജുകളുടെ സർവ്വേ നടപടികൾ ആറ് മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. എല്ലാ ആറ് മാസത്തിലും 200 വീതം വില്ലേജുകളിൽ സർവ്വേ പൂർത്തീകരിച്ച് നാലുവർഷം കൊണ്ട് 1550 വില്ലേജുകളിൽ സർവ്വേ നടപടി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) രണ്ടാംഘട്ട റീസർവ്വേ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ആധുനിക സർവ്വേ ഉപകരണങ്ങൾ ലഭ്യമാക്കി ഡിജിറ്റൽ സർവ്വേ പദ്ധതിയുടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നമുറയ്ക്ക് രണ്ടാം ഘട്ടത്തിലുള്ള വില്ലേജുകളുടെ സർവ്വേ നടപടികൾ ആരംഭിക്കുന്നതാണ്.

ഡിജിറ്റൽ സർവേ

402 (1677) ശ്രീ. പി. എസ് സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഡിജിറ്റൽ സർവ്വേ നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ നാലു വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വേ പദ്ധതിക്ക് 2022 നവംബർ 1 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് തുടക്കമായിട്ടുണ്ട്. 858 കോടി രൂപയുടെ ബൃഹത് പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്തത്. റീബിൾഡ് കേരള ഇൻഷ്യറ്റീവിലുൾപ്പെടുത്തി 438.46 കോടി രൂപ ആദ്യഘട്ടത്തിനായി അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ടി പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 200 വില്ലേജുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഡിജിറ്റൽ സർവ്വേ പദ്ധതിയിൽ പൊതുജന പങ്കാളിത്തം അത്യന്താപേക്ഷിതമായതിനാൽ സർവ്വേ സംബന്ധിച്ച നടപടികൾ നേരിട്ട് ഓരോ വസ്തു ഉടമസ്ഥനെയും ബോധവൽക്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി

വാർഡുതലങ്ങളിൽ സർവ്വേ സഭകൾകൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകിവരുന്നു. പ്രസ്തുത നടപടി ആകെയുള്ള 2476 വാർഡുകളിൽ 2445 എണ്ണത്തിൽ പൂർത്തിയായിട്ടുള്ളതും, കൂടാതെ 11052 ബ്ലോക്ക് ഫോർമേഷൻ ജോലികളും, ആദ്യഘട്ടത്തിലെ തെരഞ്ഞെടുത്ത 200 വില്ലേജുകളുടെ റിക്കാർഡ്കളക്ഷൻ, സ്കാനിംഗ്, Meta data Uploading എന്നിവയും പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

(ബി) സർവ്വേയോടൊപ്പം ഭൂമിസംബന്ധമായ മറ്റെന്തെല്ലാം വിവരങ്ങൾ ശേഖരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്ന റിക്കാർഡുകളിൽ റോഡ്, തോട്, കുളം, കനാലുകൾ, ആരാധനാലയങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായവയുടെ വിവരങ്ങൾ ശേഖരിച്ച് സ്ഥിതി സ്ഥാപക ചിഹ്നങ്ങളായി മാപ്പിൽ രേഖപ്പെടുത്തുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന 'Multipurpose Cadastral map' -ൽ വിവിധ വകുപ്പുകളിലെ വിവരങ്ങൾ കൂടി രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകി സംസ്ഥാനത്തിന്റെ സമഗ്ര GIS (Geographical Information System) ഡാറ്റാബേസ് തയ്യാറാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) ഭൂമിയുടെ ഉടമസ്ഥതയും കൃത്യമായ അളവും ഡിജിറ്റൽ സർവേയിലൂടെ സാധ്യമാക്കുന്നതിന് ഭൂവുടമകളുടെ സഹകരണം ഉറപ്പാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വേ പദ്ധതി പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സർവ്വേ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന വിവരങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കുക, അതിർത്തികളിലെ കാടുകൾ തെളിച്ച് സർവ്വേ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക, അതിർത്തികളിൽ വ്യക്തമായ അടയാളങ്ങൾ ഇല്ലാത്തപക്ഷം സർവ്വേ തീയതിക്ക് മുമ്പ് തന്നെ അവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ പ്രദർശിപ്പിക്കുന്ന അവസരത്തിലും സർവ്വേ കാലയളവിലും റിക്കാർഡുകൾ പരിശോധിച്ച് തെറ്റില്ലെന്ന് ഉറപ്പ് വരുത്തുക തുടങ്ങിയ നടപടികളാണ് പ്രധാനമായും ജനങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്നത്. ഭൂസംബന്ധമായ മതിയായ വിവരങ്ങളും സഹകരണവും യഥാവിധി ലഭ്യമായാൽ മാത്രമേ ഭൂരേഖകൾ കുറ്റമറ്റതും കൃത്യവുമായി തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഇത്തരം കാര്യങ്ങൾ നേരിട്ട് ഓരോ വസ്തു

ഉടമസ്ഥരെയും ബോധവൽക്കരിക്കുന്നതിന് ആദ്യഘട്ടത്തിൽ സർവ്വേ ചെയ്യാൻ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമസഭകളായി വാർഡുതലങ്ങളിൽ സർവ്വേ സഭകൾകൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകിവരുന്നു

(ഡി) 1966 -ൽ ആരംഭിച്ച കൺവെൻഷണൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയ സ്ഥലങ്ങളിൽ റീസർവ്വേ സംബന്ധിച്ചുള്ള പരാതികൾ ഡിജിറ്റൽ സർവ്വേയിലൂടെ പരിഹരിക്കാൻ കഴിയുമോയെന്ന് വിശദമാക്കുമോ?

കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ രീതിയിൽ ഐ.ടി. അധിഷ്ഠിത സേവനം ജനങ്ങൾക്ക് ലഭ്യമാക്കുക, ഇനിയൊരു റീസർവ്വെ ആവശ്യമില്ലാത്ത വിധം മാപ്പുകൾ നാളതീകരിച്ച് പരിപാലിക്കുക, നിലവിലെ പോരായ്മകൾ പരിഹരിച്ച് കൃത്യമായ സർവ്വേ റിക്കാർഡുകൾ തയ്യാറാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ മുൻകാലങ്ങളിൽ പരമ്പരാഗത സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് കൺവെൻഷണൽ രീതിയിൽ സർവ്വേ നടത്തിയ വില്ലേജുകൾ കൂടി ഡിജിറ്റൽസർവ്വേ പദ്ധതിയിലുൾപ്പെടുത്തി ആകെ 1550 വില്ലേജുകളുടെ സർവ്വേ നാല് വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഭൂരേഖകളെല്ലാം പൂർണമായും ഐ.റ്റി അധിഷ്ഠിത

സേവനമായി രൂപപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തിന്റെ വികസന കൂതുപ്പകൾക്ക് വിപ്ലവകരമായ കൂതിപ്പായിരിക്കും സംഭവിക്കുന്നത്.

(ഇ) പ്രസ്തുത ഡിജിറ്റൽ സർവ്വേ പൂർത്തീകരിച്ചു കഴിയുമ്പോൾ റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ രേഖകൾ ഒരേ പോർട്ടലിലൂടെ ഏകോപിപ്പിച്ച് ഭൂമി കൈമാറ്റവും പോക്കുവരവും നടത്താനാവുമോ; വിശദമാക്കുമോ?

ഡിജിറ്റൽ സർവ്വേ പദ്ധതിപ്രകാരം സർവ്വേ നടപടികൾ പൂർത്തിയാകുന്ന വില്ലേജുകളിൽ സർവ്വേ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളിലെ ഭൂമി കൈമാറ്റവും പോക്കുവരവും ഉൾപ്പെടെയുള്ള സേവനങ്ങൾ ഒരു ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ ജനങ്ങളിൽ എത്തിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനാവശ്യമായ സോഫ്റ്റ്വെയർ സംവിധാനം NIC മുഖേന തയ്യാറാക്കിവരുന്നു.

താലൂക്ക് സർവ്വേയർമാരുടെ സേവനം സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി

403 (1678) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

മരാമത്ത് പണികൾ നടക്കുമ്പോൾ പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വേയർമാരുടെ സേവനം സമയബന്ധിതമായി ലഭിക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾ

നടത്തുന്നതിന് കാലതാമസവും തർക്കങ്ങളും നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നെൽവയൽ തണ്ണീർത്തടസംരക്ഷണ നിയമപ്രകാരമുള്ള തരംമാറ്റ അപേക്ഷകളുടെ പ്രോസസ്സ്, വിവിധ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ എന്നിവ പുരോഗമിക്കുന്ന സാഹചര്യത്തിൽ താലൂക്ക് സർവ്വേയർമാരുടെ ജോലിത്തിരക്കും സർവ്വേയർമാരുടെ അഭാവവുംമൂലം വിവിധ അനുബന്ധ പ്രവർത്തനങ്ങൾക്ക് സർവ്വേയർമാരുടെ സേവനം സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുന്നില്ല. ഇതുപരിഹരിക്കുന്നതിനായി ഡ്രാഫ്റ്റ്സ്മാൻ തസ്തികകൾ സർവ്വേയർ തസ്തികകളാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഭൂമി തരം മാറ്റുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ

404 (1679) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ താലൂക്കുകളിലെ ലോക്കൽ ലവൽ മോണിറ്ററിംഗ് കമ്മിറ്റികളിൽ ഭൂമി തരംമാറ്റുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്നറിയിക്കാമോ;

സംസ്ഥാനത്ത് താലൂക്ക് തലത്തിൽ ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റികൾ നിലവിലില്ല. ഓരോ കൃഷിഭവനുകളുടെയും പരിധിയിലാണ് ലോക്കൽ ലെവൽ മോണിറ്ററിങ് കമ്മിറ്റികൾ നിലവിലുള്ളത്. എന്നാൽ, ഭൂമി തരം മാറ്റുന്നതുമായി ബന്ധപ്പെട്ട് ഓഫ്ലൈനായും, ഓൺലൈനായും ലഭിച്ച തരംമാറ്റ അപേക്ഷകളിന്മേലുള്ള, എൽ.എൽ.എം.സി/കൃഷി ഓഫീസറുടെ റിപ്പോർട്ടിനായി, നാളിതുവരെ 1,74,399 അപേക്ഷകൾ വിവിധ എൽ.എൽ.എം.സികളിൽ സമർപ്പിക്കപ്പെട്ടിട്ടുള്ളതാണ് .

(ബി) തീർപ്പ് കല്പിക്കപ്പെട്ട അപേക്ഷകളുടെ എണ്ണം വ്യക്തമാക്കാമോ?

എൽ.എൽ.എം.സി.-കളിൽ സമർപ്പിക്കപ്പെട്ട 1,74,399 അപേക്ഷകളിൽ, ആകെ 93,455 അപേക്ഷകൾ തീർപ്പ് കല്പിച്ചിട്ടുള്ളതാണ്.

(സി) അപേക്ഷകൾ തീർപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(സി&ഡി) തരംമാറ്റ അപേക്ഷകളുടെ ബാഹുല്യം മൂലവും, എൽ.എൽ.എം.സി. യോഗം കൃത്യമായ ഇടവേളകളിൽ ചേരുന്നതിന് സാധിക്കാതെ വരുന്ന ഘട്ടങ്ങളിലുമാണ് അപേക്ഷകൾ യഥാസമയം തീർപ്പാക്കുവാൻ സാധിക്കാത്തതിന് കാരണമായിട്ടുള്ളത്. കേരള നെൽവയൽതണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, എൽ.എൽ.എം.സി.-യുടെ ചെയർമാൻ, തദ്ദേശ സ്വയംഭരണ അദ്ധ്യക്ഷൻമാരാണ്. ഇവരുടെ കൂടി സൗകര്യം കണക്കിലെടുത്ത് എൽ.എൽ.എം.സി യോഗം കൂടുന്നതിന്റെ തീയതി നിശ്ചയിക്കേണ്ടിവരുന്നതിനാലാണ് എൽ.എൽ.എം.സി.-യോഗം കൃത്യമായ ഇടവേളകളിൽ ചേരാൻ സാധിക്കാതെ വരുന്നത്. മേൽ സാഹചര്യത്തിൽ, തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച, 30-04-2020-ലെ REV-P1/55/2020-REV സർക്കുലറിലെ, 3-ാം നമ്പർ വ്യവസ്ഥപ്രകാരം, പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശിപാർശ കൂടാതെ തന്നെ, പ്രസ്തുത റിപ്പോർട്ട് കൃഷി ആഫീസർ സമർപ്പിച്ചാൽ മതിയാകുന്നതാണെന്ന്, നിർദ്ദേശം നല്കിയിട്ടുള്ളതാണ് .

കൂടാതെ, കെ.എസ്.ആർ.ഇ.സി-യുടെ റിപ്പോർട്ട് ആവശ്യമുള്ള അപേക്ഷകളിൽ ആയതുലഭ്യമാക്കിയും, മറ്റുഅനുബന്ധ രേഖകൾ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചും, ആവശ്യമെങ്കിൽ സ്ഥല പരിശോധന

നടത്തിയും, വളരെ സൂക്ഷ്മതയോടും അവധാനതയോടെയും മാത്രമേ, എൽ.എൽ.എം.സി. മുമ്പാകെയുള്ള അപേക്ഷകൾ, പരിഗണിച്ച് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. കെ.എസ്.ആർ.ഇ.സി റിപ്പോർട്ട് ലഭ്യമാകുന്നതിനുള്ള സ്വാഭാവിക കാലതാമസവും, എൽ.എൽ.എം.സി മുൻപാകെ ലഭിക്കുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന്, കാലതാമസത്തിന് ഇടയാക്കുന്നുണ്ട്.

തരം മാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി പുറപ്പെടുവിച്ച, 22-02-2022-ലെ സ.ഉ.(എം.എസ്)56/2022/RD, 26-11-2022-ലെ സ.ഉ.(എം.എസ്)278/2022/RD എന്നിവ പ്രകാരം, വില്ലേജ് ഓഫീസുകൾക്കു അനുവദിച്ചു നൽകിയ വാഹന സൗകര്യം, എൽ.എൽ.എം.സി.-കളുടെ ആവശ്യങ്ങൾക്കുകൂടി ഉപയോഗിക്കുന്നതിനും, അപ്രകാരം ടി അപേക്ഷകളിൽ വേഗം തീരുമാനമെടുക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

ശോച്യാവസ്ഥയിലുള്ള ഇരട്ടവീടുകളുടെ പുനരുദ്ധാരണം

405 (1680) ശ്രീ എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) എം. എൻ. ലക്ഷം വീട് പദ്ധതി പ്രകാരം നിർമ്മിച്ചതും നിലവിൽ ശോച്യാവസ്ഥയിലുമുള്ള ഇരട്ടവീടുകൾ പുനരുദ്ധാരണം ചെയ്ത് ഒറ്റ വീടുകളാക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ, വ്യക്തമാക്കാമോ?

ഉണ്ട്. ജില്ലാതലത്തിൽ പുനരുദ്ധാരണത്തിന് അവശേഷിക്കുന്ന വീടുകളുടെ ലിസ്റ്റും, ഭവന നിർമ്മാണ ബോർഡിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ ലിസ്റ്റും അനുബന്ധമായി ചേർക്കുന്നു.+

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ലക്ഷംവീട് പാർപ്പിട പദ്ധതി പ്രകാരം 1972 മുതൽ നിർമ്മിച്ച 90,208 വീടുകളുടെ നവീകരണത്തിനും പുനർനിർമ്മാണത്തിനുമായി വിഭാവനം ചെയ്ത് ബോർഡ് മുഖേന നടപ്പിലാക്കുന്നപദ്ധതിയാണ് എം.എൻ.ലക്ഷം വീട് പുനരുദ്ധാരണ പാർപ്പിട പദ്ധതി. ടി പദ്ധതി പ്രകാരം 30-04-2015 വരെ 12,835 വീടുകൾ പുനർനിർമ്മിച്ചിട്ടുണ്ട്. തുടർന്ന് സ്പെഷ്യൽ ബംബർ ലോട്ടറി നടത്തി ഭവനനിർമ്മാണ ബോർഡ് വഴി സമാഹരിച്ച തുക വിനിയോഗിച്ച് 154 ഗുണഭോക്താക്കളിൽ 44 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിച്ചു. നിലവിൽ 2247 ഇരട്ട വീടുകൾ 4494 ഒറ്റ വീടുകൾ ആക്കുന്നതിനും, 4508 ഒറ്റ വീടുകൾ പുനരുദ്ധരിക്കുന്നതിനുമാണ് അവശേഷിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പ്, മറ്റ് കോൺട്രിബ്യൂട്ടേഴസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവരുടെ സഹകരണത്തോടെ ഇരട്ടവീടുകൾ ഒറ്റവീടുകളായി മാറ്റുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

ആശ്വാസ് വാടക വീട് പദ്ധതി

406 (1681) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ പ്രവേശിപ്പിക്കപ്പെടുന്ന രോഗികളുടെ കൂട്ടിരുപ്പുകാർക്കായി മെഡിക്കൽ കോളേജുകൾക്ക് സമീപം നടപ്പാക്കുന്ന ആശ്വാസ് വാടക വീട് പദ്ധതിപ്രകാരം ഏതൊക്കെ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് ഇതിനോടകം പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും പദ്ധതിയുടെ പ്രവർത്തനം എങ്ങനെയാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും അറിയിക്കാമോ?

ആശ്വാസ് വാടക വീട് പദ്ധതി, ആലപ്പുഴ (2019-20 പ്ലാൻ പദ്ധതി)

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ അമ്പലപ്പുഴ വടക്ക് വില്ലേജിൽ പഴയ സർവ്വേ നമ്പർ 5/8-ൽ 378, 379, 380 എന്നീ സബ് ഡിവിഷനുകളിലായി മെഡിക്കൽ കോളേജ് കോമ്പൗണ്ടിനുള്ളിൽ ഒഴിഞ്ഞു

കിടക്കുന്ന 50 സെൻറ് സ്ഥലത്തു ഒറ്റ ബ്ലോക്കിൽ മൂന്നു ഡോർമിറ്ററികളും 34 ബാത്ത് അറ്റാച്ച്ഡ് മുറികളും ഉൾപ്പെടുന്ന ആകെ 106 കിടക്കകളുള്ള 3 നില കെട്ടിടം നിർമ്മിക്കുന്നതിന് 26/09/2019 ലെ സ.ഉ(സാ.ധാ)39/2019/ഭവനം നമ്പർ ഉത്തരവ് പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.

ആശ്വാസ് വാടക വീട് പദ്ധതി, തൃശ്ശൂർ ജില്ല (2020-21 പ്ലാൻ പദ്ധതി)

തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിനുള്ളിലുള്ള 50 സെൻറ് സ്ഥലത്ത് ഒറ്റ ബ്ലോക്കിൽ ആകെ 75 കിടക്കകളുള്ള 2 നില കെട്ടിടം നിർമ്മിക്കുന്നതിന് 14/09/2020-ലെ സ.ഉ(സാധാ)നം.32/2020/ഭവനം നമ്പർ ഉത്തരവു പ്രകാരം 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി ഒരു വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.

ആശ്വാസ് വാടക വീട് പദ്ധതി, കണ്ണൂർ ജില്ല (2021-22 പ്ലാൻ പദ്ധതി)

കണ്ണൂർ മെഡിക്കൽ കോളേജ് ക്യാമ്പസ്സിനുള്ളിലുള്ളതും മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ളതുമായ 50 സെൻറ് വിസ്തീർണ്ണമുള്ള സ്ഥലത്തു 3 നിലകളുള്ള കെട്ടിടത്തിൽ 106 പേർക്ക് താമസ സൗകര്യം ലഭ്യമാക്കുന്ന പദ്ധതിക്ക് 26-06-2021-ലെ സ.ഉ.(സാധാ)

നം.29/2021/ഭവനം നമ്പർ ഉത്തരവ് പ്രകാരം 600 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണത്തിനുള്ള ഭൂമി മെഡിക്കൽ കോളേജ് അധികൃതരിൽ നിന്നും കൈമാറി കിട്ടിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആശ്വാസ് വാടക വീട് പദ്ധതി, കോന്നി, പത്തനംതിട്ട ജില്ല (2022-23 പ്ലാൻ പദ്ധതി)

കോന്നി മെഡിക്കൽകോളേജ് കാമ്പസ്സിനുള്ളിലുള്ളതും മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ളതുമായ 50 സെന്റ് വിസ്തീർണ്ണമുള്ള സ്ഥലത്ത് മൂന്ന് നിലകളുള്ള കെട്ടിടത്തിൽ 82 പേർക്ക് താമസസൗകര്യം ലഭ്യമാക്കുന്ന പദ്ധതിക്ക് 10-06-2022-ലെ സ.ഉ.(സാധാ)62/2022/ഭവനം നമ്പർ ഉത്തരവ് പ്രകാരം 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണത്തിനുള്ള ഭൂമി മെഡിക്കൽ കോളേജ് അധികൃതരിൽനിന്നും കൈമാറി കിട്ടിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആശ്വാസ് വാടക വീട് പദ്ധതി, കോട്ടയം ജില്ല (2022-23 പ്ലാൻ പദ്ധതി)

കോട്ടയം മെഡിക്കൽ കോളേജ് ക്യാമ്പസ്സിലുള്ളതും മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ളതുമായ 50 സെന്റ് വിസ്തീർണ്ണമുള്ള സ്ഥലത്ത് മൂന്ന് നിലകളുള്ള കെട്ടിടത്തിൽ 106 പേർക്ക് താമസസൗകര്യം ലഭ്യമാക്കുന്ന

പദ്ധതിക്ക് 10-06-2022-ലെ സ.ഉ(സാ.ധാ)നം.61/2022/ഭവനം നമ്പർ ഉത്തരവ് പ്രകാരം 800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണത്തിനുള്ള ഭൂമി മെഡിക്കൽ കോളേജ് അധികൃതരിൽ നിന്നും കൈമാറി കിട്ടിയിട്ടില്ല, ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം ഭൂമിയും കെട്ടിടവും മെഡിക്കൽകോളേജുകൾക്ക് കൈമാറുന്നതാണ്. വാടക തുക നിശ്ചയിക്കലും പദ്ധതിയുടെ അറ്റകുറ്റപ്പണികളും മെഡിക്കൽകോളേജ് അധികൃതർ ചെയ്യുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്.

(ബി) ആലപ്പുഴ മെഡിക്കൽ കോളേജിലെ പ്രസ്തുത പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

ആലപ്പുഴ മെഡിക്കൽകോളേജിലെ പ്രസ്തുത പദ്ധതിയുടെ സൂക്ഷ്മതല വർക്കുകൾ പുരോഗമിച്ചുവരുന്നു .

ഭവന നിർമ്മാണ ബോർഡിന്റെ പദ്ധതികൾ

407 (1682) ശ്രീ എം വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിന്റെ ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷം അനുവദിച്ച തുക, റിലീസ് ചെയ്ത് നൽകിയ തുക എന്നിവ വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഗൃഹശ്രീ പദ്ധതിക്കായി വകയിരുത്തിയ 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും, 3.78 കോടി രൂപ ടി പദ്ധതിക്കായി റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഭവന നിർമ്മാണ ബോർഡിന്റെ ആശ്വാസ് വാടക വീട് പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക, റിലീസ് ചെയ്ത് നൽകിയ തുക എന്നിവ വ്യക്തമാക്കാമോ;

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും വേണ്ടി മിതമായ വാടക നിരക്കിൽ മെഡിക്കൽ കോളേജുകൾക്ക് സമീപം നടപ്പിലാക്കുന്ന ആശ്വാസ് വാടക വീട് പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ വകയിരുത്തിയിരുന്ന 6 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും 1.80 കോടി രൂപ റിലീസ് ചെയ്ത് നൽകിയിട്ടുമുണ്ട്.

(സി) ഭവന നിർമ്മാണ ബോർഡിന്റെ ദുർബ്ബല-താഴ്ന്ന വരുമാനക്കാർക്കായുള്ള ഭവന പദ്ധതിയിൽ 2021-22 സാമ്പത്തിക

വർഷത്തിൽ അനുവദിച്ച തുക, റിലീസ് ചെയ്ത് നൽകിയ തുക എന്നിവ വ്യക്തമാക്കാമോ?

ഭവന നിർമ്മാണ ബോർഡിന്റെ ദുർബ്ബല-താഴ്ന്ന വരുമാനക്കാർക്കായുള്ള ഭവന പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ 13 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുള്ളതും ടി പദ്ധതിക്ക് 6 കോടി രൂപ അനുവദിച്ചിട്ടുള്ളതുമാണ്.

നഗര കേന്ദ്രങ്ങളിൽ പുതിയ ഹൗസിംഗ്ഫ്ലാറ്റുകൾ ആരംഭിക്കാൻ നടപടി

408 (1683) ശ്രീ. തോമസ് കെ തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന പട്ടണങ്ങളിൽ ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിൽ ആധുനിക രീതിയിലുള്ള ഹൗസിംഗ്ഫ്ലാറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പുതുതായി നിർമ്മിക്കുന്ന ഫ്ലാറ്റുകൾ ആധുനിക സൗകര്യങ്ങളോടെ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കേരളത്തിലെ പ്രധാന പട്ടണങ്ങളിൽ ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിൽ ആധുനിക രീതിയിലുള്ള ഫ്ലാറ്റുകളാണ് നിർമ്മിച്ചുവരുന്നത്. തിരുവനന്തപുരം നഗരത്തിൽ കവടിയാറിൽ 36 ഫ്ലാറ്റുകൾ നിർമ്മാണം പൂർത്തീകരിച്ച് അലോട്ട്മെന്റ് നടത്തുകയും അമ്പല നഗറിൽ നീലാംബരി ഫ്ലാറ്റ് പദ്ധതിയിൽ 80 ഫ്ലാറ്റുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സമാനമായ രീതിയിൽ സ്ഥലം ലഭ്യമായ മറ്റുപട്ടണങ്ങളിലും ആധുനിക രീതിയിൽ ഫ്ലാറ്റുകൾ നിർമ്മിക്കുന്നത് ബോർഡിന്റെ പരിഗണനയിലുണ്ട്.

കളിക്കളം വികസന പദ്ധതി

409 (1684) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിലെ കളിക്കളം വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ഏതൊക്കെ പദ്ധതികൾക്കാണ് ഫണ്ടനുവദിച്ചിട്ടുള്ളത്; പകർപ്പ് ലഭ്യമാക്കാമോ?

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് ഗവ.മോഡൽ ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് ഒരു

പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കളിക്കളം നിർമ്മാണത്തിനായി പദ്ധതി മാർഗ്ഗരേഖയിൽ പറയും പ്രകാരമുള്ള എം.എൽ.എ./എ.ഡി.എഫ്. വിഹിതം ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇതിന്റെ തുടർനിർമ്മാണ പ്രവൃത്തിയുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ നിലവിലെ സ്ഥിതിയും പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി എം.എൽ.എ. ഫണ്ട് നൽകേണ്ടത് എപ്പോഴാണെന്നും വിശദമാക്കാമോ ?

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല കായികയുവജനകാര്യാലയത്തിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷനാണ്. പ്രസ്തുത കളിക്കളം നിർമ്മാണത്തിനായി പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം എം.എൽ.എ.-യിൽനിന്നോ ബന്ധപ്പെട്ട ജില്ലാകളക്ടറിൽനിന്നോ ഫണ്ട് വകയിരുത്തുന്നതുസംബന്ധിച്ച് അറിയിപ്പ് ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ഫിഷറീസ് വകുപ്പിലെയും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെയും താൽക്കാലിക നിയമനങ്ങൾ</u>

410 (1685) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഏതൊക്കെ തസ്തികളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റുആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഫിഷറീസ് വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും നടത്തിയിട്ടുള്ള താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും സംബന്ധിച്ച വിവരം അനുബന്ധം I ആയി ചേർക്കുന്നു.[+]

(ബി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവലംബിച്ച മാർഗ്ഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

മേൽപറഞ്ഞ നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ, മറ്റുള്ള നിയമനങ്ങൾ നടത്തുന്നതിനായി അവലംബിച്ച മാർഗ്ഗം എന്നിവ സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർക്കുന്നു.+

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന മൈൻ ബിൽ

411 (1686) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന മൈൻ ബിൽ സംബന്ധിച്ച നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടുണ്ടോ?

മൈൻ കരട് ബിൽ കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത് ലഭ്യമായിട്ടുണ്ട്.

(ബി) ബില്ലിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥകൾക്ക് പരിഹാരനടപടികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൈക്കൊള്ളുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ കരട് സമുദ്ര മത്സ്യബന്ധനനിയമം 2019 പ്രസിദ്ധീകരിച്ച ഉടൻതന്നെ, സംസ്ഥാന താല്പര്യത്തിന് ഹാനികരമാകുന്ന നിർദ്ദേശങ്ങൾ തിരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ കേന്ദ്ര ഫിഷറീസ് സെക്രട്ടറിയെ നേരിട്ട് സംസ്ഥാനത്തിന്റെ ആശങ്കകൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന് സമർപ്പിച്ച നിർദ്ദേശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.[+]

സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും കേന്ദ്രം അംഗീകരിക്കുകയും സംസ്ഥാനം വളരെ ഗുണകരമായ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളതെന്നും അറിയിച്ചിരുന്നു. പ്രസ്തുത ബില്ലിന്റെ ഫൈനൽ ഡ്രാഫ്റ്റ് കേന്ദ്രസർക്കാർ ഇപ്പോൾ എല്ലാ സംസ്ഥാനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. കരട് ഇന്ത്യൻ മറൈൻ ഫിഷറീസ് ബില്ലിൽ ആദ്യ ഘട്ടത്തിൽ അൻപത്തിയേഴ് തിരുത്തലുകളും രണ്ടാംഘട്ടത്തിൽ നാൽപ്പതോളം തിരുത്തലുകളും കേരളം നിർദ്ദേശിക്കുകയുണ്ടായി.

2021 ഫൈനൽ ഡ്രാഫ്റ്റിന്റെ അടിസ്ഥാനത്തിൽ ചില നിർദ്ദേശങ്ങൾ കൂടി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധം-2 ആയി ചേർക്കുന്നു.[+] ഫൈനൽ ഡ്രാഫ്റ്റ് അന്തിമമാക്കുന്നതിന് മുമ്പ് മത്സ്യത്തൊഴിലാളി പ്രതിനിധികളുമായി ചർച്ച ചെയ്യണമെന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

മത്സ്യബന്ധന മേഖലയുടെ വികസനത്തിനും പുരോഗതിക്കും വേണ്ടിയുള്ള പ്രവത്തനങ്ങൾ

412 (1687) ശ്രീ. വി. ശശി:
ശ്രീമതി സി. കെ. ആശ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) 2022-നെ പരമ്പരാഗത മത്സ്യബന്ധനത്തിന്റെയും മത്സ്യകൃഷിയുടെയും വർഷമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

2022 വർഷം പരമ്പരാഗത മത്സ്യബന്ധനത്തിന്റെയും മത്സ്യ കൃഷിയുടെയും വർഷമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിലും 2022 നവംബർ 21-ലെ ലോക മത്സ്യബന്ധന ദിനാഘോഷത്തിന്റെ ഭാഗമായി സമുദ്ര ആവാസവ്യവസ്ഥയുടെ ആരോഗ്യ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർണ്ണമായ പരിരക്ഷ, മത്സ്യസമ്പത്തിന്റെ സുസ്ഥിരത, മത്സ്യത്തൊഴിലാളി ക്ഷേമം, മത്സ്യകൃഷി പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ടും നവംബർ 18 മുതൽ നവംബർ 21 വരെ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് മത്സ്യോത്സവം 2022 സംഘടിപ്പിച്ചു. വിവിധ വകുപ്പുകൾ, സംസ്ഥാനത്തിന്റെ അകത്തും പുറത്തുമുള്ള വിവിധ ഏജൻസികൾ, ഗവേഷണ സ്ഥാപനങ്ങൾ, കേന്ദ്ര സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവരുടെ പ്രവർത്തനങ്ങളും, നേട്ടങ്ങളും പ്രസ്തുത പരിപാടിയിൽ പ്രദർശിപ്പിക്കുകയുണ്ടായി. സെമിനാറുകൾ, ബിസിനസ്സ് മീറ്റുകൾ, മത്സ്യത്തൊഴിലാളി വനിത ക്ലബ്ബായ്മ, കുട്ടികൾക്കായുള്ള കിഡ്സ് ഗാല, മത്സ്യകർഷക സംഗമം, മത്സ്യത്തൊഴിലാളി സംഗമവും വിവിധ കലാപരിപാടികളും മത്സ്യോത്സവം 2022-ൽ സംഘടിപ്പിക്കുകയുണ്ടായി.

പരമ്പരാഗത മത്സ്യബന്ധനമേഖലയുടെ വികസനത്തിനായി നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി (RIDF) ട്രാഞ്ച 26 സ്കീമിലുൾപ്പെടുത്തി 1745.17 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി

നടപ്പുസാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 73.3973 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 25 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യസമ്പാദയോജന പദ്ധതിയിലുൾപ്പെടുത്തി 78.90 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികളായ ബയോഫ്ളോക്ക് മത്സ്യകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂട് കൃഷി, കുളങ്ങളിലെ ഓരു ജലകൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷം അഡ്വാക്ക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയ്ക്കും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുകയും ആയത്പ്രകാരം പദ്ധതി പ്രവർത്തനം പുരോഗമിച്ചുവരുന്നു.

പൊതുജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും ടി ജലാശയങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും വേണ്ടി നടപ്പ് സാമ്പത്തിക വർഷം 463 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ ജലസംഭരണികളിൽ

നിന്ന് മത്സ്യഉല്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷേപിക്കുന്നതിനായി 200 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ബി) കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കടലറിവുകളും തൊഴിൽശേഷിയും പുത്തൻ തലമുറയ്ക്ക് പകർന്ന് നൽകുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കടലറിവുകളും തൊഴിൽശേഷിയും പുത്തൻതലമുറയ്ക്ക് പകർന്ന് നൽകുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പ് 'കടലറിവുകൾ' എന്ന ഒരു പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. നൂറ് കണക്കിന് മത്സ്യത്തൊഴിലാളികൾ, മറ്റു കടലോര വാസികൾ, കർഷകർ, ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ, സാമൂഹ്യ പ്രവർത്തകർ, ശാസ്ത്രജ്ഞർ എന്നിവരിൽ നിന്നുംസമാഹരിച്ച പാരമ്പര്യ വിജ്ഞാനങ്ങൾ ഈ പുസ്തകത്തിലൂടെ പുത്തൻതലമുറയ്ക്ക് പകർന്ന് നൽകുന്നുണ്ട്.

(സി) ഇതിന്റെ ഭാഗമായി മത്സ്യബന്ധനമേഖലയിലെ നൂതന സാങ്കേതിക വിദ്യകളും പ്രാദേശികമായി ഉപയോഗത്തിലിരിക്കുന്ന

സാങ്കേതിക സംവിധാനങ്ങളും സംയോജിപ്പിച്ച് മത്സ്യബന്ധനവും സംസ്കരണവും കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന അധിക മത്സ്യം സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ (SAF), മത്സ്യഫെഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ മുഖാന്തരം മൂല്യവർദ്ധിത മത്സ്യഉല്പന്നങ്ങളാക്കി മാറ്റി വിപണനം ചെയ്തുവരുന്നു. തീരദേശ വികസന കോർപ്പറേഷന്റെ കീഴിൽ കൊല്ലം ശക്തികുളങ്ങര കേന്ദ്രീകരിച്ച് നൂതന സാങ്കേതിക വിദ്യ അവലംബിച്ചു പ്രവർത്തിക്കുന്ന സോളാർ ഡ്രൈ ഫിഷ് യൂണിറ്റും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനായി 'നളപാകം' എന്ന യൂണിറ്റും പ്രവർത്തിച്ചുവരുന്നു.

(ഡി) ചെറുകിട മത്സ്യബന്ധനയാനങ്ങളിൽ മണ്ണെണ്ണയ്ക്ക് പകരം കൂടുതൽ ലാഭകരമായ ഇന്ധനം ഉപയോഗപ്പെടുത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. മണ്ണെണ്ണയുടെ ലഭ്യതക്കുറവും ഉയർന്ന വിലയും സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾക്ക് താങ്ങാൻ

കഴിയാത്തതിനാൽ മണ്ണെണ്ണ ഒ.ബി.എം.-കൾക്ക് പകരം പെട്രോൾ/LPG ഉപയോഗിക്കുന്ന ഒ.ബി.എം.-കളിലേയ്ക്ക് മാറാൻ അവർ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മണ്ണെണ്ണേതര ഇന്ധനങ്ങൾ അടിസ്ഥാനമാക്കിയുള്ള എഞ്ചിനുകൾ ഉപയോഗിക്കുന്നതിനും നിലവിലുള്ള എഞ്ചിനുകളിൽ കൂടുതൽ കാര്യക്ഷമതയുള്ള ഇന്ധനങ്ങൾ ഉപയോഗിക്കത്തക്കവിധത്തിൽ മാറ്റുന്നതിനും സബ്സിഡി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

കടലിലെ പ്ലാസ്റ്റിക് നിയന്ത്രണം

413 (1688) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) യാതൊരു നിയന്ത്രണവുമില്ലാതെ കടലിൽ പ്ലാസ്റ്റിക് ഉപേക്ഷിക്കുന്നതുമൂലമുള്ള ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മനുഷ്യൻ അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ വിവിധങ്ങളായ ജലാശയങ്ങളിലൂടെയും വേലിയേറ്റം,

വേലിയിറക്കം തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങളിലൂടെയും തീരക്കടലിൽ എത്തി അടിഞ്ഞുകൂടി തീരക്കടലിന്റെ ആവാസവ്യവസ്ഥയെ തകിടം മറിക്കുകയും കടൽ ജീവികളുടെ നിലനിൽപ്പിന് ഭീക്ഷണിയാവുകയും ചെയ്യുന്നു. കടലിൽ പണിയെടുത്ത് ഉപജീവന മാർഗ്ഗം കണ്ടെത്തുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെയും വരുമാനത്തെയും തൊഴിൽ സുരക്ഷിതത്വത്തെയും ഈ അവസ്ഥ ഗുരുതരമായി ബാധിക്കുന്നു. ജലാശയങ്ങളിൽ എത്തിച്ചേരുന്ന പ്ലാസ്റ്റിക്കുകൾ കാലക്രമേണ ചെറുകണങ്ങളായി രൂപാന്തരപ്പെട്ട് ജലജീവികളുടെ ശരീരത്തിലൂടെ അവ മനുഷ്യശരീരത്തിലെത്താനും ഗുരുതര ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കാനും കാരണമാകുമെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. സ്വാഭാവികമായും മത്സ്യത്തൊഴിലാളികളാകും ഈ ഗുരുതര സാഹചര്യത്തിന്റെ ആദ്യ ഇര. തീരദേശത്ത് കൊതുകുജന്യ രോഗങ്ങളും മറ്റുസാംക്രമിക രോഗങ്ങളും പടർന്ന് പിടിക്കുന്നതിന് പ്ലാസ്റ്റിക് മാലിന്യങ്ങളും ഒരു പ്രധാന കാരണമാകുന്നുണ്ട്.

(ബി) കേരള തീരത്തുനിന്നും പിടിക്കുന്ന മത്സ്യങ്ങളിൽ പ്ലാസ്റ്റിക്കിന്റെ അംശം ഗണ്യമായ തോതിൽ കണ്ടെത്തിയെന്ന റിപ്പോർട്ടുകൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരള തീരത്തുനിന്നും പിടിക്കുന്ന മത്സ്യങ്ങളിൽ പ്ലാസ്റ്റിക്കിന്റെ അംശം ഗണ്യമായതോതിൽ കണ്ടെത്തിയെന്ന റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. എന്നിരുന്നാലും സമുദ്ര ആവാസ വ്യവസ്ഥയ്ക്ക് ദോഷകരമായി മാറുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ കടൽ തീരത്തുനിന്നും തീരക്കടലിൽനിന്നും നീക്കം ചെയ്ത് കടലിന്റെയും കടലോരത്തിന്റെയും സ്വാഭാവിക ആവാസവ്യവസ്ഥ വീണ്ടെടുക്കുന്നതിനായി ശുചിത്വ സാഗരം സുന്ദര തീരം എന്നൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) സമുദ്രത്തിൽനിന്നും പ്ലാസ്റ്റിക് നീക്കം ചെയ്യുന്നതിനായി മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെയുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. 2018 വർഷം മുതൽ നീണ്ടകര ഹാർബർ കേന്ദ്രീകരിച്ച് ട്രോൾ ബോട്ട് ഉടമകളുടെയും മത്സ്യത്തൊഴിലാളികളുടെയും സഹകരണത്തോടെ 'ശുചിത്വ സാഗരം' എന്ന പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ട്രോൾ വലകളിൽ കുടുങ്ങി ബോട്ടുകളിലേയ്ക്ക് എത്തിപ്പെടാറുണ്ട്. അങ്ങനെ എത്തിപ്പെടുന്ന പ്ലാസ്റ്റിക് തിരികെ കടലിലേയ്ക്ക് വലിച്ചെറിയാതെ പ്രത്യേകമായി നൽകുന്ന ബാഗുകളിലാക്കി കരയിലെത്തിക്കുകയും

ഹാർബറിൽ വച്ച് പദ്ധതി പ്രവർത്തകർ അതുഏറ്റുവാങ്ങി ക്ലീൻ ചെയ്ത് റീ സൈക്ലിംഗിന് വിധേയമാക്കി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതാണ് 'ശുചിത്വ സാഗരം' പദ്ധതി.

സംസ്ഥാനത്ത് കടലും തീരപ്രദേശവും പ്ലാസ്റ്റിക് മാലിന്യമുക്തമാക്കുവാനായി 'ശുചിത്വ സാഗരം സുന്ദര തീരം' എന്നൊരു പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ 2022 ജൂൺ 8 മുതൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി മൂന്നുഘട്ടമായാണ് നടപ്പിലാക്കുന്നത്. സാധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ചുള്ള ബോധവത്ക്കരണമാണ് ഒന്നാംഘട്ടം. ഒരു ദിവസം നീണ്ടു നിൽക്കുന്ന പ്ലാസ്റ്റിക് മാലിന്യശേഖരണവും അതിന്റെ പുനരുപയോഗവുമാണ് രണ്ടാംഘട്ടം. ഹാർബറുകൾ കേന്ദ്രീകരിച്ച് കടലിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യശേഖരണവും പുനരുപയോഗവും തുടർ ക്യാമ്പയിനുമാണ് മൂന്നാംഘട്ടം. ഒന്നാംഘട്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരികയാണ്.

ലോക ശ്രദ്ധ പിടിച്ചു പറ്റിയ ശുചിത്വ സാഗരം പദ്ധതി സംസ്ഥാനത്തെ പൂർണ്ണതോതിൽ പ്രവർത്തിക്കുന്ന മറ്റ് ഹാർബറുകളിലേക്കുകൂടി വ്യാപിപ്പിക്കുന്നതാണ് മൂന്നാഘട്ടത്തിൽ നടക്കുന്നത്.

<u>വിഴിഞ്ഞം തീരശോഷണം പഠിക്കുന്നതിനുള്ള പ്രത്യേക സമിതി</u>

414 (1689) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തീരശോഷണം പഠിക്കുന്നതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോ; സമിതി അംഗങ്ങൾ ആരൊക്കെയാണെന്ന് അറിയിക്കുമോ?

ഉണ്ട്. 06-10-2022-ലെ സ.ഉ (സാധാ) നം.631/2022/മ.തു.വ. പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണംമൂലം തീരശോഷണം ഉണ്ടാകുന്നുണ്ടോയെന്ന് പഠിക്കുവാൻ താഴെപ്പറയുന്നവർ അംഗങ്ങളായി നാലംഗ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

1. ശ്രീ.എം.ഡി.കുഡാലെ, മുൻ അഡീഷണൽ ഡയറക്ടർ, സെൻട്രൽ വാട്ടർ & പവർ റിസർച്ച് സ്റ്റേഷൻ., പൂന. (ചെയർമാൻ)

2. ഡോ.റിജി ജോൺ, മുൻ വൈസ് ചാൻസലർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ്, കൊച്ചി.

3. ഡോ.തേജൽ കനിത്കർ, അസോസിയേറ്റ് പ്രൊഫസർ, സ്കൂൾ ഓഫ് നാച്വറൽ സയൻസ് & എഞ്ചിനീയറിംഗ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗ്ളൂർ.

4. ഡോ.പി.കെ.ചന്ദ്രമോഹൻ, മുൻ ചീഫ് എഞ്ചിനീയർ, കണ്ടല പോർട്ട് ട്രസ്റ്റ്.

(ബി) വിഴിഞ്ഞം ഇറമുഖ നിർമ്മാണം തീരശോഷണത്തിന് കാരണമാകുന്നുവെന്ന ആക്ഷേപം സമിതി പഠനവിധേയമാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

(സി) സമിതി പഠനവിധേയമാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; റിപ്പോർട്ട് എന്നത്തേയ്ക്ക് സമർപ്പിക്കുമെന്ന് അറിയിക്കുമോ?

(ബി&സി) സമിതിയുടെ പഠന വിഷയങ്ങൾ അന്തിമമാക്കിയിട്ടില്ല. ആയത് പരിശോധിച്ചുവരികയാണ്.

പ്രധാനമന്ത്രി മത്സ്യ സംപാദ യോജന

415 (1690) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തിന് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന്റെ ഭാഗമായി പ്രധാനമന്ത്രി മത്സ്യ സംപദായോജനയിൽ ഉൾപ്പെടുത്തി മത്സ്യതൊഴിലാളികളുടെ സഹകരണ ക്കൂട്ടായ്മ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്വയം സഹായ സംഘം മാതൃകയിലുള്ള പ്രസ്തുത ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് ആവശ്യമായ പരിശീലനവും ബോട്ടും അനുബന്ധ സംവിധാനങ്ങളും ഒരുക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY-യിൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് 2020-21 വർഷം കേന്ദ്ര സർക്കാരിൽനിന്നും അംഗീകാരം ലഭ്യമായിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതും സ്ഥിരതയോടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ

സംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ട 10 പേർ വീതം അടങ്ങുന്ന JLG ഗ്രൂപ്പുകൾ/SHG ഗ്രൂപ്പുകൾ/ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ FFPO (Fish Farmers Producer Organisation) എന്നിവരെയാണ് ഗുണഭോക്താക്കളായി തെരെഞ്ഞെടുക്കുന്നത്.

കൊച്ചിൻ ഷിപ്പ് യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യങ്ങളോടുകൂടിയ 1.50 കോടി രൂപ വിലയുള്ള ആഴക്കടൽ മത്സ്യബന്ധന യാനങ്ങളാണ് പദ്ധതിയിലുൾപ്പെടുത്തി ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് നൽകുന്നത്. പ്രധാനമന്ത്രി മത്സ്യ സമ്പദായോജന പ്രകാരം ഒരു ബോട്ടിന് 1.20 കോടി രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം രൂപ (40%)-യുമാണ് നൽകുന്നത്. (കേന്ദ്ര വിഹിതം 28.8 ലക്ഷം രൂപ + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ). ബാക്കിയുള്ള 1.02 കോടി രൂപ ഗുണഭോക്തൃ വിഹിതമാണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ലയെന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) അധിക ഗ്രാന്റ്റായി അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ)

കേരള ഫിനാൻഷ്യൽ കോർപറേഷനിൽനിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിനും ഉത്തരവായിട്ടുണ്ട്. സഹകരണ സംഘങ്ങളിൽനിന്നും തെരഞ്ഞെടുത്ത 30 മത്സ്യത്തൊഴിലാളികൾക്ക് എൻ.സി.ഡി.സി.-യുടെ സാമ്പത്തിക സഹായത്തോടെ സി.ഐ.എഫ്.റ്റി.-യുടെ നേതൃത്വത്തിൽ മൂന്ന് ദിവസത്തെ ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള പരിശീലനം എൻ.ഐ.എഫ്.എ.എം.- ൽ വച്ച് നൽകിയിട്ടുണ്ട്.

(സി) നിലവിൽ സംസ്ഥാനത്തിന്റെ തീരപരിധിയിൽ വ്യാപകമായി നടക്കുന്ന മത്സ്യബന്ധനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനും പരമ്പരാഗത മത്സ്യതൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധ്യമാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

ആഴക്കടലിലേയ്ക്ക് കടക്കാനും ഉയർന്നമൂല്യമുള്ള സമുദ്ര വിഭവങ്ങൾ ശേഖരിക്കാനും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിലൂടെ അവരുടെ വരുമാനവും അതുവഴി അവരുടെ സാമൂഹിക സാമ്പത്തിക നിലയും മെച്ചപ്പെടുത്തുകയെന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. ഇതുവഴി തീരപരിധിയിലെ മത്സ്യബന്ധനത്തിന്റെ ആഘാതം/സമ്മർദ്ദം കുറയ്ക്കുന്നതിനും അതുമൂലം സംസ്ഥാനത്തിന്റെ സമുദ്ര വിഭവങ്ങളുടെ

ഉൽപ്പാദനം വർധിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും കയറ്റുമതി വരുമാനത്തിൽ വർദ്ധനവും ഉണ്ടാകുന്നതാണ്.

തീരദേശ മേഖലയിലെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കാൻ നടപടി

416 (1691) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയിലെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കാൻ ഫിഷറീസ് വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കളെ വികസന മുഖ്യധാരയിലെത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് വിവിധങ്ങളായ വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവയും നല്കിവരുന്നു. 2020-21-ൽ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യത്തിനായി 32.5 കോടി രൂപ വകയിരുത്തിയതിൽ 32.5 കോടി രൂപയും ജില്ലകൾക്ക് അനുവദിച്ചു

നല്കിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം വിദ്യാഭ്യാസാനുകൂല്യം നല്കുന്നതിനായി പ്ലാൻ ഫണ്ടിൽ 7.21 കോടി രൂപയും നോൺ പ്ലാനിൽ 25 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പദ്ധതി ആനുകൂല്യം വിദ്യാർത്ഥികൾക്ക് അനുവദിച്ചുവരുന്നു.

പ്രീമെട്രിക്കിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ മുഖേനയും +2 മുതലുള്ള ക്ലാസുകളിലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 2017-18 മുതൽ ഇ-ഗ്രാന്റ്സ് പദ്ധതി വഴിയും അനുവദിച്ചു വരുന്നു.

തീരദേശത്തെ 10 ഗവണ്മെന്റ് ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ ധനസഹായവും നല്കിവരുന്നു. ടി പദ്ധതി ധനസഹായം ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ്സ് മുഖേന നടപ്പാക്കിവരുന്നു. ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള സമഗ്ര നടപടികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു.

കൂടാതെ, വിദ്യാതീരം പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി, ബാങ്ക് ടെസ്റ്റ്, സിവിൽ സർവീസ് പരിശീലനം എന്നിവ നല്കിവരുന്നു. 2015-16 മുതൽ

മെഡിക്കൽ എൻട്രൻസ് പരിശീലനം ലഭിച്ച 331 പേരിൽ 60 പേർക്ക് എം.ബി.ബി.എസ്-നും 84 പേർക്ക് ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. 2021-22 വർഷം മെഡിക്കൽ എൻട്രൻസ് പരിശീലനം ലഭിച്ച 90 പേരിൽ 13 പേർക്ക് (30-11-2022 വരെ) എം.ബി.ബി.എസ്.-ന് അഡ്മിഷൻ ലഭ്യമായിട്ടുണ്ട്. അഡ്മിഷൻ തുടർന്നുവരികയാണ്. കൂടാതെ തീരദേശ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പ്രോഗ്രാമും, മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുക്കുന്ന പദ്ധതിപ്രകാരം 2018-19-ൽ 11 പേർക്കും 2019-20-ൽ 13 പേർക്കും 2020-21-ൽ 14 പേർക്കും 2021-22-ൽ 13 പേർക്കും 2022-23-ൽ 10 പേർക്കും പഠനാവശ്യങ്ങൾക്ക് ധനസഹായം നല്കിയിട്ടുണ്ട്.

ഓഖിയിൽ മരണപ്പെട്ടതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ മക്കളായ 309 പേരുടെ സൗജന്യ വിദ്യാഭ്യാസത്തിനായി 13.92 കോടി രൂപ അനുവദിക്കുകയും 2018-19-ൽ 53.75 ലക്ഷം രൂപയും 2019-20-ൽ 55.1 ലക്ഷം രൂപയും 2020-21 -ൽ 45 ലക്ഷം രൂപയും 2021-22-ൽ 40.6 ലക്ഷം രൂപയും 2022-23 -ൽ 50 ലക്ഷം

രൂപയും അനുവദിച്ച് നല്കിയിട്ടുണ്ട്. 2037 വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്.

(ബി) തീരദേശമേഖല ഉൾപ്പെടുന്ന എല്ലാ നിയോജകമണ്ഡലങ്ങളിലും ഫിഷറീസ് സ്കൂളുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ ഫിഷറീസ് വകുപ്പിനുകീഴിൽ വലിയതുറ, കരുനാഗപ്പള്ളി, അർത്തുങ്കൽ, തേവര, ചാവക്കാട്, താനൂർ, ബേപ്പൂർ, കൊയിലാണ്ടി, അഴീക്കൽ, കാഞ്ഞങ്ങാട് എന്നിവിടങ്ങളിലായി ആകെ 10 മേഖല ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളാണ് നിലവിലുള്ളത്.

(സി) തീരദേശമേഖലയിലെ വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസം ലക്ഷ്യമാക്കി ഫിഷറീസ് സർവ്വകലാശാല എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തീരദേശമേഖലയിലെ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനായി കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല നടത്തിവരുന്ന എല്ലാ ബിരുദ, ബിരുദാനന്തര കോഴ്സുകളിലും പ്രത്യേകമായി 20% സീറ്റുകൾ സംവരണാടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരം സീറ്റുകളിൽ പ്രവേശനം നേടുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഫിഷറീസ്

വകുപ്പിന്റെ സഹകരണത്തോടെ സൗജന്യമായി പഠനം നടത്തുന്നതിനും വിദ്യാർത്ഥികളുടെ ഫിഷറീസ് ഇ-ഗ്രാന്റ് ലഭ്യമാക്കുവാനും സർവ്വകലാശാല നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ഡി) തീരദേശമേഖലയിലെ വിദ്യാർത്ഥികളുടെ കായിക പരിശീലനത്തിനും അന്താരാഷ്ട്ര നിലവാരത്തിലെ മത്സരങ്ങൾക്ക് പ്രാപ്തരാക്കുന്നതിനും വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

വിദ്യാതീരം പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ മേഖലാ ടെക്നിക്കൽ സ്കൂളുകളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും കായിക അടിസ്ഥാന സൗകര്യവികസനത്തിനുമായി നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതിൻപ്രകാരം 2022-23 വർഷത്തിൽ തീരദേശ മേഖലയിലെ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള 10 മേഖല ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ഉൾപ്പെടെ 14 സ്കൂളുകളിൽ കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു സ്കൂളിന് 3 ലക്ഷം രൂപ വീതം ആകെ 42 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനും മത്സ്യബന്ധനമേഖലയിലെ കായിക സുസ്ഥിര വികസനം സാധ്യമാക്കുന്നതിനുമായി ടി സ്കൂളുകൾ കേന്ദ്രീകരിച്ച് തീരദേശ മേഖലയിലെ

വിദ്യാർത്ഥികളെ മികച്ച കായിക പ്രതിഭകളാക്കി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ സ്പോർട്സ് ഫൗണ്ടേഷൻ കേരളയുമായി ചേർന്ന് കായിക പരിശീലന - അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുകളിൽ നടപ്പിലാക്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതി

417 (1692) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യബന്ധനം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതി ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യബന്ധനം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധം ആയി ചേർക്കുന്നു.+

അലങ്കാര മത്സ്യ വിപണി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

418 (1693) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അലങ്കാര മത്സ്യവിപണിയിൽ ഏതെല്ലാം മത്സ്യങ്ങൾ വിൽക്കുന്നതിനാണ് അനുവാദം നൽകി വരുന്നത്; വിൽക്കാൻ പാടില്ലാത്തവയായി ഏതെങ്കിലും ഇനം മത്സ്യങ്ങൾ നിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

കേന്ദ്ര സർക്കാർ അലങ്കാരമത്സ്യ ഇറക്കുമതിയുമായി ബന്ധപ്പെട്ട് നിർണ്ണയിച്ചിട്ടുള്ള പട്ടിക പ്രകാരം 92 അലങ്കാരമത്സ്യങ്ങളെ ഇറക്കുമതി ചെയ്യുന്നതിന് അനുവദിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.[+] പ്രസ്തുത അലങ്കാര മത്സ്യങ്ങളെ വിപണിയിൽ വിൽക്കുന്നതിന് അനുമതിയുണ്ട്. ആഫ്രിക്കൻ ക്യാറ്റ് ഫിഷ്, പിരാന തുടങ്ങിയ മത്സ്യങ്ങൾ വളർത്തുന്നതിനും വിപണനം ചെയ്യുന്നതിനും നിരോധനം നിലവിലുണ്ട്.

<u>ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി</u>

419 (1694) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 'ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം' പദ്ധതിയുടെ ഭാഗമായി മണിയൂർ ഗ്രാമപഞ്ചായത്തിൽ അനുവദിച്ച നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും അറിയിക്കാമോ?

(എ&ബി) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്ത് കളിസ്ഥലം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കളിക്കളം നിർമ്മാണത്തിനായി പദ്ധതി മാർഗ്ഗരേഖയിൽ പറയും പ്രകാരമുള്ള എം.എൽ.എ./എ.ഡി.എഫ്. വിഹിതം ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

നെയ്യാറ്റിൻകര പൊഴിയൂർ മത്സ്യബന്ധ തുറമുഖത്തിന്റെ പ്രോജക്ട് റിപ്പോർട്ട്

420 (1695) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പൊഴിയൂർ മത്സ്യബന്ധ തുറമുഖത്തിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; ഡി.പി.ആർ. പ്രകാരം എത്ര കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര പൊഴിയൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ 343 കോടി രൂപയുടെ വിശദമായപദ്ധതി രൂപരേഖ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിരുന്നു. അതുപരിശോധിച്ച് പുതുക്കിയ പദ്ധതി രൂപരേഖ സമർപ്പിക്കുന്നതിന് 13-10-2022-ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) തുറമുഖത്തിന്റെ ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലായെങ്കിൽ എപ്പോൾ എന്ന് വിശദമാക്കുമോ?

ഇല്ല. ഭരണാനുമതിയും നിയമാനുസൃതമായ മറ്റു നടപടിക്രമങ്ങളും പൂർത്തീകരിക്കുന്നമുറയ്ക്ക് ദർഘാസ് നടപടികൾ സ്വീകരിക്കുന്നതാണ്.

<u>അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം സംബന്ധിച്ച്</u>

421 (1696) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല ആസ്ഥാനമാക്കി ആരംഭിക്കുന്ന സംസ്ഥാനത്തെ ആദ്യ അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇതിനായി സർക്കാർ അനുവദിച്ച ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കുമോ; ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഇല്ല. ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ടി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് മുന്നോടിയായി കാലിക്കറ്റ് സർവ്വകലാശാലയും സ്പോർട്സ് കേരള ഫൗണ്ടേഷനും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള ധാരണപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനായി കാലിക്കറ്റ് സർവ്വകലാശാലയും സ്പോർട്സ് കേരള ഫൗണ്ടേഷനും ചേർന്ന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് സംയുക്ത സ്ഥലപരിശോധന നടത്തിയിട്ടുണ്ടോ; ആയതിൽ പങ്കെടുത്തവർക്ക് അറിയിപ്പ് നൽകിയതാരാണ്; അറിയിപ്പ് നൽകിയ രേഖകളുടെ പകർപ്പും പങ്കെടുക്കേണ്ടവരെ തീരുമാനിച്ച നടപടിക്രമങ്ങളുടെ പകർപ്പും ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന്റെ ഭാഗമായി സ്പോർട്സ് കേരള ഫൗണ്ടേഷൻ നടത്തിയിയിട്ടുള്ള മുഴുവൻ പ്രവർത്തനങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് ടി സ്ഥാപനം നടത്തിയ മുഴുവൻ കത്തിടപാടുകളുടെയും പകർപ്പ് ലഭ്യമാക്കുമോ?

(സി-ഇ) സ്പോർട്സ് കേരള ഫൗണ്ടേഷനിലെ ചീഫ് എഞ്ചിനീയർ പ്രാഥമിക സ്ഥലപരിശോധന നടത്തുകയുണ്ടായി.

കായിക വകുപ്പ് അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികൾ

422 (1697) ശ്രീ. എം. എസ് അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽവന്നശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് അനുവദിച്ചതും നടപ്പിലാക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

1. <u>താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ട്, ആലപ്പുഴ</u>

2019-20-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ആലപ്പുഴ നിയോജകമണ്ഡലത്തിലെ താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ടിന്റെ പ്രവൃത്തിക്ക് 5 കോടി രൂപയുടെ ഭരണാനുമതിയും 4.77 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് ടെണ്ടർ നപടികൾ സ്വീകരിക്കുകയും ബി&ഐ കൺസ്ട്രക്ഷൻ ടി പ്രവൃത്തിയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തു. 10 മാസമാണ് പൂർത്തീകരണ കാലാവധി. 90M X 55M വിസ്തീർണ്ണമുള്ള നാച്വറൽ ടർഫ്, സ്റ്റെപ്പ് ഗ്യാലറി, ഓഫീസ്, ജിം, ഗ്രൗണ്ട് ഡെവലപ്മെന്റ്, സമ്പ് ടാങ്ക്, അനുബന്ധ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്. ചുറ്റുമതിലിന്റെയും സൈഡ് ഡ്രെയിന്റെ പ്രവൃത്തിയും പൂർത്തീകരിച്ചു. സ്റ്റെപ്പ് ഗ്യാലറി, ഓഫീസ്/ജിം എന്നിവയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. നാച്വറൽ ടർഫിന്റെ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

2. <u>സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെൻറർ, ആലപ്പുഴ</u>

ആലപ്പുഴ ജില്ലയിലെ തെക്കേക്കര ഗ്രാമപഞ്ചായത്ത്, മാവേലിക്കര, സ്പോർട്സ് ഫിറ്റ്നസ് സെന്റർ ഇന്റീരിയർ പ്രവൃത്തികൾക്കായി മാവേലിക്കര ഫിറ്റ്ന്സ് സെന്റർ ഉൾപ്പടെ 5 ഫിറ്റനസ് സെന്ററുകൾക്കായി 2,80,21,700/-

രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നല്കുകയും ടെണ്ടർ നടപടി സ്വീകരിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. എൻ വിജയൻ കരാറിൽ ഏർപ്പെടുകയും ചെയ്തു. സിവിൽ&ഇലക്ട്രിക് പ്രവൃത്തികൾക്ക് 4 മാസമായിരുന്ന പൂർത്തീകരണ കാലാവധി. നിലവിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത സെന്ററിലേയ്ക്കാവശ്യമായ ഫിറ്റ്നസ് ഉപകരണങ്ങൾക്കായി 65,06,000/- രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. <u>തഴക്കര ഗ്രാമപഞ്ചായത്ത് 7 & 8 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന പഴഞ്ചിറകുളം നീന്തൽ പരിശീലന കേന്ദ്രം</u>

2022-2023 -ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - വാല്യം II - ഭരണാനുമതി ഇല്ലാത്ത മരാമത്തുപണികൾ-ക്രമ നമ്പർ 90 ആയി വ്യവസായ വകുപ്പിനുകീഴിൽ ഉൾപ്പെടുത്തിയിരുന്ന അപ്പാരൽ പാർക്ക്, മാവേലിക്കരയെന്ന പദ്ധതിക്ക് പകരമായി 10 കോടി രൂപ അടങ്കൽ തുകയിലും 20% ബഡ്ജറ്റ് വിഹിതത്തിലുമായി 5 പദ്ധതികൾ പുതുതായി ഉൾപ്പെടുത്തി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ തഴക്കര ഗ്രാമപഞ്ചായത്ത് 7&8 വാർഡുകളിലായി സ്ഥിതി

ചെയ്യുന്ന പഴഞ്ചിറകുളം നീന്തൽ പരിശീലന കേന്ദ്രം എന്ന പ്രവൃത്തിയ്ക്ക് 1 കോടി രൂപ അടങ്കൽ തുകയും 20 ലക്ഷം രൂപ ബജറ്റ് വിഹിതമായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിനായി കായിക വകുപ്പിനെ ചുമതലപ്പെടുത്തിയും ബജറ്റ് വിഹിതം വകുപ്പിന് കൈമാറിക്കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ ഭാഗമായി കുളത്തിലെ വെള്ളത്തിന്റെ ക്വാളിറ്റി ടെസ്റ്റ് ചെയ്യുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ലാബിൽ ടെസ്റ്റ് ചെയ്യുകയും റിസൾട്ട് പരിശോധിച്ചുവരികയുമാണ്. ഡീറ്റെയ്ൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

4. <u>തഴക്കര ഗ്രാമപഞ്ചായത്ത് ഇറവൻങ്കര സ്റ്റേഡിയം - 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതി</u>

ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിയോജകമണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്ത് ഇറവൻങ്കര സ്റ്റേഡിയം 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കളിക്കളം നിർമ്മാണത്തിനായി പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള എം.എൽ.എ. ഫണ്ട് വകയിരുത്തുന്നതായി കാണിച്ചുകൊണ്ടുള്ള കത്ത് എം. എൽ. എ.-യിൽനിന്നോ ബന്ധപ്പെട്ട ജില്ലാ

കളക്ടറിൽനിന്നോ ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കായിക പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ

423 (1698) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ കെ എം അഷ്റഫ്:
ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്തുകളിൽ സ്പോർട്സ് കൗൺസിൽ രൂപീകരിച്ച് പ്രാദേശികതലത്തിൽ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായ വിവിധ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് തുടങ്ങിയ സ്ഥാപനങ്ങളിൽ സ്പോർട്സ് കൗൺസിൽ രൂപീകരണം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത സ്പോർട്സ് കൗൺസിലുകളുടെ നേതൃത്വത്തിലാണ് പ്രാദേശിക തലത്തിൽ കായിക പ്രതിഭകളെ കണ്ടെത്തുന്നത്.

(ബി) പ്രാദേശികതലത്തിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയുടെ ആദ്യഘട്ടത്തിൽ 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കളിക്കളങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു പദ്ധതിക്ക് ഒരു കോടി രൂപയാണ് നിർദ്ദേശിക്കുന്നത്. സംസ്ഥാന പ്ലാൻ ഫണ്ടിൽനിന്നും പരമാവധി 50 ലക്ഷം രൂപയും എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്/എം.പി. ഫണ്ട്/സി.എസ്.ആർ. ഫണ്ടുകൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം എന്നിവയിൽനിന്നും ബാക്കി രൂപയും വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ളത്. ഒരു കോടി രൂപയിൽ കുറവ് അടങ്കൽ തുകയാണ് വരുന്നതെങ്കിൽ ആയതിന്റെ 50%-വും ഒരു കോടിയിൽ കൂടുതൽ പദ്ധതി അടങ്കൽ വരുന്ന പദ്ധതികൾക്ക് പരമാവധി 50 ലക്ഷം രൂപയുമാണ് പ്ലാൻ ഫണ്ട് ലഭ്യമാക്കുക. ബാക്കി വരുന്ന തുക എം.എൽ.എ. ഫണ്ട് ഉൾപ്പടെയുള്ള വിവിധ സ്രോതസ്സുകളിൽനിന്ന് കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. എം.എൽ.എ. ഫണ്ട് അനുവദിച്ചതായി അറിയിച്ച് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്വീകരിച്ചുവരുന്നു.

(സി) കോവിഡ് പ്രതിസന്ധിക്കുശേഷം കായികമേഖലയെ പുനരുജ്ജീവിപ്പിക്കാൻ സ്വീകരിച്ചതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ?

കോവിഡ് പ്രതിസന്ധിക്കുശേഷം കായികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി വിവിധ ഗ്രാസ്റൂട്ട് പരിശീലന പദ്ധതികൾ പുനരാരംഭിക്കുകയും അടിസ്ഥാനസൗകര്യ വികസന പദ്ധതികളായ 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം', ഓപ്പൺ ജിംനേഷ്യം, സ്പോർട്സ് ലൈഫ് ഫിറ്റ്നെസ് സെന്ററുകൾ, എന്നിവ ആവിഷ്കരിക്കുകയും റീജിയണൽ സ്പോർട്സ് മെഡിസിൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ കായിക മികവ് വളർത്തിയെടുക്കുന്നതിനായി കായിക പരിശീലനങ്ങൾ പുനരാരംഭിച്ചിട്ടുണ്ട്. ഗോൾ പദ്ധതിയുടെ ഭാഗമായി 1000 കേന്ദ്രങ്ങളിൽ 100 പേർക്ക് വീതം പരിശീലനം നൽകുകയും ചെയ്തിരുന്നു. സ്കൂൾതലത്തിൽ ഗ്രാസ്റൂട്ട് ലെവൽ ബോക്സിംഗ് പരിശീലന പദ്ധതിയായ പഞ്ച്, ജൂഡോ പരിശീലന പദ്ധതിയായ ജൂഡോക്ക, അത്ലറ്റിക്സ് പരിശീലന പദ്ധതിയായ

സ്പിന്റ്, ബാസ്കറ്റ് ബോൾ പരിശീലന പദ്ധതിയായ ഹൂപ്സ്, കുട്ടികളിൽ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഹെൽത്തി കിഡ്സ് എന്നീ പദ്ധതികളും വിവിധ ജില്ലകളിലായി ആരംഭിച്ചിട്ടുണ്ട്. കായിക വിദ്യാലയങ്ങളിലെയും മറ്റ് പരിശീലന കേന്ദ്രങ്ങളിലെയും ഫുട്ബോൾ പരിശീലകർക്കായി ഡച്ച് ഗവൺമെന്റിന്റെ സഹായത്തോടെ വിദഗ്ധ പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. മികച്ച ഫുട്ബോൾ പരിശീലകരെ വാർത്തെടുക്കുന്നതിനായി ഡി ലൈസൻസ് പരിശീലനം ഉൾപ്പെടെയുള്ളവ ചെയ്തുവരുന്നു.

കൂടാതെ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ കായിക അസോസിയേഷനുകളുടെ നേതൃത്വത്തിൽ മത്സരങ്ങളും, ടൂർണമെന്റുകളും ആരംഭിക്കുകയും ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ, കോളേജ് സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തനക്ഷമമാക്കി പരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കായികരംഗം മികവുറ്റതാക്കുന്നതിലേയ്ക്കായി സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കായികക്ഷമതാ പദ്ധതി, വനിതാ ഫുട്ബോൾ അക്കാദമി, തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

തീരദേശ റോഡ് നവീകരണം

424 (1699) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീരദേശ റോഡ് നവീകരണം പദ്ധതിയിലുൾപ്പെടുത്തി വടകര നിയോജക മണ്ഡലത്തിൽ എത്ര രൂപയുടെ പദ്ധതികൾക്കാണ് നാളിതുവരെ അനുമതി നൽകിയിട്ടുള്ളത്; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീരദേശ റോഡ് നവീകരണം പദ്ധതിയിലുൾപ്പെടുത്തി വടകര നിയോജകമണ്ഡലത്തിൽ നാളിതുവരെ 170.9 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു.

2021-22 വർഷം	133.3 ലക്ഷം രൂപ
2022-23 വർഷം	37.6 ലക്ഷം രൂപ

(ബി) ഈ പദ്ധതിയിലുൾപ്പെടുത്തി വടകര നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ പേര് വിവരങ്ങൾ ലഭ്യമാക്കുമോ;

വിശദാംശങ്ങൾ അനുബന്ധം (1)-ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇതിൽ എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമാക്കിയിട്ടുള്ളത്; പ്രസ്തുത ഉത്തരവുകളുടെ നമ്പരും തീയതിയും ലഭ്യമാക്കുമോ?

അഞ്ച് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മൂന്ന് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ബാക്കിയുള്ള രണ്ട് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധം (2)-ആയി ചേർക്കുന്നു.+

(ഡി) പതിനേഴര കിലോമീറ്ററിലധികം ദൈർഘ്യമേറിയ കടൽത്തീരമുള്ള വടകര നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകളുടെ നവീകരണത്തിന് ഈ തുക തികച്ചും അപര്യാപ്തമാണെന്നകാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തീരദേശങ്ങളടക്കമുള്ള മറ്റു പ്രദേശങ്ങളിൽ നിന്നുള്ള ആവശ്യങ്ങളും ഫണ്ടിന്റെ ലഭ്യതയനുസരിച്ചുമാണ് തുക അനുവദിച്ചുവരുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) എങ്കിൽ വടകരയുടെ തീരദേശങ്ങളിലെ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും കൂടുതൽ തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തീരദേശങ്ങളടക്കമുള്ള മറ്റ് പ്രദേശങ്ങളിൽനിന്നുള്ള ആവശ്യങ്ങളും ഫണ്ടിന്റെ ലഭ്യതയനുസരിച്ചുമാണ് തുക അനുവദിച്ചുവരുന്നത്.

ഹൈടെക് ഫിഷ് മാർട്ടുകൾ

425 (1700) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ആരംഭിച്ച ഹൈടെക് ഫിഷ് മാർട്ടുകൾ വഴി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. മത്സ്യഫെഡിന്റെ 46 ഹൈടെക് ഫിഷ് മാർട്ടുകളിൽ സ്വയംസഹായ ഗ്രൂപ്പുകളിലെ വനിതകൾക്ക് ഉൾപ്പെടെ 109 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി

426 (1701) ശ്രീ എം വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി .സി വിഷ്ണുനാഥ്:
ശ്രീ.സി.ആർ മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണ ഡീസൽ വില ക്രമാതീതമായി വർദ്ധിക്കുന്നതുകാരണം മത്സ്യത്തൊഴിലാളികളുടെ ജീവിതം ദുരിതത്തിലായിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മത്സ്യഫെഡ് മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; സബ്സിഡി ഇനത്തിൽ കുടിശ്ശികയായ എത്ര തുക മത്സ്യത്തൊഴിലാളികൾക്ക് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. നിലവിൽ സംസ്ഥാനത്ത് മത്സ്യബന്ധനയാനങ്ങൾക്ക് മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണ (വെള്ള മണ്ണെണ്ണ) 2015 ജൂലൈ മാസം മുതൽ വിതരണം ചെയ്തുവരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെ

പറയും പ്രകാരം നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ സബ്സിഡി നിരക്കിൽ (ഡി.ബി.റ്റി) നൽകി വരുന്നുണ്ട്.

10 HP വരെ - 140 ലിറ്റർ

10 HP മുതൽ 15 HP വരെ - 150 ലിറ്റർ

15 HP ക്ക് മുകളിൽ - 190 ലിറ്റർ

2022-23 സാമ്പത്തിക വർഷം മണ്ണെണ്ണ സബ്സിഡി നൽകുന്നതിനു 45 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽനിന്നും 2022 ഒക്ടോബർ മാസം വരെയുള്ള സബ്സിഡി വിഹിതമായ 15.39 കോടി രൂപ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. നിലവിൽ കുടിശ്ശിക ബില്ലുകൾ ഇല്ല.

(സി) മത്സ്യഫെഡ് വഴി നൽകുന്ന മണ്ണെണ്ണ ആവശ്യത്തിന് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുപരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) മണ്ണെണ്ണയുടെ ദൗർലഭ്യം നിമിത്തം മത്സ്യബന്ധനത്തിന് കടലിൽ വള്ളമിറക്കാൻ കഴിയാത്ത അവസ്ഥയിലാണ് മത്സ്യത്തൊഴിലാളികളെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവപൂർവം കാണുന്നുണ്ടോ?

(സി&ഡി) ഉണ്ട്. കേന്ദ്ര സർക്കാരിൽനിന്നും കേരളത്തിന് ആവശ്യമായ അളവിൽ സബ്സിഡി മണ്ണെണ്ണയും സബ്സിഡി രഹിത മണ്ണെണ്ണയും അനുവദിക്കപ്പെടാത്തതിനാൽ മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുന്നതിനു കഴിയുന്നില്ലായെന്നത് വാസ്തവമാണ്. മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണയുടെ കാൽ ഭാഗംപോലും കേന്ദ്രം സബ്സിഡി രഹിത മണ്ണെണ്ണ (നോൺ പി.ഡി.എസ്സ്) ആയി അനുവദിക്കുന്നില്ല. നടപ്പ് വർഷത്തേയ്ക്ക് ആവശ്യമായ പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തിവരുകയാണ്.

2022 ഏപ്രിൽ മുതൽ നാളിതുവരെ 2160KL മണ്ണെണ്ണ മാത്രമാണ് ലഭ്യമായിട്ടുള്ളത്. കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തിയതിന്റെ ഫലമായി ഡിസംബർ ആദ്യം 5000KL സബ്സിഡിരഹിത മണ്ണെണ്ണ കൂടി ലഭ്യമായിട്ടുണ്ട്.

മണ്ണെണ്ണയുടെ ലഭ്യതക്കുറവും ഉയർന്ന വിലയും സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾക്ക് താങ്ങാൻ കഴിയാത്തതിനാൽ മത്സ്യത്തൊഴി ലാളികൾ മണ്ണെണ്ണ ഔട്ട് ബോർഡ് മോട്ടർ (ഒ.ബി.എം.)-കൾക്ക് പകരം പെട്രോൾ അഥവാ ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ് (എൽ.പി.ജി.)

ഉപയോഗിക്കുന്ന ഒ.ബി.എം-കളിലേക്ക് മാറാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം പരീക്ഷണാടിസ്ഥാനത്തിൽ 50% സബ്സിഡിയിൽ 10 മണ്ണെണ്ണ ഒ.ബി.എം.-കൾ ഉപയോഗിക്കുന്ന യാനങ്ങൾ എൽ.പി.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതും 40% സബ്സിഡിയിൽ 115 മണ്ണെണ്ണ ഒ.ബി.എം.-കൾക്ക് പകരം പെട്രോൾ OBM നൽകുന്നതും 90% സബ്സിഡിയിൽ 325 മണ്ണെണ്ണ ഒ.ബി.എ.-കൾ പെട്രോൾ കാർബോറേറ്റർ ഉപയോഗിച്ച് കൊണ്ട് പെട്രോൾ ഒ.ബി.എം.-കളായി പരിവർത്തനം ചെയ്യുന്നതും സംബന്ധിച്ച കാര്യം പരിശോധിച്ചുവരുന്നു.

ഫോർമാലിൻ, അമോണിയ ഇവ കലർന്ന മൽസ്യത്തിന്റെ വിൽപ്പന

427 (1702) ശ്രീ .പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മത്സ്യങ്ങളിൽ നല്ലൊരു ശതമാനത്തിലും മനുഷ്യശരീരത്തിനുഹാനികരമായ മാരകവിഷാംശങ്ങളായ ഫോർമാലിൻ, അമോണിയ എന്നിവ കലർന്നതാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് മായം കലർന്ന മത്സ്യം പിടികൂടി നശിപ്പിച്ച എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്രപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വെളിപ്പെടുത്തുമോ;

(സി) മറ്റു സംസ്ഥാനങ്ങളിൽനിന്നും വരുന്നതും സംസ്ഥാനത്ത് മത്സ്യബന്ധനം നടത്തുന്നതുമായ മത്സ്യങ്ങളിൽ മായം ചേർത്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനനങ്ങളാണുള്ളതെന്ന് അറിയിക്കുമോ?

(എ-സി) സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വ്യാപകമായ മായം ചേർക്കുന്നതായുള്ള പത്രവാർത്തകളുടെയും പൊതുജനങ്ങളിൽനിന്നും ലഭ്യമായ പരാതികളുടെയും അടിസ്ഥാനത്തിൽ മത്സ്യത്തിലെ മായം കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ മത്സ്യ' എന്ന പ്രത്യേക പരിശോധനകൾക്ക് രൂപം നൽകുകയും 2022 ഏപ്രിൽ മുതൽ സംസ്ഥാന വ്യാപകമായി അന്യസംസ്ഥാനങ്ങളിൽനിന്നും ചെക്ക് പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്നതുൾപ്പെടെയുള്ള മത്സ്യം പരിശോധിക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കിയിട്ടുമുണ്ട്. ടി പദ്ധതിയുടെ ഭാഗമായി 2022 ഒക്ടോബർ 31 വരെ

6,706 മത്സ്യപരിശോധനകൾ നടത്തുകയും 3,813 സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിക്കുകയും 527 വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും 35,495 കിലോ ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 6,95,000/-രൂപ വിവിധ വ്യക്തികൾ/സ്ഥാപനങ്ങൾക്ക് പിഴ ചുമത്തിയിട്ടുണ്ട്. ഇത്തരത്തിൽ കുറ്റക്കാരായ വ്യക്തികൾക്കെതിരെ 2 അഡ്ജ്യൂഡിക്കേഷൻ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്നതും സംസ്ഥാനത്ത് മത്സ്യബന്ധനം നടത്തുന്നതുമായ മത്സ്യങ്ങളിൽ മായം ചേർത്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പുമായി സംയോജിച്ച് ജില്ലകൾതോറും സ്ക്വാഡുകൾ രൂപീകരിച്ച് ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ, മാർക്കറ്റുകൾ, മൊത്തവിതരണ കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. തദവസരങ്ങളിൽ ഫോർമാലിൻ, അമോണിയ എന്നീ രാസവസ്തുക്കൾ കലർന്നിട്ടുണ്ടോയെന്ന് തത്സമയം തന്നെ പരിശോധിക്കുന്നതിന് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത 'പേപ്പർ സ്ട്രിപ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ടെസ്റ്റ് കിറ്റ് പ്രയോജനപ്പെടുത്തിവരുന്നു. 'Hi Media

Pvt. Ltd' എന്ന കമ്പനി ആയത് വിപണിയിൽ എത്തിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലാബുകളിൽ പരിശോധന നടത്താറുമുണ്ട്. ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യവില്പന ഉറപ്പുവരുത്താൻ കഴിയുന്നവിധത്തിൽ "കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് 2021" രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല മത്സ്യഗുണനിലവാര പരിപാലന കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ച് നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരമുള്ള പരിശോധനകൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത പരിശോധനയ്ക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കുമോ; ഇത്തരത്തിൽ 2022 ജനുവരി മുതൽ നാളിതുവരെയായി നടത്തിയ പരിശോധനകൾ, കണ്ടെത്തലുകൾ, സ്വീകരിച്ച നടപടികൾ എന്നിവ ജില്ലതിരിച്ച് വ്യക്തമാക്കുമോ?

ഭക്ഷ്യ സുരക്ഷാവകുപ്പിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ 140 ഭക്ഷ്യ സുരക്ഷാ സർക്കിൾ ഓഫീസുകളാണ് നിലവിലുള്ളത്. ഈ ഭക്ഷ്യ സുരക്ഷാ ഓഫീസർമാരെ ഉൾപ്പെടുത്തി പരിശോധനകളുടെ ഭാഗമായി ജില്ലാടിസ്ഥാനത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി

വരുന്നു. ആയതിന്റെ സംസ്ഥാനതലത്തിലുള്ള മേൽനോട്ടത്തിനായി ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ എൻഫോഴ്സ്മെന്റും, ജില്ലാതലത്തിൽ 14 ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാരുമാണ് നിലവിലുള്ളത്. പ്രസ്തുത പരിശോധനയ്ക്കായി ഫിഷറീസ് വകുപ്പ് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും കണ്ടെത്തലുകൾ/സ്വീകരിച്ച നടപടികൾ എന്നിവ അനുബന്ധമായി ചേർക്കുന്നു.[1]

(ഇ) ഇവർ വീണ്ടും സമാനമായ കുറ്റകൃത്യം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിക്കുന്ന നടപടി എന്താണെന്ന് വിശദമാക്കുമോ?

ഒരിക്കൽ കുറ്റകൃത്യത്തിൽ ഏർപ്പെട്ട വ്യക്തികളോ സ്ഥാപനങ്ങളോ വീണ്ടും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നില്ലായെന്ന് ഉറപ്പാക്കുന്നതിനായി സംസ്ഥാന വ്യാപകമായി നിരന്തരം പരിശോധനകൾ നടത്തിവരുന്നു.

മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ സ്പോർട്ട്സ് കോപ്ലക്സ്

1 നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

428 (1703) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ അന്തർദേശീയ നിലവാരത്തിലുള്ള സ്പോർട്ട്സ് കോപ്ലക്സ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) 2022-23 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച മൂന്നാറിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംങ് സെന്റർ പ്രൊഫഷണൽ സ്പോർട്സ് പരിശീലനത്തിനുവേണ്ടിയും അതോടൊപ്പം അതിന്റെ സാമ്പത്തിക സുസ്ഥിരത ഉറപ്പുവരുത്തുന്ന രീതിയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന തരത്തിൽ ഒരു സുപ്രധാന ടൂറിസം ഡെസ്റ്റിനേഷൻ കൂടിയായ മൂന്നാറിൽ റിക്രിയേഷൻ സ്പോർട്സിനുകൂടി ഊന്നൽ നൽകികൊണ്ടുള്ള സൗകര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ ഡിസൈൻ പൂർത്തിയാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പുറത്തൂർ പഞ്ചായത്തിൽ ഫിഷ് ലാന്റിംഗ് സെന്റർ

429 (1704) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ നിയോജകമണ്ഡലത്തിലെ പുറത്തൂർ പഞ്ചായത്തിൽ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(എ&ബി) ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ച 4.93 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ) പരിശോധിച്ചുവരുന്നു. പ്രസ്തുത വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ)-ക്ക് സ്റ്റേറ്റ് ലെവൽ അപ്രൂവൽ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി (SLAMC)-യുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് PMMSY പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്.

പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണം

430 (1705) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള പാറശ്ശാല നിയോജകമണ്ഡലത്തിലെ പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 535.77 ലക്ഷം രൂപ അടങ്കൽ തുകയിൽ പാറശ്ശാല നിയോജകമണ്ഡലത്തിലെ പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണപ്രവൃത്തി നടപ്പാക്കുന്നതിനായി കിഫ്ബി അംഗീകാരം 15-03-2022-ൽ ലഭ്യമായിരുന്നു. ടി പ്രവൃത്തിയ്ക്ക് 23-09-2022-ൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചു. നിലവിൽ പാക്കേജ് അപ്രൂവലിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു. പാക്കേജ് അപ്രൂവൽ ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പനച്ചമൂട് മത്സ്യ മാർക്കറ്റിൽ എന്തൊക്കെ നവീകരണപ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും

ഇതിലേയ്ക്കായി എത്ര തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പനച്ചമൂട് മത്സ്യ മാർക്കറ്റിൽ 2,130 ചതുരശ്രമീറ്റർ വിസ്തൃതിയിൽ ഒരു ഇരുനില കെട്ടിടം നിർമ്മിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. മത്സ്യ മാർക്കറ്റ് കെട്ടിടത്തിൽ മത്സ്യസ്റ്റാളുകൾ, ലേല ഹാൾ, ഫുഡ് & സേഫ്റ്റി ഓഫീസ്, സെക്യൂരിറ്റി റൂം, പ്രിപറേഷൻ റൂം, ടോയ്ലറ്റുകൾ എന്നിവ ഉൾപ്പെടുത്തുന്നതാണ്. ടി പദ്ധതിയ്ക്കായി 535.77 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്.

(സി) 2016 മുതൽ 2022 കാലയളവ് വരെ പാറശ്ശാല നിയോജക മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പുനടപ്പിലാക്കിയ പദ്ധതികളും നടപ്പിലാക്കിവരുന്ന പദ്ധതികളും നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളും വിശദമാക്കാമോ?

വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	നടപ്പിലാക്കിയ പദ്ധതികൾ	അടങ്കൽ തുക (ലക്ഷത്തിൽ)	നടപ്പിലാക്കിയ ഏജൻസി/ ഡിപ്പാർട്ട്മെന്റ്
1	'ഗിഫ്റ്റ്' ഹാച്ചറി, നെയ്യാർ ഡാം	500.00	കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ
2	നാഷണൽ ഫിഷ് സീഡ് ഫാം	344.00	ഹാർബർ

	വികസനം, നെയ്യാർ ഡാം (ഫേസ് I)		എഞ്ചിനീയറിംഗ് വകുപ്പ്
3	അക്വാകൾച്ചർ ട്രെയിനിംഗ് സെന്റർ, നെയ്യാർ ഡാം	320.00	ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
4	അഡീഷണൽ ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ്, നാഷണൽ ഫിഷ് സീഡ് ഫാം, നെയ്യാർ ഡാം (ഫേസ് III)	746.00	ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
5	റിനോവേഷൻ ഓഫ് ഓർണമെന്റൽ ഹബ് നം.6,7&8, നെയ്യാർ ഡാം	124.30	കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ
6	ലൈവ് ഫീഡ് യൂണിറ്റ് എസ്റ്റാബ്ലിഷ്മെന്റ്, നെയ്യാർ ഡാം	25.00	ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
7	ലൈറ്റ് അറേഞ്ച്മെന്റ്, എയ്റേഷൻ ഇൻസ്റ്റലേഷൻ - ഓർണമെന്റൽ ഹബ് നം.6,7&8, നെയ്യാർ ഡാം	95.00	ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
8	പനച്ചമൂട് മത്സ്യ മാർക്കറ്റ് നിർമ്മാണം	535.77	കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ

കൂടാതെ, മത്സ്യകൃഷി വികസനത്തിന്റെ ഭാഗമായി മത്സ്യവിത്ത് പരിപാലന യൂണിറ്റ്, പൊതുകുളങ്ങളിലെ മത്സ്യവിത്ത് നിക്ഷേപം, അർദ്ധ ഊർജ്ജിത ശാസ്ത്രീയ മത്സ്യകൃഷി, പടുത കുളങ്ങളിലെ മത്സ്യകൃഷി, ബയോഫ്ളോക്ക് മത്സ്യകൃഷി-ശുദ്ധജലം, റീ സർക്കുലേറ്ററി അക്വാകൾച്ചർ

സിസ്റ്റം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതും, മുറ്റത്തൊരു മീൻതോട്ടം, അലങ്കാര മത്സ്യകൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നതുമാണ്.

നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ

1. തദ്ദേശീയ മത്സ്യഇനങ്ങളായ വരാൽ, കരിമീൻ, അനബാസ് എന്നിവയുടെ മത്സ്യക്കുഞ്ഞുല്പാനം.
2. നെയ്യാർ ഡാം നാഷണൽ ഫിഷ് സീഡ് ഫാമിൽ അലങ്കാര ഹബ്ബുകളായ 1 മുതൽ 5 വരെയുള്ളവയുടെ പുനർനിർമ്മാണം/ റിനോവേഷൻ.
3. അപ്രതീക്ഷിതമായി ഉണ്ടാകുന്ന വെള്ളപ്പൊക്ക ഭീഷണി തടയുന്നതിന് അനുയോജ്യമായ ഡ്രെയിനേജ് കനാൽ സിസ്റ്റം പണിയുക.

മേൽപദ്ധതികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്/കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

മത്സ്യ മാർക്കറ്റുകളുടെ നവീകരണം

431 (1706) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേന ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ, ചാത്തന്നൂർ, പാരിപ്പള്ളി, കൊട്ടിയം എന്നിവിടങ്ങളിലെ മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഫിഷറീസ് വകുപ്പ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ചാത്തന്നൂർ മണ്ഡലത്തിലെ ചാത്തന്നൂർ, പാരിപ്പള്ളി, കൊട്ടിയം എന്നിവിടങ്ങളിലെ മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് കിഫ്ബിയുടെ പുതുക്കിയ ഫണ്ടിംഗ് അനുമതി യഥാക്രമം 15-03-2022,08-02-2022, 08-02-2022 എന്നീ തീയതികളിൽ ലഭിച്ചിട്ടുണ്ട്. പരവൂർ മത്സ്യമാർക്കറ്റ് നവീകരണത്തിനായി ഡി.എസ്.ആർ. റേറ്റ് റിവിഷൻ പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിലേയ്ക്ക് ഫണ്ടിംഗ് അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.+

കണ്ണൂർ ജില്ലയിലെ ആധുനിക മത്സ്യമാർക്കറ്റുകളുടെ പ്രവൃത്തി

432 (1707) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതുക്കിയ എസ്റ്റിമേറ്റുകൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമായ കണ്ണൂർ ജില്ലയിലെ കണ്ണപുരം, പഴയങ്ങാടി എന്നീ ആധുനിക മത്സ്യമാർക്കറ്റുകളുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

പുതുക്കിയ എസ്റ്റിമേറ്റുകൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമായ കണ്ണൂർ ജില്ലയിലെ കണ്ണപുരം, പഴയങ്ങാടി എന്നീ ആധുനിക മത്സ്യമാർക്കറ്റുകളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

ക്രമനം.	പദ്ധതി	അടങ്കൽ തുക (ലക്ഷത്തിൽ)	നിലവിലെ സ്ഥിതി
1	കണ്ണപുരം മത്സ്യമാർക്കറ്റ് നിർമ്മാണം	116.916	പദ്ധതി നടപ്പിലാക്കുന്നതിനായി റയിൽവേയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചതിന്റെയടിസ്ഥാനത്തിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
2	പഴയങ്ങാടി മത്സ്യമാർക്കറ്റ് നിർമ്മാണം	142.22	കെട്ടിടാനുമതിയ്ക്കായിട്ടുള്ള സി.ആർ. ഇസഡ് ക്ലിയറൻസിനായി പുതുക്കിയ ഡ്രോയിംഗ് തയ്യാറാക്കി വരുന്നു.

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ക്ലിയറൻസുകൾ ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തിയ്ക്കായി സാങ്കേതികാനുമതി നൽകി കിഫ്ബിയുടെ മാനദണ്ഡങ്ങൾ പാലിച്ച് നിർമ്മാണം ആരംഭിക്കുന്നതാണ്.

തീരക്കടലിലെ വിദേശ ട്രോളറുകളുടെ മത്സ്യബന്ധനം

433 (1708) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ ട്രോളറുകൾക്ക് കേന്ദ്രസർക്കാർ നൽകിയ അനുമതിയുടെ ബലത്തിൽ തീരക്കടലിലും കപ്പലുകൾ മത്സ്യ ബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുതടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൊടുവള്ളിയിലെ " ഒരു നിയോജകമണ്ഡലത്തിൽ ഒരു കളിസ്ഥലം " പദ്ധതി

434 (1709) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

'ഒരു നിയോജകമണ്ഡലത്തിൽ ഒരു കളിസ്ഥലം' എന്ന പദ്ധതി പ്രകാരം കൊടുവള്ളി നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ട കളിസ്ഥലം സംബന്ധിച്ച് വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

കൊടുവള്ളി നിയോജകമണ്ഡലത്തിലെ ഓമശ്ശേരി ഇ.കെ.ഉണ്ണി മൊയ്തീൻ സ്മാരക മിനി സ്റ്റേഡിയം 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കളിക്കളം നിർമ്മാണത്തിനായി പദ്ധതി മാർഗ്ഗരേഖയിൽ പറയുംപ്രകാരമുള്ള എം.എൽ.എ./എ.ഡി.എഫ്. വിഹിതം ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പയ്യന്നൂർ മണ്ഡലത്തിലെ ചൂണ്ട സ്കൂൾ ഗ്രൗണ്ട് നവീകരണം

435 (1710) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചൂണ്ട സ്കൂൾ ഗ്രൗണ്ട് നവീകരണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ബഡ്ജറ്റിൽ തുക നീക്കി വച്ച പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമാക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ?

(എ-ഡി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ചൂണ്ട സ്കൂൾ ഗ്രൗണ്ട് നവീകരണ പ്രവൃത്തിയ്ക്കായി 3 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബജറ്റിൽ തുക നീക്കി വച്ചിട്ടുള്ള പ്രവൃത്തികളുടെ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് അവ പരിശോധിച്ച് കാലതാമസം കൂടാതെ സർക്കാർ ഭരണാനുമതി നൽകി വരുന്നുണ്ട്.

പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണം

436 (1711) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പയ്യന്നൂർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 05-02-2022-ൽ പദ്ധതിയുടെ എസ്.പി.വി ആയ കിറ്റ്കോയുമായി M/s.ലീ ബിൽഡേഴ്സ് കരാറിലേർപ്പെട്ടിരുന്നു. പ്രസ്തുത കരാറിലെ പൂർത്തീകരണ കാലാവധി 12 മാസമായിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി ടി കാലയളവിൽ പൂർത്തീയാകാത്തതിനാൽ കരാറുകാരന്റെ അപേക്ഷ പ്രകാരം നിലവിലെ വ്യവസ്ഥകൾക്കനുസൃതമായി കിറ്റ്കോ പ്രവൃത്തി പൂർത്തീകരണകാലാവധി 05-01-2023 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 28-06-2022-ൽ ചേർന്ന മന്ത്രിതലയോഗ തീരുമാനപ്രകാരം ടി പ്രവൃത്തി 30-01-2023-നകം പൂർത്തീകരിച്ച് കൈമാറ്റം ചെയ്യുന്നതിനായി കിറ്റ്കോയ്ക്ക് അടിയന്തിര നോട്ടീസ് നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികളാണ് നടന്നുവരുന്നത്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി നിലവിൽ നിർത്തിവെച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

(ബി&സി) ഉണ്ട്. നിർവ്വഹണഘട്ടത്തിൽ പ്രസ്തുത സ്ഥലത്തെ മണ്ണിന്റെ ഉറപ്പിനെ സംബന്ധിച്ച് കിറ്റ്കോയ്ക്ക് സംശയം തോന്നിയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തുന്നതിനും ഡിസൈൻ റിവൈസ് ചെയ്യുന്നതിനും കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കൺസൾട്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് ഡിസൈൻ തയ്യാറാക്കി അംഗീകാരം നേടിയശേഷം മാത്രമെ പ്രവൃത്തി തുടരാൻ കഴിയൂയെന്നും കിറ്റ്കോ അറിയിച്ചിട്ടുണ്ട്.

(ഡി) ഇത്തരം നിർമ്മാണപ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി വകുപ്പിന്റെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ ചേരാറുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കിഫ്ബി പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി വകുപ്പിന്റെ നേതൃത്വത്തിൽ അവലോകനയോഗങ്ങൾ ചേരാറുണ്ട്.

കൈപ്പറമ്പ് മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിലെ മേപ്പിൾ വുഡ് ഫ്ലോറിംഗ്

437 (1712) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിൽ മേപ്പിൾ വുഡ് ഫ്ലോറിംഗ് നടത്തുന്നതുസംബന്ധിച്ച പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിലെ മേപ്പിൾ വുഡ് ഫ്ളോറിംഗ് ചെയ്യുന്ന പ്രവൃത്തിക്ക് 26,30,000/-രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന രണ്ടു തവണ ടെണ്ടർ ചെയ്തിരുന്നുവെങ്കിലും ടെണ്ടറിൽ കരാറുകാർ ക്വാട്ട് ചെയ്ത അധികനിരക്ക് നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിക്കുവാൻ കഴിയുന്ന നിരക്കിനേക്കാൾ അധികരിച്ചതിനാൽ ദർഘാസ് അംഗീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

ഇറക്കുമതി ചെയ്യുന്ന മേപ്പിൾവുഡ് മെറ്റീരിയലിന്റെ നിരക്ക് ഡോളർ നിരക്കിന്റെ വ്യതിയാനമനുസരിച്ച് വർദ്ധിച്ചതായിരുന്നു മാർക്കറ്റ് നിരക്ക് വർദ്ധിക്കാൻ കാരണം. മേപ്പിൾവുഡിന് പകരമായി ഇന്ത്യൻ നിർമ്മിതമായ റബ്വുഡ് ഉപയോഗിച്ച് സ്പോർട്സ് ഫ്ളോറിംഗ് ചെയ്യുന്നതിനുള്ള സാധ്യത കണക്കിലെടുത്തും M/s.റബ്കോയിൽനിന്നും പ്രൊപ്പോസൽ വാങ്ങുകയും ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ടി സ്റ്റേഡിയത്തിൽ റബ്വുഡ് ഉപയോഗിച്ച് ഫ്ലോറിംഗ് ചെയ്യുന്നതിനായി 33,30,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തതാണ്. എന്നാൽ റബ്വുഡ് ഉപയോഗിച്ചുള്ള സ്പോർട്സ് ഫ്ലോറിംഗിന് അന്താരാഷ്ട്ര അസോസിയേഷനുകളുടെ അംഗീകാരം ലഭ്യമാക്കുന്നതിൽ റബ്കോയുടെ ഭാഗത്തുനിന്ന് കാലതാമസമുണ്ടായി. മാത്രവുമല്ല റബ്കോ ആവശ്യപ്പെട്ട നിരക്ക് ഏറെക്കുറെ മേപ്പിൾവുഡ് നിരക്കിനോടടുത്തുള്ള ഒരു നിരക്കുമായിരുന്നതിനാൽ നിലവിലെ മാർക്കറ്റ് നിരക്ക് പരിശോധിച്ച് മേപ്പിൾവുഡ് ഫ്ലോറിംഗ് തന്നെ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയം നിർമ്മാണം

438 (1713) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽപ്പെടുന്ന ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയ നിർമ്മാണത്തിനും അനുബന്ധ പ്രവൃത്തിക്കുമായി എത്ര രൂപയുടെ പദ്ധതിക്കാണ് കിഫ്ബി അംഗീകാരം നൽകിയത്; പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏത് ഏജൻസിക്കാണ് നൽകിയിരിക്കുന്നത് എന്നറിയിക്കാമോ?

ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് 8.62 കോടി രൂപയുടെ അംഗീകാരമാണ് കിഫ്ബി നൽകിയിരിക്കുന്നത്. പദ്ധതിയുടെ നടത്തിപ്പ് ചുമതല എസ്.പി.വി ആയ കിറ്റ്കോയ്ക്കാണ് നൽകിയിരിക്കുന്നത്.

(ബി) സ്റ്റേഡിയം നിർമ്മാണം മന്ദഗതിയിലായതിന്റെ കാരണം വെളിപ്പെടുത്താമോ; ഇനിയും എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത്; ഈ പ്രവൃത്തി നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

2018-ൽ സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും നൽകിയെങ്കിലും മുൻസിപ്പാലിറ്റിയും കായികയുവജനകാര്യാലയവും തമ്മിലുള്ള എം.ഒ.യു. ഒപ്പിടാത്തതുകൊണ്ട് ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ല. ഫുട്ബോൾ മൈതാനം, ഇറിഗേഷൻ സിസ്റ്റം, നിലവിലുള്ള കടമുറികൾ പ്ലേയേഴ്സ് റൂം ആക്കി മാറ്റുക, ഫെൻസിംഗ്, വാട്ടർസപ്ലൈ ആൻഡ് സാനിട്ടറി വർക്ക്സ്, ഇലക്ട്രിക്കൽ വർക്സ്, എന്നിവ ഒന്നാം പാക്കേജായും എട്ടുവരി 400 എം സിന്തറ്റിക് അത്ലറ്റിക് ട്രാക്ക് രണ്ടാം പാക്കേജായും പദ്ധതിയിലുൾക്കൊള്ളിച്ചിട്ടുണ്ട്. 27-01-202-ൽ എം.ഒ.യു ഒപ്പിടുകയും തുടർന്ന് പുതുക്കിയ സാങ്കേതികാനുമതി 10-01-202-ൽ ലഭിക്കുകയും ചെയ്തു. ആദ്യഘട്ട നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ടെണ്ടർ അക്സെപ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരം ഉൾപ്പെടെ കിഫ്ബിയിൽ സമർപ്പിച്ച പ്രൊപ്പോസൽ കിഫ്ബി പരിശോധിച്ച് അംഗീകാരം നൽകിയിട്ടുണ്ട്. കിറ്റ്കോ തയ്യാറാക്കിയ 8.62 കോടി രൂപ അടങ്കൽവരുന്ന എസ്റ്റിമേറ്റ് 2016 ഡി.എസ്.ആർ. നിരക്കനുസരിച്ചുള്ളതായിരുന്നു. ആയതുപ്രകാരം ടിഎസ് ടെണ്ടർ നടപടികൾ മുനിസിപ്പാലിറ്റിയിൽനിന്നും എം.ഒ.യു. ഒപ്പിട്ടു ലഭിക്കാൻ വൈകിയതും റേറ്റിലുണ്ടായ റിവിഷനും കാരണം ടെണ്ടർ നടപടികൾ

പൂർത്തിയാക്കിയിട്ടില്ല. പിന്നീട് 2018 ഡി.പി.ആർ. അനുസരിച്ച് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ പദ്ധതി തുക 8.62 കോടി രൂപയിൽ നിന്ന് 10.74 കോടി രൂപയായി വർദ്ധിച്ചു. ഇതിന് കിഫ്ബിയുടെ പുതുക്കിയ അനുമതി ആവശ്യമായി വരികയുണ്ടായി. പുതുക്കിയ അനുമതിപ്രകാരം സിവിൽ പ്രവർത്തികളുടെ 4.01 കോടി രൂപ അടങ്കൽ വരുന്ന ടെണ്ടർ അംഗീകരിച്ച് കരാറുകാരന് അറിയിപ്പ് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തികരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അവലോകനയോഗങ്ങൾ നടത്തി. നിലവിലെ പ്രശ്നങ്ങൾ പരിഹരിച്ച് പ്രവൃത്തി അടിയന്തരമായി പൂർത്തികരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

പൊഴിയൂർ സ്റ്റേഡിയം നിർമ്മാണം

439 (1714) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ സ്റ്റേഡിയം നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ആർക്കാണ് സ്റ്റേഡിയത്തിന്റെ നിർമ്മാണകരാർ എത്ര കോടി രൂപയ്ക്കാണ് നൽകിയതെന്നും വിശദമാക്കാമോ;

(സി) നിർമ്മാണ പ്രവൃത്തി വൈകിപ്പിച്ചതിന് കരാറുകാരന്റെ പേരിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

(എ-സി) നെയ്യാറ്റിൻകര ളളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ സ്റ്റേഡിയം നിർമ്മാണത്തിനായി 1,46,60,746/-രൂപയുടെ കരാർ M/s.Tahdcos ലിമിറ്റഡ് (സ്റ്റേറ്റ് അഗ്രി ഹോർട്ടി സൊസൈറ്റി), എന്ന കമ്പനിക്കാണ് നൽകിയിരുന്നത്. കരാർ കമ്പനിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ് പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം വൈകിയതിന് കാരണം. ആകയാൽ കരാർ, കരാറുകാരന്റെ പൂർണ്ണ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്തിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി പുനർദർഘാസ് ക്ഷണിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി

440 (1715) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയിലുൾപ്പെടുത്തി കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ മണിമല പഞ്ചായത്തിലെ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ മണിമല പഞ്ചായത്ത് സ്റ്റേഡിയം 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയുടെ ആദ്യഘട്ടത്തിലുൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കളിക്കളം നിർമ്മാണത്തിനായി പദ്ധതി മാർഗ്ഗരേഖയിൽ പറയുംപ്രകാരമുള്ള എം.എൽ.എ. ഫണ്ട് വകയിരുത്തുന്നതായി കാണിച്ചുകൊണ്ടുള്ള കത്ത് എം.എൽ.എ.-യിൽനിന്നോ ബന്ധപ്പെട്ട ജില്ലാ കളക്ടറിൽനിന്നോ ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏത് ഏജൻസിക്കാണെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല കായിക യുവജനകാര്യാലയത്തിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷനാണ്.

(സി) ആയതിലേക്കുള്ള അന്തിമ എസ്റ്റിമേറ്റ് പൂർത്തിയാക്കിയിട്ടുണ്ടോ; എന്തൊക്കെ ഘടകങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും എസ്റ്റിമേറ്റ് എന്നത്തേയ്ക്ക് പൂർത്തിയാക്കി സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

ഇല്ല. പ്രസ്തുത കളിക്കളം നിർമ്മാണത്തിനായി പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം പദ്ധതിയിലുൾപ്പെടുത്താവുന്ന സൗകര്യങ്ങൾ ചുവടെ പറയുന്നവയാണ്.

എ. മൾട്ടി ഗെയിമുകൾക്കായി കളിക്കുന്ന കോർട്ടുകൾ: ഫുട്ബോൾ വോളിബോൾ, ബാസ്ക്കറ്റ്ബോൾ തുടങ്ങിയ പ്രദേശത്തെ ജനപ്രിയ ഗെയിമുകൾ പരിഗണിച്ചാണിവ നൽകുന്നത്. ലഭ്യമായ ഭൂമിയുടെ ആകെ വ്യാപ്തിയും പരിഗണിക്കുന്നതാണ്.

ബി. ഫുട്ബോൾ ടർഫുകളും, സിന്തറ്റിക് കോർട്ടുകളും: പ്രാദേശിക ഡിമാൻഡ് /ആവശ്യകത, ഫണ്ട് ലഭ്യത എന്നിവയെ ആശ്രയിച്ച് ഫുട്ബോൾ ടർഫ് സിന്തറ്റിക് കോർട്ടുകൾ അല്ലെങ്കിൽ മൾട്ടി സ്പോർട്സ്, അരീന എന്നിവ പദ്ധതിയിലുൾപ്പെടുത്താവുന്നതാണ്.

സി. ഇൻഡോർ കോർട്ടുകൾ: ബാഡ്മിന്റണിനും സമാനമായ ഗെയിമുകൾക്കുമുള്ള ഇൻഡോർ കോർട്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

ഡി. ഫിറ്റ്നസ് പവലിയൻ അല്ലെങ്കിൽ ഓപ്പൺ ജിം: ഫിറ്റ്നസ് പവലിയനിൽ കാർഡിയാക് എക്സർസൈസ്, സ്ട്രംഗ്ത് & കണ്ടീഷനിംഗ്, സ്ട്രെച്ചിംഗ് എക്സർസൈസ് തുടങ്ങിയ വ്യായാമങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു തുറന്ന അല്ലെങ്കിൽ സെമി കവേർഡ് ഏരിയലുൾപ്പെടുത്താവുന്നതാണ്. ഇതുകൂടാതെ യോഗാ, എയറോബിക് വ്യായാമങ്ങൾക്കും മറ്റും കവർ ചെയ്ത പവലിയനുകളും നൽകാം.

ഇ. ടോയ്ലെറ്റുകളും, വസ്ത്രം മാറുന്ന മുറികളും/കഫ്റ്റീരിയ: ഏരിയ കുറഞ്ഞ വശ്യ ടോയ്ലെറ്റ് സൗകര്യങ്ങളും വസ്ത്രം മാറുന്ന മുറികളും പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

എഫ്. വൈദ്യുതീകരണം: രാത്രിയിലും ഗ്രൗണ്ട് പ്രയോജനപ്പെടുത്തുന്നതിന് കളിക്കളത്തിന് ഏറ്റവും കുറഞ്ഞ അവശ്യ വെളിച്ചം നൽകേണ്ടതുണ്ട്. എം.എൽ.എ.ഫണ്ട് അലോക്കേഷൻ ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി

441 (1716) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കായിക വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) ജനകീയ ധനസമാഹരണത്തിലൂടെ സ്ഥലം വിലകൊടുത്ത് വാങ്ങി സർക്കാറിന് കൈമാറുകയും 2022-23 വർഷത്തെ ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തുകയും ചെയ്ത ചെറുവാഞ്ചേരി സ്റ്റേഡിയ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

(എ&ബി) കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കുന്നോത്ത്പറമ്പ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായുള്ള ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികളും പൂർത്തിയായിട്ടുണ്ട്. 2022 ഡിസംബർ മാസത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. 2022-23 വർഷത്തെ ബജറ്റിലെ ക്രമനം.219 പ്രകാരം ഉൾപ്പെട്ട

ചെറുവാഞ്ചേരി സ്റ്റേഡിയം നിർമ്മാണത്തിന്റെ മുന്നോടിയായി സ്ഥലം സർവ്വേ നടത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ ഇരുഭാഗത്തുമുള്ള അതിരുകൾ തമ്മിൽ ഏകദേശം 20 മീറ്റർ ഉയരവ്യത്യാസമുണ്ട്. ഇവിടെ നിരപ്പാക്കി ഒരു ഗ്രൗണ്ട് നിശ്ചിത തുകയിൽ പരിമിതപ്പെടുത്തി നിർമ്മിക്കുന്നതിന് വിവിധ സാധ്യതകൾ മാറി മാറി പരിശോധിച്ച് എസ്റ്റിമേറ്റിന്റെ അന്തിമ രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്വീകരിച്ചുവരികയാണ്. ആയത് സമർപ്പിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കുന്നോത്തുപറമ്പ് ഇൻഡോർ സ്റ്റേഡിയ നിർമ്മാണപുരോഗതി വിശദമാക്കുമോ?

കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കുന്നോത്തുപറമ്പ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും, പഞ്ചായത്തുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുമുള്ളതാണ്. സാങ്കേതികാനുമതി ലഭിക്കുന്നമുറയ്ക്ക് 2022 ഡിസംബറിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതാണ്.

പട്ടാമ്പി നിയോജകമണ്ഡലത്തിലെ കായിക സ്റ്റേഡിയങ്ങൾ

442 (1717) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിൽ 2016-2021 കാലയളവിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും അനുവദിച്ച സ്റ്റേഡിയങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം നൽകാമോ;

(ബി) പ്രസ്തുത സ്റ്റേഡിയങ്ങളുടെ നിലവിലെ സ്ഥിതി നിർവ്വഹണ ഏജൻസിയുടെ വിവരം സഹിതം നൽകാമോ?

(എ&ബി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പട്ടാമ്പി മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പട്ടാമ്പി നിയോജകമണ്ഡലത്തിൽ 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയിൽ വിളയൂർ ഗ്രാമപഞ്ചായത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണഏജൻസി സ്പോർട്സ് കേരള ഫൗണ്ടേഷനാണ്.

കായിക വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെയും താൽക്കാലിക നിയമനങ്ങൾ

443 (1718) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പിലും, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും മേൽപ്പറഞ്ഞ പ്രകാരം നിയമതിരായവർക്ക് വേതനവും മറ്റു ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഓഫീസുകളിൽ ആകെ 168 പേർക്ക് താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.[+]

(ബി) പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയവ എത്ര; മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാർഗ്ഗമേതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയതെന്നുമുള്ള വിശദാംശം നൽകുമോ?

പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള കാസർഗോഡ് ജില്ലാ സ്പോർട്സ് കൗൺസിലിൽ ക്ലർക്ക് കം ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. മറ്റുള്ള തസ്തികകളിൽ നോട്ടിഫിക്കേഷൻ ക്ഷണിച്ച് യോഗ്യതയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത്. പ്രത്യേക ഏജൻസി മുഖേന നിയമനങ്ങൾ നടത്തിയിട്ടില്ല.

അഴിക്കോട് മണ്ഡലത്തിലെ ജിംനേഷ്യം പദ്ധതി

444 (1719) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് മണ്ഡലത്തിലെ വൻകുളത്ത് വയലിൽ ആധുനിക ജിംനേഷ്യം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയെന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ?

(എ-സി) അഴിക്കോട് വൻകുളത്ത് വയലിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ആധുനിക ജിം പദ്ധതിയ്ക്കായി സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി

445 (1720) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടിട്ടുള്ള ഇരട്ടയാർ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കളിക്കളം നിർമ്മാണത്തിനായി

പദ്ധതി മാർഗ്ഗരേഖയിൽ പറയുംപ്രകാരമുള്ള എം.എൽ.എ. ഫണ്ട് വകയിരുത്തുന്നതായി കാണിച്ചുകൊണ്ടുള്ള കത്ത് എം.എൽ.എ.-യിൽ നിന്നോ ബന്ധപ്പെട്ട ജില്ലാകളക്ടറിൽനിന്നോ ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് സ്റ്റേഡിയം നിർമ്മാണത്തിലുൾപ്പെടുത്താൻ കഴിയുക; വിശദാംശം നൽകാമോ;

പ്രസ്തുത പദ്ധതിയിൽ 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയുടെ മാർഗ്ഗനിർദ്ദേശപ്രകാരം ചുവടെപ്പറയുന്ന സൗകര്യങ്ങൾ ഉൾപ്പെടുത്താവുന്നതാണ്. മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേകോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം, വോളിബോൾ കളിക്കാനുള്ള കോർട്ടുകൾ, ബാസ്ക്കറ്റ് ബോൾ കോർട്ട്, ഓപ്പൺ ജിംനേഷ്യം, നടപ്പാത, ടോയ്ലെറ്റുകൾ, വസ്ത്രം മാറുന്ന മുറികൾ, കോഫിഷോപ്പ് തുടങ്ങിയ സൗകര്യങ്ങൾ ലേഔട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഏകദേശം ഒരേക്കർ വിസ്തൃതിയുള്ള തുറസായ സ്ഥലത്താണ് സൗകര്യങ്ങൾ നിർദ്ദേശിക്കുന്നത്.

എ. മൾട്ടി ഗെയിമുകൾക്കായി കളിക്കുന്ന കോർട്ടുകൾ: ഫുട്ബോൾ വോളിബോൾ, ബാസ്ക്കറ്റ്ബോൾ തുടങ്ങിയ പ്രദേശത്തെ ജനപ്രിയ ഗെയിമുകൾ പരിഗണിച്ചാണിവ നൽകുന്നത്. ലഭ്യമായ ഭൂമിയുടെ ആകെ വ്യാപ്തിയും പരിഗണിക്കുന്നതാണ്.

ബി. ഫുട്ബോൾ ടർഫുകളും, സിന്തറ്റിക് കോർട്ടുകളും: പ്രാദേശിക ഡിമാൻഡ് /ആവശ്യകത, ഫണ്ട് ലഭ്യത എന്നിവയെ ആശ്രയിച്ച് ഫുട്ബോൾ ടർഫ് സിന്തറ്റിക് കോർട്ടുകൾ അല്ലെങ്കിൽ മൾട്ടി സ്പോർട്സ്, അരീന എന്നിവ പദ്ധതിയിലുൾപ്പെടുത്താവുന്നതാണ്.

സി. ഇൻഡോർ കോർട്ടുകൾ: ബാഡ്മിന്റണിനും സമാനമായ ഗെയിമുകൾക്കുമുള്ള ഇൻഡോർ കോർട്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

ഡി. ഫിറ്റ്നസ് പവലിയൻ അല്ലെങ്കിൽ ഓപ്പൺ ജിം: ഫിറ്റ്നസ് പവലിയനിൽ കാർഡിയാക് എക്സർ.സൈസ്, സ്ട്രംഗ്ത് & കണ്ടീഷനിംഗ്, സ്ട്രെച്ചിംഗ് എക്സർസൈസ് തുടങ്ങിയ വ്യായാമങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു ഇറന്ന അല്ലെങ്കിൽ സെമി കവേർഡ് ഏരിയ ഉൾപ്പെടുത്താവുന്നതാണ്. ഇതുകൂടാതെ യോഗാ, എയറോബിക് വ്യായാമങ്ങൾക്കും മറ്റും കവർ ചെയ്ത പവലിയനുകളും നൽകാം.

ഇ. ടോയ്ലെറ്റുകളും, വസ്ത്രം മാറുന്ന മുറികളും/കഫ്റ്റീരിയ: ഏരിയ കുറഞ്ഞ അവശ്യ ടോയ്ലെറ്റ് സൗകര്യങ്ങളും വസ്ത്രം മാറുന്നമുറികളും പദ്ധതിയിലുൾപ്പെടുത്താവുന്നതാണ്.

എഫ്. വൈദ്യുതീകരണം: രാത്രിയിലും ഗ്രൗണ്ട് പ്രയോജനപ്പെടുത്തുന്നതിന് കളിക്കളത്തിന് ഏറ്റവും കുറഞ്ഞ അവശ്യ വെളിച്ചം നൽകേണ്ടതുണ്ട്.

(സി) പ്രസ്തുത കളിസ്ഥല നിർമ്മാണത്തിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പദ്ധതി മാർഗ്ഗരേഖപ്രകാരം ഒരു പദ്ധതിക്ക് ഒരു കോടി രൂപയാണ് നിർദ്ദേശിക്കുന്നത്. നിലവിൽ പ്രസ്തുത സ്ഥലത്തിന് കളിസ്ഥല നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടില്ല. സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും പരമാവധി 50 ലക്ഷം രൂപയും എം.എൽ.എ.-മാരുടെ ആസ്തി വികസ ഫണ്ട്/എം.പി.ഫണ്ട്/സി.എസ്.ആർ. ഫണ്ടുകൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം എന്നിവയിൽനിന്നും ബാക്കി തുകയും വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ളത്. ഒരു കോടി രൂപയിൽ കുറവ് അടങ്കൽ തുകയാണ് വരുന്നതെങ്കിൽ ആയതിന്റെ 50%-വും ഒരു കോടിയിൽ കൂടുതൽ പദ്ധതി അടങ്കൽ വരുന്ന പദ്ധതികൾക്ക് പരമാവധി 50 ലക്ഷം രൂപയുമാണ് പ്ലാൻ ഫണ്ട് ലഭ്യമാക്കുക.

ബാക്കി വരുന്ന തുക എം. എൽ. എ. ഫണ്ട് ഉൾപ്പടെയുള്ള വിവിധ സ്രോതസ്സുകളിൽനിന്ന് കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

സംസ്ഥാന സിവിൽ സർവ്വീസ് ടൂർണമെന്റ്

446 (1721) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കായി സംഘടിപ്പിക്കുന്ന സംസ്ഥാന സിവിൽ സർവ്വീസ് ടൂർണമെന്റിൽ ഏതൊക്കെ വിഭാഗം ജീവനക്കാരാണ് പങ്കെടുക്കുന്നതെന്ന് വകുപ്പുതിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ?

ഓരോ ജില്ലയെയും പ്രതിനിധീകരിച്ച് സംസ്ഥാന സിവിൽ സർവീസ്സ് ടൂർണമെന്റിൽ പങ്കെടുക്കുന്നത് അതത് ജില്ലാ സ്പോർട്സ് കൗൺസിലുകൾ നടത്തുന്ന മത്സരങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ജീവനക്കാരാണ്. ഏതൊക്കെ വിഭാഗം ജീവനക്കാരാണ് പങ്കെടുക്കുന്നത് എന്നതിന്റെ വകുപ്പു തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല.

(ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ജീവനക്കാർ ഈ ടൂർണ്ണമെന്റിൽ മത്സരിക്കാറുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്

(സി) ഉണ്ടെങ്കിൽ, ടൂർണമെന്റ് സംഘടിപ്പിക്കുന്നതിനും സെലക്ഷനുമായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയിൽ സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ ക്ലബിന്റെ പ്രതിനിധിയെ മാത്രം ഉൾപ്പെടുത്തിയിരിക്കുന്നത് ഏത് മാനദണ്ഡമനുസരിച്ചാണെന്ന് വ്യക്തമാക്കുമോ?

ടൂർണമെന്റ് സംഘടിപ്പിക്കുന്നതിനും സെലക്ഷനും വേണ്ടി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ ഘടന ഇപ്രകാരമാണ്:

1) ഡയറക്ടർ, കായിക യുവജനകാര്യം - ചെയർമാൻ

2) സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ - കൺവീനർ

3) ഡെപ്യൂട്ടി സെക്രട്ടറി, കായിക യുവജനകാര്യം -മെമ്പർ

4) ഓണററി സ്പോർട്സ് ഓഫീസർ, ഗവൺമെന്റ് സെക്രട്ടേറിയറ്റ് -മെമ്പർ

5) കേരള സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷന്റെ ഒരു പ്രതിനിധി - മെമ്പർ

6) ടെക്നിക്കൽ ഓഫീസർ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മെമ്പർ

7) പ്രസ്തുത കായികഇനവുമായി ബന്ധപ്പെട്ട പ്രസിദ്ധനായ ഒരു കായിക താരം -മെമ്പർ

8) ഒരു സീനിയർ കോച്ച് - മെമ്പർ

9) ഏത് ജില്ലയിലാണോ സംസ്ഥാന സിവിൽ സർവീസസ് മത്സരങ്ങൾ നടക്കുന്നത് ആ ജില്ലയിലെ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് - മെമ്പർ

(ഡി) സമാനമായ മറ്റു വകുപ്പുകളിലെ ജീവനക്കാരുടെ സ്പോർട്സ് സംഘടനാ പ്രതിനിധികളെകൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പരിഗണനയിലില്ല.

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ ഭൂമി കൈമാറ്റം

447 (1722) ശ്രീ. എ. കെ. എം അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കുമ്പള കൊയ്പ്പാടി കടപ്പുറം ഗവ. എൽ.പി. സ്കൂളിലെ അടിസ്ഥാന ഭൗതികസൗകര്യം മെച്ചപ്പെടുത്തുന്നതിനും കളിസ്ഥലം ഒരുക്കുന്നതിനും കൂടുതൽ ഭൂമി ആവശ്യമായി വന്നതിനാൽ സ്കൂളിനോട് ചേർന്നുള്ളതും വെറുതെ കിടക്കുന്നതുമായ, ഫിഷറീസ് വകുപ്പിന്റെ ഭൂമി മത്സ്യത്തൊഴിലാളികളുടെ

മക്കൾ മാത്രം പഠിക്കുന്ന പ്രസ്തുത സ്കൂളിന് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിവേദനത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) സ്കൂളിന് പ്രസ്തുത ഭൂമി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സ്കൂൾ അധികൃതർ മഞ്ചേശ്വരം എം.എൽ.എ. മുഖേന നൽകിയ നിവേദനത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച ഫയലിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

നിവേദനത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനം

448 (1723) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ?

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം- I ആയി ചേർക്കുന്നു.+

(ബി) ഫ്ലാറ്റ് സമുച്ചയം മത്സ്യത്തൊഴിലാളികൾക്ക് ഉപയോഗ്യമാക്കുന്നതിന് നിലവിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്തൊക്കെ; ഇതിനായി നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഫിഷറീസ് വകുപ്പിന്റെ 'പുനർഗേഹം' പദ്ധതിയിലുൾപ്പെടുത്തി മണ്ണമ്പുറത്ത് 204 വ്യക്തിഗത ഫ്ലാറ്റുകളുടെ നിർമ്മാണത്തിനാണ് അംഗീകാരം നൽകിയിട്ടുള്ളത്. പ്രസ്തുത ഫ്ലാറ്റിന്റെ വിവിധ ഫേസുകളിൽ റൂഫ് സ്ലാബ് ഷട്ടറിംഗ്, കോളം വർക്ക് എന്നിവ പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ ഫ്ലാറ്റിന്റെ അകത്തും പുറത്തുമുള്ള പ്ലാസ്റ്ററിംഗും നടന്നുവരുന്നു. ഫ്ലാറ്റ് സമുച്ചയം മത്സ്യത്തൊഴിലാളികളിലേയ്ക്ക് ഉപയോഗയോഗ്യമാക്കുന്നതിന് ആവശ്യമായ മറ്റ് ഘടകങ്ങളായ ചുറ്റുമതിൽ നിർമ്മാണം, ഡ്രൈനേജ് സംവിധാനം, കെട്ടിടത്തിന്റെ മുമ്പിലായി ഇന്റർലോക്ക് പാകൽ, റോഡ് ടൈലിംഗ്, പ്ലംബിംഗ്, സെപ്റ്റിക് ടാങ്ക്, സോക്പിറ്റ് നിർമ്മാണം, ആർ.സി.സി ഓവർഹെഡ് ടാങ്ക് നിർമ്മാണം, പമ്പ് ഹൗസ് സർവ്വീസ് കണക്ഷനോടുകൂടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈദ്യുതീകരണം, ട്യൂബ് വെൽ നിർമ്മാണം, മാലിന്യ ട്രീറ്റ്മെന്റ് പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവകൂടി നടപ്പിലാക്കേണ്ടതുണ്ട്. ഇവയിൽ ചുറ്റുമതിൽ നിർമ്മാണം, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഫില്ലിംഗ് എന്നിവ എം.എൽ.എ ഫണ്ട് ഉപയോഗിച്ചും ഡ്രൈനേജ് നിർമ്മാണം, ഇന്റർലോക്ക് പാകൽ, റോഡ് ടൈലിംഗ് എന്നിവ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയും നടപ്പിലാക്കുന്നതിന് ധാരണയായിട്ടുണ്ട്.

(സി) തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തേയ്ക്കുള്ള റോഡ് നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ; പദ്ധതി നടപ്പാക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ?

ദേശീയപാത മുതൽ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ വരെയുള്ള റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിക്കായി 150 ലക്ഷം രൂപയുടെ ഭരണാനുമതി 26-10-2022-ലെ ജി.ഒ.(ആർ.റ്റി)നം. 670/2022/എഫ്&പിഡി പ്രകാരം നൽകിയിട്ടുണ്ട്. **(അനുബന്ധം-II)** റോഡ് അലൈൻമെന്റിലുള്ള NH-ന്റെ അധീനതയിലുള്ള ഭാഗത്തെ Land aquisition-നുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുനർഗേഹം പദ്ധതി

449 (1724) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'പുനർഗേഹം' പദ്ധതിയലുൾപ്പെടുത്തി മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പളയിൽ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പളയിൽ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തിയ്ക്കുള്ള പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കുകയും 23-11-2022-ന് ടെക്നിക്കൽ ബിഡ് തുറന്നു പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഡോക്യുമെന്റ് പരിശോധനാ നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

ഒരു യൂണിറ്റിൽ ഒരു ഫ്ലോറിൽ 8 ഫ്ലാറ്റ് എന്ന കണക്കിൽ (G+2) 3 നിലകളിലായി 24 ഫ്ലാറ്റും, അങ്ങനെയുള്ള 6 യൂണിറ്റുകളിലായി 144

ഫ്ലാറ്റുകളും, ലാൻഡ് ഡെവലപ്മെന്റ്, ഗേറ്റോടുകൂടിയ ചുറ്റുമതിൽ, സെപ്റ്റിക് ടാങ്ക് (6), ബോർവെൽ (1), കിണർ (1), അംഗനവാടിക്ക് കെട്ടിടം എന്നിവ അടങ്ങുന്ന 2,320 ലക്ഷം രൂപയുടെ പദ്ധതിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

പദ്ധതി രണ്ടുവർഷം കൊണ്ട് പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ഉൾനാടൻ മത്സ്യമേഖല ശക്തിപ്പെടുത്തൽ</u>

450 (1725) <u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u>
<u>ശ്രീ. സജീവ് ജോസഫ്:</u>
<u>ഡോ. മാത്യു കുഴൽനാടൻ:</u>
<u>ശ്രീ. ടി.സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സാമ്പത്തിക ഭാവിക്ക് ഉൾനാടൻ മത്സ്യമേഖല നൽകുന്ന ഉത്തേജനം എന്താണെന്ന് വ്യക്തമാക്കുമോ;

സംസ്ഥാനത്ത് ഉൾനാടൻ മത്സ്യമേഖലയുടെ സമഗ്രവികസനത്തിലൂടെ മത്സ്യോല്പാദനം വർദ്ധിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും അതുവഴി കർഷകരുടെ സാമ്പത്തിക ഉന്നമനം സാധ്യമാകുന്നതുമാണ്. ഈ

ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി നടപ്പുസാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 73.3973 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 25 ഇനം കൃഷിരീതികൾ നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യസമ്പദയോജന പദ്ധതിയിലുൾപ്പെടുത്തി 78.90 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികളായ ബയോഫ്ളോക്ക് മത്സ്യകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂട് കൃഷി, കുളങ്ങളിലെ ഓരുജലകൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ് എന്നീ മത്സ്യ കൃഷി പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷം അഡാക്ക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായി. ആയത്പ്രകാരം പദ്ധതി പ്രവർത്തനം പുരോഗമിച്ച് വരുന്നു. നടപ്പ് സാമ്പത്തിക വർഷം പി. എം. എം. എസ്. വൈ പദ്ധതിയിലുൾപ്പെടുത്തി 35.24 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ

സ്വീകരിച്ചുവരുന്നു. പൊതു ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും ടി ജലാശയങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും വേണ്ടി നടപ്പുസാമ്പത്തിക വർഷം 463 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ ജലസംഭരണികളിൽ നിന്നുള്ള മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി 200 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കിവരുന്നു. ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുക വഴി ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിക്കുകയും ഉൾനാടൻ മത്സ്യമേഖല കേരളത്തിന്റെ സാമ്പത്തികഭാവിക്ക് ഒരു ഉത്തേജനമായി തീരുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യതക്കുറവ് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നമായി കണ്ടെത്തിയിട്ടുണ്ടോ;

ഉണ്ട്.

(സി) നല്ലയിനം മത്സ്യവിത്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും നിലവിലുള്ള ഹാച്ചറികൾ, നഴ്സറികൾ,

ഫിഷ്ഫാമുകൾ എന്നിവ ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകൾ മത്സ്യ കർഷകർക്ക് ലഭ്യമാക്കുന്നതിനായി വകുപ്പിനുകീഴിലുള്ള ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറികളിലും മത്സ്യവിത്തുകൾ ഉൽപ്പാദിച്ചുവിതരണം ചെയ്തുവരുന്നു. ഗുണമേന്മയുള്ള മത്സ്യവിത്ത് ഉൽപ്പാദനത്തിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പീച്ചി, വയനാട് ജില്ലയിലെ തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ പുതിയ കാർപ്പ്ഹാച്ചറികൾ സ്ഥാപിച്ചു. പത്തനംതിട്ട ജില്ലയിലെ പോളച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, പാലക്കാട് ജില്ലയിലെ മീങ്കര, ചുള്ളിയാർ, കോഴിക്കോട് ജില്ലയിലെ കല്ലനോട് എന്നീ ഹാച്ചറികളിലെ അടിസ്ഥാനസൗകര്യം വികസിപ്പിക്കുകയും അതുവഴി ഉൽപ്പാദനശേഷി വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ ഗുണമേന്മയുള്ള കല്ലുമ്മക്കായുടെയും സമുദ്ര മത്സ്യങ്ങളുടെയും വിത്തുല്പാദനത്തിനായി 50 ലക്ഷം ഉൽപ്പാദനശേഷിയുള്ള വിത്തുല്പാദന കേന്ദ്രം സ്ഥാപിക്കുന്നതിന് 500 ലക്ഷം രൂപയുടെ ഭരണാനുമതിയും ആലപ്പുഴ ജില്ലയിൽ ശുദ്ധജല ആറ്റുകൊഞ്ചിന്റെ ഗുണമേന്മയുള്ള വിത്തുൽപ്പാദനം ലക്ഷ്യമിട്ട് 50 ലക്ഷം ശേഷിയുള്ള ഹാച്ചറി

സ്ഥാപിക്കുന്നതിന് 176.20 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ കോഴിക്കോട് ജില്ലയിലെ കല്ലുനോട് ഒരു തിലാപ്പിയഹാച്ചറി സ്ഥാപിക്കുന്നതിനും ഇടുക്കി ജില്ലയിലെ ചെങ്കുളത്ത് ഒരു കാർപ്പ് മത്സ്യവിത്ത് ഹാച്ചറിസ്ഥാപിക്കുന്നതിനും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ മത്സ്യവിത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും മത്സ്യരോഗനിയന്ത്രണത്തിനും നിരോധിത ആന്റിബയോട്ടിക്കുകളുടെ ഉപയോഗം ഒഴിവാക്കുന്നതിനും സംസ്ഥാനത്ത് ആദ്യമായി അക്വാട്ടിക്ക് അനിമൽ ഹെൽത്ത് സെന്ററുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുംചെയ്യുന്നു. മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി മത്സ്യവിത്ത് നിയമം നടപ്പാക്കുകയും മത്സ്യ വിത്ത് കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പുനർഗേഹം പദ്ധതി

451 (1726) ശ്രീ. സജി ചെറിയാൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. എം. രാജഗോപാലൻ:

ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാവ്യതിയാനംമൂലം കടൽക്ഷോഭം രൂക്ഷമാകുന്ന സാഹചര്യത്തിൽ തീരസംരക്ഷണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നിവ വഴി തീരസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഫിഷിംഗ് ഹാർബറുകളുടെ 2½ കി.മീ ദൂരം മാത്രമാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നത്. ഫിഷിംഗ് ഹാർബറുകളുടെ സമീപപ്രദേശത്തെ തീരദേശ ശോഷണം കുറയ്ക്കുന്നതിനും കടലാക്രമണത്തിൽനിന്നും കരയെയും മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും സംരക്ഷിക്കുന്നതിനുമായി കിഫ്ബി ഫണ്ടുപയോഗിച്ച് 9021.64 ലക്ഷം രൂപയുടെ പ്രവൃത്തികൾ മുതലപ്പൊഴി, ചേറ്റുവ, മഞ്ചേശ്വരം, തോട്ടപ്പിള്ളി, കായംകുളം, കൊല്ലം-താന്നി, തലായ് എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ തലായ്, ചേറ്റുവ, മഞ്ചേശ്വരം എന്നിവിടങ്ങളിൽ പ്രവൃത്തി

പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം– താന്നി പ്രവൃത്തി പുരോഗമിച്ചുവരുന്നു. മുതലപ്പൊഴി തീരസംരക്ഷണ പ്രവൃത്തിയ്ക്കായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ദർഘാസ് നടപടികൾ പൂർത്തീകരിച്ചുവരുന്നു. തോട്ടപ്പള്ളി, കായംകുളം എന്നിവിടങ്ങളിലെ തീരസംരക്ഷണ പ്രവൃത്തികൾക്ക് പുതുക്കിയ ഭരണാനുമതിക്കായി 18-02-2020-ൽ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. കൂടാതെ NABARD RIDF XXV-ലുൾപ്പെടുത്തി 7.14 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തി പുറത്തൂർ പള്ളിക്കടവിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം ജില്ലയിൽ പൂന്തുറ മുതൽ വലിയതുറ വരെയുള്ള തീരസംരക്ഷണത്തിന് 150 കോടി രൂപയുടെ പദ്ധതിക്ക് KIIFB അംഗീകാരം ലഭിക്കുകയും ആദ്യഘട്ടമായി പരീക്ഷണാടിസ്ഥാനത്തിൽ പൂന്തുറ പ്രദേശത്ത് 20.78 കോടി രൂപയ്ക്ക് ജിയോ ട്യൂബ് ഉപയോഗിച്ച് ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. തീരസംരക്ഷണ പ്രവൃത്തികൾക്കായുള്ള കടൽ ഭിത്തി നിർമ്മാണം നിലവിൽ ഇറിഗേഷൻ വകുപ്പിന്റെ ചുമതലയിലാണ് വരുന്നത്.

(ബി) അപകടമേഖലയിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായി പുനരധിവസിപ്പിക്കാൻ ആവിഷ്കരിച്ചിട്ടുള്ള 'പുനർഗേഹം' പദ്ധതിയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള പുരോഗതി അറിയിക്കാമോ;

തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ ഭവനമൊരുക്കി പുനരധിവസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന 'പുനർഗേഹം' പദ്ധതിപ്രകാരം 8,675 ഗുണഭോക്താക്കൾ മാറി താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ളതും 3,653 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും 3,033 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1,773 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപ്പള്ളി (20), കൊല്ലം ജില്ലയിൽ കൃ.എസ്.എസ് കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128) എന്നിവിടങ്ങളിൽ 390 ഫ്ലാറ്റുകൾ ഇതിനകം ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ മണ്ണംപുറം (228), തിരുവനന്തപുരം ജില്ലയിലെ കാരോട് (24), വലിയതുറ (192), മലപ്പുറം ജില്ലയിലെ പൊന്നാനി (100), ഉണ്ണിയാൽ

(16), കോഴിക്കോട് ജില്ലയിലെ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിലെ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 784 ഫ്ലാറ്റുകൾ നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിലുമാണ്. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിലും വേളിയിലുമായി 10 ഏക്കർ ഭൂമി ലഭ്യമാക്കി 700-ഓളം ഫ്ലാറ്റുകളുടെ നിർമ്മാണാനുമതിക്കുള്ള നടപടിയും പുരോഗമിക്കുന്നു. പദ്ധതി പ്രകാരം 2,163 കുടുംബങ്ങളെ സുരക്ഷിതമേഖലയിലേയ്ക്ക് ഇതിനകം പുനരധിവസിപ്പിച്ചിട്ടുണ്ട്. കൂടാതെ 2,664 കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങൾ വിവിധഘട്ടങ്ങളിലുമാണ്.

(സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ എത്ര കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നും അതിൽ എത്ര കുടുംബങ്ങൾ മാറി താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

2018 വർഷത്തിൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് നടത്തിയ വിശദമായ സർവ്വേപ്രകാരം വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ 18,685 കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തിയിരുന്നു. ഇതിനുപുറമെ അപ്പീൽ അപേക്ഷകൾകൂടി പരിഗണിച്ച് നിലവിൽ 21,220 കുടുംബങ്ങളാണ് ഗുണഭോക്തൃ പട്ടികയിലുള്ളത്. ഇതിൽ

8,675 ഗുണഭോക്താക്കൾ പദ്ധതിപ്രകാരം മാറി താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്.

<u>സമുദ്ര മത്സ്യ ഉല്പാദനത്തിൽ വർദ്ധനവ്</u>

452 (**1727**) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമുദ്ര മത്സ്യോല്പാദനത്തിൽ ഈ സർക്കാരിന്റെ കാലത്ത് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് കടൽ മത്സ്യത്തിന്റെ ലഭ്യത 2017-18 വരെ കുറഞ്ഞുവരുന്നതായി വിലയിരുത്തിയിട്ടുണ്ട്. കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ (KMFR)നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ പുതിയ കെ.എം.എഫ്.ആർ. റൂൾ നടപ്പാക്കുകയും ചെയ്യുക വഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും കടൽ മത്സ്യസമ്പത്ത് 2018-19-ൽ 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിക്കുകയും ചെയ്തു. തുടർന്നുള്ള രണ്ടു വർഷങ്ങളിൽ (2019-20, 2020-21) കടൽ മത്സ്യലഭ്യത കുറയുന്നതായിട്ടാണ് കണ്ടത്. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ മത്സ്യലഭ്യത കുറയാനുള്ള പ്രധാന കാരണം കോവിഡ്പ്രതിസന്ധി, കാലാവസ്ഥ

മുന്നറിയിപ്പ് എന്നിവമൂലം മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതാണ്. എന്നാൽ 2021-22-ൽ കടൽ മത്സ്യലഭ്യത തൊട്ടുമുന്നത്തെ വർഷത്തേക്കാൾ വലിയ തോതിൽ വർദ്ധിച്ച് 6.01 ലക്ഷം മെടിക് ടണ്ണായിട്ടുണ്ട്.

(ബി) സമുദ്ര മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി 2017-ൽ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ (KMFR) ആക്ട് ഭേദഗതി ചെയ്യുകയും 2018-ൽ പുതിയ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ (KMFR) റൂൾ നിലവിൽ വരികയും ചെയ്തു. ആയതുപ്രകാരം ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർവരെ നീളമുള്ളതും, 250 HP വരെ എൻജിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്കുമാത്രമായി സംസ്ഥാനത്തിന്റെ തീരക്കടലിൽ (കരയിൽ നിന്നും 12 നോട്ടിക്കൽമൈൽ വരെ) മത്സ്യബന്ധന ലൈസൻ സ്പരിമിതപ്പെടുത്തി. നശീകരണ മത്സ്യബന്ധന രീതികളായ പേഴ്സ്സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ പെയർ ട്രോൾ എന്നിവ

നിരോധിച്ചു. നിയമലംഘനങ്ങൾക്കുവർധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്തു പ്രവർത്തിക്കുന്ന ബോട്ട്നിർമ്മാണ യാർഡുകൾക്കും, മത്സ്യ ബന്ധന വലനിർമ്മാണ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുയെന്ന് മനസ്സിലാക്കി കേരളതീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. പുതുക്കിയ കെ.എം.എഫ്.ആർ. ചട്ടം 6(1) അനുസരിച്ച് നശീകരണ മത്സ്യബന്ധന രീതികളായ ഡൈനാമൈറ്റ് പോലുള്ള സ്ഫോടക വസ്തുക്കൾ, വിഷം, മറ്റു മാരകമായ രാസവസ്തുക്കൾ, കൃത്രിമ പ്രകാശം എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും, ചട്ടം 6(2) പ്രകാരം തെങ്ങിന്റെ ക്ലാഞ്ഞിൽ, വൃക്ഷ ശിഖരങ്ങൾ എന്നിവ ഉപയോഗിച്ചും പ്ലാസ്റ്റിക് ബോട്ടിലുകൾ, ഉപയോഗശൂന്യമായ വല എന്നിവ കൂട്ടികെട്ടിയുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്. സമുദ്രമത്സ്യക്കൃഷിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നീലവിപ്ലവം പദ്ധതിയിലുൾപ്പെട്ട സീ കേജ് ഫാമിംഗ് പദ്ധതി (കടലിലെ കൂട് കൃഷി) നടപ്പിലാക്കിവരുന്നു.

കടലിൽ കൃത്രിമ ആവാസവ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി തുടർച്ചയായി പ്രാവർത്തികമാക്കിയിട്ടുണ്ട്.

(സി) മത്തിയുടെ ഉല്പാദനത്തിൽ വൻവർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ ഇതുകേരളത്തിന്റെ ഏത് തീരമേഖലയിലാണെന്ന് വിശദമാക്കുമോ?

ഉണ്ട്. കോഴിക്കോട്, കണ്ണൂർ, കൊല്ലം, എറണാകുളം എന്നീ ജില്ലകളുടെ തീരമേഖലകളിലാണ് മത്തിയുടെ ഉല്പാദനം വർദ്ധിച്ചത്. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിലെ മത്തിയുടെ ഉല്പാദനം ജില്ലതിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതി

453 (1728) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിന്റെയും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ശാക്തീകരിക്കുന്നതിന്റെയും ഭാഗമായി മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ പദ്ധതിയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ എത്ര വീതമാണ് കേന്ദ്ര സംസ്ഥാന വിഹിതമെന്ന് അറിയിക്കുമോ?

(എ&ബി) ഉണ്ട്. സുരക്ഷിതമല്ലാത്ത പരമ്പരാഗതയാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേയ്ക്ക് പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ പ്രധാനമന്ത്രി മത്സ്യ സംപദാ യോജന (PMMSY)-യിലുൾപ്പെടുത്തി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. ആഴക്കടൽ മത്സ്യബന്ധന ബോട്ടിന്റെ ഒരു യൂണിറ്റിന് 1.2 കോടി രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്. സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുംകൂടി നൽകുന്നത് 48 ലക്ഷം രൂപയുമാണ്. (കേന്ദ്ര വിഹിതം 28.8 ലക്ഷം രൂപ + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ) എന്നാൽ കൊച്ചിൻ ഷിപ്പ്യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ആഴക്കടൽ മത്സ്യബന്ധന യൂണിറ്റിന്റെ വില 1.5 കോടി രൂപയാണ്. സബ്സിഡി കഴിച്ച് ബാക്കിയുള്ള

1.02 കോടി രൂപ ഗുണഭോക്തൃ വിഹിതമാണ്. ഇതുപരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ലായെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സർക്കാർ അധിക ഗ്രാന്റ് ആയി അനുവദിക്കുന്നതിനും ഗുണഭോക്തൃ വിഹിതത്തിന്റെ ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(സി) ഈ പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയും പ്രകാരമാണ്.

1. ഈ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങളായിട്ടുള്ളവരും 10 അംഗങ്ങളടങ്ങുന്ന JLG/SHG ഗ്രൂപ്പുകൾ രൂപീകരിക്കാൻ തയ്യാറുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായിരിക്കണം. FDWCS അല്ലെങ്കിൽ

FFPOs കളെയും ഗുണഭോക്താവായി തെരഞ്ഞെടുക്കാവുന്നതാണ്. JLG/ SHG-യിലെ അംഗങ്ങൾ ഒരേ പ്രൈമറി മത്സ്യബന്ധന സഹകരണസംഘങ്ങളിൽ നിന്നുള്ളവരായിക്കണം.

2. നിലവിൽ ആഴക്കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരോ അല്ലെങ്കിൽ ഈ മേഖലയിൽ പരിചയവും താൽപര്യവുമുള്ള മത്സ്യത്തൊഴിലാളികളോ ആയിരിക്കണം. ഫിഷറീസ് വകുപ്പ്/മത്സ്യഫെഡ് ഉദ്യോഗസ്ഥർ പ്രവൃത്തി പരിചയം സാക്ഷ്യപ്പെടുത്തേണ്ടതാണ്.

3. ഗ്രൂപ്പിൽനിന്ന് ഒരാളെ ഗ്രൂപ്പിന്റെ നേതാവായി തെരഞ്ഞെടുക്കേണ്ടതും മത്സ്യബന്ധനയാനം ടിയാന്റെ പേരിൽ രജിസ്റ്റർ ചെയ്യേണ്ടതുമാണ്. ഗ്രൂപ്പ് അംഗങ്ങൾ ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്. ഉടമസ്ഥാവകാശം, നിക്ഷേപം, ആനുകൂല്യം പങ്കിടൽ തുടങ്ങിയവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ കരാറിൽ വ്യക്തമായി നിർവചിച്ചിരിക്കേണ്ടതുണ്ട്.

4. ഗുണഭോക്താക്കളുടെ പ്രായം 18 വയസ്സിന് മുകളിലായിരിക്കണം.

5. ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട ജില്ലയിലെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ചെയർമാനും മത്സ്യഫെഡ് ജില്ലാ മാനേജർ കൺവീനറും ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവർ അംഗങ്ങളുമായ ജില്ലാതല കമ്മിറ്റിയാണ്. ഫിഷറീസ് ഡയറക്ടർ

അധ്യക്ഷനായ സംസ്ഥാനതല കമ്മിറ്റിയാണ് ഗുണഭോക്തൃ ലിസ്റ്റിന് അന്തിമ അംഗീകാരം നൽകുന്നത്.

മത്സ്യസമ്പത്തിന്റെ ലഭ്യത വർധിപ്പിക്കൽ

454 (1729) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരപ്രദേശങ്ങളിൽ മത്സ്യസമ്പത്തിന്റെ ലഭ്യത സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഫിഷറീസ് വകുപ്പ് ഇതുസംബന്ധിച്ച പഠനങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ല. ഫിഷറീസ് വകുപ്പ് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് (CMFRI)-യുമായി ചേർന്ന് സമുദ്രമത്സ്യങ്ങളുടെ ലാന്റിങ്ങിന്റെ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുന്നുണ്ട്. ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇൻകോയിസിന് (Indian National Centre for Ocean Information Services) വേണ്ടി സംസ്ഥാനത്തെ ഫിഷറീസ് സർവകലാശാല മത്സ്യലഭ്യത പ്രവചനം സംബന്ധിച്ച് വിവരശേഖരണം നടത്തിവരുന്നു. കൂടാതെ വിവിധയിനം മത്സ്യങ്ങളുടെ ലഭ്യത സംബന്ധിച്ച നിരവധി ഗവേഷണ പ്രവർത്തനങ്ങളും സർവ്വകലാശാലയിൽ നടക്കുന്നുണ്ട്.

(ബി) മത്സ്യസമ്പത്ത് വലിയ രീതിയിൽ കുറയുന്ന സാഹചര്യത്തിൽ മത്സ്യവർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കടലിന്റെ അടിത്തട്ടിൽ കൃത്രിമ ആവാസവ്യവസ്ഥ സൃഷ്ടിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനായി മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ നിലവിലുള്ള പ്രകൃതിദത്തപാരുകൾക്ക് സമീപം ത്രികോണാകൃതിയിലുള്ള സിമന്റ് കോൺക്രീറ്റ് മൊഡ്യൂളുകൾ ജി.പി.എസ്. സഹായത്തോടെ സ്ഥാനനിർണ്ണയം നടത്തി നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം ജില്ലയിലെ പൂല്ലുവിള, തുമ്പ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 120 കൃത്രിമപാര് മോഡ്യൂളുകൾ വീതവും കൊച്ചുതുറ, പുതുക്കുറിച്ചി മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 140 കൃത്രിമപാര് മോഡ്യൂളുകൾ വീതവും, പൂന്തുറ, ബീമാപള്ളി, വലിയതുറ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ യഥാക്രമം 279, 280, 175 എണ്ണം കൃത്രിമപാര് മോഡ്യൂളുകളും സ്ഥാപിച്ചുകഴിഞ്ഞു. 2020-21 സാമ്പത്തിക വർഷം പുതിയതുറ, പൂവാർ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 310 കൃത്രിമപാര് മോഡ്യൂളുകൾ വീതം സ്ഥാപിയ്ക്കുന്നതിനുള്ള പദ്ധതി പൂർത്തീകരിച്ചു. 2021-22 വർഷത്തിൽ

തിരുവനന്തപുരം ജില്ലയിലെ വേളി മത്സ്യഗ്രാമത്തിന്റെ തീരക്കടലിൽ 310 കൃത്രിമപാര് മോഡ്യൂളുകൾ നിക്ഷേപിച്ചു. ഇതുകൂടാതെ വിഴിഞ്ഞം പുനരധിവാസ പാക്കേജിലുൾപ്പെടുത്തി കൊല്ലംകോട്, പരുത്തിയൂർ, വലിയതുറ, കൊച്ചുതുറ, പുതിയതുറ, പള്ളം, അടിമലത്തുറ എന്നീ 7 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 200 ൻീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ്നിർമ്മിതിയിലുള്ള കൃത്രിമപാര് മോഡ്യൂളുകൾ വീതം ആകെ 1400 ൻീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് നിർമ്മിതിയിലുള്ള കൃത്രിമപാര് മോഡ്യൂളുകൾ സ്ഥാപിച്ചുകഴിഞ്ഞു.

(സി) പ്രകൃതിദത്ത പാരുകൾക്ക് സമീപം ജി.പി.എസ്. സഹായത്തോടെ നിർമ്മിക്കുന്ന കൃത്രിമപാരുകൾ ഇക്കാര്യത്തിൽ വേണ്ടത്ര പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

മത്സ്യസമ്പത്ത് വലിയ രീതിയിൽകുറയുന്ന സാഹചര്യത്തിൽ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിനായി ജി.പി.എസ് സഹായത്തോടെ നിക്ഷേപിക്കുന്ന കൃത്രിമപാരുകൾ ഇക്കാര്യത്തിൽ വേണ്ടത്ര പര്യാപ്തമാണെന്ന് പഠന റിപ്പോർട്ടുകൾ തെളിയിക്കുന്നു. പാരുകൾ സ്ഥാപിച്ചിട്ടുള്ള മത്സ്യബന്ധന ഗ്രാമങ്ങളുടെ തീരത്തും സമീപ ഗ്രാമങ്ങളിലും നടത്തിയ 'പോസ്റ്റ് ഇൻസ്റ്റലേഷൻ'

പഠനങ്ങളിൽ തീരദേശ മത്സ്യസമ്പത്ത് ഗണ്യമായ തലത്തിലേയ്ക്ക് പുനരുജ്ജീവിപ്പിച്ചതായി തെളിയിക്കപ്പെട്ടിട്ടുണ്ട്. പദ്ധതികൾ പൂർത്തീകരിച്ച് ഒരു വർഷത്തിനുശേഷം 'Under water Study' നടത്തുകയും മത്സ്യസമ്പത്തിന്റെ പുനരുജ്ജീവനം സമൃദ്ധമായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) കൃത്രിമപാരുകൾ സ്ഥാപിക്കുന്നതിന്റെ ഈ സാമ്പത്തിക വർഷത്തെ പുരോഗതി അറിയിക്കുമോ?

നടപ്പുസാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സംപദാ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി പുതുതായി കൃത്രിമപാരുകൾ സ്ഥാപിക്കുന്നത് പരിശോധിച്ചുവരുന്നു.

ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

455 (1730) ശ്രീ. തോമസ് കെ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രശ്നം മത്സ്യ ലഭ്യത കുറവാണ്. ഇതുപരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ഉൾനാടൻ ജലാശയങ്ങളിലെ ആവാസവ്യവസ്ഥ പരിപാലിച്ച് മത്സ്യസ്രോതസ്സ് നിലനിർത്തി മത്സ്യസംരക്ഷണ കേന്ദ്രങ്ങളും, കക്ക സംരക്ഷണ കേന്ദ്രങ്ങളും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. അനധികൃതവും അശാസ്ത്രീയവുമായ മത്സ്യബന്ധന രീതികൾ ഇല്ലാതാക്കുന്നതിന് കേരള ഉൾനാടൻ ഫിഷറീസ് അക്വാകൾച്ചർ ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി കായൽ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. കൂടാതെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും, മത്സ്യഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 2022-23 വർഷം 463 ലക്ഷം രൂപയുടെ 'ഇന്റഗ്രേറ്റഡ് ഫിഷറി റിസോഴ്സ് മാനേജ്മെന്റ് ഇൻ ഇൻലാന്റ് അക്വാട്ടിക് ഇക്കോസിസ്റ്റം' എന്ന പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി കാർപ്പ്, ആറ്റുകൊഞ്ച്, കാരചെമ്മീൻ, കരിമീൻ, പൂമീൻ തുടങ്ങിയ മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വരുന്നു. 2022-23 സാമ്പത്തിക വർഷം റിസർവോയർ പദ്ധതിയുടെ

ഭാഗമായി 12 റിസർവോയറുകളിലായി 78,97,450 എണ്ണം മത്സ്യകഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിലൂടെ 1,973 മെട്രിക് ടൺ മത്സ്യം ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മൽസ്യത്തൊഴിലാളി സമൂഹത്തേയും മത്സ്യത്തൊഴിലാളികളേയും സാമൂഹികവും സാമ്പത്തികവുമായി ഉയർത്തിക്കൊണ്ട് വരുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

1. സമ്പാദ്യ സമാശ്വാസ പദ്ധതി മുഖേന ഉൾനാടൻ മത്സ്യ ത്തൊഴിലാളികൾക്ക് പഞ്ച മാസങ്ങളിൽ 4500/- രൂപയുടെ ധനസഹായം.
2. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം.
3. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന വിവിധ സാമൂഹിക ക്ഷേമ പദ്ധതികൾ.

4. ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.

5. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി പെൻഷണർമാർ, വിധവാ പെൻഷണർമാർ എന്നിവർക്ക് പ്രതിമാസം 1600/- രൂപ പെൻഷൻ.

6. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് 50,000/- രൂപയുടെ ധനസഹായം.

7. മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് 10000/- രൂപയുടെ ധനസഹായം.

8. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചിലവുകൾക്ക് 600/- രൂപയുടെ ധനസഹായം.

9. എൻ.സി.ഡി.സി ധനസഹായത്തോടുകൂടിയുള്ള സംയോജിത വികസന പദ്ധതി മുഖേന മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യ വിപണന സംവിധാനം വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പാ സഹായം.

10. മാരക രോഗ ചികിത്സാ പദ്ധതി

11. മത്സ്യത്തൊഴിലാളി ക്ഷേമനിധി ഉപയോഗിച്ച് മത്സ്യബന്ധന സമയത്ത് ഹൃദ്രോഗമോ മസ്തിഷ്കാഘാതമോമൂലം മരണപ്പെടുന്ന മത്സ്യ ത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള ധനസഹായം.

12. വിദ്യാഭ്യാസ രംഗത്ത് മത്സ്യത്തൊഴിലാളി മേഖലയിലെ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായി പത്താം ക്ലാസ് മുതൽ ബിരുദാനന്തര ബിരുദം വരെ ഉന്നത വിജയം നേടുന്ന മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളായ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്

(ബി) ഉൾനാടൻ മേഖലയിലെ മത്സ്യ ലഭ്യത കുറവ് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പുഴകൾ, തോടുകൾ, ഡാമുകൾ ഉൾപ്പെടെയുള്ള മറ്റു ജലാശയങ്ങളിൽ കൂടുതൽ നാടൻ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാൻ നടപടി ഉണ്ടാകുമോ; വിശദമാക്കാമോ?

(ബി&സി) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യ ലഭ്യത കുറവ് പരിഹരിക്കാൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 73.3973 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 25 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദയോജന പദ്ധതിയിലുൾപ്പെടുത്തി 78.90 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികളായ ബയോഫ്ളോക്ക് മത്സ്യകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജലകൂടുകൃഷി, കുളങ്ങളിലെ ഓരുജലകൃഷി എന്നീ മത്സ്യ കൃഷി പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷം അഡാക്ക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുകയും ആയതുപ്രകാരം പദ്ധതി പ്രവർത്തനം പുരോഗമിച്ച് വരുന്നു. നടപ്പ് സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 35.24 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുക വഴി ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. ഉൾനാടൻ ജലാശയങ്ങളിലെ ആവാസവ്യവസ്ഥ പരിപാലിച്ച് മത്സ്യസ്രോതസ്സ് നിലനിർത്തി മത്സ്യസംരക്ഷണ കേന്ദ്രങ്ങളും, കക്കസംരക്ഷണ കേന്ദ്രങ്ങളും സംരക്ഷിക്കുന്നതിനും കൂടാതെ അനധികൃതവും അശാസ്ത്രീയവുമായ

മത്സ്യബന്ധന രീതികൾ ഇല്ലാതാക്കുന്നതിന് കായൽ പട്രോളിങ്ങ് നടത്തുന്നു. കായൽപട്രോളിങ്ങും, കേരള ഉൾനാടൻ ഫിഷറീസ് അക്വാകൾച്ചർ ആക്ട് എന്നിവ നടപ്പാക്കുന്നതിന് 2022-23 വർഷം 22 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും, മത്സ്യഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 2022-23 വർഷം 463 ലക്ഷം രൂപയുടെ 'ഇന്റഗ്രേറ്റഡ് ഫിഷറി റിസോഴ്സ് മാനേജ്മെന്റ് ഇൻ ഇൻലാന്റ് അക്വാട്ടിക് ഇക്കോസിസ്റ്റം' എന്ന പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി കാർപ്പ്, ആറ്റുകൊഞ്ച്, കാരചെമ്മീൻ, കരിമീൻ, പൂമീൻ തുടങ്ങിയ മൽസ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നു. 2022-23 സാമ്പത്തിക വർഷം റിസർവോയർ പദ്ധതിയുടെ ഭാഗമായി മണിയാർ, പമ്പ, പൊൻമുടി, മാട്ടുപെട്ടി, ഇരട്ടയാർ, ആനയിറങ്കൽ, മീൻകര, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, പഴശ്ശി, പെരിങ്ങൽകുത്ത്, ഷോളയാർ (Lower) എന്നീ റിസർവോയറുകളിലായി 4514.10 ഹെക്ടറിൽ 78,97,450 എണ്ണം മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കണ്ണൂർ മണ്ഡലത്തിലെ തെക്കി ബസാറിലെ വഖഫ് ബോർഡിന്റെ സ്ഥലം

456 (1731) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ നിയോജക മണ്ഡലത്തിലെ തെക്കി ബസാറിലെ വഖഫ് ബോർഡിന്റെ സ്ഥലം കൈയ്യേറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന വഖഫ് ബോർഡിൽ 5366/ആർ.എ നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ള കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിലെ ഷഹദുല്ല ഷഹജൂൽ ഹറമൈൻ ദർഗ്ഗ എന്ന വഖ്ഫിന്റെ കണ്ണൂർ II വില്ലേജിലെ പുഴത്തി വാർഡ് I-ൽ സ്ഥിതി ചെയ്യുന്ന ടി.എസ്. നമ്പർ 758, 756,782 എന്നിവയിൽപ്പെട്ട വഖഫ് വസ്തു അനധികൃതമായി കൈവശപ്പെടുത്തിയവരെ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുമ്പാകെ ഇ.സി.നമ്പർ 10/2018, 11/2018, 12/2018, 13/2018, 14/2018, 15/2018, 20/2018, 22/2018, 26/2018, 55/2018, 56/2018 എന്നീ നമ്പറുകളിലായി കേസുകൾ

വിചാരണയിലിരിക്കുന്നതും 08-12-2022-ാം തീയതിയിലേയ്ക്ക് തുടർ വിചാരണയ്ക്ക് വച്ചിട്ടുള്ളതുമാണ്.

വഖഫ് ബോർഡിൽ നിന്നുള്ള വിവാഹ ധനസഹായം

457 (1732) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വഖഫ് ബോർഡിൽനിന്നും നൽകിവരുന്ന മുസ്ലീം പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം കഴിഞ്ഞ നാലു വർഷമായി വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കഴിഞ്ഞ നാല് വർഷങ്ങളിലായി ആകെ 1,81,90,000/- രൂപ വിവാഹ ധനസഹായം ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ എത്ര അപേക്ഷകളിന്മേലാണ് നടപടി സ്വീകരിക്കേണ്ടതായിട്ടുള്ളത്; ഈ ധനസഹായത്തിനായി എന്ത് തുക വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ?

വഖഫ് ബോർഡ് സാമൂഹ്യക്ഷേമ (കേരള) പദ്ധതിയുടെ സാങ്ഷൻ കമ്മിറ്റി പാസ്സാക്കിയിട്ടുള്ള 3050 അപേക്ഷകളിൽ 10,000/- രൂപ വീതം 3,05,00,000/- രൂപ നിലവിൽ ആവശ്യമാണ്.

(സി) 2018 ജനുവരി മുതൽ മറ്റു ധനസഹായങ്ങൾക്കുള്ള അപേക്ഷകളും ഇതുപോലെ കെട്ടികിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ വർഷാവർഷം അനുവദിച്ചു വരുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കുള്ള ഗ്രാന്റ് കൃത്യമായി വഖഫ് ബോർഡിന് വിതരണം ചെയ്തു വരികയും, തുക റിലീസ് ചെയ്തു കിട്ടുന്നമുറയ്ക്ക് ബോർഡ് അർഹരായവർക്ക് ധന സഹായം നൽകി വരുന്നുമുണ്ട്.

വലപ്പാട് കോതകുളം മിനി ഹാർബർ

458 (1733) ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ വലപ്പാട് കോതകുളം മിനി ഹാർബർ നിർമ്മാണത്തിന് മുന്നോടിയായി ഇൻവസ്റ്റിഗേഷൻ നടത്തുന്നതിനായുള്ള പദ്ധതി രേഖ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) ഇൻവസ്റ്റിഗേഷൻ നടപടിക്കായി എഴുപത് ലക്ഷം രൂപ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽനിന്ന് അനുവദിച്ച് പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) വലപ്പാട് കോതകുളം എന്ന സ്ഥലം മിനി ഹാർബർ നിർമ്മിക്കുന്നതിന് ഏറ്റവും മാതൃകാപരമായ സ്ഥലമാണെന്ന റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ടോ;

(ഡി) വാർഷിക ബജറ്റിലോ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പ്ലാൻ ഫണ്ടിലോ ഉൾപ്പെടുത്തി വലപ്പാട് മിനി ഹാർബർ നിർമ്മിക്കുന്നതിനാവശ്യമായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി-ഡി) 2022-23-ലേയ്ക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ (മരാമത്തുപണികളുടെ വിശദ വിവരങ്ങൾ) ക്രമ നം.410-ൽ വലപ്പാട് കോതകുളം മിനി ഹാർബർ നിർമ്മാണം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ട്. ആദ്യഘട്ടമായി വിശദമായ ഡാറ്റ കളക്ഷനായി 27.50 ലക്ഷം രൂപയുടെ ഭരണാനുമതി 11/05/22-ൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നൽകിയിട്ടുണ്ട്. ടോട്ടൽ സ്റ്റേഷൻ സർവ്വേ, ബാത്തിമെട്രി സർവ്വേ, വിന്റ്, വേവ്, കറണ്ട് ഡേറ്റാ കളക്ഷൻ, ബീച്ച് ക്രോസ്

സെക്ഷൻ, സൗണ്ടിംഗ്സ് എന്നീ വിവരങ്ങൾ ശേഖരിക്കുന്നതിനാണ് എസ്റ്റിമേറ്റിലുൾപ്പെട്ടിട്ടുള്ളത്. ഡാറ്റ കളക്ഷൻ പൂർത്തിയാക്കുന്നതിന് ഏകദേശം ഒരു വർഷത്തോളം സമയം വേണ്ടിവരുന്നതാണ്. ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതുസംബന്ധിച്ച് ഫീസിബിലിറ്റി റിപ്പോർട്ട് പരിശോധിച്ച് തുക വകയിരുത്തുന്ന കാര്യം തീരുമാനിക്കുന്നതാണ്.

അജാനൂർ ഫിഷിങ് ഹാർബർ

459 (1734) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അജാനൂർ ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലെ ചിത്താരി കടപ്പുറം ഉൾപ്പെടുന്ന അജാനൂർ ഭാഗത്ത് ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനായി മത്സ്യബന്ധനതുറമുഖത്തിന്റെ മാതൃകാപഠന റിപ്പോർട്ട് സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-ൽനിന്നും ലഭ്യമായതനുസരിച്ച് 101.33 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കി പ്രധാനമന്ത്രി മത്സ്യ സമ്പാദയോജന (PMMSY) സ്കീമിലുൾപ്പെടുത്തി

അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനുസമർപ്പിച്ചിട്ടുണ്ട്. 26-03-2022, 27-03-2022 തീയതികളിൽ ചേർന്ന കേന്ദ്ര സർക്കാരിന് കീഴിലുള്ള ടെക്നിക്കൽ സ്കൂട്ടണി കമ്മിറ്റിയിൽ നിർദ്ദേശിച്ചതുപ്രകാരം ഫിഷിംഗ് ഹാർബറിന്റെ ഭാവി വികസനംകൂടി കണക്കിലെടുത്ത് ഹാർബറിന്റെ ബേസിൻ ഏരിയയുടെ വലിപ്പം കൂട്ടുന്നതിന് പുതുക്കിയ മോഡൽ സ്റ്റഡി നടത്തുന്നതിനായി സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-നെ ഏൽപ്പിച്ചിട്ടുണ്ട്. സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-ൽനിന്നും റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി രൂപരേഖ പുതുക്കുന്നതാണ്. ഇതോടൊപ്പംതന്നെ പദ്ധതിക്ക് കോസ്റ്റൽ റെഗുലേഷൻ സോൺ (CRZ) ക്ലിയറൻസ് ലഭ്യമാക്കുന്നതിനുള്ള പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിന് അക്രിഡിറ്റഡ് ഏജൻസിയെയും CRZ സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് NCESS-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഹാർബർ നിർമ്മാണത്തിലെ അപാകത

460 (1735) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:

ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ നിർമ്മാണത്തിലെ അപാകതകാരണം മുതലപ്പൊഴി ഹാർബറിൽ അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മുതലപ്പൊഴി മത്സ്യബന്ധനതുറമുഖ പ്രദേശത്ത് അടിക്കടി അപകടം ഉണ്ടാകുന്നതടക്കമുള്ള പ്രശ്നങ്ങൾ പരിശോധിച്ച് പരിഹാരനിർദ്ദേശം സമർപ്പിക്കുന്നതിന് 22-10-2022-ലെ സ.ഉ. (സാധാ) 660/2022/ മ.ഇ.വ പ്രകാരം പൂനയിലുള്ള സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) എന്ന കേന്ദ്ര ഗവേഷണ സ്ഥാപനത്തെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. അപാകതയുള്ളതായി CWPRS റിപ്പോർട്ടിൽ വ്യക്തമാകുകയാണെങ്കിൽ അടിയന്തര പരിഹാര നടപടി സ്വീകരിക്കുന്നതാണ്.

(ബി) മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകുന്നതിനിടയിൽ 2022 സെപ്തംബർ മാസത്തിലടക്കം മുതലപ്പൊഴി മേഖലയിൽ അപകടമരണം സംഭവിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ?

2022 സെപ്തംബർ മാസം അഞ്ചാം തീയതി കടലിലെ ശക്തമായ കാറ്റിൽ ഗതിനഷ്ടപ്പെട്ടതിനെതുടർന്ന് മത്സ്യബന്ധനയാനം കടലിൽ മറിയുകയും പുലിമുട്ടിന്റെ വശങ്ങളിൽ വന്നിടിക്കുകയും, മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയും ഒരാളെ കാണാതാവുകയും ചെയ്തിട്ടുണ്ട്. ഇതേ ദിവസം ശക്തമായ കാലാവസ്ഥമുന്നറിയിപ്പ് പുറപ്പെടുവിച്ചിരുന്നതും മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലയെന്ന് അറിയിച്ചിരുന്നതുമാണ്. അഴിമുഖത്തുണ്ടായ അപകടം സർക്കാർ ഗൗരവമായി കാണുന്നു.

(സി) ഹാർബർ നിർമ്മാണത്തിലെ അപാകത പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്നും എന്തൊക്കെ നടപടികളാണ് തുടർന്ന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ പ്രദേശത്ത് അടിക്കടി അപകടം ഉണ്ടാകുന്നതടക്കമുള്ള പ്രശ്നങ്ങൾ പരിശോധിച്ച് പരിഹാരനിർദ്ദേശം സമർപ്പിക്കുന്നതിന് 22-10-2022-ലെ സ.ഉ. (സാധാ) 660/2022/മ.തു.വ പ്രകാരം പൂനയിലുള്ള സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) എന്ന കേന്ദ്ര ഗവേഷണ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു.

തുടർന്ന് 03-11-2022-ലെ സി.ഡബ്ലു.പി.ആർ.എസ് (CWPRS) ഉന്നത ഉദ്യോഗസ്ഥർ ഹാർബർ സന്ദർശിക്കുകയും ഹാർബർ എൻജിനീയറിംഗ് വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്ന് ചർച്ചയും പഠനങ്ങളും നടത്തിയിട്ടുണ്ട്. പ്രശ്നപരിഹാരത്തിനുള്ള അനുമതി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) ഹാർബറിൽ രൂപപ്പെട്ടിരിക്കുന്ന മണൽത്തിട്ടകൾ ഡ്രഡ്ജ് ചെയ്ത് നീക്കി മത്സ്യബന്ധന ബോട്ടുകളുടെ സഞ്ചാരം സുഗമമാക്കാനും അപകടങ്ങൾ ഒഴിവാക്കാനും അടിയന്തരനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

M/s. അദാനി പോർട്ട്മായുള്ള ധാരണ പത്രത്തിന്റെ അടിസ്ഥാനത്തിൽ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ പ്രവേശന കവാടം, അപ്രോച്ച് ചാനൽ എന്നിവിടങ്ങളിൽ 5 മീറ്ററും ഹാർബർ ബേസിനിൽ 3 മീറ്റർ ആഴവും വരത്തക്കവിധത്തിൽ M/s. അദാനി പോർട്ട് മുഖേന ഡ്രഡ്ജിംഗ് നടത്തി ബോട്ടുകളുടെ സഞ്ചാരം സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തെക്കെ പുലിമുട്ടിന്റെ തെക്ക് ഭാഗത്ത് അടിഞ്ഞ് കൂടുന്ന മണ്ണ് തീരശോഷണം നടക്കുന്ന വടക്ക് ഭാഗത്ത് സാന്റ് ബൈപ്പാസിംഗ് നടത്തി നിക്ഷേപിക്കുന്ന പദ്ധതി നടപ്പാക്കുന്നതിനുമുന്നോടിയായി പരിസ്ഥിതി ആഘാത പഠനം പൂർത്തീകരിച്ചിട്ടുണ്ട്.

<u>വഖഫ് ബോർഡ് ക്ഷേമ പെൻഷൻ കുടിശ്ശിക</u>

461 (1736) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ)വഖഫ് ബോർഡ് ക്ഷേമ പെൻഷൻ കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര പേർക്ക് എത്ര മാസത്തെ തുകയാണ് നൽകാനുള്ളത്; വ്യക്തമാക്കുമോ?

ക്ഷേമ പെൻഷൻ ഇനത്തിൽ നിലവിൽ കുടിശ്ശിക ഇല്ല.

(ബി) വഖഫ് ബോർഡ് വഴിയുള്ള മറ്റ് ഏതെല്ലാം ധനസഹായങ്ങളാണ് കുടിശ്ശികയുള്ളത്; ഓരോ ഇനത്തിലും എത്ര പേർക്ക് എത്ര രൂപയുടെ ധനസഹായം നൽകാനുണ്ട്; എന്തുകൊണ്ടാണ് യഥാസമയം തുക വിതരണം ചെയ്യാത്തതെന്ന് അറിയിക്കാമോ?

വഖഫ് ബോർഡ് മുഖേനയുള്ള ചികിത്സാ ധനസഹായവുമായി ബന്ധപ്പെട്ട് സാംഗ്ഷൻ കമ്മിറ്റി പാസ്സാക്കിയിട്ടുള്ള 1406 അപേക്ഷകളിൽ 15,000/- രൂപ വീതം ആകെ 2,10,90,000/- രൂപയും, വിവാഹ ധനസഹായവുമായി ബന്ധപ്പെട്ട് സാംഗ്ഷൻ കമ്മിറ്റി പാസ്സാക്കിയിട്ടുള്ള 3050 അപേക്ഷകളിൽ 10,000/- രൂപ വീതം ആകെ 3,05,00,000/- രൂപയും, ഇസ്ലാമിക് ചെയർ ഇനത്തിൽ സാംഗ്ഷൻ കമ്മിറ്റി പാസ്സാക്കിയിട്ടുള്ള 2021-22 സാമ്പത്തിക വർഷത്തെ 3,00,000/- രൂപയും

അനുവദിക്കുവാൻ ബാക്കിയുണ്ട്. ഗ്രാന്റ് തുക സർക്കാരിൽ നിന്ന് വർഷാ വർഷം റിലീസ് ചെയ്യുന്നമുറയ്ക്ക്, ബോർഡ് ധനസഹായം വിതരണം ചെയ്തുവരുന്നു.

(സി) വഖഫ് ബോർഡിന് മതിയായ ഗ്രാന്റ് വകയിരുത്താത്തതാണ് ബോർഡിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ആകെ എത്ര തുകയാണ് ക്ഷേമ പെൻഷനും ധനസഹായ വിതരണത്തിനുമായി ആവശ്യമായി വരുന്നത്; ഇതിൽ സർക്കാർ ഗ്രാന്റ് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

ക്ഷേമ പെൻഷനുവേണ്ടി ഏകദേശം 1,20,00,000/- രൂപയും വിവാഹ ധനസഹായത്തിന് ഏകദേശം 80,00,000/- രൂപയും ചികിത്സ ധനസഹായത്തിന് ഏകദേശം 60,00,000/- രൂപയും ചേർത്ത് ആകെ 2,60,00,000/- രൂപ ഒരു വർഷം വേണ്ടി വരും. സർക്കാരിൽ നിന്നുള്ള ഗ്രാന്റ് ഇനത്തിൽ 2022-23 സാമ്പത്തിക വർഷം 1,32,00,000/- രൂപയാണ് വകയിരുത്തിയിരിക്കുന്നത്. അതിൽ 2022-23 വർഷത്തേക്കുള്ള 1,00,00,000/- രൂപ റിലീസ് ചെയ്ത് നല്കിയിട്ടുണ്ട്. അവശേഷിക്കുന്ന

ബഡ്ജറ്റ് വിഹിതമായ 32 ലക്ഷം രൂപ അനുവദിക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

ചെറായി ബീച്ചിലെ വഖഫ് ഭൂമിയുടെ കൈയ്യേറ്റം

462 (1737) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. അബ്ദുൽ ഹമീദ് പി:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ചെറായി ബീച്ചിലെ 404.76 ഏക്കർ സ്ഥലം കോഴിക്കോട് ഫറൂക്ക് കോളേജിനുവേണ്ടി വഖഫ് ചെയ്തത് ആരാണ്; വഖഫ് ചെയ്തതിന്റെ ഉദ്ദേശം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

എറണാകുളം ജില്ലയിലെ കുഴിപ്പിള്ളി, പള്ളിപ്പുറം എന്നീ വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന 404.76 ഏക്കർ സ്ഥലം കൊച്ചി കണയന്നൂർ താലൂക്ക് മട്ടാഞ്ചേരി വില്ലേജിൽ ബാബ്ലാശ്ശേരി ബംഗ്ലാവിൽ ഇരിക്കും കച്ചിമേമൻ മുസൽമാൻ ഹാജി ഹസ്സൻ സേട്ട് മകൻ മുഹമ്മദ് സിദ്ധീഖ് സേട്ട് എന്ന വ്യക്തി കോഴിക്കോട് ഫറൂഖ് കോളേജിനുവേണ്ടി ഇടപ്പള്ളി എസ്.ആർ.ഒ യിലെ 1950-ാം മാണ്ട് നവംബർ മാസം 1-ാം തീയതി 2115/1950-ാം നമ്പർ വഖഫ് ആധാരപ്രകാരം വഖഫ്

ചെയ്തിട്ടുള്ളതാണ്. ടി കോളേജ് ഇസ്ലാമിക അദബുകൾ പ്രകാരം നടത്തുമെന്ന വിശ്വാസത്താൽ വാഖിഫിന്റെ ആത്മശാന്തിക്കായി വാഖിഫിനുള്ള സകല അവകാശങ്ങളുമൊഴിഞ്ഞ് വഖഫായി ടി മാനേജിംഗ് കമ്മിറ്റിക്ക് വേണ്ടി പാലക്കാട് താലൂക്ക് ഒലവക്കോട് അംശം ദേശത്ത് കല്ലടിയിൽ മുസൽമാൻ മൊയ്തു സാഹിബ് മകൻ ഖാൻ ബഹാദൂർ പി.കെ.ഉണ്ണിക്കമ്മു സാഹിബ് പേർക്ക് കൈവശപ്പെടുത്തി നല്കിയിട്ടുള്ളതാണ്.

(ബി) ഇത് വഖഫ് ഭൂമിയാണെന്ന് ഇടപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിലെ രേഖകളിൽ രേഖപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്.

(സി) ഈ ഭൂമിയിൽ എത്ര കയ്യേറ്റക്കാരുണ്ട്; അവർ കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ അളവും ആരാണ് കൈവശപ്പെടുത്തിയിരിക്കുന്നതെന്ന വിവരവും വ്യക്തമാക്കുമോ?

വഖഫ് ബോർഡിൽനിന്നും നിയോഗിച്ച അന്വേഷണ ഉദ്യോഗസ്ഥരുടെ പ്രാഥമിക അന്വേഷണത്തിൽ കുഴപ്പിള്ളി, പള്ളിപ്പുറം വില്ലേജുകളിൽ നിന്നും അടിസ്ഥാന നികുതി രജിസ്റ്റർ (Basic Tax Register) പരിശോധിച്ച് ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ 2 വില്ലേജുകളിലുമായി 800-ൽപ്പരം കൈയ്യേറ്റക്കാരുടെ പേരും മേൽവിലാസവും ലഭിച്ചിട്ടുള്ളതാണെന്നും,

വിശദമായ തുടർ അന്വേഷണനടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ എല്ലാ കൈവശക്കാരുടെയും പൂർണ്ണമായ വിവരങ്ങൾ ലഭിക്കുകയുള്ളുവെന്നും വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനസർക്കാർ നിയോഗിച്ച ജസ്റ്റിസ് നിസാർ ചെയർമാനും അഡ്വ. അബൂബക്കർ ചെങ്ങാട് സെക്രട്ടറിയുമായ വഖഫ് എൻക്വയറി കമ്മീഷൻ ഈ ഭൂമി വഖഫ് ഭൂമിയാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ടോ?

ശ്രീ.എം.എ നിസാർ (റിട്ട:ജഡ്ജ്) ചെയർമാനും അഡ്വ. അബൂബക്കർ ചെങ്ങാട് സെക്രട്ടറിയുമായ വഖഫ് എൻക്വയറി കമ്മീഷന്റെ 26-06-2009 തീയതിയിലെ 15-ാമത് റിപ്പോർട്ട് പ്രകാരം അന്യാധീനപ്പെട്ട വഖഫ് വസ്തു തിരിച്ചു പിടിക്കുന്നതിനായി വഖഫ് റൂൾ പ്രകാരം നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത വിഷയം ബോർഡിന്റെ ജുഡിഷ്യൽ വിഭാഗത്തിന്റെ പരിഗണനയിലാണ്.

(ഇ) 2019-ൽ പ്രസ്തുത ഭൂമി തിരിച്ചുപിടിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2022 മാർച്ചിൽ കൈയ്യേറ്റക്കാർക്ക് നോട്ടീസ് അയച്ചിട്ടുണ്ടോ?

പ്രസ്തുത വഖഫ് വസ്തു കൈയ്യേറ്റം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നോട്ടീസ് അയച്ച് കക്ഷികളെ വിചാരണ ചെയ്തുവരുന്നു.

(എഫ്) കൈയ്യേറ്റക്കാർക്ക് നികുതി അടയ്ക്കാനായി അനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ തീരുമാനം എടുത്തത് വഖഫ് യോഗ തീരുമാനമാണോ; പ്രസ്തുത തീരുമാനം മുഖ്യമന്ത്രിയുടെ തീരുമാനമാണെന്ന് പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രസ്തുത വിഷയം സംബന്ധിച്ച് 20-07-2022-ലെ ബഹുമാനപ്പെട്ട റവന്യു വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അന്യാധീനപ്പെട്ട പ്രസ്തുത ഭൂമി തിരിച്ചുപിടിക്കുന്നതിന് വളരെയധികം നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ട സാഹചര്യത്തിൽ, നികുതി അടയ്ക്കുന്നത് കേവലം fiscal exercise മാത്രമായതിനാലും ടൈറ്റിൽ അവകാശവുമായി അതിന് യാതൊരു ബന്ധവുമില്ലാത്തതിനാലും സർക്കാരിനുപിരിഞ്ഞു കിട്ടേണ്ട ഭൂനികുതിയിൽ നിന്നുള്ള വരുമാനത്തിൽ കുറവ് വരാതിരിക്കുന്നതിനും വേണ്ടി താൽക്കാലികമായി കരം അടയ്ക്കുവാൻ അനുമതി നല്കി. ഭൂമി തിരിച്ചുപിടിക്കുന്ന നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതുവരെ മാത്രമാണ് ഈ താൽക്കാലിക അനുമതി. കയ്യേറ്റം

ഒഴിപ്പിക്കുന്ന നടപടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു.

വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്റർ

463 (1738) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) 24-07-2018-ലെ മത്സ്യബന്ധന ഉറമുഖ വകുപ്പിന്റെ 610/2018-ാം നമ്പർ ഉത്തരവ് പ്രകാരം 251.04 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിലേക്കുള്ള വഴി, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി ഇനിയും പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) മേൽ പ്രവൃത്തികൾക്കായി അക്വിസിഷൻ നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിലേക്കുള്ള വഴി, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് നടപടികൾ റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു.

അക്വിസിഷനായി (2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം)-ലെ 11(1) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അക്വീസിഷൻ നടത്തുന്നതാണ്.

(സി) ഇതുസംബന്ധിച്ച് 13-03-2022-ൽ എം.എൽ.എ. സമർപ്പിച്ച പരാതിയിന്മേൽ 05-07-2022-ന് ഫിഷറീസ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(സി&ഡി) 13-03-2022-ൽ സമർപ്പിച്ചതായി പറയുന്ന പരാതി ലഭ്യമായിട്ടില്ല. എന്നാൽ 18-03-2022 ലെ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ പരാതിയിന്മേൽ ചീഫ് എഞ്ചിനീയർ 01-07-2022-ൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ ഫിഷറീസ് ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

കണ്ണൂർ അഴീക്കൽ ഫിഷിംഗ് ഹാർബർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

464 (1739) ശ്രീ. കെ. വി.സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അഴീക്കൽ ഫിഷിംഗ് ഹാർബർ വികസനത്തിനായുള്ള എസ്റ്റിമേറ്റ് പരിശോധന പൂർത്തിയായോ; എങ്കിൽ ഹാർബർ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന വിവരം അറിയിക്കുമോ;

(ബി) ഹാർബർ നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

(എ&ബി) കണ്ണൂർ അഴീക്കൽ ഫിഷിംഗ് ഹാർബർ വികസനത്തിനായി നബാർഡ് RIDF XXVIII സ്കീമിലുൾപ്പെടുത്തി 26.95 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ അംഗീകാരത്തിനായി നബാർഡിന് സമർപ്പിച്ചിരിക്കുകയാണ്.

ഫിഷിംഗ് ഹാർബറുകളുടെ വികസനം

465 (1740) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിഷിംഗ് ഹാർബറുകളുടെ വികസനത്തിനായി 2016 മുതൽ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കുമോ?

സംസ്ഥാനത്ത് ഫിഷിംഗ് ഹാർബറുകളുടെ വികസനത്തിനായി 2016 മുതൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു+

(ബി) തൃശ്ശൂർ ജില്ലയിലെ ഏക ഹാർബറായ ചേറ്റുവയിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അറിയിക്കുമോ?

തൃശ്ശൂർ ജില്ലയിലെ ഏക ഹാർബറായ ചേറ്റുവയിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.+

<u>അരൂർ മണ്ഡലത്തിലെ നിർമ്മാണപ്രവർത്തനങ്ങൾ</u>

466 (1741) <u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അരുർ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി 2021-22, 2022-23 വർഷങ്ങളിൽ അനുവദിച്ച നിർമ്മാണപ്രവർത്തനങ്ങൾ ഏതെല്ലാമെന്നും ആയതിന്റെ നിർമ്മാണപ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

അരുർ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുവഴി 2021-22 വർഷത്തിൽ ആകെ 119.50 ലക്ഷം രൂപയുടെ 4 റോഡു പ്രവൃത്തികൾക്ക് തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+] 2022-23 വർഷത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പു മുഖേന നിലവിൽ ഒരു നിർമ്മാണ പ്രവർത്തനങ്ങൾക്കും അനുമതി നൽകിയിട്ടില്ല.

****

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.